# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## ആറാം സമ്മേളനം

2022 സെപ്റ്റംബർ 1, വ്യാഴം

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എ. എം. ബഷീർ**

ചീഫ് എഡിറ്റർ

**ശ്രീമതി എസ്. ജയശ്രീ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

405/2023

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം എക്സൈസ്, വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ -പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

## ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 28

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 81

**II അടിയന്തരപ്രമേയം**

ഇക്കോസെൻസിറ്റീവ് സോൺ

(അവതരണാനുമതി നിഷേധിച്ചു.) 484

**III ശ്രദ്ധ ക്ഷണിക്കൽ**

(1) വൈദ്യുതി നിരക്ക് കൂട്ടുന്നതിന് അനുമതി നൽകുന്ന
കരട് ചട്ടഭേദഗതി പിൻവലിക്കൽ

-ശ്രീ. എ. പ്രഭാകരൻ 503

(2) റോഡുകൾക്ക് സ്പെഷ്യൽ വികസന പാക്കേജ്

-ശ്രീ. മോൻസ് ജോസഫ് 505

**IV സബ്മിഷൻ**

(1) ആലത്തൂർ ഫയർ സ്റ്റേഷൻ

-ശ്രീ. കെ. ഡി. പ്രസേനൻ 507

(2) ജില്ലാതല പോലീസ് കൺസൾട്ടേറ്റീവ് കമ്മിറ്റി

-ശ്രീ. എൻ. ഷംസുദ്ദീൻ 507

(3) നെന്മാറ ഐ.ടി.ഐ.-യ്ക്ക് സ്ഥലം

-ശ്രീ. കെ. ബാബു (നെന്മാറ) 508

(4) സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കൽ

-ശ്രീ. കെ. ജെ. മാക്സി 508

(5) റാന്നിയിൽ മഴക്കെടുതിമൂലം നഷ്ടം സംഭവിച്ച

വ്യാപാരികൾക്ക് സ്പെഷ്യൽ പാക്കേജ്

-ശ്രീ. പ്രമോദ് നാരായൺ 508

(6) മടയംതോട് നിവാസികൾക്ക് പട്ടയം ലഭ്യമാക്കൽ

-ശ്രീ. പി. പി. ചിത്തരഞ്ജൻ 509

(7) എം.എൽ.എ. ഫണ്ട് മുഖേനയുള്ള പ്രവൃത്തികളുടെ
ജി.എസ്.ടി. നിരക്ക്

-ശ്രീ. ടി. വി. ഇബ്രാഹിം 509

(8) അപ്പർ കുട്ടനാട് ഡെവലപ്മെന്റ് അതോറിറ്റി

-ശ്രീ. രമേശ് ചെന്നിത്തല 509

(9) മലപ്പുറം ഗവൺമെന്റ് വനിത കോളേജിന് കെട്ടിടം

-ശ്രീ. പി. ഉബൈദുള്ള 510

(10) ടൈപ്പ് വൺ പ്രമേഹബാധിതരായ വിദ്യാർത്ഥികൾക്ക്
ഇൻസുലിൻ

-ശ്രീ. നജീബ് കാന്തപുരം 511

(11) എം.എൽ.എ. ഫണ്ടുപയോഗിച്ച് വാങ്ങിയ സ്കൂൾ ബസ്സുകൾ

-ശ്രീ. കോവൂർ കുഞ്ഞുമോൻ 511

(12) തോട്ടം തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

-ശ്രീ. ടി. സിദ്ദിഖ് 512

(13) പുതുക്കോട് സർവ്വജന എച്ച്.എസ്.എസ്.

കെട്ടിട നിർമ്മാണം

-ശ്രീ. പി. പി. സുമോദ് 512

(14) പെരുമ്പ പാലം നിർമ്മാണം

-ശ്രീ. ടി. ഐ. മധുസൂദനൻ 513

(15) കരമന-വെള്ളറട റോഡ് നിർമ്മാണം

-ശ്രീ. ഐ. ബി. സതീഷ് 513

(16) പെരുമ്പാവൂർ ബൈപാസ് നിർമ്മാണം

-ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ 514

(17) കോഴിക്കോട് എൻ.ഐ.ടി. അണ്ടർപാസ്

-ശ്രീ. പി. ടി. എ. റഹീം 514

(18) നാട്ടികയിലെ റോഡുകളുടെ പുനരുദ്ധാരണം

-ശ്രീ. സി. സി. മുകുന്ദൻ 514

(19) അങ്ങാടിപ്പുറം-വളാഞ്ചേരി-വണ്ടൂർ-വടപുരം റോഡ് നവീകരണം

-ശ്രീ. മഞ്ഞളാംകുഴി അലി 515

(20) ഇടിമുഴിക്കൽ-തലപ്പാറ റോഡ് നിർമ്മാണം

-ശ്രീ. പി. അബ്ദുൽ ഹമീദ് 515

(21) കൂത്തുപറമ്പിലെ റോഡുകളുടെ പുനരുദ്ധാരണം

-ശ്രീ. കെ. പി. മോഹനൻ 516

(22) കൊടിനട-വഴിമുക്ക് മൂന്നാംഘട്ട പ്രവൃത്തി

-ശ്രീ. എം. വിൻസെന്റ് 516

(23) കുഞ്ഞിപ്പള്ളി ടോൾ പ്ലാസ

-ശ്രീമതി കെ. കെ. രമ 517

(24) പുലിക്കളി സംഘങ്ങൾക്ക് ധനസഹായം

-ശ്രീ. പി. ബാലചന്ദ്രൻ 517

(25) മാസ്കമാരി-കുരുഡപ്പദവ് റോഡിന് കിഫ്ബി അനുമതി

-ശ്രീ. എ. കെ. എം. അഷ്റഫ് 518

(26) തൃശ്ശൂർ നെഞ്ചുരോഗാശുപത്രിയുടെ പ്രവർത്തനം

-ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി 518

(27) കാട്ടാക്കട സി. എച്ച്. സി.- യുടെ പ്രവർത്തനം

-ശ്രീ. ജി. സ്റ്റീഫൻ 519

(28) ആലുവ ജില്ലാശുപത്രിയുടെ പ്രവർത്തനം

-ശ്രീ. അൻവർ സാദത്ത് 519

(29) കല്ലറ, പാലോട്, വാമനപുരം സി.എച്ച്.സി.-കളുടെ

പ്രവർത്തനം

-ശ്രീ. ഡി. കെ. മുരളി 520

(30) കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് ജീവനക്കാരുടെ

വേതന വ്യവസ്ഥ

-ശ്രീ. എം. വിജിൻ 520

(31) തിരുവമ്പാടി സ്റ്റേഡിയം നിർമ്മാണം

-ശ്രീ. ലിന്റോ ജോസഫ് 521

**V മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് (1) പ്രകാരവും ചട്ടം 47(2),

236(5), 236(6) അനുസരിച്ചുമുള്ള കടലാസ്സുകൾ 521

**VI. നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള
താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന
പ്രമേയവും അനന്തര ഘട്ടങ്ങളും:

(i) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ 536

(ii) 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത
(ഭേദഗതി) ബിൽ 574

**VII. അറിയിപ്പ്**

കാര്യവിവരപ്പട്ടിക ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

-മി. സ്പീക്കർ 600

**VIII. പ്രമേയം**

(1) കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ടിലെ
ശിപാർശകൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

-മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ്
തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) 601

(2) ചട്ടം സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്

-മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) 601

**നിയമനിർമ്മാണകാര്യം തുടർച്ച**

(iii) 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ

- മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) 602

**IX പെരുമാറ്റച്ചട്ടലംഘന പ്രശ്നങ്ങൾ**

പരിഗണനയിലിരിക്കുന്നവ 607

**X പ്രമേയം**

സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

-പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

(ശ്രീ. കെ. രാധാകൃഷ്ണൻ) 607

**XI അവലോകനം** 608

**അനുബന്ധം** 612

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ആറാം സമ്മേളനം

2022 സെപ്റ്റംബർ 1, വ്യാഴം

വാല്യം 189} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 7

നിയമസഭ 2022 സെപ്റ്റംബർ മാസം 1-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ.........

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ചോദ്യോത്തരവുമായി ബന്ധപ്പെട്ട് ഒരു കാര്യം മെൻഷൻ ചെയ്യുകയാണ്. സഭയിൽ വന്നിരിക്കുന്ന *152-ാമത്തെ ചോദ്യത്തിന്റെ ഉൾപ്പിരിവുകളിൽ വന്നിട്ടുള്ളത് മുഖ്യമന്ത്രിക്കെതിരെ പ്രതിഷേധിച്ചതും കാക്കനാട് വച്ച് മുഖ്യമന്ത്രിയുടെ വാഹനം തകർക്കാൻ ശ്രമിച്ചതും എൽ.ഡി.എഫ്. കൺവീനറെ വധിക്കാൻ തൈക്കാട് ഗസ്റ്റ്ഹൗസിൽ വച്ച് ഗൂഢാലോചന നടത്തിയതും സംബന്ധിച്ച ചോദ്യങ്ങളാണ്. കഴിഞ്ഞദിവസം എ.കെ.ജി. സെന്റർ ആക്രമണം, മുഖ്യമന്ത്രിയുടെ യാത്രയിലെ കരുതൽ തടങ്കൽ, ഷാർജ ഭരണാധികാരിയുടെ കേരള സന്ദർശനം തുടങ്ങിയ ചോദ്യങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യമായതിന് ഞങ്ങൾ പരാതി നൽകിയപ്പോൾ അങ്ങ് അന്ന് നൽകിയ റൂളിംഗിന് വിരുദ്ധമായിട്ടാണ് ഇന്ന് നക്ഷത്രചിഹ്നമിട്ട ചോദ്യമായി ഇന്നത്തെ രണ്ടാമത്തെ ചോദ്യം വന്നിരിക്കുന്നത്. ഞങ്ങൾ നൽകുന്ന ചോദ്യങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിലേയ്ക്ക് പോകുകയും ഒരേ ചട്ടത്തിന്റെ മാനദണ്ഡം പലരീതിയിൽ വ്യാഖ്യാനിക്കുകയും പ്രതിപക്ഷക്കാർക്കും പുറത്തുള്ള ആളുകൾക്കുമെതിരായ ദുരാരോപണങ്ങളുള്ള ചോദ്യങ്ങൾ നക്ഷത്രചിഹ്നമിട്ട ചോദ്യമായും വന്നിരിക്കുകയാണ്. ഇക്കാര്യത്തിലൊരു തീരുമാനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഇതുസംബന്ധിച്ച് ശ്രീ. എ. പി. അനിൽകുമാറിന്റെ പരാതി ലഭിച്ചപ്പോൾത്തന്നെ അക്കാര്യം പരിശോധിച്ചു. എഡിറ്റിംഗിനുശേഷമാണ് ഈ ചോദ്യം വന്നിട്ടുള്ളതെന്നാണ് പരിശോധനയിൽ കണ്ടത്. ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടങ്ങൾ അനുസരിച്ചുവേണം ചോദ്യങ്ങൾ തയ്യാറാക്കി നൽക്കേണ്ടതെന്ന് കഴിഞ്ഞ റൂളിംഗിലും പറഞ്ഞിരുന്നതാണ്. അഭ്യൂഹങ്ങൾ, ആരോപണങ്ങൾ തുടങ്ങിയവ ചട്ടവിരുദ്ധമായി ചോദ്യങ്ങളിൽ ഉൾപ്പെടുത്തുന്നത് ശരിയല്ലയെന്നുള്ളത് ചെയറിൽനിന്നും റൂൾ ചെയ്തിട്ടുള്ളതാണ്. അത് ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രദ്ധിക്കണം. നിങ്ങൾ തരുന്ന ചോദ്യങ്ങൾ എഡിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇരുപക്ഷത്തുനിന്നും പരാതികൾ വരുന്നുണ്ട്. ഇക്കാര്യത്തിൽ അടുത്ത നിയമസഭാ സമ്മേളനം മുതൽ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുമെന്ന് ഉറപ്പുവരുത്തും.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ ചോദ്യം ഒഴിവാക്കുന്നതല്ലേ നല്ലത്?

മി. സ്പീക്കർ: സഭയിൽ വന്നൊരു ചോദ്യം ഒഴിവാക്കാൻ നിർവ്വാഹമില്ല.

**പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി**

1(*151) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലനിലവാരം പിടിച്ചുനിർത്തുന്നതിനും നിത്യോപയോഗ സാധനങ്ങൾ സുലഭമാക്കുന്നതിനും പൊതുവിതരണ സമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ പ്രധാന പ്രദേശങ്ങളിലും കൂടുതൽ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ,

(എ) കേരളത്തിലെ പൊതു വിപണിയിലെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് വിവിധതരം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തുന്നത്.

വിപണി ഇടപെടലിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലെതിനെക്കാൾ 20 മുതൽ 50% വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. 2016-നുശേഷം 13 ഇനം സബ്സിഡി സാധനങ്ങളുടെ വില്പന വിലയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. കൂടാതെ തേയില, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം സപ്ലൈകോ-യുടെ സ്വന്തം ശബരി ബ്രാൻഡിൽ പൊതു വിപണി വിലയെക്കാൾ ഏകദേശം 20 മുതൽ 30% വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമെ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും മാർക്കറ്റ് വിലയെക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള വില്പനശാലകളിലൂടെയും മലയോര മേഖലകളിലും തീരപ്രദേശങ്ങളിലും മൊബൈൽ മാവേലി സ്റ്റോറുകളിലൂടെയും അവശ്യ സാധനങ്ങൾ വിതരണം ചെയ്തുവരുന്നു.

ശബരി ഉൽപ്പന്നങ്ങളുടെ വില്പന വിപുലീകരിക്കൽ, അവശ്യസാധനങ്ങളുടെ ഓൺലൈൻ സെയിൽസ് ആൻഡ് ഹോം ഡെലിവറി, വിപണന ശൃംഖല വിപുലീകരിക്കൽ എന്നീ പ്രവർത്തനങ്ങൾ സപ്ലൈകോവഴി നടപ്പിലാക്കിവരുന്നു. നിലവിലെ മാവേലി സ്റ്റോറുകൾ വിപണന സാധ്യതയും സ്ഥല ലഭ്യതയും പരിഗണിച്ച് സപ്ലൈകോ സൂപ്പർ സ്റ്റോറുകളായോ സൂപ്പർ മാർക്കറ്റുകളായോ ഉയർത്തുന്നതിന് സപ്ലൈകോ ഊർജ്ജിത നടപടി സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന അരി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതുവഴി അരി വില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്. Pradhan Mantri Garib Kalyan Anna Yojana (PMGKAY) പദ്ധതി പ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. FCI ഗോഡൗൺ, സി.എം.ആർ. മിൽ എന്നിവിടങ്ങളിൽനിന്നും NFSA ഗോഡൗണുകളിലേയ്ക്കും അവിടെനിന്നും റേഷൻ കടകളിലേയ്ക്കും ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിന് GPS അധിഷ്ഠിത വെഹിക്കിൾ ട്രാക്കിംഗ് & ഫ്ലീറ്റ് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിച്ചുവരുന്നു.

പൊതുവിതരണരംഗം ശാക്തീകരിക്കുന്നതിന്റെയും പൊതുജനോപകാര പ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും റേഷൻ കടകളെ വൈവിദ്ധ്യവത്കരിക്കുന്നതിന്റെയും ഭാഗമായി കെ-സ്റ്റോർ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നിലവിൽ റേഷൻ കടകൾവഴി നൽകി വരുന്ന സേവനങ്ങൾക്കുപുറമെ ജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും ഉൽപ്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നതുവഴി റേഷൻ കടയുടമകൾക്ക് അധിക വരുമാനമാർഗ്ഗമാണ് ഈ പദ്ധതികൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അപേക്ഷകൾ ലഭ്യമാകുന്ന പ്രദേശങ്ങളിൽ അന്വേഷണവിധേയമായി കടകൾ അനുവദിച്ചുവരുന്നു. നിലവിൽ 599 റേഷൻ കടകൾക്ക് ഒന്നാംഘട്ട വിജ്ഞാപനം നടത്തുകയും ലഭ്യമായ അപേക്ഷകളിൽ അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. അതോടൊപ്പം രണ്ടാംഘട്ട വിജ്ഞാപനത്തിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, പൊതുവിതരണ സംവിധാനം ഇന്ന് ജനങ്ങളുടെ ജീവിത താളമായി മാറിയിരിക്കുകയാണ്. വിലക്കയറ്റം പിടിച്ചുനിർത്തുക മാത്രമല്ല, വിഷരഹിത ഉല്പന്നങ്ങൾ റേഷൻകടകളിലൂടെയും മാവേലി സ്റ്റോറുകളിലൂടെയും ലഭ്യവുമാണ്. കോവിഡ് മഹാമാരി നമ്മുടെ ജീവിതസാഹചര്യത്തെ പൊളിച്ചെഴുതിയപ്പോൾ ഓരോരുത്തരുടെയും വിശപ്പുമാറ്റാൻ സഹായകമായത് ഭക്ഷ്യവസ്തുക്കളടങ്ങിയ കിറ്റായിരുന്നു. ദാനങ്ങളിൽ മഹാദാനമാണ് അന്നദാനം എന്നതുപോലെ പിണറായി വിജയൻ സർക്കാരിന്റെ മഹാദാനത്തെ ഞങ്ങൾ ഭക്ഷ്യ-പൊതുവിതരണ വകുപ്പിലൂടെ ഇടനെഞ്ചിലേറ്റിയിരുന്നു. റേഷൻകടകളെ കൂടുതൽ ജനകീയമാക്കാൻ സർക്കാർ ലക്ഷ്യമിട്ട കെ-സ്റ്റോർ സംവിധാനത്തിന്റെ നടപടി എന്തായിയെന്ന് അറിയിക്കുമോ? എന്റെ നിയോജകമണ്ഡലത്തിൽ 409-ാം നമ്പർ റേഷൻകട കെ-സ്റ്റോറാക്കാനുള്ള നടപടി സ്വീകരിച്ചുവെങ്കിലും നടപ്പാക്കിയിട്ടില്ല; ആയതിനാൽ എത്രയുംവേഗം അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, കേരളത്തിലെ മുഴുവൻ റേഷൻ ഷോപ്പുകളും ഘട്ടംഘട്ടമായി സ്മാർട്ട് റേഷൻ കടകളാക്കുകയെന്നതാണ് സർക്കാരിന്റെ നയം. റേഷൻ കടകളുടെ പശ്ചാത്തലസൗകര്യം വിപുലപ്പെടുത്തി സ്മാർട്ട് കാർഡുകളുടെ സഹായത്തോടെ മിനി ബാങ്കിംഗ്, യൂട്ടിലിറ്റി പേമെന്റ്, ചോട്ടുഗ്യാസ് വിതരണം, മിൽമ ഉൽപ്പന്നങ്ങൾ, ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങൾ എന്നിവ റേഷൻ കടകളിൽനിന്ന് ലഭ്യമാക്കി കെ-സ്റ്റോറുകളാക്കി മാറ്റാനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ 837 റേഷൻ വ്യാപാരികൾ ഇതുമായി സഹകരിക്കാൻ തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്. ഇവരുടെ റേഷൻ കടകളുടെ പശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഈ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുന്ന ദേശസാത്കൃത ബാങ്കിന്റെ സഹായത്തോടുകൂടി സർക്കാർ ഗ്രാന്റിൽ പരമാവധി രണ്ട് ലക്ഷം രൂപവരെ കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകാൻ കഴിയുമോയെന്ന കാര്യം ആലോചിച്ചുവരികയാണ്. ഈ പദ്ധതിക്കായി തെരഞ്ഞെടുക്കുന്ന റേഷൻ കടകളുടെ ലൈസൻസുകൾക്ക് ബാങ്കുകളുടെ സഹായത്തോടുകൂടി ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം വളരെ വേഗം നടപ്പാക്കാനുള്ള നടപടി സ്വീകരിക്കും.

ശ്രീ. കെ. പി. മോഹനൻ: സർ, FCI-ൽ നിന്നും എത്തിക്കുന്ന ഭക്ഷ്യസാധനങ്ങൾ റേഷൻ കടകളിലെത്തിയാൽ മാത്രമേ അത് നല്ലതാണോ കേടായതാണോയെന്ന് തിരിച്ചറിയാൻ കഴിയുകയുള്ളൂ. കേടായ സാധനങ്ങൾ ഉടൻ മടക്കി നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, DSO (District Supply Officer), സപ്ലൈകോയിലെ RMO (Regional Marketing Officer), ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥൻ, FCI-യുടെ പ്രതിനിധി എന്നിവരുടെ നേതൃത്വത്തിൽ പരിശോധിച്ചശേഷമാണ് ഇപ്പോൾ ഭക്ഷ്യധാന്യങ്ങൾ വിട്ടുതൽ ചെയ്തെടുക്കുന്നത്. കേടായ ഭക്ഷ്യധാന്യങ്ങൾ പരിശോധനാവേളയിൽത്തന്നെ ഒഴിവാക്കാനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തര പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. തോമസ് കെ. തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, സംസ്ഥാനത്ത് സിവിൽ സപ്ലൈസിന്റെ പ്രവർത്തനം നല്ല നിലയിൽ നടക്കുകയാണ്. സമ്പുഷ്ടീകരിച്ച (ഫോർട്ടിഫൈഡ്) അരി സംസ്ഥാനത്ത് വിതരണം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; വയനാട് ജില്ലയിൽ പലരും സിക്കിൾസെൽ അനീമിയ ബാധിച്ച് ആശുപത്രിയിലാകുന്നുണ്ട്. അവിടെ സമ്പുഷ്ടീകരിച്ച അരി വിതരണം ചെയ്യുന്നതിനെതിരായി ചില ആശങ്കകളും ഉത്കണ്ഠകളും നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയം അന്വേഷിക്കുന്നതിന് മാതൃകാപരമായ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഫോർട്ടിഫൈഡ് റൈസ് സംസ്ഥാനത്ത് വിതരണം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, സ്ത്രീകളിലും കുട്ടികളിലും പൊതുവായി കാണപ്പെടുന്ന അനീമിയ പോലുള്ള രോഗങ്ങൾക്ക് കാരണം ആഹാരത്തിലെ പോഷകക്കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് സാധാരണ ഭക്ഷണത്തിനായി ഉപയോഗിക്കുന്ന ഭക്ഷ്യധാന്യത്തിൽ അയൺ, ഫോളിക് ആസിഡ്, വിറ്റാമിനുകൾ എന്നിവ ചേർത്ത ഫോർട്ടിഫൈഡ് റൈസ് പൊതുവിതരണ ശൃംഖലവഴി വിതരണം നടത്തണമെന്നാണ് കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ഇതിന്റെ ഭാഗമായിട്ടാണ് കേന്ദ്ര സർക്കാർ ആദിവാസി സമൂഹം കൂടുതൽ അധിവസിക്കുന്ന വയനാട് ജില്ലയെ തെരഞ്ഞെടുത്തുകൊണ്ട് അവർക്ക് ഫോർട്ടിഫൈഡ് റൈസ് നൽകാനുള്ള നടപടി സ്വീകരിച്ചത്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ചില മാധ്യമങ്ങളും സന്നദ്ധ സംഘടനകളും ആശങ്ക അറിയിച്ച് എനിക്ക് രേഖാമൂലം കത്ത് നൽകുകയുണ്ടായി. അത് ശ്രദ്ധയിൽപ്പെട്ടതോടുകൂടി വയനാട് ജില്ലയിലെ

ബഹുമാന്യരായ മൂന്ന് എം.എൽ.എ.മാരെ ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട് യോഗം വിളിക്കുകയുണ്ടായി. തലാസീമിയ, സിക്കിൾസെൽ അനീമിയ എന്നീ രോഗബാധിതർക്ക് സമ്പുഷ്ടീകരിച്ച അരിയുടെ ഉപയോഗം ദോഷകരമാകുമെന്ന ആശങ്ക ആ യോഗത്തിൽ ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരം രോഗികൾക്ക് അത് വിതരണം ചെയ്യേണ്ടതില്ലെന്ന് തീരുമാനിച്ചു. ഫോർട്ടിഫൈഡ് റൈസിന്റെ ഉപയോഗം സംബന്ധിച്ച ആശങ്കകൾ പരിശോധിക്കുന്നതിന് ഡോക്ടർമാരുടെ സമിതി രൂപീകരിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ തീരുമാനിച്ചതനുസരിച്ച് ഇക്കാര്യം ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടികളുമായി മുന്നോട്ടുപോകൂ.

(ശ്രീ. കെ. ബി. ഗണേഷ് കുമാർ സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല.)

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ പൊതുവിതരണ ശൃംഖലവഴി മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പൊതുവിതരണ സമ്പ്രദായത്തിന്റെ കാര്യക്ഷമതയ്ക്ക് നേതൃത്വം നൽകുന്ന വകുപ്പുമന്ത്രിയെയും സർക്കാരിനെയും ഞാൻ അഭിനന്ദിക്കുന്നു. ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്തിയ ഉല്പന്നങ്ങൾ തെരഞ്ഞെടുത്തതിലൂടെ പൊതുമേഖല/സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയെ എത്രത്തോളം പ്രയോജനപ്പെടുത്താനും ഫലപ്രദമാക്കാനും സാധിച്ചിട്ടുണ്ടെന്നും ഓണത്തോടനുബന്ധിച്ച് നൽകുന്ന സൗജന്യ ഭക്ഷ്യക്കിറ്റുകളുടെ വിതരണ പുരോഗതിയെ സംബന്ധിച്ചും കിറ്റ് വിതരണ പരിപാടിയിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്നും വ്യക്തമാക്കാമോ? റേഷൻ കാർഡ് വിതരണമുൾപ്പെടെയുള്ള പരാതികൾ കാര്യക്ഷമമായി പരിഹരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ജില്ലയിലെ ഭക്ഷ്യക്കിറ്റ് വിതരണ പരിപാടിയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശമനുസരിച്ച് ഞാൻ നിർവ്വഹിച്ചപ്പോൾ അതിൽ പങ്കെടുത്ത ജനങ്ങൾ വളരെ ആവേശത്തോടും അത്ഭുതത്തോടുംകൂടിയാണ് രംഗത്തുവന്നത്. അതിനാൽ ഭക്ഷ്യക്കിറ്റ് വിതരണ പരിപാടി ഇക്കാലയളവിൽ അനുഗ്രഹീതമാണ്. ഇവിടെ പരാമർശിച്ച സ്ഥാപനങ്ങൾ മുഖേന ഭക്ഷ്യക്കിറ്റ് വിതരണം നടത്തുമ്പോൾ ജനങ്ങൾക്ക് കാര്യക്ഷമതയും പ്രയോജനക്ഷമതയും എത്രത്തോളം ലഭിച്ചിട്ടുണ്ടെന്ന കാര്യം മന്ത്രി വിലയിരുത്തിയിട്ടുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം രണ്ട് ചോദ്യങ്ങളാണ് ഉന്നയിച്ചത്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സൗജന്യ ഭക്ഷ്യക്കിറ്റുകളുടെ വിതരണം സുഗമമായി നടക്കുകയാണ്. ഇന്നലെ വൈകുന്നേരം വരെയുള്ള

കണക്കനുസരിച്ച് 5279301 കിറ്റുകൾ റേഷൻ കടകളിലൂടെ വിതരണം ചെയ്തു. സംസ്ഥാനത്തെ മൊത്തം റേഷൻ കാർഡുടമകളിൽ 55 ശതമാനത്തിലധികം ആളുകൾ കിറ്റ് വാങ്ങിക്കഴിഞ്ഞിരിക്കുന്നു. ഇനിയും ഏഴെട്ട് ദിവസമുള്ളതുകൊണ്ട് അതിന്റെ പ്രവർത്തനം സുഗമമായി നടത്താൻ സാധിക്കും. മുൻഗണനാ വിഭാഗത്തിൽപ്പെട്ട എ.എ.വൈ. 91.2 ശതമാനവും പി.എച്ച്.എച്ച്. 88.4 ശതമാനവും ഭക്ഷ്യക്കിറ്റുകൾ വാങ്ങിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച മറ്റൊരു ചോദ്യം കിറ്റിലെ ഉല്പന്നങ്ങൾ തെരഞ്ഞെടുത്തത് സംബന്ധിച്ചാണ്. പൊതുമേഖല/സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ ഉൾപ്പെടെയുള്ള വനിതാ കൂട്ടായ്മകൾ, മറ്റ് എം.എസ്.എം.ഇ. യൂണിറ്റുകൾ എന്നിവയ്ക്ക് പരമാവധി പ്രയോജനം ലഭിക്കുന്ന വിധത്തിലാണ് കിറ്റിലെ ഇനങ്ങൾ തെരഞ്ഞെടുത്തിട്ടുള്ളത്. കാപ്പെക്സ്, കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് അണ്ടിപരിപ്പ് വിതരണം ചെയ്യുന്നത്. ഈ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾക്കുമായി 34 കോടിയോളം രൂപയുടെ ബിസിനസ്സ് ലഭിക്കും. കിറ്റിനാവശ്യമായ നെയ്യ് വിതരണം ചെയ്യുന്നത് മിൽമയാണ്. 29 കോടിയോളം രൂപയുടെ വിറ്റുവരവാണ് ഇതിലൂടെ മിൽമയ്ക്ക് ലഭ്യമാകുന്നത്. ഏലക്ക, മഞ്ഞൾപ്പൊടി, മുളകുപൊടി എന്നിവ റെയ്ഡ്കോ മുഖേനയാണ് ലഭ്യമാക്കുന്നത്. റെയ്ഡ്കോയ്ക്ക് ഈയിനത്തിൽ 56 കോടിയോളം രൂപയുടെ വിറ്റുവരവ് പ്രതീക്ഷിക്കുകയാണ്. ഇടുക്കി ജില്ലയിലെ ഏലം കർഷകരിൽ നിന്നാണ് റെയ്ഡ്കോ ഏലം സംഭരിക്കുന്നത്. കുടുംബശ്രീ ഉൾപ്പെടെയുള്ള വനിതാ കൂട്ടായ്മകൾ, ചെറുകിട യൂണിറ്റുകൾ എന്നിവ വഴിയാണ് ശർക്കരവരട്ടി ലഭ്യമാക്കുന്നത്. ഇതിലൂടെ അവർക്ക് 19 കോടിയോളം രൂപയുടെ വിറ്റുവരവ് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തേയിലയ്ക്ക് മുൻഗണന നൽകിയാണ് ഇതിനായി തേയില സംഭരിച്ചിട്ടുള്ളത്. ഇത്തരത്തിൽ 226 കോടിയോളം രൂപയുടെ വിറ്റുവരവ് ഭക്ഷ്യക്കിറ്റ് വിതരണത്തിലൂടെ വിവിധ മേഖലയ്ക്ക് ലഭിക്കുമെന്ന കാര്യം വളരെ സന്തോഷത്തോടെ സഭയെ അറിയിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ഈ സെഷനിൽ ഇതുവരെ ഉപചോദ്യങ്ങൾക്ക് അവസരം ലഭിക്കാത്ത അംഗങ്ങൾക്ക് ഇന്ന് ഉപചോദ്യം ചോദിക്കുന്നതിന് പ്രഥമ പരിഗണന നൽകണമെന്നാണ് കരുതുന്നത്. അതിനാൽ അവസരം ലഭിച്ച അംഗങ്ങൾ അത് മനസ്സിലാക്കി സഹകരിക്കണം. ശ്രീ. എം. വിൻസെന്റിന് ഈ സെഷനിൽ ഉപചോദ്യം ലഭിച്ചിട്ടില്ല. ഇവിടെ അതിന്റെ ലിസ്റ്റുണ്ട്. ലിസ്റ്റ് വച്ചാണ് വിളിക്കുന്നത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് ധാരാളം നടപടി സ്വീകരിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. എന്നാൽ അരിയുടെ വില വാണംപോലെ

കുതിച്ചുയരുകയാണ്. മൂന്നുമാസങ്ങൾക്കുമുമ്പ് 32 രൂപയായിരുന്ന ഒരുകിലോ വടി അരി ഇപ്പോൾ 56 രൂപയായി വർദ്ധിച്ചു. രണ്ട് മാസംമുമ്പ് ഒരുകിലോ ജയ അരിക്ക് 33 രൂപയായിരുന്നത് ഇപ്പോൾ 52 രൂപയായി വർദ്ധിച്ചിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് നോൺ പ്രയോറിറ്റി കാർഡുകാർക്ക് ജൂലൈ മാസം 10 കിലോ അരി റേഷൻ വിഹിതമായി നൽകിയത്, അത് ആഗസ്റ്റ് മാസമായപ്പോൾ 8 കിലോയായി കുറഞ്ഞു. ഈ മാസം വെറും രണ്ട് കിലോ അരിയാണ് അലോട്ട് ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ കുറച്ചതിനുശേഷം ഓണത്തിന് 10 കിലോ സ്പെഷ്യൽ അരി നൽകുന്നുവെന്ന് പറയുന്നു. പൊതുവിപണിയിൽ വില വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ റേഷൻ വിഹിതം വെട്ടിക്കുറയ്ക്കുകയും സ്പെഷ്യൽ അരിയെന്ന നിലയിൽ 70% കാർഡുടമകൾക്ക് നൽകുന്നതിനാവശ്യമായ അരി മാത്രം ലഭ്യമാക്കിയിരിക്കുകയുമാണ്. ഇന്നലെയാണ് അത് റേഷൻ കടകളിലെത്തിയത്. ഏഴാം തീയതിക്കുമുമ്പ് അത് വാങ്ങണമെന്നും അറിയിച്ചിരിക്കുന്നു. 100% കാർഡുടമകൾക്ക് നൽകേണ്ട അരി 70 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. ഈ നടപടി പൊതുവിപണിയിലെ അരി വില കുറയ്ക്കുന്നതിന് ഉപകരിക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ബഹുമാനപ്പെട്ട അംഗം സഭയെ തെറ്റിദ്ധരിപ്പിക്കുംവിധം ചോദ്യം ഉന്നയിച്ചിരിക്കുന്നുവെന്ന കാര്യം ഖേദപൂർവ്വം അറിയിക്കുകയാണ്. കാരണം, അതിന്റെ വസ്തുതകളും കണക്കുകളും എല്ലാവർക്കും സുതാര്യമായി അറിയാവുന്നതാണ്. കേരളത്തിൽ മുൻഗണനാ വിഭാഗം 43% ആണ്. എ.എ.വൈ. മുൻഗണനാ വിഭാഗം കാർഡുകാർക്ക് 30 കിലോ അരിയും 5 കിലോ ഗോതമ്പും ഉൾപ്പെടെ ആകെ 35 കിലോ ധാന്യമാണ് നൽകുന്നത്. അതുപോലെ, പി.എച്ച്.എച്ച്. വിഭാഗത്തിലെ പിങ്ക് നിറത്തിലുള്ള കാർഡുകാർക്ക് ഒരാൾക്ക് 5 കിലോ ധാന്യമാണ് നൽകുന്നത്. ഇതുകൂടാതെ കോവിഡുമായി ബന്ധപ്പെട്ട് ഈ രണ്ട് വിഭാഗത്തിൽപ്പെട്ടവർക്കും കേന്ദ്ര സർക്കാർ ഒരാൾക്ക് 5 കിലോ ധാന്യം വീതം സൗജന്യമായി നൽകുന്നു. സാധാരണ കുടുംബത്തിൽപ്പെട്ട ഒരു വ്യക്തിക്ക് ഇത്രയധികം അരി റേഷൻ കടയിൽനിന്നും വാങ്ങിക്കൊണ്ട് പോകണമെങ്കിൽ വാഹന സൗകര്യമില്ലാതെ സാധിക്കില്ല. അത്രയും അരി അവർക്ക് നൽകുകയാണ്. 57 ശതമാനമാണ് മുൻഗണനേതര വിഭാഗം. ബഹുമാനപ്പെട്ട അംഗം പരിസരത്തുള്ളവരുടെ കാര്യങ്ങൾ മനസ്സിലാക്കിയതിനുശേഷമാണ് സഭയിൽ അവതരിപ്പിക്കേണ്ടത്. മുൻഗണനേതര വിഭാഗത്തിൽപ്പെട്ട 57% കാർഡുടമകൾക്ക് വില കുറച്ചും കേന്ദ്ര സർക്കാരിന്റെ വിഹിതം കണക്കിലെടുത്തുമാണ് അരി നൽകുന്നത്. അതുമായി ബന്ധപ്പെട്ട് ഒരു പരാതിയുമില്ല, ആവശ്യാനുസരണം അരി വിതരണം നടക്കുന്നുണ്ട്. എന്നാൽ ഇവിടെ ബഹുമാനപ്പെട്ട അംഗം പരാമർശിച്ച വിഷയത്തെക്കുറിച്ച് കുറച്ചുകൂടി വ്യക്തമാക്കണമെന്ന് ഉദ്ദേശിക്കുകയാണ്.

ഓണക്കാലത്ത് പൊതുവിപണിയിലെ വിലവർദ്ധന നിയന്ത്രിക്കുന്നതിനായി സംസ്ഥാനതലത്തിലും നിയോജക മണ്ഡലാടിസ്ഥാനത്തിലും സ്പെഷ്യൽ ഫെയറുകൾ ആരംഭിച്ചിരിക്കുന്നു. ജയ, കുറുവ എന്നീ ഇനത്തിൽപ്പെട്ട അരിക്ക് സപ്ലൈകോ 25 രൂപ ഈടാക്കുമ്പോൾ പൊതുവിപണിയിൽ യഥാക്രമം 49-ഉം 43-ഉം രൂപയാണ് ഈടാക്കുന്നത്. 92 ലക്ഷം കാർഡുടമകൾക്കും റേഷൻ വിഹിതത്തിനുപുറമെ ഒരു സപ്ലൈകോ യൂണിറ്റിൽനിന്നും 10 കിലോ അരി വീതം വാങ്ങാനുള്ള സൗകര്യവും ഒരുക്കിയിരിക്കുകയാണ്. 49 രൂപ വിലയുള്ള ജയ അരി സപ്ലൈകോയിൽനിന്നും സബ്സിഡി നിരക്കിൽ 25 രൂപയ്ക്ക് വാങ്ങാൻ സാധിക്കും. സപ്ലൈകോയിൽ മട്ട അരിയുടെ വില 24 രൂപയും മാർക്കറ്റിലെ വില 42 രൂപയുമാണ്. പച്ചരിക്ക് സപ്ലൈകോയിൽ 23 രൂപയും പൊതുവിപണിയിൽ 32 രൂപയുമാണ്. അതിനുപുറമെയാണ് റേഷൻ കടകളിലൂടെയും യഥേഷ്ടം അരി നൽകുന്നത്. വെള്ള നിറത്തിലുള്ള കാർഡുകാർക്ക് പരിമിതമായ അളവിൽ മാത്രമേ അരി നൽകാൻ സാധിക്കുകയുള്ളൂ. അത് നമ്മുടെ കുറ്റമല്ല, കേന്ദ്ര സർക്കാർ അരി തരാത്തതുകൊണ്ടാണ്. അതുസംബന്ധിച്ച പ്രമേയം ഏകകണ്ഠമായാണ് സഭ പാസ്സാക്കിയത്. കേരളത്തിൽ അരിയുടെ ഉല്പാദനം വെറും 15 ശതമാനമാണ്. ബാക്കി 85 ശതമാനവും എഫ്.സി.ഐ.-യിൽനിന്ന് കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടിയാണ് വാങ്ങുന്നത്. ഇത്തരമൊരു കൺസ്യൂമർ സ്റ്റേറ്റിന് ഇതിനപ്പുറം എന്താണ് ചെയ്യാൻ സാധിക്കുന്നത്? ബഹുമാനപ്പെട്ട അംഗവും സഭയും അറിയേണ്ടത്, ഓണം പ്രമാണിച്ച് വെള്ള, നീല നിറങ്ങളിലുള്ള മുൻഗണനേതര വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡുടമകൾക്ക് 5 കിലോ പച്ചരിയും 5 കിലോ ചമ്പാവരിയുമടക്കം 10 കിലോ അരി നൽകുന്നുണ്ട്. അത് ഓണത്തിനുമുമ്പ് അതായത്, സെപ്റ്റംബർ 7-നുമുമ്പ് വാങ്ങുന്നതിനായി ആഗസ്റ്റ് മാസം മുതൽ വിതരണം ചെയ്യുകയുണ്ടായി. അരിയുടെ വില വർദ്ധന ജനങ്ങളെ ബാധിക്കാത്ത വിധത്തിൽ വിപണിയിൽ ഇത്രയധികം ഇടപെടൽ നടത്തുന്ന കാര്യം മറന്നുകൊണ്ട് ഈ സഭയിൽ ഇങ്ങനെയൊരു വിഷയം പരാമർശിച്ചത് ഖേദകരമാണ്.

ശ്രീമതി കാനത്തിൽ ജമീല: സർ, പൊതുവിതരണ സമ്പ്രദായം മാതൃകാപരമായിട്ടാണ് മുന്നോട്ടുപോകുന്നത്. ഇതുവരെയില്ലാത്ത രീതിയിൽ ജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന എല്ലാ കാര്യങ്ങളും ഇതിലൂടെ ലഭിക്കുന്നുണ്ട്. അനർഹരെ ബി.പി.എൽ. ലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതിനും അർഹതപ്പെട്ടവരെ കൂട്ടിച്ചേർക്കുന്നതിനുമുള്ള സമയം നൽകിയിരുന്നു. എന്നിട്ടും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടേണ്ട ധാരാളംപേർ ഇനിയും പുറത്തുനിൽക്കുകയാണ്. അവരെക്കൂടി ഉൾപ്പെടുത്താൻ ഇനിയും സമയം അനുവദിക്കുമോ, അതിനെന്തെങ്കിലും നിർദ്ദേശമുണ്ടോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ബഹുമാന്യയായ അംഗം സൂചിപ്പിച്ചത് ഗൗരവമേറിയ വിഷയമാണ്. അനർഹരായ നിരവധിപേർ ബി.പി.എൽ. കാർഡ് കൈവശമാക്കിയിട്ടുണ്ടെന്നത് വസ്തുതയാണ്. ഈ ഗവൺമെന്റ് ചുമതല ഏറ്റെടുത്തതിനുശേഷം 172000 അനർഹർ കാർഡ് സറണ്ടർ ചെയ്യുന്ന നിലപാട് സ്വീകരിക്കുകയുണ്ടായി. അതുകൊണ്ട് 260000-ത്തോളം കുടുംബങ്ങൾക്ക് ആ കാർഡ് മാറ്റി മുൻഗണനാ കാർഡ് കൊടുക്കാൻ കഴിഞ്ഞു. എല്ലാ നിയമനടപടികളും ഫൈൻ ഈടാക്കുന്നതും റിലാക്സ് ചെയ്തുകൊണ്ടുള്ള പത്തുമാസക്കാലമാണ് കാർഡുകൾ സറണ്ടർ ചെയ്യാനായി നൽകിയത്. അതിൽ നന്നായി ജനങ്ങൾ സഹകരിച്ചു. ഇനിയും അത്തരം ആളുകളുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമനടപടി സ്വീകരിച്ചുകൊണ്ട് അവരിൽനിന്ന് കാർഡുകൾ വിത്ഡ്രോ ചെയ്യിക്കുന്നതിന് നടപടി സ്വീകരിക്കും. മുൻഗണനാ വിഭാഗത്തിന് ആ കാർഡ് തുടർന്നും കൊടുക്കുമെന്നുള്ള കാര്യം സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഇവിടെ ശ്രീ. എം. വിൻസെന്റ് ചോദിച്ച ഒരു പ്രധാനപ്പെട്ട കാര്യം പൊതുവിപണിയിൽ വിലക്കയറ്റം കൂടുന്നുവെന്നതാണ്. അവിടെയാണ് സർക്കാരിന്റെ ഇടപെടൽ വേണ്ടത്. സർക്കാർ ചെയ്യുന്നത് നല്ല കാര്യമാണ്. പക്ഷേ, പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കാൻ സാധിക്കുന്നില്ല. അതിനാവശ്യമായ നടപടിയാണ് സ്വീകരിക്കേണ്ടത്. ഒരുപക്ഷേ കേരളത്തിൽ എല്ലാവരുംകൂടി ഈ പറയുന്ന സംവിധാനത്തിലേയ്ക്ക് പോയാൽ അവർക്കാവശ്യമായ സാധനം ലഭ്യമാകുമോ? അതുപോലെതന്നെ...

<u>മി. സ്പീക്കർ</u>: ചോദ്യം ചോദിച്ചുകഴിഞ്ഞു. അങ്ങ് പ്രസംഗിക്കരുത്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, പ്രസംഗിക്കുകയല്ല. ഇവിടെ ഓണക്കിറ്റ് വിതരണം ചെയ്യുന്നുണ്ട്. അത് കന്യാസ്ത്രീ സമൂഹത്തിന് ലഭ്യമാകുന്നില്ലെന്ന് കേൾക്കുകയുണ്ടായി. അതുകൊണ്ട് അവർക്കുമത് കൊടുക്കുമോ; അതിനൊരു ഉറപ്പ് നൽകാൻ മന്ത്രിക്ക് സാധിക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, കഴിഞ്ഞ സഭയിൽ വളരെ ഗൗരവമായി ചർച്ച ചെയ്ത വിഷയമാണിത്. കേന്ദ്ര സർക്കാർ ഇടയ്ക്ക് അത് നിർത്തിയപ്പോൾ സംസ്ഥാന സർക്കാർ പൂർണ്ണ ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് അന്നുമുതൽതന്നെ കിറ്റ് വിതരണം ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം അറിയേണ്ടത്, ഇവിടെ സാമൂഹ്യക്ഷേമ വകുപ്പിന്റെ അംഗീകാരമുള്ളതും അല്ലാത്തതുമായ 890 ക്ഷേമസ്ഥാപനങ്ങളും 57000-ത്തോളം അന്തേവാസികളുമുണ്ട്. അവർക്ക് ഗോതമ്പ്-4.5 കിലോ ഗ്രാം, അരി-10.5 കിലോ ഗ്രാം എന്ന നിലയിൽ പെർ ഹെഡ് 15 കിലോ ഗ്രാം ഭക്ഷ്യധാന്യം കൊടുക്കുകയാണ്. ഒരു കിലോ ഗ്രാം അരിക്ക്

5.65 രൂപയും ഗോതമ്പിന് 4.15 രൂപയുമാണ് വില വരുന്നത്. ഈ സ്ഥാപനങ്ങൾക്കെല്ലാം ഇത്ര നോമിനൽ റേറ്റിനാണ് ധാന്യങ്ങൾ കൊടുക്കുന്നത്. തിരുവനന്തപുരത്തുള്ള ഒരു സ്ഥാപനത്തിൽ നിന്ന് അപേക്ഷ ലഭിച്ചതിനെത്തുടർന്ന് ഇന്നലെ ഞാനും ശ്രീ. കടകംപള്ളി സുരേന്ദ്രനുംകൂടി അവിടെ ധാന്യങ്ങൾ നൽകി. ആ സ്ഥാപനത്തിൽ 196 അംഗങ്ങളാണുള്ളത്. ഈ ഗവൺമെന്റ് ഉദാര സമീപനമാണ് സ്വീകരിക്കുന്നത്. ഒരാളുപോലും പട്ടിണികിടക്കാനോ വിശന്നിരിക്കാനോ പാടില്ല എന്നതാണ് സർക്കാരിന്റെ നയം. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം എറണാകുളം, കോട്ടയം ജില്ലകളിലെ കന്യാസ്ത്രീമഠങ്ങളടക്കമുള്ള സ്ഥാപനങ്ങൾ ഒന്നുകൂടി പരിശോധിക്കുക, അവിടെയെല്ലാം ഇത് സുതാര്യമായി വിതരണം ചെയ്യുകയാണ്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, വാതിൽപ്പടി വിതരണരംഗത്ത് സ്വീകരിച്ചിട്ടുള്ള നൂതന പരിഷ്കാരങ്ങളെക്കുറിച്ച് വിശദമാക്കാമോ? അതുപോലെതന്നെ സംസ്ഥാനത്ത് അരിവില കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് നേരിടാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അപൂർവ്വം ചില അരിയുടെ വില കൂടുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. അത് ഞങ്ങളാരും നിഷേധിച്ചില്ലല്ലോ. ബഹുമാനപ്പെട്ട ഈ സഭ അറിയേണ്ടത്, മാർക്കറ്റിലെ ആപ്പിളിന്റെ വിലയും മാളുകളിലെ വിലയും തമ്മിൽ വലിയ വ്യത്യാസമുണ്ടാകാറുണ്ട്. സാധാരണക്കാർ ഉപയോഗിക്കുന്ന അരിയുടെ കാര്യത്തെക്കുറിച്ചാണ് ഗൗരവമേറിയ ചർച്ചകൾ നടക്കുന്നത്. ചില ഒറ്റപ്പെട്ട സംഭവങ്ങൾ സ്വാഭാവികമാണ്. ഇതുസംബന്ധിച്ച് കഴിഞ്ഞ ദിവസം മാധ്യമങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. പൊതുവിപണിയിൽ കരിഞ്ചന്തയോ പൂഴ്ത്തിവയ്പ്പോ ഉണ്ടെങ്കിൽ അത് കണ്ടെത്തുന്നതിന് ഒന്നാം തീയതി മുതൽ ഏഴ് ദിവസംവരെ പ്രവർത്തിക്കുന്ന തരത്തിൽ ലീഗൽ മെട്രോളജി, സിവിൽ സപ്ലൈസ്, റവന്യൂ വകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങിയ വിപുലമായ സ്ക്വാഡുകൾ രൂപീകരിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്; വ്യാപകമായ നടപടികളിലേയ്ക്ക് പോയിട്ടുണ്ട്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, 1956-ൽ അതിർത്തി വിഭജിച്ചപ്പോൾ എന്റെ മണ്ഡലത്തിലെ ചില റേഷൻ കടകൾ കർണ്ണാടകത്തിന്റെ ഒരറ്റത്തും കൺസ്യൂമേഴ്സ് കേരളത്തിലുമായി. അതിർത്തി അടച്ചപ്പോൾ അരിയും മറ്റ് സാധനങ്ങളും വാങ്ങുന്നതിന് പോകാൻ സാധിക്കാത്ത അവസ്ഥവരെയുണ്ടായിരുന്നു. അത് പത്രങ്ങളിലൊക്കെ വാർത്തയായതാണ്. അത്തരം ഘട്ടങ്ങൾ ഇടയ്ക്കിടെ

ഉണ്ടാകാറുണ്ട്. അങ്ങനെയുള്ള പ്രദേശങ്ങളിലേയ്ക്ക് സഞ്ചരിക്കുന്ന റേഷൻ ഷോപ്പുകൾ അനുവദിച്ച് അവരെ രക്ഷപ്പെടുത്തുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം ഗൗരവമായി പരിശോധിക്കുന്നതാണ്.

**രാഷ്ട്രീയ ഗൂഢാലോചന കേസ്സിൽ അന്വേഷണം**

2 (*152) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനത്തിനുള്ളിൽ മുഖ്യമന്ത്രിക്കെതിരെ പ്രതിഷേധിച്ചത് സംബന്ധിച്ച കേസ്സിൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ നേതാക്കൾ ഗൂഢാലോചനയിൽ പങ്കെടുത്തതായി അന്വേഷണത്തിൽ കണ്ടെത്തിയിരുന്നോ; എങ്കിൽ അപ്രകാരം കണ്ടെത്തിയവരുടെ പേര് വെളിപ്പെടുത്താമോ;

(ബി) കാക്കനാട് വച്ച് മുഖ്യമന്ത്രിയുടെ വാഹനം തകർക്കാൻ ശ്രമം നടത്തിയ കേസിൽ പിടിയിലായ ആളിന്റെ പേരും രാഷ്ട്രീയബന്ധവും അറിയിക്കാമോ; പ്രസ്തുത വ്യക്തി മുമ്പ് പ്രതിയായിട്ടുള്ള കേസ്സുകളുടെ സ്വഭാവം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) എൽ.ഡി.എഫ്. കൺവീനറെ വധിക്കാൻ തൈക്കാട് ഗസ്റ്റ് ഹൗസിൽ ഗൂഢാലോചന നടത്തിയതായി പറയപ്പെടുന്ന കേസിലെ പ്രതികൾ ആരൊക്കെയാണ്; ദീർഘകാലമായി തീർപ്പാകാതെ കിടക്കുന്ന പ്രസ്തുത കേസിന്റെ വിചാരണ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) കണ്ടെത്തിയിട്ടുണ്ട്. വിമാനത്തിൽ വച്ച് മുഖ്യമന്ത്രിയെ ആക്രമിക്കാൻ ശ്രമിച്ച സംഭവത്തിൽ സുരക്ഷാ ഉദ്യോഗസ്ഥനായ ശ്രീ. എസ്. അനിൽ കുമാർ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ ഐ.പി.സി 120B, 332, 307, 34 വകുപ്പുകൾ പ്രകാരവും എയർക്രാഫ്റ്റ് ആക്ട്, വ്യോമയാന സുരക്ഷാ നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും തിരുവനന്തപുരം വലിയതുറ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 511/2022 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്. കേസിലെ ഗൂഢാലോചനയിൽ രാഷ്ട്രീയ പാർട്ടി നേതാക്കളുടെ പങ്കാളിത്തം പോലീസ് കണ്ടെത്തിയിട്ടുണ്ട്. ഒന്നും മൂന്നും പ്രതികളായ ഫർസീൻ

മജീദ്, സുനിത്ത് നാരായണൻ എന്നിവർ യഥാക്രമം യൂത്ത് കോൺഗ്രസ് മട്ടന്നൂർ മണ്ഡലം പ്രസിഡന്റും ജനറൽ സെക്രട്ടറിയുമാണ്. രണ്ടാം പ്രതി നവീൻകുമാർ കണ്ണൂർ ജില്ലാ സെക്രട്ടറിയും നാലാം പ്രതി ശ്രീ. കെ. എസ്. ശബരീനാഥൻ സംസ്ഥാന വൈസ് പ്രസിഡന്റുമാണ്.

(ബി) മുഖ്യമന്ത്രിയുടെ വാഹനം കാക്കനാട് ഭാഗത്തുവച്ച് തടയാൻ ശ്രമം നടത്തിയ സംഭവത്തിൽ തൃക്കാക്കര പോലീസ് സ്റ്റേഷനിൽ IPC 353, 332, 333, 283, 308 വകുപ്പുകൾപ്രകാരം രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 665/2022-കേസിലെ പ്രതിയായ സോണി ജോർജ്ജ് കോൺഗ്രസ്സ് പ്രവർത്തകനാണ്, ഈ കേസിനുപുറമെ പതിനൊന്ന് ക്രിമിനൽ കേസുകളിൽക്കൂടി പ്രതിയാണ്. പ്രസ്തുത കേസുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ശ്രീ. ഇ. പി. ജയരാജനെ വധിക്കാൻ തൈക്കാട് ഗസ്റ്റ് ഹൗസിൽ ഗൂഢാലോചന നടത്തിയതുമായി ബന്ധപ്പെട്ട് തമ്പാനൂർ പോലീസ് സ്റ്റേഷനിൽ IPC 120(B), 307 & 34 വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 148/97 ആയി രജിസ്റ്റർ ചെയ്ത കേസിൽ അഞ്ചുപേരാണ് പ്രതിപ്പട്ടികയിലുണ്ടായിരുന്നത്. കേസ് വിചാരണയിലിരിക്കവെ രണ്ടും നാലും പ്രതികൾ മരണപ്പെട്ടു. ഒന്നാം പ്രതി കെ. സുധാകരൻ, മൂന്നാം പ്രതി ടി. പി രാജീവൻ അഞ്ചാം പ്രതി പി. കെ ദിനേശൻ എന്നിവരാണ് നിലവിൽ വിചാരണ നേരിടുന്നത്. ഈ കേസിന്റെ വിചാരണ നടപടികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങയുടെ റൂളിംഗിന് വിരുദ്ധമായ ഈ ചോദ്യം നക്ഷത്രചിഹ്നമിട്ട ചോദ്യമായി സഭയിൽ വന്നതുകൊണ്ട് ഞങ്ങളാരും ഉപചോദ്യങ്ങൾ ചോദിക്കുന്നില്ല, ഈ ചോദ്യം ബഹിഷ്കരിക്കുകയാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്ത തരത്തിലാണ് മുഖ്യമന്ത്രിക്കുനേരെ വിമാനത്തിൽ വച്ച് അതിക്രമം നടത്തിയത്. 'ഞങ്ങളിതൊക്കെ ചെയ്യും, നിങ്ങളാരും ചോദിക്കരുത്' എന്നുപറഞ്ഞാൽ എങ്ങനെ അംഗീകരിക്കാൻ കഴിയും? ഈ അക്രമത്തെ ന്യായീകരിച്ചുകൊണ്ടാണ് കെ.പി.സി.സി. അദ്ധ്യക്ഷനടക്കം സംസാരിച്ചത്. ഈ അതിക്രമത്തിനും ശ്രീ. ഇ. പി. ജയരാജനെ വധിക്കാനുള്ള ഗൂഢാലോചനയ്ക്കും പിന്നിൽ ശ്രീ. കെ. സുധാകരനാണെന്ന് ആരെങ്കിലും വെളിപ്പെടുത്തിയിട്ടുണ്ടോ?

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, ശ്രീ. കെ. സുധാകരന്റെ മുൻ ഡ്രൈവറും കോൺഗ്രസ്സ് നേതാവുമായ പ്രശാന്ത് ബാബു എന്നയാൾ ഈ ഗൂഢാലോചനയ്ക്കുപിന്നിൽ ശ്രീ. കെ. സുധാകരനാണെന്ന് വെളിപ്പെടുത്തിയിരുന്നു.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ശ്രീ. ഇ. പി. ജയരാജൻ വധശ്രമ കേസിൽ ആരെങ്കിലും ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ; ആ പ്രതി വേറെ ഏതെങ്കിലും കൊലപാതക കേസിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ള ആളാണോ?

ശ്രീ. പിണറായി വിജയൻ: സർ, ശ്രീ. ഇ. പി. ജയരാജനെ ട്രെയിൻ യാത്രയ്ക്കിടെ വധിക്കാൻ ശ്രമിച്ച കേസിലെ രണ്ടാം പ്രതി കൂത്തുപറമ്പിലെ പേട്ട ദിനേശനാണ്. ഇദ്ദേഹത്തെ പത്തൊമ്പത് വർഷം കഠിന തടവിന് ശിക്ഷിച്ചിട്ടുണ്ട്. എസ്.എഫ്.ഐ. നേതാവ് കെ. വി. സുധീഷിനെ വധിച്ച കേസിലും ഈ പ്രതി ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അപായപ്പെടുത്താൻ ഉന്നത കേന്ദ്രങ്ങളിൽ ഗൂഢാലോചന നടക്കുന്നുവെന്നതിന് തെളിവാണ് വിമാനത്തിൽ വച്ചുണ്ടായ സംഭവം. ഇത്തരം സംഭവങ്ങൾ ഗൗരവമായെടുക്കുകയും പ്രതികളെ മുഴുവൻ പിടികൂടുകയും വേണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ സംഭവത്തെ ന്യായീകരിച്ചത് അത്യന്തം അപലപനീയമാണ്. സംസ്ഥാനത്ത് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കഴിഞ്ഞ മാസം മഞ്ചേശ്വരം പൈവളികെയിൽ യുവാവിനെ കെട്ടിയിട്ട് മർദ്ദിച്ച് കൊലപ്പെടുത്തിയ ക്വട്ടേഷൻ സംഘത്തിലെ പ്രതികളിൽ വിദേശത്തേയ്ക്ക് കടന്നവരെ തിരികെ കൊണ്ടുവന്ന് നിയമത്തിന് മുന്നിലെത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, മഞ്ചേശ്വരം ഭാഗത്ത് ഒരു പ്രത്യേക സാഹചര്യം രൂപപ്പെട്ടുവരുന്നുണ്ട്. അതിൽ ചില സംഭവങ്ങളിൽ തൊട്ടടുത്ത സംസ്ഥാനത്തുനിന്നുള്ളവരടക്കം പങ്കാളികളാകുന്നുണ്ട്. ഇവിടെയുള്ളവർ അടുത്ത സംസ്ഥാനത്തേയ്ക്ക് രക്ഷപ്പെടുന്ന അവസ്ഥയുമുണ്ട്. ചെറിയ തോതിലുള്ള ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങളുടെ കേന്ദ്രമാക്കി കാസർഗോഡിന്റെ ചില ഭാഗങ്ങളെ മാറ്റാൻ ചിലർ ബോധപൂർവ്വം ശ്രമിക്കുകയാണ്. അത്തരം കാര്യങ്ങൾക്കെതിരെ സജീവമായ ഇടപെടൽ നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത്. അതിനായി പോലീസ് ജാഗ്രതയോടെ നീങ്ങിക്കൊണ്ടിരിക്കുകയാണ്. പ്രത്യേക സംവിധാനങ്ങൾ അതിനായി ഒരുക്കിയിട്ടുണ്ട്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, നിരന്തരമായി മുഖ്യമന്ത്രിയെ വേട്ടയാടുന്ന നിലയിലുള്ള നീക്കമാണ് കേന്ദ്ര അന്വേഷണ ഏജൻസികളും പ്രതിപക്ഷവും മാധ്യമങ്ങളും നടത്തിവരുന്നത്. അതോടൊപ്പമാണ് ബി.ജെ.പി.-ക്കാർ ഏറ്റെടുത്ത ഒരു സ്വർണ്ണക്കള്ളക്കടത്തുകാരി മാധ്യമങ്ങളെയും എൽ.ഡി.എഫ്. വിരുദ്ധ രാഷ്ട്രീയക്കാരെയും ഉപയോഗപ്പെടുത്തി നടത്തിവന്നിട്ടുള്ള അപവാദ കഥാപരമ്പരയും. അടിസ്ഥാനരഹിതമായ ഈ ആരോപണങ്ങൾ മുൻനിർത്തി യു.ഡി.എഫ്.-ഉം ബി.ജെ.പി.യും നടത്തിയിട്ടുള്ള കലാപശ്രമങ്ങളുടെ വിശദാംശങ്ങളും അതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നതും തുടർനടപടിയെ സംബന്ധിച്ചും വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, അക്കാര്യത്തിൽ പ്രത്യേക ചോദ്യം വേണം. ഇതിന്റെ ഭാഗമായി പറയാൻ കഴിയുന്നതല്ല.

ശ്രീ. പി. മമ്മിക്കുട്ടി: സർ, സംസ്ഥാനത്ത് കേരള പോലീസിന്റെ പ്രവർത്തനം കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമവുമാക്കിത്തീർക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് നടത്തിക്കൊണ്ടിരിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, പോലീസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമതയോടെ നീക്കാനുള്ള നിരന്തരമായ ആലോചനകളും അതുമായി ബന്ധപ്പെട്ട ചർച്ചകളും ശക്തമായ നടപടി സ്വീകരിക്കലുമെല്ലാം ഉണ്ടാകുന്നുണ്ട്. അതിന്റെ ഭാഗമായി ഏത് കുറ്റകൃത്യം നടന്നാലും അതിലുൾപ്പെട്ട പ്രതികളെ വേഗം പിടികൂടുന്നതിനും പോലീസിന് കഴിയുന്നുണ്ട്.

## മാലിന്യ സംസ്കരണ നിയമാവലി

3(*153) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുചിത്വം ഉറപ്പാക്കുന്നതിനായി മാലിന്യ സംസ്കരണ നിയമാവലി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പൊതു ഇടങ്ങളിലെ ശുചിത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) വിവിധ സർക്കാർ ഓഫീസുകളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണെന്നറിയിക്കുമോ;

(ഡി) മാലിന്യ സംസ്കരണ നിയമാവലി കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, (എ) ഉണ്ട്.

(ബി) ശുചിത്വവുമായി ബന്ധപ്പെട്ട അവബോധം ജനങ്ങളിൽ ഉണർത്തുന്നതിനായി ശുചിത്വമിഷന്റെ സേവനം ഉപയോഗപ്പെടുത്തുകയും അപ്രകാരം നടപടി ആവിഷ്കരിക്കുകയും ചെയ്തുവരുന്നു. പ്രാഥമികമായി ജനങ്ങളെ മാലിന്യം തരംതിരിക്കുന്നതിന് പഠിപ്പിക്കുകയും മാലിന്യത്തെ അഴുകുന്നവയും അഴുകാത്തവയുമായി വേർതിരിപ്പിച്ച് അഴുകുന്ന മാലിന്യത്തെ അവരവരുടെ ഉത്തരവാദിത്വത്തിൽ സംസ്കരിപ്പിക്കുന്നതിനുള്ള ഉപാധികൾ ഉപയോഗപ്പെടുത്തുന്നതിനും അഴുകാത്ത അജൈവ മാലിന്യം ഹരിതകർമ്മ സേന വഴി ഡോർ ടു ഡോർ കളക്ഷൻ സംവിധാനത്തിലൂടെ ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിനും സംവിധാനമൊരുക്കിയിട്ടുണ്ട്. തദ്ദേശ സ്ഥാപനതലം മുതൽ സംസ്ഥാനതലം വരെയുള്ള ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ മേൽനോട്ടത്തിനായി ഹരിത മിത്രം-സ്മാർട്ട് ഗാർബേജ് മൊബൈൽ ആപ്പ് നിലവിൽവന്നിട്ടുണ്ട്. ഓരോ സ്ഥലത്തുനിന്നും ശേഖരിച്ച മാലിന്യങ്ങളുടെ അളവും അവ സംസ്കരിച്ചതിന്റെ കണക്കുകളും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട സംസ്ഥാന ജില്ലാതല സംവിധാനങ്ങൾക്കും ഇതിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

30-7-2022-ലെ G.O.(Ms) No.168/2022/LSGD പ്രകാരം കെട്ടിട നിർമ്മാണം, പൊളിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള 'തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി' 4-1-2021-ലെ സ.ഉ.(ആർ.ടി.) നമ്പർ 18/2021/ത.സ്വ.ഭ.വ. പ്രകാരം അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പൊതു ഇടങ്ങളിലെ ശുചിത്വം ഉറപ്പാക്കാൻ ദൃശ്യ-ശ്രവ്യ വാർത്താ മാധ്യമങ്ങൾവഴി ബോധവൽക്കരണ പരസ്യങ്ങൾ, മാലിന്യം വലിച്ചെറിയുന്നതിനെതിരെ പരസ്യ ബോർഡുകൾ, മാലിന്യം പൊതു ഇടങ്ങളിൽ വലിച്ചെറിയുന്നവർക്കെതിരെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വിവിധ ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കൽ, CCTV ക്യാമറകൾ സ്ഥാപിച്ച് പൊതു ഇടങ്ങളിൽ ശുചിത്വം ഉറപ്പാക്കൽ എന്നീ നടപടികൾ ഉദ്ദേശിക്കുന്നു.

കൂടാതെ, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ നടപ്പിലാക്കിയതുപോലെ മെക്കനൈസ്ഡ് സ്വീപ്പിംഗ് മെഷീൻ ആവശ്യാനുസരണം വ്യാപിപ്പിക്കുന്നതിനും കമ്മ്യൂണിറ്റി തലത്തിൽ എയ്റോബിക് ബിന്നുകളും ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജലാശയങ്ങളെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനും ശാസ്ത്രീയ ഖര-ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങളൊരുക്കി ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യമെത്തുന്നത് ഒഴിവാക്കി ആയതിലൂടെ ജലശുചിത്വ സുസ്ഥിരത ഉറപ്പാക്കുന്നതിനും 'തെളിനീരൊഴുകും നവകേരളം' (ക്ലീൻ അക്വഫർ) എന്ന പേരിൽ ക്യാമ്പയിനും ആരംഭിച്ചിട്ടുണ്ട്. 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ചും മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. 28-5-2022-ലെ സ.ഉ.(കൈ) നമ്പർ 115/2022/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ച ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകളുടെയും നഗര സഭകളുടെയും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതുസംബന്ധിച്ച മാർഗ്ഗ രേഖയിൽ ഖര-ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) വിവിധ സർക്കാർ ഓഫീസുകളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം ആ ഓഫീസിലെ ജീവനക്കാർക്ക് തന്നെയാണ്. ഓഫീസുകളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിന് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ആയത് കൃത്യമായി ചെയ്ത് ഓഫീസും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് അതത് ഓഫീസ് മേലധികാരികളാണ്.

(ഡി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഖരമാലിന്യ പരിപാലന ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ചും മാലിന്യ സംസ്കരണ പദ്ധതികൾ നഗരസഭകളിൽ നടപ്പിലാക്കിവരുന്നുണ്ട്. 2016-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ഉപനിയമാവലി തയ്യാറാക്കുന്നതിന് സഹായിക്കുന്നതിനായി മാതൃക ഉപനിയമാവലി 19-4-2022-ലെ സ.ഉ.(കൈ) നമ്പർ 85/2022/ എൽ.എസ്.ജി.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൗൾട്ടി സ്റ്റാളുകൾക്കും പൗൾട്ടി വേസ്റ്റ് റെന്ററിംഗ് പ്ലാന്റുകൾക്കും ലൈസൻസ് നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് 7-10-2021-ലെ ജി.ഒ.(എം.എസ്.) നമ്പർ 227/2021/എൽ.എസ്.ജി.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സമ്പൂർണ്ണ ശുചിത്വകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവരെയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി പ്രതിമാസ അവലോകന യോഗങ്ങൾ നടത്തിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ പദവി നൽകുന്നതിന്റെ ഭാഗമായി നടത്തിവരുന്ന പ്രതിമാസ അവലോകന യോഗങ്ങളിലും മാലിന്യ സംസ്കരണ പദ്ധതികൾ അവലോകനം ചെയ്യുന്ന യോഗങ്ങളിലും മാലിന്യ സംസ്കരണ നിയമാവലി സംബന്ധിച്ച് ചർച്ച ചെയ്യുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമഗ്രപഠനം നടത്തുകയും സർക്കാർ നിർദ്ദേശപ്രകാരമുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും അപ്രകാരം പ്രവർത്തിച്ചു വരികയും ചെയ്യുന്നു. ഹരിത കർമ്മസേന തരംതിരിച്ച് വച്ചിരിക്കുന്ന അജൈവ മാലിന്യം ശേഖരിച്ച് കൈമാറുന്നതുമൂലം മാലിന്യം കെട്ടിക്കിടക്കുന്നതിനുള്ള അവസരമുണ്ടാകുന്നില്ല. തുടർച്ചയായുള്ള പരിശോധനയിലൂടെ ചട്ടലംഘനം നടത്തുന്നവർക്ക് പിഴ ഈടാക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷകളും ചുമത്തുന്നു.

സ്മാർട്ട് ഗാർബേജ് മൊബൈൽ ആപ്പ് മുഖേന പൊതുജനങ്ങൾക്കും മാലിന്യം അലക്ഷ്യമായി നിക്ഷേപിക്കുന്നത് സംബന്ധിച്ച പരാതികൾ സമർപ്പിക്കാവുന്നതും ഇത്തരത്തിലുള്ള പരാതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട സംസ്ഥാന, ജില്ലാതലസംവിധാനങ്ങളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതും പരിഹാരമുണ്ടാക്കുന്നതുമാണ്.

ശ്രീ. നജീബ് കാന്തപുരം: സർ, മാലിന്യപ്രശ്നം കേരളത്തെ ഗുരുതരമായി അലട്ടിക്കൊണ്ടിരിക്കുകയാണ്. ഏതെല്ലാം തരത്തിലുള്ള മാലിന്യ സംസ്കരണ നിയമാവലികൾ കൊണ്ടുവരുമ്പോഴും അതെല്ലാം കാറ്റിൽ പറത്തുന്ന തരത്തിലാണ് മാലിന്യത്തോടുള്ള പലരുടെയും ആഭിമുഖ്യവും മനോഭാവവും. അതോടൊപ്പം മാലിന്യം ഒരു ഗുരുതരപ്രശ്നമായി നിൽക്കുകയാണ്. അതിന് പൂർണ്ണമായും പരിഹാരമുണ്ടാക്കാൻ ഏതു തരത്തിലാണ് ആലോചിക്കേണ്ടതെന്നത് ഗൗരവമുള്ളൊരു കാര്യമാണ്. എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഹരിത കർമ്മസേനയെ ഉപയോഗിച്ച് പ്ലാസ്റ്റിക് വേസ്റ്റുകൾ ശേഖരിച്ച് എം.സി.എഫ്.-ൽ വച്ച് വേർതിരിച്ച് കയറ്റി അയയ്ക്കുന്നുണ്ടെന്നും പഞ്ചായത്തുകൾക്ക് യൂസർ ഫീ മാത്രം ഉപയോഗിച്ച് ഇത് നിർവ്വഹിക്കാൻ കഴിയുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, പ്രസക്തമായ ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളത്. മാലിന്യ സംസ്കരണത്തിനാവശ്യമായ നിയമാവലിയും ഉപനിയമാവലിയുമെല്ലാമുണ്ടാക്കിയാലും ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം വരാതെ ഫലപ്രദമായും പ്രായോഗികമായും ഇത് നടപ്പാക്കുന്നതിന് ബുദ്ധിമുട്ടുണ്ടെന്നുള്ളത് ശരിയാണ്. ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനുവേണ്ടി ഫലപ്രദമായ രീതിയിലുള്ള ക്യാമ്പയിൻ ആവശ്യമാണ്. വ്യക്തി ശുചിത്വത്തിന് പ്രാധാന്യം നൽകുന്ന ജനതയാണ് ഇവിടെയുള്ളത്. പക്ഷേ, സാമൂഹിക ശുചിത്വത്തിന്റെ പ്രശ്നം വരുമ്പോൾ വലിയ വീഴ്ചയാണുണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതിനെല്ലാമെതിരായി നല്ല രീതിയിലുള്ള ക്യാമ്പയിനും പ്രവർത്തനങ്ങളും എല്ലാ മേഖലയിലും നടത്താനാണ് ഉദ്ദേശിക്കുന്നത്. ഈ മേഖലയിലെ സൈന്യമായാണ് ഹരിത കർമ്മസേനയെ കാണുന്നത്. അവർ കൃത്യമായി അജൈവ മാലിന്യങ്ങൾ ശേഖരിക്കുകയും അത് എത്തിക്കേണ്ട സ്ഥലത്ത് എത്തിക്കുകയും ചെയ്യുന്നു. എന്നാൽ അതിന് അവർക്ക് വീടുകളിൽനിന്നും ഈടാക്കേണ്ട തുക കൃത്യമായി ലഭിച്ചാൽപ്പോലും തുച്ഛമായ തുക മാത്രമാണ് പ്രതിമാസം ലഭിക്കുന്നത്. അതുസംബന്ധിച്ച് ഇപ്പോൾ കൃത്യമായൊരു തീരുമാനത്തിലെത്തിയിട്ടുണ്ട്. ഒരു കുടുംബത്തിന് ജീവിക്കാനാവശ്യമായ കുറഞ്ഞ വരുമാനം വീടുകളിൽനിന്നും ശേഖരിക്കുന്ന സംഖ്യയിൽനിന്നും ലഭിക്കുന്നില്ലെങ്കിൽ എത്രയാണോ അതിനാവശ്യമായി വരുന്നത് അത്രയും സംഖ്യ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവർക്ക് നൽകണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഹരിത കർമ്മസേനാംഗങ്ങൾക്ക് മാന്യമായി ജീവിക്കാനുള്ള തുക ലഭിക്കും. അവരാണ് ശുചിത്വ കേരളത്തിന്റെ മുന്നണി പോരാളികളെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം.

ശ്രീ. നജീബ് കാന്തപുരം: സർ, ഗുരുതരമായൊരു പ്രശ്നം അറവുശാലകളിലെ മാലിന്യമാണ്. അത് സംസ്കരിക്കാനും ശേഖരിക്കാനും വിപുലമായ തലത്തിലുള്ള സംവിധാനങ്ങളുണ്ടാക്കേണ്ടതുണ്ട്. അത്തരത്തിൽ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; അത് ജില്ലാതലത്തിൽ കൂടുതൽ ശക്തിപ്പെടുത്താനുള്ള ആലോചനയുണ്ടോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, എല്ലാ ജില്ലകളിലും അറവുമാലിന്യവും കോഴിമാലിന്യവും സംസ്കരിക്കുന്നതിനാവശ്യമായ സംസ്കരണ സംവിധാനം ഫലപ്രദമായി രൂപപ്പെട്ടുകഴിഞ്ഞു. വളരെ നല്ല നിലയിൽ തന്നെയാണ് അത് മുന്നോട്ടുപോകുന്നത്. അറവുമാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകാൻ സാധിക്കുമെന്നാണിത് സൂചിപ്പിക്കുന്നത്. ഈ രീതിയിൽ കാര്യങ്ങൾ നന്നായി കൈകാര്യം ചെയ്ത് മുന്നോട്ടുപോകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നിവയിലുൾപ്പെടുത്തി ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജൈവ-അജൈവ മാലിന്യ ശേഖരണ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിന് ഒരു ക്യാമ്പയിൻ സമീപനരേഖയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടല്ലോ അതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന തുടർപ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ ഓരോ ഊരുകളിലും പോയി അജൈവ മാലിന്യങ്ങൾ ഹരിത കർമ്മസേന ഇപ്പോൾ ശേഖരിച്ചുവരുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയുൾപ്പെടെയുള്ളവ ഫലപ്രദമായി ഉപയോഗപ്പെടുത്തി ഈ ഗുരുതരപ്രശ്നം പരിഹരിക്കുന്നതിന് മുന്നോട്ടുപോകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രത്യേകം മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കിവരുന്നതായി കാണുന്നുണ്ടെങ്കിലും പലപ്പോഴുമത് പരാജയപ്പെടുകയാണ്. അതിനുപകരമായി സംസ്ഥാനതലത്തിലോ ജില്ലാ തലത്തിലോ ഒരു പൊതുവായ പ്രോജക്ട് നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകയ്യെടുത്ത് ഉറവിട മാലിന്യ സംസ്കരണ സമഗ്ര പദ്ധതി ഫലപ്രദമായി നടപ്പിലാക്കേണ്ടതാണെന്ന ഗവൺമെന്റിന്റെ തീരുമാനമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. പ്രധാനമായും മാലിന്യപ്രശ്നം അഭിമുഖീകരിക്കേണ്ടി വരുന്നത് നഗരപ്രദേശങ്ങളിലാണ്. ഗ്രാമ പ്രദേശങ്ങളിലും പഞ്ചായത്തുകളിലുമൊക്കെ ഉറവിട മാലിന്യസംസ്കരണം ഫലപ്രദമായി കൈകാര്യം ചെയ്ത് മുന്നോട്ടുപോകാൻ കഴിയും. ഖര-ദ്രവ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ ബോധനിലവാരത്തിൽ മാറ്റം വരുത്തി കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ മാലിന്യനിർമ്മാർജ്ജന പ്രവർത്തനം മുന്നോട്ടുപോകുന്നതിനുള്ള ശ്രദ്ധാപൂർവ്വമായ പ്രവർത്തനമാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ദൈവത്തിന്റെ സ്വന്തം നാടെന്ന് കേൾവികേട്ട കേരളം മലിനപ്പെട്ടുകിടക്കുകയാണ്. നഗരങ്ങളിലും ഗ്രാമങ്ങളിലും ഒരുപോലെ മാലിന്യങ്ങൾ കുന്നുകൂടി കിടക്കുന്ന സാഹചര്യമാണുള്ളത്. കേരളത്തിന്റെ രക്തധമനികളെന്ന് വിശേഷിപ്പിക്കുന്ന നദി, പുഴ, തോട് എന്നിവയിൽപ്പോലും മലിനവസ്തുക്കൾ കേന്ദ്രീകരിച്ചുകിടക്കുന്ന സാഹചര്യമുണ്ട്. ഇവയെ ശുദ്ധീകരിക്കാൻ മാനവശേഷിയും സാങ്കേതിക വൈദഗ്ധ്യവും

ഉപയോഗപ്പെടുത്തി സമയം നിശ്ചയിച്ച് ശുചിത്വ കേരളത്തിനുവേണ്ടിയുള്ള ഒരു ജനകീയ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുമോ; അതുപോലെ ജലസ്രോതസ്സുകളിൽ മദ്യക്കുപ്പികളും മറ്റും നിക്ഷേപിക്കുന്നത് തടയാൻ പ്രത്യേക നടപടി സ്വീകരിക്കുമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട അംഗം നിർദ്ദേശിച്ച കാര്യം ഞാൻ അംഗീകരിക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ലഹരിവിരുദ്ധ ക്യാമ്പയിന്റെ കാര്യമിവിടെ ചൂണ്ടിക്കാണിച്ചു. അതുപോലെ, ശുചിത്വ കേരളത്തിനുവേണ്ടി കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാ വിഭാഗം ജനങ്ങളെയും വിളിച്ചുചേർത്ത് ക്യാമ്പയിൻ നടത്തേണ്ടതുണ്ട്. ദൈവത്തിന്റെ സ്വന്തം നാടെന്ന് അറിയപ്പെടുന്ന കേരളം ലോകത്ത് കണ്ടിരിക്കേണ്ട 50 സ്ഥലങ്ങളിലൊന്നാണെന്നാണ് ഇപ്പോൾ ടൈം മാഗസിൻ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. അതിമനോഹരമായ നമ്മുടെ സംസ്ഥാനത്തെ ശുചിത്വപൂർണ്ണമാക്കി മാറ്റുന്നതിനുവേണ്ട പ്രവർത്തനം നമുക്കെല്ലാവർക്കും ചേർന്ന് നടത്താൻ സാധിക്കേണ്ടതുണ്ട്. 'തെളിനീരൊഴുകും നവകേരളം' എന്ന ക്യാമ്പയിനിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുമുൾപ്പെടെ ചേർന്ന് ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവച്ചുകൊണ്ടാണ് ഇത്തവണ കൂടുതൽ മഴ പെയ്തിട്ടും കുട്ടനാടുൾപ്പെടെയുള്ള പല പ്രദേശങ്ങളും വെള്ളപ്പൊക്കമുൾപ്പെടെയുള്ള കാര്യങ്ങളിൽനിന്നും രക്ഷപ്പെട്ടത്. തുടർന്നും നമുക്കത് മുന്നോട്ട് കൊണ്ടുപോകേണ്ടതിന് ജനങ്ങളുടെ പരിപൂർണ്ണമായ പിന്തുണയും കക്ഷിരാഷ്ട്രീയത്തിനതീതമായ യോജിപ്പും രൂപപ്പെടുത്താൻ സാധിക്കേണ്ടതുണ്ട്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്നതാണ് നിയമം. ഖര-ദ്രവ മാലിന്യങ്ങൾ സംസ്കരിക്കണമെന്നത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. കോഴിക്കോട് കോർപ്പറേഷൻ ദ്രവമാലിന്യ സംസ്കരണത്തിനായി 140 കോടി രൂപ ചെലവഴിച്ചാണ് രണ്ട് പ്ലാന്റുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ആവിക്കൽ തോട് പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വലിയ സമരം നടക്കുകയാണ്. മാലിന്യ സംസ്കരണ പ്ലാന്റ് വേണമെന്നും കേരളത്തെ മാലിന്യമുക്തമാക്കണമെന്നും പറയുന്ന യു.ഡി.എഫ്. അവിടെ പോയി സമരത്തിന് പിന്തുണ പ്രഖ്യാപിച്ചിരിക്കുകയാണ്. അവിടത്തെ കക്കൂസ് മാലിന്യങ്ങളും മലിനജലവും സംസ്കരിക്കാനുള്ള ആധുനിക പ്ലാന്റാണ് അവിടെ സ്ഥാപിക്കുന്നത്. അതിനെതിരെയാണ് സമരം ചെയ്യുന്നത്. അവിടെയുള്ള ആളുകളെ ഇക്കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്താതെ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടുപോകുന്നത് ഒരുകാരണവശാലും അനുവദിക്കാൻ കഴിയില്ല. അവിടത്തെ മാലിന്യം അവിടെ സംസ്കരിക്കാൻ പാടില്ല;

മറ്റെവിടെയെങ്കിലും കൊണ്ടുപോകണമെന്നാണ് പറയുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നയമെന്താണ്; എന്ത് നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന ക്യാമ്പയിന് പൊതുവെ നല്ല സ്വീകാര്യതയാണുള്ളത്. കോഴിക്കോട് ആവിക്കൽ തോടുമായി ബന്ധപ്പെട്ട് രണ്ട് പ്ലാന്റിനെ സംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചു. അമൃത് പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഏതാണ്ട് 140 കോടി രൂപ ചെലവഴിച്ച് അവിടെ ആധുനിക സ്വീവേജ് പ്ലാന്റ് നിർമ്മിക്കാനാണ് പ്ലാൻ ചെയ്തിരുന്നത്. പക്ഷെ, അത് അവിടെ പ്രാവർത്തികമാക്കുന്നതിന് തടസ്സങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചു ചേർത്തപ്പോൾ ആ പ്ലാന്റ് വേണമെന്ന് കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവരും ആവശ്യപ്പെടുകയാണുണ്ടായത്. പക്ഷെ, അത് പ്രാവർത്തികമാക്കുന്നതിന് സ്ഥലവാസികളുൾപ്പെടെയുള്ളവർ ചേർന്ന് ശക്തമായ എതിർപ്പ് പ്രകടിപ്പിക്കുകയുണ്ടായി. അതിനെത്തുടർന്ന് പ്രതിപക്ഷനേതാവ്, ഡോ. എം. കെ. മുനീർ ഉൾപ്പെടെയുള്ളവരോട് സംസാരിക്കുകയും അവർക്കെല്ലാം പ്ലാന്റ് വേണമെന്ന അഭിപ്രായം തന്നെയാണുള്ളതെന്ന് മനസ്സിലാക്കുകയും ചെയ്തു. അവിടെയുണ്ടായിട്ടുള്ള തർക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള നിലപാട് വേണം എല്ലാവരും ചേർന്ന് സ്വീകരിക്കേണ്ടത്. അമൃത് പദ്ധതിയുടെ രണ്ടാം ഘട്ടമായപ്പോൾ on-going വർക്ക് എന്ന നിലയിൽ കേന്ദ്ര സർക്കാർ ഇത് അനുവദിച്ച് തന്നിട്ടുണ്ട്; അത് പൂർത്തിയാക്കാനാകണം. യാതൊരു മാലിന്യ പ്രശ്നവും അവിടെയുണ്ടാകില്ല. ശാസ്ത്രീയമായ ആ സ്വീവേജ് പ്ലാന്റ് സ്ഥാപിക്കാൻ എല്ലാവരുടെയും പിന്തുണയുണ്ടാകണം. അത് നടപ്പാക്കണമെന്നതാണ് ഗവൺമെന്റിന്റെ നിലപാട്.

മി. സ്പീക്കർ: ഒരു അടിയന്തരചോദ്യം ഇന്ന് അനുവദിച്ചിട്ടുണ്ട്. അത് 9.55-ന് എടുക്കേണ്ടതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ ഇങ്ങനെയൊരു ചോദ്യം ഉയർന്നുവന്നതുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. ആവിക്കൽ തോടിന്റെ വിഷയം ഞങ്ങൾ ഈ സഭയിൽ കൊണ്ടുവന്നതാണ്. സർക്കാർതന്നെ മുൻകയ്യെടുത്ത് ചർച്ച നടത്തി അവരെ ബോധ്യപ്പെടുത്തണമെന്ന് പറഞ്ഞു. അവിടെ അവരുടെ മാലിന്യമല്ല സംസ്കരിക്കുന്നത്. അവിടെ വെള്ളം കയറുന്ന സ്ഥലം ഫിൽ ചെയ്തിട്ടാണ് ഇത് ചെയ്തിരിക്കുന്നത്. പത്ത് മുന്നൂറ് വീടുകളിൽ ഇപ്പോൾത്തന്നെ വെള്ളം കയറിയിരിക്കുകയാണ്. കോഴിക്കോട് സിറ്റിയിലെ ഏറ്റവും ജനസാന്ദ്രതയുള്ള ഒരു പ്രദേശത്താണ് ഈ പദ്ധതി

കൊണ്ടുവരുന്നത്. ഇത്തരം പദ്ധതികൾ കൊണ്ടുവരുമ്പോൾ ആ പ്രദേശത്തെ ജനങ്ങളെ ബോധ്യപ്പെടുത്തണം. അതിനുപകരം, പോലീസിനെ ഉപയോഗിച്ച് സമരം അടിച്ചമർത്തി പദ്ധതി നടപ്പാക്കാനുള്ള തീരുമാനത്തെയാണ് ഞങ്ങൾ എതിർത്തത്. ഇനിയെങ്കിലും സർക്കാർ ഗൗരവത്തോടുകൂടി അത് ചർച്ച ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, തീർച്ചയായും. ഗവൺമെന്റ് മുൻകയ്യെടുത്ത് എല്ലാവരെയും ഒരിക്കൽക്കൂടി വിളിച്ചുചേർത്ത് ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ നിലപാട് സ്വീകരിക്കാം.

## അടിയന്തരചോദ്യം

### തീവ്രമഴമൂലമുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ

ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2022 ആഗസ്റ്റ് 28 മുതൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അതിതീവ്രമഴയും ഉരുൾപൊട്ടലും ഉണ്ടായതുമൂലം സംഭവിച്ച നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സാഹചര്യത്തിൽ അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഇതുവരെ സ്വീകരിച്ച നടപടികളും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളും വ്യക്തമാക്കാമോ;

(സി) കാലാവസ്ഥ മുന്നറിയിപ്പ് നൽകുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടോ; എങ്കിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ,

(എ) പ്രാഥമികമായ വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്. കേരളത്തിൽ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന മഴ തമിഴ്നാടിനും സമീപപ്രദേശങ്ങൾക്കും മുകളിൽ നിലനിൽക്കുന്ന ചക്രവാത ചുഴിമൂലമുള്ളതാണ്. തമിഴ്നാട് മുതൽ വിദർഭ വരെ ഒരു ന്യൂനമർദ്ദ പാത്തി രൂപപ്പെട്ട് നിൽക്കുന്നുണ്ട്. കേരളം മേഘവിസ്ഫോടനം, ഗസ്റ്റനാടോ എന്നീ പ്രതിഭാസങ്ങളാൽ നിരന്തരം ദുരന്ത സാഹചര്യം നേരിട്ടും വരുന്നു. കേരളത്തിന്റെ കാലാവസ്ഥയിൽ ഗണ്യമായ മാറ്റം പ്രകടമാണ്. 28-8-2022 മുതലുണ്ടായ ശക്തമായ മഴയെത്തുടർന്ന് നിലവിൽ 23 ക്യാമ്പുകളിലായി ഇപ്പോൾ 419 പേർ താമസിക്കുന്നു. മൂന്ന് വീടുകൾ പൂർണ്ണമായും 56 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. 6 മരണങ്ങളുണ്ടായിട്ടുണ്ട്. കാർഷിക നഷ്ടം, വ്യാപാരികൾക്കുണ്ടായിട്ടുള്ള നഷ്ടം എന്നിവ വിലയിരുത്തിവരുന്നു.

കൊച്ചി നഗരത്തിലുണ്ടായ പ്രത്യേക സാഹചര്യം അവിടെ കേന്ദ്രീകരിച്ചുണ്ടായ പ്രവചനാതീത മഴമൂലമാണ്. സാധാരണ ഓടകളും കാനകളും ശരാശരി പത്തുപതിനഞ്ച് വർഷത്തെ ആവർത്തന സാധ്യതയുള്ള മഴ പരിഗണിച്ചാണ് നഗരങ്ങളിൽ നിർമ്മിക്കുന്നത്. എന്നാൽ ഇന്നലെ കൊച്ചി നഗരത്തിൽ പെയ്തത് അതിതീവ്ര മഴയായിരുന്നു. ഇത്തരം മഴയെ ഉൾക്കൊള്ളാൻ സാധാരണ ഓടകൾക്കും കാനകൾക്കും സാധിക്കില്ല. ഇപ്പോൾ കേരളത്തിൽ പല പ്രദേശങ്ങളിലുമുണ്ടാകുന്ന മഴ ഇത്തരത്തിൽ പ്രവചനാതീതമായ അതിതീവ്ര മഴയാണ്. ദേശീയ ദുരന്തനിവാരണ അതോറിറ്റി രാജ്യത്തെ ഇത്തരത്തിലുള്ള 25 പട്ടണങ്ങളിൽ അതത് സംസ്ഥാന, ജില്ലാ അതോറിറ്റികളുടെ സഹായത്തോടെ വെള്ളപ്പൊക്ക സാഹചര്യ പഠനങ്ങൾ നടത്തിയിട്ടുണ്ട്. കേരളത്തിൽ ഈ പഠനം നടന്നത് കൊച്ചിയിലാണ്. ഈ പഠനം പരിഗണിച്ച് നഗരത്തിൽ നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമെന്നത് ഇപ്പോൾ ദേശീയ ദുരന്തനിവാരണ അതോറിറ്റി പരിശോധിച്ചുവരുന്നുണ്ട്. ഇവയെല്ലാം ദീർഘകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതുണ്ട്.

ഇടുക്കി ജില്ലയിൽ വെളുപ്പിന് മൂന്ന് മണിയോടെ കുടയത്തൂർ വില്ലേജിൽ ഉരുൾപൊട്ടി ഒരു കുടുംബത്തിലെ അഞ്ച് പേരെ കാണാതാകുകയും പിന്നീട് എല്ലാവരുടെയും മൃതദേഹങ്ങൾ കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. ചിറ്റടിച്ചാലിൽ സോമൻ, മാതാവ് തങ്കമ്മ, ഭാര്യ ഷിജി, മകൾ ഷിമ സോമൻ, കൊച്ചുമകൻ ദേവാക്ഷിത് എന്നിവർക്കാണ് ജീവഹാനി സംഭവിച്ചത്. കുടുംബത്തിലെ അംഗങ്ങളോട് അനുശോചനം രേഖപ്പെടുത്തുന്നു. പ്രദേശത്തെ പതിമൂന്നോളം കുടുംബങ്ങളെ താത്കാലികമായി മാറ്റിപാർപ്പിച്ചു.

കൊച്ചിയിലാണ് വളരെ പ്രധാനപ്പെട്ട മറ്റൊരു പ്രശ്നമുണ്ടാകുന്നത്. പത്തുപതിനഞ്ച് വർഷക്കാലം ആവർത്തന സാധ്യതയുള്ള മഴ പരിഗണിച്ചാണ് സാധാരണ കാനകൾ ഡിസൈൻ ചെയ്യുക. എന്നാൽ അതിതീവ്ര മഴയാണ് കൊച്ചിയിലുണ്ടായിരുന്നത്. ദേശീയ ദുരന്തനിവാരണ അതോറിറ്റി വെള്ളപ്പൊക്ക പ്രദേശങ്ങളിൽ പഠനം നടത്തിയ 25 പട്ടണങ്ങളിലൊന്നായി കൊച്ചി മാറിക്കഴിഞ്ഞു. ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള നിർദ്ദേശം അവർ തയ്യാറാക്കിവരികയാണ്. അത് കിട്ടുന്നമുറയ്ക്ക് അക്കാര്യങ്ങൾ കൃത്യതയോടുകൂടി വിശകലനം ചെയ്യുന്നതാണ്.

(ബി) 18-5-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുമേധാവികളും ജില്ലാ കളക്ടർമാരും ഉൾപ്പെടെ യോഗം ചേരുകയും മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരുമായി മീറ്റിംഗ് നടത്തി മൺസൂൺ മുന്നൊരുക്കങ്ങൾക്കായി എല്ലാ ജില്ലകൾക്കും ഒരു കോടി രൂപ വീതം അനുവദിച്ചു.

സംസ്ഥാനത്തെ ഡാമുകളിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള റൂൾ കർവ് മോണിറ്ററിംഗ് കമ്മിറ്റി ഇതുവരെ എട്ടോളം യോഗങ്ങൾ ചേർന്ന് നദികളിലെയും അണക്കെട്ടുകളിലെയും പ്രളയ സാധ്യത പരിഗണിച്ച് സസൂക്ഷ്മം ജലനിരപ്പ് ക്രമീകരിച്ചുവരുന്നു. ഈ സൂക്ഷ്മമായ നിയന്ത്രണംമൂലം ഡാമുകളുമായി ബന്ധപ്പെട്ട ദുരന്ത സാഹചര്യങ്ങൾ ഈ മഴക്കാലത്ത് ഇതുവരെ സൃഷ്ടിക്കപ്പെട്ടിട്ടില്ല. ദുരന്ത സാധ്യതാ മേഖലകളിൽ വസിക്കുന്നവരെ കണ്ടെത്തിയിട്ടുണ്ട്. അവരെ അടിയന്തരഘട്ടങ്ങളിൽ മാറ്റി താമസിപ്പിക്കാൻ 3071 ക്യാമ്പുകൾക്കുള്ള കെട്ടിടങ്ങൾ കണ്ടെത്തി സജ്ജീകരിച്ചിട്ടുണ്ട്. ഈ കെട്ടിടങ്ങളിലായി 423080 പേരെ ഉൾക്കൊള്ളാൻ കഴിയുന്ന വിധത്തിൽ ഒരുക്കങ്ങൾ പൂർത്തീകരിച്ചു. അടിയന്തര ഘട്ടങ്ങളിൽ പെട്ടെന്നുള്ള ഇടപെടലുകൾ ഉറപ്പുവരുത്താൻ വില്ലേജ് ഓഫീസർമാർക്ക് 25,000 രൂപ വീതം നൽകിയിട്ടുണ്ട്. ക്യാമ്പുകളിൽ കണ്ടെത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണികൾക്കായി പഞ്ചായത്തിന് 1 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്ക് 2 ലക്ഷം രൂപയും കോർപ്പറേഷനുകൾക്ക് 5 ലക്ഷം രൂപയും വീതം അനുവദിച്ചിട്ടുണ്ട്. കുടയത്തൂരിൽ ഉരുൾപൊട്ടലുണ്ടായ സ്ഥലത്ത് സമയബന്ധിതമായി പ്രതികരണ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു. സംസ്ഥാന ഫയർ & റെസ്ക്യൂ സർവ്വീസ്, സിവിൽ ഡിഫൻസ് എന്നിവരും നാട്ടുകാരും പ്രതികരണ പ്രവർത്തനങ്ങളിൽ അക്ഷീണം ഏർപ്പെട്ടു. റവന്യൂവകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയും നേരിട്ട് ചെന്നതിലൂടെ പ്രസ്തുത സ്ഥലത്ത് വളരെ വേഗത്തിലുള്ള പ്രതികരണ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്. ആവശ്യമായ എല്ലാ ഉപകരണങ്ങളും ഒരു മണിക്കൂറിനുള്ളിൽത്തന്നെ എത്തിച്ചേർന്നു. നേരിട്ട് പ്രതികരണ പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പുവരുത്തുകയും ചെയ്തു. കൊച്ചി നഗരത്തിൽ മനുഷ്യസാധ്യമായ എല്ലാ പ്രതികരണ നടപടികളും സ്വീകരിച്ചു ഇനിയുള്ള ദിവസങ്ങളിലും മഴ തുടരുകയും ചില ദിവസങ്ങളിൽ അതി തീവ്രമാകുകയും ചെയ്യും. ജനങ്ങൾ സുരക്ഷിതരാകാൻ താഴെ കാണുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്.

1. അപകടകരമായ പ്രദേശങ്ങളിൽനിന്നും മഴ കനക്കുന്നതിന് മുമ്പേ മാറിത്താമസിക്കുക;

2. സേഫ്റ്റി കിറ്റ് തയ്യാറാക്കി സൂക്ഷിക്കുക;

3. വ്യാജ വാർത്തകൾ പ്രചരിപ്പിക്കാതിരിക്കുക;

4. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുക.

സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ചുള്ള എല്ലാ സഹായവും ബാധിക്കപ്പെട്ട കുടുംബങ്ങൾക്കും കർഷകർക്കും സമയബന്ധിതമായി അനുവദിക്കുന്നതായിരിക്കും.

18-5-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ വകുപ്പ് മേധാവികളുടെയും കളക്ടർമാരുടെയും യോഗം ചേർന്ന് അന്നുമുതൽ ഇത്തവണയുണ്ടാകാവുന്ന പ്രശ്നങ്ങളുടെ മുന്നൊരുക്ക പ്രവർത്തനങ്ങൾ ശക്തമായി വിലയിരുത്തുകയാണ്. റവന്യൂ വകുപ്പുമന്ത്രിയെന്ന നിലയിൽ എന്റെ നേതൃത്വത്തിലും അത്തരം യോഗങ്ങൾ നടന്നിട്ടുണ്ട്. എല്ലാ ജില്ലകൾക്കും പ്രാഥമികമായി ഇത്തരം സംഭവങ്ങളെ നേരിടാൻ ഒരു കോടി രൂപ വീതം അനുവദിച്ചു. ഇത്തവണ റൂൾ കർവ് കമ്മിറ്റി എട്ട് തവണകളിലായി കൂടിയതിന്റെ അടിസ്ഥാനത്തിൽ ഒരിടത്തും ഡാമുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട പ്രളയത്തിന്റെ ഭാഗമായി ഒരു പ്രശ്നവുമുണ്ടായിട്ടില്ല. അങ്ങനെ വളരെ ശക്തമായി മുന്നോട്ടുപോകാൻ കഴിഞ്ഞു.

കുടയത്തൂരിൽ ഒരു കുടുംബത്തിലെ അഞ്ച് അംഗങ്ങൾ മരിച്ചപ്പോൾ മൂന്ന് മന്ത്രിമാരും അവിടത്തെ എം.പി.-യും ഉൾപ്പെടെ എല്ലാ വകുപ്പുകളെയും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം കാരണം വലിയ ദുരന്തങ്ങളുണ്ടാകാതെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഒരുപരിധിവരെ പ്രവചനാതീത മഴയാണുണ്ടാകുന്നത്. ഇടനാട്, മലനാട്, തീരപ്രദേശം എന്നിങ്ങനെ വളരെ വ്യത്യസ്തമായ ഭൂപ്രകൃതിയുള്ള കേരളത്തിൽ ഓരോ പ്രദേശത്തിനും ആവശ്യമായ പ്രവചന സംവിധാനങ്ങൾ ഒരുക്കേണ്ടിയിരിക്കുന്നു. നിലവിൽ വിവിധ മോഡലുകളെ വിശകലനം ചെയ്തിട്ടാണ് ചില അനുമാനങ്ങളിലെത്തുന്നതും മുന്നറിയിപ്പ് സന്ദേശങ്ങൾ നൽകുന്നതും. പ്രധാനമായും കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ GFS, WRF, NCUM എന്നിവയും അന്താരാഷ്ട്ര തലത്തിൽ ഉപയോഗിക്കപ്പെടുന്ന ICON, GEM, ECMWF, IBM, GRAF, SKYMET, GFS എന്നിവയും നിരീക്ഷിക്കുന്നുണ്ട്. തൽസമയ മഴയുടെ നിരീക്ഷണത്തിനായി കേന്ദ്ര കാലാവസ്ഥ വകുപ്പിനോട് സംസ്ഥാനം ആവശ്യപ്പെട്ട 100 മഴമാപിനികളിൽ 79 എണ്ണം നിലവിൽ പ്രവർത്തനസജ്ജമാണ്. ഇതുകൂടാതെ, SKYMET-ന്റെ മഴമാപിനിയിൽനിന്നും 100 എണ്ണത്തിന്റെ വിവരം ക്രോഡീകരിക്കുന്നുണ്ട്. സ്വതന്ത്ര സംവിധാനങ്ങളായ മീനച്ചിൽ പുഴ സംരക്ഷണ സമിതിയുടെ മഴ മാപിനികളിൽനിന്നും പുഴയിലെ ജലനിരപ്പ് സംവിധാനങ്ങളിൽനിന്നുമുള്ള വിവരങ്ങളും വയനാട്ടിലെ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ഏകോപിപ്പിക്കുന്ന തോട്ടങ്ങളിലെ മഴമാപിനികളിലെ വിവരങ്ങളും വിശകലനം ചെയ്യുന്നുണ്ട്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി

ഈ വിവരങ്ങൾ ജലവിഭവ വകുപ്പിനും നൽകുന്നുണ്ട്. ഓരോ ദുരന്ത സാധ്യതാ പ്രവചനങ്ങളും എത്രയുംവേഗം ഏറ്റവും താഴെത്തട്ടിൽവരെ ലഭ്യമാക്കുന്നതിന് സാമൂഹ്യ മാധ്യമങ്ങളെയും പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളെയും ഉൾപ്പെടുത്തി വിപുലമായ സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ട്. നിരന്തര നിരീക്ഷണത്തിനായി ചുരുങ്ങിയത് 3 ഡോപ്ലർ റഡാറുകൾ ആവശ്യമുണ്ട്. നിലവിൽ കേന്ദ്ര കാലാവസ്ഥ വകുപ്പിന് സ്വന്തമായി റഡാറുള്ളത് കൊച്ചിയിൽ മാത്രമാണ്. തെക്കൻ കേരളം നിരീക്ഷിക്കാൻ VSSC-യുടെ റഡാറാണ് ഉപയോഗിക്കുന്നത്. എന്നാൽ ഇത് മഴക്കാലത്ത് മാത്രമാണ് പ്രയോജനപ്പെടുന്നത്. വടക്കൻ കേരളത്തിൽ ഒരു റഡാർ വേണമെന്ന ആവശ്യം 2013 മുതൽ കേരളം ഉന്നയിച്ചിട്ടുണ്ട്. തിരുവനന്തപുരത്തും വടക്കൻ കേരളത്തിലും കൊച്ചി മാതൃകയിൽ IMD-ക്ക് 2 റഡാറുകൾകൂടിയുണ്ടായാൽ കാലാവസ്ഥ പ്രവചനത്തിൽ വലിയ മാറ്റമുണ്ടാകും. ഇപ്പോഴുണ്ടാകുന്ന അതിസൂക്ഷ്മ മഴ പ്രവചിക്കാൻ X-Bands റഡാറുകൾ സ്ഥാപിക്കുന്ന സംവിധാനമുണ്ടാകണം. ഇത്തരം റഡാറുകൾ പ്രാദേശികമായി സ്ഥാപിക്കുന്നതിനും വേണമെങ്കിൽ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റിസ്ഥാപിക്കാനും സാധിക്കും. ഈ നിലയിൽ കാലാവസ്ഥ പ്രവചനത്തിൽ ഒരു വലിയ മാറ്റം കൊണ്ടുവരാനാണ് സർക്കാർ പ്രവർത്തിക്കുന്നത്.

പ്രവചനാതീത മഴയുടെ ഫലമായി മനുഷ്യനാശം ഗണ്യമായുണ്ടാകുന്ന, ഉരുൾപൊട്ടലിന്റെയും മണ്ണിടിച്ചിലിന്റെയും പശ്ചാത്തലത്തിൽ ഇത്തരം ദുരന്തങ്ങൾ കൂടുതലായി കണ്ടുവരുന്ന ഇടുക്കി, വയനാട് ജില്ലകളിലും കോഴിക്കോട് അതിർത്തിയിലും ഓരോ ഹൈ ആൾട്ടിറ്റ്യൂഡ് റസ്ക്യൂ ഹബ്ബുകൾ സ്ഥാപിക്കുന്നത് സജീവ പരിഗണനയിലാണ്. ഇത്തരം ഹബ്ബുകളിൽ അഗ്നി സുരക്ഷാ വകുപ്പ്, സിവിൽ ഡിഫൻസ്, NDRF എന്നിവയുമായി സഹകരിച്ചുള്ള പ്രവർത്തനവും മലയോര മേഖലയിലെ രക്ഷാ പ്രവർത്തനത്തിന് സവിശേഷമായ ഉപകരണങ്ങളും X Band റഡാറുകളും ഉൾപ്പെടുന്ന സംവിധാനമാണ് ഉദ്ദേശിക്കുന്നത്.

<u>മി. സ്പീക്കർ</u>: ഇത് വളരെ പ്രധാനപ്പെട്ട പ്രശ്നമായതുകൊണ്ട് സമയമായെങ്കിലും ഉപചോദ്യം ചോദിക്കാം.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, അപ്രതീക്ഷിതമായുണ്ടായ മഴയിൽ വലിയ നാശനഷ്ടം സംഭവിച്ചത് വ്യാപാരികൾക്കാണ്. ഓണവിപണിയെ ലക്ഷ്യംവച്ച് ശേഖരിച്ചുവച്ചിരുന്ന സാധനസാമഗ്രികൾ വൻതോതിൽ നഷ്ടമുണ്ടായി. വലിയ നഷ്ടം സംഭവിച്ച ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷയില്ലാത്തതിനാൽ എന്തെങ്കിലും നഷ്ടപരിഹാരം നൽകാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. രാജൻ: സർ, അങ്ങേയ്ക്ക് അറിയാവുന്നതുപോലെ എസ്.ഡി.ആർ.എഫ്. അനുസരിച്ച് ദുരന്ത പ്രതികരണ നിധിയിൽനിന്നും ഇതിനുവേണ്ട ഒരു സംവിധാനവും നമുക്കില്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രീമതി വീണാ ജോർജ്ജും ഇന്ന് സബ്മിഷൻ അവതരിപ്പിക്കുന്ന ശ്രീ. പ്രമോദ് നാരായണും അങ്ങും ഉൾപ്പെടെയുള്ള അംഗങ്ങൾ ഈ പ്രശ്നങ്ങൾ സഭയുടെയും മന്ത്രിമാരുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വ്യവസായ വകുപ്പും ഗവൺമെന്റും ആലോചിച്ച് ഇക്കാര്യങ്ങൾ പരിശോധിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികളുണ്ടാകുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണവും ബോധവത്കരണവും

4(*154) ഡോ. സുജിത് വിജയൻപിള്ള:

ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണവും ബോധവത്കരണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള ഇടപെടലുകൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ രോഗങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' എന്ന പേരിൽ ജീവിതശൈലി രോഗനിയന്ത്രണ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സയ്ക്കായി വരുന്ന 30 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാവരെയും പരിശോധന നടത്തുക, രോഗങ്ങൾ കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, രോഗങ്ങളുടെ മൂർദ്ധന്യാവസ്ഥ നേരത്തെ കണ്ടെത്തി തടയുക, രോഗങ്ങൾ വരാതെ സൂക്ഷിക്കുന്നതിന് ആരോഗ്യ ബോധവൽക്കരണം നടത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. പദ്ധതിയുടെ എല്ലാ വശങ്ങളെയും കുറിച്ചുള്ള വിശദമായ അവലോകനവും ആവശ്യമായ ഇടപെടലുകളും ജില്ലാതലത്തിലും

സംസ്ഥാനതലത്തിലും കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു. നവകേരളം കർമ്മപദ്ധതി 2-ന്റെ ഭാഗമായി "അൽപ്പം ശ്രദ്ധ, ആരോഗ്യം ഉറപ്പ്" ക്യാമ്പയിന്റെ ഭാഗമായി 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങൾക്കും ജീവിതശൈലി രോഗങ്ങൾ സംബന്ധിച്ച വാർഷിക പരിശോധന നടത്തുന്നതിന് പദ്ധതി നടപ്പിലാക്കുന്നുണ്ട്. തെരഞ്ഞെടുത്ത 140 പഞ്ചായത്തുകളിൽ ആശാവർക്കർമാരുടെ സഹകരണത്തോടുകൂടിയാണ് വിവരശേഖരണം നടത്തുന്നത്.

ജീവിതശൈലി രോഗങ്ങൾക്കുള്ള ചികിത്സയും പ്രതിരോധ നടപടികളും ശക്തിപ്പെടുത്താനായി, പ്രത്യേക പരിശോധന പദ്ധതികളും ചികിത്സാരീതികളും കേരള സർക്കാർ പ്രത്യേക പദ്ധതികൾ മുഖേനകേരള സംസ്ഥാന ആരോഗ്യ വകുപ്പും കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും ഒത്തുചേർന്ന് വിവിധ ആരോഗ്യ കേന്ദ്രങ്ങൾ മുഖേനയും സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ മുഖേനയും OP-IP സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്നിവിടങ്ങളിൽ ജീവിതശൈലി രോഗനിർണ്ണയത്തിനും അതിന്റെ തുടർചികിത്സയ്ക്കുമായുള്ള എൻ.സി.ഡി ക്ലിനിക്കുകൾ എല്ലാ ആഴ്ചയിലും മുടങ്ങാതെ നടന്നുവരുന്നു. ജീവിതശൈലി രോഗങ്ങൾ മുഖേനയുണ്ടാകുന്ന സങ്കീർണ്ണതകളെ വേഗത്തിൽ കണ്ടെത്താനായി ഈ ക്ലിനിക്കുകളിൽനിന്ന് രോഗികളെ മെഡിക്കൽ കോളേജുകളിലേയ്ക്ക് റഫർ ചെയ്യുകയും തുടർചികിത്സ ഉറപ്പാക്കുകയും ചെയ്തുവരുന്നു. ജീവിതശൈലി രോഗബാധിതരായി മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടിവരുന്ന എല്ലാ രോഗികൾക്കും അവരുടെ രോഗത്തിന്റെ തരവും തീവ്രതയുമനുസരിച്ച് ഉചിതമായ ഐ.പി, ഐ.സി.യു, വെന്റിലേറ്റർ കെയർ എന്നിവ ഉൾപ്പെടെ നൽകിവരുന്നു. ജീവിതശൈലി രോഗങ്ങൾക്ക് ഒ.പി.-യിൽ ചികിത്സ തേടുന്നവർക്ക് രോഗ നിയന്ത്രണത്തിനാവശ്യമായ ചികിത്സയും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചുള്ള അവബോധവും നൽകിവരുന്നു. മെഡിക്കൽ കോളേജുകളിൽ ജീവിതശൈലി രോഗ ചികിത്സയ്ക്കുവേണ്ട എല്ലാ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഒ.പി, ഐ.പി. ക്ലിനിക്കുവഴി രോഗം കണ്ടുപിടിക്കൽ, ചികിത്സ ലഭ്യമാക്കൽ ICU, Ventilator Care, Specialist care എന്നിവ വേണ്ടവർക്ക് അത്തരം ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. ഒ.പി.-യിൽ വരുന്നവരിൽ ജീവിതശൈലി രോഗബാധയേൽക്കാൻ സാധ്യത കൂടിയവരെ കണ്ടെത്തുകയും വേണ്ട ബോധവൽക്കരണം, സ്ക്രീനിംഗ്, Prevention എന്നിവ നടത്തിവരികയും Patient care സംവിധാനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ജീവിതശൈലി രോഗനിയന്ത്രണവും ബോധവൽക്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾവഴി നടത്തുകയും അത് ജില്ല മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ വിശകലനം നടത്തിവരികയും ചെയ്യുന്നു.

(ബി) എങ്കിൽ ഇതിന്റെ ഭാഗമായി നടന്നുവരുന്ന 'അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന ക്യാമ്പയിന്റെ ഭാഗമായി മുപ്പത് വയസ്സിന് മുകളിലുള്ളവരിൽ കണ്ടുവരുന്ന ജീവിതശൈലി രോഗങ്ങൾ നിർണ്ണയിക്കുന്നതിനായി സർവ്വേ നടത്തുന്നതിന് തീരുമാനിച്ചിരുന്നോ; വിശദമാക്കുമോ?

നവകേരള കർമ്മപദ്ധതി-2 ന്റെ ഭാഗമായി 'അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' ക്യാമ്പയിന്റെ ഭാഗമായി 30 വയസിനുമുകളിൽ പ്രായമുള്ള എല്ലാ ജനങ്ങൾക്കും വാർഷിക ആരോഗ്യ പരിശോധന നടത്തുന്നതിന് പദ്ധതി ആരംഭിച്ചു. ഇതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 140 പഞ്ചായത്തുകളിൽ ആശമാരുടെ സഹകരണത്തോടുകൂടി 30 വയസിന് മുകളിലുള്ളവരുടെ ജീവിതശൈലി രോഗങ്ങളെക്കുറിച്ചും അതിലേയ്ക്ക് നയിക്കുന്ന ഹേതുക്കളെക്കുറിച്ചും ഒരു സമഗ്ര സർവ്വേ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മൊബൈൽ ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വഴി ശേഖരിക്കുന്ന ഈ ഡാറ്റയുടെ അടിസ്ഥാനത്തിൽ രോഗം വരാൻ സാധ്യതയുള്ളവരെ കണ്ടെത്തി തൊട്ടടുത്ത ആരോഗ്യസ്ഥാപനങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിലൂടെ പ്രമേഹം, രക്താതിമർദ്ദം, ബി.എം.ഐ, കാൻസറുകൾ എന്നിവ കണ്ടെത്തുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. ക്യാമ്പയിൻ ആരംഭിച്ച് ഒരുമാസത്തിനകം 10 ലക്ഷം പേരുടെ സ്ക്രീനിംഗ് നടത്തുന്നതിന് ഈ പദ്ധതിയിലൂടെ സാധ്യമായിട്ടുണ്ട്.

(സി) പ്രസ്തുത സർവ്വേ പൂർത്തിയായിട്ടുണ്ടോ; സർവ്വേ പൂർത്തിയായിട്ടുള്ള പ്രദേശങ്ങളിലെ ഫലങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

സർവ്വേ ആരംഭിച്ച് ഒരു മാസം പിന്നിടുമ്പോൾ 140 പഞ്ചായത്തുകളിലായി 29% ജനങ്ങളെ സ്ക്രീനിംഗിന് വിധേയമാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിൽ വയനാട് ജില്ലയിൽ 95% പേരെയും ആലപ്പുഴ ജില്ലയിൽ 80% പേരെയും മലപ്പുറം ജില്ലയിൽ 40% പേരെയും സ്ക്രീൻ ചെയ്തിട്ടുണ്ട്. 20 ശതമാനത്തോളം പേർ റിസ്ക് ഫാക്ടർ ഗ്രൂപ്പിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ 6.3% സ്ത്രീകളെ സ്തനാർബുദം കണ്ടെത്തുന്നതിനായും 1.1% പേരെ ഗർഭാശയഗളാർബുദം കണ്ടെത്തുന്നതിനായും 0.4% പേരെ വദനാർബുദം കണ്ടെത്തുന്നതിനുമായുള്ള സ്ക്രീനിംഗിനായി റഫർ ചെയ്തിട്ടുണ്ട്. 11% പേർക്ക് രക്താതിമർദ്ദവും 9% പേർക്ക് പ്രമേഹവും 4% പേർക്ക് ഇവ രണ്ടുംകൂടിയും സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്.

## സൈബർ സുരക്ഷയ്ക്കായുള്ള നടപടി

5(*155) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളും കുട്ടികളും സൈബർ ചതിക്കുഴികളിൽ അധികമായി അകപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഗൗരവം കണക്കിലെടുത്ത് ഇവ തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് അറിയിക്കാമോ; കുട്ടികളിൽ സൈബർ സുരക്ഷ ബോധവത്കരണം നടത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

സ്ത്രീകളും കുട്ടികളും പല വിധത്തിലുള്ള സൈബർ ചതിക്കുഴികളിൽ അകപെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി സൈബർ ലോകത്ത് കുട്ടികളെയും സ്ത്രീകളെയും ചൂഷണം ചെയ്യാൻ സാധ്യതയുള്ളയിടങ്ങളിൽ സൈബർ പട്രോളിംഗ് നടത്തി കുറ്റവാളികളെ കണ്ടെത്തുന്നതിനും അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനുമുള്ള ശക്തമായ പ്രവർത്തനങ്ങളാണ് പോലീസ് തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോട്ടും സൈബർ ഡോമുകളുടെ നേതൃത്വത്തിൽ നടത്തിവരുന്നത്.

ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെയുള്ള നടപടികൾക്കായി കണ്ണൂർ റൂറൽ ജില്ല ഒഴികെയുള്ള 19 പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ റൂറൽ ജില്ലയിൽക്കൂടി പുതിയ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ കാണുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവർക്കെതിരെയുള്ള പരിശോധന നടത്തുന്നതിന് പോലീസ് ഓപ്പറേഷൻ പി-ഹണ്ട് എന്ന പേരിലുള്ള വ്യാപകമായ പരിശോധനയാണ് നടത്തിവരുന്നത്.

ഡാർക്ക് വെബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനുമായി സംസ്ഥാന പോലീസ് Granpel 1.0 എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

ഡാർക്ക് വെബിലൂടെ നടക്കുന്ന ലൈംഗിക വ്യാപാരം, മയക്കുമരുന്ന് കച്ചവടം, ആയുധ വ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ എന്നിവ ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കണ്ടെത്താൻ കഴിയും.

കൂടുതൽ സവിശേഷതകൾ ഉൾപ്പെടുത്തിയുള്ള Granpel 2.0- സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കുട്ടികൾക്ക് ചതിക്കുഴികളെക്കുറിച്ച് അറിവ് നൽകുന്നതിനും സുരക്ഷിതമായ ഓൺലൈൻ വിനിയോഗം ഉറപ്പുവരുത്തുന്നതിനുമായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1) 'ചിരി ഹെൽപ് ലൈൻ' (9497900200): ഈ നമ്പരിലേയ്ക്കുവരുന്ന ഫോൺ കോളുകൾ കൗൺസിലർമാർക്കും സൈക്കോളജിസ്റ്റുകൾക്കും അയച്ചുകൊടുത്ത് അവരുടെ സേവനം കുടുംബത്തിന് ലഭ്യമാക്കുന്നു.

2) Internet addiction, Game addiction തുടങ്ങിയവ സംബന്ധിച്ച് ബോധവൽക്കരണം, സ്റ്റേഷൻ അടിസ്ഥാനത്തിലും ജില്ല Children & Police (CAP) കോ-ഓർഡിനേഷൻ സെന്ററുകൾ മുഖാന്തരവും നടത്തിവരുന്നു.

3) സൈബർ ഡോമിന്റെ നേതൃത്വത്തിൽ ദേശീയ-അന്തർദേശീയ തലത്തിൽ പ്രവർത്തിക്കുന്ന സംഘടനകളുമായി ചേർന്ന് കിഡ് ഗ്ലോവ്, കൂട്ട് എന്നീ പദ്ധതികൾ സ്കൂൾതലത്തിൽ നടപ്പാക്കിവരുന്നു. ഇതിനു പുറമെ, സൈബർ സെക്യൂരിറ്റി ക്ലബ്ബുകൾ രൂപീകരിച്ച് ഓൺലൈൻ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള അവബോധം നൽകുന്നു.

4) വിദഗ്ധരുടെ ഒരു ടീമിനെ ഉപയോഗപ്പെടുത്തി D-SAFE (Digital Safety) എന്ന പുസ്തകം സോഷ്യൽ പോലീസിംഗ് ഡയറക്ടറേറ്റ് തയ്യാറാക്കി രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സഹായത്തോടെ ഇത് 50000 പേരിലേയ്ക്ക് വ്യാപിപ്പിക്കും.

5) വനിത-ശിശു വികസനവകുപ്പ് കുട്ടികളിലെ പഠന-മാനസികാരോഗ്യ വെല്ലുവിളികൾ പരിഹരിക്കുന്നതിനും ജീവിത നൈപുണികൾ വികസിപ്പിക്കുന്നതിനുമായി Our Responsibility to Children (ORC) നടപ്പാക്കിവരുന്നു. ഇതിനായി ജില്ലാതലത്തിൽ റിസോഴ്സ് സെന്ററുകളും പ്രവർത്തിക്കുന്നു.

6) സ്കൂളുകളിൽ അധ്യാപക-രക്ഷകർത്തൃസമിതി ഈ രംഗത്ത് പ്രത്യേക കരുതലോടെ പ്രവർത്തിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) സൈബർ പട്രോളിംഗ് യാഥാർത്ഥ്യമാക്കുന്നതിനും സൈബർ സുരക്ഷയും സൈബർ കുറ്റകൃത്യങ്ങളും സംബന്ധിച്ച മേഖലകളിലെ ഗവേഷണത്തിനും സൈബർ രംഗത്തെ സാങ്കേതികവിദ്യ വികസനത്തിനും സൈബർ ഇൻവെസ്റ്റിഗേഷൻ ആൻഡ് റിസർച്ച് ഡിവിഷൻ സ്ഥാപിക്കാൻ തീരുമാനമാനിച്ചിട്ടുണ്ടോ?

സൈബർ ഇൻവെസ്റ്റിഗേഷൻ ആന്റ് റിസർച്ച് ഡിവിഷൻ (CIRD), സൈബർ ഓപ്പറേഷൻസ് വിംഗ് (COW) എന്നിവ രൂപീകരിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഓൺലൈൻ റമ്മി ഉൾപ്പെടെയുള്ള ഗെയിമുകൾ കുട്ടികളെ പഠനത്തിൽ പിന്നാക്കം കൊണ്ടുപോകുന്നതും ആത്മഹത്യയിലേയ്ക്ക് നയിക്കുന്നതുമായ സംഭവങ്ങൾ ആവർത്തിക്കുന്നതിനാൽ ഓൺലൈൻ ഗെയിമുകൾക്ക് തടയിടാൻ നടപടിയെടുക്കുമോ; വിശദമാക്കുമോ?

റമ്മി പോലുള്ള ചൂതാട്ട കളികളിൽ കുട്ടികൾ ഉൾപ്പെടെയുള്ള ധാരാളം പേർ അടിമകളാകുന്ന സാഹചര്യം കണക്കിലെടുത്ത് ഓൺലൈൻ റമ്മി നിരോധിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 27-9-2021-ലെ ഉത്തരവ് പ്രകാരം ഓൺലൈൻ റമ്മി നിയമവിധേയമാക്കുകയും തുടർന്ന് സർക്കാർ വിജ്ഞാപനം റദ്ദാക്കുകയും ചെയ്തു.

ഹൈക്കോടതിയുടെ അന്തിമവിധിക്ക് വിധേയമായി റമ്മി ഉൾപ്പെടെയുള്ള ഓൺലൈൻ ഗെയിമുകൾ ശക്തമായി നിയന്ത്രിക്കുന്നതിനുള്ള, പഴുതടച്ചതും ഫലപ്രദവുമായ നിയമഭേദഗതി സർക്കാരിന്റെ പരിശോധനയിലാണ്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി**

6(*156) ഡോ. കെ. ടി. ജലീൽ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വികസന പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിലുള്ള സമീപനരേഖയെ ആസ്പദമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണം പൂർത്തിയായിട്ടുണ്ടോ?

2022 ആഗസ്റ്റ് 25 വരെയുള്ള കണക്കുപ്രകാരം പുറമറ്റം ഗ്രാമപഞ്ചായത്തും മട്ടന്നൂർ മുനിസിപ്പാലിറ്റിയും ഒഴികെയുള്ള സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2022-23 വാർഷിക പദ്ധതി രൂപീകരണം പൂർത്തിയാക്കി ജില്ല ആസൂത്രണ സമിതികൾക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ അധികാര വിപുലീകരണത്തോടൊപ്പം കൂടുതൽ വികസന ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഓരോ പഞ്ചായത്തിലും ഇരുപത് സംരംഭങ്ങൾ വീതമെങ്കിലും ആരംഭിക്കുന്നതിന് വേണ്ട ഇടപെടൽ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് വിഹിതം സംസ്ഥാന പദ്ധതി അടങ്കലിന്റെ 26 ശതമാനമായിരുന്നതിൽ നിന്ന് നടപ്പ് സാമ്പത്തിക വർഷം 26.5 ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് പ്രകാരം സംസ്ഥാനത്തെ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് 2021-22 സാമ്പത്തികവർഷത്തിൽ 7180 കോടി രൂപ വികസന ഫണ്ടിനത്തിൽ അനുവദിച്ചത്, 2022-23 വർഷത്തിൽ 8048 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ട് സംസ്ഥാന പദ്ധതി അടങ്കലിന്റെ 30 ശതമാനമാകുന്നതുവരെ തുടർന്നുള്ള ഓരോവർഷവും 0.5% വീതം വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

2022-23 സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിൽ ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെ ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ബൃഹത്തായ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആയിരം പേരിൽ അഞ്ച് പേർക്ക് തൊഴിൽ നൽകുന്നതിനുള്ള പ്രത്യേക പദ്ധതി പ്രാദേശിക സാമ്പത്തിക വികസനമെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ചിട്ടുണ്ട്. കുടുംബശ്രീ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 15000 സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഓരോ പഞ്ചായത്തിലും ഇരുപത് വീതം സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും K-DISC, കുടുംബശ്രീ എന്നിവയുമായി ചേർന്ന് 20 ലക്ഷം പേർക്ക് തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. വ്യവസായ വകുപ്പുമായി ചേർന്ന് 'ONE LOCAL BODY - ONE PRODUCT' എന്ന പദ്ധതി കൂടി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും സംരംഭകർക്ക് നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇതിനായി നിയമിച്ചിട്ടുള്ള ഇന്റേണുകളുടെ ചുമതലകൾ നിശ്ചയിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) പുതുതായി ഇരുപത്തയ്യായിരത്തോളം എഞ്ചിനീയർമാർക്ക് തൊഴിൽ നൽകിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികളുടെ കാര്യക്ഷമതയും ഗുണനിലവാരവും ഉറപ്പുവരുത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കപ്പെടുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ നിർവ്വഹണ പ്രവൃത്തികളിലും സർട്ടിഫൈഡ് കൺസ്ട്രക്ഷൻ പ്രൊഫഷണൽസ് എന്ന നാമധേയത്തിൽ, രജിസ്ട്രേഷൻ ലഭിക്കുന്ന സാങ്കേതികവിദ്യ അഭ്യസിച്ചിട്ടുള്ള

വ്യക്തികൾക്ക് കരാറിലൂടെതന്നെ വേതനം ഉറപ്പുവരുത്തി തൊഴിൽ നൽകാൻ തത്വത്തിൽ തീരുമാനമെടുക്കുകയും ആയതിനുവേണ്ടി വകുപ്പിന്റെ പൊതുമരാമത്ത് നിർവ്വഹണ ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. പതിനായിരത്തിനും ഇരുപത്തയ്യായിരത്തിനുമിടയിൽ യുവ എഞ്ചിനീയർമാർക്ക് ഇതുവഴി അവസരം ലഭിക്കും.

**മെഡിക്കൽ കോളേജുകളിലെ സേവന ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി**

7(*157) ശ്രീ. വി. ശശി:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും സേവന ഗുണനിലവാരം മെച്ചപ്പെടുത്തൽ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലെയും സേവന ഗുണനിലവാരം മെച്ചപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പൈലറ്റ് പ്രൊജക്ട് എന്ന നിലയിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ഈ പദ്ധതികൾ മറ്റു സർക്കാർ മെഡിക്കൽ കോളേജുകളിലേയ്ക്കും വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) മെഡിക്കൽ കോളേജുകളിലെ അത്യാഹിത ചികിത്സാ സംവിധാനങ്ങൾ കുറ്റമറ്റതാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ മികച്ച ചികിത്സ സംവിധാനങ്ങളാണ് അത്യാഹിത വിഭാഗത്തിൽ നൽകിവരുന്നത്. എങ്കിലും കൂടുതൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം അത്യാഹിത വിഭാഗത്തിൽ ലഭ്യമാക്കുകയും ഒപ്പം പരമാവധി വേഗത്തിൽ രോഗികൾക്ക് ചികിത്സ കിട്ടുന്നതിനും രോഗീസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ ട്രോമകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

തിരുവനന്തപുരം, കോട്ടയം സർക്കാർ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ സംവിധാനം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ട് .

ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ എമർജൻസി മെഡിക്കൽ സർവ്വീസ് (കാഷ്വാലിറ്റി) നിലവിലുണ്ട്. പുതിയ ബ്ലോക്കിലേക്ക് മാറുമ്പോൾ ട്രോമാകെയർ സംവിധാനം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ, നിലവിൽ ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം നിലവിലുണ്ട്.

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ കാഷ്വാലിറ്റിയിൽ എത്തുന്ന ട്രോമ കേസുകൾക്ക് ആവശ്യമായ ചികിത്സ എമർജൻസി മെഡിസിൻ ഡിപ്പാർട്ടുമെന്റ് നൽകിവരുന്നുണ്ട്.

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ കാഷ്വാലിറ്റി വഴിയുള്ള ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 26-6-2022 -ലെ സ.ഉ(സാധാ)നമ്പർ 1519/2022/ആ.കു.വ. ഉത്തരവ് പ്രകാരം മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന് 20 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ ട്രോമാകെയർ സംവിധാനം ഒരുക്കുന്നതിനായി 8 കോടി രൂപയുടെ അനുമതി നൽകുകയും പ്രസ്തുത തുക PWD Building Division-ലേയ്ക്ക് നിക്ഷേപിക്കുകയും ചെയ്തിട്ടുള്ളതാണ്. ട്രോമാകെയർ സംവിധാനത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ Revised Architectural Drawing-നുവേണ്ടി PWD-യുടെ Architectural wing-ൽ Project plan സമർപ്പിച്ചിട്ടുണ്ട്.

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിൽ നിലവിൽ ട്രോമാകെയർ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ നടന്നുവരുന്ന ട്രയാജ് & ട്രോമാകെയർ കെട്ടിടത്തിന്റെ പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ ട്രോമാകെയർ വിപുലമായ രീതിയിൽ പ്രവർത്തിക്കാൻ കഴിയുന്നതാണ്.

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ കേന്ദ്ര സഹായത്തോടുകൂടിയുള്ള 3.62 കോടി രൂപ ചെലവിൽ നിർമ്മിച്ച സെൻട്രൽ ട്രോമാകെയർ യൂണിറ്റ് നിലവിലുള്ള മെഡിക്കൽകോളേജ് ആശുപത്രിക്കുള്ളിൽതന്നെ പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ട്രയാജ്, ഐ.സി.യു, ഓപ്പറേഷൻ തിയേറ്റർ എന്നിവ പ്രവർത്തിച്ചുവരുന്നു. ട്രോമാകെയർ യൂണിറ്റിന്റെ പ്രയോജനം രോഗികൾക്ക് ലഭിച്ചുവരുന്നു. സംസ്ഥാന സർക്കാർ പുതിയ ട്രോമാകെയർ ബ്ലോക്കിനായി 29,47,27,454 രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിലാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. അഞ്ച് നിലകളിലായി നിർമ്മാണം പൂർത്തീകരിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുകയും നിലവിൽ മൂന്ന് നിലകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയുമാണ്.

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ കിഫ്ബിയിലുൾപ്പെടുത്തി പുതിയ എമർജൻസി ട്രോമാകെയർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മെഡിക്കൽ കോളേജുകളിലെ രോഗികൾക്ക് വേഗത്തിൽ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് അത്യാഹിത വിഭാഗത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനമൊരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിവരുന്നുണ്ട്. മറ്റ് മെഡിക്കൽ കോളേജുകളിൽ സൂപ്പർസ്പെഷ്യാലിറ്റി സേവനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

**സംസ്ഥാന സിവിൽ സർവ്വീസ് കാര്യക്ഷമമാക്കാൻ നടപടി**

8(*158) ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. എച്ച്. സലാം:

ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എസ്.സി. മുഖേനയുള്ള നിയമനം കാര്യക്ഷമമായി നടക്കുന്നുണ്ടോ; ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പുതുതായി എത്രപേരെ നിയമിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ?

പി.എസ്.സി. മുഖേനയുള്ള നിയമനം കാര്യക്ഷമമായി നടക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജൂൺ 2022 വരെ വിവിധ വകുപ്പുകളിലേയ്ക്കായി 25,689 (ഇരുപത്തയ്യായിരത്തി അറുന്നൂറ്റി എൺപത്തിയൊൻപത്) നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. പി.എസ്.സി. മുഖേനയുള്ള നിയമനം കാര്യക്ഷമമായി നടത്തുന്നതിന് താഴെപ്പറയും പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) പി.എസ്.സി. മുഖേനയുള്ള നിയമനം കൂടുതൽ വേഗത്തിലും, സുതാര്യമാക്കുന്നതിനുമായി ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിവരുന്നു.

2) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് പട്ടിക തയ്യാറാക്കുന്നത് വരെ മുഴുവൻ സംവിധാനങ്ങളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

3) ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ സംവിധാനത്തിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന അപേക്ഷകൾ കുറ്റമറ്റ രീതിയിൽ സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4) ഒഴിവുകൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നതിനായി ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5) പരീക്ഷകൾ ഓൺലൈനായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6) നിയമന ശിപാർശ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു.

7) റിക്രൂട്ട്മെന്റ് നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിലേക്കായി എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി എന്നിവ അടിസ്ഥാന യോഗ്യതകളായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് എസ്.എസ്. എൽ.സി. ലെവൽ, പ്ലസ് ടു ലെവൽ, ഡിഗ്രി ലെവൽ എന്നിങ്ങനെ പൊതു പ്രാഥമിക പരീക്ഷകൾ നടത്തിയതിനുശേഷം ഫൈനൽ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഫയലുകളിൽ തീരുമാനമെടുക്കാനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് സെക്രട്ടേറിയറ്റിലെ ഫയൽ നീക്കത്തിന്റെ തട്ടുകൾ കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഫയലുകളിൽ തീരുമാനമെടുക്കുന്നത് വൈകിപ്പിക്കുന്നതിനായി അനാവശ്യമായി കൂടുതൽ അന്വേഷണത്തിന് കുറിക്കുന്ന രീതി (ക്വറി) അവസാനിപ്പിക്കുന്നതിനും ഓരോ തട്ടിലും ഫയലുകൾ കൈവശം വയ്ക്കാവുന്ന ദിവസങ്ങൾ പരിമിതപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) ഉണ്ട്. ഫയൽ നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിനായി ഫയൽ നീക്കത്തിലെ തട്ടുകൾ നിജപ്പെടുത്തിക്കൊണ്ട് 28-4-2022-ൽ സ.ഉ.(കൈ)നമ്പർ 4/2022/ഉ.ഭ.പ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം വേഗത്തിലാക്കുന്നത് സംബന്ധിച്ച് വിശദമായ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസറിൽനിന്നും സെക്രട്ടറി/മന്ത്രിതലം വരെയുള്ള ഫയൽ നീക്കത്തിനുള്ള സമയപരിധി പത്ത് ദിവസമാക്കി നിശ്ചയിച്ചുകൊണ്ടും ധനകാര്യം, നിയമം, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം, ആസൂത്രണം എന്നീ വകുപ്പുകളിൽനിന്നും വിവിധ ഭരണവകുപ്പുകൾ ആരായുന്ന ഉപദേശം രണ്ടാഴ്ച സമയപരിധിക്കുള്ളിൽ നൽകുവാനും നിർദ്ദേശം നൽകിക്കൊണ്ടുള്ള ഉത്തരവ് നിലവിലുണ്ട്.

**ഗുണ്ട ആക്രമണങ്ങൾ തടയാൻ നടപടി**

9(*159) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ട, സ്വർണ്ണക്കടത്ത് സംഘങ്ങൾ നടത്തുന്ന കൊലപാതകങ്ങളും ഗുണ്ടാപ്രവർത്തനങ്ങളും വർദ്ധിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പകൽ സമയത്തുപോലും വീടിനുള്ളിൽ കയറി കൊലനടത്തുന്നതും നിസ്സാര തർക്കങ്ങൾ കൊലപാതകത്തിലേയ്ക്ക് നയിക്കുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കേരള സമൂഹത്തിൽ വന്നിട്ടുള്ള മാറ്റത്തിന്റെ സൂചനയായി കാണാവുന്നതാണോ?

മോഷണശ്രമത്തിന്റെയും മറ്റും ഭാഗമായുണ്ടായ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സംഭവങ്ങളിൽ ശാസ്ത്രീയമായും കാര്യക്ഷമമായും കേസന്വേഷണം നടത്തി കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുള്ള അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ള പ്രതികളെ അതിവേഗം കണ്ടെത്തി ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇത്തരം സംഭവങ്ങൾ വളരെ ഗൗരവമായി കണ്ട് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിഥി തൊഴിലാളികളുടെയിടയിൽ കുറ്റവാളികളായവർ നുഴഞ്ഞുകയറുന്നുണ്ടോയെന്ന് രഹസ്യ നിരീക്ഷണം നടത്തുന്നതടക്കം ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അതിഥി തൊഴിലാളികളുടെ വിവരശേഖരണത്തിനായി ഇ-രേഖ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു.

(സി) സമൂഹത്തിൽ കൂടിവരുന്ന ലഹരി ഉപയോഗം ഇത്തരം കൊലപാതകങ്ങളിലേക്ക് നയിക്കുന്നുവെന്നത് വസ്തുതയാണോ; വിശദമാക്കാമോ?

ലഹരി ഉപയോഗിച്ച് കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന ചില സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലഹരി കടത്തും വ്യാപനവും തടയുന്നതിന് കർശന നിരീക്ഷണം നടത്തുന്നതടക്കമുള്ള നിയമനടപടികൾ സ്വീകരിക്കുന്നതിന് പോലീസ്, എക്സൈസ് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പോലീസ് DANSAF, സ്പെഷ്യൽ ബ്രാഞ്ച്, എക്സൈസ് ഇന്റലിജൻസ് & ഇൻവെസ്റ്റിഗേഷൻ ബ്യൂറോ എന്നിവ മുഖേന രഹസ്യ വിവരങ്ങൾ ശേഖരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഉപഭോക്തൃകാര്യ വകുപ്പിന്റെ പുതിയ പദ്ധതികൾ

10(*160) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പുതിയ പദ്ധതികളും പരിഷ്കാരങ്ങളും വിശദമാക്കാമോ?

ഉപഭോക്തൃകാര്യ വകുപ്പ് ശക്തിപ്പെടുത്തുന്നതിനായി പൊതുവിതരണ വകുപ്പിന്റെ പേര് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പെന്നും പൊതുവിതരണ ഡയറക്ടർ, പൊതുവിതരണ കമ്മീഷണർ എന്നീ തസ്തികകൾ സംയോജിപ്പിച്ച് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ എന്നും പുനർനാമകരണം

ചെയ്തിട്ടുണ്ട്. സംസ്ഥാന-ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ പരാതികൾ ഓൺലൈനായി ഫയൽ ചെയ്യുന്നതിന് എൻ.ഐ.സി. രൂപകല്പന ചെയ്തിട്ടുള്ള ഇ-ഡാക്കിൽ ഓൺലൈൻ ഫയലിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ മീഡിയേഷൻ കേന്ദ്രങ്ങളും സംസ്ഥാന-ജില്ല കമ്മീഷനുകളിൽ സൗജന്യ നിയമസഹായ കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിൽ ഇൻഫർമേഷൻ കിയോസ്കുകളും സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ ഓൺലൈൻ കേസ് ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംവിധാനം ഉണഭോക്താക്കൾക്ക് എത്രത്തോളം പ്രയോജനപ്രദമാണെന്ന് വിശദമാക്കാമോ?

ഉണ്ട്. ഇ-ഡാക്കിൽ സംവിധാനം നടപ്പാക്കിയതിന്റെ ഫലമായി ഉപഭോക്താക്കൾക്ക് നേരിട്ട് ഹാജരാകാതെതന്നെ പരാതികൾ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്. കേസിന്റെ വിചാരണ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്. മുഖാന്തരം പരാതിക്കാരനെ അറിയിക്കുന്നതിനാൽ എവിടെ നിന്നും പരാതിക്കാരന് പരാതി പരിഹാരത്തിനായി ബന്ധപ്പെട്ട കമ്മീഷനെ സമീപിക്കാവുന്നതാണ്.

(സി) ഉപഭോക്തൃ അവകാശ സംരക്ഷണത്തിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നിയമ സഹായകേന്ദ്രങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഉപഭോക്താക്കൾക്ക് സൗജന്യ നിയമസഹായം നൽകുന്നതുവഴി കേസുകൾ സുഗമമായി രജിസ്റ്റർ ചെയ്യുന്നതിനും വേഗത്തിൽ തീർപ്പാക്കുന്നതിനും കഴിയുന്നുണ്ട്. ആയതിലേയ്ക്ക് അഭിഭാഷകർക്കുള്ള പ്രതിഫലം 3000 (മൂവായിരം) രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഉപഭോക്തൃ പരാതികൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനായി രൂപീകരിച്ച മീഡിയേഷൻ സെല്ലുകളുടെ ഘടന, പ്രവർത്തന പുരോഗതി, അപ്പീൽ വ്യവസ്ഥ എന്നിവ വിശദമാക്കാമോ?

മീഡിയേഷൻ സെല്ലുകളുടെ തലവൻ അതത് കമ്മീഷൻ പ്രസിഡന്റുമാരാണ്. മീഡിയേറ്റർമാരുടെ ഒരു പാനൽ, ഒരു സീനിയർ ക്ലാർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നിവർ ഉൾപ്പെടുന്നതാണ് മീഡിയേഷൻ സെല്ലുകൾ. തൃശ്ശൂർ,

പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ മീഡിയേഷൻ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ മീഡിയേഷൻ സെല്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മീഡിയേഷൻ സെൽ ഒരു മദ്ധ്യസ്ഥ ശ്രമം മാത്രമാകയാൽ മീഡിയേഷൻ റിപ്പോർട്ടുകൾക്കെതിരെ അപ്പീൽ ഫയൽ ചെയ്യാൻ കഴിയുകയില്ല.

**ലഹരി ഉപയോഗം തടയാൻ നടപടി**

11(*161) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഞ്ചാവും മറ്റ് ലഹരി വസ്തുക്കളും ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്ത് പിടിച്ചെടുക്കപ്പെടുന്ന കഞ്ചാവിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും അളവ് വർദ്ധിച്ചിട്ടുണ്ട്. അതിൽനിന്നും ഉപയോഗം കൂടുന്നതായാണ് അനുമാനിക്കേണ്ടത്.

(ബി) കഞ്ചാവ് കൈവശം വയ്ക്കുകയും വില്പന നടത്തുകയും ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നിയമനിർമ്മാണം നടത്താനും നിലവിലെ ആക്ടുകളിലെ ഭേദഗതിക്കായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താനും നടപടി സ്വീകരിക്കുമോ?

എൻ.ഡി.പി.എസ്. നിയമപ്രകാരം ' Small Quantity' അളവിലുള്ള മയക്കുമരുന്ന് കൈവശം വയ്ക്കുന്നതും കൈകാര്യം ചെയ്യുന്നതും ജാമ്യം ലഭിക്കാവുന്ന കുറ്റകൃത്യമാണ്. മേൽ നിയമപ്രകാരം ഒരു കിലോഗ്രാം വരെയുള്ള കഞ്ചാവ് Small Quantity വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. അതിനാൽ ' Small Quantity' അളവുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ നൽകിയിട്ടുണ്ട്.

(സി) സ്കൂൾ വിദ്യാർത്ഥികളും യുവാക്കളും ലഹരിമരുന്നിന് അടിമപ്പെടുന്നത് നിരുത്സാഹപ്പെടുത്താൻ ഏതെല്ലാം രീതിയിലുള്ള ബോധവത്കരണ പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ് കുട്ടികൾക്ക് നൽകുന്നതിനും, ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്ന അവസ്ഥ അവരിൽ വളർത്തിയെടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന നടപ്പാക്കിവരുന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ടി ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് സന്നദ്ധപ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്ലാസുകൾ കൂടാതെ വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്തയുണർത്തുന്ന വിവിധ മത്സരങ്ങളും മറ്റ് പരിപാടികളും സംഘടിപ്പിച്ചുവരുന്നു. സ്കൂളുകളിൽ അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് കൗൺസലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിലെ കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗമില്ലാതാക്കുന്നതിന് ക്യാമ്പസുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ടി കമ്മിറ്റികൾ ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിലും ആർട്സ് & സയൻസ് കോളേജുകളിലും രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ലഹരിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച അവബോധം വിദ്യാർത്ഥികൾക്ക് നൽകുന്നതിന് " കവചം" എന്ന പേരിൽ ഒരു കൈപ്പുസ്തകം വിമുക്തി മിഷൻ തയ്യാറാക്കിയിട്ടുണ്ട്. അതുപോലെ വിദ്യാർത്ഥികൾ ലഹരിയുടെ പിടിയിലകപ്പെടാതെ സംരക്ഷിക്കുന്നതിന് അധ്യാപകരും രക്ഷാകർത്താക്കളും ശ്രദ്ധിക്കേണ്ട കാര്യങ്ങളും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരെ അതിൽനിന്ന് പിന്തിരിപ്പിക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയും " കരുതൽ" എന്ന പേരിൽ ഒരു കൈപ്പുസ്തകവും വിമുക്തി മിഷൻ തയ്യാറാക്കി വിതരണം ചെയ്തുവരുന്നു.

### ഗുണ്ട ആക്രമണങ്ങൾ തടയാൻ നടപടി

12(*162) <u>ശ്രീ. കെ. പി. എ. മജീദ്</u>:
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>:
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗുണ്ടകൾക്കെതിരെ കാപ്പ ചുമത്താൻ പോലീസ് നൽകുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട ജില്ല കളക്ടർമാർ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുത്തുന്നുവെന്ന ആക്ഷേപമുണ്ടായിട്ടുണ്ടോ?

2007-ലെ കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ടിലെ (കാപ്പ) വ്യവസ്ഥകളിൽ അനുശാസിക്കുംവിധം ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ ജില്ല കളക്ടർമാർ മനഃപൂർവം കാലതാമസം വരുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഗുണ്ട ആക്രമണങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്ത് ഗുണ്ടകൾ, മയക്കുമരുന്ന് സംഘങ്ങൾ തുടങ്ങിയവരുടെ സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി 16-12-2021-ലെ സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ പ്രകാരം എല്ലാ പോലീസ് ജില്ലകളിലെയും പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. ജില്ല നാർക്കോട്ടിക് സെൽ Dy.SP/ACP-യുടെ നേതൃത്വത്തിൽ 2 സബ് ഇൻസ്പെക്ടർമാരും കുറഞ്ഞത് 10 പോലീസ് ഉദ്യോഗസ്ഥരും പ്രസ്തുത SAGOC-യിൽ അംഗങ്ങളാണ്. അതത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളും മറ്റ് പ്രവർത്തനങ്ങളും നിരീക്ഷിക്കുകയും വേണ്ട സമയത്ത് കൃത്യമായ ഇടപെടലുകൾ നടത്തുകയുമാണ് പ്രസ്തുത SAGOC-യുടെ ഉദ്ദേശ്യം. പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ പോലീസ് സ്റ്റേഷനുകളിലും ആന്റി ഓർഗനൈസ്ഡ് ക്രൈംസ് സെൽ (AOCC) ആരംഭിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന പ്രസ്തുത AOCC അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമനടപടികൾ കുറ്റവാളികൾക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നതാണ്. കൂടാതെ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും അവരവരുടെ സ്റ്റേഷൻ പരിധിയിൽ നടക്കുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്നതിന് സദാ ജാഗരൂകരായിരിക്കാനും കൃത്യമായ പട്രോളിംഗ് നടത്താനും ആവശ്യമായ മേൽനടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗുണ്ട നിയമപ്രകാരം കുറ്റവാളികൾക്കെതിരെ കാര്യക്ഷമമായി നടപടി സ്വീകരിക്കുന്നതിനായി 15-12-2021-ലെ സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം 'ഓപ്പറേഷൻ കാവൽ' എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി വളരെ കാര്യക്ഷമമായി നടപ്പാക്കിവരുന്നു. ഇതുപ്രകാരം ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ട-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നവരെ കണ്ടെത്തി സമയബന്ധിതമായി അവർക്കെതിരെ കാപ്പ നിയമം (ഗുണ്ട നിയമം) ഉൾപ്പെടെയുള്ള കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിച്ചു വരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ ഡാറ്റാ ബേസ് ജില്ലാതലത്തിൽ തയ്യാറാക്കി ആവശ്യമാണെന്ന് കാണുന്നവരെ അറസ്റ്റ് ചെയ്ത് കാപ്പ നിയമ പ്രകാരവും ക്രിമിനൽ നടപടി ചട്ടപ്രകാരവും നിയമനടപടികൾ സ്വീകരിച്ചു വരുന്നു. ജില്ല പോലീസ് മേധാവിമാർ കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്നവരുടെ പേരിൽ പോലീസ് സ്റ്റേഷൻ തലത്തിൽ ഹിസ്റ്ററി ഷീറ്റ് ആരംഭിച്ചിട്ടുണ്ട്.

കൂടാതെ, ഗുണ്ട നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ല കളക്ടർമാരെയും ജില്ല പോലീസ് മേധാവിമാരെയും ഉൾപ്പെടുത്തി അവലോകന യോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗതീരുമാനപ്രകാരം കാപ്പ നിയമ (ഗുണ്ട നിയമം) പ്രകാരമുള്ള കരുതൽ തടങ്കൽ, സഞ്ചലന നിയന്ത്രണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**പറമ്പിക്കുളം- ആളിയാർ പദ്ധതി**

13(*163) ശ്രീ. സനീഷ്കുമാർ ജോസഫ്:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ ഭാഗമായ തമിഴ്നാട്ടിലുള്ള ആളിയാർ ഡാമിൽ നിന്ന് 120 കിലോമീറ്റർ അകലെയുള്ള ഒട്ടൻഛത്രത്തിലേയ്ക്ക് കുടിവെള്ളത്തിനായി ജലം കൊണ്ടുപോകുന്നതിന് തമിഴ്നാട് ഏകപക്ഷീയമായി തീരുമാനമെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

തമിഴ്നാട് സർക്കാരിന്റെ 9-5-2022-ലെ സ.ഉ (എം.എസ്) നമ്പർ 66/Municipal Administration & Water Supply Department ഉത്തരവ് പ്രകാരം ആളിയാർ നദിയിലെ ജലം ഉപയോഗിച്ച് തമിഴ്നാട്ടിലെ വിവിധ സ്ഥലങ്ങളായ

ഒട്ടൻഛത്രം മുനിസിപ്പാലിറ്റി, കീരനൂർ ടൗൺ പഞ്ചായത്ത്, നെയ്ക്കാർപട്ടി ടൗൺ പഞ്ചായത്ത്, ദിണ്ടിഗൽ, തിരുപ്പൂർ ജില്ലകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി 930 കോടി രൂപ അനുവദിച്ച് ഉത്തരവായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലായാൽ പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ ഭാരതപ്പുഴയുടെ തീരങ്ങൾ മരുഭൂമിക്ക് സമാനമാകുമെന്ന പ്രദേശവാസികളുടെ ആശങ്ക ഗൗരവത്തോടെ കാണുന്നുണ്ടോ?

പറമ്പിക്കുളം- ആളിയാർ കരാർ ഷെഡ്യൂൾ II പാര 4 പ്രകാരം ഓരോ ജല വർഷവും ചിറ്റൂർപുഴ പ്രദേശത്തെ ജലസേചനത്തിനായി ഉപയോഗ യോഗ്യമല്ലാത്ത പ്രളയജലം ഒഴിച്ച് 7.25 ടി.എം.സി ജലം കേരളത്തിന് മണക്കടവ് വിയറിൽ ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ ആളിയാർ ഡാമിൽ നിന്നും തുറന്നു വിടുന്ന ജലവും മണക്കടവ് വിയറിനുമുകളിലുള്ള catchment-ൽ നിന്നുള്ള നീരൊഴുക്കും കൂടിച്ചേർന്നാണ് കേരളത്തിന് ഈ ജലം ലഭ്യമായിക്കൊണ്ടിരിക്കുന്നത്. തമിഴ്നാടിന്റെ പുതിയ പ്രൊപ്പോസൽ പ്രകാരം ഭാരതപ്പുഴ ബേസിനു പുറത്തുള്ള സ്ഥലങ്ങളിലേക്കും ആളിയാർ നദിയിലെ ജലം ലഭ്യമാക്കാൻ പദ്ധതിയുണ്ടെന്ന് മനസ്സിലാക്കുന്നു. നിലവിൽ ജലദൗർലഭ്യം നേരിടുന്ന ഭാരതപ്പുഴ നദീതടത്തിൽനിന്നും ജലം തിരിച്ചുവിടുന്നത് കേരളം ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ജലത്തിൽ കുറവു വരുത്തും. നിലവിൽ 7.25 ടി.എം.സി. ജലം കൂടാതെ ഒഴുകിവരുന്ന ബാക്കിയുള്ള ജലത്തിന്റെ ഒരു ഭാഗവും ഭാരതപ്പുഴയിലെ വിവിധ ആവശ്യങ്ങൾക്കായി കേരളം ഉപയോഗിക്കുന്നുണ്ട്. ഭാരതപ്പുഴയിൽ കേരളത്തിന് ധാരാളം കുടിവെള്ള പദ്ധതികളുണ്ട്. കരാർ പ്രകാരമുള്ള 7.25 ടി.എം.സി ജലം മാത്രം കേരളത്തിന് മണക്കടവ് വിയറിൽ അളന്നുതന്നതിനുശേഷം ബാക്കി ജലം തമിഴ്നാട് തിരിച്ചുവിട്ടാൽ അത് പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ കേരളത്തിന്റെ താത്പര്യത്തെ ദോഷകരമായി ബാധിക്കും. ഇപ്രകാരമുള്ള ജലത്തിന്റെ തിരിച്ചുവിടൽ കേരളത്തിലേയ്ക്കുള്ള നീരൊഴുക്കിനെ, പ്രത്യേകിച്ച് വേനൽക്കാലത്ത്, ഗുരുതരമായി ബാധിക്കുവാൻ സാധ്യതയുണ്ട്. കൂടാതെ, പി.എ.പി. കരാർപ്രകാരം അധികമുള്ള പ്രളയജലം തമിഴ്നാടിനുവേണ്ടി മാത്രം ഉപയോഗിക്കാൻ വ്യവസ്ഥയില്ല. കേരളത്തിന് ചിറ്റൂർപുഴ പ്രദേശത്തെ ജലസേചനത്തിനും കുടിവെള്ളം ഉൾപ്പെടെയുള്ള മറ്റ് ആവശ്യങ്ങൾക്കും ഭാരതപ്പുഴയിലെ പാരിസ്ഥിതിക ഒഴുക്ക് നിലനിർത്തുന്നതിനും 7.25 ടി.എം.സിയിൽ കൂടുതൽ ജലം ആവശ്യമുണ്ട്. ഈ വിഷയം കേരളം കരാർ പുനരവലോകന ചർച്ചയിൽ നിരന്തരം ഉന്നയിച്ചു വരികയാണ്. മേൽ വിവരങ്ങൾ തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പ്രസ്തുത കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട തുടർനടപടികൾ നിർത്തിവയ്ക്കണമെന്ന്

ആവശ്യപ്പെട്ടുകൊണ്ട് ചീഫ് എഞ്ചിനീയർ (ISW), ചീഫ് എഞ്ചിനീയർ (WRD/PWD കോയമ്പത്തൂർ റീജിയൻ) തമിഴ്നാടിനോട് 8-6-2022, 18-6-2022, 22-6-2022, 29-7-2022 എന്നീ തീയതികളിൽ കത്ത് മുഖേന ആവശ്യപ്പെടുകയും ചെയ്തിരുന്നു. കൂടാതെ പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതിരേഖ (DPR) കേരളത്തിന് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കത്തുകളുടെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച വിവരം തമിഴ്നാട് സർക്കാരിനാവശ്യമായ നടപടികൾക്കായി കൈമാറിയതായി ചീഫ് എഞ്ചിനീയർ (WRD/PWD കോയമ്പത്തൂർ റീജിയൻ, തമിഴ്നാട്) 23-6-2022-ലെ കത്തുപ്രകാരം അറിയിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് തമിഴ്നാട് മുഖ്യമന്ത്രിക്ക് 3-8-2022-ൽ കത്തയച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഒരു നദീതട പ്രദേശത്തുനിന്നും മറ്റൊരു നദീതട പ്രദേശത്തേയ്ക്ക് വെള്ളം നൽകരുതെന്ന സുപ്രീംകോടതി ഉത്തരവ് നിലനിൽക്കെ തമിഴ്നാടിന്റെ പ്രസ്തുത നടപടിയിൽ ആശങ്ക രേഖപ്പെടുത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ നടപടികൾ സ്വീകരിച്ചു വരുന്നു. കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട കേരളത്തിന്റെ ആശങ്കകൾ തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട തുടർനടപടികൾ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചീഫ് എഞ്ചിനീയർ (ISW), ചീഫ് എഞ്ചിനീയർ (WRD/PWD കോയമ്പത്തൂർ റീജിയൻ) തമിഴ്നാടിനോട് 8-6-2022, 18-6-2022, 22-6-2022, 29-7-2022 എന്നീ തീയതികളിൽ കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതിരേഖ (DPR) കേരളത്തിന് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കത്തുകളുടെ അടിസ്ഥാനത്തിൽ, ഇത് സംബന്ധിച്ച വിവരം തമിഴ്നാട് സർക്കാരിന് ആവശ്യമായ നടപടികൾക്കായി കൈമാറിയതായി ചീഫ് എഞ്ചിനീയർ (WRD/PWD കോയമ്പത്തൂർ റീജിയൻ, തമിഴ്നാട്) 23-6-2022-ലെ കത്തുപ്രകാരം അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയെപ്പറ്റി കൂടുതൽ ആധികാരികമായതും വിശദവുമായ വിവരങ്ങൾ (ഡി.പി.ആർ, മറ്റ് അനുബന്ധ രേഖകൾ) ലഭിക്കുന്നതിനായി വിവരാവകാശ നിയമം 2005 പ്രകാരം ഓൺലൈനായി തമിഴ്നാട് മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ & വാട്ടർ സപ്ലൈ ഡിപ്പാർട്ട്മെന്റിന്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷ സമർപ്പിക്കുകയും ഇതുപ്രകാരം 9-5-2022-ലെ സ.ഉ (എം.എസ്) നമ്പർ 66/ Municipal Administration & Water Supply Department ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ തമിഴ്നാട് Water Supply & Drainage Board-ൽ നിന്ന് ലഭ്യമായ മറുപടി പ്രകാരം പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്ന Daily Water Demand 37.26 MLD (വാർഷിക ഉപഭോഗം-13600 Million Litres) ആണെന്നും പദ്ധതി പ്രവർത്തനങ്ങൾ ഇപ്പോൾ Tendering Stage-ലും ടെൻഡർ തുറക്കുന്നത് 4-8-2022 ആണെന്നും വിശദമായ പദ്ധതി രേഖ കേരളത്തിന് നൽകാൻ കഴിയില്ലെന്നുമാണ് പറഞ്ഞിരുന്നത്. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട തുടർനടപടികളിൽ നിന്ന്, സമവായം എത്തുന്നതുവരെ വിട്ടുനിൽക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നും ടെൻഡർ നടപടികൾ നിർത്തിവയ്ക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും വിശദമായ പ്രോജക്ട് റിപ്പോർട്ടും അനുബന്ധ രേഖകളും കേരളത്തിന് നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും 3-8-2022-ലെ സർക്കാർ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ ISWC2/43/2022-ജ.വി.വ. പ്രകാരം ജലവിഭവ വകുപ്പുമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയോട് അഭ്യർത്ഥിച്ചിരുന്നു. കൂടാതെ, 3-8-2022-ലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ 1159/2022/CM പ്രകാരം പി.എ.പി കരാറിലെ വ്യവസ്ഥകൾക്കും കേരളത്തിന്റെ താൽപ്പര്യങ്ങൾക്കും വിരുദ്ധമായ നടപടികളിൽ നിന്നും തമിഴ്നാട് സർക്കാർ പിന്മാറണമെന്ന് ബഹു.തമിഴ്നാട് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയെ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കകൾ അടുത്ത് നടക്കാൻപോകുന്ന 106-ാമത് ജോയിന്റ് വാട്ടർ റെഗുലേഷൻ (ജെ.ഡബ്ല്യൂ.ആർ) ബോർഡ് യോഗത്തിൽ കേരളം ശക്തമായി ഉന്നയിക്കുന്നതാണ്.

**തൊഴിലുറപ്പ് പദ്ധതി**

14(*164) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾക്ക് കേന്ദ്രസർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. ആഗസ്റ്റ് 1, 2022 മുതൽ ഒരു ഗ്രാമപഞ്ചായത്തിൽ ഒരേ സമയം 20 പ്രവൃത്തികൾ നിലവിലുണ്ടെങ്കിൽ പുതുതായി ഒരു പ്രവൃത്തി ആരംഭിക്കുന്നതിന് ബന്ധപ്പെട്ട ബ്ലോക്ക് പ്രോഗ്രാം ഓഫീസർ മുഖേന ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ അനുമതി തേടേണ്ടതുണ്ട്.

(ബി) അത്തരം നിയന്ത്രണം സംസ്ഥാനത്തിലെ തൊഴിൽ മേഖലയെയും പ്രാദേശിക സാമ്പത്തിക വികസനത്തെയും എപ്രകാരം ബാധിക്കുമെന്ന് വിശകലനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ എല്ലാ വാർഡുകളിലും പ്രവൃത്തികൾ നടത്തിയാലെ തൊഴിലാളികൾക്ക് തടസ്സരഹിതമായി തൊഴിൽ നൽകാൻ കഴിയുകയുള്ളൂ. കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ ജനസംഖ്യയിൽ മറ്റു സംസ്ഥാനങ്ങളേക്കാൾ വലുതാണ്. ഓരോ ഗ്രാമപഞ്ചായത്തിലും ശരാശരി 2700-ൽ ഏറെ സജീവ കുടുംബങ്ങൾ തൊഴിൽ തേടുന്നവരായിട്ടുണ്ട്. ഇവരുടെ തൊഴിൽ ആവശ്യം നിറവേറ്റുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ഒരു വർഷം ശരാശരി 470 പ്രവൃത്തികളെങ്കിലും ഏറ്റെടുക്കേണ്ടിവരും. ഈ സാഹചര്യത്തിൽ, തൊഴിലിന്റെ ആവശ്യകതയനുസരിച്ച് പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ തന്നെ അനുവദിക്കുന്നതിന് പുതിയ നിയന്ത്രണം ബുദ്ധിമുട്ട് ഉണ്ടാക്കും.

(സി) മുൻകാലങ്ങളിൽ അനുവദിക്കപ്പെട്ട തൊഴിൽ ദിനങ്ങളും പൂർത്തിയാക്കപ്പെട്ട തൊഴിൽ ദിനങ്ങളും താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന തൊഴിൽ ദിനങ്ങൾക്ക് ഉപരിയായി തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ സംസ്ഥാനത്തിന് സ്ഥിരമായി സാധിക്കുന്നുണ്ട്. 2018-19-ലും 2019-20-ലും കേന്ദ്രം 7 കോടി തൊഴിൽ ദിനങ്ങൾ വീതം അനുവദിച്ച സ്ഥാനത്ത് സംസ്ഥാനം യഥാക്രമം 9.75 കോടി, 8.02 കോടി എന്നിങ്ങനെ തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 2020-21- ൽ 10 കോടി തൊഴിൽ ദിനങ്ങൾ അനുവദിക്കപ്പെട്ടപ്പോൾ ആകെ 10.23 കോടി തൊഴിൽ ദിനങ്ങളാണ് സംസ്ഥാനം സൃഷ്ടിച്ചത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലും (2021-22) ആദ്യം 7 കോടിയും പിന്നീട് അത് ഉയർത്തി 10 കോടിയും തൊഴിൽ ദിനങ്ങളാണ് കേന്ദ്ര സർക്കാർ അനുവദിച്ചത്. എന്നാൽ 10.59 കോടി തൊഴിൽ ദിനങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയും അതിലൂടെ 16.45 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ നൽകുകയും ചെയ്യുകയുണ്ടായി. ഈ സാമ്പത്തിക വർഷം 10.32 കോടി തൊഴിൽ ദിനങ്ങൾക്കുള്ള ലേബർ ബഡ്ജറ്റ് സമർപ്പിച്ചിട്ടും 6 കോടി തൊഴിൽ ദിനങ്ങൾ മാത്രമാണ് നിലവിൽ അനുവദിച്ച് തന്നിട്ടുള്ളത്. ഇതിൽ 22-8-2022 വരെ 2.96 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതുവഴി 12.49 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിന് സാധിച്ചു. ഇതിൽ 1003 കുടുംബങ്ങൾ 100 ദിവസം തൊഴിൽ ലഭിച്ചവരാണ്.

(ഡി) തൊഴിലുറപ്പ് പദ്ധതിയുടെ ഓഡിറ്റിങ് നടത്തുന്നതിനുള്ള തുക കുറയ്ക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനം അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തെ എങ്ങനെയൊക്കെ ബാധിക്കുമെന്ന് അറിയിക്കാമോ?

തൊഴിലുറപ്പ് പദ്ധതിയുടെ ഓഡിറ്റ് ഫണ്ട് കുറയ്ക്കുന്നത് സംബന്ധിച്ച് ഇതുവരെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. പക്ഷേ ഭരണ ചെലവിനത്തിൽ അനുവദിച്ചിട്ടുള്ള 6 ശതമാനത്തിന്റെ 0.50 ശതമാനം സോഷ്യൽ ഓഡിറ്റിന് ചെലവാക്കാമെങ്കിലും ഇതിനനുസൃതമായ തുക കേന്ദ്ര സർക്കാർ അനുവദിക്കുന്നില്ല. സോഷ്യൽ ഓഡിറ്റിനായി പരിശീലനം നൽകി നിയമിച്ചിട്ടുള്ള റിസോഴ്സ് പേഴ്സൺമാർക്ക് യഥാസമയം വേതനം നൽകാൻ കഴിയാതെ വരുമ്പോൾ അവർ ജോലിയിൽനിന്ന് വിട്ടുപോകുകയും അത് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ മുടങ്ങുന്നതിന് കാരണമാവുകയും ചെയ്യുന്നുണ്ട്.

2020-21 സാമ്പത്തിക വർഷം ലഭിക്കേണ്ട 13.51 കോടി രൂപയിൽ ഒരു രൂപ പോലും സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) കേരളത്തിന് അർഹമായ സോഷ്യൽ ഓഡിറ്റ് ഫണ്ട് വിഹിതമായ 19.33 കോടി രൂപയിൽ ആകെ ലഭിച്ചത് 2.92 കോടി രൂപ മാത്രമാണ്. തുടർന്ന് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാൻ സംസ്ഥാനം 3 കോടി രൂപ അഡ്വാൻസ് ആയി സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് അനുവദിക്കേണ്ട സാഹചര്യവുമുണ്ടായി. 2022-23 സാമ്പത്തിക വർഷത്തിൽ ഇതുവരെ 4.014 കോടി രൂപ മാത്രമാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത്. ഇത് 22-8-2022-നാണ് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്.

(ഇ) തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ക്രിയാത്മകവും ഗുണപരവുമായി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകവും ഗുണപരവുമായി മാറ്റുന്നതിന് 'നീരുറവ്', 'മികവ്' തുടങ്ങിയ പ്രത്യേക പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്.

**ഉഡാൻ പദ്ധതി**

15(*165) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക മേഖലകളിൽ കൂടുതൽ ചെറിയ വിമാനത്താവളങ്ങൾ അനുവദിക്കുന്ന കേന്ദ്ര സർക്കാരിന്റെ ഉഡാൻ പദ്ധതിയിൽ എല്ലാ സംസ്ഥാനങ്ങളും ഉൾപ്പെട്ടിട്ടും കേരളം മാത്രം ഒഴിവാക്കപ്പെട്ടുപോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലാ തലസ്ഥാനത്തും ചെറിയ വിമാനത്താവളങ്ങൾ വരുന്നതുവഴി നേടാവുന്ന ടൂറിസം വികസനം ഉൾപ്പെടെയുള്ള അനന്ത സാധ്യതകളെ ഗൗരവമായി കാണുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ കേരളം ഉൾപ്പെടാതെ പോയതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തിന് പ്രസ്തുത പദ്ധതിയിൽ ഇടം നേടുന്നതിന് ഇനി സാധിക്കുമോയെന്ന് പരിശോധിക്കുമോ; എങ്കിൽ അതിനായി കാര്യക്ഷമമായ ഇടപെടൽ നടത്തുമോ എന്ന് വ്യക്തമാക്കാമോ?

(എ-ഡി) ഇന്ത്യയൊട്ടാകെ നടപ്പാക്കിയ ഉഡാൻ സ്കീമിൽ കേരളവും ഉൾപ്പെട്ടിട്ടുണ്ട്. കേരളത്തിലെ കൊച്ചി, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ ഉഡാൻ സർവ്വീസ് നടത്തിവരുന്നു. കേരളത്തിൽ എയർ സ്ട്രിപ്പുകൾ പ്രവർത്തനം ആരംഭിക്കുന്നതനുസരിച്ച് ഉഡാൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്യുന്നതാണ്.

ബേക്കൽ-കണ്ണൂർ, ഇടുക്കി-തിരുവനന്തപുരം, ഇടുക്കി-കൊച്ചി റൂട്ടുകൾ ഉഡാൻ 4.2-ൽ ഉൾപ്പെടുത്താനായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**മൃതസഞ്ജീവനി പദ്ധതി**

16(*166) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. ഡി പ്രസേനൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാനത്തിന് സമഗ്രമായ മാനദണ്ഡം രൂപീകരിക്കുന്നതിനും മൃതസഞ്ജീവനി പദ്ധതി ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് മൃതസഞ്ജീവനി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി കേരള സർക്കാർ 2012-ൽ മരണാനന്തര അവയവദാന പദ്ധതി ആയ കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് (കെ.എൻ.ഒ.എസ്) ഔപചാരികമായി ആരംഭിച്ചു. നാഷണൽ ഓർഗൻ ട്രാൻസ്പ്ലാന്റ് പ്രോഗ്രാമിൽ (എൻ.ഒ.റ്റി.പി) വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ നേടിയെടുക്കാനും സംസ്ഥാനത്ത് അവയവദാന-അവയവം

മാറ്റിവയ്ക്കൽ പ്രക്രിയയ്ക്ക് മേൽനോട്ടം വഹിക്കുന്നതിനും അവയവദാനത്തിന് സമഗ്രമായ മാനദണ്ഡം രൂപീകരിക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2021-ൽ കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) രൂപീകരിക്കുകയും ആയത് ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) അവയവമാറ്റത്തിനായി അഞ്ഞൂറ് കോടി രൂപ ചെലവിൽ കോഴിക്കോട് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കുന്നതുവഴി അവയവമാറ്റ ശസ്ത്രക്രിയയുടെ ചെലവും രോഗികളുടെ കാത്തിരിപ്പും കുറയ്ക്കാനാകുമോ?

അവയവങ്ങൾക്കായി കാത്തിരിക്കുന്ന രോഗികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ അവയവങ്ങൾ ലഭിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. നിലവിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം സർക്കാർ മേഖലയിൽ പരിമിതമാണ്. ആയതിനാൽ അവയവമാറ്റ ശസ്ത്രക്രിയയുടെ 90 ശതമാനം നടക്കുന്നത് സ്വകാര്യമേഖലയിലാണ്. അവയവമാറ്റ ശസ്ത്രക്രിയ വളരെ ചെലവേറിയ ഒന്നായതിനാൽ ആവശ്യക്കാരിൽ 90 ശതമാനത്തിലധികം പേർക്കും അത് താങ്ങാനാവാത്ത സാഹചര്യമാണ്. ഇക്കാര്യംകൂടി പരിഗണിച്ചാണ് ഓർഗൻ ട്രാൻസ്പ്ലാന്റേഷനുവേണ്ടി കോഴിക്കോട് ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത ശസ്ത്രക്രിയകൾക്കായി മെഡിക്കൽ കോളേജുകളിൽ പ്രവൃത്തി പരിചയമുള്ള ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക സംഘം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

നിലവിൽ പരിശോധിച്ചിട്ടില്ല.

**ലഹരിമുക്ത കേരളം**

17(*167) ശ്രീ. പി. ഉബൈദുള്ള:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാനും 'ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുമായി കേരളസംസ്ഥാന ലഹരിവർജ്ജനമിഷൻ വിമുക്തിക്ക് രൂപം നൽകിയിട്ടുണ്ട്. ലഹരിക്കെതിരെ വിവിധ തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ലഹരിക്ക് അടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ, കൗൺസിലിംഗ് എന്നിവ പൊതുജന പങ്കാളിത്തത്തോടെയും മറ്റ് സർക്കാർ വകുപ്പുകളുടെയും സഹകരണത്തോടെ വിമുക്തി മിഷൻ വഴി നടപ്പാക്കിവരുന്നു.

ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുകയെന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിമുക്തി വാർഡ് തല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികളിൽ ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ലഹരിക്ക് അടിമപ്പെട്ടവർക്ക് കൗൺസിലിംഗും ചികിത്സയും നൽകിവരുന്നു.

സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തിയും ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു. ലഹരിവിരുദ്ധ ക്ലബ്ബുകൾ മുഖേന വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന വിവിധ മത്സരങ്ങൾ, മറ്റ് കലാകായിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ് കുട്ടികൾക്ക് പകർന്ന് നൽകി ലഹരിയിൽനിന്നും സ്വയം സംരക്ഷണം തീർക്കുന്ന അവസ്ഥ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും "ഉണർവ്" എന്ന പേരിൽ കായിക പരിശീലന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പഠനം കഴിഞ്ഞുള്ള സമയങ്ങളിൽ വിദ്യാർത്ഥികളുടെ ശ്രദ്ധ മറ്റ് അപകടകരമായ പ്രചോദനങ്ങളിലേക്ക് പോകാതെ കായികപരമായും കലാപരമായുമുള്ള അവരുടെ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസ്സുകളിൽ " നേർക്കൂട്ടം" എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കോളേജ് അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ എന്നിവരുടെ പ്രതിനിധികളും, തദ്ദേശ സ്വയംഭരണ സ്ഥാപന അംഗങ്ങളും എക്സൈസ് ഉദ്യോഗസ്ഥരും അംഗങ്ങളായുള്ള ഈ കമ്മിറ്റികൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ലഹരിമോചന ചികിത്സ നൽകുന്നതിന് സംസ്ഥാനത്ത് 14 ജില്ലകളിലും വിമുക്തി ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ടവർക്ക് കൗൺസിലിംഗ് നൽകുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ മേഖലാ കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡി-അഡിക്ഷൻ സെന്റർ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും എറണാകുളം, കോഴിക്കോട് ജില്ലകളിൽ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും നിലവിൽ പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ സെന്ററുകൾ കൂടാതെ, രണ്ട് ഡി-അഡിക്ഷൻ സെന്ററുകൾകൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ലഹരി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട കുട്ടികളെ നേർവഴിക്ക് നയിക്കാനുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ " നേർവഴി" എന്ന പേരിൽ ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഒരു കുട്ടിയുടെ പെരുമാറ്റത്തിൽ എന്തെങ്കിലും മാറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം കുട്ടിയുടെ വിവരം അധ്യാപകർ നേരിട്ട് എക്സൈസ് വകുപ്പിന് നൽകി വകുപ്പിന്റെ ക്രിയാത്മകമായ ഇടപെടൽ സാധ്യമാക്കുന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്ത് മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

2016-ൽ വിമുക്തി രൂപീകരിച്ചശേഷം സംസ്ഥാനത്ത് മദ്യ ഉപയോഗത്തിൽ കുറവുകളുണ്ടായിട്ടുണ്ട്. എന്നാൽ ആയത് പൂർണ്ണമായും ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണെന്ന് വിലയിരുത്തും വിധമുള്ള പഠനങ്ങൾ നടന്നിട്ടില്ല. മദ്യ ഉപയോഗം കുറഞ്ഞതിലെ പല കാരണങ്ങളിലൊന്ന് വിമുക്തിയുടെ പ്രവർത്തനങ്ങളാണ്.

(സി) ഇക്കാര്യത്തിൽ സന്നദ്ധ സംഘടനകളുടെ നിർദ്ദേശങ്ങൾ പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ലഹരി ഉപയോഗത്തിന് എതിരെയുള്ള പ്രതിരോധം ഫലപ്രദമാക്കുന്നതിന് ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ സാമൂഹിക-സാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, അംഗൻവാടി-ആശാപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് മയക്കുമരുന്ന് ഉപയോഗം

തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ തലത്തിലുമുള്ള സംഘടനകളുടെയും സന്നദ്ധ പ്രവർത്തകരുടെയും സ്വീകരിക്കാവുന്ന നിർദ്ദേശങ്ങൾ സർക്കാർ പരിഗണിക്കുന്നതാണ്. എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളുടെയും സഹകരണം ഇക്കാര്യത്തിൽ അനിവാര്യമാണ്.

**ഐ.ടി. മേഖലയിലെ വികസനം**

18(*168) ശ്രീ. പി.ബാലചന്ദ്രൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഐ.ടി. വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ബഹുമുഖങ്ങളായ ഒട്ടേറെ നടപടികളാണ് സർക്കാർ ഐ.ടി പാർക്കുകളിൽ സ്വീകരിച്ചുവരുന്നത്.

- മികച്ച മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ-അന്തർദേശീയ കമ്പനികളെ സംസ്ഥാനത്തേക്ക് ആകർഷിച്ച് ഐ.ടി. സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനുവേണ്ടി SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, വാർത്താവിനിമയ സംവിധാനങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സർക്കാർ ഐ.ടി. പാർക്കുകളിൽ ഒരുക്കിവരുന്നു.

- 2022-23 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി 5G ലീഡർഷിപ്പ് പാക്കേജുകൾ ഉൾപ്പെടുത്തി NH-66-ന് സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെ ഇരുപതോളം ചെറുകിട ഐ.ടി പാർക്കുകൾ ഉൾപ്പെടുന്ന ഐ.ടി ഇടനാഴികൾ സ്ഥാപിക്കാൻ വേണ്ടുന്ന നടപടികൾ നടന്നുവരുന്നു.

- കേരളത്തിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ധനസഹായത്തോടെ ഐ.ടി കമ്പനികളിൽ ഇന്റേൺഷിപ്പ് പദ്ധതി 'ഇഗ്നൈറ്റ്' എന്ന പേരിൽ ദ്രുതഗതിയിൽ നടന്നുവരുന്നു.

• ആഗോള കമ്പനികൾക്കുവേണ്ടി ജോലി ചെയ്യുന്ന സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിനോടൊപ്പം നൂതനസാങ്കേതികവിദ്യകളെ അടിസ്ഥാനമാക്കിയ പുതിയ സംരംഭങ്ങളും വ്യവസായങ്ങളും യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

• സംസ്ഥാന ഐ.ടി. മേഖലയെ രാജ്യത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിനായി നടപ്പിലാക്കേണ്ട പദ്ധതികൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു ഹൈ പവർ ഐ.ടി. കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രമുഖ അന്താരാഷ്ട്ര കമ്പനികളെ ഉൾപ്പെടെ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലേയ്ക്ക് ആകർഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ ഐ.ടി പാർക്കുകളിലുള്ള കോ-വർക്കിംഗ് സ്പെയിസ് സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് റിമോർട്ട് വർക്കിംഗ് ഫോഴ്സ് വഴി കേരളത്തിൽ പ്രവർത്തനം ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ ഐ.ടി പാർക്കുകളിലേക്ക് ഐ.ടി/ഐ.ടി.ഇ.എസ്. മേഖലകളിലെ 20 വൻകിട കമ്പനികളെ വ്യവസായ സംരംഭങ്ങൾക്കായി ക്ഷണിച്ചിട്ടുണ്ട്. കൂടാതെ, ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ പ്രവർത്തിക്കുന്ന ബി.പി.ഒ. ഉൾപ്പെടെയുള്ള 64 പ്രമുഖ കമ്പനികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഐ.ടി. പാർക്കുകൾ വഴിയുള്ള കയറ്റുമതി വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. തിരുവനന്തപുരം ടെക്നോപാർക്കിന്റെ ഐ.ടി. കയറ്റുമതിയിൽ ഏകദേശം 9300 കോടി രൂപയുടേയും (10%) കൊച്ചി ഇൻഫോപാർക്കിൽ ഏകദേശം 1690 കോടി രൂപയുടേയും (27%) കോഴിക്കോട് സൈബർപാർക്കിൽ ഏകദേശം 29.54 കോടിയോളം രൂപയുടേയും (113%) വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(ഡി) അടുത്ത 5 വർഷത്തിനുള്ളിൽ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെ വിസ്തൃതി മൂന്ന് കോടി ചതുരശ്ര അടിയിലേക്ക് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സർക്കാർ ഐ.ടി. പാർക്കുകൾ എൻ.എച്ച്. 66-നോട് ചേർന്ന് വിഭാവനം ചെയ്തിരിക്കുന്ന ചെറുകിട ഐ.ടി. പാർക്കുകൾ, വർക്ക് നിയർ ഹോം പദ്ധതി എന്നിവ നടപ്പാക്കുന്നതിലൂടെ അടുത്ത 5 വർഷത്തിനുള്ളിൽ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെ വിസ്തൃതി ഏകദേശം 3 കോടി ചതുരശ്ര അടിയോളമാക്കി വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ നടപടി

19(*169) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി. എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കുള്ള ശിക്ഷ കർശനമാക്കിയിട്ടും അതിക്രമങ്ങൾ കൂടിവരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം കേസ്സുകളിൽ കുറ്റക്കാരെ രാഷ്ട്രീയ പരിഗണന കൂടാതെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിന് സാധിക്കുന്നുണ്ടോ; വിശദമാക്കുമോ?

സ്ത്രീകൾക്കെതിരെയുള്ള അതിക്രമ കേസുകളിൽ നിഷ്പക്ഷമായി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നുണ്ട്. അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ലഭിക്കുന്നമുറയ്ക്ക് താമസം കൂടാതെ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി തെളിവുകൾ ശേഖരിച്ച് കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സ്ത്രീകളെ ആക്രമിച്ച് സ്വർണവും പണവും കവരുന്ന സംഘങ്ങൾ സംസ്ഥാനത്ത് വളർന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഓപ്പറേഷൻ ശുഭയാത്ര പദ്ധതി

20(*170) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നും വിദേശത്തേയ്ക്ക് ജോലിക്കായി നിയമവിരുദ്ധമായി റിക്രൂട്ട്മെന്റുകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉണ്ട്

(ബി) ഇപ്രകാരം വിദേശത്തേക്ക് ജോലിക്കായി നിയമവിരുദ്ധമായി റിക്രൂട്ട്മെന്റുകൾ നടത്തുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിയമവിരുദ്ധ റിക്രൂട്ട്മെന്റ് നടത്തുന്ന വ്യക്തികൾക്കും ഏജൻസികൾക്കുമെതിരെ 2020 മുതൽ 2022 ജൂൺ മാസം വരെ സംസ്ഥാനത്ത് 734 പോലീസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾക്കായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1,00,00,000 രൂപ (ഒരു കോടി രൂപ) വകയിരുത്തുകയും കേന്ദ്ര വിദേശകാര്യ വകുപ്പിന്റെ പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ബോധവത്കരണം നടത്തുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങൾ, സിനിമ തിയേറ്ററുകളിലെ ബോധവത്കരണ പരസ്യങ്ങൾ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ എന്നിവ വഴിയും വിദേശത്തുള്ള പ്രവാസി മലയാളി സംഘടനകളുടെ സഹകരണത്തോടെയും വ്യാജ റിക്രൂട്ട്മെന്റിനെതിരെ ബോധവൽക്കരണം നടത്തുന്നുണ്ട്. സോഷ്യൽ മീഡിയ വഴിയുള്ള റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ തടയുന്നതിന് പോലീസിന്റെ സൈബർ വിഭാഗത്തിന്റെ സേവനവും പ്രയോജനപ്പെടുത്തിവരുന്നു. ക്രൈംബ്രാഞ്ച് ഐ.ജി. നോഡൽ ഓഫീസറായി സ്റ്റേറ്റ് സെല്ലും പ്രവർത്തിച്ചുവരുന്നുണ്ട്. നോഡൽ ഓഫീസറുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റുകളും രൂപീകരിച്ചിട്ടുണ്ട്.

(സി)ഇത്തരം റിക്രൂട്ട്മെന്റുകൾ നടത്തുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എതിരെ പോലീസ് കൈക്കൊള്ളുന്ന നടപടികൾ പരസ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി പോലീസ് വകുപ്പ് 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ നമ്പറും (0471-2721547), ഇ-മെയിൽ ഐ.ഡികളും സജ്ജമാക്കുകയും പരാതികളിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരങ്ങൾ മാധ്യമങ്ങളിലൂടെ ജനശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ഓപ്പറേഷൻ ശുഭയാത്ര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ:

(ഇ) വിദേശ ജോലിക്കായി നിയമവിരുദ്ധമായി നടത്തുന്ന റിക്രൂട്ട്മെന്റുകൾക്കെതിരെ പോലീസ് വകുപ്പ്, പ്രൊട്ടക്റ്റർ ഓഫ് എമിഗ്രന്റ്സ്, നോർക്ക റൂട്ട്സ് എന്നിവർ ഉൾപ്പെടുന്ന ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(ഡി & ഇ) ആവിഷ്കരിച്ചിട്ടുണ്ട്. ഓപ്പറേഷൻ ശുഭയാത്ര പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് വകുപ്പ്, പ്രൊട്ടക്റ്റർ ജനറൽ ഓഫ് എമിഗ്രന്റ്സ്, കേരളീയ പ്രവാസികാര്യ വകുപ്പ് എന്നിവയുടെ ആഭിമുഖ്യത്തിൽ കർമ്മസമിതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

### തദ്ദേശ സ്ഥാപനങ്ങളുടെ ശുചിത്വ ഗ്രേഡിംഗ്

21(*171) ശ്രീ. സി. കെ. ആശ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്തമായ കേരളം സൃഷ്ടിക്കുന്നതിന് കൂടുതൽ ഫലപ്രദമായ ഇടപെടലുകൾ നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തോടുകൂടി സമഗ്രമായ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ഹരിതകർമ്മ സേനയുടെയും തദേശസ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും സ്മാർട്ട് ഗാർബേജ് ആപ്പ്, ജലാശയങ്ങളെ മാലിന്യ മുക്തമാക്കി സംരക്ഷിക്കുന്നതിന് തെളിനീരൊഴുകും നവകേരളം എന്നിവ ഈ പ്രവർത്തനങ്ങളുടെ ഭാഗമാണ്. നവകേരളം കർമ്മ പദ്ധതി 2- ന്റെ ഭാഗമായി ഹരിത കേരള മിഷൻ പദ്ധതിയിൽ ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾക്ക് അതീവ പ്രാധാന്യം നൽകിയും ജനകീയ പങ്കാളിത്തത്തോടെ ശുചിത്വ മിഷന്റെ മേൽനോട്ടത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

നവകേരളം കർമ്മ പദ്ധതി 2, സ്വച്ച് ഭാരത് മിഷൻ, AMRUT, KSWMP തുടങ്ങിയ പദ്ധതികൾ യഥാക്രമം ഹരിത കേരള മിഷൻ, ശുചിത്വ മിഷൻ, AMRUT മിഷൻ, KSWMP എന്നിവ വഴി നഗരസഭകളിൽ നടപ്പാക്കിവരുന്നു. 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ചും മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

(ബി) ശുചിത്വ, മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

19-7-2022-ലെ സ.ഉ.(സാധാ) നമ്പർ 1714/2022/LSGD പ്രകാരം ശുചിത്വ, മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ട്. വിശദമായ മാർഗ്ഗരേഖ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) ഖരമാലിന്യ പരിപാലനം ശാസ്ത്രീയമായി നടപ്പിലാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ച പ്രവർത്തന ഘടകങ്ങളെ ഗ്രേഡിംഗിനായി പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരിഗണിച്ചിട്ടുണ്ട്. പാഴ്വസ്തുക്കളുടെ ഗാർഹിക സ്ഥാപനതല ശേഖരണത്തിനായി രൂപീകരിച്ച ഹരിത കർമ്മ സേന, ജൈവ മാലിന്യ സംസ്കരണ സംവിധാനം, പാഴ്വസ്തു സംഭരണത്തിനുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ, മേൽ പ്രവർത്തനങ്ങളുടെ കവറേജ്, പൊതു ശുചിമുറികളുടെ വൃത്തി, പൊതുയിടങ്ങളുടെയും ജലാശയങ്ങളുടെയും വൃത്തി, ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രൂപപ്പെടുന്ന ആകെ മാലിന്യം, ശേഖരിച്ച് സംസ്കരിക്കുന്ന മാലിന്യത്തിന്റെ അളവ് തുടങ്ങിയ ഘടകങ്ങളെല്ലാം ഗ്രേഡിംഗിനായി പരിഗണിച്ചിട്ടുണ്ട്.

(ഡി) തദ്ദേശ സ്ഥാപനങ്ങളുടെ ശുചിത്വ ഗ്രേഡിംഗ് വഴി ഓരോ പ്രദേശത്തിന്റെയും പോരായ്മയെയും മെച്ചപ്പെടുത്തേണ്ട മേഖലകളെയും തിരിച്ചറിഞ്ഞ് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉദ്ദേശിക്കുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാഴ്‌വസ്തുക്കളുടെ ഗാർഹിക സ്ഥാപനതല ശേഖരണത്തിനായി രൂപീകരിച്ച ഹരിത കർമ്മ സേന, ജൈവ മാലിന്യ സംസ്കരണ സംവിധാനം, പാഴ്വസ്തു സംഭരണത്തിനുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ, മേൽ പ്രവർത്തനങ്ങളുടെ കവറേജ്, പൊതുശുചിമുറികളുടെ വൃത്തി, പൊതുയിടങ്ങളുടെയും ജലാശയങ്ങളുടെയും വൃത്തി, ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രൂപപ്പെടുന്ന ആകെ മാലിന്യം, ശേഖരിച്ച് സംസ്കരിക്കുന്ന മാലിന്യത്തിന്റെ അളവ് തുടങ്ങിയ ഘടകങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ശുചിത്വ മാലിന്യ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുകയും അപ്രകാരം അവരെ ഗ്രേഡ് ചെയ്യുകയും ചെയ്യുന്നു. വിവിധ ഘടകങ്ങളെ ഉൾപ്പെടുത്തി മാർക്ക് നൽകുന്നതിനാൽ ഓരോ ഗ്രാമപഞ്ചായത്തിന്റെയും പോരായ്മ വ്യക്തമായി മനസ്സിലാക്കുന്നതിന് സാധിക്കുന്നു. അപ്രകാരം വിവിധ മേഖലകളെ തിരിച്ചറിഞ്ഞ് ആയതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുന്നതുമാണ്.

(ഇ) പൊതു ശൗചാലയങ്ങളുടെ ശുചിത്വാവസ്ഥകൂടി ഗ്രേഡിംഗിനായുള്ള വിലയിരുത്തലിൽ പരിശോധിക്കുമോ; വിശദമാക്കാമോ?

പൊതു ശൗചാലയങ്ങളുടെ ശുചിത്വാവസ്ഥ ഗ്രേഡിംഗിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതു ശൗചാലയങ്ങളെ ഏറ്റവും മികച്ചത്, മികച്ചത്, ശരാശരി, ശരാശരിയിൽ താഴെ എന്നിങ്ങനെ സൂചകങ്ങളായി തിരിച്ച് മാർക്കുകൾ നൽകി ഗ്രേഡിംഗിനായി പരിഗണിക്കുന്നുണ്ട്.

ഗ്രേഡിംഗിന്റെ വിലയിരുത്തൽ ഘടകങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന ഘടകങ്ങളിൽ ഒന്നാണ് പൊതു ശൗചാലയങ്ങളുടെ ശുചിത്വ അവസ്ഥ പരിശോധിക്കണമെന്നത്. ഇവയിൽ മികച്ചത് കണ്ടെത്തുന്നതിന് താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സദാ ജല ലഭ്യതയുള്ളതും ബക്കറ്റ്, മഗ്ഗ്, സോപ്പ്, EXHAUST FAN, ദുർഗന്ധമില്ലാത്തതും ദിവസം 2 പ്രാവശ്യമെങ്കിലും ശുചിയാക്കുന്നവ, ശുചിയാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുള്ളവ, വെളിച്ചം, സ്ത്രീകളെയും ട്രാൻസ്ജെൻഡറിനെയും ശാരീരിക പരിമിതിയുള്ളവരെയും സഹായിക്കുന്ന തരത്തിൽ സംവിധാനമുള്ളവ, പൊതു ടോയ്‌ലറ്റ് കോംപ്ലക്സ് ഒരു ആകർഷക ഇടമായി പരിപാലിക്കുന്നവ എന്നിവയെ മികച്ചതായി പരിഗണിക്കാവുന്നതാണ്.

## പ്രളയാനന്തര കേരള പുനർനിർമ്മാണം

22(*172) ശ്രീ. എം. വിൻസെന്റ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരള പുനർനിർമ്മിതിക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ച സാമ്പത്തിക സഹായം പൂർണ്ണമായും വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ധനസഹായം ഉപയോഗിച്ച് പൂർത്തീകരിച്ച പുനർനിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ശേഷിക്കുന്നവ എന്തൊക്കെയെന്നും അവ എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

(എ-സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സാമ്പത്തികസഹായം പ്രളയാനന്തര കേരള പുനർനിർമ്മിതി (റീബിൽഡ് കേരള ഇനിഷ്യേറ്റീവ്) പദ്ധതികൾക്കായി ഉപയോഗിക്കുന്നില്ല. ലോക ബാങ്ക്, കെ.എഫ്.ഡബ്ള്യൂ, എ.ഐ.ഐ.ബി. തുടങ്ങിയ ഏജൻസികളിൽനിന്നുള്ള വായ്പാസഹായം ഉപയോഗിച്ചാണ് ടി പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിനാവശ്യമായ ഫണ്ട് ഓരോ വർഷത്തെയും ബഡ്ജറ്റ് വിഹിതമായാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് ലഭ്യമാക്കുന്നത്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 2018, 2019 പ്രളയവുമായി ബന്ധപ്പെട്ട് (27-7-2018 മുതൽ 26-3-2020 വരെ) ആകെ 4935 കോടി രൂപ ലഭ്യമായിട്ടുണ്ട്. ഇതിൽ 4428.57 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. 495.25 കോടി രൂപകൂടി ചെലവഴിക്കാനായി അനുമതി നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് പ്രളയ സമാശ്വാസം, പുനരുജ്ജീവനം എന്നിവയുൾപ്പെടെ താഴെപ്പറയുന്ന കാര്യങ്ങൾക്കാണ് തുക വിനിയോഗിക്കുന്നത്.

1. പ്രളയദുരന്തം ബാധിച്ച കുടുംബങ്ങൾക്കുള്ള അടിയന്തര ധനസഹായമായി ആകെ 457.58 കോടി രൂപ അനുവദിച്ചു.

2. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കും വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കുമുള്ള ധനസഹായം.(എസ്.ഡി.ആർ.എഫ്. വിഹിതം ഉൾപ്പെടെ ആകെ 2489.31 കോടി രൂപ).

3. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീടുവച്ച് നൽകുന്നതിനുള്ള സഹകരണ വകുപ്പിന്റെ കെയർ ഹോം, കെ.എസ്.എഫ്.ഇ. ഷെൽട്ടർ ഹോം, പുനർഗേഹം എന്നീ പദ്ധതികൾ (ആകെ- 338.68 കോടി രൂപ).

4. പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കുള്ള ധനസഹായം (ആകെ 139.6 കോടി രൂപ).

5. പ്രളയബാധിത പ്രദേശങ്ങളിലുള്ളവർക്ക് ഭക്ഷ്യക്കിറ്റ് നൽകുന്നതിനായി ഭക്ഷ്യ, പൊതുവിതരണ വകുപ്പിന് അനുവദിച്ച 54.46 കോടി രൂപ, അരി വിതരണം ചെയ്യുന്നതിന് അനുവദിച്ച 9.4 കോടി രൂപ.

6. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവരിൽ പ്രത്യേക പരിഗണന അർഹിക്കുന്ന സാമൂഹ്യവിഭാഗങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള പ്രത്യുത്ഥാനം പദ്ധതി (10 കോടി രൂപ).

7. പ്രളയബാധിത പ്രദേശങ്ങളിലുള്ള വിദ്യാർഥികൾക്ക് പാഠപുസ്തകം അച്ചടിക്കുന്നതിനായി സിആപ്റ്റിന് അനുവദിച്ച 47 ലക്ഷം രൂപ.

8. ചെറുകിട സംരംഭകർക്ക് ധനസഹായം നൽകുന്നതിനുള്ള ഉജ്ജീവൻ പദ്ധതി(20.96 കോടി രൂപ).

9. കുടുംബശ്രീക്ക് അനുവദിച്ച 336.19 കോടി രൂപ.

10. വ്യാപാരി ക്ഷേമ ബോർഡിനുള്ള സഹായം (5.4 കോടി രൂപ).

11. കാരുണ്യ ഫാർമസികൾ വഴിയുള്ള മരുന്നുവിതരണം (2.87 കോടി രൂപ).

12. ഓണത്തിന് പൊതുവിതരണ വകുപ്പിന് അനുവദിച്ച സഹായം

13. 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്നതും കേരളപുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടാത്തതുമായ തദ്ദേശസ്വയം ഭരണ റോഡുകളുടെ പുനർനിർമ്മാണത്തിനായി മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (Chief Minister's Local Roads Rebuild Project) (1000 കോടി രൂപ)

**ആംബുലൻസുകളിൽ ഓക്സിജൻ ലഭ്യത ഉറപ്പുവരുത്താൻ നടപടി**

23(*173) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) തിരുവല്ല താലൂക്ക് ആശുപത്രിയിൽ നിന്ന് ആലപ്പുഴ മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്ത രോഗി ആംബുലൻസിൽ ഓക്സിജൻ കിട്ടാതെ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(എ&ബി) രാജൻ, 62 വയസ്സ്, പുത്തൻതുണ്ടിയിൽ, കല്ലിങ്കൽ (പി.ഒ), തിരുവല്ല എന്ന വ്യക്തിയെ രണ്ട് ദിവസമായി പനിയും പെട്ടെന്നുണ്ടായ ശ്വാസംമുട്ടലിനെയും തുടർന്ന് തിരുവല്ല താലൂക്കാസ്ഥാന ആശുപത്രിയിൽ ആഗസ്റ്റ് 15-ന് 12.05 AM-ന് എത്തിക്കുകയും അത്യാഹിത വിഭാഗത്തിൽ അടിയന്തര പരിശോധനയും ചികിത്സയും നൽകുകയും ചെയ്തു. രോഗിയുടെ രക്തത്തിലെ ഓക്സിജന്റെ അളവ് അപകടമാംവിധം (38%) താഴ്ന്നിരുന്നു. അത്യാഹിത വിഭാഗത്തിൽ വച്ച് ഓക്സിജനും മറ്റ് ജീവൻരക്ഷ മരുന്നുകളും നൽകിയിട്ടും ഓക്സിജന്റെ അളവ് 80%-ന്റെ മുകളിലേയ്ക്ക് ഉയരുകയുണ്ടായില്ല. ഇതേ തുടർന്ന് രോഗിയെ വിദഗ്ദ്ധ ചികിത്സയ്ക്കായി മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യാൻ തീരുമാനിക്കുകയും അടിസ്ഥാന ജീവൻരക്ഷാ സംവിധാന സൗകര്യമുള്ള (BLS) കനിവ് ആംബുലൻസ് മറ്റൊരു രോഗിയേയുംകൊണ്ട് മെഡിക്കൽ കോളേജിലേയ്ക്ക് പോയിരുന്നതിനാൽ ആരോഗ്യ വകുപ്പ് അനുവദിച്ച KL01 BE 7015 എന്ന ഓക്സിജൻ സൗകര്യമുള്ള ആംബുലൻസിൽ രോഗിയെ അയയ്ക്കാൻ ഏർപ്പാടാക്കുകയാണുണ്ടായത്. രോഗിയെ ആംബുലൻസിൽ കയറ്റിയ വേളയിൽ ആംബുലൻസിലെ ഓക്സിജൻ സിലിണ്ടറിലെ ഓക്സിജന്റെ അളവ് കുറവായിരുന്നുവെന്ന് ഡ്രൈവർ സൂചിപ്പിച്ചതിനെത്തുടർന്ന് അത്യാഹിത വിഭാഗം നഴ്സിംഗ് ആഫീസർ ടി വിഭാഗത്തിൽ സൂക്ഷിച്ചുവച്ചിരുന്ന ബി-ടൈപ്പ് സിലിണ്ടർ സെക്യൂരിറ്റി മുഖാന്തരം ആംബുലൻസിൽ എത്തിച്ചുനൽകുകയും ഡ്രൈവർ, ഓക്സിജൻ സിലിണ്ടർ മാറ്റി ഘടിപ്പിച്ച് രോഗിക്ക് Non rebreathable mask മുഖാന്തരം മിനിട്ടിൽ 10 ലിറ്റർ എന്ന നിരക്കിൽ ഓക്സിജൻ നൽകുകയും ചെയ്തിരുന്നു. രോഗിക്ക് യാത്രാമദ്ധ്യേ ശ്വാസംമുട്ട് കലശലാകുകയും ഗുരുതരാവസ്ഥയിലാകുകയും ചെയ്തു. രോഗിയെ തിരുവല്ല താലൂക്ക് ആശുപത്രിയിൽ നിന്ന് റഫർ ചെയ്ത് ആലപ്പുഴ മെഡിക്കൽ കോളേജ് കാഷ്വാലിറ്റിയിൽ 1.10 AM-ന് എത്തിക്കുകയും ഉടനടി വെന്റിലേറ്ററിൽ ഘടിപ്പിക്കുകയും മറ്റ് ആവശ്യമായ എമർജൻസി മരുന്നുകൾ നൽകുകയും ചെയ്തിരുന്നു. അടിയന്തര ശുശ്രൂഷ നൽകുന്നതിനിടയിൽത്തന്നെ രോഗി 1.40 AM -ന് മരണപ്പെട്ടു.

ഇക്കാര്യം സംബന്ധിച്ച് പത്തനംതിട്ട ജില്ല മെഡിക്കൽ ഓഫീസർ, അഡിഷണൽ ഡയറക്ടർ (വിജിലൻസ്), ആലപ്പുഴ മെഡിക്കൽ കോളേജ് ഡെപ്യൂട്ടി സൂപ്രണ്ട് എന്നിവർ പ്രാഥമികാന്വേഷണം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധുക്കൾ പത്തനംതിട്ട തിരുവല്ല പുളിക്കീഴ് പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിന്മേൽ പോലീസ് അന്വേഷണവും നടന്നു വരുന്നുണ്ട്.

(സി) സർക്കാർ ആശുപത്രികളിലെ ആംബുലൻസുകളിൽ മതിയായ ഓക്സിജൻ സിലിണ്ടറുകളുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് ആരുടെ ചുമതലയാണെന്ന് അറിയിക്കാമോ?

സർക്കാർ ആശുപത്രികളിലെ ആംബുലൻസുകളിൽ ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തേണ്ട പ്രാഥമിക ചുമതല അത്യാഹിത വിഭാഗം/ഒ.പി. നഴ്സിംഗ് ഓഫീസർക്കും മേൽനോട്ട ചുമതല ആർ.എം.ഒ/സൂപ്രണ്ട് എന്നിവർക്കാണ്.

(ഡി) സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ, ഗുരുതരാവസ്ഥയിൽ വിദഗ്ദ്ധ ചികിത്സയ്ക്കായി റഫർ ചെയ്യുന്ന രോഗിയുടെ അവസ്ഥ കണക്കിലെടുത്ത് ഡോക്ടർ/നഴ്സിംഗ് ഓഫീസർ രോഗിയെ അനുഗമിക്കണമെന്നും സർക്കാർ ആശുപത്രികളിൽ ഉപയോഗിക്കുന്ന ആംബുലൻസുകളിലെ ഓക്സിജൻ ഉൾപ്പെടെയുള്ള ജീവൻരക്ഷാ സംവിധാനങ്ങളുടെയും മരുന്നുകളുടെയും ലഭ്യതയും ഉപയോഗക്ഷമതയും സ്ഥാപനമേധാവി/ആർ.എം.ഒ.-യുടെ മേൽനോട്ടത്തിൽ അത്യാഹിത വിഭാഗം/ഒ.പി. നഴ്സിംഗ് ആഫീസർ ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. അന്നേ ദിവസം ആംബുലൻസിൽ ഡ്രൈവറായി ചുമതലയുണ്ടായിരുന്നയാളിനെ അടിയന്തരമായി ഡ്യൂട്ടിയിൽ നിന്നും അന്വേഷണ വിധേയമായി മാറ്റിനിർത്തുന്നതിനും നിർദ്ദേശം നൽകുകയുണ്ടായി.

## പകർച്ചപ്പനി ചികിത്സാ മാർഗ്ഗരേഖ

24 (*174) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചപ്പനി ചികിത്സാ മാർഗ്ഗരേഖ പുതുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പുതുതായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് കാലാകാലങ്ങളിൽ പുതിയതായി കണ്ടുവരുന്ന പകർച്ചവ്യാധികളെ സംബന്ധിച്ചുള്ള പ്രതിരോധ നിയന്ത്രണ മാർഗ്ഗനിർദ്ദേശങ്ങളും ചികിത്സാ മാർഗ്ഗ രേഖകളും സമയബന്ധിതമായി ആരോഗ്യ വകുപ്പ്

പുറത്തിറക്കാറുണ്ട്. മെഡിക്കൽ കോളേജിലേയും ആരോഗ്യ വകപ്പിലേയും ബന്ധപ്പെട്ട വിദഗ്ധരെ ഉൾപ്പെടുത്തിയാണ് ഇത്തരം മാർഗ്ഗ രേഖകൾ തയ്യാറാക്കുന്നത്. ലോകാരോഗ്യ സംഘടനയുടേയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റേയും മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഇത്തരം മാർഗ്ഗരേഖകൾ സംസ്ഥാനം പുറത്തിറക്കുന്നത്. കേരളത്തിൽ സാധാരണയായി കണ്ടുവരുന്ന പകർച്ചവ്യാധികളായ എലിപ്പനി, ഡെങ്കിപ്പനി, ചെള്ളുപനി, വയറിളക്കരോഗങ്ങൾ തുടങ്ങിയവയ്ക്കുള്ള ചികിത്സ മാർഗ്ഗനിർദ്ദേശങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുനഃപ്രസിദ്ധീകരിക്കുകയും ചെയ്തുവരുന്നു.

കൂടാതെ നിപ്പ, കോവിഡ്, മങ്കി പോക്സ് തുടങ്ങിയ പുതിയതരം പകർച്ചവ്യാധികളെ നേരിടുന്നതിനാവശ്യമായ മാർഗ്ഗരേഖയും പ്രതിരോധ നിയന്ത്രണ മാർഗ്ഗനിർദ്ദേശങ്ങളും ആരോഗ്യ വകുപ്പ് യഥാസമയം പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതുകൂടാതെ പ്രകൃതി ദുരന്തങ്ങളോടനുബന്ധിച്ച് ഉണ്ടാകാൻ സാധ്യതയുള്ള പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനായി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങളും ആരോഗ്യ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനതല ദ്രുതകർമ്മസേന ഇത്തരം പകർച്ചവ്യാധികളുണ്ടാകുന്ന സാഹചര്യത്തിൽ യോഗം ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

(ബി) മങ്കി പോക്സ് രോഗത്തിന്റെ സമൂഹവ്യാപനം തടയുന്നതിനും രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

മങ്കി പോക്സ് രോഗത്തിന്റെ സമൂഹവ്യാപനം തടയുന്നതിനും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

മറ്റു രാജ്യങ്ങളിൽ മങ്കിപോക്സ് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ഡൽഹി എൻ.സി.ഡി.സി.-യിൽ നിന്നും 2022 മേയ് 20-ന് ഒരു ഇടക്കാല അഡ്വൈസറി ഐ.ഡി.എസ്.പി, എസ്.എസ്.യു-ൽ ലഭിച്ച ഉടൻതന്നെ പ്രസ്തുത അഡ്വൈസറി 14 ജില്ല സർവൈലൻസ് യൂണിറ്റിലും അയച്ചു നൽകുകയും നിരീക്ഷണം ശക്തിപ്പെടുത്താൻ നിർദ്ദേശിക്കുകയും ചെയ്തു. ഇന്ത്യയിലെതന്നെ ആദ്യത്തെ മങ്കി പോക്സ് രോഗബാധ ജൂലൈ 14-ന് കൊല്ലം നിവാസിക്ക് സ്ഥിരീകരിച്ചപ്പോൾത്തന്നെ സംസ്ഥാന ദ്രുതകർമ്മസേന യോഗം ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. എയർപോർട്ട് നിരീക്ഷണം, രോഗസാധ്യത കൂടുതലുള്ള രാജ്യങ്ങളിൽനിന്നും എത്തുന്ന അന്താരാഷ്ട്ര യാത്രക്കാരിലെ രോഗലക്ഷണങ്ങളുടെ

പരിശോധന എന്നിവ ഊർജ്ജിതമാക്കിയിട്ടുണ്ട്. എയർപോർട്ട് നിരീക്ഷണത്തിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. രോഗലക്ഷണങ്ങളുള്ള അന്താരാഷ്ട്ര യാത്രക്കാർ ഉൾപ്പെടെയുള്ളവരെ ചികിത്സിക്കുന്നതിനായി 14 ജില്ലകളിലും ഐസൊലേഷൻ സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. രോഗികളെയും സമ്പർക്കത്തിലുള്ളവരെയും ആശുപത്രികളിലേയ്ക്ക് മാറ്റുവാനായി പ്രത്യേകം ആംബുലൻസ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ബോധവത്കരണ പ്രവർത്തങ്ങൾ എല്ലാ ജില്ലകളിലും ശക്തമായി നടത്തുന്നു. ഐസൊലേഷൻ, ചികിത്സാ മാനദണ്ഡങ്ങൾ, മങ്കിപോക്സിന്റെ സാഹചര്യത്തിൽ അനുവർത്തിക്കേണ്ട കാര്യങ്ങൾ, ചെയ്യുകൂടാത്ത കാര്യങ്ങൾ തുടങ്ങിയവയിൽ പൊതുജനങ്ങളുടെ ആശങ്ക ഒഴിവാക്കുവാനായി ബോധവൽക്കരണ സന്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സംസ്ഥാനതലത്തിൽ രോഗ നിരീക്ഷണത്തിനായി ഒരു കൺട്രോൾ റൂം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. നോഡൽ ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

ജില്ലാതലത്തിൽ രോഗം സ്ഥിരീകരിച്ച ജില്ലകളിൽ കൺട്രോൾ റൂം തുടങ്ങിയിട്ടുണ്ട്. മറ്റു ജില്ലകളിൽ കൺട്രോൾ റൂം തുടങ്ങുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

രോഗ നിരീക്ഷണം, സമ്പർക്ക പട്ടിക തയ്യാറാക്കൽ എന്നിവ ശക്തമാക്കിയിട്ടുണ്ട്. സമ്പർക്കപ്പട്ടികയിലുള്ളവരുടെ ലക്ഷണങ്ങൾ നിരീക്ഷിക്കുവാനും 21 ദിവസം സ്വയം നിരീക്ഷണത്തിൽ കഴിയുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ലക്ഷണങ്ങൾ എന്തെങ്കിലും കണ്ടാൽ ജില്ലാ അധികാരികളെ അറിയിക്കുവാനും അവരുടെ നിർദ്ദേശപ്രകാരം ഐസൊലേഷൻ സൗകര്യമുള്ളിടത്തേക്ക് മാറാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സമ്പർക്ക പട്ടിക തയ്യാറാക്കാനും പട്ടികയിലുള്ളവരുടെ തുടർ നിരീക്ഷണത്തിനും ദിശ കാൾ സെന്ററിന്റെ സേവനം ഉപയോഗിക്കുന്നുണ്ട്.

എല്ലാ വിഭാഗം ആരോഗ്യ പ്രവർത്തകർക്കും അവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന, ജില്ലാതല ജന്തുജന്യരോഗ നിയന്ത്രണ കമ്മിറ്റികൾ (State and District level Zoonotic committees) രൂപീകരിച്ചിട്ടുണ്ട്.

നിലവിൽ രോഗനിർണ്ണയത്തിനായി പരിശോധനാ സൗകര്യം ആലപ്പുഴ NIV unit ലും, NIV പൂനെയിലും ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബുകളിൽ പരിശോധനാ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

രോഗം സ്ഥിരീകരിക്കുന്നവർക്കാവശ്യമായ ചികിത്സ സൗകര്യം എല്ലാ ജില്ലകളിലും ഉറപ്പാക്കിയിട്ടുണ്ട്.

ആരോഗ്യപ്രവർത്തകർക്കും പൊതുജനങ്ങൾക്കും ആവശ്യമായ ബോധവൽക്കരണ സന്ദേശങ്ങൾ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി നല്കിവരുന്നുണ്ട്.

എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും അണുനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

രോഗ നിരീക്ഷണത്തിനും മാനേജ്മെന്റിനുമായുള്ള Standard Operating Procedure (SOP) 19-7-2022-ലെ സ.ഉ.(സാധാ)നമ്പർ 1732/2022/ആ.കു.വ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഏതെങ്കിലും സ്ഥലത്ത് ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിയന്ത്രണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

21-7-2022-ൽ വയനാട് ജില്ലയിലെ മാനന്തവാടി മുനിസിപ്പാലിറ്റിയിലും തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലും 31-7-2022-ൽ വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിലും കണ്ണൂർ ജില്ലയിലെ കാണിച്ചാർ ഗ്രാമപഞ്ചായത്തിലും ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിക്കുകയുണ്ടായി.

ആഫ്രിക്കൻ പന്നിപ്പനി നിയന്ത്രണത്തിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഇന്ത്യയിലെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും ബീഹാറിലും ആഫ്രിക്കൻ സ്വൈൻ ഫീവർ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടതിനെ തുടർന്ന് സംസ്ഥാനത്തിന് അകത്തേയ്ക്കും പുറത്തേയ്ക്കുമുള്ള പന്നികൾ, പന്നി മാംസം, പന്നി കാഷ്ഠം, തീറ്റ എന്നിവയുടെ നീക്കം നിരോധിച്ചുകൊണ്ട് 15-7-2022-ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. നിലവിൽ ആ നിരോധനം തുടർന്നുവരികയാണ്.

2. 2022 ആഗസ്റ്റ് മാസത്തിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ച ഉടൻതന്നെ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ജില്ല ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗം കൂടുകയും പ്രതിരോധ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുകയും ചെയ്തു.

3. രോഗം സ്ഥിരീകരിച്ച രണ്ട് ജില്ലകളിലും ചീഫ് വെറ്ററിനറി ഓഫീസർമാരുടെ നേതൃത്വത്തിൽ ജില്ല വെറ്ററിനറി കേന്ദ്രങ്ങളിൽ കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു.

4. രണ്ട് ജില്ലകളിലും മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള RRT (ദ്രുതകർമ്മ സേന) രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

5. രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന്റെ ഒരു കി.മീ. ചുറ്റളവിലുള്ള പന്നിഫാമുകളിലെ പന്നികളെ നശിപ്പിക്കുകയും പ്രഭവകേന്ദ്രത്തിനുപുറത്ത് 10 കി.മീ. ചുറ്റളവിലെ പന്നിഫാമുകളിൽ രോഗനിരീക്ഷണം കാര്യക്ഷമമായി നടത്തുകയും പന്നികളുടെ നീക്കം തടയുകയും ചെയ്തുവരുന്നു. വയനാട് ജില്ലയിൽ 702 പന്നികളെയും കണ്ണൂർ ജില്ലയിൽ 247 പന്നികളെയും ഇപ്രകാരം നശിപ്പിക്കുകയുണ്ടായി.

6. രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന് 1 കിലോമീറ്റർ ചുറ്റളവിന് പുറത്തുള്ള പ്രദേശത്ത് രോഗനിരീക്ഷണം ഇപ്പോഴും തുടരുന്നുണ്ട്. അതോടൊപ്പം നിരീക്ഷണ പ്രദേശങ്ങളിലെ പന്നിഫാമുകളിൽ അണുനശീകരണം നടത്തുന്നതിനാവശ്യമായ അണുനാശിനികൾ ഉള്ളടക്കം ചെയ്ത സൗജന്യ കിറ്റ് മൃഗസംരക്ഷണ വകുപ്പ് എത്തിച്ചുനൽകുന്നുണ്ട്.

7. പന്നിപ്പനി പടർന്നുപിടിച്ച വയനാട്, കണ്ണൂർ ജില്ലകളിൽ അടിയന്തരമായി നഷ്ടപരിഹാരം വിതരണം ചെയ്യുകയുണ്ടായി.

8. പൊതുവേ ആഫ്രിക്കൻ പന്നിപ്പനി പകരുന്ന രോഗമല്ലെങ്കിലും വൈറസിന്റെ ചില വകഭേദങ്ങൾ മനുഷ്യരിലേയ്ക്ക് പകർന്നിട്ടുണ്ടെന്നതിനാൽ പന്നിപ്പനി സ്ഥിരീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മുന്നറിയിപ്പ് നൽകുകയും ഇൻഫെക്ടീവ് സോണിൽപ്പെടുന്ന ആളുകൾക്ക് ബോധവൽക്കരണം നടത്തുകയും Influenza Like Symptoms ഉള്ളവർക്ക് എത്രയും പെട്ടെന്ന് ചികിത്സ ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു.

9. പ്രസ്തുത പ്രദേശങ്ങളിൽ ജില്ല വെക്ടർ കൺട്രോൾ യൂണിറ്റ് Tick Surveillance നടത്തുകയും ആവശ്യമായ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തു.

മൃഗങ്ങളിൽ പന്നിപ്പനി റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിലെയും ഇൻഫെക്ടീവ് സോണിൽനിന്നോ സർവൈലൻസ് സോണിൽനിന്നോ പനിബാധ കൂടുതലായി റിപ്പോർട്ട് ചെയ്യുകയോ മരണങ്ങൾ റിപ്പോർട്ട് ചെയ്യുകയോ ഉണ്ടായിട്ടില്ല. സംസ്ഥാനത്ത് മൃഗങ്ങളിൽനിന്നും മനുഷ്യരിലേയ്ക്ക് പകരാൻ സാദ്ധ്യതയുള്ള ജന്തുജന്യ രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും

നിയന്ത്രിക്കുന്നതിനുമായി 4 പമ്പാനദീതട ജില്ലകളിൽ ലോകബാങ്ക് സഹായത്തോടെ വിപുലമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മനുഷ്യരുടേയും മൃഗങ്ങളുടെയും സസ്യങ്ങളുടെയും ആരോഗ്യം വേർതിരിച്ച് കാണാൻ സാധിക്കുകയില്ലെന്നും ഇവയെല്ലാം ഒരുമിച്ച് അധിവസിക്കുന്ന പരിസ്ഥിതിയുടെ സംരക്ഷണവും പരസ്പര പൂരകമായി കണ്ട് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടേയും കൂട്ടായ പ്രവർത്തനങ്ങളിലൂടെ 'ഏകാരോഗ്യം' (One Health) എന്ന കാഴ്ചപ്പാടിലൂന്നിയ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്.

**സേവനാവകാശ നിയമം**

25(*175) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) പൗരന്മാരുടെ പരാതികളിന്മേൽ ഫലപ്രദവും സമയബന്ധിതവുമായ പരിഹാരത്തിന് വ്യവസ്ഥ ചെയ്യുന്ന സേവനാവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത നിയമം ഏതെല്ലാം വകുപ്പുകളിൽ ബാധകമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് 123 വകുപ്പുകൾ/ സ്ഥാപനങ്ങളിൽ സേവനാവകാശ നിയമം നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഇത് കാര്യക്ഷമമായി നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സേവനാവകാശ ആക്ടിന്റെ സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നതിന് ഓരോ അർഹതയുള്ള ആൾക്കും അവകാശമുണ്ടായിരിക്കുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷകന് സേവനം ലഭിച്ചില്ലെങ്കിൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥൻ മതിയായതും യുക്തിസഹവുമായ കാരണമില്ലാതെ സേവനം നൽകുന്നതിൽ വീഴ്ചവരുത്തിയതായി കണ്ടെത്തിയാൽ രണ്ടാം അപ്പീൽ അധികാരിക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

രേഖാമൂലമുള്ള ഒരു ഉത്തരവ് വഴി കാരണങ്ങൾ വിവരിച്ചുകൊണ്ട് നിയുക്ത ഉദ്യോഗസ്ഥനുമേൽ അഞ്ഞൂറ് രൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. സേവനം ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയതായി കണ്ടെത്തിയാൽ രണ്ടാം അപ്പീൽ അധികാരിക്ക് നിയുക്ത ഉദ്യോഗസ്ഥനുമേൽ താമസം വരുത്തിയ ഓരോ ദിവസത്തിനും ഒരു ദിവസത്തിന് ഇരുന്നൂറ്റി അമ്പത് രൂപ നിരക്കിൽ അതിന്റെ ആകെ തുക അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീലിൽ തീരുമാനമെടുക്കുന്നതിൽ ഒന്നാം അപ്പീൽ അധികാരി വീഴ്ചവരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുന്നപക്ഷം, അദ്ദേഹത്തിന്, ഒന്നാം അപ്പീൽ അധികാരിക്കുമേൽ അഞ്ഞൂറ് രൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥനോ, ഒന്നാം അപ്പീൽ അധികാരിയോ മതിയായ കാരണമില്ലാതെ, ഈ ആക്ട് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയതായി രണ്ടാം അപ്പീൽ അധികാരിക്ക് ബോധ്യപ്പെടുന്നപക്ഷം നിയുക്ത ഉദ്യോഗസ്ഥനും ഒന്നാം അപ്പീൽ അധികാരിക്കും എതിരെ ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്യാനും വ്യവസ്ഥയുണ്ട്. ഇതിന് പുറമെ നാലാം ഭരണപരിഷ്കാര കമ്മീഷന്റെ ഒമ്പതാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നത് പഠിക്കാനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**കെട്ടിടാവശിഷ്ടങ്ങളുടെ സംസ്കരണം**

26 (*176) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടാവശിഷ്ടങ്ങൾ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് കളക്ഷൻ ഫീ കണക്കാക്കുന്നതിനുള്ള മാനദണ്ഡം അറിയിക്കാമോ; അതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരം അറിയിക്കാമോ?

30-7-2022-ലെ G.O. (Ms) No. 168/2022/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണം/പൊളിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു അനുബന്ധമായി ചേർക്കുന്നു.*

ടി മാർഗ്ഗരേഖ പ്രകാരം കെട്ടിട നിർമ്മാണ/പൊളിക്കൽ മാലിന്യങ്ങളുടെ കളക്ഷൻ ചാർജ്ജുകളും ടിപ്പിംഗ് ഫീസും ചുവടെ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം നിശ്ചയിക്കുന്നത് ജില്ലാതല ഫെസിലിറ്റേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റിയാണ്.

1. ശേഖരിച്ച/ പ്രോസസ്സ് ചെയ്ത കെട്ടിട/പൊളിക്കൽ മാലിന്യങ്ങളുടെ അളവ്
2. ഗതാഗത ചെലവുകൾ
3. പ്ലാന്റിന്റെ പ്രവർത്തന ചെലവുകൾ
4. ഓരോ ജില്ലയുടെയും ഭൂപ്രകൃതി (സ്പെഷ്യൽ ഡാറ്റ )

ടി മാർഗ്ഗരേഖയിൽ കെട്ടിട നിർമ്മാണ/ പൊളിക്കൽ മാലിന്യ സംസ്കരണ ചാർജ്ജുകൾ നിയന്ത്രിക്കുന്നതിനും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ജില്ലാകളക്ടർ ചെയർമാനും ജില്ല ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ കൺവീനറുമായി ഒരു ജില്ലാതല ഫെസിലിറ്റേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി ഓരോ ജില്ലയിലും രൂപീകരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(ബി) കെട്ടിടാവശിഷ്ടങ്ങളുടെ സംസ്കരണത്തിന് പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കെട്ടിടാവശിഷ്ട സംസ്കരണ പ്ലാന്റുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല.

(സി) പുനരുല്പാദനം നടത്തിയ കെട്ടിടാവശിഷ്ടങ്ങൾ നിലവിൽ എന്തിനൊക്കെയാണ് ഉപയോഗിക്കുന്നതെന്ന് അറിയിക്കാമോ; ഇത്തരം പുനരുപയോഗം പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കാമോ?

പുനരുല്പാദനം നടത്തിയ കെട്ടിടാവശിഷ്ടങ്ങളിൽനിന്നും വേർതിരിച്ചെടുക്കുന്ന മണൽ, മെറ്റൽ മുതലായ വസ്തുക്കൾ റോഡ് നിർമ്മാണത്തിനും ടൈലുകൾ, ഇഷ്ടിക, ഹോളോബ്രിക്സ് മുതലായവ നിർമിക്കുന്നതിനായും ഉപയോഗിക്കാം.

ഇതിൽനിന്നും വേർതിരിച്ചെടുത്ത മണ്ണ് ലാൻഡ്ഫിൽ, ലാൻഡ്സ്കേപ്പിംഗ് എന്നിവയ്ക്ക് അനുയോജ്യമാണ്. കൂടാതെ ഇതിൽനിന്നും വേർതിരിച്ചെടുക്കുന്ന മണൽ, മെറ്റൽ, മണ്ണ് എന്നിവ റെഡി മിക്സ് കോൺക്രീറ്റ് പ്ലാന്റുകളിലേക്കുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അസംസ്കൃത വസ്തുവായും നിർമ്മാണ സൈറ്റുകൾക്കും റോഡ്, ഫ്ലൈ ഓവർ എന്നിവയുടെ നിർമ്മാണത്തിനായും ഉപയോഗിക്കാവുന്നതാണ്. കേരളത്തിൽ നീണ്ട കടൽത്തീരമുള്ളതിനാൽ, തീരസംരക്ഷണത്തിനായി Tetrapod-കളുടെ നിർമ്മാണത്തിനായും ടി കെട്ടിടാവശിഷ്ട മാലിന്യങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

(ഡി) കെട്ടിടാവശിഷ്ടങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതിന് ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് പിഴ ചുമത്തുന്നത്; വിശദാംശം നൽകാമോ?

30-7-2022- ലെ G.O.(Ms) No. 168/2022/LSGD നമ്പർ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ കെട്ടിടാവശിഷ്ടങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതിന് പിഴ ചുമത്തുന്നത് സംബന്ധിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

1. കെട്ടിട നിർമ്മാണ അവശിഷ്ടങ്ങൾ നഗരസഭയുടെ ഖരമാലിന്യവുമായി കലർത്തുന്നത് - 10,000 രൂപ

2. കെട്ടിട നിർമ്മാണ/പൊളിക്കൽ മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ തള്ളൽ- 20,000 രൂപ

3. കെട്ടിട നിർമ്മാണ/പൊളിക്കൽ മാലിന്യങ്ങൾ ജലാശയങ്ങളിലേക്കും അഴുക്കുചാലുകളിലേക്കും വലിച്ചെറിയൽ മൂന്ന് വർഷം വരെ തടവുശിക്ഷ 2,00,000 രൂപ പിഴ അല്ലെങ്കിൽ രണ്ടും കൂടി

4. 7 ദിവസത്തിനുള്ളിൽ സൈറ്റിൽനിന്ന് നിർമ്മാണം/പൊളിക്കൽ മാലിന്യങ്ങൾ നീക്കം ചെയ്യാത്തതിന് പിഴ- രൂപ. ടണ്ണിന് 5,000

5. കെട്ടിട നിർമ്മാണം പൊളിക്കുന്നതിനുള്ള മാലിന്യങ്ങൾ വേർതിരിച്ച് വിതരണം ചെയ്യാത്തതിന് പിഴ - Rs. 10,000

6. പൊളിക്കൽ മാലിന്യങ്ങൾ തെറ്റായ രീതിയിൽ കൊണ്ടുപോകുന്നതിന്- 10,000 രൂപ

7. ആവശ്യമായ ലൈസൻസില്ലാതെ നിർമ്മാണ / പൊളിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിന് -10,000 രൂപ

ആവർത്തിച്ചുള്ള ലംഘനങ്ങൾക്ക് പിഴ ഇരട്ടിയായിരിക്കും.

ഇതുകൂടാതെ ഇന്ത്യൻ ശിക്ഷാ നിയമ വകുപ്പ് 269 പ്രകാരവും സംസ്ഥാന പോലീസ് മേധാവി 2018-ൽ പുറപ്പെടുവിച്ച സർക്കുലർ പ്രകാരവും കേരള ഇറിഗേഷൻ & വാട്ടർ കൺവെർഷൻ (അമന്റ്മെന്റ് ) ആക്ട് 2018 , 30-7-2018 പ്രകാരവും ബന്ധപ്പെട്ട നിയമ വ്യവസ്ഥ അനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നു. കൂടാതെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള നടപടികളും സ്വീകരിക്കുന്നു.

**രാഷ്ട്രീയ കൊലപാതകങ്ങൾ നിയന്ത്രിക്കാൻ നടപടി**

27 (*177) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങളും സംഘർഷങ്ങളും നിയന്ത്രിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എന്നിട്ടും സംസ്ഥാനത്ത് രാഷ്ട്രീയ സംഘർഷങ്ങളും കൊലപാതകങ്ങളും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ആഭ്യന്തര വകുപ്പിന്റെ വീഴ്ചയാണെന്ന് കരുതുന്നുണ്ടോ?

സംസ്ഥാനത്ത് രാഷ്ട്രീയ സംഘർഷങ്ങളും കൊലപാതകങ്ങളും നിയന്ത്രിക്കുന്നതിനും ക്രമസമാധാന നില ഭദ്രമാക്കുന്നതിനുമായി പോലീസ് ഇന്റലിജൻസ് വിഭാഗവും ക്രമസമാധാന വിഭാഗവും കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൊലപാതക കേസുകളിൽ കേസന്വേഷണം കാര്യക്ഷമമാക്കിയും പ്രതികളെയും പിന്നിൽ പ്രവർത്തിച്ചവരെയും താമസംവിനാ അറസ്റ്റ് ചെയ്തും രാഷ്ട്രീയഭേദമെന്യേ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തൊട്ടാകെ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തി ആവശ്യമായ ജാഗ്രത പുലർത്തുകയും സാമൂഹ്യമാധ്യമങ്ങൾ വഴി സംഘർഷം സൃഷ്ടിക്കുന്നവരെ കണ്ടെത്തി അവർക്കെതിരെ നിയമനടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സംഘർഷ സാധ്യതയുള്ള മേഖലകളിൽ പോലീസ് സാന്നിധ്യം ഉറപ്പാക്കിയും പട്രോളിംഗ് നടത്തിയും സർവ്വകക്ഷി യോഗങ്ങളും സമാധാന യോഗങ്ങളും സംഘടിപ്പിച്ചും സമാധാനാന്തരീക്ഷം ഉറപ്പാക്കുന്നതിന് ആഭ്യന്തര വകുപ്പ് ശക്തമായ നടപടിയാണ് സ്വീകരിച്ചുവരുന്നത്.

(ബി) രാഷ്ട്രീയ കൊലപാതക കേസ്സുകളിലെ പ്രതികൾക്ക് ഉന്നത തലത്തിൽ നിന്ന് ലഭിക്കുന്നതായി പറയപ്പെടുന്ന സംരക്ഷണം ഇത്തരം കൊലപാതകങ്ങൾ വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചില രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തകരും നേതാക്കളും ആരോപണ വിധേയരാകുന്ന കേസ്സുകളിൽ നിഷ്പക്ഷമായും നീതിപൂർവ്വമായും അന്വേഷണം നടക്കുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

(ബി&സി) ഇത്തരമൊരു ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇത്തരം കേസ്സുകളിലെ പ്രതികളെയും ഗൂഢാലോചനയിൽ പങ്കെടുത്തവരെയും നിയമത്തിന് മുന്നിൽ കൊണ്ടുവരാനാവശ്യമായ നടപടി സ്വീകരിക്കുമോ?

റിപ്പോർട്ട് ചെയ്യപ്പെടുന്ന ക്രിമിനൽ കേസുകളിൽ ഊർജ്ജിതമായി അന്വേഷണം നടത്തി കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികളെയും ഗൂഢാലോചനയിൽ പങ്കെടുത്തവരെയും നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കേസുകളുടെ ശാസ്ത്രീയ പരിശോധനകൾക്കും തെളിവുശേഖരണത്തിനുമായി അത്യാധുനിക ഉപകരണങ്ങൾ സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ തെളിവുകൾ ശേഖരിക്കുന്നതിനും മറ്റുമായി സൈബർ ഡോം, ഹൈ-ടെക് ക്രൈം എൻക്വയറി സെൽ എന്നീ സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തിവരുന്നു. ഇത്തരം കേസുകളിൽ ആവശ്യമെന്ന് കാണുന്ന പക്ഷം ഊർജ്ജിത അന്വേഷണത്തിനായി പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കുകയോ കേസന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറുകയോ ചെയ്ത് കുറ്റവാളികളെ അതിവേഗം നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ**

28(*178) ശ്രീ. എം. നൗഷാദ്:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിത, ഭവനരഹിതർക്കായി വീട് നിർമ്മിച്ച് നൽകുന്നതിന് സ്ഥലം കണ്ടെത്താൻ ആരംഭിച്ചിട്ടുള്ള മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ പ്രകാരം ലഭിക്കുന്ന ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത ക്യാമ്പയിനിന്റെ പ്രചാരണ പ്രവർത്തനം വിപുലീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ?

സംസ്ഥാനത്ത് ഭൂരഹിത, ഭവനരഹിതർക്കായി വീട് നിർമ്മിച്ച് നൽകുന്നതിന് സ്ഥലം കണ്ടെത്താൻ ആരംഭിച്ചിട്ടുള്ള മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ പ്രകാരം ലഭിക്കുന്ന ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് മാർഗരേഖ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 8-7-2022-ലെ സ.ഉ.(കൈ) നമ്പർ 147/202/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്.

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾക്കായി 8-2-2022-ലെ സ.ഉ.(അച്ചടി) നമ്പർ 11/2022/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും സമിതികൾ രൂപീകരിച്ച് ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംസ്ഥാനതലത്തിൽ മുഖ്യമന്ത്രി അദ്ധ്യക്ഷനായും ജില്ലാതലത്തിൽ ജില്ല പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും തദ്ദേശസ്ഥാപനതലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാരുടെ അദ്ധ്യക്ഷതയിലുമുള്ള സമിതികൾ പ്രചാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി പൊതുജന പങ്കാളിത്തത്തോടെ മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ വിപുലമായി സംഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാർ ആരംഭിച്ച ലൈഫ് പദ്ധതിയിൽ ഇതുവരെ എത്ര വീടുകൾ പൂർത്തീകരിച്ച് നൽകിയെന്നും നിർമ്മാണഘട്ടത്തിലിരിക്കുന്ന വീടുകൾ എത്രയെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

സംസ്ഥാനത്ത് കഴിഞ്ഞ സർക്കാർ ആരംഭിച്ച ലൈഫ് പദ്ധതിയിൽ 20-8-2022 വരെ 3,01,912 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 24,635 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

(സി) രണ്ടാം ഘട്ട ലൈഫ് പദ്ധതിയിൽ വീടിന് അർഹതയുള്ളവരായി എത്ര കുടുംബങ്ങളെയാണ് കണ്ടെത്തിയിരിക്കുന്നതെന്നും ഇതിൽ സ്വന്തമായി ഭൂമി ഉള്ളവരും ഇല്ലാത്തവരും എത്ര വീതമെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിൻമേൽ അർഹതാപരിശോധനയും പുനഃപരിശോധനയും ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്കുംശേഷം ഗ്രാമസഭ/ വാർഡ്സഭകളുടെ അംഗീകാരത്തോടുകൂടി (പ്രതികൂലമായ കാലാവസ്ഥമൂലവും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നതിനാലും ഗുണഭോക്തൃ പട്ടിക അന്തിമമാക്കാൻ സാധിക്കാതെയിരുന്ന 171 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെ) പട്ടിക അന്തിമമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2022 ആഗസ്റ്റ് 16-ന് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ഗുണഭോക്തൃ പട്ടിക പ്രകാരം ഭൂമിയുള്ള ഭവനരഹിതരായി 311133 ഗുണഭോക്താക്കളും ഭൂരഹിത

ഭവന രഹിതരായി 151478 ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്. പ്രതികൂലമായ കാലാവസ്ഥമൂലം അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കാൻ സാധിക്കാതിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗുണഭോക്തൃ പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട്.

**നെല്ല് സംഭരണം**

29(*179) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവുമധികം വിലയും പ്രോത്സാഹന ബോണസും നൽകി നെല്ല് സംഭരിക്കുന്നതിന് ഈ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന 2021 മേയ് മാസത്തിൽ നെല്ലിന്റെ സംഭരണ വില 27.48 രൂപയായിരുന്നു. ഇത് 2021-22 സീസണിൽ 28 രൂപയായും 2022-23 സീസണിൽ 28.20 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് അയൽ സംസ്ഥാനങ്ങളേക്കാൾ ചുരുങ്ങിയത് 7.05 രൂപയെങ്കിലും കൂടുതലാണ്. അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നെല്ലിന്റെ വില 21.15 രൂപയാണ്.

(ബി) നെല്ലിന്റെ സംഭരണവില പരമാവധി ഉയർത്തി നിശ്ചയിക്കുന്നതിലും കുടിശിക തുക വിതരണം ചെയ്യുന്നതിലും കർഷകർക്ക് സഹായമാകുന്ന നിലപാട് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 2021-22 സീസണിൽ 249813 കർഷകർക്ക് 2071 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കർഷകർക്ക് നെല്ലിന്റെ സംഭരണ വില കൈമാറുന്നത് പാഡി റെസീപ്റ്റ് ഷീറ്റ് (പി.ആർ.എസ്) വായ്പ പദ്ധതിമൂലമാണ്. നെല്ലിന്റെ സംഭരണ വില കർഷകർക്ക് കൂടുതൽ സൗകര്യപ്രദമായി ലഭ്യമാക്കുവാൻ പി.ആർ.എസ്. വായ്പ പദ്ധതിക്ക് പകരമായി ബാങ്കുകളിൽ നിന്ന് സപ്ലൈകോ നേരിട്ട് വായ്പയെടുത്ത് കർഷകർക്ക് സംഭരണവില വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. ഇതുകൂടാതെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് നൽകുന്ന കൈകാര്യ ചെലവ്, നെല്ലിന്റെ വില തുടങ്ങിയവ യഥാസമയം കർഷകർക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്ന നടപടികൾ സപ്ലൈകോ കൈക്കൊണ്ടുവരുന്നുണ്ട്. കർഷകർക്ക് നെല്ലിന്റെ

സംഭരണ വില സുതാര്യമായും കാലതാമസം കൂടാതെയും നൽകുന്നതിനായി കൂടുതൽ ഉദ്യോഗസ്ഥരെ താൽക്കാലികമായി നിയോഗിക്കുകയും മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി 2021-22 നെല്ല് സംഭരണ സീസണിൽ കൂടുതൽ വേഗത്തിൽ കർഷകർക്ക് സംഭരണവില കൊടുത്തുതീർക്കുവാനും സാധിച്ചിട്ടുണ്ട്.

(സി) നെല്ല് സംഭരണം ഊർജ്ജിതമാക്കുന്നതിനും നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

1) 2022-23 സീസണിലെ നെല്ല് സംഭരണത്തിനായി ആഗസ്റ്റ് മാസം 1-ാം തീയതി തന്നെ കർഷക രജിസ്ട്രേഷനുവേണ്ടി സപ്ലൈകോ നെല്ല് സംഭരണ രജിസ്ട്രേഷൻ പോർട്ടൽ തുറന്ന് നൽകുകയും രജിസ്ട്രേഷൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2) നെല്ല് സംഭരണ പ്രക്രിയയിൽ പങ്കാളികളാകാനായി മില്ലുകളുടെ താൽപ്പര്യം ക്ഷണിച്ച് അറിയിപ്പ് നൽകിയിട്ടുണ്ട്.

3) നെല്ല് സംഭരണത്തിന് ആവശ്യമുള്ള നിലവിലുള്ള ഉദ്യോഗസ്ഥരെ കൂടാതെ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതാണ്.

4) കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ വരുന്നത് അനുസരിച്ച് നെല്ല് സംഭരണം ആരംഭിക്കുന്നതാണ്. (മുൻവർഷങ്ങളിൽ സെപ്റ്റംബർ മുതൽ സംഭരണം ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഈ വർഷവും സെപ്റ്റംബർ മുതൽ നെല്ല് സംഭരണം തുടങ്ങുന്നതിനുള്ള നിർദ്ദേശം വരുമെന്ന് പ്രതീക്ഷിക്കുന്നു.)

(ഡി) കാലാവസ്ഥാവ്യതിയാനവും കുട്ടനാടിന്റെ പ്രത്യേക സാഹചര്യവും പരിഗണിച്ച് നെല്ല് ഉണക്കി സംഭരിക്കാൻ കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുടമകൾ പാടശേഖരങ്ങളിൽ നിന്നും നേരിട്ട് നെല്ല് സംഭരിച്ചുവരുന്ന രീതിയാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്. സംഭരിക്കുന്ന നെല്ല് ഉണക്കുന്നതിനും ആയവ സംസ്കരിച്ച് അരിയാക്കുന്നതിനും എല്ലാ ആധുനിക സജ്ജീകരണങ്ങളും ടി മില്ലുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണനിലവാരമുള്ള നെല്ല് സംഭരിച്ച്, നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡപ്രകാരംതന്നെ മില്ലുകളിൽ ആധുനിക രീതിയിൽ സംസ്കരിച്ച് അരിയാക്കിയാണ് പൊതുവിതരണ സംവിധാനത്തിലെത്തുന്നത് എന്നത് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. കേന്ദ്രീകൃത നെല്ല് സംഭരണ കേന്ദ്രം നടത്തുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## സംസ്ഥാനത്തിന്റെ അധികാരത്തിൽ ഇ.ഡി.യുടെ ഇടപെടൽ

30(*180) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. വി. ജോയി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് പ്രക്രിയ അട്ടിമറിക്കാൻ കേന്ദ്രത്തിലെ ഭരണകക്ഷി കള്ളപ്പണം ഹവാല മാർഗ്ഗത്തിൽ കൊടകരയിൽ എത്തിച്ചത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സിലെ അന്വേഷണ പുരോഗതി അറിയിക്കാമോ; പ്രസ്തുത കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഇതുവരെ അന്വേഷണം നടത്തുകയോ കേസ് രജിസ്റ്റർ ചെയ്യുകയോ ചെയ്തതായി അറിയാമോ?

2021-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ബി.ജെ.പി. അനുഭാവിയും ബി.ജെ.പി.-യുടെ സംസ്ഥാന നേതാക്കളായ ശ്രീ. കെ. സുരേന്ദ്രൻ, ശ്രീ. എം. ഗണേഷ്, ശ്രീ. ഗിരീശൻ നായർ തുടങ്ങിയവരുമായി അടുത്ത ബന്ധം പുലർത്തിവരുന്ന ആളുമായ ശ്രീ. ധർമ്മരാജൻ മുഖാന്തരം കോഴിക്കോട് എത്തിച്ച പണം അവിടെ നിന്നും വിതരണത്തിനായി ആലപ്പുഴയിലെ ബി.ജെ.പി. ജില്ലാട്രഷററായ ശ്രീ. ഗോപാലകൃഷ്ണ കർത്തയ്ക്ക് കൈമാറുന്നതിനായി കൊണ്ടുപോകുന്നതിനിടയിലാണ് കൊടകരയിൽവച്ച് പണം കവർച്ച ചെയ്യപ്പെട്ടത്. ഇതുസംബന്ധിച്ച് കൊടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 146/2021 u/s 395 IPC ആയ കേസിന്റെ അന്വേഷണം തൃശ്ശൂർ റേഞ്ച് ഡി.ഐ.ജി. ശ്രീ. എ. അക്ബർ IPS-ന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘത്തിന് കൈമാറിയിട്ടുണ്ട്. അന്വേഷണത്തിനിടയിൽ കവർച്ചപ്പണം മൂന്നര കോടി രൂപയായിരുന്നുവെന്ന് പരാതിക്കാരൻ ശ്രീ. ഷംജീറും പരാതിക്കാരന് പണം ഏൽപ്പിച്ച ധർമ്മരാജനും (S/o ശ്രീ. വേലായുധൻ) മൊഴി നൽകിയിട്ടുള്ളതും തുടർന്ന് ഇന്ത്യൻ ശിക്ഷാനിയമത്തിലെ 412, 212, 120(B) എന്നീ വകുപ്പുകൾകൂടി കൂട്ടിച്ചേർത്ത് അന്വേഷണം നടത്തി വരുന്നതുമാണ്. ഈ കേസിലെ 1 മുതൽ 22 വരെയുള്ള പ്രതികൾക്കെതിരെ 219 സാക്ഷികളെ ഉൾപ്പെടുത്തി കുറ്റപത്രം ഇരിങ്ങാലക്കുട JFCM കോടതി മുമ്പാകെ 23-7-2021-ൽ സമർപ്പിച്ചിട്ടുണ്ട്. കേസിൽ കൂടുതൽ തെളിവ് ശേഖരിച്ച് അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കണ്ടതിനാൽ തുടരന്വേഷണത്തിനായി 23-9-2021-ൽ കോടതിയിൽ റിപ്പോർട്ട് നൽകി അന്വേഷണം നടത്തിവരുന്നു. അന്വേഷണത്തിൽ 10-ാം പ്രതിയുടെ ഭാര്യയായ കേസിലെ 23-ാം പ്രതി ശ്രീമതി ജിൻഷയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 12 ലക്ഷം

രൂപയുടെ മുതലുകൾകൂടി റിക്കവറി നടത്തിയിട്ടുള്ളതും മറ്റ് പ്രതികളെയും സാക്ഷികളെയും ബന്ധപ്പെടുത്തി ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നതുമാണ്. കവർച്ച സംബന്ധിച്ച കുറ്റകൃത്യത്തിനപ്പുറം ഇത്തരം പണത്തിന്റെ ഉറവിടം സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തേണ്ടത് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റായതിനാൽ 1-6-2021-ന് ഒരു റിപ്പോർട്ടും ഈ കേസിന്റെ കുറ്റപത്രം സമർപ്പിച്ചതിനുശേഷം 2-8-2021-ന് മറ്റൊരു വിശദമായ റിപ്പോർട്ടും കൊച്ചിൻ എൻഫോഴ്സ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അന്വേഷണം നടത്തുകയോ കേസ് രജിസ്റ്റർ ചെയ്യുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രിവെൻഷൻ ഓഫ് മണി ലോൺഡറിങ് ആക്ടിലെ 3-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള കുറ്റകൃത്യമോ ഫെമ നിയമലംഘനമോ മാത്രം അന്വേഷിക്കാൻ അധികാരമുള്ള ഇ.ഡി. നിക്ഷിപ്ത താത്പര്യാർത്ഥം സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ ദുർബ്ബലപ്പെടുത്തുന്ന തരത്തിൽ ഇടപെടുന്നതായും അത്തരത്തിലുള്ള അധികാര ലംഘനം അന്വേഷിക്കാൻ ഇ.ഡി.ക്ക് അധികാരമുണ്ടെന്ന് ഒരു കേന്ദ്ര സഹമന്ത്രി ന്യായീകരിച്ചതായും ഉള്ള വാർത്ത പരിശോധിച്ചിരുന്നോ; വ്യക്തമാക്കുമോ?

ഇത് സംബന്ധിച്ച മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ക്രമസമാധാനപാലനം സംസ്ഥാന വിഷയമായിരിക്കെ തങ്ങളുടെ അധികാര പരിധിയിൽപ്പെടാത്ത സഹകരണ ബാങ്കിലെ ക്രമക്കേട് അന്വേഷിക്കാൻ ഇ.ഡി. ഉദ്യോഗസ്ഥർ സി.ആർ.പി.എഫുമായി എത്തിയ വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ 10-8-2022, 25-8-2022 തീയതികളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉദ്യോഗസ്ഥർ സി.ആർ.പി.എഫ്-ന്റെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇ.ഡി.-യും കേന്ദ്ര സഹമന്ത്രിയും സംസ്ഥാനത്തിന്റെ അധികാരത്തിൽ തുടർച്ചയായി ഇടപെടുന്നതായി പറയപ്പെടുന്ന നടപടി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി നിയമനടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ?

2020 ഡിസംബർ 16-ന് കേന്ദ്ര അന്വേഷണ ഏജൻസികളുടെ ചില നടപടികളെക്കുറിച്ചുള്ള അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ തുടർന്നുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതും പരിശോധിക്കുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### യു.എ.ഇ. കോൺസുലേറ്റുമായുള്ള സിംഗിൾ പോയിന്റ് കോൺടാക്ട്

1 (1925) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥനെ യു.എ.ഇ. കോൺസുലേറ്റുമായുള്ള/കോൺസുൽ ജനറലുമായുള്ള സംസ്ഥാന സർക്കാരിന്റെ സിംഗിൾ പോയിന്റ് കോൺടാക്ടായി നിയമിച്ചുകൊണ്ട് എന്തെങ്കിലും ഉത്തരവുകളോ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നോ എന്ന് വ്യക്തമാക്കാമോ?

ഇല്ല.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ/നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ചോദ്യം ഉദിക്കുന്നില്ല.

### സർഫാസി നിയമം

2 (1926) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായ്പയെടുത്ത കർഷകരും പാവപ്പെട്ടവരും സർഫാസി നിയമപ്രകാരം ജപ്തിയും കുടിയിറക്ക് ഭീഷണിയും നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൃഷിഭൂമി പണയപ്പെടുത്തി എടുത്ത കാർഷിക വായ്പകൾക്ക് സർഫാസി നിയമം ബാധകമല്ല. കേന്ദ്ര നിയമമായ സർഫാസി പ്രകാരമാണ് വായ്പ നൽകുന്ന ധനകാര്യ സ്ഥാപനങ്ങൾ റിക്കവറി നടപടി സ്വീകരിക്കുന്നത്.

(ബി) കർഷകർ ആധാരം പണയപ്പെടുത്തി എടുത്തിട്ടുള്ള വായ്പകൾ എല്ലാം കർഷക വായ്പകളായി കണക്കാക്കി സർഫാസി അടക്കമുള്ള നിയമങ്ങളിൽനിന്നും കർഷകർക്ക് സംരക്ഷണം നൽകാൻ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുമോ;

(സി) ഇപ്രകാരം വയനാട്ടിലെ ആയിരക്കണക്കിന് കർഷകർ കുടിയിറക്ക് ഭീഷണിയിലാണെന്ന വസ്തുത ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നിയമത്തിലെ വകുപ്പ് 30 (ഐ) പ്രകാരം കൃഷിഭൂമി ജപ്തി ചെയ്യുവാൻ പാടില്ലായെന്ന നിബന്ധന മറികടന്ന് കൃഷിഭൂമി പോലും ജപ്തിക്ക് വിധേയമാക്കുന്ന സാഹചര്യത്തിൽ സർക്കാർ തലത്തിൽ ഇടപെടൽ നടത്തി കർഷകരെ രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി-ഡി) അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോഴുണ്ടാകുന്ന ബാധ്യതയ്ക്ക് 2002-ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ടിന്റെ (സർഫാസി ആക്ട്) വ്യവസ്ഥകൾ ബാധകമാകുന്നതല്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിനായി പ്രസ്തുത ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് 14-ാം കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസാക്കുകയും ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**അഭ്യസ്തവിദ്യർക്ക് തൊഴിലവസരങ്ങൾ**

3 (1927) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ആകുമ്പോഴേക്കും സംസ്ഥാനത്തെ അഭ്യസ്തവിദ്യർക്ക് എത്ര തൊഴിലവസരങ്ങൾ നൽകാനാണ് ഈ സർക്കാർ ലക്ഷ്യമിടുന്നതെന്നും അതുവഴി സംസ്ഥാനത്തെ തൊഴിലില്ലായ്മ എത്രത്തോളം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ;

(ബി) അതിൽ സ്റ്റാർട്ട് അപ്പുകൾ മുഖേനയും മറ്റിതര മാർഗ്ഗങ്ങൾ മുഖേനയും എത്രവീതം തൊഴിലവസരങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

(എ & ബി) തൊഴിലില്ലാത്ത 20 ലക്ഷം അഭ്യസ്തവിദ്യർക്ക് ഡിജിറ്റൽ മേഖലയിൽ തൊഴിൽ നൽകുന്നതിന് ബൃഹത്തായ പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലും തൊഴിൽ മേളകൾ നടത്തിയതിനൊപ്പം കരിയർ ബ്രേക്ക് വന്ന സ്ത്രീകൾക്കായി പ്രത്യേകം തൊഴിൽ മേളകളും ഓൺലൈൻ തൊഴിൽ മേളകളും പരീക്ഷണാടിസ്ഥാനത്തിൽ നടത്തി. തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്ക് അത്യാധുനിക ഡിജിറ്റൽ നൈപുണ്യ പരിശീലനം നൽകുന്നതിനായി കേരള നോളജ് എക്കോണമി മിഷൻ രൂപീകരിച്ചിട്ടുണ്ട്. 7 ലക്ഷം തൊഴിലവസരങ്ങളുടെ വിവരം ലഭ്യമാക്കാൻ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുമായി കരാറിലേർപ്പെട്ടു. ഫ്രീലാൻസ് ജോലികൾക്കായി അന്താരാഷ്ട്രതലത്തിലുള്ള ഫ്രിലാൻസ് പ്ലാറ്റ്ഫോമുമായി കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന നിരവധി പദ്ധതികൾ തൊഴിൽരഹിതർക്കുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. ശരണ്യ, കെസ്റു, കൈവല്യ, മൾട്ടിപർപ്പസ് ജോബ് ക്ലബുകൾ, നവജീവൻ എന്നീ പേരുകളിൽ 5 സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്ത് ചെറുകിട സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കാനും ജില്ല ആസ്ഥാനങ്ങളിൽ ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകളും ഗ്രാമീണ മേഖലകളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകളും ആരംഭിച്ചുവഴി സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ വർഷവും ജില്ലാ കേന്ദ്രങ്ങളിൽ വച്ചുനടത്തുന്ന നിയുക്തി മെഗാ ജോബ്ഫെയർ വഴി സ്വകാര്യമേഖലയിലും നിരവധി തൊഴിലവസരങ്ങൾ ലഭ്യമാക്കിവരുന്നു. മോഡൽ കരിയർ സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ എന്നിവ വഴി വിവിധ പരിശീലന പരിപാടികളും പേരാമ്പ്ര കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ ധനുസ്സ് പദ്ധതി വഴി മികച്ച ഉന്നതപഠനം ലക്ഷ്യമാക്കി പരിശീലന പരിപാടികളും ഉദ്യോഗാർത്ഥികൾക്ക് വകുപ്പ് വഴി നൽകിവരുന്നുണ്ട്. ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയ്ക്ക് അനുസൃതമായി എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം നടപ്പാക്കി വരുന്ന ശരണ്യ, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്, കെസ്റു, നവജീവൻ സ്വയം തൊഴിൽ പദ്ധതികൾ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യർക്ക് 2026 വരെ ആകെ 19500 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ 2026 ആകുമ്പോഴേക്കും സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകൾ മുഖേന രണ്ട് ലക്ഷം തൊഴിലവസരങ്ങൾ ലഭ്യമാക്കാനും സർക്കാർ ഐ.ടി. പാർക്കുകൾ മുഖേന ഏകദേശം 57000-ത്തോളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തെ നിലവിലെ തൊഴിലില്ലായ്മ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

19-8-2022 അടിസ്ഥാനമാക്കി സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 3038748 അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഐ.ടി. പാർക്കുകൾ, സ്റ്റാർട്ട് അപ്പുകൾ എന്നിവയുടെ ഏകോപനം ഉറപ്പാക്കി തൊഴിലില്ലായ്മ പരിഹരിക്കുക എന്ന ലക്ഷ്യം കൈവരിക്കാനായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഇഗ്നൈറ്റ് പദ്ധതിയുടെ ഭാഗമായി 5 വർഷംകൊണ്ട് അയ്യായിരത്തിലധികം ബിരുദധാരികൾക്ക് സർക്കാർ ഗ്രാന്റോടുകൂടി 6 മാസം ഐ.ടി. കമ്പനികളിൽ ഇന്റേൺഷിപ്പ് നടത്തുവാനുള്ള നടപടികൾ നടന്നുവരുന്നു.

**ഇ-ഓഫീസ് സംവിധാനം**

4 (1928) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഓഫീസ് സംവിധാനം ഏതൊക്കെ ഓഫീസുകളിൽ ഇനിയും നടപ്പാക്കാനുണ്ടെന്ന് അറിയിക്കാമോ;

(ബി) എല്ലാ ഓഫീസുകളും ഇ-ഓഫീസ് സംവിധാനത്തിലേക്കെത്തിച്ച് കടലാസുരഹിത ഓഫീസുകളാക്കി മാറ്റാൻ നടപടി സ്വീകരിക്കാമോ?

(എ & ബി) ന്യൂനപക്ഷ ക്ഷേമം, കാഴ്ചബംഗ്ലാവും മൃഗശാലയും എന്നീ രണ്ട് വകുപ്പുകളിലൊഴികെ മറ്റെല്ലാ ഡയറക്ടറേറ്റുകളിലും കമ്മീഷണറേറ്റുകളിലും ഇലക്ട്രോണിക് ഫയൽ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത 2 ഡയറക്ടറേറ്റുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. എല്ലാ ഓഫീസുകളും ഇ-ഓഫീസ് സംവിധാനത്തിലേക്കെത്തിക്കുന്നത് വഴി അവയെല്ലാം കടലാസുരഹിത ഓഫീസുകളാക്കി മാറ്റാൻ സാധിക്കും.

**ഉപയോഗശൂന്യമായ വാഹനങ്ങൾ ലേലം ചെയ്യാൻ നടപടി**

5 (1929) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിൽ പ്രവർത്തനക്ഷമമല്ലാത്തതും ഉപയോഗിക്കാത്തതുമായ എത്ര വാഹനങ്ങൾ ഉണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ;

(ബി) അവയിൽ എത്രയെണ്ണം ചട്ടപ്രകാരം ലേലം ചെയ്ത് സർക്കാരിൽ മുതൽക്കൂട്ടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ലേലം ചെയ്യാൻ നടപടി സ്വീകരിക്കാത്ത എത്ര വാഹനങ്ങളുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഉപയോഗശൂന്യമായ പ്രസ്തുത വാഹനങ്ങൾ ലേലം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-ഡി) ചോദ്യത്തിൽ ഉന്നയിച്ചിട്ടുള്ള വാഹനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച ക്രോഡീകരിച്ച വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ വിവരങ്ങൾ ഡാറ്റാ ബേസിൽ സൂക്ഷിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ VEELS എന്ന സോഫ്റ്റ് വെയർ നിലവിലുണ്ട്. പ്രസ്തുത സോഫ്റ്റ്‌വെയറിൽ ഉപയോഗത്തിലുള്ള വാഹനങ്ങളുടെ വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഉപയോഗശൂന്യമായ വാഹനങ്ങളുടെ വിവരങ്ങൾ കൂടി VEELS സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുന്നതാണ്. ഉപയോഗശൂന്യമായ വാഹനങ്ങളുടെ ക്രോഡീകരിച്ച വിവരം ലഭ്യമായതിനുശേഷം ഈ വാഹനങ്ങൾ ലേലം ചെയ്യുന്നതിന് നിർദ്ദേശം പുറപ്പെടുവിക്കുന്നതാണ്.

## സിൽവർ ലൈൻ പദ്ധതി

6 (1930) ശ്രീ. വി. ജോയി:

ശ്രീ. എൻ. കെ. അക്ബർ:

ശ്രീ. എം. രാജഗോപാലൻ:

ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിയുടെ നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ തത്ത്വത്തിലുള്ള അനുമതി ലഭിച്ച് തുടർ പ്രവർത്തനങ്ങളുമായി ഈ സർക്കാർ മുന്നോട്ടുപോകുമ്പോൾ പൊതുജനങ്ങൾക്കും തൽപ്പരകക്ഷികൾക്കും ഉണ്ടാകുന്ന സംശയങ്ങൾക്കും ആശങ്കകൾക്കും പരിഹാരം കാണുന്നതിനായി സംവിധാനം ഒരുക്കിയിരുന്നോ; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ പൊതുജനങ്ങൾക്കുണ്ടായ സംശയങ്ങൾക്കും ആശങ്കകൾക്കും പരിഹാരം കാണുന്നതിനായി വിളിച്ചു ചേർത്ത യോഗങ്ങൾ ഉദ്ദേശ്യലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ & ബി) സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ കോണുകളിൽനിന്ന് ഉയർന്ന ആശങ്കകളും സംശയങ്ങളും പരിഹരിക്കുന്നതിനാണ് 'ജനസമക്ഷം' എന്ന പരിപാടി സംഘടിപ്പിച്ചത്. പദ്ധതിയെക്കുറിച്ച് ഉയർന്ന സംശയങ്ങൾക്ക് വ്യക്തമായ മറുപടി പരിപാടിയിൽ നൽകുകയുണ്ടായി. യോഗത്തിൽ പങ്കെടുത്തവർ പദ്ധതിക്ക് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തിട്ടുണ്ട്. പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ, ഉയർന്ന നഷ്ടപരിഹാരം ഉറപ്പാക്കുമെന്ന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. അതുകൂടാതെ 'സംവാദം' എന്ന പേരിൽ

പദ്ധതിയുടെ സാങ്കേതിക വിശദാംശങ്ങൾ പൊതുജനങ്ങൾക്കായി ചർച്ച ചെയ്യുകയുണ്ടായി. ജനസമക്ഷം പരിപാടിയുടെ തുടർച്ചയായി സാമൂഹ്യ മാധ്യമങ്ങളിൽകൂടി ജനങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകാൻ 'ഓൺലൈൻ-ജനസമക്ഷം' എന്ന പരിപാടി കെ-റെയിൽ ഇപ്പോൾ നടത്തി വരികയാണ്. എം.എൽ.എ.-മാർക്ക് പദ്ധതിയുടെ വിശദാംശങ്ങൾ സംബന്ധിച്ച് കെ-റെയിൽ പ്രസന്റേഷനും നടത്തിയിട്ടുണ്ട്. ജനങ്ങളുടെ ആശങ്കകൾ പരിഹരിച്ച് ജനപിന്തുണയോടെ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) സിൽവർലൈൻ പദ്ധതിക്ക് കേന്ദ്രാനുമതി നേടിയെടുത്ത് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പദ്ധതിക്ക് അന്തിമാനുമതി വേഗത്തിലാക്കുന്നതിന് സർക്കാർ തലത്തിൽ റെയിൽവേ ബോർഡ് ചെയർമാനുമായി യോഗം ചേരുകയും ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് കത്തയയ്ക്കുകയും നേരിട്ട് കൂടിക്കാഴ്ച നടത്തുകയും ചെയ്തിരുന്നു. ഇതുകൂടാതെ സിൽവർലൈൻ പദ്ധതിയെക്കുറിച്ച് ഒരു മെമ്മോറാണ്ടം ബഹുമാനപ്പെട്ട പ്രധാനമന്ത്രി മുമ്പാകെ 24-3-2022-ന് നേരിട്ട് കൈമാറിയിരുന്നു. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായുള്ള ഈ കൂടിക്കാഴ്ചയിൽ സിൽവർലൈൻ പദ്ധതിയുടെ വിവിധ വശങ്ങൾ വിശദമായി ചർച്ച ചെയ്തു. കേരളത്തിന്റെ പുരോഗതിയെ സംബന്ധിച്ചിടത്തോളം പദ്ധതി എത്രമാത്രം അനിവാര്യമാണെന്ന് വിശദീകരിച്ചു. സിൽവർലൈൻ പദ്ധതിക്ക് അന്തിമാനുമതി ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഇടുക്കി ജില്ലയ്ക്കായി സാമ്പത്തിക പാക്കേജുകൾ**

7 (1931) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലക്കായി എത്ര സാമ്പത്തിക പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഇടുക്കി ജില്ലയുടെ സാമൂഹിക സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി ജില്ല വികസന പദ്ധതികൾ, കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകൾ, സഹകരണമേഖല, സ്വകാര്യമേഖല എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് ഒരു പ്രത്യേക വികസന പാക്കേജാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പാക്കേജുകൾക്കായി എത്ര തുക പ്രഖ്യാപിച്ചിട്ടുണ്ട്; വിവിധ പാക്കേജുകളുടെ നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കുപുറമേ പാക്കേജിൽ നിർദ്ദേശിക്കുന്ന പദ്ധതികൾ ജില്ലാതലത്തിൽ ഏറ്റെടുക്കുന്നതിനായി പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ആദ്യ വർഷമായ 2022-23-ൽ 75 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 22-11-2021-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പാക്കേജ് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യാൻ 18-3-2022, 19-3-2022 എന്നീ തീയതികളിൽ സംസ്ഥാന ആസൂത്രണബോർഡിലെ മെമ്പർ (കൃഷി വിഭാഗം), ചീഫ് (കൃഷി വിഭാഗം) എന്നിവരുടെ സാന്നിധ്യത്തിൽ ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ, ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുമായി സമഗ്ര യോഗം ചേരുകയുണ്ടായി. പാക്കേജിന്റെ നടത്തിപ്പിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറായ ശ്രീ. ജീവൻ ബാബു, ഇടുക്കി ജില്ലാകളക്ടർ എന്നിവർ കോ ചെയർപേഴ്സൺസായി 8 വിദഗ്ധർ അടങ്ങിയ ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ല വികസന കമ്മീഷണറെ പാക്കേജിന്റെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലാകളക്ടർ സമർപ്പിച്ച പ്രോജക്ടുകളുടെ ലിസ്റ്റ് പരിശോധിച്ച് മുൻഗണനാക്രമം നിശ്ചയിക്കുകയും പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ട നടപടി പുരോഗമിച്ചുവരികയുമാണ്.

(സി) ഇടുക്കിയുടെ വികസനത്തിനായി കൃഷി, ടൂറിസം തുടങ്ങിയ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് മുൻഗണന നൽകി പ്രസ്തുത പാക്കേജുകൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

സാമൂഹികമായും സാമ്പത്തികമായും പാരിസ്ഥിതികമായും സുസ്ഥിരമായ രീതിയിൽ ജില്ലയുടെ സന്തുലിതവും സമഗ്രവുമായ വികസനത്തിനുതകുന്ന പദ്ധതികൾക്കെല്ലാം തന്നെ പാക്കേജിൽ മുൻഗണന നൽകിയിട്ടുണ്ട്.

**തിരുവമ്പാടി മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

8 (1932) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി പ്രകാരം വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടം എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) പൊതുജനങ്ങൾക്ക് കെ-ഫോൺ പദ്ധതി പ്രകാരം ലഭ്യമാവുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും ആയത് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണെന്നും വിശദമാക്കുമോ?

(എ-സി) തിരുവമ്പാടി മണ്ഡലം ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ശക്തവും കാര്യക്ഷമവും ആക്കുന്നതിന് നിലവിലുള്ള ബാൻഡ് വിഡ്ത്ത് പരിശോധിച്ച് അപര്യാപ്തതയുണ്ടെങ്കിൽ പരിഹരിച്ച് ഭാവിയിലേക്ക് ആവശ്യമായ ബാൻഡ് വിഡ്ത്ത് സജ്ജമാക്കുന്നതിന് വിഭാവനം ചെയ്തുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കെ-ഫോൺ. ഈ പദ്ധതി വഴി തിരുവമ്പാടി മണ്ഡലം ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളിലെയും മുഴുവൻ സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അവിടത്തെ തെരഞ്ഞെടുക്കപ്പെടുന്ന പാവപ്പെട്ട കുടുംബങ്ങൾക്കും സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കാനാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

പദ്ധതിയുടെ ആദ്യ ഘട്ടം ഉടൻ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുജനങ്ങൾക്ക് കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ/നടപടിക്രമങ്ങൾ എന്നിവ രൂപീകരിക്കുന്നതിന് സെക്രട്ടറിതല സമിതി രൂപീകരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

**കോതമംഗലം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

9 (1933) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഭരണാനുമതി നൽകിയിട്ടുള്ള ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

(എ-സി) കോതമംഗലം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതി അടക്കമുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) റീ ബിൽഡ് കേരള പദ്ധതിയുടെ രണ്ടാം ഘട്ടം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഇ) റീബിൽഡ് കേരളയുടെ രണ്ടാം ഘട്ടത്തിൽ കോതമംഗലം മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(ഡി & ഇ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ വിവിധ വകുപ്പുകളുടേതായി നാളിതുവരെ 8034 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ ഒട്ടുമിക്കവയും ബഹുവർഷ പദ്ധതികളാണ്. വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങളിൽ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായവ ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി, മന്ത്രിസഭ എന്നീ തലങ്ങളിൽ പരിശോധിച്ച് പദ്ധതി നിർദ്ദേശങ്ങളുടെ യോഗ്യത, ഫണ്ട് ലഭ്യത തുടങ്ങിയവ കണക്കിലെടുത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഫെയർകോപ്പി സൂപ്രണ്ട് തസ്തിക അനുവദിക്കുന്നതിലെ മാനദണ്ഡങ്ങൾ**

10 (1934) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ഫെയർകോപ്പി സൂപ്രണ്ട് തസ്തിക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) എല്ലാ വകുപ്പുകളിലും ഫെയർകോപ്പി സൂപ്രണ്ട്, ടൈപ്പിസ്റ്റ് അനുപാതം നിശ്ചയിക്കുന്നത് ഒരേ രീതിയിലാണോ; വിശദീകരിക്കുമോ?

(എ & ബി) നാലാം ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം ആറ് ടൈപ്പിസ്റ്റ് തസ്തികകൾക്ക് ഒരു ഫെയർകോപ്പി സൂപ്രണ്ട് എന്ന അനുപാതമാണ് നിശ്ചയിച്ചിട്ടുള്ളത്.

(സി) എല്ലാ വകുപ്പുകളിലും 4 ടൈപ്പിസ്റ്റുകൾക്ക് 1 ഫെയർകോപ്പി സൂപ്രണ്ട് എന്ന അനുപാതത്തിൽ ഫെയർകോപ്പി സൂപ്രണ്ടുമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

11 (1935)ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ നൽകുന്ന സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

സിവിൽ സർവ്വീസ് കൂടുതൽ ജനകീയവും കാര്യക്ഷമവും വേഗതയുള്ളതുമാക്കി മാറ്റുന്നതിനുള്ള സത്വര നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

സിവിൽ സർവ്വീസ് ശക്തമാക്കുന്നതിനായി കഴിഞ്ഞ ആറ് വർഷത്തിനിടെ 27000-ലധികം തസ്തികകൾ പുതുതായി സൃഷ്ടിച്ചു. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തി. സിവിൽ സർവ്വീസിലെ മധ്യതല സംവിധാനം ശക്തമാക്കുന്നതിനും യുവജനങ്ങളെ സിവിൽ സർവ്വീസിലേയ്ക്ക് ആകർഷിക്കുന്നതിനുമായി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു. ഇതിന്റെ ആദ്യ ബാച്ചിന്റെ പരിശീലനം പുരോഗമിക്കുകയാണ്.

കാലാനുസൃതമായി സിവിൽ സർവ്വീസ് മെച്ചപ്പെടുത്തുക, ജീവനക്കാരും പൊതുജനങ്ങളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുക, സർക്കാർ തലത്തിലുള്ള പദ്ധതികളും ജനക്ഷേമ പ്രവർത്തനങ്ങളും പൊതുസമൂഹത്തിന് കൂടുതൽ വേഗത്തിൽ അനുഭവവേദ്യമാക്കുക, ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച നാലാം ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കിവരികയാണ്.

എല്ലാ സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാരെ കർത്തവ്യബോധമുള്ളവരും പൊതുജനക്ഷേമ തല്പരരുമാക്കുന്നതിനായി സംസ്ഥാന പരിശീലന നയം പരിഷ്കരിച്ച് നടപ്പാക്കിവരുന്നു. ജീവനക്കാരുടെ അറിവും കഴിവുകളും വർദ്ധിപ്പിച്ച് സേവന നിലവാരം ഉയർത്തുന്നതിനും ഇതിലൂടെ കഴിയുന്നുണ്ട്.

ജീവനക്കാരുടെ കൃത്യനിഷ്ഠയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനകം വിവിധ വകുപ്പുകളിൽ ഇത് ഏർപ്പെടുത്തിക്കഴിഞ്ഞു. അവശേഷിക്കുന്ന സ്ഥാപനങ്ങളിൽക്കൂടി പഞ്ചിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ജീവനക്കാരുടെ ജോലിഭാരത്തിന് അനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധിക തസ്തികകൾ കണ്ടെത്തുന്നതിനുമായി ഓരോ വകുപ്പിലും പ്രത്യേക സമിതികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) ഓരോ ജില്ലയിലെയും സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വിജിലൻസ് സംവിധാനങ്ങൾ ഉൾപ്പെടെ ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാന സിവിൽ സർവ്വീസ് അഴിമതിരഹിതമാക്കുന്നതിന് അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/ സത്വരാന്വേഷണം/പ്രാഥമികാന്വേഷണം/ മിന്നൽ പരിശോധന എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്ത് സസ്പെൻഷൻ, മറ്റ് വകുപ്പുതല നടപടി എന്നിവ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ട്രാപ്പ് കേസ്സുകൾ സ്വമേധയാ രജിസ്റ്റർ ചെയ്തും ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. അന്വേഷണങ്ങളിലും മിന്നൽ പരിശോധനകളിലും കണ്ടെത്തുന്ന ക്രമക്കേടുകളിലും അഴിമതിയിലുമുൾപ്പെട്ട ആരോപണ വിധേയനായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും അഴിമതി നിർമ്മാർജ്ജനത്തിനും ആവശ്യമായ ശിപാർശകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന സർക്കാരിലേയ്ക്ക് സമർപ്പിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ അഴിമതി തടയുന്നതിനുവേണ്ടി മിക്ക വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ആയത് ശക്തിപ്പെടുത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകി പ്രസ്തുത വകുപ്പുകളിലെ വിജിലൻസ് ഓഫീസർമാർക്ക് V & ACB-യിൽനിന്നും ആവശ്യമായ പരിശീലനവും നൽകിവരുന്നുണ്ട്.

അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും അഴിമതിയെ സംബന്ധിച്ച

വിവരങ്ങൾ അറിയിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വെബ് സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റിഷൻ (www.publicvigil.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് IAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

വിവിധ സർക്കാർ ഓഫീസുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, കമ്പനി/ കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവിടങ്ങളിൽ പരാതികൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലുള്ള പരിശോധനകളും ആകസ്മിക പരിശോധനകളും ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം കാര്യക്ഷമമായി നടത്തി, പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അതതു വകുപ്പധ്യക്ഷന്മാർക്ക് നൽകി വരുന്നുണ്ട്.

(സി) പരമാവധി സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

ശാസ്ത്ര സാങ്കേതിക രംഗത്തെ നൂതന സാധ്യതകൾ ഉപയോഗപ്പെടുത്തി സിവിൽ സർവ്വീസ് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ വകുപ്പുകളുടെയും മറ്റും പ്രവർത്തനം ഡിജിറ്റൽവൽക്കരിക്കുന്നതിന് നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഫയൽ നീക്കം വേഗത്തിലാക്കുന്നതിനായി സെക്രട്ടേറിയറ്റിലും വിവിധ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽ ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

വിവിധ വകുപ്പുകൾ നൽകുന്ന സേവനം " ഇ-സേവനം" എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലിലൂടെയും "എം- സേവനം" എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിന് പ്രസ്തുത സംവിധാനം ഉപയോഗപ്രദമാകുന്നു. അപേക്ഷയിൽ തീരുമാനം എടുക്കുന്നതിലുണ്ടായിരുന്ന കാലവിളംബം ഇല്ലാതാക്കാനും ഇടനിലക്കാരെ ഒഴിവാക്കാനും അഴിമതി ഇല്ലാതാക്കുന്നതിനും ഈ ഓൺലൈൻ സംവിധാനങ്ങൾ വലിയ അളവിൽ പ്രയോജനപ്പെടുന്നുണ്ട്.

## സെക്രട്ടേറിയറ്റിലെ അംഗീകൃത സർവ്വീസ് സംഘടനകൾ

12 (1936) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർ ഓഫീസ് സമയത്ത് ജോലി സംബന്ധമായ കാര്യങ്ങൾക്കല്ലാതെ മറ്റ് ക്യാമ്പയിനുകളിൽ പങ്കെടുത്ത് ജോലിസമയം നഷ്ടപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സെക്രട്ടേറിയറ്റിലെ അംഗീകൃത സർവ്വീസ് സംഘടനകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

അംഗീകൃത സർവ്വീസ് സംഘടനകളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സെക്രട്ടേറിയറ്റിലെ സർവ്വീസ് സംഘടനകൾ ചുവടെപ്പറയുന്നവയാണ്.

1. കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് ലാസ്റ്റ് ഗ്രേഡ് ഓഫീസേഴ്സ് അസോസിയേഷൻ

2. കേരള സെക്രട്ടേറിയറ്റ് നോൺ-ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ

3. കേരള ലോ സെക്രട്ടേറിയറ്റ് അസോസിയേഷൻ

4. കേരള ഗവണ്മെന്റ് ഫിനാൻസ് സെക്രട്ടേറിയറ്റ് അസോസിയേഷൻ

5. കേരള സെക്രട്ടേറിയറ്റ് കോൺഫിഡൻഷ്യൽ അസിസ്റ്റൻസ് അസോസിയേഷൻ

6. കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ

7. കേരള സെക്രട്ടേറിയറ്റ് ക്ലറിക്കൽ അസിസ്റ്റൻസ് ആൻഡ് അറ്റൻഡേഴ്സ് അസോസിയേഷൻ

8. കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ

(സി) സർവ്വീസ് സംഘടനകൾ ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് വിശദമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സർവ്വീസ് സംഘടനകൾക്ക് 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 77-ലെ വ്യവസ്ഥകൾക്കനുസൃതമായാണ് അംഗീകാരം നൽകുന്നത്. പ്രസ്തുത ചട്ടത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## എം.ബി.എ. യോഗ്യതയുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

13 (1937) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പത്ത് വർഷം പൂർത്തിയാക്കിയ എം.ബി.എ. ബിരുദമുള്ള എത്ര താൽക്കാലിക ജീവനക്കാരെ വിവിധ സ്ഥാപനങ്ങളിൽ സ്ഥിരപ്പെടുത്തി; വിശദാംശം നൽകാമോ?

തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതയും ഓരോരുത്തരുടെയും തുടർച്ചയായ സേവനകാലയളവും പരിഗണിച്ചാണ് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുള്ളത്.

(ബി) 9-7-2019-ലെ ജി.ഒ.(പി) 81/2019/ധന. പ്രകാരം എം.ബി.എ. ബിരുദം യോഗ്യതയായി നിശ്ചയിച്ച തസ്തികയിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാർക്ക് വിവിധ സർക്കാർ വകുപ്പുകൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിലവിൽ നൽകുന്നതും നിയമപ്രകാരം നൽകേണ്ടതുമായ ശമ്പളം എത്രയാണെന്ന് വിശദമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും സ്ഥിരപ്പെടുത്തിയ താൽക്കാലിക ജീവനക്കാരുടെ പേര്, പൂർണ്ണമായ വിലാസം, സ്ഥാപനം, അവർ താൽക്കാലിക ജീവനക്കാരായി ജോലി ചെയ്ത കാലയളവ്, ഉത്തരവ് നമ്പർ, ഉത്തരവ് തീയതി എന്നീ വിശദാംശം ലഭ്യമാക്കാമോ?

(ബി & സി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## ഫയൽ തീർപ്പാക്കൽ യജ്ഞം

14 (1938) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-3-2022-നകം ആരംഭിച്ചതും നിലവിൽ തീർപ്പാക്കാത്തതുമായ ഫയലുകൾ തീർപ്പാക്കാൻ സർക്കാർ പ്രഖ്യാപിച്ച ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞം ആരംഭിച്ചപ്പോൾ വിവിധ വകുപ്പുകളുടെ ഡയറക്ടറേറ്റുകളിലും സെക്രട്ടേറിയറ്റിൽ പ്രസ്തുത വകുപ്പുകളുടെ സെക്രട്ടേറിയറ്റ് സെക്ഷനുകളിലും എത്ര ഫയലുകൾ തീർപ്പാക്കാനുണ്ടായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) ഫയൽ തീർപ്പാക്കൽ യജ്ഞത്തിലൂടെ അവയിൽ എത്ര ഫയലുകൾ ഇതിനകം തീർപ്പാക്കിയെന്ന് വകുപ്പ്, ഡയറക്ടറേറ്റുകൾ, സെക്രട്ടേറിയറ്റ് തിരിച്ച് അറിയിക്കാമോ?

(എ & ബി) വില്ലേജ് ഓഫീസ് മുതൽ സെക്രട്ടേറിയറ്റ് വരെയുള്ള മുഴുവൻ സർക്കാർ ഓഫീസുകളിലെയും തീർപ്പാക്കാനുള്ള ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള തീവ്രയജ്ഞ പരിപാടി 30-9-2022-ലാണ് അവസാനിക്കുക. കൃത്യമായ കണക്ക് അതിനുശേഷമേ ലഭ്യമാക്കാനാകൂ.

**വിവരാവകാശ കമ്മീഷൻ വിധിച്ച പിഴശിക്ഷ**

15 (1939) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷൻ നാളിതുവരെ എത്രപേർക്ക് പിഴശിക്ഷ വിധിച്ചിട്ടുണ്ട് എന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) അത്തരത്തിൽ പിഴശിക്ഷ വിധിച്ചവരിൽ എത്രപേർ നാളിതുവരെ പിഴ അടച്ചിട്ടുണ്ട് എന്നുള്ള വിവരം വർഷം തിരിച്ച് വ്യക്തമാക്കുമോ?

(എ & ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പിഴ അടയ്ക്കാത്തവരുടെ കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) സർക്കാർ ഖജനാവിലേക്ക് ലഭിക്കേണ്ട പ്രസ്തുത പിഴതുക യഥാസമയം ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെയും അത് ഈടാക്കുന്നതിൽ വീഴ്ചവരുത്തുന്ന മേലുദ്യോഗസ്ഥർക്കെതിരെയും വകുപ്പ് തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) വിവരാവകാശ കമ്മീഷൻ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട എത്ര കേസുകൾ ഉണ്ട്; അതിൽ വകുപ്പുതല നടപടികൾ സ്വീകരിച്ചവ എത്ര, സ്വീകരിക്കാത്തവ എത്ര; ഓരോന്നിന്റെയും വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

(സി-ഇ) വിവരം ശേഖരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## കേന്ദ്ര സർക്കാരിന്റെ സ്വകാര്യവൽക്കരണ നടപടികൾ

16 (1940) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫെഡറലിസത്തിന്റെ അന്തഃസത്തയ്ക്ക് ക്ഷതമേൽപ്പിച്ചുകൊണ്ട് സിൽവർലൈൻ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ സുപ്രധാന വികസന പദ്ധതികൾക്ക് അംഗീകാരം നൽകാതിരിക്കുന്ന കേന്ദ്ര നിലപാട് തിരുത്തണമെന്ന് മുഖ്യമന്ത്രി നീതി ആയോഗ് ഗവേണിംഗ് കൗൺസിൽ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. സഹകരണ ഫെഡറലിസത്തിനെതിരായ ഗുരുതരമായ വെല്ലുവിളികൾ പരിഹരിക്കണമെന്നും സംസ്ഥാനങ്ങളുമായി മതിയായ കൂടിയാലോചനകൾക്ക് ശേഷം മാത്രമേ കൺകറന്റ് ലിസ്റ്റിലെ വിഷയങ്ങളിൽ നിയമനിർമ്മാണം ആരംഭിക്കാവൂ എന്നും സംസ്ഥാന പട്ടികയിലെ ഇനങ്ങളിൽ കേന്ദ്രം നിയമനിർമ്മാണത്തിൽനിന്ന് പിന്മാറണം എന്നും മുഖ്യമന്ത്രി ഗവേണിംഗ് കൗൺസിൽ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) നീതി ആയോഗിന്റെ മുമ്പാകെ ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

മുഖ്യമന്ത്രി 7-8-2022-ലെ നീതി ആയോഗിന്റെ ഏഴാമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിൽ നടത്തിയ പ്രസംഗത്തിന്റെ സംക്ഷിപ്ത രൂപം അനുബന്ധമായി ചേർക്കുന്നു.*

(സി) തിരുവനന്തപുരം വിമാനത്താവളം സ്വകാര്യ കമ്പനിക്ക് കൈമാറുകയും ഹിന്ദുസ്ഥാൻ ലാറ്റെക്സ് സംസ്ഥാനത്തിന് നൽകില്ലെന്നുള്ള നിലപാട് സ്വീകരിക്കുകയും കൊച്ചിൻ റിഫൈനറി ഉൾപ്പെടുന്ന ബി.പി.സി.എൽ. ഏത് വിധേനയും സ്വകാര്യവൽക്കരിക്കുമെന്ന് ശഠിക്കുകയും ചെയ്യുന്ന തരത്തിലുള്ള, സംസ്ഥാന വികസനത്തിന് വിഘാതമാകുന്ന നടപടികളിൽനിന്നും പിന്മാറാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നത് തുടരുമോയെന്ന് വ്യക്തമാക്കുമോ?

സ്വകാര്യവൽക്കരണ നടപടികളിൽനിന്നും പിന്മാറാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം തുടരും. തിരുവനന്തപുരം വിമാനത്താവളം സ്വകാര്യ കമ്പനിക്ക് നൽകരുതെന്നും സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തയ്യാറാണെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. ഹിന്ദുസ്ഥാൻ ലാറ്റക്സ് സ്വകാര്യവൽക്കരിക്കുമെന്ന പ്രഖ്യാപനത്തെ തുടർന്ന് ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന്റെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അനുമതി തേടിയിരുന്നു. ഓഹരി വിൽപ്പനയിലെ ലേലത്തിൽ കേരളത്തിന് പങ്കെടുക്കാൻ കഴിയില്ലെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന് സംസ്ഥാനം കത്ത് നൽകിയിരുന്നു.

**സജീവന്റെ കുടുംബത്തിന് സഹായം നൽകുന്നതിന് നടപടി**

17 (1941) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

21-7-2022-ന് വടകര പോലീസ് കസ്റ്റഡിയിൽ എടുക്കുകയും തുടർന്ന് പോലീസ് സ്റ്റേഷൻ പരിസരത്ത് മരണപ്പെടുകയും ചെയ്ത സജീവന്റെ പ്രായമായ അമ്മയും കുടുംബാംഗങ്ങളും ജീവിക്കാൻ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**നീതി ആയോഗ് ഗവേണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങൾ**

18 (1942) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എച്ച്. സലാം:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗിന്റെ ഏഴാമത് ഗവേണിംഗ് കൗൺസിൽ യോഗത്തിൽ കേന്ദ്ര സർക്കാർ നയങ്ങൾ ഫെഡറലിസത്തിന് വെല്ലുവിളിയാകരുതെന്നും കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയങ്ങളിൽ സംസ്ഥാനങ്ങളുമായി കൂടിയാലോചനകൾ അനിവാര്യമാണെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സഹകരണ ഫെഡറലിസത്തിനെതിരായ ഗുരുതരമായ വെല്ലുവിളികൾ പരിഹരിക്കണമെന്നും സംസ്ഥാനങ്ങളുമായി മതിയായ കൂടിയാലോചനകൾക്ക് ശേഷം മാത്രമേ കൺകറന്റ് ലിസ്റ്റിലെ വിഷയങ്ങളിൽ നിയമനിർമ്മാണം ആരംഭിക്കാവൂ എന്നും സംസ്ഥാന പട്ടികയിലെ ഇനങ്ങളിൽ കേന്ദ്രം നിയമനിർമ്മാണത്തിൽനിന്ന് പിന്മാറണം എന്നും മുഖ്യമന്ത്രി 7-8-2022-ലെ ഗവേർണിംഗ് കൗൺസിൽ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കോവിഡാനന്തരമുള്ള സാമ്പത്തിക സാഹചര്യത്തിൽനിന്ന് സംസ്ഥാനം മുക്തി നേടാത്തതിനാൽ കേരളത്തിന്റെ വായ്പാപരിധി ഉയർത്തണമെന്ന ആവശ്യം നീതി ആയോഗിൽ ഉന്നയിച്ചിട്ടുണ്ടോ; അതു സംബന്ധിച്ച് കേന്ദ്ര സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ?

ഉണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അനുകൂല നിലപാട് പ്രതീക്ഷിക്കുന്നു.

(സി) പാർശ്വവൽകൃത ജനവിഭാഗത്തിന്റെ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിന് പരിസ്ഥിതിലോല മേഖല സംബന്ധിച്ച സുപ്രീംകോടതി വിധിക്കെതിരെ നിയമ പരിഹാരം ഉണ്ടാകണമെന്ന സംസ്ഥാനത്തിന്റെ ആവർത്തിച്ചുള്ള ആവശ്യങ്ങളോട് കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണെന്ന് അറിയിക്കാമോ?

ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അനുകൂല നിലപാട് പ്രതീക്ഷിക്കുന്നു.

(ഡി) സംസ്ഥാനത്തെ അടിസ്ഥാനസൗകര്യ മേഖലയുടെ നവീകരണത്തിന് അനിവാര്യവും പരിസ്ഥിതി സൗഹൃദ ഗതാഗത മാർഗ്ഗവുമായ സിൽവർലൈനിന് അനുമതി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ?

ഇക്കാര്യത്തിൽ നിരന്തരമായ കത്തിടപാടുകളിലൂടെയും ചർച്ചകളിലൂടെയും സർക്കാർ തുടർച്ചയായി ഇടപെടൽ നടത്തിവരുന്നു. അനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ

19 (1943) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണ ആനുകൂല്യങ്ങൾ എന്തൊക്കെയെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്നും വിശദമാക്കാമോ?

മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ നിയമനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും 10 ശതമാനം സംവരണം അനുവദിച്ചിട്ടുണ്ട്.

പ്രസ്തുത സംവരണത്തിനായുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു.*

## ഇ.ഡബ്ല്യു.എസ്. വിഭാഗത്തിന് സംവരണം ഏർപ്പെടുത്തുന്നതിനുള്ള ചട്ടങ്ങളിൽ ഭേദഗതി

20 (1944) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.ഡബ്ല്യു.എസ്. വിഭാഗത്തിന് സംവരണം ഏർപ്പെടുത്തുന്നതിനായി ഭേദഗതി ചെയ്ത ചട്ടങ്ങളിൽ കൂടുതൽ ഭേദഗതികൾ അനിവാര്യമാണോ; എങ്കിൽ പ്രസ്തുത ചട്ട ഭേദഗതികൾ പൂർത്തിയായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അതുമായി ബന്ധപ്പെട്ട ഫയലിന്റെ നമ്പർ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ചട്ട ഭേദഗതികൾ പൂർത്തിയാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ-സി) ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തുന്നത് സംബന്ധിച്ച വിഷയം റൂൾസ്-1/29/2022-ഉ.ഭ.പ.വ നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

## തമിഴ് ഭാഷ ന്യൂനപക്ഷങ്ങളുടെ ഉന്നമനം

21 (1945) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തമിഴ് ഭാഷ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ നിയമിച്ച നടുവട്ടം ഗോപാലകൃഷ്ണൻ കമ്മീഷന്റെ റിപ്പോർട്ട് നടപ്പിലാക്കാൻ എന്തൊക്കെ കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

കേരളത്തിലെ ഭാഷാന്യൂനപക്ഷ വിഭാഗങ്ങളുടെ ഭാഷാപരവും സാമൂഹ്യപരവുമായ പ്രശ്നങ്ങളും ഭാഷാന്യൂനപക്ഷ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ നിലവിലുള്ള പ്രയാസങ്ങളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി സ്പെഷ്യൽ ഓഫീസറായി നിയമിക്കപ്പെട്ട ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ സമർപ്പിച്ച റിപ്പോർട്ടിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകൾ അതത് വകുപ്പുകൾ പരിശോധിച്ചുവരുന്നു.

## പൊതുമേഖല സ്ഥാപനങ്ങളിൽ വിശേഷാൽ ചട്ട രൂപീകരണം

22 (1946) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങൾ, ക്ഷേമനിധികൾ, ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നാളിതുവരെ വിശേഷാൽ ചട്ടം/നിയമന ചട്ടം രൂപീകരിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുനൽകിയ സ്ഥാപനങ്ങളിൽ നിയമന ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) വിശേഷാൽ ചട്ടം/നിയമന ചട്ടം തയ്യാറാക്കിയിട്ടും ആയതിലെ വ്യവസ്ഥകൾ പ്രകാരം പി.എസ്.സി. മുഖേന നിയമനം നടത്താത്ത സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) വിശേഷാൽ ചട്ടം/നിയമന ചട്ടം രൂപീകരിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളിൽ ആയത് അടിയന്തരമായി രൂപീകരിച്ച് പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

വിശേഷാൽ ചട്ടം അടിയന്തരമായി രൂപീകരിക്കാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, എല്ലാ മാസവും ഉന്നത ഉദ്യോഗസ്ഥ തലത്തിലുള്ള മീറ്റിംഗുകളിൽ ആയതിന്റെ പുരോഗതി വിലയിരുത്തുന്നുമുണ്ട്.

## മന്ത്രിമാർക്ക് ഓൺലൈനായി നൽകുന്ന പരാതികൾ സംബന്ധിച്ച തുടർനടപടി

23 (1947) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് പരാതികൾ മന്ത്രിമാർക്ക് ഓൺലൈനായി നൽകുന്നതിനും അതിൽ തുടർനടപടി ഉറപ്പുവരുത്തുന്നതിനും അത് സംബന്ധിച്ച വിവരം അവരെ അറിയിക്കുന്നതിനും ഓരോ വകുപ്പിലും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

1. പൊതുജനങ്ങൾക്ക് മുഖ്യമന്ത്രി മുമ്പാകെ പരാതികൾ സമർപ്പിക്കുന്നതിന് പരാതി പരിഹാരസംവിധാനമായ സി.എം.ഒ. പോർട്ടൽ (CMO.kerala.gov.in) നിലവിലുണ്ട്. നിവേദനം സമർപ്പിക്കുമ്പോൾതന്നെ അപേക്ഷകന് ഡോക്കറ്റ് നമ്പർ ലഭിക്കുന്നതാണ്. പരാതിയുടെ തുടർനടപടികൾ പോർട്ടലിൽതന്നെ അപേക്ഷകൻ നിരീക്ഷിക്കാവുന്നതാണ്. പരാതി രജിസ്റ്റർ ചെയ്യുമ്പോഴും പരാതി മറ്റ് ഓഫീസുകളിലേക്ക് കൈമാറുമ്പോഴും പരാതി തീർപ്പാക്കുമ്പോഴും പരാതിക്കാരന് SMS/ഇ-മെയിൽ ലഭിക്കുന്നതാണ്. പരാതി തീർപ്പാക്കുമ്പോൾ പരാതി നൽകിയ വ്യക്തിക്ക് മറുപടിയും ലഭ്യമാക്കുന്നു. കൂടാതെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതികളുടെ തൽസ്ഥിതി അറിയുന്നതിനായി 1076 എന്ന ടോൾ-ഫ്രീ നമ്പറും നിലവിലുണ്ട്.

2. പൊതുജനങ്ങൾക്ക് പരാതികൾ റവന്യൂ വകുപ്പുമന്ത്രിക്ക് ഓൺലൈൻ ആയി നൽകുന്നതിനും തുടർ നടപടികൾ വില്ലേജ് ഓഫീസർമാർ വരെ സ്വീകരിക്കുന്നത് ഉറപ്പുവരുത്തുന്നതിനും റവന്യൂ വകുപ്പിന്റെ കീഴിൽ ' റവന്യൂ മിത്രം" എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്.

3. പൊതുമരാമത്ത് വകുപ്പ് മന്ത്രിക്കും ഉദ്യോഗസ്ഥർക്കും റോഡുകളെപ്പറ്റിയും മറ്റ് ആസ്തികളെപ്പറ്റിയുമുള്ള പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിന് പി.ഡബ്ല്യൂ.ഡി. ഫോർ യു എന്ന മൊബൈൽ ആപ്പ് 7-6-2021 മുതൽ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ പരാതികൾ നേരിട്ട് ഫോൺ വിളിച്ച് മന്ത്രിയെ അറിയിക്കുന്നതിന് റിംഗ് റോഡ് എന്ന ഫോൺ-ഇൻ പ്രോഗ്രാമും പ്രതിമാസം നടത്തുന്നുണ്ട്. ആപ്പ് വഴി ലഭിക്കുന്ന പരാതികൾ അതിന്റെ നിജസ്ഥിതിയും പരിഹരിക്കുന്നതിന്റെ വിവരങ്ങളും പരാതിക്കാരനെ ആപ്പിൽ ലോഗിൻ ചെയ്ത് എപ്പോൾ വേണമെങ്കിലും കാണാവുന്നതാണ്.

4. പൊതുജനങ്ങൾ ഓൺലൈനായും (ഇ-മെയിൽ മാർഗ്ഗം) തപാൽ മാർഗ്ഗവും ബഹുമാനപ്പെട്ട നിയമം, വ്യവസായം കയർ വകുപ്പുമന്ത്രിക്ക് സമർപ്പിക്കുന്ന പരാതികളും നിവേദനങ്ങളും തുടർ നടപടികൾ സ്വീകരിക്കുന്നത് പൂർണ്ണമായും ഓൺലൈൻ വഴി മാത്രമാണ്. എല്ലാ പരാതികളും/നിവേദനങ്ങളും പ്രോസസ്സ് ചെയ്യുമ്പോൾ തന്നെ പരാതി/നിവേദനം സമർപ്പിച്ച വ്യക്തികൾക്ക് പരാതിയുടെ ഡോക്കറ്റ് നമ്പരും ആർക്കാണ് ഈ പരാതി/നിവേദനം തുടർ നടപടി സ്വീകരിക്കുന്നതിന് കൈമാറിയിട്ടുള്ളത് എന്ന വിവരം അടങ്ങുന്ന അക്നോളജ്മെന്റ് കാർഡ് തപാൽ മാർഗ്ഗം അറിയിക്കുകയും കൂടാതെ അപേക്ഷകന്റെ മൊബൈൽ നമ്പറിൽ പ്രസ്തുത വിവരം അടങ്ങുന്ന SMS-ഉം അയയ്ക്കുന്നതിനുള്ള സംവിധാനം ക്രമീകരിച്ചിട്ടുണ്ട്. അപേക്ഷയിന്മേൽ തീർപ്പുകൽപ്പിക്കുന്നതുവരെ ഓരോ ഘട്ടത്തിനും അപേക്ഷകൻ ഇതിന്റെ സ്റ്റാറ്റസ് SMS വഴി മൊബൈലിൽ ലഭ്യമാകും.

5. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ ഓദ്യോഗിക മെയിലിൽ ലഭിക്കുന്ന പരാതികൾ തുടർനടപടികൾക്കായി ബന്ധപ്പെട്ടവർക്ക് കൈമാറുകയും ഫയൽ നമ്പരും മറ്റുവിവരങ്ങളും പരാതിക്കാരനെ തപാൽ മാർഗ്ഗേന അറിയിക്കുകയും ചെയ്യുന്നുണ്ട്.

6. വൈദ്യുതി വകുപ്പുമന്ത്രിയുടെ ഓഫീസിൽ ഇ-മെയിൽ മുഖേന ലഭിക്കുന്ന പരാതികൾക്ക് മറുപടി കത്ത് മുഖാന്തരം നൽകുന്നുണ്ട്.

7. മൃഗസംരക്ഷണ വകുപ്പുമന്ത്രിയുടെ ഓഫീസിൽ പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന ഓൺലൈൻ പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് അയയ്ക്കുകയും നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. വിവരം പരാതിക്കാരെ യഥാസമയം അറിയിക്കുകയും ചെയ്യുന്നു.

കൃഷി വകുപ്പുമന്ത്രിയുടെ ഓഫീസിൽ ഇ-മെയിൽ മുഖേന ലഭിക്കുന്ന പരാതികളിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

മറ്റ് മന്ത്രിമാരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) അത്തരത്തിൽ ഓരോ മന്ത്രിമാർക്കും നാളിതുവരെ ലഭിച്ച പരാതികളുടെ എണ്ണവും അതിൽ പരിഹരിക്കപ്പെട്ടവ എത്രയെന്നും വിശദമാക്കാമോ?

1. 2016 ജൂൺ മാസം മുതൽ പ്രവർത്തിച്ചുവരുന്ന മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സംവിധാനമായ സി.എം.ഒ. പോർട്ടലിൽ 4,52,078 പരാതികൾ ഇതുവരെ ലഭിച്ചിട്ടുണ്ട്. ഇതിൽ 4,33,598 (96 ശതമാനം) പരാതികളും തീർപ്പാക്കിയിട്ടുണ്ട്.

2. റവന്യൂ വകുപ്പുമന്ത്രിയുടെ ഓഫീസിൽ "റവന്യൂ മിത്രം" പോർട്ടലിൽ 11731 അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്. ആയതിൽ 9815 അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.

3. പൊതുമരാമത്ത് വകുപ്പിൽ "പി.ഡബ്ല്യു.ഡി. ഫോർ യു" എന്ന മൊബൈൽ ആപ്പ് നിലവിൽ വന്നശേഷം 30-8-2022-വരെ 21737 പരാതികൾ ലഭിച്ചു. ഇതിൽ 15484 പരാതികൾ തീർപ്പാക്കി.

4. ഗതാഗത വകുപ്പുമന്ത്രിയുടെ ഓഫീസിൽ ഇ-മെയിലായി 1,473 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയവ പരിശോധിച്ചശേഷം ആവശ്യമായ ഉത്തരവോടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറിയിട്ടുണ്ട്.

5. കായിക യുവജനക്ഷേമ വകുപ്പുമന്ത്രിയുടെ ഓഫീസിൽ നാളിതുവരെ ഓഫീസിൽ ലഭിച്ച പരാതികളുടെ എണ്ണം 4909 ആകുന്നു.

6. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രിക്ക് 29-08-2022-വരെ ലഭ്യമായ 5511 പരാതി/നിവേദനങ്ങളിൽ 3473 എണ്ണത്തിന് തീർപ്പുകല്പിച്ചിട്ടുണ്ട്.

7. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുമന്ത്രിയുടെ ഓഫീസിൽ ഓൺലൈനായി 2633 പരാതികൾ ലഭിക്കുകയും അതിൽ 2135 പരാതികൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറിയിട്ടുണ്ട്. 498 പരാതികളിൽ നടപടിയെടുത്തുവരുന്നു.

മറ്റ് മന്ത്രിമാരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**ഇ-ഓഫീസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി**

24 (1948) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ഡയറക്ടറേറ്റുകളിലാണ് ഇ-ഓഫീസ് സംവിധാനം നിലവിൽ ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് 59 ഡയറക്ടറേറ്റുകളിൽ നിലവിൽ ഇ-ഓഫീസ് സംവിധാനം ലഭ്യമായിട്ടുണ്ട്. പ്രസ്തുത ഡയറക്ടറേറ്റുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇ-ഓഫീസ് സംവിധാനം ലഭ്യമായിട്ടുള്ള ഡയറക്ടറേറ്റുകളിൽനിന്നും ഇ-ഓഫീസ് വഴി ഇ-ഫയലുകൾ നേരിട്ട് സെക്രട്ടേറിയറ്റിലേക്ക് അയയ്ക്കാൻ തുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഇ-ഓഫീസിന്റെ പുതിയ വേർഷനിലേയ്ക്ക് (7.2.0) അപ്ഡേറ്റ് ചെയ്തിട്ടുള്ള 30 ഡയറക്ടറേറ്റുകളിൽനിന്നും നിലവിൽ ഇ-ഫയലുകൾ നേരിട്ട് സെക്രട്ടേറിയറ്റിലേക്ക് അയയ്ക്കാൻ സാധിക്കും. മറ്റുള്ള ഡയറക്ടറേറ്റുകൾ പുതിയ വേർഷനിലേയ്ക്ക് മാറുന്നതിനുള്ള നടപടികൾ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററുമായി (NIC) ചേർന്ന് സ്വീകരിച്ചുവരുന്നു.

(സി) ഇ-ഓഫീസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജനങ്ങൾക്ക് ഫയലിന്റെ നിലവിലെ അവസ്ഥ അറിയുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ജനങ്ങൾക്ക് ഫയൽനീക്കം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ (https://eoffice.kerala.gov.in) നിലവിലുണ്ട്. സിറ്റിസൺ പോർട്ടലിലെ ഫയൽ/തപാൽ തിരയൽ സംവിധാനം വഴി തപാൽ നമ്പരോ, ഫയൽ നമ്പരോ, വിഷയമോ, പ്രേഷിതന്റെ വിവരങ്ങളോ നൽകിയാൽ ഏത് ഉദ്യോഗസ്ഥന്റെ അടുത്താണ് നിലവിൽ ഫയലുള്ളതെന്ന വിവരം അറിയാൻ സാധിക്കും. ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയ ഡയറക്ടറേറ്റുകളിൽ 40 ഡയറക്ടറേറ്റുകളിലെയും/കമ്മീഷണറേറ്റുകളിലെയും ഫയൽ നീക്കം സംബന്ധിച്ച വിവരങ്ങൾ ഈ പോർട്ടൽ വഴി ലഭ്യമാകുന്നുണ്ട്. അവശേഷിക്കുന്ന ഓഫീസുകളിലെ ഫയൽ നീക്കം സംബന്ധിച്ച വിവരം സിറ്റിസൺ പോർട്ടലിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഇ-ഓഫീസ് സോഫ്റ്റ് വെയർ വികസിപ്പിച്ച നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഓരോ മണ്ഡലത്തിലും ഒരു സ്കിൽ കോഴ്സ് ആരംഭിക്കാൻ പദ്ധതി**

25 (1949) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച, സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും കെ-ഡിസ്കുമായി സഹകരിച്ച് ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ സ്കിൽ കോഴ്സ് ആരംഭിക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

തൊഴിലന്വേഷകർക്ക് പൊതുവിലും വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ചും വിജ്ഞാനാധിഷ്ഠിതമായ തൊഴിൽ നൈപുണികൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനുവേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിലവിൽ ലഭ്യമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുകയും കോഴ്സുകൾക്ക് അനുസൃതമായി ആവശ്യമെങ്കിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുകയുമാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപന മേധാവികളും ഉന്നത അധികാരികളുമായി കൂടിക്കാഴ്ചകളും ചർച്ചകളും നടത്തിയിട്ടുണ്ട്. നിലവിൽ ലഭ്യമായ സൗകര്യങ്ങൾക്ക് ആസ്പദമായുള്ള സ്കിൽ കോഴ്സുകൾക്കുള്ള പ്രൊപ്പോസലുകളും ലഭ്യമാകാവുന്ന മറ്റ് സ്കിൽ കോഴ്സുകളുടെ അധിക സൗകര്യങ്ങൾക്കുവേണ്ടിയുള്ള പ്രൊപ്പോസലുകളും ലഭ്യമാക്കി വരുന്നു.

(സി) പ്രസ്തുത പദ്ധതിക്കായി ഓരോ നിയോജകമണ്ഡലത്തിലെയും വിദ്യാഭ്യാസ സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഓരോ നിയോജകമണ്ഡലത്തിലെയും വിദ്യാഭ്യാസ സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കിവരുന്നു.

## കോഴിക്കോട് ജില്ലയിലെ റീ ബിൽഡ് കേരള പദ്ധതി

26 (1950) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ റീ-ബിൽഡ് കേരളയുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

(എ & ബി) കോഴിക്കോട് ജില്ലയിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## കാലാവസ്ഥ വ്യതിയാനം

27 (1951) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി ഉമ തോമസ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച് ഗൗരവമായ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

സംസ്ഥാനത്തെ കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച പഠനങ്ങൾ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള കാലാവസ്ഥ വ്യതിയാന പഠനകേന്ദ്രത്തിൽ (ICCS) നടത്തുന്നുണ്ട്. ഈ പഠനങ്ങളുടെ റിപ്പോർട്ടുകൾ പഠന പൂർത്തീകരണത്തിനുശേഷം പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) ആസൂത്രണമില്ലാത്ത വികസന രീതികളും നിർമ്മാണ പ്രവർത്തനങ്ങളും സംസ്ഥാനത്തിന്റെ പരിസ്ഥിതിക്ക് ആഘാതം കൂട്ടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളിൽ പ്രസ്തുത രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ആസൂത്രണമില്ലാത്ത വികസന രീതികളും നിർമ്മാണ പ്രവർത്തനങ്ങളും സംസ്ഥാനത്തിന്റെ പരിസ്ഥിതിക്ക് ആഘാതം കൂട്ടുമെന്നത് സ്വാഭാവികമാണ്. നിലവിൽ പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളിൽ ആയതിന്റെ തനത് പരിസ്ഥിതി സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടി സംസ്ഥാന-കേന്ദ്ര സർക്കാരുകൾ വിവിധ ചട്ടങ്ങൾ/നിബന്ധനകൾ/നോട്ടിഫിക്കേഷൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിയമങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ നിർമ്മാണ-വികസന പ്രവർത്തനങ്ങൾ, ആയതിൽ നിഷ്കർഷിക്കുന്ന പ്രകാരം വിലയിരുത്തി പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനുള്ള നിബന്ധനകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി മാത്രമേ അനുമതി നൽകാറുള്ളൂ.

(സി) 2018-ലെ മഹാപ്രളയത്തിന്റെയും തുടർന്ന് എല്ലാ വർഷങ്ങളിലും ഉണ്ടാകുന്ന അതിതീവ്രമഴയുടെയും പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ ഭൂവിനിയോഗ നിയന്ത്രണത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

കഴിഞ്ഞ പ്രളയകാല ദുരന്തങ്ങളിൽനിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാന ജില്ലാ ദുരന്തനിവാരണ പ്ലാനുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള ദുരന്തനിവാരണ പ്ലാനുകളും തയ്യാറാക്കുവാൻ സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ ദുരന്തനിവാരണ സംവിധാനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികൾക്കാണ് ഊന്നൽ നൽകുന്നത്. ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് ദുരന്ത ലഘൂകരണ-പ്രതിരോധ പ്രോജക്ട് (NCRMP) ഉപയോഗപ്പെടുത്തി കേരളത്തിൽ 17 മൾട്ടി പർപ്പസ് സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിച്ചുവരികയാണ്. അതിൽ 7 എണ്ണം പൂർത്തീകരിച്ചു. 3 എണ്ണം കൂടി പൂർത്തിയായി വരുന്നു. NCRMP ഉപയോഗപ്പെടുത്തിക്കൊണ്ട് മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലുമെല്ലാം കൃത്യസമയത്ത് മുന്നറിയിപ്പ് അതിവേഗം എത്തിക്കാനുള്ള ഏറ്റവും സമഗ്രമായ മുന്നറിയിപ്പ് സംവിധാനമൊരുക്കി (Early warning system) വരികയാണ്. കേരളത്തിലെ കാലാവസ്ഥ പ്രവചനങ്ങൾ കൂടുതൽ കൃത്യവും കാര്യക്ഷമവുമാക്കുന്നതിനുവേണ്ടി കേന്ദ്ര കാലാവസ്ഥ വകുപ്പിൽ ശക്തമായി സമ്മർദ്ദം ചെലുത്തുകയും ഫോർകാസ്റ്റിംഗ് മെച്ചപ്പെടുത്താൻവേണ്ട സാങ്കേതിക സൗകര്യങ്ങളൊരുക്കാൻ സഹായിക്കുകയും ചെയ്യുന്നു. റിയൽ ടൈം മോണിറ്ററിംഗ് കൂടി സാധ്യമാക്കാൻ പ്രാപ്തിയുള്ള 100 ഓട്ടോമേറ്റഡ് വെതർ സ്റ്റേഷനുകൾ (AWS) കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. കേരളത്തിൽ നിലവിൽ പ്രവർത്തിക്കുന്ന 2 റഡാറുകൾ മതിയാവില്ലെന്നും മലബാറിൽകൂടി ഒരു റഡാർ സ്ഥാപിക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥാ വകുപ്പ് കേരളത്തിൽ പ്രാദേശിക ചുഴലിക്കാറ്റ് മുന്നറിയിപ്പ് കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ചൂടുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സമഗ്രമായ ഒരു heat action plan തയ്യാറാക്കിയിട്ടുണ്ട്. വെള്ളപ്പൊക്ക മുന്നൊരുക്ക സംവിധാനങ്ങളും കേന്ദ്ര ജലകമ്മീഷന്റെ സഹകരണത്തോടെ മെച്ചപ്പെടുത്തുകയാണ്. വിവരങ്ങൾ ജനങ്ങളിലേക്കും ഉദ്യോഗസ്ഥരിലേക്കും കൃത്യമായി എത്തിക്കാൻ ലൊക്കേഷൻ ബേസ്ഡ് മെസ്സേജിംഗ് സിസ്റ്റത്തിന് പുറമെ ആൻഡ്രോയിഡ് ആപ്ലിക്കേഷനും നിർമ്മിച്ചുകൊണ്ട് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ ആളുകളിലേക്ക് മുന്നറിയിപ്പുകളും വിവരങ്ങളുമെത്തിക്കുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. നദികളിൽ വന്നടിഞ്ഞിട്ടുള്ള എക്കലും മണലും നീക്കം ചെയ്യലും റിവർ മൗത്തുകളുടെ വീതി വർദ്ധിപ്പിക്കലും പൊഴിമുറിക്കലുമെല്ലാം മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി പൂർത്തീകരിക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു. നെതർലാൻഡ്സ് മാതൃകയിൽ റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ പ്രത്യേക

ഇടപെടലാണ് നടത്തിവരുന്നത്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സംസ്ഥാനത്തെ അന്തരീക്ഷ വായു, ജലസ്രോതസ്സുകൾ എന്നിവ തുടർച്ചയായി പരിശോധിച്ച് ഗുണനിലവാരം തിട്ടപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**തീരദേശ പരിപാലന നിയമം**

28 (1952) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമം നടപ്പിലാക്കാനും നിരീക്ഷിക്കുന്നതിനുമായി ജില്ലാതല കമ്മിറ്റികളെ നിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിയോഗിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ജില്ലാതല കമ്മിറ്റികൾ നിലവിൽ വന്നത് എപ്പോഴാണെന്നും ആരൊക്കെയാണ് ഇതിൽ അംഗങ്ങളെന്നും അറിയിക്കാമോ?

12-12-2013-ലെ GO(Rt) No. 69/2013/S&TD നമ്പർ ഉത്തരവ് പ്രകാരം ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 10-5-2022-ലെ സ.ഉ.(സാധാ) നമ്പർ 33/2022/പരി, 22-8-2022-ലെ സ.ഉ.(സാധാ) നമ്പർ 63/2022/പരി. എന്നീ ഉത്തരവുകൾപ്രകാരം ജില്ലാതല കമ്മിറ്റികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഈ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത കമ്മിറ്റികളുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

7-3-2014-ലെ 353/എ 2/2012/KCZMA/S&TD നമ്പർ സർക്കുലർ പ്രകാരം ജില്ലാതല കമ്മിറ്റികളുടെ ചുമതലകൾ നിശ്ചയിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. * കൂടാതെ, CRZ III-ൽ വികസന നിഷിദ്ധ മേഖലയായി കരുതപ്പെടുന്ന കടലിന്റെ വേലിയേറ്റ രേഖയിൽനിന്നും 100 മീറ്ററിനും കായൽ/നദി/തോട് എന്നിവയുടെ വേലിയേറ്റ രേഖയിൽനിന്നും 100 മീറ്ററിനുമിടയിൽ നിലവിലുള്ള തറവിസ്തീർണ്ണത്തിന് വിധേയമായി വീടുകളുടെ അറ്റകുറ്റപ്പണികളും പുനർനിർമ്മാണവും കടലിന്റെ വേലിയേറ്റ രേഖയിൽനിന്നും 100-200 മീറ്ററിനുമിടയിൽ $100m^2$ വരെ തറവിസ്തീർണ്ണമുള്ള വീടുകളുടെ നിർമ്മാണവും പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും വികസന നിഷിദ്ധ മേഖലയുടെ വെളിയിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(കടലിൽനിന്ന് 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ) 250 $m^2$ വരെയുള്ള വീടുകളുടെ നിർമ്മാണവും പുനർ നിർമ്മാണവും CRZ II-ൽ 250$m^2$ വരെയുള്ള വീടുകളുടെ നിർമ്മാണവും പുനർനിർമ്മാണവും നടത്തുന്നതിന് അനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാകമ്മിറ്റികൾക്ക് നൽകിയിട്ടുണ്ട്. ഇതുകൂടാതെ നിലവിലെ CRZ വിജ്ഞാപന പ്രകാരം അനുവദനീയമായതും എന്നാൽ മുൻകൂർ അനുമതി തേടാതെ നിർമ്മിച്ചിട്ടുള്ളതുമായ 29-06-2022-വരെ CRZ ക്ലിയറൻസിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിന്മേൽ തീരദേശ പരിപാലന അതോറിറ്റിയുടെ സാധൂകരണത്തിന് വിധേയമായി അനുമതി നൽകുന്നതിനുള്ള അധികാരവും ജില്ലാതല കമ്മിറ്റികൾക്ക് നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത കമ്മിറ്റികൾ ഇതുവരെ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ടെന്നും പ്രസ്തുത യോഗങ്ങളിലെടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണെന്നും അവസാനമായി യോഗം ചേർന്നത് എപ്പോഴാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

| ക്രമ നമ്പർ | ജില്ല | ജില്ലാ കമ്മിറ്റിയിൽ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട് | അവസാനമായി യോഗം ചേർന്ന തീയതി |
|---|---|---|---|
| 1 | തിരുവനന്തപുരം | 23 | 11-5-2022 |
| 2 | കൊല്ലം | 25 | 25-5-2022 |
| 3 | ആലപ്പുഴ | 28 | 19-4-2022 |
| 4 | കോട്ടയം | 13 | 4-8-2022 |
| 5 | എറണാകുളം | 18 | 22-7-2022 |
| 6 | തൃശ്ശൂർ | 22 | 17-8-2022 |
| 7 | മലപ്പുറം | 22 | 28-4-2022 |
| 8 | കോഴിക്കോട് | 34 | 11-4-2022 |
| 9 | കണ്ണൂർ | 24 | 20-5-2022 |
| 10 | കാസർഗോഡ് | 15 | 16-5-2022 |

ജില്ലാകമ്മിറ്റി യോഗങ്ങൾ അപേക്ഷകളും പരാതികളും പരിശോധിച്ച് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നു.

(ഇ) ജില്ലാകമ്മിറ്റികൾ വിളിച്ചുചേർക്കാൻ വൈകുന്നുവെങ്കിൽ അതുമൂലം ജില്ലകളിൽ ഉടലെടുക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

ജില്ലാതല കമ്മിറ്റികൾ പുനഃസംഘടിപ്പിച്ച സാഹചര്യത്തിൽ നിലവിൽ പ്രശ്നങ്ങളില്ല.

## സി.ആർ.ഇസഡ്. നിയമത്തിൽ ഇളവ്

29 (1953) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയ 2011-ലെ സി.ആർ.ഇസഡ്. നിയമത്തിൽ ഇളവുകൾ എന്തെങ്കിലും ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഭൂമിശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുത്ത് കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് ദ്വീപിന് ഈ നിയമത്തിൽ ഇളവ് നൽകി ഉത്തരവാകാൻ നടപടികളുണ്ടാകുമോ; വ്യക്തമാക്കുമോ?

(എ & ബി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയ 2011-ലെ CRZ വിജ്ഞാപനത്തിൽ കായൽ തുരുത്തുകൾക്കും ഉൾനാടൻ ജലാശയങ്ങളിലുള്ള ദ്വീപുകൾക്കും വികസന നിരോധിത മേഖലയുടെ പരിധി 100-ൽനിന്നും 50 മീറ്ററായി ചുരുക്കി ഇളവ് നൽകിയിട്ടുണ്ട്.

18-9-2019-ലെ GSR നമ്പർ 37(E) നമ്പർ വിജ്ഞാപന പ്രകാരം കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയം 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി CRZ വിജ്ഞാപനം 2019 പുറപ്പെടുവിച്ചിട്ടുണ്ട്. 2019 CRZ വിജ്ഞാപനത്തിലെ പ്രധാനപ്പെട്ട ഭേദഗതികൾ ചുവടെ ചേർക്കുന്നു.

1. 2011 CRZ വിജ്ഞാപനത്തിൽ CRZ II-ൽ ഉൾപ്പെടുന്ന നഗര പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ 1991-ലെ FAR തലത്തിലാണ് നിജപ്പെടുത്തിയിരുന്നത്. 2019 വിജ്ഞാപനത്തിൽ ആയത് നിലവിലുള്ള അംഗീകൃത FAR ആയി ഭേദഗതി ചെയ്തിട്ടുണ്ട്.

2. 2011 CRZ വിജ്ഞാപനത്തിൽ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന തീരപ്രദേശങ്ങളെ CRZ III-ലാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ 2019-ലെ CRZ വിജ്ഞാപനപ്രകാരം തീരദേശ നിയന്ത്രണമേഖലയിൽ ഉൾപ്പെടുന്ന ഗ്രാമപ്രദേശങ്ങളെ ചുവടെ ചേർത്തിട്ടുള്ള രണ്ട് പ്രത്യേക വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

- CRZ III A-2011-ലെ സെൻസസ് പ്രകാരം ഒരു ചതുരശ്ര കിലോ മീറ്ററിൽ 2161-ൽ കൂടുതൽ ജനസംഖ്യയുള്ള പ്രദേശങ്ങളാണിത്. ഈ പ്രദേശങ്ങൾക്ക് നിലവിൽ നാഗരിക സവിശേഷതകൾ ഉള്ളതിനാൽ വികസന നിഷിദ്ധ മേഖല HTL-ൽനിന്നും 200 മീറ്റർ ആയിരുന്നത് 50 മീറ്റർ ആയി നിജപ്പെടുത്തി.

• CRZ III B-2011-ലെ സെൻസസ് പ്രകാരം ചതുരശ്ര കിലോ മീറ്ററിൽ 2161-ൽ താഴെ ജനസംഖ്യയുള്ള ഗ്രാമപ്രദേശങ്ങൾ ഇതിൽപ്പെടുന്നു. ഈ പ്രദേശങ്ങളിൽ വികസന നിഷിദ്ധ മേഖല നിലവിലുള്ളതുപോലെ HTL-ൽനിന്നും 200 മീറ്റർ എന്ന നിബന്ധന തുടരും.

3. 2011-ലെ CRZ വിജ്ഞാപനത്തിൽ എല്ലാ ദ്വീപുകൾക്കും വികസന നിഷിദ്ധ മേഖല 50 മീറ്ററായി വ്യവസ്ഥ ചെയ്തിരുന്നത് 2019-ലെ CRZ വിജ്ഞാപനത്തിൽ 20 മീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്.

2019-ലെ വിജ്ഞാപന പ്രകാരം CRZ നിയമത്തിന്റെ പരിധിയിൽ വരുന്ന ഉൾനാടൻ ജലാശയങ്ങളോട് ചേർന്നുള്ള കരഭൂമിയിൽ വികസന നിരോധിത മേഖലയുടെ പരിധി 100 മീറ്ററിൽനിന്നും 50 മീറ്ററായി ചുരുക്കിയിട്ടുണ്ട്.

CRZ വിജ്ഞാപനം 2019-ലെ clause 6(i) പ്രകാരം ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരു തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്കുമാത്രമേ ഈ വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുള്ളൂ. അതുവരെ CRZ വിജ്ഞാപനം 2011-ലെ വ്യവസ്ഥകളും 2011 തീരദേശ പരിപാലന പ്ലാനുമാണ് സംസ്ഥാനത്ത് ബാധകമായിട്ടുള്ളത്.

**തീരദേശ പരിപാലന പദ്ധതി**

30 (1954) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരിയിൽ കേന്ദ്രസർക്കാർ ഇറക്കിയ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനമനുസരിച്ചുള്ള തീരദേശ പരിപാലന പദ്ധതി എന്നാണ് തയ്യാറാക്കേണ്ടിയിരുന്നതെന്ന് അറിയിക്കുമോ?

2019-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിൽ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് സമയപരിധി നിഷ്കർഷിച്ചിട്ടില്ല. എന്നാൽ ഇതുസംബന്ധിച്ച കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം 26-6-2019-ൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ, 'ഈ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ച് എത്രയും വേഗത്തിലോ ആറ് മാസം കഴിയാതെയോ സംസ്ഥാനങ്ങൾ 2011 സി.ആർ.ഇസഡ്. വിജ്ഞാപനപ്രകാരം തയ്യാറാക്കിയ തീരദേശ പരിപാലന പ്ലാൻ പുതുക്കുകയോ/പരിഷ്കരിക്കുകയോ ചെയ്യേണ്ടതാണ് 'എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന വിജ്ഞാപനപ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ 2019-ൽ തന്നെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിക്ക് 2021 ജനുവരിയിൽ കൈമാറിയിട്ടുണ്ട്. ഈ പ്രീ ഡ്രാഫ്റ്റ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റ് അനുബന്ധ വകുപ്പുകൾക്കും അഭിപ്രായമാരായാൻ വിതരണം ചെയ്യുകയുണ്ടായി. ഇതിൻപ്രകാരം ലഭിച്ച അഭിപ്രായങ്ങൾ ക്രോഡീകരിച്ചപ്പോൾ പ്രസ്തുത പ്രീഡ്രാഫ്റ്റിൽ പലവിധ അപാകതകളുമുള്ളതായി കാണപ്പെട്ടു. തുടർന്ന് സംസ്ഥാന സർക്കാർ രൂപീകരിച്ച മൂന്നംഗ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് 2022 ഫെബ്രുവരി മാസത്തിൽ ലഭിക്കുകയും വിദഗ്ദ്ധ സമിതി നൽകിയ ശിപാർശകളെ സംസ്ഥാന സർക്കാർ അംഗീകരിക്കുകയും 24-03-2022-ൽ പരിസ്ഥിതി വകുപ്പ് ഉത്തരവിറക്കുകയും ചെയ്തു. തീരദേശ പരിപാലന അതോറിറ്റിയുടെ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിലുള്ള ആവശ്യമായ തിരുത്തലുകൾ കരട് പ്ലാനിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനായി ഫീൽഡ് സർവ്വേ ഉൾപ്പെടെ നടത്തി, വിവിധ വകുപ്പുകളിൽനിന്നുള്ള വിവരങ്ങൾ ശേഖരിച്ച് കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിൽനിന്നുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ നടപടികൾ പൂർത്തിയായിക്കഴിഞ്ഞാൽ കരട് പ്ലാനിന്മേൽ പബ്ലിക് ഹിയറിംഗ് നടത്തി അഭിപ്രായങ്ങൾ ക്രോഡീകരിച്ച് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കും. കരട് പ്ലാൻ ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റി പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തി സംസ്ഥാന സർക്കാരിന്റെ ശിപാർശയോടെയാണ് നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടത്. 2020-21 വർഷങ്ങളിലെ കോവിഡ് മഹാമാരിയുടെ നിയന്ത്രണങ്ങളും വിലക്കുകളും തീരദേശ പരിപാലന പ്ലാനിന്റെ തയ്യാറാക്കലിനെ സാരമായി ബാധിച്ചു.

(സി) നഗര സ്വഭാവമുള്ള പഞ്ചായത്തുകളെ കൂടുതൽ ഇളവുകളുള്ള മേഖല രണ്ടിലേക്ക് മാറ്റണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ കേന്ദ്രസർക്കാർ ഇതുസംബന്ധിച്ച തീരുമാനം അറിയിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ?

6-10-2021-ലെ G.O. (MS) No. 226/2021/LSGD, 13-10-2021-ലെ G.O (MS) No. 233/2021/LSGD നോട്ടിഫിക്കേഷനുകൾപ്രകാരം 398 ഗ്രാമപഞ്ചായത്തുകളെ വില്ലേജ് കാറ്റഗറി I, വില്ലേജ് കാറ്റഗറി II പഞ്ചായത്തുകളായി നവീകരിച്ചു. ഇതിൽ 175 കോസ്റ്റൽ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരംമാറ്റം വരുത്തുന്നതിന് കണ്ടെത്തിയിട്ടുണ്ട്. ടി 175 കോസ്റ്റൽ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരം മാറ്റുന്നതിനുള്ള അനുവാദം ലഭ്യമാക്കണമെന്നും കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10-03-2022-ൽ ഒരു യോഗം ചേരുകയും പ്രസ്തുത മീറ്റിംഗിൽ ചീഫ് സെക്രട്ടറിയും അഡീഷണൽ ചീഫ് സെക്രട്ടറി പരിസ്ഥിതി വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവർ പങ്കെടുക്കുകയും കേരളത്തിന്റെ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യുകയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം കോസ്റ്റൽ ഗ്രാമപഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരംമാറ്റുന്ന വിഷയം വിശദമായി പരിശോധിക്കുന്നതാണെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) തീരദേശ പരിപാലന പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച് ഹരിത ട്രൈബ്യൂണലിൽനിന്ന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

11-4-2022-ലെ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA നമ്പർ 04/2013 (SZ) with appeal No. 18/2017 നമ്പർ ഉത്തരവിൽ 2019-ലെ CRZ വിജ്ഞാപനത്തിനനുസൃതമായ തീരദേശ പരിപാലന പ്ലാൻ രണ്ട് മാസത്തിനകം പൂർത്തിയാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ചീഫ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### സി.ആർ.ഇസഡ്. ക്ലിയറൻസിനായുള്ള അപേക്ഷകൾ

31 (1955) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.ഇസഡ്. ക്ലിയറൻസിനായി തീരദേശ പരിപാലന അതോറിറ്റിക്ക് മുമ്പാകെ ആലപ്പുഴ ജില്ലയിൽ എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് വിശദമാക്കുമോ?

സി.ആർ.ഇസഡ്. ക്ലിയറൻസിനായി തീരദേശ പരിപാലന അതോറിറ്റിയുടെ ആലപ്പുഴ ജില്ലാതല കമ്മിറ്റിയിൽ 24-8-2022-വരെ 101 അപേക്ഷകളും കേരള സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയിൽ 120 അപേക്ഷകളും തീർപ്പാക്കാനവശേഷിക്കുന്നു.

(ബി) 2022 ജനുവരി മുതൽ സി.ആർ.ഇസഡ്. ക്ലിയറൻസിനായി നൽകിയ എത്ര അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചെന്ന് വ്യക്തമാക്കുമോ?

മുൻവർഷങ്ങളിൽ ലഭ്യമായത് ഉൾപ്പെടെ 2022 ജനുവരി മുതൽ സി.ആർ.ഇസഡ്. ക്ലിയറൻസിനായി ലഭ്യമായ അപേക്ഷകളിൽ ആലപ്പുഴ ജില്ലാതല കമ്മിറ്റിയിൽ 332 എണ്ണവും കേരള തീരദേശ പരിപാലന അതോറിറ്റിയിൽ 27 അപേക്ഷകളും തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

**കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനം**

32 (1956) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

1986-ലെ പരിസ്ഥിതി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 3-ന്റെ ഉപവിഭാഗങ്ങൾ (1), (3) പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ് തീരദേശ പരിപാലന അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മേൽനോട്ടത്തിനും നിയന്ത്രണത്തിനും വിധേയമായിട്ടാണ് തീരദേശ പരിപാലന അതോറിറ്റി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. അതോറിറ്റിയുടെ പ്രധാന പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരിനെ അറിയിക്കാറുണ്ട്.

(ബി) തീരദേശ പരിപാലന ചട്ടങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ അനുമതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശിപാർശയോടെ ലഭിക്കുന്ന അപേക്ഷയിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് അതോറിറ്റി നിലവിൽ എടുക്കുന്ന കാലപരിധി എത്രയാണ്; നിലവിൽ ഇത്തരത്തിൽ എത്ര ഫയലുകൾ അതോറിറ്റിയിൽ തീർപ്പ് കൽപ്പിക്കാൻ ഉണ്ട്; വിശദാംശം ലഭ്യമാക്കാമോ?

(ബി & സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ആവശ്യമായ എല്ലാ രേഖകളോടുംകൂടി സമർപ്പിക്കുന്ന അപേക്ഷകൾ സാങ്കേതിക പരിശോധന പൂർത്തീകരിച്ച് അടുത്തുവരുന്ന തീരദേശ പരിപാലന അതോറിറ്റി യോഗത്തിൽ പരിഗണിച്ച് തീരുമാനം കൈക്കൊണ്ടുവരുന്നു. കൂടാതെ, അപൂർണ്ണമായ അപേക്ഷകളിൽ അപേക്ഷ ലഭിച്ച് കഴിവതും രണ്ടാഴ്ചയ്ക്കുള്ളിൽത്തന്നെ അധിക വിവരങ്ങൾ ആവശ്യപ്പെട്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സെക്രട്ടറിക്കും അപേക്ഷകനും കത്തയയ്ക്കുകയും ആയത് ലഭിക്കുന്നമുറയ്ക്ക് അടുത്തുവരുന്ന തീരദേശ പരിപാലന അതോറിറ്റി യോഗത്തിൽ പരിഗണിച്ച് നടപടി സ്വീകരിക്കുകയും ചെയ്യുന്നു. മാസത്തിൽ ഒരു പ്രാവശ്യം യോഗം ചേരാറുണ്ട്. നിലവിൽ അധിക വിവരങ്ങൾ ആവശ്യപ്പെട്ടിട്ടും ലഭ്യമല്ലാത്ത ആകെ 786 ഫയലുകളാണ് ഉള്ളത്.

(ഡി) നിലവിൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരുടെ തസ്തിക, പേര്, മൊബൈൽ നമ്പർ, അവർ കൈകാര്യം ചെയ്യുന്ന ജില്ല തിരിച്ചുള്ള വിഷയം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

തീരദേശ പരിപാലന അതോറിറ്റിയുടെ ഉദ്യോഗസ്ഥരുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേര് | തസ്തിക | ഫോൺ നമ്പർ |
|---|---|---|---|
| 1 | ശ്രീ. സുനീൽ പമീടി, ഐ.എഫ്.എസ്. | മെമ്പർ സെക്രട്ടറി | 8281625134 |
| 2 | ശ്രീ. പി. സി. സാബു | ജോയിന്റ് സെക്രട്ടറി | 9495924643 |
| 3 | ശ്രീമതി അസ്ബിന എ. വി. | സെക്ഷൻ ഓഫീസർ | 0471 2339696 |
| 4 | ശ്രീ. ഹാരിസ് കെ. എസ്. | (എ 1) അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ | 0471 2339696 |
| 5 | ശ്രീമതി ഷാരോൺ ബാബു | (എ 2) സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | 0471 2339696 |

എ 1, എ 2 സീറ്റുകളിൽ കൈകാര്യം ചെയ്യുന്ന ജില്ലകൾ സംബന്ധിച്ച വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു:

എ 1 -തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, തൃശ്ശൂർ

എ 2 - കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്

(ഇ) സമയബന്ധിതമായി ഫയലുകൾ തീർപ്പാക്കുന്നതിന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ സേവനാവകാശ നിയമം പ്രാബല്യത്തിലാക്കി ഫയൽ അദാലത്തുകൾ നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഫയലുകൾ തീർപ്പാക്കുന്നതിനായി ഫയൽ അദാലത്ത് നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലപ്പുഴ ജില്ലയിൽ മലിനീകരണ നിയന്ത്രണ ബോർഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ**

33 (1957) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിൽ മലിനീകരണ നിയന്ത്രണ ബോർഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് പദ്ധതികളുടെ പേരും വിശദാംശങ്ങളും സഹിതം വ്യക്തമാക്കാമോ?

നിലവിൽ ദേശീയ സംസ്ഥാന പദ്ധതികളുടെ ഭാഗമായി ആലപ്പുഴയിലെ ജലസ്രോതസ്സുകളുടെയും അന്തരീക്ഷവായുവിന്റെയും ഗുണനിലവാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തിട്ടപ്പെടുത്തിവരുന്നു.

വേമ്പനാട് കായലിന്റെ Post Flood Related പഠനമായ "Study on the Impact of Heavy Flood on Environmental Characteristics of Vembanad Back Water," "Hydrochemistry of Vembanad Backwater with Special Reference to Pollution Problems and its Management Measures" എന്നിവ നടത്തിയിട്ടുണ്ട്.

കാപ്പിത്തോട് നവീകരണത്തിനായി ആലപ്പുഴ ജില്ല പഞ്ചായത്തിന് മലിനീകരണ നിയന്ത്രണ ബോർഡ് അനുവദിച്ച 40 ലക്ഷം രൂപയിൽ 2,70,338 രൂപ വിനിയോഗിച്ചിട്ടുണ്ട്.

**ഇ-വേസ്റ്റ് സംസ്കരണത്തിന് സംവിധാനം**

34 (1958) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-വേസ്റ്റ് സംസ്കരണത്തിനുള്ള സംവിധാനം ലഭ്യമാണോയെന്ന് വ്യക്തമാക്കാമോ?

ഇ-വേസ്റ്റ് റീസൈക്ലിംഗ് (സംസ്കരണം) യൂണിറ്റ് കേരളത്തിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ M/s. KEIL, Ambalamedu-ൽ ഒരു Dismantling unit പ്രവർത്തിക്കുന്നുണ്ട്. കൂടാതെ M/s. Sahya solutions-ന്റെ ഇടുക്കിയിൽ ഒരു Dismantling യൂണിറ്റ് നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നുണ്ട്. സർക്കാർ ഏജൻസിയായി ക്ലീൻ കേരള കമ്പനി ഇ-വേസ്റ്റ് ശേഖരിക്കുന്നുണ്ട്. കൂടാതെ 27-ഓളം മറ്റ് ശേഖരണ ഏജൻസികളും പ്രവർത്തിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര ഇ-വേസ്റ്റ് ഉണ്ടാകുന്നുയെന്ന സർവ്വേ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സർവ്വേ നടത്തിയിട്ടില്ല.

(സി) നിലവിൽ സ്കൂളുകളിൽ കമ്പ്യൂട്ടറുകളും മറ്റും കേടായാൽ സ്കൂളിൽ തന്നെ അവ കൂട്ടിവയ്ക്കുന്നത് കുട്ടികളുടെ ആരോഗ്യത്തെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലുണ്ടാകുന്ന ഇ-മാലിന്യങ്ങൾ കൂട്ടിവെയ്ക്കുന്നത് തടയുന്നതിനും അവ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2017 മുതൽ സ്കൂളുകളിൽ വിതരണം ചെയ്ത ഉപകരണങ്ങൾക്ക് 5 വർഷത്തെ വാറണ്ടിയും ഇൻഷ്വറൻസ് പരിരക്ഷയും കേടായാൽ സ്കൂളിലെത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സംവിധാനങ്ങളും യഥാസമയം കേടുപാടുകൾ പരിഹരിച്ചില്ലെങ്കിൽ കമ്പനികളിൽനിന്ന് ഫൈൻ ഈടാക്കുന്നതിനും കൈറ്റിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഡിജിറ്റൽ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ സ്കൂളുകൾക്ക് വെബ് പോർട്ടലിലൂടെയും (kite.kerala.gov.in/support) ടോൾഫ്രീ നമ്പർ മുഖേനയും (1800 4256 200) പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

## കെ.എ.എസ്. വകുപ്പുതല പരീക്ഷ

35 (1959) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്. സ്പെഷ്യൽ റൂൾസ് സെക്ഷൻ 15 (എ)(ii) പ്രകാരം പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കേണ്ടതിന് ക്രിമിനൽ ജൂഡീഷ്യൽ ടെസ്റ്റ് ഇൻക്ലൂഡിംഗ് ഇന്ത്യൻ പീനൽ കോഡ് ആൻഡ് ക്രിമിനൽ പ്രോസീജ്വർ കോഡ് എന്ന പരീക്ഷ പാസ്സാകേണ്ടതുണ്ടോ; ഇന്ത്യൻ ശിക്ഷാനിയമം, ക്രിമിനൽ നടപടി നിയമ സംഹിത എന്നിവ കൂടാതെ ഏതൊക്കെ വിഷയങ്ങളാണ് ഈ പരീക്ഷയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ?

ഉണ്ട്. പാഠ്യപദ്ധതി ചുവടെ ചേർക്കുന്നു:

1. (എ) ക്രിമിനൽ പ്രൊസീജ്വർ കോഡ്, 1973 [Act 2 of 1974]

(ബി) ദി ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസ് കേരള, 1982

2. ദി ഇന്ത്യൻ പീനൽ കോഡ്

(ബി) ഈ പരീക്ഷ എന്ന് നടത്താനാണ് പി.എസ്.സി. ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തീയതി തീരുമാനിച്ചിട്ടില്ല.

**യൂണിവേഴ്സിറ്റികളിലെ എൽ.ജി.എസ്. നിയമനം**

36 (1960) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

യൂണിവേഴ്സിറ്റികളിലെ എൽ.ജി.എസ്. നിയമനത്തിനായി പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഈ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ഇല്ല. സർവ്വകലാശാലകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകളിലേക്കുള്ള നിയമന നടപടികൾ സ്വീകരിക്കുന്നതിനായി പി.എസ്.സി.-യെ ചുമതലപ്പെടുത്തി സർക്കാർ പുറപ്പെടുവിച്ച എക്സിക്യൂട്ടീവ് ഉത്തരവിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയെ സംബന്ധിച്ച യോഗ്യതയിൽ ചില ന്യൂനതകൾ ഉള്ളതായി ചൂണ്ടിക്കാട്ടി, ആയത് പരിഹരിച്ചുനൽകണമെന്ന് പി.എസ്.സി. സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**പി.എസ്.സി. നടത്തുന്ന എൽ.ഡി.വി. പരീക്ഷ**

37 (1961) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്വകാര്യവാഹനങ്ങൾ നിരവധി വർഷങ്ങളായി കൂലിക്ക് ഓടിക്കുന്ന ഡ്രൈവർമാർക്ക് മുൻപരിചയം തെളിയിക്കുന്നതിന് പരിമിതികൾ ഉള്ളതിനാൽ പി.എസ്.സി. നടത്തുന്ന എൽ.ഡി.വി. പരീക്ഷയ്ക്ക്, ഡ്രൈവിംഗ് ലൈസൻസ് നേടി മൂന്നുവർഷം കഴിഞ്ഞവർക്ക് മുൻപരിചയ സർട്ടിഫിക്കറ്റ് കൂടാതെ അപേക്ഷിക്കുന്നതിന് അനുമതി നൽകുമോ; വ്യക്തമാക്കാമോ?

ഡ്രൈവർ തസ്തികയുടെ വിശേഷാൽ ചട്ടം പ്രകാരം നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള യോഗ്യതകളിൽ മുൻപരിചയ സർട്ടിഫിക്കറ്റ് ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടില്ല.

## പി.എസ്.സി. മുഖേനയുള്ള നിയമനം

38 (1962) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പി.എസ്.സി. മുഖേന എത്ര പേർക്കാണ് നിയമനം നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പേർക്കാണ് നിയമന ശിപാർശ നൽകിയതെന്ന് വകുപ്പ് അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ?

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജൂൺ 2022-വരെ വിവിധ വകുപ്പുകളിലായി 25689 (ഇരുപത്തയ്യായിരത്തി അറുന്നൂറ്റി എൺപത്തിയൊമ്പത്) നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്.

നിയമന ശിപാർശയുടെ വകുപ്പ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

(സി) നിലവിൽ എത്ര ഒഴിവുകളാണ് വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ളതെന്ന് തസ്തിക തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

പി.എസ്.സി. മുഖേന നികത്തേണ്ട ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

തസ്തിക തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ഡി) പി.എസ്.സി. പരീക്ഷകൾ നടത്തുന്നതിനായി നടപ്പാക്കിയ പരിഷ്കാരങ്ങളെ സംബന്ധിച്ച് വിശദമാക്കാമോ?

വിവിധ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ ഭാഗമായി പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾ, പരീക്ഷ എഴുതുമെന്നുള്ള കൺഫർമേഷൻ നൽകണമെന്ന പരിഷ്കാരത്തിലൂടെ പരീക്ഷാകേന്ദ്രങ്ങൾ കൂടുതൽ കാര്യക്ഷമമായി തയ്യാറാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിനുള്ള ഹാൾടിക്കറ്റ് പരീക്ഷാ തീയതിക്ക് 15 ദിവസം മുമ്പ് അവരവരുടെ പ്രൊഫൈലിൽ അയച്ചുനൽകുന്നുണ്ട്. പരീക്ഷകൾക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ഓൺലൈനായി പരീക്ഷാസമയത്ത്തന്നെ പരീക്ഷാകേന്ദ്രങ്ങളിൽനിന്ന് ആസ്ഥാന ഓഫീസിൽ ലഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

നിയമനങ്ങൾ കൂടുതൽ വേഗത്തിലും സുതാര്യമായും നടത്തുന്നതിനായി പരീക്ഷകൾ ഓൺലൈനായി നടത്തുന്നതിനാവശ്യമായ നടപടികൾ പി.എസ്.സി. സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി.-യുടെ സ്വന്തം ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങളിലും സംസ്ഥാനത്തെ വിവിധ ഗവൺമെന്റ്/സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലും ഓൺലൈൻ പരീക്ഷകൾ നടത്തിവരുന്നു. റിക്രൂട്ട്മെന്റ് നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിലേക്കായി എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി എന്നിവ അടിസ്ഥാനയോഗ്യതകളായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് എസ്.എസ്.എൽ.സി. ലെവൽ, പ്ലസ് ടു ലെവൽ, ഡിഗ്രി ലെവൽ എന്നിങ്ങനെ പൊതുപ്രാഥമിക പരീക്ഷകൾ നടത്തിയതിനുശേഷം ഫൈനൽ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഓഡിറ്റർ കന്നട തസ്തികയിലെ നിയമനം

39 (1963) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1989 ജനുവരി 24-ലെ കേരള ഗസറ്റിൽ കേരള പി.എസ്.സി. വിജ്ഞാപനപ്രകാരം കേരള ഓഡിറ്റ് വകുപ്പിലെ 5 ഒഴിവുകളിലേക്കുള്ള ഓഡിറ്റർ കന്നട നോയിംഗ് തസ്തികയിലേക്ക് എത്രപേർക്ക് നിയമനം നൽകി; നിയമനം ലഭിച്ചവരുടെ പേരുവിവരങ്ങളും പ്രസ്തുത ഉദ്യോഗസ്ഥർ നിലവിൽ ഏത് തസ്തികയിലാണ് ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കാമോ?

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഓഡിറ്റർ കന്നട നോയിംഗ് തസ്തികയിലേക്ക് 5 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥർ നിലവിൽ സേവനത്തിൽനിന്നും വിരമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. രാജരാമ സി. | വിരമിച്ചു |
| 2. ലോകേഷ ആചാരി ബി. | വിരമിച്ചു |
| 3. മഹേശ ബി. | വിരമിച്ചു |
| 4. ജയശ്രീ വി. | വകുപ്പ് വിട്ടുപോയി |
| 5. പി. മോഹനൻ | വിരമിച്ചു |

(ബി) പ്രസ്തുത വിജ്ഞാപനപ്രകാരം നിയമനം ലഭിച്ചവർക്ക് സ്ഥാനക്കയറ്റം ലഭിച്ചതുമൂലമുണ്ടായ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 25-3-2010-ലെ ജി.ഒ.(പി) നമ്പർ 197/10/ഫിൻ സർക്കാർ ഉത്തരവിൽ ഓഡിറ്റർ കന്നട തസ്തികയുടെ യോഗ്യതകളും സ്ഥാനക്കയറ്റം സംബന്ധിച്ചും വ്യക്തമായി പറഞ്ഞിട്ടും പ്രസ്തുത തസ്തികതന്നെ ഇല്ലാതാക്കിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ ഓഡിറ്റർ കന്നട തസ്തിക റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവുകളുണ്ടോ; ഇല്ലെങ്കിൽ കന്നട ഭാഷാന്യൂനപക്ഷങ്ങൾക്ക് അർഹതപ്പെട്ട പ്രസ്തുത തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(സി & ഡി) കന്നട നോയിംഗ് ഓഡിറ്റർമാരുടെ തസ്തികകൾ പ്രത്യേകമായി നീക്കിവച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ റദ്ദാക്കിയിട്ടില്ല. ഓഡിറ്റർ തസ്തികയിലെ ഒഴിവുകൾ കാലാകാലങ്ങളിൽ നിലവിലുണ്ടായിരുന്ന ഓഡിറ്റർമാരുടെ സംസ്ഥാനതല പി.എസ്.സി. ലിസ്റ്റിൽനിന്നുമാണ് നികത്തിയിട്ടുള്ളത്.

(ഇ) കാസർഗോഡ് ജില്ലയിൽ എത്ര ഓഡിറ്റർ തസ്തികയാണുള്ളത്; എത്ര ഓഡിറ്റർ കന്നട തസ്തികയാണ് അനുവദിച്ചിട്ടുള്ളത്; നിലവിൽ എത്രപേർ പ്രസ്തുത തസ്തികയിൽ ജോലിചെയ്യുന്നു; എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ?

കാസർഗോഡ് ജില്ലയിൽ 3 ഓഡിറ്റർ തസ്തികകളാണുള്ളത്. ഓഡിറ്റർ കന്നട തസ്തിക പ്രത്യേകമായി നീക്കിവച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റർ തസ്തികയിൽ നിലവിൽ വരുന്ന ഒഴിവുകളിൽ കാലാകാലങ്ങളിലെ ഓഡിറ്റർമാരുടെ സംസ്ഥാനതല പി.എസ്.സി. ലിസ്റ്റിൽനിന്നുമാണ് നിയമനം നൽകിവരുന്നത്.

**പി.എസ്.സി. ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ**

40 (1964) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷന് കീഴിൽ എത്ര ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് ജില്ലാ പി.എസ്.സി. ഓഫീസുകളോട് അനുബന്ധമായും മറ്റ് ജില്ലകളിൽ വിവിധ സർക്കാർ/സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലും പരീക്ഷാകേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

(ബി) ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

പരീക്ഷാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കുന്നത്.

(സി) പി.എസ്.സി.-യുടെ വിവിധ പരീക്ഷകൾക്ക് കൂടുതൽ ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്ന മലപ്പുറം ജില്ലയിൽ പ്രസ്തുത പരീക്ഷാ കേന്ദ്രങ്ങൾ ഇല്ലാത്തതുമൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ മലപ്പുറം ജില്ലയിൽ ഓൺലൈൻ പരീക്ഷാകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(സി & ഡി) വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ പരീക്ഷാകേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ MES Engineering College, Kuttipuram, MEA Engineering College, Perinthalmanna എന്നീ കോളേജുകൾ പരീക്ഷാകേന്ദ്രങ്ങളാണ്.

## കാസർഗോഡ് ജില്ലയിലെ എൽ.പി.എസ്.ടി./യു.പി.എസ്.ടി. ഒഴിവുകൾ

41 (1965) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൽ.പി.എസ്.ടി. തസ്തികയിലെ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ എത്ര തസ്തികകളിലേക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയെന്ന് വിശദമാക്കാമോ?

(എ & ബി) റിപ്പോർട്ട് ചെയ്ത 240 ഒഴിവുകളിലേക്കും പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത ജില്ലയിൽ യു.പി.എസ്.ടി. തസ്തികയിലെ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതെന്ന് അറിയിക്കുമോ?

137 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് റാങ്ക് ലിസ്റ്റ്

42 (1966) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് ഏതെല്ലാം ജില്ലകളിൽ നിലവിലുണ്ടെന്ന് അറിയിക്കാമോ; എങ്കിൽ ഓരോ ജില്ലയിലും ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ലയിലും പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ & ബി) ആരോഗ്യ വകുപ്പിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയുടെ റാങ്ക് പട്ടിക നിലവിലില്ല. ടി തസ്തികയുടെ നിലവിലുള്ള വിജ്ഞാപന പ്രകാരമുള്ള (കാറ്റഗറി നമ്പർ 527/2019) തെരഞ്ഞെടുപ്പ് നടപടികൾ പി.എസ്.സി.-യിൽ പുരോഗമിച്ചുവരുന്നു.

## എക്സൈസ് വകുപ്പിലെ ഡ്രൈവർ തസ്തികയുടെ റാങ്ക് ലിസ്റ്റ്

43 (1967) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ അതിന്റെ കാലാവധി എന്നുവരെയാണെന്ന് അറിയിക്കാമോ?

നിലവിലുണ്ട്. പ്രസ്തുത റാങ്ക് പട്ടികയുടെ കാലാവധി 3-9-2022 വരെയാണ്.

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് എത്ര പേർക്ക് അഡ്വൈസ് മെമ്മോ നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

(ബി & സി) റിപ്പോർട്ട് ചെയ്ത 6 ഒഴിവുകളിൽ ഇതിനകം പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

## പി.എസ്.സി. വഴി നൽകിയ നിയമന ശിപാർശകൾ

44 (1968) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. വഴി നൽകിയ നിയമന ശിപാർശകളുടെ വിശദാംശം ലഭ്യമാക്കുമോ; ഈ കാലയളവിൽ എത്ര റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

2022 ജൂൺ വരെ ആകെ 25,689 (ഇരുപത്തയ്യായിരത്തി അറുന്നൂറ്റി എൺപത്തിയൊമ്പത്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമായി 806 റാങ്ക് ലിസ്റ്റുകൾ പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഓൺലൈൻ പരീക്ഷാസൗകര്യം വിപുലപ്പെടുത്തുന്നതിനായി പി.എസ്.സി. സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

നിയമനങ്ങൾ കൂടുതൽ വേഗത്തിലും സുതാര്യമായും നടത്തുന്നതിനായി പരീക്ഷകൾ ഓൺലൈനായി നടത്തുന്നതിന് ആവശ്യമായ നടപടികൾ പി.എസ്.സി. സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി.-യുടെ സ്വന്തം ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങളിലും സംസ്ഥാനത്തെ വിവിധ ഗവൺമെന്റ്/സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലും ഓൺലൈൻ പരീക്ഷകൾ നടത്തിവരുന്നു.

**ഫാർമസിസ്റ്റ് റാങ്ക് പട്ടിക**

45 (1969) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഫാർമസിസ്റ്റ് റാങ്ക് പട്ടിക നിലവിലുണ്ടോ; പ്രസ്തുത പട്ടികയിൽനിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; പ്രസ്തുത തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് പരമാവധി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റ് തസ്തികയുടെ റാങ്ക് പട്ടിക നിലവിലുണ്ട്. 15 (പതിനഞ്ച്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട നിർദ്ദേശം എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നൽകിയിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലയിലെ ഫാർമസിസ്റ്റ് തസ്തികയിൽ 18 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ ആറു നിയമനങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട 16 പേർക്കും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(ബി & സി) 9 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. പ്രതീക്ഷിത ഒഴിവുകളിൽ നിയമന ശിപാർശ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തേഡ് ഗ്രേഡ് ഡ്രാഫ്റ്റ്മാൻ തസ്തിക**

46 (1970) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തേഡ് ഗ്രേഡ് ഡ്രാഫ്റ്റ്മാൻ, ഓവർസിയർ, ട്രേസർ തസ്തികകളിലേക്ക് പി.എസ്.സി. നിയമനത്തിന് ഐ.ടി.ഐ. (എൻ.സി.വി.ടി.) കെ.ജി.സി.ഇ., വി.എച്ച്.എസ്.ഇ. യോഗ്യതയുള്ളവരെ മാത്രം പരിഗണിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഈ വിഷയവുമായി ബന്ധപ്പെട്ട നിവേദനങ്ങൾ പരിശോധിച്ചുവരുന്നു.

**ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ ഒഴിവുകൾ**

47 (1971) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാസ്റ്റ് ഗ്രേഡ് സർവന്റ്, ലോവർ ഡിവിഷൻ ക്ലർക്ക് എന്നീ തസ്തികകളിൽ 2022 മാർച്ച് മുതൽ 2025 മാർച്ച് വരെയുള്ള കാലയളവിൽ വിവിധ വകുപ്പുകളിൽ വിരമിക്കൽമൂലമുണ്ടാകുന്ന ഒഴിവുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ മേൽപ്പറഞ്ഞ തസ്തികകളിൽ പ്രസ്തുത കാലയളവിൽ എത്ര ഒഴിവുകൾ വീതം ഉണ്ടാകുമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ ശേഖരിച്ച ഒഴിവുകളുടെ എണ്ണം അടിസ്ഥാനപ്പെടുത്തിയാണോ കേരള പി.എസ്.സി. പ്രസ്തുത തസ്തികകളിലെ 2022-ലെ റാങ്ക് ലിസ്റ്റ് തയാറാക്കിയത്; വിശദമാക്കുമോ?

(എ-സി) ജില്ലാതല നിയമനമായ എൽ.ഡി.ക്ലർക്ക്, ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ്, ക്ലർക്ക്-ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്-ക്ലർക്ക് തസ്തികകളുടെ റാങ്ക് പട്ടിക തയ്യാറാക്കുന്നതിന് അടുത്ത മൂന്ന് വർഷത്തിലും ഓരോ വകുപ്പിലും ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകളുടെ എണ്ണം കണക്കാക്കി പി.എസ്.സി.-യെ അറിയിക്കാൻ 1-4-2022-ൽ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു.

മറ്റു വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യത അടിസ്ഥാനമാക്കിയുള്ള റാങ്ക് ലിസ്റ്റുകൾ

48 (1972) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യത അടിസ്ഥാനമാക്കിയുള്ള വിവിധ റാങ്ക് ലിസ്റ്റുകൾ ഒരു പൊതുപരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനാൽ മിക്ക ലിസ്റ്റുകളിലും ഒരേ ആളുകൾ തന്നെ ഉൾപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റാങ്ക് ലിസ്റ്റുകളിൽ ഉൾക്കൊള്ളിക്കുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം ആനുപാതികമായി വർദ്ധിപ്പിച്ചില്ലെങ്കിൽ മേൽപ്പറഞ്ഞ എല്ലാ റാങ്ക് ലിസ്റ്റുകളും കാലാവധിക്ക് മുമ്പുതന്നെ റദ്ദാകുമെന്നതിനാൽ അർഹതപ്പെട്ട നിരവധി പേർക്ക് അവസരം ലഭിക്കാതിരിക്കുന്നത് ഒഴിവാക്കാൻ പ്രസ്തുത റാങ്ക് ലിസ്റ്റിൽ കൂടുതൽ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ & ബി) മിക്ക ലിസ്റ്റുകളിലും ഒരേ ആളുകൾതന്നെ ഉൾപ്പെടുന്നതിനുള്ള സാധ്യതകൂടി കണക്കിലെടുത്താണ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം പി.എസ്.സി. തീരുമാനിക്കുന്നത്.

## എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് പട്ടികയിൽനിന്നുള്ള നിയമനങ്ങൾ

49 (1973) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 നവംബറിൽ പി.എസ്.സി. പ്രസിദ്ധീകരിച്ച എൽ.ഡി. ടൈപ്പിസ്റ്റ് (വിവിധം) (കാറ്റഗറി നമ്പർ 280/2018) റാങ്ക് പട്ടികയിൽനിന്നും വിവിധ ജില്ലകളിൽ ഇതുവരെ എത്ര നിയമനങ്ങൾ നടന്നു; വിശദമാക്കാമോ?

എൽ.ഡി. ടൈപ്പിസ്റ്റ് (കാറ്റഗറി നമ്പർ 280/2018) തസ്തികയുടെ നിലവിലുള്ള റാങ്ക് പട്ടികയിൽനിന്നും നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ജില്ല | നിയമന ശിപാർശകളുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 127 |
| കൊല്ലം | 63 |
| പത്തനംതിട്ട | 62 |
| ആലപ്പുഴ | 57 |

| (1) | (2) |
|---|---|
| കോട്ടയം | 84 |
| ഇടുക്കി | 70 |
| എറണാകുളം | 124 |
| തൃശ്ശൂർ | 79 |
| പാലക്കാട് | 69 |
| മലപ്പുറം | 67 |
| കോഴിക്കോട് | 86 |
| വയനാട് | 46 |
| കണ്ണൂർ | 68 |
| കാസർഗോഡ് | 41 |

(ബി) സംസ്ഥാനത്തെ മൊത്തം ജില്ലകളിലും വിവിധ വകുപ്പുകളിലായി പ്രസ്തുത തസ്തികയിൽ എഴുപതോളം ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെടാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വളരെ കുറഞ്ഞ നിയമനം മാത്രം നടക്കുന്ന എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ വിവിധ വകുപ്പുകളിൽ ഒഴിവുകൾ തടഞ്ഞുവയ്ക്കുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.എസ്.സി. മുഖേന നികത്തേണ്ട ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പാലക്കാട് ജില്ലയിൽ വിവിധ വകുപ്പുകളിലായി ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ (ജലസേചന വകുപ്പ്-5, വനിതാശിശു വികസന വകുപ്പ്-3, ഗ്രാമവികസന/തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പ്-3, ജി.എസ്.ടി. വകുപ്പ്-2) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെടാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) മേൽ ഒഴിവുകൾ നിലവിൽ വന്ന് മാസങ്ങളായിട്ടും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന് കാരണമെന്താണ്; അവ എത്രയും പെട്ടെന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ഡി & ഇ) തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് (LID & EW) വിഭാഗത്തിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒരു ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ചരക്ക് സേവന നികുതി (GST) വകുപ്പ്, ജലസേചന വകുപ്പ്, വനിത-ശിശു വികസനം/ഗ്രാമവികസന വകുപ്പുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഒഴിവുകൾ നിലവിലില്ല.

## കണ്ണൂർ ജില്ലയിലെ ലിഫ്റ്റ് ഓപ്പറേറ്റർ റാങ്ക് ലിസ്റ്റ്

50 (1974) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ലിഫ്റ്റ് ഓപ്പറേറ്റർ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണെന്നും ഇതിൽ എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ടെന്നും അറിയിക്കുമോ; നാളിതുവരെ പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും എത്ര നിയമനം നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഇല്ല.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ബാധകമല്ല.

(സി) റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ നൽകിയ കേസിന്റെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിർദ്ദേശപ്രകാരം കണ്ണൂർ ജില്ലയിലെ ഡി.എം.ഒ. ഓഫീസിൽ നാല് ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികകളിലേക്ക് അടിയന്തരമായി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസിൽ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തിക സൃഷ്ടിച്ചിട്ടില്ല.

## ആശ്രിത നിയമനം

51 (1975) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എച്ച്.എസ്.എസ്. വാഴക്കാട് എച്ച്.എസ്.എസ്.ടി. മലയാളം അദ്ധ്യാപകനായി ജോലി ചെയ്തുവരവെ മരണമടഞ്ഞ കുഞ്ഞിമൂസ ഇ. എന്നവരുടെ മകൾ ഷാസിയ ബി.കെ.-യുടെ ആശ്രിത നിയമന നടപടിയിൽ കാലതാമസം വന്നിട്ടുണ്ടോ; ടിയാളുടെ നിയമന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത വ്യക്തിക്ക് നിലവിൽ ഏത് വകുപ്പിലാണ് നിയമനം നൽകാനുദ്ദേശിക്കുന്നത്; പ്രസ്തുത നിയമനം എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ & ബി) ഉണ്ട്. 17-3-2014 അപേക്ഷാ തീയതിയായുള്ള ശ്രീമതി ഷാസിയാ ബി.കെ., പൊതുഭരണ വകുപ്പിൽ നിലവിലുള്ള എൽ.ഡി. ക്ലർക്ക് തസ്തികയിലെ നിയമനത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റിൽ അഞ്ചാമതാണ്. 2012 മുതൽ 2015 വരെ കാലയളവിൽ വിവിധ ഉത്തരവുകൾ പ്രകാരം സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലർക്കായി നിയമനം ലഭിച്ചവരുടെ സർവ്വീസ് ക്രമീകരണം നാളിതുവരെ പൂർത്തിയായിട്ടില്ല. ആയത് പൂർത്തിയായതിനുശേഷം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനനുസരിച്ച് അപേക്ഷയുടെ ഊഴമെത്തുന്ന മുറയ്ക്ക് നിയമന ശിപാർശ നൽകുന്നതാണ്.

**കരാർ ജീവനക്കാരുടെ വേതനം**

52 (1976) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ കീഴിൽ ജോലി ചെയ്യുവരുന്ന കരാർ ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിച്ചിരിക്കുന്നത് എത്രയാണെന്ന് വ്യക്തമാക്കാമോ?

കരാർ/ദിവസ വേതന ജീവനക്കാർക്ക് വേതനം നിശ്ചയിച്ച് കൊണ്ട് ധനകാര്യ വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ അനുസരിച്ച് വിവിധ തസ്തികകളെ വ്യത്യസ്തമായ കാറ്റഗറികളിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ തസ്തികയ്ക്കും പ്രതിമാസം നൽകാവുന്ന പരമാവധി കരാർ വേതനമാണ് നിശ്ചയിച്ചിരിക്കുന്നത്. കരാർ ജീവനക്കാർക്ക് നൽകാവുന്ന മിനിമം വേതനം നിശ്ചയിച്ചിട്ടില്ല.

(ബി) കരാർ ജീവനക്കാർക്ക് നിലവിൽ വാർഷിക ഇൻക്രിമെന്റ് നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കരാർ ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റ് നൽകുന്നില്ല.

(സി) വാർഷിക ഇൻക്രിമെന്റ് മുൻകാലങ്ങളിൽ നൽകിയിട്ടുണ്ടെങ്കിൽ ഏത് വർഷം വരെ ഇൻക്രിമെന്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കരാർ ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റ് നൽകാറില്ല. പകരം കാലാകാലങ്ങളിലായി സർക്കാരിന് അനിവാര്യം എന്ന് തോന്നുന്നപക്ഷം മാറുന്ന വിലസൂചികയ്ക്ക് അനുസരിച്ച് ഒരു നിശ്ചിത ശതമാനം വേതനവർധനവാണ് നൽകിപ്പോരുന്നത്. അപ്രകാരം 11-2-2021 -ലെ ജി.ഒ.(പി)നമ്പർ 29/2021/ധന. ഉത്തരവനുസരിച്ച് 2021-ൽ വേതന വർദ്ധനവ് അനുവദിച്ചിരുന്നു.

(ഡി) 10-2-2021 -ലെ ജി.ഒ.(പി)നമ്പർ 27/2021/ഫിൻ. പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളം പുതുക്കി നിശ്ചയിച്ചതിനോടൊപ്പം കരാർ ജീവനക്കാരുടെ ശമ്പളം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പുതുക്കിയ നിരക്ക് എത്രയെന്ന് വിശദമാക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാർ ജീവനക്കാരുടെ വേതനം പുതുക്കി നിശ്ചയിച്ചിട്ടില്ല.

(ഇ) സർക്കാർ ഓഫീസിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാരുടെ ജോലി സമയം സംബന്ധിച്ച് ഉത്തരവുണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

സർക്കാർ ഓഫീസിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാരുടെ ജോലി സമയം സംബന്ധിച്ച് ഉത്തരവ് ഒന്നുംതന്നെ ധനകാര്യ വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടില്ല.

## തിരുവനന്തപുരം ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ

53 (1977) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

പതിനൊന്ന് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഒഴിവുകൾ നിലവിലുണ്ടെങ്കിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഐ.ടി. കമ്പനികളെ ആകർഷിക്കുന്നതിന് നടപടി

54 (1978) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ പ്രധാനപ്പെട്ട എത്ര ആഗോള കമ്പനികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ടെക്നോപാർക്കിൽ 21-ഉം ഇൻഫോപാർക്കിൽ 19-ഉം പ്രധാനപ്പെട്ട ഐ.ടി. കമ്പനികൾ പ്രവർത്തിക്കുന്നു.

(ബി) കൂടുതൽ ഐ.ടി. കമ്പനികളെ കേരളത്തിലേക്ക് കൊണ്ടുവരാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഐ.ടി. കമ്പനികളെ കേരളത്തിലേക്ക് കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെ ഐ.ടി./ഐ.ടി.ഇ.എസ്. മേഖലകളിലെ 20-ഓളം വൻകിട കമ്പനികളെയും ദേശീയ-അന്തർദേശീയ തലങ്ങളിൽ പ്രവർത്തിക്കുന്ന ബി.പി.ഒ. ഉൾപ്പെടെയുള്ള പ്രമുഖ ഐ.ടി. കമ്പനികളെയും കേരളത്തിലേക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സർക്കാർ പങ്കാളിത്തത്തോടെ സ്വകാര്യ സംരംഭകരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ദേശീയ അന്തർദേശീയ തലങ്ങളിൽ നടക്കുന്ന ഐ.ടി. മേളകൾ, സെമിനാറുകൾ, കോൺഫറൻസുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവയിൽ പങ്കെടുക്കുന്നതിനും കേരളത്തിലെ ഐ.ടി./ഐ.ടി.ഇ.എസ്. മേഖലയിൽ സജ്ജമാക്കിയിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ, മാനവശേഷി ലഭ്യത, നിക്ഷേപ സാധ്യതകൾ തുടങ്ങിയവ മനസ്സിലാക്കികൊടുക്കുക വഴി കൂടുതൽ തദ്ദേശ/വിദേശ നിക്ഷേപങ്ങൾ കേരളത്തിലേക്ക് ആകർഷിക്കാനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാന ഐ.ടി. മേഖലയെ രാജ്യത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിനായി നടപ്പിലാക്കേണ്ട പദ്ധതികൾക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു ഹൈപവർ ഐ.ടി. കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ഐ.ടി. വ്യവസായം ആരംഭിക്കുന്ന സംരംഭകർക്കും ഈ മേഖലയിൽ തൊഴിൽ അന്വേഷിക്കുന്നവർക്കും ഇപ്പോൾ തൊഴിൽ ചെയ്യുന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂച്ചർ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു.

**കെ-ഫോൺ പദ്ധതി**

55 (1979) <u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. സജീവ് ജോസഫ്</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:
<u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇരുപത് ലക്ഷം പാവപ്പെട്ടവർക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകുക എന്ന കെ-ഫോൺ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം എന്നേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാനും ലക്ഷ്യമിട്ടിരിക്കുന്ന കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ 83 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. പദ്ധതിയുമായി ബന്ധപ്പെട്ട ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ ലൈസൻസും (IP) ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ ലൈസൻസും (ISP) കെ-ഫോൺ ലിമിറ്റഡിന് ലഭ്യമായിട്ടുണ്ട്. പൊതുജനങ്ങൾക്ക് കെ ഫോൺ സേവനം ലഭ്യമാക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ/നടപടിക്രമങ്ങൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടി സെക്രട്ടറിതല സമിതി സ്വീകരിച്ചുവരുന്നു. കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിന്റെ ആദ്യ ഘട്ടത്തിൽ ഓരോ നിയമസഭാമണ്ഡലത്തിലെയും തെരഞ്ഞെടുക്കപ്പെടുന്ന 100 ബി.പി.എൽ. കുടുംബങ്ങൾക്ക് വീതം സൗജന്യ കണക്ഷൻ നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ഫ്രണ്ട്സ്-ജനസേവന കേന്ദ്രങ്ങൾ**

56 (1980) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2000-01 കാലയളവിൽ ഐ.റ്റി. വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലും ആരംഭിച്ച ഫ്രണ്ട്സ്-ജനസേവന കേന്ദ്രങ്ങളിൽ ഇപ്പോൾ എന്തെല്ലാം സേവനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

ഇപ്പോൾ ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ വഴി വിവിധ വകുപ്പുകളുടെ സേവനങ്ങളാണ് നൽകിവരുന്നത് (വിശദ വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു)*

(ബി) ശരാശരി എത്ര ഉപഭോക്താക്കളാണ് ഇപ്പോൾ ഈ കേന്ദ്രങ്ങൾ പ്രയോജനപ്പെടുത്തുന്നതെന്നും ഓരോ കേന്ദ്രങ്ങളിലും എത്ര ജീവനക്കാർ വീതമാണുള്ളതെന്നും ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

പ്രതിമാസ ഇടപാടുകളുടെ ശരാശരി എണ്ണം 25000 ആണ്. ജില്ല തിരിച്ചുള്ള ജീവനക്കാരുടെ എണ്ണം അനുബന്ധം ആയി ഉൾപ്പെടുത്തിയിരിക്കുന്നു.*

(സി) പുതുതായി എന്തെങ്കിലും സേവനങ്ങൾ ഈ കേന്ദ്രങ്ങളിൽ ഉൾപ്പെടുത്താൻ ആലോചനയുണ്ടോ; വ്യക്തമാക്കാമോ?

പുതുതായി സേവനങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള ആലോചന ഇപ്പോൾ ഇല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

### അരുവിക്കര മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ

57 (1981) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ, അവ സ്ഥിതി ചെയ്യുന്ന സ്ഥലം എന്നിവയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ, അവ സ്ഥിതി ചെയ്യുന്ന സ്ഥലം എന്നിവയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയതായി അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പ്രൊപ്പോസലുകൾ നിലവിലുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ നൽകാമോ?

ഉണ്ട്. നിലവിൽ സർക്കാർ അംഗീകാരം ലഭിച്ച ചുവടെ ചേർക്കുന്ന ലൊക്കേഷനുകളിലേക്ക് അക്ഷയകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | ലൊക്കേഷൻ |
|---|---|---|
| 1 | കുറ്റിച്ചൽ | പേഴുംമൂട് |
| 2 | പൂവച്ചൽ | കാപ്പിക്കാട് |

### അക്ഷയ കേന്ദ്രങ്ങളിലേക്ക് സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് നടപടി

58 (1982) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം നഗരസഭയിലെ മണാശ്ശേരി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ആരംഭിക്കാനിരിക്കുന്ന അക്ഷയകേന്ദ്രങ്ങളിലേക്ക് സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് എഴുത്തു പരീക്ഷ കഴിഞ്ഞ് മാസങ്ങളായെങ്കിലും അഭിമുഖം നടത്തുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത അഭിമുഖം അടിയന്തരമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ&ബി) നിലവിലെ മാർഗ്ഗനിർദ്ദേശം അനുസരിച്ച്, അക്ഷയകേന്ദ്രം അനുവദിക്കുന്നതിനുള്ള ലൊക്കേഷനുകളിലേക്ക് വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ലഭിക്കുന്ന അപേക്ഷകളിലെ ബിൽഡിംഗ് സ്പേസ് ഉൾപ്പെടെയുള്ള കാര്യങ്ങളുടെ നിജസ്ഥിതി പരിശോധിച്ചതിനുശേഷമാണ് ഓൺലൈൻ പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തേണ്ടത്. എന്നാൽ കോവിഡ് സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ മുക്കം മുനിസിപ്പാലിറ്റി ഉൾപ്പെടെ നിരവധി ലൊക്കേഷനുകളിൽ ഓൺലൈൻ പരീക്ഷയ്ക്ക് മുമ്പ് മേൽപ്പറഞ്ഞ പരിശോധന നടത്താൻ കഴിഞ്ഞിരുന്നില്ല. പ്രസ്തുത പരിശോധന നടത്തി നിജസ്ഥിതി ഉറപ്പുവരുത്തേണ്ടതിനാലാണ് എഴുത്തു പരീക്ഷ കഴിഞ്ഞ് അഭിമുഖം നടത്താൻ വൈകിയത്. അഭിമുഖം നടത്തുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**അക്ഷയ കേന്ദ്രങ്ങളിലെ ഫീസ്**

59 (1983) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അക്ഷയ സെന്ററുകളിൽനിന്നും ലഭ്യമാകുന്ന അവശ്യസേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് ഇനം തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ അക്ഷയ സെന്ററുകളിൽനിന്നും ലഭ്യമാകുന്ന വിവിധ അവശ്യ സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് വ്യക്തമാക്കുന്ന സർക്കാർ ഉത്തരവുകളായ 9-5-2018-ലെ സ.ഉ. (അച്ചടി) നമ്പർ 03/2018/വിസവ, 20-8-2018-ലെ സ.ഉ. (കൈ) നമ്പർ 21/2018/വിസവ, 24-2-2020-ലെ സ.ഉ. (കൈ) നമ്പർ 9/2020/വിസവ, 1-10-2021-ലെ സ.ഉ. (സാധാ) നമ്പർ 1166/2021/തൊഴിൽ എന്നിവ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഫോട്ടോസ്റ്റാറ്റ്, പ്രിന്റിംഗ്, സ്കാനിംഗ് ഉൾപ്പെടെയുള്ള സേവനങ്ങൾക്കും അടിസ്ഥാന ഫീസ് നിശ്ചയിച്ചിട്ടുണ്ടോ?

ഉണ്ട്. ഫോട്ടോസ്റ്റാറ്റ്, പ്രിന്റിംഗ്, സ്കാനിംഗ് എന്നീ സേവനങ്ങൾക്ക് പേജൊന്നിന് 3 രൂപയാണ് സർക്കാർ നിശ്ചയിച്ചിരിക്കുന്നത്.

(സി) സ്വകാര്യ ജനസേവന കേന്ദ്രങ്ങൾ, ഇന്റർനെറ്റ് കഫേ മുതലായ സ്ഥാപനങ്ങളിൽ ഫോട്ടോസ്റ്റാറ്റ്, പ്രിന്റിംഗ്, സ്കാനിംഗ് ഉൾപ്പെടെയുള്ള സേവനങ്ങൾക്ക് സർക്കാർ ഫീസ് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഇല്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## അക്ഷയകേന്ദ്രങ്ങൾ വഴി ആധാർ

60 (1984) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയകേന്ദ്രങ്ങൾ വഴി ആധാർ എടുക്കുന്നതിനുള്ള സൗകര്യം ഇപ്പോഴും നിലവിലുണ്ടോയെന്ന് അറിയിക്കുമോ?

അക്ഷയകേന്ദ്രങ്ങൾ വഴി ആധാർ എടുക്കുന്നതിനുള്ള സൗകര്യം ഇപ്പോഴും നിലവിലുണ്ട്.

(ബി) കിടപ്പുരോഗികളുടെ താമസസ്ഥലത്ത് പോയി ആധാർ എടുത്തു കൊടുക്കുന്ന നടപടി ഇപ്പോൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിലുണ്ട്.

(സി) പല അക്ഷയകേന്ദ്രങ്ങളും ഈ സേവനത്തിന് തയ്യാറാകാത്തത് കാരണം വൃദ്ധരും കിടപ്പുരോഗികളുമായ പലർക്കും ആധാർ എടുക്കാൻ സാധിച്ചിട്ടില്ലെന്ന കാര്യം പരിഗണിച്ച് ഈ സേവനം തുടർന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളായ കിടപ്പു രോഗികളുടെയും വൃദ്ധരുടെയും വിവരങ്ങൾ അതതു തദ്ദേശസ്വയംഭരണ സ്ഥാപനം വഴി ശേഖരിച്ച് അക്ഷയ ജില്ലാ ഓഫീസിന്റെ മേൽനോട്ടത്തിൽ പ്രാദേശിക സംരംഭകർ മുഖേന ആധാർ എൻറോൾമെന്റ് നടത്തിവരുന്നുണ്ട്.

## സ്പ്രിംഗ്ലർ കരാർ അന്വേഷണം

61 (1985) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പ്രിംഗ്ലർ കരാർ സംബന്ധിച്ച് അന്വേഷണം നടത്തിയ മാധവൻ നമ്പ്യാർ കമ്മിറ്റി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

മാധവൻ നമ്പ്യാർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

(ബി) സ്പ്രിംഗ്ലർ കരാർ സംബന്ധിച്ച് തുടർന്ന് അന്വേഷണം നടത്തിയ കെ. ശശിധരൻ നായർ അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കെ. ശശിധരൻ നായർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## സി-ഡിറ്റിലെ ജീവനക്കാരുടെ താൽക്കാലിക പ്രൊമോഷൻ

62 (1986) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ സി.എസ്.ഐ.ആർ./യു.ജി.സി. സ്കെയിലിൽ ശമ്പളം പറ്റുന്ന അഞ്ച് ജീവനക്കാർക്ക് സർക്കാരിന്റെ അനുമതിയില്ലാതെ പ്രൊമോഷൻ നൽകിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ചട്ടവിരുദ്ധമായി പ്രൊമോഷൻ അനുവദിച്ച് നൽകിയത് വകുപ്പുതല പരിശോധനയ്ക്ക് വിധേയമാക്കുകയും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുമോയെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന വിഷയത്തിൽ തീരുമാനമെടുത്ത് നടപ്പിലാക്കാൻ സി-ഡിറ്റ് രജിസ്ട്രാർക്കോ ഡയറക്ടർക്കോ ചട്ടപ്രകാരം അധികാരം അനുവദിച്ച് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(എ&ബി) സി-ഡിറ്റ് സർവീസ് റൂൾസ് പ്രകാരം പ്രൊമോഷനുകൾ നടത്താൻ സർക്കാർ അനുമതി ആവശ്യമില്ല.

(സി) ഈ അഞ്ച് ജീവനക്കാർക്ക് നിലവിലെ സി.എസ്.ഐ.ആർ. നിബന്ധനകൾ പ്രകാരം പ്രൊമോഷൻ നൽകാൻ കഴിയില്ലെന്ന ഇവാല്യുവേഷൻ കമ്മിറ്റിയുടെ മിനിറ്റ്സ് നിലനിൽക്കെ ഇവർക്ക് താൽക്കാലികമായി പ്രൊമോഷൻ അനുവദിച്ച് നൽകിയത് ഏതു സർവ്വീസ് ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

26-2-2019, 11-5-2019 തീയതികളിൽ നടന്ന സി-ഡിറ്റ് അസസ്മെന്റ് പ്രൊമോഷൻ കമ്മിറ്റി മിനിറ്റ്സ് പ്രകാരം ഇത്തരമൊരു തീരുമാനം എടുത്തിട്ടില്ല.

(ഡി) സർക്കാർ സർവ്വീസ് ചട്ടപ്രകാരമോ സി-ഡിറ്റിലെ സർവ്വീസ് ചട്ടപ്രകാരമോ ജീവനക്കാർക്ക് താൽക്കാലികമായി പ്രൊമോഷനും അനുബന്ധ സാമ്പത്തിക ആനുകൂല്യങ്ങളും അനുവദിച്ച് നൽകുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

സി-ഡിറ്റ് സർവ്വീസ് റൂൾസ് പ്രകാരമാണ് റെഗുലർ/അസ്സസ്മെന്റ് പ്രൊമോഷൻ എന്നിവ നൽകുന്നത്.

(ഇ) സി-ഡിറ്റിലെ സി.എസ്.ഐ.ആർ./യു.ജി.സി. സ്കെയിലിൽ ശമ്പളം പറ്റുന്ന ജീവനക്കാർക്ക് ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ സി-ഡിറ്റ് സർവ്വീസ് റൂൾസിൽ അക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും എന്ന് മുതലാണ് ഇത് ഉത്തരവായി പ്രാബല്യത്തിൽ വന്നതെന്നും വ്യക്തമാക്കാമോ?

ഉണ്ട്. സി-ഡിറ്റ് സർവ്വീസ് റൂൾസ് 4.16 പ്രകാരം എല്ലാ സി-ഡിറ്റ് ജീവനക്കാർക്കും ലീവ് സറണ്ടർ അനുവദിച്ചിട്ടുണ്ട്. എന്നാൽ സറണ്ടർ ചെയ്യാവുന്ന പരമാവധി ആർജ്ജിതാവധി 240 ദിവസമായി നിജപ്പെടുത്തിയിരുന്നത് 16-6-2020-ലെ സ.ഉ.(കൈ) 15/2020/വി.സ.വ. പ്രകാരം പരിധിയും ചട്ടങ്ങളും അതത് കാലങ്ങളിൽ സർക്കാർ ജീവനക്കാർക്കു നിശ്ചയിക്കുന്നതിനു സമാനമായിരിക്കുമെന്ന് സി.ഡിറ്റ് സർവ്വീസ് റൂൾസിൽ ഭേദഗതിയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## പുതുതായി ഐ.ടി. പാർക്കുകൾ

63 (1987) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പുതുതായി ഐ.ടി. പാർക്കുകൾ ആരംഭിക്കാൻ പരിഗണനയിലുള്ളതെന്ന് വിശദീകരിക്കാമോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

2022-23 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി കണ്ണൂരിൽ പുതിയ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ഇതുകൂടാതെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ 5G ലീഡർഷിപ്പ് പാക്കേജുകൾ ഉൾപ്പെടുത്തി NH-66-നു സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 50000 മുതൽ 2 ലക്ഷം ച.അടി വിസ്തീർണ്ണമുള്ള 20 ചെറുകിട ഐ.ടി. പാർക്കുകൾ ഉൾപ്പെടുന്ന ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുവാനും ലക്ഷ്യമിടുന്നു.

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ സ്ഥലം ലഭ്യമാക്കിയാൽ ഐ.ടി. പാർക്ക് ആരംഭിക്കുന്നത് പരിഗണിക്കുമോ?

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നിലവിൽ ഐ.ടി. പാർക്ക് ആരംഭിക്കുന്ന വിഷയം പരിഗണനയിലില്ല.

## ഡിജിറ്റൽ മേഖലയിൽ തൊഴിൽ

64 (1988) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് ഐ.ടി. മേഖലയിൽ തൊഴിൽ നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് ഐ.ടി. മേഖലയിൽ തൊഴിൽ നൽകുന്നതിന് കേരള നോളഡ്ജ് എക്കണോമി മിഷന്റെ നേതൃത്വത്തിൽ സ്കില്ലിംഗ് പ്രോഗ്രാമുകളും വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകളും ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ സ്കിൽ പാർട്ട്ണേഴ്സിൽ നിന്നായി നിലവിൽ 72 കോഴ്സുകൾ ക്രോഡീകരിച്ചിട്ടുണ്ട്.

ഐ.സി.ടി. അക്കാദമി, അസാപ് കേരള, സിഡാക്ക്, കേരള ബ്ലോക്ക് ചെയിൻ അക്കാദമി മുതലായവയാണ് ഇതിൽ പ്രമുഖരായ നൈപുണ്യധാതാക്കൾ. കേരളത്തിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ധനസഹായത്തോടെ ഐ.ടി. കമ്പനികളിൽ ഇന്റേൺഷിപ്പ് പദ്ധതി ' ഇഗ്നൈറ്റ്' എന്ന പേരിൽ ദ്രുതഗതിയിൽ നടന്നുവരുന്നു. ഗ്രാമീണമേഖലയിലെ തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് ഐ.ടി. മേഖലയിൽ തൊഴിൽ നൽകുന്നതിനായി FOSTeRA (ഫോസ്റ്ററിംഗ് ടെക്നോളജീസ് ഇൻ റൂറൽ ഏരിയ) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ആഗോള ഡിജിറ്റൽ മേഖലയിലെ ഘടനാപരമായ മാറ്റങ്ങൾക്കനുസൃതമായി എന്തൊക്കെ പുതിയ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്?

ആഗോള ഡിജിറ്റൽ മേഖലയിലെ ഘടനാപരമായ മാറ്റങ്ങൾക്കനുസൃതമായി സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയിലൂടെ ഐ.ടി. മേഖലയിൽ 5G സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി തിരുവനന്തപുരം ടെക്നോപാർക്ക് ഫേസ്-3 മുതൽ കൊല്ലം വരെയും ചേർത്തല മുതൽ എറണാകുളം വരെയും എറണാകുളം മുതൽ കൊരട്ടി വരെയും കോഴിക്കോട് മുതൽ കണ്ണൂർ വരെയും NH-66-ന് സമാന്തരമായി ഐ.ടി. പാർക്കിന് അനുയോജ്യമായ 15 മുതൽ 25 ഏക്കർ വരെ സ്ഥലം കണ്ടെത്തി ചെറുകിട ഐ.ടി. പാർക്കുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഡിജിറ്റൽ സാങ്കേതിക മേഖലയിലെ നൂതന സങ്കേതങ്ങളായ Artificial Intelligence, Geospatial Analytics, IoT, Industry 4.0 എന്നിവയിൽ ഗവേഷണ പരിശീലന പദ്ധതികൾക്കായിട്ടുള്ള പുതിയ കേന്ദ്രങ്ങൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഐ.ടി. മേഖലയിൽ നൈപുണ്യ വികസനത്തിനായി നൽകുന്ന കോഴ്സുകൾ വ്യവസായ വിപ്ലവം 4.0-ന്റെ ആവശ്യങ്ങൾക്കനുസൃതമായി വിഭാവനം ചെയ്തിട്ടുള്ളതാണ്.

(സി) പ്രസ്തുത മേഖലയിലെ പുതിയ മാറ്റങ്ങൾക്കനുസൃതമായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതി പ്രകാരം അഭ്യസ്തവിദ്യരായ എത്ര തൊഴിൽ അന്വേഷകർക്ക് ജോലി നൽകാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

20 ചെറുകിട ഐ.ടി. പാർക്കുകൾ വഴി 2 ലക്ഷത്തോളവും ടെക്നോപാർക്കിൽ ഏകദേശം 55000-ത്തോളവും ഇൻഫോ പാർക്കിൽ ഏകദേശം 23500-ഓളവും സൈബർ പാർക്കിൽ 4000-ത്തോളവും പുതിയ തൊഴിലവസരങ്ങളാണ് വിഭാവനം ചെയ്യുന്നത്. FOSTeRA എന്ന പദ്ധതി പ്രകാരം ഓരോ ജില്ലയിലും കുറഞ്ഞത് 50 മുതൽ 100 വരെ ഉദ്യോഗാർത്ഥികൾക്ക് ഐ.ടി., ഐ.ടി. ഇതര, ബി.പി.ഒ. മേഖലകളിൽ തൊഴിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

## കെ-ഫോണിന് ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ ലൈസൻസ്

65 (1989) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോണിന് ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ ലൈസൻസ് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കെ-ഫോൺ സേവനം സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി രൂപീകരിച്ച 'കെ-ഫോൺ ലിമിറ്റഡ്' എന്ന കമ്പനിക്ക് കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പിൽനിന്നും 14-7-2022-ന് ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ (ഐ.എസ്.പി.)-ബി ലൈസൻസ് ലഭ്യമായിട്ടുണ്ട്. പ്രസ്തുത ലൈസൻസ് ലഭ്യമായതോടെ കെ-ഫോൺ ലിമിറ്റഡിന് വിവിധതരം ഉപഭോക്താക്കൾക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകാൻ സാധിക്കുന്നതാണ്.

(ബി) പയ്യന്നൂർ മണ്ഡലത്തിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ പുരോഗതി അറിയിക്കുമോ; നിലവിൽ എത്ര സ്ഥാപനങ്ങൾക്കാണ് കണക്ഷൻ നൽകിയത്?

കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട് പയ്യന്നൂർ മണ്ഡലത്തിൽ 154 കി.മീ. ഓൾ ഡൈ ഇലക്ട്രിക് സെൽഫ് സപ്പോർട്ടിംഗ് (എ.ഡി.എസ്.എസ്.) ഫൈബർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ മണ്ഡലത്തിലെ 128 സർക്കാർ ഓഫീസുകളിൽ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) എം.എൽ.എ. ഓഫീസുകൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഇക്കാര്യത്തിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

## സി-ഡിറ്റിലെ ജീവനക്കാരെ തസ്തികകൾ സൃഷ്ടിച്ച് റെഗുലറൈസ് ചെയ്യ നടപടി

66 (1990) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സി-ഡിറ്റിൽ 10 വർഷത്തിലധികമായി ജോലി ചെയ്തുവന്നിരുന്ന 114 ജീവനക്കാരെ തസ്തികകൾ സൃഷ്ടിച്ച് റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച് 3-2-2021-ലെ മന്ത്രിസഭാ യോഗത്തിൽ വന്ന ഐ.ടി./സി.1/136/2019/ ഐ.ടി.ഡി. ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഐ.ടി.-സി1/136/2019/ഐ.ടി.ഡി. നമ്പർ തീർപ്പുഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## കോതമംഗലം മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി

67 (1991) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാർവത്രികമായി ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള കെ-ഫോൺ പദ്ധതിയുടെ കോതമംഗലം മണ്ഡലത്തിലെ പുരോഗതി വിശദീകരിക്കാമോ;

(ബി) മണ്ഡലത്തിൽ ഏതെല്ലാം സ്ഥലങ്ങളിലും സ്ഥാപനങ്ങളിലുമാണ് കെ ഫോൺ പദ്ധതി നടപ്പാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) കെ-ഫോൺ പദ്ധതിയുടെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ എത്ര ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ഡി) കോതമംഗലം മണ്ഡലത്തിൽ ഇനി ഏതെല്ലാം സ്ഥലങ്ങളിലും സ്ഥാപനങ്ങളിലുമാണ് കെ-ഫോൺ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

(എ-ഡി) സംസ്ഥാനത്ത് കോതമംഗലം മണ്ഡലത്തിലേതുൾപ്പെടെയുള്ള എല്ലാ മണ്ഡലങ്ങളിലെയും എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിന് വേണ്ടി വിഭാവനം ചെയ്ത കെ-ഫോൺ പദ്ധതി പ്രകാരം കോതമംഗലം മണ്ഡലത്തിൽ 133.34 കി.മീ. ഓൾ ഡൈ-ഇലക്ട്രിക് സെൽഫ് സപ്പോർട്ടിംഗ് (എ.ഡി.എസ്.എസ്.) ഫൈബർ കേബിൾ സ്ഥാപിക്കുന്നത് പൂർത്തീകരിച്ചിട്ടുണ്ട്. 176 സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും 85 സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 10 സർക്കാർ ഓഫീസുകളിൽ കൂടി അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കാനുണ്ട്. വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ഇ) പ്രസ്തുത മണ്ഡലത്തിൽ ആദിവാസി മേഖലയടക്കം കൂടുതൽ പ്രദേശങ്ങളിൽ കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കെ-ഫോൺ പദ്ധതിയുടെ ഭാഗമായി കോതമംഗലം മണ്ഡലത്തിലെ എല്ലാ ആദിവാസി മേഖലകളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## വിമുക്തഭടന്മാരുടെ നിയമനം

68 (1992) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിമുക്തഭടന്മാർക്ക് മാത്രമായി ഏതെല്ലാം വകുപ്പുകളിൽ എത്ര വീതം തസ്തികകൾ നീക്കിവച്ചിട്ടുണ്ട്; വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

സൈനിക ക്ഷേമ ഡയറക്ടറേറ്റിലേയും സബ് ഓഫീസുകളിലേയും എല്ലാ തസ്തികകളും വിമുക്തഭടന്മാർക്ക് മാത്രമായി നീക്കിവച്ചിട്ടുണ്ട്. ഇപ്രകാരമുള്ള മൊത്തം തസ്തികകളുടെ എണ്ണം 177 ആണ്.

(ബി) അപ്രകാരം നീക്കിവച്ചിട്ടുള്ള തസ്തികകളിൽ 2016 മുതൽ 2022 ജൂൺ 30 വരെ ഏതൊക്കെ തസ്തികകളിൽ എത്ര വിമുക്തഭടന്മാർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2016 മുതൽ 2022 ജൂൺ വരെ സൈനിക ക്ഷേമ വകുപ്പിൽ 75 വിമുക്തഭടന്മാർക്ക് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമനങ്ങളുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| ജില്ലാ ഓഫീസർ | 3 |
| അസിസ്റ്റന്റ് ജില്ലാ ഓഫീസർ | 1 |
| വെൽഫെയർ ഓർഗനൈസർ | 6 |
| ക്ലാർക്ക് | 42 |
| ക്ലാർക്ക്-ടൈപ്പിസ്റ്റ് | 5 |
| എൽ.ഡി. ടൈപ്പിസ്റ്റ് | 2 |
| ഡ്രൈവർ | 1 |
| ഓഫീസ് അറ്റൻഡന്റ് | 14 |
| നൈറ്റ് വാച്ച്മാൻ | 1 |
| ആകെ | 75 |

(സി) വിവിധ സർക്കാർ വകുപ്പുകളിൽ നിയമനവുമായി ബന്ധപ്പെട്ട് വിമുക്തഭടന്മാർക്ക് ഏതെല്ലാം തരത്തിലുള്ള മുൻഗണനയും പ്രത്യേക പരിഗണനയും നൽകിവരുന്നുണ്ട്; വ്യക്തമാക്കുമോ?

വിവിധ സർക്കാർ വകുപ്പുകളിൽ നിയമനവുമായി ബന്ധപ്പെട്ട് വിമുക്തഭടന്മാർക്ക് നൽകിവരുന്ന മുൻഗണനയും പ്രത്യേക പരിഗണനയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

i. വിവിധ വകുപ്പുകളിലേക്കുള്ള നിയമനത്തിന് നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള വിമുക്തഭടന്മാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി 50 വയസ്സ് വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കുകയും ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്ന വിമുക്തഭടന്മാർക്ക് സേനകളിലെ സർവ്വീസ് അനുസരിച്ച് രണ്ടുവർഷത്തിന് ഒരു മാർക്ക് വീതം എന്ന നിരക്കിൽ പരമാവധി 10 മാർക്ക് വരെ വെയിറ്റേജ് ലഭിക്കുകയും ചെയ്യുന്നു. ധീരതാ പുരസ്കാര ജേതാക്കൾക്ക് പരമാവധി 15 മാർക്ക് വരെ വെയിറ്റേജ് ലഭിക്കുന്നു. എന്നാൽ ഇപ്രകാരം ലഭിക്കുന്ന ആകെ മാർക്ക് 23 എന്ന് നിജപ്പെടുത്തിയിരിക്കുന്നു.

ii. മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലെ 10% ഒഴിവുകൾ നിബന്ധനകൾക്ക് വിധേയമായി വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കുമായി സംവരണം ചെയ്തിരിക്കുന്നു.

iii. പോലീസ് വകുപ്പിലെ ഡ്രൈവർ തസ്തികയിൽ നേരിട്ടുള്ള നിയമനം വഴി നികത്തേണ്ടുന്ന തസ്തികകളിൽ 10% തസ്തികകൾ വിമുക്തഭടന്മാർക്കും അർദ്ധസേന വിഭാഗങ്ങളിൽ സേവനം ചെയ്തവർക്കും നിബന്ധനകൾക്ക് വിധേയമായി സംവരണം ചെയ്തിരിക്കുന്നു.

iv. വിവിധ വകുപ്പുകളിലെ സർജന്റ് തസ്തികകളിൽ നേരിട്ടുള്ള നിയമനങ്ങളിലും തസ്തികമാറ്റം വഴിയുള്ള നിയമനങ്ങളിലും വിമുക്തഭടന്മാർക്ക് മുൻഗണന നൽകിവരുന്നു.

v. എൻ.സി.സി. വകുപ്പിലെ സിവിലിയൻ തസ്തികകൾ വിമുക്തഭടന്മാർക്കായി മാറ്റിവച്ചിട്ടുള്ളതാണ്. എന്നാൽ നിലവിൽ പ്രസ്തുത തസ്തികകളിലേക്ക് സർക്കാർ ജീവനക്കാർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരവും എസ്.സി./എസ്.റ്റി. വിഭാഗക്കാർക്കായുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേനയും വിമുക്തഭടന്മാരല്ലാത്തവരേയും പരിഗണിച്ചുവരുന്നു.

**സ്വാതന്ത്ര്യ സമര സേനാനികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ**

69 (1993) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സ്വാതന്ത്ര്യ സമര സേനാനികളായി പ്രഖ്യാപിച്ച് താമ്രപത്രം നൽകി സംസ്ഥാനത്ത് എത്ര പേരെ ആദരിച്ചിട്ടുണ്ട്; അവരുടെ പേര് വിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ സ്വാതന്ത്ര്യ സമര സേനാനികളായി പ്രഖ്യാപിച്ച് പെൻഷൻ നൽകിയിട്ടുള്ളവർ എത്ര പേർ ഉണ്ട്; ജില്ല തിരിച്ചുള്ള വിവരം നൽകാമോ?

(എ & ബി) വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച് ആദരിച്ച പ്രസ്തുത സ്വാതന്ത്ര്യ സമര സേനാനികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

താമ്രപത്രം ലഭിച്ചവർക്ക് മാത്രമായി വിശേഷാൽ ആനുകൂല്യങ്ങൾ ഒന്നും തന്നെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്നില്ല. കേന്ദ്ര-സംസ്ഥാന പെൻഷൻ ലഭിക്കുന്നവർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.

സംസ്ഥാന സർക്കാർ പെൻഷന് പുറമെ സ്വാതന്ത്ര്യ സമര സേനാനികൾക്ക് സൗജന്യ ചികിത്സ സഹായം, യാത്രാ പാസ്സ് എന്നിവ നൽകുന്നു. സ്വാതന്ത്ര്യ സമര സേനാനികളുടെ മരണാനന്തര ചടങ്ങുകൾക്ക് 5000 രൂപ ധനസഹായവും നൽകുന്നു. സ്വാതന്ത്ര്യ സമര സേനാനികൾ പൊതുതാൽപ്പര്യാർത്ഥമോ അവരുമായി ബന്ധപ്പെട്ടതോ ആയ ആവശ്യങ്ങൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി മന്ത്രിമാരെ സന്ദർശിക്കുന്നതിനോ മറ്റ് ഔദ്യോഗിക കാര്യങ്ങളിൽ പങ്കെടുക്കുന്നതിനോ സംസ്ഥാനത്തെ സർക്കാർ അതിഥി മന്ദിരങ്ങളിൽ താമസിക്കുന്നതിന്, എം.എൽ.എ., എം.പി.-മാർ സർക്കാർ അതിഥി മന്ദിരങ്ങളിൽ താമസിക്കുന്നതിന് ഈടാക്കുന്ന അതേ സൗജന്യനിരക്കിൽ തുടർച്ചയായി രണ്ട് ദിവസത്തേയ്ക്ക് താമസ സൗകര്യവും നൽകിവരുന്നു. കേന്ദ്രസർക്കാർ പെൻഷൻ നൽകുന്നതിനുപുറമെ രാജധാനിയിൽ II എ.സി. സൗജന്യ റെയിൽവേ പാസുകൾ, ശതാബ്ദി/ജനശതാബ്ദിയിൽ ചെയർ കാർ, മറ്റെല്ലാ ട്രെയിനുകളുടെയും ഒന്നാം ക്ലാസ് അല്ലെങ്കിൽ എ.സി. II ടയർ എന്നിവ സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ വിധവകൾക്കും ജീവിതകാലം മുഴുവൻ ഒരു അറ്റൻഡറിനൊപ്പം നൽകുന്നു. എല്ലാ കേന്ദ്ര സർക്കാർ ആശുപത്രികളിലും (സി.ജി.എച്ച്.എസ്. ഡിസ്പെൻസറികൾ ഉൾപ്പെടെ) ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖല സ്ഥാപനങ്ങൾ നടത്തുന്ന ആശുപത്രികളിലും സൗജന്യ മെഡിക്കൽ സൗകര്യങ്ങൾ നൽകുന്നു. ഡൽഹിയിൽ സ്വാതന്ത്ര്യ സമര സേനാനികൾക്ക് ജനറൽ പൂൾ റസിഡൻഷ്യൽ താമസ സൗകര്യം (മൊത്തം 5% വിവേചനാധികാര ക്വാട്ടയ്ക്കുള്ളിൽ) നൽകുന്നു. ന്യൂഡൽഹിയിലെ ബാബ ഖരക് സിംഗ് മാർഗ്ഗിൽ സജ്ജീകരിച്ചിരിക്കുന്ന സ്വാതന്ത്ര്യ സമര സേനാനികളുടെ ഭവനത്തിൽ താമസസൗകര്യം നൽകിയിട്ടുണ്ട്. ഇൻസ്റ്റലേഷൻ ചാർജ്ജുകളില്ലാതെ ടെലിഫോൺ കണക്ഷന്റെ സൗകര്യം (വാടകയുടെ പകുതി മാത്രം) നൽകുന്നു.

## കേരള പുനർനിർമ്മാണ പദ്ധതിയുടെ പുരോഗതി

70 (1994) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. എ. രാജ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയ ദുരന്തബാധിതർക്ക് മുമ്പത്തെക്കാളും ഏറെ മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന കേരള പുനർനിർമ്മാണ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി നടപ്പാക്കുന്ന പദ്ധതികൾ വിലയിരുത്തുന്നതിനായി ആർ.കെ.ഐ. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധ്യക്ഷതയിൽ അതതു വകുപ്പ് തലവന്മാരുടെ സാന്നിധ്യത്തിൽ അവലോകന യോഗങ്ങൾ നടത്തുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതിയും പദ്ധതിയുടെ പുരോഗതി കൃത്യമായി അവലോകനം ചെയ്യുന്നുണ്ട്. ആർ.കെ.ഐ. പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് റിപ്പോർട്ടുകൾ മുഖ്യമന്ത്രിയുടെ പദ്ധതി വിലയിരുത്തൽ കാര്യാലയത്തിലും സമർപ്പിച്ചുവരുന്നു.

(ബി) വിവിധ ഘടക പദ്ധതികൾക്കായി ആകെ എത്ര തുകയുടെ പദ്ധതിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്?

റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി നടപ്പാക്കുന്ന പദ്ധതികൾക്കായി ഇതുവരെ 8034 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ജലവിഭവ മാനേജ്മെന്റ് ശാസ്ത്രീയമാക്കിക്കൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാസ്റ്റർപ്ലാൻ ദുരന്ത വെല്ലുവിളികൾ അതിജീവിക്കുന്ന തരത്തിൽ രൂപകല്പന ചെയ്തുകൊണ്ടും ഭാവി ദുരന്ത സാധ്യതകൾ ഒഴിവാക്കുന്നതിന് പദ്ധതിയിൽ മുൻതൂക്കം നൽകുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്ന വിധം കരുത്തോടെ കേരളത്തെ പുനർനിർമ്മിക്കുക എന്ന ലക്ഷ്യം മുൻനിർത്തി രൂപം നൽകിയ കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme-RKDP)-യിലെ നാലാം അധ്യായത്തിൽ ജലവിഭവ പരിപാലനത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ

വ്യക്തമാക്കുന്നുണ്ട്. 2018-ലെ വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ നടത്തേണ്ട നയപരമായും സ്ഥാപനപരമായും ആവശ്യമായ പ്രധാന അഴിച്ചുപണിയിൽ ജലവിഭവ വകുപ്പ്, വൈദ്യുതി ബോർഡ്, ദുരന്തനിവാരണ അതോറിറ്റി (KSDMA), കൃഷി, ഫിഷറീസ് മുതലായ ഏജൻസികളുടെ ഏകോപനം ശക്തിപ്പെടുത്തുകയെന്നുള്ളതും ഉൾപ്പെടുന്നു. ജലവിഭവ വികസനം നിയന്ത്രിക്കുന്നതിനും ജലവിഭവ മാനേജ്മെന്റ് പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനും ഒരു റിവർ ബേസിൻ മാനേജ്മെന്റ് അതോറിറ്റി (ആർ.ബി.എം.എ.) സൃഷ്ടിക്കുക, വ്യക്തമായ ചുമതലകളും ഉത്തരവാദിത്വങ്ങളും നൽകി ഡാം സേഫ്റ്റി അതോറിറ്റിയെ ശക്തിപ്പെടുത്തുക, സംയോജിത റിസർവോയർ ഓപ്പറേഷൻ സിസ്റ്റത്തിനായി ഒരു സെൻട്രൽ കമാൻഡ് സെന്റർ സ്ഥാപിക്കുക എന്നിവയിൽ പദ്ധതിക്ക് മുൻതൂക്കം നൽകുന്നുണ്ട്. 2008-ലെ ജലനയത്തിനനുസൃതമായി, റിവർ ബേസിൻ മാനേജ്മെന്റ് അതോറിറ്റി (ആർ.ബി.എം.എ.) ഒരു പ്രത്യേക ഏജൻസിയായി സൃഷ്ടിച്ച് ജലസ്രോതസ്സുകളുടെ വികസനവും നദീതടങ്ങളിലൂടെയുള്ള ഉപയോഗവും നിയന്ത്രിക്കുന്നതിനും ജലവിഭവ മാനേജ്മെന്റ് പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനും RKDP വിവക്ഷിക്കുന്നു. ഇവയ്ക്ക് പുറമെ, നഗര തദ്ദേശസ്ഥാപനങ്ങൾ ദുരന്ത സാധ്യത പരിഗണിച്ചുള്ള മാസ്റ്റർ പ്ലാനുകളും മുൻഗണനാ പ്രവർത്തന പദ്ധതികളും വികസിപ്പിക്കുക, കാലാവസ്ഥാ അപകടസാധ്യത വിവരങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെ ദുരന്തസാധ്യത ലഘൂകരണ പ്ലാനുമായി സംയോജിപ്പിക്കുക എന്നീ പ്രവർത്തനങ്ങളും പദ്ധതിയുടെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുണ്ട്.

**പ്രകൃതിക്ഷോഭത്തിൽ തകർന്ന വീട് നിർമ്മിക്കാൻ സഹായം**

71 (1995) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2021-ൽ പ്രകൃതിക്ഷോഭത്തിൽ വീട് പൂർണ്ണമായും തകർന്ന് വാസയോഗ്യമല്ലാതായി തീർന്ന മുകുന്ദപുരം താലൂക്ക് അളഗപ്പനഗർ പഞ്ചായത്ത് വട്ടണാത്ര ദേശത്ത് നടുവിൽ വീട്ടിൽ ശ്രീമതി വി. എൻ. രാധയ്ക്ക് വീട് നിർമ്മിക്കുന്നതിനായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുകയോ 2018, 2019 വർഷങ്ങളിലെ പ്രളയ-പ്രകൃതിക്ഷോഭങ്ങളിൽ വീട് പൂർണ്ണമായും നശിച്ച് പോയവർക്കുള്ള നഷ്ടപരിഹാര തുകയായ 4 ലക്ഷം രൂപ അനുവദിച്ച് നൽകുന്നതിനോ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

2021-ലെ പ്രകൃതിക്ഷോഭത്തിൽ നടുവിൽ വീട്ടിൽ ശ്രീമതി വി. എൻ രാധയുടെ വാസഗൃഹത്തിന് നാശനഷ്ടം സംഭവിച്ചതിനെ തുടർന്ന് നഷ്ടപരിഹാരമായി റവന്യൂ വകുപ്പ് 91,500 രൂപ ടിയാരിക്ക് അനുവദിച്ചിട്ടുണ്ട്. വീട് നിർമ്മിക്കാൻ ധനസഹായം ലഭിക്കുന്നതിന് അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചുവരുന്നു.

## കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസം

72 (1996) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി പോത്തുകൽ ടൗൺ ഓഡിറ്റോറിയത്തിൽ ദുരിതാശ്വാസ ക്യാമ്പ് നടത്തിയ വകയിൽ വിവിധ സർക്കാർ വകുപ്പുകൾ മുഖാന്തരം 2019 മുതൽ നാളിതുവരെ ചെലവഴിച്ച തുക ഇനം തിരിച്ച് വിശദമാക്കാമോ?

കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങളെ 2019-ലെ പ്രളയത്തെത്തുടർന്ന് പോത്തുകൽ ടൗൺ ഓഡിറ്റോറിയത്തിലെ ദുരിതാശ്വാസ ക്യാമ്പിലേക്ക് 09/2019 മുതൽ മാറ്റുകയും ദുരിതാശ്വാസക്യാമ്പ് നടത്തിയതുമായി ബന്ധപ്പെട്ട് വാടക ഇനത്തിൽ 6,65,000 രൂപയും ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 2,15,092 രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഇവർക്ക് ഭക്ഷണം പാകം ചെയ്യുതിന് ഗ്യാസ് സിലിണ്ടർ ലഭ്യമാക്കിയ വകയിൽ 3,37,314 രൂപ ചെലവായിട്ടുണ്ട്.

(ബി) കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സർക്കാരിന്റെ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂമിയും വീടും ലഭ്യമാക്കുന്നതിന് അനുവദിച്ച പണം കൈപ്പറ്റി ഒരു വർഷമായിട്ടും ഇവരുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനനിർമ്മാണം ഏതെങ്കിലും സംഘങ്ങളെയോ ഏജൻസികളെയോ ഏൽപ്പിച്ചിരുന്നോയെന്ന് അറിയിക്കാമോ; മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങളുടെയും വീട് നിർമ്മാണം ഉടൻ പൂർത്തീകരിച്ച് കൈമാറാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കവളപ്പാറയിലെ 32 കുടുംബങ്ങൾക്കും സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം അനുവദിക്കുകയും ഈ തുക ഉപയോഗിച്ച് പോത്തുകൽ ഗ്രാമപഞ്ചായത്തിൽ 'ഉപ്പടഗ്രാമം' എന്ന പ്രദേശത്ത് സ്ഥലം വാങ്ങുകയും സ്ഥലവില, രജിസ്ട്രേഷൻ ചാർജ് എന്നീ ഇനങ്ങളിലുള്ള തുക നിലമ്പൂർ താലൂക്ക് ഓഫീസിൽനിന്നും അനുവദിക്കുകയും അതിൽ 27 ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഒരു ഏജൻസിക്ക് ഭവന നിർമ്മാണത്തിന് കരാർ നൽകുകയും ചെയ്തിരുന്നു. ടി 32 കുടുംബങ്ങൾക്കും വീടുനിർമ്മാണത്തിന് 4 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുള്ളതാണ്. ഇതിൽ 13 കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനുള്ള തുക ഇവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽനിന്നും നേരിട്ട് വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 19 പേർക്ക് വീടുനിർമ്മാണത്തിന്റെ പുരോഗതിക്കനുസരിച്ച് നിലമ്പൂർ താലൂക്ക് ഓഫീസ് വഴി തുക വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം അനുവദിച്ച 4 ലക്ഷം രൂപ ഉപയോഗിച്ച് ഭവന നിർമ്മാണം

പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് അധികമായി 2 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത ധനസഹായം ഉപയോഗിച്ച് മേൽപ്പറഞ്ഞ 32 കുടുംബങ്ങളിൽ 28 ഗുണഭോക്താക്കൾ വീടിന്റെ മേൽക്കൂര നിർമ്മാണം വരെ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ട് ഗുണഭോക്താക്കൾ വീടിനുള്ള തറയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി രണ്ട് ഗുണഭോക്താക്കൾ വീട് നിർമ്മാണം ആരംഭിച്ചിട്ടില്ല. ടി ഗുണഭോക്താക്കളോട് ഭവന നിർമ്മാണം ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പോത്ത്കല്ല് പഞ്ചായത്തിലെ ചാലിയാർ പുഴയ്ക്ക് കുറുകെ ഇരുട്ടുകത്തി കടവിൽ 2019 പ്രളയത്തിൽ പാലം തകർന്ന് ഒറ്റപ്പെട്ട് കഴിയുന്ന ഇരുട്ടുകത്തി, വാണിയമ്പുഴ, തിരിപ്പപൊട്ടി, കുമ്പളപ്പാറ ആദിവാസി കോളനികളിലേയ്ക്ക് പാലം നിർമ്മിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

പോത്തുകൽ പഞ്ചായത്തിലെ ചാലിയാർ പുഴയ്ക്ക് കുറുകെ ഇരുട്ടുകത്തി കോളനിയിലേക്ക് പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷനും ഡിസൈൻ പ്രവൃത്തികളും പൂർത്തീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## റീ ബിൽഡ് കേരള പദ്ധതി

73 (1997) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി എത്ര കോടി രൂപയുടെ പദ്ധതികളാണ് നാളിതുവരെ അംഗീകരിച്ചിട്ടുള്ളതെന്ന വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്ത് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി 12 വകുപ്പുകളിലായി ഇതുവരെ 8034 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) റീ ബിൽഡ് കേരള മുഖേന പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

വിവിധ നിർവ്വഹണ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതികളിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചുള്ളവ റീബിൽഡ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കേരള ഇംപ്ലിമെന്റേഷൻ കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നവ ചീഫ് സെക്രട്ടറി അധ്യക്ഷനായ ആർ.കെ.ഐ.- ഉന്നതാധികാര സമിതിക്ക് (HLEC) സമർപ്പിക്കുന്നു. അവയിൽ ഉന്നതാധികാര സമിതി അംഗീകാരം നൽകുന്ന പദ്ധതികൾ മന്ത്രിസഭയുടെ അനുമതിയോടെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം**

74 (1998) ഡോ. എം. കെ. മുനീർ:

ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനാവശ്യമായ സ്ഥലം കൈമാറണമെന്ന് കേന്ദ്ര സർക്കാരിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

കേന്ദ്ര സർക്കാരിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ ഇറക്കുന്നതുമായി ബന്ധപ്പെട്ട് റൺവേയുടെ നീളം കൂട്ടുന്നതിന് എത്ര ഏക്കർ സ്ഥലമാണ് ആവശ്യമായിട്ടുള്ളത്; വ്യക്തമാക്കുമോ?

കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനായി 14.5 ഏക്കർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്.

(സി) പ്രസ്തുത വിമാനത്താവള വികസനത്തിന് ആവശ്യമായ സ്ഥലം വിട്ടുനൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനായി 14.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ഈ വിഷയത്തിൽ 6-7-2022 -ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന വീഡിയോ കോൺഫറൻസ് യോഗത്തിൽ നവംബർ 1-നകം ഭൂമിയേറ്റെടുത്ത് നൽകൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കണമെന്നും ആയതിനു ഗതാഗത-റവന്യൂ വകുപ്പുകൾ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് തീരുമാനിക്കുകയും അതനുസരിച്ച് ഗതാഗത വകുപ്പ് ഭരണാനുമതി ഉത്തരവും റവന്യൂ വകുപ്പ് സ്ഥലമേറ്റെടുക്കുന്നതിനുള്ള അനുമതി ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

ഭൂമിയേറ്റെടുക്കൽ ത്വരിതഗതിയിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ മലപ്പുറം ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. RESA-യ്ക്കായി നിരപ്പാക്കിയ ഭൂമി ലഭ്യമാക്കണമെന്നാണ് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ആവശ്യപ്പെട്ടിരിക്കുന്നത്. ഇതിനാവശ്യമായ തുക എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ലഭ്യമാക്കുമെന്ന വ്യവസ്ഥയ്ക്കു വിധേയമായാണ് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുക എന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനെ അറിയിച്ചിട്ടുണ്ട്.

## സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട ആർ.ഐ.റ്റി.ഇ.എസ്. റിപ്പോർട്ട്

75 (1999) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് റെയിൽ ഇന്ത്യ ടെക്നിക്കൽ ആന്റ് ഇക്കണോമിക് സർവ്വീസ് ലിമിറ്റഡ് സമർപ്പിച്ച എസ്റ്റിമേറ്റ് ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത റിപ്പോർട്ട് പ്രകാരം എന്തെല്ലാം നടപടികളാണ് നാളിതുവരെ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

## നാദാപുരം മണ്ഡലത്തിലെ ഉൾനാടൻ ജലഗതാഗത വകുപ്പ് പ്രവൃത്തികൾ

76 (2000) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) അപ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിലയിരുത്താമോ;

(സി) ഓരോ പ്രവൃത്തിയും എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ-സി)

| ക്രമ നമ്പർ | പ്രവൃത്തി | നിർമ്മാണ പുരോഗതി | കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന തീയതി |
|---|---|---|---|
| 1 | വടകര– മാഹി കനാലിനു കുറുകെ വെങ്ങോലിയിൽ റോഡ് പാലം നിർമ്മാണം (ചെ. 462.930 കി.മീ.) | 65 % പൂർത്തീകരിച്ചു | ജൂൺ 2023 |
| 2 | വടകര – മാഹി കനാലിനു കുറുകെ പോതിമഠത്തിൽ താഴെ നടപ്പാല നിർമ്മാണം (ചെ. 463.410 കി.മീ.) | 75 % പൂർത്തീകരിച്ചു | ഒക്ടോബർ 2022 |
| 3 | വടകര – മാഹി കനാലിനു കുറുകെ കരിങ്ങാലിമുക്ക് ലോക്ക് കം ബ്രിഡ്ജ് നിർമ്മാണം (ചെ. 466.7 കി.മീ.) | 39 % പൂർത്തീകരിച്ചു | ഡിസംബർ 2023 |
| 4 | വടകര – മാഹി കനാലിനു കുറുകെ കറുവയൽ നടപ്പാല നിർമ്മാണം (ചെ. 465.00 കി.മീ.) | 64 % പൂർത്തീകരിച്ചു | ഡിസംബർ 2022 |
| 5 | വടകര – മാഹി കനാലിനു കുറുകെ 5-ാം റീച്ചിന്റെ ബാക്കി പ്രവൃത്തികൾ (ചെ. 464.210 – 467.690 കി.മീ.) | 55 % പൂർത്തീകരിച്ചു | ഡിസംബർ 2022 |
| 6 | വടകര – മാഹി കനാലിനു കുറുകെ കേളോത്ത് കണ്ടി നടപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട മണ്ണ് പരിശോധന പ്രവൃത്തി | പൂർത്തീകരിച്ചു | പ്രവൃത്തി പൂർത്തീകരിച്ചു |
| 7 | വടകര – മാഹി കനാലിനു കുറുകെ കരിങ്ങാലിമുക്ക് VCB-യിൽ പാല നിർമ്മാണവുമായി ബന്ധപ്പെട്ട മണ്ണ് പരിശോധന പ്രവൃത്തി | പൂർത്തീകരിച്ചു | പ്രവൃത്തി പൂർത്തീകരിച്ചു |
| 8 | മാഹി പുഴയുടെ ഇടതുകരയിൽ എടച്ചേരി പഞ്ചായത്തിലെ കായപനിച്ചിയിൽ ബോട്ട് ജെട്ടി നിർമ്മാണം | പ്രവൃത്തിക്കായി കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട് | മേയ് 2023 |
| 9 | മാഹി പുഴയുടെ ഇടതുകരയിൽ എടച്ചേരി പഞ്ചായത്തിലെ കച്ചേരിയിൽ ബോട്ട് ജെട്ടി നിർമ്മാണം | പുതുക്കിയ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു | |

## വടകര-മാഹി കനാൽ നിർമ്മാണം

77 (2001) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാൽ പ്രവൃത്തിയുടെ ഭാഗമായി രണ്ടാം റീച്ചിലെ കോട്ടപ്പള്ളി പാലം പുനർനിർമ്മിക്കുന്നത് ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ടി പ്രവൃത്തി നിർദ്ദിഷ്ട കാലയളവിനുള്ളിൽ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നത് എന്നറിയിക്കുമോ?

കോട്ടപ്പള്ളി പാലത്തിനുവേണ്ടി ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് തയ്യാറാക്കി സമർപ്പിച്ച ഡി.പി.ആർ. പരിഷ്കരിച്ച് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പാലം അപ്രോച്ച് റോഡിന് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ അന്തിമഘട്ടത്തിലാണ്. സ്ഥലം ഉടമകൾക്കുള്ള നഷ്ടപരിഹാര വിതരണം നടന്നുവരുന്നു.

(ബി) വടകര-മാഹി കനാലിന്റെ മൂന്നാം റീച്ചിലെ പ്രവൃത്തി ഭാഗികമായി മാത്രം പൂർത്തീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മൂന്നാം റീച്ചിൽ കനാൽ നിർമ്മിക്കുന്നതിന് എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ?

ഉണ്ട്. മൂന്നാം റീച്ചിൽ LBS തയ്യാറാക്കിയ ഡിസൈന്റെ പ്രായോഗികതയും സ്ഥലത്തിന്റെ പ്രത്യേകതയ്ക്കനുസരിച്ച് കൂടുതൽ പ്രായോഗികമായതും ചെലവ് കുറഞ്ഞതുമായ മറ്റ് ഡിസൈനിന്റെ സാധ്യതയും പരിശോധിച്ചുവരുന്നു.

(സി) വടകര-മാഹി കനാൽ പ്രവൃത്തിയുടെ മൂന്നാം റീച്ചിലെ ചെരിപ്പോയിൽ അക്വാഡക്ട് പുനർനിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. ഇതിനായി മണ്ണ് പരിശോധന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ റീച്ച് അഞ്ചിലെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കുമോ?

അഞ്ചാം റീച്ചിലെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുടെ ഭാഗമായി സ്ഥലത്തിന്റെ മൂല്യനിർണ്ണയ നടപടികൾ അന്തിമഘട്ടത്തിലാണ്. കൊയിലാണ്ടി എൽ.എ. തഹസീൽദാർ മുഖേന നടന്നുവരുന്ന സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തികൾ മൂന്നുമാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) വടകര-മാഹി കനാൽ പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുക്കുന്ന മണ്ണ് ഡിപ്പോസിറ്റ് ചെയ്യുന്നതിന് നേരിടുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

ഉണ്ട്. മണ്ണ് നിക്ഷേപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ സമീപ പ്രദേശങ്ങളിൽ ലഭ്യമല്ല. ഗുണനിലവാരം തീരെയില്ലാത്ത മണ്ണായതിനാൽ ലഭ്യമായ സ്ഥലങ്ങളിൽ നിക്ഷേപിക്കാൻ ജനങ്ങൾ അനുവദിക്കാത്തതുകൊണ്ട് ജില്ലയിലെ പുറമ്പോക്ക് സ്ഥലങ്ങൾ കണ്ടെത്തി അനുമതി നൽകണമെന്ന് ജില്ലാകളക്ടറോട് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലദൗർലഭ്യം കാരണമാണ് ഇക്കാര്യത്തിൽ നടപടികൾ വൈകുന്നത്.

**പ്രവാസികൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ**

78 (2002) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശ രാജ്യങ്ങളിൽനിന്നും മടങ്ങിയെത്തുന്ന പ്രവാസികൾക്കായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് വിദേശ രാജ്യങ്ങളിൽനിന്നും മടങ്ങിയെത്തുന്ന പ്രവാസികൾക്കായി നോർക്ക റൂട്ട്സ് മുഖേന നൽകിവരുന്ന വിവിധ സഹായങ്ങളും പദ്ധതികളും താഴെ കാണാവുന്നതാണ്.

1. <u>സാന്ത്വന</u>: പ്രവാസ ജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തിയ സാമ്പത്തികവും ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങളുടെ സഹായത്തിനായി രൂപീകരിച്ച പദ്ധതിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം മരണപ്പെട്ട പ്രവാസിയുടെ ആശ്രിതർക്ക് 1 ലക്ഷം രൂപവരെയും ഗുരുതര രോഗങ്ങൾമൂലം ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാ ധനസഹായമായി 50,000 രൂപ വരെയും മറ്റ് ചികിത്സയ്ക്ക് 20,000 രൂപ വരെയും നൽകുന്നു. സാമ്പത്തികമായി പിന്നാക്കമായിട്ടുള്ള തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി 15,000 രൂപ നൽകുന്നു. കൂടാതെ, അംഗവൈകല്യ പരിഹാരത്തിനായി കൃത്രിമക്കാൽ, ഊന്നുവടി, വീൽ ചെയർ മുതലായവ വാങ്ങുന്നതിന് പരമാവധി 10,000 രൂപ വരെ ധനസഹായവും നൽകുന്നു.

2. <u>NDPREM</u>: തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച്

ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM). സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക.

3. <u>പ്രവാസി ഭദ്രത</u>: കോവിഡുമൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി, 'പ്രവാസി ഭദ്രത' എന്ന പേരിൽ ആരംഭിച്ചു. തിരികെയെത്തിയ പ്രവാസി കേരളീയർക്കായി താഴെപ്പറയുന്ന തൊഴിൽ സംരംഭകത്വ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

a) <u>നാനോ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത-പേൾ)</u>

അവിദഗ്ധ തൊഴിൽ മേഖലകളിൽനിന്നുള്ളവരും കുറഞ്ഞ വരുമാനപരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർ അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ വഴി പലിശരഹിത സംരംഭകത്വ വായ്പകളും പിന്തുണ സഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അപേക്ഷകൻ കുടുംബശ്രീ അയൽക്കൂട്ട അംഗത്വം നേടിയ പ്രവാസിയോ അല്ലെങ്കിൽ അയൽക്കൂട്ട അംഗത്തിന്റെ കുടുംബാംഗമായ പ്രവാസിയോ ആയിരിക്കണം. പരമാവധി 2 ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പയാണ് ലഭിക്കുന്നത്. ഇതിന്റെ തിരിച്ചടവ് കാലാവധി 24 മാസമാണ്.

b) <u>മൈക്രോ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത-മൈക്രോ)</u>

വിവിധ സഹകരണ സ്ഥാപനങ്ങൾ, പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, KSFE തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖേന സ്വയം തൊഴിൽ വായ്പ നൽകുന്ന പദ്ധതിയാണ് പ്രവാസി ഭദ്രത മൈക്രോ. പരമാവധി 5 ലക്ഷം രൂപ വരെയുള്ള വായ്പയാണ് ലഭിക്കുന്നത്. അഞ്ചുലക്ഷം രൂപ വായ്പ തുകയിൽ ഒരു ലക്ഷം രൂപ ആദ്യംതന്നെ മൂലധന സബ്സിഡി അനുവദിക്കും എന്നതാണ് പദ്ധതിയുടെ സവിശേഷത. കൃത്യമായ തിരിച്ചടവുള്ളവർക്ക് ത്രൈമാസ കാലയളവിൽ പലിശ സബ്സിഡി നൽകുന്നതാണ്.

c) <u>പ്രവാസി ഭദ്രത-മെഗാ</u>

സ്വയം തൊഴിൽ പദ്ധതികൾക്കായി KSIDC മുഖാന്തരം 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ 8.25% മുതൽ 8.75% വരെ പലിശ നിരക്കിൽ വായ്പ

നൽകുന്ന പദ്ധതിയാണ് പ്രവാസി ഭദ്രത മെഗാ. പ്രസ്തുത പലിശ നിരക്കിൽ, 5% ഗുണഭോക്താവും 3.25% മുതൽ 3.75% വരെ പലിശ സബ്സിഡിയായി ത്രൈമാസ കാലയളവിൽ നോർക്ക റൂട്ട്സും അനുവദിക്കും.

4. ഗ്ലോബൽ കോൺടാക്ട് സെന്റർ:

ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് നോർക്ക മുഖാന്തരം ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും അവർക്കുള്ള പരാതികൾ അധികൃതരെ അറിയിക്കുന്നതിനുമായി അന്താരാഷ്ട്ര ടോൾ ഫ്രീ നമ്പർ സൗകര്യത്തോടുകൂടി ഗ്ലോബൽ കോൺടാക്റ്റ് സെന്റർ ആരംഭിച്ചു.

5. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം:

പ്രവാസജീവിതം കഴിഞ്ഞ് തിരികെ എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രവാസി സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതി. ഈ പദ്ധതി പ്രകാരം പ്രവാസികൾ അംഗങ്ങളായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങൾക്ക് 3 ലക്ഷം രൂപ വരെ ഒറ്റത്തവണ ധനസഹായം നൽകുന്നു.

6. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്:

കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ പ്രധാന കണ്ണിയായ പ്രവാസി മലയാളികളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണ്. ആർട്ട്സ് ആന്റ് സയൻസ് ബിരുദാനന്തര ബിരുദത്തിനും പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്കും പ്രവേശനം നേടി ആദ്യ വർഷമാണ് സ്കോളർഷിപ്പ് നൽകുക. 20,000 രൂപയാണ് ടി പദ്ധതി പ്രകാരം വിദ്യാർത്ഥിക്ക് ലഭിക്കുന്നത്.

7. നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ:

പ്രവാസികളായ മലയാളികളിൽനിന്നും സംസ്ഥാനത്തേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് നോർക്ക റൂട്ട്സിന്റെ കീഴിൽ ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുള്ളത്. കേരളത്തിലെ വ്യവസായ സംരംഭക സാദ്ധ്യതകൾ പഠിച്ച് മുൻഗണനാക്രമത്തിൽ സംരംഭകർക്ക് മുമ്പിൽ അവതരിപ്പിക്കാനും അപ്രകാരം സംരംഭങ്ങൾ തുടങ്ങാനുള്ള സാങ്കേതികവും സാമ്പത്തികവുമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുക വഴി കേരളത്തിൽ നിക്ഷേപം നടത്താൻ പ്രവാസി സംരംഭകർക്ക് പ്രചോദനം നൽകുകയാണ് എൻ.ബി.എഫ്.സി.-യുടെ ലക്ഷ്യം.

സംസ്ഥാനത്ത് വിദേശ രാജ്യങ്ങളിൽനിന്നും മടങ്ങി എത്തുന്ന പ്രവാസികൾക്കായി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നൽകിവരുന്ന വിവിധ സഹായങ്ങളും പദ്ധതികളും ചുവടെ കാണാവുന്നതാണ്.

2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമപദ്ധതിയിലെ വ്യവസ്ഥകളനുസരിച്ച് കുറഞ്ഞത് രണ്ടുവർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തു തിരിച്ചുവരുന്ന പ്രവാസി കേരളീയർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി അംഗത്വമനുവദിക്കുന്നുണ്ട്. വിവിധ ക്ഷേമ പദ്ധതികളായ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, വിവാഹ ധനസഹായം, വിദ്യാഭ്യാസാനുകൂല്യം, പ്രസവാനുകൂല്യം തുടങ്ങിയവ അംഗങ്ങൾക്ക്/ ആശ്രിതർക്കായി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് അനുവദിച്ചുവരുന്നു.

(ബി) പ്രവാസികൾക്കായി നടപ്പിലാക്കുന്ന മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

നിലവിലില്ല.

(സി) പ്രവാസികൾക്കായി കെ.എസ്.എഫ്.ഇ. മുഖാന്തരം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

പ്രവാസ ജീവിതം അവസാനിച്ച് നാട്ടിലേക്ക് തിരിച്ചെത്തി ഇവിടെ സംരംഭങ്ങൾ ആരംഭിക്കുന്നവരെ സഹായിക്കാനായി നോർക്ക റൂട്ട്സുമായി ചേർന്ന് പ്രവാസി ഭദ്രതാ മൈക്രോ സ്കീം (PBMS) എന്ന പദ്ധതി 25-10-2021 മുതൽ ആരംഭിച്ചു. ഇതുപ്രകാരം പ്രവാസികൾക്ക് 5 ലക്ഷം രൂപ വരെ 9% പലിശ നിരക്കിൽ വായ്പ ലഭിക്കുന്നതാണ്. വായ്പത്തുകയുടെ 25% പരമാവധി 1 ലക്ഷം രൂപവരെ മൂലധന സബ്സിഡിയും 3% പലിശ സബ്സിഡിയും ഈ വായ്പ ഉപയുക്തമാക്കുന്നവർക്ക് ലഭിക്കുന്നതാണ്. അതായത് 6% പലിശ നിരക്ക് മാത്രമേ അവർ വഹിക്കേണ്ടതുള്ളൂ. 31-7-2022 വരെ 4532 അക്കൗണ്ടുകളിലായി 214.58 കോടി രൂപ പ്രസ്തുത വായ്പ പദ്ധതിക്ക് കീഴിൽ വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടിയിൽ ചേരുന്ന പ്രവാസി ക്ഷേമനിധി അംഗങ്ങളുടെ ചിട്ടിക്കാലയളവിലുള്ള പ്രതിമാസ അംശദായം കെ.എസ്.എഫ്.ഇ. നേരിട്ട് കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിലേയ്ക്ക് അടയ്ക്കുന്നതിന് കെ.എസ്.എഫ്.ഇ.-യുമായി ധാരണയുണ്ടാക്കിയിട്ടുണ്ട്.

**പ്രവാസി ഡിവിഡന്റ് പദ്ധതി**

79 (2003) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന പ്രവാസി ഡിവിഡന്റ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ആവിഷ്കരിച്ച ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡാണ് കിഫ്ബിയുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നത്. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസി കേരളീയർക്കും ജീവിത പങ്കാളിക്കും ആജീവനാന്തം പ്രതിമാസ സുരക്ഷിത വരുമാനം ഉറപ്പ് നൽകുന്ന പദ്ധതിയാണിത്. 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ നിക്ഷേപിക്കാവുന്ന ഈ പദ്ധതിയിൽ നിക്ഷേപകർക്ക് നിക്ഷേപ തീയതി മുതൽ 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് 10% വാർഷിക നിരക്കിലുള്ള ഡിവിഡന്റ് പ്രതിമാസം ലഭ്യമാക്കുന്നു. ആദ്യ മൂന്നു വർഷങ്ങളിലെ ഡിവിഡന്റ്, നിക്ഷേപ തുകയോടൊപ്പം കൂട്ടി ചേർത്ത തുകയ്ക്കാണ് ഇപ്രകാരം ഡിവിഡന്റ് നൽകുന്നത്. നിക്ഷേപകരുടെ കാലശേഷം ജീവിത പങ്കാളിക്ക് ഡിവിഡന്റ് ലഭ്യമാകും. പങ്കാളിയുടെ കാലശേഷം നിക്ഷേപകരുടെ നോമിനിക്ക് ആദ്യ മൂന്നുവർഷത്തെ ഡിവിഡന്റ് സഹിതം നിക്ഷേപത്തുക തിരികെ നൽകുന്നതാണ്. പ്രവാസികൾക്ക് സാമ്പത്തിക സുരക്ഷയോടൊപ്പം സാമൂഹ്യ പരിരക്ഷയും ഉറപ്പാക്കുന്ന പദ്ധതിയാണിത്. ഇതുമായി ബന്ധപ്പെട്ട് 300 കോടിയിൽപ്പരം രൂപ നിക്ഷേപമായി സ്വീകരിക്കുകയും ആയത് കിഫ്ബിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

**പ്രവാസി ക്ഷേമത്തിനായുള്ള കർമ്മപദ്ധതികൾ**

80 (2004) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തേക്ക് നിയമവിരുദ്ധമായി നടത്തുന്ന റിക്രൂട്ട്മെന്റുകൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഓപ്പറേഷൻ ശുഭയാത്ര പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; പരാതികൾ അയയ്ക്കാനും ഇടപെടലുകൾ നടത്താനുമുള്ള സംവിധാനം ഇതിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. "ഓപ്പറേഷൻ ശുഭയാത്ര" പദ്ധതിയുടെ ഭാഗമായി നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി പോലീസ് വകുപ്പ് 24 മണിക്കൂർ പ്രവർത്തിക്കുന്ന

ഹെൽപ്പ് ലൈൻ നമ്പറും (0471-2721547), ഇ-മെയിൽ ഐ.ഡി.-കളും (spnri.pol@kerala.gov.in, dyspnri.pol@kerala.gov.in) സജ്ജമാക്കിയിട്ടുണ്ട്. പരാതികളിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദ വിവരങ്ങൾ മാധ്യമങ്ങളിലൂടെ ജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വിവിധ രാജ്യങ്ങളിൽ താമസിക്കുന്ന മലയാളികളുടെ തൊഴിൽ വൈദഗ്ധ്യം ഉപയോഗപ്പെടുത്താൻ ഗ്ലോബൽ ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ?

സാധ്യതാപഠനം നടത്തിവരുന്നു.

(സി) നോർക്കയുടെ നേതൃത്വത്തിൽ നാഷണൽ മൈഗ്രേഷൻ കോൺഫറൻസ് നടത്തുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഇതിനായി കേന്ദ്ര വിദേശകാര്യമന്ത്രാലയവുമായി പ്രാഥമിക ചർച്ചകൾ നടത്തിവരുന്നു.

**പ്രവാസികൾക്ക് നോർക്കയിൽനിന്നും സാമ്പത്തിക സഹായം**

81(2005) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക, കേരള പ്രവാസി ക്ഷേമബോർഡ് വഴി മാത്രമാണോ സാമ്പത്തിക സഹായം നൽകാറുള്ളത്; മറ്റു പ്രവാസിസംഘടനകൾ, എൻ.ജി.ഒ., ലോക കേരള സഭാംഗങ്ങൾ എന്നിവ മുഖേന സാമ്പത്തിക സഹായം നൽകാറുണ്ടോ; എങ്കിൽ ഏതൊക്കെ സംഘടനകളെന്നും കഴിഞ്ഞ മൂന്നുവർഷക്കാലയളവിനുള്ളിൽ ചെലവഴിച്ച തുക എത്രയെന്നും ഇനം തിരിച്ച് ലഭ്യമാക്കാമോ?

നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് എന്നിവ വഴിയാണ് സാമ്പത്തിക സഹായം നൽകുന്നത്. മറ്റു പ്രവാസിസംഘടനകൾ, എൻ.ജി.ഒ., ലോക കേരള സഭാംഗങ്ങൾ എന്നിവ മുഖേന സാമ്പത്തിക സഹായം നൽകുന്നില്ല.

(ബി) വിദേശരാജ്യങ്ങളിലുള്ള പ്രവാസി മലയാളികൾക്ക് കോവിഡ് വാക്സിൻ നൽകുന്നതിന് നോർക്ക ഏതെങ്കിലും സംഘടനയുമായി സംയോജിച്ചോ സ്വന്തം നിലയിലോ വിദേശത്തോ സ്വദേശത്തോ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നോ; വെളിപ്പെടുത്താമോ?

പ്രവാസി മലയാളികൾക്ക് തൊഴിലിടങ്ങളിലേയ്ക്ക് തിരികെപ്പോകുന്നതിന് സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് മുഖേന വാക്സിൻ ലഭിക്കുന്നതിന് മുൻഗണന നൽകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നു.

(സി) നോർക്ക കാർഡ്, പ്രവാസി ക്ഷേമനിധി അംഗത്വം, സെമിനാറുകൾ, മറ്റു ക്യാമ്പയിനുകൾ എന്നിവ നടത്താൻ സ്വദേശത്തോ വിദേശത്തോ ഏതെങ്കിലും പ്രവാസി സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകാറുണ്ടോ; എങ്കിൽ ഏതൊക്ക സംഘടനകൾ മുഖേനയാണ് തുക നൽകിയതെന്നും കഴിഞ്ഞ 5 വർഷക്കാലയളവിൽ എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ;

(ഡി) സർക്കാർ ഏതെങ്കിലും പ്രവാസി സംഘടനകൾക്ക് നേരിട്ട് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ; വിശദമാക്കുമോ?

(സി & ഡി) ഇല്ല.

## നോർക്ക റൂട്ട്സിന്റെ പ്രവർത്തനങ്ങൾ

82(2006) ഡോ. കെ. ടി. ജലീൽ:
ശ്രീമതി ദെലീമ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്നതിനുള്ള പരിശീലനം നൽകുന്നതിനും വിദേശത്തേയ്ക്കുള്ള റിക്രൂട്ട്മെന്റ്, മറ്റ് അനുബന്ധ സേവനങ്ങൾ എന്നിവ പ്രദാനം ചെയ്യുന്നതിനുമായി നോർക്ക റൂട്ട്സ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്നതിനുള്ള പരിശീലനം നൽകുന്നതിനും വിദേശത്തേയ്ക്കുള്ള റിക്രൂട്ട്മെന്റ്, മറ്റ് അനുബന്ധസേവനങ്ങൾ എന്നിവ പ്രദാനം ചെയ്യുന്നതിനുമായി നോർക്ക റൂട്ട്സ് താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്.

I) സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ - കേരളത്തിൽനിന്നുള്ള വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളുടെ ആഭ്യന്തര അറ്റസ്റ്റേഷൻ സേവനം ലഭ്യമാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് നോർക്ക-റൂട്ട്സ്. എല്ലാ ജി.സി.സി. രാജ്യങ്ങളിലേയ്ക്കുമുള്ള എച്ച്.ആർ.ഡി. അറ്റസ്റ്റേഷൻ നോർക്ക-റൂട്ട്സ് ലഭ്യമാക്കുന്നുണ്ട്.

II) ജോബ് പോർട്ടൽ- ഇടനിലക്കാരെ ഒഴിവാക്കി വിദേശ തൊഴിൽദാതാക്കളുമായി നേരിട്ട് തൊഴിൽ അന്വേഷകരെ ബന്ധപ്പെടുത്തുന്നതിനായിട്ടുള്ള ഒരു ഓൺലൈൻ പൊതുവേദിയാണ് ജോബ് പോർട്ടൽ.

III) മാർക്കറ്റ് റിസർച്ച് പദ്ധതി- റിക്രൂട്ട്മെന്റ്, പരിശീലനം, നൈപുണ്യവികസനം, നിയമ സഹായം, ഇൻഷ്വറൻസ് സഹായം എന്നിവ യുക്തിസഹമാക്കാൻ മാർക്കറ്റ് റിസർച്ച് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

IV) സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം - വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ച് സംഘടിപ്പിച്ചുവരുന്ന പരിശീലനപരിപാടിയിൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ വൈദഗ്ദ്ധ്യം, ആശയവിനിമയ വൈദഗ്ദ്ധ്യം, വിസ, തൊഴിൽ കരാർ എന്നിവ സംബന്ധിച്ച് ബോധവത്കരണം നൽകുന്നു.

V) പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ - തൊഴിൽ അന്വേഷകർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും സുരക്ഷിതവും നിയമപരവും ധാർമ്മികവുമായ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രീഡിപ്പാർച്ചർ പരിശീലന പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്.

VI) അസാപ്പ് (ASAP)-മായി സഹകരിച്ച് വിദേശഭാഷ പരിശീലന പരിപാടികൾ നടത്തിവരുന്നു. ഇൻഫർമേഷൻ & ടെക്നോളജി മേഖലയിൽ പ്രാവീണ്യം ലഭ്യമാക്കുന്നതിനായി ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള (ICTAK)-യുമായിച്ചേർന്ന് പരിശീലനം നൽകുന്നുണ്ട്.

(ബി) വിദേശരാജ്യങ്ങളിൽ ജോലിതേടുന്നവർക്കാവശ്യമായ നൈപുണ്യ വികസനം സംബന്ധിച്ച് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിദേശരാജ്യങ്ങളിൽ ജോലിതേടുന്ന ഉദ്യോഗാർത്ഥികൾക്ക് നോർക്ക റൂട്ട്സ് നടപ്പിലാക്കുന്ന സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം മുഖാന്തരം തൊഴിൽ വൈദഗ്ദ്ധ്യവും ആശയവിനിമയ വൈദഗ്ദ്ധ്യവും ലഭ്യമാക്കുന്നു. അസാപ്പുമായി (ASAP) സഹകരിച്ച് വിദേശഭാഷ പരിശീലനവും ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള (ICTAK)-യുമായി ചേർന്ന് സംഘടിപ്പിക്കുന്ന പരിപാടികളിലൂടെ ഇൻഫർമേഷൻ & ടെക്നോളജി മേഖലയിൽ പ്രാവീണ്യവും ഉറപ്പുവരുത്തുന്നുണ്ട്.

(സി) സംസ്ഥാനത്തുനിന്നും വിദേശത്തേയ്ക്ക് ജോലിതേടി പോകാനാഗ്രഹിക്കുന്ന യുവതീയുവാക്കളെ റിക്രൂട്ട്മെന്റ് തട്ടിപ്പുകളിൽനിന്ന് സംരക്ഷിക്കുന്നതിനായി ഇത്തരം തട്ടിപ്പുകളെക്കുറിച്ച് ബോധവത്കരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ?

നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെ കേന്ദ്രവിദേശകാര്യ വകുപ്പിന്റെ പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ബോധവത്കരണം നടത്തുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങൾ, സിനിമാ തിയേറ്ററുകളിലെ ബോധവത്കരണ പരസ്യങ്ങൾ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ എന്നിവവഴിയും വിദേശത്തുള്ള പ്രവാസി മലയാളി സംഘടനകളുടെ സഹകരണത്തോടെയും വ്യാജ റിക്രൂട്ട്മെന്റിനെതിരെ ബോധവൽക്കരണം നടത്തുന്നുണ്ട്. സോഷ്യൽ മീഡിയ വഴിയുള്ള റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ തടയുന്നതിന് പോലീസിന്റെ സൈബർ വിഭാഗത്തിന്റെ സേവനവും പ്രയോജനപ്പെടുത്തിവരുന്നു. ക്രൈംബ്രാഞ്ച് ഐ.ജി. നോഡൽ ഓഫീസറായി സ്റ്റേറ്റ് സെല്ലും പ്രവർത്തിച്ചുവരുന്നുണ്ട്. നോഡൽ ഓഫീസറുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റുകളും രൂപീകരിച്ചിട്ടുണ്ട്. വ്യാജ റിക്രൂട്ട്മെന്റിനെതിരെ കർശനനടപടികൾ ലക്ഷ്യംവച്ചുകൊണ്ട് നടപ്പിലാക്കുന്ന 'ഓപ്പറേഷൻ ശുഭയാത്ര'-യുടെ ഭാഗമായി നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി പോലീസ് വകുപ്പ് 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ നമ്പറും (0471-2721547) ഇ-മെയിൽ ഐ.ഡി.-കളും (spnri.pol@kerala.gov.in, dyspnri.pol@kerala.gov.in) സജ്ജമാക്കുകയും പരാതികളിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരങ്ങൾ മാധ്യമങ്ങളിലൂടെ ജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിയമവിരുദ്ധ റിക്രൂട്ട്മെന്റ് നടത്തുന്ന വ്യക്തികൾക്കും ഏജൻസികൾക്കുമെതിരെ 2020 മുതൽ 2022 ജൂൺ മാസം വരെ സംസ്ഥാനത്ത് 734 പോലീസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികളുടെയും ഇടനിലക്കാരുടെയും ചൂഷണത്തിൽനിന്നും തൊഴിലന്വേഷകരെ സംരക്ഷിക്കുന്നതിനായി ഇ-മൈഗ്രേറ്റ് സിസ്റ്റം പ്രയോജനപ്പെടുത്തിയാണോ റിക്രൂട്ട്മെന്റ് സംബന്ധിച്ച നടപടിക്രമങ്ങൾ നടത്തുന്നതെന്ന് വിശദമാക്കാമോ?

നോർക്ക റൂട്ട്സിന്റെ റിക്രൂട്ട്മെന്റ് വിഭാഗം നിയമപരവും സുതാര്യവും സുരക്ഷിതവുമായ മാർഗ്ഗങ്ങളിലൂടെ വിദേശത്ത് കുടിയേറുവാൻ ഉദ്യോഗാർത്ഥികളെ സഹായിച്ചുവരുന്നു. എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമായിട്ടുള്ള 18 രാജ്യങ്ങളിലേയ്ക്ക് നഴ്സുമാർക്കും പത്താം ക്ലാസ്സ് പാസ്സാകാത്തവർക്കും ഇ-മൈഗ്രേറ്റ് സിസ്റ്റം പ്രയോജനപ്പെടുത്തിയാണ് റിക്രൂട്ട്മെന്റ് നടപടികൾ സ്വീകരിച്ചുവരുന്നത്. എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമില്ലാത്ത ഗണ്യമായ ഒരു വിഭാഗം ഇ-മൈഗ്രേറ്റ് സിസ്റ്റത്തിന്റെ പരിധിയിൽ വരാത്തതിനാൽ ഈ വിഭാഗം തൊഴിൽ മേഖലയിലേയ്ക്ക് എംപ്ലോയർ നേരിട്ടോ, ഇടനിലക്കാർ മുഖേനയോ വിദേശത്തേയ്ക്ക് ജോലിക്ക് പോകുന്നതിനാൽ ഇവരെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

**നോർക്ക റൂട്ട്സിന്റെ സ്ഥലത്ത് നടന്നുവരുന്ന നിർമ്മാണ പ്രവൃത്തി**

83(2007) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ നോർക്ക റൂട്ട്സിന്റെ സ്ഥലത്ത് നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികളെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിലെ കണ്ണമംഗലം വില്ലേജിൽ കേരളത്തിന്റെ സംസ്കാരം, തനിമ, കലാമൂല്യങ്ങൾ മുതലായവയെ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളീയ പ്രവാസികാര്യ വകുപ്പിന്റെ അധീനതയിൽ പ്രവാസി മലയാളികളുടെ സാമ്പത്തിക സഹകരണത്തോടെ ഇന്ത്യാ ഇന്റർനാഷണൽ സെന്റർ മോഡലിൽ ലോക കേരള കേന്ദ്രം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ലോക കേരള കേന്ദ്രം സ്ഥാപിക്കുന്നതിനായി പ്രാരംഭപ്രവർത്തനങ്ങൾക്ക് 2021-22 സാമ്പത്തിക വർഷം 50 ലക്ഷം രൂപയും നടപ്പുസാമ്പത്തിക വർഷം 100 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി മേൽപ്പറഞ്ഞ വസ്തുവിൽ അടിക്കാടുകളും പാഴ്മരങ്ങളും വെട്ടിമാറ്റി വൃത്തിയാക്കി ചുറ്റുമതിൽ കെട്ടി ഗേറ്റിടുന്നതിനായുള്ള പ്രാഥമിക നടപടികൾ നടന്നുവരികയാണ്.

**ലോക കേരള സഭ**

84(2008) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ലോക കേരള സഭ 2022 വഴി എന്തൊക്കെ വികസന പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കാമോ?

വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള വേദിയായിട്ടല്ല ലോക കേരള സഭ വിഭാവനം ചെയ്തിട്ടുള്ളത്. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലും ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരളീയ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനായി പ്രവാസികളെ സംസ്ഥാനവുമായി സമന്വയിപ്പിക്കുന്നതിനും ക്രിയാത്മകമായ നിർദ്ദേശങ്ങളും സംഭാവനകളും നൽകുന്നതിനും അവരുടെ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കേരളത്തിലെ ജനപ്രതിനിധികളോടൊപ്പമുള്ള ഒരു പൊതുവേദി എന്നതാണ് ലോക കേരള സഭയുടെ രൂപീകരണംകൊണ്ട് സാധ്യമായത്. പ്രസ്തുത വേദിയുടെ രൂപീകരണത്തിലൂടെ പ്രവാസികളുടെയും കേരളത്തിന്റെയും സർവ്വതോമുഖമായ ഉന്നതിയാണ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ സഭകളിലെ ചർച്ചകളും നിർദ്ദേശങ്ങളും ഈ ലക്ഷ്യത്തെ സാധൂകരിക്കുന്നതായിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ വികസനത്തിനുതകുന്ന തരത്തിലുള്ള പദ്ധതികൾ ലോക കേരള സഭ ശിപാർശകളായി ലഭിക്കുന്ന പക്ഷം പ്രായോഗികതയുടെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് നടപ്പാക്കുന്നതാണ്. 2022-ൽ നടന്ന ലോക കേരള സഭയുടെ മൂന്നാം സമ്മേളനത്തിൽ ഉയർന്നുവന്ന ശിപാർശകൾ ക്രോഡീകരിച്ച് പ്രായോഗികമായ ശിപാർശകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്വർണ്ണക്കടത്ത് സംഘങ്ങൾ നടത്തിയ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി

85(2009) <u>ശ്രീ. അൻവർ സാദത്ത്</u>:

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:

<u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വർണ്ണക്കടത്ത് സംഘം ആളുകളെ തട്ടിക്കൊണ്ടുപോയി കൊലപാതകം നടത്തുന്നതായി പറയപ്പെടുന്ന സംഭവങ്ങൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പന്തിരിക്കരയിൽ ഇർഷാദ് എന്ന യുവാവിനെ സ്വർണ്ണക്കടത്ത് സംഘം തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയ സംഭവവുമായി ബന്ധപ്പെട്ട കേസിലെ പ്രതികളെ പിടികൂടാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 13 പ്രതികളിൽ 10 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇവർ ജുഡീഷ്യൽ കസ്റ്റഡിയിലാണ്.

(സി) ദീപക്, റിജേഷ്, അജാസ് അടക്കം നിരവധി പേരെ സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ടുള്ള സംഘം തട്ടിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ട കേസിലെ അന്വേഷണ പുരോഗതി അറിയിക്കാമോ?

ദീപക്, റിജേഷ് തുടങ്ങിയ ചിലരുടെ ഇത്തരത്തിലുള്ള തിരോധാനവുമായി ബന്ധപ്പെട്ട് കോഴിക്കോട് റൂറൽ പോലീസ് ജില്ലയിലെ വിവിധ സ്റ്റേഷനുകളിലായി 6 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അജാസ് എന്നയാളെ സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. കാണാതായവരിൽ മൂന്നുപേരെ കണ്ടെത്തിയിട്ടുണ്ട്. വിവിധ കേസ്സുകളിലായി 11 പേരെ അറസ്റ്റ് ചെയ്തു. ഒരു കേസ്സിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. മറ്റു കേസ്സുകളിൽ ഊർജ്ജിതമായ അന്വേഷണം നടന്നുവരുന്നു.

**കാപ്പ ചുമത്തുന്നതിന് ശിപാർശ**

86(2010) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്കെതിരെ വിമാനത്തിൽ പ്രതിഷേധിച്ച പ്രമുഖ പ്രതിപക്ഷ പാർട്ടിയിലെ നേതാവിനെ കാപ്പ ചുമത്തി നാടുകടത്താൻ പോലീസ് ശിപാർശ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രിയെ വിമാനത്തിൽവച്ച് ആക്രമിക്കാൻ ശ്രമിച്ച രണ്ട് പ്രതികളിലൊരാളായ ഫർസീൻ മജീദ് എന്നയാൾക്കെതിരെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ട് 2007 പ്രകാരം നടപടിക്കായി കണ്ണൂർ സിറ്റി ജില്ലാ പോലീസ് മേധാവി കണ്ണൂർ റേഞ്ച് പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന് 28-7-2022-ൽ ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ക്രിമിനൽ കേസ്സുകൾ ഉൾപ്പെടെ 40-ൽപരം കേസ്സുകളിൽ പ്രതിയായ പ്രമുഖ ഭരണപക്ഷ അനുകൂല വിദ്യാർത്ഥി സംഘടനയുടെ സംസ്ഥാന സെക്രട്ടറിയെ കാപ്പ ചുമത്തി നാടുകടത്തുവാൻ പോലീസ് ശിപാർശ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിദ്യാർത്ഥി സംഘടനകളുടെ പേരോ, വിദ്യാർത്ഥിയുടെ പേരോ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത വിവരം ലഭ്യമല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ഗുണ്ടകളെ കാപ്പ നിയമം ചുമത്തി നാടുകടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

169

(ഡി) സംസ്ഥാനത്ത് ക്രിമിനൽ കേസ് പ്രതികളും ഗുണ്ടകളും സൈ്വരവിഹാരം നടത്തുന്ന സാഹചര്യം നിലനിൽക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അത്തരം ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടില്ല.

(ഇ) രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി സമാധാനപരമായി പ്രതിഷേധിക്കുന്നവരെ കാപ്പ ചുമത്തി നാടുകടത്തുന്നത് നയമാണോ എന്ന് വ്യക്തമാക്കുമോ?

രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി സമാധാനപരമായി പ്രതിഷേധിക്കുന്ന ആരെയും ഇതുവരെ കാപ്പ ചുമത്തി നാടുകടത്തിയിട്ടില്ല.

## പ്രതിഷേധ മുദ്രാവാക്യം വിളിച്ച കേസ്

87(2011) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്കെതിരെ വിമാനത്തിൽ പ്രതിഷേധ മുദ്രാവാക്യം വിളിച്ച ഫർസീൻ മജീദിനെതിരെ നിലവിലുള്ള കേസ്സുകൾ ഏതൊക്കെയാണ്; പ്രസ്തുത കേസ്സുകളുടെ എഫ്.ഐ.ആർ. നമ്പറും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

മുഖ്യമന്ത്രിയെ വിമാനത്തിൽവച്ച് ആക്രമിക്കാൻ ശ്രമിച്ച കേസിലെ പ്രതിയായ ഫർസീൻ മജീദിനെതിരെ നിലവിലുള്ള കേസ്സുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അതിൽ എപ്പിഡെമിക് ഡിസീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത എത്ര കേസ്സുകളുണ്ട്; തീർപ്പ് കൽപ്പിക്കാത്ത എത്ര കേസ്സുകൾ നിലവിലുണ്ട്?

(എ) -യിൽ ചേർത്തിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട ക്രമസമാധാനപ്രശ്നങ്ങൾ

88(2012) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് ഒട്ടേറെ ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാകുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില അക്രമസംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ അത് തടയുന്നതിന് എന്തുനടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കാര്യക്ഷമമായ വാഹന പരിശോധന നടത്തിയും പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തിയും സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ രഹസ്യാന്വേഷണം നടത്തിയും ഇത്തരം സംഭവങ്ങൾ തടയാൻ ശ്രമിക്കുന്നുണ്ട്.

(സി) സ്വർണ്ണക്കടത്തിന് കസ്റ്റംസ്, പോലീസ് അധികൃതരിൽനിന്നും ഏതെങ്കിലും തരത്തിൽ സഹായം ലഭിക്കുന്നുണ്ടോയെന്നറിയാൻ രഹസ്യാന്വേഷണം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സ്വർണ്ണക്കടത്തിന് കസ്റ്റംസ്, പോലീസ് അധികൃതരിൽനിന്നും ഏതെങ്കിലും തരത്തിൽ സഹായം ലഭിക്കുന്നുണ്ടോയെന്നറിയുന്നതിനായി രഹസ്യാന്വേഷണ വിഭാഗം ശക്തമായ നിരീക്ഷണം നടത്തിവരുന്നു.

(ഡി) പിടിക്കപ്പെടുന്ന സ്വർണ്ണം ആരാണ് അയയ്ക്കുന്നതെന്നും ആർക്കുവേണ്ടിയാണ് അയയ്ക്കുന്നതെന്നും അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട വിഷയങ്ങൾ കസ്റ്റംസ് ആക്ടിന്റെ പരിധിയിൽ വരുന്നതിനാൽ ഇത്തരം കേസ്സുകളുടെ അന്വേഷണം കേന്ദ്ര ഏജൻസികളിൽ നിക്ഷിപ്തമാണ്.

## മതസൗഹാർദ്ദം തകർക്കുന്നതിനെതിരെ രജിസ്റ്റർ ചെയ്ത കേസ്സുകൾ

89(2013) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതസൗഹാർദ്ദം തകർക്കൽ, വിദ്വേഷം പ്രചരിപ്പിക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങൾക്കെതിരെ 2016 മുതൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പ്രതികളുടെ പേര്, ചുമത്തിയ വകുപ്പുകൾ, അറസ്റ്റ് ചെയ്തവർ, അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവർ എന്നിവ സഹിതം ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് മതസൗഹാർദ്ദം തകർക്കൽ, വിദ്വേഷം പ്രചരിപ്പിക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങൾക്കെതിരെ 2016 മുതൽ 22-8-2022 വരെ 341 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ്സുകളുടെ എണ്ണം സംബന്ധിച്ച ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത കേസ്സുകളിൽ സ്റ്റേഷനിൽനിന്നും ജാമ്യം നൽകിയവരുടെയും റിമാൻഡിൽ കഴിഞ്ഞവരുടെയും പേരുവിവരങ്ങളടങ്ങിയ വിശദാംശം ജില്ല തിരിച്ച് നല്കുമോ?

(എ) പിരിവിന്റെ മറുപടിയിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

**കാപ്പ നിയമം ചുമത്തുന്നതിനുള്ള മാനദണ്ഡങ്ങൾ**

90(2014) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സ്വദേശി ഫർസീൻ മജീദ് എന്ന വ്യക്തിക്കെതിരെ കാപ്പ നിയമം ചുമത്താൻ പോലീസ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

'കാപ്പ' നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ റിപ്പോർട്ടിന്റെ പകർപ്പ് നല്കാൻ നിർവ്വാഹമില്ല.

(ബി) ഒരു വ്യക്തിക്കെതിരെ കാപ്പ നിയമം ചുമത്താനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ 2 (ഒ)/ 2(പി) വകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം ഒരു വ്യക്തി അറിയപ്പെടുന്ന ഗുണ്ട/അറിയപ്പെടുന്ന റൗഡി എന്ന നിർവ്വചനത്തിൻകീഴിൽ വരികയും ആ വ്യക്തിയുടെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് സാധാരണ നിയമപ്രകാരമുള്ള നടപടികൾ പര്യാപ്തമാകാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ കാപ്പ നിയമത്തിലെ വകുപ്പ് 3(1) പ്രകാരം കരുതൽ തടങ്കൽ ഉത്തരവോ വകുപ്പ് 15(1) പ്രകാരം സഞ്ചലന നിയന്ത്രണ ഉത്തരവുകളോ പുറപ്പെടുവിക്കുന്നു.

(സി) മേൽ സൂചിപ്പിച്ച വ്യക്തിക്കെതിരെ നിലവിലുള്ള കേസ്സുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അനുബന്ധമായി ചേർക്കുന്നു*

(ഡി) സംസ്ഥാന മന്ത്രിസഭയിലെ ഓരോ മന്ത്രിയുടെയും പേരിൽ എത്ര ക്രിമിനൽ കേസ്സുകളുണ്ടെന്ന് ഇനം തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ;

(ഇ) കേരളത്തിൽ നിന്നുള്ള രാജ്യസഭ എം.പി.-മാരുടെ പേരിൽ എത്ര ക്രിമിനൽ കേസ്സുകൾ നിലവിലുണ്ടെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ?

(ഡി & ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഫർസീൻ മജീദ് എന്ന വ്യക്തിയേക്കാൾ കൂടുതൽ ക്രിമിനൽ കേസ്സുകളുള്ള എല്ലാ വ്യക്തികളുടേയും പേരിൽ കാപ്പ ചുമത്താൻ നടപടി സ്വീകരിക്കുമോ?

ഒരു വ്യക്തിയുടെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് സാധാരണ നിയമപ്രകാരമുള്ള നടപടികൾ പര്യാപ്തമാകാത്ത സാഹചര്യത്തിൽ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അത്തരം വ്യക്തിക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**മിഠായിത്തെരുവിൽ കലാപരിപാടികൾക്ക് വിലക്ക്**

91(2015) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മിഠായിത്തെരുവിൽ കലാപരിപാടികൾ അവതരിപ്പിക്കുന്ന തെരുവ് കലാകാരന്മാരെ പ്രസ്തുത തെരുവിൽ കലാപരിപാടികൾ അവതരിപ്പിക്കുന്നതിൽനിന്നും പോലീസ് വിലക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

കോഴിക്കോട് മിഠായിത്തെരുവിൽ കോഴിക്കോട് കോർപ്പറേഷനിൽനിന്നും മുൻകൂർ അനുമതിയില്ലാതെ പരിപാടികൾ അവതരിപ്പിക്കുന്നത് പോലീസ് വിലക്കിയിട്ടുണ്ട്.

(ബി) അത്തരത്തിൽ തെരുവുകളിൽ കലാപരിപാടികൾ അവതരിപ്പിച്ച് ഉപജീവനം നടത്തിയിരുന്നവരും അവരുടെ കുടുംബാംഗങ്ങളും പോലീസുകാരുടെ പ്രസ്തുത നടപടിമൂലം പ്രതിസന്ധിയിലായത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ;

അത്തരത്തിലുള്ള സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) തെരുവിൽ കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് ആരാണ് അനുമതി നൽകേണ്ടത്; എങ്കിൽ മേൽപ്പറഞ്ഞ കലാകാരന്മാർക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദമാക്കാമോ?

തെരുവിൽ കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് കോഴിക്കോട് കോർപ്പറേഷനാണ് അനുമതി നൽകുന്നത്. എന്നാൽ വളരെ തിരക്കേറിയതും ഇടുങ്ങിയ റോഡുള്ളതുമായ സ്ഥലങ്ങളിൽ കലാപരിപാടികൾ അവതരിപ്പിക്കുവാൻ അനുമതി നൽകാറില്ല. തെരുവിൽ കലാപരിപാടികൾ അവതരിപ്പിക്കുന്നവർക്ക് കോഴിക്കോട് ജില്ലാകളക്ടറുടെ ഉത്തരവുപ്രകാരം കലാപരിപാടി അവതരിപ്പിക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ട്.

## ഇൻസ്റ്റന്റ് ലോൺ ആപ്പ് മുഖേനയുള്ള തട്ടിപ്പുകൾ

92(2016) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻസ്റ്റന്റ് ലോൺ ആപ്പ് മുഖേനയുള്ള തട്ടിപ്പുകളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (20-5-2021 മുതൽ 22-08-2022 വരെ) സംസ്ഥാനത്ത് ഇൻസ്റ്റന്റ് ലോൺ ആപ്പ് മുഖേനയുള്ള തട്ടിപ്പുകളുമായി ബന്ധപ്പെട്ട് 9 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) അത്തരം തട്ടിപ്പുകൾ തടയുന്നതിനും കുറ്റവാളികളെ കണ്ടെത്തി ശിക്ഷ ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ?

ഇത്തരം തട്ടിപ്പുകൾ തടയുന്നതിലേയ്ക്കായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിൽ സൈബർ സുരക്ഷാക്ലബ്ബുകൾ രൂപീകരിച്ചും കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ നിർദ്ദേശാനുസരണം 'സൈബർ ജാഗ്രുകതാദിവസ്'-ന്റെ ഭാഗമായും മറ്റും സൈബർ സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. സ്കൂളുകൾ, കോളേജുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടുകൂടി വ്യാപകമായി സൈബർ ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നുണ്ട്. ഇതിനുപുറമെ കുറ്റവാളികളെ കണ്ടെത്തി ശിക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി സോഷ്യൽ മീഡിയാ സെല്ലിലൂടെ സോഷ്യൽ മീഡിയ പട്രോളിംഗ്, സൈബർ സെൽ മുഖേന

ഇന്റർനെറ്റ്/ഡാർക്ക് വെബ് എന്നിവിടങ്ങളിൽ നടത്തുന്ന പരിശോധനകൾവഴി കണ്ടെത്തുന്ന വ്യാജ ഓൺലൈൻ ആപ്പുകളെ സംബന്ധിച്ച് ഗൂഗിൾ അധികാരികൾക്കും ആപ്പിൾ അധികാരികൾക്കും റിപ്പോർട്ട് നൽകി പ്രസ്തുത ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോറിൽനിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും തട്ടിപ്പ് നടത്തുന്ന വ്യക്തികളുടെ ബാങ്ക് അക്കൗണ്ട് ഫോൺ നമ്പർ ആയതുമായി ബന്ധപ്പെട്ട UP അക്കൗണ്ട് എന്നിവ ഫ്രീസ് ചെയ്യുകയും കുറ്റകൃത്യത്തിൽ ഉൾപ്പെടുന്നവർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം തയ്യാറാക്കി ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**പോലീസുകാർക്ക് വീട്ടുവാടക ബത്ത അനുവദിക്കാൻ നടപടി**

93(2017) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ പോലീസ് ആസ്ഥാനങ്ങളിൽ ജോലിചെയ്യുന്ന പോലീസുകാരിൽ ക്ലോസ്ഡ് എ.ആർ. വിഭാഗത്തിൽപ്പെടുന്നവർക്ക് വീട്ടുവാടകബത്ത ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എല്ലാ വിഭാഗം പോലീസുകാർക്കും വീട്ടുവാടകബത്ത അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) ഉണ്ട്. വീട്ടുവാടക ബത്ത ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**ഹോം ഗാർഡുകളുടെ നിയമനം**

94(2018) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോം ഗാർഡുകളെ നിയമിക്കുന്നതിന്റെ രീതിയും അവരുടെ യോഗ്യതാമാനദണ്ഡങ്ങളും വിശദമാക്കാമോ?

1960-ലെ കേരള ഹോം ഗാർഡ് ആക്ട്, 1960-ലെ കേരള ഹോം ഗാർഡ്സ് റൂൾസ്, 12-11-2009-ലെ സ.ഉ.(കൈ) നമ്പർ 179/2009/ആഭ്യന്തരം, 26-11-2009-ലെ സ.ഉ(കൈ) നമ്പർ 190/2009/ആഭ്യന്തരം എന്നിവ പ്രകാരം 35-നും 58-നും ഇടയിൽ പ്രായമുള്ളവരും എസ്.എസ്.എൽ.സി. പാസ്സായവരും നല്ല ശാരീരിക ക്ഷമതയുള്ളവരും ആർമി, നേവി, എയർഫോഴ്സ് തുടങ്ങിയ

സേനകളിൽനിന്നും ബോർഡർ സെക്യൂരിറ്റി ഫോഴ്സ്, സി.ആർ.പി.എഫ്., സി.ഐ.എസ്.എഫ്., ഐ.റ്റി.ബി.പി., എൻ.എസ്.ജി., എസ്.എസ്.ബി., ആസ്സാം റൈഫിൾസ് തുടങ്ങിയ അർദ്ധ സൈന്യത്തിൽനിന്നും കേരള പോലീസ്, ഫയർ & റെസ്ക്യൂ സർവ്വീസസ്, ഫോറസ്റ്റ്, ജയിൽ, എക്സൈസ് എന്നിവയിൽനിന്നും വിരമിച്ച സേനാംഗങ്ങളിൽനിന്നും നിശ്ചിത ശാരീരിക ക്ഷമത മാനദണ്ഡങ്ങൾ തെളിയിച്ച ഉദ്യോഗാർത്ഥികളിൽ പ്രായം കുറഞ്ഞവർക്ക് മുൻഗണന നൽകി ദിവസവേതനാടിസ്ഥാനത്തിലാണ് ഹോം ഗാർഡുകളെ നിയമിച്ചുവരുന്നത്.

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര ഹോം ഗാർഡുകളുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

നിലവിൽ 2965 പേരാണുള്ളത്. ജില്ല തിരിച്ചുള്ള ഹോംഗാർഡുകളുടെ

എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | നിലവിലെ ഹോം ഗാർഡുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 390 |
| 2 | കൊല്ലം | 200 |
| 3 | പത്തനംതിട്ട | 100 |
| 4 | ആലപ്പുഴ | 195 |
| 5 | കോട്ടയം | 200 |
| 6 | ഇടുക്കി | 100 |
| 7 | എറണാകുളം | 400 |
| 8 | തൃശ്ശൂർ | 198 |
| 9 | പാലക്കാട് | 200 |
| 10 | മലപ്പുറം | 198 |
| 11 | കോഴിക്കോട് | 390 |
| 12 | വയനാട് | 100 |
| 13 | കണ്ണൂർ | 198 |
| 14 | കാസർഗോഡ് | 96 |
| | ആകെ | 2965 |

## പ്രമുഖ വിദ്യാർത്ഥി സംഘടനയുടെ സംസ്ഥാന സെക്രട്ടറിക്കെതിരെയുള്ള കേസ്സുകൾ

95(2019) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രമുഖ വിദ്യാർത്ഥി സംഘടനയുടെ സംസ്ഥാന സെക്രട്ടറിക്കെതിരെ നിലവിലുള്ള കേസ്സുകൾ ഏതൊക്കെയാണ്; പ്രസ്തുത കേസ്സുകളുടെ എഫ്.ഐ.ആർ. നമ്പർ, ചെയ്ത കുറ്റകൃത്യം, കേസിന്റെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ?

പ്രമുഖ വിദ്യാർത്ഥി സംഘടനയുടെ പേര് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ മറുപടി നൽകുന്നതിന് കഴിയില്ല.

## പയ്യന്നൂരിലെ പോലീസ് ഗ്രൗണ്ട് നവീകരണം.

96(2020) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിന് കീഴിലുള്ള പയ്യന്നൂരിലെ പോലീസ് ഗ്രൗണ്ട് നവീകരിച്ച് സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷിക സ്മാരകമാക്കിമാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഈ വിഷയം നിലവിൽ പരിഗണനയിലില്ല.

(ബി) വിവിധ കേസ്സുകളിൽപ്പെടുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിനാണ് നിലവിൽ പ്രസ്തുത മൈതാനം ഉപയോഗിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനങ്ങൾ സൂക്ഷിക്കുന്നതിന് പയ്യന്നൂർ പോലീസ് സ്റ്റേഷനുകീഴിൽ മറ്റ് സ്ഥലം ലഭ്യമല്ലാത്തതിനാൽ സ്റ്റേഷനോടനുബന്ധിച്ചുള്ള പോലീസ് മൈതാനിയിൽ നിലവിൽ കേസിൽ ഉൾപ്പെട്ടതായ വാഹനങ്ങൾ സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ 19 വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(സി) എങ്കിൽ അതിന് ബദൽ സംവിധാനമൊരുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

വിവിധ കേസ്സുകളിൽ ഉൾപ്പെട്ടതും മറ്റ് രീതിയിൽ പോലീസ് പിടിച്ചെടുക്കുന്നതുമായ വാഹനങ്ങൾ സൂക്ഷിക്കുന്നതിന് നിലവിൽ പയ്യന്നൂർ പോലീസ് സ്റ്റേഷനുകീഴിൽ മറ്റ് സ്ഥലങ്ങൾ ലഭ്യമല്ലാത്തതിനാൽ അത്തരം വാഹനങ്ങൾ സൂക്ഷിക്കുന്നതിന് കോറോം വില്ലേജിൽ റവന്യൂ വകുപ്പിനുകീഴിൽ

അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്തിയിട്ടുള്ളതും ആയത് ഡമ്പിംഗ് യാർഡായി ഉപയോഗിക്കുന്നതിന് പോലീസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിന് നടപടി വകുപ്പുതലത്തിൽ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**പോലീസ് സേനയുടെ ആധുനികീകരണം**

97(2021) ശ്രീ. എം. എം. മണി:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം രാജ്യത്തെ ഏറ്റവും മികച്ച സേനയായി മാറ്റിത്തീർക്കുന്നതിന് കേരള പോലീസ് സേനയുടെ ശാക്തീകരണത്തിനും ആധുനികീകരണത്തിനും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനും ശാക്തീകരണത്തിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 149.50 കോടി രൂപ അനുവദിച്ച് അനുമതി നൽകിയിട്ടുണ്ട്. ടി കാലയളവിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രധാന പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 12 പോലീസ് സ്റ്റേഷനുകൾക്കും പത്തനംതിട്ട വനിതാ പോലീസ് സ്റ്റേഷനും 2022-23 സാമ്പത്തിക വർഷം 10 പോലീസ് സ്റ്റേഷനുകൾക്കും കാസർഗോഡും മലപ്പുറത്തും സൈബർ പോലീസ് സ്റ്റേഷനുകൾക്കും കാസർഗോഡ് വനിത പോലീസ് സ്റ്റേഷനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ തുക അനുവദിച്ചിട്ടുണ്ട്. പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്റ്റിന് തുടക്കം കുറിച്ചിട്ടുണ്ട്. തിരുവനന്തപുരം കേന്ദ്രമാക്കി സൈബർ സെക്യൂരിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ, സൈബർ ക്രൈം അനാലിസിസിലെ പുതിയ പ്രവണതകൾക്കനുസൃതമായി സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സൈബർ ഇടങ്ങളിലെ ക്രിമിനൽ പ്രവണതകൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, എന്നിവിടങ്ങളിലെ സൈബർ ഡോമുകളെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

ആലപ്പുഴ, എറണാകുളം റൂറൽ, മലപ്പുറം, കണ്ണൂർ സിറ്റി എന്നീ ജില്ലാ പോലീസ് ഓഫീസുകൾ, തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ, എന്നിവിടങ്ങളിൽ പുതിയ ജില്ലാ പരിശീലന കേന്ദ്രങ്ങൾ, കൊല്ലം സിറ്റി/ഇടുക്കി/പത്തനംതിട്ട/തൃശ്ശൂർ സിറ്റി/കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ല കൺട്രോൾ റൂമുകൾ എന്നിവ അനുവദിച്ചിട്ടുണ്ട്.

പോലീസ് ഉദ്യോഗസ്ഥർക്ക് നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം തുടങ്ങിയവ സംബന്ധിച്ച പരിശീലന പരിപാടികൾ ലഭ്യമാക്കിവരുന്നു. ബോഡിവോൺ ക്യാമറകൾ, Vehicle Mount GPS, Digital Finger Print Machine തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഏർപ്പെടുത്തിയും E-Chalan, M-Beat സംവിധാനത്തിലൂടെയും പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ആധുനികവത്കരണത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലെയും പോലീസ് സംവിധാനങ്ങളെ ഒരു നെറ്റ് വർക്കിലൂടെ ബന്ധിപ്പിക്കുന്നതിനായി CCTNS പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. ഈ സംവിധാനം മുഖേന FIR ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ എത്താതെ പോലീസ് സേവനങ്ങൾ ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള സിറ്റിസൺ പോർട്ടൽ സംവിധാനമായ " തുണ" സംവിധാനവും നടപ്പാക്കിയിട്ടുണ്ട്. കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി Interrogative Techniques, Cyber Crime Investigation, Advance Technology in Forensic Science, Anti-Human Trafficking, Investigation of Murder/Homicide Cases തുടങ്ങിയ വിഷയങ്ങളിൽ എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്കും in service പരിശീലനം നൽകിവരുന്നു. തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി, തൃശ്ശൂർ സിറ്റി ഒഴികെയുള്ള എല്ലാ പോലീസ് ജില്ലകളിലും Automated Number Plate Recognition Camera (ANPR)-കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഇതിൽ 13 ജില്ലകളിൽ പ്രസ്തുത ക്യാമറകൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുള്ളതുമാണ്. സംസ്ഥാനത്തെ 6 (കൊല്ലം സിറ്റി, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കോഴിക്കോട് റൂറൽ) പോലീസ് ജില്ലകളിൽ നിലവിലുണ്ടായിരുന്ന CCTV Surveillance സിസ്റ്റത്തിന് പുറമേ 655.32 ലക്ഷം രൂപ ചെലവിൽ പുതിയ CCTV Surveillance System സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ സിറ്റി, മലപ്പുറം, തിരുവനന്തപുരം റൂറൽ എന്നീ 3 ജില്ലകളിൽ പുതിയ CCTV Surveillance System സ്ഥാപിച്ചിട്ടുണ്ട്. 12 ജില്ലകളിൽ

ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറികൾ പ്രവർത്തനസജ്ജമായി വരുന്നു. സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും 12 വീതം അത്യാധുനിക സി.സി.ടി.വി. ക്യാമറകളും അതിന്റെ ജില്ല/സംസ്ഥാനതല മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ട്രാഫിക് നിയമലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി Integrated Digital Traffic Enforcement System (IDTES) എന്ന പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ഇതിനായി Build Own Operate Transfer (BOOT) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള Kerala Anti Narcotic Special Action Force (KANSAF)-നുവേണ്ടി 50 Multi Line Screen Test Device (Urine), 7 Multi Line Twist Screen Test Device (Oral Fluid) എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22 പ്രകാരം 146 LMV, മലയോര പോലീസ് സ്റ്റേഷനുകൾക്കായി 20 Four Wheel Drive LMV, 03 മീഡിയം വാഹനങ്ങൾ, 02 ഓപ്പൺ ലോറി, 02 ആംബുലൻസ്, 06 ഹെവി ബസ്, 02 വാട്ടർ ടാങ്കർ, പിങ്ക് കൺട്രോൾ റൂമിനായി 07 LMV എന്നിവ വാങ്ങിയിട്ടുണ്ട്. മലയോര പ്രദേശങ്ങളിലെ LWE ബാധിത പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകൾക്കായി MoPF സ്കീമിൽ ഉൾപ്പെടുത്തി 29 Four Wheel Drive LMV വാങ്ങിയിട്ടുണ്ട്. Control Room/ഹൈവേ പട്രോൾ/പോലീസ് സ്റ്റേഷൻ വെഹിക്കിളുകളിൽ ഘടിപ്പിക്കുന്നതിനായി 140 മൊബൈൽ ഡാറ്റാ ടെർമിനൽസ്, കാർ ചാർജ്ജറുകൾ, ബാറ്ററികൾ എന്നിവ വാങ്ങിയിട്ടുണ്ട്. ഒരേ കുറ്റവാളികളെയും കുറ്റങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ പല സോഫ്റ്റ്‌വെയറുകളിലായി നിരവധി തവണ രേഖപ്പെടുത്തേണ്ടിവരുന്ന സാഹചര്യമൊഴിവാക്കി പ്രസ്തുത സോഫ്റ്റ്‌വെയറുകളെയെല്ലാം ഒരു പൊതുവായ സോഫ്റ്റ്‌വെയറിൻകീഴിൽ കൊണ്ടുവന്ന് 'One data one entry' എന്ന തത്വം അടിസ്ഥാനമാക്കി Integrated Core Policing System (iCoPS) എന്ന ആപ്ലിക്കേഷൻ പോലീസ് വകുപ്പിലെ വിദഗ്ദ്ധ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തി വികസിപ്പിച്ചിട്ടുണ്ട്. iCoPS ആപ്ലിക്കേഷൻ വിവിധ ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. സാമ്പത്തിക കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിന് 233 തസ്തികകൾ സൃഷ്ടിച്ച് പ്രത്യേക സാമ്പത്തിക കുറ്റകൃത്യവിഭാഗം ആരംഭിക്കുകയുണ്ടായി. വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ സുഗമമാക്കിയ ഇ-കോമേഴ്സിന്റെയും കമ്പോള സമ്പദ്‌വ്യവസ്ഥയുടെയും കാലഘട്ടത്തിൽ സങ്കീർണ്ണമായ കേസുകൾ കൈകാര്യം ചെയ്യുന്നതും ശാസ്ത്രീയവും കാര്യക്ഷമവുമായ അന്വേഷണം നടത്തുന്നതും ഇത്തരം കുറ്റകൃത്യങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കലുമാണ് സാമ്പത്തിക കുറ്റകൃത്യവിഭാഗം രൂപീകരിച്ചതിലൂടെ ലക്ഷ്യമിടുന്നത്.

(ബി) 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം എല്ലായിടത്തേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

നിലവിൽ കേരളത്തിലെ 51 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ള പോലീസ് സ്റ്റേഷനുകളിൽക്കൂടി 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) സേവനം ആവശ്യമുള്ളവർക്ക് ആത്മവിശ്വാസത്തോടെ സമീപിക്കാവുന്ന തരത്തിൽ പോലീസ് സേനയെ ജനകീയമാക്കുന്നതിന് പ്രത്യേകം ഇടപെടൽ നടത്തുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഇതിനായി ജനമൈത്രി സുരക്ഷ പദ്ധതി പ്രകാരം നിരവധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പോലീസ് സേനയെ ജനകീയമാക്കുന്നതിനും സേവനം ആവശ്യമുള്ളവർക്ക് ആത്മവിശ്വാസത്തോടെ പോലീസിനെ സമീപിക്കുന്നതിനുമായി ജനമൈത്രി ബീറ്റ് സമ്പ്രദായം കൂടുതൽ വിപുലമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കായി കമ്മ്യൂണിറ്റി മീഡിയേഷൻ സെന്ററുകൾ രൂപീകരിച്ച് വിചാരണ ഒഴിവാക്കി ഒത്തുതീർപ്പാക്കാൻ കഴിയുന്ന കുറ്റകൃത്യങ്ങൾ (Compoundable Offence) മീഡിയേഷൻ വഴി കുറയ്ക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു. സൈബറിടങ്ങളിലെ ചതിക്കുഴികളിൽ വിദ്യാർത്ഥികൾ അകപ്പെടാതിരിക്കുന്നതിനായി സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് അവബോധപരിപാടികൾ സംഘടിപ്പിച്ചുവരുന്നു. മുതിർന്ന പൗരന്മാരുടെ പ്രശ്നപരിഹാരത്തിനായി രൂപീകരിച്ചിട്ടുള്ള പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്കിലൂടെ നാളിതുവരെ കേരളത്തിലെ മുപ്പതിനായിരത്തോളം മുതിർന്ന പൗരന്മാരുടെ വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്. അതിഥിത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കും അവരുടെ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനും ലഹരിവിരുദ്ധ ബോധവൽക്കരണത്തിനും പരാതിപരിഹാര അദാലത്തുകൾ സംഘടിപ്പിക്കുന്നതിനും തൊഴിൽ വകുപ്പുമായി ചേർന്ന് 'AAWAS' ഇൻഷ്വറൻസ് പദ്ധതിക്കായുള്ള രജിസ്ട്രേഷനുകൾ സംഘടിപ്പിക്കുന്നതിനും മറ്റുമുള്ള നിർദ്ദേശം ജില്ലാ പോലീസ് മേധാവിമാർക്ക് നൽകിയിട്ടുണ്ട്. ഇതിനുപുറമേ വിദ്യാർത്ഥികൾക്കായി 1000 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത പോലീസ് സ്റ്റേഷനുകളെ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റിയിട്ടുണ്ട്.

(ഡി) ജനമൈത്രി പോലീസ് സംവിധാനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ജനമൈത്രി പോലീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പോലീസ് മേധാവിയുടെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗിൽ താഴെപ്പറയുന്ന സുപ്രധാനമായ തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പിൽ വരുത്തിയിട്ടുണ്ട്.

ജനമൈത്രി സുരക്ഷ പദ്ധതിയുടെ സംസ്ഥാനതല മേൽനോട്ടം ശക്തമാക്കുന്നതിനായി പ്രോജക്ട് മാനേജ്മെന്റ് നോഡൽ കമ്മിറ്റി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതലങ്ങളിൽ ജനമൈത്രി സുരക്ഷ പദ്ധതിയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി അതത് ജില്ലകളിലെ അഡീഷണൽ പോലീസ് സൂപ്രണ്ട്, ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (Admn.) എന്നിവരെ ജില്ലാ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷൻതലങ്ങളിലെ ജനമൈത്രി സുരക്ഷാസമിതികൾ പുനഃസംഘടിപ്പിക്കുന്നതിനും പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനുമായി കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ യാത്രാവേളയിൽ കരുതൽ തടങ്കൽ**

98(2022) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി റോഡിലൂടെ യാത്ര ചെയ്യുന്നവേളയിൽ പോലീസ് എത്രപേരെ കരുതൽ തടങ്കലിലാക്കിയിട്ടുണ്ട്; അവരുടെ പേരുവിവരങ്ങൾ വ്യക്തമാക്കുമോ;

(ബി) അപ്രകാരം പിടികൂടിയവർക്കെതിരെ ചുമത്തിയ വകുപ്പുകൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) പ്രാദേശികമായ ക്രമസമാധാനപ്രശ്നങ്ങളുടെ പേരിൽ വ്യക്തികളെ കരുതൽ തടങ്കലിലാക്കാൻ പാടില്ല എന്ന സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മേല്പറഞ്ഞ കരുതൽ തടങ്കലുകൾ നിയമവിരുദ്ധമല്ലേ; വിശദാംശം നൽകുമോ ?

(എ-സി) ' Z' കാറ്റഗറിയിൽപ്പെട്ട മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്ക് ഭീഷണിയുണ്ടാക്കാൻ ശ്രമിച്ചവരെ ക്രിമിനൽ നടപടിക്രമം വകുപ്പ് 151 അനുസരിച്ച് നടപടി സ്വീകരിച്ച് നീക്കം ചെയ്തിട്ടുണ്ട്. ആരെയും കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടില്ല.

## അഡ്വ. ശ്യാം കെ. പി. പോലീസ് മേധാവിക്ക് നൽകിയ പരാതിയിൻമേൽ സ്വീകരിച്ച നടപടി

99(2023) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 11-6-2022-ന് എറണാകുളം ഹാർബർ പോലീസ് സ്റ്റേഷനിൽ വിവസ്ത്രനാക്കി നിർത്തിയതായി പറയപ്പെടുന്ന പോലീസ് നടപടിക്കെതിരെ അഡ്വ. ശ്യാം കെ. പി. 26-06-2022-ന് സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതിയിൽ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പ്രസ്തുത പരാതിയിൽ അന്വേഷണം നടത്തുന്നതിന് കൊച്ചി സിറ്റി പോലീസ് കമ്മിഷണർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൊച്ചി സിറ്റി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് അസിസ്റ്റന്റ് കമ്മീഷണറെ ചുമതലപ്പെടുത്തി പരാതിയിൽ അന്വേഷണം നടത്തിവരികയും ചെയ്യുന്നു. പരാതിക്കാരന്റേയും കൂടെയുണ്ടായിരുന്നയാളുടേയും മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണ്. കേസിന്റെ അന്വേഷണ ഘട്ടത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയ മൊഴികളുടെയും റിപ്പോർട്ടുകളുടെയും പകർപ്പുകൾ ലഭ്യമാക്കാൻ നിർവ്വാഹമില്ല.

(ബി) പ്രസ്തുത പരാതി അന്വേഷിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്ന് അറിയിക്കാമോ; അന്വേഷണ ഉദ്യോഗസ്ഥൻ പരാതിക്കാരന്റെയും കൂടെയുണ്ടായിരുന്നവരുടെയും മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ മൊഴിപ്പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) പരാതിക്കാരന്റെയും കൂടെ ഉണ്ടായിരുന്നവരുടെയും മൊഴി രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ അതിന് കാരണം വ്യക്തമാക്കാമോ?

(ബി & സി) ഉത്തരം (എ)-യിൽ ചേർത്തിരിക്കുന്നു.

(ഡി) ഹാർബർ പോലീസ് സ്റ്റേഷൻ എസ്.ഐ. രാജൻ പരാതിക്കാരനെയും കൂടെയുള്ളവരെയും കസ്റ്റഡിയിൽ വച്ചിട്ടുണ്ടോയെന്നും വിവസ്ത്രരാക്കി നിർത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച പരാതി അന്വേഷണ ഘട്ടത്തിലാണ്.

(ഇ) പ്രസ്തുത പരാതിക്ക് ആസ്പദമായി പറയപ്പെടുന്ന സംഭവം നടന്ന 11-6-2022-ന് ഹാർബർ പോലീസ് സ്റ്റേഷന്റെ പരിസരപ്രദേശങ്ങളിൽ മുഖ്യമന്ത്രിയുടെ പരിപാടികൾ എന്തെങ്കിലും നടന്നിരുന്നോയെന്ന് വ്യക്തമാക്കുമോ;

എങ്കിൽ പ്രസ്തുത പരിപാടികളുടെ മുന്നോടിയായി അന്നേദിവസം മുഖ്യ പ്രതിപക്ഷപാർട്ടിയുടെ എറണാകുളം ജില്ലയിലെ പ്രവർത്തകരെ കരുതൽ തടങ്കലിൽ വച്ചിരുന്നോ; എങ്കിൽ അന്നേദിവസം എറണാകുളം ജില്ലയിലെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ആരെയെല്ലാമാണ് കരുതൽ തടങ്കലിൽ വച്ചിരുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രിക്ക് 11-6-2022-ൽ ചെല്ലാനം കടൽഭിത്തി നിർമ്മാണപദ്ധതി ഉദ്ഘാടനം ചെയ്യുന്ന പരിപാടിയുണ്ടായിരുന്നു. കരുതൽ തടങ്കലിൽ പാർപ്പിച്ചിരുന്നോ എന്നതുസംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(എഫ്) 11-6-2022-ന് ഹാർബർ പോലീസ് സ്റ്റേഷനിൽ അഡ്വ. ശ്യാം കെ. പി.-ക്കും സുഹൃത്തുക്കൾക്കും നേരിടേണ്ടിവന്നതായി പറയപ്പെടുന്ന പോലീസ് നടപടികളെ സംബന്ധിച്ച് മതിയായ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ജി) പ്രസ്തുത പരാതിയിൽ നാളിതുവരെ ശേഖരിച്ചിട്ടുള്ള റിപ്പോർട്ടുകളുടെയെല്ലാം പകർപ്പുകൾ ലഭ്യമാക്കാമോ?

അന്വേഷണ ഘട്ടത്തിൽ പോലീസിന്റെ പക്കലുള്ള റിപ്പോർട്ടുകളുടെ പകർപ്പ് നൽകുവാൻ കഴിയുകയില്ല.

**പാവറട്ടി പഞ്ചായത്തിലെ സെക്രട്ടറിയുടെ ആത്മഹത്യ**

100(2024) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവറട്ടി പഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ഷാജി പ്രസ്തുത പഞ്ചായത്തിന്റെ വൈസ് പ്രസിഡന്റിന്റേയും മറ്റും മാനസിക പീഡനത്തെത്തുടർന്ന് ആത്മഹത്യ ചെയ്ത വിഷയത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഷാജിയുടെ ഭാര്യ ഷീബ സംസ്ഥാന മനുഷ്യാവകാശ കമ്മീഷനെ സമീപിച്ചതിനെത്തുടർന്ന് അക്കാര്യം സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണത്തിന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണ നടപടികളുടെ വിശദാംശം നൽകുമോ?

(എ & ബി) നിർദ്ദേശം നൽകിയിട്ടുണ്ട്. പേരാമംഗലം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന ക്രൈം നമ്പർ 1019/2018 U/s 174 Cr.PC കേസ് ക്രൈംബ്രാഞ്ചിൽ ക്രൈം നമ്പർ 74/CB/TSR/R/2022 U/s 174 Cr.PC ആയി റീനമ്പർ ചെയ്ത് 20-6-2022 മുതൽ അന്വേഷണം നടത്തിവരികയാണ്.

(സി) അക്കാര്യം സംബന്ധിച്ച് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് ഉന്നത ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ നിഷ്പക്ഷവും കർശനവുമായ അന്വേഷണം നടത്തുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ; വിശദാംശം നൽകുമോ?

ക്രൈംബ്രാഞ്ച് തൃശ്ശൂർ യൂണിറ്റ് ഡിറ്റക്ടീവ് ഇൻസ്പെക്ടർ കേസ്സിൽ ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

## ആദിത്തിന്റെ തിരോധാനം ദേശീയ അന്വേഷണ ഏജൻസിയെ കൊണ്ട് അന്വേഷിപ്പിക്കുന്നതിന് നടപടി

101(2025) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലി ദ്വീപിൽ എം.റ്റി. അലിമാസ് എന്ന കപ്പലിൽ 2022 ഏപ്രിൽ 9-ന് ജോലിയിൽ പ്രവേശിക്കുകയും 15-4-2022 മുതൽ കാണാതാവുകയും ചെയ്ത മണലൂർ മണ്ഡലത്തിൽ മണലൂർ പഞ്ചായത്തിലെ കുന്നംപള്ളി വീട്ടിൽ സുനിൽ കുമാറിന്റെ മകൻ ആദിത്തിന്റെ തിരോധാനം സംബന്ധിച്ച് സംസ്ഥാന സർക്കാർ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് പിതാവായ സുനിൽ കുമാർ മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിൻമേലുള്ള അന്വേഷണം ഏതുഘട്ടത്തിലാണ്; അന്വേഷണം സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പ്രസ്തുത തിരോധാനം സംബന്ധിച്ച് സംസ്ഥാന ക്രൈംബ്രാഞ്ച് അന്വേഷിക്കുകയും പ്രസ്തുത വിഷയം ക്രൈംബ്രാഞ്ചിന്റെ അന്വേഷണ പരിധിയിൽ നിൽക്കുന്നതല്ലെന്നും ദേശീയ അന്വേഷണ ഏജൻസിയാണ് പ്രസ്തുത വിഷയം അന്വേഷിക്കേണ്ടതെന്നും അറിയിച്ചതിനെത്തുടർന്ന് ദേശീയ അന്വേഷണ ഏജൻസിയെക്കൊണ്ട് തന്റെ മകന്റെ തിരോധാനം സംബന്ധിച്ച അന്വേഷണം നടത്തിക്കുന്നതിനായി സുനിൽ കുമാർ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൻമേലുള്ള തുടർനടപടികളുടെ വിശദാംശം നൽകാമോ;

(ഡി) ഇല്ലെങ്കിൽ ആദിത്തിന്റെ തിരോധാനം ദേശീയ അന്വേഷണ ഏജൻസിയെകൊണ്ട് അന്വേഷിപ്പിക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

(എ-ഡി) ആദിത്തിനെ കാണാതായ സംഭവം നടന്നത് ടെറിട്ടോറിയൽ ജ്യൂറിസ്ഡിക്ഷനിൽ ഉൾപ്പെടാത്ത സ്ഥലമായതിനാൽ രാജ്യാന്തരതലത്തിലുള്ള അന്വേഷണം ആവശ്യമാണെന്ന് ഇക്കാര്യം അന്വേഷിച്ച ക്രൈംബ്രാഞ്ച് അഡീഷണൽ ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരോധാനം സംബന്ധിച്ച് ബന്ധപ്പെട്ട ഏജൻസികൾ മുഖേന അടിയന്തരമായി അന്വേഷണം നടത്താനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ

102(2026) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് ആയിരം സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകളാണ് നിലവിലുള്ളത്.

(ബി) സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

എസ്.പി.സി. പദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്ന ഹൈസ്കൂൾ വിഭാഗത്തിനോ, ഹയർ സെക്കൻഡറി വിഭാഗത്തിനോ കുറഞ്ഞത് 200 വിദ്യാർത്ഥികളെങ്കിലും ഉണ്ടായിരിക്കണം. ഒരു യൂണിറ്റ് നിലവിലുള്ള സ്കൂളുകളിൽ വീണ്ടും യൂണിറ്റ് അനുവദിക്കുകയില്ല. അദ്ധ്യാപക- രക്ഷാകർതൃ സമിതി സജീവമായി പ്രവർത്തിക്കുകയും ശിശു സൗഹാർദ്ദപരമായ മനോഭാവവും സന്നദ്ധതയുമുള്ള രണ്ട് അദ്ധ്യാപകരെ സ്കൂളിൽ പദ്ധതി പ്രവർത്തനങ്ങൾ നയിക്കുന്നതിനായി നിയോഗിക്കേണ്ടതും ടി അദ്ധ്യാപകർ കഴിവതും 50 വയസ്സിൽ താഴെയുള്ളവരും ശാരീരികക്ഷമതയുള്ളവരും ആക്റ്റീവായിട്ടുള്ളവരും ആയിരിക്കണം. ആൺകുട്ടികളും പെൺകുട്ടികളുമുള്ള സ്കൂളുകളുടെ കാര്യത്തിൽ (Mixed Schools), പ്രോഗ്രാം

നയിക്കുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകരിൽ ഒരാൾ ഒരു വനിതയായിരിക്കണം. കായികക്ഷമത പരിശീലനത്തിനുള്ള ഗ്രൗണ്ട്, എസ്.പി.സി. ഓഫീസ് സജ്ജീകരിക്കുന്നതിനുള്ള മുറി, കേഡറ്റുകൾക്ക് എസ്.പി.സി. യൂണിഫോം, പി.റ്റി. ഡ്രസ്സ് എന്നിവ മാറ്റാനുള്ള സൗകര്യം, മറ്റ് അവശ്യസൗകര്യങ്ങൾ എന്നിവയുണ്ടായിരിക്കണം.

**രാഷ്ട്രീയ കൊലപാതകങ്ങൾ**

103(2027) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്?

രാഷ്ട്രീയ കൊലപാതകങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ള 35 കേസ്സുകളിൽ 38 കൊലപാതകങ്ങളുണ്ടായിട്ടുണ്ട്.

(ബി) അതിൽ എത്ര കേസ്സുകളിൽ പ്രതികളെ പൂർണ്ണമായും പിടികൂടിയിട്ടുണ്ട്; എത്ര കേസ്സുകളിൽ പ്രതികളെ പൂർണ്ണമായും പിടികൂടാൻ സാധിച്ചിട്ടില്ല; അവ ഏതൊക്കെ കേസ്സുകളാണ്; വ്യക്തമാക്കാമോ;

(സി) മേല്പറഞ്ഞ രാഷ്ട്രീയ കൊലപാതകങ്ങളിൽ പ്രതിചേർക്കപ്പെട്ടവർ ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെടുന്നവരാണെന്ന് വ്യക്തമാക്കുമോ?

(ബി &സി) എല്ലാ പ്രതികളെയും പിടികൂടാനായിട്ടില്ലാത്ത 7 കേസ്സുകൾ നിലവിലുണ്ട്. മറ്റ് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**ആലപ്പുഴയിലെ നന്ദുവിന്റെ മരണം**

104(2028) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില വിദ്യാർത്ഥി സംഘടന പ്രവർത്തകർ അക്രമം നടത്തുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിലിത് ഗൗരവമായി കാണുന്നുണ്ടോ?

ഇത്തരം ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഗൗരവമായിക്കണ്ട് ശക്തമായ വകുപ്പുകൾ ചേർത്ത് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) ആലപ്പുഴ പുന്നപ്രയിലെ നന്ദു എന്ന യുവാവ് ട്രെയിൻ തട്ടി മരിച്ച സംഭവത്തിൽ ഏതെങ്കിലും യുവജന സംഘടനയുടെ പ്രവർത്തകർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ?

നന്ദുവിന്റെ അസ്വാഭാവിക മരണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത പുന്നപ്ര പോലീസ് സ്റ്റേഷൻ ക്രൈം നം. 736/2022 u/s 174 CrPC പ്രകാരമുള്ള കേസ് ആലപ്പുഴ ജില്ല ക്രൈം ബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തിവരികയാണ്. ടി കേസിന്റെ അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ യഥാർത്ഥ വസ്തുതകൾ വെളിവാകുകയുള്ളൂ.

(സി) പ്രസ്തുത പ്രവർത്തകർ മർദ്ദിക്കാൻ വന്നതിനെത്തുടർന്ന് ഓടിയ നന്ദു ട്രെയിനിന് മുന്നിൽപ്പെടുകയായിരുന്നുവെന്നത് വസ്തുതയാണോ;

(ഡി) പ്രസ്തുത പ്രതികൾക്കെതിരെ കൊലക്കുറ്റത്തിന് കേസ്സെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

(സി &ഡി)ഉത്തരം (ബി)-യിൽ ചേർത്തിരിക്കുന്നു.

**കസ്റ്റഡി മരണം തടയാൻ നടപടി**

105(2029) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായി കസ്റ്റഡി മരണമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിലിത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വടകര പോലീസ് കസ്റ്റഡിയിൽ മരിച്ച വ്യക്തിക്ക് ഹൃദയാഘാതമുണ്ടാകാൻ കാരണം പോലീസ് സ്റ്റേഷനിൽനിന്നുമുണ്ടായ ക്രൂരമായ മർദ്ദനവും അതേത്തുടർന്നുള്ള മാനസികവും ശാരീരികവുമായ സമ്മർദ്ദവുമാണെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട് വെളിപ്പെടുത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

ഈ സംഭവവുമായി ബന്ധപ്പെട്ട് വടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 634/2022 U/s 174 Cr.PC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നു.

(സി) കസ്റ്റഡി മരണമുണ്ടായാൽ അത് സി.ബി.ഐ. അന്വേഷണത്തിന് വിടാൻ തീരുമാനിച്ചിട്ടുണ്ടോ; അറിയിക്കുമോ?

നിലവിൽ തീരുമാനിച്ചിട്ടില്ല.

(ഡി) പോലീസ് കസ്റ്റഡി മരണത്തെക്കുറിച്ച് അതേ ഏജൻസി അന്വേഷിച്ചാൽ സത്യം പുറത്തുവരികയില്ലെന്ന സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത കസ്റ്റഡി മരണത്തിന്മേൽ സി.ബി.ഐ. അന്വേഷണം ശിപാർശ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

സജീവന്റെ മരണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സിൽ നിലവിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നു.

**ഓൺലൈനിലെ ചതിക്കുഴികൾ**

106(2030) <u>ശ്രീ. ടി. സിദ്ദിഖ്:</u>
<u>ശ്രീമതി ഉമ തോമസ്:</u>
<u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ മുഖേന പണം തട്ടിപ്പും മയക്കുമരുന്ന് വ്യാപാരവും സാദ്ധ്യമാകുന്നതിലൂടെ ആളുകൾ ചതിക്കുഴിയിൽ വീഴുന്നത് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഓൺലൈൻ മുഖേന നടക്കുന്ന പണം തട്ടിപ്പും മയക്കുമരുന്ന് വ്യാപാരവും തടയുന്നതിനായി പൊതുജനങ്ങൾക്ക് സോഷ്യൽ മീഡിയ വഴിയും കൂടാതെ വിദ്യാർത്ഥികൾക്ക് സ്കൂൾതലങ്ങളിൽ രൂപീകരിച്ചിരിക്കുന്ന Cyber Club-കൾ വഴിയും ബോധവൽക്കരണം നടത്തിവരുന്നുണ്ട്. സോഷ്യൽ മീഡിയ സെൽ നടത്തുന്ന Social Media Patrolling, സൈബർ സെൽ മുഖേന ഇന്റർനെറ്റ്/ഡാർക്ക് വെബ് എന്നിവിടങ്ങളിൽ നടത്തുന്ന patrolling വഴി കണ്ടെത്തുന്ന വ്യാജ ഓൺലൈൻ Loan App-നെ App Store, Google Play Store എന്നിവിടങ്ങളിൽനിന്നും നീക്കംചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഇതുസംബന്ധിച്ച പരാതികളിൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും തട്ടിപ്പ് നടത്തുന്ന വ്യക്തികളുടെ ബാങ്ക് അക്കൗണ്ട്, ഫോൺ നമ്പർ, ഇതുമായി ബന്ധപ്പെട്ട UPI അക്കൗണ്ട് എന്നിവ Freeze/Block ചെയ്യുന്നതിനുവേണ്ട നടപടികളും സ്വീകരിക്കാറുണ്ട്. ഡാർക്ക് വെബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനും ഡാർക്ക് വെബിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങളായ ലൈംഗിക വ്യാപാരം, മയക്കുമരുന്ന് കച്ചവടം, ആയുധ വ്യാപാരം,

സാമ്പത്തിക തട്ടിപ്പുകൾ എന്നിവ കണ്ടെത്തുവാനും അവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ നടത്തുവാൻ കേരള പോലീസ് Granpel 1.0 എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

(ബി) വിവിധ ആപ്പുകളും വെബ്സൈറ്റുകളും വ്യക്തിപരവും ഔദ്യോഗികവുമായ വിവരം ചോർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവര ചോർച്ചമൂലമുണ്ടാകുന്ന അപായം ഒഴിവാക്കാൻ ബോധവത്ക്കരണ പ്രവർത്തനം നടത്തുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്ലേ സ്റ്റോർ മുഖേന സൗജന്യമായി ഡൗൺലോഡ് ചെയ്തുപയോഗിക്കുന്ന പല ആപ്പുകളും അവ ഇൻസ്റ്റാൾ ചെയ്യുന്ന സമയത്ത് അനുവാദങ്ങൾ ചോദിക്കുമ്പോൾ അത് അനുവദിക്കുന്നതോടെ പ്രസ്തുത ഫോണിലെ മുഴുവൻ വിവരങ്ങളും ചോർത്തിയെടുക്കുന്നതായും അതിലെ വിവരങ്ങൾ പിന്നീട് പ്രസ്തുത വ്യക്തിയെ ബ്ലാക്ക്മെയിൽ ചെയ്യുന്നതിനുപയോഗിക്കുന്നതായും അറിവായിട്ടുണ്ട്. അതിനാൽ ഇതൊഴിവാക്കുന്നതിനായി അത്യാവശ്യമുള്ള ആപ്ലിക്കേഷനുകൾ മാത്രം പ്ലേസ്റ്റോർ മുഖേന ഡൗൺലോഡ് ചെയ്യാനും ആവശ്യമില്ലാത്തവ അൺഇൻസ്റ്റാൾ ചെയ്യാനും ഓരോ ആപ്ലിക്കേഷനും ഡൗൺലോഡ് ചെയ്തുപയോഗിക്കുന്നതിനുമുമ്പ് അതിന്റെ Reviews, Terms & Conditions എന്നിവ മനസ്സിലാക്കാനും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന് റസിഡൻസ് അസോസിയേഷൻ, കുടുംബശ്രീ, ഐ.സി.ഡി.എസ്, സഖി, വിവിധ ജാഗ്രതാ സമിതികൾ മുഖേനയും സ്കൂൾ, കോളേജ് എന്നിവ കേന്ദ്രീകരിച്ച് ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു.

(സി) കേരള പോലീസിന്റെ സൈബർ സെല്ലിന്റെ പ്രവർത്തനം ശാക്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. സൈബർ കുറ്റകൃത്യങ്ങളുടെ കാര്യക്ഷമമായ അന്വേഷണവും നിയമനടപടികളും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്ത് 19 സൈബർ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും റിപ്പോർട്ടാകുന്ന കുറ്റകൃത്യങ്ങളിലെ കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനുമായി കേന്ദ്ര സർക്കാർ സ്ഥാപനമായ C-DAC മുഖേന പോലീസ് ഉദ്യോഗസ്ഥർക്ക് 'Cyber Crime Investigation and Cyber Forensic-ൽ വിദഗ്ധ പരിശീലനം നൽകിയിട്ടുള്ളതും പരിശീലനം പൂർത്തിയാക്കിയ പോലീസ് ഉദ്യോഗസ്ഥരെ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ ഓൺലൈൻ തട്ടിപ്പുകേസ്സുകളുടെ കുറ്റാന്വേഷണങ്ങളിൽ സഹായിക്കുവാൻ പ്രത്യേക പരിശീലനം

ലഭിച്ച പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയുള്ള ഹൈടെക്ക് എൻക്വയറി സെല്ലും പോലീസ് ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ ടെക്നോളജിയിൽ Advanced Training നൽകുന്നതിനായി 30 ലക്ഷം രൂപ വകയിരുത്തുന്നതിനുള്ള ശിപാർശ 2022-23 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

**പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സേവനം ടെക്നിക്കൽ വിഭാഗങ്ങളിൽ**

107(2031) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരിൽ കമ്പ്യൂട്ടർ സയൻസിൽ ബിരുദം/ബിരുദാനന്തര ബിരുദം ഉള്ളവരുടെ സേവനം സൈബർ ഡോം, ഹൈടെക് സെൽ എന്നിവിടങ്ങളിലെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

108(2032) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എ.സി.-എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി 225 ലക്ഷം രൂപ അനുവദിച്ച് പ്രവൃത്തിയാരംഭിച്ച മുക്കം പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിന് പ്ലാൻ ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ അക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയിൽനിന്നും ലഭ്യമായ പ്രൊപ്പോസലിന്മേൽ കൂടുതൽ വിശദാംശങ്ങൾ പോലീസ് വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) പ്രസ്തുത നിർമ്മാണം പൂർത്തിയാക്കുന്നതിന് പ്ലാൻ ഫണ്ട് അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി)-യിൽ ചേർത്തിട്ടുണ്ട്.

**വൃക്ക മാറ്റിവച്ച രോഗി മരണപ്പെട്ട സംഭവം**

109(2033) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവച്ച രോഗി മരണപ്പെട്ട സംഭവത്തിൽ മെഡിക്കൽ കോളേജ് പോലീസ് രജിസ്റ്റർ ചെയ്ത കേസ് ഇപ്പോൾ ആരാണ് അന്വേഷിക്കുന്നത്; അന്വേഷണം പൂർത്തിയായോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവച്ച രോഗി മരണപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 786/2022 u/s 174 CrPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം കഴക്കൂട്ടം സൈബർ സിറ്റി സബ്ഡിവിഷൻ പോലീസ് അസിസ്റ്റന്റ് കമ്മീഷണർ നടത്തിവരുന്നു. കേസിന്റെ അന്വേഷണം പൂർത്തിയായിട്ടില്ല.

(ബി) പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചിരുന്നോ; എങ്കിൽ വിശദാംശങ്ങൾ എന്തൊക്കെയാണ്; അതുസംബന്ധിച്ച് മറ്റ് ലാബ് പരിശോധനാ റിപ്പോർട്ടുകൾ ലഭിക്കാനുണ്ടോ; അത്തരം റിപ്പോർട്ടുകൾ ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ?

ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ Cause of Death - Reserved Pending report of Laboratory Investigation എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കേസ്സിലേയ്ക്ക് ലാബ് പരിശോധന റിപ്പോർട്ടുകൾ ലഭിക്കാനുണ്ട്. ശാസ്ത്രീയ പരിശോധനാ റിപ്പോർട്ടുകൾ ലഭിക്കുന്നതിന് സ്വാഭാവികമായ സമയമെടുക്കാറുണ്ട്.

(സി) മരണപ്പെട്ട രോഗിയുടെ ബന്ധുക്കളിൽനിന്നും അന്വേഷണ ഉദ്യോഗസ്ഥൻ വിവരങ്ങൾ ശേഖരിച്ചോ; എങ്കിൽ എന്തൊക്കെ വിവരങ്ങളാണ് അവർ നൽകിയത്?

ഉണ്ട്. മരണപ്പെട്ട രോഗിയുടെ ബന്ധുക്കളിൽനിന്നും കേസ് അന്വേഷണത്തിന് സഹായകരമായിട്ടുള്ള വിവരങ്ങൾ ചോദിച്ച് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്.

(ഡി) കേസിന്റെ അന്വേഷണത്തിനായി മെഡിക്കൽ ബോർഡ് രൂപീകരിക്കണമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ അഭ്യർത്ഥിച്ചിരുന്നോ; എങ്കിൽ അതിനായി കത്ത് നൽകിയത് എന്നാണ്; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ?

അഭ്യർത്ഥിച്ചിരുന്നു. കേസിന്റെ അന്വേഷണത്തിന് മെഡിക്കൽ ബോർഡ് രൂപീകരിക്കുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥൻ 21-7-2022-ൽ ജില്ല

മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യം) അപേക്ഷ നൽകിയിരുന്നു. രോഗി മരണപ്പെടുന്ന കേസ്സുകളിൽ ഫൈനൽ പോസ്റ്റുമോർട്ടം റിപ്പോർട്ടും കെമിക്കൽ അനാലിസിസ് റിപ്പോർട്ടും ജില്ലാ മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റിയിൽ കേസ് പരിഗണിക്കുന്നതിന് അത്യാവശ്യമാണ്. പ്രസ്തുത കേസ്സിൽ മേൽപ്പറഞ്ഞ റിപ്പോർട്ടുകൾകൂടി ലഭ്യമാകുന്ന മുറയ്ക്ക് ആരോഗ്യ മേഖലയിൽ നിന്നുമുള്ള വിദഗ്ദ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി ജില്ല മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് അഭിപ്രായ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥന് ആരോഗ്യ വകുപ്പ് കൈമാറുന്നതുമാണ്.

## അഞ്ചുതെങ്ങ് പോലീസ് സ്റ്റേഷന് കെട്ടിടം

110(2034) ശ്രീ വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചിറയിൻകീഴ് താലൂക്കിലെ അഞ്ചുതെങ്ങ് പഞ്ചായത്തിൽ വാടക കെട്ടിടത്തിലാണ് പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പോലീസ് സ്റ്റേഷന് സ്ഥലം വാങ്ങി ആധുനിക രീതിയിലുള്ള പോലീസ് സ്റ്റേഷൻ നിർമ്മിക്കണമെന്ന നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഞ്ചുതെങ്ങ് പോലീസ് സ്റ്റേഷന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു. അഞ്ചുതെങ്ങ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ 1984-ൽ പ്രവർത്തനം നിർത്തിയ തിരുവനന്തപുരം നോർത്ത് റീജിയണൽ ഫിഷ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ F(T) 110-ന്റെ കൈവശമുള്ള ചിറയിൻകീഴ് താലൂക്കിൽ അഞ്ചുതെങ്ങ് വില്ലേജിൽ 64 സെന്റ് ഭൂമി അഞ്ചുതെങ്ങ് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് ഉചിതമായ സ്ഥലമായി കണ്ടതിനെ തുടർന്ന് ഈ ഭൂമി പോലീസ് വകുപ്പിന് കൈമാറ്റം ചെയ്തു ലഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## എരുമേലി പോലീസ് ഡിറ്റാച്ച്മെന്റ് ക്യാമ്പിന്റെ സംരക്ഷണഭിത്തി നിർമ്മാണം

111(2035) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലിയിലുള്ള കേരള ആംഡ് പോലീസ് 5-ാം ബറ്റാലിയന്റെ ഡിറ്റാച്ച്മെന്റ് ക്യാമ്പ് കെട്ടിടത്തിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സ്വീകരിച്ചിട്ടുണ്ട്. പൂഞ്ഞാർ മണ്ഡലത്തിലെ ഏന്തുമേലിയിലുള്ള കേരള ആംഡ് പോലീസ് അഞ്ചാം ബറ്റാലിയൻ ഡിറ്റാച്ച്മെന്റ് ക്യാമ്പ് കെട്ടിടത്തിന്റെ സംരക്ഷണഭിത്തി അപകടാവസ്ഥയിലാണെന്നും ആയത് പരിഹരിക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും 17-5-2022-ൽ കോട്ടയം ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ക്യാമ്പിന്റെ 25 അടി ഉയരത്തിലുള്ള മൺതിട്ട തകർന്നതുമൂലം ക്യാമ്പ് കെട്ടിടത്തിനും സമീപത്തുള്ള വീടുകൾക്കും അപകട ഭീഷണിയുള്ളതിനാൽ ക്യാമ്പ് സ്ഥിതിചെയ്യുന്ന സ്ഥലത്തിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പ്രസ്തുത സംരക്ഷണ ഭിത്തിയുടെ നിർമ്മാണത്തിനായി പ്രാഥമിക വിലയിരുത്തൽ പ്രകാരം 4.70 കോടി രൂപ ചെലവ് വരുമെന്നും മണ്ണ് പരിശോധന നടത്തി ഡിസൈൻ ലഭ്യമായാൽ മാത്രമേ യഥാർത്ഥ തുക കണക്കാക്കാൻ സാധിക്കുകയുള്ളൂ എന്നും കോട്ടയം പൊതുമരാമത്ത് വിഭാഗം 19-8-2022 -ൽ കോട്ടയം ജില്ലാ കളക്ടറെ അറിയിച്ചിട്ടുള്ള വിവരം സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### ക്വാർട്ടേഴ്സുകളുടെ മെയിന്റനൻസ്

112(2036) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പോലീസ് ഉദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ളത് ആരെയാണ് എന്നറിയിക്കുമോ; ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ?

ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്നതിനുള്ള അധികാരം സംസ്ഥാന പോലീസ് മേധാവിക്കാണ്. തിരുവനന്തപുരം ജില്ലയിലെ മറ്റ് പോലീസ് ഉദ്യോഗസ്ഥർക്ക് തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ, സ്പെഷ്യൽ ആംഡ് പോലീസ്, പോലീസ് ട്രെയിനിംഗ് കോളേജ് എന്നീ യൂണിറ്റുകളുടെ പരിധിയിലുള്ള ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനുള്ള അധികാരം അതത് യൂണിറ്റ് മേധാവികളിൽ നിക്ഷിപ്തമാണ്. Kerala Police (Family) Quarters Allotment and Occupation Rules അനുസരിച്ചാണ് ക്വാർട്ടേഴ്സ് അനുവദിക്കുന്നത്.

(ബി) തിരുവനന്തപുരം ജില്ലയിൽ പോലീസ് ക്വാർട്ടേഴ്സുകൾ മെയിന്റനൻസ് ചെയ്യുന്നില്ലെന്ന വിഷയം പരിശോധിക്കുമോ; ക്വാർട്ടേഴ്സുകൾ മെയിന്റനൻസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ക്വാർട്ടേഴ്സുകളുടെ മെയിന്റനൻസ് യഥാസമയം ചെയ്തുവരുന്നുണ്ട്. നിലവിലുള്ള യൂണിറ്റ് മേധാവികളിൽനിന്നും ലഭിക്കുന്ന റിപ്പോർട്ട് അനുസരിച്ച് ആവശ്യമായ തുക, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അനുവദിക്കുകയും ആയത് ഉപയോഗിച്ച് ക്വാർട്ടേഴ്സുകളുടെ മെയിന്റനൻസ് ജോലികൾ യഥാസമയംതന്നെ പൂർത്തീകരിച്ചുവരികയും ചെയ്യുന്നു.

**ദുരഭിമാന കൊലയ്ക്ക് ഇരയായ അനീഷിന്റെ ഭാര്യയ്ക്ക് സഹായം**

113(2037) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ആലത്തൂർ തേങ്കുറിശ്ശി ഇലമന്ദത്ത് അറുമുഖന്റെ മകൻ അനീഷ് 25-12-2020-ന് ദുരഭിമാനകൊലയ്ക്ക് ഇരയായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ദുരഭിമാന കൊലയ്ക്ക് ഇരയായ അനീഷിന്റെ ഭാര്യ ഹരിതയ്ക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് ലഭിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളുടെ (ഫയൽ നമ്പർ E.Ptn 5351/2021) നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

E.Ptn 5351/2022 നമ്പറായി തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭിച്ച അപേക്ഷയിൻമേൽ പഞ്ചായത്ത് ഡയറക്ടർ, ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ജോലി നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(സി) ഹരിതയുടെ അപേക്ഷയിന്മേൽ വീട് അനുവദിക്കുന്നതിനുള്ള നടപടികൾ വൈകുന്നതിന്റെ കാരണം എന്താണ്; വ്യക്തമാക്കാമോ;

(ഡി) ഹരിതയ്ക്ക് വീട് അനുവദിക്കുന്നതിനും ജോലി നൽകുന്നതിനും പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(സി & ഡി) ഉത്തരം (ബി)-യിൽ ചേർത്തിരിക്കുന്നു.

**ആനപ്പാറയിലുള്ള ആഭ്യന്തര വകുപ്പ് വക സ്ഥലം**

114(2038) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട ഗ്രാമപഞ്ചായത്തിലെ ആനപ്പാറയിൽ ആഭ്യന്തര വകുപ്പിന്റെ ഉടമസ്ഥതയിൽ എത്ര സ്ഥലമാണുള്ളതെന്ന് അറിയിക്കാമോ?

വെള്ളറട ഗ്രാമപഞ്ചായത്തിലെ ആനപ്പാറയിൽ വെള്ളറട വില്ലേജ് സർവ്വേ നമ്പർ 673/1-ൽ ഒരേക്കർ 97 സെന്റ് സ്ഥലം പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) നിലവിൽ കാടുകയറി അന്യാധീനപ്പെട്ട് കിടക്കുന്ന പ്രസ്തുത സ്ഥലത്ത് ഒരു വ്യാപാര വാണിജ്യ സമുച്ചയമോ സെൻട്രൽ പോലീസ് ക്യാന്റീനോ പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

(ബി & സി) നിലവിൽ പരിഗണനയിലില്ല.

**പോലീസ് സേനകളിൽ ഡയറക്ട് എൻട്രി സംവിധാനം**

115(2039) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ കരസേനയിലേയ്ക്ക് എൻ.സി.സി. "സി" സർട്ടിഫിക്കറ്റ് "ബി" ഗ്രേഡും അതിനുമുകളിലും നേടിയിട്ടുള്ള നിശ്ചിത എണ്ണം ഉദ്യോഗാർത്ഥികളെ യു.പി.എസ്.സി.-യുടെ പരീക്ഷ കൂടാതെ സർവ്വീസ് സെലക്ഷൻ ബോർഡിന്റെ അഭിമുഖത്തിലൂടെ ഡയറക്ട് എൻട്രി മുഖേന കമ്മീഷൺഡ് ഓഫീസർമാരായി നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അതേ മാതൃകയിൽ, പരിശീലനത്തിലൂടെ അച്ചടക്കവും ശാരീരികക്ഷമതയും ആർജിച്ചിട്ടുള്ള എൻ.സി.സി., സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നീ സർട്ടിഫിക്കറ്റുകൾ നേടിയിട്ടുള്ള നിശ്ചിത എണ്ണം ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. പരീക്ഷ ഒഴിവാക്കി പോലീസ് സേനയിലേയ്ക്ക് ഡയറക്ട് എൻട്രി ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ലഹരി ഇടപാടുകൾ തടയാൻ നടപടി**

116(2040) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില ഹോട്ടലുകളിലും റിസോർട്ടുകളിലുമായി നടക്കുന്ന ഡി. ജെ. പാർട്ടികളിൽ വൻതോതിൽ ലഹരി പദാർത്ഥങ്ങളുടെ ഇടപാടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് ചില ഹോട്ടലുകളിലും റിസോർട്ടുകളിലുമായി നടക്കുന്ന ഡി.ജെ. പാർട്ടികളിൽ ലഹരി പദാർത്ഥങ്ങളുടെ ഇടപാടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഞ്ചാവും MDMA-യും പിടിച്ചെടുത്തിട്ടുണ്ട്.

(ബി) ഇത്തരം പാർട്ടികളിൽ എന്തെല്ലാം ലഹരി പദാർത്ഥങ്ങളാണ് വിതരണം ചെയ്തതായി കണ്ടെത്തിയിട്ടുള്ളത്?

(എ)-യിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) ഡി.ജെ. പാർട്ടികളിൽ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ ഡി.ജെ. പാർട്ടികൾ നടത്തുന്നതിന് മുൻകൂട്ടി അനുവാദം വാങ്ങണമെന്നും പ്രസ്തുത സ്ഥലങ്ങളിൽ കർശന നിരീക്ഷണം നടത്തണമെന്നും പോലീസ് വകുപ്പും എക്സൈസ് വകുപ്പും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പോലീസ് വകുപ്പ് ഡാൻസാഫ്, സ്പെഷ്യൽ ബ്രാഞ്ച് മുഖേനയും എക്സൈസ് വകുപ്പ് എക്സൈസ് ഇന്റലിജൻസ് ആൻഡ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ, സബ്ഓഫീസുകൾ മുഖേനയും രഹസ്യവിവരങ്ങൾ ശേഖരിച്ച് ശക്തമായ പരിശോധനകൾ നടത്തിവരുന്നുമുണ്ട്.

**സ്വർണ്ണക്കടത്ത് സംഘങ്ങൾ തമ്മിലുള്ള സംഘർഷം**

117(2041) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ സംസ്ഥാനത്ത് സ്വർണ്ണക്കടത്ത് സംഘങ്ങൾ തമ്മിലുള്ള സംഘർഷത്തിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ടെന്നും എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്ര കേസ്സുകളിൽ കുറ്റവാളികളെ കണ്ടെത്താൻ സാധിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

സ്വർണ്ണക്കടത്ത് സംഘങ്ങൾ തമ്മിലുള്ള സംഘർഷത്തിൽ ആരും കൊല്ലപ്പെടുകയോ, സംഘർഷത്തെത്തുടർന്ന് മറ്റ് ആക്രമണങ്ങളോ ഉണ്ടായതായി റിപ്പോർട്ടില്ല.

(ബി) സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് എത്ര പേരെ കാണാതായിട്ടുണ്ടെന്നും അതിൽ എത്ര പേരെ ജീവനോടെ കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

7 പേരെ കാണാതായതിൽ 5 പേരെ കണ്ടെത്തിയിട്ടുണ്ട്.

(സി) സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ടെന്നും എത്ര കേസ്സുകളിൽ കുറ്റവാളികളെ കണ്ടെത്താൻ സാധിച്ചിട്ടുണ്ടെന്നും ഇനി എത്ര പേരെ കണ്ടെത്താനുണ്ടെന്നും വ്യക്തമാക്കാമോ?

സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് 2 കേസ്സുകളിലായി 2 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. ഈ കേസ്സുകളിൽ 32 പേർ പ്രതികളാണ്. 23 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

**സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം സമർപ്പിച്ച അപേക്ഷ**

118(2042) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ എറണാകുളം ജില്ലയിൽ പള്ളുരുത്തി സ്റ്റേഷനിലെ എസ്.ഐ. ആയിരുന്ന ഷംസുദ്ദീൻ വാഹനാപകടത്തെത്തുടർന്ന് മരിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ മകൻ ഫൈസൽ സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

പള്ളുരുത്തി പോലീസ് സ്റ്റേഷനിൽ സബ്ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 26-2-2015-ൽ നിര്യാതനായ ഷംസുദ്ദീൻ പി.-യുടെ മകൻ ശ്രീ. ഫൈസൽ എസ്., എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിനായി 2-6-2015-ൽ സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിക്കുകയും പോലീസ് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവില്ലാത്തതിനാൽ വാലിഡ് അപേക്ഷത്തീയതിയുടെ അടിസ്ഥാനത്തിലുള്ള മുൻഗണനാക്രമം നിശ്ചയിച്ച് മറ്റുവകുപ്പുകളിൽ ഒഴിവ് കണ്ടെത്തി നൽകുന്നതിന് ടിയാളെ സംബന്ധിച്ച വിവരങ്ങൾ 7-5-2016-ൽ പൊതുഭരണ (സി.ഇ.സെൽ) വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. എൽ.ഡി.ക്ലാർക്ക് തസ്തികയിലെ 2015 വരെയുള്ള ആശ്രിത നിയമന അപേക്ഷകരുടെ നിയമനം വേഗത്തിലാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് വരുത്തി തസ്തികമാറ്റം അനുവദിക്കുന്നതിനായി പൊതുഭരണ (സി.ഇ.സെൽ) വകുപ്പ് 13-12-2019-ൽ സംഘടിപ്പിച്ച അദാലത്തിൽ ശ്രീ. ഫൈസൽ എസ്. പങ്കെടുക്കുകയും വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിൽ മാറ്റം ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിൽ ഒഴിവില്ലാതിരുന്നതിനാൽ നിയമനം നൽകാൻ സാധിച്ചില്ല .

(ബി) ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ അപേക്ഷ നൽകിയ ടിയാന് നാളിതുവരെ തൊഴിൽ ലഭിക്കാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും തസ്തികയിൽ ടിയാനെ പരിഗണിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

സേവനത്തിലിരുന്ന വ്യക്തിയുടെ മരണസമയത്ത് ആശ്രിതൻ മേജറാണെങ്കിൽ, മരണത്തീയതി മുതൽ 2 വർഷത്തിനുള്ളിൽ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും ഒരിക്കൽ സമർപ്പിച്ച അപേക്ഷയിലെ തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ഈ കാലയളവിനുള്ളിലായിരിക്കണമെന്നും 24-5-1999-ലെ സ.ഉ.(പി) നമ്പർ 12/99/ ഉ.ഭ.പ.വ. ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ശ്രീ. ഫൈസൽ എസ്. തസ്തികമാറ്റത്തിനായി അപേക്ഷ സമർപ്പിക്കേണ്ട കാലാവധി 25-2-2017-ൽ അവസാനിച്ചിട്ടുള്ളതാണ്.

**മാനാഞ്ചിറ– വെള്ളിമാട്കുന്ന് റോഡ് വികസനവുമായി ബന്ധപ്പെട്ട വിജിലൻസ് പരിശോധന**

119(2043) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറ– വെള്ളിമാട്കുന്ന് റോഡിനുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ലാൻഡ് അക്വിസിഷൻ തഹസിൽദാറുടെ ഓഫീസിനെതിരെയുള്ള എന്തെങ്കിലും അഴിമതിയാരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പരാതികളിന്മേൽ വിജിലൻസ് മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്. ഭൂമിയുടെ നഷ്ടപരിഹാരത്തുക അനുവദിച്ചതിൽ ക്രമക്കേട് നടന്നുവെന്ന മറ്റൊരു പരാതിയിൽ, നടന്നുവരുന്ന വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ മിന്നൽപരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾകൂടി ഉൾപ്പെടുത്തി അന്വേഷിക്കുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നതിനാൽ വിശദാംശങ്ങൾ നൽകാൻ നിർവ്വാഹമില്ല.

(ബി) അതുമായി ബന്ധപ്പെട്ട് 2021 ഫെബ്രുവരി 23, 24 തീയതികളിൽ വിജിലൻസ് കോഴിക്കോട് യൂണിറ്റ് പ്രസ്തുത ഓഫീസിൽ മിന്നൽ പരിശോധന നടത്തിയിരുന്നോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത മിന്നൽ പരിശോധനയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പരിശോധനയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടറേറ്റ് വിജിലൻസ് വകുപ്പിന് കത്ത് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(ബി-ഇ) ഉത്തരം (എ)-യിൽ നൽകിയിട്ടുള്ളതാണ്.

**പൊതുവിദ്യാഭ്യാസ വകുപ്പിൽ ഓപ്പറേഷൻ ജ്യോതി**

120(2044) ശ്രീമതി കെ. കെ. രമ താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലുള്ളതായി പറയപ്പെടുന്ന ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി ഓപ്പറേഷൻ ജ്യോതി എന്ന പേരിൽ വിജിലൻസ് മിന്നൽപരിശോധന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ വിജിലൻസ് അപ്രകാരമൊരു പരിശോധന നടത്താനിടയായ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ എന്നിവിടങ്ങളിലെ എയ്ഡഡ് സ്കൂൾ അദ്ധ്യാപക/ അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട സെക്ഷനുകളിൽ അഴിമതിയും ക്രമക്കേടുകളും സ്വജനപക്ഷപാതവും നടക്കുന്നതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയത്.

(സി) എയ്ഡഡ് സ്കൂളിലെ നിയമനങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നുണ്ടെന്ന് വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

(ഡി) അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് ഉദ്യോഗസ്ഥരുടെ ഒത്താശയോടെ മാനേജ്മെന്റുകൾ കുട്ടികളുടെ കണക്കുകളിൽ കൃത്രിമം കാണിക്കുന്നുവെന്ന് വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയിരുന്നോ?

മിന്നൽ പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

(ഇ) വിജിലൻസ് നടത്തിയ പരിശോധനയിൽ മറ്റ് ക്രമക്കേടുകൾ എന്തെങ്കിലും കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

അറ്റൻഡൻസ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കാതിരിക്കുക, ഹാജർ പുസ്തകത്തിൽ കൃത്യസമയത്ത് ഒപ്പുവയ്ക്കാതിരിക്കുക, ഹാജരല്ലാത്ത ജീവനക്കാർ അതിനുള്ള കാരണം രേഖപ്പെടുത്താതിരിക്കുക തുടങ്ങിയ അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. അദ്ധ്യാപക നിയമനം അംഗീകരിക്കുന്നതിലെ കാലതാമസം, സ്കൂൾ അദ്ധ്യാപക /അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടവ ഉൾപ്പെടെയുള്ള ഫയലുകളിൽ അനാവശ്യമായ കാലതാമസം വരുത്തുക, TR-5 പ്രകാരം ഈടാക്കിയ തുകകൾ സമയബന്ധിതമായി ബന്ധപ്പെട്ട ഓഫീസിൽ അടയ്ക്കാതിരിക്കുക തുടങ്ങിയ ക്രമക്കേടുകളും വിവിധ സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണത്തിനായി ലഭിച്ച തുകകൾ വർഷങ്ങളായി വിതരണം ചെയ്യാതെ ബാലൻസ് ഉള്ളതായും ടി തുകകൾ അനധികൃതമായി സൂക്ഷിച്ചുവരുന്നതായും കണ്ടെത്തിയിട്ടുണ്ട്.

(എഫ്) എങ്കിൽ പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കുമോ?

പ്രസ്തുത മിന്നൽ പരിശോധന റിപ്പോർട്ടുകൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽനിന്നും സർക്കാരിന് ലഭിച്ചിട്ടില്ല. അവ ലഭ്യമാകുന്ന മുറയ്ക്ക് ക്രമക്കേടിന്റെ സ്വഭാവം വിലയിരുത്തി ഉചിതമായ കർശനനടപടി സ്വീകരിക്കുന്നതാണ്.

## സ്പെഷ്യൽ പ്രോസിക്യൂട്ടറുടെ നിയമനം

121(2045) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചേർത്തലയിൽ പോക്സോ കോടതി സ്ഥാപിക്കുമ്പോൾ പോക്സോ കേസ്സുകൾ വാദിക്കുന്നതിനായി പോക്സോ കോടതിക്ക് പ്രത്യേകമായി സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ചേർത്തലയിൽ അനുവദിച്ച പോക്സോ കോടതിയിൽ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കുന്നതിനാവശ്യമായ നടപടികളെടുക്കാനുള്ള നിർദ്ദേശം ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്.

## പോക്സോ കോടതികൾ

122(2046) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പോക്സോ കോടതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകളും റേപ് കേസ്സുകളും വേഗത്തിൽ വിചാരണ ചെയ്യുന്നതിനും തീർപ്പാക്കുന്നതിനുമുള്ള കേന്ദ്ര സർക്കാർ പദ്ധതിയനുസരിച്ച്, ആദ്യഘട്ടമായി സംസ്ഥാനത്ത് അനുവദിച്ച 28 താൽക്കാലിക അതിവേഗ പ്രത്യേക കോടതികൾ പ്രവർത്തനമാരംഭിച്ചതിൽ 22-11-2021-ലെ S.R.O No.889/2021 വിജ്ഞാപനപ്രകാരം 14 എണ്ണം POCSO കോടതികളാക്കിയിട്ടുണ്ട്.

(ബി) പുതിയ പോക്സോ കോടതികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

കേന്ദ്ര സർക്കാർ പദ്ധതിയുടെ രണ്ടാംഘട്ടമായി 28 താൽക്കാലിക അതിവേഗ പ്രത്യേക കോടതികൾക്കുകൂടി സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പോക്സോ കോടതി ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സർക്കാർ രണ്ടാംഘട്ടമായി അനുവദിച്ച 28 താൽക്കാലിക അതിവേഗ പ്രത്യേക കോടതികളിൽ ഒരെണ്ണം ചെങ്ങന്നൂരിലാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത കോടതികളിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം സർക്കാരിന്റെ പരിഗണനയിലാണ്. മേൽവിഷയത്തിൽ തീരുമാനമാകുന്ന മുറയ്ക്കും ഹൈക്കോടതി രജിസ്ട്രാറിൽനിന്നും കോടതി ആരംഭിക്കുന്നത് സംബന്ധിച്ച് തീയതി ലഭിക്കുന്ന മുറയ്ക്കും സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

## കോന്നി താലൂക്ക് ആസ്ഥാനമായി കോടതി അനുവദിക്കാൻ നടപടി

123(2047) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മണ്ഡലത്തിലെ കോന്നി താലൂക്ക് ആസ്ഥാനമായി കോടതി അനുവദിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ?

കോടതികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച മുൻഗണനാ പട്ടികയിൽ മുൻസിഫ്/മുൻസിഫ്-മജിസ്ട്രേറ്റ്/മജിസ്ട്രേറ്റ് കോടതികൾ എന്ന ശീർഷകത്തിന്

കീഴിൽ 58-ഉം 59-മായി കോന്നിയിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയും മുൻസിഫ് കോടതിയും സ്ഥാപിക്കാൻ ഹൈക്കോടതി രജിസ്ട്രാറിൽനിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. മുൻഗണനാ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് കോടതികൾ സ്ഥാപിക്കുന്നത്. നിലവിൽ സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ സംബന്ധിച്ച കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്.

**കുറ്റ്യാടി മണ്ഡലത്തിലെ ലിതാരയുടെ മരണം**

124(2048) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി മണ്ഡലത്തിൽ കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ ലിതാര ബീഹാറിൽവച്ച് മരണപ്പെട്ടത് സംബന്ധിച്ചുള്ള അന്വേഷണം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ ബീഹാർ സർക്കാരുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഇന്ത്യൻ റെയിൽവേയിൽ ജോലി ചെയ്തുവന്നിരുന്ന ബാസ്കറ്റ്ബോൾ താരമായ ലിതാര എന്ന പെൺകുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട് കേരളാ പോലീസ് കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ടിയാളുടെ മരണവുമായി ബന്ധപ്പെട്ട് ശ്രീ. ബിനീഷ്എരട്ടേൻചാൽ, നരിപ്പറ്റ എന്നയാളുടെ പരാതി മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ മുഖാന്തരം ലഭിച്ചിട്ടുണ്ട്. ടി പരാതിയിന്മേൽ കുറ്റ്യാടി പോലീസ് ഇൻസ്പെക്ടർ നടത്തിയ അന്വേഷണത്തിൽ ലിതാരയുടെ മരണത്തിൽ ബാസ്കറ്റ്ബോൾ കോച്ചായ രവി സിംഗ് എന്നയാൾക്ക് പങ്കുള്ളതായി സംശയിക്കപ്പെടുന്നതായും മരണപ്പെട്ട ലിതാരയുടെ മൃതദേഹം പാറ്റ്നയിലുള്ള ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ പോസ്റ്റുമോർട്ടം നടത്തി തുടർന്ന് മൃതദേഹം 28-4-2022-ൽ കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിലെ നരിപ്പറ്റയിലുള്ള വീട്ടുവളപ്പിൽ സംസ്കരിച്ചതായി അറിവായിട്ടുണ്ട്. മേൽക്കാര്യത്തിന് ബീഹാറിലെ പാറ്റ്ന രാജീവ് നഗർ പോലീസ് സ്റ്റേഷനിൽ Cr.No.185/22 U/s 306 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ടെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഒരുമാസം മുമ്പ് ബീഹാർ പോലീസ് മരണപ്പെട്ട കുട്ടിയുടെ വീട്ടിൽ വന്ന് ബന്ധുക്കളുടെ മൊഴിരേഖപ്പെടുത്തിയതായി വീട്ടുകാരിൽനിന്നും അറിവായിട്ടുള്ളതാണ്.

## അതിഥി തൊഴിലാളികൾ പ്രതികളാകുന്ന കേസ്സുകൾ

125(2049) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമീപകാലത്ത് അതിഥി തൊഴിലാളികൾ പ്രതികളാകുന്ന നിരവധി കൊലപാതക കേസ്സുകൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

2019 മുതൽ 22-08-2022 വരെ ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിവരം അനുസരിച്ച് 2019-നേക്കാൾ എണ്ണം കുറവാണ്.

(ബി) അതിഥി തൊഴിലാളികളിലെ ക്രിമിനൽ സ്വഭാവമുള്ളവരെ കണ്ടെത്തി നടപടി സ്വീകരിക്കുവാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുമോ?

നൽകിയിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ പേരും മറ്റുവിവരങ്ങളും പോലീസ് സ്റ്റേഷനുകളിലെ Migrant Labour Register-ൽ രേഖപ്പെടുത്തുകയും കൂടാതെ ടി ആളുകളുടെ മേൽവിലാസങ്ങൾ, ആധാർ കാർഡ്, തിരിച്ചറിയൽ കാർഡ് വിവരങ്ങൾ ഡാറ്റാ ഷീറ്റിൽ രേഖപ്പെടുത്തി സ്റ്റേഷനുകളിൽ സൂക്ഷിച്ചും വരുന്നുണ്ട്. ടിയാളുകൾക്ക് ക്രിമിനൽ പശ്ചാത്തലം ഉണ്ടോ എന്നത് മനസ്സിലാക്കാൻ ICJS (Inter-operable Criminal Justice System) സംവിധാനം ഉപയോഗിച്ച് പരിശോധിച്ചുവരുന്നു. കൂടാതെ ജനമൈത്രി പോലീസുദ്യോഗസ്ഥരും സ്പെഷ്യൽ ബ്രാഞ്ച് പോലീസുദ്യോഗസ്ഥരും അതിഥി തൊഴിലാളികൾ താമസിക്കുന്നയിടങ്ങൾ സന്ദർശിച്ച് സ്ഥിതിവിവരങ്ങൾ നിരീക്ഷിച്ചുവരുന്നു.

## അഗ്നിസുരക്ഷ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

126(2050) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീപിടുത്തങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അഗ്നിസുരക്ഷ വകുപ്പിന്റെ പ്രവർത്തനം ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സമീപകാലത്ത് സംസ്ഥാനത്തുണ്ടായ എല്ലാവിധ തീപിടുത്ത അപകടങ്ങളിലും കാര്യക്ഷമമായ രീതിയിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് വകുപ്പിന് സാധിച്ചിട്ടുണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആധുനിക അഗ്നിശമന രക്ഷാവാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കി അവ രക്ഷാപ്രവർത്തനങ്ങൾക്ക് ഫലപ്രദമായി ഉപയോഗിച്ചുവരുന്നുണ്ട്.

(ബി) ഭാരമേറിയ അഗ്നിശമന വാഹനങ്ങൾ കൊണ്ടുപോകാൻ സാധിക്കാത്ത റോഡുകളിൽ അവയ്ക്കുപകരം ഉപയോഗിക്കാവുന്ന ബദൽ ഉപകരണങ്ങൾ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടോ?

നഗര പ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമുള്ള ഇടുങ്ങിയ റോഡുകളിലൂടെ അനായാസം യാത്ര ചെയ്ത് ഫസ്റ്റ് റെസ്പോണ്ടറായി പ്രവർത്തിക്കുവാനുതകുന്ന 87 ഫസ്റ്റ് റെസ്പോൺസ് വെഹിക്കിളുകൾ വകുപ്പിലുണ്ട്. 35 ഫസ്റ്റ് റെസ്പോൺസ് വെഹിക്കിളുകൾകൂടി നിർമ്മിക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ സ്വീകരിച്ചുവരികയാണ്. കൂടാതെ വാട്ടർമിസ്റ്റ് സംവിധാനത്തോടുകൂടിയ ബുള്ളറ്റ് വിത്ത് വാട്ടർ മിസ്റ്റ് വാഹനങ്ങൾ, മിനി വാട്ടർ മിസ്റ്റ് ടെണ്ടർ തുടങ്ങിയ വാഹനങ്ങളും വകുപ്പിലുണ്ട്.

(സി) വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആധുനികീകരിക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

1. 2022-23 സാമ്പത്തിക വർഷത്തിൽ 72.5 കോടി രൂപ അഗ്നിരക്ഷാ വകുപ്പിന്റെ ആധുനികവത്കരണത്തിനും നവീകരണത്തിനുമായി അനുവദിച്ചിട്ടുണ്ട്.

2. പുതിയ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

3. മലയോര മേഖലകൾ കേന്ദ്രീകരിച്ച് അവിടങ്ങളിലെ ട്രൈബൽ വിഭാഗങ്ങളിലെ സന്നദ്ധരായ ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് സിവിൽ ഡിഫൻസ് പദ്ധതി ആരംഭിച്ച് പരിശീലനം നൽകുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

4. സിവിൽ ഡിഫൻസ് ശാക്തീകരണത്തിനായി വാർഷിക പദ്ധതിയിനത്തിലെ ഫണ്ടുപയോഗിച്ച് ഒരു മൾട്ടി യൂട്ടിലിറ്റി വെഹിക്കിൾ, ഒരു ആംബുലൻസ്, 800 ഗംബൂട്ടുകൾ, 800 സേഫ്റ്റി ഹെൽമറ്റുകൾ എന്നിവ അടക്കമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

5. യുവാക്കൾക്ക് തൊഴിലധിഷ്ഠിതമായ ഗവേഷണപ്രവർത്തനങ്ങൾ

നടത്തുന്നതിനും കേരള അഗ്നിരക്ഷാ സേവന വകുപ്പിന് കൂടുതൽ പ്രവർത്തന മികവ് കൈവരിക്കുന്നതിനുമായി കണ്ണൂർ ആസ്ഥാനമായി ഫയർ ആൻഡ് സേഫ്റ്റി സയൻസിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ആൻഡ് റിസർച്ച് സെന്റർ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

6. 14 ജില്ലാ ആസ്ഥാന നിലയങ്ങളിലായി 100 ഫയർ വുമൺ തസ്തിക സൃഷ്ടിച്ച് നിയമന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

7. ബഹുനില കെട്ടിടങ്ങളിലുണ്ടാകുന്ന തീപിടുത്തം പോലെയുള്ള അപകടങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് ഉപകാരപ്രദമായ ഏരിയൽ ലാഡർ പ്ലാറ്റ്ഫോം എന്ന അത്യാധുനിക അഗ്നിശമന രക്ഷാവാഹനം വാങ്ങുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരികയാണ്.

**അഗ്നിശമനസേനയുടെ പ്രവർത്തനം ഫലപ്രദമാക്കാൻ നടപടി**

127(2051) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തീപിടുത്തംമൂലം വൻനാശനഷ്ടമുണ്ടാകുന്നതായി പറയപ്പെടുന്ന സാഹചര്യം കണക്കിലെടുത്ത് അഗ്നിശമനസേന ഫയർ ഓഡിറ്റ് നടത്തിയിട്ടുണ്ടോ?

നടത്തിയിട്ടുണ്ട്.

(ബി) അഗ്നിസുരക്ഷ സംവിധാനങ്ങൾ ഏർപ്പെടുത്താത്തതും ഏർപ്പെടുത്തിയ സംവിധാനങ്ങൾ കൃത്യമായി പ്രവർത്തിപ്പിക്കാത്തതുമായ കെട്ടിടങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(സി) തീപിടുത്തങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അഗ്നിശമനസേനയുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

അഗ്നിശമന രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ ആധുനിക സംവിധാനമുള്ള ഉപകരണങ്ങളും

വാഹനങ്ങളും വാങ്ങുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് വാങ്ങുന്നതിനുള്ള നടപടി വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിന്റെ ഇന്റേണൽ വിജിലൻസ് & ഇന്റലിജൻസ് വിഭാഗവും ബീറ്റ് ഓഫീസർമാരും നടത്തുന്ന പരിശോധനയും പൊതുജനങ്ങൾക്ക് നൽകിവരുന്ന ബോധവൽക്കരണ ക്ലാസ്സുകൾ, മോക്ക് ഡ്രിൽ എന്നിവയും വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

128(2052) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന നാദാപുരം ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ നീക്കുവാൻ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

നാദാപുരം ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ലഭിച്ച സ്ഥലത്തേയ്ക്കുള്ള റോഡ് നിർമ്മാണം ആരംഭിച്ചപ്പോൾ നാദാപുരം പോലീസ് ബഹുമാനപ്പെട്ട വടകര സബ്കോടതിയിലെ IA/13/2020 in OS 40/18-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നിർത്തിവച്ചു. ഇതിനെതിരെ നാദാപുരം അഗ്നിരക്ഷാ നിലയം സ്റ്റേഷൻ ഓഫീസർ ബഹുമാനപ്പെട്ട വടകര സബ്കോടതിയിൽ തേർഡ് പാർട്ടിയായി കേസ് ഫയൽ ചെയ്യുകയും IA/22/2021 in OS 40/18-ൽ 29-3-2021-ൽ ബഹുമാനപ്പെട്ട കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ അനുകൂല വിധിയല്ല ഉണ്ടായത്. നാദാപുരം സ്റ്റേഷൻ ഓഫീസർ വടകര സബ്കോടതിയിൽ കക്ഷി ചേർന്നുകൊണ്ട് തുടർനടപടികൾ സ്വീകരിക്കാമെന്ന് കോടതി ഉത്തരവിൽ പറഞ്ഞിരുന്നതിന്റെ അടിസ്ഥാനത്തിൽ കേസ്സിൽ നാദാപുരം സ്റ്റേഷൻ ഓഫീസർ കക്ഷിചേർന്ന് നിയമനടപടികൾ തുടരുന്നതിനായി ബഹുമാനപ്പെട്ട വടകര സബ്കോടതിയിൽ അപേക്ഷയും ബന്ധപ്പെട്ട രേഖകളും കൈമാറിയിട്ടുണ്ട്.

(ബി) പ്രസ്തുത തടസ്സങ്ങൾ നീക്കി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

നിലവിൽ ബഹുമാനപ്പെട്ട കോടതിയിൽനിന്നും ലഭിക്കുന്ന നിർദ്ദേശത്തിന് വിധേയമായി മാത്രമേ തുടർനടപടികൾ സ്വീകരിക്കുന്നതിന് കഴിയുകയുള്ളൂ.

## കാസർഗോഡ് ജില്ലയിൽ പുതിയ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ

129(2053) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

കാസർഗോഡ് ജില്ലയിൽ നിലവിൽ അഞ്ച് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകളാണുള്ളത്.

1. കാസർഗോഡ് നിലയം - കാസർഗോഡ് മുനിസിപ്പാലിറ്റി.

2. കാഞ്ഞങ്ങാട് നിലയം -കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി.

3. തൃക്കരിപ്പൂർ നിലയം - തൃക്കരിപ്പൂർ പഞ്ചായത്ത്.

4. കുറ്റിക്കോൽ നിലയം - കുറ്റിക്കോൽ പഞ്ചായത്ത്.

5. ഉപ്പള നിലയം - മംഗൽപ്പാടി പഞ്ചായത്ത്.

(ബി) പ്രസ്തുത സ്റ്റേഷനുകൾ പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടത്തിലാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര വർഷത്തെ പഴക്കമുണ്ടെന്നും പുതുക്കിപ്പണിയാനുള്ള സമയമായോയെന്നും വ്യക്തമാക്കാമോ?

ഉപ്പള ഒഴികെയുള്ള 4 നിലയങ്ങൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. ഉപ്പള നിലയം പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

കെട്ടിടത്തിന്റെ കാലപ്പഴക്കം

കാസർഗോഡ് നിലയം - 41 വർഷം.

കാഞ്ഞങ്ങാട് നിലയം - 7 വർഷം.

തൃക്കരിപ്പൂർ നിലയം - 20 വർഷം.

കുറ്റിക്കോൽ നിലയം - 11 വർഷം.

കാസർഗോഡ് നിലയം പുതുക്കിപ്പണിയേണ്ട സ്ഥിതിയിലാണുള്ളത്.

(സി) ജില്ലയിൽ പുനർനിർമ്മിക്കാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷൻ കെട്ടിടങ്ങൾ ഏതൊക്കെയാണെന്നും ഇതിനാവശ്യമായ എസ്റ്റിമേറ്റും പ്ലാനും തയ്യാറായിട്ടുണ്ടോയെന്നും അറിയിക്കാമോ?

കാസർഗോഡ് അഗ്നിരക്ഷ നിലയത്തിന് പുതിയ കെട്ടിടം, ക്വാർട്ടേഴ്സ് എന്നിവ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽനിന്നും 8 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിരുന്നു. ഇത്രയധികം ചെലവിൽ ഫയർ സ്റ്റേഷൻ കെട്ടിടം പുനരുദ്ധാരണം നടത്താൻ സാധിക്കാത്തതിനാൽ അത്യാവശ്യംവേണ്ട സൗകര്യങ്ങൾ ഉൾപ്പെടുത്തി പ്ലാനിൽ മാറ്റങ്ങൾ വരുത്തി പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ വകുപ്പ് മേധാവി പൊതുമരാമത്ത് വകുപ്പിനോട് അഭ്യർത്ഥിച്ചിരിക്കുകയാണ്.

(ഡി) ജില്ലയിൽ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏത് പഞ്ചായത്തിൽ ആണെന്ന് അറിയിക്കുമോ?

കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിൽപ്പെട്ട ചീമേനിയിൽ ഒരു പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് 18-2-2021-ലെ സ.ഉ. (എം.എസ്) നമ്പർ 51/2021/ആഭ്യന്തരം പ്രകാരം സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

(ഇ) ബദിയഡുക്ക പഞ്ചായത്തിൽ പുതിയ ഫയർ സ്റ്റേഷൻ തുടങ്ങാനുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

പരിഗണനയിലില്ല.

**ആലപ്പുഴ ഫയർ ആൻഡ് റെസ്ക്യൂ കെട്ടിടത്തിന്റെ കാലപ്പഴക്കം**

130(2054) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലെ ഫയർ ആൻഡ് റെസ്ക്യൂ ജില്ലാ കേന്ദ്രം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ കാലപ്പഴക്കം എത്ര വർഷമാണെന്ന് അറിയിക്കുമോ?

ഏകദേശം എഴുപത് വർഷത്തിനുമുകളിൽ കാലപ്പഴക്കമുണ്ട്.

(ബി) തകർച്ചയെ നേരിടുന്ന ഈ പഴയ കെട്ടിടത്തിനുപകരം പുതിയ കെട്ടിടം നിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ?

ആലപ്പുഴ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ, ആലപ്പുഴ ജില്ല ഫയർ ഓഫീസറുടെ കാര്യാലയം എന്നിവ പ്രവർത്തിക്കുന്നതിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം)-2018 ഡി.എസ്.ആർ. പ്രകാരം 1028 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിരുന്നു. ആലപ്പുഴയിൽ മറ്റ് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനെ അപേക്ഷിച്ച്

ചെലവേറിയ 'PILE Foundation' ആണ് നൽകിയിരിക്കുന്നത്. ഇക്കാര്യത്തിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ പ്രസ്തുത പ്ലാനിലും എസ്റ്റിമേറ്റിലും ചില വിഷയങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ആയതിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് സർക്കാർ തലത്തിൽ നിർദ്ദേശം നൽകിയിരിക്കുകയാണ്.

**ആലപ്പുഴ മണ്ഡലത്തിലെ ഫയർ സ്റ്റേഷനുകൾ**

131(2055) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് അഗ്നിശമനസേന എന്തൊക്കെ സുരക്ഷ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പ് താഴെപ്പറയുന്ന സുരക്ഷ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

1. ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള ഹൗസ് ബോട്ടുകളിൽ സുരക്ഷ ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട സ്റ്റേഷൻ ആഫീസർമാർ പരിശോധന നടത്താറുണ്ട്. ഹൗസ് ബോട്ടുകളിലെ പരിശോധനയിൽ സുരക്ഷാവീഴ്ച കണ്ടെത്തിയാൽ ആയത് ബന്ധപ്പെട്ടവരെ അറിയിച്ച് അപാകത പരിഹരിക്കാൻ നിർദ്ദേശം നൽകുന്നുണ്ട്.

2. ഹൗസ് ബോട്ടുകളിൽ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് പ്രാവീണ്യമുള്ളവരെ ഉപയോഗപ്പെടുത്തണമെന്ന നിർദ്ദേശം നൽകുന്നുണ്ട്.

3. ബോട്ടുകൾ, വള്ളങ്ങൾ എന്നിവയിൽ സുരക്ഷയുടെ ഭാഗമായി ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ്, ഫയർ എക്സ്റ്റിംഗ്യൂഷറുകൾ എന്നിവ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നുണ്ട്.

4. വിനോദസഞ്ചാരികൾ എത്തുന്ന സ്ഥലങ്ങളിൽ അപകടകരമായ ജലാശയങ്ങൾക്ക് അരികെ മുന്നറിയിപ്പ് ബോർഡുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്ഥാപിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

5. വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ട സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിന് ജില്ലാകളക്ടറുടെയോ പോലീസ് അധികൃതരുടെയോ ആവശ്യാനുസരണം സ്റ്റാന്റ് ബൈ ഡ്യൂട്ടി ഏർപ്പെടുത്തി വരുന്നുണ്ട്.

6. ജലാശയ പരിസരത്തെ പ്രദേശവാസികൾക്കും വിനോദസഞ്ചാരികൾക്കുമായി ബോധവൽക്കരണ ക്ലാസുകൾ, മോക് ഡ്രിൽ, ഡെമോൺസ്ട്രേഷൻ ക്ലാസുകൾ എന്നിവ വകുപ്പ് നൽകിവരുന്നു.

7. വിനോദ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ബീറ്റ് ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

8. ജലഅപകടങ്ങൾ നേരിടുന്നതിനായി ലഭ്യമായ സ്ഥലങ്ങളിൽ ജലസുരക്ഷാ ബോട്ടുകൾ വിന്യസിച്ചിട്ടുണ്ട്.

9. ബീച്ചുകൾക്ക് സമീപമുള്ള ഹോട്ടലുകൾ, പാർക്കുകൾ എന്നിവയിൽ ഫയർ ആഡിറ്റ് നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യുന്നുണ്ട്.

(ബി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ നിലവിൽ എവിടെയൊക്കെയാണ് അഗ്നിസുരക്ഷ സേനാവിഭാഗത്തിന്റെ സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ നിലവിൽ ഫയർ സ്റ്റേഷനുകൾ ഒന്നും പ്രവർത്തിക്കുന്നില്ല.

(സി) ആലപ്പുഴയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ പുന്നമടയിൽ ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. ആലപ്പുഴ ജില്ലയിലെ പ്രധാനപ്പെട്ട കായൽ ടൂറിസം മേഖലയായ പുന്നമട ഫിനിഷിംഗ് പോയിന്റിൽ ഒരു ജലരക്ഷാ നിലയം സ്ഥാപിക്കുന്നതിന് വകുപ്പ് മേധാവി ലഭ്യമാക്കിയ ശിപാർശ ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

(ഡി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലത്ത് ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

പിരിവ് (സി) -യിൽ ചേർത്തിരിക്കുന്ന പ്രകാരം.

### ജില്ലാ ജയിലുകൾ

132(2056) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ജില്ലാ ജയിലുകളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

കേരളത്തിൽ മലപ്പുറം ജില്ല ഒഴികെയുള്ള 13 ജില്ലകളിൽ ജില്ലാ ജയിലുകൾ നിലവിലുണ്ട്. അവയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) 2022 ജൂലൈ 31-ാം തീയതിയിൽ ജില്ലാ ജയിലുകളിൽ ഉണ്ടായിരുന്ന അന്തേവാസികളുടെ എണ്ണം ജയിലുകൾ തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേരളത്തിലെ ഓരോ ജില്ലാ ജയിലിലെയും ഉദ്യോഗസ്ഥരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.**

## മണ്ണാർക്കാട് സബ് ജയിൽ നിർമ്മാണം

133(2057) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് സബ്ജയിൽ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജയിലിന്റെ ചുറ്റുമതിൽ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് സബ്ജയിൽ നിർമ്മാണത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് നടപ്പുവർഷത്തെ 'ജയിലുകളുടെ നവീകരണം' വാർഷിക പദ്ധതിയിൽ 148 ലക്ഷം രൂപ (ഒരു കോടി നാൽപ്പത്തിയെട്ട് ലക്ഷം രൂപ) വകയിരുത്തിയിട്ടുണ്ട്. 25-5-2022-ന് കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രവൃത്തി അംഗീകരിച്ചു. ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ജയിൽ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ

134(2058) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിലെ ആശുപത്രികളിൽ ആരോഗ്യ വകുപ്പിൽ നിന്നാണോ സ്റ്റാഫിനെ നിയമിക്കുന്നത്; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വിവിധ ജയിലുകളിലെ ആശുപത്രികളിൽ ആരോഗ്യ വകുപ്പിൽനിന്നാണ് ഡോക്ടർമാർ ഉൾപ്പെടെയുള്ള സ്റ്റാഫിനെ നിയമിക്കുന്നത്.

(ബി) എങ്കിൽ ജയിലുകളിലെ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ ഏത് വർഷം അടിസ്ഥാനമാക്കിയാണ് നിശ്ചയിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ജയിൽ വകുപ്പിൽ മെഡിക്കൽ-പാരാമെഡിക്കൽ ജീവനക്കാർക്ക് പ്രത്യേക സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ജയിലുകളിലെ ആശുപത്രികളിലേയ്ക്ക് ജീവനക്കാരെ നിയമിക്കുന്നത് എത്ര വർഷത്തേയ്ക്കാണ്; പ്രസ്തുത ആശുപത്രികളിൽ അഞ്ചുവർഷം പൂർത്തിയാക്കിയ ആരോഗ്യ വകുപ്പ് ജീവനക്കാർ എത്രപേരുണ്ട്; വ്യക്തമാക്കുമോ?

ജയിലുകളിലെ ആശുപത്രികളിലേയ്ക്ക് ജീവനക്കാരെ നിയമിക്കുന്നതിന്റെ കാലാവധി ആരോഗ്യവകുപ്പാണ് നിശ്ചയിക്കുന്നത്. 11 ജീവനക്കാർ 5 വർഷം പൂർത്തീകരിച്ചിട്ടുണ്ട്.

(തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ 2പേരും വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ 4 പേരും കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ 3 പേരും കണ്ണൂർ വനിതാ ജയിലിൽ ഒരാളും ചീമേനി തുറന്ന ജയിലിൽ ഒരാളും 5 വർഷം പൂർത്തീകരിച്ചിട്ടുണ്ട്.)

(ഡി) ജയിലുകളിലെ ഹെൽത്ത് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; ജീവനക്കാർക്ക് ഡ്യൂട്ടി ഓഫും അവധിയും എടുക്കുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രസ്തുത വിഷയം നിലവിൽ സർക്കാർ പരിഗണനയിലില്ല. ജീവനക്കാർക്ക് ഡ്യൂട്ടി ഓഫും അവധിയും എടുക്കുന്നതിൽ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) 2021 -നുശേഷം ജയിലിൽ എത്ര തടവുകാർ മരണപ്പെട്ടു; മരണ കാരണം വ്യക്തമാക്കാമോ?

2022 ജനുവരി മുതൽ 2022 ആഗസ്റ്റ് 15-ാം തീയതി വരെ മരണപ്പെട്ട ആകെ തടവുകാരുടെ എണ്ണം 32. മരണകാരണമടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്*

(എഫ്) ജയിലുകളിലെ ആശുപത്രികളിൽ വിതരണത്തിന് കൃത്യമായി മരുന്നുകൾ ലഭ്യമാകുന്നുണ്ടോ; മതിയായ ഫാർമസിസ്റ്റ്, ലാബ് സേവനം ലഭിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ജയിലുകളിലെ ആശുപത്രികളിൽ വിതരണത്തിന് കൃത്യമായി മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ലഭ്യമാകാത്ത മരുന്നുകൾ ജയിൽ വകുപ്പ് വിലകൊടുത്ത് വാങ്ങി തടവുകാർക്ക് നൽകി വരുന്നുണ്ട്. തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ ഒരു ഫാർമസിസ്റ്റും ഒരു ലാബ് ടെക്നീഷ്യനും നിലവിലുണ്ട്. തിരുവനന്തപുരം വനിതാ ജയിലിൽ ഒരു ഫാർമസിസ്റ്റും ഒരു നഴ്സിംഗ് അസിസ്റ്റന്റുമുള്ള ഫാർമസി പ്രവർത്തിക്കുന്നുണ്ട്. തുറന്ന ജയിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നെട്ടുകാൽത്തേരി, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം (വിയ്യൂർ), ജില്ലാ ജയിൽ (എറണാകുളം), ഹൈ സെക്യൂരിറ്റി പ്രിസൺ (വിയ്യൂർ) എന്നീ ജയിലുകളിൽ ഫാർമസിസ്റ്റിന്റെ സേവനം ലഭിക്കുന്നുണ്ട്. കണ്ണൂർ സെൻട്രൽ ജയിലിൽ ലബോറട്ടറി സംവിധാനം പ്രവർത്തിക്കുന്നുണ്ട്. തുറന്ന ജയിൽ ചീമേനി, ജില്ലാ ജയിൽ (കോഴിക്കോട്), വനിത ജയിൽ (കണ്ണൂർ) എന്നിവിടങ്ങളിൽ റഫറൽ ആശുപത്രികളിലെ ലാബ് സേവനം ലഭ്യമാകുന്നുണ്ട്.

(ജി) ജില്ലാ മെഡിക്കൽ ഓഫീസർമാർ ജയിലുകളിലെ ആശുപത്രികളിൽ സന്ദർശനം നടത്താറുണ്ടോ; അത്തരം ആശുപത്രികളിൽ നഴ്സിംഗ് ഓഫീസറുടെ സേവനം ലഭ്യമാണോ?

ജില്ലാ മെഡിക്കൽ ഓഫീസർമാർ നേരിട്ടോ ടിയാൻ നിയോഗിക്കുന്ന മറ്റ് മെഡിക്കൽ ഓഫീസർമാരോ ജയിൽ ആശുപത്രിയിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സന്ദർശനം നടത്താറുണ്ട്. ജയിലിൽ ആശുപത്രി ഇല്ലാത്ത സ്ഥലങ്ങളിൽ ജയിലിന്റെ അടുത്തുള്ള ആശുപത്രികളിൽ നിന്നുള്ള മെഡിക്കൽ ടീം നിശ്ചിത ഇടവേളകളിൽ ആവശ്യമായ വൈദ്യ സഹായം നൽകുന്നുണ്ട്. തുറന്ന ജയിൽ ചീമേനി, ജില്ലാ ജയിൽ കോഴിക്കോട്, ഹൈസെക്യൂരിറ്റി പ്രിസൺ വിയ്യൂർ എന്നീ ജയിലുകളിൽ നഴ്സിംഗ് ഓഫീസറുടെ സേവനം ലഭ്യമാണ്.

**വെൽഫെയർ ഓഫീസർ തസ്തികയിലെ ഒഴിവുകൾ**

135(2059) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിൽ വെൽഫെയർ ഓഫീസർ ഗ്രേഡ് -I, വെൽഫെയർ ഓഫീസർ ഗ്രേഡ്-II എന്നീ തസ്തികകളിൽ എത്ര ഉദ്യോഗസ്ഥർ ജോലി ചെയ്തുവരുന്നുവെന്ന് അറിയിക്കാമോ?

ജയിൽ വകുപ്പിൽ 12 വെൽഫെയർ ഓഫീസർ ഗ്രേഡ്-I തസ്തികകളും 12 വെൽഫെയർ ഓഫീസർ ഗ്രേഡ്-II തസ്തികകളുമാണുള്ളത്. വെൽഫെയർ ഓഫീസർ ഗ്രേഡ്-I, ഗ്രേഡ്-II തസ്തികകളിലായി നിലവിൽ 23 ഉദ്യോഗസ്ഥർ ജോലി ചെയ്തുവരുന്നു.

(ബി) വെൽഫെയർ ഓഫീസർ ഗ്രേഡ്-II തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ടോ; വിശദാംശം നൽകാമോ?

വിരമിക്കലിനെ തുടർന്ന് 1-6-2022-ൽ വെൽഫെയർ ഓഫീസർ ഗ്രേഡ്-II തസ്തികയിൽ ഒരു ഒഴിവുണ്ട്.

**സർക്കാർ പ്രസ്സുകളുടെ നവീകരണം**

136(2060) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ പ്രസ്സുകളിൽ എന്തെല്ലാം പ്രവൃത്തികൾ നടത്തിവരുന്നു എന്ന് വിശദമാക്കുമോ?

കിഫ്ബി മുഖാന്തരം വകയിരുത്തിയിട്ടുള്ള 100 കോടി രൂപയുടെ പ്രവൃത്തികൾക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. M/s WAPCOS Limited ഇതിനായി സമർപ്പിച്ച 135 കോടി രൂപയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിന്മേൽ കിഫ്ബിയുടെ അഭിപ്രായം തേടിയിരിക്കുകയാണ്.

(ബി) ഷൊർണ്ണൂർ പ്രസ്സിനുവേണ്ടി വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക എത്രയാണ്; ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ചുറ്റുമതിൽ നിർമ്മാണത്തിനായി 4.93 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ചില അപാകതകൾ കണ്ടെത്തിയതിനാൽ ഭരണാനുമതി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ**

137(2061) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിനുകീഴിൽ ന്യൂനപക്ഷ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 2022-23 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യ വികസനം, കായിക മേഖല, കുടിവെള്ള വിതരണം, വനിത ശാക്തീകരണം, കരകൗശല വിഭാഗങ്ങളുടെ ഉന്നമനം എന്നീ മേഖലകളിൽ ഊന്നൽ നൽകികൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ https://minorityaffairs.gov.in/pradhan-mantri-jan-vikas-karyakram-pmjvk എന്ന വെബ് സൈറ്റിൽ കാണാവുന്നതാണ്.

(സി) സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗ നിർദ്ദേശം പ്രകാരം 15 കിലോമീറ്റർ ചുറ്റളവിൽ 25%- ൽ കുറയാത്ത ന്യൂനപക്ഷ വിഭാഗങ്ങൾ അധിവസിക്കുന്ന മുഴുവൻ മേഖലയും ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശമായി നിർവ്വചിക്കാവുന്നതാണ്. ഈ മാനദണ്ഡപ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളും ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശമായി പരിഗണിക്കാവുന്നതാണ്.

## റെയിൽവേ മെയിൽ സർവീസ് കൊല്ലം സെന്റർ

138(2062) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

റെയിൽവേ മെയിൽ സർവീസ് (ആർ.എം.എസ്.) കൊല്ലം സെന്റർ ഘട്ടംഘട്ടമായി അടച്ചുപൂട്ടാൻ തപാൽ വകുപ്പ് തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

ഇതുസംബന്ധിച്ച് ഔദ്യോഗികമായ അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല.

## സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ പദ്ധതി

139(2063) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ ചികിത്സാ ധനസഹായ പദ്ധതിയിൽ ഏതൊക്കെ രോഗങ്ങൾക്കാണ് നിലവിൽ ധനസഹായം അനുവദിച്ചുവരുന്നത്; വ്യക്തമാക്കാമോ?

സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ ചികിത്സ ധനസഹായ പദ്ധതിയിൻകീഴിൽ ചുവടെച്ചേർക്കുന്ന രോഗങ്ങൾക്കാണ് ധനസഹായം അനുവദിച്ചിരുന്നത്.

1) മസ്തിഷ്ക ശസ്ത്രക്രിയ

2) ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ

3) വൃക്ക, കരൾ മാറ്റിവയ്ക്കൽ

4) പേസ്മേക്കർ സ്ഥാപിക്കൽ

5) ആൻജിയോപ്ലാസ്റ്റി

6) കാൻസർ

7) ഡയാലിസിസ്

8) ട്യൂമർ റിമൂവൽ

9) അസ്ഥിസംബന്ധമായ ശസ്ത്രക്രിയ, റിസക്ഷനും പ്രോസ്തസിസും, ലംബാർ തൊറാസിക് വെർട്ടിബ്രൽ അസ്ഥികളിലെ ട്യൂമർ, കാൽമുട്ട് മാറ്റിവയ്ക്കൽ

10) സിക്കിൾ സെൽ അനീമിയ

11) ഗില്ലൻബാരി സിൻഡ്രോം

12) ഹിപ്പ് റീപ്ലേസ്മെന്റ് സർജറി

13) ഹിസ്റ്ററക്ടമി

14) വന്ധ്യത ചികിത്സ

15) ക്രോണിക് ലിവർ ഡിസീസ്

(ബി) കഴിഞ്ഞ മൂന്നുവർഷക്കാലയളവിൽ പ്രസ്തുത ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചു; പ്രസ്തുത അപേക്ഷകളിൽ എത്ര അപേക്ഷകൾക്ക് ധനസഹായം അനുവദിച്ചു; ആകെ അനുവദിച്ച തുക; എത്ര അപേക്ഷകൾ നിരസിച്ചു; വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു*

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ പ്രസ്തുത പദ്ധതിക്ക് സംസ്ഥാന സർക്കാർ 2022 ബഡ്ജറ്റിൽ നീക്കിവച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; ആയതിന്റെ മാച്ചിംഗ് ഗ്രാന്റായി കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സർക്കാരിൽനിന്നും ഗ്രാന്റ് ലഭ്യമായിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## മൃതസഞ്ജീവനി പദ്ധതി

140(2064) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൃതസഞ്ജീവനി പദ്ധതിയിൽ ഇതിനോടകം എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അറിയിക്കാമോ?

മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനിയിൽ വിവിധ അവയവങ്ങൾക്കായി പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

കിഡ്നി - 2261

കരൾ -758

ഹൃദയം - 62

ശ്വാസകോശം - 3

പാൻക്രിയാസ് - 11

ചെറുകുടൽ -1

കൈകൾ - 14

## അരുവിക്കര മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി

141(2065) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ ചെലവഴിച്ച തുകയും നടത്തിയ പ്രവർത്തനങ്ങളും സംബന്ധിച്ച വിവരം ആശുപത്രികൾ തിരിച്ച് വിശദമാക്കാമോ?

(എ & ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## സർക്കാർ ആശുപത്രികളെ ഉയർന്ന നിലവാരത്തിലെത്തിക്കുവാൻ നടപടി

142(2068) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ എത്ര സർക്കാർ ആശുപത്രികളെ ഉയർന്ന നിലവാരത്തിലെത്തിക്കുവാനും താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് ഉൾപ്പെടെ വിവിധ ചികിത്സകൾ ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

ഡയാലിസിസുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികളെ ഉയർന്ന നിലവാരത്തിലേയ്ക്കെത്തിക്കുന്നതിന് 'Setting Up of Dialysis Unit in Major Hospitals' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ ഡയാലിസിസ് യൂണിറ്റില്ലാത്ത ആശുപത്രികൾക്ക് മുൻഗണന നൽകി ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലയളവിൽ 2021-22 പ്ലാൻ ഫണ്ടിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 11 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇതിനാവശ്യമായ ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്ന മുറയ്ക്ക് ആവശ്യമായ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും സേവനം ലഭ്യമാക്കുന്നതാണ്.

(സി) നിർദ്ധനർക്കാവശ്യമായ സഹായങ്ങളും മരുന്നും കൃത്യതയോടെ ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ആരോഗ്യ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികളിലും എത്തുന്ന രോഗികൾക്ക് മരുന്നുകൾ കൃത്യമായി ലഭിക്കുന്നതിനാവശ്യമായ മരുന്നുകളുടെ വാർഷിക ഇൻഡന്റ് സർക്കാർ ആശുപത്രികളിൽനിന്ന് സ്വീകരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് സമർപ്പിക്കുകയും ആയതുവഴി മരുന്നുകൾ ആരോഗ്യവകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിലെത്തുന്ന രോഗികൾക്ക് വിതരണം ചെയ്തും വരുന്നുണ്ട്.

**പാലക്കാട് കാൻസർ ചികിത്സ കേന്ദ്രം ആരംഭിക്കുവാൻ നടപടി**

143(2069) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കാൻസർ രോഗികൾ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിനെയാണ് ചികിത്സകൾക്കായി ആശ്രയിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പാലക്കാട് ജില്ലയിലെ കാൻസർ രോഗികൾ റേഡിയോ തെറാപ്പിക്കും സർജറിക്കുമായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ ഉൾപ്പെടെയുള്ള മറ്റ് ജില്ലകളിൽ പ്രവർത്തിക്കുന്ന പ്രധാന ആശുപത്രികളെ ആശ്രയിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലാശുപത്രിയിൽ കാൻസർ ചികിത്സാകേന്ദ്രംകൂടി പ്രവർത്തനമാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

പാലക്കാട് ജില്ലാ ആശുപത്രിയിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ രോഗ ചികിത്സ നൽകാൻ പ്രാപ്തമായ ഒരു കാൻസർ കെയർ വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിന്റെയും മലബാർ കാൻസർ സെന്ററിന്റെയും മെഡിക്കൽ കോളേജുകളുടെയും സഹായത്തോടുകൂടി രോഗികൾക്ക് കീമോതെറാപ്പിയും കാൻസർ അനുബന്ധ ചികിത്സകളും നൽകാൻ സാധിക്കുന്നുണ്ട്. എന്നാൽ റേഡിയേഷൻ ചികിത്സ ആവശ്യമായി വരുന്ന രോഗികളെ തൃശ്ശൂർ മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ്, മലബാർ കാൻസർ സെന്റർ, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ എന്നിവിടങ്ങളിലേയ്ക്ക് റഫർ ചെയ്യുകയാണ് ചെയ്യുന്നത്.

**ഇ.സി.ജി. ടെക്നീഷ്യൻമാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി**

144(2070) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ പി.എച്ച്.സി., സി.എച്ച്.സി., താലൂക്ക്, ജില്ലാ ആശുപത്രികളിലും ഇ.സി.ജി. ടെക്നീഷ്യൻമാരുടെ തസ്തികകൾ നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ?

സംസ്ഥാനത്ത് പി.എച്ച്.സി., സി.എച്ച്.സി. എന്നിവിടങ്ങളിൽ ഇ.സി.ജി. ടെക്നീഷ്യൻമാരുടെ തസ്തിക നിലവിലില്ല. ജില്ലാശുപത്രി, താലൂക്ക് ആശുപത്രി, ജനറലാശുപത്രി എന്നിവിടങ്ങളിലാണ് ഇ.സി.ജി. ടെക്നീഷ്യന്മാരുടെ തസ്തികകൾ നിലവിലുള്ളത്.

(ബി) എങ്കിൽ പ്രസ്തുത തസ്തിക എത്ര പി.എച്ച്.സി., സി.എച്ച്.സി., താലൂക്ക്, ജില്ലാശുപത്രികളിൽ നിലവിലുണ്ടെന്നും ഇല്ലാത്ത ആശുപത്രികളിൽ അവ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ?

ഇ.സി.ജി. ടെക്നീഷ്യൻമാരുടെ തസ്തികകൾ നിലവിലുള്ള ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി, ജനറലാശുപത്രികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* ആർദ്രം മാനദണ്ഡമനുസരിച്ച് താലൂക്ക് /ജില്ലാ ആശുപത്രികളിൽ ഇ.സി.ജി. ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്നത് പരിശോധിച്ചുവരുന്നു.

(സി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഇ.സി.ജി. ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നതെന്നും അവയിൽ എത്ര തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്നും അറിയിക്കുമോ?

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ല/ജനറൽ/താലൂക്കുതല ആശുപത്രിയിൽ 23-9-2017-ലെ സ.ഉ.(കൈ) നമ്പർ 136/2017/ആ.കു.വ. പ്രകാരം 36 ഇ.സി.ജി. ടെക്നിഷ്യൻ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) പുതുതായി എത്ര തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

ആർദ്രം മാനദണ്ഡമനുസരിച്ച് ജില്ല/താലൂക്കുതല/ജനറൽ ആശുപത്രികളിൽ വിവിധ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം

145(2071) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളെ തീരുമാനിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ജില്ല/താലൂക്ക് ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ 15-6-2010-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 125/2010/ ത. സ്വ. ഭ. വ., 14-3-2013-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 91/2013/ ത. സ്വ. ഭ. വ., 13-11-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 162/2017/ ആ.കു.വ. എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളെ തീരുമാനിക്കുന്നു. സർക്കാർ മെഡിക്കൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കോളേജ് ആശുപത്രികൾ/ജനറൽ/സ്പെഷ്യാലിറ്റി ആശുപത്രികൾ എന്നിവിടങ്ങളിൽ 29-1-1983-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 26/83/ ആ.വ., 5-11-2001-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 277/2001/ ആ.കു.വ., 13-11-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 162/2017/ ആ.കു.വ എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി/ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളെ തീരുമാനിക്കുന്നു.

(ബി) പ്രസ്തുത മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നത് തടയാനുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

നിലവിൽ ചട്ടപ്രകാരം മാത്രമാണ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി/ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളെ നിയമിക്കാവൂവെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ/ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത കമ്മിറ്റിയുടെ അധികാരങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി/ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രസ്തുത കമ്മിറ്റിയുടെ അധികാരങ്ങളും ഈ ഉത്തരവുകളിൽ വ്യവസ്ഥ ചെയ്യുന്നു.

(1) 29-1-1983-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 26/83/ ആ.വ.

(2) 5-11-2001-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 277/2001/ ആ.കു.വ.

(3) 15-6-2010-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 125/2010/ ത. സ്വ. ഭ. വ.

(4) 14-3-2013-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 91/2013/ ത. സ്വ. ഭ. വ.

(5) 13-11-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 162/2017/ ആ.കു.വ.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) കുടുംബാരോഗ്യ കേന്ദ്രം, പ്രാഥമികാരോഗ്യ കേന്ദ്രം, താലൂക്കാശുപത്രി, ജില്ലാശുപത്രി, ജനറലാശുപത്രി, മെഡിക്കൽ കോളേജ് ആശുപത്രി എന്നിവയിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് വ്യത്യാസമുണ്ടോ; എങ്കിൽ പ്രസ്തുത ആശുപത്രികളുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ ബൈലോയുടെ പകർപ്പ് ലഭ്യമാക്കുമോ?

വ്യത്യാസമുണ്ട്. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി/ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(1) 29-1-1983-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 26/83/ ആ.വ.

(2) 5-11-2001-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 277/2001/ ആ.കു.വ.

(3) 15-6-2010-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 125/2010/ ത. സ്വ. ഭ. വ.

(4) 14-3-2013-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 91/2013/ ത. സ്വ. ഭ. വ.

(5) 13-11-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 162/2017/ ആ.കു.വ.

മേൽഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഓരോ ആശുപത്രിയും അതിന്റെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി/ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി രൂപീകരിച്ച് പ്രത്യേകം ബൈലാ തയ്യാറാക്കി തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു.

(ഇ) അനാവശ്യമായ തർക്കങ്ങളിലൂടെ ഒരംഗം ആശുപത്രിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ പ്രവർത്തിച്ചാൽ ആ അംഗത്തിനെതിരെ എന്ത് നടപടിയാണ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് സ്വീകരിക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ?

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി/ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം അംഗത്തിനെതിരെ ചട്ടങ്ങൾക്ക് വിധേയമായി നടപടികൾ സ്വീകരിക്കാവുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## കൊയിലാണ്ടി മണ്ഡലത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വികസനം

146(2072) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തപ്പെട്ട തിരുവങ്ങൂർ സി.എച്ച്.സി.-യിലും മേലടി സി.എച്ച്.സി.-യിലും അപ്ഗ്രഡേഷനുമുമ്പുള്ള സ്റ്റാഫ് പാറ്റേൺ തന്നെയാണോ നിലവിൽ തുടരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അപ്ഗ്രഡേഷനുശേഷം സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ജീവനക്കാരുടെ കാറ്റഗറി തിരിച്ച് വിശദമാക്കാമോ?

(എ&ബി) കൊയിലാണ്ടി മണ്ഡലത്തിൽ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തപ്പെട്ട തിരുവങ്ങൂർ സാമൂഹ്യാരോഗ്യ കേന്ദ്രത്തിലും മേലടി സാമൂഹ്യാരോഗ്യ കേന്ദ്രത്തിലും അപ്ഗ്രേഡേഷന് മുമ്പുള്ള സ്റ്റാഫ് പാറ്റേൺ തന്നെയാണ് ഇപ്പോഴും തുടരുന്നത്.

(സി) പ്രസ്തുത ഹെൽത്ത് സെന്ററുകളിൽ കിടത്തി ചികിത്സ ആരംഭിക്കുമോ; വിശദമാക്കാമോ?

സാമൂഹികാരോഗ്യകേന്ദ്രം മേലടിയിൽ നിലവിൽ എം.എൽ.എ ഫണ്ടുപയോഗിച്ച് 99 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കെട്ടിടം പൊളിച്ചിരിക്കുന്നതിനാൽ ഇപ്പോൾ സ്ഥാപനം പ്രവർത്തിക്കുന്നത് ആശുപത്രി ഐ.പി. കെട്ടിടത്തിലാണ്. പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് ഐ.പി ആരംഭിക്കുന്നതാണ്. തിരുവങ്ങൂർ സാമൂഹ്യാരോഗ്യ കേന്ദ്രത്തിലും അറ്റകുറ്റപ്പണികൾ നടന്നുവരുന്നതിനാൽ നിലവിൽ ഐ.പി. പ്രവർത്തിക്കുന്നില്ല.

## നൂറനാട് ലെപ്രസി സാനിറ്റോറിയം

147(2073) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ നബാർഡ് ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ രണ്ടാംഘട്ടം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ നബാർഡ് RIDF-ൽ ഉൾപ്പെടുത്തി 40.30 കോടി രൂപയുടെ ഒരു കെട്ടിട സമുച്ചയം 27-1-2017-ലെ സ.ഉ. (ആർ.റ്റി) നമ്പർ 196/17/H&FWD ഉത്തരവുപ്രകാരം അനുവദിച്ചിട്ടുണ്ട്. ഒന്നാംഘട്ട നിർമ്മാണം പണി പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണത്തിനുള്ള പ്ലാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ നബാർഡ് വർക്കിന്റെ ഭരണാനുമതി ഉത്തരവിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ട്രോമാകെയർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**എലവഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടി**

148(2074) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ എലവഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കാമോ?

നെന്മാറ നിയോജകമണ്ഡലത്തിലെ എലവഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്ത് എൻ.എച്ച്.എം മുഖേന കുടുംബാരോഗ്യ കേന്ദ്രമാക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) നിലവിൽ എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ?

നിലവിൽ വെയിറ്റിംഗ് ഏരിയയുടെ ട്രസ്റ്റ് വർക്കിന്റെ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) നിർമ്മാണ പ്രവർത്തനങ്ങളും മറ്റ് നടപടികളും പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

മേൽപ്പറഞ്ഞ നിർമ്മാണ പ്രവൃത്തികൾ അധികം വൈകാതെ പൂർത്തിയാക്കാൻ സാധിക്കും.

## പെരുമ്പാവൂർ മണ്ഡലത്തിലെ ഐസൊലേഷൻ വാർഡുകൾ

149(2075) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ വികസനഫണ്ടിൽ കുറവുചെയ്ത് പണം കണ്ടെത്തി എല്ലാ സി.എച്ച്.സി., താലൂക്ക് ആശുപത്രികളിലും പകർച്ചവ്യാധികൾക്കായി 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്ന പദ്ധതി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

26-7-2021-ലെ സ.ഉ (ആർ.റ്റി) നമ്പർ 1555/2022/ആ.കു.വ. ഉത്തരവുപ്രകാരം 140 നിയോജകമണ്ഡലങ്ങളിൽനിന്നും തെരഞ്ഞെടുത്തിരിക്കുന്ന ഓരോ ആരോഗ്യസ്ഥാപനങ്ങളിൽ 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഉപയോഗശൂന്യമായ കെട്ടിടങ്ങൾ പൊളിച്ചും മറ്റ് തടസ്സങ്ങൾ നീക്കിയും പദ്ധതി പ്രദേശം സജ്ജമാക്കിയ 90 സ്ഥാപനങ്ങളിൽ 86 എണ്ണത്തിന് KMSCL വർക്ക് ഓർഡർ നൽകുകയും ചെയ്തു. 51-ഓളം സ്ഥാപനങ്ങളിൽ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ എത്ര സി.എച്ച്.സി.-കൾക്കും താലൂക്ക് ആശുപത്രികൾക്കും പണം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

26-7-2021-ലെ സ.ഉ (ആർ.റ്റി) നമ്പർ 1555/2021/ആ.കു.വ. ഉത്തരവ് പ്രകാരം 140 നിയോജകമണ്ഡലങ്ങളിൽ ഓരോ മണ്ഡലത്തിൽനിന്നും ഒരു ആരോഗ്യസ്ഥാപനത്തെയാണ് ഐസോലേഷൻ വാർഡിന്റെ നിർമ്മാണത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിക്കായി പെരുമ്പാവൂർ മണ്ഡലത്തിൽനിന്നും വെങ്ങോല സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് മേൽ ഉത്തരവ് പ്രകാരം തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത ഐസൊലേഷൻ വാർഡിന്റെ (ഒരു സ്ഥാപനത്തിൽ) നിർമ്മാണ പ്രവൃത്തികൾ 1,34,75,495 രൂപയും equipments, furniture, medical gas pipeline ഉൾപ്പെടെ മൊത്തം 1,79,06,995 രൂപയുമാണ് യൂണിറ്റ് കോസ്റ്റായി കണക്കാക്കിയിരിക്കുന്നത്.

(സി) ഏത് ഏജൻസി മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഐെസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് കെ.എം.എസ്.സി.എൽ.-നെയാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിശ്ചയിച്ചിട്ടുള്ളത്. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനാണ് ആദ്യഘട്ടനിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രവൃത്തി ഉത്തരവ് നൽകിയിരിക്കുന്നത്.

## കുമ്പള സി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി

150(2076) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള സി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടം നബാർഡ് ആർ.ഐ.ഡി.എഫ്. (റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്)-ൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് നബാർഡിലേയ്ക്ക് നടപ്പുവർഷം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(എ & ബി) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കുമ്പള സാമൂഹ്യാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനായി സ്റ്റാൻഡേർഡ് പ്രകാരമുള്ള വിശദമായ റിവൈസ്ഡ് പ്രൊപ്പോസൽ സമർപ്പിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച ഫയൽ നിലവിൽ ഏത് ഓഫീസിലാണുള്ളതെന്ന വിവരം ഫയൽ നമ്പർ സഹിതം ലഭ്യമാക്കുമോ?

ഈ വിഷയവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ പി.എൽ.ബി1/30288/2022/ആ.വ.ഡ. നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) പ്രസ്തുത സി.എച്ച്.സി.-യുടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ആർദ്രം പദ്ധതിപ്രകാരം 1-8-2021-ലെ സ.ഉ. (സാധാ) നമ്പർ 1633/ 2021/ ആകുവ അനുസരിച്ച് ടി ആശുപത്രിയെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.

## ഒറ്റപ്പാലം താലൂക്കാശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ്

151(2077) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കാശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിൽ നിലവിൽ എത്ര കിടക്കകളുണ്ടെന്ന് അറിയിക്കാമോ?

24 ഡയാലിസിസ് കിടക്കകളുണ്ട്.

(ബി) പ്രസ്തുത യൂണിറ്റിൽ പി.എസ്.സി. നിയമനം ലഭിച്ച എത്ര സ്ഥിരം ജീവനക്കാർ നിലവിൽ ജോലി ചെയ്തുവരുന്നുവെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത യൂണിറ്റിൽ പി.എസ്.സി. വഴി സ്ഥിരനിയമനം നടന്നിട്ടില്ല.

(സി) പ്രസ്തുത യൂണിറ്റിൽ നിലവിൽ ജോലി ചെയ്തുവരുന്ന താല്ക്കാലിക ജീവനക്കാർ എത്രയെന്ന് അറിയിക്കാമോ?

നഴ്സിംഗ് ഓഫീസർ - 19

(എൻ.എച്ച്.എം സ്റ്റാഫ് - 05

കാസ്പ് സ്റ്റാഫ് - 14)

ഡയാലിസിസ് ടെക്നീഷ്യൻ - 2 (കാസ്പ്)

ക്ലീനിംഗ് സ്റ്റാഫ് - 2 (എച്ച്.എം.സി)

## വണ്ടൻമേട് സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡ്

152(2078) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും മണ്ഡലങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിനും മറ്റുമായി 4 കോടി രൂപ മാറ്റിവച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

26-7-2021-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 1555/2021/ആ.കു.വ. പ്രകാരം 140 നിയോജകമണ്ഡലങ്ങളിലും ഓരോ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തികൾക്കും മെഡിക്കൽ ഉപകരണങ്ങൾക്കും ഫർണിച്ചറുകൾക്കുമുൾപ്പെടെ 1,79,06,995 രൂപയാണ് ഓരോ ഐസൊലേഷൻ വാർഡിനും യൂണിറ്റ് കോസ്റ്റായി

കണക്കാക്കിയിരിക്കുന്നത്. മേൽ ഉത്തരവുപ്രകാരം ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിനാവശ്യമായ തുക 50% കിഫ്ബി ഫണ്ടിൽനിന്നും 50% എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും സംയുക്തമായാണ് വഹിക്കുന്നത്.

(ബി) ഉടുമ്പൻചോല മണ്ഡലത്തിലെ വണ്ടൻമേട് സി.എച്ച്.സി.-യിൽ ഇപ്രകാരമുള്ള ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

26-7-2021-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 1555/2021/ആ.കു.വ. പ്രകാരം ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് വണ്ടൻമേട് സാമൂഹ്യാരോഗ്യ കേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത പദ്ധതിക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് പരിശോധന നടത്തിയശേഷം തെരഞ്ഞെടുത്ത പ്രദേശത്തെ മരങ്ങൾ മുറിച്ചുമാറ്റുകയും പദ്ധതി പ്രദേശം കൈമാറുകയും ചെയ്തു. നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ആയതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തിയാക്കുവാനാകുമെന്നും അറിയിക്കാമോ?

ഐസൊലേഷൻ വാർഡിന്റെ നിർമ്മാണപ്രവൃത്തികൾക്ക് മെഡിക്കൽ സപ്പോർട്ട് ഉപകരണങ്ങളും ഫർണിച്ചറുകളും ഉൾപ്പെടെ 1,79,06,995 രൂപയാണ് യൂണിറ്റ് കോസ്റ്റായി കണക്കാക്കിയിരിക്കുന്നത്. വണ്ടൻമേട് സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ബേസ്മെന്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

### അച്ചൻകോവിൽ പി.എച്ച്.സി.-യിലെ കിടത്തി ചികിത്സ

153(2079) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിൽ പി.എച്ച്.സി. കെട്ടിടം പ്രവർത്തനമാരംഭിക്കുമ്പോൾ അതിനോടനുബന്ധിച്ച് കിടത്തി ചികിത്സ ആരംഭിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദമാക്കാമോ;

(ബി) വനപാതയിലൂടെ 50 കിലോമീറ്ററിലധികം യാത്ര ചെയ്തുമാത്രം അടുത്തുള്ള പുനലൂർ താലൂക്കാശുപത്രിയിൽ ചികിത്സ തേടേണ്ട സാഹചര്യമുള്ളതിനാൽ അച്ചൻകോവിൽ പി.എച്ച്.സി.-യിൽ കിടത്തി ചികിത്സ ആരംഭിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ആർദ്രം മാനദണ്ഡപ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ വിഭാവനം ചെയ്യുന്നില്ല. അച്ചൻകോവിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ 3 കോടി 33 ലക്ഷം രൂപ NHM -ROP ഫണ്ട് അനുവദിച്ച് കെട്ടിടം പണി പൂർത്തിയാക്കിയിട്ടുണ്ട്. ടി കെട്ടിടത്തിൽ രോഗികൾക്ക് ആവശ്യം വേണ്ടുന്ന ഒബ്സർവേഷൻ ചികിത്സ റൂം, ഒ.പി. റൂം, മൈനർ തീയറ്റർ, ഇഞ്ചക്ഷൻ റൂം, സ്റ്റോർ റൂം, ഫാർമസി റൂം, സ്റ്റാഫ് കോട്ടേജ് എന്നിവ പ്രവർത്തിക്കുന്നു. ആശുപത്രിയിൽ നിലവിൽ ഒ.പി. സേവനം, ജീവിതശൈലി രോഗനിർണ്ണയ ക്ലിനിക്, പ്രതിരോധ കുത്തിവയ്പ്, പകർച്ചവ്യാധി പ്രതിരോധ പരിപാടികൾ എന്നീ സേവനങ്ങൾ നൽകുന്നു. സ്ഥാപനത്തിലെ ജീവനക്കാർക്ക് താമസസൗകര്യമില്ലാത്തതിനാലും ദിവസേന വനപാതയിലൂടെയുള്ള യാത്ര ബുദ്ധിമുട്ടായതിനാലും നിർമ്മാണം പൂർത്തിയാക്കിയ പുതിയ പ്രാഥമികാരോഗ്യകേന്ദ്ര കെട്ടിടത്തിന്റെ മൂന്നാംനിലയിൽ ആരോഗ്യ പ്രവർത്തകർക്ക് താമസിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ടി കെട്ടിടം ഉദ്ഘാടനം ചെയ്യുന്നതോടുകൂടി അത്യാവശ്യഘട്ടങ്ങളിൽ സേവനം നൽകാൻ സാധിക്കുന്നതാണ്. കൂടാതെ NHM മുഖേന ഒരു ഡോക്ടറെയും ഒരു സ്റ്റാഫ് നഴ്സിനെയും അനുവദിച്ച് നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട വ്യക്തികൾക്ക് വിവിധ പദ്ധതികളിൽ സൗജന്യ ചികിത്സയും സൗജന്യ യാത്രാസൗകര്യവും ലഭ്യമാക്കുന്നതിനും ട്രൈബൽ വെൽഫെയർ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളുടെ നവീകരണം**

154(2080) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ സർക്കാർ ആശുപത്രികൾ അടിയന്തരമായി നവീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട് നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്ത നിലംപേരൂർ ആശുപത്രിയിൽ ഡോക്ടർ-1 , സ്റ്റാഫ് നഴ്സ് -2 , ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കപ്പപ്പുറം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾക്കായി 14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. രാമങ്കരി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 15.5 ലക്ഷം രൂപ അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ട വീയപുരം ആശുപത്രി ആർദ്രം പദ്ധതി അനുശാസിക്കുന്ന രീതിയിൽ പൂർണ്ണസജ്ജമായി പ്രവർത്തിച്ചുവരുന്നു. ആർദ്രം 3-ാം

ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള മുട്ടാർ ആശുപത്രിയുടെ വികസനത്തിനായി എൻ.എച്ച്.എം. മുഖേന 15.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സാമൂഹ്യാരോഗ്യകേന്ദ്രം ചമ്പക്കുളം, വെളിയനാട് എന്നീ സ്ഥാപനങ്ങളുടെ വികസനത്തിനായി എൻ.എച്ച്.എം. വഴി ഫണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തലവടി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനായി എൻ.എച്ച്.എം. മുഖേന 26.90 ലക്ഷം രൂപ അനുവദിക്കുകയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തകഴി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനായി അനുവദിക്കപ്പെട്ടിട്ടുള്ള 14 ലക്ഷം രൂപ ഉപയോഗിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കാവാലം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനായി അനുവദിക്കപ്പെട്ട 15.50 ലക്ഷം രൂപ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളായ ചേമ്പുപുറം, എടത്വ എന്നീ സ്ഥാപനങ്ങളിൽ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് ലാബ് വിപുലീകരണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നീ പ്രവൃത്തികൾ നടന്നുവരുന്നു. പുളിങ്കുന്ന് താലൂക്കാശുപത്രിയുടെ വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 144.06 കോടി രൂപയുടെ പ്രവർത്തനങ്ങൾക്കായി പഴയ കെട്ടിടം പൊളിച്ചുനീക്കൽ, കെട്ടിടത്തിന്റെ പ്ലാൻ അംഗീകാരം, അധിക ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തികൾ, കിഫ്ബിയിൽ നിന്നുള്ള സാങ്കേതിക അനുമതികൾ, മറ്റ് അനുമതികൾ എന്നിവ നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുട്ടനാട് നിയോജകമണ്ഡലത്തിലെ സി.എച്ച്.സി. വെളിയനാട് സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ജീവനക്കാർ, മരുന്ന് എന്നിവയുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ?

കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാർ, സ്റ്റാഫ് നഴ്സുമാർ, ലാബ് ടെക്നീഷ്യൻമാർ, ഫാർമസിസ്റ്റ് വിഭാഗം ജീവനക്കാരുടെ തസ്തികകൾ ആർദ്രം പദ്ധതിയുടെ ഭാഗമായി സൃഷ്ടിക്കുകയും പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുള്ളതുമാണ്. കുട്ടനാട്ടിലെ സർക്കാർ ആശുപത്രികൾ ഇൻഡന്റ് മുഖേന ആവശ്യപ്പെട്ട മരുന്നുകളിൽ ദർഘാസ് മുഖേന വിതരണക്കാരെ ലഭ്യമായ എല്ലാ മരുന്നുകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ഉറപ്പാക്കിയിട്ടുണ്ട്. അവശ്യമരുന്നുകളുടെ ദൗർലഭ്യം ഒഴിവാക്കുന്നതിനായി പ്രസ്തുത മരുന്നുകൾ ലഭ്യമായിരുന്ന ആശുപത്രികളിൽനിന്നും ഇന്റർ ഇൻസ്റ്റിറ്റ്യൂഷൻ ട്രാൻസ്ഫർ മുഖേന ലഭ്യമാക്കി, മരുന്നിന്റെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ആശുപത്രികളിൽ ലഭ്യമാകുന്ന ഫണ്ടും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന ഫണ്ടുകളും ഉപയോഗിച്ച് ലോക്കൽ പർച്ചേസ് മുഖാന്തരം മരുന്നുകൾ വാങ്ങുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## നെയ്യാറ്റിൻകര ജനറലാശുപത്രിയിൽ ഡയാലിസിസ് സെന്റർ

155(2081) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. - എ.ഡി.എസ്.-2017-18 പ്രകാരം നെയ്യാറ്റിൻകര ജനറലാശുപത്രിയിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് ഡി.എം.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി ഡയാലിസിസ് സെന്റർ സ്ഥാപിച്ചതിന്റെ സേവിംഗ്സ് തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഡയാലിസിസ് ചികിത്സാകേന്ദ്രം ആരംഭിക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 84,98,513 രൂപ ലഭിച്ചതിൽനിന്ന് 74,87,829 രൂപ ചെലവഴിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്ത് സ്ഥാപിച്ചിട്ടുണ്ട്. ബാക്കി തുകയായ 10,10,684 രൂപ പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ ഹെഡ് ഓഫ് അക്കൗണ്ടിലാണുള്ളത്.

(ബി) സേവിംഗ്സ് തുകയെ സംബന്ധിച്ച് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (എ.ഡി.സി.), തിരുവനന്തപുരം നൽകിയ 23-5-2022-ലെ ഡി6/1579/22 നമ്പർ കത്തിന് മറുപടി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ 23-5-22-ലെ ഡി6/1579/22 നമ്പർ കത്തിന് ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും 1-9-2022-ലെ സി1-25097/2022/ജി.മെ.ആ., നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

## നെയ്യാറ്റിൻകര ജനറലാശുപത്രിയിൽ ഹൗസ് സർജന്മാരുടെ സേവനം

156(2082) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

നെയ്യാറ്റിൻകര ജനറലാശുപത്രിയിൽ ഹൗസ് സർജന്മാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന് ഏതെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ചെങ്ങന്നൂർ ആയുർവേദാശുപത്രി കെട്ടിട നിർമ്മാണം**

157(2083) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം ആരംഭിച്ച് പൂർത്തിയാകാതെ കിടക്കുന്ന ആയുർവേദ ആശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ചെങ്ങന്നൂർ ഗവൺമെന്റ് ആയുർവേദാശുപത്രി കെട്ടിട നിർമ്മാണ പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദീകരിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിനുള്ള തടസ്സങ്ങൾ പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(ബി & സി) ആലപ്പുഴ ചെങ്ങന്നൂർ സർക്കാർ ആയുർവേദ ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനായി ഉപരിതല മണ്ണ് നീക്കം ചെയ്തപ്പോൾ ഒറ്റപ്പെട്ട പാറകൾ കാണുകയും അനുമതി ലഭ്യമാക്കി പാറകൾ പൊട്ടിച്ച് നീക്കം ചെയ്യാൻ ആരംഭിച്ചപ്പോൾ കനത്തമഴ തുടങ്ങുകയും തുടർന്നുള്ള വെള്ളപ്പൊക്കംമൂലം നിർമ്മാണം നിർത്തിവയ്ക്കേണ്ടതായും വന്നു. തുടർന്ന് പ്രസ്തുത നിർമ്മാണ സ്ഥലത്ത് സംരക്ഷണഭിത്തി നിർമ്മാണം ആവശ്യമായി വന്നതിനാൽ ടി പ്രവൃത്തി മറ്റൊരു കരാറുകാരനെ ഏൽപ്പിക്കുകയും പ്രസ്തുത നിർമ്മാണം പൂർത്തിയാക്കുകയും കരാർ കാലാവധി കഴിഞ്ഞതിനാൽ കെട്ടിട നിർമ്മാണ കരാറുകാരൻ പുതുക്കിയ നിരക്ക് ആവശ്യപ്പെട്ടതിനെ തുടർന്നാണ് നിർമ്മാണം നിർത്തിവയ്ക്കേണ്ടിവന്നിട്ടുള്ളത്. പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിലേയ്ക്കായി പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ച 500 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് 27-8-2022-ൽ സർക്കാർ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

**പട്ടാമ്പി താലൂക്കാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ**

158(2084) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി താലൂക്കാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ താലൂക്ക് ആശുപത്രികൾക്ക് അനുസൃതമായിട്ടാണോ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ആർദ്രം പദ്ധതി പ്രകാരം പട്ടാമ്പി താലൂക്കാശുപത്രി താലൂക്കുതല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആർദ്രം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മാനദണ്ഡപ്രകാരം കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക് 1, ജൂനിയർ കൺസൾട്ടന്റ് മെഡിസിൻ-1, ഫാർമസിസ്റ്റ് ഗ്രേഡ് II-1, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II -1, സ്റ്റാഫ് നഴ്സ് -5, ക്ലാർക്ക് -1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പാറ്റേൺ പ്രകാരം ആശുപത്രിയിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം, ജീവനക്കാരുടെ ഒഴിവുകളുടെ എണ്ണം എന്നിവ തസ്തിക തിരിച്ച് ലഭ്യമാക്കുമോ?

ആശുപത്രിയിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം, ജീവനക്കാരുടെ ഒഴിവുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ആർദ്രം മാനദണ്ഡപ്രകാരം താലൂക്കാശുപത്രികളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിച്ചുവരുന്നു.

**പിരായിരി പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം**

159(2085) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മണ്ഡലത്തിൽ പിരായിരി പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സ്ഥലപരിമിതിയും അവശ്യം വേണ്ട കെട്ടിടങ്ങളുടെ അഭാവവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി ആവശ്യമായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ പിരായിരി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. എൻ.എച്ച്.എം മുഖേന 15.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ പ്രാരംഭ നടപടികൾ നടന്നുവരികയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### വേങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം

160(2086) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി നിർത്തലാക്കിയ ഇൻപേഷ്യന്റ് വിഭാഗം വീണ്ടും പ്രവർത്തനം തുടങ്ങിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻപേഷ്യന്റ് വിഭാഗം പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടവും ഡോക്ടർമാരും ഈ സെന്ററിൽ ലഭ്യമാണോ;

(സി) കൂടുതലായി വേണ്ടിവരുന്ന ജീവനക്കാരെ നിയമിച്ച് ഇൻപേഷ്യന്റ് വിഭാഗം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വേങ്ങര സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐ.പി, ഡയാലിസിസ് തുടങ്ങുന്നതിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി ഐ.പി നിർത്തലാക്കിയിരുന്നു. ഇൻപേഷ്യന്റ് വിഭാഗം പ്രവർത്തിക്കാനാവശ്യമായ കെട്ടിടവും ഡോക്ടർമാരും വേങ്ങര സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ലഭ്യമാണ്. മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും എച്ച്.എം.സി. മുഖേനയും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നിയമനം നടന്നുകഴിഞ്ഞാൽ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ഐ.പി. തുടങ്ങുന്നതാണ്.

### മുക്കം സി.എച്ച്.സി. കെട്ടിട നിർമ്മാണം

161(2087) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര മാസ്റ്റർ പ്ലാൻ പ്രകാരം മുക്കം സി.എച്ച്.സി. കെട്ടിട നിർമ്മാണത്തിന് നബാർഡ് ആർ.ഐ.ഡി.എഫ്. ധനസഹായം അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) മുക്കം സി.എച്ച്.സി. കെട്ടിട നിർമ്മാണത്തിന് നബാർഡ് ഫണ്ട് അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) സർക്കാരിൽ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പെരുമ്പാവൂർ താലൂക്കാശുപത്രി

162(2088) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പണി പൂർത്തീകരിച്ചവ എത്ര എണ്ണം; അവ ഏതെല്ലാം; ഡി.പി.ആർ. തയ്യാറാക്കിയത് എത്രയെണ്ണം; അവ ഏതെല്ലാം; വ്യക്തമാക്കുമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി പെരുമ്പാവൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | പ്രവൃത്തി | തുക | തൽസ്ഥിതി |
|---|---|---|---|---|
| 1 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി | ഒ.പി പരിവർത്തനം (ഒന്നാം ഘട്ടം)<br>ഒ.പി പരിവർത്തനം (രണ്ടാം ഘട്ടം) | 140.44 ലക്ഷം<br>63.50 ലക്ഷം | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br>ഡി.പി.ആർ തയ്യാറാക്കി വരുന്നു |
| 2 | സാമൂഹ്യാരോഗ്യ കേന്ദ്രം വേങ്ങൂർ | സി.എച്ച്.സി യെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്റർ ആയി മാറ്റൽ | 37.5 ലക്ഷം | നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ് |
| 3 | പ്രാഥമികാരോഗ്യ കേന്ദ്രം കോടനാട് | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ | 14.03 ലക്ഷം | പ്രവൃത്തികൾ പൂർത്തീകരിച്ചു |
| 4 | പ്രാഥമികാരോഗ്യ കേന്ദ്രം രായമംഗലം | | 25.50 ലക്ഷം | |
| 5 | പ്രാഥമികാരോഗ്യ കേന്ദ്രം ഒക്കൽ | | 25.50 ലക്ഷം | |
| 6 | പ്രാഥമികാരോഗ്യ കേന്ദ്രം മുടക്കുഴ | | 23.50 ലക്ഷം | |
| 7 | പ്രാഥമികാരോഗ്യ കേന്ദ്രം അശമന്നൂർ | | 15.50 ലക്ഷം | ഡി.പി.ആർ തയ്യാറാക്കിവരുന്നു. |

(ബി) ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള പദ്ധതിയായ പെരുമ്പാവൂർ താലൂക്കാശുപത്രി കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി വിശദീകരിക്കാമോ?

| ക്രമ നമ്പർ | സ്ഥാപനം | പ്രവൃത്തി | തുക | തൽസ്ഥിതി |
|---|---|---|---|---|
| 1 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പെരുമ്പാവൂർ | ഒ.പി പരിവർത്തനം (ഒന്നാം ഘട്ടം)<br>ഒ.പി പരിവർത്തനം (രണ്ടാം ഘട്ടം) | 140.44 ലക്ഷം<br>163.50 ലക്ഷം | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഡി.പി.ആർ തയ്യാറാക്കിവരുന്നു. |

(സി) പെരുമ്പാവൂർ താലൂക്കാശുപത്രിയിൽ എത്ര സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ദിനംപ്രതി ശരാശരി എത്ര രോഗികൾ ഓരോ സ്പെഷ്യാലിറ്റി വിഭാഗത്തിലും ചികിത്സ തേടിയെത്തുന്നുണ്ട്; അറിയിക്കാമോ?

പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ പ്രവർത്തിക്കുന്ന സ്പെഷ്യാലിറ്റി വിഭാഗവും അവിടെയെത്തുന്ന രോഗികളുടെ ദിനംപ്രതി ശരാശരി കണക്കും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്പെഷ്യാലിറ്റി | രോഗികളുടെ എണ്ണം |
|---|---|---|
| 1 | പീഡിയാട്രിക് | 80 |
| 2 | ഡെർമറ്റോളജി | 30 |
| 3 | ജനറൽ മെഡിസിൻ | 90 |
| 4 | ഡെന്റൽ | 30 |
| 5 | ഒഫ്താൽമോളജി | 48 |
| 6 | ഇ.എൻ.ടി | 43 |
| 7 | ഓർത്തോ | 46 |
| 8 | ഗൈനക്കോളജി | 42 |
| 9 | ജനറൽ സർജറി | 19 |

(ഡി) പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദീകരിക്കാമോ?

പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല.

(ഇ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ താലൂക്കാശുപത്രിയിൽ മാനസികരോഗ വിഭാഗം നിലവിലുണ്ടോ; എത്ര ഡോക്ടർമാർ അവിടെ സേവനമനുഷ്ഠിക്കുന്നുണ്ട്; വ്യക്തമാക്കുമോ?

മാനസികാരോഗ്യ വിഭാഗം ഈ ആശുപത്രിയിൽ നിലവിലില്ല. എന്നാൽ ജില്ല മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ എല്ലാ മാസത്തിലും ഒരു നിശ്ചിത ദിവസം (മാസത്തെ ആദ്യ ചൊവ്വാഴ്ച) മാനസികാരോഗ്യ വിഭാഗം ടീമിന്റെ സേവനം നൽകിവരുന്നു. ഒരു സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, കൗൺസിലർ എന്നിവർ ഉൾപ്പെടുന്നതാണ് ടീം. 170 രോഗികൾ D.M.H.R -യുടെ ഭാഗമായി രജിസ്ട്രേഷൻ ചെയ്ത് ചികിത്സ തേടിവരുന്നു.

### നായരമ്പലം ആയുർവേദാശുപത്രി അപ്ഗ്രേഡ് ചെയ്യാൻ നടപടി

163(2089) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ നായരമ്പലം ആയുർവേദാശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ?

ഉണ്ട്. ആയുർവേദ ഡിസ്പെൻസറികളുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഉണ്ടെങ്കിൽ അപ്ഗ്രേഡ് ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉണ്ട്. ആയുർവേദ ഡിസ്പെൻസറികളുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

### ഐ.ഡി.ആർ.വി. ഇൻജക്ഷൻ, സെറം എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടി

164(2090) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളുടെ കടിയേറ്റ് ചികിത്സയ്ക്കായി എത്തുന്ന രോഗികൾക്ക് ആവശ്യമായ ഐ.ഡി.ആർ.വി. (ഇൻട്ര ഡെർമൽ റാബിസ് വാക്സിനേഷൻ) ഇൻജക്ഷൻ, സെറം എന്നിവ മലബാർ മേഖലയിലെ വിവിധ താലൂക്ക്/ജില്ല/സർക്കാർ ആശുപത്രികളിൽ ലഭ്യമല്ലാത്തതിനാൽ മെഡിക്കൽ കോളേജ് ആശുപത്രിയെ ആശ്രയിക്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ &ബി) ചില താലൂക്ക്/ജില്ല ആശുപത്രികളിൽ ഐ.ഡി.ആർ.വി, റാബിസ് സെറം എന്നിവയുടെ ലഭ്യതക്കുറവ് ചില സന്ദർഭങ്ങളിൽ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ അതത് സമയങ്ങളിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കാഞ്ഞിരപ്പള്ളി ജനറലാശുപത്രിയുടെ കെട്ടിട നിർമ്മാണം**

165(2091) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ജനറലാശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് അറിയിക്കാമോ?

കാഞ്ഞിരപ്പള്ളി ജനറലാശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണത്തിന് രണ്ട് ഘട്ടങ്ങളിലായിട്ടാണ് തുക അനുവദിച്ചിട്ടുള്ളത്. ആദ്യ ഘട്ടത്തിൽ 4.50 കോടി രൂപയും രണ്ടാം ഘട്ടത്തിൽ 10.30 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ; പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കി പൊതുജനത്തിന് തുറന്നുകൊടുക്കാനാകുമെന്ന് അറിയിക്കാമോ?

നിലവിൽ കെട്ടിടത്തിന്റെ 75% നിർമ്മാണ പ്രവർത്തനവും പൂർത്തിയായിട്ടുണ്ട്. ഫയർ ആന്റ് സേഫ്റ്റി ജോലികൾ, ഡ്രെയിനേജ് സംബന്ധമായ നിർമ്മാണ പ്രവർത്തനങ്ങൾ, വാട്ടർ സ്റ്റോറേജ് സപ്ലൈ തുടങ്ങിയ ജോലികളും ഒ.പി ഡിപ്പാർട്ടുമെന്റിന്റെ പാർട്ടീഷനും പൂർത്തിയാക്കേണ്ടതുണ്ട്. ടി പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് കെട്ടിടം പൊതുജനത്തിന് തുറന്നുകൊടുക്കാൻ സാധിക്കുന്നതാണ്.

(സി) പ്രസ്തുത ആശുപത്രിക്കായി നാഷണൽ ഹെൽത്ത് മിഷൻ മുഖേന അനുവദിച്ച തുകയുടെ വിശദാംശം നൽകാമോ?

പ്രസ്തുത സ്ഥാപനത്തിൽ എൻ.എച്ച്.എം മുഖേന അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആർദ്രം ഒ.പി.ഡി. പരിവർത്തന പ്രവൃത്തികൾ (2020-21) അനുവദിച്ച ഫണ്ട് - 76.72 ലക്ഷം
2. ആർദ്രം ഒ.പി.ഡി. പരിവർത്തന പ്രവൃത്തികൾ (2020-21) അനുവദിച്ച ഫണ്ട് - 1 കോടി

3. എൻ.എച്ച്.എം ആർ.ഒ.പി 2022-23 പ്രകാരം കണ്ണ് ഓപ്പറേഷൻ തിയേറ്ററും വാർഡും നിർമ്മാണത്തിന് അനുവദിച്ച ഫണ്ട് - 1 കോടി

**പയ്യന്നൂർ താലൂക്കാശുപത്രിയുടെ നവീകരണം**

166(2092) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്കാശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലെ കെട്ടിടത്തിൽ മതിയായ മുറി സൗകര്യമൊരുക്കുന്നതിന് മാസ്റ്റർ പ്ലാനിൽ ആവശ്യമായ മാറ്റം വരുത്താൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പയ്യന്നൂർ താലൂക്കാശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കെട്ടിട നിർമ്മാണത്തിന്റെ 58% പൂർത്തിയായിട്ടുണ്ട്. ആശുപത്രി സൂപ്രണ്ട് തലത്തിലും മറ്റ് ഉയർന്ന തലങ്ങളിലും നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിലാണ് കിഫ്ബി അധികാരികൾ പ്രസ്തുത കെട്ടിടത്തിന്റെ പ്ലാൻ അംഗീകരിച്ചത്. ടി പ്ലാനിൽ പ്രത്യേക മുറികളുടെ സൗകര്യം ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസലൊന്നും ലഭിച്ചിട്ടില്ല. മാത്രവുമല്ല 58% പണി പൂർത്തിയായതിനാൽ പ്ലാനിൽ മാറ്റം വരുത്തുന്നത് പ്രായോഗികമല്ല.

(ബി) നിലവിലെ സാഹചര്യത്തിൽ താലൂക്ക് തലത്തിലെ പ്രധാന ആശുപത്രികളിൽ മുറി സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

താലൂക്ക് തലത്തിലെ പ്രധാന ആശുപത്രികളിൽ കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുമുൻപ് താലൂക്കാശുപത്രിയുടെ സ്റ്റാന്റേഡൈസേഷൻ പ്രകാരം പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് മുറി സൗകര്യം ഏർപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

**പാലക്കാട് താലൂക്കാശുപത്രിയുടെ നവീകരണത്തിന് നബാർഡ് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി**

167(2093) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് താലൂക്കാശുപത്രിയുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വിപുലീകരണത്തിനും നബാർഡിൽ നിന്നുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; പ്രസ്തുത വിഷയം സംബന്ധിച്ച ഫയലിന്റെ തൽസ്ഥിതി അറിയിക്കാമോ?

പാലക്കാട് എലപ്പുള്ളി താലൂക്കാശുപത്രിയുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വിപുലീകരണത്തിനും നബാർഡിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതിനും അനുമതിക്കുമായി പാലക്കാട് ജില്ല മെഡിക്കൽ ഓഫീസിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കിയ 10 കോടി രൂപയുടെ എസ്റ്റിമേറ്റ്, റിപ്പോർട്ട്, പ്ലാൻ എന്നിവ ചെക്ക് ലിസ്റ്റ്, അനുബന്ധം 2 എ, 2 ബി, കൺസെപ്റ്റ് നോട്ട്സ്, ഫോട്ടോസ്, പ്രൊവിഷൻ TS (Technical Sanction) എന്നിവ സഹിതം പുന:സമർപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## മുല്ലശ്ശേരി സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ ഡോക്ടറുടെ ഡെപ്യൂട്ടേഷൻ സേവനം

168(2094) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ ഡോക്ടറായിരുന്ന ഡോ. ഷീന കെ. വാസുവിനെ കോവിഡ് പശ്ചാത്തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസിൽ ഡെപ്യൂട്ടേഷനിൽ നിയമിച്ച് ഒരു വർഷത്തിലധികമായിട്ടും പ്രസ്തുത ഡോക്ടറുടെ ഡെപ്യൂട്ടേഷൻ സേവനം അവസാനിപ്പിച്ച് മാതൃസ്ഥാപനത്തിൽ തിരികെ നിയമിച്ചിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡോക്ടറുടെ അഭാവം രോഗികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതിനാൽ പ്രസ്തുത ഡോക്ടറുടെ ഡെപ്യൂട്ടേഷൻ സേവനം അവസാനിപ്പിച്ച് തിരികെ മാതൃസ്ഥാപനത്തിൽ നിയമിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ നൽകാമോ?

തൃശ്ശൂർ ജില്ലയുടെ കോവിഡ്-19 വാക്സിനേഷൻ ചുമതലക്കാരിയായിട്ടാണ് മുല്ലശ്ശേരി സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ ഡോ. ഷീന. കെ. വാസുവിനെ ജില്ല മെഡിക്കൽ ഓഫീസ് (ആരോഗ്യം), തൃശ്ശൂർ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്നത്. ഇനിയും കുട്ടികൾക്കുള്ള വാക്സിനേഷൻ പ്രക്രിയകൾ അവസാനിച്ചിട്ടില്ലാത്തതിനാലും സെപ്റ്റംബർ മാസം 30 വരെ അമൃത് മഹോത്സവ് വാക്സിനേഷൻ നടക്കുന്നതിനാലും ജോലി ക്രമീകരണം തുടരേണ്ട ആവശ്യകതയുണ്ടെന്നാണ് തൃശ്ശൂർ ഡി.എം.ഒ. അറിയിച്ചിട്ടുള്ളത്. മുല്ലശ്ശേരി സാമൂഹ്യാരോഗ്യ കേന്ദ്രത്തിലേയ്ക്ക് പഴഞ്ഞി സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽനിന്നും ഒരു മെഡിക്കൽ ഓഫീസറെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

## ഭക്ഷ്യോല്പന്നങ്ങളുടെ ഗുണനിലവാര പരിശോധന

169(2095) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യോല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലാബുകൾ ഏതൊക്കെയാണ്; പ്രസ്തുത ലാബുകളിൽ എന്തൊക്കെ പരിശോധന നടത്താനുള്ള സജ്ജീകരണങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യോൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന NABL അക്രെഡിറ്റേഷൻ ലഭിച്ച മൂന്ന് അനലിറ്റിക്കൽ ലാബുകളാണ് നിലവിലുള്ളത്. ഈ ലാബുകളിൽ ഭക്ഷണ പദാർത്ഥങ്ങളുടെയും വെള്ളത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള Food Safety and Standards Act നിഷ്കർഷിക്കുന്ന GCMSMS, ICPOES, HPLC, FTIR, uv Visible Spectro Photometer, Ion Chromotography എന്നീ ആധുനിക സജ്ജീകരണങ്ങൾ നിലവിലുണ്ട് . കൂടാതെ 1997-ലെ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശബരിമലയിലെ വഴിപാട് പ്രസാദമായ അപ്പം, അരവണ എന്നിവയുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, തീർത്ഥാടകർക്ക് നൽകുന്ന കുടിവെള്ളം എന്നിവയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ച പത്തനംതിട്ട ജില്ല ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത ലാബിനായി സ്വന്തമായി വിപുലീകരിച്ച കെട്ടിടം നിർമ്മിക്കുന്നതിന് പത്തനംതിട്ടയിൽ കോഴഞ്ചേരി താലൂക്കിൽ അനുവദിച്ച 4.55 ആർ ഭൂമിയിൽ ലാബിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുകൂടാതെ കണ്ണൂർ ജില്ലയിൽ ഒരു റീജിയണൽ അനലിറ്റിക്കൽ ലാബ് സ്ഥാപിക്കുന്നതിനായി 2019 ഫെബ്രുവരി 28-ന് ടി ലാബിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിക്കുകയും ലാബിന്റെ നിർമ്മാണം പൂർത്തിയാകുന്നതുവരെ ലാബിന്റെ പ്രവർത്തനം ഒരു താല്ക്കാലിക കെട്ടിടത്തിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ എല്ലാ ജില്ലകളിലും മൊബൈൽ ഭക്ഷ്യ പരിശോധന ലാബുകളും നിലവിലുണ്ട് .

(ബി) സംസ്ഥാനത്തെ അതിർത്തി ചെക്ക് പോസ്റ്റുകളിൽ ഭക്ഷ്യോല്പന്നങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്ക് സംവിധാനം നിലവിലുണ്ടോ; വിശദാംശം നൽകുമോ?

അതിർത്തി കടന്നുവരുന്ന എല്ലാ ഭക്ഷ്യവസ്തുക്കളും പരിശോധിക്കാനായി അതത് ജില്ലാ ഭക്ഷ്യസുരക്ഷ സ്ക്വാഡ് സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തുന്നു. കൂടാതെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബ് സംവിധാനം ഉപയോഗിച്ചും പരിശോധന നടത്തിവരുന്നു.

(സി) മൊബൈൽ ഭക്ഷ്യസുരക്ഷ പരിശോധന ലാബുകളിൽ എന്തൊക്കെ പരിശോധന നടത്തുന്നതിനുള്ള സജ്ജീകരണങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

പാൽ, ഭക്ഷ്യ എണ്ണ തുടങ്ങിയവയിലെ മായം പരിശോധിക്കുന്നതിനുള്ള സംവിധാനം മൊബൈൽ ലാബുകളിൽ നിലവിലുണ്ട്. കൂടാതെ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സജ്ജീകരണങ്ങളും ലാബിൽ ഒരുക്കിയിട്ടുണ്ട്. IEC പ്രവർത്തനങ്ങൾക്കായും മൊബൈൽ ലാബുകൾ ഉപയോഗിച്ചുവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ലാബുകളിലെ പരിശോധനയിൽ ക്രമക്കേട് കണ്ടെത്തിയ ഉൽപ്പന്നങ്ങൾ ഏതൊക്കെയാണ്; പ്രസ്തുത സംഭവങ്ങളിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 15844 സാമ്പിളുകളിൽ നടത്തിയ ലാബ് പരിശോധനയിൽ 545 എണ്ണം unsafe ആയും 248 എണ്ണം substandard ആയും 349 എണ്ണം misbranded ആയും പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. ഇത്തരത്തിൽ പരിശോധനയിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ 258 എണ്ണം അഡ്ജ്യൂഡിക്കേഷനും 98 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്യുകയുണ്ടായി. ഇത്തരത്തിൽ മായം ചേർത്തതായി കണ്ടെത്തിയിട്ടുള്ള ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## വിഷപദാർത്ഥങ്ങളടങ്ങിയ ഉല്പന്നങ്ങൾ വിതരണം ചെയ്ത കമ്പനികൾക്കെതിരെ നടപടി

170(2096) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ നടത്തിയ പരിശോധനകളിൽ വിഷപദാർത്ഥങ്ങളടങ്ങിയ കറി പൗഡറുകളും ഭക്ഷ്യ എണ്ണകളും കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇത്തരം ഉല്പന്നങ്ങൾ വിതരണം നടത്തിയ കമ്പനികൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2016-17 മുതൽ നാളിതുവരെ നടത്തിയ കറി പൗഡറുമായി ബന്ധപ്പെട്ട പരിശോധനകളിൽ ആകെ 351 എണ്ണം unsafe ആയും 65 എണ്ണം Substandard ആയും 70 എണ്ണം misbranded ആയും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഭക്ഷ്യ എണ്ണയുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനകളിൽ ആകെ 10 എണ്ണം unsafe ആയും 567 എണ്ണം substandard ആയും 321 എണ്ണം misbranded ആയും കണ്ടെത്തിയിട്ടുണ്ട്.

ഇത്തരം പരിശോധനകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാരായ സ്ഥാപനങ്ങൾക്കെതിരെ 188 അഡ്ജ്യൂഡിക്കേഷൻ കേസുകളും 256 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ ഭക്ഷ്യ എണ്ണകളുമായി ബന്ധപ്പെട്ട പരിശോധനകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാരായ സ്ഥാപനങ്ങൾക്കെതിരെ 363 നമ്പർ അഡ്ജ്യൂഡിക്കേഷൻ കേസുകളും 8 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട് .

(സി) ഇത്തരത്തിൽ കണ്ടെത്തിയ വിഷപദാർത്ഥങ്ങൾ ഏതൊക്കെയാണെന്നും അവ ഓരോന്നും മനുഷ്യരിലുണ്ടാക്കാനിടയുള്ള ആരോഗ്യ പ്രശ്നങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ലാബ് പരിശോധനയിൽ Ethion, Profenofos, Triazophos, Chlorpyrifos, Bifenthrine, Carmoisine, Lambda Cyhalothrin, Fenpropathrin, Cypermethrin, Fenpropathrin തുടങ്ങിയ ആരോഗ്യത്തിന് ഹാനികരമായ വിഷപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം അനുവദനീയമായതിലധികം കണ്ടെത്തിയിട്ടുണ്ട്

**ഭക്ഷ്യോല്പന്നങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ**

171(2097) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഭക്ഷ്യോല്പന്നങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി നടത്തിയ പദ്ധതികളുടെ വിശദാംശം നൽകുമോ; ഓരോ പദ്ധതിക്കായും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യോല്പന്നങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി 2016-17 മുതൽ നാളിതുവരെ നടപ്പാക്കിയിട്ടുള്ള പദ്ധതികളും അവയ്ക്കായി ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

**പ്രധാന പദ്ധതികൾ**

1) സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഗ്രാമപഞ്ചായത്ത് പദ്ധതി- സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച ഈ പദ്ധതി 2016-17 മുതൽ നാളിതുവരെ സംസ്ഥാനത്ത് ആകെ 432 ഗ്രാമപഞ്ചായത്തുകളിലാണ് നടപ്പാക്കിയിട്ടുള്ളത്. 205.15 ലക്ഷം രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

2) സേഫ് ആന്റ് ന്യൂട്രിഷ്യസ് ഫുഡ് @ സ്കൂൾ (SNF@School)- സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണ ശീലങ്ങൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ഈ പദ്ധതി 2016-17 മുതൽ നാളിതുവരെ സംസ്ഥാനത്ത് ആകെ 1603 സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ട്. 70.86 ലക്ഷം രൂപയാണ് ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്.

**മറ്റ് പ്രവർത്തനങ്ങൾ**

1) IEC പ്രവർത്തനങ്ങൾ - ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, പത്ര മാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെയുള്ള നിരന്തരമായ ഭക്ഷ്യസുരക്ഷ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഭക്ഷ്യസുരക്ഷ ബോധവൽക്കരണ സന്ദേശങ്ങൾ അടങ്ങിയ വീഡിയോകളുടെ നിർമ്മാണവും പ്രദർശനവും, പോസ്റ്ററുകൾ, ബുക്ക്ലെറ്റുകൾ, ഡിസ്പ്ലേ ബോർഡുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള ബോധവൽക്കരണം, ബോധവൽക്കരണ സെമിനാറുകൾ, സൈക്ലത്തോൺ/വാക്കത്തോൺ എന്നീ IEC പ്രവർത്തനങ്ങൾ വകുപ്പ് നടത്തിവരുന്നു. 196.72 ലക്ഷം രൂപയാണ് ടി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളത്.

2) MoU വർക്ക് പ്ലാൻ പ്രകാരമുള്ള പദ്ധതികൾ/ പ്രോഗ്രാമുകൾ - കേന്ദ്ര ഭക്ഷ്യസുരക്ഷ അതോറിറ്റി കേരള ഭക്ഷ്യസുരക്ഷ കമ്മീഷണറേറ്റുമായി ചേർന്ന് ഒപ്പുവച്ചിട്ടുള്ള MoU പ്രകാരം 2020-21 സാമ്പത്തിക വർഷം മുതൽ വാർഷിക വർക്ക് പ്ലാൻ മുഖേനയുള്ള പദ്ധതികൾ/പ്രോഗ്രാമുകൾ ഭക്ഷ്യസുരക്ഷ വകുപ്പ് നടപ്പാക്കിവരുന്നു.

ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർക്കായി നടത്തിവരുന്ന ഫോസ്റ്റാക് ട്രെയിനിംഗ് (FoSTaC Training), വിവിധ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത് പോഷകസമൃദ്ധവും ഗുണനിലവാരമുള്ളതുമായ ഭക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന Eat Right Campus, സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യകരവും സുസ്ഥിരവുമായ ഭക്ഷണ ശീലങ്ങൾ വളർത്തുന്നതിനായി നടപ്പാക്കിവരുന്ന Eat Right School പദ്ധതി, ഏകദേശം

20 മുതൽ 50 വരെ തട്ടുകടകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ശുദ്ധവും വൃത്തിയുള്ളതുമായ ആഹാരം പാകം ചെയ്ത് പൊതുജനങ്ങൾക്കും വിനോദ സഞ്ചാരികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ് പദ്ധതി (Clean Street Food Hub), സംസ്ഥാനത്തെ പഴം, പച്ചക്കറി മാർക്കറ്റുകളിൽ സുരക്ഷിതവും ശുചിത്വമുള്ളതുമായ ഭക്ഷ്യവ്യാപാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിവരുന്ന ക്ലീൻ ഫ്രൂട്ട് ആന്റ് വെജിറ്റബിൾ മാർക്കറ്റ് പദ്ധതി, ശുദ്ധവും വൃത്തിയുള്ളതുമായ ഭക്ഷണ പദാർത്ഥങ്ങൾ പൊതുജനങ്ങൾക്ക് ഉറപ്പാക്കുന്നതിനായി ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കഫേകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് റേറ്റിംഗ് നൽകി അംഗീകാരം നൽകുകയും അതോടൊപ്പം ജനങ്ങളെ ആകർഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന ഹൈജീൻ റേറ്റിംഗ് പദ്ധതി, സംസ്ഥാനത്തെ ആരാധനാലയങ്ങളിൽ ഭക്ഷ്യയോഗ്യമായ പ്രസാദങ്ങളിലെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിവരുന്ന BHOG പദ്ധതി, ഉപയോഗിച്ച ഭക്ഷ്യ എണ്ണയുടെ വീണ്ടും വീണ്ടുമുള്ള ഉപയോഗം നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന RUCO പദ്ധതി തുടങ്ങിയവ MoU വർക്ക് പ്ലാൻ പ്രകാരം നടപ്പാക്കിവരുന്നു. കേന്ദ്ര ഭക്ഷ്യസുരക്ഷ അതോറിറ്റി വിഹിതത്തിൽനിന്നും 32.94 ലക്ഷം രൂപയും സംസ്ഥാന വിഹിതത്തിൽനിന്നും 28.21 ലക്ഷം രൂപയും പ്രസ്തുത പദ്ധതികൾ/ പ്രോഗ്രാമുകൾക്കായി നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

**മായം ചേർന്ന മത്സ്യ വില്പന തടയുന്നതിനുള്ള മാർഗ്ഗങ്ങൾ**

172(2098) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴകിയതും മായം കലർന്നതുമായ മത്സ്യം വ്യാപകമായി വിപണനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ മായം ചേർക്കുന്നതായുള്ള വാർത്തകളുടെയും പൊതുജനങ്ങളിൽനിന്നും ലഭ്യമായ പരാതികളുടെയും അടിസ്ഥാനത്തിൽ മത്സ്യത്തിലെ മായം കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ മത്സ്യ' എന്ന പ്രത്യേക പരിശോധനകൾക്ക് രൂപം നൽകുകയും 2022 ഏപ്രിൽ മുതൽ സംസ്ഥാന വ്യാപകമായി അന്യ സംസ്ഥാനങ്ങളിൽനിന്നും ചെക്ക് പോസ്റ്റുകൾവഴി സംസ്ഥാനത്തേയ്ക്കെത്തുന്നത് ഉൾപ്പെടെയുള്ള മത്സ്യം പരിശോധിക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷ വകുപ്പ് ഒരുക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി 31-7-2022 വരെ 6264 മത്സ്യ പരിശോധനകൾ നടത്തുകയും 3086 സർവൈലൻസ് സാമ്പിളുകൾ ശേഖരിക്കുകയും 139 വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും 28512 കിലോ ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ ഇത്തരം മത്സ്യം പരിശോധിക്കുന്നതിനും വില്പന തടയുന്നതിനും നിലവിലുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് മാർക്കറ്റുകളിൽ ലഭ്യമാകുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ചെക്ക്പോസ്റ്റുകൾ, മത്സ്യലേല മാർക്കറ്റുകൾ, മത്സ്യ മൊത്തവില്പന കേന്ദ്രങ്ങൾ, മത്സ്യവില്പന കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. പ്രസ്തുത പരിശോധനകളിൽ മത്സ്യത്തിൽ ഫോർമാലിൻ ഉൾപ്പെടെയുള്ള രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തുകയോ കേടായ മത്സ്യം കണ്ടെത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ അവ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്നതാണെങ്കിൽ അതേ സംസ്ഥാനത്തേയ്ക്കുതന്നെ തിരിച്ചയക്കുകയോ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമം, 2006 സെക്ഷൻ 38(4) പ്രകാരം ടി മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്.

Central Institute of Fisheries Technologies (CIFT) വികസിപ്പിച്ചെടുത്ത Test kit ഉപയോഗിച്ച് മത്സ്യത്തിൽ ഫോർമാലിൻ/ അമോണിയയുടെ സാന്നിദ്ധ്യം തൽസമയം കണ്ടെത്താൻ കഴിയുന്നു. കൂടാതെ ഭക്ഷ്യസുരക്ഷ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന മത്സ്യ സാമ്പിളുകൾ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനെലറ്റിക്കൽ ലാബുകളിൽ അയച്ച് GCMSMS (Gas Chromatograph coupled with Mass Spectrophotometer), HPLC (High-Performance Liquid Chromatography) എന്നീ അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ഗുണനിലവാര പരിശോധന നടത്തിവരുന്നു.

**പെരുമ്പാവൂർ മണ്ഡലത്തിലെ ഫുഡ് സേഫ്റ്റി പരിശോധനകൾ**

173(2099) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മണ്ഡലത്തിൽ ഫുഡ് ആൻഡ് സേഫ്റ്റി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; നടപ്പ് സാമ്പത്തിക വർഷത്തിൽ എത്ര കേസുകളാണ് ഈ ഇനത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്?

പെരുമ്പാവൂർ മണ്ഡലത്തിൽ ഫുഡ് ആൻഡ് സേഫ്റ്റി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിലേയ്ക്കായി ലൈസൻസ്/

രജിസ്ട്രേഷൻ മേളകൾ സംഘടിപ്പിക്കുകയുണ്ടായി. എന്നാൽ നടപ്പ് സാമ്പത്തിക വർഷം ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലാത്തതുകൊണ്ട് മാത്രം ഈ ഇനത്തിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. കൂടാതെ രജിസ്ട്രേഷൻ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചിരുന്ന 43 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 10 സ്ഥാപനങ്ങൾക്ക് പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ തമിഴ്നാട്ടിൽ നിന്നുള്ള മായം കലർന്ന പാൽ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മണ്ഡലത്തിൽ മായം കലർന്ന മത്സ്യം, പഴവർഗ്ഗങ്ങൾ എന്നിവ വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബന്ധപ്പെട്ട വകുപ്പുകൾ കൃത്യമായ പരിശോധനകൾ നടത്താറുണ്ടോ; മായം കലർന്നതും വിഷം കലർന്നതുമായ പഴവർഗ്ഗങ്ങളും മത്സ്യങ്ങളും വിൽപ്പന നടത്തിയത് സംബന്ധിച്ച് ലഭ്യമായ വിവരങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരിശോധനകൾ നടത്തിവരുന്നു.

(ഡി) പ്രസ്തുത മണ്ഡലത്തിൽ സ്റ്റാർ റേറ്റിംഗുള്ള ഏതെല്ലാം ഹോട്ടലുകൾ നിലവിലുണ്ട്; പട്ടിക ലഭ്യമാക്കാമോ; ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 2021 മുതൽ ഇക്കാലയളവ് വരെ എത്ര പരിശോധനകളാണ് നടത്തിയിട്ടുള്ളത്; മോശമായ ഭക്ഷണം വിതരണം ചെയ്ത സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഏതെല്ലാം ഹോട്ടലുകൾക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളത്?

പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ 5 ഹോട്ടലുകൾക്ക് FSSAI ഹൈജീൻ റേറ്റിംഗ് നൽകിയിട്ടുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. Anjaly International, Oushadi Jn., Mc Road, Perumbavoor, Ernakulam - 683 542

2. Embasseril Tourist Home, Kuruppampady PO, Kuruppampady, Perumbavoor, Ernakulam - 683 545

3. Hotel Dewland, 9/507-A, Vallam, Alattuchira, Perumbavoor

4. Ritz International, Perumbavoor

5. Wings Park Hotel And Resorts Pvt. Ltd., Perumbavoor

ആകെ നടത്തിയ 487 ഭക്ഷ്യ പരിശോധനകളിൽ 169 ഹോട്ടൽ/ റെസ്റ്റോറന്റുകളിൽ പരിശോധന നടത്തി. ആയതിൽ ഭക്ഷ്യസുരക്ഷ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ചിരുന്ന രണ്ട് സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകിയിട്ടുണ്ട്.

(1). Calicut Whyte House, VII/203 PC, MC Road, Perumbavoor.

2. Mullas Restaurant, Perumbavoor. കൂടാതെ 180 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതിൽ ചുവടെ ചേർത്തിട്ടുള്ള 9 ഹോട്ടലുകൾ ഉൾപ്പെടെ 14 സ്ഥാപനങ്ങൾക്ക് പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്.

Royal Sweets, Onnamile

New Grand Hotel, XVII/1442, PP Road, Perumbavoor.

നസീറിന്റെ പെറോട്ട കട, PP Road, Perumbavoor.

Cochin Bakery, PP Road, Perumbavoor.

Surya Restaurant, Opp. Kodanad Police Station, Odakkali.

City Bakers, Kuruppampady.

Golden Horca, Kuruppampady.

Treat Well Cake Shop, Christhuraj Complex, MC Road, Perumbavoor.

96 Eatery, MC Road, Perumbavoor

4 പ്രോസിക്യൂഷൻ കേസുകളും 1 അഡ്ജ്യൂഡിക്കേഷൻ കേസും ഇക്കാലയളവിൽ ഫയൽ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 9 കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) മണ്ഡലത്തിൽ ഭക്ഷ്യസുരക്ഷ വകുപ്പിന്റെ കീഴിൽ ലാബ് സൗകര്യം ഉണ്ടോ; ഇല്ലെങ്കിൽ പുതിയ ലാബ് സജ്ജീകരിക്കുന്നത് പരിഗണനയിലുണ്ടോ?

പെരുമ്പാവൂർ മണ്ഡലത്തിൽ ഭക്ഷ്യസുരക്ഷ വകുപ്പിന്റെ നിയന്ത്രണത്തിൽ ഭക്ഷ്യ പരിശോധന ലാബ് സൗകര്യം നിലവിലില്ല. എന്നാൽ എറണാകുളം ജില്ലയിൽ കാക്കനാട് ഭക്ഷ്യസുരക്ഷ വകുപ്പിന്റെ കീഴിലുള്ള റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി നിലവിലുണ്ട് .

(എഫ്) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മണ്ഡലത്തിലെ ഫുഡ് സേഫ്റ്റി ഓഫീസർ എത്ര മത്സ്യ, പഴവർഗ്ഗ സാമ്പിളുകൾ എൻ.എ.ബി.എൽ. അക്രെഡിറ്റഡ് അനലറ്റിക്കൽ ലാബുകളിലേക്ക് പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മണ്ഡലത്തിലെ ഫുഡ് സേഫ്റ്റി ഓഫീസർ മീനിന്റെ 19 സർവൈലൻസ് സാമ്പിളുകളും പഴവർഗ്ഗങ്ങളുടെ 13 സർവൈലൻസ് സാമ്പിളുകളും പരിശോധനയ്ക്കായി എൻ.എ.ബി.എൽ. അക്രെഡിറ്റഡ് അനലറ്റിക്കൽ ലാബുകളിലേയ്ക്ക് അയച്ചിരുന്നു. പരിശോധനാഫലം തൃപ്തികരമാണ്.

**ഭക്ഷ്യ സാധനങ്ങളിൽ മായം ചേർക്കൽ തടയാൻ നടപടി**

174(2100) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസാധനങ്ങളിൽ മായം ചേർക്കൽ വ്യാപകമാകുന്നത് തടയാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതുവഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കുപുറമെ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല/മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങളിലും കൂടിച്ചേരലുകളിലും മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/ അഡ്ജൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഭക്ഷ്യ വിഷബാധപോലെയുള്ള അടിയന്തര സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷ വകുപ്പിന്റെ നിയന്ത്രണത്തിൽ 24 മണിക്കൂറും പ്രവർത്തന സജ്ജമായ Quick Response Team (QRT) എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ഭക്ഷ്യസുരക്ഷ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പരാതി സ്വീകരിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ജി.സി.സി (ഗവൺമെന്റ് കോൺടാക്ട് സെന്റർ) മുഖേന പ്രവർത്തിപ്പിച്ചുവരുന്ന ടോൾഫ്രീ നമ്പർ (1800 425 1125) സംസ്ഥാനത്ത് നിലവിലുണ്ട്.

2006-ലെ ഭക്ഷ്യസുരക്ഷ നിയമപ്രകാരം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, കാറ്ററിംഗ് യൂണിറ്റുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യോല്പാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യസുരക്ഷ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പാക്കിവരുന്നു.

ഭക്ഷ്യസുരക്ഷ സംബന്ധിച്ച IEC പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യസുരക്ഷ വകുപ്പ് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിന്റെ ദൂഷ്യ വശങ്ങൾ വിശദീകരിച്ചുകൊണ്ട് നിരവധി അവബോധന ക്ലാസുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ഈ വിഷയത്തിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള എളുപ്പമാർഗ്ഗങ്ങൾ സംബന്ധിച്ച് ഒരു ഡോക്യുമെന്ററി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ടി ഡോക്യുമെന്ററി ബോധവൽക്കരണത്തിന്റെ ഭാഗമായി സഞ്ചരിക്കുന്ന ഭക്ഷ്യസുരക്ഷ ലബോറട്ടറികൾ മുഖേന പ്രദർശിപ്പിച്ച് വരുന്നു. സിവിൽ സപ്ലൈസ് വകുപ്പിന്റെ ആവശ്യപ്രകാരം പൊതുജന ബോധവൽക്കരണത്തിനായി ടി ഡോക്യുമെന്ററിയുടെ പകർപ്പ് നൽകിയിട്ടുണ്ട്. കൂടാതെ SNF@School, Model Grama Panchayath തുടങ്ങിയ പദ്ധതികളിൽ ടി ഡോക്യുമെന്ററി പൊതുജന ബോധവൽക്കരണത്തിനായി ഉപയോഗിച്ചുവരുന്നു .

സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ഭക്ഷ്യസുരക്ഷ സംബന്ധിച്ച് അവബോധനം സൃഷ്ടിക്കുന്നതിനായി SNF@School എന്ന പദ്ധതി നടപ്പാക്കിവരുന്നു. സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് എന്ന പദ്ധതിയിലൂടെ പഞ്ചായത്തുകളിലെ എല്ലാ ഭക്ഷ്യസംരംഭകരെയും ഭക്ഷ്യസുരക്ഷ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനും ഭക്ഷ്യസുരക്ഷ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ടി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരുന്നു.

കുടിവെള്ള പരിശോധന, ഭക്ഷ്യവസ്തുക്കളിലെ മായം ഇവ പെട്ടെന്ന് പരിശോധിക്കുന്നതിനും പൊതുജനങ്ങൾക്ക് ഭക്ഷ്യസുരക്ഷ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും ഭക്ഷ്യസുരക്ഷ വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യസുരക്ഷ ലാബുകൾ (Food Safety on wheels) പ്രവർത്തിച്ചുവരുന്നു. ടി ലാബുകളിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള Quick Adulteration ടെസ്റ്റുകൾ നടത്തിവരുന്നു.

(ബി) വിഷയം സംബന്ധിച്ച് കഴിഞ്ഞ 6 മാസത്തിനുള്ളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ സാധനങ്ങളിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് കഴിഞ്ഞ 6 മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | അഡ്ജ്യൂഡിക്കേഷൻ കേസുകൾ | പ്രോസിക്യൂഷൻ കേസുകൾ |
|---|---|---|
| തിരുവനന്തപുരം | NIL | NIL |
| കൊല്ലം | 31 | 18 |
| പത്തനംതിട്ട | NIL | 12 |
| ആലപ്പുഴ | 23 | 17 |
| കോട്ടയം | 28 | 8 |
| ഇടുക്കി | 4 | 1 |
| എറണാകുളം | 24 | 31 |
| തൃശ്ശൂർ | 39 | 20 |
| പാലക്കാട് | 20 | 26 |
| മലപ്പുറം | 25 | 11 |
| കോഴിക്കോട് | 57 | 66 |
| വയനാട് | 4 | 10 |
| കണ്ണൂർ | 10 | 17 |
| കാസർഗോഡ് | 10 | 10 |

(സി) മായം ചേർക്കലും വില്പനയും ഫലപ്രദമായി തടയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനംകൂടി പ്രയോജനപ്പെടുത്തി വിപുലമായ പരിശോധന സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി പരിശോധനകൾ നടത്തിവരുന്നുണ്ട് .

**മായം കലർത്തിയ പാൽ പിടികൂടുന്നതിനുള്ള സംവിധാനങ്ങൾ**

175(2101) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിർത്തി ചെക്ക് പോസ്റ്റുകളിലൂടെ സംസ്ഥാനത്തേയ്ക്ക് വൻതോതിൽ രാസവസ്തുക്കൾ ഉൾപ്പെടെയുള്ള മായം കലർത്തിയ പാൽ കടത്തുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് പരിശോധിച്ച് കണ്ടെത്തുന്നതിനായി ഭക്ഷ്യസുരക്ഷ വകുപ്പിന് പര്യാപ്തമായ സംവിധാനം നിലവിലുണ്ടോ?

മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഉൾപ്പെടെ സംസ്ഥാനത്തേയ്ക്ക് വരുന്ന പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരമില്ലാത്തതും മായം കലർന്നതുമാണെന്ന് കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമം, 2006 പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ആകെ 5556 പരിശോധനകൾ നടത്തുകയും 617 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 1818 സർവൈലൻസ് സാമ്പിളുകളും ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിൽ 34 എണ്ണം unsafe ആയും 9 എണ്ണം Substandard ആയും ലാബ് പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. ഇതിന്റെ തുടർനടപടിയെന്ന നിലയിൽ കുറ്റക്കാർക്കെതിരെ 25 പ്രോസിക്യൂഷൻ കേസുകളും 7 അഡ്ജ്യൂഡിക്കേഷൻ കേസുകളും കോടതികളിൽ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ 5 പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) മായം ചേർത്ത പാൽ പിടികൂടാൻ ഭക്ഷ്യസുരക്ഷ വകുപ്പ് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; എല്ലാ ചെക്ക് പോസ്റ്റുകളിലും പരിശോധന ഉറപ്പാക്കിയിട്ടുണ്ടോ?

മറ്റ് സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കൊണ്ടുവരുന്ന പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷ വകുപ്പിന്റെ കീഴിലുള്ള അനലറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരമില്ലാത്തതും മായം കലർന്നതുമാണെന്ന് കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമം, 2006 പ്രകാരം നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. ഓണവുമായി ബന്ധപ്പെട്ട് ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് പ്രത്യേക പരിശോധനകൾ ഭക്ഷ്യസുരക്ഷ വകുപ്പ് നടത്തുന്നുണ്ട്.

(സി) ഓണവിപണി ലക്ഷ്യമാക്കി വൻതോതിൽ വ്യാജ പാൽ എത്തിച്ചേരുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കാനായി സംസ്ഥാന വ്യാപകമായി പരിശോധനയ്ക്ക് സ്ക്വാഡിനെ നിയോഗിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഓണത്തോടനുബന്ധിച്ച് ഭക്ഷ്യസുരക്ഷ വകുപ്പ് ജനങ്ങൾക്ക് സുരക്ഷിതവും ശുചിത്വമുള്ളതുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ആഗസ്റ്റ് 29 മുതൽ സെപ്റ്റംബർ 6 വരെ എല്ലാ ജില്ലകളിലും സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകളുൾപ്പെടെ സ്ഥലങ്ങളിൽ പരിശോധന നടത്തുന്നതിന് വിപുലമായ സംവിധാനമൊരുക്കിയിട്ടുണ്ട്.

## കറിപൗഡറുകളിലെ വിഷാംശം

176(2102) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണനം ചെയ്യുന്ന കറിപൗഡറുകളിൽ ക്യാൻസറിന് കാരണമാകുന്ന മാരകവിഷങ്ങൾ അടങ്ങിയിട്ടുണ്ടെന്ന തരത്തിലുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള കറിപൗഡറുകൾ ഉല്പാദിപ്പിക്കുന്ന ഏതെങ്കിലും കമ്പനികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇതുസംബന്ധിച്ച പഠന റിപ്പോർട്ടുകളൊന്നുംതന്നെ സർക്കാരിൽ ലഭ്യമായിട്ടില്ല. പരിശോധനകളിൽ സുരക്ഷിതമല്ലെന്ന് കണ്ടെത്തിയ കറിപൗഡറുകൾ ഉല്പാദിപ്പിക്കുന്നവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ആരോഗ്യത്തിന് ഹാനികരമായ ഇത്തരം ഉല്പന്നങ്ങളെക്കുറിച്ച് തെറ്റിദ്ധരിപ്പിച്ച് പരസ്യങ്ങൾ നൽകുന്നതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഇത്തരം പരസ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരത്തിലുള്ള ഉല്പന്നങ്ങളുടെ വിപണനം പൂർണ്ണമായും തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

2016-17 മുതൽ നാളിതുവരെ നടത്തിയ കറി പൗഡറുമായി ബന്ധപ്പെട്ട പരിശോധനകളിൽ ആകെ 351 എണ്ണം unsafe ആയും 65 എണ്ണം substandard ആയും 70 എണ്ണം misbranded ആയും കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിപണിയിൽ നിന്നും ഇത്തരം ഉൽപ്പന്നങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കുറ്റക്കാരായ വ്യക്തികൾ/ സ്ഥാപനങ്ങൾക്കെതിരെ 188 അഡ്ജ്യൂഡിക്കേഷൻ കേസുകളും 256 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട് .

## ഫുഡ്സേഫ്റ്റി ഓഫീസറുടെ അധിക തസ്തിക

177(2103) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഭക്ഷ്യസുരക്ഷ വകുപ്പിൽ ഫുഡ്സേഫ്റ്റി ഓഫീസറുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഇല്ല.

(ബി) ഫുഡ്സേഫ്റ്റി ഓഫീസറുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഫുഡ്സേഫ്റ്റി ഓഫീസറുടെ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിശോധിച്ചുവരുന്നു.

(സി) ഓരോ ജില്ലയിലും ഫുഡ്സേഫ്റ്റി ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം വിശദമാക്കാമോ?

സംസ്ഥാന തലത്തിലാണ് ഫുഡ്സേഫ്റ്റി ഓഫീസർമാരുടെ നിയമനം നടത്തുന്നത്. നിലവിൽ ഫുഡ്സേഫ്റ്റി ഓഫീസർമാരുടെ 9 ഒഴിവുകൾ നിലവിലുണ്ട്.

**നല്ല ഭക്ഷണം നാടിന്റെ അവകാശം ക്യാമ്പയിൻ**

178(2104) <u>ശ്രീ. ഡി. കെ. മുരളി</u>:
<u>ശ്രീ. ആന്റണി ജോൺ</u>:
<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>:
<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറിപ്പൊടികളിൽ മായം കണ്ടെത്തുന്നതിനുള്ള പരിശോധന ശക്തമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഭക്ഷ്യയോഗ്യമല്ലാത്തതും മായം ചേർത്തതുമായ സാമ്പിളുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ നിയമ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

കറിപ്പൊടികൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും അതുവഴി സുരക്ഷിതമായി ഭക്ഷണം ജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനുമായി ഓണത്തോടനുബന്ധിച്ച് ഭക്ഷ്യസുരക്ഷ വകുപ്പ് ആഗസ്റ്റ് 29 മുതൽ സെപ്റ്റംബർ 6 വരെ എല്ലാ ജില്ലകളിലും സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിക്കുകയും പരിശോധനകൾ നടന്നുവരികയുമാണ്. ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പരിശോധന നടത്തുന്നതിന് വിപുലമായ സംവിധാനമൊരുക്കിയിട്ടുണ്ട്. 2016-17 മുതൽ നാളിതുവരെ നടത്തിയ കറി പൗഡറുമായി ബന്ധപ്പെട്ട പരിശോധനകളിൽ ആകെ 351 എണ്ണം unsafe ആയും 65 എണ്ണം substandard ആയും 70 എണ്ണം misbranded ആയും കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിപണിയിൽനിന്നും ഇത്തരം ഉൽപ്പന്നങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കൂടാതെ കുറ്റക്കാരായ വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ 188 അഡ്ജ്യൂഡിക്കേഷൻ കേസുകളും 256 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്.

(ബി) ഭക്ഷ്യവസ്തുക്കളിൽ മായം കണ്ടെത്തുന്നതിന്റെ ഭാഗമായി ആരംഭിച്ച നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന ക്യാമ്പയിനിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; മീനിലെ മായം കണ്ടെത്തുന്നതിനായി ആരംഭിച്ച ഓപ്പറേഷൻ മത്സ്യ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

പൊതുജനങ്ങൾക്ക് സുരക്ഷിത ഭക്ഷണം ഉറപ്പാക്കാൻ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. Trans fat, Blissful Hygienic Offerings to God, Food Fortification, Hygiene Rating, Eat Right Campus, Clean Fresh Fruits and Vegetable Market, Clean and Safe Meat Campaign, Clean Street Food Hub തുടങ്ങിയ പദ്ധതികളിലൂടെ പൊതുജനങ്ങൾക്ക് സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നു. കുടിവെള്ളവും മറ്റ് ഭക്ഷ്യ വസ്തുക്കളും പരിശോധിക്കുന്നതിന് എല്ലാ ജില്ലകളിലും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ പ്രവർത്തനം സജ്ജമാക്കിയിട്ടുണ്ട്. വകുപ്പ് നടത്തുന്ന IEC പ്രവർത്തനങ്ങളിലൂടെയും മറ്റ് ബോധവൽക്കരണ പരിപാടികളിലൂടെയും പ്രോസസ്ഡ് ഭക്ഷ്യപദാർത്ഥങ്ങളിലെ ഉപ്പ്, പഞ്ചസാര, ട്രാൻസ്ഫാറ്റ് എന്നിവയുടെ അളവ് കുറയ്ക്കുന്നതിനുള്ള കൃത്യമായ നിർദ്ദേശങ്ങൾ ഭക്ഷ്യസംരംഭകർക്ക് നൽകിവരുന്നു. ദൈനംദിന പരിശോധനകളുടെ ഭാഗമായി ഭക്ഷ്യോല്പാദന-വിതരണ-വില്പന കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും കർശന പരിശോധനകൾ നടത്തിവരുന്നു. സംസ്ഥാനത്ത് വിൽപ്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വ്യാപകമായി മായം ചേർക്കുന്നതായുള്ള വാർത്തകളുടെയും പൊതുജനങ്ങളിൽ നിന്നും ലഭ്യമായ പരാതികളുടെയും അടിസ്ഥാനത്തിൽ മത്സ്യത്തിലെ മായം കണ്ടെത്തുന്നതിനായി ' ഓപ്പറേഷൻ മത്സ്യ' എന്ന പേരിൽ പ്രത്യേക പരിശോധനകൾക്ക് രൂപം നൽകുകയും 2022 ഏപ്രിൽ മുതൽ സംസ്ഥാന വ്യാപകമായി അന്യസംസ്ഥാനങ്ങളിൽനിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നതുൾപ്പെടെയുള്ള മത്സ്യം പരിശോധിക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷ വകുപ്പ് ഒരുക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി 31-7-2022 വരെ 6264 മത്സ്യ പരിശോധനകൾ നടത്തുകയും 3086 സർവൈലൻസ് സാമ്പിളുകൾ ശേഖരിക്കുകയും 139 വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും 28512 കിലോ ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉന്നത സാങ്കേതികവിദ്യകൾ ഉപയോഗിച്ച് മായം ചേർക്കൽ കണ്ടുപിടിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ടോ; എല്ലാ ജില്ലകളിലും മൊബൈൽ ഭക്ഷ്യപരിശോധന ലാബുള്ള ആദ്യ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉന്നത സാങ്കേതികവിദ്യകൾ ഉപയോഗിച്ച് മായം ചേർക്കൽ കണ്ടുപിടിക്കുന്നതിന്റെ ഭാഗമായി പാകം ചെയ്ത ഭക്ഷണസാധനങ്ങളിൽ കൃത്രിമ നിറങ്ങളുടെ സാന്നിദ്ധ്യം, അവയുടെ അളവ് ഇവ പരിശോധിക്കുന്നതിനായി UV Spectro Photrometer, High Performance Liquid Chromatograph (HPLC), മധുര പലഹാരങ്ങൾ, പാനീയങ്ങൾ, അച്ചാറുകൾ, Half Cooked Chapathi മുതലായവയിലെ Benzoic acid, Sorbic acid എന്നീ കൃത്രിമ പ്രിസർവേറ്റീവുകളുടെയും പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനിയുടെ സാന്നിദ്ധ്യവും അളവും എന്നിവ കണ്ടെത്തുന്നതിനുള്ള High-Performance Liquid Chromatography (HPLC), Gas Chromatograph coupled with Mass Spectrophotometer (GCMS MS) എന്ന നൂതന സാങ്കേതിക വിദ്യയും ഘനലോഹങ്ങളായ ലെഡ്, കോപ്പർ, ആർസനിക് എന്നിവയുടെ സാന്നിദ്ധ്യവും അളവും പരിശോധിക്കുന്നതിന് Inductively Coupled Plasma Optical Emission Spectrometry (ICP-OES) എന്ന നൂതന സാങ്കേതിക വിദ്യയും ബേക്കറി ഉൽപ്പന്നങ്ങളായ കേക്ക്, പഫ്സ് തുടങ്ങിയവയിലെ Transfat-ന്റെ സാന്നിദ്ധ്യവും അളവും കണ്ടെത്തുന്നതിനായി Gas Chromatograph (GC) എന്ന ഉപകരണവും പാൽ, മത്സ്യം, മാംസം, തേൻ എന്നിവയിലെ ആന്റീബയോട്ടിക്കുകളുടെ സാന്നിദ്ധ്യവും പാലിൽ അടങ്ങിയിരിക്കുന്ന അഫ്ലോടോക്സിന്റെ സാന്നിദ്ധ്യവും പരിശോധിക്കുന്നതിനായി Liquid Chromatograph Coupled with Mass Spectrophotometer (LCMS-MS) എന്ന നൂതന സാങ്കേതിക വിദ്യയും ഭക്ഷ്യസുരക്ഷ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലറ്റിക്കൽ ലബോറട്ടറികളിൽ സജ്ജമാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ നിലവിലുള്ള ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട് .

(ഡി) നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന ക്യാമ്പയിൻ നടപ്പിലാക്കുന്നതിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന ക്യാമ്പയിൻ പൊതുജന പങ്കാളിത്തത്തോടുകൂടിയാണ് ഭക്ഷ്യസുരക്ഷ വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. വകുപ്പ് നടത്തുന്ന IEC പ്രവർത്തനങ്ങളിലൂടെയും മറ്റ് ബോധവൽക്കരണ പരിപാടികളിലൂടെയും സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണത്തിന്റെ ആവശ്യകത സംബന്ധിച്ച് അവബോധം സൃഷ്ടിച്ചുവരുന്നു. വകുപ്പ് നടത്തുന്ന ബോധവൽക്കരണ പരിപാടികളിൽ പൊതുജനങ്ങൾ, സ്കൂൾ കോളേജ് വിദ്യാർത്ഥികൾ, റെസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ, അംഗൻവാടി ആശാ പ്രവർത്തകർ, ഭക്ഷ്യ സംരംഭകർ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തിവരുന്നു.

## മരുന്ന് കമ്പനികളുടെ ഉയർന്ന വില ഈടാക്കൽ തടയാനുള്ള നടപടികൾ

179(2105) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗിക്കുന്ന മരുന്നുകളിൽ സർക്കാർ സ്ഥാപനങ്ങളുടേതും സ്വകാര്യ സ്ഥാപനങ്ങളുടേതും ബഹുരാഷ്ട്രകമ്പനികളുടേതും എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആയതുസംബന്ധിച്ച് അലോപ്പതി/ആയുർവ്വേദം/ ഹോമിയോ മേഖലകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് ചികിത്സാർത്ഥം 2020-21 സാമ്പത്തിക വർഷത്തിൽ സർക്കാർ സ്ഥാപനങ്ങൾവഴി 502 കോടി രൂപയുടെയും (12 ശതമാനം), സ്വകാര്യ സ്ഥാപനങ്ങൾവഴി (ബഹുരാഷ്ട്ര കമ്പനികളുടെ ഡിപ്പോകളുൾപ്പെടെ) 3726 കോടി രൂപയുടെയും (88 ശതമാനം) അലോപ്പതി മരുന്നുകളാണ് ഉപയോഗിച്ചിട്ടുള്ളത്. 48 കോടി രൂപയുടെ ഹോമിയോ മരുന്നുകളും ഉപയോഗിച്ചിട്ടുണ്ട്. 2020-21-ൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനമായ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം) ലിമിറ്റഡ് (ഔഷധി) 141 കോടി രൂപയുടെ ആയുർവ്വേദ മരുന്ന് ഉല്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്.

(സി) കേന്ദ്രസർക്കാർ പല മരുന്നുകളും അവരുടെ പേരിലുള്ള മെഡിക്കൽ സ്റ്റോറുകൾവഴി വിതരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് ആയതുപോലുള്ള പ്രവർത്തനങ്ങൾ കേന്ദ്രസഹായത്തോടെ നടപ്പാക്കാൻ കഴിയുമോ എന്നത് പരിശോധിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഭാരതീയ ജൻ ഔഷധി പരിയോജന പ്രകാരം സംസ്ഥാനത്ത് 900-ത്തോളം ജൻ ഔഷധി മെഡിക്കൽ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് മരുന്ന് വിതരണവുമായി ബന്ധപ്പെട്ട് വ്യവസ്ഥാപിതമായ ഒരു സംവിധാനം നിലവിലുള്ളതിനാലും പുതിയ സംവിധാനങ്ങൾക്ക് സ്ഥലപരിമിതി തടസ്സമായതിനാലും മരുന്ന് വിതരണത്തിൽ ആവർത്തനം ഉണ്ടാക്കുന്നതിനാലും ജൻ ഔഷധി മെഡിക്കൽ ഷോപ്പുകൾ കേരളത്തിലെ സർക്കാർ ആശുപത്രികൾക്കുള്ളിൽ ആരംഭിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ബഹുരാഷ്ട്ര/ഇതര സംസ്ഥാന മരുന്ന് കമ്പനികളുടെ കടന്നു കയറ്റവും ഉയർന്ന വിലയും മരുന്ന് കമ്പനികളുടെ ഉയർന്ന വില ഈടാക്കലും തടയുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര അവശ്യവസ്തു നിയമ (Essential Commodities Act)-ത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO 2013) പ്രകാരം കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിനുകീഴിലുള്ള ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (National Pharmaceutical Pricing Authority) ആണ് രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നത്. ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽപ്പെടുന്നില്ല. ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വിൽക്കപ്പെടുന്നില്ലെന്നും ജീവൻ രക്ഷാ മരുന്നുകൾ സുലഭമായി ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്നും ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പതിവ് പരിശോധനകളിലും പരാതികളുടെയും അടിസ്ഥാനത്തിൽ നടത്തുന്ന പരിശോധനകളിലും മരുന്നുവില പരിധി ലംഘിക്കുന്നതായി കാണുന്ന മരുന്ന് നിർമ്മാതാക്കളുടെ വിശദാംശങ്ങൾ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയെ അറിയിക്കുന്നുണ്ട്. കൂടാതെ, ഔഷധവില നിയന്ത്രണ സമിതിയുടെ കേരള പ്രൈസ് മോണിറ്ററിംഗ് റിസോഴ്സ് യൂണിറ്റ് 2019-ൽ പ്രവർത്തനമാരംഭിച്ചതോടുകൂടി ഡ്രഗ്സ് കൺട്രോൾ വകുപ്പ് കൂടുതൽ ഫലപ്രദമായ രീതിയിൽ അവശ്യമരുന്നുകളുടെ ലഭ്യതയും വിലനിയന്ത്രണവും ഉറപ്പാക്കുന്നുണ്ട്.

(ഇ) സംസ്ഥാനത്ത് മരുന്ന് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് പുതുതായി LVP/SVP പ്ലാന്റ്, ഓങ്കോളജി പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പ്രാവർത്തികമാകുമ്പോൾ മരുന്ന് ഉല്പാദനം വർദ്ധിക്കുന്നതാണ്.

**പൊതുജനാരോഗ്യ സംവിധാനത്തിന്റെ വിപുലീകരണം**

180(2106) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. മുകേഷ്:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനാരോഗ്യ സംരക്ഷണം മികവുറ്റതാക്കുന്നതിനുവേണ്ടി വീടുകളിൽച്ചെന്ന് സർവേ നടത്തി 30 വയസ്സിന് മുകളിൽ പ്രായമുള്ള ഏവരിലും രോഗസാധ്യത കണ്ടെത്താനുള്ള പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) സർവ്വേയുടെ പ്രാഥമിക ഘട്ടത്തിൽ പരിശോധനയ്ക്ക് വിധേയരായവരിൽ 21 ശതമാനത്തോളം പേർ ഏതെങ്കിലും ഗുരുതര ജീവിതശൈലീ രോഗബാധിതരാകാൻ സാധ്യതയുള്ളവരാണെന്ന് കണ്ടെത്തിയ കാര്യം ഗൗരവത്തിലെടുത്ത് പൊതുജനാരോഗ്യ സംവിധാനത്തിന്റെ വിപുലീകരണത്തിന് നടപടി സ്വീകരിക്കുമോ?

(എ&ബി) നവ കേരള കർമ്മ പദ്ധതി -2 (ആർദ്രം 2.0)-ന്റെ ഭാഗമായി "അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് " എന്ന കാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ 30 വയസ്സ് കഴിഞ്ഞ മുഴുവൻ വ്യക്തികൾക്കും വർഷത്തിൽ ഒരിക്കൽ ആരോഗ്യ പരിശോധന നടത്തുക എന്ന ലക്ഷ്യത്തോടെ വാർഷിക സ്ക്രീനിംഗ് പരിപാടി ആരംഭിച്ചിട്ടുണ്ട്. പ്രമേഹം, രക്താതിമർദ്ദം, ബി.എം.ഐ, കാൻസർ അടക്കമുള്ള ജീവിതശൈലീ രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കുകയാണ് പ്രധാന ലക്ഷ്യം. ആദ്യ ഘട്ടത്തിൽ ഒരു നിയമസഭാ മണ്ഡലത്തിൽനിന്നും ഒരു പഞ്ചായത്തിനെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ജീവിതശൈലീ രോഗങ്ങളുടെ ഫലപ്രദമായ നിയന്ത്രണത്തിനായി ഇതുസംബന്ധിച്ച ആധികാരികമായ കണക്കുകൾ കണ്ടെത്തുക എന്നത് ഈ രോഗങ്ങളുടെ നിയന്ത്രണത്തിനാവശ്യമായ ആസൂത്രണത്തിന് വളരെ പ്രാധാന്യം സംബന്ധിച്ച ഒന്നാണ്. കൂടാതെ ജീവിതശൈലീ രോഗങ്ങളുണ്ടോ എന്നറിയാത്ത ഒരു വലിയ വിഭാഗം ജനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഭവന സന്ദർശനത്തിലൂടെ എല്ലാ ജനങ്ങളെയും സ്ക്രീനിംഗിന് വിധേയമാക്കുന്നതിലൂടെ സമൂഹത്തിലെ എല്ലാ രോഗികളെയും കണ്ടെത്തുന്നതിനും മതിയായ ചികിത്സ നൽകുന്നതിനും അതിലൂടെ ഗുരുതര രോഗങ്ങൾ ഒഴിവാക്കുന്നതിനും സാധ്യമാകുന്നു. രോഗ നിർണ്ണയം നടത്തിയ എല്ലാവർക്കും സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നുണ്ട്.

ക്യാൻസർ രോഗം പ്രാരംഭ ദശയിൽത്തന്നെ കണ്ടെത്താൻ സാധിക്കുന്നതിലൂടെ ചികിത്സ നേരത്തെ ആരംഭിക്കുന്നതിനും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഒഴിവാക്കുന്നതിനും സാധിക്കുന്നു. ഓരോ പ്രദേശത്തെയും രോഗങ്ങളുടെയും രോഗികളുടെയും സ്ഥിതിവിവര കണക്ക് ലഭ്യമാകുന്നതോടെ വികേന്ദ്രീകൃത ആസൂത്രണം നടത്തുന്നതിനും ഫണ്ട് വിനിയോഗം സുഗമമാക്കുന്നതിനും സാധ്യമാകുന്നതാണ്.

'ശൈലീ ആപ്പ്' വഴി ആശാപ്രവർത്തകർ മുഖാന്തരം ശേഖരിക്കുന്ന അടിസ്ഥാന വിവരങ്ങൾ ഇ-ഹെൽത്ത് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയും ഇതുവഴി UHID (യുണിക്ക് ഹെൽത്ത് ഐഡന്റിറ്റി) ലഭിക്കുകയും ചെയ്യും. റഫറൽ സംവിധാനത്തെ ഏറെ എളുപ്പമുള്ളതും കുറ്റമറ്റതുമാക്കുന്നതിനും

ഇതിലൂടെ സാധിക്കുന്നു. 'ശൈലീ ആപ്പ്' വഴി കണ്ടെത്തുന്ന ഉയർന്ന അപകടസാധ്യതയുള്ള വിഭാഗത്തെ കണ്ടെത്താനും അവർക്കാവശ്യമുള്ള തുടർ പരിശോധനകളും ചികിത്സകളും നൽകാനും ലക്ഷ്യമിടുന്നു. കൂടാതെ ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതുവഴി സംസ്ഥാനത്തെ രോഗാതുരത അളക്കാനും അത് നിയന്ത്രിക്കാനും തടയാനും ഒപ്പം സങ്കീർണ്ണതകൾ കുറയ്ക്കാനുമുള്ള നടപടികൾക്കുള്ള വിവരം ലഭിക്കുകയും ചെയ്യും.

സർവ്വേ ആരംഭിച്ച് ഒരു മാസം പിന്നിടുമ്പോൾ 140 പഞ്ചായത്തുകളിലായി 29% ജനങ്ങളെ സ്ക്രീനിംഗിന് വിധേയമാക്കാൻ സാധിച്ചിട്ടുണ്ട്. കാമ്പയിൻ ആരംഭിച്ച് ഒരു മാസത്തിനകം 10 ലക്ഷം പേരുടെ സ്ക്രീനിംഗ് നടത്തിയപ്പോൾ 2 ലക്ഷത്തിൽപരം രോഗികളിൽ റിസ്ക് ഫാക്ടറുകൾ (20.5%) ഉള്ളതായി കണ്ടെത്തുകയും 75000-ൽപ്പരം രോഗികളെ ക്യാൻസർ സ്ക്രീനിംഗിന് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 6.3% സ്ത്രീകളെ സ്തനാർബുദത്തിനായും 1.1% പേരെ ഗർഭാശയ ഗളാർബുദത്തിനായും 0.4% പേർ വദനാർബുദത്തിനായും സ്ക്രീനിംഗ് നടത്തുന്നതിന് റഫർ ചെയ്തിട്ടുണ്ട്. കൂടാതെ 11% പേർക്ക് രക്താതിമർദ്ദവും 9% പേർക്ക് പ്രമേഹവും 4% പേർക്ക് ഇവ രണ്ടുംകൂടി സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്. ഇത് അത്യന്തം ഗൗരവമായി കണക്കിലെടുത്തുകൊണ്ട് ജീവിതശൈലീ രോഗങ്ങളുടെ പരിശോധനയും ചികിത്സയും ഉറപ്പുവരുത്തുന്നതിനും ആരോഗ്യ വകുപ്പിന്റെ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനും കൂടാതെ ജനങ്ങളുടെ ജീവിത രീതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തുന്നതിന് മതിയായ ആരോഗ്യ ബോധവത്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ സബ് സെന്ററുകളെയെല്ലാം വെൽനസ് സെന്ററുകളാക്കിയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയും പ്രാഥമിക തലത്തിൽത്തന്നെ ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി നടത്തുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ജീവിതശൈലീ രോഗനിയന്ത്രണത്തിനായി വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിയമിതരായിട്ടുള്ള നാല് സ്റ്റാഫ് നഴ്സുമാരിൽ ഒരാൾക്ക് ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയുടെ ചുമതല നൽകുകയും ആശുപത്രിയിലെത്തുന്ന എല്ലാ രോഗികളെയും പ്രാഥമിക പരിശോധന നടത്തുന്നതിന് പ്രീ ചെക്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ആഴ്ചയിൽ 6 ദിവസവും ജീവിതശൈലീ ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിൽ എല്ലാ ദിവസവും മരുന്ന് വിതരണവും ഉറപ്പാക്കിയിട്ടുണ്ട്.

## അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്ന ആശുപത്രികൾ

181(2107) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്ന ആശുപത്രികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

കേരളത്തിൽ അവയവമാറ്റം നടത്തുന്ന ആശുപത്രികളുടെ എണ്ണം 45 ആണ്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം - 11

കൊല്ലം - 1

പത്തനംതിട്ട - 3

ആലപ്പുഴ -1

കോട്ടയം - 4

ഇടുക്കി - 1

എറണാകുളം - 11

തൃശ്ശൂർ - 3

പാലക്കാട് - 1

മലപ്പുറം - 3

കോഴിക്കോട് - 6

(ബി) ഇതിൽ സർക്കാർ ആശുപത്രികൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ

സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം

സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്

സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ

റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി,തിരുവനന്തപുരം

(സി) കിഡ്നി ട്രാൻസ്പ്ലാന്റേഷൻ, ലിവർ ട്രാൻസ്പ്ലാന്റേഷൻ, ഹൃദയശസ്ത്രക്രിയ, ഹാർട്ട് ട്രാൻസ്പ്ലാന്റേഷൻ എന്നീ സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള സർക്കാർ ആശുപത്രികൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

താഴെപ്പറയുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ കിഡ്നി ട്രാൻസ്പ്ലാന്റേഷനുള്ള സൗകര്യം ലഭ്യമാണ്.

സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ

സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം

സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്.

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ ഹാർട്ട് ട്രാൻസ്പ്ലാന്റേഷൻ, ലിവർ ട്രാൻസ്പ്ലാന്റേഷൻ എന്നിവയ്ക്കുള്ള സൗകര്യം ലഭ്യമാണ്.

ആരോഗ്യ വകുപ്പിനുകീഴിലുള്ള താഴെപ്പറയുന്ന ആശുപത്രികളിൽ ഹൃദയ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം ലഭ്യമാണ്.

1. ജനറലാശുപത്രി, തിരുവനന്തപുരം
2. ജില്ലാശുപത്രി, കൊല്ലം
3. ജനറലാശുപത്രി, പത്തനംതിട്ട
4. ജനറലാശുപത്രി, എറണാകുളം
5. ജില്ലാശുപത്രി, മഞ്ചേരി
6. ജില്ലാശുപത്രി, പാലക്കാട്
7. ജനറലാശുപത്രി, കോഴിക്കോട്
8. ജില്ലാശുപത്രി, കണ്ണൂർ

മേൽ സ്ഥാപനങ്ങളിൽ ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയ നടന്നുവരുന്നുണ്ട്. ഇതിനുപുറമെ എറണാകുളം ജനറലാശുപത്രിയിൽ കാർഡിയോ തൊറാസിക് സർജറി വിഭാഗത്തിൽ Coronary Artery Bypass Graft (CABG), ഹൃദയവാൽവുകളുടെ അസുഖങ്ങൾക്കുള്ള സർജറി എന്നിവ നടത്തുന്നുണ്ട്.

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ താഴെപ്പറയുന്ന മെഡിക്കൽ കോളേജുകളിൽ ഹൃദയശസ്ത്രക്രിയയ്ക്ക് സൗകര്യം ലഭ്യമാണ്.

1. സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
2. സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ
3. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം
4. സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ
5. സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്
6. സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ

**ഹൗസ് സർജൻമാരുടെ അഭാവം പരിഹരിക്കാൻ നടപടി**

182(2108) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 മാർച്ച് മാസം നടന്ന അവസാന വർഷ എം.ബി.ബി.എസ്. പരീക്ഷകൾ വലിയൊരു വിഭാഗം വിദ്യാർഥികൾ ബഹിഷ്കരിച്ചതിനാൽ ആഗസ്റ്റ് മുതൽ മെഡിക്കൽ കോളേജുകളിലും ജില്ലാശുപത്രികളിലും 90 ശതമാനം ഹൗസ് സർജൻമാരുടെ അഭാവമുണ്ടാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഇതുമൂലമുണ്ടാകുന്ന ഡോക്ടർമാരുടെ അഭാവം പരിഹരിക്കുന്നതിനായി 2016 MBBS ബാച്ചിൽപ്പെട്ട, ഇപ്പോൾ ഹൗസ് സർജൻസി ചെയ്തുവരുന്ന ഇന്റേൺസിനെ (NAJR), 2017 റെഗുലർ MBBS ബാച്ച് വിദ്യാർത്ഥികൾ ഇന്റേൺഷിപ്പ് ചെയ്യാൻ യോഗ്യത നേടുന്നതുവരെ നിലനിർത്തുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**എരുമേലി ടൗൺഷിപ്പിൽ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കാൻ നടപടി**

183(2109) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമലയുടെ ബേസ് ക്യാമ്പായ എരുമേലിയിൽ തീർത്ഥാടകർക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എരുമേലി ടൗൺഷിപ്പിൽ ഒരു മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കുന്നതിന് മുൻകൈയെടുക്കുമോ; വിശദമാക്കാമോ?

നിലവിൽ എരുമേലി സി.എച്ച്.സി.-യിലാണ് മണ്ഡല-മകര വിളക്ക് കാലഘട്ടത്തിൽ ശബരിമല തീർത്ഥാടകർക്ക് ചികിൽസാ സൗകര്യമൊരുക്കുന്നത്. മണ്ഡല-മകര വിളക്ക് തീർത്ഥാടന കാലയളവിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഓർത്തോപീഡിക്സ് എന്നീ വിഭാഗക്കാരെയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരെയും അധികമായി നിയോഗിക്കാറുണ്ട്. ശബരിമലയുടെ ബേസ് ക്യാമ്പ് ആശുപത്രിയായി നിലവിൽ മാസ്റ്റർപ്ലാൻ പ്രകാരം തീരുമാനിച്ചിട്ടുള്ളത് നിലയ്ക്കൽ ആശുപത്രിയെയാണ്.

**അവയവദാന രംഗത്ത് സമഗ്രമായ മാറ്റം**

184 (2110) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാന രംഗത്ത് സമഗ്രമായ മാറ്റം കൊണ്ടുവരുന്നതിനും സാധാരണക്കാർക്കുകൂടി സഹായകരമാകുന്ന രീതിയിൽ ഈ രംഗത്തെ നവീകരിക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ; ഇതിനായി സമഗ്ര പ്രോട്ടോക്കോൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

അവയവദാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സുതാര്യമാക്കുന്നതിനും അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെയും കേരള സർക്കാരിന്റെ കീഴിൽ കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) രൂപീകരിച്ചിട്ടുണ്ട്. ഇത് ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ കീഴിൽ മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനി നിലവിലുണ്ട്. മരണാനന്തര അവയവദാനം മുഖേനയുള്ള അവയവമാറ്റ ശസ്ത്രക്രിയ പരിപോഷിപ്പിക്കുന്നതിനായി 26-6-2022- ലെസ.ഉ. (സാധാ) നമ്പർ 1522/ 2022/ആ.കു.വ. പ്രകാരം തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകൾക്കായി 1.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നാഷണൽ ഇൻഫർമാറ്റിക് സെന്റർ മുഖേന ഒരു രജിസ്ട്രി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് നിലവിൽ വരുന്നതോടെ അവയവദാന പ്രക്രിയ കൂടുതൽ കാര്യക്ഷമമാകുകയും സുതാര്യമാകുകയും ചെയ്യും. അവയവദാന രംഗത്ത് സമഗ്ര മാറ്റം കൊണ്ടുവരുന്നതിന് ഒരു പ്രോട്ടോക്കോൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി പ്രത്യേക സംഘത്തെ സജ്ജീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

പരിശോധിച്ചുവരുന്നു.

(സി) അവയവദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽകരിക്കുന്നതിനും അവയവദാനം സംബന്ധിച്ച വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനും അവയവദാനത്തിനായി സമൂഹത്തെ പ്രേരിപ്പിക്കുന്നതിനുമായി ഈ സർക്കാർ നടത്തുന്ന പ്രചാരണ - ബോധന പരിപാടികൾ സംബന്ധിച്ച് വിശദമാക്കാമോ; ഈ പരിപാടികൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ഹെൽത്ത് കെയർ പ്രൊഫഷണലുകൾ, കോളേജ് വിദ്യാർത്ഥികൾ, പാരാമെഡിക്കൽ സ്റ്റാഫ് തുടങ്ങിയവർക്കായി അവയവദാന ബോധവൽക്കരണ ക്ലാസ്സുകൾ, ശിൽപ്പശാലകൾ, പരിശീലന പരിപാടികൾ എന്നിവ കേരള സർക്കാരിന്റെ അവയവദാന പദ്ധതിയായ മൃതസഞ്ജീവനി മുഖേന നടന്നുവരുന്നു. കേരളത്തിൽ അവയവദാന ബോധവൽക്കരണ പ്രചാരണം പ്രോത്സാഹിപ്പിക്കുന്നതിനായി മൃതസഞ്ജീവനി പദ്ധതിയുടെ ഗുഡ്‌വിൽ അംബാസിഡറായി പ്രശസ്ത സിനിമാതാരം ശ്രീ. മോഹൻലാലിനെ നിയമിച്ചിട്ടുണ്ട്. അവയവദാന ദിനത്തോടനുബന്ധിച്ച് അവയവദാതാവിനെ ആദരിക്കുന്ന പരിപാടികൾ നടത്തിവരുന്നു. അവയവദാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി നിലവിൽ വന്നിട്ടുള്ള കെ-സോട്ടോ (Kerala State Organ and Tissue Transplant Organisation) മുഖേന അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി കേരളത്തിൽ അങ്ങോളമിങ്ങോളം വിപുലമായ പ്രചാരണ പരിപാടികൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

**അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ**

185(2111) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സംബന്ധിച്ച ഗവേഷണങ്ങൾക്കായി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതിനുള്ള ഫണ്ട് എവിടെ നിന്നാണ് ലഭ്യമാക്കുന്നത്; ഇതുസംബന്ധിച്ച പദ്ധതി രൂപരേഖ തയ്യാറായോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സ്ഥാപനങ്ങളുടെ അപര്യാപ്തതയ്ക്ക് ഒരു പരിഹാരമെന്ന നിലയിലും അവയവം, ടിഷ്യൂ എന്നിവയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ ഗവേഷണത്തിന്റേയും പരിശീലനത്തിന്റേയും ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു വിജ്ഞാനകേന്ദ്രം എന്ന നിലയിലും സംസ്ഥാനത്ത് ഒരു ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2-7-2022-ൽ ഒരു യോഗം ചേരുകയും യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

**എയിംസ് നേടിയെടുക്കാൻ നടത്തുന്ന ശ്രമങ്ങൾ**

186(2112) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. എം. മണി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയിംസ് നേടിയെടുക്കാൻ നടത്തുന്ന ശ്രമങ്ങൾ വിശദമാക്കാമോ?

കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിനായി കേരള സർക്കാർ കേന്ദ്രസർക്കാരിന്മേൽ ശക്തമായ സമ്മർദ്ദം ചെലുത്തിവരുന്നു. ആൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ ത്വരിതഗതിയിൽ സംസ്ഥാന സർക്കാർ സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ കിനാലൂരിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC) ഉടമസ്ഥതയിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയും കൂടാതെ സ്വകാര്യ വ്യക്തികളുടെ സ്ഥലവുമുൾപ്പെടെ കോഴിക്കോട് ജില്ലാ കളക്ടർ കണ്ടെത്തിയ 40.6802 ഹെക്ടർ സ്ഥലം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഏറ്റെടുക്കുന്നതിനായി സർക്കാർ തീരുമാനിക്കുകയും പ്രസ്തുത സ്ഥലം ഏറ്റെടുത്ത്

കൈമാറുന്നതിനായി റവന്യൂ വകുപ്പിനേയും, ഇതിനുവേണ്ട തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനേയും 17-11-2021-ലെ G.O.(Rt)No.2523/2021/H&FWD പ്രകാരം ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാകളക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി കൊയിലാണ്ടി ലാൻഡ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാരെ ചുമതലപ്പെടുത്തുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാർ സ്വീകരിച്ചുവരികയും ചെയ്യുന്നു. 26-7-2022-ലെ G.O.(MS)No.772/2022/ID പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC) ഉടമസ്ഥതയിലുള്ള 151.58 ഏക്കർ ഭൂമിയുടെ കൈവശാവകാശം ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വകയിരുത്തുന്നതിനായി 4210-03-105-13 (PV) എന്ന ശീർഷകം 17-6-2022-ലെ G.O.(Rt) No.1414/ 2022/H&FWD പ്രകാരം അനുവദിക്കുകയും പ്രാഥമിക ചെലവുകൾക്കായി 92,62,000 രൂപ സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 50 ലക്ഷം രൂപ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ലാൻഡ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാർക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി ഭൂമി എറ്റെടുക്കുന്ന സ്ഥലങ്ങളിൽ നടത്തുന്ന സാമൂഹ്യാഘാത പഠനം പുരോഗമിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ ജില്ലാ ജനറൽ ആശുപത്രികളിൽ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന വികസന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ദ്വിതീയ തലത്തിൽത്തന്നെ വിദഗ്ദ്ധ ചികിത്സ ലഭ്യമാകുന്ന തരത്തിൽ താലൂക്ക് ആശുപത്രികളിൽ പി.ജി. ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ പദ്ധതിയുണ്ടോ?

ഉണ്ട്. മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് സ്റ്റാന്റഡൈസേഷൻ മാർഗ്ഗരേഖ പ്രകാരമാണ്. ജില്ലാതലത്തിലും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിലും സർക്കാർ തലത്തിലും നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പുരോഗതികൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തുവരുന്നു. കൂടാതെ കിഫ്ബി അധികൃതരുമായും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികളുമായും യഥാസമയം യോഗം ചേരുകയും വേണ്ട നിർദ്ദേശങ്ങൾ നൽകി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആശുപത്രികളിൽ പി.ജി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടില്ല.

(സി) 2011-2016 കാലത്തെ സർക്കാർ അടിസ്ഥാന സൗകര്യം ഒരുക്കാത്തതിനാൽ അംഗീകാരം നഷ്ടപ്പെട്ട ഇടുക്കി മെഡിക്കൽ കോളേജിനുവേണ്ടി കഴിഞ്ഞ സർക്കാരും ഈ സർക്കാരും കാര്യക്ഷമമായി ഇടപെട്ട് സൗകര്യങ്ങൾ ഒരുക്കിയതുവഴി വിദ്യാർത്ഥി പ്രവേശനത്തിനായുള്ള നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരം നേടാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

2022-23 അക്കാദമിക് വർഷത്തിൽ 100 എം.ബി.ബി.എസ് സീറ്റിനുള്ള അഡ്മിഷനുവേണ്ടിയുള്ള അനുമതി ദേശീയ മെഡിക്കൽ കമ്മീഷനിൽനിന്നും ലഭ്യമായിട്ടുണ്ട്. അക്കാദമിക് ബ്ലോക്ക് നിർമ്മാണം പൂർത്തീകരിച്ചു. ഹോസ്പിറ്റൽ ബ്ലോക്ക്-1 പൂർത്തീകരിച്ചു. ഒ.പി, ലാബ് എന്നിവ പ്രവർത്തിച്ചുവരുന്നു. ബ്ലോക്ക് -2 നിർമ്മാണം നടന്നുവരുന്നു. റസിഡൻഷ്യൽ ഫെസിലിറ്റീസ്, സിവിൽ വർക്ക് പൂർത്തീകരിച്ചു. 100 കുട്ടികളുടെ അഡ്മിഷനായുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പൂർത്തീകരിച്ചുവരുന്നു.

**ജീവിതശൈലി രോഗങ്ങൾ പ്രതിരോധിക്കാൻ നടപടി**

187(2113) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജീവിതശൈലി രോഗങ്ങൾക്കെതിരെ സ്കൂൾ തലത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ഈ രോഗങ്ങളുടെ വ്യാപനം തടയുന്നതിനും ഏറ്റവും അനുയോജ്യമായ മാർഗ്ഗം കുട്ടികളിൽത്തന്നെ ശരിയായ ആരോഗ്യബോധം വളർത്തുകയും ചിട്ടയായ ജീവിതചര്യ നടപ്പിലാക്കുവാൻ അവരെ പ്രാപ്തരാക്കുക എന്നതുമാണ്. ഈ ലക്ഷ്യം മുന്നിൽക്കണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് സ്കൂൾ വിദ്യാർത്ഥികൾക്കായി നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നു. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെയും ഹയർ സെക്കൻഡറി സ്കൂളുകളിലെയും എൻ.എസ്.എസ് വിഭാഗവുമായി സഹകരിച്ചുകൊണ്ടാണ് സ്കൂൾതലത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നത്. സ്നേഹസഞ്ജീവനി എന്ന പദ്ധതിയിലൂടെ വിദ്യാർത്ഥികളെ ജീവിതശൈലി രോഗനിർണ്ണയ പരിശോധനകളിൽ പ്രാവീണ്യമുള്ളവരാക്കുകയും അവരിലൂടെ

സമൂഹത്തിൽ അവശ്യ പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഉറപ്പാക്കുകയും ചെയ്തുവരുന്നു. കുട്ടികളിൽ വ്യായാമത്തിന്റെ പ്രാധാന്യം ഉറപ്പാക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പുകയില നിയന്ത്രണ പരിപാടികളിൽ വിദ്യാർത്ഥികളെക്കൂടി കണ്ണികളാക്കുന്നതിലൂടെ പുകയിലയുടെ ദോഷവശങ്ങളെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ വളർത്തിയെടുക്കുന്നതിനും സാധ്യമായിട്ടുണ്ട്. Habit Slate, Yellow Line Campaign, Drone എന്നീ പദ്ധതികളിലൂടെ ലഹരിക്കെതിരെ വിദ്യാർത്ഥികളെ അണിനിരത്തുന്നതിന് എൻ.എസ്.എസ്. യൂണിറ്റിന്റെ സഹകരണത്തോടുകൂടി ആരോഗ്യ വകുപ്പിന് സാധ്യമായിട്ടുണ്ട്.

## അവയവമാറ്റ ശസ്ത്രക്രിയകൾക്ക് സൗകര്യമുള്ള സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ

188(2114) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവമാറ്റ ശസ്ത്രക്രിയകൾക്ക് സൗകര്യമുള്ള സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ ഏതൊക്കെയാണ്; ഏതൊക്കെ അവയവമാറ്റ ശസ്ത്രക്രിയകൾക്കാണ് പ്രസ്തുത ആശുപത്രികളിൽ സൗകര്യമുള്ളത്?

നിലവിൽ അവയവമാറ്റ ശസ്ത്രക്രിയ സൗകര്യമുള്ള സർക്കാർ ആശുപത്രികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം - വൃക്ക
2. സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ - വൃക്ക
3. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം - വൃക്ക, കരൾ, ഹൃദയം
4. സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് - വൃക്ക
5. സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ - കോർണിയ
6. റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി (RIO), തിരുവനന്തപുരം - കോർണിയ

(ബി) സർക്കാർ ആശുപത്രികളിൽ കഴിഞ്ഞ പത്ത് വർഷം നടന്ന ഇത്തരം ശസ്ത്രക്രിയകളുടെ എണ്ണം എത്രയാണ്; ആശുപത്രികൾ തിരിച്ച് വിശദവിവരങ്ങൾ നൽകാമോ?

2012-ൽ ആരംഭിച്ച മരണാനന്തര അവയവദാന പദ്ധതി മുഖേന സർക്കാർ ആശുപത്രികളിൽ നാളിതുവരെ നടന്ന അവയവദാനത്തിന്റെ കണക്കുകൾ താഴെ ചേർക്കുന്നു.

| ആശുപത്രി | വൃക്ക | കരൾ | ഹൃദയം | കോർണിയ |
|---|---|---|---|---|
| സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 106 | 1 | | |
| സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം | 51 | | 8 | |
| സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് | 58 | | | |
| സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ | | | | 54 |
| റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി(RIO), തിരുവനന്തപുരം | | | | 604 |

2012 മുതൽ 2022 വരെ ജീവിച്ചിരിക്കുന്നവരുടെ അവയവദാനം മുഖേന സർക്കാർ ആശുപത്രികളിൽ നടന്ന അവയവദാനത്തിന്റെ കണക്കുകൾ താഴെ ചേർക്കുന്നു:

| ആശുപത്രി | വൃക്ക | കരൾ |
|---|---|---|
| സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 168 | |
| സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം | 63 | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ | 15 | |
| സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് | 239 | |

**കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായം**

189(2115) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്ക് 50,000 രൂപ ധനസഹായം നൽകിവരുന്നുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള കോവിഡ് മരണ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ചുമതല ആർക്കാണ്; കോവിഡ് മരണം സംഭവിച്ച് എത്ര കാലയളവിനുള്ളിൽ സമർപ്പിക്കുന്ന അപേക്ഷകൾക്കാണ് കോവിഡ് മരണ സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

പ്രസ്തുത ധനസഹായത്തിന് അപേക്ഷിക്കുന്നതിന് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ചുമതല ജില്ലാ മെഡിക്കൽ ഓഫീസർമാർക്കാണ്. കോവിഡ് മരണ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കാലയളവ് സംബന്ധിച്ച് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ മാർഗ്ഗനിർദ്ദേശങ്ങളൊന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ MA No. 1805/2021 in WP (C) No. 539/2021 കേസിന്മേലുള്ള 24-3-2022-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ 20-3-2022-നു ശേഷം സംഭവിക്കുന്ന കോവിഡ് മരണങ്ങളിൽ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി മരണം സംഭവിച്ച് 90 ദിവസത്തിനകമായി നിശ്ചയിച്ച് ദുരന്ത നിവാരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പലവിധ കാരണങ്ങളാൽ 90 ദിവസത്തിനകം മരണം രജിസ്റ്റർ ചെയ്യാനാകാത്തവർക്ക് ഇപ്പോൾ കോവിഡ് മരണ സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. MA No. 1805/2021 in WP (C) No. 539/2021 കേസിന്മേലുള്ള 24-3-2022-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ 20-3-2022-നുശേഷം സംഭവിക്കുന്ന കോവിഡ് മരണങ്ങളിൽ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി മരണം സംഭവിച്ച് 90 ദിവസത്തിനകമായി നിശ്ചയിച്ച് ദുരന്ത നിവാരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, 90 ദിവസത്തിനകം അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്ക് ജില്ലാതല ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റിയെ സമീപിക്കാവുന്നതാണെന്നും പ്രസ്തുത കമ്മിറ്റി ധനസഹായത്തിനായുള്ള അപേക്ഷകൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്നും ഉത്തരവിൽ പറയുന്നു.

മേൽ സാഹചര്യത്തിൽ 20-3-2022-നുശേഷം സംഭവിച്ച കോവിഡ് മരണങ്ങളിൽ 90 ദിവസത്തിനകം മരണം രജിസ്റ്റർ ചെയ്യാനാകാത്തവർക്ക് ധനസഹായത്തിനായി ജില്ലാതല ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റിയെ സമീപിക്കാവുന്നതാണ്.

(ഡി) ഇടുക്കി ജില്ലയിൽ കോവിഡ് ബാധിച്ച് മരിച്ച 13 പേരുടെ ആശ്രിതർക്ക് കോവിഡ് മരണ സർട്ടിഫിക്കറ്റ് നൽകാത്തതിനാൽ മരണാനന്തര ആനുകൂല്യം ലഭ്യമാകാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ; മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി ഇവർക്കും ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉണ്ട്. മരണം സംഭവിച്ച് 90 ദിവസത്തിനുശേഷമാണ് അപേക്ഷിച്ചത് എന്നതിനാലാണ് 13 അപേക്ഷകളും നിരസിക്കപ്പെട്ടത്. ഇവരുടെ ആശ്രിതർക്ക് CDAC കമ്മിറ്റിയിൽ നേരിട്ട് അപേക്ഷ സമർപ്പിക്കുന്നതിനും അപേക്ഷ പരിശോധിച്ച് അവർക്കുവേണ്ട ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാതലത്തിൽ തീരുമാനമായിട്ടുണ്ട്.

### അവയവദാന ശസ്ത്രക്രിയകളുടെ ഏകോപനം

190(2116) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അവയവദാന ശസ്ത്രക്രിയകൾ ഏകോപിപ്പിക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് സർക്കാർതലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

അവയവദാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സുതാര്യമാക്കുന്നതിനും അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരേ കുടക്കീഴിൽ കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെയും കേരള സർക്കാരിന്റെ കീഴിൽ കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗ്ഗനൈസേഷൻ (കെ-സോട്ടോ) രൂപീകരിച്ചിട്ടുണ്ട്. ഇത് ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ കീഴിൽ മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനി നിലവിലുണ്ട്. മരണാനന്തര അവയവദാനം മുഖേനയുള്ള അവയവമാറ്റ ശസ്ത്രക്രിയ പരിപോഷിപ്പിക്കുന്നതിനായി 26-6-2022-ലെ സ.ഉ (സാധാ) നമ്പർ 1522/2022/ആ.കു.വ പ്രകാരം തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകൾക്കായി 1.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നാഷണൽ ഇൻഫർമാറ്റിക് സെന്റർ മുഖേന ഒരു രജിസ്ട്രി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് നിലവിൽ വരുന്നതോടെ അവയവദാന പ്രക്രിയ കൂടുതൽ കാര്യക്ഷമമാകുകയും സുതാര്യമാകുകയും ചെയ്യും. അവയവദാന രംഗത്ത് സമഗ്ര മാറ്റം കൊണ്ടുവരുന്നതിന് ഒരു പ്രോട്ടോക്കോൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

## ആരോഗ്യ മേഖലയിലെ പുതിയ പദ്ധതികൾ

191(2117) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിലേറിയതിനുശേഷം ആരോഗ്യ മേഖലയിൽ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം സംസ്ഥാനത്ത് ആരോഗ്യ വകുപ്പിനുകീഴിൽ നടപ്പാക്കിവരുന്ന പുതിയ പദ്ധതികളുടെയും വിവിധ പരിപാടികൾ/പ്രോഗ്രാമുകളെയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1) നവകേരളം കർമ്മ പദ്ധതി II - ആർദ്രം 2.0

ആശുപത്രികൾ ജനസൗഹൃദമാക്കുക, രോഗവുമായി ബന്ധപ്പെട്ട ചെലവുകൾ കുറയ്ക്കുക, ജനകീയ പങ്കാളിത്തത്തോടെ ആരോഗ്യകരമായ ജീവിതം സംബന്ധിച്ച അവബോധം സൃഷ്ടിക്കുക എന്നതിലൂടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുകയാണ് നവകേരളം കർമ്മ പദ്ധതി II (ആർദ്രം-2)-ന്റെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന നവകേരളം കർമ്മ പദ്ധതി II (ആർദ്രം-2)-ന്റെ പ്രവർത്തനം, അതിന്റെ പൊതുലക്ഷ്യം എന്നിവ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

2) മെഡിക്കൽ കോളേജുകളിലെ പ്രവർത്തനങ്ങൾ

സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലെയും സേവന ഗുണനിലവാരം മെച്ചപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ഈ പദ്ധതികൾ മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിലേയ്ക്കും വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

SMA Clinic

തിരുവനന്തപുരം SAT ആശുപത്രിയിൽ SMA ക്ലിനിക്ക് എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സ്പൈനൽ മസ്കുലർ അട്രോഫി എന്ന അപൂർവ്വരോഗം ബാധിച്ച് തളർച്ചയും ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങളുമായി കഷ്ടപ്പെടുന്ന കുട്ടികളുടെ ചികിത്സയ്ക്കുവേണ്ടിയുള്ളതാണ് ഈ ക്ലിനിക്ക്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3) <u>ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>

ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർക്കായി നടത്തിവരുന്ന ഫോസ്റ്റാക് ട്രെയിനിംഗ് (FoSTaC Training), വിവിധ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത് പോഷകസമൃദ്ധവും ഗുണനിലവാരമുള്ളതുമായ ഭക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന ഈറ്റ് റൈറ്റ് ക്യാമ്പസ് പദ്ധതി (Eat Right Campus), സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യകരവും സുസ്ഥിരവുമായ ഭക്ഷണ ശീലങ്ങൾ വളർത്തുന്നതിനായി നടപ്പാക്കിവരുന്ന ഈറ്റ് റൈറ്റ് സ്കൂൾ പദ്ധതി, ഏകദേശം 20 മുതൽ 50 വരെ തട്ടുകടകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ശുദ്ധവും വൃത്തിയുള്ളതുമായ ആഹാരം പാകം ചെയ്ത് പൊതുജനങ്ങൾക്കും വിനോദ സഞ്ചാരികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ് പദ്ധതി (Clean Street Food Hub), സംസ്ഥാനത്തെ പഴം, പച്ചക്കറി മാർക്കറ്റുകളിൽ സുരക്ഷിതവും ശുചിത്വമുള്ളതുമായ ഭക്ഷ്യ വ്യാപാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിവരുന്ന ക്ലീൻ ഫ്രൂട്ട് ആൻഡ് വെജിറ്റബിൾ മാർക്കറ്റ് പദ്ധതി, ശുദ്ധവും വൃത്തിയുള്ളതുമായ ഭക്ഷണ പദാർത്ഥങ്ങൾ പൊതു ജനങ്ങൾക്ക് ഉറപ്പാക്കുന്നതിനായി ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കഫേകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് റേറ്റിംഗ് നൽകി അംഗീകാരം നൽകുകയും അതോടൊപ്പം ജനങ്ങളെ ആകർഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന ഹൈജീൻ റേറ്റിംഗ് പദ്ധതി, സംസ്ഥാനത്തെ ആരാധനാലയങ്ങളിൽ ഭക്ഷ്യയോഗ്യമായ പ്രസാദങ്ങളിലെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിവരുന്ന BHOG പദ്ധതി, ഉപയോഗിച്ച ഭക്ഷ്യ എണ്ണയുടെ വീണ്ടും വീണ്ടുമുള്ള ഉപയോഗം നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന RUCO പദ്ധതി തുടങ്ങിയവ MoU വർക്ക് പ്ലാൻ പ്രകാരം നടപ്പാക്കിവരുന്നു. കൂടാതെ പ്രധാന പദ്ധതികളായ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഗ്രാമ പഞ്ചായത്ത് പദ്ധതി, സേഫ് ആൻഡ് ന്യൂട്രിഷ്യസ് ഫുഡ് @ സ്കൂൾ (SNF@School) എന്നിവയും തുടർന്നുവരുന്നു.

4) സ്പൈനൽ മസ്കുലാർ അട്രോഫി രോഗബാധിതരായ കുട്ടികളെ കണ്ടെത്തുന്നതിനായും അവർക്ക് സൗജന്യ മരുന്നുകളും വൈദ്യസഹായങ്ങളും ലഭ്യമാക്കുന്നതിനായി പദ്ധതി ആരംഭിച്ചിട്ടുണ്ട്.

5) <u>പെരിറ്റോണിയൽ പദ്ധതിയിലൂടെ രോഗികൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ</u>

പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി വീട്ടുകളിൽ വച്ചുതന്നെ രോഗികൾക്ക് ഡയാലിസിസ് നടത്താൻ സാധിക്കുന്ന പദ്ധതിയാണ്. സാധാരണ ചെയ്തുവരുന്ന ഹീമോ ഡയാലിസിസ് രക്ത ധമനികൾ വഴിയാണ്

നടപ്പിലാക്കുന്നതെങ്കിൽ പെരിറ്റോണിയൽ ഡയാലിസിസ്, വയറിൽ കത്തീറ്റർ നിക്ഷേപിച്ച് ഡയാലിസിസ് ചെയ്യുന്ന രീതിയാണ്. ദിവസവും ഒന്നോ രണ്ടോ തവണ കത്തീറ്റർ വഴി പെരിറ്റോണിയൽ ഡയാലിസിസ് ദ്രാവകം വയറിനുള്ളിലേയ്ക്ക് കടത്തി ഡയാലിസിസ് നടത്തി ദ്രാവകം ഒഴുക്കി കളയുന്നതാണ് ഇതിന്റെ പ്രവർത്തന രീതി. ഇതിൽ കത്തീറ്റർ നിക്ഷേപിക്കുന്നതും പെരിറ്റോണിയൽ ഡയാലിസിസ് ദ്രാവകം നൽകുന്നതും കത്തീറ്റർ ഉൾപ്പെടെയുള്ള അനുബന്ധ സാധന സാമഗ്രികൾ നൽകുന്നതും പെരിടോണിയൽ ഡയാലിസിസ് പദ്ധതിയിലൂടെ സൗജന്യമായാണ്. രോഗികൾക്ക് ഒരാഴ്ചത്തേയ്ക്കുള്ള ഡയാലിസിസ് ദ്രാവകം നൽകുകയും അത് ഉപയോഗിച്ച ശേഷം തുടർന്നുള്ള ബാഗുകൾ നൽകുന്നതുമാണ്. ഹീമോ ഡയാലിസിസ് പദ്ധതിയിലെ പോലെ രോഗികൾക്ക് ഡയാലിസിസ് നടത്തുവാനായി പിന്നീട് ആശുപത്രിയിലേയ്ക്ക് വരേണ്ട ആവശ്യമില്ല. പെരിറ്റോണിയൽ ഡയാലിസിസ് നടപ്പിലാക്കുന്നതിന് ഒരു നെഫ്രോളജിസ്റ്റിന്റെ സേവനം തുടക്കത്തിൽ ആവശ്യമാണ്. രോഗിയുടെ വയറ്റിൽ കത്തീറ്റർ നിക്ഷേപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യവും അനുബന്ധ സാമഗ്രികളും ആശുപത്രിയിൽ ആവശ്യമാണ്. ഒരു രോഗിക്ക് ഹീമോ ഡയാലിസിസ് വേണമോ പെരിറ്റോണിയൽ ഡയാലിസിസ് വേണമോ എന്ന തീരുമാനം കൈക്കൊള്ളേണ്ടത് ചികിത്സിക്കുന്ന ഡോക്ടറാണ്. ഇപ്പോൾ എല്ലാ വിഭാഗം ജനങ്ങൾക്കും സൗജന്യമായാണ് ഈ പദ്ധതിയുടെ പ്രയോജനം നൽകിവരുന്നത്.

**എൻ.എച്ച്.എം. നിയമനം**

192(2118) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്.എം.-നുകീഴിൽ ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ പി.ആർ.ഒ. ആയി സേവനമനുഷ്ഠിച്ചുവരവെ വിദേശത്തേക്ക് പോയി കൃത്യസമയത്ത് തിരികെ വരാതിരുന്ന വ്യക്തിയെ എൻ.എച്ച്.എം. എക്സിക്യൂട്ടീവ് കമ്മിറ്റി തിരികെ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തേയ്ക്കാണ് തിരികെ ജോലിയിൽ പ്രവേശിപ്പിച്ചത്; ഏത് സ്ഥാപനത്തിലാണ് നിയമനം നൽകിയത്; വ്യക്തമാക്കാമോ?

ഉണ്ട്. തിരുവനന്തപുരം ജില്ല പ്രോഗ്രാം മാനേജർ, ശ്രീമതി ഗോപികയെ അഞ്ചുതെങ്ങ് CHC-യിൽ തുടക്കത്തിൽ 3 മാസത്തേയ്ക്ക് നിയമിച്ച് ഉത്തരവാകുകയും (18-4-2022-ലെ ഓർഡർ നമ്പർ 'DPMSU TVPM/1066/PRO/2022/DPMSU) ഇതിന്റെയടിസ്ഥാനത്തിൽ 19-4-2022-ന് ശ്രീമതി ഗോപിക ജോലിയിൽ

പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ഈ നിയമന നടപടി 6-6-2022-ന് കൂടിയ സ്റ്റേറ്റ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ സൊസൈറ്റിയുടെ നാല്പത്തിരണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി സാധൂകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വ്യക്തി ഈ സ്ഥാപനത്തിൽ എൻ.എച്ച്.എം. എക്സിക്യൂട്ടീവ് ഉത്തരവിൽ പറഞ്ഞിരുന്ന കാലത്ത് ജോലിയിൽ ഉണ്ടായിരുന്നോ; ഇല്ലെങ്കിൽ എന്തടിസ്ഥാനത്തിലാണ് പ്രസ്തുത വ്യക്തിയെ മറ്റൊരു സ്ഥാപനത്തിലേയ്ക്ക് മാറ്റിയത്; ഏത് സ്ഥാപനത്തിലേയ്ക്കാണ് മാറ്റിയത്; വ്യക്തമാക്കാമോ?

NHM കരാർ ജീവനക്കാർക്ക് കഴിഞ്ഞ സാമ്പത്തികവർഷത്തെ പെർഫോമൻസ് വിലയിരുത്തലിന്റെയടിസ്ഥാനത്തിൽ ശമ്പളം സംരക്ഷിച്ചുകൊണ്ട് പുതിയ കരാറിൽ അടുത്ത സാമ്പത്തികവർഷത്തേയ്ക്ക് നിയമനം നൽകുകയാണ് ചെയ്യുന്നത്. ഇങ്ങനെ ജീവനക്കാർ അടുത്ത സാമ്പത്തികവർഷത്തേയ്ക്ക് പുതിയ കരാറിലേർപ്പെടുന്ന സമയം പ്രസ്തുത പി.ആർ.ഒ. തിരികെ ജോലിയിൽ പ്രവേശിച്ചിരുന്നില്ല. സ്റ്റേറ്റ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ സൊസൈറ്റിയുടെ നാല്പത്തിരണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി 6-6-2022-ന് കൂടിയാണ് തീരുമാനങ്ങളെടുത്തിട്ടുള്ളത്. പ്രസ്തുത പി.ആർ.ഒ. തിരികെ ജോലിയിൽ പ്രവേശിച്ചത് ജില്ല പ്രോഗ്രാം മാനേജറുടെ 18-4-2022-ലെ 'DPMSU-TVPM/ 1066/PRO/2022/DPMSU ഉത്തരവുപ്രകാരം അഞ്ചുതെങ്ങ് CHC-യിൽ 19-4-2022-നാണ്. തത്സമയം ഒഴിവുള്ള സ്ഥലത്താണ് നിയമിച്ചുത്തരവായത്.

(സി) 2022 ഏപ്രിൽ 2-ന് കരാർ നീട്ടിനൽകിയ ജീവനക്കാരുടെ ലിസ്റ്റിലില്ലാത്ത പ്രസ്തുത വ്യക്തിയെ പുതിയ സ്റ്റാഫായാണോ ഉൾപ്പെടുത്തിയിരിക്കുന്നത്; അല്ലെങ്കിൽ എന്തടിസ്ഥാനത്തിലാണ് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ശമ്പളം ഉൾപ്പെടെയുള്ള മുഴുവൻ ആനുകൂല്യങ്ങളും നൽകുന്നതെന്ന് വ്യക്തമാക്കാമോ?

പുതിയ സ്റ്റാഫായല്ല നിയമനം. എല്ലാ ജീവനക്കാർക്കും കഴിഞ്ഞ സാമ്പത്തികവർഷത്തെ പെർഫോമൻസ് വിലയിരുത്തലിന്റെയടിസ്ഥാനത്തിൽ ശമ്പളം സംരക്ഷിച്ചുകൊണ്ട് പുതിയ കരാറിൽ അടുത്ത സാമ്പത്തികവർഷത്തേയ്ക്ക് നിയമനം നൽകുകയാണ് ചെയ്യുന്നത്. പ്രസ്തുത പി.ആർ.ഒ. ഈ സമയം തിരികെ ജോലിയിൽ പ്രവേശിച്ചിരുന്നില്ല. കോവിഡ് സാഹചര്യം ഉൾപ്പെടെ കണക്കിലെടുത്ത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാധൂകരണത്തിന് വിധേയമായിട്ടാണ് പുതിയ കരാറിൽ നിയമനം നൽകിയത്. പ്രസ്തുത നടപടി സ്റ്റേറ്റ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ സൊസൈറ്റിയുടെ നാല്പത്തിരണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി സാധൂകരിച്ചിട്ടുണ്ട്.

## വൃക്കരോഗ ചികിത്സ സൗകര്യങ്ങളും ആശ്വാസ നടപടികളും

193(2119) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ ഭാഗമായി വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർദ്ധിച്ചുവരുന്ന വൃക്കരോഗികളുടെ എണ്ണം കണക്കിലെടുത്ത് മെഡിക്കൽ കോളേജുകളിലും സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും ഏർപ്പെടുത്തിയിട്ടുള്ള ചികിത്സ സൗകര്യങ്ങളും ആശ്വാസ നടപടികളും എന്തെല്ലാമെന്ന് വിശദമാക്കാമോ; പ്രസ്തുത ചികിത്സ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്ന വിഷയം പരിഗണനയിലുണ്ടോ?

(എ&ബി) വൃക്കരോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ട്. വർദ്ധിച്ചുവരുന്ന വൃക്കരോഗികളുടെ എണ്ണത്തിനനുസൃതമായി നിരവധി പദ്ധതികൾ ആരോഗ്യ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ നടപ്പാക്കിവരുന്നു. വൃക്ക രോഗത്തിലേയ്ക്ക് നയിക്കുന്ന ജീവിതശൈലി രോഗങ്ങളായ പ്രമേഹവും ഉയർന്ന രക്തസമ്മർദ്ദവും നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ജീവിതശൈലി രോഗനിയന്ത്രണ പദ്ധതി സംസ്ഥാനത്തെ എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും സജ്ജമാക്കിയിട്ടുണ്ട്. വൃക്ക രോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും നിയന്ത്രണ വിധേയമാക്കുന്നതിനും ഈ പദ്ധതിയുടെ കീഴിൽ നടപടികൾ സ്വീകരിച്ചുവരുന്നു. വൃക്ക രോഗങ്ങളുടെ മൂർദ്ധന്യാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ ഹീമോഡയാലിസിസ് സംവിധാനം സംസ്ഥാനത്തെ 98 ആശുപത്രികളിൽ സജ്ജീകരിക്കുന്നതിന് ആരോഗ്യ വകുപ്പിന് സാധിച്ചിട്ടുണ്ട്. പ്രതിമാസം 44000-ത്തോളം രോഗികൾക്ക് ഡയാലിസിസ് ചെയ്യാൻ സാധിക്കുന്നുണ്ട്. കൂടുതൽ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ചെലവേറിയതും ആശുപത്രി വാസം വേണ്ടിവരുന്നതുമായ ഹീമോഡയാലിസിസിന് ബദലായി വീടുകളിൽ വച്ചുതന്നെ ചെയ്യാൻ സാധിക്കുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് 14 ജില്ലകളിലും ആരംഭിക്കുകയുണ്ടായി. കേരളത്തിലെ ഭൂരിഭാഗം കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ജീവിതശൈലി രോഗങ്ങൾ ചികിത്സിക്കുന്നതിനുള്ള ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ പ്രമേഹ നിയന്ത്രണത്തിനും രക്താതിമർദ്ദം നിയന്ത്രണത്തിനും മുൻതൂക്കം നൽകിക്കൊണ്ട് ഈ രോഗങ്ങളുടെ സങ്കീർണ്ണത ഒഴിവാക്കാൻ സർക്കാർ പരമാവധി ശ്രമിക്കുന്നുണ്ട്. ഇതുവഴി അവയവം മാറ്റിവയ്ക്കൽ

ശസ്ത്രക്രിയ വേണ്ടിവരുന്ന രോഗികളുടെ എണ്ണം ഭാവിയിൽ കുറയ്ക്കുവാനും സാധിക്കുന്നതാണ്. എന്നാൽ സ്ഥായിയായ വൃക്ക സ്തംഭനമുള്ള രോഗികളുടെ പ്രധാന ചികിത്സാമാർഗ്ഗമായ ഡയാലിസിസ് (hemodialysis and peritoneal dialysis) എല്ലാ ജില്ലകളും വിവിധ കേന്ദ്രങ്ങളിലായി കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി മുഖാന്തരം സൗജന്യമായി നൽകിവരുന്നുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനായി ഡയാലിസിസ് മെഷീൻ ഉൾപ്പെടെയുള്ള സംവിധാനം നിലവിലുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും വൃക്ക രോഗങ്ങൾ നിർണ്ണയിക്കുന്നതിനുള്ള ലാബ് സംവിധാനങ്ങളും പരിശോധന സംവിധാനങ്ങളും ലഭ്യമാണ്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും നെഫ്രോളജിസ്റ്റുകളുടെ സേവനം ലഭ്യമാണ്. രോഗനിർണ്ണയത്തിനാവശ്യമായ സ്കാനിംഗ് ഉൾപ്പെടെയുള്ള നൂതന ഉപകരണങ്ങൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ട്.

(സി) വൃക്കരോഗ ചികിത്സ രംഗത്ത് സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങൾ നടത്തുന്ന ചൂഷണം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം ലാബുകൾ, ആശുപത്രികൾ ഉൾപ്പെടെയുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളിൽനിന്ന് നൽകിവരുന്ന സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ് നിരക്ക് രോഗികളുടെയും ബന്ധുക്കളുടെയും അറിവിലേയ്ക്കായി ആ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്ത് ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിച്ചോ ഡിജിറ്റലായോ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഔദ്യോഗിക വെബ്സൈറ്റുള്ള സ്ഥാപനങ്ങൾ നിരക്കുകൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വെബ്സൈറ്റ് സന്ദർശിക്കേണ്ട വിലാസവും വിധവും സാധാരണക്കാർക്കുകൂടി മനസ്സിലാകത്തക്ക വിധത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും പ്രദർശിപ്പിച്ചിരിക്കേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ**

194(2120) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ടെന്നീസ് ക്ലബ്ബിൽ കോർപ്പറേറ്റ് മെമ്പർഷിപ്പ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ടെന്നീസ് ക്ലബ്ബിൽ 2017 ഏപ്രിൽ മാസത്തിൽ കോർപ്പറേറ്റ് മെമ്പർഷിപ്പ് എടുത്തിട്ടുണ്ട്.

(ബി) എങ്കിൽ എത്ര തുകയ്ക്കാണ് മെമ്പർഷിപ്പ് എടുത്തതെന്ന് വ്യക്തമാക്കാമോ; മെമ്പർഷിപ്പ് എടുക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

11.50 ലക്ഷം രൂപ നൽകിയാണ് ടെന്നീസ് ക്ലബ്ബിൽ മെമ്പർഷിപ്പ് എടുത്തത്. മെമ്പർഷിപ്പ് എടുക്കാനുണ്ടായ സാഹചര്യം കോർപ്പറേഷന്റെ ഫയലുകളിൽ വ്യക്തമാക്കിയിട്ടില്ല.

## സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ടെക്നീഷ്യൻ തസ്തിക

195(2121) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽകോളേജ് ആശുപത്രികളിൽ അനസ്തേഷ്യ ടെക്നീഷ്യൻ, തിയേറ്റർ മെക്കാനിക്ക്, ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻ എന്നീ തസ്തികകളുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

അനസ്തേഷ്യ ടെക്നീഷ്യൻ/തിയേറ്റർ ടെക്നീഷ്യൻ എന്നീ തസ്തികകളുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള മാദനണ്ഡങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവുകളൊന്നും നിലവിലില്ല.

(ബി) കോഴിക്കോട്, മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രസ്തുത വിഭാഗം തസ്തികകൾ ആകെ എത്ര വീതമാണ് അനുവദിക്കപ്പെട്ടത്?

| സ്ഥാപനത്തിന്റെ പേര് | അനസ്തേഷ്യ ടെക്നീഷ്യൻ | തിയേറ്റർ മെക്കാനിക് | ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻ |
|---|---|---|---|
| സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് | 5 | 2 | 1 |
| സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി | 1 | 1 | 3 |

(സി) സംസ്ഥാനത്തെ മറ്റെല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പ്രസ്തുത വിഭാഗം തസ്തികകൾ ആകെ എത്ര വീതമാണെന്ന് സ്ഥാപനം, തസ്തിക എന്നിവ തിരിച്ച് വിശദമാക്കുമോ?

| സ്ഥാപനത്തിന്റെ പേര് | അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം | | |
|---|---|---|---|
| | അനസ്തേഷ്യ ടെക്നീഷ്യൻ | തിയേറ്റർ മെക്കാനിക് | ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻ |
| സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 6 | 6 | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം | 5 | 3 | 3 |
| സർക്കാർ മെഡിക്കൽ കോളേജ്, കോന്നി | - | - | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ | 2 | 1 | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം | - | 2 | 8 |
| സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം | 2 | - | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ | 9 | 1 | 3 |
| സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി | - | - | - |
| സർക്കാർ മെഡിക്കൽ കോളേജ്, കാസർഗോഡ് | - | - | 2 |
| കണ്ണാശുപത്രി, തിരുവനന്തപുരം. | - | - | 1 |

**കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറിയ സ്ഥലം**

196(2122) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിലെ തെങ്ങിലക്കടവിൽ സർക്കാരിന് കൈമാറിയതും കോഴിക്കോട് മെഡിക്കൽ കോളേജിനെ ഏൽപ്പിച്ചതുമായ ഭൂമിയും കെട്ടിടവും ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിന് സ്ഥലം കൈമാറി പത്ത് വർഷത്തിലധികമായിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥലം കോഴിക്കോട് ജില്ലാ പഞ്ചായത്തിന് കൈമാറണമെന്ന ആവശ്യം പരിഗണിക്കുമോ?

(എ&ബി) മാവൂർ തെങ്ങിലക്കടവിൽ സർക്കാരിന് കൈമാറിക്കിട്ടിയ സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തി കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിനുകീഴിലുള്ള ഒരു ക്യാൻസർ സ്ക്രീനിംഗ് സെന്ററായി മാറ്റുന്നതിന് 23-3-2022-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചേർന്നയോഗത്തിൽ തീരുമാനിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ ടി കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സൊസൈറ്റി രൂപീകരിച്ച് ഈ സ്ഥാപനത്തിന്റെ തുടർപ്രവർത്തനം നടത്തുന്നകാര്യം പരിശോധിക്കുന്നതിന് ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഭിന്നശേഷി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് നടപടി**

197(2123) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മെഡിക്കൽ കോളേജിൽ ഭിന്നശേഷി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ലഭിച്ച അപേക്ഷകൾ തീർപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2016 മുതൽ നാളിതുവരെ എത്ര അപേക്ഷകൾ പരിഗണിച്ച് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്; ലഭിച്ച അപേക്ഷകളുടെ വർഷം തിരിച്ചുള്ള വിശദാംശം നൽകാമോ?

2016 മുതൽ നാളിതുവരെ 4695 സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.

| വർഷം | ലഭിച്ച അപേക്ഷകൾ | സർട്ടിഫിക്കറ്റ് നൽകിയതിന്റെ എണ്ണം |
|---|---|---|
| 2016 | 828 | 612 |
| 2017 | 478 | 233 |
| 2018 | 1960 | 1179 |
| 2019 | 1520 | 1520 |
| 2020 | 361 | 245 |
| 2021 | 1313 | 245 |
| 2022 | 1060 | 298 |
| 110 സർട്ടിഫിക്കറ്റുകൾ വരും ദിവസങ്ങളിൽ നൽകുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. | | |

(സി) ഇനി പരിഗണിക്കാൻ എത്ര അപേക്ഷകൾ ബാക്കിയുണ്ട്; എന്ന് മുതലുള്ള അപേക്ഷകളാണ് ഇനി പരിഗണിക്കാനുള്ളത്; വ്യക്തമാക്കുമോ?

590 അപേക്ഷകൾ പരിഗണിക്കാനുണ്ട്. 2022 ജനുവരി മുതലുള്ള അപേക്ഷകളാണ് ഇനി പരിഗണിക്കാനുള്ളത്. സർട്ടിഫിക്കറ്റുകൾ ആവശ്യമില്ലെന്ന് അറിയിച്ചവർ, നാട്ടിൽ ഇല്ലാത്തവർ, മരണപ്പെട്ടവർ, പല സമയങ്ങളിലായി ഒന്നിലധികം തവണ സമർപ്പിച്ച അപേക്ഷകൾ ബോർഡിൽ ഹാജരാക്കണമെന്ന് അറിയിച്ചിട്ടും ഹാജരാക്കാത്തവർ തുടങ്ങി ഏകദേശം 340 അപേക്ഷകൾ പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല;

(ഡി) മെഡിക്കൽ ബോർഡ് കൂടുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ?

സൂപ്രണ്ട് ചെയർമാനും 5 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുമടങ്ങിയ ഒരു പാനലാണ് മഞ്ചേരി മെഡിക്കൽ കോളേജിലെ മെഡിക്കൽ ബോർഡിലുള്ളത്. ആഴ്ചയിൽ ഒരു ദിവസം മെഡിക്കൽ ബോർഡ് യോഗം ചേർന്ന് അർഹതപ്പെട്ടവർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. ലഭിക്കുന്ന അപേക്ഷയുടെ ക്രമത്തിലാണ് ഭിന്നശേഷിക്കാരെ ബോർഡിലേയ്ക്ക് വിളിക്കുന്നത്.

(ഇ) അപേക്ഷകൾ അടിയന്തരമായി പരിഗണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകുമോ?

ലഭ്യമാകുന്ന അപേക്ഷകൾ മുൻഗണനാക്രമത്തിൽ ബോർഡ് പരിഗണിക്കുന്നു. സാധാരണഗതിയിൽ എല്ലാ വ്യാഴാഴ്ചകളിലുമാണ് മെഡിക്കൽ ബോർഡ് ചേരുന്നത്. ഏകദേശം 80 ഓളം കേസുകളാണ് ബോർഡിൽ പരിഗണിക്കുന്നത്. കോവിഡ്മൂലം ഒരു വർഷത്തോളം മെഡിക്കൽ ബോർഡ് നടക്കാത്തതിനാൽ അപേക്ഷകളുടെ എണ്ണത്തിലുണ്ടായ വർദ്ധന പരിഗണിച്ച് നിലവിൽ സ്പെഷ്യൽ ബോർഡുകൾ സംഘടിപ്പിച്ച് അപേക്ഷകൾ തീർപ്പാക്കുന്നതിനായി ശ്രമിച്ചുവരുന്നു. പ്രധാനപ്പെട്ട പരീക്ഷകൾ, ചികിത്സാവശ്യാർത്ഥം വരുന്ന അപേക്ഷകൾ തുടങ്ങിയവ കാലതാമസമില്ലാതെ പരിഗണിച്ചുവരുന്നു.

## വിദേശത്തുള്ള കേരളത്തിലെ മെഡിക്കൽ കോളേജുകളിലെ ആരോഗ്യ പ്രവർത്തകരുടെ കണക്ക്

198(2124) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർ, നഴ്സുമാർ തുടങ്ങിയ ആരോഗ്യ പ്രവർത്തകരിൽ 5 വർഷത്തെ ശൂന്യവേതനാവധിയെടുത്ത് വിദേശത്തുള്ളവരുടെ കണക്ക് തസ്തിക തിരിച്ചും മെഡിക്കൽ കോളേജ് തിരിച്ചും ലഭ്യമാക്കാമോ?

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർ, നഴ്സുമാർ തുടങ്ങിയ ആരോഗ്യ പ്രവർത്തകരിൽ 5 വർഷത്തെ ശൂന്യവേതനാവധിയെടുത്ത് വിദേശത്തുള്ളവരുടെ കണക്ക് തസ്തിക തിരിച്ചും മെഡിക്കൽ കോളേജ് തിരിച്ചും അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) മെഡിക്കൽ കോളേജിലെ ഹെഡ് നഴ്സുമാരുടെ ഡ്യൂട്ടികൾ, ഡ്യൂട്ടി സമയം, ഒരു മാസമെടുക്കുന്ന നൈറ്റ് ഡ്യൂട്ടികളുടെ എണ്ണം ഇവ വ്യക്തമാക്കാമോ?

6-8-2004-ലെ സ.ഉ. (അ) നമ്പർ 180/2004/ആ.കു.വ, 16-6-2014-ലെ സ.ഉ (അ) നമ്പർ 1965/2014/ആ.കു.വ. എന്നീ ഉത്തരവുകളിൽ പ്രതിപാദിച്ചിരിക്കും പ്രകാരമാണ് മെഡിക്കൽ കോളേജുകളിലെ ഹെഡ് നഴ്സുമാരുടെ ഡ്യൂട്ടികൾ നിശ്ചയിച്ചിട്ടുള്ളത്. 3 ഷിഫ്റ്റുകളായിട്ടാണ് മെഡിക്കൽ കോളേജുകളിലെ ഹെഡ് നഴ്സുമാരുടെ ഡ്യൂട്ടി സമയം നിജപ്പെടുത്തിയിരിക്കുന്നത്. ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം വരാത്ത രീതിയിൽ നൈറ്റ് ഡ്യൂട്ടികളുടെ മുൻഗണനാക്രമത്തിൽ തയ്യാറാക്കിയിട്ടുള്ള റൊട്ടേഷൻ ചാർട്ടിലെ തീയതിക്കനുസരിച്ച് മിനിമം 2 തവണയും കൂടാതെ അവശ്യ ഘട്ടത്തിലും നൈറ്റ് ഡ്യൂട്ടികൾ നൽകിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വിശ്രമമുറി തുറന്നുകൊടുക്കുന്നതിനുള്ള നടപടി

199(2126) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പഴയ ബ്ലോക്കിലെ കാർഡിയോളജി ഐ.സി.സി.യു-2-ൽ പ്രവേശിപ്പിക്കുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് മതിയായ വിശ്രമമുറികളോ ആവശ്യമായ കസേരകളോ നിലവിലില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഐ.സി.യു-വിൽ പ്രവേശിപ്പിക്കുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് വിശ്രമത്തിനായി ബാത്ത് റൂം ഉൾപ്പെടെയുള്ള സൗകര്യത്തോടെയുള്ള വിശ്രമസ്ഥലം മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ താഴത്തെ നിലയിൽ സജ്ജമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിവരങ്ങളടങ്ങിയ ബോർഡ് കാർഡിയോളജി ഐ.സി.യു-വിന്റെ മുൻപിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

(ബി) എങ്കിൽ കാർഡിയോളജി ഐ.സി.സി.യു-2-ന്റെ സമീപത്ത് മുമ്പ് സജ്ജീകരിച്ചിരുന്നതും എന്നാൽ കോവിഡ് സമയത്ത് അടച്ചിട്ടിരുന്നതുമായ വിശ്രമമുറി രോഗികളുടെ കൂട്ടിരിപ്പുകാർക്ക് തുറന്നുകൊടുക്കാൻ നിർദ്ദേശം നൽകുമോ?

കാർഡിയോളജി വിഭാഗത്തിൽ ആൻജിയോഗ്രാമിനുള്ള നീണ്ട വെയിറ്റിംഗ് ലിസ്റ്റ് കുറയ്ക്കുന്നതിന്റെ ഭാഗമായി കൂടുതൽ കേസുകൾ ദിവസേന ആൻജിയോഗ്രാം ചെയ്യേണ്ടതിനാൽ അധികമായിട്ടുള്ള രോഗികളെ കിടത്തി പരിചരിക്കാനായി ഐ.സി.യു-2-ന് മുമ്പിലുള്ള വിശ്രമമുറി മിനി ഐ.സി.യു ആയി സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

## സർക്കാർ മെഡിക്കൽ കോളേജുകളിലെ കായിക അദ്ധ്യാപക തസ്തികകൾ

200(2127) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതുതായി ആരംഭിച്ച കൊല്ലം, മഞ്ചേരി, കോന്നി, കാസർഗോഡ്, പാലക്കാട്, ഇടുക്കി എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ കായിക അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കൊല്ലം, കോന്നി, കാസർഗോഡ്, ഇടുക്കി എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ കായിക അദ്ധ്യാപക തസ്തിക ഇതുവരെ സൃഷ്ടിച്ചിട്ടില്ല. പ്രസ്തുത കോളേജുകളിൽനിന്ന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. മഞ്ചേരി മെഡിക്കൽ കോളേജിൽ കായിക അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ചുവരുന്നു. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിനുകീഴിലുള്ള പാലക്കാട് മെഡിക്കൽ കോളേജിൽ കായികാദ്ധ്യാപക തസ്തിക ഇതുവരെ സൃഷ്ടിച്ചിട്ടില്ലെന്ന് ടി വകുപ്പ് അറിയിച്ചിട്ടുണ്ട്.

**വൃക്ക മാറ്റിവച്ച രോഗി മരിച്ച സംഭവത്തിന്മേലുള്ള അന്വേഷണം**

201(2128) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളജിൽ വൃക്ക മാറ്റിവച്ച രോഗി മരിച്ച സംഭവത്തിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അന്വേഷണം പൂർത്തിയായോ; അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുമോ?

അന്വേഷണം പൂർത്തിയായിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അന്വേഷണത്തിന്റെ ഭാഗമായി മരണമടഞ്ഞ രോഗിയുടെ ബന്ധുക്കളിൽനിന്ന് വിവരങ്ങൾ ശേഖരിച്ചിരുന്നോ; എങ്കിൽ എന്തൊക്കെ വിവരങ്ങളാണ് ലഭിച്ചതെന്ന് വിശദമാക്കുമോ; പ്രസ്തുത വിവരങ്ങൾ ശേഖരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

ഇല്ല. ഈ വിഷയത്തിൽ വകുപ്പുതല അന്വേഷണമാണ് അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയിട്ടുള്ളത്. ട്രാൻസ്പ്ലാന്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപനത്തിലും മാനേജ്മെന്റിലും കോർഡിനേഷനിലും എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടോയെന്നും ഒഴിവാക്കാവുന്ന കാലതാമസം ഉണ്ടായിട്ടുണ്ടോയെന്നുമുള്ള വിഷയങ്ങളാണ് അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിരുന്നത്. ആയതിനാലാണ് രോഗിയുടെ ബന്ധുക്കളിൽനിന്ന് വിവരങ്ങൾ ശേഖരിക്കാതിരുന്നത്.

(സി) വിഷയം സംബന്ധിച്ച കേസന്വേഷണത്തിന്റെ ഭാഗമായി മെഡിക്കൽ ബോർഡ് രൂപീകരിക്കണമെന്നാവശ്യപ്പെട്ട് പൊലീസ് അന്വേഷണോദ്യോഗസ്ഥൻ കത്ത് നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച നടപടിയെന്താണെന്ന് വ്യക്തമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേസന്വേഷണത്തിന്റെ ഭാഗമായി മെഡിക്കൽ ബോർഡ് രൂപീകരിക്കണമെന്നാവശ്യപ്പെട്ട് അന്വേഷണോദ്യോഗസ്ഥനായ കഴക്കൂട്ടം സൈബർ സിറ്റി സബ് ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണർ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിനൊപ്പം ലഭിച്ച പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ opinion as to cause of death ലബോറട്ടറി ഇൻവെസ്റ്റിഗേഷൻ പെന്റിംഗ് ആയതിനാൽ റിസർവ് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. രോഗി മരണപ്പെടുന്ന കേസുകളിൽ ഫൈനൽ പോസ്റ്റ്മോർട്ടം റിപ്പോർട്ടും കെമിക്കൽ അനാലിസിസ് റിപ്പോർട്ടും ജില്ലാ മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റിയിൽ കേസ് പരിഗണിക്കുന്നതിന് അത്യാവശ്യമാണ്. ആയതിനാൽ, പ്രസ്തുത കേസിൽ മേൽപ്പറഞ്ഞ റിപ്പോർട്ടുകൾകൂടി ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥനായ കഴക്കൂട്ടം അസിസ്റ്റന്റ് പോലീസ് കമ്മീഷണർ സമർപ്പിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും കത്ത് നൽകിയിട്ടുണ്ട്. കഴക്കൂട്ടം അസിസ്റ്റന്റ് പോലീസ് കമ്മീഷണറിൽനിന്നും മേൽപറഞ്ഞ റിപ്പോർട്ടുകൾകൂടി ലഭ്യമാകുന്നമുറയ്ക്ക് ടി രോഗിയുടെ ചികിത്സയുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ പരിശോധിക്കുന്നതിന് ടി മേഖലയിൽ നിന്നുമുള്ള വിദഗ്ദ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി ജില്ലാ മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് ഈ കേസ് പരിഗണിക്കുന്നതും അഭിപ്രായ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥൻ കൈമാറുന്നതുമാണ്.

**മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗവും തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പദ്ധതിയും**

202(2129) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പദ്ധതി നിലവിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ആയത് നടപ്പാക്കുന്നതിൽ വിവിധ വകുപ്പുകളിൽവന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

ഇല്ല. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നെറ്റ്‌വർക്ക്, യു.പി.എസ്. കേബിളിംഗ് ജോലികൾ പൂർത്തീകരിച്ചിരുന്നെങ്കിലും മെഡിക്കൽ കോളേജ് ആശുപത്രിയിലെ വൈദ്യുത ലോഡ് വർദ്ധിച്ച സാഹചര്യത്തിൽ നിലവിലെ ഫീഡറിൽനിന്നും ഉയർന്ന ഫീഡറിലേയ്ക്ക് വൈദ്യുതി കണക്ഷൻ മാറ്റുന്ന പ്രവൃത്തികൾ കെ.എസ്.ഇ.ബി. പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ടി. മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ല. ടി പ്രവൃത്തി കെ.എസ്.ഇ.ബി.

പൂർത്തീകരിക്കുന്നമുറയ്ക്ക് തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പദ്ധതി ആരംഭിക്കുവാനും ഓൺലൈനായി ഒ.പി. ടിക്കറ്റ്, അപ്പോയ്മെന്റ് തുടങ്ങിയ എല്ലാവിധ സേവനങ്ങളും ലഭ്യമാക്കാനും സാധിക്കുന്നതാണ്.

(ബി) ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തന രീതികളെക്കുറിച്ച് വിശദമാക്കാമോ?

ഇ-ഹെൽത്ത് പദ്ധതി നിർവ്വഹണത്തിനുള്ള അനുമതിയും ഫണ്ടും ആകുന്ന മുറയ്ക്ക് ഓരോ ആശുപത്രിക്കും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യമായ നെറ്റ്‌വർക്കിംഗ്, ഹാർഡ്‌വെയർ, ബ്രോഡ് ബാൻഡ് കണക്ടിവിറ്റി എന്നിവ പൂർത്തീകരിച്ചാണ് ഇ-ഹെൽത്ത് പദ്ധതി നിലവിൽ ആശുപത്രികളിൽ ആരംഭിക്കുന്നത്. ഒരു വ്യക്തിയുടെ ആരോഗ്യവിവരങ്ങളെ വിവരസാങ്കേതിക വിദ്യയുടെ വിവേകപൂർവ്വമായ വിനിയോഗത്തിലൂടെ ഒരു സോഫ്റ്റ്‌വെയർ സിസ്റ്റം മുഖേന ക്രോഡീകരിച്ച് ശാസ്ത്രീയവും ഫലപ്രദവുമായ പുനരുപയോഗത്തിന് സജ്ജമാക്കി, ഉപയോക്താക്കൾക്ക് ആയാസരഹിതവും രോഗീസൗഹൃദവുമായ വിധത്തിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കടലാസ് രഹിതമാക്കി വേഗതയും കൃത്യതയും പ്രദാനം ചെയ്യുന്ന ചികിത്സ സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളാണ് ഇ-ഹെൽത്ത് പ്രോജക്റ്റ് മുഖേന നടപ്പാക്കിവരുന്നത്. കേരളത്തിലെ ജനങ്ങളുടെ ആവാസ പ്രദേശം അടിസ്ഥാന സൂചികയായി കണക്കിലെടുത്ത് വ്യക്തികളുടെ ആരോഗ്യ രേഖകൾ തയ്യാറാക്കുകയും അതിനെ ഇ-ഹെൽത്ത് പ്രോജക്ടിനുവേണ്ടി മാത്രം സജ്ജമാക്കുന്ന കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിച്ചും ഏതൊരു വ്യക്തിക്കും ഈ പദ്ധതി നടപ്പാക്കിയിട്ടുള്ള ഏത് സർക്കാർ ആശുപത്രിയിൽ ചികിത്സ തേടേണ്ടിവന്നാലും പ്രസ്തുത വ്യക്തിയുടെ ആരോഗ്യരേഖയുടെ അടിസ്ഥാനത്തിൽ പരമാവധി വേഗത്തിൽ മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കാൻ കഴിയുമെന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രയോജനം. സംസ്ഥാനത്തെവിടെയുമുള്ള ജനങ്ങളുടെ ആരോഗ്യ സൂചികകൾ അടിസ്ഥാനപ്പെടുത്തിയുള്ള വ്യതിരക്ത ആരോഗ്യ തിരിച്ചറിയൽ കാർഡ് (UHID CARD) നൽകാനും ഏതൊരാൾക്കും ചികിത്സ തേടുന്നതിനുള്ള അടിസ്ഥാന രേഖയായി ഈ കാർഡ് പ്രയോജനപ്പെടുത്താവുന്നതുമാണ്. പകർച്ചവ്യാധി തടയുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ഇതിലൂടെ സാധിക്കുന്നതാണ്. UHID കാർഡുമായി ആശുപത്രികളിലെത്തുന്നവർക്ക് ചികിത്സ തേടൽ എളുപ്പമാകുന്നതോടൊപ്പം അവരുടെ Electronic Health Record (EHR) അടിസ്ഥാനപ്പെടുത്തി രോഗ നിർണ്ണയം നടത്തുന്നതിനും ചികിത്സാവിധി നിർണ്ണയിക്കുന്നതിനും കഴിയുന്നതാണ്. ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള ആശുപത്രികളിൽ ഒ.പി രജിസ്ട്രേഷൻ, ടോക്കൺ ഡിസ്‌പ്ലേ, അഡ്വാൻസ്

ബുക്കിംഗ്, ക്യൂ-മാനേജ്മെന്റ്, കൺസൾട്ടേഷൻ, ലാബ് എക്സ്-റെ, ഇ.സി.ജി ഉൾപ്പെടെയുള്ള പരിശോധനാ റിപ്പോർട്ടുകൾക്കൊപ്പം മുൻകാല ചികിത്സാ വിവരങ്ങൾ ഡോക്ടറുടെ കംപ്യൂട്ടറിൽ നേരിട്ട് ലഭ്യമാകുമെന്നതിനാലും ഫാർമസിയിലേയ്ക്ക് നേരിട്ട് ഡോക്ടറുടെ കുറിപ്പ് എത്തുമെന്നതിനാലും കൂടുതൽ കൃത്യമായ രോഗനിർണ്ണയം നടത്തുന്നതിനും മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്യുന്നതിനും സാധ്യമാകുന്നതാണ്. ഒ.പി.കളിൽ തിരക്ക് നിയന്ത്രിക്കുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനും കഴിഞ്ഞതോടെ സുഗമമായ ചികിത്സയ്ക്ക് വഴിയൊരുങ്ങിയിട്ടുണ്ട്. രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമായിത്തുടങ്ങിയതോടെ ചികിത്സ തേടുന്നവരും ആശുപത്രി ജീവനക്കാരും ഇ-ഹെൽത്ത് പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

(സി) മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗത്തിലെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അസിസ്റ്റന്റ് പ്രൊഫസർ റാങ്കിൽ കുറയാത്ത ഡോക്ടർമാരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തണമെന്ന നിർദ്ദേശം ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ നടപ്പിലാക്കുന്നുണ്ടെന്നും പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിനായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

എല്ലാ അത്യാഹിത വിഭാഗങ്ങളിലും അസിസ്റ്റന്റ് പ്രൊഫസർ റാങ്കിൽ കുറയാത്ത ഡോക്ടർമാരുടെ സാന്നിധ്യം ഉറപ്പുവരുത്താൻ തീരുമാനിക്കുകയും ഇതുസംബന്ധിച്ച് എല്ലാ മെഡിക്കൽ കോളേജുകൾക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട്, ആർ.എം.ഒ എന്നിവരുടെ നേതൃത്വത്തിൽ ഡ്യൂട്ടി സംബന്ധിച്ച മോണിറ്ററിംഗ് നടക്കാറുണ്ട്. ഡ്യൂട്ടി ഡോക്ടർമാരുടെ ദൈനംദിന വിവരം കാഷ്വാലിറ്റിയിൽ പ്രദർശിപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) മെഡിക്കൽ കോളേജ് ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിൽ കാർഡിയോളജി, ന്യൂറോസർജറി വിഭാഗങ്ങളിലുള്ള അസിസ്റ്റന്റ് പ്രൊഫസർമാരുടെ സേവനം ഓൺ കോൾ/സ്റ്റേ ഡ്യൂട്ടി ആണോ എന്ന് വിശദമാക്കാമോ?

മെഡിക്കൽ കോളേജ് ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിൽ കാർഡിയോളജി അസിസ്റ്റന്റ് പ്രൊഫസറുടെ സേവനം ലഭ്യമാണ്. എന്നാൽ ന്യൂറോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൾ ഡ്യൂട്ടിയാണ് എടുക്കുന്നത്.

## വെന്റിലേറ്ററുകളുടെയും കിടക്കകളുടെയും എണ്ണത്തിലെ വർദ്ധന

203(2130) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-22 വർഷങ്ങളിലായി ആരോഗ്യമേഖലയിൽ, പ്രത്യേകിച്ച് മെഡിക്കൽ കോളേജുകളിൽ ഐ.സി.യു. കിടക്കകളുടെയും സാധാരണ കിടക്കകളുടെയും എണ്ണം മുൻകാലത്തെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2016-22 വർഷങ്ങളിലായി മെഡിക്കൽ കോളേജുകളിൽ ഐ.സി.യു കിടക്കകളുടെയും സാധാരണ കിടക്കകളുടെയും എണ്ണത്തിൽ മുൻകാലത്തെ അപേക്ഷിച്ച് ഗണ്യമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. 2016-22 കാലഘട്ടത്തിൽ ഐ.സി.യു. കിടക്കകളുടെ എണ്ണം 24.67% വർദ്ധിച്ചിട്ടുണ്ട്. ഈ കാലയളവിൽ സാധാരണ കിടക്കകളുടെ എണ്ണത്തിൽ 18.54% വർദ്ധനവാണുണ്ടായിട്ടുള്ളത്.

(ബി) വിവിധ ആശുപത്രികളിൽ വെന്റിലേറ്ററുകളുടെ എണ്ണത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ചുണ്ടായിട്ടുള്ള വർദ്ധന എത്രയാണെന്ന വിവരം ലഭ്യമാക്കാമോ?

മുൻകാലങ്ങളെ അപേക്ഷിച്ച് മെഡിക്കൽ കോളേജുകളിൽ വെന്റിലേറ്ററുകളുടെ എണ്ണത്തിൽ നിലവിൽ ഗണ്യമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. വിവിധ മെഡിക്കൽ കോളേജുകളിൽ 2016-22 കാലഘട്ടത്തിൽ 821 വെന്റിലേറ്ററുകളുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

## അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

204(2131) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും രീതിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിൽ 2018 അദ്ധ്യയന വർഷം മുതൽ എം.ബി.ബി.എസ്. കോഴ്സിലേയ്ക്ക് പ്രവേശനം അനുവദിക്കുന്നില്ല.

(ബി) നിലവിൽ ഇവിടെ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് പഠനം സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ വിഷയം സംബന്ധിച്ച WP (C) 18595/2022 നമ്പർ കേസ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 19-08-2022 തുടർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) നിലവിൽ പ്രസ്തുത മെഡിക്കൽ കോളേജിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഈ വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ നിലവിലുള്ള WP (C) 16511/2022 നമ്പർ കേസിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള ആരോഗ്യ സർവ്വകലാശാല സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ആരോഗ്യവകുപ്പിന് സ്ഥിരം ഡയറക്ടറെ നിയമിക്കാൻ നടപടി**

205(2132) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഡയറക്ടർ തസ്തികയിൽ അധിക ചുമതലയായല്ലാതെ ഒരു സ്ഥിരം ഡയറക്ടർ ഏറ്റവുമൊടുവിൽ ഉണ്ടായിരുന്നത് എന്നാണെന്ന് അറിയിക്കാമോ;

(ബി) ഇതിനുശേഷം ഡയറക്ടർ തസ്തികയിലേക്ക് സ്ഥിരം ജീവനക്കാരെ ആരെയും നിയമിക്കാതെ അധിക ചുമതല നൽകി തുടരുന്നതിന് ഉണ്ടായിട്ടുള്ള സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ പൊതുജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന അതീവ പ്രധാന്യമുള്ള ഒരു വകുപ്പെന്ന നിലയിൽ ഒരു സ്ഥിരം വകുപ്പ് മേധാവിയില്ലാതെ പ്രവർത്തിക്കേണ്ടിവരുന്നത് ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആരോഗ്യ വകുപ്പിന് ഒരു സ്ഥിരം ഡയറക്ടറെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

(എ-ഡി) 30-4-2021 വരെ ആരോഗ്യ വകുപ്പിൽ സ്ഥിരം ഡയറക്ടറെ നിയമിച്ചിരുന്നു. അതിനുശേഷം ഡയറക്ടർ തസ്തികയിൽ പൂർണ്ണ അധികചുമതല നൽകി ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്നു. അധികചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ പൂർണ്ണ ഉത്തരവാദിത്വം നിർവ്വഹിക്കാൻ ബാദ്ധ്യസ്ഥനാണ്. ആരോഗ്യ വകുപ്പിന് സ്ഥിരം ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തുടർ നിയമനം

206(2133) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമന കാലാവധി മാർച്ച് 31-ന് കഴിഞ്ഞതിനാൽ ഇവർക്ക് എപ്പോൾ തുടർനിയമനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) 10 വർഷത്തിലധികമായി പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്ന ഇവരുടെ ജോലി സുരക്ഷിതത്വം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ ദേശീയ ആരോഗ്യദൗത്യം മുഖേന 2011 മുതൽ നിയമിതരായ ജെ.എച്ച്.ഐ.-മാർക്ക് ശമ്പളം NHM PIP-യിൽ നിന്നുമാണ് 2018 വരെ നൽകിയിരുന്നത്. എന്നാൽ 2019 മുതൽ NHM PIP-യിൽ ജെ.എച്ച്.ഐ.-മാർക്ക് ശമ്പളം നീക്കിവയ്ക്കാത്തതിനാൽ 2019 ജനുവരി മാസം മുതൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനാണ് (KSSM) ഇവർക്കുള്ള ശമ്പളത്തിനായുള്ള തുക NHM-ന് നൽകിവന്നിരുന്നത്. ടി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ശമ്പളം അനുവദിക്കുന്നതിനായി ആവശ്യമായ തുക 2022-2023 സാമ്പത്തിക വർഷ ബഡ്ജറ്റിലെ പ്ലാൻ write-up-ൽ ഉൾക്കൊള്ളിച്ചിട്ടില്ല. എന്നിരുന്നാലും ഇവരുടെ സേവനം തുടർന്നും ഈ മേഖലയിൽ വിനിയോഗിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

## കണ്ണൂർ ജില്ലാശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി

207(2135) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാശുപത്രിയിൽ കാത്ത്‌ലാബ് ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി സംവിധാനങ്ങൾക്ക് ആനുപാതികമായ ഡോക്ടർ, സാങ്കേതിക ജീവനക്കാർ എന്നിവരുടെ തസ്തിക നിലവിലില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാർഡിയോളജിസ്റ്റ്, നെഫ്രോളജിസ്റ്റ്, മറ്റ് സാങ്കേതിക ജീവനക്കാർ എന്നിവരുടെ തസ്തിക പുതുതായി സൃഷ്ടിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) കണ്ണൂർ ജില്ലാശുപത്രിയിൽ അനിവാര്യമായ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിലെ നിയമനങ്ങൾ**

208(2136) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ സെക്യൂരിറ്റിക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത ആരോഗ്യ കേന്ദ്രത്തിൽ ഈ തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ 2 സർജന്റ് തസ്തികയിലാണ് ഒഴിവുള്ളത്. ടി തസ്തികയിലെ ഒരു ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ സൈനിക ക്ഷേമ ബോർഡ് മുഖേന 3 സെക്യൂരിറ്റി ജീവനക്കാരെ എച്ച്.എം.സി. വഴി ശമ്പളം നൽകി നിയമിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആരോഗ്യ കേന്ദ്രത്തിൽ കുക്കിന്റെ തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ കുക്കിന്റെ തസ്തിക നിലവിലില്ല.

**താലൂക്കാശുപത്രികളിൽ പി.ജി. ഡോക്ടർമാരുടെ സേവനം**

209(2137) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.ജി. കോഴ്സിന് പഠിക്കുന്ന ഡോക്ടർമാരെ താലൂക്കാശുപത്രികളിൽ പരിശീലനത്തിന് നിയോഗിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

പി.ജി. കോഴ്സിന് പഠിക്കുന്ന ഡോക്ടർമാരെ ബന്ധപ്പെട്ട സ്പെഷ്യാലിറ്റി ചികിത്സ നൽകിവരുന്ന ആശുപത്രികളിൽ പരിശീലനത്തിന്റെ ഭാഗമായി നിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

**കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം**

210(2138) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്കായി നിർമ്മിച്ച കെട്ടിടത്തിന്റെ സിവിൽ വർക്കുകളും ഇലക്ട്രിക്കൽ വർക്കുകളും മുഴുവൻ പൂർത്തിയായിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുണ്ട്. കെട്ടിടത്തിന്റെ റൂഫിൽ ഷീറ്റ് മേയുന്ന ജോലി പൂർത്തീകരിക്കാനുണ്ട്. കെട്ടിടത്തിലെ ലിഫ്റ്റ് ഒഴികെയുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട്. കെട്ടിട നമ്പർ ലഭ്യമാക്കുന്നതിന് കാഞ്ഞങ്ങാട് നഗരസഭയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിൽ ഏതൊക്കെ തസ്തികകളാണ് ഇനി അനുവദിക്കാനുള്ളതെന്നും ആയതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

ടി സ്ഥാപനത്തിലേയ്ക്ക് വിവിധ വിഭാഗങ്ങളിലായി 37 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Post Proposed in a Phased Manner

| | |
|---|---|
| Deputy Director | 1 |
| Casualty Medical officer | 4 |
| Assistant Surgeon | 2 |
| Consultant (O&G) | 1 |
| Junior Consultant (O&G) | 2 |
| Junior Consultant (Pediatrics) | 2 |
| Junior Consultant (Anaesthesia) | 2 |
| Junior Consultant (Radiology) | 1 |
| Store Superintendent | 1 |
| PSK | 1 |
| Nursing Superintendent Gr.II | 1 |
| Head Nurse | 5 |
| Lab Technician Gr. II | 2 |
| X-ray Technician | 2 |
| Nursing Assistant | 2 |
| HA Gr.I | 3 |
| HA Gr. II | 3 |
| PTS | 1 |
| Lay Secretary | 1 |
| Total | 37 |

## വർക്കല മണ്ഡലത്തിലെ ആശുപത്രികളിലെ ഒഴിവുകൾ നികത്താൻ നടപടി

211(2139) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ആശുപത്രികളിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

വർക്കല മണ്ഡലത്തിലെ ആശുപത്രികളിലെ ഒഴിവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| (1) | താലൂക്കാശുപത്രി, വർക്കല | |
| | കൺസൾട്ടന്റ് ജനറൽ മെഡിസിൻ | 1 |
| | നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II | 1 |
| | ഡ്രൈവർ ഗ്രേഡ് II | 1 |
| | പാർട്ട് ടൈം സ്വീപ്പർ | 1 |
| (2) | സാമൂഹികാരോഗ്യ കേന്ദ്രം, പള്ളിക്കൽ | |
| | ക്ലാർക്ക് | 1 |
| | ലാബ് ടെക്നീഷ്യൻ | 1 |
| | പാർട്ട് ടൈം സ്വീപ്പർ | 1 |
| (3) | കുടുംബാരോഗ്യ കേന്ദ്രം, ചെമ്മരുതി | |
| | ലാബ് ടെക്നീഷ്യൻ | 1 |
| (4) | പ്രാഥമികാരോഗ്യ കേന്ദ്രം, മടവൂർ | |
| | ക്ലാർക്ക് | 1 |
| | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II | 1 |
| | പാർട്ട് ടൈം സ്വീപ്പർ | 1 |
| (5) | കുടുംബാരോഗ്യ കേന്ദ്രം, ഇടവ | |
| | പാർട്ട് ടൈം സ്വീപ്പർ | 1 |

| | | |
|---|---|---|
| (6) | കുടുംബാരോഗ്യ കേന്ദ്രം, വെട്ടൂർ | |
| | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 1 |
| | പാർട്ട് ടൈം സ്വീപ്പർ | 1 |
| (7) | പ്രാഥമികാരോഗ്യ കേന്ദ്രം, നാവായിക്കുളം | |
| | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 1 |
| | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 2 |
| (8) | കുടുംബാരോഗ്യ കേന്ദ്രം, തോണിപ്പാറ | |
| | നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 2 |

(ബി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പി.എസ്.സി വഴി നിയമനം നടത്തേണ്ടതായ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തേണ്ട ഒഴിവുകൾ (പാർട്ട് ടൈം സ്വീപ്പർ, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II) അടിയന്തരമായി നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## ആരോഗ്യ വകുപ്പിലെ ഉന്നത തസ്തികകളിലെ സ്ഥാനക്കയറ്റം

212(2140) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഉന്നത തസ്തികകളിലെ സ്ഥാനക്കയറ്റങ്ങൾ അനുവദിക്കുന്നതിനും ക്രമാനുഗതമായി ഉണ്ടാകുന്ന ഒഴിവുകളിൽ കാലതാമസം കൂടാതെ നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കാമോ?

ആരോഗ്യ വകുപ്പിലെ ഉന്നത തസ്തികകളിലെ സ്ഥാനക്കയറ്റങ്ങൾ കാലതാമസം കൂടാതെ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ജനറൽ കേഡറിൽ സിവിൽ സർജന്മാരുടെ തസ്തികയിലെ ഒഴിവുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; അസിസ്റ്റന്റ് സർജന്മാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

സിവിൽ സർജൻ തസ്തികയിലെ ഒഴിവുകളുടെ എണ്ണം - 13

അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകളുടെ എണ്ണം - 37

(സി) സ്പെഷ്യാലിറ്റി കേഡറിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, അനസ്തേഷ്യ തുടങ്ങിയ വിഭാഗങ്ങളിൽ നിലവിലുള്ള ഒഴിവുകളുടെ വിവരങ്ങൾ അറിയിക്കാമോ?

സ്പെഷ്യാലിറ്റി കേഡറിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, അനസ്തേഷ്യ തുടങ്ങിയ വിഭാഗങ്ങളിൽ നിലവിലുള്ള ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ | 9 |
| കൺസൾട്ടന്റ്, ജനറൽ മെഡിസിൻ | 10 |
| സീനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ | 2 |
| ചീഫ് കൺസൾട്ടന്റ്, ജനറൽ മെഡിസിൻ | 1 |
| ജൂനിയർ കൺസൾട്ടന്റ്, ജനറൽ സർജറി | 12 |
| കൺസൾട്ടന്റ്, ജനറൽ സർജറി | 12 |
| സീനിയർ കൺസൾട്ടന്റ്, ജനറൽ സർജറി | 1 |
| കൺസൾട്ടന്റ്, ഗൈനക്കോളജി | 5 |
| സീനിയർ കൺസൾട്ടന്റ്, ഗൈനക്കോളജി | 1 |
| ചീഫ് കൺസൾട്ടന്റ്, ഗൈനക്കോളജി | 1 |
| ജൂനിയർ കൺസൾട്ടന്റ്, അനസ്തേഷ്യ | 2 |
| കൺസൾട്ടന്റ്, അനസ്തേഷ്യ | 4 |
| സീനിയർ കൺസൾട്ടന്റ്, അനസ്തേഷ്യ | 1 |
| ചീഫ് കൺസൾട്ടന്റ്, അനസ്തേഷ്യ | ഇല്ല |

(ഡി) ഡോക്ടർമാരുടെ പൊതു സ്ഥലംമാറ്റത്തിനുള്ള പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ?

2021-ലെ പൊതു സ്ഥലംമാറ്റം നടപ്പാക്കി ഉത്തരവും പട്ടികയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഇ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കാത്തതിനാൽ ഡോക്ടർമാരുടെ ഓഫീസിൽ പ്രൊബേഷൻ പാസ്സാക്കൽ, സർവ്വീസ് റെഗുലറൈസേഷൻ, പോലീസ് വെരിഫിക്കേഷൻ തുടങ്ങിയ സേവനങ്ങളിൽ കാലതാമസം ഉണ്ടാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. ആഗസ്റ്റ് 1 മുതൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

(എഫ്) അസിസ്റ്റന്റ് സർജൻ റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കാറായ സാഹചര്യത്തിൽ പ്രസ്തുത റാങ്ക് പട്ടികയിൽനിന്നും നിലവിലെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകളെല്ലാം യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ഒഴിവുകൾ**

213(2141) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) മുഴുവൻ ഒഴിവുകളും നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ-സി) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും നിലവിലുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

**<u>ആരോഗ്യ വകുപ്പ്</u>**

| ഒഴിവുകളുടെ എണ്ണം | | | | |
|---|---|---|---|---|
| ജില്ല | ജെ.പി.എച്ച്.എൻ ഗ്രേഡ് 1 | ജെ.പി. എച്ച്.എൻ ഗ്രേഡ് 2 | ആകെ | പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ |
| (1) | (2) | (3) | (4) | (5) |
| തിരുവനന്തപുരം | 36 | 55 | 91 | 55 |
| കൊല്ലം | 2 | 80 | 82 | 68 |
| പത്തനംതിട്ട | 9 | 21 | 30 | 19 |
| ആലപ്പുഴ | 1 | 65 | 66 | 60 |
| കോട്ടയം | 9 | 61 | 70 | 60 |
| ഇടുക്കി | 39 | 45 | 84 | 45 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| എറണാകുളം | 8 | 73 | 81 | 73 |
| തൃശ്ശൂർ | 60 | 35 | 95 | 35 |
| പാലക്കാട് | 87 | 54 | 141 | 54 |
| മലപ്പുറം | 112 | 53 | 165 | 53 |
| കോഴിക്കോട് | 71 | 37 | 108 | 36 |
| വയനാട് | 52 | 22 | 74 | 22 |
| കണ്ണൂർ | 37 | 51 | 88 | 46 |
| കാസർഗോഡ് | 50 | 42 | 92 | 42 |
| ആകെ | 573 | 694 | 1267 | 668 |

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

| മെഡിക്കൽ കോളേജ് | എണ്ണം |
|---|---|
| തിരുവനന്തപുരം | 2 |
| കോട്ടയം | 2 |
| കോഴിക്കോട് | 2 |
| കോന്നി | 1 |
| ആകെ | 7 |

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 5 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2 ഒഴിവുകൾ പി.എസ്.സി മുഖാന്തരം നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ആരോഗ്യ വകുപ്പിലെ ജെ.പി.എച്ച്.എൻ. ഗ്രേഡ് 2-ന്റെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

**പാലക്കാട് അമ്മമാരുടെയും കുട്ടികളുടെയും ആശുപത്രിയിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി**

214(2142) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ആദിവാസി മേഖലയിലെ റഫറൽ ആശുപത്രിയായ പാലക്കാട് അമ്മമാരുടെയും കുട്ടികളുടെയും ആശുപത്രിയിൽ അനസ്തേഷ്യ, ജനറൽ മെഡിസിൻ, റേഡിയോളജി വിഭാഗങ്ങളിലുള്ള ഡോക്ടർമാർ, ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, ഓഫീസ് അറ്റൻഡന്റ്, സ്റ്റോർ സൂപ്രണ്ട് എന്നിവരുടെ അഭാവമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) പാലക്കാട് അമ്മമാരുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിലവിൽ ജനറൽ മെഡിസിൻ, റേഡിയോളജി എന്നീ വിഭാഗങ്ങളിൽ ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല. അനസ്തേഷ്യ വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഒരു ഡോക്ടർ സേവനം അനുഷ്ഠിക്കുന്നുണ്ട്. ക്ലാർക്ക്/സീനിയർ ക്ലാർക്ക് വിഭാഗത്തിലെ 5 തസ്തികകളിലും ക്ലാർക്കുമാരെ നിയമിച്ചിട്ടുള്ളതാണ്. സ്റ്റോർ സൂപ്രണ്ട്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾ ഈ സ്ഥാപനത്തിൽ നിലവിലില്ല. സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ അനിവാര്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## എൻഡോസൾഫാൻ ഇരകൾക്ക് ലഭ്യമായ ചികിത്സ സൗകര്യങ്ങൾ

215(2143) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ബാധിതർക്ക് ലഭ്യമായ ചികിത്സ സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ലഭ്യമാക്കിവരുന്ന ചികിത്സ സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് 2-4-2013-ലെ G.O.(Rt) No.1186/13/H&FWD പ്രകാരം 17 എംപാനൽഡ് ആശുപത്രികളിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾ നൽകിവരുന്നുണ്ട്.

2. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് എല്ലാ മരുന്നുകളും സൗജന്യമായി നൽകിവരുന്നു. സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്ത മരുന്നുകൾ കാരുണ്യ ഫാർമസിയിൽനിന്നും എംപാനൽ ചെയ്ത മറ്റ് ഫാർമസികളിൽനിന്നും വാങ്ങി എൻഡോസൾഫാൻ ദുരിത ബാധിതർക്ക് വിതരണം ചെയ്യുന്നു.

3. എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തുകളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ എൻഡോസൾഫാൻ രോഗികൾക്ക് മെഡിക്കൽ ആവശ്യങ്ങൾക്ക് സൗജന്യ യാത്ര സൗകര്യം ലഭ്യമാക്കാൻ 11 വാഹനങ്ങൾ അനുവദിച്ച നൽകിയിട്ടുണ്ട്.

4. എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തുകളിലെ കിടപ്പിലായ രോഗികളുടെ വീടുകളിൽ ഡോക്ടർ, സ്റ്റാഫ് നഴ്സ് എന്നിവരടങ്ങുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

5. എൻഡോസൾഫാൻ ദുരിത ബാധിതരെ അടിയന്തരമായി ആശുപത്രിയിൽ കൊണ്ടുപോകുന്നതിനായി കാസർഗോഡ് ജനറൽ ആശുപത്രിയിലും പനത്തടി താലൂക്ക് ആശുപത്രിയിലും (പൂടംകല്ല്) ആംബുലൻസ് സേവനം ലഭ്യമാക്കിയിട്ടുണ്ട്.

6. എൻഡോസൾഫാൻ ബാധിത പഞ്ചായത്തുകളിൽ പാലിയേറ്റീവ് കെയർ സേവനം നൽകുന്നതിന് സ്റ്റാഫ് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്.

(ബി) ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രാഥമിക ചികിത്സാകേന്ദ്രങ്ങൾ തുടങ്ങിയവയിൽ സാന്ത്വന ചികിത്സയ്ക്കും ഫിസിയോതെറാപ്പിക്കുമുള്ള സൗകര്യങ്ങളുണ്ടോയെന്ന് ചികിത്സാ കേന്ദ്രം തിരിച്ച് വ്യക്തമാക്കാമോ?

ജില്ലാശുപത്രി കാഞ്ഞങ്ങാട്, ജനറലാശുപത്രി കാസർഗോഡ്, താലൂക്കാശുപത്രി പനത്തടി, സാമൂഹികാരോഗ്യ കേന്ദ്രം പെരിയ, സാമൂഹികാരോഗ്യ കേന്ദ്രം മുളിയാർ, സി.എച്ച്.സി. ബദിയഡുക്ക, കൂടാതെ 11 എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തുകളിലെ ആരോഗ്യ സ്ഥാപനങ്ങളിലും ഫിസിയോതെറാപ്പി സേവനം ലഭ്യമാണ്.

(സി) ടാറ്റാ ഗ്രൂപ്പ് നിർമ്മിച്ച് സംസ്ഥാന സർക്കാരിന് കൈമാറിയ ആശുപത്രി എൻഡോസൾഫാൻ ചികിത്സയ്ക്കായി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

പ്രസ്തുത ആശുപത്രി ആരോഗ്യ വകുപ്പിന് നൽകിക്കൊണ്ട് ഉത്തരവായെങ്കിലും കൈമാറി ലഭിച്ചിട്ടില്ല. ടാറ്റാ ആശുപത്രി നിലവിൽ കോവിഡ് ആശുപത്രിയായിട്ടാണ് പ്രവർത്തിക്കുന്നത്. എൻഡോസൾഫാൻ രോഗികൾക്ക് ചികിൽസ നൽകുന്നതുൾപ്പെടെയുള്ള ചികിൽസ സൗകര്യങ്ങൾ ഈ ആശുപത്രിയിൽ ലഭ്യമാക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.

(ഡി) എൻഡോസൾഫാൻ ബാധിതർക്ക് ആയുഷ്കാല ചികിത്സ സൗകര്യങ്ങൾ കാസർഗോഡ് ജില്ലയിലില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന പരിഹാര നടപടികൾ വ്യക്തമാക്കാമോ;

(ഇ) എൻഡോസൾഫാൻ ഇരകൾക്ക് സൗജന്യ ചികിത്സ അനുവദിച്ച എത്ര ആശുപത്രികളുണ്ടെന്നും അവ എവിടെയെല്ലാമാണുള്ളതെന്നും വ്യക്തമാക്കാമോ?

(ഡി&ഇ) എൻഡോസൾഫാൻ രോഗികൾക്കുള്ള സൗജന്യ ചികിത്സ ജില്ലയിലെ എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും എംപാനൽഡ് ചെയ്യപ്പെട്ട ചുവടെ ചേർക്കുന്ന 17 ആശുപത്രികളിലും നൽകിവരുന്നു.

1. റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം

2. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തിരുവനന്തപുരം

3. ഐക്കൺസ്, ഷൊർണൂർ

4. മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി

5. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി

6. കണ്ണൂർ മെഡിക്കൽ കോളേജ്, പരിയാരം

7. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മങ്ങാട്ടുപറമ്പ

8. ജനറലാശുപത്രി, തലശ്ശേരി

9. ജില്ലാശുപത്രി, കണ്ണൂർ

10.ജനറലാശുപത്രി,കാസർഗോഡ്

11.ജില്ലാശുപത്രി, കാഞ്ഞങ്ങാട്

12. യോനോപോയ മെഡിക്കൽ കോളേജ് ആശുപത്രി, മംഗലാപുരം

13. കസ്തൂർബ, മണിപ്പാൽ

14. കെ.എം.സി.അംബേദ്കർ സർക്കിൾ, മംഗലാപുരം

15. ലിറ്റിൽ ഫ്ലവർ കണ്ണാശുപത്രി, അങ്കമാലി

16. ഗവ.ആയുർവേദ മെഡിക്കൽ കോളേജ്, പരിയാരം

17. ഗവ.ഹോമിയോ മെഡിക്കൽ കോളേജ്, കോഴിക്കോട്

## സർക്കാർ ആശുപത്രികളിലെ ഗുരുതരമായ മരുന്ന് ക്ഷാമം

216(2144) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ആശുപത്രികളിലെ ഗുരുതരമായ മരുന്ന് ക്ഷാമം പരിഹരിക്കുന്നതിനായി എച്ച്.എം.സി. ഫണ്ടുപയോഗിച്ച് ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

ജനറൽ/ജില്ല/താലൂക്ക് ആശുപത്രികൾ, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയ്ക്ക് ആവശ്യമായ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽനിന്നും/കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി

ഡിപ്പോയിൽനിന്നും ലഭിക്കുന്നതിന് കാലതാമസം നേരിടുന്നപക്ഷം ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി/ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി ഫണ്ടടക്കം ലഭ്യമായ എല്ലാ ഫണ്ടുകളും ഉപയോഗിച്ച് കാരുണ്യ/ജൻ ഔഷധി/ സപ്ലൈകോ/ നീതി സ്റ്റോർ എന്നിവിടങ്ങളിൽനിന്നും മരുന്ന് വാങ്ങുന്നതിന് ഡി.എ. 26-3-2022-ലെ 1/193/2022-ത.സ്വ.ഭ.വ. പ്രകാരം ആശുപത്രികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ മരുന്ന് ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി ഫണ്ട് ഉപയോഗിച്ച് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കെ.എം.എസ്.സി.എൽ.-ൽനിന്നും അവശ്യമരുന്നുകൾ ലഭ്യമാവാത്ത സാഹചര്യത്തിലും കെ.എം.എസ്.സി.എൽ. വിതരണം ചെയ്യാത്തതായ മരുന്നുകളും KASP, RSBY, RBSK, JSSK, TRIBAL FUND, HDS FUND തുടങ്ങിയ വിവിധ സ്കീമുകളിലൂടെ രോഗികൾക്ക് ലഭ്യമാക്കിവരുന്നുണ്ട്.

**പാരാമെഡിക്കൽ കൗൺസിൽ നിയമം**

217(2145) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരാമെഡിക്കൽ ടെക്നീഷ്യന്മാരുടെ രജിസ്ട്രേഷൻ, അവരുടെ യോഗ്യതകൾ ക്രമീകരിക്കൽ, പാരാമെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകൽ എന്നിവയ്ക്കായി പാരാമെഡിക്കൽ കൗൺസിൽ നിയമം നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സ്വകാര്യമേഖലയിൽ ജോലിചെയ്യുന്ന ഒരു ലക്ഷത്തിൽപ്പരം പാരാമെഡിക്കൽ ടെക്നീഷ്യന്മാർക്ക് അംഗീകാരം നൽകുന്ന രീതിയിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണോ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

(എ&ബി) പാരാമെഡിക്കൽ ടെക്നീഷ്യൻമാരുടെ രജിസ്ട്രേഷൻ, അവരുടെ യോഗ്യതകൾ ക്രമീകരിക്കൽ, പാരാമെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകൽ എന്നിവയ്ക്കായി നാഷണൽ കമ്മീഷൻ ഫോർ അലൈഡ് & ഹെൽത്ത് കെയർ പ്രൊഫഷൻസ് ആക്ട്, 2021 നിലവിൽ വന്നിട്ടുണ്ട്. ഇതുപ്രകാരം സംസ്ഥാനങ്ങളിൽ കൗൺസിൽ രൂപീകരിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ Kerala State Allied & Healthcare Council (KESAHC) രൂപീകരണവും പ്രസ്തുത കൗൺസിലിന്റെ പ്രവർത്തനത്തിനായുള്ള ചട്ടങ്ങളുടെ രൂപീകരണവും അന്തിമ ഘട്ടത്തിലാണ്.

**ഇ-ഹെൽത്ത് പദ്ധതി**

218(2146) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ-ഹെൽത്ത് പദ്ധതിയിലെ ഡാറ്റ ആരോഗ്യ പ്രവർത്തകർ കൃത്യമായി ശേഖരിച്ചുയെന്ന് ഉറപ്പുവരുത്താൻ എന്തുനടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഇ-ഹെൽത്ത് പദ്ധതി പ്രകാരം ആശുപത്രിയിലെ ആരോഗ്യ പ്രവർത്തകർ ശേഖരിക്കുന്ന ഡാറ്റ പൗരന് "https://ehealth.kerala.gov.in" എന്ന ഇ-ഹെൽത്ത് വെബ് പോർട്ടൽ വഴി അവരുടെ UHID ഉപയോഗിച്ച് ലോഗിൻ ചെയ്ത് വ്യക്തിഗത വിവരങ്ങളും ചികിത്സാ വിവരങ്ങളും കണ്ട് കൃത്യത ഉറപ്പ് വരുത്താവുന്നതാണ്. വ്യക്തിഗത വിവരങ്ങളിൽ തിരുത്ത് ആവശ്യമെങ്കിൽ ആശുപത്രി റിസപ്ഷനിലും ആരോഗ്യപരമായ വിവരങ്ങൾ ചികിത്സിക്കുന്ന ഡോക്ടർക്ക് പരിശോധിക്കുന്നതിനും കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിനും സാധ്യമാണ്.

**മാരകരോഗങ്ങൾ**

219(2147) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിലവിൽ മാരകരോഗങ്ങളായി പരിഗണിക്കുന്ന രോഗങ്ങൾ ഏതൊക്കെയെന്നും പ്രസ്തുത രോഗങ്ങളുടെ ചികിത്സയ്ക്കായി സർക്കാർ മേഖലയിൽ നിലവിൽ നൽകിവരുന്ന ആരോഗ്യ ഇൻഷ്വറൻസ്, ചികിത്സ സേവനങ്ങൾ എന്നിവ എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, പക്ഷാഘാതം മുതലായ രോഗങ്ങളെ നിലവിൽ മാരകരോഗങ്ങളായി കണക്കാക്കുന്നുണ്ട്. ഈ രോഗങ്ങൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി, ആരോഗ്യ കിരണം, കാരുണ്യ ബെനവലന്റ് ഫണ്ട്, ഹൃദ്യം, ക്യാൻസർ സുരക്ഷ പദ്ധതി എന്നിവ വഴി ചികിത്സാ സേവനങ്ങൾ നൽകിവരുന്നു.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷം മേൽപ്പറഞ്ഞ മാരകരോഗങ്ങൾ ബാധിച്ച ആളുകൾ, അവരിൽ സർക്കാർ മേഖലയിൽ ചികിത്സ തേടിയ ആളുകൾ, രോഗം ചികിത്സിച്ച് ഭേദമായവർ, പ്രസ്തുത രോഗങ്ങൾമൂലം മരണപ്പെട്ട ആളുകൾ എന്നിവരുടെ എണ്ണം ഓരോ രോഗം തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷം മേൽപ്പറഞ്ഞ മാരകരോഗങ്ങൾ ബാധിച്ച ആളുകളുടെ ആരോഗ്യ വകുപ്പിനുകീഴിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| രോഗം | ചികിത്സ തേടിയ രോഗികൾ | മരണപ്പെട്ടവരുടെ എണ്ണം |
|---|---|---|
| ഹൃദ്രോഗം | 1855725 | 9527 |
| വൃക്കരോഗം | 111362 | 3064 |
| പക്ഷാഘാതം | 98115 | 4418 |
| ക്യാൻസർ | 177031 | 12729 |

സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടിയ ആളുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കോഴിക്കോട് ഗവൺമെന്റ് നഴ്സിംഗ് കോളേജ് പി.ജി. ബ്ലോക്ക് നിർമ്മാണം**

220(2148) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് നഴ്സിംഗ് കോളേജ് പി.ജി. ബ്ലോക്ക് നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട റ്റി4.1674/ ഡി.എം.ഇ. നമ്പർ ഫയലിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ;

(ബി) ഇതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ;

(സി) ആയത് എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

(എ-സി) കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജ് പി.ജി. ബ്ലോക്ക് നിർമ്മാണത്തിന് 2017-18 സാമ്പത്തിക വർഷത്തിൽ 7.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

**പേവിഷബാധക്കെതിരായ കുത്തിവയ്പ്പ്**

221(2149) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേവിഷബാധക്കെതിരായ കുത്തിവയ്പ്പെടുത്തവർ രോഗബാധിതരായി മരണപ്പെട്ട വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പ്രത്യേക അന്വേഷണം നടത്തിയിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള എല്ലാ പേവിഷബാധ മരണങ്ങളും സംബന്ധിച്ച് ജില്ലാതലത്തിൽ വിശദമായ അന്വേഷണം നടത്തി തയ്യാറാക്കിയ Death Information Report, സംസ്ഥാന തലത്തിൽ വിദഗ്ധസമിതി (Death Audit Committee) പരിശോധിച്ച് മരണകാരണം സംബന്ധിച്ച് തീരുമാനമെടുക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഇത്തരം മരണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇത്തരമൊരു സാഹചര്യമുണ്ടായതിന്റെ കാരണം വിശദമാക്കാമോ?

പേവിഷബാധയ്ക്കെതിരായ കുത്തിവയ്പെടുത്തിട്ടും മരണമടഞ്ഞവരിൽ രോഗബാധ സാദ്ധ്യത കൂടുതലുള്ള മുഖം, കഴുത്ത്, കൈവെള്ള, വിരലുകൾ എന്നിവിടങ്ങളിലാണ് കടിയേറ്റിരിക്കുന്നത്. ഇവയെല്ലാം category 3-യിൽപ്പെട്ട മുറിവുകളാണ്. ഇവർക്കെല്ലാംതന്നെ നായയുടെ കടിയേറ്റ് ഒരു മാസത്തിനുള്ളിൽ മരണം സംഭവിച്ചിട്ടുണ്ട്.

(സി) പേവിഷബാധ പ്രതിരോധിക്കുന്നതിനും കുത്തിവയ്പ്പെടുത്തവർക്ക് രോഗം വരാതിരിക്കുന്നതിനും സ്വീകരിച്ചുവരുന്ന മുൻകരുതൽ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പേവിഷബാധമൂലം മരണമടഞ്ഞ ഭൂരിപക്ഷം വ്യക്തികളും മുറിവുകൾ നിസ്സാരമായി കാണുകയും അവശ്യംവേണ്ട ശ്രദ്ധ നൽകാതെയും യഥാസമയം പ്രതിരോധ കുത്തിവയ്പ്പ് സ്വീകരിക്കാത്തവരുമാണ്. ആയതിനാൽ പേവിഷബാധ പ്രതിരോധിക്കുന്നതിനുള്ള മുൻകരുതലുകളെടുക്കുന്നതിന് പൊതുജനങ്ങളുടെയിടയിൽ ബോധവൽക്കരണം നടന്നുവരുന്നു. വിവിധ ദൃശ്യ/ശ്രവ്യ/പത്ര മാദ്ധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയ മുഖേനയും ഈ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. മൃഗങ്ങളുടെ കടിയേറ്റാൽ നൽകേണ്ട പ്രാഥമിക ശുശ്രൂഷ, ആശുപത്രിയിൽ കാണിച്ച് എത്രയും പെട്ടെന്ന് പ്രതിരോധ കുത്തിവയ്പ്പുകൾ എടുക്കുന്നത്, നിർദ്ദിഷ്ട ഇടവേളകളിൽ എല്ലാ ഡോസ് വാക്സിനും എടുക്കുക എന്നിവയാണ് പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. മുറിവുകളുടെ പ്രാഥമിക ശുശ്രൂഷയുടെ ഭാഗമായി 15 മിനിട്ട് സോപ്പും വെള്ളവുമൊഴിച്ച് നല്ലതുപോലെ കഴുകിയാൽ 90 ശതമാനത്തിലധികം വൈറസും നിർവീര്യമാകുകയോ ഒഴിവാക്കപ്പെടുകയോ ചെയ്യുന്നു. ഇത് എല്ലാവർക്കും എളുപ്പത്തിൽ പാലിക്കാൻ കഴിയുന്നതാണ്. മൃഗസംരക്ഷണം, തദ്ദേശസ്വയംഭരണം

എന്നീ വകുപ്പുകളുമായി ചേർന്ന് വളർത്തുമൃഗങ്ങളുടെ വാക്സിനേഷൻ സംബന്ധിച്ച് ബോധവൽക്കരണം നടത്തിവരുന്നു. ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ, നഴ്സുമാർ, ഫീൽഡ് വിഭാഗം ജീവനക്കാർ എന്നിവർക്ക് പേവിഷബാധയെപ്പറ്റിയുള്ള തുടർപരിശീലന പരിപാടികൾ നൽകിവരുന്നു. കൂടാതെ IDRV, ERIG എന്നിവ നൽകാനുള്ള പരിശീലനവും ഇതിന്റെ ഭാഗമായി നൽകുന്നുണ്ട്.

IDRV, ERIG എന്നീ പേവിഷ പ്രതിരോധകുത്തിവയ്പ്പ് മരുന്നുകൾ പരമാവധി സ്ഥാപനങ്ങളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

IDRV, ERIG മരുന്നുകൾ KMSCL മുഖേനയാണ് ലഭ്യമാക്കുന്നത്. ഇവയുടെ സംഭരണത്തിലും വിതരണത്തിലും നിർദ്ദിഷ്ട ശീതീകരണ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട്. കൂടാതെ കൃത്യമായ അളവിലും സാങ്കേതിക രീതിയിലും ഈ മരുന്നുകൾ നൽകാൻ പരിശീലനം സിദ്ധിച്ച ആരോഗ്യപ്രവർത്തകരാണ് ഇവ നൽകുന്നത്.

## പാറശ്ശാല മണ്ഡലത്തിലെ ആശുപത്രികളുടെ വികസനം

222(2150) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല മണ്ഡലത്തിലെ ആയുർവേദ, ഹോമിയോ വിഭാഗങ്ങളിലെ ആശുപത്രികളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശ്ശാല മണ്ഡലത്തിലെ ആയുർവേദ, ഹോമിയോ ആശുപത്രികളുടെ വികസനത്തിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ അരുവിപ്പുറം ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിക്ക് മെയിന്റനൻസ് റിനൊവേഷൻ പ്രവൃത്തികൾക്കായി 8 ലക്ഷം രൂപയും പാറശ്ശാല ഗവൺമെന്റ് ആയുർവേദ ആശുപത്രിക്ക് കൗമാരക്കാരായ കുട്ടികൾക്കുള്ള ചികിത്സ പദ്ധതിയായ കൗമാരഭൃത്യം പദ്ധതിക്കായി 7,54,022 രൂപയും പഞ്ചകർമ്മ യൂണിറ്റിന്റെ നടത്തിപ്പിനായി 3,05,475 രൂപയും അനുവദിച്ചിരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ പാറശ്ശാല ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ കൗമാരഭൃത്യം പദ്ധതിക്കായി 8,57,410 രൂപയുടെ ഭരണാനുമതിയും നാപ്കിൻ ഇൻസിനറേറ്റർ വാങ്ങുന്നതിന് 32,438 രൂപയുടെ ഭരണാനുമതിയും പഞ്ചകർമ്മ യൂണിറ്റിന്റെ നടത്തിപ്പിനായി

4,48,470 രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുള്ളതാണ്. കൂടാതെ എം.എൽ.എ. ഫണ്ട് മുഖേന പാറശ്ശാല ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ പുതിയ ഐ.പി. കെട്ടിട നിർമ്മാണത്തിനായി ഒരുകോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുള്ളതാണ്.

പാറശ്ശാല മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കൊല്ലയിൽ, ആര്യങ്കോട്, പെരുങ്കടവിള, കുന്നത്തുകാൽ, അമ്പൂരി, കള്ളിക്കാട് എന്നീ പഞ്ചായത്തുകളിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾക്കും വെള്ളറട, ഒറ്റശേഖരമംഗലം എന്നീ പഞ്ചായത്തുകളിലെ എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികൾക്കുമായി 42,70,000 രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) ആയതിലേക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ആശുപത്രി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ അരുവിപ്പുറം ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിക്ക് മെയിന്റനൻസ് റിനൊവേഷൻ പ്രവൃത്തികൾക്കായി അനുവദിച്ച 8 ലക്ഷം രൂപയും പാറശ്ശാല ഗവൺമെന്റ് ആയുർവേദ ആശുപത്രിക്ക് കൗമാരക്കാരായ കുട്ടികൾക്കുള്ള ചികിത്സാ പദ്ധതിയായ കൗമാരഭൃത്യം പദ്ധതിക്കായി അനുവദിച്ച 7,54,022 രൂപയും പഞ്ചകർമ്മ യൂണിറ്റിന്റെ നടത്തിപ്പിനായി അനുവദിച്ച 3,05,475 രൂപയും ചെലവഴിച്ച് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ പാറശ്ശാല ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ പഞ്ചകർമ്മ യൂണിറ്റിന്റെ നടത്തിപ്പിനായി 43,035 രൂപ ചെലവഴിച്ചിട്ടുള്ളതും കൗമാരഭൃത്യം പദ്ധതിക്കായും നാപ്കിൻ ഇൻസിനറേറ്റർ വാങ്ങുന്ന പദ്ധതിക്കായും തുക ചെലവഴിച്ചിട്ടില്ലാത്തതുമാണ്. എം.എൽ.എ. ഫണ്ട് മുഖേന പാറശ്ശാല ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ പുതിയ ഐ.പി. കെട്ടിട നിർമ്മാണത്തിനായി ഒരുകോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

പാറശ്ശാല മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഹോമിയോപ്പതി ഡിസ്പെൻസറികൾക്ക് ബന്ധപ്പെട്ട പഞ്ചായത്തുകൾ താഴെ പറയും പ്രകാരം അനുവദിച്ച തുകകൾ അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മരുന്ന് വാങ്ങുന്നതിനുമായി വിനിയോഗിച്ചിട്ടുണ്ട്.

| സ്ഥാപനം | മരുന്നുകൾക്ക് തുക | മറ്റ് വികസന പ്രവർത്തനങ്ങൾക്ക് തുക |
|---|---|---|
| ജി.എച്ച്.ഡി. കൊല്ലയിൽ | 450,000 | 150,000 |
| ജി.എച്ച്.ഡി. പെരുങ്കടവിള | 250,000 | 325,000 |
| ജി.എച്ച്.ഡി. ആര്യങ്കോട് | 500,000 | 200,000 |
| ജി.എച്ച്.ഡി. കുന്നത്തുകാൽ | 500,000 | 150,000 |
| ജി.എച്ച്.ഡി. കള്ളിക്കാട് | 450,000 | 95,000 |
| ജി.എച്ച്.ഡി. അമ്പൂരി | 300,000 | 0 |
| എ.പി.എച്ച്.സി. വെള്ളറട | 150,000 | 250,000 |
| എ.പി.എച്ച്.സി. ഒറ്റശേഖരമംഗലം | 500,000 | 0 |

**കോഴിക്കോട് ഗവൺമെന്റ് ബീച്ച് ജനറൽ ഹോസ്പിറ്റലിന്റെ മാസ്റ്റർ പ്ലാനിന് അംഗീകാരം**

223(2151) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് ബീച്ച് ജനറൽ ഹോസ്പിറ്റലിന്റെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാനിന് അംഗീകാരം ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് എപ്പോൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആയതിന് സാങ്കേതിക അനുമതി ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ-സി) ഉണ്ട്, പദ്ധതിയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്ന് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ഐ.എഫ്.സി.-യുടെ അംഗീകാരം ലഭിച്ച പ്ലാനിന്മേൽ സാങ്കേതികാനുമതി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയതിനുശേഷം, കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിച്ച് കരാറുകാരനെ നിയമിക്കുന്ന തീയതി മുതൽ 19 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്.

## പി.ആർ.ഒ.-മാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

224(2152) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി വിവിധ ആശുപത്രികളിൽ പി.ആർ.ഒ. ആയി സേവനം അനുഷ്ഠിച്ചുവരുന്നവരെ സ്ഥിരപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ & ബി) പി.ആർ.ഒ.-മാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം 8-7-2022 -ലെ 55/2022/Fin നമ്പർ സർക്കുലറിന്റെ വെളിച്ചത്തിൽ ഇപ്പോൾ പരിഗണനയിൽ ഇല്ല.

## ആരോഗ്യ സുരക്ഷ പ്രവർത്തനങ്ങൾ

225(2153) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും ആരോഗ്യ സുരക്ഷ ഉറപ്പാക്കാനായി ഈ സർക്കാർ നടപ്പാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) എങ്കിൽ നാളിതുവരെ പ്രസ്തുത മേഖലയിൽ നടപ്പാക്കിയതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമായ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(എ & ബി) ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിപ്രകാരം കേരളത്തിലെ നിർദ്ധനരായ 41.8 ലക്ഷം കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. മേൽ പറഞ്ഞ 41.8 ലക്ഷം കുടുംബങ്ങളിൽപെടാത്തതും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനവുമുള്ള കുടുംബങ്ങൾക്ക് APL/BPL വ്യത്യാസമില്ലാതെ ഒറ്റത്തവണത്തേയ്ക്ക് 2 ലക്ഷം രൂപയുടെ സൗജന്യ ചികിത്സയും (വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപയുടെ വരെ സൗജന്യ ചികിത്സ) സംസ്ഥാന സർക്കാർ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) മുഖാന്തരം കാരുണ്യ ബെനവലന്റ് ഫണ്ട് (KBF) പദ്ധതി വഴി നൽകിവരുന്നുണ്ട്.

ഗർഭാവസ്ഥയിലും പ്രസവസമയത്തും പ്രസവാനന്തരവും അമ്മയ്ക്കും കുഞ്ഞിനും മികച്ചതും ഗുണമേന്മയുള്ളതുമായ ചികിത്സ ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സേവനങ്ങൾ (ജെ.എസ്.വൈ., ജെ.എസ്.എസ്.കെ., ക്വാളിറ്റി സ്റ്റാൻഡേഡ്സ് തുടങ്ങിയവ) ഒരു കുടക്കീഴിൽ കൊണ്ടുവരികയും ഇവയെപ്പറ്റി അമ്മമാർക്ക് അവബോധം നൽകുകയും ചെയ്യുന്നതിനായി സുരക്ഷിത് മാതൃത്വ ആശ്വാസൻ (സുമൻ) എന്ന പദ്ധതിക്ക് 2021-ൽ തുടക്കം കുറിച്ചു. മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുക എന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം.

നവകേരള കർമ്മപദ്ധതി-2 ന്റെ ഭാഗമായി "അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്" എന്ന ക്യാമ്പയിന്റെ ഭാഗമായി 30 വയസിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങൾക്കും വാർഷിക ആരോഗ്യ പരിശോധന നടത്തുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 140 പഞ്ചായത്തുകളിൽ ആശാവർക്കർമാരുടെ സഹകരണത്തോടുകൂടി 30 വയസിന് മുകളിലുള്ളവരുടെ ജീവിതശൈലി രോഗങ്ങളെക്കുറിച്ചും അതിലേയ്ക്ക് നയിക്കുന്ന ഹേതുക്കളെക്കുറിച്ചും ഒരു സമഗ്ര സർവ്വേ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. "ശൈലി" എന്ന മൊബൈൽ ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വഴി ശേഖരിക്കുന്ന ഈ ഡാറ്റയുടെ അടിസ്ഥാനത്തിൽ രോഗം വരാൻ സാധ്യതയുള്ളവരെ കണ്ടെത്തി തൊട്ടടുത്ത ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിലൂടെ പ്രമേഹം, രക്താതിമർദ്ദം, ബി.എം.ഐ., ക്യാൻസറുകൾ എന്നിവ കണ്ടെത്തുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ക്യാൻസർ ചികിത്സാരംഗത്ത് ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന റീജിയണൽ ക്യാൻസർ സെന്ററുകളിലെ ചികിത്സ വികേന്ദ്രീകൃതമായി ആരോഗ്യ വകുപ്പിനുകീഴിലുള്ള 24 സ്ഥാപനങ്ങളിൽ നൽകാൻ സാധിച്ചതിലൂടെ ആയിരക്കണക്കിന് ക്യാൻസർ രോഗികൾക്ക് സ്വന്തം ജില്ലകളിൽതന്നെ ചികിത്സ ലഭിച്ചു. അതുപോലെ പതിനേഴ് ലക്ഷത്തോളം നിർദ്ധനരായ രോഗികൾക്ക് ജീവിതശൈലി രോഗങ്ങളുടെ മരുന്ന് ആശാ പ്രവർത്തകരിലൂടെ വീടുകളിൽ എത്തിച്ചുകൊടുത്തു. ടെലി കൺസൾട്ടേഷനിലൂടെ ഇ-സഞ്ജീവിനി ജീവിതശൈലി രോഗചികിത്സക്കായി പ്രത്യേക ഒ.പി. ആരംഭിച്ചു.

ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' കേരളത്തിലെ 14 ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ വിവിധ കേന്ദ്രങ്ങളിലൂടെ നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും താലൂക്കാശുപത്രികളിലും 232 സി.എച്ച്.സി.-കളിലും 835 പി.എച്ച്.സി.-കളിലും 5400-ൽപ്പരം സബ്സെന്ററുകളിലും ജീവിതശൈലി രോഗനിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.

ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉപപദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയിൽ നടപ്പാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

ഡങ്കിപ്പനി, ചിക്കൻഗുനിയ, മലമ്പനി, സിക്ക മുതലായ പ്രാണിജന്യ രോഗങ്ങളെ നിരീക്ഷിക്കാനും നിയന്ത്രിക്കാനും ഇവമൂലമുള്ള മരണങ്ങൾ ഒരു പരിധിവരെ കുറയ്ക്കാനും കഴിഞ്ഞിട്ടുണ്ട്. മലമ്പനിമൂലം ഒരു മരണംപോലും ഈ വർഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം ജില്ലകളിൽ 2022-ഓടെ മലമ്പനി നിവാരണം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നുണ്ട്. കൂടാതെ കൊല്ലം, കോട്ടയം ജില്ലകളിൽ 2022-ഓടെ മന്ത് രോഗം നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

എലിപ്പനി രോഗത്തെക്കുറിച്ച് പൊതുജനങ്ങളിലും ആരോഗ്യ വകുപ്പ് ജീവനക്കാരിലും അവബോധം വർദ്ധിപ്പിക്കുന്നതിനായി "ഏക ആരോഗ്യം" എന്ന സമീപനത്തിൽ അധിഷ്ഠിതമായി 2022 ഏപ്രിൽ 13-ന് എല്ലാ ജില്ലകളിലും " മൃത്യുഞ്ജയം" എന്ന പദ്ധതിയുടെ കീഴിൽ വിവിധ പരിപാടികൾ 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എലിപ്പനി രോഗവും അതുമൂലമുള്ള മരണവും നിയന്ത്രിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

1. പി.എച്ച്.സി. മുതലുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഡോക്സി കോർണറുകൾ സ്ഥാപിക്കുകയും രോഗലക്ഷണങ്ങൾ ഉള്ളവർക്ക് ഡോക്സിസൈക്ലീൻ ചികിത്സ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

2. രോഗബാധയ്ക്ക് സാധ്യതയുള്ള ആളുകളെ കണ്ടുപിടിക്കുകയും അവർ രോഗാണുക്കളുമായി സമ്പർക്കത്തിൽ വരാനുള്ള സാഹചര്യമുണ്ടാകുമ്പോൾ ഡോക്സിസൈക്ലീൻ പ്രതിരോധ ഗുളിക ആഴ്ചയിലൊരിക്കൽ നൽകുകയും ചെയ്തുവരുന്നുണ്ട്.

കൗമാരകാലത്തെ ആരോഗ്യശീലങ്ങൾ മെച്ചപ്പെടുത്താനും മെച്ചപ്പെട്ട ആരോഗ്യ സൂചികകൾ നേടാനും ഉതകുന്ന രീതിയിൽ ആരോഗ്യകേരളം കൗമാര ആരോഗ്യ വിഭാഗം വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ഊർജ്ജിതമായി നടത്തിവരുന്നു. കൗമാരക്കാർക്ക് പോഷണത്തെക്കുറിച്ചുള്ള ക്ലാസ്സുകളും വിളർച്ച തടയുന്നതിനായി അയൺഫോളിക് ആസിഡ് ഗുളികകൾ ഉപയോഗിക്കുന്നതിനുള്ള ബോധവൽക്കരണവും പ്രചോദനവും നൽകിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി കോവിഡ് ചികിത്സയും കോവിഡ് വ്യാപനം തടയാനും എല്ലാവർക്കും ബൂസ്റ്റർ ഡോസ് ഉറപ്പാക്കാനും സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കോവിഡ് ചികിത്സയ്ക്കായി CFLTC, CSLTC തുടങ്ങിയവ സംസ്ഥാനത്ത് താലൂക്ക്/ജില്ല കേന്ദ്രങ്ങളിലും ആരംഭിച്ചിരുന്നു. കൂടാതെ സംസ്ഥാനത്തെ പ്രധാന ആശുപത്രികളെല്ലാം കോവിഡ് ചികിത്സാകേന്ദ്രങ്ങളാക്കി മാറ്റിയിരുന്നു. ആരോഗ്യ വകുപ്പിനുകീഴിൽ കോവിഡാനന്തര രോഗങ്ങളുടെ ചികിത്സയ്ക്കായി 1190 ക്ലിനിക്കുകളിൽനിന്നായി 339035 പേരെ പ്രാഥമിക തലത്തിലും 125281 പേരെ സെക്കന്ററി തലത്തിലും പരിശോധിച്ചിട്ടുണ്ട്. കോവിഡാനന്തരമുള്ള ശ്വാസസംബന്ധവും ഹൃദയസംബന്ധവും നാഡീസംബന്ധവുമായ രോഗങ്ങൾക്കും മാനസിക രോഗങ്ങൾക്കും ചികിത്സകൾ നൽകിവരുന്നു. 371764 പേർക്ക് ടെലിമെഡിസിൻ സംവിധാനത്തിലൂടെ കോവിഡാനന്തര രോഗങ്ങൾക്കായി ചികിത്സ നൽകിവരുന്നുണ്ട്.

കോവിഡ് വ്യാപനം തടയുന്നതിനായി പനി, ചുമ, തൊണ്ടവേദന, ജലദോഷം തുടങ്ങിയ രോഗലക്ഷണങ്ങളുമായി ഒ.പി.-യിൽ വരുന്നവരുടെ സാമ്പിളുകൾ RAT/RTPCR പരിശോധന നടത്തി ആവശ്യമായ ചികിത്സ നൽകിവരുന്നു. കൂടാതെ Severe Acute Respiratory Illness (SARI) ലക്ഷണങ്ങളോടെ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുന്നവരുടെ സാമ്പിളുകൾ RTPCR പരിശോധനയ്ക്ക് വിധേയമാക്കി പോസിറ്റീവാകുന്നവർക്ക് ആവശ്യമായ ചികിത്സ നൽകുന്നതോടൊപ്പം RTPCR പോസിറ്റീവായ സാമ്പിളുകൾ ജനിതക പരിശോധനയ്ക്കായി RGCB-യിലേക്ക് അയയ്ക്കുന്നു. നിലവിൽ ഒമിക്രോൺ വേരിയന്റാണ് കണ്ടെത്തിയിട്ടുള്ളത്. പുതിയ വേരിയന്റ് കണ്ടെത്തുന്ന സ്ഥലങ്ങളിൽ രോഗനിരീക്ഷണവും ടെസ്റ്റിംഗ് സംവിധാനവും നിയന്ത്രണ പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തി രോഗവ്യാപനം തടയുന്നു. കൂടാതെ ജീവിതശൈലി രോഗങ്ങളുള്ളവർക്കും മറ്റ് സങ്കീർണ്ണതകളുള്ളവർക്കും ആശുപത്രിയിൽ പ്രവേശിപ്പിച്ച് കൃത്യമായ ചികിത്സ നൽകിവരുന്നു. ഇ-സഞ്ജീവനി സേവനങ്ങളും ഇതിനായി ഉപയോഗപ്പെടുത്തിവരുന്നു. യോഗ്യരായ എല്ലാവർക്കും വാക്സിനേഷൻ നൽകാനുള്ള പ്രവർത്തനങ്ങളും തുടർന്നു വരുന്നുണ്ട്.

കോവിഡിന്റെ സമയത്ത് എൻ.സി.ഡി. രോഗികൾക്ക് അവരുടെ വീടുകളിൽതന്നെ ഒരുമാസത്തെ മരുന്നുകൾ വിതരണം ചെയ്തിരുന്നു. തടസമില്ലാത്ത സേവനം ഉറപ്പാക്കുന്നതിന് എല്ലാ ഡയാലിസിസ് കേന്ദ്രങ്ങളും സാധ്യമായ പരമാവധി ഷിഫ്റ്റുകളിൽ പ്രവർത്തിക്കുകയും ഐസൊലേഷനിൽ കഴിയുന്ന രോഗികൾക്ക് പ്രത്യേക ഡയാലിസിസ് സൗകര്യം നൽകുകയും വയോജനങ്ങൾക്ക് ആവശ്യമായ പരിചരണം നൽകുന്നതിനായി ആരോഗ്യ പ്രവർത്തകർ സ്ഥിരമായി വീടുകൾ സന്ദർശിക്കുകയും ചെയ്തിരുന്നു.

കോവിഡിന്റെ കാലഘട്ടത്തിൽ ഡോക്ടർമാർ, ഹൗസ്‌സർജൻമാർ, നഴ്സിംഗ് ഓഫീസർമാർ, ആയുഷ് ഉദ്യോഗസ്ഥർ, മുൻനിര ആരോഗ്യ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവർക്ക് ആവശ്യമായ പരിശീലനങ്ങൾ ഏർപ്പെടുത്തിയിരുന്നു. പ്രസ്തുത പരിശീലനങ്ങൾ നിപ, മങ്കിപോക്സ് തുടങ്ങിയ മറ്റ് പകർച്ചവ്യാധികളുടെ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളിലും ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും പ്രയോജനപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്.

മുൻകരുതൽ ഡോസ് നൽകുന്നതിനുള്ള കോവിഡ് വാക്സിനുകൾ സംസ്ഥാനത്തുടനീളമുള്ള എല്ലാ സർക്കാർ വാക്സിനേഷൻ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. സ്വീകരിക്കാത്തവർക്ക് ആവശ്യമായ സെഷനുകൾ ഉൾപ്പെടുത്താൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് CoWIN-ൽനിന്ന് ലഭ്യമായ മുൻകരുതൽ ഡോസ് ഡ്യൂ ലിസ്റ്റ് ഉപയോഗിക്കുന്നു. മുൻകരുതൽ ഡോസിനെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി IEC പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഡി) ക്ഷയരോഗം, മഞ്ഞപ്പിത്തം തുടങ്ങിയ മാരകരോഗങ്ങൾക്കുള്ള വാക്സിൻ/ചികിത്സ എന്നിവ ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ക്ഷയരോഗം, മഞ്ഞപ്പിത്തം തുടങ്ങിയ മാരകരോഗങ്ങൾക്കുള്ള വാക്സിൻ/ചികിത്സ എന്നിവ ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിക്ക് എയിംസ് പദവി

226(2154) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി ആശുപത്രിക്ക് എയിംസ് പദവി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ കേന്ദ്രസർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആവശ്യപ്പെട്ടിട്ടില്ല. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് എയിംസിന്റെ സമാന പദവിയിലുള്ള ഒരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പദ്ധതികൾ**

227(2155) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രത്യേക പദ്ധതി നടപ്പിലാക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ചികിത്സിച്ച് ഭേദമാക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' ജീവിതശൈലി രോഗനിയന്ത്രണ പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ബോധവൽക്കരണത്തിലൂടെ ജനങ്ങളുടെ ജീവിതചര്യയിൽ മാറ്റമുണ്ടാക്കുകയും അതിലൂടെ ജീവിതശൈലി രോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യത കുറയ്ക്കുകയും ചെയ്യുക എന്നതാണ്. ഇതിനായി വിവിധതരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടപ്പാക്കിവരുന്നു. ഓപ്പൺ ജിംനേഷ്യം, യോഗ സെന്ററുകൾ, വ്യായാമത്തിനുള്ള മറ്റ് സൗകര്യങ്ങൾ എന്നിവ ജീവിതശൈലി രോഗനിയന്ത്രണത്തിന്റെ ഭാഗമായി പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി നടപ്പാക്കിവരുന്നു. കൂടുതൽ ബോധവൽക്കരണ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടി ഓരോ സാമ്പത്തിക വർഷത്തേയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു.

നവകേരള കർമ്മ പദ്ധതി-2-ന്റെ ഭാഗമായി ജനസംഖ്യാധിഷ്ഠിത ജീവിതശൈലി രോഗപര്യവേഷണ പദ്ധതിയായ "അല്പം ശ്രദ്ധ, ആരോഗ്യം ഉറപ്പ്" എന്ന കാമ്പയിൻ തുടക്കത്തിൽ ഒരു നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ നടപ്പാക്കിവരുന്നുണ്ട്.

(ബി) വർദ്ധിച്ചുവരുന്ന ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സർക്കാർ നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങളും പദ്ധതികളും എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' കേരളത്തിലെ 14 ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ വിവിധ കേന്ദ്രങ്ങളിലൂടെ നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലാശുപത്രികളിലും താലൂക്കാശുപത്രികളിലും 232 സി.എച്ച്.സി.-കളിലും 835 പി.എച്ച്.സി.-കളിലും 5400-ൽപ്പരം സബ്സെന്ററുകളിലും ജീവിതശൈലി രോഗനിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.

ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉപപദ്ധതികൾ.

1. പക്ഷാഘാത ചികിത്സ പദ്ധതി (ശിരസ്-SIRAS) (Stroke Identification, Rehabilitation, Awareness and Stabilisation Programme)

2. ജനസംഖ്യാധിഷ്ഠിത ജീവിതശൈലി രോഗനിർണ്ണയ പദ്ധതി

നവകേരള കർമ്മ മിഷൻ-2-ന്റെ ഭാഗമായി ഇ-ഹെൽത്തിന്റെ സഹായത്തോടുകൂടി "ശൈലി" എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ ആശാവർക്കർമാരുടെ സഹകരണത്തോടുകൂടി "അല്പം ശ്രദ്ധ, ആരോഗ്യം ഉറപ്പ്" എന്ന കാമ്പയിൻ വഴിയുള്ള വിവരശേഖരണം നടത്തുന്നു. തുടക്കത്തിൽ ഒരു നിയോജകമണ്ഡലത്തിലെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനെത്തുടർന്ന് ഘട്ടം ഘട്ടമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. ഇതിനായി എൻ.സി.ഡി. പ്ലാൻ പദ്ധതിയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഫണ്ടുകളും ഉപയോഗപ്പെടുത്തുന്നതാണ്.

3. IHCI (India Hypertension Control Initiative)

എല്ലാ ജില്ലാ ചികിത്സാകേന്ദ്രങ്ങളിലും 18 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാവരുടെയും രക്തമർദ്ദം പരിശോധിക്കുന്നതിനും രോഗം കണ്ടെത്തുന്നവരെ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിൽ ചികിത്സിക്കുന്നതിനും അവരുടെ രോഗം നിയന്ത്രിക്കപ്പെടുന്നതുവരെ follow up ചെയ്യുന്നതിനുമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

4. CAPD Clinics (Continuous Ambulatory Peritoneal Dialysis)

ആരോഗ്യ വകുപ്പ് താരതമ്യേന ചെലവ് കുറയുന്നതും വീട്ടിൽവച്ച് ചെയ്യാവുന്നതുമായ CAPD ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് പദ്ധതി ആരംഭിച്ചു. തിരുവനന്തപുരം, എറണാകുളം, പാലക്കാട് ജില്ലകളിലാണ് ആദ്യഘട്ടത്തിൽ ഇതിന്റെ പ്രവർത്തനം നടപ്പിലായത്. ഇപ്പോൾ എല്ലാ ജില്ലകളിലും ഈ പദ്ധതി പ്രവർത്തനസജ്ജമാണ്.

5. ഡയബറ്റിക് റെറ്റിനോപതി (നയനാമൃതം പദ്ധതി)

പ്രമേഹ രോഗത്തിന്റെ കോംപ്ലിക്കേഷനായ ഡയബറ്റിക് റെറ്റിനോപ്പതി അഥവാ നേത്രപടല അന്ധത നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് 'നയനാമൃതം' പദ്ധതി ആരംഭിച്ചിരിക്കുന്നു.

6. COPD നിയന്ത്രണ പദ്ധതി (SWASS)

ഗുരുതര ശ്വാസകോശ രോഗമായ Chronic Obstructive Pulmonary Disease നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും എല്ലാ ജില്ലാശുപത്രികളിലും SWASS ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.

7. ക്യാൻസർ

ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും എല്ലാ ജില്ലകളിലും ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 25 യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തനസജ്ജമാണ്. നിലവിലുള്ള ഡോക്ടർമാർക്ക് റീജിയണൽ ക്യാൻസർ സെന്ററുകളിൽ പ്രത്യേക പരിശീലനം നൽകിയാണ് ഈ സെന്ററുകൾ പ്രവർത്തിപ്പിക്കുന്നത്. കൂടാതെ ജില്ലാ ക്യാൻസർ കെയർ പദ്ധതിപ്രകാരം എല്ലാ ജില്ലാശുപത്രികളിലും പ്രാദേശികതലത്തിൽ ക്യാൻസർ കണ്ടെത്തുന്നതിന് ജനസംഖ്യാധിഷ്ഠിതമായി സ്ക്രീനിംഗ് നടത്തുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

**കോവിഡാനന്തര രോഗങ്ങൾ സംബന്ധിച്ച അവലോകനം**

228(2156) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡാനന്തരം അസാധാരണമായി കാണപ്പെടുന്ന രോഗങ്ങൾ സംബന്ധിച്ച് പ്രത്യേകമായ അവലോകനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ആരോഗ്യ വകുപ്പിനുകീഴിൽ കോവിഡാനന്തര രോഗങ്ങളുടെ പ്രതിവാര കണക്കുകൾ എല്ലാ ജില്ലകളിൽനിന്നും ആരോഗ്യ സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ചുവരുന്നു. ഈ കണക്കുകൾ കൃത്യമായ അവലോകനത്തിന് വിധേയമാക്കാറുണ്ട്. 1190 ക്ലിനിക്കുകളിൽനിന്നായി 339035 പേരെ പ്രാഥമികതലത്തിലും 125281 പേരെ സെക്കണ്ടറിതലത്തിലും പരിശോധിച്ചിട്ടുണ്ട്. ഇതിൽ 15 ശതമാനത്തോളം പേർക്ക് ശ്വാസകോശരോഗ സംബന്ധമായ രോഗങ്ങൾക്കും 5 ശതമാനത്തോളം പേർക്ക് പേശീരോഗങ്ങൾക്കും 1.98% പേർക്ക് ഹൃദയസംബന്ധമായ രോഗങ്ങൾക്കും 1.8% പേർക്ക് നാഡീസംബന്ധമായ രോഗങ്ങൾക്കും 1% പേർക്ക് മാനസിക രോഗങ്ങൾക്കും 8.2% പേർക്ക് മറ്റ് രോഗങ്ങൾക്കും ചികിത്സ നൽകിയിട്ടുണ്ട്. 3,71,764 പേർക്ക് ടെലിമെഡിസിൻ സംവിധാനത്തിലൂടെ കോവിഡാനന്തര രോഗങ്ങൾക്കായി ചികിത്സ നൽകിയിട്ടുണ്ട്.

(ബി) കോവിഡാനന്തരം ഹൃദയ പരിക്ഷീണിത രോഗം പ്രായം കുറഞ്ഞവരിൽ ഏറിവരുന്നതായും അത്തരം രോഗികളിൽ ഏഴിലൊരാൾ 90 ദിവസത്തിനകം മരണപ്പെടുന്നതായും ചൂണ്ടിക്കാട്ടി ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ ഹൃദയ പരിക്ഷീണിത രോഗികളെ യഥാസമയം കണ്ടെത്തുന്നതിനും തുടർ ചികിത്സ നൽകുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ടോ; ഇത് സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ?

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഡയാലിസിസിന് ധനസഹായം

229(2157) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയാലിസിസിന് വിധേയരാകുന്ന നിർദ്ധനരായ രോഗികൾക്ക് എന്ത് സഹായമാണ് സർക്കാർ നൽകിവരുന്നതെന്ന് വിശദമാക്കാമോ?

ഡയാലിസിസിന് വിധേയരാകുന്ന നിർദ്ധനരായ രോഗികൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി എന്നിവ മുഖേനയുള്ള സൗജന്യ ചികിത്സ തെരഞ്ഞെടുത്ത ആശുപത്രികൾ വഴി നൽകിവരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ 5 ലക്ഷം രൂപ വരെയുള്ള ചികിത്സാനുകൂല്യവും കെ.ബി.എഫ്. വഴി 2 ലക്ഷം രൂപ വരെയുള്ള ചികിത്സാനുകൂല്യവും (വൃക്ക രോഗികൾക്ക് 3 ലക്ഷം വരെ) നൽകിവരുന്നു. കിഡ്നി ട്രാൻസ്പ്ലാന്റ് തീയതി മുതൽ ഒരു വർഷം വരെ ഫോളോ അപ് മരുന്നുകളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർദ്ധനരായ എത്ര ഡയാലിസിസ് രോഗികൾക്ക് സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിന്റെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള ആശുപത്രികളിലൂടെ 13032 നിർദ്ധനരായ രോഗികൾക്ക് ഡയാലിസിസ് ചികിത്സ നൽകിയിട്ടുണ്ട്.

**ചികിത്സ ധനസഹായം അവകാശികൾക്ക് കൈമാറുന്നതിന് നടപടി**

230(2158) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സ ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് 2016-ൽ ശ്രീ. എ. ഇ. പൗലോസ്, അരിക്കൽ കുരൻ വീട്, പൊയ്ക്കാട്ടുശ്ശേരി, ചെങ്ങമനാട് പി. ഒ. എന്ന വ്യക്തി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ അനുവദിച്ച തുക, ചികിത്സയിലിരിക്കെ ടിയാൻ മരണപ്പെട്ടതിനാൽ അവകാശിയായ ഭാര്യ റാണി പൗലോസിന് അനുവദിക്കണമെന്നുള്ള അപേക്ഷ സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ചികിത്സ ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഇ. പൗലോസ് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ Society for Medical Assistance to poor പദ്ധതിയിൽ ധനസഹായത്തിന് അപേക്ഷ നൽകുകയും ആയത് പരിഗണിച്ച് ടിയാന് തുക അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ ടിയാൻ മരണപ്പെട്ടതായി അറിയിച്ചതിനാൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ Relationship Certificate ആയിരുന്നു ആദ്യം സമർപ്പിച്ചിരുന്നത്. ആയത് തിരിച്ചയച്ച് അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടിരുന്നു.

കോവിഡ് മഹാമാരിമൂലം തുടർനടപടികളിൽ ചെറിയ കാലതാമസം ഉണ്ടായെങ്കിലും അനന്തരാവകാശ സർട്ടിഫിക്കറ്റിന്റേയും മക്കളുടെ സാക്ഷ്യപത്രത്തിന്റേയും അടിസ്ഥാനത്തിൽ പരേതന്റെ നിയമപരമായ അവകാശിക്ക് തുക അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ടി തുക ക്രെഡിറ്റ് ചെയ്യുവാൻ അവകാശിയുടെ ബാങ്ക് അക്കൗണ്ട് ലഭ്യമായിരുന്നില്ല. പദ്ധതിയിൽ DBT system (Direct Beneficiary Transfer) മുഖേനയാണ് തുക ക്രെഡിറ്റ് ചെയ്യുന്നത്. ബാങ്ക് പാസ്സ് ബുക്കിന്റെ മുൻ പേജിന്റെ പകർപ്പ് ലഭ്യമാകുന്ന മുറയ്ക്കും പദ്ധതിയിൽ തുക ലഭ്യമാകുന്ന മുറയ്ക്കും തുക അനുവദിക്കുന്നതാണ്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് അനന്തരാവകാശിയായ മാതാവിന് തുക കൈമാറുന്നതിന് തടസ്സമില്ലെന്ന സ്വന്തം മക്കളുടെ സാക്ഷ്യപത്രം RL 560117915IN നമ്പർ രജിസ്റ്റേഡ് പോസ്റ്റായി 11-3-2020-ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ചുനൽകിയിട്ടും 2016-ൽ അനുവദിച്ച തുക നാളിതുവരെ കൈമാറാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാകാൻ കാലതാമസം നേരിട്ടതും അവകാശിയുടെ ബാങ്ക് അക്കൗണ്ട് ഇല്ലാതിരുന്നതും പദ്ധതിയിൽ ഫണ്ടില്ലാത്തതുമാണ് തുക ക്രെഡിറ്റ് ചെയ്യാൻ താമസം നേരിടുന്നത്.

(സി) അനന്തരാവകാശിയായ റാണി പൗലോസിന് ലഭിക്കേണ്ട തുക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അനന്തരാവകാശിയായ റാണി പൗലോസിന് തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടിയാരിയുടെ ബാങ്ക് പാസ് ബുക്കിന്റെ മുൻ പേജിന്റെ പകർപ്പ് ലഭ്യമായാൽ ഈ പദ്ധതിക്ക് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിച്ചിട്ടുള്ള തുക അടിയന്തരമായി ക്രെഡിറ്റ് ചെയ്യുന്നതാണ്.

(ഡി) പ്രസ്തുത തുക അനുവദിക്കുന്നതിലെ കാലതാമസത്തിന് കാരണം ഉദ്യോഗസ്ഥതലത്തിലെ വീഴ്ചയാണോ എന്ന് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത തുക അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടത് ഉദ്യോഗസ്ഥതലത്തിലെ വീഴ്ചമൂലമല്ല. ആവശ്യമായ ഡോക്യുമെന്റ്സ് യഥാസമയം ലഭ്യമാകാത്തതിനാലും പദ്ധതിക്ക് ഫണ്ട് നിലവിൽ ലഭ്യമല്ലാത്തതിനാലും ആണ് പ്രസ്തുത വിഷയത്തിൽ കാലതാമസമുണ്ടായത്.

**നെയ്യാറ്റിൻകര ജനറലാശുപത്രിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കൽ**

231(2159) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറലാശുപത്രിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് ബഡ്ജറ്റിൽ ഫണ്ട് അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര ജനറലാശുപത്രിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനും പുതിയ മന്ദിരം നിർമ്മിക്കുന്നതിനും 2022-23-ലെ പൊതുബഡ്ജറ്റിൽ ക്രമ നമ്പർ 513 ആയി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) സ്ഥലം ഏറ്റെടുക്കുന്നതിന്റെ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനായി 18-6-2022-ൽ ഡി.എച്ച്.എസ്.-ന് നൽകിയ എം.എൽ.എ./ഡി.എച്ച്.എസ്./ ബി.ഡി.-01/2022 നമ്പർ കത്ത് പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് നെയ്യാറ്റിൻകര ജനറലാശുപത്രിയിലെ ആശുപത്രി സൂപ്രണ്ടും ജില്ലാ മെഡിക്കൽ ഓഫീസറും സാക്ഷ്യപ്പെടുത്തിയ ആവശ്യകതാപത്രം, തഹസീൽദാർ സാക്ഷ്യപ്പെത്തിയ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകുകയും പകർപ്പ് നെയ്യാറ്റിൻകര ജനറലാശുപത്രിക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച സ്ഥലം ഏറ്റെടുക്കലിന്റെ നടപടിക്രമങ്ങളിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ആവശ്യമായ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതാണ്.

## സംസ്ഥാന മെഡിക്കൽ/നഴ്സിംഗ് കൗൺസിലുകളുടെ സേവനങ്ങൾ ലഭ്യമാകുന്നതിന് നടപടി

232(2160) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന മെഡിക്കൽ കൗൺസിൽ, നഴ്സിംഗ് കൗൺസിൽ എന്നിവിടങ്ങളിൽ നിലവിൽ നൽകിവരുന്ന സേവനങ്ങൾ സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ജനപ്രതിനിധികൾക്കടക്കം പ്രസ്തുത കൗൺസിലുകളിൽനിന്ന് ടെലഫോൺ മുഖേന വിവരങ്ങൾ ലഭിക്കാത്ത രീതിയിലുള്ള ഗുരുതരമായ സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ ഇത്തരം സാഹചര്യങ്ങൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേരള നഴ്സിംഗ് ആൻഡ് മിഡ് വൈവ്സ് കൗൺസിലിൽ ടെലഫോൺ മുഖേനയുള്ള അന്വേഷണങ്ങൾ സംബന്ധിച്ച് ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ നടപ്പാക്കിവരുന്നു.

(സി) സേവനാവകാശ നിയമം പ്രസ്തുത കൗൺസിലുകളിൽ പ്രാബല്യത്തിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നിയമം നടപ്പാക്കുവാനും സേവനങ്ങൾ മെച്ചപ്പെടുത്തുവാനും നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്.

(ഡി) പ്രസ്തുത കൗൺസിലുകളിൽ കാലാകാലങ്ങളിൽ ജോലിചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരുടെയും പേര്, അവരുടെ ചുമതല, മൊബൈൽ നമ്പർ എന്നിവയടക്കമുള്ള വിവരങ്ങൾ കൗൺസിലിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള നഴ്സിംഗ് ആൻഡ് മിഡ് വൈവ്സ് കൗൺസിലിൽ രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവരുടെ പേര്, ഔദ്യോഗിക ഫോൺ നമ്പർ, മൊബൈൽ നമ്പർ എന്നിവയും മറ്റ് ജീവനക്കാരുടെ ഉദ്യോഗപ്പേര്, ഫോൺ നമ്പർ എന്നിവയും

വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ ഇവ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) നിലവിൽ പ്രസ്തുത കൗൺസിലുകളിൽ ജോലിചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരുടെയും പേര്, അവരുടെ ചുമതല, മൊബൈൽ നമ്പർ എന്നിവ അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ വിവരങ്ങൾ, കേരള നഴ്സിംഗ് ആൻഡ് മിഡ് വൈവ്സ് കൗൺസിലിലെ വിവരങ്ങൾ എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

**വൈപ്പിൻ മണ്ഡലത്തിലെ കോവിഡ് മരണങ്ങളുടെ കണക്ക്**

233(2161) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ നാളിതുവരെ എത്ര കോവിഡ് മരണങ്ങളാണ് സ്ഥിരീകരിച്ചിട്ടുള്ളതെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിൽ 24-8-2022 വരെ സ്ഥിരീകരിച്ച കോവിഡ് മരണങ്ങളുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു.

എടവനക്കാട് - 42

ഏളംകുന്നപ്പുഴ - 155

കുഴുപ്പിള്ളി - 36

നായരമ്പലം - 56

ഞാറക്കൽ - 71

പള്ളിപ്പുറം - 98

കടമക്കുടി - 57

മുളവുകാട് - 61

ആകെ - 576

(ബി) അപ്പീൽ കമ്മിറ്റി മുമ്പാകെ ഇതുസംബന്ധിച്ച് എത്ര അപേക്ഷകളാണ് പരിഹരിക്കപ്പെടേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈപ്പിൻ നിയോജകമണ്ഡലത്തിലെ 4 അപ്പീൽ അപേക്ഷകളാണ് അപ്പീൽ കമ്മിറ്റിമുമ്പാകെ പരിഹരിക്കപ്പെടേണ്ടതായിട്ടുള്ളത്.

(സി) പ്രസ്തുത അപേക്ഷകളിന്മേൽ എന്നത്തേയ്ക്ക് തീരുമാനം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും നൽകിവരുന്ന 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനായാണ് മരണം കോവിഡ് ഡെത്ത് ലിസ്റ്റിൽ ഉൾപ്പെടുത്തി കോവിഡ് ഡെത്ത് ഡിക്ലറേഷൻ സർട്ടിഫിക്കറ്റ് നൽകിവരുന്നത്. എന്നാൽ 24-3-2022-ലെ MA No. 1805/2021 in WP (C) No. 539/2021 കേസിന്മേലുള്ള ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 20-3-2022-ന് മുൻപ് സംഭവിക്കുന്ന കോവിഡ് മരണങ്ങളിൽ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി 24-3-2022 മുതൽ 60 ദിവസത്തിനകമായി നിശ്ചയിച്ച് ദുരന്ത നിവാരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ടി കാലയളവിൽ ലഭിച്ച അപ്പീൽ അപേക്ഷകൾ മാത്രമാണ് C-DAC മുഖേന നിലവിൽ കോവിഡ് ഡെത്ത് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിച്ചുവരുന്നത്. വൈപ്പിൻ നിയോജകമണ്ഡലത്തിലെ 4 അപ്പീൽ അപേക്ഷകളും പ്രസ്തുത കാലാവധിക്കുശേഷമാണ് ജില്ലാ മെഡിക്കൽ ഓഫീസർക്ക് ലഭ്യമായിട്ടുള്ളത്.

**സംസ്ഥാനത്തെ കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിലെ വീഴ്ച**

234(2162) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ട കോവിഡ് മരണങ്ങൾ എത്രയാണ്; കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള എത്ര അപേക്ഷകളിൽ ഇനി തീരുമാനം കൈക്കൊള്ളാൻ ബാക്കിയുണ്ട്?

സംസ്ഥാനത്ത് 24-8-2022 വരെ 70,767 കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 24-8-2022 വരെ ലഭിച്ച അപേക്ഷകളിൽ 472 അപേക്ഷകൾ ആശുപത്രിതലത്തിലും 328 അപേക്ഷകൾ C-DAC മുഖാന്തരവും തീർപ്പാക്കാനുണ്ട്.

(ബി) സംസ്ഥാനത്ത് കോവിഡ് മരണനിരക്ക് എത്രയാണ്; ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തി ലഭ്യമാക്കുമോ?

ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്തെ കോവിഡ് മരണനിരക്ക് 1.05% ആണ്.

(സി) സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് നാളിതുവരെ എന്തെല്ലാം സഹായം നൽകിയിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇനി എത്ര പേർക്ക് സഹായം നൽകാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് നാളിതുവരെ നൽകിയ സഹായങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. റവന്യൂ വകുപ്പ് മുഖേന കോവിഡ് എക്സ്ഗ്രേഷ്യ ധനസഹായമായി 316,51,43,377 രൂപ നൽകിയിട്ടുണ്ട്. 2587 പേർക്ക് കോവിഡ് എക്സ്ഗ്രേഷ്യ നൽകാൻ ബാക്കിയുണ്ട്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചുകഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് നൽകിവരുന്ന 5000 രൂപ ധനസഹായം നൽകുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 2,79,90,000 രൂപ ചെലവഴിച്ചിട്ടുണ്ട്. 6244 അപേക്ഷകൾക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ട്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ചുവരുന്നു.

3. കോവിഡ് ബാധിച്ച് മാതാപിതാക്കൾ രണ്ടുപേരും മരണപ്പെട്ട കുട്ടികൾക്കും അതോടൊപ്പം നേരത്തെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ശേഷിച്ച ആൾ ഇപ്പോൾ കോവിഡുമൂലം മരണപ്പെടുകയും ചെയ്ത കുട്ടികൾക്കും വനിത-ശിശുവികസന വകുപ്പിന്റെ ഫണ്ടിൽനിന്നും 2000 രൂപ (രണ്ടായിരം രൂപ) വീതം കുട്ടിക്ക് 18 വയസ്സ് ആകുന്നതുവരെ കുട്ടിയുടെയും ഇപ്പോഴത്തെ രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേയ്ക്ക് മാസംതോറും നിക്ഷേപിക്കുന്നു. കൂടാതെ അപ്രകാരം അനാഥരാക്കപ്പെട്ട കുട്ടികളുടെ പേരിൽ 3 ലക്ഷം രൂപയുടെ സ്ഥിര നിക്ഷേപവും നൽകിവരുന്നു. ഇത്തരത്തിൽ 136 കുട്ടികൾക്ക് ആകെ 4,27,38,000 രൂപ 31-3-2022 വരെ അനുവദിച്ച് നൽകിയിട്ടുണ്ട്. പുതുതായി 5 കുട്ടികൾക്കുകൂടി പ്രസ്തുത സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. പ്രധാൻ മന്ത്രി ഗരീബ് കല്യാൺ പാക്കേജ് (PMGKP) എന്ന ഇൻഷ്വറൻസ് പരിരക്ഷപ്രകാരം സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ട ആരോഗ്യ പ്രവർത്തകരുടെ ആശ്രിതർക്ക് (മൊത്തം 39 പേർക്ക്) കേന്ദ്ര സർക്കാർ 19.50 കോടി രൂപ നൽകിയിട്ടുണ്ട്. ആനുകൂല്യം ലഭിക്കാനുള്ള 19 പേരുടെ അപേക്ഷകൾ പരിശോധിച്ചുവരുന്നു.

(ഡി) കോവിഡ് മരണങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ സംസ്ഥാനം വീഴ്ച വരുത്തിയത് സംബന്ധിച്ച് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് കത്ത് നൽകിയിരുന്നോ; എങ്കിൽ എന്തെല്ലാമാണ് സംസ്ഥാനത്തിന്റെ വീഴ്ചയായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്; സംസ്ഥാനം എന്ത് മറുപടിയാണ് നൽകിയത്; വിശദമാക്കുമോ?

2022 ജൂലൈ മാസത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽനിന്ന് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഒരു അർദ്ധ ഔദ്യോഗിക കത്ത് സംസ്ഥാന സർക്കാരിന് ലഭിച്ചിരുന്നു. ഇതുപ്രകാരം കോവിഡ് കേസുകളും മരണങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അതത് ദിവസംതന്നെ റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. കൂടാതെ, ദിനംപ്രതി കേന്ദ്രത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളെ 24 മണിക്കൂറിനകം റിപ്പോർട്ട് ചെയ്യപ്പെടുന്നവ, അതിനുശേഷം റിപ്പോർട്ട് ചെയ്യപ്പെടുന്നവ (delayed /reconciled death as per ICMR), reconciled death based on Supreme Court criteria എന്നിങ്ങനെ തരംതിരിച്ച് റിപ്പോർട്ട് ചെയ്യാനായി നിർദ്ദേശിച്ചു. ഇതുകൂടാതെ മരണം സംഭവിച്ച് 90 ദിവസത്തിനകം അംഗീകരിച്ച അപ്പീൽ മരണങ്ങൾ മാത്രമേ നാഷണൽ ബുള്ളറ്റിനിൽ കോവിഡ് മരണമായി പ്രസിദ്ധീകരിക്കുകയുള്ളൂവെന്നും അറിയിച്ചിരുന്നു. കേരള സംസ്ഥാനം ആദ്യം മുതൽക്കുതന്നെ ദിനംപ്രതി റിപ്പോർട്ട് ചെയ്യുന്ന കോവിഡ് മരണങ്ങളെയും അപ്പീൽ മുഖാന്തരമുള്ള മരണങ്ങളെയും വെവ്വേറെ വേർതിരിച്ചാണ് കേന്ദ്രത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്തുവരുന്നത്.

**പട്ടാമ്പി മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

235(2163) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പട്ടികയിൽ ഉൾപ്പെട്ട ആശുപത്രികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും രണ്ടാം ഘട്ടത്തിൽ 504 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെയും ആർദ്രം മൂന്നാം ഘട്ടത്തിൽ 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്.

കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ട ആശുപത്രികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പട്ടാമ്പി നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ആർദ്രം ഒന്നാം ഘട്ടത്തിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഓങ്ങല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെയും ആർദ്രം രണ്ടാം ഘട്ടത്തിൽ വല്ലപ്പുഴ, മുതുതല എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും ആർദ്രം മൂന്നാം ഘട്ടത്തിൽ വിളയൂർ, തിരുവേഗപ്പുറ, കുലുക്കല്ലൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.

കൂടാതെ ഒരു റവന്യൂ ബ്ലോക്കിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു സി.എച്ച്.സി.-യെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി പട്ടാമ്പി മണ്ഡലത്തിൽനിന്നും കൊപ്പം സി.എച്ച്.സി.-യെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെടുകയുണ്ടായി.

(സി) ഇതുസംബന്ധിച്ച് ഇറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് പട്ടാമ്പി നിയോജക മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള ആരോഗ്യ കേന്ദ്രങ്ങളുടെ പേരുവിവരം അടങ്ങുന്ന പട്ടിക ലഭ്യമാക്കുമോ?

വല്ലപ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രം

മുതുതല പ്രാഥമികാരോഗ്യ കേന്ദ്രം

(ഇ) രണ്ടാം ഘട്ടത്തിലെ പട്ടിക യഥാർത്ഥ്യമാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ?

വല്ലപ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. മുതുതല പ്രാഥമികാരോഗ്യ കേന്ദ്രത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതിനാൽ ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നിലവിൽ മുതുതല പി.എച്ച്.സി.ക്കായി ഭൂമി ലഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതിനാൽ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മെഡിക്കൽ വിദ്യാർത്ഥികളുടെ ഫീസ് നിർണ്ണയം

236(2164) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ 2022 വർഷത്തെ പ്രവേശനത്തിന് മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശ പ്രകാരമുള്ള ഫീസ് നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഫീസ് നിർണ്ണയം വിദ്യാർത്ഥികളുടെ പ്രവേശനത്തിന് തടസ്സം വരാതെ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) 3-2-2022-ലെ NMC/US(NMC)/Fee-Regulating Committee/ 2021-02 നമ്പറായ നാഷണൽ മെഡിക്കൽ കമ്മീഷന്റെ ഓഫീസ് മെമ്മോറാണ്ടത്തിലെ നിർദ്ദേശങ്ങൾക്കെതിരെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ WP(c)Nos.5503,5851 & 24112/2022 സമർപ്പിക്കുകയും 50% സീറ്റിൽ സർക്കാർ ഫീസ് എന്ന നിർദ്ദേശം കേരളത്തിൽ നടപ്പാക്കേണ്ടതില്ലെന്നും കമ്മീഷന്റെ മെമ്മോറാണ്ടത്തിൽ പറയുന്ന മറ്റ് നിർദ്ദേശങ്ങൾ പാലിച്ച് ഫീസ് നിർണ്ണയിക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. സ്വാശ്രയ മെഡിക്കൽ കോളേജുകൾ 2022-23 അധ്യയന വർഷത്തിലെ ഫീസ് നിർണ്ണയവുമായി ബന്ധപ്പെട്ട് രേഖകൾ ഫീസ് നിയന്ത്രണ സമിതിക്കുമുമ്പാകെ സമർപ്പിക്കുന്നമുറയ്ക്കാണ് അവ പരിശോധിച്ച് നിയമപ്രകാരമായ നിർദ്ദേശങ്ങൾക്കനുസരിച്ച് സമിതിക്ക് ഫീസ് നിർണ്ണയിക്കാനാകുക.

## മെഡിക്കൽ വിദ്യാർത്ഥികളുടെ വാർഷിക/സെമസ്റ്റർ പരീക്ഷകൾ

237(2165) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിക്കൽ വിദ്യാർത്ഥികളുടെ വാർഷിക/സെമസ്റ്റർ പരീക്ഷകൾ സമയബന്ധിതമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയവ സമയബന്ധിതമായി നടത്താൻ നടപടി സ്വീകരിക്കുമോ?

ദേശീയ മെഡിക്കൽ കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ പരീക്ഷ ബോർഡ് തീരുമാനിക്കുകയും മുൻകൂട്ടി പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന താൽക്കാലിക കലണ്ടർ പ്രകാരമാണ് സർവ്വകലാശാല മെഡിക്കൽ യു.ജി./പി.ജി. കോഴ്സുകളുടെ പരീക്ഷകൾ നടത്തി വരുന്നത്.

കോവിഡ്-19 പശ്ചാത്തലത്തിൽ കോഴ്സുകളുടെ പ്രവേശനത്തിലും പരിശീലനത്തിലും കാലതാമസം നേരിട്ടതുമൂലം പരീക്ഷാക്രമത്തിലും മാറ്റം വന്നിരുന്നു. എന്നാൽ, അതിനുശേഷം അക്കാഡമിക് പരിശീലനം പൂർത്തിയായതായി ഉറപ്പുവരുത്തി ആരോഗ്യ സർവ്വകലാശാല സമയബന്ധിതമായി പരീക്ഷകൾ നടത്തിവരുന്നുണ്ട്. 22-4-2022-ന് സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച കലണ്ടർ പ്രകാരം മെഡിക്കൽ കോഴ്സുകളുടെ എല്ലാ പരീക്ഷകളും നിശ്ചയിച്ച ദിവസങ്ങളിൽത്തന്നെ നടത്തിവരുന്നുണ്ട്.

## ഉക്രൈനിൽനിന്നും തിരികെയെത്തിയ മെഡിക്കൽ വിദ്യാർത്ഥികളുടെ തുടർപഠനം

238(2166) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉക്രൈനിൽനിന്നും തിരികെയെത്തിയ മലയാളികളായ മെഡിക്കൽ വിദ്യാർത്ഥികളുടെ തുടർപഠനം കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നടത്തുന്നതിന് സമ്മതം അറിയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉക്രൈനിൽനിന്നും യുദ്ധവും അനുബന്ധ സാഹചര്യങ്ങളും കാരണം പഠനം മുടങ്ങി മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ തുടർപഠനം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളേണ്ടത് കേന്ദ്ര സർക്കാരും ദേശീയ മെഡിക്കൽ കമ്മീഷനുമാണ്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഉന്നമനം

239(2167) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിക്കൽ വിദ്യാഭ്യാസം ഉന്നത നിലവാരത്തിലെത്തിക്കുന്നതിനും ഇതര സംസ്ഥാനങ്ങളിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്ക് തടയുന്നതിനുമായി യു.ജി./പി.ജി. തലത്തിൽ കൂടുതൽ സർക്കാർ/സ്വകാര്യ കോളേജുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ബന്ധപ്പെട്ട കൗൺസിലുകൾ/സർവ്വകലാശാലകൾ/ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് മുതലായവയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ പൂർണ്ണ

രീതിയിൽ പ്രവർത്തനസജ്ജമാണെന്ന് റിപ്പോർട്ട് ലഭ്യമാകുന്ന സ്ഥാപനങ്ങൾക്ക് സ്വാശ്രയ മേഖലയിൽ കോളേജുകൾ ആരംഭിക്കാൻ അനുമതി നൽകിവരുന്നുണ്ട്. മേൽ പരാമർശിത സ്ഥാപനങ്ങളുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇത്തരം സ്വാശ്രയ കോളേജുകളിൽ സീറ്റ് വർദ്ധനവിനുള്ള അനുമതിയും നൽകിവരുന്നുണ്ട്. കൂടാതെ സർക്കാർ മേഖലയിലെ MBBS, PG കോഴ്സുകൾക്കും സീറ്റ് വർദ്ധനവ് നടപ്പാക്കിയിട്ടുണ്ട്. സർക്കാർ മേഖലയിൽ ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിന് ഈ അദ്ധ്യയന വർഷം 100 എം.ബി.ബി.എസ്. സീറ്റുകളിൽ അഡ്മിഷൻ ആരംഭിക്കുന്നതിനായി നാഷണൽ മെഡിക്കൽ കമ്മീഷനിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കോന്നി, വയനാട് മെഡിക്കൽ കോളേജുകളിൽ 2023-24 അദ്ധ്യയന വർഷം എം.ബി.ബി.എസ്. കോഴ്സ് ആരംഭിക്കുന്നതിനായി ലറ്റർ ഓഫ് പെർമിഷന് നാഷണൽ മെഡിക്കൽ കമ്മീഷനിൽ അപേക്ഷ സമർപ്പിച്ചിട്ടുമുണ്ട്. കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ ഒ.പി. ആരംഭിക്കുകയും വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന്റെ ഭാഗമായി മാനന്തവാടി ജില്ലാ ആശുപത്രി തൽക്കാലം മെഡിക്കൽ കോളേജായി അപ്ഗ്രേഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ മാനന്തവാടി താലൂക്കിൽ ബോയ്സ് ടൗണിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള 65 ഏക്കർ ഭൂമി വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ബ്രോഡ് സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ പുതുതായി പി.ജി. കോഴ്സുകൾ ആരംഭിക്കുകയും നിലവിലുള്ള പി.ജി. കോഴ്സുകളുടെ സീറ്റ് എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പാരിപ്പള്ളി, മഞ്ചേരി എന്നിവിടങ്ങളിൽ പുതുതായി സർക്കാർ മേഖലയിൽ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.

**പ്രൈവറ്റ് മെഡിക്കൽ കോളേജുകളിലെ മെറിറ്റ് സീറ്റുകളിലെ പ്രവേശനം**

240(2168) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് മെഡിക്കൽ കോളേജുകളിലെ 50% മെഡിക്കൽ സീറ്റുകളിൽ സർക്കാർ ഫീസിൽ പ്രവേശനം നടത്താനുള്ള നാഷണൽ മെഡിക്കൽ കമ്മീഷൻ ഉത്തരവ് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) കമ്മീഷൻ ഉത്തരവ് നടപ്പാക്കുന്നതിൽ നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) മെഡിക്കൽ കമ്മീഷൻ ഉത്തരവിൽ അഡ്മിഷൻ/ഫീ റെഗുലേറ്ററി കമ്മിറ്റിയിൽനിന്ന് അഭിപ്രായം തേടുകയോ സർക്കാർ നിർദ്ദേശം നൽകുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ മറുപടി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകുമോ?

(എ-സി) പ്രൈവറ്റ് മെഡിക്കൽ കോളേജുകളിലെ 50% മെഡിക്കൽ സീറ്റുകളിൽ സർക്കാർ ഫീസിൽ പ്രവേശനം നടത്താനുള്ള വിഷയവുമായി ബന്ധപ്പെട്ട് നാഷണൽ മെഡിക്കൽ കമ്മീഷന്റെ 3-2-2022-ലെ NMC/US(NMC)/Fee-Regulating Committee/2021-02 നമ്പർ ഓഫീസ് മെമ്മോറാണ്ടം സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഫീസ് നിയന്ത്രണ സമിതിയുടെ അഭിപ്രായം സർക്കാർ തേടിയിരുന്നു. എന്നാൽ ടി മെമ്മോറാണ്ടത്തിലെ നിർദ്ദേശങ്ങൾക്കെതിരെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ WP(c)Nos.5503,5851& 24112/2022 സമർപ്പിക്കുകയും 50% സീറ്റിൽ സർക്കാർ ഫീസ് എന്ന നിർദ്ദേശം കേരള സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ പ്രയോഗികമല്ലാത്തതിനാൽ നടപ്പാക്കേണ്ടതില്ലെന്നും കമ്മീഷന്റെ മെമ്മോറാണ്ടത്തിൽ പറയുന്ന മറ്റ് നിർദ്ദേശങ്ങൾ പാലിച്ച് ഫീസ് നിർണ്ണയിക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ എ.എൻ.എം. ട്രെയിനിംഗ് സെന്ററിന്റെ ദയനീയാവസ്ഥ പരിഹരിക്കാൻ നടപടി

241(2169) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എ.എൻ.എം. ട്രെയിനിംഗ് സെന്ററിന്റെ ദയനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിലെ പുരാതന കെട്ടിടത്തിന്റെ ബലക്കുറവും വിദ്യാർത്ഥികൾക്ക് മതിയായ ഹോസ്റ്റൽ സൗകര്യങ്ങളുടെ അപര്യാപ്തതയും പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2 വർഷത്തെ എ.എൻ.എം. കോഴ്സ് നടത്തിവരുന്ന ടി സ്ഥാപനത്തിൽ ഓരോ ബാച്ചിലും 50 കുട്ടികൾ വീതം പഠിക്കുന്നുണ്ട്. ടി സ്ഥാപനത്തിൽ പുതിയ ക്ലാസ് റൂം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവ പണിയുന്നതിന് പൊതുമരാമത്ത് വകുപ്പിൽനിന്നും 2,06,00,000 (രണ്ട് കോടി ആറ് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് 2019-ൽ ലഭ്യമാക്കിയിരുന്നു. ആയത് Detailed Estimate Price സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കാൻ പാലക്കാട് ജില്ല മെഡിക്കൽ ഓഫീസറെ അറിയിച്ചതിനെത്തുടർന്ന് പാലക്കാട് ജില്ല

മെഡിക്കൽ ഓഫീസർ ആലത്തൂർ പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. 2018 വരെ 50 കുട്ടികൾ അടങ്ങുന്ന ഒരു ബാച്ച് മാത്രമാണ് ടി സ്ഥാപനത്തിൽ ഉണ്ടായിരുന്നത്. ടി 50 കുട്ടികൾക്കും സ്ഥാപനത്തിൽത്തന്നെ ഹോസ്റ്റൽ സൗകര്യമൊരുക്കിയിരുന്നു. 2018 മുതൽ രണ്ട് ബാച്ചിലും 2 അഡ്മിഷൻ ആരംഭിക്കുകയും പുതിയ ബാച്ചിൽ ഉൾപ്പെടെ 100 കുട്ടികൾ നിലവിൽ ടി സ്ഥാപനത്തിൽ പഠിക്കുകയും ചെയ്യുന്നു. എന്നാൽ 50 പേർക്ക് മാത്രമാണ് ഹോസ്റ്റൽ സൗകര്യമുള്ളത്. പുതിയ ക്ലാസ് റൂം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതോടെ പുതിയ കെട്ടിടത്തിലോ നിലവിലുള്ള കെട്ടിടത്തിലോ ബാക്കി 50 കുട്ടികൾക്കുകൂടി ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നതാണ്.

(ബി) വിദ്യാർത്ഥികളുടെ പ്രാക്ടിക്കൽ ട്രെയിനിംഗ് കേന്ദ്രമായ അമ്മമാരുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്കുള്ള യാത്രയ്ക്ക് നൽകിയിരുന്ന ഡിപ്പാർട്ട്മെന്റ് വാഹനം കണ്ടം ചെയ്യേണ്ട അവസ്ഥയിലായതിനാൽ പകരം പുതിയ വാഹനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

പാലക്കാട് ജില്ലയിലെ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സിംഗ് ട്രെയിനിംഗ് സെന്ററിലെ KL-01 D-248 രജിസ്റ്റർ നമ്പർ മിനി ബസ്സ് ഉൾപ്പെടെ 15 വർഷത്തിലധികം പഴക്കമുള്ള ആരോഗ്യ വകുപ്പിലുള്ള 596 വാഹനങ്ങൾ, കേന്ദ്ര സർക്കാരിന്റെ സ്ക്രാപ്പ് പോളിസി നടപ്പാക്കിയാൽ ഉപയോഗിക്കാൻ കഴിയാതെ വരികയും ആയതിനാൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) അമ്മമാരുടെയും കുട്ടികളുടെയും ആശുപത്രിയോടുചേർന്ന് പാലക്കാട് ജില്ല ആശുപത്രി കൈവശം വച്ചിരിക്കുന്ന സ്ഥലം സ്ഥലപരിമിതിമൂലം ബുദ്ധിമുട്ടുന്ന മേൽ ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്കായി വിട്ടുനൽകാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ജില്ലാശുപത്രിയുടെ ആർ.എം.ഒ. ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള ഈ സ്ഥലം ജില്ലാശുപത്രിയുടെ പരിധിയിലുള്ള സ്ഥലമാണ്. ഗ്രാമപ്രദേശങ്ങളിൽ 50 സെന്റ് വരെയും മുനിസിപ്പൽ പ്രദേശങ്ങളിൽ 25 സെന്റ് വരെയും കോർപ്പറേഷൻ പ്രദേശങ്ങളിൽ 10 സെന്റ് വരെയും വികസനാവശ്യങ്ങൾക്കുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച ഉത്തരവിനായി പാലക്കാട് ജില്ലാകളക്ടറെ സമീപിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ആശുപത്രിയിൽ വരുന്ന അത്യാസന്ന രോഗികളുടെയും ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെയും യാത്രക്ക് ആവശ്യമായ റോഡ് സൗകര്യം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

റോഡ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായി പാലക്കാട് ജില്ലാ പഞ്ചായത്ത്, പാലക്കാട് മുനിസിപ്പാലിറ്റി അധികൃതർക്കും പാലക്കാട് ജില്ലാ പോലീസ് സൂപ്രണ്ടിനും അപേക്ഷ നൽകിയിട്ടുണ്ട്.

**ഹോമിയോ ഡിസ്‌പെൻസറികളിലെ ഫാർമസിസ്റ്റ് ഒഴിവുകൾ**

242(2170) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹോമിയോ ഡിസ്പെൻസറികൾ (എൻ.എച്ച്.എം. ഉൾപ്പെടെ) നിലവിലുണ്ട്; അവിടെ മരുന്നുകൾ എടുത്തുകൊടുക്കുന്നത് ഫാർമസി യോഗ്യതയുള്ളവരാണോ?

സംസ്ഥാനത്ത് 669 ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറികളും എൻ.എച്ച്.എം. മുഖേന മെഡിക്കൽ ഓഫീസറെ നിയമിച്ചിരിക്കുന്ന 410 ഹോമിയോ ഡിസ്പെൻസറികളും നിലവിലുണ്ട്. നിലവിലുള്ള 669 ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറികളിൽ 578 ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റ് തസ്തിക നിലവിലുണ്ട്. 91 ഡിസ്പെൻസറികളിൽ ഹോമിയോപ്പതി സ്പെഷ്യൽ റൂൾ പ്രകാരം വകുപ്പ് നടത്തുന്ന ഇൻ സർവ്വീസ് കോഴ്സ് വിജയിച്ച്, ബൈ ട്രാൻസ്ഫർ നിയമനം ലഭിച്ച ഡിസ്പെൻസർ തസ്തികയിലെ ജീവനക്കാർ മെഡിക്കൽ ഓഫീസർമാരുടെ മേൽനോട്ടത്തിൽ മരുന്ന് നൽകുന്നു.

(ബി) പ്രസ്തുത ഡിസ്പെൻസറികളിൽ (എൻ.എച്ച്.എം. ഉൾപ്പെടെ) എത്ര ഫാർമസിസ്റ്റ് വേക്കൻസികൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറികളിലെ ജില്ല തിരിച്ചുള്ള ഫാർമസിസ്റ്റ് ഒഴിവുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | - 1 |
| കൊല്ലം | - 3 |
| പത്തനം തിട്ട | -4 |
| ആലപ്പുഴ | -3 |

| | |
|---|---|
| കോട്ടയം | -4 |
| ഇടുക്കി | -6 |
| എറണാകുളം | -2 |
| തൃശ്ശൂർ | -ഇല്ല |
| പാലക്കാട് | -ഇല്ല |
| മലപ്പുറം | -1 |
| കോഴിക്കോട് | -ഇല്ല |
| വയനാട് | -ഇല്ല |
| കണ്ണൂർ | -2 |
| കാസർഗോഡ് | -1 |

മേൽ പറഞ്ഞിട്ടുള്ള ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയുഷ് ഡിസ്പെൻസറികളിൽ എൻ.എച്ച്.എം. മുഖേന മെഡിക്കൽ ഓഫീസറെ മാത്രമേ നിയമിക്കുന്നുള്ളൂ. ഡിസ്പെൻസറി പ്രവർത്തിക്കാൻ ആവശ്യമായ ജീവനക്കാരെയും മറ്റ് ഭൗതിക സാഹചര്യവും ഒരുക്കേണ്ടത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

(സി) ഫാർമസിസ്റ്റ് തസ്തികകളിൽ 2016-നുശേഷം പി.എസ്.സി. മുഖേന സ്ഥിരനിയമനം നടന്നിട്ടുണ്ടോ; പ്രസ്തുത തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ പി.എസ്.സി. മുഖേന സ്ഥിരനിയമനത്തിന് നടപടി സ്വീകരിക്കുമോ?

ഫാർമസിസ്റ്റ് തസ്തികകളിൽ 2016-നുശേഷം സ്ഥിര നിയമനം നടന്നിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ഡി) ഡിസ്പെൻസറികളിൽ യോഗ്യതയില്ലാത്തവർ മരുന്ന് എടുത്തുകൊടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എഴുന്നൂറോളം ഉദ്യോഗാർത്ഥികൾ ഫാർമസി കോഴ്സ് പൂർത്തിയാക്കി ജോലിക്കായി കാത്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യോഗ്യതയില്ലാത്തവർക്ക് പകരം പ്രസ്തുത ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്പെഷ്യൽ റൂൾ വ്യവസ്ഥകൾ പ്രകാരം നിശ്ചിത യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ പി.എസ്.സി. മുഖേനയും ബൈ പ്രൊമോഷൻ മുഖേനയും ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റുകളായി നിയമിച്ചുവരുന്നു.

**ആയുർവേദ ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്തുന്നതിന് നടപടി**

243(2171) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതെങ്കിലും സർക്കാർ ആയുർവേദ ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഭാരതീയ ചികിത്സ വകുപ്പിലെ ഡിസ്പെൻസറികളെ താലൂക്കുതല ആശുപത്രിയായി ഉയർത്തുന്നതുസംബന്ധിച്ച് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ സംസ്ഥാനതല പ്രയോറിറ്റി ലിസ്റ്റിൽ കാസർഗോഡ് ജില്ലയിലെ സർക്കാർ ആയുർവേദ ഡിസ്പെൻസറി പനത്തടി, സർക്കാർ ആയുർവേദ ഡിസ്പെൻസറി മീഞ്ച, സർക്കാർ ആയുർവേദ ഡിസ്പെൻസറി ബേഡഡുക്ക, സർക്കാർ യുനാനി ഡിസ്പെൻസറി മൊഗ്രാൽ, സർക്കാർ ആയുർവേദ ഡിസ്പെൻസറി ബദിയടുക്ക, സർക്കാർ ആയുർവേദ ഡിസ്പെൻസറി പരപ്പ, സർക്കാർ ആയുർവേദ ഡിസ്പെൻസറി ധർമ്മത്തടുക്ക എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ആയുർവേദ ഡിസ്പെൻസറികളുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) കാട്ടിപ്പൊയിൽ, പരപ്പ എന്നീ ആയുർവേദ ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്തുന്ന വിഷയം പരിഗണനയിൽ ഉണ്ടോ? എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കാട്ടിപ്പൊയിൽ സർക്കാർ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ 50 കിടക്കകളോട് കൂടിയ താലൂക്കുതല ആശുപത്രിയാക്കുന്നതിനുള്ള സംസ്ഥാനതല പ്രയോറിറ്റി ലിസ്റ്റിൽ പരപ്പ സർക്കാർ ആയുർവേദ ഡിസ്പെൻസറി ഉൾപ്പെട്ടിട്ടുള്ളതാകുന്നു. ആയുർവേദ ഡിസ്പെൻസറികളുടെ അപ്ഗ്രേഡേഷൻ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ആയുഷ് വകുപ്പിൽ പുതിയ തസ്തികകൾ**

244(2172) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് വകുപ്പിൽ പുതുതായി 300 തസ്തികകൾ സൃഷ്ടിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ?

പൊതുജനാരോഗ്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആയുഷ് വകുപ്പിനുകീഴിൽ 300 പുതിയ തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ച് ഉത്തരവായിരുന്നു. ആയതിൽ ഭാരതീയ ചികിത്സ വകുപ്പിനുകീഴിൽ 8 പുതിയ തസ്തികകളും ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ 19 പുതിയ തസ്തികകളും സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളതും മറ്റുള്ളവ സർക്കാർ പരിശോധിച്ചുവരുന്നതുമാണ്.

(ബി) പുതുതായി ആയുർവേദ മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ആയുർവേദ മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**മരുന്നുകളുടെ ഗുണനിലവാര പരിശോധന**

245(2173) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ആശുപത്രികൾ, ഫാർമസികൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വിപണിയിൽ ലഭ്യമാകുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിലെ വ്യവസ്ഥകളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമാണ് നടപ്പിലാക്കുന്നത്. ഇത് രാജ്യമൊട്ടാകെ പാലിച്ചുവരുന്ന പ്രക്രിയയാണ്. ഗുണനിലവാരമുള്ള മരുന്നുകളാണ് വിപണിയിൽ ലഭ്യമാകുന്നതെന്ന് ഉറപ്പാക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ വളരെ കാര്യക്ഷമമായിട്ടാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിലായി മൂന്ന് ലാബുകളാണ് പ്രവർത്തിച്ചുവരുന്നത്. വിവിധ തസ്തികകളിലെ നിയമന നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പത്തനംതിട്ട കോന്നിയിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിനുകീഴിലുള്ള നാലാമത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ പ്രവർത്തനം താമസംവിനാ ആരംഭിക്കുന്നതാണ്. കൂടാതെ, സംസ്ഥാനത്ത് അഞ്ചാമത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി കണ്ണൂരിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പല മരുന്നുകളും ഗുണനിലവാരം ഇല്ലാത്ത രീതിയിലാണ് തയ്യാറാക്കുന്നതെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പല മരുന്നുകളും ഗുണനിലവാരമില്ലാത്ത രീതിയിലാണ് തയ്യാറാക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മരുന്നുകളുടെ നിർമ്മാണം, വിതരണം, വിൽപ്പന എന്നിവ പ്രധാനമായും നിയന്ത്രിക്കുന്നത് കേന്ദ്ര നിയമമായ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ്. മരുന്ന് നിർമ്മാണത്തിലെ അസംസ്കൃത വസ്തുക്കളുടെ സംഭരണം മുതൽ നിർമ്മാണ വേളയിലെ ഓരോ ഘട്ടങ്ങളിലും അവ Tablet, Capsules, Injection, Liquid Orals എന്നിങ്ങനെയുള്ള അന്തിമ രൂപത്തിൽ (Finished Product) ആകുന്ന പ്രക്രിയയും ഇവ വിപണിയിലേയ്ക്ക് എത്തുന്നവരെയുള്ള പ്രക്രിയയും ടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് നിയന്ത്രിക്കപ്പെടുന്നത്. ഓരോ സംസ്ഥാനത്തെയും ഡ്രഗ്സ് കൺട്രോൾ വിഭാഗമാണ് അതത് സംസ്ഥാനത്തെ മരുന്ന് നിർമ്മാണ വിതരണ പ്രക്രിയ നിയമവ്യവസ്ഥ പ്രകാരമാണ് നടത്തുന്നതെന്ന് ഉറപ്പുവരുത്തുന്നത്. ഇപ്രകാരം കർശന നിരീക്ഷണങ്ങളിലൂടെ നിർമ്മാണം നടത്തി വിപണിയിൽ എത്തപ്പെടുന്ന മരുന്നുകൾ ഇവയുടെ കാലാവധിയിലുടനീളം (Shelf Life/Expiry Date), നിശ്ചിത ഗുണനിലവാരം പുലർത്തേണ്ടതുണ്ട്. എന്നാൽ ഭൗതിക ഘടകങ്ങളായ അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം, സൂര്യപ്രകാശം (Temperature, Humidity, Sunlight) എന്നിവയുടെ സ്വാധീനംമൂലം മരുന്നുകളിൽ അടങ്ങിയിരിക്കുന്ന രാസപദാർത്ഥങ്ങളിൽ ഘടനാമാറ്റം സംഭവിക്കുന്നതിനാൽ മരുന്നുകളുടെ ഗുണനിലവാരത്തിൽ വ്യതിയാനങ്ങൾ ഉണ്ടാകാറുണ്ട്. മരുന്നുകളുടെ നിർമ്മാണ വിതരണ വേളകളിലുണ്ടാകുന്ന പാകപ്പിഴകൾമൂലമാണ് ഇത്തരം വ്യതിയാനങ്ങൾ മുഖ്യമായും സംഭവിക്കുന്നത്. ലോകാരോഗ്യസംഘടന രാജ്യങ്ങളെ നാല് കാലാവസ്ഥാ മേഖലകളായി തരംതിരിച്ചിട്ടുള്ളതിൽ ഇന്ത്യയും നമ്മുടെ സംസ്ഥാനവും നാലാമത്തെ സോണിലാണ് (Hot & Humid) ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത്തരം മേഖലകളിൽ മരുന്നുകളുടെ ഗുണനിലവാരം അവയുടെ കാലാവധിയിലുടനീളം പരിപാലിക്കപ്പെടുന്നത് വളരെ ദുഷ്കരമായ പ്രക്രിയയാണ്. ഈ കാലാവധി മുഴവനും മരുന്നുകളുടെ ഗുണനിലവാരം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാണ് ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് നിയമത്തിന്റെ കീഴിൽ ഗുണനിലവാര പരിശോധന നിഷ്കർഷിച്ചിട്ടുള്ളത്. ഒരു

മരുന്നിന്റെ ഗുണനിലവാരം ഏകദേശം 10 മുതൽ 15 വരെ വിവിധയിനം ഗുണനിലവാര മാനദണ്ഡങ്ങൾ പ്രകാരമാണ് നിശ്ചയിക്കപ്പെടുന്നത്. നിയമം അനുശാസിക്കുന്ന രീതിയിൽ റാൻഡം സാമ്പിളിംഗ് നടത്തിയാണ് വിപണിയിലുള്ള മരുന്നുകളുടെ ഗുണനിലവാരം ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പുവരുത്തുന്നത്.

**ചേലമ്പ്ര പി.എച്ച്.സി.-യിൽ മരുന്ന് വിതരണം**

246(2174) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ചേലമ്പ്ര പി.എച്ച്.സി.-യിൽ മരുന്ന് വാങ്ങുന്നതിനുവേണ്ടി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നൽകിയ ഓർഡറിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മരുന്ന് വാങ്ങുന്നതിനുവേണ്ടി കഴിഞ്ഞ ആറ് മാസക്കാലയളവിൽ (2022 ഫെബ്രുവരി മുതൽ ജൂലായ് വരെ) ചേലമ്പ്ര പി.എച്ച്.സി.-യിൽനിന്നും 7.5 ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ടി ഓർഡറുകളിന്മേൽ 6.5 ലക്ഷം രൂപ വിലമതിക്കുന്ന മരുന്നുകളും മറ്റനുബന്ധ സാമഗ്രികളും ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഇതിനോടകം കോർപ്പറേഷൻ വിതരണം ചെയ്തിട്ടുണ്ട്.

(ബി) അപേക്ഷ നൽകി 6 മാസമായിട്ടും മരുന്ന് വിതരണം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ?

മരുന്ന് വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല. ചേലമ്പ്ര പി.എച്ച്.സി.-യിൽനിന്നും രണ്ട് മാതൃക ഇൻവോയ്സുകളിലായി (പി.ആർ.എഫ്. നമ്പർ 3064, പി.ആർ.എഫ്. നമ്പർ 3752) 67 ഇനം മരുന്നുകൾ ആവശ്യപ്പെട്ടിരുന്നതിൽ കോർപ്പറേഷനിൽ ലഭ്യമായ മരുന്നുകൾ കാലതാമസംകൂടാതെ വിതരണം ചെയ്തിരുന്നു. ആവശ്യപ്പെട്ട ടി 67 ഇനം മരുന്നുകളിൽ 6.5 ലക്ഷം രൂപ വിലമതിക്കുന്ന 55 ഇനം മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും ഇതിനോടകം വിതരണം ചെയ്തു കഴിഞ്ഞു.

(സി) അടിയന്തരമായി ചേലമ്പ്ര പി.എച്ച്.സി.-ക്ക് മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മേൽപ്പറഞ്ഞ 67 ഇനം മരുന്നുകളിൽനിന്നും ബാക്കിയുള്ള 12 ഇനം മരുന്നുകൾ രണ്ടാഴ്ചയ്ക്കുള്ളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## കോവിഡ് കാലത്തെ ഡോളോ 650 ഗുളികയുടെ ഉപയോഗം

247(2175) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോളോ 650 ഗുളിക ഏത് രോഗത്തിനാണ് ഡോക്ടർമാർ ശിപാർശ ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

പാരസെറ്റമോൾ 650 mg അടങ്ങിയ ഡോളോ 650 എന്ന ഗുളിക പനി, ശരീരവേദന, തലവേദന മുതലായവയ്ക്കാണ് ശിപാർശ ചെയ്യുന്നത്.

(ബി) കോവിഡ് ബാധിച്ചവർക്ക് പ്രസ്തുത ഗുളികയാണ് അധികവും നിർദ്ദേശിച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്ത് കോവിഡ് കാലത്ത് പ്രസ്തുത ഗുളികയുടെ ഉപയോഗം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ ഡോളോ 650 ഗുളികയുടെ ഉപയോഗം സംബന്ധിച്ച വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

2019-20 - 7,54,10,565

2020-21 - 7,40,39,385

2021-22 - 15,33,76,860

(ഡി) സർക്കാർ നേരിട്ടുവാങ്ങി പ്രസ്തുത ഗുളിക വിതരണം ചെയ്തിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര കോടി രൂപയുടെ ഓർഡറുണ്ടായിരുന്നുവെന്നും ഏത് കമ്പനിയിൽനിന്നാണ് വാങ്ങിയതെന്നും വ്യക്തമാക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, ഡോളോ 650 ഗുളിക കമ്പനിയിൽനിന്നും നേരിട്ടുവാങ്ങി വിവിധ സർക്കാർ ആശുപത്രികളിലേയ്ക്ക് വിതരണം ചെയ്തിരുന്നു. 1,79,115.60 രൂപയുടെ പർച്ചേസ് ഓർഡറുണ്ടായിരുന്നു. M/s Micro Labs എന്ന കമ്പനിയിൽനിന്നുമാണ് പ്രസ്തുത മരുന്ന് വാങ്ങിയത്.

(ഇ) 500 മില്ലിഗ്രാം വരെയുള്ള ഗുളികകളുടെ വിപണിവില നിയന്ത്രിക്കുന്നത് കേന്ദ്രസർക്കാരിന്റെ സംവിധാനമാണെന്നും എന്നാൽ 500 മില്ലിഗ്രാമിന് മുകളിലുള്ളവയുടെ വില നിർമ്മാതാക്കൾക്ക് നിശ്ചയിക്കാമെന്നുമുള്ള കാര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനാലാണ് ഡോളോ 650 ശിപാർശ ചെയ്യാൻ ഡോക്ടർമാരെ പ്രേരിപ്പിച്ചതെന്ന് മെഡിക്കൽ റെപ് സംഘടന സുപ്രീംകോടതിയിൽ ചൂണ്ടിക്കാട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്ര അവശ്യവസ്തു നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഡ്രഗ്സ് [പ്രൈസസ് കൺട്രോൾ] ഓർഡർ (DPCO 2013) പ്രകാരം കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിന് കീഴിലുള്ള ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (National Pharmaceutical Pricing Authority) ആണ് രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് അധികാരപരിധിയില്ല.

കേന്ദ്ര സർക്കാരിന്റെ 30-3-2022-ലെ ഗസറ്റ് വിജ്ഞാപനം S.O. No. 1499(E) പ്രകാരം Paracetamol Tablet 500 mg-ന്റെ Ceiling Price 1.01 രൂപയായും (Price per Tablet) Paracetamol Tablet 650mg-ന്റെ Ceiling Price 2.04 രൂപയായും (Price per Tablet) ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ 500 മില്ലിഗ്രാമിന് മുകളിലുള്ള Paracetamol Tablet-ന്റെ വില നിർമ്മാതാക്കൾക്ക് നിശ്ചയിക്കാമെന്നുള്ള കാര്യം വാസ്തവവിരുദ്ധമാണ്.

(എഫ്) കോവിഡ് കാലത്ത് ഏതെങ്കിലും മരുന്നിന്റെ അമിത വില്പന നടന്നിരുന്നോയെന്ന് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കോവിഡ് കാലത്ത് ഏതെങ്കിലും മരുന്നിന്റെ അമിത വിൽപ്പന നടന്നിരുന്നതായി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**മരുന്ന് വിപണിയിലെ ചൂഷണം തടയാൻ നടപടി**

248(2176) ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരുന്ന് വിപണിയിലെ ചൂഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മരുന്നുകളുടെയും മെഡിക്കൽ ഉല്പന്നങ്ങളുടെയും വില നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേന്ദ്ര അവശ്യവസ്തു നിയമ (Essential Commodities Act)-ത്തിന്റെ പരിധിയിൽനിന്നുകൊണ്ട് ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO 2013) പ്രകാരം കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിന് കീഴിലുള്ള ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (National Pharmaceutical Pricing Authority) ആണ് രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് അധികാരപരിധിയില്ല. ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വില്ക്കപ്പെടുന്നില്ലെന്നും ജീവൻ രക്ഷാ മരുന്നുകൾ സുലഭമായി ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്നും ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്. രാജ്യത്ത് ലഭ്യമാകുന്ന ഭൂരിഭാഗം മരുന്നുകളുടെയും വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന 348 മരുന്നുകളുൾപ്പെട്ട നാഷണൽ ലിസ്റ്റ് ഓഫ് എസ്സെൻഷ്യൽ മെഡിസിൻസ് 2011 (NLEM 2011) ഭേദഗതി ചെയ്ത് 377 ഇനം മരുന്നുകൾ ദേശീയ അവശ്യ മരുന്നു പട്ടികയിൽ ഉൾപ്പെടുത്തുകയും പ്രസ്തുത മരുന്നുകളുടെയും അവയുടെ വിവിധ ഫോർമുലേഷനുകളുടെയും വില, ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി വിവിധ ഗസറ്റ് വിജ്ഞാപനങ്ങളിലൂടെ ഘട്ടം ഘട്ടമായി നിശ്ചയിച്ചുറപ്പിച്ചുവരികയും ചെയ്യുന്നുണ്ട്. 2013 ജൂലൈ മുതൽ നാളിതുവരെ അവശ്യ മരുന്നുകളുടെ 890-ഓളം വ്യത്യസ്ത ഫോർമുലേഷനുകളുടെ വില നിശ്ചയിച്ചുറപ്പിച്ചു കഴിഞ്ഞു. ബാക്കിയുള്ള ഫോർമുലേഷനുകളുടെ വില നിയന്ത്രണത്തിനുള്ള നടപടികൾ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി നടത്തിവരുന്നു. വില നിയന്ത്രണപ്പട്ടികയിൽ ഉൾപ്പെടാത്ത മരുന്നുകളുടെ വിലയിൽ വർഷംതോറും 10% വർദ്ധനവ് നടത്തുവാൻ നിർമ്മാതാക്കൾക്ക് ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയുടെ അനുവാദമുണ്ട്. മെഡിക്കൽ ഉല്പന്നങ്ങളിൽ Stents, Orthopaedic knee implant എന്നിവയുടെ വില മാത്രമേ നാളിതുവരെ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളൂ. കൂടാതെ, കോവിഡ്-19 മഹാമാരിയുടെ സമയത്ത് Glucometer, Nebuliser, Digital Thermometer, Blood Pressure Monitor, Oxygen Concentrate, Pulse Oximeter എന്നീ മെഡിക്കൽ ഉപകരണങ്ങളുടെ പരമാവധി ചില്ലറ വിൽപ്പന വില കുറയ്ക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പതിവ് പരിശോധനകളിലും പരാതികളുടെ അടിസ്ഥാനത്തിൽ നടത്തുന്ന പരിശോധനകളിലും മരുന്നുവില പരിധി ലംഘിക്കുന്നതായി കാണുന്ന മരുന്ന് നിർമ്മാതാക്കളുടെ വിശദാംശങ്ങൾ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയെ അറിയിക്കുന്നുണ്ട്. കൂടാതെ,

ഔഷധവില നിയന്ത്രണ സമിതിയുടെ കേരള പ്രൈസ് മോണിറ്ററിംഗ് റിസോഴ്സ് യൂണിറ്റ് 2019-ൽ പ്രവർത്തനമാരംഭിച്ചതോടുകൂടി വകുപ്പ് കൂടുതൽ ഫലപ്രദമായ രീതിയിൽ അവശ്യമരുന്നുകളുടെ ലഭ്യതയും വില നിയന്ത്രണവും ഉറപ്പാക്കുന്നുണ്ട്. കൂടാതെ KMSCL ഗുണനിലവാര പരിശോധനയുടെ ഭാഗമായി ദർഘാസ് ക്ഷണിക്കുമ്പോൾതന്നെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽനിന്നും ഫാർമസി കോളേജിൽനിന്നുമുള്ള വിദഗ്ദ്ധർ ഉല്പാദകരുടെ ഫാക്ടറി സന്ദർശിച്ച് ഔഷധ നിർമ്മാതാക്കൾ അവകാശപ്പെടുന്ന രീതിയിൽ മരുന്ന് ഉൽപ്പാദിപ്പിക്കാനും കാര്യക്ഷമത പരിശോധിക്കാനുമുള്ള സൗകര്യമുണ്ടെന്ന് ഉറപ്പുവരുത്തിയശേഷം ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദർഘാസ് ഉടമ്പടിയിൽ പ്രസ്തുത ഔഷധ നിർമ്മാതാക്കളെ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച ഔഷധ നിർമ്മാതാക്കൾ മരുന്നുകൾ വിതരണം നടത്തുന്നതിനു മുൻപ് ഇന്ത്യയിലെ ഏതെങ്കിലും എൻ.എ.ബി.എൽ. അംഗീകൃത ലാബ് (NABL Accredited lab) അല്ലെങ്കിൽ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കേന്ദ്രമരുന്നുപരിശോധനാ ലബോറട്ടറിയിൽ (CDL/NIB) നിന്നുമുള്ള പരിശോധനാഫലവും ഇൻ ഹൗസ് ടെസ്റ്റ് റിപ്പോർട്ടും ഇൻവോയിസ് കോപ്പിയും ഗുണനിലവാര വിഭാഗത്തിലേയ്ക്ക് ഇ-മെയിലിലൂടെ അയച്ചു നല്കുന്നു.

ഓരോ വർഷവും കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽനിന്നും 30%-ത്തിൽ കുറയാതെ സാമ്പിളുകൾ ശേഖരിച്ചശേഷം എൻ.എ.ബി.എൽ. എംപാനൽഡ് ലബോറട്ടറികളിലേയ്ക്കും/സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഗുണനിലവാര പരിശോധനാകേന്ദ്രത്തിലേയ്ക്കും അയച്ചാണ് ഗുണനിലവാര പരിശോധന നടത്തിക്കൊണ്ടിരിക്കുന്നത്. എൻ.എ.ബി.എൽ. എംപാനൽഡ് ലാബുകളിലെ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന മരുന്നുകളെ സ്ഥിരീകരണ പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഗുണനിലവാര പരിശോധനാ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നു. പരിശോധനയിൽ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം (ഓൺലൈൻ സോഫ്റ്റ്‌വെയർ പ്രകാരം) നിർത്തലാക്കുകയും ചെയ്യുന്നു.

കൂടാതെ കാലഹരണ തീയതി അവസാനിക്കുന്നതിനു മുൻപുവരെ ഗുണനിലവാരമുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി റാൻഡമായി മരുന്നുകളുടെ ലഭ്യമായ സാമ്പിളുകൾ ഗുണനിലവാര പരിശോധന നടത്താറുണ്ട്. ഒരു മരുന്നിനെ സംബന്ധിച്ച് സമാന സ്വഭാവമുള്ള പരാതികൾ ലഭ്യമാകുന്ന സാഹചര്യത്തിൽ Continuous Quality Evaluation-ന്റെ ഭാഗമായി ടി മരുന്നിന്റെ ലഭ്യമായ മറ്റ് ബാച്ചുകൾകൂടി ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ ഏതെങ്കിലുമൊരു മരുന്നിനെക്കുറിച്ച് പരാതി ഉയർന്നാൽ പരാതിയുടെ നിജസ്ഥിതി മനസ്സിലാക്കിയശേഷം ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം നിർത്തലാക്കുകയും ചെയ്യും. ഗുണനിലവാരമുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത മരുന്നിന് പുനരുപയോഗത്തിനുള്ള മോചനാനുമതി നല്കുന്നതാണ്.

മുകളിൽ സൂചിപ്പിച്ചതുകൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർ, റാൻഡമായി കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് സ്റ്റാറ്റ്യൂട്ടറി അനാലിസിസ് (Statutory Analysis) നടത്തുകയും ചെയ്യുന്നുണ്ട്.

ഒരു ഉത്പാദകൻ വിതരണം ചെയ്ത മരുന്നുകളിൽ ഏതെങ്കിലും ഒരിനം മരുന്നിന്റെ മൂന്നു ബാച്ചുകൾ ഗുണനിലവാരമില്ലാത്തതായി തെളിയുന്ന പക്ഷം ആ മരുന്നിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും പ്രസ്തുത ഉത്പാദകന്റെ മരുന്നിനെ കോർപ്പറേഷന്റെ തുടർന്നുള്ള മൂന്നുവർഷത്തെ ദർഘാസ് നടപടികളിൽനിന്നും വിലക്കുകയും ചെയ്യുന്നു. അപ്രകാരം മൂന്ന് ബാച്ചുകൾ ഗുണനിലവാരമില്ലാത്തതാകുന്ന പക്ഷം ടി മരുന്നിന്റെ ലഭ്യമായ മറ്റ് ബാച്ചുകളും പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

ഒരു ഉത്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും രണ്ടോ അതിലധികമോ ഇനം മരുന്നുകൾ ഇത്തരത്തിൽ കരിമ്പട്ടികയിൽപ്പെടുത്തിയാൽ പ്രസ്തുത മരുന്ന് കമ്പനിയെത്തന്നെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും കോർപ്പറേഷന്റെ തുടർന്നുള്ള മൂന്നുവർഷത്തെ ദർഘാസ് നടപടികളിൽ നിന്നും വിലക്കുകയും ചെയ്യുന്നു.

കോർപ്പറേഷൻ സംഭരിക്കുന്ന മരുന്നുകളുടെ ദർഘാസ് നടപടികളുടെ ഭാഗമായി ദർഘാസിലെ 3-8 വിഭാഗത്തിലെ Appendix-II ൽ പരാമർശിച്ചിട്ടുള്ള Blood Diagnostics Kits / Reagents and Medical Devices-ന്റെ ഗുണനിലവാരം ഉറപ്പിക്കുന്നതിലേയ്ക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലേയും വിദഗ്ദ്ധരടങ്ങിയ ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും കേരളത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ Sample Evaluation നടത്തി ഗുണനിലവാരം ഉറപ്പിച്ച ഇനങ്ങൾമാത്രം ദർഘാസിൽ ഉൾപ്പെടുത്തുകയും ചെയ്യും.

പൊതുജനങ്ങൾക്ക് മരുന്നുകളുടെ ഗുണനിലവാരത്തെ സംബന്ധിച്ച് പരാതികൾ നൽകുന്നതിലേയ്ക്കായി TOLL FREE NUMBER (18001-425-0945)-ഉം സാധാരണക്കാരന് പരാതി നല്കുവാൻ കഴിയുന്ന തരത്തിൽ

COMPLAINT REGISTRATION FORM-ഉം തയ്യാറാക്കി സംസ്ഥാനത്തെ മുഴുവൻ സർക്കാർ ആശുപത്രികളിലേയും ഫാർമസി മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന രീതിയിൽ നൽകിയിട്ടുണ്ട്.

(സി) ഇടനിലക്കാരെ ഒഴിവാക്കി നിർമ്മാതാക്കളിൽനിന്ന് നേരിട്ട് മരുന്നുവാങ്ങി നീതി, കാരുണ്യ, മാവേലി സ്റ്റോറുകൾ വഴി കുറഞ്ഞ വിലയിൽ വിതരണം ചെയ്യുന്ന രീതി വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഇടനിലക്കാരായ മൊത്തവിതരണക്കാരെ ഒഴിവാക്കി കോമ്പറ്റിറ്റീവ് ടെൻഡർ വഴി നിർമ്മാതാക്കളിൽനിന്നും മരുന്നുകൾ നേരിട്ട് സംഭരിച്ച് വിതരണം ചെയ്യുന്ന രീതിയാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസികളിൽ നടന്നുവരുന്നത്. നീതി, കാരുണ്യ, മാവേലി എന്നീ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ മരുന്നുകളുടെ ലാഭ വിഹിതം കുറച്ച്, മരുന്നുകളുടെ പായ്ക്കറ്റിൽ സൂചിപ്പിച്ചിരിക്കുന്ന പരമാവധി വിലയേക്കാളും കുറഞ്ഞവിലയ്ക്കാണ് രോഗികൾക്ക് മരുന്നുകൾ വിതരണം നടത്തുന്നത്. ഇത്തരം സ്ഥാപനങ്ങളിൽ മരുന്നുകളുടെ ഡിസ്കൗണ്ട് വില നിശ്ചയിക്കുന്നത്, അതത് പേരന്റ് സ്ഥാപനങ്ങളായ അംഗീകൃത സൊസൈറ്റി/ ട്രസ്റ്റ്, കൺസ്യൂമർഫെഡ്, കെ.എം.എസ്.സി.എൽ. എന്നിവരുടെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ്. ഇടനിലക്കാരെ ഒഴിവാക്കി നിർമ്മാതാക്കളിൽനിന്ന് നേരിട്ട് മരുന്നുവാങ്ങി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി കുറഞ്ഞ വിലയിൽ വിതരണം ചെയ്യുന്ന രീതി വിപുലീകരിക്കാനുള്ള നടപടി പരിശോധിക്കുന്നതാണ്.

**പോഷക ബാല്യം പദ്ധതി**

249(2177) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിസെഫ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്കാവശ്യമായ പോഷകാഹാരം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

വനിത-ശിശു വികസന വകുപ്പുവഴി കുട്ടികളുടെ പോഷകാഹാരം ഉറപ്പ് വരുത്തുന്നതുമായി ബന്ധപ്പെട്ട് യൂണിസെഫ് പഠനം നടത്തിയിട്ടില്ല.

വകുപ്പിനുകീഴിൽ UNWFP-യുടെ സഹായത്തോടെ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് അങ്കണവാടി മുഖേന നൽകിവരുന്ന അമൃതം ന്യൂട്രിമിക്സ് 11 മൈക്രോ ന്യൂട്രിയന്റ്സ് ഉപയോഗിച്ച് ഫോർട്ടിഫൈ ചെയ്യുന്നതുമായി ബന്ധപ്പെട്ട പഠനം (baseline & endline) വയനാട് ജില്ലയിൽ pilot അടിസ്ഥാനത്തിൽ നടത്തുകയും ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ ന്യൂട്രിമിക്സ് ഫോർട്ടിഫിക്കേഷൻ സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുകയും ചെയ്തു.

(ബി) കുഞ്ഞുങ്ങളുടെ ബൗദ്ധികവും വൈകാരികവും സാമൂഹികവും ആരോഗ്യപരവുമായ വികാസത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേരളത്തിലെ അങ്കണവാടികളിൽ 3 മുതൽ 6 വയസ് വരെയുള്ള കുട്ടികൾക്ക് ECCE -യുടെ ഭാഗമായി തീം പ്രവർത്തനങ്ങളോടനുബന്ധിച്ച് ഒരു വർഷം 30 തീമുകളെന്ന നിലയിൽ ഒരു മാസം 2 തീം പഠിപ്പിക്കുന്നു. പ്രസ്തുത തീമുകൾ കളി പ്രവർത്തനങ്ങളിലൂടേയും അങ്കണപ്പൂമഴ വർക്ക് ബുക്കിലൂടെയും കുഞ്ഞുങ്ങൾക്ക് നൽകുന്നു. ഇത് അങ്കണവാടിയിലെ കുഞ്ഞുങ്ങളുടെ ബൗദ്ധികവും വൈകാരികവും സാമൂഹികവുമായ വികാസത്തിന് സഹായിക്കുന്നു.

1. " <u>ഭാഷാ പ്രവർത്തനങ്ങൾക്കായി"</u>

കഥ, പാട്ട്, വിവരണം, സംഭാഷണം, കടങ്കഥ, ചിത്രവായന, പ്രാക് വായനാ പ്രവർത്തനങ്ങൾ, മേനി പറയൽ, പ്രാക് ലേഖനം എന്നീ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

2. " <u>വൈജ്ഞാനിക വികാസത്തിനായി"</u>

വിവിധ പ്രവർത്തനങ്ങളായ സാമ്യ വ്യത്യാസം കണ്ടെത്തൽ, കൂട്ടങ്ങളാക്കൽ (നിറം, വലുപ്പം, ആകൃതി ഉപയോഗം), ജിഗ്സോ പസിൽ, പ്രാക് ഗണിത പ്രവർത്തനങ്ങൾ, പ്രാഥമിക സംഖ്യാ ബോധം - 1 മുതൽ 10 വരെ, ആകൃതി, വഴി കണ്ടെത്തൽ, ജോഡി കണ്ടെത്തൽ തുടങ്ങിയവയിലൂടെ സാധിക്കുന്നു.

3. " <u>സാമൂഹിക വൈകാരിക വികാസത്തിനായി"</u>

കഥ, പാട്ട്, ചിത്ര വായന തുടങ്ങിയ പ്രവർത്തനങ്ങൾ നൽകുന്നു.

4. " <u>ക്രിയാത്മക-ആസ്വാദനം/ശാരീരിക ചാലക വികാസത്തിനായി"</u>

ചിത്രം വര, നിറം നൽകൽ, കൊളാഷ്, കീറൽ, മുറിക്കൽ, ഒട്ടിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സാധ്യമാകുന്നു.

(സി) പോഷക ബാല്യം പദ്ധതിയിലൂടെ എന്തെല്ലാം കാര്യങ്ങളാണ് കുട്ടികൾക്ക് ലഭ്യമാക്കുന്നത് ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

അങ്കണവാടിയിൽ എത്തുന്ന 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് മുട്ട വിതരണം ചെയ്യുന്നതിന് 30-5-2022-ലെ സ.ഉ. (സാധാ)നമ്പർ 288/2022/വ.ശി.വി.വ പ്രകാരം 30,00,00,000 (മുപ്പത് കോടി രൂപ മാത്രം) രൂപയും പാൽ വിതരണം ചെയ്യുന്നതിന് 30-5-2022-ലെ സ.ഉ(സാധാ)നമ്പർ

289/2022/വ.ശി.വി.വ പ്രകാരം 31,50,00,000 (മുപ്പത്തി ഒന്ന് കോടി അമ്പത് ലക്ഷം രൂപ മാത്രം) രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 2235-02-102-22-00-34-03(PV) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 6150.00 ലക്ഷം രൂപയിൽനിന്നും വിനിയോഗിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ ഒരു ലിറ്റർ പാലിന് 50 രൂപയും ഒരു മുട്ടയ്ക്ക് 6 രൂപയുമാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്.

അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികൾക്ക് ശരിയായ പോഷണം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ടി പദ്ധതിക്ക് ആവശ്യമായ പാൽ 'മിൽമ", പ്രാദേശിക ക്ഷീര സൊസൈറ്റി, കുടുംബശ്രീ, ക്ഷീരകർഷകർ വഴി പഞ്ചായത്ത്/സെക്ടർ തലത്തിൽ അതത് സൂപ്പർവൈസർ, ശിശു വികസന പദ്ധതി ഓഫീസർ, ക്വട്ടേഷൻ/ടെൻഡർ വിളിച്ച് അങ്കണവാടികളിൽ എത്തിക്കുന്നതാണ്. ഈ സംവിധാനങ്ങളൊന്നും ലഭ്യമല്ലാത്ത മലയോര ഗ്രാമപ്രദേശങ്ങളിലെ 220 അങ്കണവാടികളിൽ മിൽമയുടെ shelf life കൂടുതലുള്ള UHT പാൽ ലിറ്ററിന് 60 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതാണ്.

ഒരു കുട്ടിക്ക് ഒരു ദിവസം ഒരു ഗ്ലാസ്സ് വീതം (125 ml) ആഴ്ചയിൽ തിങ്കൾ, വ്യാഴം എന്നീ രണ്ട് ദിവസങ്ങളിൽ പാലും ചൊവ്വ, വെള്ളി എന്നീ ദിവസങ്ങളിൽ 1 വീതം മുട്ടയും നൽകിവരുന്നു. അങ്കണവാടിയിലെ മൂന്നു വയസ്സ് മുതൽ ആറ് വയസ്സ് വരെയുള്ള ഏകദേശം 4 ലക്ഷം പ്രീ-സ്കൂൾ കുട്ടികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

" പോഷക ബാല്യം-കുട്ടിക്കുരുന്നുകൾക്ക് ഇരട്ടിക്കരുത്ത്" എന്ന ഈ പദ്ധതി വനിത-ശിശു വികസന വകുപ്പിലെ 33115 അങ്കണവാടികളിലൂടെയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ' മിൽമ' എന്നിവരുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ട്.

### സ്മാർട്ട് അങ്കണവാടി

250(2178) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണത്തിനായി നടപടികൾ സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നാളിതുവരെ 41.04 കോടി രൂപ വിനിയോഗിച്ച് 204 സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) സ്വന്തമായി സ്ഥലമുള്ള മുഴുവൻ അങ്കണവാടികളും ഘട്ടം ഘട്ടമായി സ്മാർട്ട് അങ്കണവാടികളാക്കി മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്ത് സ്വന്തമായി സ്ഥലമുള്ളതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും ഒപ്പം സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടായിരിക്കുകയും എന്നാൽ കെട്ടിടം പൊളിച്ച് പണിയണമെന്ന് ബന്ധപ്പെട്ട അധികൃതർ സാക്ഷ്യപ്പെടുത്തിയ അങ്കണവാടികളെയാണ് പുതുതായിട്ടുള്ള കെട്ടിട നിർമ്മാണത്തിന് പരിഗണിക്കുന്നത്. ഇത്തരത്തിൽ അങ്കണവാടി കെട്ടിട നിർമ്മാണത്തിനനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്ന മുഴുവൻ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പ് വിഹിതത്തിന് പുറമെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ഓരോ വർഷത്തെയും ബഡ്ജറ്റ് വിഹിതത്തിൽ നിജപ്പെടുത്തി സർക്കാർ അനുമതിക്ക് വിധേയമായി ഘട്ടം ഘട്ടമായി സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം അങ്കണവാടികളുടെ നവീകരണത്തിനും സ്മാർട്ട് അങ്കണവാടികളാക്കി മാറ്റുന്നതിനുമാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

പുതുക്കാട് മണ്ഡലത്തിൽപ്പെട്ട 38 അങ്കണവാടികളുടെ നവീകരണത്തിനും 3 അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## പാലക്കാട് ജില്ലയിലെ പോഷകബാല്യം പദ്ധതി

251(2179) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോഷകബാല്യം പദ്ധതിയിൽ പാലക്കാട് ജില്ലയിൽ എത്ര കുട്ടികൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പോഷകബാല്യം പദ്ധതിയിൽ പാലക്കാട് ജില്ലയിൽ നിലവിൽ 26797 കുട്ടികൾ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) അങ്കണവാടി കുട്ടികളുടെ എണ്ണവും ഇതിനാവശ്യമായ ചെലവും താലൂക്കടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അങ്കണവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി**

252(2180) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ?

അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി അനുയോജ്യമായ സ്ഥലം ലഭ്യമായ അങ്കണവാടികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ചേർന്ന് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി നിലവിൽ സ്മാർട്ട് അങ്കണവാടി, MGNREGS പദ്ധതികൾ നിലവിലുണ്ട്.

(ബി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ സ്വന്തമായി ഉറപ്പുള്ള കെട്ടിടങ്ങളില്ലാത്ത എത്ര അങ്കണവാടികളാണ് നിലവിലുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത അങ്കണവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ സ്വന്തമായി ഉറപ്പുള്ള കെട്ടിടങ്ങളില്ലാത്ത അങ്കണവാടികൾ നിലവിലില്ല.

**സ്മാർട്ട് അങ്കണവാടികൾ ആരംഭിക്കുന്നതിന് നടപടി**

253(2181) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്മാർട്ട് അങ്കണവാടികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലായി 21.10 കോടി രൂപ വിനിയോഗിച്ച് 113 സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) 2022-23-ലെ ബഡ്ജറ്റിൽ സ്മാർട്ട് അങ്കണവാടികൾക്ക് പദ്ധതി വിഹിതമായി ഉൾപ്പെടുത്തിയിട്ടുള്ള തുക എത്രയാണ്; ആയത് വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

2022-23 സാമ്പത്തിക വർഷം സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി LSGD ചീഫ് എഞ്ചിനീയർ CCO ആയ 4235-02-102-

87(P) ശീർഷകത്തിൽ 11 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 9 കോടി രൂപ വിനിയോഗിച്ച് 49 സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാകുകയും ആയതിൽ 47 അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന 2 അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഡ്ജറ്റ് വിഹിതത്തിൽ ശേഷിക്കുന്ന തുകയ്ക്ക് ആനുപാതികമായി പ്രൊപ്പോസലുകൾ ലഭ്യമാക്കി കെട്ടിടനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ആലപ്പുഴ ജില്ലയിൽ പദ്ധതി തുക ഉപയോഗിച്ച് പുതുതായി നിർമ്മിച്ച അങ്കണവാടികളുടെ എണ്ണം തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ആലപ്പുഴ ജില്ലയിൽ നടപ്പ് വർഷത്തെ പദ്ധതി തുക ഉപയോഗിച്ച് 2 സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**ആശാവർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി**

254(2182) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ . ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശാവർക്കർമാർക്ക് നിലവിൽ നൽകിവരുന്ന ഓണറേറിയം എല്ലാ മാസവും കൃത്യമായി വിതരണം ചെയ്യാറില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും കൃത്യമായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

1-4-2021 മുതൽ ആശാവർക്കർമാരുടെ ഓണറേറിയം 5000 രൂപയിൽ നിന്ന് 6000 രൂപ ആയി 13-5-2021-ലെ സ.ഉ. (സാധാ) നമ്പർ 1076/2021/ആരോഗ്യം പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആശാവർക്കർമാർക്ക് ജൂലൈ, ഓഗസ്റ്റ് മാസത്തെ ഹോണറേറിയം അനുവദിച്ച് 5-8-2022-ലെ സ.ഉ. (സാ) നമ്പർ 1940/2022/ആരോഗ്യം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചശേഷം വിനിയോഗ സർട്ടിഫിക്കറ്റ് സഹിതം ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടർ അടുത്ത ഗഡുവിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് കാലതാമസം വരുത്താതെതന്നെ ആശാപ്രവർത്തകർക്ക് ഓണറേറിയം വിതരണം ചെയ്യുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ പ്രസ്തുത തുക ആശാപ്രവർത്തകരുടെ കയ്യിലെത്താനായി വിവിധ പ്രോസസ്സുകളിലൂടെ കടന്നു പോകേണ്ടതിനാലാണ് കാലതാമസം ഉണ്ടാകുന്നത്. ആയത് പരിഹരിക്കുന്നതിനായി ആശാപ്രവർത്തകർക്ക് ഒരു മാസത്തെ ഓണറേറിയം മുൻകൂറായി അനുവദിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) കോവിഡ് കാലഘട്ടത്തിൽ അലവൻസായി നൽകിയിരുന്ന 1000 രൂപ തുടർന്നും നൽകുന്ന കാര്യം പരിഗണിക്കുമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് ആശമാർക്ക് അഡീഷണൽ ഇൻസെന്റീവായി പ്രതിമാസം 1000 രൂപ നൽകിയിരുന്നത്. ഈ തുക കേന്ദ്ര സർക്കാർ നൽകിയ കോവിഡ് ഫണ്ടിൽനിന്നാണ് നൽകിയിരുന്നത്. ഏപ്രിൽ മാസം മുതൽ ഇത് നൽകാൻ കേന്ദ്ര സർക്കാരിൽനിന്നും നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല.

**അങ്കണവാടികളുടെ നവീകരണം**

255(2183) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അങ്കണവാടികളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അങ്കണവാടികളുടെ നവീകരണവുമായി ബന്ധപ്പെട്ട് അങ്കണവാടികളെ ശിശു സൗഹൃദ-ശിശു പരിപോഷണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും അങ്കണവാടി കെട്ടിടത്തേയും പരിസരത്തേയും ഒന്നാകെ പരിവർത്തനപ്പെടുത്തി പഠന സാമഗ്രിയാക്കി മാറ്റുന്നതിനും അതിലൂടെ കുഞ്ഞുങ്ങളുടെ ബൗദ്ധികവികാസം ഉറപ്പ് വരുത്തുന്നതിനുമായി അങ്കണവാടി കെട്ടിടത്തിന്റെ അകത്തെയും പുറത്തെയും ചുമരുകൾ ചിത്രങ്ങൾ, ജാമിതീയ രൂപങ്ങൾ, അക്കങ്ങൾ, അക്ഷരങ്ങൾ തുടങ്ങി വർണ്ണചിത്രങ്ങൾ വരച്ച് ആകർഷകമാക്കുന്നതിനും കളിയുപകരണങ്ങൾ സ്ഥാപിച്ച് കളിമൂലകൾ സൃഷ്ടിച്ചുകൊണ്ട് കുഞ്ഞുങ്ങളിലെ ചാലകപേശി വികാസം ഉറപ്പുവരുത്തുന്നതിനും ആകർഷകമായ നിറങ്ങളോടുകൂടിയ ഫർണിച്ചർ, ശിശു സൗഹൃദ ടോയ്‌ലറ്റ്, വെർട്ടിക്കൽ ഗാർഡൻ, പച്ചക്കറിത്തോട്ടം, ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കള എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി

2021-22 സാമ്പത്തിക വർഷം ചായം പദ്ധതിയും വിഭിന്നശേഷിയുള്ള കുട്ടികൾക്ക് ഐ.സി.ഡി.എസ്. പദ്ധതി മുഖേന പ്രത്യേക പരിരക്ഷ നൽകുന്നതിനായി മെച്ചപ്പെട്ട ഭൗതിക സാഹചര്യമുള്ളതും വിഭിന്നശേഷിയുള്ള കുട്ടികൾക്ക് എത്തിച്ചേരാൻ യാത്രാസൗകര്യവുമുള്ള അങ്കണവാടികളെ തെരഞ്ഞെടുത്ത് സവിശേഷ അങ്കണവാടികളാക്കി മാറ്റുന്നതിനും പ്രസ്തുത അങ്കണവാടികളിലെ വർക്കർമാർക്ക് പ്രത്യേക പരിശീലനവും കുട്ടികളുടെ മാനസിക ആരോഗ്യ പരിരക്ഷ സംബന്ധിച്ച് മാതാപിതാക്കൾക്ക് വിദഗ്ദ്ധർ മുഖേന കൗൺസിലിംഗ് നൽകുന്നതിനും ടി അങ്കണവാടികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെ സേവനം ലഭ്യമാക്കുന്നതിനുമായി സ്പെഷ്യൽ അങ്കണവാടി പദ്ധതിയും നടപ്പാക്കി.

ചായം പദ്ധതി പ്രകാരം 258 അങ്കണവാടികൾക്ക് 2 ലക്ഷം രൂപ നിരക്കിൽ നവീകരണം നടത്തുന്നതിനുള്ള ഭരണാനുമതി നൽകുകയും ആയതിൽ 256 അങ്കണവാടികളുടെ നവീകരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. സ്പെഷ്യൽ അങ്കണവാടി പദ്ധതി പ്രകാരം സംസ്ഥാനത്തെ 142 അങ്കണവാടികൾക്ക് barrier free accessibility സൗകര്യം ഒരുക്കുന്നതിനും വിഭിന്നശേഷി സൗഹൃദമാക്കുന്നതിനുമായി ഒരു അങ്കണവാടിക്ക് 2 ലക്ഷം രൂപ നിരക്കിൽ നവീകരണം നടത്തുന്നതിന് ഭരണാനുമതി നൽകുകയും ആയതിൽ 84 അങ്കണവാടികൾക്ക് നവീകരണാനുമതി നൽകുകയും 59 അങ്കണവാടികളുടെ നവീകരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 25 അങ്കണവാടികളുടെ നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തെ 75 അങ്കണവാടികൾ ഒരു ലക്ഷം രൂപ നിരക്കിൽ നവീകരിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സംസ്ഥാനത്തെ 100 അങ്കണവാടികൾ ഒരു ലക്ഷം രൂപ നിരക്കിൽ നവീകരിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും 100 അങ്കണവാടികൾക്ക് നവീകരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 25 അങ്കണവാടികൾ ഒരു ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ നിരക്കിൽ നവീകരണം നടത്തുന്നതിനുള്ള ഭരണാനുമതി നൽകുകയും ടി 25 അങ്കണവാടികൾക്ക് നവീകരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) കോട്ടയം ജില്ലയിൽ ചായം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര അങ്കണവാടികളാണ് നവീകരിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ 15 അങ്കണവാടികൾ ചായം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചിട്ടുണ്ട്. അങ്കണവാടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വർദ്ധിക്കുന്ന ആവശ്യങ്ങൾക്ക് അനുസൃതമായി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കാൻ നടപടി

256(2184) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് സംജാതമായേക്കാവുന്ന വിലക്കയറ്റത്തിൽനിന്നും സ്വകാര്യ കച്ചവടക്കാരുടെ ചൂഷണത്തിൽനിന്നും ഉപഭോക്തൃ താല്പര്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

2022 ഓണത്തോടനുബന്ധിച്ച് 1-8-2022-ലെ സ.ഉ. (സാധാ) നമ്പർ 273/2022/ഭ.പൊ.വി.വ. നമ്പർ ഉത്തരവുപ്രകാരം സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും 22-8-2022-ലെ സ.ഉ. (സാധാ) നമ്പർ 309/ 2022/ ഭ.പൊ.വി.വ. നമ്പർ ഉത്തരവുപ്രകാരം സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കും തുണിസഞ്ചിയടക്കം 14 ഇനം ആവശ്യസാധനങ്ങളടങ്ങിയ സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം ഓണച്ചന്തകൾ സംഘടിപ്പിച്ച് പൊതുജനങ്ങൾക്ക് പച്ചക്കറി ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നുമുണ്ട്.

മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഈ ഓണക്കാലത്ത് 14 ജില്ലാ ഫെയറുകൾ, 75 താലൂക്ക് ഫെയറുകൾ, 51 ഓണം മാർക്കറ്റുകൾ എന്നിവയിലൂടെ പ്രദേശിക കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് എല്ലാ സജ്ജീകരണങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറുകളായി പ്രവർത്തിക്കുന്നതാണ്. ഇത്തരത്തിൽ വിൽപ്പനശാലകൾവഴിയും ഓണം പ്രത്യേക ചന്തകൾവഴിയും വിപണിയിടപെടൽ നടത്തുന്നതുവഴി ഓണക്കാലത്ത് വിലവർദ്ധനവ് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 2022-ലെ ഓണത്തിന് മുൻഗണനേതര വിഭാഗത്തിന് സ്പെഷ്യൽ അരി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വിപണിയിലെ വർദ്ധിക്കുന്ന ആവശ്യങ്ങൾക്ക് അനുസൃതമായി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ ഭദ്രത നിയമപ്രകാരം ലഭ്യമാകുന്ന നോർമൽ വിഹിതത്തിന് പുറമെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം AAY, പ്രയോറിറ്റി വിഭാഗങ്ങൾക്ക് പ്രതിമാസം ഒരാൾക്ക് 5 കിലോഗ്രാം എന്ന തോതിൽ ഭക്ഷ്യധാന്യം നൽകി വരുന്നുണ്ട്.

ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സപ്ലൈകോ നടത്തുന്ന വിപണിയിടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ വിൽപ്പനശാലകളിലൂടെ 13 ഇനം ഭക്ഷ്യധാന്യങ്ങൾ സബ്സിഡി നിരക്കിൽ പൊതുവിപണി വിലയേക്കാൾ വളരെ കുറഞ്ഞ വിലയിൽ സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും നൽകിവരുന്നുണ്ട്. 2016 മുതൽ ടി സബ്സിഡി സാധനങ്ങളുടെ വിലകൾ വർദ്ധിപ്പിച്ചിട്ടില്ല. കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യസാധനങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനംവരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ തേയില, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് (വേഗം ചെലവാകുന്ന ഇനങ്ങൾ) MRP യെക്കാൾ/മാർക്കറ്റ് വിലയെക്കാൾ 5% മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ നടപടിമൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നുണ്ട്.

**ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പിന്റെ വിപണി ഇടപെടൽ**

257(2185) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിപണിയിലെ പൂഴ്ത്തിവയ്പ്പും വിലനിലവാരം പരിശോധിക്കുന്നതിനായി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ നേതൃത്വത്തിൽ എത്ര പരിശോധനകളാണ് നടത്തിയിട്ടുള്ളതെന്നും ആയതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

1-7-2021 മുതൽ 31-3-2022 വരെ 11950 പരിശോധനകൾ നടത്തിയിട്ടുണ്ട്. ക്രമക്കേട് കണ്ടെത്തിയ 164 ചില്ലറവിതരണ കേന്ദ്രങ്ങളുടെയും 3 മണ്ണെണ്ണ മൊത്തവിതരണ കേന്ദ്രങ്ങളുടെയും ലൈസൻസ് സസ്പെൻഡ് ചെയ്യുകയും 24 ചില്ലറ വില്പന കേന്ദ്രങ്ങൾ ക്യാൻസൽ ചെയ്യുകയുമുണ്ടായി.

(ബി) പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും കണ്ടെത്തുന്നതിനും വിലനിയന്ത്രണം സാധ്യമാക്കുന്നതിനും എന്തെല്ലാം അധികാരങ്ങളാണ് ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് 1955-ലെ Essential Commodities Act, 1980-ലെ Prevention of Black Marketing and Maintenance of Supplies of Essential Commodities Act (PBMMSEC Act) എന്നിവ പ്രകാരം പൂഴ്ത്തിവയ്പ്, കരിഞ്ചന്ത എന്നിവ കണ്ടെത്തുന്നതിനും വിലനിയന്ത്രണം സാധ്യമാക്കുന്നതിനുമായി പൊതുവിപണികൾ, അംഗീകൃത റേഷൻകടകൾ എന്നിവ പരിശോധിക്കുന്നതിനും BPL കാർഡ് വിതരണം സംബന്ധിച്ച പരാതികൾ പരിശോധിച്ച് പരിഹരിക്കുന്നതിനും റേഷൻ വിതരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് പരിഹരിക്കുന്നതിനും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അധികാരമുണ്ട്. കൂടാതെ റേഷൻ ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിലെ ക്രമക്കേട് കണ്ടെത്തി തടയുന്നതിനായി കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം ഫ്ലയിംഗ് സ്ക്വാഡ് രൂപീകരിച്ച് വിവിധ പരിശോധനകളും നടത്തുന്നുണ്ട്

(സി) ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ നൽകാമോ?

അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*

(ഡി) ഇക്കാര്യത്തിൽ നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ സംസ്ഥാനത്ത് പുതിയ നിയമ നിർമ്മാണം നടത്താൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കുമോ?

നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണ്.

**തിരൂരങ്ങാടി മണ്ഡലത്തിലെ സുഭിക്ഷ ഹോട്ടലുകൾ**

258(2186) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിശപ്പുരഹിത കേരളം പദ്ധതി പ്രകാരം തിരൂരങ്ങാടി മണ്ഡലത്തിൽ അനുവദിച്ച സുഭിക്ഷ ഹോട്ടലുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിന് തിരൂരങ്ങാടി മണ്ഡലത്തിൽ മൂന്ന് അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. അതിൽ രണ്ട് അപേക്ഷകൾ കെട്ടിടമോ മറ്റ് സൗകര്യങ്ങളോ ഇല്ലാത്തതിനാൽ പരിഗണിച്ചിട്ടില്ല. മൂന്നാമത്തെ അപേക്ഷയിന്മേൽ കൂടുതൽ അന്വേഷണം നടത്തിയ ശേഷമേ ഹോട്ടൽ അനുവദിക്കാവൂയെന്ന് പരപ്പനങ്ങാടി മുനിസിപ്പൽ ചെയർമാൻ കത്ത് നൽകിയതിനാൽ അന്വേഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭക്ഷ്യഭദ്രത നിയമ പ്രകാരമുള്ള വിജിലൻസ് കമ്മിറ്റികൾ**

259(2187) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രത നിയമം നിലവിൽ വന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ഇവ നിലവിൽ വന്നതെന്നും ഏതെല്ലാം തലങ്ങളിലാണ് ഇവ രൂപീകരിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രത നിയമം, 2013, സംസ്ഥാന ഭക്ഷ്യഭദ്രത ചട്ടം, 2018 എന്നിവയെ അടിസ്ഥാനപ്പെടുത്തി 17-8-2018 ലെ സ.ഉ. (സാധാ) നമ്പർ 420/2018/ഭ.സി.സ.വ, 419/2018/ഭ.സി.സ.വ, 418/2018/ഭ.സി.സ.വ, 417/2018/ഭ.സി.സ.വ. എന്നിവ പ്രകാരം സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ഉത്തരവായതനുസരിച്ച് സംസ്ഥാന, ജില്ല, താലൂക്കതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ റേഷൻകടതല കമ്മിറ്റിയുടെ ഘടനയിൽ മാറ്റം ആവശ്യമായി വന്നതിനാൽ പ്രസ്തുത മാറ്റങ്ങൾ ഉൾപ്പെടുത്തി 27-8-2022-ലെ എസ്.ആർ.ഒ. നമ്പർ 846/2022 പ്രകാരം സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 ഭേദഗതി ചെയ്തിട്ടുണ്ട്. ടി ഭേദഗതിക്കനുസൃതമായി റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിജിലൻസ് കമ്മിറ്റികൾ ഇതുവരെ എത്ര പരാതികൾ പരിഗണിച്ചിട്ടുണ്ട്; കമ്മിറ്റികളുടെ ജില്ലാതല പരാതി പരിഹാര ഓഫീസർമാരായ ഡി.ജി.ആർ.ഒ.-മാർ എത്ര കേസുകളെടുത്ത് അന്വേഷണം നടത്തിയിട്ടുണ്ട്; ഇതിന്മേൽ അപ്പീൽ അധികാരമുള്ള സംസ്ഥാന ഭക്ഷ്യ കമ്മീഷന് എത്ര കേസുകൾ കൈമാറിയിട്ടുണ്ട്?

വിജിലൻസ് കമ്മിറ്റികളിൽ നാളിതുവരെ ലഭ്യമായ 7 പരാതികളിൽ 2 പരാതികൾ ജില്ലാതല പരാതി പരിഹാര ഓഫീസർമാർക്ക് കൈമാറിയിട്ടുണ്ട്. വിജിലൻസ് സമിതികൾക്ക് ലഭ്യമായ പരാതിയുടെ അടിസ്ഥാനത്തിലോ ഡി.ജി.ആർ.ഒ.-മാർ നേരിട്ടെടുത്ത കേസുകളിലോ സംസ്ഥാന ഭക്ഷ്യക്കമ്മീഷന് അപ്പീലുകളൊന്നും ലഭ്യമായിട്ടില്ല.

(സി) വിജിലൻസ് കമ്മിറ്റികളുടെ ഡി.ജി.ആർ.ഒ.-മാർ ആയി നിയമിക്കപ്പെടുന്നത് അഡീഷണൽ ജില്ല മജിസ്ട്രേറ്റ് പദവിയുള്ള ഡെപ്യൂട്ടി കളക്ടർമാരാണോ; ഇവർക്ക് ഇത് സംബന്ധിച്ച പരാതികൾ കേൾക്കാൻ സമയക്കുറവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്കു പകരം സിവിൽ സപ്ലൈസ് വകുപ്പിൽനിന്നുള്ള ഉദ്യോഗസ്ഥരെ ഈ പദവിയിലേയ്ക്ക് പരിഗണിക്കണമെന്ന നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

13-10-2016-ലെ സ.ഉ. (കൈ) നമ്പർ 16/2016/ഭ.പൊ.വി.വ. പ്രകാരം ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസർമാർക്ക് പരാതികൾ കേൾക്കാൻ സമയക്കുറവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ജില്ലാതല പരാതി പരിഹാര ഓഫീസർമാരുടെ പദവിയിലേയ്ക്ക് സിവിൽ സപ്ലൈസ് വകുപ്പിൽനിന്നുള്ള ഉദ്യോഗസ്ഥരെ പരിഗണിക്കണമെന്നാവശ്യപ്പെട്ട് കേരള സിവിൽ സപ്ലൈസ് ഓഫീസേഴ്സ് അസോസിയേഷൻ സമർപ്പിച്ച നിവേദനത്തിന്മേൽ പൊതുവിതരണ ഡയറക്ടറിൽനിന്നുള്ള റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**അരുവിക്കര മണ്ഡലത്തിലെ റേഷൻ കാർഡുകൾ**

260(2188) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ നിലവിലുള്ള റേഷൻ കടകളുടെ എണ്ണവും റേഷൻ കാർഡുകളുടെ എണ്ണവും അവയിൽ അന്ത്യോദയ- അന്നയോജന, മുൻഗണന, മുൻഗണനേതര, മുൻഗണനേതര സബ്സിഡി എന്നിങ്ങനെയുള്ള കാർഡുകളുടെ എണ്ണവും പഞ്ചായത്ത് തലത്തിൽ തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത മണ്ഡലത്തിൽനിന്നും എത്രപേർ എ.പി.എൽ. വിഭാഗത്തിൽനിന്നും ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് റേഷൻ കാർഡുകൾ തരം മാറ്റുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം മാറ്റി നൽകിയിട്ടുണ്ടെന്നും എത്ര അപേക്ഷകൾ തീരുമാനമെടുക്കാൻ ബാക്കിയുണ്ടെന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ നൽകാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മുൻഗണന റേഷൻകാർഡ്

261(2189) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധനയും നിരാലംബയുമായ സ്ത്രീ ഗൃഹനാഥയായ കുടുംബങ്ങളുടേയും വിധവ ഗൃഹനാഥയായ (21 വയസ്സിന് മുകളിൽ പ്രായമായ പുരുഷന്മാർ ഇല്ലാത്ത) കുടുംബങ്ങളുടേയും അവിവാഹിതയായ അമ്മ/ഉപേക്ഷിക്കപ്പെട്ട സ്ത്രീ എന്നിവർ ഗൃഹനാഥയായ കുടുംബങ്ങളുടേയും വീടിന് ആയിരം സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തീർണ്ണം ഉണ്ടെന്ന കാരണത്താൽ മുൻഗണന റേഷൻകാർഡ് നിഷേധിക്കുന്നുണ്ടോ?

റേഷൻ മുൻഗണന വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള 18-9-2017-ലെ സ.ഉ.(സാധാ) നമ്പർ 320/2017/ഭ.പൊ.വി.വ. പ്രകാരമുള്ള മാനദണ്ഡപ്രകാരം 1000 സ്ക്വയർഫീറ്റിന് മുകളിൽ വിസ്തീർണ്ണമുള്ള വീടുള്ളവർ മുൻഗണനയിൽ ഉൾപ്പെടാൻ അയോഗ്യരാണ്. എന്നാൽ അപ്രകാരമുള്ള കുടുംബങ്ങളിൽ ആർക്കെങ്കിലും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക -സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയിൽ ഉൾപ്പെടാൻ യോഗ്യമാണെന്ന് ബോധ്യപ്പെടുന്നപക്ഷം പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് 27-10-2020-ലെ സ.ഉ.(സാധാ) നമ്പർ 319/2020/ ഭ.പൊ.വി.വ. പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ ഇത്തരം കുടുംബങ്ങൾക്കും മുൻഗണനാ റേഷൻകാർഡ് നൽകാൻ നടപടി സ്വീകരിക്കുമോ?

ക്ലോസ് (എ)യുടെ മറുപടി കണ്ടാലും.

## പൊതുവിഭാഗം സബ്സിഡിയിലേയ്ക്ക് റേഷൻ കാർഡ് മാറ്റൽ

262(2190) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവസാനമായി പൊതു വിഭാഗം കാർഡ് (എൻ.പി.എൻ.എസ്-നോൺ പ്രയോറിറ്റി നോൺ സബ്സിഡി) പൊതുവിഭാഗം സബ്സിഡി കാർഡിലേയ്ക്ക് മാറ്റി നൽകിയത് എന്നാണ്?

2021 ഫെബ്രുവരി മാസത്തിലാണ് അവസാനമായി പൊതുവിഭാഗം കാർഡ്, പൊതുവിഭാഗം സബ്സിഡിയിലേയ്ക്ക് മാറ്റി നൽകിയത്. താലൂക്ക് സപ്ലൈ ഓഫീസുകളിൽ സബ്സിഡി കാർഡുകൾക്കുള്ള അപേക്ഷകളൊന്നും നിലവിൽ

പരിഗണനയിലില്ല. സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യതകൂടി കണക്കിലെടുത്ത് പുതുതായി സബ്സിഡി കാർഡുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) നിലവിൽ ഓരോ സപ്ലൈ ഓഫീസിലും പൊതുവിഭാഗം സബ്സിഡി കാർഡുകൾക്കുള്ള എത്ര അപേക്ഷകൾ പരിഗണനയിലുണ്ട്; വിശദാംശം നൽകുമോ;

(സി) ഇനി പുതുതായി സബ്സിഡി കാർഡുകൾ അനുവദിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കുമോ?

(ബി & സി) ക്ലോസ് (എ)-യുടെ ഉത്തരം കണ്ടാലും.

**സംസ്ഥാനത്തെ ഭക്ഷ്യഭദ്രത**

263(2191) ശ്രീ. ഡി. കെ. മുരളി:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഭക്ഷ്യഭദ്രത നിയമത്തിലൂടെ സംസ്ഥാനത്തെ റേഷൻ വിതരണം കേവലം 43 ശതമാനം പേർക്ക് മാത്രമായി പരിമിതപ്പെടുത്തിയത് സംസ്ഥാനത്തിന്റെ ഭക്ഷ്യഭദ്രതയ്ക്ക് ഭീഷണിയായതിനാൽ അർഹരായ എല്ലാവർക്കും റേഷൻ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുസംബന്ധിച്ച് പ്രതികരണം ലഭ്യമായിട്ടുണ്ടോ?

ഉണ്ട്. 2011-ലെ സെൻസസ് ഡേറ്റയെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനങ്ങളുടെ നിലവിലെ മുൻഗണനാപരിധി നിശ്ചയിച്ചിട്ടുള്ളത്. അടുത്ത സെൻസസിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ മുൻഗണനാ പരിധിയിൽ മാറ്റം വരുത്തുന്നത് പരിഗണിക്കാനാകൂ എന്നും ഒരു സംസ്ഥാനത്തിനു മാത്രമായി മാനദണ്ഡത്തിൽ ഇളവനുവദിക്കാൻ കഴിയില്ലെന്നും കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) റേഷൻ മുൻഗണന വിഭാഗത്തിലെ അനർഹരെ കണ്ടെത്തുന്നതിനുള്ള ഓപ്പറേഷൻ യെല്ലോ ആരംഭിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പുതുതായി വിതരണം ചെയ്ത കാർഡുകളുടെ എണ്ണം അറിയിക്കാമോ?

ഓപ്പറേഷൻ യെല്ലോ നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 259207 റേഷൻ കാർഡുകൾ പുതുതായി വിതരണം ചെയ്തിട്ടുണ്ട്.

## ബി.പി.എൽ., എ.എ.വൈ. പദ്ധതി

264(2192) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ പുതുതായി എത്ര റേഷൻ കാർഡുടമകളെ ബി.പി.എൽ., എ.എ.വൈ. (അന്ത്യോദയ അന്ന യോജന) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പി.എച്ച്.എച്ച്.- ൽ ഉൾപ്പെടുത്തിയത് - 9962

എ.എ.വൈ. - യിൽ ഉൾപ്പെടുത്തിയത് - 875

(ബി) ഇതുസംബന്ധിച്ച് ഇനി എത്ര അപേക്ഷകൾ തീർപ്പ് കല്പിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

എ.എ.വൈ.-യിലേയ്ക്ക് മാറ്റുന്നതിനുള്ള 117 അപേക്ഷകൾ തീർപ്പ് കൽപ്പിക്കാനുണ്ട്.

## റേഷൻ മുൻഗണന പട്ടിക

265(2193) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ മുൻഗണന പട്ടികയിൽനിന്നും അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായോ എന്ന് വിശദമാക്കുമോ?

മുൻഗണന പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിനായി തദ്ദേശസ്വയംഭരണ, മോട്ടോർ വാഹന വകുപ്പുകളിൽനിന്നുള്ള ഡേറ്റയുമായി ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തിയും എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കിയും ആധാർ ലിങ്ക് ചെയ്യാത്തതോ ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻകാർഡുകൾ പരിശോധനയ്ക്ക് വിധേയമാക്കിയും എ.എ.വൈ., പി.എച്ച്.എച്ച്. വിഭാഗത്തിൽപ്പെട്ട കാർഡുകളുടെ അർഹത പുനഃപരിശോധിച്ചും അനർഹരെ കണ്ടെത്തി വരുന്നുണ്ട്. 17-6-2021-ലെ 252/2021/ഭ.പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം അനർഹമായി മുൻഗണനാ റേഷൻ കാർഡ് കൈവശം വച്ചിരുന്നവർക്ക് 2021 ജൂലൈ 31 വരെ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് അവസരം നൽകുകയും 2022 മാർച്ച് വരെ അനർഹമായ കാർഡുകൾ സറണ്ടർ ചെയ്തവരെ പിഴയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. അനർഹമായി മുൻഗണന കാർഡ് കൈവശം വച്ചിരിക്കുന്നവരുടെ വിവരം, 9495998223 എന്ന ഫോൺ നമ്പറിൽ നൽകുന്നതിനായി പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകിയിരുന്നു.

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണന പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ഫീൽഡ് പരിശോധനയിലൂടെയും മറ്റും അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന നടപടികൾ തുടരുന്നതാണ്. ഇതിനുപുറമെ മുൻഗണനേതര അനർഹരെ കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ യെല്ലോ' എന്ന പേരിൽ ഒരു പരിപാടി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അനർഹമായി മുൻഗണന റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്ന വ്യക്തികളുടെ പേരിൽ കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡറിലെ ഖണ്ഡിക 11 പ്രകാരം താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

1. നിയമത്തിലെ സെക്ഷൻ 9 പ്രകാരമുള്ള ക്രിമിനൽ നടപടികൾ.

2. കേന്ദ്ര / സംസ്ഥാന സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ സഹകരണ മേഖല/സർക്കാർ സഹായത്തോടെയുള്ള സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ അനർഹമായി കാർഡുകൾ കൈവശം വച്ചിട്ടുണ്ടെങ്കിൽ അവർക്കെതിരായ വകുപ്പുതല അച്ചടക്ക നടപടികൾ.

3. റേഷൻ കാർഡ് റദ്ദാക്കൽ.

4. കാലാകാലങ്ങളിൽ സർക്കാർ തീരുമാനിച്ച കമ്പോള നിരക്കിൽ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം വീണ്ടെടുക്കൽ.

സംസ്ഥാനത്ത് മുൻഗണന ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാനത്ത് എത്ര അനർഹർ ഇത്തരത്തിൽ മുൻഗണന ലിസ്റ്റിൽനിന്നും ഒഴിവാക്കപ്പെട്ടു എന്ന് ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇനിയും എത്ര അനർഹരായ കാർഡുടമകൾ മുൻഗണന ലിസ്റ്റിൽ നിലനിൽക്കുന്നു എന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ഡി) ഇവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് പറയാമോ?

(ബി-ഡി) ക്ലോസ് (എ)യുടെ മറുപടി കണ്ടാലും.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ബി.പി.എൽ. റേഷൻ കാർഡുകൾ

266(2194) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ബി.പി.എൽ. വിഭാഗത്തിൽ എത്ര റേഷൻ കാർഡുകളുണ്ട്?

നിലവിൽ പി.എച്ച്.എച്ച്. വിഭാഗത്തിൽ 3513002 കാർഡുകളും എ.എ.വൈ. വിഭാഗത്തിൽ 588839 കാർഡുകളും ഉൾപ്പെടെ ആകെ 4101841 കാർഡുകളുണ്ട്.

(ബി) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയില്ലാത്ത എത്ര റേഷൻ കാർഡുകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എ.പി.എൽ. ആക്കി മാറ്റിയിട്ടുള്ളത്?

എ.എ.വൈ.-യും പി.എച്ച്.എച്ചും ഉൾപ്പെടെ 155817 കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്.

(സി) ഇങ്ങനെ ബി.പി.എൽ. ലിസ്റ്റിൽനിന്നും ഒഴിവാക്കിയ കാർഡുകൾക്ക് ആനുപാതികമായി അർഹരായവരെ ബി.പി.എൽ. ലിസ്റ്റിൽ പകരം ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സ്വമേധയാ സറണ്ടർ ചെയ്തതിലൂടെയും ഫീൽഡ് പരിശോധനയിൽ അനർഹമാണെന്ന് കണ്ടെത്തിയതിലൂടെയും മുൻഗണനാ പട്ടികയിൽ വന്ന ഒഴിവുകളിൽ, 17589 കാർഡുകൾ എ.എ.വൈ. വിഭാഗത്തിലേക്കും 264859 കാർഡുകൾ പി.എച്ച്.എച്ച്. വിഭാഗത്തിലേക്കും തരംമാറ്റി നൽകിയിട്ടുണ്ട്.

## പൂഞ്ഞാർ മണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻകട പദ്ധതി

267(2195) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻകട എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സേവനം എവിടെയൊക്കെ ലഭ്യമാണെന്ന് അറിയിക്കാമോ?

പൂഞ്ഞാർ മണ്ഡലത്തിലെ വിദൂര മലയോര മേഖലകളിലും ആദിവാസി മേഖലകളിലും താമസിക്കുന്നവർക്ക് റേഷൻ വാങ്ങുന്നതിന് നിലവിൽ അസൗകര്യമില്ലാത്തതിനാൽ സഞ്ചരിക്കുന്ന റേഷൻ കടകൾ ആരംഭിക്കേണ്ടതില്ല.

(ബി) പ്രസ്തുത മണ്ഡലത്തിലെ വിദൂര മലയോര മേഖലകളിലും ആദിവാസി മേഖലകളിലും സഞ്ചരിക്കുന്ന റേഷൻ കടകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും.

**പാലക്കാട് ജില്ലയിൽ പുതിയ റേഷൻ കടകൾ**

268(2196) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ ഭക്ഷ്യ പൊതുവിതരണത്തിന്റെ ഭാഗമായി പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ മാറ്റി സ്ഥാപിക്കുന്നതിനുമായി എത്ര അപേക്ഷകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം താലൂക്ക് സപ്ലൈ ഓഫീസുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ?

പാലക്കാട് ജില്ലയിൽ പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിലേയ്ക്കായി ആകെ 22 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

താലൂക്ക് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | താലൂക്ക് | എണ്ണം |
|---|---|---|
| 1 | പാലക്കാട് | 2 |
| 2 | ചിറ്റൂർ | 4 |
| 3 | മണ്ണാർക്കാട് | 5 |
| 4 | ഒറ്റപ്പാലം | 1 |
| 5 | ആലത്തൂർ | 9 |
| 6 | പട്ടാമ്പി | 1 |

നിലവിലുള്ള റേഷൻ കടകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള അപേക്ഷകളൊന്നുംതന്നെ ലഭ്യമായിട്ടില്ല.

**ആദിവാസി ഊരുകളിലെ സഞ്ചരിക്കുന്ന റേഷൻകട പദ്ധതി**

269(2197) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി ഊരുകളിലെ എല്ലാ കുടുംബങ്ങൾക്കും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കുമോ?

ദേശീയ ഭക്ഷ്യ ഭദ്രത നിയമം, 2013-ന്റെ വകുപ്പ് 30-ന്റെ അടിസ്ഥാനത്തിൽ ആദിവാസി ഊരുകളിൽ റേഷൻ വിതരണം നടത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിലേയ്ക്കായി ആദിവാസി ഊരുകളിലെ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ നേരിട്ടെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'സഞ്ചരിക്കുന്ന റേഷൻകട'. വനത്തിനുള്ളിൽ ദുർഗമമായ ആദിവാസി കോളനികളിൽ താമസിക്കുന്ന ദുർബ്ബലരും അശരണരുമായ ജനവിഭാഗത്തിന് ഏറ്റവും അടുത്ത റേഷൻ കടയിൽനിന്നും റേഷൻ സാധനങ്ങൾ നേരിട്ട് ഊരുകളിൽ എത്തിക്കുക എന്നതാണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ടി പദ്ധതിക്കർഹമായ പ്രാധാന്യം നൽകി സംസ്ഥാനമൊട്ടാകെയുള്ള ആദിവാസി മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ ജീവനക്കാർ നേരിട്ടെത്തി റേഷൻ വിതരണം നടത്തി വരുന്നു. 2017-ൽ തൃശ്ശൂരിൽ ആരംഭിച്ച പ്രസ്തുത പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ 19 താലൂക്കുകളിലായി നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഓരോ ജില്ലയിലേയും ആവശ്യകത പരിഗണിച്ച് ജില്ല സപ്ലൈ ഓഫീസർമാർ ലഭ്യമാക്കുന്ന ശിപാർശകൾ പരിശോധിച്ച് ടി പദ്ധതിക്കുള്ള അനുമതി നൽകിവരുന്നു.

(ബി) സഞ്ചരിക്കുന്ന റേഷൻകട പദ്ധതി എല്ലാ ഊരുകളിലും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ക്ലോസ്(എ)യുടെ മറുപടി കണ്ടാലും.

**പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള നടപടി**

270(2198) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ ഒറ്റപ്പാലം താലൂക്കിൽ പുതിയ റേഷൻ കട ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ ഭ.പൊ.വി.വ-ബി2/1/2021-ഭ.പൊ.വി.വ നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്നു. കടയുടെ ആവശ്യകത, പ്രദേശത്തിന്റെ പ്രത്യേകത, ചുറ്റുപാടുമുള്ള എ.ആർ.ഡി.-കളുടെ വരുമാനത്തെ ബാധിക്കാതെ കുറഞ്ഞത് 400 കാർഡ് എങ്കിലും ഉണ്ടായിരിക്കുക തുടങ്ങിയവയാണ് മാനദണ്ഡങ്ങൾ.

(ബി) പുതിയതായി റേഷൻകടകൾ അനുവദിക്കുന്നതിന് പുതുക്കി നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇതുപ്രകാരം മണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്?

ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും.

## കോട്ടയം ജില്ലയിലെ കെ-സ്റ്റോർ പദ്ധതി

271(2199) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ-സ്റ്റോർ പദ്ധതി നടപ്പിലാക്കുന്നതിനായി കോട്ടയം ജില്ലയിൽനിന്ന് ഏതെല്ലാം റേഷൻ കടകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടത്തിനായി കോട്ടയം ജില്ലയിൽ നിന്ന് തെരഞ്ഞെടുത്തിരിക്കുന്ന 5 റേഷൻ കടകൾ താഴെപ്പറയുന്നവയാണ്.

| നമ്പർ | താലൂക്ക് | റേഷൻകട നമ്പർ |
|---|---|---|
| 1 | കോട്ടയം | 117 |
| 2 | കാഞ്ഞിരപ്പള്ളി | 103 |
| 3 | വൈക്കം | 207 |
| 4 | മീനച്ചിൽ | 183 |
| 5 | ചങ്ങനാശ്ശേരി | 114 |

## റേഷൻ കടകൾവഴി നൽകുന്ന മണ്ണെണ്ണ

272(2200) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾവഴി വിതരണം ചെയ്യുന്ന മണ്ണെണ്ണ ലിറ്ററിന് എത്ര രൂപയാണ് വില ഈടാക്കുന്നത്; ഇത് സബ്സിഡിയോടുകൂടിയ വിലയാണോയെന്ന് വ്യക്തമാക്കുമോ?

2022 ആഗസ്റ്റ് മാസത്തിൽ മണ്ണെണ്ണയുടെ വില ലിറ്ററിന് 89 രൂപയാണ്. നിലവിൽ റേഷൻ കടകൾവഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയ്ക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകുന്നില്ല.

(ബി) കഴിഞ്ഞ 3 വർഷത്തിനിടെ എപ്പോഴൊക്കെയാണ് മണ്ണെണ്ണ വിലയിൽ കേന്ദ്ര സർക്കാർ മാറ്റം വരുത്തിയിട്ടുള്ളത്; ഈ വില സംസ്ഥാന സർക്കാർ എപ്പോഴാണ് നടപ്പാക്കിയത്?

സബ്സിഡി, നോൺസബ്സിഡി മണ്ണെണ്ണയുടെ വില ഓരോ മാസത്തിലെയും ആദ്യ ദിനം വ്യത്യാസം വരുത്തുന്നുണ്ട്. ഓയിൽ കമ്പനിയിൽനിന്നും ലഭിക്കുന്ന Ex-Installation price-ലെ വ്യത്യാസ പ്രകാരം മാസംതോറും വില വ്യത്യാസപ്പെടുത്തുന്നുണ്ട്. മണ്ണെണ്ണ വില ജൂലൈ മാസത്തിൽ 102 രൂപയായി വർദ്ധിപ്പിച്ചപ്പോഴും സംസ്ഥാന സർക്കാർ 89 രൂപ നിരക്കിലാണ് മുൻപ് അനുവദിച്ചിരുന്ന മണ്ണെണ്ണ നൽകിവന്നിരുന്നത്.

(സി) സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എപ്പോഴെല്ലാമാണ് കുറവ് വരുത്തിയത്; കഴിഞ്ഞ 3 വർഷത്തിനിടെ കേന്ദ്ര സർക്കാർ നൽകിയ മണ്ണെണ്ണ വിഹിതത്തിന്റെ കണക്കുകൾ ലഭ്യമാക്കുമോ?

ഉണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പുതിയ റേഷൻ കടകൾ**

273(2201) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര റേഷൻ കടകൾക്കാണ് പുതുതായി അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

22 റേഷൻ കടകൾ. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

(ബി) പുതുതായി ലൈസൻസ് നൻകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

1) അപേക്ഷ നൽകുന്ന വർഷം ജനുവരി ഒന്നിന് 21 വയസ്സ് പൂർത്തിയായിരിക്കണം.

2) ലൈസൻസി മരിച്ചതിനുശേഷം അനന്തരാവകാശിക്ക് ലൈസൻസ് അനുവദിക്കാൻ അപേക്ഷ സമർപ്പിക്കുന്ന വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിരിക്കണം.

3) അപേക്ഷ നൽകുന്ന വർഷം ജനുവരി ഒന്നിന് 62 വയസ്സിൽ കൂടാൻ പാടില്ല.

4) കേരള ബോർഡ് ഓഫ് എക്സാമിനേഷന്റെ 10-ാം ക്ലാസ്സ് അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം.

5) റേഷൻ കട നടത്തുന്നതിന് ലൈസൻസിക്ക് ശാരീരിക, മാനസികാരോഗ്യം ഉണ്ടായിരിക്കണം.

6) അപേക്ഷ നൽകുന്ന തീയതിക്കുമുൻപ് റേഷൻ കട സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ പ്രദേശത്ത് 3 വർഷം സ്ഥിരതാമസമുണ്ടായിരിക്കണം. അതേ വാർഡിൽ സ്ഥിരതാമസമുള്ള അപേക്ഷകന് മുൻഗണന ഉണ്ടായിരിക്കും. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ സംവരണ വിഭാഗങ്ങൾക്ക് റേഷൻ കട സ്ഥിതി ചെയ്യുന്ന താലൂക്കിൽ സ്ഥിരതാമസം ഉണ്ടായാൽ മതി.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

7) വ്യക്തിഗത അപേക്ഷകളിൽ യോഗ്യതാമാനദണ്ഡങ്ങൾ കണക്കാക്കുമ്പോൾ പ്രായത്തിൽ മുതിർന്ന അപേക്ഷകർക്കും 10 വർഷം പരിചയ സമ്പന്നരായ സെയിൽസ്മാൻമാർക്കും മുൻഗണന നൽകുന്നതാണ്.

(സി) പുതുതായി ലൈസൻസ് നൽകുന്നതിൽ പട്ടിക വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021-ന്റെ ഖണ്ഡിക 33(1) പ്രകാരം റേഷൻ കട ലൈസൻസി നിയമനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് യഥാക്രമം 8%, 2% എന്ന രീതിയിൽ സംവരണം നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻപ്രകാരം ഓരോ ജില്ലയിലുമുള്ള റേഷൻ കടകളുടെ ആകെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ സംവരണ വിഭാഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി ഒരു വിഭാഗത്തിനും സംവരണ ആനുകൂല്യം നഷ്ടം വരാതെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും കെ.റ്റി.പി.ഡി.എസ്. (കൺട്രോൾ) ഓർഡർ, 2021-ന് മുൻപും ശേഷവും ഉണ്ടായ ഒഴിവുകളിൽ സംവരണ വിഭാഗങ്ങളിലെ ക്വാട്ട നികത്തിയതിനുശേഷം മാത്രമേ പൊതുവിഭാഗങ്ങളിൽനിന്നും വിജ്ഞാപനം സ്വീകരിക്കാവൂ എന്ന് ഖണ്ഡിക 33(2)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നിരിക്കെ സംവരണ ഒഴിവുകൾ പൂർണ്ണമായും നികത്തിയതിനുശേഷം പൊതുവിഭാഗം ഉൾപ്പെടെയുള്ള ഒരു വിഭാഗത്തിനും അവസരനഷ്ടം ഉണ്ടാകാതിരിക്കുന്നതിനായി പി.എസ്.സി. നിയമന രീതിക്ക് സമാനമായ റൊട്ടേഷൻ ചാർട്ടിനനുസൃതമായി ലൈസൻസി നിയമനം നടത്തുന്നതിന് 6-12-2021-ലെ സ.ഉ. (കൈ) നമ്പർ 35/2021/ഭ.പൊ.വി.വ. പ്രകാരം പൊതുവിതരണ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ലൈസൻസി നിയമനത്തിന് ജില്ലാതലത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പെരുമ്പാവൂർ മണ്ഡലത്തിലെ സുഭിക്ഷ ഹോട്ടലും കെ-സ്റ്റോറും**

274(2202) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മണ്ഡലത്തിൽ എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; മണ്ഡലത്തിലെ എത്ര പഞ്ചായത്തുകളിൽക്കൂടി സുഭിക്ഷ ഹോട്ടലുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

പെരുമ്പാവൂർ മണ്ഡലത്തിൽ സുഭിക്ഷ ഹോട്ടൽ നിലവിൽ ആരംഭിച്ചിട്ടില്ല. എന്നാൽ ടി മണ്ഡലത്തിലെ വെങ്ങാന്നൂർ ഗ്രാമപഞ്ചായത്തിൽ ഒരു സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കി ഉദ്ഘാടനത്തിന് സജ്ജമായിട്ടുണ്ട്;

(ബി) പെരുമ്പാവൂർ പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം റേഷൻകടകളാണ് കെ-സ്റ്റോറുകൾ ആക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്?

റേഷൻ കട നമ്പർ 1738229 -നെയാണ് ടി മണ്ഡലത്തിൽനിന്നും കെ - സ്റ്റോർ പദ്ധതിയുടെ പ്രാരംഭഘട്ടത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) പൊങ്ങിൻച്ചുവട് ആദിവാസി മേഖലയിലെ റേഷൻ കടയെ കെ-സ്റ്റോർ ആക്കി മാറ്റുന്നതിന് മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ?

പൊങ്ങൻച്ചുവട് ആദിവാസി മേഖലയിലെ റേഷൻ കടയിൽ നെറ്റ്‌വർക്ക് കണക്ടിവിറ്റി ലഭ്യമല്ലാത്തതിനാൽ ടി കടയെ കെ-സ്റ്റോർ പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്താൻ കഴിയില്ല.

**കോതമംഗലം മണ്ഡലത്തിലെ സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി**

275(2203) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി മുഖേന റേഷൻ എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കോതമംഗലം മണ്ഡലത്തിലെ കുട്ടംപുഴ പഞ്ചായത്തിലെ വിദൂര പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ആദിവാസി ഊരുകളായ തേര, വാരിയം, ഉറിയംപെട്ടി എന്നിവിടങ്ങളിലേയ്ക്ക് നിലവിൽ സഞ്ചരിക്കുന്ന റേഷൻ കട വഴി റേഷൻ സാധനങ്ങൾ വിതരണം നടത്തിവരുന്നുണ്ട്.

കോതമംഗലം മണ്ഡലത്തിലെ ആദിവാസി മേഖലകളിൽ ട്രൈബൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ST പ്രൊമോട്ടർമാർക്കും ആദിവാസി ഊരുകളിൽപ്പെട്ട പഞ്ചായത്തിലെ മെമ്പർമാർക്കും CDS മെമ്പർമാർക്കും കോതമംഗലം താലൂക്കിലെ പഞ്ചായത്ത് മെമ്പർമാർക്കും ഭക്ഷ്യ ഭദ്രത നിയമം അനുശാസിക്കും പ്രകാരമുള്ള സെമിനാറുകളും ബോധവത്കരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്. സംസ്ഥാന ഭക്ഷ്യക്കമ്മീഷൻ പ്രസ്തുത മണ്ഡലത്തിൽ 12 ഭാസുര യൂണിറ്റുകൾ രൂപീകരിക്കുകയും ട്രൈബൽ പ്രൊമോട്ടർമാർക്ക് ക്ലാസ്സുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി പ്രൊമോട്ടർമാരുടെ സഹകരണത്തോടെ റേഷനിംഗ് ഇൻസ്പെക്ടർമാർ ഊരുകളിൽ നേരിട്ടെത്തി കാര്യക്ഷമതയോടുകൂടി പരാതിക്കിടവരാതെ റേഷൻ വിതരണം നടത്തി വരുന്നു. ഇപ്രകാരം അർഹതപ്പെട്ട റേഷൻ വിഹിതം കൃത്യമായി ഓരോ കാർഡുടമയ്ക്കും ലഭിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നുണ്ട്.

(ബി) കോതമംഗലം മണ്ഡലത്തിലെ ആദിവാസി മേഖലകളിൽ ഭക്ഷ്യഭദ്രത സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) കോതമംഗലം മണ്ഡലത്തിലെ ആദിവാസി മേഖലകളിൽ പ്രതികൂല കാലാവസ്ഥയിൽ റേഷൻ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി &സി) ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും.

(ഡി) ആദിവാസി ഊരുകളിലെ റേഷൻ വിതരണം സുഗമമാക്കുന്നതിന് വേണ്ടി സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി കോതമംഗലം മണ്ഡലത്തിലെ കൂടുതൽ ആദിവാസി കോളനികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കോതമംഗലം മണ്ഡലത്തിലെ കുട്ടംപുഴ പഞ്ചായത്തിലെ മാമലക്കണ്ടം പ്രദേശത്തുള്ള ആദിവാസി ഊരുകളിൽക്കൂടി സഞ്ചരിക്കുന്ന റേഷൻ കട പദ്ധതിവഴി റേഷൻ സാധനങ്ങൾ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**മണ്ണെണ്ണയുടെ ലഭ്യതയും സബ്സിഡിയും**

276(2204) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. മുകേഷ്:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണ്ണെണ്ണയുടെ ആവശ്യകതയും ലഭ്യതയും എത്രയാണെന്നത് സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സബ്സിഡി മണ്ണെണ്ണയുടെ വിതരണത്തിനായി മുഴുവൻ ഇലക്ട്രിഫൈഡ് കാർഡുടമകൾക്കും ഒരു മാസത്തിൽ 1 ലിറ്റർ വീതവും മുഴുവൻ നോൺ-ഇലക്ട്രിഫൈഡ് കാർഡുടമകൾക്കും ഒരു മാസത്തിൽ 4 ലിറ്റർ വീതവും നൽകുന്നതിന് മൂന്ന് മാസത്തിൽ 27828 KL മണ്ണെണ്ണ ആവശ്യമായി വരും. ഈ സാമ്പത്തിക വർഷത്തിൽ ഒരു പാദത്തിൽ 3888 KL വീതം 2 തവണയാണ് സബ്സിഡി മണ്ണെണ്ണ ലഭ്യമായത്.

നോൺ-സബ്സിഡി മണ്ണെണ്ണയുടെ വിതരണത്തിനായി മത്സ്യബന്ധന യാനങ്ങൾക്കുള്ള നിലവിലെ പെർമിറ്റ് അടിസ്ഥാനത്തിൽ 10 HP വരെയുള്ളവർക്ക് പ്രതിമാസം 500 ലിറ്റർ മണ്ണെണ്ണയും 10 മുതൽ 15 HP വരെയുള്ളവർക്ക് പ്രതിമാസം 600 ലിറ്റർ മണ്ണെണ്ണയും 15 HP-ക്ക് മുകളിലുള്ളവർക്ക് പ്രതിമാസം 800 ലിറ്റർ മണ്ണെണ്ണയും എന്ന അളവിൽ ഒരു മാസത്തിൽ 8398 KL മണ്ണെണ്ണ ആവശ്യമായി വരും. ഈ സാമ്പത്തിക വർഷത്തിൽ 2160 KL നോൺ-സബ്സിഡി മണ്ണെണ്ണയാണ് ലഭ്യമായത്.

(ബി) പൊതുജനങ്ങൾക്കും മത്സ്യബന്ധന യാനങ്ങൾക്കും നൽകിവന്നിരുന്ന മണ്ണെണ്ണ സബ്സിഡി കേന്ദ്ര സർക്കാർ നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്രം വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സബ്സിഡിയായി ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ വിഹിതത്തിലാണ് കേന്ദ്ര സർക്കാർ കുറവ് വരുത്തിയത്. സബ്സിഡി മണ്ണെണ്ണ വിഹിതത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഓരോ പാദത്തിലും 6780 KL മണ്ണെണ്ണ വീതം ലഭിച്ചിരുന്നു. എന്നാൽ ഈ സാമ്പത്തിക വർഷത്തിലെ ആദ്യ പാദം (ഏപ്രിൽ മുതൽ ജൂൺ വരെ) മുതൽ 6780 KL-ൽ നിന്നും 3888 KL ആയി മണ്ണെണ്ണ വിഹിതത്തിൽ കുറവ് വരുത്തിയിരിക്കുന്നു.

(സി) സംസ്ഥാനത്തെ ജനങ്ങളെ ദോഷകരമായി ബാധിക്കുന്ന ഈ ഇടപെടലുകളിന്മേൽ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന പരിഹാര നടപടികൾ വിലയിരുത്തിയിരുന്നോ; വിശദമാക്കാമോ?

സംസ്ഥാനത്തിനുള്ള സബ്സിഡി, നോൺ-സബ്സിഡി മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് നിരന്തരം കത്തുകൾ നൽകിയിട്ടുണ്ട്. ആവശ്യമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു. സബ്സിഡി, നോൺ-സബ്സിഡി മണ്ണെണ്ണയുടെ വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് രണ്ടുതവണ കേന്ദ്ര മന്ത്രിമാരെ നേരിൽ കാണുകയും ചെയ്തിരുന്നു.

(ഡി) സംസ്ഥാനത്തിനുള്ള മണ്ണെണ്ണയുടെ കേന്ദ്ര വിഹിതം കുറയുന്നതും കേന്ദ്രം മണ്ണെണ്ണ സബ്സിഡി നിർത്തലാക്കിയതും മുതലെടുത്ത് അമിതവില ഈടാക്കി സാധാരണക്കാരെയും മത്സ്യത്തൊഴിലാളികളെയും ഇടനിലക്കാർ ചൂഷണം ചെയ്യുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ഈ സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ?

കേന്ദ്ര വിഹിതം വർദ്ധിപ്പിക്കുന്നതിനായി ശിപാർശ നൽകിയിട്ടുണ്ട്. ത്രൈമാസ വിതരണത്തിനായി നൽകുന്ന സബ്സിഡി മണ്ണെണ്ണയുടെ വിട്ടെടുപ്പ് ടി പാദത്തിലെ ആദ്യ മാസംതന്നെ പൂർത്തിയാക്കുന്നതിനാൽ ആ മാസത്തെ വിലയിലാണ് ടി പാദം മുഴുവൻ റേഷൻ കടകളിൽ വില്പന നടത്തുന്നത്.

**മണ്ണെണ്ണ വിഹിതത്തിലെ കുറവും വില വർദ്ധനവും**

277(2205) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന് അർഹതപ്പെട്ട മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്രം വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; 2016-ൽ സംസ്ഥാനത്തിന് ലഭിച്ചിരുന്ന മണ്ണെണ്ണ വിഹിതവുമായി താരതമ്യം ചെയ്ത് കേന്ദ്രം കുറവുവരുത്തിയ മണ്ണെണ്ണ വിഹിതത്തിന്റെ വിശദാംശം വെളിപ്പെടുത്താമോ?

ഉണ്ട്. 2016 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽനിന്നും 117780KL മണ്ണെണ്ണ ലഭിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് ഇപ്പോൾ മൂന്ന് മാസത്തിലൊരിക്കൽ 3888 KL മണ്ണെണ്ണ മാത്രമാണ് ലഭിക്കുന്നത്.

(ബി) സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി ലഭിക്കുന്ന മണ്ണെണ്ണയുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; 2020 മുതൽ മണ്ണെണ്ണ വിലയിൽ കേന്ദ്രം ക്രമാനുഗതമായി വരുത്തിയ വർദ്ധനവിന്റെ വിശദാംശം നൽകാമോ?

ഉണ്ട്. സബ്സിഡി, നോൺ-സബ്സിഡി മണ്ണെണ്ണയുടെ 2019 ഡിസംബർ മാസത്തെ വില ലിറ്ററിന് 40 രൂപയാണ്. 2020 ജനുവരി മുതലുള്ള മണ്ണെണ്ണയുടെ ഓരോ മാസത്തിലുമുള്ള വില അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മണ്ണെണ്ണ വിഹിതത്തിലുണ്ടായ കുറവും മണ്ണെണ്ണ വിലയിൽ വരുത്തിയ വർദ്ധനവും സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ എങ്ങനെയെല്ലാം ബാധിക്കുമെന്ന് വിശദമാക്കാമോ?

മണ്ണെണ്ണ വിഹിതത്തിലുണ്ടായ കുറവുമൂലം കഴിഞ്ഞ സാമ്പത്തിക വർഷം ആദ്യം മുതൽ സംസ്ഥാനത്തെ മണ്ണെണ്ണ വിതരണം ത്രൈമാസമായി ക്രമീകരിച്ചാണ് നടത്തുന്നത്. സംസ്ഥാനത്തെ മുഴുവൻ ഇലക്ട്രിഫൈഡ് കാർഡുടമകൾക്കും മൂന്ന് മാസത്തിലൊരിക്കൽ 1/2 ലിറ്റർ മണ്ണെണ്ണയും മുഴുവൻ നോൺ ഇലക്ട്രിഫൈഡ് കാർഡുടമകൾക്കും മൂന്ന് മാസത്തിലൊരിക്കൽ 6 ലിറ്റർ മണ്ണെണ്ണയും എന്ന അളവിൽ വിതരണം ക്രമീകരിക്കേണ്ടിവന്നു.

(ഡി) കേന്ദ്രനയം തിരുത്തുന്നതിനായി സംസ്ഥാന സർക്കാർ ഇടപെടലുകൾ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സബ്സിഡി, നോൺ-സബ്സിഡി മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കണ മെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് നിരന്തരം കത്തുകൾ അയയ്ക്കുകയും കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രിയെ നേരിൽക്കണ്ട് കേരളത്തിന്റെ മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

## ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്ത വകയിൽ നൽകാനുള്ള കമ്മീഷൻ കുടിശ്ശിക

278(2206) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി കോവിഡ് അതിജീവന ഭക്ഷ്യക്കിറ്റുകൾ ഇതുവരെ എത്ര തവണയാണ് നൽകിയത്; ഓരോ തവണയും നൽകിയ കിറ്റുകളുടെ എണ്ണവും അവയ്ക്കായി ചെലവഴിച്ച തുകയും കിറ്റിലെ സാധനങ്ങളുടെ പട്ടികയും നൽകാമോ?

സംസ്ഥാനത്ത് റേഷൻ കടകൾ വഴി എല്ലാ വിഭാഗം കാർഡുടമകൾക്കും 13 തവണ അതിജീവന കിറ്റുകൾ വിതരണം നടത്തിയിരുന്നു. ഓരോ തവണയും നൽകിയ കിറ്റുകളുടെ എണ്ണവും അവയ്ക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും കിറ്റുകളിലെ സാധനങ്ങളുടെ പട്ടികയും അനുബന്ധമായി ചേർത്തിരിക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കിറ്റുകൾ നൽകുന്നതിനായി റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകാമെന്ന് സർക്കാർ സമ്മതിച്ചിരുന്നോ; കമ്മീഷൻ വ്യവസ്ഥ ചെയ്യുന്ന ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) കിറ്റുകൾ വിതരണം ചെയ്ത വകയിൽ വ്യാപാരികൾക്ക് കമ്മീഷൻ കുടിശ്ശിക നൽകാനുണ്ടോ; കമ്മീഷൻ കുടിശ്ശികയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേസിന്മേലുള്ള കോടതിവിധി എന്താണെന്നും ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ?

(ബി&സി) കോവിഡ് കാലത്ത് സമാശ്വാസകിറ്റുകൾ വിതരണം ചെയ്ത ഇനത്തിൽ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ നൽകുന്നതിന് മൂന്ന് ഉത്തരവുകളാണ് പുറപ്പെടുവിച്ചിരുന്നത്. 2020 ഏപ്രിൽ, മേയ് മാസങ്ങളിൽ ഇ-പോസ് മുഖേന വിതരണം നടത്തിയ കിറ്റുകൾക്ക് 30-7-2020-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 211/2020/ ഭ.പൊ.വി.വ. പ്രകാരം 5,91,36,112 രൂപയും, 2020 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഇ-പോസ് മുഖേന വിതരണം നടത്തിയ ഓണം കിറ്റുകൾക്ക് 19-2-2021 ലെ സ.ഉ.(സാധാ) നമ്പർ 98/2021/ ഭ.പൊ.വി.വ. പ്രകാരം 4,68,92,680 രൂപയും കമ്മീഷൻ അനുവദിച്ചു നൽകിയിരുന്നു. 27-5-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 241/2021/ ഭ.പൊ.വി.വ. പ്രകാരം 2021 മേയ് മാസത്തിൽ വിതരണം നടത്തിയ അതിജീവന കിറ്റുകൾക്ക് കമ്മീഷൻ നൽകാൻ ഉത്തരവായിരുന്നുവെങ്കിലും തുക കൈമാറിയിരുന്നില്ല. അതിജീവനകിറ്റുകൾ വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾക്ക് പ്രത്യേകമായി കമ്മീഷൻ നൽകേണ്ടതില്ലെന്നും റേഷൻ വ്യാപാരികൾ പ്രസ്തുത ജോലി ഒരു സേവനമായി കണക്കാക്കണമെന്ന സർക്കാരിന്റെ നയപരമായ തീരുമാനവും ഇക്കാര്യത്തിലുണ്ടായിരുന്നു. എന്നാൽ റേഷൻ വ്യാപാരികൾ കമ്മീഷൻ ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസിൽ കമ്മീഷൻ ഇനത്തിൽ കുടിശ്ശിക എന്തെങ്കിലും ബാക്കിയുണ്ടെങ്കിൽ ആയത് നൽകുവാൻ കോടതി ഉത്തരവായിരുന്നു. ഈ കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കിറ്റ് കൈമാറ്റം നടത്തിയ റേഷൻ വ്യാപാരികളുടെ പ്രവൃത്തി ഒരു സേവനമായി കണ്ട് കമ്മീഷൻ നൽകേണ്ടതില്ലെന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന് മുമ്പ് കമ്മീഷൻ നൽകുന്നതിനായി പുറപ്പെടുവിച്ച 27-5-2021-ലെ ഉത്തരവ് പ്രകാരമുള്ള

തുക കുടിശ്ശികയായി കണ്ട് പ്രസ്തുത തുക റേഷൻ വ്യാപാരികൾക്ക് നൽകുവാൻ തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 4,26,45,895 രൂപ റേഷൻ വ്യാപാരികൾക്ക് നൽകി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് നടപ്പാക്കിയിട്ടുണ്ട്.

**പാറശ്ശാല മണ്ഡലത്തിലെ സഞ്ചരിക്കുന്ന റേഷൻ കടകൾ**

279(2207) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രവർത്തനം ഏതൊക്കെ പ്രദേശങ്ങളിലാണ് വ്യാപിപ്പിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ?

അമ്പൂരി പഞ്ചായത്തിൽ പുരവിമല, കണ്ണമാംമൂട്, തെന്മല, കൊമ്പേ, വെല്ലി, തേക്കുംമൂട്, പിയണിപ്പാറ എന്നീ പ്രദേശങ്ങളിലെ മുഴുവൻ ആദിവാസി ഊരുകളിലും സഞ്ചരിക്കുന്ന റേഷൻ കട മുഖേന സമയബന്ധിതമായി ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ മണ്ഡലത്തിലെ മുഴുവൻ ആദിവാസി ഊരുകളിലും ഭക്ഷ്യസാധനങ്ങൾ എത്തിക്കാൻ സാധിക്കുന്നുണ്ടോ; വിശദമാക്കാമോ?

ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും.

**ഓണക്കാലത്ത് വിലക്കയറ്റം പ്രതിരോധിക്കാൻ നടപടി**

280(2208) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓണക്കാലത്ത് ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം പ്രതിരോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. 2022 ഓണത്തോടനുബന്ധിച്ച് 1-8-2022-ലെ സ.ഉ. (സാധാ) നമ്പർ 273/2022/ഭ.പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും 22-8-2022-ലെ സ.ഉ. (സാധാ) നമ്പർ 309/2022/ ഭ.പൊ.വി.വ. നമ്പർ ഉത്തരവുപ്രകാരം സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കും തുണിസഞ്ചിയടക്കം 14 ഇനം ആവശ്യസാധനങ്ങളടങ്ങിയ സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തുവരുന്നുണ്ട്.

കൂടാതെ സംസ്ഥാനത്തുടനീളം ഓണച്ചന്തകൾ സംഘടിപ്പിച്ച് പൊതുജനങ്ങൾക്ക് പച്ചക്കറി ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ കൂടുതൽ അളവിൽ ന്യായവിലയ്ക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നുമുണ്ട്.

മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഈ ഓണക്കാലത്ത് 14 ജില്ലാ ഫെയറുകൾ, 75 താലൂക്ക് ഫെയറുകൾ, 51 ഓണം മാർക്കറ്റുകൾ എന്നിവയിലൂടെ, പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് എല്ലാ സജ്ജീകരണങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസവും ഓണം മിനിഫെയറുകളായി പ്രവർത്തിക്കുന്നതാണ്. ഇത്തരത്തിൽ വിൽപ്പനശാലകൾ വഴിയും ഓണം പ്രത്യേക ചന്തകൾ വഴിയും വിപണിയിടപെടൽ നടത്തുന്നതുവഴി ഓണക്കാലത്ത് വിലവർദ്ധനവ് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഉത്സവകാലങ്ങളിൽ അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കുന്നതുമൂലം കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, ഊഹക്കച്ചവടം എന്നിവമൂലമുള്ള കൃത്രിമ ക്ഷാമം, കൃത്രിമ വിലക്കയറ്റം എന്നിവയ്ക്കുള്ള സാധ്യത ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്.

**നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയാൻ നടപടി**

281(2209) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ?

2022 ഓണത്തോടനുബന്ധിച്ച് 1-8-2022-ലെ സ.ഉ. (സാധാ) നമ്പർ 273/2022/ഭ.പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും 22-8-2022-ലെ സ.ഉ. (സാധാ) നമ്പർ 309/2022/ഭ.പൊ.വി.വ നം. ഉത്തരവുപ്രകാരം സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കും തുണിസഞ്ചിയടക്കം 14 ഇനം ആവശ്യസാധനങ്ങളടങ്ങിയ സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം ഓണച്ചന്തകൾ സംഘടിപ്പിച്ച്, പൊതുജനങ്ങൾക്ക് പച്ചക്കറി ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ കൂടുതൽ അളവിൽ ന്യായവിലയ്ക്ക് ആവശ്യാനുസരണം

ലഭ്യമാക്കുന്നുമുണ്ട്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ ഓണക്കാലത്ത് 14 ജില്ലാ ഫെയറുകൾ, 75 താലൂക്ക് ഫെയറുകൾ, 51 ഓണം മാർക്കറ്റുകൾ എന്നിവയിലൂടെ, പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് എല്ലാ സജ്ജീകരണങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറുകളായി പ്രവർത്തിക്കുന്നതാണ്. ഇത്തരത്തിൽ വിൽപ്പനശാലകൾ വഴിയും ഓണം പ്രത്യേക ചന്തകൾ വഴിയും വിപണിയിടപെടൽ നടത്തുന്നതുവഴി ഓണക്കാലത്ത് വിലവർദ്ധനവ് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) അരിയും മറ്റ് ഭക്ഷ്യ വസ്തുക്കളും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയതിലെ ആശയക്കുഴപ്പം മൂലമുണ്ടായ വിലവർദ്ധന പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

അരി, പയറുവർഗ്ഗങ്ങൾ എന്നിവയുടെ പായ്ക്കറ്റിന് 5% ജി.എസ്.റ്റി ഏർപ്പെടുത്തുന്നതിന് ഇവയുടെ വിൽപ്പന വിലയിൽ ആനുപാതികമായി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സപ്ലൈകോ വില്പനശാലകളിലൂടെ അരി ഉപഭോക്താക്കളുടെ ആവശ്യത്തിനനുസരിച്ച് പാക്ക് ചെയ്യാതെ തൂക്കി ചില്ലറ വിൽപ്പന നടത്തുന്നുണ്ട്. അതിന് GST ബാധകമല്ല. എന്നാൽ സപ്ലൈകോ ഔട്ട് ലെറ്റിൽ മറ്റ് അവശ്യസാധനങ്ങൾക്ക് 5% GST ബാധകമാണ്. പായ്ക്ക് ചെയ്ത ഉല്പന്നങ്ങൾക്കുമേൽ ചുമത്തിയ 5% നികുതിയുടെ ഭാരം ഉപഭോക്താക്കളെ ബാധിക്കുന്നതാണ്. എന്നിരുന്നാലും പൊതുവിപണി വിലനിയന്ത്രണത്തിന് നടത്തുന്ന വിപണി ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സബ്സിഡി നിരക്കിൽ 13 ഇനം സാധനങ്ങൾ വിലവർദ്ധിപ്പിക്കാതെ വിൽപ്പന നടത്തിവരുന്നു. കൂടാതെ 5% മുതൽ 30% വരെ വിലക്കുറവിൽ എല്ലാ അവശ്യസാധനങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

(സി) ആന്ധ്രയിൽനിന്നും മറ്റും വരുന്ന അരിയുടെ അളവിൽ കുറവുണ്ടായതുമൂലം വിലക്കയറ്റത്തിന് കാരണമായത് പരിഹരിക്കുന്നതിനായി സർക്കാർ വിപണി ഇടപെടൽ നടത്തിയിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

വിപണിയിലെ അരിയുടെ വില വർദ്ധനവ് പിടിച്ച് നിർത്തുന്നതിനായി മതിയായ അളവിൽ സുതാര്യമായ കേന്ദ്രീകൃത സംവിധാനത്തിലൂടെയുള്ള ഇ-ടെണ്ടർ/ഇ-ഓക്ഷൻ മുഖാന്തരം ജയ, കുറുവ, പച്ചരി, മട്ടയരി എന്നിവ വാങ്ങുകയും പൊതുവിപണിയിലേതിനെക്കാൾ 30 മുതൽ 47 ശതമാനം വരെ വിലക്കുറവിൽ, സബ്സിഡി നിരക്കിൽ സപ്ലൈകോ ഔട്ട്ലെറ്റുകളിലൂടെ വിറ്റുവരികയും ചെയ്യുന്നുണ്ട്. കൂടാതെ നോൺ-സബ്സിഡി നിരക്കിൽ എല്ലാ അരി ഇനങ്ങളും

പൊതുവിപണിയെക്കാൾ വിലക്കുറവിൽ അളവ് നിയന്ത്രണമില്ലാതെ വിൽപ്പന നടത്തിവരുന്നു. സപ്ലൈകോയിലെ അരിയുടെ സബ്സിഡി വിലയും പൊതുവിപണി വിലയും തമ്മിലുള്ള താരതമ്യം അനുബന്ധമായി ചേർക്കുന്നു*.

ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ പൊതുവിപണിയിലെ വില വർദ്ധനവിന് കാരണമായ വിവിധ ഘടകങ്ങളിൽ (കാലാവസ്ഥ വ്യതിയാനം, ഇന്ധന വിലവർദ്ധനവ് എന്നിങ്ങനെ) പൂർണ്ണമായ സ്വാധീനം ചെലുത്തുവാൻ സാധ്യമല്ലെങ്കിലും വിപണിയിൽ കുറഞ്ഞവിലയിൽ സ്റ്റോക്കെത്തിച്ച് നിയന്ത്രണാധീനമാക്കാനുള്ള നടപടിയെടുത്തിട്ടുണ്ട്. സപ്ലൈകോയുടെ നിലവിലുള്ള വില്പനശാലകൾക്ക് പുറമെ ഓണം ഫെയറുകളിലൂടെയും ന്യായ വിലയിൽ ലഭ്യമാക്കി പൊതുവിപണിയിൽ അരിയുടെ വില വർദ്ധനവ് നിയന്ത്രിക്കാനുള്ള നടപടികളെടുത്തുവരുന്നു.

(ഡി) സംസ്ഥാനത്ത് എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും വൻ വിലവർദ്ധനവ് ഉണ്ടായതായി പറയപ്പെടുന്ന സാഹചര്യത്തിൽ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും ഗുണനിലവാര പരിശോധനയും അളവുതൂക്ക പരിശോധനയും കർശനമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശനമായ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലെയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ളതാണെന്ന് ഉറപ്പുവരുത്തിയശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധന സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ കോന്നിയിലുള്ള CFRD FQM ലാബ്, Regional Analytical Lab, മറ്റ് NABL Accredited Lab-കൾ എന്നിവയിൽ സാമ്പിളുകളയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/HACCP/AGMARK/FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽനിന്ന് ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് CFRD-യിൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണസംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽനിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലയർക്കെതിരെ Barring from Supplies, Penalty അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചുവരുന്നു. ഡിപ്പോകളിൽ കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ വരുത്തുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള കർശനനടപടികൾ എടുത്തുവരുന്നു.

സപ്ലൈകോ ഔട്ട്ലെറ്റുകൾ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ പായ്ക്കിംഗിൽ അളവ്, ഉല്പാദകന്റെ പേര് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നുള്ളതും കൃത്യമായ തൂക്കവും സപ്ലൈകോയുടെ ഗുണനിലവാര ഉദ്യോഗസ്ഥർ, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പരിശോധിച്ച് ഉറപ്പുവരുത്തിയാണ് വിതരണം ചെയ്യുന്നത്.

പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധനാസംവിധാനം വകുപ്പുതലത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പൊതുവിപണിയിലുണ്ടാകുന്ന വിലവർദ്ധനവും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി ജില്ലാതലത്തിൽ പൊതുവിതരണ വകുപ്പും ലീഗൽ മെട്രോളജി വകുപ്പും സംയുക്ത പരിശോധനകൾ നടത്താറുണ്ട്. അവശ്യസാധന നിയമം, 1955 അടിസ്ഥാനപ്പെടുത്തി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും സംബന്ധിച്ചുള്ള പരാതികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് കൺസ്യൂമർ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് ഒരു വെബ്സൈറ്റ് അധിഷ്ഠിത പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ട് (https: fcainfoweb.nic.in/ECRE/). കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനാവശ്യമായ കർശന പരിശോധനകൾ എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാരും നടത്തുകയും ലഭ്യമാകുന്ന വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ മാസത്തിലൊരിക്കൽ വകുപ്പുമന്ത്രിയെ ഉപഭോക്താക്കൾക്ക് നേരിട്ടുവിളിച്ച് പരാതികൾ അറിയിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുള്ളതുമാണ്.

**അരിയുടെ വില വർദ്ധനവ്**

282(2210) <u>ശ്രീ. എ. പി. അനിൽ കുമാർ</u>:
<u>ശ്രീമതി ഉമ തോമസ്</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിപണിയിൽ അരി വില വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പൊതുവിപണിയിൽ അരിയുടെ വില രണ്ട് മാസത്തിനിടയിൽ പത്ത് രൂപയിലധികം വർദ്ധിച്ച സാഹചര്യത്തിൽ വില നിയന്ത്രണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പൊതുവിപണിയിൽ അരിയുടെ ലഭ്യത കുറഞ്ഞത് വിലക്കയറ്റത്തിന് കാരണമാകുന്നുണ്ടോ; മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് വരുന്ന അരിയുടെ അളവിൽ കുറവ് സംഭവിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

(എ-സി) ഇന്ധന വിലവർദ്ധനവ്, ചരക്ക് കൂലിയിലുണ്ടായ വർദ്ധനവ്, ഇക്കാരണങ്ങൾക്കുപുറമെ, കാലാവസ്ഥ വ്യതിയാനം എന്നിവമൂലം ഉൽപ്പാദന കേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള വിളവിന്റെ കുറവ് എന്നീ കാരണങ്ങളാൽ സംസ്ഥാനത്തെ പൊതുവിപണിയിലെ അരിയുടെ വിലയിൽ നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്. എന്നിരുന്നാലും അരിയുടെ വില നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വിൽപ്പനശാലകളിലൂടെ പൊതുവിപണിയിലേതിനെക്കാൾ 30 മുതൽ 50 ശതമാനംവരെ സബ്സിഡി നിരക്കിൽ ജയ, കുറുവ, പച്ചരി, മട്ടയരി മുതലായവ വിറ്റുവരുന്നുണ്ട്. കൂടാതെ നോൺ സബ്സിഡി നിരക്കിൽ എല്ലാ അരി ഇനങ്ങളും പൊതുവിപണിയിലേതിനെക്കാൾ വിലക്കുറവിൽ അളവ് നിയന്ത്രണമില്ലാതെ വില്പന നടത്തിവരുന്നു. ഓണക്കാലത്ത് പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി കൂടുതൽ അളവിൽ വിവിധ അരി ഇനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെയും ഓണം ഫെയറുകളിലൂടെയും പൊതുവിപണിയിൽ എത്തിക്കുന്നുണ്ട്. പൊതുവിപണിയിൽ അരി വില വർദ്ധിക്കുന്ന സാഹചര്യം നേരിടുന്നതിനായി നിലവിൽ വിൽപ്പന നടത്തിയിരുന്ന പച്ചരി, മട്ട അരി, ജയ അരി, കുറുവ അരി എന്നീ ഇനങ്ങൾക്ക് പുറമെ എഫ്.സി.ഐ. ഒ.എം.എസ്.എസ്. പുഴക്കലരി, ഇതര പച്ചരി, എന്നിവയും

സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകളിലൂടെ വിതരണം ചെയ്യുന്നുണ്ട്. സപ്ലൈകോയുടെ നിലവിലെ വിൽപ്പന വിലയും പൊതുവിപണി വിലയും തമ്മിലുള്ള വ്യത്യാസം, വ്യത്യാസത്തിന്റെ ശതമാനം എന്നിവ അനുബന്ധമായി ചേർക്കുന്നു.*

(ഡി) പൊതുവിപണിയിലെ വില വർദ്ധനവുമൂലം ജനങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

പൊതുവിപണിയിലെ വില വർദ്ധനവുമൂലം ജനങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ വില്പനശാലകളിലൂടെ 13 ഇനം സബ്സിഡി സാധനങ്ങൾ പൊതുവിപണിയിലേതിനെക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ വിതരണം ചെയ്തുവരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ കഴിഞ്ഞ ആറ് വർഷങ്ങളിലായി ഏകദേശം 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.

കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഇതിനുപുറമെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ‘ ശബരി’ എന്ന പേരിൽ പൊതുവിപണി വിലയിൽനിന്നും ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു.

മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി 5600 കോടി രൂപ ചെലവാക്കി എല്ലാ റേഷൻ കാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 13 തവണകളിലായി 11.5 കോടി സൗജന്യ ഭക്ഷ്യകിറ്റുകളാണ് കഴിഞ്ഞ 2 വർഷത്തിനിടെ വിതരണം ചെയ്തത്. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയേക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിച്ചുവരുന്നു.

കേന്ദ്ര സർക്കാരിന്റെ മേയ് മാസത്തിലെ റിപ്പോർട്ട് പ്രകാരം രാജ്യത്ത് വിലക്കയറ്റം ഏറ്റവും ഫലപ്രദമായി പിടിച്ചുനിർത്തിയ സംസ്ഥാനമാണ് കേരളം. കേരളത്തിലെ ഉപഭോക്തൃ വില സൂചിക ഏപ്രിൽ മാസത്തിലെ 5.1- ൽനിന്നും മേയ് മാസത്തിലെത്തുമ്പോൾ 4.82 ആയി കുറഞ്ഞിരിക്കുകയാണ്. ദേശീയ ശരാശരി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

7.04 ആയിരിക്കെയാണ് കേരളത്തിന്റെ മികച്ച പ്രകടനം ശ്രദ്ധേയമാകുന്നത്. രാജ്യത്തെ മൊത്തവില സൂചികയെ അടിസ്ഥാനമാക്കിയുള്ള വിലക്കയറ്റം മൂന്ന ദശാബ്ദത്തിലെ ഏറ്റവും ഉയർന്ന നിരക്കായ 15.88 ശതമാനം എത്തിനിൽക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തെ വിലക്കയറ്റ സൂചിക 5.1 ശതമാനം മാത്രമാണ്. ദേശീയതലത്തിൽ വിലക്കയറ്റം കുതിച്ചുയരുമ്പോഴും കേരളത്തിൽ വിലക്കയറ്റം പിടിച്ച് നിർത്താനായത് സർക്കാർ പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുകൊണ്ടാണ്.

**ഭക്ഷ്യ പൊതുവിതരണ സംവിധാനം**

283(2211) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണ സംവിധാനം കൂടുതൽ വിപുലമാക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. റേഷൻ കടകളിലൂടെ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും റേഷൻ കടകളെ വൈവിദ്ധ്യവത്കരിക്കുന്നതിന്റെയും ഭാഗമായി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രാഥമിക ഘട്ടമെന്ന നിലയിൽ എല്ലാ ജില്ലയിൽനിന്നും കുറഞ്ഞത് 5 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് കെ-സ്റ്റോർ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നിലവിൽ റേഷൻകടകൾ വഴി നൽകിവരുന്ന സേവനങ്ങൾക്ക് പുറമെ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നതുവഴി റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗവുമാണ് കെ-സ്റ്റോർ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

കെ-സ്റ്റോർ പദ്ധതി നടത്തുന്നതിനായി തെരഞ്ഞെടുക്കുന്ന റേഷൻ കട ലൈസൻസികൾക്ക് അധിക വരുമാനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി മിനി അക്ഷയ സെന്ററുകൾ, ശബരി ഉത്പന്നങ്ങളുടെ വിൽപ്പന, 5000 രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം, കൂടാതെ മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉത്പന്നങ്ങൾ, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവ വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുന്നതാണ്. കൂടാതെ റേഷൻ കടകൾ ആവശ്യമായ പ്രദേശങ്ങളിൽ അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് അന്വേഷണ വിധേയമായി കടകൾ അനുവദിച്ചുവരുന്നുണ്ട്.

(ബി) കൂടുതൽ മാവേലി സ്റ്റോറുകൾ ഗ്രാമപ്രദേശങ്ങളിൽ ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ലഭ്യമാകുന്ന ശിപാർശകളിൽ ആവശ്യമായ സാധ്യതാ പഠനം നടത്തിയും വിൽപ്പന സാധ്യത വിലയിരുത്തിയും പ്രവർത്തന നഷ്ടം ഉണ്ടാവുകയില്ലെന്ന് ഉറപ്പുവരുത്തിയും 10-3-2022-ലെ സ.ഉ.(സാധാ) നമ്പർ 587/2022/LSGD പ്രകാരം മാവേലി സ്റ്റോറുകൾക്കായി കണ്ടെത്തിയ കെട്ടിടത്തിന്റെ ആജീവനാന്ത വാടക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകാൻ തയ്യാറാകുന്ന മുറയ്ക്ക് മാവേലി സ്റ്റോറുകൾ ഗ്രാമ പ്രദേശങ്ങളിൽ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കെ-സ്റ്റോർ എന്ന പേരിൽ സ്മാർട്ട് റേഷൻ കടകളാക്കാൻ പദ്ധതി**

284(2212) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണം സുതാര്യവും അഴിമതിരഹിതവുമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി റേഷൻകടകളിൽ സിവിൽ സപ്ലൈസ് നടത്തിവരുന്ന മിന്നൽ പരിശോധനകളുടെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2021-22 കാലയളവിൽ കെ.റ്റി.പി.ഡി.എസ്. [കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം] (കൺട്രോൾ) ഉത്തരവ് 2021 പ്രകാരം സ്വീകരിച്ച നടപടികളും നടപടികൾക്ക് വിധേയമായ റേഷൻകടകളുടെ വിശദാംശവും താലൂക്ക് തിരിച്ച് പട്ടികപ്പെടുത്തി ലഭ്യമാക്കാമോ?

2021-22 കാലയളവിൽ പരിശോധനകളുടെ ഭാഗമായി വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ തൃശ്ശൂർ, കുന്നംകുളം എന്നീ താലൂക്കുകളിൽ കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 പ്രകാരം നടപടികൾക്ക് വിധേയമായ റേഷൻ കടകൾ ഒന്നുംതന്നെയില്ല. തലപ്പിള്ളി താലൂക്കിലെ റേഷൻ കടകളിൽ നടത്തിയ പരിശോധനകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കെ-സ്റ്റോർ എന്ന പേരിൽ റേഷൻ കടകളെ സ്മാർട്ട് റേഷൻ കടകളാക്കി മാറ്റുന്ന പദ്ധതിയിൽ സ്വമേധയാ പങ്കാളികളാകുന്നതിനായി വടക്കാഞ്ചേരി മണ്ഡലത്തിലെ എത്ര റേഷൻ കടകൾ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അപേക്ഷകരുടെ വിശദാംശം ലഭ്യമാക്കുമോ?

സ്വമേധയാ ആരുംതന്നെ അപേക്ഷ നൽകിയിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഓണം ഫെയറുകൾ**

285(2213) ശ്രീ. സജി ചെറിയാൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിപണിയെക്കാൾ കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന സപ്ലൈകോ ഔട്ട്ലെറ്റുകളിലേയ്ക്ക് ഉപഭോക്താക്കളെ ആകർഷിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ബിസിനസ്സ് പ്രൊമോഷന്റെ ഭാഗമായി എന്തൊക്കെ കാര്യങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് പൊതുവിപണിയെക്കാൾ കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന സപ്ലൈകോ വില്പനശാലകളിലേയ്ക്ക് കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായും ബിസിനസ് പ്രമോഷന്റെ ഭാഗമായും സപ്ലൈകോ താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

1. ഓണം സമ്മാന പദ്ധതി

ഓണത്തോടനുബന്ധിച്ച് സപ്ലൈകോയുടെ ഉപഭോക്താക്കൾക്ക് സ്വർണ്ണ നാണയങ്ങളുൾപ്പെടെയുള്ള സമ്മാനങ്ങൾ നൽകുന്നു.

2. സെൽഫി കോണ്ടസ്റ്റ്

സപ്ലൈകോയുടെ ഉപഭോക്താക്കൾ സപ്ലൈകോ ശബരി ഉൽപ്പന്നങ്ങളോടൊപ്പം നിന്ന് സെൽഫിയെടുത്ത് സപ്ലൈകോയുടെ facebook അക്കൗണ്ടിൽ പങ്കുവയ്ക്കുന്ന മത്സരം.

3. പത്ര-മാധ്യമങ്ങളിൽ പരസ്യം ചെയ്യുന്നു.

വിവിധ മാഗസിനുകളിലും പത്രങ്ങളിലും റേഡിയോയിലും സപ്ലൈകോയുടെ പരസ്യങ്ങൾ നൽകുന്നു.

4. ഡിജിറ്റൽ മീഡിയ മാർക്കറ്റിംഗ്

ഡിജിറ്റൽ മീഡിയ മാർക്കറ്റിംഗ് മുഖേന facebook, youtube, instagram, twitter എന്നിവയിലൂടെ സപ്ലൈകോ വില്പനശാലകളുടെയും ഉല്പന്നങ്ങളുടെയും പ്രചരണം നടത്തുകയും സപ്ലൈകോയുടെ സേവനങ്ങളുടെയും മറ്റ് പദ്ധതികളുടെയും വിവരങ്ങൾ പൊതുജനങ്ങളുമായി പങ്കുവയ്ക്കുകയും feedback അനലൈസ് ചെയ്യുകയും ചെയ്യുന്നു.

5. സപ്ലൈകോ വെബ് സൈറ്റ്

സപ്ലൈകോയുടെ ഔദ്യോഗിക വെബ് സൈറ്റ് കാലാനുസൃതമായി നവീകരിച്ചു. വിലനിലവാരം, സപ്ലൈകോ വില്പനശാലകളുടെ ലൊക്കേഷൻ എന്നിവ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ Feedback അറിയിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

6. പാരിതോഷികങ്ങൾ നൽകുന്നു

കൂടുതൽ വില്പന നടത്തുന്ന സപ്ലൈകോ വില്പനശാലകൾക്ക് പാരിതോഷികം നൽകുന്നു.

7. വിവിധ ഫെയറുകൾ സംഘടിപ്പിക്കുന്നു

സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ ഭാഗമായി ഉത്സവകാലത്ത് സംസ്ഥാനത്തുടനീളം ജില്ലാ ഫെയറുകളും താലൂക്ക് ഫെയറുകളും ഉൾപ്പെടെ വിവിധ ഫെയറുകൾ സംഘടിപ്പിക്കുന്നു.

8. ഞായറാഴ്ചകളിലും തുറന്നുപ്രവർത്തിക്കുന്ന വില്പനശാലകൾ

പൊതുജനങ്ങളുടെ സൗകര്യാർത്ഥം 83 സപ്ലൈകോ വില്പനശാലകൾ എല്ലാ ഞായറാഴ്ചകളിലും തുറന്നുപ്രവർത്തിക്കുന്നു.

9. സപ്ലൈകോ ഓൺലൈൻ സെയിൽസ് ആൻഡ് ഹോം ഡെലിവറി

ഉപഭോക്താക്കൾ സപ്ലൈ കേരള എന്ന ഓൺലൈൻ ആപ്പ് മുഖേന നൽകുന്ന ഓർഡറുകൾ സ്വീകരിച്ച് ഓർഡർ പ്രകാരമുള്ള സാധനങ്ങൾ ഉപഭോക്താവിന്റെ വീട്ടുപടിക്കൽ എത്തിച്ചു നൽകുന്ന പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) ഓണം വിപണിയിൽ കാര്യക്ഷമമായി ഇടപെടുന്നതിന്റെ ഭാഗമായി ഓണം ഫെയറുകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; നഗരങ്ങൾ കേന്ദ്രീകരിച്ച് മെട്രോ ഫെയറുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഓണം വിപണിയിടപെടലിന്റെ ഭാഗമായി സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. 2022-ലെ ഓണത്തിന് സംസ്ഥാനത്തുടനീളം ഓണച്ചന്തകൾ സംഘടിപ്പിച്ച് പൊതുജനങ്ങൾക്ക് പച്ചക്കറി ഉൾപ്പെടെയുള്ള അവശ്യവസ്തുക്കൾ കൂടുതൽ അളവിൽ ന്യായവിലയ്ക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നുമുണ്ട്.

മുൻകാലങ്ങളിൽനിന്നും വ്യത്യസ്ഥമായി ഈ ഓണക്കാലത്ത് 14 ജില്ലാ ഫെയറുകൾ, 75 താലൂക്ക് ഫെയറുകൾ, 51 ഓണം മാർക്കറ്റുകൾ എന്നിവയിലൂടെ പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായിട്ടുണ്ട്.

സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറുകളായി പ്രവർത്തിക്കുന്നതാണ്. ഇത്തരത്തിൽ വിൽപ്പനശാലകൾവഴിയും ഓണം പ്രത്യേക ചന്തകൾ വഴിയും വിപണിയിടപെടൽ നടത്തുന്നതുവഴി ഓണക്കാലത്ത് വിലവർദ്ധനവ് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്കും അനാഥാലയം, അഗതിമന്ദിരം തുടങ്ങിയ സ്ഥാപനങ്ങൾക്കും ഓണക്കാലത്ത് പ്രത്യേകമായി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

2022-ലെ ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ നാല് അന്തേവാസികൾക്ക് ഒരു കിറ്റ് എന്ന രീതിയിൽ സപ്ലൈകോ ഔട്ട് ലെറ്റുകൾ മുഖേന സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യുവാനും, ഒരു റേഷൻ കാർഡിലും ഉൾപ്പെടാത്ത ട്രാൻസ്ജെൻഡേഴ്സിന് ആധാർ പരിശോധന നടത്തി ഉറപ്പുവരുത്തിയശേഷം മേൽപ്രകാരമുള്ള സൗജന്യ ഭക്ഷ്യക്കിറ്റ് നൽകുന്നതിനും സപ്ലൈകോയെ ചുമതലപ്പെടുത്തിക്കൊണ്ട് 22-8-2022-ലെ സ.ഉ. (സാധാ) നമ്പർ 309/2022/F&CS പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത കിറ്റ് തയ്യാറാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്

**കുട്ടനാട്ടിൽ കൂടുതൽ മാവേലി സ്റ്റോറുകൾ**

286(2214) <u>ശ്രീ. തോമസ് കെ. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ളതിനുപുറമെ മാവേലി സ്റ്റോർ ആരംഭിക്കണമെന്ന പ്രൊപ്പോസൽ ലഭിക്കുകയാണെങ്കിൽ വിൽപ്പന സാധ്യത, പ്രതീക്ഷിത ലാഭ-നഷ്ട തോത്, 10-3-2022-ലെ സ.ഉ.(സാധാ) നമ്പർ 587/2022/LSGD സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്തിൽനിന്നുള്ള വാടക രഹിത കെട്ടിടത്തിന്റെ ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിൽ കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കുട്ടനാട്ടിലെ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറിലൂടെ വിവിധയിനം സാധനങ്ങൾ ലഭ്യമാക്കുന്നതിന് കൂടുതൽ സൗകര്യങ്ങളൊരുക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ആലപ്പുഴ ഡിപ്പോയുടെ പരിധിയിലുള്ള എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോ വിൽപ്പനശാല പ്രവർത്തിക്കുന്നതുകാരണം ടി പ്രദേശത്ത് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെ പ്രവർത്തനം നിലവിൽ ഇല്ല. മാത്രമല്ല കുട്ടനാട്ടിലെ ഒറ്റപ്പെട്ട പ്രദേശങ്ങൾ വെള്ളക്കെട്ട് പ്രദേശങ്ങൾ ആയതിനാൽ ടി പ്രദേശത്ത് മൊബൈൽ മാവേലി സർവ്വീസ് നടത്തുന്നത് അപ്രായോഗികമാണ്.

**ഒന്നാം വിള നെല്ല് സംഭരണം**

287(2215) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഒന്നാം വിള നെല്ല് സംഭരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ?

1) 2022-23 സീസണിലെ നെല്ല് സംഭരണത്തിനായി ആഗസ്റ്റ് മാസം ഒന്നാം തീയതിതന്നെ കർഷക രജിസ്ട്രേഷനുവേണ്ടി സപ്ലൈകോ നെല്ല് സംഭരണ രജിസ്ട്രേഷൻ പോർട്ടൽ തുറന്ന് നൽകുകയും രജിസ്ട്രേഷൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2) നെല്ല് സംഭരണ പ്രക്രിയയിൽ പങ്കാളികൾ ആകാനായി മില്ലുകളുടെ താൽപ്പര്യം ക്ഷണിച്ച് അറിയിപ്പ് നൽകിയിട്ടുണ്ട്.

3) കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ വരുന്നത് അനുസരിച്ച് നെല്ല് സംഭരണം ആരംഭിക്കുന്നതാണ്. (മുൻവർഷങ്ങളിൽ സെപ്റ്റംബർ മുതൽ സംഭരണം ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഈ വർഷവും സെപ്റ്റംബർ മുതൽ നെല്ല് സംഭരണം തുടങ്ങുന്നതിനുള്ള നിർദ്ദേശം വരുമെന്ന് പ്രതീക്ഷിക്കുന്നു.)

4) നെല്ല് സംഭരണത്തിന് നിലവിലുള്ള ഉദ്യോഗസ്ഥരെ കൂടാതെ ആവശ്യമുള്ള കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5) കർഷകർക്ക് നെല്ലിന്റെ സംഭരണ വില കൈമാറുന്നതിന് അനുവർത്തിച്ചു വരുന്നത് പാഡി റെസീപ്റ്റ് ഷീറ്റ് (പി.ആർ.എസ്) വായ്പാപദ്ധതിയാണ്. നെല്ലിന്റെ സംഭരണ വില കർഷകർക്ക് കൂടുതൽ സൗകര്യപ്രദമായി കൈമാറുവാൻ പ്രസ്തുത

വായ്പ പദ്ധതിക്ക് പകരമായി ബാങ്കുകളിൽനിന്ന് സപ്ലൈകോ നേരിട്ട് വായ്പയെടുത്ത് കർഷകർക്ക് സംഭരണവില വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

(ബി) നെല്ല് സംഭരണത്തിനുള്ള രജിസ്ട്രേഷൻ, ആവശ്യമായ ജീവനക്കാരെ നിയോഗിക്കൽ, മില്ലുടമകളുമായി കരാറിലേർപ്പെടൽ എന്നിവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

നെല്ല് സംഭരണത്തിനാവശ്യമുള്ള നിലവിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ കൂടാതെ ഒഴിവ് വരുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷി വകുപ്പിൽനിന്നും പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാരെ നിയമിക്കുന്നതിനായി കൃഷി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാർ, പേമെന്റ് അസിസ്റ്റന്റുമാർ, ഡാറ്റ എൻട്രി ഓപ്പറേറ്റർമാർ എന്നിവരെ നിയമിക്കുന്നതിനുള്ള നടപടി സപ്ലൈകോയുടെ ഭാഗത്തുനിന്ന് സ്വീകരിച്ചുവരുന്നു. 2022-23 സീസണിൽ മില്ലുടമകളുമായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നെല്ല് സംഭരണം**

288(2216) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മില്ലുകാരുമായുള്ള തർക്കം പലപ്പോഴും നെല്ലുസംഭരണത്തെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഉണ്ടെങ്കിൽ നെല്ല് സംഭരണം ആരംഭിക്കുന്നതിന് മുമ്പുതന്നെ മില്ലുകാരുമായി ധാരണയിലെത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നെല്ല് സംഭരണത്തിനായി മില്ലുകളിൽനിന്നും താൽപ്പര്യപത്രം ക്ഷണിച്ചുകൊണ്ട് മാധ്യമങ്ങളിലൂടെ 27-7-2022-ന് അറിയിപ്പ് നൽകിയിട്ടുണ്ട്. രണ്ട് പുതിയ മില്ലുടമകൾ താൽപ്പര്യം അറിയിച്ചിട്ടുണ്ട്. പുതിയ മില്ലുകളായതിനാൽ ഇവരെ സംഭരണ പ്രക്രിയയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രാഥമിക നടപടികൾ സപ്ലൈകോ സത്വരമായി സ്വീകരിച്ചുവരുന്നു. മുൻകാലങ്ങളിൽ കരാറിൽ ഏർപ്പെട്ട മില്ലുകൾ ഈ സീസണിൽ കരാർ പുതുക്കേണ്ടതുണ്ട്. GST സംബന്ധിച്ചും, സംസ്കരണതോത് (OTR) സംബന്ധിച്ചും ചില ആവശ്യങ്ങൾ ടി മില്ലുകൾ മുന്നോട്ട് വയ്ക്കുകയും ആയതിന് പരിഹാരം കാണണമെന്ന് ആവശ്യപ്പെടുകയും ചെയ്തതിനാൽ ഇതിന് പരിഹാരം കാണുന്നതിനായി 12-8-2022-ലെ ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മില്ലുടമകളുമായി ഓൺലൈനായി യോഗം നടത്തുകയും അവരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) നെല്ലുസംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്കുള്ള പരാതികൾകൂടി പരിഗണിച്ചുകൊണ്ട് മെച്ചപ്പെട്ട ക്രമീകരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

മുൻകാലങ്ങളിലെ അനുഭവങ്ങളും കർഷകരിൽനിന്നും ജനപ്രതിനിധികളിൽ നിന്നുമുള്ള നിർദ്ദേശങ്ങളും പരിഗണിച്ച് ഈ സീസണിൽ (2022-23) ആഗസ്റ്റ് ഒന്നുമുതൽ തന്നെ നെല്ല് സംഭരണ രജിസ്ട്രേഷൻ ആരംഭിക്കുകയും നെല്ല് സംഭരണത്തിനായി സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. കർഷകർക്ക് നെല്ലിന്റെ സംഭരണ വില കൈമാറുന്നതിന് അനുവർത്തിച്ചുവരുന്ന പാഡി റെസീപ്റ്റ് ഷീറ്റ് (പി.ആർ.എസ്.) വായ്പ പദ്ധതിമൂലമാണ് നെല്ലിന്റെ സംഭരണ വില കർഷകർക്ക് കൈമാറാൻ കാലതാമസമുണ്ടാകുന്നതെന്ന് മനസ്സിലാക്കിക്കൊണ്ട് പ്രസ്തുത വായ്പാപദ്ധതിക്ക് പകരമായി ബാങ്കുകളിൽനിന്ന് സപ്ലൈകോ നേരിട്ട് വായ്പയെടുത്ത് കർഷകർക്ക് സംഭരണവില വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. ഇതുകൂടാതെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് നൽകുന്ന കൈകാര്യ ചെലവ്, നെല്ലിന്റെ വില തുടങ്ങിയവ യഥാസമയം കർഷകർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്ന നടപടികൾ സപ്ലൈകോ കൈക്കൊണ്ടുവരുന്നുണ്ട്. കർഷകർക്ക് നെല്ലിന്റെ സംഭരണ വില സുതാര്യമായും കാലതാമസം കൂടാതെയും നൽകുന്നതിനായി കൂടുതൽ ഉദ്യോഗസ്ഥരെ താൽക്കാലികമായി നിയോഗിക്കുകയും മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി 2021-22 നെല്ല് സംഭരണ സീസണിൽ കൂടുതൽ വേഗത്തിൽ കർഷകർക്ക് സംഭരണവില കൊടുത്തുതീർക്കുവാനും സാധിച്ചിട്ടുണ്ട്.

## നെല്ലിന് താങ്ങുവില

289(2217) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സീസൺ മുതൽ കിലോയ്ക്ക് 28.20 രൂപയ്ക്ക് നെല്ലെടുക്കുമെന്ന സപ്ലൈകോയുടെ പ്രഖ്യാപനവും നെല്ലിന് ഒരു രൂപ താങ്ങുവില വർദ്ധന പ്രഖ്യാപിച്ച കേന്ദ്ര പ്രഖ്യാപനവുംകൂടി ഉൾപ്പെടുത്തി 29.20 രൂപയ്ക്ക് നെല്ല് സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഒരു രൂപ വർധനവിന്റെ ആനുകൂല്യം കർഷകർക്ക് നൽകാതെ സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത നടപടി ഒഴിവാക്കി കർഷകർക്ക് മെച്ചപ്പെട്ട വില നൽകുന്ന സമീപനം സ്വീകരിക്കുമോ?

(എ &ബി) 2022-23 നെല്ല് സംഭരണ സീസൺ മുതൽ നെല്ലിന്റെ സംഭരണ വില 28.20 രൂപയായി (താങ്ങുവില 19.40 + സംസ്ഥാന പ്രോത്സാഹന ബോണസ് 8.80) വർദ്ധിപ്പിച്ച് 19-4-2022-ലെ സ.ഉ. (കൈ) 09/ 2022/ ഭ.പൊ.വി.വ. പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യം സംബന്ധിച്ച് നിലവിൽ സംസ്ഥാന സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**ഭക്ഷ്യ വകുപ്പിനായി ബജറ്റിൽ നീക്കിവച്ചിട്ടുള്ള പദ്ധതി തുക**

290(2218) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യ വകുപ്പിനായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള പദ്ധതി തുക സമയബന്ധിതമായി വിനിയോഗിക്കുന്നതിന് വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ?

പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിനായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആകെ 67.36 കോടി രൂപയാണ് പദ്ധതി വിനിയോഗത്തിനായി വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക വിനിയോഗിക്കുന്നത് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്, സപ്ലൈകോ, സി.എഫ്.ആർ.ഡി., സ്റ്റേറ്റ് ഫുഡ് കമ്മീഷൻ എന്നീ പദ്ധതി ഏജൻസികൾ മുഖേനയാണ്. എൻ.എഫ്.എസ്.എ. നടപ്പിലാക്കൽ, വിശപ്പുരഹിത കേരളം, വിൽപ്പനശാലാ നവീകരണം, സിവിൽ സപ്ലൈസ് വകുപ്പിന്റെ അടിസ്ഥാന സൗകര്യവികസനം, ഉപഭോക്തൃകാര്യ വിഭാഗത്തിന്റെ രൂപീകരണം, സി.എഫ്.ആർ.ഡി., അന്നപൂർണ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും ശാക്തീകരണം എന്നീ പദ്ധതികൾക്കായിട്ടാണ് ടി തുക വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ 72.89 ശതമാനം വരുന്ന 49.10 കോടി രൂപക്കുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് ഭരണാനുമതി സർക്കാരിൽനിന്നും നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികൾക്ക് നാളിതുവരെ 4.02 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നാളിതുവരെയുള്ള വകുപ്പിന്റെ പദ്ധതി വിനിയോഗം 5.97% ആണ്. വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി തുക വിടുതൽ ചെയ്യുന്നതിനുള്ള 9.71 കോടി രൂപയുടെ ശിപാർശകൾ പരിശോധിച്ചുവരികയാണ്. കൂടാതെ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ തലങ്ങളിൽ പ്ലാൻ റിവ്യൂ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നുണ്ട്.

## റേഷൻ മണ്ണെണ്ണയുടെ വിതരണം

291(2219) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ മണ്ണെണ്ണയുടെ വിതരണത്തിൽ സർക്കാർ നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ടോ; ഓരോ കുടുംബത്തിനും എത്ര ലിറ്റർ മണ്ണെണ്ണയാണ് ഇപ്പോൾ നൽകി വരുന്നത് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ അനുവദിച്ചുതരുന്ന മണ്ണെണ്ണയിൽ കുറവ് വന്നതിനാൽ സംസ്ഥാനത്ത് ത്രൈമാസമായി ഏകീകരിച്ചാണ് മണ്ണെണ്ണ വിതരണം നടത്തുന്നത്. മുഴുവൻ ഇലക്ട്രിഫൈഡ് കാർഡുകൾക്കും മൂന്ന് മാസത്തിൽ ഒരിക്കൽ ½ ലിറ്റർ മണ്ണെണ്ണയും മുഴുവൻ നോൺ-ഇലക്ട്രിഫൈഡ് കാർഡുകൾക്കും മൂന്ന് മാസത്തിൽ ഒരിക്കൽ 6 ലിറ്റർ മണ്ണെണ്ണയുമാണ് വിതരണം നടത്തുന്നത്.

(ബി) റേഷൻ ഷോപ്പുകൾ മുഖേന വിതരണം ചെയ്യുന്ന മണ്ണെണ്ണയ്ക്ക് ലിറ്ററിന് എത്ര രൂപ വീതമാണ് സബ്സിഡിയായി സംസ്ഥാന സർക്കാർ നൽകിവരുന്നത്?

റേഷൻ ഷോപ്പുകൾ മുഖേന വിതരണം ചെയ്യുന്ന മണ്ണെണ്ണയ്ക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകുന്നില്ല.

(സി) മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണയ്ക്ക് ലിറ്ററിന് എത്ര രൂപ വീതമാണ് ഈടാക്കി വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2022 ആഗസ്റ്റ് മാസത്തെ നോൺ-സബ്സിഡി മണ്ണെണ്ണയുടെ വില ലിറ്ററിന് 86.78 രൂപയാണ്.

## മണ്ണെണ്ണ വിഹിതം

292(2220) ശ്രീ. എം. വിൻസെന്റ്:

ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.ഡി.എസ്. വിഹിതമായും നോൺ പി.ഡി.എസ്. വിഹിതമായും കേരളത്തിന് കേന്ദ്ര സർക്കാർ മണ്ണെണ്ണ നൽകുന്നുണ്ടോ; ഇത് ഒരേ വിലയ്ക്കാണോ; എത്ര നാളത്തേയ്ക്കാണ് ഇത് ലഭിക്കുക; ഇത് അനുവദിച്ചതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. അതെ. സബ്സിഡി മണ്ണെണ്ണ ലഭിക്കുന്നത് ഓരോ മൂന്നുമാസ കാലയളവിലാണ്. ഈ സാമ്പത്തിക വർഷം മുതൽ ഓരോ മൂന്നുമാസം കൂടുമ്പോഴും

3888 KL മണ്ണെണ്ണയാണ് കേന്ദ്രസർക്കാർ അനുവദിക്കുന്നത്. നോൺ സബ്സിഡി മണ്ണെണ്ണ 'one month quota' ആയി ഒരു വിഹിതം ആദ്യം ലഭിക്കുകയും ആയത് പൂർണ്ണമായി വിട്ടെടുത്തശേഷം അധിക ആവശ്യകത അറിയിക്കുന്നതനുസരിച്ച് കൂടുതൽ മണ്ണെണ്ണ അനുവദിക്കുകയുമാണ് ചെയ്യുന്നത്. ഈ സാമ്പത്തിക വർഷത്തിൽ 2160 KL നോൺ സബ്സിഡി മണ്ണെണ്ണയാണ് ലഭിച്ചത്.

സബ്സിഡി മണ്ണെണ്ണ പ്രധാനമായും വിളക്ക് കത്തിക്കുക, പാചകം ചെയ്യുക തുടങ്ങിയ ഗാർഹിക ആവശ്യങ്ങൾക്കായാണ് അനുവദിക്കുന്നത്. സംസ്ഥാനത്തെ കാർഷികം, മത്സ്യബന്ധനം, ഉത്സവങ്ങൾ, മേളകൾ, പ്രകൃതിക്ഷോഭം തുടങ്ങിയ ആവശ്യങ്ങൾക്കായാണ് നോൺ സബ്സിഡി മണ്ണെണ്ണ അനുവദിക്കുന്നത്.

## കൂടുതൽ സൂപ്പർമാർക്കറ്റുകൾ ഏർപ്പെടുത്താൻ നടപടി

293(2221) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമാർക്കറ്റിലെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തെ തടയാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക കൂടുതൽ സൂപ്പർമാർക്കറ്റുകളും ഭക്ഷ്യ-നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിന് കൂടുതൽ സംവിധാനവും ഏർപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സിവിൽ സപ്ലൈസ് കോർപ്പറേഷൻവക പുതിയ സപ്ലൈകോ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനായി ലഭ്യമാകുന്ന പ്രൊപ്പോസലുകളിൽ ആവശ്യമായ സാധ്യതാ പഠനം നടത്തി വിൽപ്പന സാധ്യത, ലാഭ-നഷ്ട തോത്, 10-3-2022-ലെ സ.ഉ. (സാധാ) നമ്പർ 587/2022/LSGD സർക്കാർ ഉത്തരവുപ്രകാരം പഞ്ചായത്തിൽനിന്നുള്ള വാടക രഹിത കെട്ടിടത്തിന്റെ ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിൽ കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഇതുകൂടാതെ സപ്ലൈകോയുടെ സേവനങ്ങൾ കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമാക്കണമെന്ന ലക്ഷ്യം മുൻനിർത്തി വിപണന സാധ്യതയുള്ള പ്രദേശങ്ങളിൽ അനുയോജ്യമായ കെട്ടിടസൗകര്യം ന്യായമായ വാടക നിരക്കിൽ ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ സാധ്യതാപഠനത്തിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ നിലവിലെ മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളും പീപ്പിൾസ് ബസാറുകളും ആയി വിപുലീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഉത്സവ സീസൺ പ്രമാണിച്ച് പൊതുജനങ്ങൾക്ക് പൊതുവിപണിയേക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി

ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിച്ചുവരുന്നു. 13 ഇനം സബ്സിഡി സാധനങ്ങൾ സപ്ലൈകോയിലൂടെ പൊതുവിപണി വിലയേക്കാൾ 20-50 ശതമാനം വിലക്കുറവിൽ നൽകിവരുന്നു. 35 ഇനം അവശ്യ ഭക്ഷ്യസാധനങ്ങൾ പൊതുവിപണിയേക്കാൾ 10-20 ശതമാനംവരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

**നെല്ല് സംഭരണ പ്രദേശങ്ങളിലെ വെയിംഗ് ബ്രിഡ്ജുകൾ**

294(2222) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അളവുതൂക്ക നിയന്ത്രണ ചട്ടപ്രകാരം സംസ്ഥാനത്തെ നെല്ല് സംഭരണ പ്രദേശങ്ങളിലെ വെയിംഗ് ബ്രിഡ്ജുകളുടെ സർവ്വീസിംഗും പരിശോധനയും ഉറപ്പ് വരുത്താറുണ്ടോ?

ഉണ്ട്.

(ബി) അവസാനമായി വെയിംഗ് ബ്രിഡ്ജുകളുടെ സർവ്വീസിംഗ്, പരിശോധന എന്നിവ നടത്തിയ തീയതി വെയിംഗ് ബ്രിഡ്ജ് യൂണിറ്റ് അടിസ്ഥാനത്തിൽ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നെല്ല സംഭരണ യൂണിറ്റുകളുള്ള കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ അവസാനമായി വെയിംഗ് ബ്രിഡ്ജുകളുടെ സർവ്വീസിംഗ്, പരിശോധന എന്നിവ നടത്തിയ തീയ്യതി ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു*. ആലപ്പുഴ ജില്ലയിൽ നെല്ല് സംഭരണ പ്രദേശങ്ങളിൽ വെയിംഗ് ബ്രിഡ്ജുകളില്ല.

**വെയിംഗ് ബ്രിഡ്ജുകളുടെ കൃത്യത**

295(2223) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ നെല്ല് സംഭരണ സീസണിന് മുൻപും സംസ്ഥാനത്തെ എല്ലാ വെയിംഗ് ബ്രിഡ്ജുകളും കൃത്യമാണെന്ന് ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

നെല്ല് സംഭരിക്കുമ്പോൾ ചാക്കിൽ നിറച്ച നെല്ല് ഓരോ കർഷകരിൽനിന്നും electronic balance ഉപയോഗിച്ച് തൂക്കി എടുക്കുന്ന രീതിയാണ് പൊതുവിൽ അവലംബിച്ചുപോരുന്നത്. Electronic balance calibrate ചെയ്തതാണെന്ന് ഉറപ്പ് വരുത്താറുണ്ട്. സംസ്ഥാനത്ത് ഉപയോഗിക്കുന്ന വെയിംഗ് ബ്രിഡ്ജുകൾ എല്ലാ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷവും നിശ്ചിത പാദവർഷത്തിലാണ് കൃത്യത ഉറപ്പാക്കി മുദ്ര പതിക്കുന്നത്. പാദവർഷം A-ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലും B-ഏപ്രിൽ- മേയ്- ജൂൺ മാസങ്ങളിലും C-ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും D-ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലുമാണിത്. നെല്ല് സംഭരണ പ്രദേശങ്ങളിലെ വെയിംഗ് ബ്രിഡ്ജുകളുടെ സർവ്വീസിംഗും പരിശോധനയും ഉറപ്പുവരുത്തുന്നതിനായി ലീഗൽ മെട്രോളജി വകുപ്പിന് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി) മില്ലുകൾ ഉപയോഗിക്കുന്ന മോയിസ്ച്ചർ മെഷീനുകളുടെ കൃത്യത പരിശോധിക്കാറുണ്ടോ വ്യക്തമാക്കുമോ;

(സി) ഒന്നാംവിള സംഭരണത്തിന് മുൻപ് മില്ലുകൾ/മിൽ ഏജന്റുമാർ ഉപയോഗിക്കുന്ന മോയിസ്ച്ചർ മെഷീനുകൾ കൃത്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

(ബി&സി) ഇല്ല. Moisture meter calibrate ചെയ്യാനുള്ള സംവിധാനം ലീഗൽ മെട്രോളജി നിയമത്തിന്റെ പരിധിയിൽ വരാത്തതിനാൽ ലീഗൽ മെട്രോളജി വകുപ്പ് മുഖേന ഇത്തരത്തിൽ ചെയ്യാൻ സാധിക്കുന്നില്ല. മെഷീൻ വിതരണം ചെയ്യുന്ന കമ്പനി മുഖാന്തരം machine സർവ്വീസിംഗ് നടത്തുമ്പോൾ calibration നടത്താറുണ്ട്. കാലിബറേറ്റ് ചെയ്തുവെന്ന് ഉറപ്പുവരുത്തുന്ന രീതിയിൽ കമ്പനി സർട്ടിഫിക്കറ്റ് നൽകാറില്ല.

**ലൈഫ് ഭവന പദ്ധതിയുടെ പ്രവർത്തന പുരോഗതി**

296(2224) <u>ശ്രീ. എ. സി. മൊയ്തീൻ</u>:
<u>ശ്രീമതി ഒ. എസ്. അംബിക</u>:
<u>ശ്രീ. പി. വി. അൻവർ</u>:
<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ലൈഫ് ഭവന പദ്ധതിയുടെ പ്രവർത്തന പുരോഗതി സമയബന്ധിതമായിത്തന്നെ വിലയിരുത്താറുണ്ട്. സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കി വരുന്ന സംസ്ഥാന/ കേന്ദ്ര സർക്കാർ ഭവന പദ്ധതികളുമായി ഏകോപിപ്പിച്ച് ഒരു സമഗ്ര പദ്ധതിയായിട്ടാണ് ലൈഫ് മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കിവരുന്നത്.

3,01,912 വീടുകളുടെ നിർമ്മാണം 20-8-2022 വരെ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ 24,635 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ലൈഫ് മിഷൻ മുഖേന 29 ഭവന സമുച്ചയങ്ങളുടെ നിർമ്മാണവും പുരോഗമിക്കുന്നു.

(ബി) ലൈഫ് മിഷന്റെ രണ്ടാംഘട്ടം സംബന്ധിച്ച നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്.

ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിൻമേൽ അർഹതാ പരിശോധനയും പുന:പരിശോധനയും ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്കുംശേഷം ഗ്രാമസഭ/ വാർഡ്സഭകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപന അംഗീകാരത്തോടുംകൂടി (പ്രതികൂലമായ കാലാവസ്ഥമൂലവും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നതിനാലും ഗുണഭോക്തൃ പട്ടിക അന്തിമമാക്കാൻ സാധിക്കാതെയിരുന്ന 171 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെ) പട്ടിക അന്തിമമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2022 ആഗസ്റ്റ് 16-ന് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ഗുണഭോക്തൃ പട്ടിക പ്രകാരം ഭൂമിയുള്ള ഭവനരഹിതരായി 3,11,133 ഗുണഭോക്താക്കളും ഭൂരഹിതഭവന രഹിതരായി 1,51,478 ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്. പ്രതികൂലമായ കാലാവസ്ഥമൂലവും അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുവാൻ സാധിക്കാതിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗുണഭോക്തൃ പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം 168 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾകൂടി ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷനും മട്ടന്നൂർ, ചാലക്കുടി മുനിസിപ്പാലിറ്റികളും ഇനി ഗുണഭോക്തൃ പട്ടിക അന്തിമമാക്കാൻ അവശേഷിക്കുന്നു.

(സി) ഭൂരഹിത, ഭവനരഹിതരുടെ പുനരധിവാസത്തിനായി ജനകീയ പങ്കാളിത്തത്തോടെ ഭൂമി കണ്ടെത്തുന്നതിന് ആരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഭൂരഹിത, ഭവനരഹിതരുടെ പുനരധിവാസത്തിനായി ജനകീയ പങ്കാളിത്തത്തോടെ ഭൂമി കണ്ടെത്തുന്നതിന് ആരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിന്റെ പ്രവർത്തനം സമയബന്ധിതമായി വിലയിരുത്തുന്നുണ്ട്. 20-8-2022 വരെ 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമായി 1778.721 സെന്റ് ഭൂമി ലൈഫ് മിഷന് ലഭ്യമായിട്ടുണ്ട്/ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.

**ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

297(2225) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി ജനകീയ ഹോട്ടലുകൾ കുടുംബശ്രീയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെയും സംയുക്ത സഹകരണത്തോടെ നടപ്പാക്കിവരുന്നു. പ്രാദേശിക സാദ്ധ്യതയ്ക്കും ആവശ്യകതയ്ക്കും അനുസരിച്ച് ജനകീയ ഹോട്ടലുകൾ ആരംഭിക്കാവുന്നതാണ്. അനുയോജ്യമായ സ്ഥലത്ത് കെട്ടിടം വാടകയ്ക്കെടുത്തോ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തിയോ വേണം ജനകീയ ഹോട്ടലുകൾ ആരംഭിക്കേണ്ടത്. കെട്ടിടത്തിൽ വെള്ളം, വൈദ്യുതി, ശുചിത്വ സൗകര്യങ്ങൾ, ഫർണിച്ചർ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തി നൽകേണ്ടതാണ്. കെട്ടിട വാടക, വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതാണ്. ജനകീയ ഹോട്ടലിനാവശ്യമായ പാചക പാത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ കുടുംബശ്രീ യൂണിറ്റ് ലഭ്യമാക്കുന്നതാണ്. കുറഞ്ഞത് 2-3 വനിതകൾ ഉൾപ്പെടുന്ന സംരംഭ ഗ്രൂപ്പായിട്ടാണ് ജനകീയ ഹോട്ടലുകൾ രൂപീകരിക്കേണ്ടത്. യൂണിറ്റ് രൂപീകരണവും യൂണിറ്റിനാവശ്യമായ പരിശീലനങ്ങളും പിന്തുണ സഹായങ്ങളും കുടുംബശ്രീ മിഷൻ നിർവ്വഹിക്കുന്നതാണ്. ജനകീയ ഹോട്ടലുകളിൽനിന്നും നൽകുന്ന 20 രൂപയുടെ ഓരോ ഊണിനും 10 രൂപ സബ്സിഡി കുടുംബശ്രീ മുഖാന്തരം നൽകുന്നു. ഇതുകൂടാതെ ഹോട്ടലുകളുടെ നടത്തിപ്പിനാവശ്യമായ പാത്രങ്ങൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങിക്കുന്നതിനായി പരമാവധി 50,000 രൂപവരെ റിവോൾവിംഗ് ഫണ്ടായി കുടുംബശ്രീ നൽകുന്നു. നഗരസഭാതലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 30,000 രൂപ നഗരസഭ മുഖാന്തരവും ഗ്രാമതലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 20,000 രൂപ ബ്ലോക്ക് പഞ്ചായത്തിൽനിന്നും കൂടാതെ 10,000 രൂപ ജില്ല പഞ്ചായത്തിൽനിന്നും വർക്കിംഗ് ഗ്രാന്റായും ലഭിക്കും. ഇതിനുപുറമെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും ജനകീയ ഹോട്ടലുകൾക്ക് അരി കിലോയ്ക്ക് 10.90 രൂപ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്.

(ബി) ജനോപകാരപ്രദമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇത്തരം ജനകീയ ഹോട്ടലുകൾ പുരുഷ സ്വയംസഹായ സംഘങ്ങൾക്കുകൂടി അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

ജനോപകാരപ്രദമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇത്തരം ജനകീയ ഹോട്ടലുകൾ പുരുഷ സ്വയംസഹായ സംഘങ്ങൾക്കുകൂടി അനുവദിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(സി) നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജനകീയ ഹോട്ടലുകൾക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ട സബ്സിഡികൾ സമയബന്ധിതമായി ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി വിഹിതത്തിൽ 30 കോടി രൂപ ജനകീയ ഹോട്ടലുകൾക്കായി വകയിരുത്തിയിട്ടുണ്ട്. ആയതിൽ 20 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ 30 കോടി രൂപയുടെ അധിക ധനാനുമതിക്കായുള്ള പ്രൊപ്പോസൽ പരിഗണനയിലുമാണ്.

## മാലിന്യ സംസ്കരണ പ്ലാന്റുകൾ

298(2226) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലുള്ളത്; എവിടെയെല്ലാമാണ് സ്വീവേജ്, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഉൾപ്പെടെയുള്ള മറ്റ് മാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലുള്ളത്; ഓരോ മാലിന്യ പ്ലാന്റിലും പ്രതിദിനം സംസ്കരിക്കുന്ന മാലിന്യത്തിന്റെ അളവ് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്തും കഴിഞ്ഞ സർക്കാരിന്റെ കാലത്തും എവിടെയെല്ലാമാണ് പുതിയതായി മാലിന്യ പ്ലാന്റുകൾ ആരംഭിച്ചത്; പ്രവൃത്തി പൂർത്തീകരിക്കാത്ത പ്ലാന്റുകൾ ഏതെല്ലാമാണ്; പുതിയതായി ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ള പ്ലാന്റുകൾ ഏതെല്ലാമാണ്; തദ്ദേശസ്ഥാപനം തിരിച്ച് വിവരം ലഭ്യമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് ഹരിതകർമ്മ സേന വഴി വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ഏതുരീതിയിലാണ് സംസ്കരിക്കുന്നത്; ഹരിതകർമ്മ സേന വഴി ശേഖരിച്ച മാലിന്യം സംസ്കരിക്കാൻ കഴിയാതെ റോഡിന്റെ വശങ്ങളിൽ കൂട്ടിയിട്ടിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് എന്ത് പരിഹാരമാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഹരിതകർമ്മ സേനകൾ നിലവിൽ വീടുകൾ, കടകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നും അജൈവ മാലിന്യങ്ങളാണ് ശേഖരിക്കുന്നത്. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ എം.സി.എഫ്.-ൽ വച്ച് തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്കോ മറ്റ് തത്തുല്യ ഏജൻസികൾക്കോ കൈമാറുകയാണ് ചെയ്യുന്നത്. ഷ്രെഡ്ഡിംഗ് സംവിധാനമുള്ള ആർ.ആർ.എഫ്.-കളിൽവച്ച് പുനഃചംക്രമണം സാധ്യമല്ലാത്ത കവറുകൾ ഷ്രെഡ് ചെയ്ത് റോഡ് ടാർ ചെയ്യുമ്പോൾ ഉപയോഗിക്കുന്നതിനായി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഹരിതകർമ്മസേന വഴി ശേഖരിച്ച മാലിന്യം സംസ്കരിക്കാൻ കഴിയാതെ കൂട്ടിയിട്ടിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച നടപടികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്വീകരിച്ചുവരുന്നു.

(ഡി) ഇത്തരത്തിൽ ശേഖരിക്കുന്ന മാലിന്യങ്ങൾക്ക് എത്ര തുക വീതമാണ് വീടുകൾക്കും സ്ഥാപനങ്ങൾക്കും നിശ്ചയിച്ച് നൽകിയിട്ടുള്ളത്; അജൈവ മാലിന്യമില്ലാത്ത വീടുകളിൽനിന്നും തുക ഈടാക്കുന്നതിന് വ്യവസ്ഥയുണ്ടോ?

അജൈവ മാലിന്യം വീടുകളിൽനിന്ന് ശേഖരിക്കുന്നതിന് ഒരു മാസം 50 രൂപ നിരക്ക് ഗ്രാമപഞ്ചായത്ത് തലത്തിലും 70 രൂപ നിരക്ക് നഗരസഭ തലത്തിലും സർക്കാർ നിശ്ചയിച്ചിട്ടുള്ളതാണ്. കടകൾ/സ്ഥാപനങ്ങൾ എന്നിവയിൽനിന്നും അജൈവ മാലിന്യം ശേഖരിക്കുന്നതിന് ഒരു മാസം 100 രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. അജൈവ മാലിന്യമില്ലാത്ത വീടുകളിൽനിന്നും തുക ഈടാക്കുന്നതിന് വ്യവസ്ഥയുണ്ട്.

(ഇ) ഹരിതകർമ്മസേന വഴിയുള്ള മാലിന്യശേഖരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസ്ഥകളും ഉത്തരവുകളും എന്തെല്ലാമാണെന്ന് അറിയിക്കുമോ?

12-8-2020-ലെ സ.ഉ. (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ. തീയതി പ്രകാരം ഹരിത കർമ്മസേന പ്രവർത്തനവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*).

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തെരുവുനായ്ക്കളുടെ നിയന്ത്രണം

299(2227) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായി ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ തെരുവ് നായകളുടെ ശല്യം നിയന്ത്രിക്കുന്നതിന് അനിമൽ ബെർത്ത് കൺട്രോൾ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം നിലയിലും സംയുക്ത പ്രോജക്ടിനായി ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെയും പദ്ധതി നടപ്പാക്കി വരുന്നു. സംസ്ഥാനത്തൊട്ടാകെ പദ്ധതി നടപ്പിലാക്കുന്നതിനായി കുടുംബശ്രീ യൂണിറ്റുകളെ നിർവ്വഹണ ഏജൻസിയാക്കി പ്രവർത്തനം നടത്തിയിരുന്നു. എന്നാൽ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീയുടെ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയിലെ രജിസ്ട്രേഷൻ, ഈ മേഖലയിലെ തൊഴിൽ വൈദഗ്ധ്യം എന്നീ മാനദണ്ഡങ്ങൾ പരിശോധിച്ച ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ടി വിഷയങ്ങളിൽ ആവശ്യമായ അന്വേഷണം നടത്തുന്നതിനും ആയതിൽ വ്യക്തത വരുന്നതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എ.ബി.സി. പ്രോഗ്രാമിനുവേണ്ടി നിർവ്വഹണ ഏജൻസിയായ കുടുംബശ്രീക്ക് തുക കൈമാറുന്നത് തൽക്കാലം നിർത്തിവയ്ക്കുന്നതിനും നിർദ്ദേശിച്ച് 19-7-2021-ലെ WP(C)13204/2021-ാം നമ്പർ പെറ്റീഷന്മേൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

26-7-2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഒരു യോഗം ചേരുകയും ആയതിലെ തീരുമാനങ്ങൾ അംഗീകരിച്ചുകൊണ്ട് 23-8-2020-ലെ സ.ഉ.(സാ.ധാ)2065/2022/ത.സ്വ.ഭ.വ. നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

(ബി) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ ഇതിനുവേണ്ടി എത്ര തുക ചെലവാക്കിയിട്ടുണ്ട്; അറിയിക്കുമോ?

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ എ.ബി.സി. പദ്ധതിക്കായി ചെലവഴിച്ച തുക

2020-21 - ₹ 3,76,95,781

2021-22 - ₹ 1,74,47,414

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2020-21 സാമ്പത്തിക വർഷത്തിൽ 3,38,74,096 രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ 40,15,200 രൂപയുമാണ് എ.ബി.സി. പ്രവർത്തനം നടപ്പിലാക്കുന്നതിലേയ്ക്ക് കുടുംബശ്രീ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചിട്ടുള്ളത്.

(സി) തെരുവുനായ ആക്രമണങ്ങൾ കുറയ്ക്കുന്നതിനും നായ്ക്കളെ പുനരധിവസിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തെരുവ് നായകളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെയുള്ള അഡോപ്ഷൻ ക്യാമ്പുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**ലൈഫ് പദ്ധതി**

300(2228) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് പദ്ധതി ആരംഭിച്ചത് എന്ന് മുതലാണെന്നും നാളിതുവരെയായി എത്ര ആളുകൾക്ക് വീട് അനുവദിച്ചുവെന്നും എത്ര വീടുകൾ പൂർത്തിയാക്കിയെന്നും ആയതിന് എത്ര തുക ചെലവഴിച്ചുവെന്നും എത്ര എണ്ണമാണ് ഇനിയും പൂർത്തിയാക്കാൻ ബാക്കിയുള്ളതെന്നും ജില്ല തിരിച്ച് വിശദാംശം നൽകുമോ?

കേരളത്തിന്റെ സമഗ്ര വികസനത്തിനായി ജനപങ്കാളിത്തത്തോടെ കർമ്മ പദ്ധതികൾ പ്രഖ്യാപിച്ചുകൊണ്ട് ആസൂത്രണകാര്യ വകുപ്പ് 2016 സെപ്റ്റംബർ 18-ന് പുറപ്പെടുവിച്ച സ.ഉ (പി.) നമ്പർ 41/2016/ ആ.സാ.വ. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയായ ലൈഫ് മിഷൻ നിലവിൽ വന്നു. ഈ പദ്ധതി, വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കി വരുന്ന സംസ്ഥാന/കേന്ദ്ര സർക്കാർ ഭവന പദ്ധതികൾ ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് നടപ്പാക്കി വരുന്നത്. ഇത്തരത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചും ലൈഫ് മിഷന്റെ വിവിധ ഘട്ടങ്ങളിലുമായി ലൈഫ് പദ്ധതിയിൽ 20-8-2022 വരെ 3,01,912 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുസംബന്ധമായ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

ഇതിനായി 20-8-2022 വരെ 12,213 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അന്തിമ ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്നും ഇതിലേയ്ക്കായുള്ള ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; രണ്ടാം ഘട്ടത്തിനായി എത്ര തുക ചെലവ് വരുമെന്നും ഈ തുക എപ്രകാരം കണ്ടെത്താൻ കഴിയുമെന്നും വിശദമാക്കുമോ?

ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച 9,20,260 അപേക്ഷകളിൻമേൽ അർഹതാപരിശോധനയും പുനഃപരിശോധനയും ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്കുശേഷം ഗ്രാമസഭ/വാർഡ് സഭകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടുകൂടി (പ്രതികൂലമായ കാലാവസ്ഥമൂലവും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നതിനാലും ഗുണഭോക്തൃ പട്ടിക അന്തിമമാക്കാൻ സാധിക്കാതെയിരുന്ന 171 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെ) പട്ടിക അന്തിമമാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾ 2022 ആഗസ്റ്റ് 16-ന് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ഗുണഭോക്തൃ പട്ടിക പ്രകാരം ഭൂമിയുള്ള ഭവനരഹിതരായി 3,11,133 ഗുണഭോക്താക്കളും ഭൂരഹിത ഭവനരഹിതരായി 1,51,478 ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്. പ്രതികൂലമായ കാലാവസ്ഥമൂലവും അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കാൻ സാധിക്കാതിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗുണഭോക്തൃ പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുശേഷം 168 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടി ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന മൂന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കൂടി പട്ടിക അന്തിമമാക്കിയതിനുശേഷം മാത്രമേ അന്തിമ ലിസ്റ്റിൽ എത്ര ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ടെന്നും ആയതിലേക്ക് വരുന്ന പ്രതീക്ഷിത ചെലവ് കണക്കാക്കാനും സാധിക്കുകയുള്ളൂ. തുക കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഗ്രാമപഞ്ചായത്തുകൾ മുഖേന ആറ്റുമണൽ നീക്കം ചെയ്യുന്നതിന് നടപടി**

301(2229) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ ആറ്റുമണൽ ശേഖരിച്ച് നൽകിയിരുന്ന സംവിധാനം നിർത്തലാക്കിയിട്ട് എത്ര കാലമായെന്ന് വ്യക്തമാക്കാമോ?

പാരിസ്ഥിതിക അനുമതി ലഭ്യമാകാത്തതിനാൽ സംസ്ഥാനത്തെ നദികളിൽനിന്നുള്ള നിയമാനുസൃത മണൽ വാരൽ നിർത്തിവച്ചിരിക്കുകയാണ്. സാന്റ് ഓഡിറ്റിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത ഖനനം

നടത്തുന്നതിന് മണൽ ലഭ്യതയില്ലാത്ത നദികളിൽ മണൽവാരൽ നിരോധനം 6-6-2015 മുതൽ വ്യത്യസ്ത തീയതികളിലായി ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ആറ്റുമണൽ യഥാസമയം നീക്കംചെയ്യാത്തതുമൂലം ചെറിയ മഴയിൽപോലും കുട്ടനാട് പോലെയുള്ള പ്രദേശങ്ങൾ വെള്ളക്കെട്ടിലായിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഗ്രാമപഞ്ചായത്തുകളെക്കൊണ്ട് ആറ്റുമണൽ നീക്കം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ആറ്റുമണൽ യഥാസമയം നീക്കം ചെയ്യാത്തതുമൂലം ചെറിയ മഴയിൽപോലും കുട്ടനാട് പോലെയുള്ള പ്രദേശങ്ങൾ വെള്ളക്കെട്ടിലായിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നദികളിലെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്നവിധം പ്രളയം കാരണം നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി, അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്ത് പ്രളയജലം വഹിക്കുന്നതിനുള്ള നദികളുടെ ശേഷി കൂട്ടുന്നതിനുവേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 24-12-2019-ലെ സ.ഉ. (സാധാ) നമ്പർ 3880/2019/ആർ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ ഇറിഗേഷൻ വകുപ്പ് മുഖാന്തരം ജലാശയങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ മണ്ണ് മാറ്റുന്ന പ്രവൃത്തി നടന്നുവരുന്നുണ്ട്. കൂടാതെ മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള ഡെബ്രിസ് നീക്കം ചെയ്ത് നദികളുടെ സ്വാഭാവിക ഒഴുക്ക് നിലനിർത്തുന്നതിനായുള്ള പ്രവൃത്തികൾ 17-5-2022 -ലെ സ.ഉ. (സാധാ) നമ്പർ 442/2022/ഡി.എം.ഡി. പ്രകാരം ജില്ലാ ദുരന്ത നിവാരണ മാനേജ്മെന്റ് അതോറിറ്റിയുടെ കീഴിൽ ഇറിഗേഷൻ വകുപ്പിന്റെ സഹകരണത്തോടുകൂടി നടന്നുവരുന്നുണ്ട്.

(സി) ഇപ്രകാരം മണൽ നീക്കം ചെയ്യേണ്ട പ്രദേശം ശാസ്ത്രീയമായി കണ്ടെത്തി അവ നീക്കം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ നദികളിൽ നിന്നുള്ള മണൽ നീക്കം നടത്തേണ്ടത് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായാണ്. കൂടാതെ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിവിധ വിധികളുടെ അടിസ്ഥാനത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, MOEF & CC-യുടെ Sustainable Sand Mining Management Guidelines 2016, Enforcement and Monitoring Guidelines for sand mining 2020 എന്നിവ പ്രകാരം തയ്യാറാക്കിയ ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ State Environment Impact

Assessment Authority-ൽനിന്നും പാരിസ്ഥിതിക അനുമതി ലഭ്യമായതിനുശേഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ വിദഗ്ദ്ധ സമിതി നിയമാനുസൃത നടപടിക്രമങ്ങൾ സ്വീകരിച്ച് കടവുകമ്മിറ്റികൾ മുഖാന്തരമാണ് മണൽ ഖനനം നടത്തേണ്ടത്. മണൽ നീക്കം ചെയ്യൽ നിയന്ത്രിച്ചിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്ന സാന്റ് ഓഡിറ്റിംഗ് ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

**മാലിന്യസംസ്കരണ രംഗത്തെ സ്വകാര്യപങ്കാളിത്തം**

302(2230) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യസംസ്കരണ രംഗത്ത് സ്വകാര്യപങ്കാളിത്തത്തോടെ പദ്ധതികൾ ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ മേഖലകളിലാണ് ഇത്തരം സംരംഭങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കെട്ടിടനിർമ്മാണം/പൊളിക്കൽ മാലിന്യ സംസ്കരണം, പൗൾട്രി വേസ്റ്റ് സംസ്കരണം, വേസ്റ്റ് ടു എനർജി പ്രോജക്ടുകൾ എന്നിവ നടപ്പാക്കുന്നതിലേയ്ക്കാണ് PPP Model ഉൾപ്പെടെ അവലംബിച്ച് സ്വകാര്യ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**സാമൂഹ്യ-കായികക്ഷേമ പദ്ധതികൾക്ക് അനുവദിച്ച തുക**

303(2231) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിനുകീഴിൽ നടത്തുന്ന വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും തുക അനുവദിക്കുന്നതിനായി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരള സാമൂഹ്യ സുരക്ഷ മിഷന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും എല്ലാ സാമ്പത്തിക വർഷവും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകിക്കൊണ്ട് 6-5-2013-ലെ സ.ഉ. (സാധാ) നമ്പർ 1209/2013/ത.സ്വ.ഭ.വ. പ്രകാരവും കോക്ലിയാർ ഇംപ്ലാന്റുകളുടെ

മെയിന്റനൻസിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് ഒരു കുട്ടിക്ക് 50,000 രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സാമൂഹ്യ സുരക്ഷ മിഷനിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് 26-2-2019-ലെ സ.ഉ.(സാധാ) നമ്പർ 426/2019/ത.സ്വ.ഭ.വ. പ്രകാരവും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എത്ര തുകയാണ് കഴിഞ്ഞ 6 വർഷമായി ലഭ്യമാക്കിയിട്ടുള്ളതെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ?

കഴിഞ്ഞ 6 വർഷക്കാലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് ലഭ്യമാക്കിയിട്ടുള്ള ആകെ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സാമ്പത്തികവർഷം | തുകലഭ്യമായത് |
|---|---|---|
| 1 | 2016-17 | 32,62,76,319 |
| 2 | 2017-18 | 21,85,27,841 |
| 3 | 2018-19 | 18,22,02,736 |
| 4 | 2019-20 | 12,89,12,548 |
| 5 | 2020-21 | 17,34,15,941 |
| 6 | 2021 - 22 | 15,41,50,539 |

കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് പദ്ധതിക്ക് ലഭ്യമായിട്ടുള്ള തദ്ദേശഭരണ വിഹിതം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു*. മറ്റ് പദ്ധതികൾക്ക് ലഭിച്ച തുകകളുടെ വിവരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമല്ല.

(സി) കായിക വകുപ്പിനുകീഴിൽ നടക്കുന്ന പ്രോഗ്രാമുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിക്കുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് ഈ സർക്കാരിന്റെ കാലത്ത് ലഭ്യമാക്കിയിട്ടുള്ളതെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ?

കായിക വകുപ്പ് മുഖേന നടത്തുന്ന പ്രോഗ്രാമുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിക്കുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ലൈഫ് പദ്ധതിയിലെ അപേക്ഷകളുടെ ന്യൂനത പരിഹാരം

304(2232) ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിലേക്കുള്ള അപേക്ഷകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും അപ്പീൽ പരിശോധിക്കുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

27-7-2020-ലെ സ.ഉ. (കൈ) 112/2020/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സ്വീകരിച്ച അപേക്ഷകളിന്മേൽ ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള അപ്പീൽ കമ്മിറ്റികൾ അപേക്ഷകളുടെ ന്യൂനതകൾ പരിശോധിക്കുകയും അപ്പീലുകൾ സ്വീകരിച്ച് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കൺവീനറായി ബ്ലോക്ക് തലത്തിൽ ഒന്നാംഘട്ട അപ്പീൽ കമ്മിറ്റിയും ജില്ലാകളക്ടർ ചെയർപേഴ്സണായി ജില്ലാതലത്തിൽ രണ്ടാംഘട്ട അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചാണ് അപ്പീലുകളുടെ സ്വീകരിക്കലും തീർപ്പാക്കലും നിർവ്വഹിച്ചിട്ടുള്ളത്. കൂടാതെ അപ്പീൽ സമർപ്പിക്കുന്നതിനുള്ള സൗകര്യാർത്ഥം എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാകളക്ടറേറ്റുകളിലും ഹെൽപ് ഡെസ്ക് സംവിധാനങ്ങൾ ക്രമീകരിച്ച് അപ്പീൽ സമർപ്പണം സുഗമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. 9-6-2022-ലെ സ.ഉ(സാധാ) നമ്പർ 1423/ 2022/ ത.സ്വ.ഭ.വ, 25-7-2022-ലെ സ.ഉ. (സാധാ) നമ്പർ 1789/2022/ത.സ്വ.ഭ.വ. ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷകൾ/ അപ്പീലുകളിലെ ന്യൂനതകൾ പരിഹരിച്ച് പട്ടിക അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മനസ്സോടിത്തിരി മണ്ണ് പദ്ധതി

305(2233) ശ്രീ സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് പദ്ധതിയുടെ ഭാഗമായി എത്ര ഏക്കർ ഭൂമി ലൈഫ് മിഷന് ലഭ്യമായിട്ടുണ്ട്?

ലൈഫ് മിഷൻ ആരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' പദ്ധതിയുടെ ഭാഗമായി ഇതുവരെ 1778.721 സെന്റ് ഭൂമി ലൈഫ് മിഷന് ലഭ്യമായിട്ടുണ്ട്/വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ?

ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കനുവദിച്ച പ്ലാൻ ഫണ്ട്

306(2234) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പ്ലാൻ ഫണ്ടിൽ സർക്കാർ പ്രഖ്യാപിച്ചതിൽ നിന്നും കുറവുവരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ കുറവ് വരുത്തിയ തുക പിന്നീട് അനുവദിക്കുമോ; വിശദമാക്കാമോ?

(എ&ബി) ഇല്ല. 2022-23 സാമ്പത്തിക വർഷം 8048 കോടി രൂപയാണ് പ്ലാൻ ഫണ്ട് (വികസന ഫണ്ട്) ആയി വകയിരുത്തിയിട്ടുള്ളത്. ഇതിൽ കുറവ് വരുത്തിയിട്ടില്ല. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകളിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാനപ്രകാരമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ട് അനുവദിക്കുന്നത്. ടി ഫണ്ടുകൾ യഥേഷ്ടം അനുവദിക്കാൻ കഴിയുന്ന ഒന്നല്ല; മറിച്ച്, വ്യക്തമായ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയിട്ടുള്ള ഫോർമുല പ്രകാരമാണ് വിന്യസിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2022-23 സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന വികസന ഫണ്ട് സാധാരണ വിഹിതത്തിന്റെ 1/3 തുക മാത്രമേ ബജറ്റ് ഡോക്യുമെന്റായ Appendix IV (2022-23)-ൽ വിതരണം നടത്തിയിട്ടുള്ളൂ. ബജറ്റ് വിഹിതം പൂർണ്ണമായും പുനർവിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ശുചിത്വ കേരളം

307(2235) ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്രീയ സംസ്കരണ പദ്ധതികൾ ഊർജ്ജിതമാക്കി നാല് വർഷത്തിനകം ശുചിത്വ കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകാമോ?

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് കൂടുതലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി

നടപ്പാക്കി വരുന്നത്. നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു. അജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ തരംതിരിച്ച് ശേഖരിച്ച് പുനഃചംക്രമണം ചെയ്യുന്നതിന് കൈമാറുന്നതിനും വേണ്ടി എം.സി.എഫ്., ആർ.ആർ.എഫ്. സെന്ററുകളുടെ പ്രവർത്തനവും തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നടപ്പാക്കി വരുന്നു. കൂടാതെ അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫ്-കളിലും, ആർ.ആർ.എഫ്-കളിലും എത്തിക്കുന്നതിനായി ഹരിത കർമ്മ സേനകൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. അവരുടെ ക്രിയാത്മക പ്രവർത്തനം ഹരിതകർമ്മ സേനയെ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സഹായകമാകുന്നു.

കൂടാതെ ലോകബാങ്കിന്റെ ധനസഹായത്തോടെ നഗരസഭകളിൽ പദ്ധതികൾ നടപ്പിലാക്കാനായി കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റ് തുടങ്ങിയിട്ടുണ്ട്. ഇതിലൂടെ എല്ലാ നഗരസഭകളിലും ശാസ്ത്രീയ ഖരമാലിന്യ സംസ്കരണവും നിർമ്മാർജ്ജനവും ഉൾപ്പെടെ പൂർണ്ണമായും ശാസ്ത്രീയമായ പരിപാലനം ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

സമ്പൂർണ്ണ ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഗാർഹിക തലത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന വേസ്റ്റ് ടു എനർജി പ്ലാന്റ് പോലെ കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളും നടപ്പിലാക്കുന്നതിന് KSIDC വഴി സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശുചിത്വ പരിപാലനത്തിന്റെയും മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ഗ്രേഡ് നൽകാൻ നിശ്ചയിച്ചിട്ടുണ്ടോ; ഇതിനായി നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അറിയിക്കാമോ?

ശുചിത്വ പരിപാലനത്തിന്റെയും മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ഗ്രേഡ് നൽകുന്നതിന് 19-7-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1714/2022/ത.സ്വ.ഭ.വ. എന്നതിലൂടെ വ്യക്തമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ നഗരസഭകൾക്കും ഖരമാലിന്യ പരിപാലനം ഫലപ്രദമാക്കുന്നതിനായി പ്രത്യേകം എഞ്ചിനീയർമാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലെ മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനും കേരളത്തെ മാലിന്യമുക്തമാക്കുന്നതിനുമായി ലോകബാങ്ക്, ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ബാങ്ക് എന്നിവയുടെ സഹായത്തോടെ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

എല്ലാ നഗരസഭകളിലും കെ.എസ്.ഡബ്ല്യു.എം.പി.-യുടെ ഭാഗമായി നഗരസഭകളെ ഖരമാലിന്യ പരിപാലനത്തിൽ സഹായിക്കുന്നതിനായി SWM എഞ്ചിനീയർമാരെ പദ്ധതി കാലയളവിലേയ്ക്ക് നിയമിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കെട്ടിടാവശിഷ്ട നിർമ്മാർജ്ജനത്തിന് പ്രത്യേകം സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

30-7-2022-ലെ സ.ഉ.(കൈ) നമ്പർ 168/2022/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് കെട്ടിട നിർമ്മാണ പൊളിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0-ന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുകളിൽ കെട്ടിടാവശിഷ്ട നിർമ്മാർജ്ജനത്തിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് കേന്ദ്രങ്ങളിൽ കെട്ടിട നിർമ്മാണ പൊളിക്കൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ശേഖരണ കേന്ദ്രങ്ങളും അതോടനുബന്ധിച്ചുള്ള പ്രോസസിംഗ് പ്ലാന്റുകളും ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**തെരുവുനായ ശല്യത്തിന് പരിഹാരം**

308(2236) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തെരുവുനായ ശല്യത്തിന് പരിഹാരം കാണുന്നതിനായി അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പാക്കാൻ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനും പേവിഷബാധ ഉന്മൂലനം ചെയ്യുന്നതിനുമായി ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്ത പദ്ധതിയാണ് ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം നിലയിലും സംയുക്ത പ്രോജക്ടിനായി ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ എ.ബി.സി. പദ്ധതി നടത്തി വരുന്നുണ്ട്. ഒപ്പം പദ്ധതി സംസ്ഥാനത്തെമ്പാടും നടപ്പിലാക്കുന്നതിനായി കുടുംബശ്രീ യൂണിറ്റുകൾ നിർവ്വഹണ ഏജൻസിയായി പ്രവർത്തിച്ച് തുടങ്ങിയിരുന്നു. എന്നാൽ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീയുടെ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയിലെ രജിസ്ട്രേഷൻ, ഈ മേഖലയിലെ തൊഴിൽ വൈദഗ്ധ്യം എന്നീ മാനദണ്ഡങ്ങൾ പരിശോധിച്ച ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ടി വിഷയങ്ങളിൽ ആവശ്യമായ അന്വേഷണം നടത്തുന്നതിനും ആയതിൽ വ്യക്തത വരുന്നതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എ.ബി.സി. പ്രോഗ്രാമിനുവേണ്ടി നിർവ്വഹണ ഏജൻസിയായ കുടുംബശ്രീക്ക് തുക കൈമാറുന്നത് തൽക്കാലം നിർത്തിവയ്ക്കുന്നതിനും നിർദ്ദേശിച്ച് 19-7-2021-ലെ WP(C)13204/2021 പെറ്റീഷനിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യങ്ങൾ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി കാണുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് വികേന്ദ്രീകൃത ആസൂത്രണ കമ്മിറ്റിയുടെ അനിമൽ ബെർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാമുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ നടപ്പാക്കി 23-8-2022-ലെ സ.ഉ(സാധാ) നമ്പർ 2065 /2022/ LSGD നമ്പറായി തദ്ദേശസ്വയംഭരണ (ആർസി) വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് കുടുംബശ്രീയെ ഏൽപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്ത് തെരുവ് നായകളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട എ.ബി.സി. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത് കുടുംബശ്രീ മിഷനെയാണ്. എന്നാൽ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീയുടെ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയിലെ രജിസ്ട്രേഷൻ, ഈ മേഖലയിലെ തൊഴിൽ വൈദഗ്ധ്യം എന്നീ മാനദണ്ഡങ്ങൾ, പരിശോധിച്ച ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ടി വിഷയങ്ങളിൽ ആവശ്യമായ അന്വേഷണം നടത്തുന്നതിനും ആയതിൽ വ്യക്തത വരുന്നത് വരെ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എബിസി പ്രോഗ്രാമിനുവേണ്ടി നിർവ്വഹണ ഏജൻസിയായ കുടുംബശ്രീക്ക് തുക കൈമാറുന്നത് തൽക്കാലം, നിർത്തിവയ്ക്കുന്നതിനും നിർദ്ദേശിച്ച് 19-7-2021-ലെ WP(C)13204/2021 പെറ്റീഷനിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും കേരള സംസ്ഥാന മൃഗസംരക്ഷണ (എഫ്) വകുപ്പിൽ നിന്നുള്ള 27-12-2021-ലെ 474/2021/AHD നമ്പർ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിലും കുടുംബശ്രീ യൂണിറ്റുകൾ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ സംസ്ഥാനത്തുടനീളം അനിമൽ ബർത്ത് കൺട്രോൾ നടപടിക്രമങ്ങൾ നടത്തുന്നതിൽനിന്ന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ വാക്സിൻ കുത്തിവയ്പ് നൽകുന്നതിനും തിരിച്ചറിയൽ ചിപ്പ് ഘടിപ്പിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല.

**തദ്ദേശ സ്ഥാപനങ്ങൾ വഴിയുള്ള ഖരദ്രവ മാലിന്യനിർമ്മാർജ്ജനം**

309(2237) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖരദ്രവ മാലിന്യനിർമ്മാർജ്ജനത്തിന് ഫലപ്രദവും സുസ്ഥിരവുമായ മാർഗ്ഗങ്ങൾ പ്രാദേശിക തലത്തിൽത്തന്നെ ഉറപ്പാക്കാൻ തദ്ദേശസ്ഥാപനങ്ങൾ നടപ്പിലാക്കിയിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ഖരമാലിന്യ നിർമ്മാർജ്ജനം

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിവരുന്നത്. അതുപോലെ നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു. അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ തരംതിരിച്ച് ശേഖരിച്ച് പുനഃചംക്രമണം ചെയ്യുന്നതിനും കൈമാറുന്നതിനുംവേണ്ടി

എം.സി.എഫ്., മിനി എം.സി.എഫ്., ആർ.ആർ.എഫ്. സെന്ററുകളുടെ പ്രവർത്തനവും തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നടപ്പാക്കിവരുന്നു. കൂടാതെ അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫ്.-കളിലും ആർ.ആർ.എഫ്.-കളിലും എത്തിക്കുന്നതിനായി ഹരിതകർമ്മ സേനകൾ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ഇവർക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. അവരുടെ പ്രവർത്തനവും നടന്നുവരുന്നുണ്ട്.

ദ്രവ മാലിന്യ നിർമ്മാർജ്ജനം

കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (അർബൻ), സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ്-2 എന്നീ പദ്ധതികൾ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മലിനജല സംസ്കരണ/പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനാവിഷ്കൃത പദ്ധതികളായ ശുചിത്വ കേരളം (അർബൻ), ശുചിത്വ കേരളം (റൂറൽ) എന്നിവ പ്രകാരവും മലിനജല സംസ്കരണ/പരിപാലനത്തിന് സംവിധാനങ്ങൾ നടപ്പാക്കിവരുന്നു.

സർക്കാർ ആഫീസുകൾ, സർക്കാർ ആശുപത്രികൾ, ക്വാർട്ടേഴ്സുകൾ, ഹോസ്റ്റലുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ-എയ്ഡഡ് ഉൾപ്പെടെ സ്ഥാപനതല മലിനജല സംസ്കരണ പദ്ധതിയായ എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് (ETP), വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് (WWTP) മുതലായവ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തുകയുടെ 100% -ഉം സബ്സിഡി ലഭ്യമാണ്.

കേരളത്തിലെ നദികളിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് നദികളെ പുനരുജ്ജീവിപ്പിക്കുന്നതിനായി തെളിനീരൊഴുകും നവകേരളം എന്ന ക്യാമ്പെയ്ൻ സംസ്ഥാനതലത്തിൽ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

(ബി) പാലാ നിയോജകമണ്ഡലത്തിൽ തദ്ദേശസ്ഥാപനങ്ങൾ വഴിയുള്ള ഖര ദ്രവ മാലിന്യനിർമാർജ്ജനം കൃത്യമായി നടപ്പിലാകുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലാ നിയോജകമണ്ഡല പരിധിയിലുള്ള തദ്ദേശസ്ഥാപനങ്ങൾ 2022-23 സാമ്പത്തിക വർഷം ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

(സി) പാലാ നിയോജകമണ്ഡലത്തിൽ തദ്ദേശസ്ഥാപനങ്ങൾ വഴി ഖര ദ്രവ മാലിന്യനിർമ്മാർജ്ജനത്തിന് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പാലാ നിയോജകമണ്ഡല പരിധിയിലുള്ള തദ്ദേശസ്ഥാപനങ്ങൾ 2022-23 സാമ്പത്തിക വർഷം ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ 2,50,96,494 രൂപയുടെ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

**കുടുംബശ്രീയിലൂടെയുള്ള ലൈവ് ലിങ്കേജ് വായ്പ**

310(2238) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയിലൂടെയുള്ള ലൈവ് ലിങ്കേജ് വായ്പ എത്ര കോടി രൂപ സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

കഴിഞ്ഞ മൂന്ന് വർഷക്കാലമായി 9232 കോടിയുടെ വായ്പയാണ് അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് മാർഗ്ഗം വിതരണം ചെയ്തിരിക്കുന്നത്. ആയതിൽ 7134 കോടി രൂപയുടെ ലൈവ് ലിങ്കേജ് വായ്പയാണ് നിലവിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കുള്ളത്.

(ബി) എത്ര കുടുംബശ്രീകൾക്ക് ഈ വായ്പ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ?

2.05 ലക്ഷം അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് ലിങ്കേജ് വായ്പ നിലവിലുണ്ട്.

(സി) ഇത്തരം വായ്പകൾ സമൂഹത്തിലുണ്ടാക്കുന്ന പ്രതികരണം എങ്ങനെയാണെന്ന് നിരീക്ഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

അയൽക്കൂട്ടങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് തുടർച്ചയായി ലഭ്യമാകുന്ന പ്രസ്തുത വായ്പ പദ്ധതി 45 ലക്ഷം കുടുംബങ്ങൾക്കാണ് കൈത്താങ്ങാകുന്നത്. അവരുടെ ജീവിതത്തിലെ വലിയ ചെലവുകൾക്ക് പ്രധാനമായും അടിസ്ഥാന സൗകര്യമായ വീട്, കുട്ടികളുടെ പഠനം, വിവാഹം തുടങ്ങിയവയ്ക്ക് ഈ തുക വിനിയോഗിക്കാൻ അവർക്ക് കഴിയുന്നുണ്ട്. കൂടാതെ ലിങ്കേജ് വായ്പയിലൂടെ കോഴിവളർത്തൽ, ആടുവളർത്തൽ, അടുക്കളത്തോട്ട നിർമ്മാണം മുതൽ പലതരം വരുമാനമാർഗ്ഗങ്ങൾക്ക് മൂലധനം കണ്ടെത്താനും അവർക്ക് കഴിയുന്നുണ്ട്.

(ഡി) ഗ്രാമീണ സമ്പദ്ഘടനയിൽ കഴിഞ്ഞ 5 വർഷക്കാലമായി ഇത്തരം വായ്പകൾ ഉണ്ടാക്കിയ ചലനങ്ങൾ വിശദമാക്കാമോ?

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ഒരു ഉപാധിയാണ് ബാങ്ക് വായ്പ. യാതൊരു ഈടുമില്ലാതെ സംഘത്തിന്റെ കൂട്ടുത്തരവാദിത്വത്തിൽ നൽകുന്ന ഈ വായ്പ ദരിദ്രരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. നിലവിലെ സ്ഥിതിവിവര കണക്കനുസരിച്ച് ഇന്ത്യയിൽ ഇന്നും ആകെ ജനസംഖ്യയുടെ പകുതിയോളം പേർ ഫോർമൽ ബാങ്കിംഗ് സംവിധാനത്തിൽനിന്നും പുറത്താണ്. ഇതിൽനിന്നും വ്യത്യസ്തമായി കേരള ജനതയുടെ 60% കുടുംബങ്ങളെ പ്രതിനിധീകരിക്കുന്ന കുടുംബശ്രീ, അതായത് 46 ലക്ഷം അയൽക്കൂട്ട അംഗങ്ങൾക്ക് പ്രത്യക്ഷമായോ പരോക്ഷമായോ ബാങ്കിംഗ് സേവനം ലഭ്യമാക്കിവരുന്നുണ്ട്. കഴിഞ്ഞ 20 വർഷക്കാലമായി കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമാക്കി ബാങ്ക് വായ്പ പദ്ധതിയെ പ്രോത്സാഹിപ്പിച്ചുവരുന്നുണ്ട്. ബാങ്ക് വായ്പ വഴി വലിയ സാമ്പത്തിക ആവശ്യങ്ങൾ അതായത് സംരംഭങ്ങൾക്ക് ആവശ്യമായ മൂലധനം കണ്ടെത്തുക, ആസ്തി സ്വരൂപിക്കുക, കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം നൽകുക എന്നിവയ്ക്കായി കൊള്ളപ്പലിശക്കാരെ ആശ്രയിക്കാതെ പണം കണ്ടെത്തുന്നതിന് കുടുംബശ്രീ കുടുംബാംഗങ്ങൾക്ക് കഴിയുന്നുണ്ട്. പ്രളയം, കോവിഡ് തുടങ്ങിയ പ്രതിസന്ധികളെ തരണം ചെയ്യാനായി സർക്കാർ കുടുംബശ്രീ വഴി നടപ്പാക്കിയ റീ-സർജന്റ് കേരള ലോൺ സ്കീം (ആർ.കെ.എൽ.എസ്.) മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (സി.എം.എച്ച്.എച്ച്.എൽ.എസ്.) തുടങ്ങിയ പലിശരഹിത ബാങ്ക് വായ്പാ പദ്ധതികൾ വലിയ ദുരന്തത്തെ അതിജീവിക്കാനും സാമ്പത്തിക പുനരുജ്ജീവനം സാധ്യമാക്കാനും സാധാരണക്കാർക്ക് ഏറെ സഹായകമായി.

**ലൈഫ് പദ്ധതിയിൽ ഭവന സമുച്ചയങ്ങൾ**

311(2239) ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി പ്രകാരം ഇതിനോടകം എത്ര പേർക്കാണ് വീടുകൾ നിർമ്മിച്ച് നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ?

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി പ്രകാരം 20-8-2022 വരെ 3,01,912 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇതിൽ എത്ര ഭവന സമുച്ചയങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

5 ഭവന സമുച്ചയങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

## സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാൻ നടപടി

312(2240) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂവിസ്തൃതി, ജനസംഖ്യ, വാർഡുകളുടെ എണ്ണം ഇവയുടെ കാര്യത്തിൽ വലുതും ചെറുതുമായ പഞ്ചായത്തുകളിലുള്ള ഒരേപോലെയുള്ള സ്റ്റാഫ് പാറ്റേൺ കാലഘട്ടത്തിനനുസൃതമായി പുതുക്കി നിശ്ചയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ?

(എ&ബി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്പെഷ്യൽ റൂൾ അന്തിമമാകുന്ന മുറയ്ക്ക് ആവശ്യമുള്ളപക്ഷം, സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ് .

## തമ്മാനിമറ്റം തൂക്കു പാലത്തിന്റെ നിർമ്മാണം

313(2241) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ തകർന്ന കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പൂതൃക്ക പഞ്ചായത്തിലെ തമ്മാനിമറ്റം തൂക്കുപാലത്തിന്റെ പുനർനിർമ്മാണത്തിനായി 17-8-2020-ൽ ഭരണാനുമതി നൽകിയെങ്കിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഭരണാനുമതി തുക 2.19 കോടി രൂപയാണ്. എന്നാൽ പുതിയ ഡിസൈൻ പ്രകാരം എസ്റ്റിമേറ്റിന്റെ തുക 5.37 കോടി രൂപയാണ് (സിവിൽ & മെക്കാനിക്കൽ). ഇതനുസരിച്ച് പുതുക്കിയ ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രളയത്തിൽ തകർന്ന പാലത്തിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

അവശിഷ്ടങ്ങളുടെ മൂല്യനിർണ്ണയത്തിനായി വാല്യുവേഷൻ തയ്യാറാക്കിയിട്ടുണ്ട്. ഇത് പുഴയിൽനിന്ന് മാറ്റുന്നതിനുള്ള Dismantling ചാർജ്ജിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഈ തുക പുതിയ എസ്റ്റിമേറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) തമ്മാനിമറ്റം ഉക്കുപാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പുതുക്കിയ ഭരണാനുമതിക്കുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. പ്രസ്തുത ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

**വട്ടപ്പറമ്പ് തോട്ടിലാക്കൽകണ്ട് അതിർത്തി തോട്-ഇരിമ്പിളിയം**

314(2242) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിലെ തോട്ടിലാക്കൽകണ്ട് തോടിന്റെ സംരക്ഷണത്തിനും വട്ടപ്പറമ്പ് കോളനി നിവാസികൾക്ക് മെയിൻ റോഡിലെത്താൻ പാടശേഖരം മുറിച്ചുകടക്കുന്നതിനുവേണ്ടിയും മലപ്പുറം ജില്ലാ പഞ്ചായത്ത് വിഭാവനം ചെയ്ത വട്ടപ്പറമ്പ് തോട്ടിലാക്കൽകണ്ട് അതിർത്തി തോട്-ഇരിമ്പളിയം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഒന്നാം ഘട്ടമായി നഗരസഞ്ചയം ഫണ്ട് 85 ലക്ഷം രൂപ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 376/23 വട്ടപ്പറമ്പ് തോട്ടിലാക്കൽ കണ്ട് അതിർത്തി തോട്-ഇരിബിളിയം എന്ന പ്രവൃത്തിയുടെ 80% നിർവ്വഹണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ നഗരസഞ്ചയം ഫണ്ട് 225 ലക്ഷം രൂപ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 1228/22 വട്ടപറമ്പ് തോട്ടിലാക്കൽകണ്ട് തോട് പുനരുജ്ജീവനം പ്രവൃത്തിയുടെ എഗ്രിമെന്റ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനായി പഞ്ചായത്ത് അധികൃതർ പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച കത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് അറിയിക്കുമോ; ഫയലിന്റെ വിശദാംശം ലഭ്യമാക്കുമോ?

മലപ്പുറം ജില്ല പഞ്ചായത്തിൽനിന്നോ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ നിന്നോ ടി പ്രവൃത്തിക്കായി കൂടുതൽ ഫണ്ട് ആവശ്യപ്പെട്ട് പഞ്ചായത്ത് ഡയറക്ടറേറ്റിൽ കത്ത് നൽകിയിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഈ പ്രവൃത്തി മലപ്പുറം ജില്ല പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ബഹുവർഷ പ്രോജക്ടായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

### പട്ടാമ്പി നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ നവീകരണം

315(2243) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലജീവൻ മിഷൻ മുഖേന കുടിവെള്ള വിതരണത്തിനുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഗ്രാമീണ റോഡുകൾ തകർന്ന് ഗതാഗതയോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും കുടിവെള്ള പൈപ്പ് കണക്ഷൻ എത്തിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ/ഭാഗങ്ങൾ കുഴിക്കേണ്ടതായി വരുന്നുണ്ട്. ഇത്തരത്തിൽ കുഴിച്ച ചില റോഡുകൾ സഞ്ചാരയോഗ്യമല്ലാതായിട്ടുണ്ട്.

(ബി) ഇത്തരത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പദ്ധതിയുടെ ഭാഗമായി മുറിക്കുന്ന റോഡുകൾ/ഭാഗങ്ങൾ പുന:സ്ഥാപിക്കുന്നതിന് പ്രവൃത്തിയുടെ അംഗീകൃത ഷെഡ്യൂളിൽ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതമായി റോഡ് ആസ്തികളുടെ സംരക്ഷണ ഫണ്ട് (maintenance grant - road) വിഹിതം ലഭിക്കുന്നുണ്ട്. ടി തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താവുന്നതാണ്.

(സി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഗതാഗതയോഗ്യമല്ലാതെ തകർന്ന ഗ്രാമീണ റോഡുകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

### മാവേലിക്കര മുനിസിപ്പാലിറ്റിയിൽ അനുവദിക്കപ്പെട്ട പ്രവൃത്തികൾ

316(2244) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലും മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിലും ഉൾപ്പെടുത്തി, മാവേലിക്കര മുനിസിപ്പാലിറ്റിയിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികളിൽ, നഗരസഭ ആസ്തി രേഖയിലുള്ളതുപ്രകാരം പേരുകൾ രേഖപ്പെടുത്തി ഭരണാനുമതി പുതുക്കി നൽകാൻ നിർദ്ദേശിക്കപ്പെട്ടവ ഏതൊക്കെയെന്നും അവയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാക്കുമോയെന്ന് അറിയിക്കാമോ?

(ബി&സി) ആൽ ജംഗ്ഷൻ മുതൽ കൊറ്റാർക്കാവ് വരെയുള്ള റോഡ് പുനരുദ്ധാരണം പ്രവൃത്തിയുടെ പേര് ആസ്തി രജിസ്റ്ററിലുള്ള പ്രകാരം മുരിങ്ങാശ്ശേരിൽ റോഡ് എന്നാക്കിമാറ്റി ഭരണാനുമതി ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മലമ്പുഴ മണ്ഡലത്തിലെ പുതുപ്പരിയാരം സി.ബി.കെ.എം. ഹയർ സെക്കന്ററി സ്കൂളിന്റെ നിർമ്മാണം**

317(2245) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ മണ്ഡലത്തിലെ പുതുപ്പരിയാരം സി.ബി.കെ.എം. ഹയർ സെക്കന്ററി സ്കൂളിന്റെ പുതിയ ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തിക്ക് 2 കോടി രൂപ അടങ്കൽ തുകയിൽ 20 ശതമാനം തുക അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ പുതുപ്പരിയാരം സി.ബി.കെ.എം. ഹയർ സെക്കന്ററി സ്കൂളിന്റെ പുതിയ ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളു. ആയത് സർക്കാരിൽ ലഭിക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ**

318(2246) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി, കാസർഗോഡ് വികസന പാക്കേജ്, വെള്ളപ്പൊക്ക

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദുരിതാശ്വാസ പദ്ധതി, മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി 2019 ഏപ്രിൽ മുതൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം പഞ്ചായത്ത്/നഗരസഭ തിരിച്ച് വിശദമാക്കാമോ;

(ബി) നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

(എ & ബി) പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സുൽത്താൻ ബത്തേരി നഗരസഭയിലെ നടവഴിയുടെയും പാലത്തിന്റെയും നിർമ്മാണം

319(2247) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരി നഗരസഭയിലെ തിരുനെല്ലി 16-ാം ഡിവിഷനിൽ ടെക്നിക്കൽ ഹൈസ്കൂളിന് സമീപമുള്ള എൻ.എച്ച്-766-നോടും 3.5 സെന്റ് കോളനിയോടും ചേർന്നുള്ള നടവഴിയും നടവഴിയോട് ചേർന്നുള്ള പാലവും പൂർണ്ണമായും തകർന്നത് ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. 2018, 2019 എന്നീ കാലയളവുകളിൽ പെയ്ത ശക്തമായ മഴയിൽ നടവഴിയും നടവഴിയോട് ചേർന്നുള്ള കൾവർട്ടും തകർന്നതിനെത്തുടർന്ന് നഗരസഭ ഇടപെട്ട് മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന തോടിന്റെ പാർശ്വഭിത്തി നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) മഴയെത്തുടർന്ന് തോടിന്റെ ഇരുവശങ്ങളിലേയ്ക്ക് മണ്ണിടിഞ്ഞ് പ്രദേശവാസികൾക്ക് ഭീഷണി സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

3.5 സെന്റ് കോളനിവാസികളുടെയും പ്രദേശത്തുള്ള മറ്റ് താമസക്കാരുടെയും വീടിനോട് ചേർന്നുള്ള പാർശ്വഭിത്തി നിർമ്മാണം മൈനർ ഇറിഗേഷൻ വകുപ്പ് മുഖാന്തരം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പ്രദേശവാസികൾക്കുള്ള ഭീഷണി ഒഴിവായിട്ടുണ്ട്.

(സി) എങ്കിൽ നടവഴിയും നടവഴിയോട് ചേർന്നുള്ള പാലത്തിന്റെയും നിർമ്മാണം പൂർത്തീകരിക്കുന്നതിനും തോടിന്റെ വശങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടവഴിയോട് ചേർന്നുള്ള ചെറിയ തോടിന് കുറുകെ പ്രദേശവാസികൾ സ്ഥാപിച്ച താത്കാലിക പൈപ്പ് കൾവർട്ട് നിലവിലുണ്ട്. തോടിന്റെ പാർശ്വഭാഗങ്ങളിൽ ഇനി പൂർത്തീകരിക്കാനുള്ള ഭാഗത്തിന് മൈനർ ഇറിഗേഷൻ വകുപ്പിന്റെ 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

**പല്ലാരിമംഗലം പഞ്ചായത്തിലെ ക്ലാർക്കിന് സ്പെഷ്യൽ ഇൻക്രിമെന്റ് അനുവദിക്കുന്നതിന് നടപടി**

320(2248) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം പഞ്ചായത്തിൽ ക്ലാർക്കായിരുന്ന കെ. എം. മക്കാർ നാല് തവണ തുടർച്ചയായി 100% നികുതി പിരിവ് നടത്തിയതിന് സംസ്ഥാന അവാർഡ് ലഭിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബഹുമതി കണക്കിലെടുത്ത് പല്ലാരിമംഗലം പഞ്ചായത്ത് കമ്മിറ്റി സ്പെഷ്യൽ ഇൻക്രിമെന്റിന് ശിപാർശ ചെയ്ത് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ & ബി) ഉണ്ട്.

(സി) പ്രസ്തുത ശിപാർശയിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കാമോ;

(ഡി) അപേക്ഷ പരിഗണിച്ച് അദ്ദേഹത്തിന് സ്പെഷ്യൽ ഇൻക്രിമെന്റ് ലഭ്യമാക്കുന്നതിന് തുടർനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) 1991-92 കാലയളവ് മുതൽ തുടർച്ചയായി മൂന്ന് വർഷം 100% നികുതി പൂർത്തീകരിച്ചവരിൽ ഈ നേട്ടത്തിനായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്ക് അവാർഡായി 2 അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിക്കാൻ പഞ്ചായത്ത് വകുപ്പുമന്ത്രിയോട് അപേക്ഷിക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചുവെന്ന് കാണിച്ച് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് സഹിതം ശ്രീ. കെ. എം. മക്കാർ 22-8-2016-ൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച അപേക്ഷ സർക്കാർ EPA1/57/2022 ഫയലിൽ പരിശോധിച്ചുവരുന്നു.

## മണലൂർ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ അംഗീകൃത തസ്തികകൾ

321(2249) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ അംഗീകൃത തസ്തികകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

(ബി) പ്രസ്തുത തദ്ദേശസ്ഥാപനങ്ങളിലെ നിലവിലെ ജീവനക്കാരുടെ വിശദാംശം നൽകാമോ?

(എ & ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവ് നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

ക്ലാർക്ക് - 1

ഓഫീസ് അറ്റൻഡന്റ് - 4

ഫുൾ ടൈം സ്വീപ്പർ - 5

പാർട്ട് ടൈം സ്വീപ്പർ - 1

പാർട്ട് ടൈം ലൈബ്രേറിയൻ - 1

(ഡി) നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. പാർട്ട് ടൈം തസ്തികയിൽ പ്രൊബേഷൻ കാലാവധി പൂർത്തീകരിച്ച് സമ്മതപത്രം നൽകുന്നവർക്ക് ഫുൾ ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിവരുന്നുണ്ട്. നിലവിൽ സമ്മതപത്രം ആരും സമർപ്പിക്കാത്തതുമൂലമാണ് ഫുൾടൈം സ്വീപ്പർ തസ്തികയിൽ ഒഴിവ് നിലനിൽക്കുന്നത്. പാർട്ട് ടൈം തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പറപ്പറ്റപാലം പുനർ നിർമ്മാണം

322(2250) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.എൽ.ആർ.ആർ.പി.-യിൽ ഉൾപ്പെടുത്തിയ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ പറപ്പറ്റപാലം പുനർനിർമ്മാണം ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സാങ്കേതികാനുമതി വൈകുന്നതിനിടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. സി.എം.എൽ.ആർ.ആർ.പി.-യിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കേണ്ടിവന്നതിനാലും, കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽനിന്നും ഡിസൈൻ ലഭ്യമാക്കേണ്ടിവന്നതിനാലും, പഴയ പാലം പൊളിച്ച് നീക്കം ചെയ്യുന്നതിനും, പുതിയ പാലം നിർമ്മിക്കുന്നതിനും ഇറിഗേഷൻ വകുപ്പിന്റെ അനുമതി (മേജർ & മൈനർ) ആവശ്യമായി വന്നതിനാലുമാണ് സാങ്കേതികാനുമതി വൈകുന്നത്. അതിനാലാണ് ഇതുവരെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത്.

(സി) സാങ്കേതികാനുമതി നൽകി എപ്പോൾ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഇറിഗേഷൻ വകുപ്പിൽനിന്നുള്ള എൻ.ഒ.സി.-കൾ ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

## മലപ്പുറം ജില്ലയിലെ സ്കൂളിന് അനുവദിച്ച തുക തിരികെ നൽകുന്നതിന് നടപടി

323(2251) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗവൺമെന്റ് വി.എച്ച്.എസ്.എസ്. ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി ടോയ്‌ലറ്റ് നിർമ്മാണത്തിന് മലപ്പുറം ജില്ലാ പഞ്ചായത്ത് അനുവദിച്ച ഇരുപത് ലക്ഷം രൂപ സർക്കാർ തിരിച്ചുപിടിച്ചത് തിരികെ ലഭിക്കുന്നതിനായി സ്കൂൾ ഹെഡ്മാസ്റ്ററിന്റെ അപേക്ഷയിന്മേൽ മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അയച്ച കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ടോയ്‌ലറ്റ് നിർമ്മാണം പൂർത്തിയാക്കിയ സർക്കാർ ഏജൻസിക്ക് പണം നൽകാനാകാതെ സ്കൂൾ അധികൃതർ ബുദ്ധിമുട്ടുന്ന കാര്യം പരിഗണിച്ച് സർക്കാർ തിരിച്ചെടുത്ത തുക സ്കൂളിന് തിരികെ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് ടോയ്‌ലറ്റ് നിർമ്മാണത്തിന് ജില്ലാ പഞ്ചായത്ത് അനുവദിച്ച 20 ലക്ഷം രൂപ 2022 മാർച്ച് മാസം സർക്കാർ തിരിച്ചുപിടിച്ചത് തിരികെ ലഭിക്കുന്നതിനായി ടി സ്കൂളിലെ ഹെഡ്മാസ്റ്റർ മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ച അപേക്ഷ നിലവിൽ സർക്കാർ ഡിബി1/305/2022/ത.സ്വ.ഭ.വ. ഫയലിൽ പരിശോധിച്ചുവരുന്നു.

**മലപ്പുറം മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി**

324(2252) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം നാളിതുവരെ മലപ്പുറം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

(എ & ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) മങ്ങാട്ടുപുലം-ഹാജിയാർപള്ളി തൂക്കുപാലം പുനർ നിർമ്മാണത്തിന് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഫണ്ട് അനുവദിക്കാനും ഭരണാനുമതി നൽകാനും നടപടി സ്വീകരിക്കുമോ?

നിലവിലെ എസ്റ്റിമേറ്റിലെ 12% ജി.എസ്.ടി എന്നത് 18% ജി.എസ്.ടി ആക്കി എസ്റ്റിമേറ്റ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) 5-11-2020-ലെ G.O.(MS)No. 166/2020/LSGD നമ്പർ ഉത്തരവ് ഭേദഗതി ചെയ്ത് കോഡൂർ പഞ്ചായത്തിലെ വാർഡ് 17-ലെ മൈത്രി നഗർ ശ്മശാനം ഗ്രാമീണ റോഡിന് ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ.-യുടെ 31-11-2021-ലെ കത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം പുതിയ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ?

(ഡി&ഇ) 5-11-2020 -ലെ ഉത്തരവ് ഭേദഗതി സംബന്ധിച്ച ആവശ്യം പരിഗണിച്ചിട്ടില്ല. CMLRRP-ൽ ഉൾപ്പെടുത്തി പുതിയ പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നില്ല.

**ഗോശ്രീ പാലങ്ങൾ കൈമാറുന്നതിന് നടപടി**

325(2253) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോശ്രീ പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കാമോ?

ഗോശ്രീ പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ട് 18 വർഷമായി.

(ബി) ഈ കാലയളവിൽ നിരവധി ഭാരമേറിയ വാഹനങ്ങൾ ദിനംപ്രതി കടന്നുപോകുന്ന ഗോശ്രീ പാലങ്ങളുടെ ബലക്ഷമത പരിശോധന നടത്തിയിട്ടുണ്ടോ?

ഗോശ്രീ പാലങ്ങളുടെ ബലക്ഷമത പരിശോധന നടത്തിയിട്ടില്ല.

(സി) ഈ പാലങ്ങളുടെ അറ്റകുറ്റപ്പണികൾ ആരാണ് നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഗോശ്രീ പാലങ്ങളുടെ അറ്റകുറ്റപ്പണികൾ ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയാണ് നിർവ്വഹിക്കുന്നത്.

(ഡി) സമയബന്ധിതമായ അറ്റകുറ്റപ്പണികളും കേടുപാടുകളും നിർവഹിക്കുന്നതിനായി ജിഡ-യ്ക്ക് എഞ്ചിനീയറിംഗ് വിഭാഗം ഇല്ലാതിരുന്നിട്ടും നാളിതുവരെ പ്രസ്തുത പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന് കൈമാറാതിരുന്നതിന് കാരണം വ്യക്തമാക്കാമോ;

(ഇ) ഗോശ്രീ പാലങ്ങളുടേയും അനുബന്ധ അപ്രോച്ച് റോഡുകളുടേയും ശോചനീയാവസ്ഥ കണക്കിലെടുത്ത് ജിഡ ജനറൽ കൗൺസിൽ തീരുമാനപ്രകാരം പ്രസ്തുത പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന് കൈമാറാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) പ്രസ്തുത പാലങ്ങളും അനുബന്ധ അപ്രോച്ച് റോഡുകളും എപ്പോൾ പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(ഡി-എഫ്) ഗോശ്രീ പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ അങ്കണവാടിയുടെ നിർമ്മാണം

326(2254) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽനിന്ന് 5 ലക്ഷം രൂപയും പഞ്ചായത്ത് വിഹിതമായി 5 ലക്ഷം രൂപയും സാമൂഹ്യനീതി വകുപ്പിൽനിന്ന് 2 ലക്ഷം രൂപയും വകയിരുത്തി നിർമ്മാണമാരംഭിച്ച വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിലെ 6-ാം നമ്പർ അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

നിലവിൽ അങ്കണവാടി കെട്ടിട നിർമ്മാണം പ്ലാസ്റ്ററിംഗ് പൂർത്തിയായ ഘട്ടത്തിലാണ്.

(ബി) നിർമ്മാണ പ്രവർത്തനത്തിന് പഞ്ചായത്ത് ഷെയറായി സംസ്ഥാന തൊഴിലുറപ്പ് മിഷനിൽ തുക അടവാക്കി പണി ആരംഭിച്ചതിനെത്തുടർന്ന് പഞ്ചായത്ത് നൽകിയ ഫണ്ട് റിക്വസ്റ്റ് അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) കുട്ടികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട തുകയായ 2,48,850 രൂപ സംസ്ഥാന തൊഴിലുറപ്പ് മിഷൻ ഡയറക്ടർ അനുവദിച്ചിട്ടുണ്ട്.

## അരുവിക്കര മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിവരം

327(2255) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലും പഞ്ചായത്തുകളിലേയ്ക്ക് കൈമാറ്റം ചെയ്തുകിട്ടിയ സർക്കാർ സ്ഥാപനങ്ങളിലും അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ എണ്ണവും അതിൽ ഒഴിഞ്ഞുകിടക്കുന്ന

തസ്തികകൾ ഏതെല്ലാമാണെന്നും എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നുവെന്നും തസ്തിക തിരിച്ച് പഞ്ചായത്ത് തലത്തിൽ വിവരം ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## സാമൂഹിക സുരക്ഷാ പെൻഷൻ

328(2256) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ വിവിധ സാമൂഹിക സുരക്ഷാ പെൻഷനുകൾ കൃത്യമായി ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓണത്തിനുമുൻപായി കുടിശ്ശികയുള്ള സാമൂഹിക സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2022 ജൂൺ വരെയുള്ള പെൻഷൻ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. 25-8-2022-ലെ സ.ഉ.(സാധാ) നമ്പർ 6030/2022/ധന. ഉത്തരവ് പ്രകാരം 2022 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പെൻഷൻ അനുവദിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*)

## സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

329(2257) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിവിധ പദ്ധതികൾ പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ എത്ര സ്കൂളുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാനുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ അറിയിക്കുമോ?

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള സ്കൂളുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - 02

കൊല്ലം - ഇല്ല

പത്തനംതിട്ട - 03

ആലപ്പുഴ - ഇല്ല

കോട്ടയം - ഇല്ല

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇടുക്കി - 07

എറണാകുളം - 04

തൃശ്ശൂർ - 04

പാലക്കാട് - 03

മലപ്പുറം - 01

കോഴിക്കോട് - ഇല്ല

വയനാട് - 06

കണ്ണൂർ - 03

കാസർഗോഡ് - ഇല്ല

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും അനുമതിയോടെ നിർമ്മാണം ആരംഭിക്കുന്ന സ്കൂൾകെട്ടിടങ്ങൾക്ക് നിർമ്മാണം പൂർത്തിയാക്കുമ്പോൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(ബി&സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും അനുമതിയോടെ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കുന്ന കെട്ടിടങ്ങൾക്ക് സ്കൂൾ അധികൃതരിൽനിന്ന് അപേക്ഷ ലഭിക്കുന്നമുറയ്ക്ക് ഫിറ്റ്നസ് അനുവദിക്കുന്നതാണ്. കൂടാതെ കിഫ്ബി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് കിഫ്ബിയുടെ പരിശോധനയ്ക്കുശേഷം ഫൈനൽ ഇൻസ്പെക്ഷൻ റിപ്പോർട്ട് ലഭ്യമാക്കിയശേഷമേ ഫിറ്റ്നസ് അനുവദിച്ച നൽകാറുള്ളൂ. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്ന തരത്തിലുള്ള എല്ലാ കെട്ടിടങ്ങൾക്കും സ്ഥല പരിശോധനയ്ക്കുശേഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാറുണ്ട്.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

330(2258) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, ഭരണാനുമതി തീയതി, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കുമോ?

(എ&ബി) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മുളവുകാട് ഗ്രാമപഞ്ചായത്തിലെ അങ്കണവാടി കെട്ടിടനിർമ്മാണം**

331(2259) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 5-2-2020-ലെ 29/2020 ഉത്തരവ് പ്രകാരം 14,50,000 രൂപയ്ക്ക് തദ്ദേശസ്വയംഭരണവകുപ്പ് ഭരണാനുമതി നൽകിയ മുളവുകാട് ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ 99-ാം നമ്പർ അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

അങ്കണവാടി കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം മുളവുകാട് ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ റോഡ് എന്ന ഇനത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നത്. എന്നാൽ പ്രസ്തുത കെട്ടിടം റോഡിന്റെ വശത്തായി ഒഴിഞ്ഞുകിടക്കുന്ന 0.95 ആർ വസ്തുവിൽ നിർമ്മിക്കാൻ മുളവുകാട് ഗ്രാമ പഞ്ചായത്തിൽനിന്നും അംഗീകാരമായിട്ടുള്ളതാണ്. നിർമ്മാണം നടത്തേണ്ട സ്ഥലം സംബന്ധിച്ച് സ്ഥലവാസി പഞ്ചായത്ത് സെക്രട്ടറിക്ക് പരാതി നൽകിയിട്ടുള്ളതും ടി സ്ഥലവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ കേസ് നിലവിലുള്ളതുമാണ്. ആയതിനാൽ ടി പ്രവൃത്തി നാളിതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തിയുടെ പ്രവർത്തന ടെണ്ടർ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; പ്രവർത്തന കാലാവധി എന്നാണ് അവസാനിക്കുന്നത്; കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുവരെയെന്ന് വിശദമാക്കുമോ?

ടി പ്രവൃത്തി എഗ്രിമെന്റ് നമ്പർ 178/EE/LSGD/20-21 പ്രകാരം 8-2-2021-ൽ എഗ്രിമെന്റ് വച്ചിട്ടുള്ളതാണ്. എഗ്രിമെന്റ് കാലാവധി 7-8-2021-ൽ അവസാനിച്ചിട്ടുള്ളതാണ്. കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭരണാനുമതി പുതുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

ഇല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**തഴക്കര ഗ്രാമപഞ്ചായത്തിൽ അനുവദിച്ച പ്രവൃത്തികൾ**

332(2260) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലും മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിലുമുൾപ്പെടുത്തി തഴക്കര ഗ്രാമപഞ്ചായത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി നൽകിയവ, പൂർത്തീകരിച്ചവ, റദ്ദ് ചെയ്തവ, റദ്ദ് ചെയ്യാനുള്ള കാരണം എന്നിവ വ്യക്തമാക്കുമോ?

(എ&ബി) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലും മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിലുമുൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) അനുവദിച്ച റോഡിനുപകരം നൽകിയ റോഡുകൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) തഴക്കര വാർഡ് 21-ലെ കല്ലുമല ഐ.ടി.ഐ. റോഡിനുപകരമായി നിർദ്ദേശിച്ച വാർഡ് 7 ഗുരുമന്ദിരം-പഴഞ്ചിറക്കുളം റോഡിന് ഭരണാനുമതി ലഭ്യമാക്കുമോ?

(സി&ഡി) ശിപാർശ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**കുന്നത്തുനാട് മണ്ഡലത്തിലെ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി**

333(2261) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് ഫേസ് 1, ഫേസ് 2 എന്നിവയിൽ ഉൾപ്പെട്ട റോഡുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ ചീഫ് എഞ്ചിനീയർ നിർവ്വഹിക്കുന്ന റോഡ് പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1) തിരുവാണിയൂർ പഞ്ചായത്തിലെ കൊച്ചങ്ങാടി തോട്ടുങ്കമല സെമിനാരി റോഡ്

2) വാഴക്കുളം പഞ്ചായത്തിലെ എ.വി.റ്റി കൈപ്പൂരിക്കര റോഡ്

പി.എം.യു-ആർ.കെ.ഐ. മുഖേന നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടവ-

1. വടവുകോട് പുത്തൻ ക്രൂസ് ഗ്രാമപഞ്ചായത്തിലെ പന്നിക്കുഴി കാവുംതാഴം റോഡ്.

2. വാഴക്കുളം ഗ്രാമപഞ്ചായത്തിലെ നടക്കാവ് എതിര്കാവ് റോഡ്.

3. തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ തിരുവാണിയൂർ മേപ്പാടം റോഡ്

രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്-

വാഴക്കുളം ഗ്രാമ പഞ്ചായത്തിലെ നോർത്ത് ഏഴിപ്രം മടവന റോഡ്

(ബി) ഫേസ് 1-ൽ ഉൾപ്പെട്ട റോഡുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ചിഫ് എഞ്ചിനീയർ നിർവ്വഹിക്കുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പി.എം.യു ആർ.കെ.ഐ മുഖേന നിർവ്വഹിക്കുന്ന റോഡുകളുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

(സി) ഫേസ് 2-ൽ ഉൾപ്പെട്ട റോഡുകളുടെ ടെണ്ടർ നടപടികൾ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഫണ്ടിന്റെ അപര്യാപ്തതമൂലം രണ്ടാംഘട്ട പ്രവൃത്തികൾ ഏറ്റെടുക്കുന്നത് നിലവിൽ പരിഗണനയിലില്ല.

## ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്ന പ്രവൃത്തി

334(2262) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്ന പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിനുവേണ്ടിയുള്ള ഫയൽ എന്നാണ് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ എത്തിയത്; വിശദാംശം ലഭ്യമാക്കാമോ?

16-6-2022-ന് തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായ എസ്റ്റിമേറ്റിൽ സാങ്കേതിക പിഴവുകൾ കണ്ടെത്തിയതിനെത്തുടർന്ന്, ആയത് പരിഹരിച്ച് പുനർസമർപ്പിക്കുന്നതിനുവേണ്ടി 12-8-2022-ന് തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്ന് ഫയൽ ഒറ്റപ്പാലം മുനിസിപ്പൽ എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

**പി.എം.ജി.സി.വൈ. പദ്ധതി**

335(2263) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.ആർ.ഡി.എ.-ക്ക് കെ.എസ്.ആർ.ആർ.ഡി.എ. നൽകിയ നിർദ്ദേശപ്രകാരം പ്രധാനമന്ത്രി ഗ്രാമീണ സടക്ക് യോജനയിലുൾപ്പെടുത്തി നിർമ്മിക്കുന്ന റോഡുകൾക്ക് 20 എം.എം പ്രീമിക്സ് കാർപ്പറ്റിനുപകരം കനം കുറഞ്ഞ ഉപരിതല ഡ്രസ്സിംഗ് നടത്തുന്നതുമൂലം മഴക്കെടുതിയിൽ റോഡുകൾ എളുപ്പത്തിൽ തകരുന്ന അവസ്ഥയുണ്ടാകുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രീമിക്സ് കാർപ്പറ്റ് ഒരു ഓപ്പൺ ഗ്രേഡഡ് മിക്സായതിനാൽ ജലം ലെയറുകളിൽ കയറി റോഡ് നിർമ്മിതിയെ തകർക്കുകയും പോട്ട് ഹോളുകളും താഴ്ചകളുമുണ്ടാക്കുകയും ചെയ്യുന്നു. അകാലത്തിൽ കേടുപാടുകൾ സംഭവിക്കുന്ന റോഡുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ധാരാളം പണച്ചെലവും വരുന്നു. എന്നാൽ, ഉപരിതല ഡ്രസ്സിംഗിന്റെ വാട്ടർ പ്രൂഫിംഗിനുള്ള കഴിവുമൂലം മഴക്കെടുതിയിൽ റോഡുകൾ തകരുന്നതിനെ തടയുന്നതായാണ് കാണുന്നത്.

(സി) പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജനയിലുൾപ്പെടുത്തി നിർമ്മിക്കുന്ന റോഡുകൾക്ക് ഉപരിതല ഡ്രസ്സിംഗിനുപകരം 20 എം.എം പ്രീമിക്സ് കാർപ്പറ്റിലേയ്ക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇതിന് വരുന്ന അധിക ചെലവ് സംസ്ഥാന സർക്കാർ വഹിക്കുമോ; വ്യക്തമാക്കുമോ?

ഓപ്പൺ ഗ്രേഡ് പ്രീമിക്സ് കാർപ്പറ്റുമായി (OGPC) ഒത്തുനോക്കുമ്പോൾ, അതിനൂതന സാങ്കേതികവിദ്യയായ മെക്കനൈസ്ഡ് ഉപരിതല ഡ്രസ്സിംഗ് റോഡുകളുടെ ഉപരിതല ഗുണനിലവാരം ഉയർത്തുന്നതായാണ് കാണുന്നത്. മെക്കനൈസ്ഡ് സർഫസ് ഡ്രസ്സിംഗ് കേരളത്തിൽ ആദ്യമായി നടപ്പിൽ വരുത്തുന്നത് PMGSY-ൽ ആണ്. IRC SP 75:2015 കോഡ് നിഷ്കർഷിക്കുന്നത്,

ട്രാഫിക് കുറവായ റോഡുകളിൽ സർഫസ് ഡ്രസ്സിംഗ് ടെക്നോളജി ഉപയോഗിക്കാമെന്നാണ്. ചിപ്പിംഗ് കാർപ്പറ്റിനേക്കാൾ മികവുള്ളതാണെന്നാണ് ഈ സാങ്കേതിക വിദ്യയെക്കുറിച്ചുള്ള വിദഗ്ദ്ധാഭിപ്രായം. കൂടാതെ, OGPC-യുടെ ചെലവ് സിംഗിൾ/ഡബിൾ കോട്ട് ഉപരിതല ഡ്രസ്സിംഗ് ചെയ്യുന്നതിനേക്കാൾ കൂടുതലുമാണ്.

(ഡി) പി.എം.ജി.സി.വൈ. പ്രവൃത്തികളുടെ പ്രോജക്ട് റിപ്പോർട്ടുകളിൽ അനുവദിച്ചിട്ടുള്ള സൈഡ് ഡ്രെയിനുകൾ, സി.ഡി. വർക്കുകൾ, സംരക്ഷണ ഭിത്തികൾ എന്നിവയുടെ പ്രൊവിഷനുകൾ വളരെ പരിമിതമായതിനാൽ കേന്ദ്ര സർക്കാരിന്റെ ഗ്രാമീണ വികസന മന്ത്രാലയത്തിൽ പദ്ധതികൾ അനുവദിക്കുമ്പോൾ ആവശ്യമായ പ്രൊവിഷനുകൾ ഉൾപ്പെടുത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ; ഇതിന് വരുന്ന അധിക ചെലവ് സംസ്ഥാന സർക്കാർ വഹിക്കുമോ എന്ന് വ്യക്തമാക്കുമോ?

എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമാകുന്നതിനുള്ള പ്രൊവിഷനുകൾ ഉൾപ്പെടുത്തിയാണ് PMGSY-ൽ റോഡുകളുടെ DPR തയ്യാറാക്കുന്നത്. CD വർക്കുകൾ, സൈഡ് ഡ്രെയിനുകൾ, സംരക്ഷണ ഭിത്തികൾ എന്നിവ ഇതിൽ അനിവാര്യ ഘടകങ്ങളാണ്. DPR-ൽ തന്നെ ഇത് നിർബന്ധിത ഘടകമായി ഉൾപ്പെടുത്തിയിരിക്കുമ്പോൾ അധിക ഫണ്ടിന്റെ ആവശ്യം വരുന്നില്ല.

**കുടുംബശ്രീക്ക് പ്ലാൻഫണ്ട്**

336(2264) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം കുടുംബശ്രീക്ക് പ്ലാൻ ഫണ്ട് ഇനത്തിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്?

2021-22 സാമ്പത്തിക വർഷം കുടുംബശ്രീക്ക് പ്ലാൻ ഫണ്ട് ഇനത്തിൽ 200 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) പ്രത്യേക ജീവനോപാധിയായി അനുവദിച്ച തുക എത്രയെന്നും പ്ലാൻ ഫണ്ട് ഇനത്തിൽ ചെലവഴിച്ച തുക എത്രയെന്നും അറിയിക്കാമോ;

(സി) പ്രത്യേക ജീവനോപാധി പാക്കേജ് ഇനത്തിൽ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) പ്രത്യേക ജീവനോപാധി പാക്കേജിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 40 കോടി രൂപയാണ് കുടുംബശ്രീക്ക് അനുവദിച്ചിട്ടുണ്ടായിരുന്നത്. ആയതിൽ 39.54 കോടി രൂപ ചെലവായിട്ടുണ്ട്. പ്ലാൻ ഫണ്ടിനത്തിൽ അനുവദിച്ചിട്ടുണ്ടായിരുന്ന 200 കോടി രൂപയിൽ 198.88 കോടി രൂപയും ചെലവായിട്ടുണ്ട്.

(ഡി) കുടുംബശ്രീ സി.ഡി.എസ്. മെമ്പർമാർക്ക് യാത്രാബത്ത അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക വ്യക്തമാക്കുമോ?

സി.ഡി.എസ്. മെമ്പർമാർക്ക് പ്രതിമാസം 500 രൂപ യാത്രാബത്ത നൽകാനുള്ള 2021 ബഡ്ജറ്റ് പ്രസംഗത്തിലെ ശിപാർശയിന്മേൽ നടപടി പുരോഗമിച്ചുവരികയാണ്.

**ഗതാഗതയോഗ്യമല്ലാത്ത റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി**

337(2265) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കാലവർഷത്തിൽ ഗതാഗതയോഗ്യമല്ലാതായിത്തീർന്ന സംസ്ഥാനത്തെ നഗരസഭയുടേയും ത്രിതല പഞ്ചായത്തുകളുടേയും ഉടമസ്ഥതയിലുള്ള റോഡുകളുടെ പാച്ച്‌വർക്ക്, റീ ടാറിംഗ് ഉൾപ്പെടെയുള്ള പുനരുദ്ധാരണം നടത്തുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റ് വിഹിതമായി ലഭിക്കുന്ന റോഡ് ആസ്തികളുടെ സംരക്ഷണ ഫണ്ട് (Maintenance Fund- Road) ഉപയോഗിച്ചാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സാധാരണ നടത്തുന്നത്.

(ബി) വിവിധ കുടിവെള്ള പദ്ധതികൾക്കായി നഗരസഭയുടേയും ത്രിതല പഞ്ചായത്തുകളുടേയും ഉടമസ്ഥതയിലുള്ള റോഡുകൾ പൊളിച്ചുകഴിഞ്ഞാൽ ആയത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

വിവിധ കുടിവെള്ള പദ്ധതികൾക്കായി മുറിക്കുന്ന റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് പ്രസ്തുത പ്രവൃത്തിയുടെ അംഗീകൃത ഷെഡ്യൂളിൽ റീസ്റ്റോറേഷൻ ചാർജ്ജ് ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## കെട്ടിട നിർമ്മാണ പെർമിറ്റ്

338(2266) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ പെർമിറ്റിന് (വീട്) ബയോഗ്യാസ് നിർബന്ധമാക്കിയിട്ടുണ്ടോ; അറിയിക്കാമോ;

(ബി) എത്ര വിസ്തീർണ്ണത്തിന് മുകളിലാണ് ബയോഗ്യാസ് നിർബന്ധമാക്കിയിട്ടുള്ളത്; വിശദവിവരം നൽകാമോ?

(എ&ബി) കെട്ടിട നിർമ്മാണ ചട്ടം (KMBR 2019, KPBR 2019) 79 (3) പ്രകാരം 300 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള എല്ലാ പാർപ്പിട കെട്ടിടങ്ങളിലും, ജൈവ മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള മറ്റ് സംവിധാനങ്ങളില്ലാത്തപക്ഷം അത്തരം മാലിന്യ സംസ്കരണത്തിന് ബയോഗ്യാസ് പോലുള്ള സംവിധാനങ്ങൾ നൽകേണ്ടതാണ്.

## കുടുംബശ്രീ യൂണിറ്റുകൾ വഴി പച്ചക്കറി കൃഷി

339(2267) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ നിയമസഭാ മണ്ഡലങ്ങളിലും കുടുംബശ്രീ യൂണിറ്റുകൾ വഴി വ്യാപകമായി പച്ചക്കറി കൃഷി ചെയ്യുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ?

സംസ്ഥാനത്ത് എല്ലാ നിയമസഭാ മണ്ഡലങ്ങളിലും കുടുംബശ്രീ യൂണിറ്റുകൾ മുഖേന വ്യാപകമായി പച്ചക്കറി കൃഷി നിലവിൽ ചെയ്തുവരുന്നുണ്ട്. 14 ജില്ലകളിലായി നിലവിൽ 74,776 ജെഎൽജി-കൾ 3,43,271 കുടുംബശ്രീ അംഗങ്ങളായ വനിത കർഷകർ 33310.05 ഹെക്ടറിലായി പച്ചക്കറി, നേന്ത്രൻ, കിഴങ്ങുവർഗ്ഗങ്ങൾ, നെല്ല് എന്നിവ കൃഷി ചെയ്തുവരുന്നുണ്ട്. കൃഷി വിപുലപ്പെടുത്താനായി ഇന്റഗ്രേറ്റഡ് ഫാമിംഗ് മുതലായ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായുള്ള മുന്നൊരുക്കം നടത്തുന്നതിനും നല്ലയിനം പച്ചക്കറിത്തൈകൾ, ജൈവവളം എന്നിവ ലഭ്യമാക്കുന്നതിനും ലഭിക്കുന്ന പച്ചക്കറികൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന

നാട്ടുവിപണിയിലൂടെ വിറ്റഴിക്കുന്നതിന് സൗകര്യമൊരുക്കുന്നതിനും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കുമായി കൃഷി അനുബന്ധ വിഷയങ്ങളിൽ ബിരുദം നേടിയവർക്ക് അക്രെഡിറ്റ് ഓഫീസർ ട്രെയിനിമാരായി താൽക്കാലിക നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ടി പദ്ധതികളുടെ മേൽനോട്ടത്തിനായി കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ചെയ്ത് പരിചയവും കർഷകർക്കാവശ്യമായ പരിശീലനങ്ങളും നടത്തുന്നതിനായി ബ്ലോക്ക് തലത്തിൽ ജീവ/മാസ്റ്റർ ഫാർമേഴ്സിനെ തെരഞ്ഞെടുത്തിട്ടുണ്ട്. കൃഷി അനുബന്ധ വിഷയങ്ങളിൽ ബിരുദം നേടിയവർക്ക് അക്രെഡിറ്റ് ഓഫീസർ ട്രെയിനിമാരായി താത്ക്കാലിക നിയമനം നൽകുന്നതിന് പദ്ധതിയൊന്നും തത്ക്കാലം പരിഗണനയിലില്ല.

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരണം**

340(2268) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമതയോടെയും വേഗത്തിലും അഴിമതിമുക്തമായും സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ രംഗത്തെ ഭരണസംവിധാനത്തെ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവായ സേവനപ്രദാനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് 17-7-2020-ലെ സ.ഉ(കൈ) നമ്പർ 106/2020/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. തുടർനടപടിയുടെ ഭാഗമായി എസ്.ആർ.ഒ. നോട്ടിഫിക്കേഷനായി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വിവര സാങ്കേതികവിദ്യയുടേയും ഇ-ഗവേണൻസിന്റേയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനമൊരുക്കുന്നതിനും അതിവേഗ ഫയൽ നീക്കം ഉറപ്പുവരുത്തി പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് ദ്രുതഗതിയിൽ പരിഹാരമുണ്ടാക്കുന്നതിനുമാണ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. അതുപോലെ ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തിൽ ഓൺലൈൻ സേവനങ്ങൾ ഉപയോഗപ്പെടുത്തി സേവനങ്ങൾ അതിവേഗം പ്രദാനം ചെയ്യുന്നതിനും ഇലക്ട്രോണിക്‌വിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസുരഹിതമാക്കുന്നതിനും പുതിയ സംവിധാനം ലക്ഷ്യമിടുന്നു. ഓഫീസുകളിലെ ഫയൽ നീക്കത്തിൽ തട്ടുകളുടെ എണ്ണം നിജപ്പെടുത്തുകവഴി ഫയലുകൾ വേഗത്തിൽ തീരുമാനമുണ്ടാക്കുന്നതിനും സേവനപ്രദാനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണം വഴിയൊരുക്കും. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാവുന്ന സേവനങ്ങൾക്കും സാക്ഷ്യപത്രങ്ങൾക്കും ഒരേ രീതിയിലുള്ള ഫോമുകളും രേഖകളും മാത്രം ഉപയോഗിക്കുന്ന രീതി അവലംബിക്കാനും അതുവഴി ഫയൽ നീക്കം വേഗത്തിലാക്കാനും സാധിക്കും.

(ബി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിക്കുന്നതിലൂടെ അധികാര വികേന്ദ്രീകൃത പ്രക്രിയയേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും ഏതെല്ലാം വിധത്തിൽ ശക്തിപ്പെടുത്താനാകുമെന്ന് വിശദമാക്കാമോ?

അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലാ ഓഫീസ് എന്നത് ഒരു പുതിയ സംവിധാനമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ സംവിധാനത്തിന്റെ തലവനായി ജോയിന്റ് ഡയറക്ടറെയാണ് 17-7-2020 -ലെ സ.ഉ(കൈ)നമ്പർ 106/ 2020/തസ്വഭവ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. ജോയിന്റ് ഡയറക്ടർ തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഈ സംവിധാനം നിലവിൽ വരുന്നതോടുകൂടി ഇപ്പോൾ ആസ്ഥാന ഓഫീസുകളിൽനിന്നും ലഭ്യമാകുന്ന പല സേവനങ്ങളും ജില്ലാ ഓഫീസുകളിൽനിന്ന് ലഭ്യമാകും. അതുവഴി സമയം, അദ്ധ്വാനം എന്നിവ ലാഭിക്കാനാകും. എല്ലാ ജില്ലകളിലും ജോയിന്റ് ഡയറക്ടറുടെ കാര്യാലയം ഉണ്ടായിരിക്കും. ജില്ലാതലത്തിൽ ഏകീകൃത സംവിധാനം നിലവിൽ വരുന്നതോടുകൂടി ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളെ അവരുടെ പ്രവർത്തനങ്ങളിൽ കൂടുതൽ സഹായിക്കാനാകും. ഈ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട വിവിധ ജനക്ഷേമ പ്രവർത്തനങ്ങളിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും അവ തമ്മിലുള്ള ഏകോപനം ഉറപ്പുവരുത്തി സംയുക്ത സംരംഭങ്ങൾ ഏറ്റെടുക്കുന്നതിനും ദുരന്തനിവാരണം, പകർച്ചവ്യാധി നിവാരണം പോലുള്ള സുപ്രധാന കാര്യങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദമായി കൈകാര്യം ചെയ്യാനും സാധിക്കുന്നതാണ്. ഏകീകൃത പൊതുസർവ്വീസിന്റെ ജില്ലാതലവനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ

ജില്ലയിലെ ഏകോപനത്തിൽ ഭരണപരവും നയപരവുമായ കാര്യങ്ങളിൽ നേതൃസ്ഥാനം വഹിക്കേണ്ടതും ജോയിന്റ് ഡയറക്ടറാണ്. ജില്ലയ്ക്കകത്തുള്ള തദ്ദേശസ്ഥാപനങ്ങൾ തമ്മിൽ വിവിധ കാര്യങ്ങളിലുള്ള ഏകോപനം സാധ്യമാക്കുന്നതിൽ ജോയിന്റ് ഡയറക്ടർക്ക് നിർണ്ണായക സ്വാധീനം ചെലുത്താനാകും. അത് ഫലപ്രദമായ പദ്ധതി നിർവ്വഹണത്തിലും അവലോകനത്തിലൂടെയും ജനക്ഷേമ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാവുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണാവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് വികേന്ദ്രീകൃത ഭരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിനുള്ള ഭരണ സംസ്കാരം തദ്ദേശസ്വയംഭരണ വകുപ്പിലെ മുഴുവൻ ജീവനക്കാരിലും വളർത്തുന്നതിന് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് പ്രയോജനകരമാകുന്നതാണ്. തികച്ചും വികേന്ദ്രീകരണ സ്വഭാവത്തോടെയുള്ള രീതിയിലാണ് ഏകീകൃത വകുപ്പിന്റെ ഘടന രൂപകല്പന ചെയ്തിട്ടുള്ളത്.

**കൂരാച്ചുണ്ട് പഞ്ചായത്തിലെ സബ് ട്രഷറി നിർമ്മാണം**

341(2269) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് പഞ്ചായത്തിൽ സബ്ട്രഷറി നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സെന്റ് ഭൂമിയാണ് വിട്ടുനൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി കൈമാറുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സബ്ട്രഷറിയുടെ നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് നൽകിയ ഭൂമിയുടെ കൈമാറ്റ നടപടികൾ വേഗത്തിലാക്കാമോ?

(എ-സി) കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 6 സെന്റ് ഭൂമി സബ് ട്രഷറി നിർമ്മാണത്തിനായി വിട്ട് നൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറിൽനിന്ന് ലഭ്യമാക്കിയ പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. റവന്യൂ വകുപ്പിൽ അഭിപ്രായമാരാഞ്ഞുകൊണ്ട് നൽകിയിരിക്കുന്ന ഫയലിൽ പ്രസ്തുത വകുപ്പിന്റെയും നിയമ വകുപ്പിന്റെയും അഭിപ്രായം ലഭ്യമാക്കുന്നമുറയ്ക്ക് ഈ വകുപ്പിൽനിന്നും തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കെട്ടിട നമ്പർ ലഭിക്കുന്നതിന് നടപടി

342(2270) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ചട്ടം പ്രകാരം വീട് നിർമ്മിക്കുമ്പോൾ മറ്റൊരാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽനിന്ന് എത്ര മീറ്റർ അകലം പാലിക്കേണ്ടതുണ്ടെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ?

കെട്ടിട നിർമ്മാണ ചട്ടം പ്രകാരം വീട് നിർമ്മിക്കുമ്പോൾ മറ്റൊരാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽനിന്ന് എത്ര മീറ്റർ അകലം പാലിക്കേണ്ടതുണ്ടെന്ന് 2019-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി ചട്ടങ്ങളിൽ നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ പ്ലോട്ട് അതിരിൽനിന്നും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള അകലം പാലിച്ചുമാത്രമേ നിർമ്മാണം നടത്താൻ പാടുള്ളൂ. 2019-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 26(4) പ്രകാരം 10 മീറ്റർ വരെ ഉയരമുള്ള വാസഗൃഹത്തിന് ഫ്രണ്ട് യാർഡ് മിനിമം 1.8 മീറ്ററും ആവറേജ് 3.0 മീറ്ററും റിയർ യാർഡ് മിനിമം 1.0 മീറ്ററും ആവറേജ് 1.5 മീറ്ററും സൈഡ് യാർഡ് മിനിമം 1.0 മീറ്ററും നൽകേണ്ടതാണ്. 10 മീറ്റർ ഉയരം കഴിഞ്ഞുള്ള ഓരോ 3.0 മീറ്ററിനും 50 സെന്റീമീറ്റർ വീതം അധിക ഓപ്പൺ സ്പെയിസ് നൽകേണ്ടതാണ്. 7 മീറ്റർ വരെ ഉയരമുള്ള കെട്ടിടത്തിന്റെ വൺ സൈഡ് യാർഡ്/റിയർ യാർഡ് എന്നിവ അതിരിനോട് ചേർന്നുള്ള ഭൂവുടമയുടെ സമ്മതത്തോടുകൂടി അതിർത്തിയോട് ചേർത്ത് കെട്ടാവുന്നതാണ്. അത്തരത്തിൽ ഒരു ഭൂവുടമ സ്വമേധയാ സമ്മതിക്കുകയാണെങ്കിൽ രേഖാമൂലമുള്ള സമ്മതമില്ലാതെതന്നെ അതേ പ്ലോട്ടിന്റെ അതിരിലേയ്ക്ക് ചേർത്തുകെട്ടാൻ ആ ഭൂവുടമയ്ക്കും അവകാശമുണ്ടായിരിക്കും. ചെറിയ പ്ലോട്ടിലെ കെട്ടിടത്തിന് ഫ്രണ്ട് യാർഡ് മിനിമം 1.2 മീറ്ററും ആവറേജ് 1.8 മീറ്ററും റിയർ യാർഡ് മിനിമം 0.5 മീറ്ററും ആവറേജ് 1.0 മീറ്ററും സൈഡ് യാർഡ് മിനിമം 0.6 മീറ്ററും നൽകേണ്ടതാണ്.

(ബി) ഈ ചട്ടം പാലിക്കാതെ കെട്ടിടം നിർമ്മിച്ചാൽ എന്തെല്ലാം നടപടികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനം സ്വീകരിക്കുന്നത്; വിശദമാക്കാമോ?

1994-ലെ കേരള പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി ആക്റ്റുകളിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങളിലേയോ വ്യവസ്ഥകളിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ സംഗതിയിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 235W, 235X വകുപ്പുകൾ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 406, 408 വകുപ്പുകൾ, 2019-ലെ കേരള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ അദ്ധ്യായം XIX എന്നിവയിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) അങ്ങനെ നിർമ്മിച്ച കെട്ടിടം ക്രമവത്കരിച്ച് നമ്പർ ലഭിക്കുവാൻ എന്തെങ്കിലും മാർഗ്ഗങ്ങളുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ?

നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിന് വ്യവസ്ഥയില്ല.

**പഞ്ചായത്തിന് കീഴിലുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം**

343(2271) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിന് കീഴിലുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് പഞ്ചായത്ത് ഫണ്ട് വകയിരുത്തുന്നതിന് തടസ്സമുണ്ടോ; വിശദമാക്കാമോ?

പഞ്ചായത്തിന് കീഴിലുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് പഞ്ചായത്ത് ഫണ്ട് വകയിരുത്തുന്നതിന് തടസ്സമില്ല. പതിനാലാം പഞ്ചവൽസരപദ്ധതിയുടെ ഭാഗമായി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതി തയ്യാറാക്കാനുള്ള മാർഗ്ഗരേഖ 19-4-2022-ന് സ.ഉ.(കൈ) നമ്പർ 84/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ കൈമാറിക്കിട്ടിയ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സബ് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ, അവയുടെ നിർമ്മാണം, പുനർനിർമ്മാണം, അറ്റകുറ്റപ്പണികൾ, മറ്റ് ഭൗതിക സൗകര്യങ്ങളൊരുക്കൽ എന്നിവയ്ക്ക് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കാവുന്ന പ്രോജക്ടിലേയ്ക്ക് ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതുമാണ്.

(ബി) പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പെയിൻ & പാലിയേറ്റീവിന് വേണ്ടിയുള്ള വാഹനങ്ങളുടെ തുടർപരിപാലനത്തിനും മറ്റുമായി പഞ്ചായത്ത് ഫണ്ടുകൾ വകയിരുത്തുന്നതിന് തടസ്സമുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി നിലവിലുള്ള ആംബുലൻസുകളുടെ ആവർത്തന ചെലവുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/പ്ലാൻ ഫണ്ട് വകയിരുത്തി നിർവ്വഹിക്കുന്നതിന് 3-6-2021-ലെ 1089/2021/ത.സ്വ.ഭ.വ. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## മുനിസിപ്പാലിറ്റികളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ

344(2272) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര നഗരസഭകളുണ്ടെന്ന് വ്യക്തമാക്കാമോ; നഗരസഭകളിലെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ചും മുനിസിപ്പാലിറ്റി തിരിച്ചും വ്യക്തമാക്കാമോ?

കേരളത്തിൽ 87 മുനിസിപ്പാലിറ്റികളും 6 മുനിസിപ്പൽ കോർപ്പറേഷനുകളുമുണ്ട്.

ജീവനക്കാരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എത്രയെന്നും എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നുവെന്നും മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ?

ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ ഏതെല്ലാം ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുണ്ടെന്നും എത്ര വർഷത്തെ സേവനത്തിനുശേഷമാണ് സ്ഥലംമാറ്റിയതെന്നും മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ?

ആറ് വർഷത്തിനുള്ളിൽ സ്ഥലംമാറ്റപ്പെട്ട ജീവനക്കാരുടെ വിവരങ്ങൾ ടിയാൾക്കാരുടെ സേവനപുസ്തകം പരിശോധിച്ചുമാത്രമേ നൽകുന്നതിന് നിർവ്വാഹമുള്ളൂ എന്നതിനാൽ പ്രസ്തുത വിവരങ്ങൾ എല്ലാ നഗരസഭകളിൽനിന്നും ലഭ്യമാക്കി ക്രോഡീകരിച്ച് നൽകുന്നതാണ്.

## തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

345(2273) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം അരുവിക്കര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡുകളിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത പ്രവൃത്തികൾ ഉണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയിൽ അരുവിക്കര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ 14 റോഡ് പ്രവൃത്തികളിൽ 7 പ്രവൃത്തികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ടി പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടും 7 പ്രവൃത്തികൾ ഇതുവരെ ആരംഭിച്ചിട്ടില്ല. പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

**നിലാവ് പദ്ധതി**

346(2274) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തെരുവുവിളക്കുകൾ പൂർണ്ണമായും എൽ.ഇ.ഡി.-യിലേയ്ക്ക് മാറ്റുന്ന നിലാവ് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

നിലാവ് പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ വാങ്ങിയ 2 ലക്ഷം LED ബൾബുകളും രണ്ടാം ഘട്ടത്തിൽ ഓർഡർ ചെയ്തിട്ടുള്ള 1.72 ലക്ഷത്തിൽ 1.52 ലക്ഷം വിവിധ വോൾട്ടേജുകളിലുള്ള LED ബൾബുകളും സ്ഥാപിച്ചു. പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള ശ്രമമായി സംസ്ഥാന വ്യാപകമായി സർവ്വേ പൂർത്തിയാക്കി. കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പങ്കെടുപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉന്നയിക്കുന്ന പരാതിയിന്മേൽ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയ സംസ്ഥാന വൈദ്യുതി ബോർഡ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ച LED ബൾബുകളിൽ കേടായവ മാറ്റി സ്ഥാപിക്കുന്നതിന് ലഭിക്കുന്ന പരാതികളിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. പദ്ധതി പ്രകാരം സ്ഥാപിച്ച 3.52 ലക്ഷം LED-കളിൽ നാളിതുവരെ കേടായതായി റിപ്പോർട്ട് ചെയ്തിട്ടുള്ള 15049 LED കളിൽ 10400 എണ്ണം മാറ്റി സ്ഥാപിച്ചുകഴിഞ്ഞു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ശുചിത്വ മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനത്തിന് ഗ്രേഡ് നൽകുന്ന പദ്ധതി

347(2275) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വ മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തരംതിരിച്ച് ഗ്രേഡ് നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്. ശുചിത്വ പരിപാലനത്തിന്റെയും മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ തദ്ദേശസ്ഥാപനങ്ങൾക്ക് ഗ്രേഡ് നൽകുന്നതിന് 19-7-2022-ലെ സ.ഉ.(സാധാ) നമ്പർ 1714/2022/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ഗ്രേഡിംഗിന് മാനദണ്ഡങ്ങളായി തീരുമാനിച്ച ഘടകങ്ങൾ എന്തൊക്കെയെന്നും ഗ്രേഡിംഗിന്റെ തരങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

ഗ്രേഡിംഗിന് മാനദണ്ഡങ്ങളായി തീരുമാനിച്ച ഘടകങ്ങൾ ചുവടെ ചേർക്കുന്നു

- നിലവിലെ മാലിന്യ സംസ്കരണം സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ
- സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണത്തിനായി ഒരുക്കേണ്ട അടിസ്ഥാന സജ്ജീകരണങ്ങൾ
- അടിസ്ഥാന സജ്ജീകരണങ്ങളുടെ സുസ്ഥിരതയ്ക്കായി ഒരുക്കേണ്ടുന്ന പിന്തുണ
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപപ്പെടുന്ന ആകെ മാലിന്യത്തിന്റെ അളവ്, ശേഖരിച്ച് സംസ്കരിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് എന്നിവ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന വിലയിരുത്തൽ.
- ഹരിത കർമ്മ സേനയുടെ നേതൃത്വത്തിലുള്ള വാതിൽപ്പടി ശേഖരണ കവറേജ്
- തദ്ദേശ സ്ഥാപന പരിധിയിൽ രൂപപ്പെടുന്ന ആകെ മാലിന്യത്തിന്റെ ശേഖരണത്തിന്റെ അളവ്
- പാഴ്വസ്തു സംഭരണത്തിനും തരംതിരിക്കലിനുമായി മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ്. സംവിധാനങ്ങൾ

- ഉറവിട ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ (ഗാർഹിക-സ്ഥാപന-പൊതുതലങ്ങൾ)
- ശുചിത്വ മാലിന്യ സംസ്കരണ സേവന ഗുണപരത
- അശാസ്ത്രീയ മാലിന്യ സംസ്കരണം നടത്തുന്നവർക്കെതിരെ സ്വീകരിച്ച നിയമ നടപടികൾ
- മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായുള്ള ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ
- പൊതു ശൗചാലയങ്ങളുടെ ശുചിത്വം
- പരമ്പരാഗത മാലിന്യ കൂനകൾ നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ
- പൊതു ജലാശയങ്ങളുടെ ശുചിത്വം
- പൊതു നിരത്തുകളുടെയും പൊതുയിടങ്ങളുടെയും ശുചിത്വം
- പൊതു അവബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
- യൂസർഫീ ശേഖരണം
- ഹരിത കർമ്മ സേനയുടെ ശാക്തീകരണം
- ഇറച്ചി മാലിന്യ സംസ്കരണത്തിലെ ചുവടുവയ്പ്പുകൾ

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ ലക്ഷ്യമിടുന്ന ‘ സമ്പൂർണ്ണ ശുചിത്വ കേരളം’ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിലേയ്ക്കായി നിലവിൽ സർക്കാർ പുറത്തിറക്കിയിട്ടുള്ള മാലിന്യ സംസ്കരണ നയങ്ങളുടെയും മാർഗ്ഗരേഖകളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും നിലവിലെ അവസ്ഥ വിലയിരുത്തി മികച്ച അവസ്ഥയിലുള്ളവരെ അംഗീകരിക്കുകയും അല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് പ്രാദേശിക തലത്തിലും സർക്കാർ തലത്തിലും ഇടപെടലുകൾ നടത്തി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും സമ്പൂർണ്ണ ശുചിത്വ പദവിയിലെത്തിക്കൽ എന്നതാണ് ഗ്രേഡിംഗിലൂടെ ഉദ്ദേശിക്കുന്നത്.

## തദ്ദേശ സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക വിഹിതം

348(2276) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ലഭ്യമാക്കേണ്ട സാമ്പത്തിക സഹായവും അതിന്റെ മാനദണ്ഡങ്ങളും വിശദമാക്കാമോ?

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകളിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാനപ്രകാരമാണ് നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ടുകൾ അനുവദിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന വിവിധയിനം ഫണ്ടുകൾ താഴെപ്പറയും പ്രകാരമാണ്.

I. പൊതു ആവശ്യ ഫണ്ട്

II. സംരക്ഷണ ഫണ്ട് [റോഡ്/ റോഡിതരം]

III. വികസന ഫണ്ട് [പൊതു വിഭാഗം, എസ്.സി.എസ്.പി (SCSP), ടി.എസ്.പി(TSP)]

പൊതു ആവശ്യ ഫണ്ട്

സംസ്ഥാനത്തിന്റെ അറ്റ തനത് നികുതി വരുമാനത്തിന്റെ 4% ആണ് പ്രാദേശിക സർക്കാരുകൾക്കുള്ള പൊതു ആവശ്യ ഫണ്ടായി നീക്കിവച്ചിട്ടുള്ളത്. ജില്ലാപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും മുൻവർഷത്തേക്കാൾ 12% വർദ്ധനവ് നൽകുകയും ശേഷിക്കുന്ന തുക ജനസംഖ്യയുടെ അടിസ്ഥാനത്തിൽ മാത്രം ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയ്ക്ക് വിതരണം നടത്തിവരുന്നു. ശബരിമലയ്ക്ക് ചുറ്റുമുള്ള എരുമേലി, ചിറ്റാർ, റാന്നി-പെരുനാട്, വടശ്ശേരിക്കര, സീതത്തോട്, നാറാണമൂഴി എന്നീ ആറ് ഗ്രാമപഞ്ചായത്തുകൾക്ക് 15 ലക്ഷം രൂപ വീതവും ഗുരുവായൂർ മുനിസിപ്പാലിറ്റിക്ക് 25 ലക്ഷം രൂപയും സ്പെഷ്യൽ ഗ്രാന്റായി പൊതു ആവശ്യ ഫണ്ടിന്റെ മൊത്തം വിഹിതത്തിൽനിന്നും നൽകുന്നുണ്ട്.

റോഡ്/റോഡിതര സംരക്ഷണ ഫണ്ട്

സംസ്ഥാനത്തിന്റെ അറ്റ തനത് നികുതിയുടെ 4% റോഡ് സംരക്ഷണ ഫണ്ടായും 2.5% റോഡിതര സംരക്ഷണ ഫണ്ടായും കണക്കാക്കിയാണ് തുക വിതരണം നടത്തുന്നത്. 2020-21 വർഷത്തെ ഫണ്ടിന്റെ അതേ അനുപാതത്തിലാണ് ഈ തുകയുടെ വിതരണം നടത്തുന്നത്.

<u>വികസന ഫണ്ട്</u>

സംസ്ഥാനത്തിന്റെ പദ്ധതി അടങ്കലിന്റെ ഒരു നിശ്ചിത ശതമാനമാണ് പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ടിന്റെ മൊത്തം വിഹിതമായി കണക്കാക്കിയിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷം 26.5% ആയ 8048 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റും വികസന ഫണ്ടിന്റെ ഭാഗമായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

2022-23 മുതൽ ഫണ്ട് വിതരണം നടത്തേണ്ടുന്ന മാനദണ്ഡം ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്മേൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷമാണ് ഇത്തരത്തിൽ തീരുമാനമെടുത്തിട്ടുള്ളത്. ആകയാൽ 2021-22 സാമ്പത്തിക വർഷത്തെ മാനദണ്ഡ പ്രകാരമാണ് നിലവിൽ ഫണ്ട് വിതരണം നടത്തിയിട്ടുള്ളത്. സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം ഫണ്ട് പുനർ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫണ്ട് വിതരണം നടത്തുന്നതിനുള്ള മാനദണ്ഡം താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉൾപ്പെടെയുള്ള വികസന ഫണ്ടിന്റെ പൊതു വിഭാഗം ഫണ്ട് 5 തലത്തിലുള്ള പ്രാദേശിക സർക്കാരുകൾക്ക് താഴെ പ്പറയും പ്രകാരം വിഭജിച്ചിരിക്കുന്നു.

| ക്രമ നമ്പർ | മാനദണ്ഡം | ഗ്രാമ പഞ്ചായത്ത് | ബ്ളോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | മുനിസിപ്പൽ കോർപ്പറേഷൻ |
|---|---|---|---|---|---|---|
| | | | വെയിറ്റേജ് (%) | | | |
| 1 | പട്ടികജാതി- പട്ടികവർഗ്ഗ- ഇതര ജന സംഖ്യ (2011 സെൻസസ് പ്രകാരം ) | 40 | 50 | 50 | 40 | 40 |
| 2 | വിസ്തീർണ്ണം (ചതു.കി.മീ) | 10 | 10 | 10 | 10 | 10 |
| 3 | പാരിസ്ഥിതിക ദൗർബല്യം (Environmental | 10 | 10 | 10 | 10 | 10 |

| | | | | | | |
|---|---|---|---|---|---|---|
| | Vulnerability)<br>(1) വെള്ളപ്പൊക്ക സമതല പ്രദേശം (Ha)<br>(2) തീരദേശ മേഖലയുടെ നീളം (Km)<br>(3) ഉയർന്ന അപകട സാധ്യതയുള്ള മേഖല (Ha)<br>4) മീഡിയം അപകട സാധ്യതയുള്ള മേഖല (Ha)<br>[(3) നം (4) നമുള്ള വെയിറ്റേജ് യഥാക്രമം 2/3 : 1/3 ആണ്]. | | | | | |
| 4 | ഇല്ലായ്മയുടെ തോത് (Deprivation Index)<br>1. LPG കണക്ഷൻ ഇല്ലാത്ത വീടുകൾ<br>2. വൈദ്യുതി ഇല്ലാത്ത വീടുകൾ<br>3. ജലകണക്ഷൻ ഇല്ലാത്ത വീടുകൾ<br>4. അന്ത്യോദയ അന്നയോജന മുൻഗണനയുള്ള വീടുകൾ<br>5. ആളോഹരി തനതു വരുമാന വ്യത്യാസവും ജനസംഖ്യയും തമ്മിലുള്ള ഗുണനഫലം<br>(ഇത് ജില്ല -ബ്ലോക്ക് പഞ്ചായത്തുകൾക്ക് ബാധകമല്ല.). | 25 | 30 | 30 | 25 | 25 |
| 5 | വരുമാന സമാഹരണത്തിനുള്ള പ്രോത്സാഹനം | 15 | | | 15 | 15 |
| | ആകെ | 100 | 100 | 100 | 100 | 100 |

ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും UFC ഗ്രാന്റ് ഒഴികെയുള്ള പൊതു വിഭാഗം ഫണ്ട് അനുവദിക്കുമ്പോൾ മുൻ വർഷത്തെ അപേക്ഷിച്ച് പരമാവധി കുറവ് 15% ആയും പരമാവധി വർദ്ധനവ് 75% ആയും നിജപ്പെടുത്തുന്നതാണ്.

SCSP ഫണ്ടുകൾ ഗ്രാമീണ പ്രാദേശിക സർക്കാരുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ പട്ടികജാതി ജനസംഖ്യയുടെ അനുപാതത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കണം. (അതായത്, 2011-ലെ സെൻസസ് പ്രകാരം 83.25:10.25:6.50 എന്ന അനുപാതത്തിൽ). ഗ്രാമീണ പ്രാദേശിക സർക്കാരുകൾക്കുള്ള വിഹിതം വീണ്ടും 60:20:20 എന്ന അനുപാതത്തിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കായി വിഭജിച്ചിരിക്കുന്നു. ജനസംഖ്യയും ഇല്ലായ്മയുടെ തോതിനും (deprivation index) 60:40 എന്ന അനുപാതത്തിൽ വെയിറ്റേജ് കൊടുത്തുകൊണ്ടാണ് പട്ടികജാതി ഉപപദ്ധതി (SCSP) ഫണ്ട് പ്രാദേശിക സർക്കാരുകൾക്ക് വിതരണം നടത്തിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കുമുള്ള പട്ടികജാതി ഉപപദ്ധതി ഫണ്ട് അനുവദിക്കുമ്പോൾ മുൻ വർഷത്തെ അപേക്ഷിച്ച് പരമാവധി കുറവ് 15% ആയും പരമാവധി വർദ്ധനവ് 40% ആയും നിജപ്പെടുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ ഉപപദ്ധതി (TSP) ഫണ്ടുകൾ ഗ്രാമീണ പ്രാദേശിക സർക്കാരുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ അനുപാതത്തിൽ ഗ്രാമ പ്രദേശങ്ങൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവർക്കായി വിഭജിച്ചിരിക്കുന്നു. (അതായത് 91.96:6.08:1.96). ഗ്രാമീണ പ്രാദേശിക സർക്കാരുകളുടെ വിഹിതം വീണ്ടും 60:20:20 എന്ന അനുപാതത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കായി വിഭജിച്ചിരിക്കുന്നു. എല്ലാ ശ്രേണികളിലുമുള്ള പ്രാദേശിക സർക്കാരുകളുടെ പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് ജനസംഖ്യ 60%, ഇല്ലായ്മയുടെ തോത് (Index of Deprivation) 40% എന്ന വെയിറ്റേജ് പ്രകാരം വിതരണം നടത്തുന്നു.

2011-ലെ സെൻസസ് പ്രകാരം പട്ടികവർഗ്ഗ ജനസംഖ്യ 50 എങ്കിലുമുള്ള പ്രാദേശിക സർക്കാരുകൾക്ക് മാത്രമേ TSP ഫണ്ടുകൾ വിതരണം നടത്തിയിട്ടുള്ളു.

(ബി) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശ സ്ഥാപനങ്ങൾക്ക് നാളിതുവരെ നൽകിയ സാമ്പത്തിക സഹായം എത്രയെന്ന് വിശദമാക്കാമോ?

72725.26 കോടി രൂപ.

(സി) സാമ്പത്തിക സഹായം കുറവ് വന്നിട്ടുണ്ടെങ്കിൽ അതിന്റെ കാരണം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

2018-19, സാമ്പത്തിക വർഷം പെർഫോമൻസ് ഗ്രാന്റ് (Performance grant) കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ലെങ്കിലും ആയത് സംസ്ഥാന സർക്കാർ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിലും പെർഫോമൻസ് ഗ്രാന്റ് (Performance grant) കേന്ദ്ര വിഹിതം ലഭ്യമാക്കാത്ത സാഹചര്യത്തിൽ, ആയത് അനുവദിച്ചിട്ടില്ല.

2021-22 സാമ്പത്തിക വർഷം Urban Agglomerations ഗ്രാന്റ് തുക കേന്ദ്രത്തിൽ നിന്നും ലഭിച്ചിരുന്നില്ല. ആയത് 2022-23 സാമ്പത്തിക വർഷം കേന്ദ്രത്തിൽനിന്നും ലഭിക്കുകയും ടി തുക പ്രാദേശിക സർക്കാരുകൾക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

ആരോഗ്യ മേഖല ഗ്രാന്റിനത്തിൽ 2021-22 വർഷം 559 കോടി രൂപ കേന്ദ്ര സർക്കാർ വകയിരുത്തിയിരുന്നു. എങ്കിലും നാളിതുവരെ 427.13 കോടി രൂപയുടെ റിലീസ് മാത്രമേ ലഭ്യമായിട്ടുള്ളൂ. ആയത് സർക്കാർ റിലീസ് ചെയ്തുനൽകിയിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ പൊതുസർവ്വീസ്**

349(2277) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ പൊതുസർവ്വീസിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ, വാഹന പുനരുദ്ധാരണ പ്രവൃത്തികൾ എന്നിവ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ജില്ലാപഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുള്ള ജില്ലാതല ഇലക്ട്രിക്കൽ കമ്മിറ്റി മുഖേനയാണ് നടപ്പിലാക്കുന്നത്. നിലവിൽ വാഹന പുനരുദ്ധാരണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ വിഭാഗം മുഖേനയാണ് നടപ്പിലാക്കുന്നത്.

(ബി) തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് നിലവിൽ വരുന്നതുവഴി പൊതുമരാമത്ത് വകുപ്പിനെ ആശ്രയിച്ചുകൊണ്ട് നിലവിൽ നടത്തുന്ന ഇത്തരം പ്രവൃത്തികൾ, സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എപ്രകാരം സാധിക്കുമെന്ന് വ്യക്തമാക്കുമോ?

നിലവിലെ സംവിധാനത്തിൽ ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികൾ പരമാവധി വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ലൈഫ് പദ്ധതി

350(2278) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ വീടുകൾക്ക് അപേക്ഷിച്ച തദ്ദേശീയ ജനത (എസ്.ടി.) വിഭാഗം കുടുംബങ്ങളിലെ അംഗങ്ങൾക്ക് സർക്കാർ ജോലിയുള്ളതിന്റെ പേരിൽ, അത്തരം അപേക്ഷകൾ നിരസിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

27-7-2020-ലെ സ.ഉ. (കൈ) 112/2020/ത.സ്വ.ഭ.വ. ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായാണ് ലൈഫ് പദ്ധതിയിൽ അപേക്ഷ സ്വീകരിച്ചിട്ടുള്ളതും ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയിട്ടുള്ളതും. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽനിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബത്തിന് ടി ഉത്തരവിലെ മാനദണ്ഡപ്രകാരം ലൈഫ് പദ്ധതി പ്രകാരം വീടിന് അർഹതയില്ല. അത്തരത്തിലുള്ള അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.

(ബി) ഉണ്ടെങ്കിൽ തദ്ദേശീയ ജനത അനുഭവിക്കുന്ന വിഷയങ്ങൾ പരിഗണിച്ച്, ലൈഫ് പദ്ധതിയിൽനിന്ന് ഇത്തരം കുടുംബങ്ങളെ ഒഴിവാക്കാതിരിക്കാൻ വകുപ്പ് ഇടപെടലുകൾ നടത്തുമോ?

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ പട്ടികവർഗ്ഗ വിഭാഗത്തിന് പ്രത്യേക പരിഗണന നൽകിയാണ് നടപ്പാക്കിവരുന്നത്. ചില മാനദണ്ഡങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഇളവുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ ജോലിയുള്ളവരുടെ കുടുംബത്തെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഇളവ് അനുവദിച്ചിട്ടില്ല.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

351(2279) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പുതിയ ഉത്തരവ് പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി ഒരു ഗ്രാമപഞ്ചായത്തിൽ ഒരേ സമയം 20 പ്രവൃത്തികൾ ഏറ്റെടുത്താൽ മതി എന്നത് സംസ്ഥാനത്തിലെ തൊഴിലുറപ്പ് പ്രവർത്തനങ്ങളെ എപ്രകാരം ബാധിക്കുന്നു എന്നതുസംബന്ധിച്ച് എന്തെങ്കിലും പ്രാഥമിക വിലയിരുത്തലുകൾ വകുപ്പ് നടത്തിയിട്ടുണ്ടോ?

ഉണ്ട്. രാജ്യത്തിലെ മറ്റ് പല സംസ്ഥാനങ്ങളിലെ പഞ്ചായത്തുകളിൽനിന്നും വ്യത്യസ്തമായി കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ ജനസംഖ്യയിൽ വളരെ വലുതാണ്. ഓരോ ഗ്രാമപഞ്ചായത്തിലും ശരാശരി 2700-ൽ ഏറെ സജീവ കുടുംബങ്ങൾ തൊഴിൽ തേടുന്നവരായിട്ടുണ്ട്. ഇവരുടെ തൊഴിൽ ആവശ്യം നിറവേറ്റുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ശരാശരി ഒരു വർഷം 470 പ്രവൃത്തികളെങ്കിലും ഏറ്റെടുക്കേണ്ടിവരും. ആയതിനാൽ കേന്ദ്രസർക്കാരിന്റെ ടി മാർഗ്ഗനിർദ്ദേശം തൊഴിലാളികൾ തൊഴിൽ ഡിമാന്റ് ചെയ്യുന്നതിനനുസൃതമായി തൊഴിൽ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതാണ്. തൊഴിൽ ആവശ്യപ്പെടുകയും എന്നാൽ തൊഴിൽ നൽകാൻ സാധിക്കാതെ വരികയുമാണെങ്കിൽ തൊഴിലുറപ്പ് നിയമപ്രകാരം സംസ്ഥാനം തൊഴിലില്ലായ്മ വേതനം നൽകുന്നതിനുള്ള സാഹചര്യവും സൃഷ്ടിക്കപ്പെടും.

(ബി) ഈ പരിഷ്കരണംമൂലം സംസ്ഥാനത്തിന് നഷ്ടപ്പെടുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണം എത്രയായിരിക്കും?

നഷ്ടപ്പെടുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണം കണക്കാക്കിയിട്ടില്ല. എന്നാൽ, ഈ പരിഷ്കരണം പുന:പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്രസർക്കാരിന് ചീഫ് സെക്രട്ടറി കത്ത് അയച്ചിട്ടുണ്ട്.

## 'ടേക്ക് എ ബ്രേക്ക്' പദ്ധതി

352(2280) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടേക്ക് എ ബ്രേക്ക് പദ്ധതിയിലുൾപ്പെടുത്തി ഇടുക്കി ജില്ലയിൽ എത്ര വിശ്രമകേന്ദ്രങ്ങളാണ് നിർമ്മിക്കുന്നതെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ?

ടേക് എ ബ്രേക്ക് പദ്ധതിയിലുൾപ്പെടുത്തി ഇടുക്കി ജില്ലയിൽ 93 ടോയ്‌ലറ്റ് സമുച്ചയങ്ങളാണ് നിർമ്മിക്കുന്നത്. പ്രസ്തുത ടോയ്‌ലറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്ന സ്ഥലങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മണ്ഡലം തിരിച്ച് ഇവയുടെ എണ്ണം ലഭ്യമാക്കാമോ?

മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇവയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

353(2281) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഗ്രാമ പഞ്ചായത്തുകളിലെ നടപടികൾ സുതാര്യവും സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേയ്ക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച അതിനൂതന സോഫ്റ്റ്‌വെയറായ Integrated Local Governance Management System (ILGMS) 4-4-2022-ൽ സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിനോടൊപ്പം പ്രധാന പ്രവർത്തനങ്ങൾ നടക്കുന്ന ബാക്ക് ഓഫീസും കാലഘട്ടത്തിനനുസൃതമായി വിവരസാങ്കേതികവിദ്യയുടെ ആധുനിക സങ്കേതങ്ങൾ ഉൾക്കൊള്ളുന്ന ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലേയ്ക്ക് മാറ്റുന്നതിനാണ് ILGMS ലക്ഷ്യമിടുന്നത്. വിഭിന്നങ്ങളായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വിവര സാങ്കേതികവിദ്യ പ്രയോഗത്തിൽ വരുത്തുന്നതിനും അതുവഴി ഓഫീസ് പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനും കഴിയുന്ന രീതിയിൽ കടലാസ് രഹിത ഫയൽ നീക്കമാണ് സോഫ്റ്റ്‌വെയറിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഓഫീസുകളിലെ മനുഷ്യവിഭവശേഷിയുടെ പരിമിതിയെ മറികടക്കുന്നതിന് സഹായകമാകുന്ന രീതിയിൽ ഇന്റലിജന്റ് ഗവേണൻസിന്റെ സാദ്ധ്യതകൾ സോഫ്റ്റ്‌വെയറിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഉപയോഗിച്ചുവരുന്ന വിവിധ സോഫ്റ്റ്‌വെയറുകൾ ഒറ്റ ലോഗിനിലൂടെ ലഭ്യമാക്കുകയും സർക്കാർ സംവിധാനത്തിൽ നിലവിൽ ഉപയോഗിച്ചുവരുന്ന മറ്റ് വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറുകൾ സംയോജിപ്പിച്ച് ഉപയോഗിക്കുകയും ചെയ്യുന്നതിലൂടെ പഞ്ചായത്തുകൾ നൽകിവരുന്ന സേവനങ്ങളുടെ ഗുണനിലവാരം പരമാവധി കുറ്റമറ്റതാക്കാൻ ഇതിലൂടെ ലക്ഷ്യമിടുന്നു. നിയമാനുസൃതമായും സമയബന്ധിതമായും കാര്യക്ഷമതയോടെയും സുതാര്യത ഉറപ്പുവരുത്തിക്കൊണ്ടും ലോകത്തിന്റെ ഏതു

കോണിലിരുന്നും ഏതുസമയത്തും സേവനം പ്രാപ്യമാക്കി ഗ്രാമപഞ്ചായത്തുകളെ ജനസ്വീകാര്യ സേവന കേന്ദ്രങ്ങളായി മാറ്റാനും മികച്ച നിലവാരത്തിലേയ്ക്കുയർത്താനും സജ്ജമായ രീതിയിലാണ് ILGMS തയ്യാറാക്കിയിരിക്കുന്നത്.

സമ്പൂർണ്ണ ഗുണമേന്മ നയം നടപ്പാക്കിക്കൊണ്ട് പ്രതിബദ്ധതയുള്ള നേതൃത്വത്തിന്റെ കീഴിൽ ജീവനക്കാരുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ മികവുറ്റ സേവനം സമയബന്ധിതമായും അഴിമതിരഹിതമായും പൊതുജനങ്ങൾക്ക് നൽകി, അവ തുടർച്ചയായി മെച്ചപ്പെടുത്തി അവരുടെ സമ്പൂർണ്ണ സംതൃപ്തി ഉറപ്പുവരുത്തുന്ന മാതൃകാസ്ഥാപനമായി നിലകൊള്ളുക എന്ന നയം മുൻനിർത്തി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും ISO അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 939 ഗ്രാമപഞ്ചായത്തുകൾക്ക് ISO അംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ ISO അംഗീകാരം ലഭിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ ISO അംഗീകാരം തുടർന്നും നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളെയും ഐ.എസ്.ഒ നിലവാരത്തിലേയ്ക്കുയർത്തിയിട്ടുണ്ട്. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കാവശ്യമായ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാകാനുതകുന്ന വിധത്തിൽ സേവനങ്ങൾ ലഭ്യമാക്കേണ്ട സമയ പരിധി, ലഭ്യമാക്കേണ്ട ഉദ്യോഗസ്ഥൻ തുടങ്ങിയ വിവരങ്ങൾ ആയതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണം ത്വരിതഗതിയിലും കാര്യക്ഷമമായും നിർവ്വഹിച്ച് ആയതിന്റെ പ്രയോജനം എത്രയും പെട്ടെന്ന് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനുതകുന്ന വിധത്തിൽ ഗ്രാമവികസന കമ്മീഷണറേറ്റ് തലത്തിലും ജില്ലാതലത്തിലും ബ്ലോക്കുതലത്തിലും നിശ്ചിത ഇടവേളകളിൽ പദ്ധതി അവലോകന യോഗങ്ങൾ നടത്തുകയും പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടുകയും ആയത് പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികളുമായി ബന്ധപ്പെട്ട പേമെന്റുകൾ RTGS, PFMS തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങൾ മുഖേന നടത്തുന്നതിനാൽ ഫണ്ട് വിനിയോഗത്തിന്റെ സുതാര്യത ഉറപ്പാക്കപ്പെടുകയും സേവന ദാതാക്കളുടെയും ഗുണഭോക്താക്കളുടെയും അക്കൗണ്ടിലേയ്ക്ക് വേഗത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യപ്പെടുകയും ചെയ്യുന്നു. കൂടാതെ ബ്ലോക്ക് പഞ്ചായത്തുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കിവരുന്നു.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കുമെതിരായ അതിക്രമങ്ങൾ തടയുന്നതിനും മയക്കുമരുന്ന് ലോബികളുടെ പ്രവർത്തനം

നിരീക്ഷിക്കുന്നതിനും അവയ്ക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുമായി ഗ്രാമസഭകളെ ശക്തിപ്പെടുത്താൻ എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ?

ഗ്രാമപഞ്ചായത്തുകളിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ, സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ജാഗ്രതാ സമിതികളും, വയോജനങ്ങൾക്ക് നേരെയുണ്ടാകുന്ന സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം, അതിക്രമങ്ങൾ എന്നിവയിൽ ഇടപെട്ട് പരിഹരിക്കുന്നതിനും അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുംവേണ്ടി വയോജന ജാഗ്രതാ സമിതികളും രൂപീകരിച്ചിട്ടുണ്ട്. വ്യക്തിയെയും സമൂഹത്തെയും ശിഥിലമാക്കുന്ന ലഹരി എന്ന വിപത്തിനെക്കുറിച്ച് ജനങ്ങൾക്ക് പ്രത്യേകിച്ചും യുവജനങ്ങൾക്ക് അവബോധം നൽകുന്നതിനായി കേരള സർക്കാർ ആരംഭിച്ച ലഹരി വിമുക്ത പ്രചരണ പരിപാടിയാണ് 'വിമുക്തി'. വിമുക്തിയിലൂടെ ലഹരി വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കുകയെന്ന ലക്ഷ്യം കേരള സർക്കാരും എക്സൈസ് വകുപ്പും കൂട്ടായ സാമൂഹിക പ്രവർത്തനങ്ങളിലൂടെ നടപ്പിലാക്കുകയാണ് ലഹരി വിമുക്ത കേരളം എന്നതാണ് വിമുക്തി മുന്നോട്ടുവയ്ക്കുന്ന പ്രധാന ലക്ഷ്യം. വിദ്യാർത്ഥികളിലും യുവതലമുറയിലും പൊതുജനങ്ങളിലും ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനുള്ള വിവിധ കർമ്മ പരിപാടികൾ എക്സൈസ് വകുപ്പ് സംസ്ഥാന തലത്തിൽ നടപ്പാക്കിവരുന്നു. വിമുക്തിയുടെ കീഴിൽ സ്കൂൾ, കോളേജ് തലങ്ങളിൽ പ്രവർത്തിക്കുന്ന ലഹരി വിമുക്ത ക്ലബുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, നാഷണൽ സർവ്വീസ് സ്കീമുകൾ, കുടുംബശ്രീ, റെസിഡൻസ് അസോസിയേഷനുകൾ, സംസ്ഥാന ലൈബ്രറി കൗൺസിൽ, ലഹരി വിമുക്ത ഓർഗനൈസേഷനുകൾ, പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെയും യുവാക്കളുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ്മകൾ എന്നിവയിലൂടെയുള്ള പ്രവർത്തനങ്ങളിലൂടെയാണ് വിമുക്തി മിഷൻ ലഹരിക്കെതിരെ പ്രവർത്തിക്കുന്നത്. വിമുക്തിയുടെ സുഗമമായ നടത്തിപ്പിനായി ജില്ലാ, വാർഡ്, പഞ്ചായത്ത്, ലോക്കൽ സെൽഫ് ഗവൺമെന്റ് തലങ്ങളിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

19-4-2022-ലെ സ.ഉ.(കൈ.) നമ്പർ 84/2022/ത.സ്വ.ഭ.വ. ഖണ്ഡിക 8.8.1(3) പ്രകാരം സാമൂഹ്യ തിന്മകളെ നിരുത്സാഹപ്പെടുത്തുന്നതിനും മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി ഉപയോഗ വിപത്തുകൾക്കെതിരെയും വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗക്കാരുടെയുമിടയിൽ ബോധവൽക്കരണം നടത്തുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ ഗ്രാമ/ജില്ല പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

## കേരള ചിക്കൻ പദ്ധതി

354(2282) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേരള ചിക്കൻ പദ്ധതി വിപുലീകരിക്കുന്നതിന് ഇതിനോടകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ 6 ജില്ലകളിലായി നിലവിൽ 270 ബ്രോയ്‌ലർ ഫാമുകളും 98 കേരള ചിക്കൻ ഔട്ട്‌ലെറ്റുകളും പ്രവ്യത്തിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ ആലപ്പുഴ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ 4 ജില്ലകളിൽക്കൂടി കേരള ചിക്കൻ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 4 ജില്ലകളിലും കുടുംബശ്രീ അംഗങ്ങളായ കോഴി കർഷകരെ ഉൾപ്പെടുത്തി ക്ലസ്റ്റർ രൂപീകരണവും 4 ജില്ലകളിലേയ്ക്ക് ആവശ്യമായിവരുന്ന മാനവശേഷി നിയമനവും കുടുംബശ്രീ നടത്തിക്കഴിഞ്ഞു. പ്രത്യേക ജീവനോപാധി പാക്കേജ് വഴി കേരള ചിക്കൻ പദ്ധതിക്കായി കുടുംബശ്രീക്ക് അനുവദിച്ചുനൽകിയ തുക, പദ്ധതി നടപ്പിലാക്കുന്ന കുടുംബശ്രീ ബ്രോയ്‌ലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി ഘട്ടം ഘട്ടമായി ഈ 4 ജില്ലകളിലും ആരംഭിക്കുന്നതും നിലവിൽ പദ്ധതി നടപ്പിലാക്കുന്ന 6 ജില്ലകളിൽ കൂടുതൽ ഫാമുകളിലേയ്ക്ക് ഇന്റഗ്രേഷൻ വ്യാപിപ്പിക്കുന്നതും സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

## തദ്ദേശ സ്ഥാപനങ്ങളിലെ തെരഞ്ഞെടുത്ത അംഗങ്ങളുടെ ഓണറേറിയം

355(2283) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ഓണറേറിയം ഇപ്പോൾ എത്രയാണെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ നിലവിലെ ഓണറേറിയം ചുവടെ ചേർക്കുന്നു.

ജില്ലാ പഞ്ചായത്ത്

പ്രസിഡന്റ്- 16,800 രൂപ

വൈസ് പ്രസിഡന്റ്- 14,200 രൂപ

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ-10,400 രൂപ

അംഗങ്ങൾ- 9,800 രൂപ

ബ്ലോക്ക് പഞ്ചായത്ത്

പ്രസിഡന്റ്- 15,600 രൂപ

വൈസ് പ്രസിഡന്റ്- 13,000 രൂപ

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ -9,800 രൂപ

അംഗങ്ങൾ- 8,600 രൂപ

ഗ്രാമ പഞ്ചായത്ത്

പ്രസിഡന്റ്- 14,200 രൂപ

വൈസ് പ്രസിഡന്റ്- 11,600 രൂപ

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ- 9,200 രൂപ

അംഗങ്ങൾ- 8,000 രൂപ

കോർപ്പറേഷൻ

മേയർ- 16,800 രൂപ

ഡെപ്യൂട്ടി മേയർ- 14,200 രൂപ

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ- 10,400 രൂപ

അംഗങ്ങൾ- 9,200 രൂപ

മുനിസിപ്പാലിറ്റി

ചെയർമാൻ- 15,600 രൂപ

വൈസ് ചെയർമാൻ- 13,000 രൂപ

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ- 9,800 രൂപ

അംഗങ്ങൾ- 8,600 രൂപ

(ബി) മുഴുവൻ സമയ പ്രവർത്തനത്തിൽ ഏർപ്പെടുന്ന അംഗങ്ങൾക്ക് ഇപ്പോൾ നൽകുന്ന ഓണറേറിയത്തിൽനിന്നും ന്യായമായ വർദ്ധനവ് വരുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

## വാതിൽപ്പടി സേവനം

356(2284) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവനങ്ങൾ വീട്ടുപടിക്കലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച വാതിൽപ്പടി സേവനം, 2022 ആഗസ്റ്റ് 20 വരെ എത്ര പേർക്ക് എത്തിക്കാൻ കഴിഞ്ഞെന്ന് വ്യക്തമാക്കുമോ?

50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയ വാതിൽപ്പടി സേവനം പദ്ധതിയിൽ 23046 പേർക്ക് സേവനങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ഇതിനായി എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ?

തദ്ദേശസ്ഥാപനങ്ങൾ ഇതിനായി ചുവടെ ചേർത്തിട്ടുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു.

1. ഡിവിഷൻ/വാർഡ് തലത്തിൽ കമ്മിറ്റി രൂപീകരിക്കൽ

2. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കമ്മിറ്റി രൂപീകരിക്കൽ

3. വാർഷിക പദ്ധതിയിൽ തുക വകയിരുത്തൽ.

4. സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കൽ

5. ഗുണഭോക്താക്കളെ കണ്ടെത്തി, ലിസ്റ്റ് അന്തിമമാക്കി, ഭരണസമിതി അംഗീകരിച്ച് ഐഡന്റിറ്റി കം മോണിറ്ററിംഗ് കാർഡ്, ലഘുലേഖ എന്നിവ വിതരണം ചെയ്യൽ

6. സന്നദ്ധസേനാംഗങ്ങൾ, അനുബന്ധ സേവനദാതാക്കൾ എന്നിവരെ കണ്ടെത്തി സന്നദ്ധസേനാംഗങ്ങൾക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി പരിശീലനം നൽകുക.

7. വാതിൽപ്പടി സേവനവുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട രേഖകൾ തയ്യാറാക്കുക.

(സി) എത്ര സന്നദ്ധപ്രവർത്തകർക്ക് ഇതിനായി പരിശീലനം നൽകിവരുന്നു; വെളിപ്പെടുത്തുമോ?

കിലയുടെ സഹായത്തോടെ തദ്ദേശസ്ഥാപനതലത്തിൽ നാളിതുവരെ 24751 സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) ഏതെല്ലാം മേഖലകളിലാണ് ഇപ്പോൾ വാതിൽപ്പടി സേവനം നൽകാൻ ആലോചിക്കുന്നത്; വ്യക്തമാക്കുമോ?

ആദ്യ ഘട്ടത്തിൽ മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനുള്ള അപേക്ഷ, ജീവൻരക്ഷ മരുന്നുകൾ എത്തിച്ചുനൽകൽ എന്നീ സേവനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഇ) രണ്ടാംഘട്ടം എന്ന നിലയിൽ ഏതൊക്കെ സേവനം ഇതിന്റെ പരിഗണനയിൽ കൊണ്ടുവരാൻ കഴിയും; വിശദമാക്കാമോ?

പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കിയപ്പോൾ പല തദ്ദേശ സ്ഥാപനങ്ങളിലും സർക്കാർ നിർദ്ദേശിച്ചിരുന്ന 5 സേവനങ്ങൾ കൂടാതെ ഗുണഭോക്താക്കൾക്ക് പ്രയോജനകരമായി കണ്ട മറ്റ് നിരവധി സേവനങ്ങൾ നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതും ബില്ലുകൾ, കരം മുതലായവ അടയ്ക്കുന്നതും ആശുപത്രി സഹായങ്ങളുമുൾപ്പെടെയുള്ള വിവിധ സേവനങ്ങൾ കൂടി നൽകുന്നത് പരിഗണനയിലുണ്ട്.

**പാലക്കാട് - കണ്ണമ്പ്ര മേരിഗിരി പോത്തുചാടി റോഡ്**

357(2285) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര പഞ്ചായത്തിലെ മേരിഗിരി പോത്തുചാടി റോഡ് ശോച്യാവസ്ഥയിൽ തുടരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത റോഡ് അടിയന്തരമായി അറ്റകുറ്റപ്പണി നടത്തുന്നത് പരിഗണിക്കുമോ; വ്യക്തമാക്കുമോ?

പ്രസ്തുത റോഡ് അറ്റകുറ്റപ്പണി നടത്തുന്നതിനായി 20 ലക്ഷം രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**കോഴിമാലിന്യ സംസ്കരണ പ്ലാന്റുകൾ**

358(2286) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിമാലിന്യ സംസ്കരണത്തിനായി നിലവിൽ എത്ര പ്ലാന്റുകളാണ് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നത്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ?

കോഴിമാലിന്യ സംസ്കരണത്തിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രവർത്തനാനുമതി നൽകിയിട്ടുള്ള 49 പ്ലാന്റുകളിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന പ്ലാന്റുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | പ്രവർത്തിച്ചുവരുന്ന പ്ലാന്റുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 0 |
| 2 | കൊല്ലം | 2 |
| 3 | പത്തനംതിട്ട | 1 |
| 4 | ആലപ്പുഴ | 0 |
| 5 | കോട്ടയം | 0 |
| 6 | ഇടുക്കി | 0 |
| 7 | എറണാകുളം | 6 |
| 8 | തൃശ്ശൂർ | 1 |
| 9 | പാലക്കാട് | 2 |
| 10 | മലപ്പുറം | 19 |
| 11 | കോഴിക്കോട് | 1 |
| 12 | വയനാട് | 1 |
| 13 | കണ്ണൂർ | 2 |
| 14 | കാസർഗോഡ് | 3 |
| | ആകെ | 38 |

(ബി) എത്ര ടൺ മാലിന്യമാണ് നിലവിൽ പ്രതിമാസം സംസ്കരിക്കപ്പെടുന്നത്; വ്യക്തമാക്കുമോ?

ലഭ്യമായ വിവരങ്ങളനുസരിച്ച് സംസ്ഥാനത്ത് നിലവിൽ 14014.245 ടൺ കോഴിമാലിന്യമാണ് പ്രതിമാസം സംസ്കരിക്കപ്പെടുന്നത്.

(സി) പുതുതായി സംസ്കരണ സംവിധാനമുണ്ടാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉദ്ദേശിക്കുന്നുണ്ട്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ കോഴിമാലിന്യ സംസ്കരണ പ്ലാന്റുകൾ നിർമ്മാണ ഘട്ടത്തിലാണ്.

## ചെറുകിട നഗരങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നടപടി

359(2287) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ചെറുകിട നഗരങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ?

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പാക്കിവരുന്നത്. നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു. അജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ തരംതിരിച്ച് ശേഖരിച്ച് പുന:ചംക്രമണം ചെയ്യുന്നതിനും കൈമാറുന്നതിനുംവേണ്ടി എം.സി.എഫ്., മിനി എം.സി.എഫ്., ആർ.ആർ.എഫ്. സെന്ററുകളുടെ പ്രവർത്തനവും തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നടപ്പാക്കിവരുന്നു. അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫ്.-കളിലും, ആർ.ആർ.എഫ്.-കളിലും എത്തിക്കുന്നതിനായി ഹരിതകർമ്മസേനകൾ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇവർക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്തിട്ടുള്ള ഹരിത സഹായ സ്ഥാപനങ്ങളുടെ പ്രവർത്തനവും നടന്നുവരുന്നുണ്ട്. സംസ്ഥാനത്തെ നഗരസഭകളിലെ ഖരമാലിന്യ സംസ്കരണത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (നഗരം) ഒന്നാം ഘട്ടത്തിൽനിന്ന് ഖരമാലിന്യ സംസ്കരണത്തിന് ഡി.പി.ആർ.-കൾ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി ആയതുപ്രകാരം നഗരസഭകളിൽ വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പാക്കിവരുന്നുണ്ട്. കൂടാതെ സ്വച്ഛ് ഭാരത് മിഷൻ (നഗരം) രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഖരമാലിന്യ സംസ്കരണത്തിനും ദ്രവമാലിന്യ സംസ്കരണത്തിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ബി) ആയതിനായി ചെറുകിട സംസ്കരണ പദ്ധതികൾ ആവിഷ്കരിക്കുന്നകാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി&സി) സംസ്ഥാനത്തെ വിവിധ നഗരസഭകളിൽ ചെറുകിട മാലിന്യ സംസ്കരണ പ്ലാന്റുകൾ (ബയോമെതനേഷൻ/കംപോസ്റ്റിംഗ്) നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്വച്ഛ് ഭരത് മിഷൻ (നഗരം) 2.0-യുടെ ഭാഗമായി നഗര സഭകൾ ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചുവരുന്നു. കൂടാതെ പുതുതായി കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിൽ ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ശുചിത്വമിഷൻ നടപ്പിലാക്കിയ പദ്ധതികൾ**

360(2288) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം ശുചിത്വ മിഷൻ നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മാറിമാറി വരുന്ന ആവശ്യങ്ങൾക്കനുയോജ്യമായ രീതിയിൽ ശുചിത്വ മിഷൻ പുനഃസംഘടിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ?

ഖര ദ്രവ മാലിന്യ സംസ്കരണ രംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സാങ്കേതികമായി സഹായിക്കുന്നതിനും പദ്ധതി നടത്തിപ്പും മോണിറ്ററിംഗും കാര്യക്ഷമമാക്കുന്നതിനും ശുചിത്വ മിഷന് മനുഷ്യ വിഭവശേഷി ആവശ്യമാണ്. ഇതിനായി ജില്ലാ ശുചിത്വ മിഷനുകളിൽ കൂടുതൽ സാങ്കേതിക വിഭാഗം ജീവനക്കാരെയും സാമൂഹിക ഇടപെടലുകൾക്കായുള്ള മനുഷ്യ വിഭവശേഷിയും ഉൾപ്പെടുത്തി ശുചിത്വ മിഷന്റെ പ്രവർത്തനശേഷി വർദ്ധിപ്പിക്കുന്നതിനും ശക്തമാക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

**ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരണം**

361(2289) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ്/ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരായി പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3-2-1987-ലെ സ.ഉ.(എം.എസ്) നമ്പർ 25/87/എൽഎഡി പ്രകാരം കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരായി പരിഗണിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ (പഞ്ചായത്തിലെ ജീവനക്കാരുടെ ഉൾപ്പെടെ) ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സഞ്ചിതനിധിയിൽ നിന്നാണോ തദ്ദേശനിധിയിൽ നിന്നാണോ നൽകുന്നതെന്ന് വ്യക്തമാക്കാമോ; വിശദവിവരങ്ങൾ നൽകാമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/ജനറൽ പർപ്പസ് ഫണ്ടിൽനിന്നും മറ്റ് ജീവനക്കാർക്ക് സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നുമാണ് ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത്.

(സി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ വരവ് ചെലവുകൾ അക്കൗണ്ടിംഗ് രീതികളും സഞ്ചിത നിധിയും തദ്ദേശ നിധിയുമായി ബന്ധപ്പെടുത്തുന്നത് എപ്രകാരമാണെന്ന് അറിയിക്കാമോ?

ഈ വിഷയം സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്.

(ഡി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ സഞ്ചിത നിധിയിൽനിന്നും ശമ്പളം ലഭിക്കുന്ന വിഭാഗം ജീവനക്കാർ, തദ്ദേശ നിധിയിൽനിന്നും ശമ്പളം ലഭിക്കുന്ന വിഭാഗം ജീവനക്കാർ എന്നിങ്ങനെ വേർതിരിച്ച് വ്യക്തമാക്കാമോ; വിശദ വിവരങ്ങൾ നൽകാമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/ജനറൽ പർപ്പസ് ഫണ്ടിൽനിന്നും മറ്റ് ജീവനക്കാർക്ക് സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നുമാണ് ശമ്പളം നൽകുന്നത്.

**വാതക ശ്മശാനം നിർമ്മാണം**

362(2290) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ കുന്നംപുറം വാതക ശ്മശാനം നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഫയൽ നമ്പറും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

(എ&ബി) പാലക്കാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും, ടി പ്രവൃത്തിയുടെ (2.00 കോടി രൂപ അടങ്കൽ തുകയിലുള്ള) എസ്റ്റിമേറ്റ് ഭരണാനുമതിക്കായി, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിക്കുകയും ടി കാര്യാലയത്തിലെ ഡിബി5/9543/22/സിഇ/എൽ.ഐ.ഡി & ഇ.ഡബ്ല്യു. നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

**ഗ്രാമീണ റോഡുകൾക്ക് തുക അനുവദിക്കാൻ നടപടി**

363(2291) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ല/ബ്ലോക്ക് അംഗങ്ങളുടെ ഫണ്ടിൽനിന്നും ആറ് മീറ്റർ വീതിയുള്ള റോഡുകൾക്ക് മാത്രമേ പണം അനുവദിക്കാൻ നിയമമുള്ളൂ എന്നത് ശരിയാണോ; വെളിപ്പെടുത്തുമോ?

ജില്ല/ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതി മാർഗ്ഗരേഖ പ്രകാരം കുറഞ്ഞത് 6 മീറ്റർ വീതിയുള്ള റോഡുകൾ മാത്രമേ ഏറ്റെടുക്കാവൂ.

(ബി) മൂന്ന് മീറ്റർ വീതിയുള്ള ഗ്രാമീണ റോഡുകൾക്കുംകൂടി ഈ ഫണ്ടിൽനിന്ന് തുക അനുവദിക്കാൻ വേണ്ട നിയമ നടപടികൾ സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**ലൈഫ് ഭവന പദ്ധതി**

364(2292) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എ. രാജ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലൈഫ് ഭവന പദ്ധതിയുടെ അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇതിൽ ഉൾപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം, കുടുംബങ്ങൾ, ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവയുടെ വിശദാംശം നൽകാമോ?

ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിൻമേൽ അർഹതാ പരിശോധനയും പുന:പരിശോധനയും ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്കുശേഷം ഗ്രാമസഭ/വാർഡ് സഭകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപന അംഗീകാരത്തോടുംകൂടി (പ്രതികൂലമായ കാലാവസ്ഥമൂലവും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നതിനാലും ഗുണഭോക്തൃ പട്ടിക അന്തിമമാക്കാൻ സാധിക്കാതെയിരുന്ന 171 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളൊഴികെ) പട്ടിക അന്തിമമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2022 ആഗസ്റ്റ് 16-ന് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ഗുണഭോക്തൃ പട്ടിക പ്രകാരം ഭൂമിയുള്ള ഭവനരഹിതരായി 3,11,133 ഗുണഭോക്താക്കളും ഭൂരഹിത ഭവനരഹിതരായി 1,51,478 ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്. ഗുണഭോക്തൃ പട്ടിക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.* ഇതിനുശേഷം 168 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾകൂടി ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയിട്ടുണ്ട്.

(ബി) കാലവർഷക്കെടുതികാരണം യഥാസമയം ഗ്രാമ, വാർഡ് സഭകൾ പൂർത്തീകരിക്കാൻ കഴിയാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗുണഭോക്തൃ പട്ടിക സമർപ്പിക്കുന്നതിന് അവസരം നൽകിയിട്ടുണ്ടോ; എന്തെല്ലാം പരിശോധനകൾക്കും നടപടിക്രമങ്ങൾക്കും ശേഷമാണ് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതെന്ന് വിശദമാക്കാമോ?

നൽകിയിരുന്നു. ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിൻമേൽ അർഹതാ പരിശോധനയും പുന:പരിശോധനയും ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്കും ശേഷം ഗ്രാമസഭ/ വാർഡ്സഭകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപന അംഗീകാരത്തോടുംകൂടി (പ്രതികൂലമായ കാലാവസ്ഥമൂലവും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നതിനാലും ഗുണഭോക്തൃ പട്ടിക അന്തിമമാക്കാൻ സാധിക്കാതെയിരുന്ന 171 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെ) പട്ടിക അന്തിമമാക്കിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. പ്രതികൂലമായ കാലാവസ്ഥമൂലം അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുവാൻ സാധിക്കാതിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗുണഭോക്തൃ പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുശേഷം 168 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾകൂടി ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വിധവ പെൻഷൻ**

365(2293) ശ്രീ.പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭർത്താവ് ഉപേക്ഷിച്ചതോ വിവാഹമോചനം നേടിയതോ ആയ 50 വയസ്സിന് താഴെയുള്ള സ്ത്രീകൾക്ക് വിധവ പെൻഷന് അർഹതയുണ്ടോ; വ്യക്തമാക്കാമോ?

ഭർത്താവ് ഉപേക്ഷിച്ചതോ വിവാഹമോചനം നേടിയതോ ആയ 50 വയസ്സിന് താഴെയുള്ള സ്ത്രീകൾക്ക് വിധവ പെൻഷൻ ലഭിക്കാൻ അർഹതയില്ല. ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും പുനഃവിവാഹിതരായിട്ടില്ലാത്തവരുമായ കേസുകളിൽ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് മാത്രമെ നിലവിൽ വിധവ പെൻഷന് അർഹതയുള്ളു.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ പുനർവിവാഹം കഴിക്കുന്നതുവരെ മുൻകാലങ്ങളിൽ അനുവദിച്ചുപോന്ന വിധവ പെൻഷൻ നിലവിൽ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

അർഹരായവർക്കുമാത്രം വിധവാ പെൻഷൻ ലഭിക്കുന്നതിനായി പുറപ്പെടുവിച്ച 25-4-2019-ലെ നമ്പർ 35/2019/ധന. സർക്കുലർ പ്രകാരം, ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തതോ ആയവർക്കുമാത്രമേ വിധവാ പെൻഷൻ ലഭിക്കുവാൻ അർഹതയുള്ളൂവെന്നും (ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്/7 വർഷത്തിലധികമായി ഭർത്താവിനെ കാണ്മാനില്ലെന്ന് റവന്യൂ അധികാരികൾ നൽകുന്ന വിധവ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽമാത്രം) നിയമപരമായി വിവാഹ മോചനം നേടിയവരെ വിധവയായി കണക്കാക്കാനാകാത്തതിനാൽ അവർക്ക് വിധവ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ലെന്നും വിധവയല്ലാത്ത എന്നാൽ ഭർത്താവിൽനിന്ന് അകന്ന് കഴിയുന്ന വ്യക്തികൾക്ക് ചട്ടവിരുദ്ധമായി വിധവ പെൻഷൻ അനുവദിക്കാൻ പാടില്ലെന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ വിധവകൾക്കായുള്ള പെൻഷൻ ധാരാളം അനർഹരായവർ കൈപ്പറ്റുന്നുവെന്നുള്ള നിരവധി പരാതികൾ സർക്കാരിൽ ലഭിച്ചതിനെത്തുടർന്ന് സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ നിർദ്ദേശങ്ങൾ നിലവിൽ പെൻഷൻ ലഭിച്ചുവന്നിരുന്നവർക്കുകൂടി ബാധകമാക്കിക്കൊണ്ട് 11-12-2019-ലെ സർക്കുലർ നമ്പർ 97/2019/ധന. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന്,

50 വയസ്സ് കഴിയുമ്പോൾ പുനർവിവാഹ സാധ്യത കുറവായതിനാലും ആരോഗ്യപരമായി ദുർബ്ബലരാകുന്ന സാഹചര്യവും കണക്കിലെടുത്ത് ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും പുനർവിവാഹിതരല്ലാത്തവരുമായ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്കുകൂടി മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളപക്ഷം മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുമെന്ന് 31-3-2020-ലെ സർക്കുലർ നമ്പർ 17/2020/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. (സർക്കുലർ അനുബന്ധമായി ചേർത്തിരിക്കുന്നു).*

ചട്ടവിരുദ്ധമായി മുൻപ് കൈപ്പറ്റിയിരുന്ന അനർഹരായവർക്ക് ആയത് തുടർന്നും അനുവദിക്കുകയും പുതിയ അപേക്ഷകർക്ക് മാത്രം നിബന്ധനകൾ നടപ്പിലാക്കുകയും ചെയ്യുന്നത് രണ്ടുതരം പൗരൻമാരെ സൃഷ്ടിക്കാൻ ഇടയാക്കുമെന്നുള്ളതിനാലാണ് അർഹതയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളത്.

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ പുനർവിവാഹം ചെയ്യുന്നതുവരെ മുൻകാലങ്ങളിൽ നൽകിയിരുന്ന വിധവ പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പരിഗണനയിലില്ല.

## തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകീകരണം

366(2294) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിനെ ഏകീകൃത വകുപ്പാക്കി ഉത്തരവിട്ട്, ബന്ധപ്പെട്ട ഓഫീസുകൾ ഏകീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഏകീകൃത ഓഫീസ് സംവിധാനം എന്നത്തേയ്ക്ക് പ്രാവർത്തികമാകുമെന്ന് അറിയിക്കാമോ?

(എ&ബി) തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് 17-7-2020-ലെ സ.ഉ.(കൈ)106/2020/ ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുറപ്പെടുവിച്ചിട്ടുണ്ട്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് 2022 ഫെബ്രുവരി 19 മുതൽ പ്രാബല്യത്തിൽ വന്നു. ഏകീകൃത വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് തിരുവനന്തപുരം നന്തൻകോട് സ്വരാജ് ഭവനിൽ നിലവിൽവന്നു. പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചു. മറ്റിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ഓഫീസുകൾ ഉൾപ്പെടെ സ്വരാജ് ഭവനിലേയ്ക്ക് മാറ്റി 5 വകുപ്പുകളും ഒറ്റക്കുടക്കീഴിലാക്കി. ഏകീകൃത വകുപ്പിന്റെ ജില്ലാമേധാവിയായി തദ്ദേശസ്വയംഭരണ വകുപ്പിലെ ഒരു ജോയിന്റ് ഡയറക്ടറെ നിയോഗിക്കുകയും ഓരോ ജില്ലയിലെയും ബന്ധപ്പെട്ട സീനിയർമോസ്റ്റ് ഉദ്യോഗസ്ഥരെ ജോയിന്റ് ഡയറക്ടറുടെ താൽക്കാലിക ചുമതല നൽകി നിയമിക്കുകയും ചെയ്തു.

## ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകുന്നതിന് നടപടി

367(2295) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം നിലവിൽവന്ന ലിസ്റ്റിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത അർഹതാ മാനദണ്ഡങ്ങളിൽ പോരായ്മയുള്ളതായി പരാതിയുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ഇതുസംബന്ധമായി പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട തുക സമയബന്ധിതമായി ലഭ്യമാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ലിസ്റ്റിൽ ഉൾപ്പെടാതെപോയ അർഹതപ്പെട്ട ഭവനരഹിതർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ഒരവസരംകൂടി നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

പരിശോധിക്കാവുന്നതാണ്.

### വിമുക്ത ഭടൻമാർക്കായുള്ള വസ്തുനികുതി ഇളവ്

368(2296) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്ത ഭടൻമാരുടെ വസ്തുനികുതി ഇളവിനായുള്ള അപേക്ഷകളിൽ വൈകി ലഭിച്ച അപേക്ഷകൾ സംബന്ധിച്ച് ഒറ്റപ്പാലം നഗരസഭാ സെക്രട്ടറി, 1-4-2022-ലെ ആർ 1. 21288/21 നമ്പർ പ്രകാരം തിരുവനന്തപുരം നഗരകാര്യ ഡയറക്ടർക്ക് അയച്ച കത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത്?

ഒറ്റപ്പാലം നഗരസഭ സെക്രട്ടറി, 1-4-2022-ലെ ആർ 1/21288/21 നമ്പർ പ്രകാരം തിരുവനന്തപുരം നഗരകാര്യ ഡയറക്ടർക്ക് അയച്ച കത്തിന്മേൽ നടപടി സ്വീകരിക്കുന്നതിനായി നഗരകാര്യ ഡയറക്ടർ 23-8-2022-ലെ DUA/8357/22-G2 നമ്പർ കത്ത് പ്രകാരം 24-8-2022-ൽ സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ട്. ആയത് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(ബി) എന്തുകൊണ്ടാണ് ഇത്തരം കത്തുകളിന്മേൽ നടപടി സ്വീകരിക്കാൻ കാലതാമസം നേരിടുന്നത്; വിശദാംശം ലഭ്യമാക്കാമോ?

നഗരകാര്യ ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കിവരുന്നതുമൂലമുള്ള സാങ്കേതിക കാരണങ്ങളാലാണ് നടപടി സ്വീകരിക്കാൻ കാലതാമസം നേരിട്ടിട്ടുള്ളത്.

### ലൈഫ് ഭവന പദ്ധതി

369(2297) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഒന്നാം വാർഷിക കർമ്മപദ്ധതിയുടെ ഭാഗമായി ലൈഫ് പദ്ധതിയിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായെന്ന് അറിയിക്കാമോ?

32,875 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ലൈഫ് പദ്ധതിയിൽ ഇതുവരെ എത്ര വീടുകൾ നിർമ്മിച്ചുവെന്ന കണക്ക് ലഭ്യമാണെങ്കിൽ അറിയിക്കാമോ?

20-8-2022 വരെ 3,01,912 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലഘട്ടത്തിൽ എത്ര വീടുകൾക്ക് നിർമ്മാണാനുമതിയായെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി പ്രകാരം 38,635 ഗുണഭോക്താക്കൾ തദ്ദേസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടുകയും ഇതിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ള 24,500 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) രണ്ടാം ഘട്ടം ലൈഫ് പദ്ധതിയിലേയ്ക്ക് കടുത്തുരുത്തി നിയോജക മണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാണോ; ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുവേണ്ട മാർഗ്ഗരേഖ തയ്യാറായിട്ടുണ്ടോ; ഇതിൽ എത്ര പേർക്ക് ഭവന പദ്ധതിക്കായി അനുമതി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

ലൈഫ് രണ്ടാം ഘട്ടത്തിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നതിന്റെ കണക്ക് അനുബന്ധമായി ചേർക്കുന്നു.* ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുള്ള മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

### തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയാകുന്നവർ

370(2298) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തെരുവുനായ്ക്കളുടെ കടിയേറ്റ് മരണമടയുന്നവർ, പരിക്ക് പറ്റുന്നവർ, തെരുവുനായ്ക്കൾമൂലമുണ്ടാകുന്ന വാഹന അപകടങ്ങളിൽ പരിക്കേൽക്കുന്നവർ എന്നിവരുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നുണ്ടോ?

(ബി) എങ്കിൽ അതുസംബന്ധിച്ച 2020-21, 2021-22 വർഷങ്ങളിലെ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കുമോ?

(എ&ബി) സ്ഥിതിവിവരക്കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ തദ്ദേശ സ്വയംഭരണ വകുപ്പ് ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**തദ്ദേശ സ്ഥാപനങ്ങളെ സ്മാർട്ടാക്കാനുള്ള പുതിയ പദ്ധതി**

371(2299) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളെ സ്മാർട്ടാക്കാൻ പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളെ സ്മാർട്ടാക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സേവനങ്ങൾ വീട്ടിലിരുന്നുകൊണ്ടുതന്നെ ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ നടപ്പാക്കിവരുന്നു. നിലവിൽ നഗരസഭയിൽനിന്നുള്ള 213 സേവനങ്ങളും ഓൺലൈനായി നൽകിവരുന്നുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തിലെ സേവനങ്ങൾ മുഴുവൻസമയവും ലഭ്യമാക്കുന്നതിലേയ്ക്കായി ILGMS, 941 ഗ്രാമപഞ്ചായത്തിലും വിന്യസിച്ചിട്ടുണ്ട്. ILGMS-ന്റെ ഭാഗമായി സിറ്റിസൺ സർവീസ് പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് സോഫ്റ്റ്വെയറിൽ രജിസ്റ്റർ ചെയ്തശേഷം അവരുടെ ലോഗിനിലൂടെ പഞ്ചായത്തുകൾ നൽകിവരുന്ന സേവനങ്ങൾ ഓൺലൈനായി ലഭിക്കുന്നതിനും ഓൺലൈനായി അപേക്ഷ അയയ്ക്കുന്നതിനും ഫീസ് അടയ്ക്കുന്നതിനും സാധിക്കുന്നതാണ്. നഗരസഭകളിലെ കെട്ടിടനിർമ്മാണ അപേക്ഷകൾ (ലോ റിസ്ക് കാറ്റഗറി) കൈകാര്യം ചെയ്യുന്നതിന് ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം (IBPMS) നിലവിൽവന്നിട്ടുണ്ട്. പ്രൊഫഷണൽ ടാക്സ് കളക്ഷൻ 2022 ജനുവരി മുതൽ ഓൺലൈൻ സംവിധാനമാക്കിയിട്ടുണ്ട്. നഗരസഭയിൽ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS)-ന്റെ പുതിയ പതിപ്പായ കെ-സ്മാർട്ട് (K-SMART) വിന്യസിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കെ-സ്മാർട്ട് ആപ്പ് നിലവിൽ വരുന്നതോടെ മൊബൈൽവഴി സേവനങ്ങൾ ലഭ്യമാകും. എഐ/എംഎൽ (AI/ML), ബ്ലോക്ക് ചെയിൻ (Blockchain), എആർ/വിആർ (AR/VR), അനലിറ്റിക്സ് (Analytics), ക്ലൗഡ് (Cloud), ജിഐഎസ് (GIS) തുടങ്ങി ഉയർന്നുവരുന്ന സാങ്കേതികവിദ്യകൾ കെ-സ്മാർട്ട് (K-SMART)-ൽ ഉപയോഗിക്കുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നൽകിവരുന്ന സേവനങ്ങളെല്ലാം ഡിജിറ്റലൈസ് ചെയ്ത് ഒരുകുടക്കീഴിൽ കൊണ്ടുവരുന്നതിനുവേണ്ടി ആരംഭിച്ച പദ്ധതിയാണ് അർബൻ ഇ.ആർ.പി. (Enterprise Resource Planning). ഐ.കെ.എം മുഖേന അർബൻ ഇ.ആർ.പി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കൂടാതെ, വാതിൽപ്പടി സേവനത്തിലൂടെ പ്രായാധിക്യം, അതിദാരിദ്ര്യം, ഗുരുതര രോഗം, സർക്കാർ സേവനങ്ങളെക്കുറിച്ചുള്ള അജ്ഞത തുടങ്ങി പലവിധ കാരണങ്ങളാൽ സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാത്ത ജനവിഭാഗങ്ങളുടെ അടുത്തേയ്ക്ക് സർക്കാർ സേവനങ്ങൾ നേരിട്ടെത്തിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

**കാഷ്വൽ സ്വീപ്പർമാർക്ക് ശമ്പളം ലഭിക്കാൻ നടപടി**

372(2300) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽപ്പെട്ട കാഷ്വൽ സ്വീപ്പർമാർക്ക് സ്ഥിരമായി ശമ്പളം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അലോട്ട്മെന്റ് ലഭ്യതയ്ക്കനുസരിച്ച് വേതനം അനുവദിച്ച് നൽകാറുണ്ട്.

(ബി ഇവർക്ക് ഏത് മാസം വരെയുള്ള ശമ്പളമാണ് നൽകിയിട്ടുള്ളത്; ഇത് മുടങ്ങാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

2022 മാർച്ച് മാസം വരെയുള്ള വേതനം പൂർണ്ണമായും നൽകിയിട്ടുണ്ട്. കുടിശ്ശികയുള്ള വേതനം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ-റെറ റിയൽ എസ്റ്റേറ്റ് ഏജന്റ്**

373(2301) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല മേഖലകളിലും വസ്തു ഇടപാടിൽ കെ-റെറ രജിസ്റ്റേർഡ് ഏജന്റുമാർ കബളിപ്പിക്കപ്പെടുന്നതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏജന്റുമാരെ സംരക്ഷിക്കാനും അവർക്ക് ന്യായമായ സർവ്വീസ് ചാർജ്ജ് ലഭിക്കുന്നതിനും മറ്റും കെ-റെറ-യിൽ നിലവിൽ എന്തെങ്കിലും വ്യവസ്ഥകളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത റിയൽ എസ്റ്റേറ്റ് ഏജന്റുമാർക്ക് (വ്യക്തികൾ/സ്ഥാപനങ്ങൾ) മാത്രമേ കെ-റെറ രജിസ്റ്റേർഡ് പ്രോജക്ടുകളിൽ ഇടനിലക്കാരായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ഏജന്റിന് സർവ്വീസ് ചാർജ്ജിനത്തിൽ നൽകുന്ന തുക സംബന്ധിച്ച് ആക്ടിലോ റൂളിലോ ഒന്നുംതന്നെ നിഷ്കർഷിച്ചിട്ടില്ല. കെ-റെറ- യിൽ രജിസ്റ്റർ ചെയ്ത ഏജന്റുമാർക്ക് അതോറിറ്റിയുടെ അധികാര പരിധിയിൽ വരുന്ന റിയൽ എസ്റ്റേറ്റ് പ്രോജക്ടുകളിൽ ഇടപാടുകളുമായി ബന്ധപ്പെട്ട് വരുന്ന പരാതികൾ റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡെവലപ്മെന്റ്) ആക്ട്, 2016-ൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ അതോറിറ്റിയിൽ നൽകാവുന്നതാണ്.

(ബി) സംസ്ഥാനത്ത് നിലവിൽ കെ-റെറ റിയൽ എസ്റ്റേറ്റ് ഏജന്റ് സർട്ടിഫിക്കറ്റുള്ള എത്ര വ്യക്തികളുണ്ട്; അവരുടെ പേരുവിവരം, ഫോൺ നമ്പർ എന്നിവ ജില്ല തിരിച്ച് നൽകാമോ?

സംസ്ഥാനത്ത് നിലവിൽ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത 307 വ്യക്തികൾ/സ്ഥാപനങ്ങൾ ഉണ്ട്. ഇതിൽ സംസ്ഥാനത്തിനുപുറത്തുള്ള വ്യക്തികളും സ്ഥാപനങ്ങളും ഉൾപ്പെടുന്നു. ഇവരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഓരോ ഏജന്റുമാരും വർഷംതോറും കെ-റെറയിലേയ്ക്ക് ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; പ്രസ്തുത ഏജന്റുമാരുടെ ക്ഷേമത്തിനായി പ്രത്യേക ഉത്തരവ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

റിയൽ എസ്റ്റേറ്റ് ഏജന്റുമാരുടെ രജിസ്ട്രേഷൻ കാലാവധി 5 വർഷമാണ്. അതിനുശേഷം നിശ്ചിത ഫീസ് അടച്ച് പുതുക്കാവുന്നതാണ്. വർഷാടിസ്ഥാനത്തിൽ കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിലേയ്ക്ക് രജിസ്റ്റേർഡ് ഏജന്റുമാർ റിപ്പോർട്ടുകൾ/രേഖകൾ സമർപ്പിക്കേണ്ടതില്ല. എങ്കിലും, കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത എല്ലാ റിയൽ എസ്റ്റേറ്റ് ഏജന്റുമാരും കെ-റെറ- യിൽ രജിസ്റ്റർ ചെയ്ത പ്രോജക്ടുകളിൽ റിയൽ എസ്റ്റേറ്റ് ഇടപാടുകൾ ചെയ്യുമ്പോൾ കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡെവലപ്മെന്റ്) റൂൾസ്, 2018-ലെ റൂൾ 15 പ്രകാരം വരവ് ചെലവ് കണക്കുകളും മറ്റ് രേഖകളും ഇൻകംടാക്സ് ആക്ട്, 1961 പ്രകാരം സൂക്ഷിക്കേണ്ടതാണ്. റിയൽ എസ്റ്റേറ്റ് ഏജന്റുമാരുടെ ക്ഷേമത്തിനായി ആക്ടിലോ ചട്ടങ്ങളിലോ ഒരു വ്യവസ്ഥയും ഇല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നായ്ക്കളുടെ കടിയേറ്റ് പരിക്കേറ്റവർക്കുള്ള ധനസഹായം

374(2302) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2020-21, 2021-22 വർഷങ്ങളിൽ നായ്ക്കളുടെ കടിയേറ്റ് പരിക്കേറ്റ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്?

വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) ഇവരിൽ എത്രപേർക്ക് 2020-21, 2021-22 വർഷങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ധനസഹായം നൽകിയിട്ടുണ്ട്; ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

തെരുവ് നായകളുടെ ആക്രമണത്തിനിരയാകുന്നവർ നഷ്ടപരിഹാരത്തിന് അപേക്ഷ സമർപ്പിക്കേണ്ടത് ബഹുമാനപ്പെട്ട റിട്ടയേർഡ് ജസ്റ്റിസ് സിരിജഗൻ കമ്മീഷൻ മുൻപാകെയാണ്. ബഹുമാനപ്പെട്ട കമ്മീഷൻ കാലാനുസൃതം പുറത്തിറക്കുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശപ്രകാരമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകിവരുന്നത്. 2020-21, 2021-22 വർഷങ്ങളിൽ ബഹുമാനപ്പെട്ട റിട്ടയേർഡ് ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ തെരുവ് നായകളുടെ ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി 28-2-2020-ലെ സ.ഉ.(സാധാ) നമ്പർ 503/2020/ ത.സ്വ.ഭ.വ., 2-9-2021-ലെ സ.ഉ.(സാധാ)നമ്പർ 1677/2021/ത.സ്വ.ഭവ., 24-2-2022-ലെ സ.ഉ.(സാധാ) നമ്പർ 453/2022/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആകെ നൽകിയിട്ടുള്ള തുക സംബന്ധിച്ച കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## ഉറവിട മാലിന്യ സംസ്കരണം

375(2303) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഉറവിട മാലിന്യ സംസ്കരണവും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണവും ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവ മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനും അജൈവ മാലിന്യം ശേഖരിച്ച്, തരംതിരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറ്റം ചെയ്യുന്നതിനും സഹായകരമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണം നടപ്പാക്കി സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിവരുന്നത്. അതുപോലെ നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റെനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു. അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ തരംതിരിച്ച് ശേഖരിച്ച് പുനഃചംക്രമണം ചെയ്യുന്നതിനും കൈമാറുന്നതിനുംവേണ്ടി എം.സി.എഫ്., ആർ.ആർ.എഫ്. സെന്ററുകളുടെ പ്രവർത്തനവും തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ നടപ്പാക്കിവരുന്നു. അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫ്-കളിലും ആർ.ആർ.എഫ്-കളിലും എത്തിക്കുന്നതിനായി ഹരിത കർമ്മ സേനകൾ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇവർക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത് അവരുടെ പ്രവർത്തനവും നടത്തിവരുന്നുണ്ട്. അജൈവമാലിന്യം ശേഖരിച്ച് തരംതിരിച്ച് സൂക്ഷിക്കുന്നതിനായി 1162 എം.സി.എഫ്-കൾ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി സജ്ജമായിട്ടുണ്ട്. അജൈവ മാലിന്യങ്ങളിൽനിന്ന് വിഭവ വീണ്ടെടുപ്പിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 264 റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി പാഴ്വസ്തു ശേഖരണത്തിനായി ഹരിതകർമ്മ സേന രൂപീകരിച്ചു. ഇവരുടെ സേവനം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും മുഴവൻ വീടുകളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കും കൃത്യമായ ഇടവേളകളിൽ മുടക്കം കൂടാതെ എത്തിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ സാന്ദ്രത**

376(2304) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ സാന്ദ്രത വർദ്ധനവ് മനുഷ്യജീവന് ഭീഷണിയായ സാഹചര്യത്തിൽ ഇത് തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്നത്?

താരതമ്യേന മലിനീകരണം കൂടുതലുള്ള സ്ഥാപനങ്ങൾ ശുദ്ധീകരിച്ച് പുറന്തള്ളുന്ന വായുവിന്റെ ഗുണനിലവാരം തൽസമയം പരിശോധിക്കുന്നതിനുള്ള ഓൺലൈൻ പരിശോധനാ സംവിധാനം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽനിന്നും പുറത്തുവിടുന്ന ശുദ്ധീകരിച്ച പാഴ്ജലത്തിന്റെയും പാഴ്വായുവിന്റെയും മാലിന്യ ഘടകങ്ങളുടെ അളവ് തൽസമയം മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാര്യാലയങ്ങളിൽ ലഭ്യമാക്കുകയും അവ നിരീക്ഷിച്ച് മാലിന്യ ഘടകങ്ങൾ അനുവദനീയമായ പരിധിക്ക് അധികമായാൽ ഉടൻതന്നെ സ്ഥാപനങ്ങൾക്ക് അലർട്ട് കൊടുക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇവ നിരീക്ഷിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ കേന്ദ്ര ഓഫീസിൽ IT സെൽ പ്രവർത്തിച്ചുവരുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിൽനിന്ന് നൽകുന്ന എല്ലാ അനുമതികളിലും ambient air quality standards നിലനിർത്തുന്നതിനാവശ്യമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയത് ഏർപ്പെടുത്തിയെന്നും വായുവിലെ എല്ലാ ഘടകങ്ങളും അനുവദനീയ പരിധിക്കുള്ളിലാണെന്നും ഉറപ്പുവരുത്തിയതിനുശേഷമാണ് എല്ലാ വ്യവസായങ്ങൾക്കും അനുമതി നൽകുന്നത്. ബഹുമാനപ്പെട്ട ഹരിത ട്രൈബ്യൂണലിന്റെ OA 681/2018-മേലുള്ള ഉത്തരവ് പ്രകാരം സംസ്ഥാനത്തെ അന്തരീക്ഷ വായുവിന്റെ ഗുണ നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ പരിസ്ഥിതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രാദേശിക തലത്തിൽ ഇത് തടയുന്നതിന് പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരം പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പ്രാദേശിക തലത്തിൽതന്നെ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ, ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുന്നതിനും കാർബൺ ആഗിരണം ചെയ്യാൻ കഴിയുന്ന വിധത്തിൽ പ്രകൃതിയെ സംപുഷ്ടമാക്കി പരിപാലിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്നും ജൈവവൈവിദ്ധ്യ സംരക്ഷണം, ഹരിത ഇടങ്ങളുടെ സൃഷ്ടിയും സംരക്ഷണത്തിനും പ്രവർത്തനങ്ങൾ മുൻഗണന നൽകി ഏറ്റെടുക്കണമെന്നും പതിനാലാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ മേഖലയിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനെ

തന്നെയാണ് നിശ്ചയിച്ചിട്ടുള്ളത്. കാർബൺഡൈഓക്സൈഡിന്റെ സാന്ദ്രത വർദ്ധനവ് തടയുന്നതിന്, വനവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി വൃക്ഷങ്ങൾ നട്ടുവളർത്തൽ, പൊതുയിടങ്ങൾ നിർമ്മിച്ച് മരങ്ങൾ വച്ച് പരിപാലിച്ച് പച്ചത്തുരുത്തുകളാക്കൽ, ജപ്പാനിൽ വികസിപ്പിച്ച മിയോവാക്കി വനവൽക്കരണ മാതൃക പ്രോത്സാഹിപ്പിക്കൽ, സ്കൂൾ ജൈവ വൈവിധ്യ ക്ലബ്ബുകളിലൂടെ ജൈവവൈവിദ്ധ്യ സംരക്ഷണ പരിപാലനം നടത്തൽ എന്നിങ്ങനെ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്. പ്രോജക്ടിന്റെ ഭാഗമായി ഇരുചക്രവാഹനം നൽകുന്ന അവസരത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്ക് മുൻഗണന നൽകണമെന്നും 5000 രൂപ പ്രോത്സാഹന സബ്സിഡിയായി അധികം അനുവദിക്കുന്നതിനും അനുവാദം നൽകിയിട്ടുണ്ട്.

**വയോജനങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

377(2305) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വയോജനങ്ങളുടെ ക്ഷേമത്തിനായി നീക്കിവയ്ക്കുന്ന തുക വകമാറ്റി ചെലവഴിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പഞ്ചവൽസര പദ്ധതി നിർവ്വഹണത്തിനായുള്ള പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പൊതു വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5% വയോജന ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. ആയത് പ്രകാരം തുക വകയിരുത്തിയെങ്കിൽ മാത്രമേ ഗ്രാമ-ബ്ലോക്ക്-ജില്ല പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾക്ക് ആസൂത്രണസമിതിയുടെ അംഗീകാരം ലഭ്യമാകുകയുള്ളൂ എന്നതിനാൽ വയോജന ക്ഷേമത്തിനായുള്ള തുക വകമാറ്റി ചെലവഴിക്കുവാൻ കഴിയുകയില്ല.

(ബി) വയോജനങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) വയോജനങ്ങളുടെ ക്ഷേമത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(ബി&സി) സർക്കാർ 1600 രൂപ നിരക്കിൽ വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നുണ്ട്. ഇതിനുപുറമെ വികലാംഗരായ വയോജനങ്ങൾക്ക് വികലാംഗ പെൻഷൻ 600 രൂപ നിരക്കിലും നൽകുന്നുണ്ട്.

വയോജന ക്ഷേമത്തിനായി ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പൊതു വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5% വയോജന ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും നിർബന്ധമായും വകയിരുത്തി സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുയോജ്യമായ ചുവടെപ്പറയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നുണ്ട്.

വയോജനങ്ങളുടെ ശാരീരിക, മാനസിക, സാംസ്കാരിക, പിന്തുണാ സംവിധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന പ്രോജക്ടുകൾക്ക് മുൻഗണന നൽകണം. ആയുഷുമായി സഹകരിച്ച് യോഗ പരിശീലനം, വിനോദകേന്ദ്രം ഉൾപ്പെടെയുള്ള വയോജന സൗഹൃദ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാരം എന്നിവ സാന്ത്വന പരിചരണ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം (7-3-2019-ലെ സ.ഉ.(സാധാ)നമ്പർ 553/2019/ത.സ്വ.ഭ.വ.) ഏറ്റെടുക്കാവുന്നതാണ്. കൂടാതെ പകൽ വീടുകൾ, വയോജന പരിപാലന കേന്ദ്രം എന്നിവയും സമ്പൂർണ്ണ വയോസൗഹൃദ തദ്ദേശസ്ഥാപനമായി മാറുന്നതിന്റെ ഭാഗമായി പകൽസമയത്ത് പ്രവർത്തിക്കുന്ന വിശ്രമ - വിനോദ കേന്ദ്രങ്ങൾ വയോജനങ്ങൾക്ക് അനായാസം എത്തിച്ചേരാൻകഴിയുന്ന സ്ഥലത്ത് ഒരു ഗ്രാമ പഞ്ചായത്തിൽ മൂന്നെണ്ണം എന്ന ക്രമത്തിൽ ഗ്രാമപഞ്ചായത്തുകൾ ആരംഭിക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത വയോ ക്ലബ്ബിൽ പരിശീലനം ലഭിച്ച ഒരു കെയർ ടേക്കറുടെ സേവനം കുടുംബശ്രീ സംവിധാനത്തിൽ നിന്നുമെടുക്കാവുന്നതും പ്രതിമാസം 4000 രൂപ കുടുംബശ്രീയിൽനിന്നും 500 രൂപ വീതം ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതവുമായി നൽകി മേൽ പദ്ധതി ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

**പയ്യന്നൂർ നഗരസഭയ്ക്ക് തസ്തികകൾ അനുവദിക്കാൻ നടപടി**

378(2306) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ നഗരസഭയെ ഗ്രേഡ് I കാറ്റഗറിയായി ഉയർത്തിയിട്ടും ഗ്രേഡ് I നഗരസഭയ്ക്ക് ആനുപാതികമായ തസ്തികയും സൗകര്യങ്ങളും നിലവിൽ വന്നിട്ടില്ലാത്തതിനാൽ ഗ്രേഡ് I നഗരസഭയ്ക്കാവശ്യമായ തസ്തികകൾ അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ?

നഗരസഭകളിൽ പുതുതായി തസ്തിക സൃഷ്ടിക്കുന്നതുസംബന്ധിച്ച പ്രൊപ്പോസൽ ഡയറക്ടർ (എൽ.എസ്.ജി.ഡി-അർബൻ) സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**ഹരിപ്പാട് മണ്ഡലത്തിലെ കാർത്തികപ്പള്ളി - വെമ്പുഴ റോഡ്**

379(2307) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ, പി.എം.ജി.എസ്.വൈ. (പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിരുന്ന കാർത്തികപ്പള്ളി-വെമ്പുഴ റോഡിന്റെ നിർവ്വഹണ നടപടികൾ വൈകുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ?

പലതവണ ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാരിൽനിന്നും പ്രതികരണം ഉണ്ടാകാത്തതാണ് കാർത്തികപ്പള്ളി-വെമ്പുഴ റോഡിന്റെ നിർവ്വഹണ നടപടികൾ വൈകുന്നതിന്റെ കാരണം.

(ബി) പ്രസ്തുത റോഡിന്റെ നിർവ്വഹണം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വകരിക്കുമോ?

പ്രസ്തുതത റോഡിന്റെ നിർവ്വഹണം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഡി.എസ്.ആർ. 2016 പ്രകാരം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ ആലപ്പുഴ ജില്ലയിലെ റോഡുകൾക്ക് ഡി.എസ്.ആർ. 2018 നിരക്ക് പ്രകാരവും നിലവിലെ ബിറ്റുമെൻ റേറ്റ് ഉൾപ്പെടുത്തി ഡി.എസ്.ആർ. 2018 നിരക്ക് പ്രകാരവും മൺപണികൾക്ക് ആലപ്പുഴ ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ നിർമ്മാണം നടക്കുന്ന ഇതര റോഡ് പ്രവൃത്തികൾക്ക് നൽകിവരുന്ന മൺപണികളുടെ റേറ്റും അനുവദിച്ച് എസ്റ്റിമേറ്റ് പുതുക്കി ടെണ്ടർ ക്ഷണിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ട്.

**തരൂർ മണ്ഡലത്തിൽ കില ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ**

380(2308) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് കില നിർമ്മാണം ഏറ്റെടുത്ത് നടത്തുന്ന ഗവ. എച്ച്. എസ്. തോലനൂർ, ഗവ. എച്ച്. എസ്. എസ്. പെരിങ്ങോട്ടുകുറിശ്ശി, ഗവ. എച്ച്. എസ്. കല്ലിങ്കൽപ്പാടം എന്നീ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികളിൽ കാലതാമസം വന്നുചേർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) (1) ഗവ.എച്ച്.എസ്.തോലന്നൂർ.- 3 കോടി രൂപയുടെ ഈ പദ്ധതിക്ക് 13-5-2022-ലെ സ.ഉ(സാധാ) നമ്പർ 2960/2022/GEDN പ്രകാരം 3.90 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഈ പ്രവൃത്തിക്ക് മണ്ണ് പരിശോധന ആവശ്യമായതിനാൽ ആയതിന്റെ report ലഭ്യമാകുന്ന മുറയ്ക്ക് സ്ട്രക്ചറൽ ഡിസൈനും (structural design) എസ്റ്റിമേറ്റും (estimate) തയ്യാറാക്കി September 2022-ൽതന്നെ സാങ്കേതികാനുമതി (Technical sanction) നൽകി കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചാൽ ഉടൻതന്നെ ടെണ്ടർ നടപടികൾ സ്വീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

(2) ഗവ. എച്ച്.എസ്.എസ്. പോരിങ്ങോട്ടുകുറിശ്ശി.- 3 കോടി രൂപയുടെ ഈ പദ്ധതിക്ക് 13-5-2022-ലെ സ.ഉ(സാധാ) നമ്പർ 2960/2022/GEDN പ്രകാരം ഈ സ്കൂളിന് 3.90 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(3) ഗവ.എച്ച്.എസ്. കല്ലിങ്കൽപ്പാടം.- ഒരുകോടി രൂപയുടെ ഈ സ്കൂളിലെ കെട്ടിട നിർമ്മാണം മുഹമ്മദ് അക്ബർ എന്ന കരാറുകാരൻ 5-11-2020-ൽ നിർമ്മാണ കരാറിൽ ഏർപ്പെട്ടുവെങ്കിലും ടിയാൻ പ്രവൃത്തി നടത്താത്തതിനാൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയുടെ കരാർ റദ്ദ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മേൽപ്പറഞ്ഞ കാരണങ്ങളാലാണ് കാലതാമസം നേരിട്ടത്.

(സി) ഈ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞാൽ 15 മാസത്തിനുള്ളിൽ മൂന്നുകോടി രൂപയുടെയും 9 മാസത്തിനുള്ളിൽ ഒരു കോടി രൂപയുടെയും പ്രവൃത്തികൾ പൂർത്തീകരിക്കാനാവുമെന്ന് കരുതുന്നു.

(ഡി) ഇതുസംബന്ധിച്ച് കിലയിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ നോട്ട്, ഫയലിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

CM/KILAKIFFBPMU/CL11/01/2020 നമ്പർ ഫയൽ നോട്ടുകൾ ഇതോടൊപ്പം സമർപ്പിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോഴിക്കോട് ഈസ്റ്റ്ഹിൽ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ കെട്ടിടം

381(2309) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഈസ്റ്റ്ഹിൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ സാങ്കേതികാനുമതി സംബന്ധിച്ചുള്ള ഫയലിന്റെ അവസ്ഥ വിശദമാക്കാമോ?

ടി പ്രവൃത്തിയുടെ സാങ്കേതിക അനുമതി 29-4-2022-ന് നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ല. കിഫ്ബിയിൽ നിന്നും 20-8-2022 TS - File Approval ലഭ്യമായിട്ടുണ്ട്.

(ബി) ആയതിന്റെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

അടുത്ത ടെണ്ടറിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) കിലയിൽനിന്നും പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിന് എന്തെങ്കിലും തടസം നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. അടുത്ത ടെണ്ടറിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## അബ്കാരി കേസുകളിൽ പിടിക്കപ്പെട്ട വാഹനങ്ങൾ

382(2310) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പള എക്സൈസ് റേഞ്ച് ഓഫീസിൽ അബ്കാരി കേസുകളിൽ പിടിക്കപ്പെട്ട വാഹനങ്ങൾ സൂക്ഷിക്കുന്നതിനായി ഡംപിംഗ് യാർഡ് കോമ്പൗണ്ട് വാൾ ആൻഡ് ഗാർഡ് റൂം എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് നടപ്പ് സാമ്പത്തിക വർഷം ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കുമ്പള എക്സൈസ് റേഞ്ച് ഓഫീസിന്റെ പരിധിയിലുള്ള കോയിപ്പാടി വില്ലേജിലെ സർവ്വേ നമ്പർ 378/15-ൽപ്പെട്ട ഒരേക്കർ സ്ഥലത്ത് ചുറ്റുമതിൽ, ഗാർഡ് റൂം എന്നിവ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**ലഹരി മാഫിയകളുടെ പ്രവർത്തനം തടയാൻ നടപടി**

383(2311) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരി മാഫിയയ്ക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ഏതെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

ലഹരി മാഫിയയ്ക്കെതിരെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സുകളുടെ നേതൃത്വത്തിൽ എല്ലാ പ്രധാന റോഡുകളിലും മറ്റ് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ ബോർഡർ പട്രോളിംഗും വാഹന പരിശോധനയും നടത്തിവരുന്നു. ജില്ലാ ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിച്ചുവരുന്ന കൺട്രോൾ റൂമിൽ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് സത്വരനടപടികൾ സ്വീകരിക്കുന്നു. ലഹരിവസ്തുക്കളുടെ കടത്ത്, വിതരണം എന്നിവ തടയുന്നതിനായി ജില്ലകളിൽ എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു. ട്രെയിൻ മാർഗ്ഗമുള്ള ലഹരിമരുന്നുകളുടെ കടത്ത് തടയുന്നതിനായി ആർ.പി.എഫുമായും തീരദേശ മേഖലയിൽ തീരദേശ പോലീസ് സേനയുമായും ചേർന്ന് പരിശോധനകളും പട്രോളിംഗും നടത്തിവരുന്നു.

(ബി) വിദ്യാലയങ്ങൾ, കോളേജുകൾ കേന്ദ്രീകരിച്ച് ലഹരി മാഫിയയുടെ പ്രവർത്തനം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാലയങ്ങൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി മാഫിയയുടെ പ്രവർത്തനം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കുട്ടികളിലെ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ ഇതിന് എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

സ്കൂൾ/കോളേജ് തലത്തിൽ ലഹരിവസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുന്നതിനായി പൊതുസമൂഹത്തിലും വിദ്യാലയങ്ങളിലും വിമുക്തിയുടെ നേതൃത്വത്തിൽ വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. ഇതുകൂടാതെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ്

പരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിച്ച് ലഹരിയിൽനിന്നും സ്വയം സംരക്ഷണം തീർക്കുന്നതിനുള്ള കഴിവ് വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനായി വിദ്യാർത്ഥികളിലെ കായികപരവും കലാപരവുമായ കഴിവുകളെ പരിപോഷിപ്പിച്ച് അവരുടെ കർമ്മശേഷിയെ മറ്റ് മേഖലകളിൽക്കൂടി വിനിയോഗിക്കുന്നതിനായി "ഉണർവ് എന്ന ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്.

സ്കൂളുകളുടെയും കോളേജുകളുടെയും പരിസരങ്ങളിൽ രഹസ്യ നിരീക്ഷണം നടത്തുന്നതോടൊപ്പം ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനവും നടത്തിവരുന്നു. എക്സൈസ് ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, പി.റ്റി.എ. അംഗങ്ങൾ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവരടങ്ങിയ വിമുക്തി ക്ലബ്ബ് സ്കൂൾ, കോളേജ് തലത്തിൽ പ്രവർത്തിച്ചുവരുന്നു. പ്രൊഫഷണൽ കോളേജുകളിലും ഹോസ്റ്റലുകളിലും 'ശ്രദ്ധ, ' നേർക്കൂട്ടം' പദ്ധതികളുടെ ഭാഗമായി ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തിവരുന്നു. തദ്ദേശസ്വയംഭരണ അംഗങ്ങളെയും പൊതുജനങ്ങളെയും കുടുംബശ്രീ അംഗങ്ങളെയും ഉൾപ്പെടുത്തി വാർഡ്തല പ്രവർത്തനങ്ങളും നടത്തിവരുന്നു. ലഹരിയെക്കുറിച്ചുള്ള പരാതികൾ എക്സൈസ് വകുപ്പിനെ ടെലഫോൺ മുഖേനയും വാട്സ്ആപ്പ് മുഖേനയും അറിയിക്കുന്നതിനുള്ള സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

**അമരവിള എക്സൈസ് ഓഫീസ് സമുച്ചയ നിർമ്മാണം**

384(2312) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ അമരവിള എക്സൈസ് ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിന് പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗത്തിൽനിന്നും ലഭിച്ച പ്ലാൻ അപ്രൂവൽ നൽകുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

അമരവിള എക്സൈസ് ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിക്കായി ലഭിച്ച 130 ലക്ഷം രൂപയുടെ പ്ലാനും എസ്റ്റിമേറ്റും സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗത്തിൽനിന്നും പ്ലാൻ ലഭിച്ചത് ഏത് മാസത്തിലാണെന്ന് വിശദമാക്കാമോ?

പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗത്തിൽനിന്ന് പ്ലാൻ എക്സൈസ് വകുപ്പിൽ 21-4-2022-ന് ലഭിച്ചു. 2022 ആഗസ്റ്റ് മാസത്തിലാണ് പ്ലാനും എസ്റ്റിമേറ്റും സർക്കാരിൽ ലഭിച്ചത്.

## ലഹരി കടത്ത് തടയാൻ നടപടി

385(2313) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓണക്കാലം മുൻനിർത്തി വ്യാജവാറ്റും അതിർത്തി വഴിയുള്ള ലഹരി കടത്തും തടയുന്നതിന് പാലക്കാട് ജില്ലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഓണക്കാലം മുൻനിർത്തി വ്യാജവാറ്റ്, അതിർത്തി വഴിയുള്ള ലഹരിക്കടത്ത് എന്നിവ തടയുന്നതിന് പാലക്കാട് ഡിവിഷനിൽ ആഗസ്റ്റ് 5 മുതൽ സെപ്റ്റംബർ 12 വരെ ഓണം സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും ചെക്ക് പോസ്റ്റുകൾ വഴിയല്ലാതെ മദ്യം, മയക്കുമരുന്ന് തുടങ്ങിയവ കടത്തിക്കൊണ്ടുവരാൻ സാദ്ധ്യതയുള്ളതിനാൽ, അതിർത്തി കേന്ദ്രീകരിച്ച് പരിശോധനയ്ക്കായി ഹൈവേ പട്രോൾ യൂണിറ്റിനെ ചുമതലപ്പെടുത്തുകയും ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധന കർശനമാക്കുകയും ചെയ്തിട്ടുണ്ട്. രാത്രികാലങ്ങളിൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ കടത്ത് തടയുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിങ് ഫോഴ്സ് യൂണിറ്റുകളും കൺട്രോൾ റൂമും പാലക്കാട് ഡിവിഷൻ ഓഫീസ് കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. അതോടൊപ്പം താലൂക്ക്തല കൺട്രോൾ റൂമുകളും പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എക്സൈസ്, പോലീസ്, റവന്യൂ, ഫോറസ്റ്റ് എന്നീ വകുപ്പുകൾ സംയുക്തമായി അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. അതിർത്തി മേഖലയിലും റെയിൽവേ സ്റ്റേഷനുകളിലും കൊറിയർ, പാർസൽ സ്ഥാപനങ്ങളിലും പോലീസ് ഡോഗ് സ്ക്വാഡിനെ ഉപയോഗിച്ച് പരിശോധന നടത്തിവരുന്നു. ചിറ്റൂർ മേഖലയിൽ വ്യാജ കള്ള്, അനധികൃത ചെത്ത് എന്നിവ തടയുന്നതിനായി ചിറ്റൂർ സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ രാത്രി കാലങ്ങളിൽ ചെത്തുതോട്ടങ്ങളിൽ പരിശോധന നടത്തിവരുന്നുണ്ട്.

## പിടികൂടിയ ലഹരി വസ്തുക്കൾ

386(2314) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ പിടികൂടിയ ലഹരിവസ്തുക്കൾ ഏതൊക്കെയാണെന്ന് ഓരോന്നിന്റെയും അളവും ഇനവും തിരിച്ചും വർഷം തിരിച്ചും വ്യക്തമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രായപൂർത്തിയാകാത്തവരിൽനിന്നും പിടിച്ചെടുത്ത ലഹരിവസ്തുക്കളുടെ അളവ് വർഷം തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മയക്കുമരുന്ന് വ്യാപാരം വർദ്ധിക്കുന്നതായ റിപ്പോർട്ടുകൾ**

387(2315) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപാരം വർദ്ധിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കണ്ടെടുക്കുന്ന കേസുകളുടെ എണ്ണവും പിടിച്ചെടുക്കുന്ന ലഹരിവസ്തുക്കളുടെ അളവും പരിശോധിക്കുമ്പോൾ സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപാരം വർദ്ധിച്ചുവരുന്നതായി കാണുന്നു.

(ബി) സ്കൂൾ കുട്ടികളിൽ മയക്കുമരുന്ന് എത്തിക്കുന്നതായും കുട്ടികളെ മയക്കുമരുന്ന് വിതരണത്തിന് ഉപയോഗിക്കുന്നതായുമുള്ള റിപ്പോർട്ടുകൾ പ്രത്യേകം പരിശോധിക്കുമോ?

സ്കൂൾ കുട്ടികളിൽ മയക്കുമരുന്ന് എത്തിക്കുന്നതായും കുട്ടികളെ മയക്കുമരുന്ന് വിതരണത്തിന് ഉപയോഗിക്കുന്നതായുമുള്ള റിപ്പോർട്ടുകൾ പരിശോധിച്ച് നിയമനടപടി സ്വീകരിക്കുന്നതാണ്.

(സി) മയക്കുമരുന്ന് വിതരണം ചെയ്യുന്നവരിൽ പലരും പിടികൂടപ്പെടുന്നുവെങ്കിലും സംസ്ഥാനത്തിലേയ്ക്ക് മയക്കുമരുന്ന് എത്തിക്കുന്ന വൻകിട ലോബികളെയും ഏജന്റുമാരെയും കണ്ടെത്തി ശക്തമായ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മയക്കുമരുന്ന് വിതരണം ചെയ്യുന്നവരെ പിടികൂടി അവരുടെ കാൾ ഡാറ്റാ റെക്കാർഡ് പരിശോധിച്ച് ലഹരി കടത്തുകാരുടെ കണ്ണികൾ കണ്ടെത്തി കേസുകളിൽ പ്രതികളായി ഉൾപ്പെടുത്തി നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) മയക്കുമരുന്ന് ലോബികൾക്ക് സംസ്ഥാനത്തെ ഏതെങ്കിലും വകുപ്പിലെ ഉദ്യോഗസ്ഥതലത്തിൽനിന്ന് സഹായം ലഭിക്കുന്നുണ്ടോയെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇല്ല. അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ലഹരി വസ്തുക്കളുടെ ഉപയോഗം കുറയ്ക്കാൻ നടപടി

388(2316) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ ഒൻപതാം ക്ലാസുകാരനായ വിദ്യാർത്ഥി തന്നെ ലഹരിമരുന്നിന് അടിമയാക്കുകയും ലൈംഗീകമായി പീഡിപ്പിക്കുകയും ചെയ്തുവെന്ന ഇരയുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് അതീവ ഗൗരവമായി കണ്ട് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എങ്കിൽ ലഹരി ഉപയോഗംമൂലം വിദ്യാർത്ഥികളുടെ ഇടയിലുണ്ടാകുന്ന ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കാര്യക്ഷമമായ ഇടപെടൽ നടത്തുമോ; വിശദമാക്കാമോ?

ലഹരി ഉപയോഗംമൂലം വിദ്യാർത്ഥികളുടെ ഇടയിലുണ്ടാകുന്ന ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നതാണ്. സ്കൂളുകളിൽ എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾവഴി ക്രമമായ ഇടവേളകളിൽ കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകിവരുന്നു. കൗൺസിലിംഗ് ആവശ്യമുള്ള കുട്ടികൾക്ക് വിമുക്തി ഡീ-അഡിക്ഷൻ കേന്ദ്രങ്ങളിൽ കൗൺസിലിംഗിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ പരിസരത്ത് ലഹരി വ്യാപനം കണ്ടെത്തുന്നതിനായി രഹസ്യ നിരീക്ഷണവും പട്രോളിംഗും നടത്തുകയും മറ്റ് വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തിവരികയും ചെയ്യുന്നുണ്ട്. സ്കൂളിന് പുറത്തുള്ളവരുടെ ഇടപെടൽ ഒഴിവാക്കുന്നതിന് സ്കൂൾ പരിസരങ്ങളിൽ എക്സൈസ് വകുപ്പിന്റെ പരിശോധന ശക്തമാക്കിയിട്ടുണ്ട്. സ്കൂളുകളിൽ അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. വിദ്യാലയങ്ങൾ

ലഹരി മുക്തമാക്കുന്നതിനും വിദ്യാർത്ഥികളുടെ കായികപരവും കലാപരവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും അവരുടെ കർമ്മശേഷിയെ ക്രിയാത്മകമായ മറ്റ് മേഖലകളിൽക്കൂടി വിനിയോഗിക്കുന്നതിനുമായി "ഉണർവ്" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്.

**സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെ വില്പന തടയാൻ നടപടി**

389(2317) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെ വില്പന തടയാൻ നിലവിലുള്ള നിയമ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

അബ്കാരി/എൻ.ഡി.പി.എസ്./കോട്പ ആക്റ്റുകൾ പ്രകാരമാണ് സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെ വില്പന തടയുന്നതിനായി പരിശോധനകളും റെയ്ഡുകളും നടത്തുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങളുടെ വിപണനം നിയമംമൂലം നിരോധിച്ചിട്ടുണ്ട്. അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾ 7(2), ഫോറിൻ ലിക്വർ റൂൾ 13 (3) പ്രകാരം, വിദ്യാലയങ്ങളുടെ 200 മീറ്റർ ദൂരപരിധിക്കുള്ളിൽ മദ്യവില്പന ശാലകൾ അനുവദിക്കാറില്ല.

(ബി) സ്കൂൾ പരിസരങ്ങളിൽ ഇപ്പോഴും ലഹരി പദാർത്ഥങ്ങൾ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിന് നിരന്തരം നിരീക്ഷണങ്ങളും പരിശോധനകളും നടത്തിവരുന്നുണ്ട്.

(സി) ഇത് തടയുന്നതിനും അക്രമ വാസനകളിലേയ്ക്ക് വിദ്യാർത്ഥി സമൂഹം വഴിതിരിഞ്ഞുപോകാവുന്ന വൻ വിപത്തുകൾ ഒഴിവാക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സ്കൂൾ പരിസരങ്ങളിലെ കടകളിലെയും മറ്റ് സ്ഥാപനങ്ങളിലെയും ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന തടയുന്നതിനും വിദ്യാലയങ്ങളിൽ ലഹരി മാഫിയയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. യുവജനങ്ങൾക്കിടയിൽ ലഹരിക്കെതിരെയുള്ള അവബോധം വളർത്തുന്നതിനായി

വിമുക്തി മിഷന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നു. ലഹരി ഉപയോഗിക്കുന്ന കുട്ടികൾക്ക് കൗൺസിലിംഗും ആവശ്യമെങ്കിൽ ചികിത്സയും നൽകിവരുന്നു. സ്കൂൾ-കോളേജ് പരിസരങ്ങളിൽ ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തുന്നതിനായി ' സേവ് ദ സ്പ്രിംഗ് എന്ന പേരിൽ സ്പെഷ്യൽ എൻഫോഴ്സ്മെന്റിന്റെ ഭാഗമായി അബോൺ ഡ്രഗ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് പരിശോധിക്കുകയും ലഹരി ഉപയോഗിച്ച കുട്ടികളെ കണ്ടെത്തുകയാണെങ്കിൽ കൗൺസിലിംഗ് നൽകുകയും ചെയ്യുന്നുണ്ട്.

**ലഹരി വസ്തുക്കളുടെ ഉപഭോഗത്തിലെ വർദ്ധനവ്**

390(2318) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കഴിഞ്ഞ കുറേ നാളുകളായി നിരോധിക്കപ്പെട്ട പാൻമസാലകളുടെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപഭോഗത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പിടിച്ചെടുത്ത പുകയില ഉല്പന്നങ്ങളുടെയും മറ്റ് ലഹരി വസ്തുക്കളുടെയും അളവ് പരിശോധിച്ചതിൽ ഉപഭോഗം വർദ്ധിച്ചതായി അനുമാനിക്കാം.

(ബി) ഇത്തരം വസ്തുക്കളുടെ സംഭരണവും വിതരണവും സംബന്ധിച്ച് 2016 മുതൽ എടുത്തിട്ടുള്ള കേസുകളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇതിൽ പിടിയിലായവരിൽ എത്ര ഇതര സംസ്ഥാനക്കാരുണ്ടെന്ന് അറിയിക്കാമോ?

5398 ഇതര സംസ്ഥാനക്കാർ പിടിയിലായിട്ടുണ്ട്.

(ഡി) കേരളത്തിനുപുറത്തുനിന്നും വാഹനങ്ങളിലും ട്രെയിനുകളിലുമായി കൊണ്ടുവരുന്ന ലഹരിവസ്തുക്കളുടെ സാന്നിദ്ധ്യം കൃത്യമായി മനസ്സിലാക്കുന്നതിനും ബന്ധപ്പെട്ടവരെ കണ്ടെത്തി നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതിർത്തികളിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെയും വാഹന പരിശോധനകളിലൂടെയും ലഹരി വസ്തുക്കൾ കടത്തുന്നില്ലെന്ന് ഉറപ്പുവരുത്തുന്നു. ട്രെയിനിൽ കടത്തിക്കൊണ്ടുവരുന്ന ലഹരി വസ്തുക്കൾ കണ്ടുപിടിക്കുന്നതിനായി ആർ.പി.എഫ്.-മായി ചേർന്ന് റെയിൽവേ സ്റ്റേഷനിലും ട്രെയിനുകളിലും സംയുക്ത പരിശോധന നടത്തിയും ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു.

**ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് നടപടി**

391(2319) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി മരുന്നുകളുടെ കടത്തും ലഹരി വസ്തുക്കളുടെ ഉപയോഗവും പ്രത്യേകിച്ച് സ്കൂൾ-കോളേജ് കുട്ടികൾക്കിടയിൽ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഹരിവസ്തുക്കൾക്ക് അടിമപ്പെട്ടവർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ?

ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഹരിക്കടത്തുമായി ബന്ധപ്പെട്ടും സ്കൂൾ-കോളേജ് പരിസരങ്ങളിൽ ലഹരി വസ്തുക്കൾ വിറ്റതിന്റെപേരിലും എത്ര കേസുകളാണ് എടുത്തിട്ടുള്ളത്; എത്രപേർ അറസ്റ്റിലായി; ഏതൊക്കെ ലഹരി മരുന്ന് സാധനങ്ങളാണ് പിടിച്ചെടുത്തത്; വിശദമാക്കുമോ?

2020 കേസുകളെടുക്കുകയും 1254 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കഞ്ചാവ്, എം.ഡി.എം.എ., എൽ.എസ്.ഡി, ഹാഷിഷ് ഓയിൽ, ഹെറോയിൻ, നൈട്രോസേപാം ടാബ്ലറ്റ്, ലോറസേഫാം ടാബ്ലറ്റ്, ചരസ്, ബ്യൂപ്രിനോർഫിൻ, മെത്തഫിറ്റമിൻ, കഞ്ചാവ് ചെടി തുടങ്ങിയവയും പാൻപരാഗ്, ശംഭു, കൂൾ, ഹാൻസ് തുടങ്ങിയ പുകയില ഉല്പന്നങ്ങളും പിടിച്ചെടുത്തിട്ടുണ്ട്.

(ഡി) ലഹരി വിമുക്ത കേരളത്തിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സ്കൂൾ-കോളേജ് കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി ഒരു ജനകീയ കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്നും വ്യക്തമാക്കുമോ ?

സ്കൂൾ വിദ്യാർത്ഥികൾക്കും യുവാക്കൾക്കുമായി പ്രത്യേക പദ്ധതികളാണ് വിമുക്തി മിഷൻ മുഖേന നടപ്പാക്കിവരുന്നത്. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിച്ച് ലഹരിയിൽനിന്നും സ്വയം സംരക്ഷണം തീർക്കുന്നതിനുള്ള കഴിവ് വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് സന്നദ്ധപ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. ലഹരി വിരുദ്ധ ക്ലബ്ബുകൾവഴി ബോധവൽക്കരണ ക്ലാസ്സുകൾ കൂടാതെ വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന വിവിധ മത്സരങ്ങളും മറ്റ് പരിപാടികളും സംഘടിപ്പിച്ചുവരുന്നു. സ്കൂളുകളിൽ അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽതന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗത്തിൽനിന്നും പിൻതിരിപ്പിക്കുന്നതിനും സ്കൂളുകളിൽ " ഉണർവ്" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പഠനം കഴിഞ്ഞുള്ള സമയത്ത് വിദ്യാർത്ഥികളുടെ ശ്രദ്ധ മറ്റ് പ്രചോദനങ്ങളിലേയ്ക്ക് പോകാതെ കായികപരവും കലാപരമായുമുള്ള അവരുടെ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ആരോഗ്യ സർവ്വകലാശാലയ്ക്കുകീഴിലെ കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിൽ ഒരു കമ്മിറ്റിയും കോളേജ് ഹോസ്റ്റലുകളിൽ ' ശ്രദ്ധ' എന്ന പേരിൽ ഒരു കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ടി കമ്മിറ്റികൾ സാങ്കേതിക സർവ്വകലാശാലയ്ക്കുകീഴിലുള്ള കോളേജുകളിലും ആർട്സ് & സയൻസ് കോളേജുകളിലുംകൂടി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ലഹരിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച അവബോധം വിദ്യാർത്ഥികൾക്ക് നൽകുന്നതിന് " കവചം" എന്ന പേരിൽ ഒരു കൈപ്പുസ്തകം വിമുക്തി മിഷൻ തയ്യാറാക്കിയിട്ടുണ്ട്. അതുപോലെ വിദ്യാർത്ഥികൾ ലഹരിയുടെ പിടിയിൽ അകപ്പെടാതെ സംരക്ഷിക്കുന്നതിന് അധ്യാപകരും രക്ഷകർത്താക്കളും ശ്രദ്ധിക്കേണ്ട കാര്യങ്ങളും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരെ അതിൽനിന്ന് പിൻതിരിപ്പിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി " കരുതൽ" എന്ന പേരിൽ ഒരു കൈപ്പുസ്തകവും വിമുക്തി മിഷൻ തയ്യാറാക്കി വിതരണം നടത്തിവരുന്നു. ലഹരി ഉപയോഗവും അത് കാരണം സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ ആ കുട്ടികളെ നേർവഴിക്ക് നയിക്കാനുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ " നേർവഴി" എന്ന പേരിൽ ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഒരു കുട്ടിയുടെ പെരുമാറ്റത്തിൽ എന്തെങ്കിലും മാറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ സഹായം ആവശ്യമായ കുട്ടിയുടെ വിവരം അധ്യാപകർ നേരിട്ട് എക്സൈസ് വകുപ്പിന് നൽകി, വകുപ്പിന്റെ ക്രിയാത്മകമായ ഇടപെടൽ സാധ്യമാക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

**പുനലൂരിൽ എക്സൈസ് കോംപ്ലക്സ് സമുച്ചയം നിർമ്മിക്കുന്നതിന് നടപടി**

392(2320) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പുനലൂർ എക്സൈസ് സർക്കിൾ ഓഫീസ് പ്രവർത്തിക്കുന്നത് വളരെ പഴക്കമുള്ളതും അപകടകരമായ നിലയിലുള്ളതുമായ കെട്ടിടത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പിന്റെ അധീനതയിലുള്ള ഇവിടെ പുതിയ എക്സൈസ് സർക്കിൾ ഓഫീസ്, എക്സൈസ് റേഞ്ച് ഓഫീസ്, വിമുക്തി ട്രെയിനിംഗ് സെന്റർ, ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സ് എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിനായി 19-6-2019-ന് വകുപ്പുമന്ത്രിയുടെ ചേംബറിൽ അന്നത്തെ സ്ഥലം എം.എൽ.എ.-യും എക്സൈസ് വകുപ്പിലെ ഉന്നത

ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ കൂടിയ യോഗത്തിൽ തീരുമാനമെടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ?

പ്രസ്തുത യോഗവുമായി ബന്ധപ്പെട്ട തീർപ്പു ഫയൽ പരിശോധിച്ചതിൽ ടി യോഗത്തിന്റെ മിനിറ്റ്സ് തയ്യാറാക്കിയതായി കാണുന്നില്ല.

(സി) പ്രസ്തുത യോഗത്തിൽ നിലവിലെ പ്ലാനിൽ മാറ്റം വരുത്തി ആധുനിക ഡിസൈനിൽ കൂടുതൽ മനോഹരമായ ഒരു കെട്ടിടം നിർമ്മിക്കുന്നതിനായി പുതിയ പ്ലാൻ തയ്യാറാക്കണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുള്ള 320 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനുമേൽ ഭരണാനുമതി ലഭ്യമാക്കാനുള്ള തുടർനടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ?

പുനലൂർ എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിനായി DSR 2018 പ്രകാരമുള്ള 320 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ഇതുമായി ബന്ധപ്പെട്ട ഫയലിൻമേൽ (ഫയൽ നമ്പർ 2097027) പ്രസ്തുത തുക അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കുമോയെന്ന് വിശദമാക്കാമോ?

പ്രസ്തുത കെട്ടിട നിർമ്മാണത്തിനുള്ള തുക കണ്ടെത്തുന്നതിനുള്ള ശീർഷകം, ഫണ്ട് ലഭ്യത എന്നീ വിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

**വാഴൂരിൽ എക്സൈസ് ഓഫീസ്**

393(2321) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പുതിയ എക്സൈസ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ജനസംഖ്യ, കുറ്റകൃത്യങ്ങളുടെ എണ്ണം, അവയുടെ സ്വഭാവം, ആ പ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എസ്.സി/എസ്.ടി കോളനികൾ, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, വിമുക്തി ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ കണക്കിലെടുത്താണ് പുതിയ എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളായി കണക്കാക്കുന്നത്.

(ബി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ മണിമല, വെള്ളാവൂർ, പള്ളിക്കത്തോട്, വാഴൂർ, കങ്ങഴ, നെടുങ്കുന്നം, കറുകച്ചാൽ എന്നീ പഞ്ചായത്തുകൾ പ്രവർത്തനപരിധിയിൽ ഉൾപ്പെടുത്തി വാഴൂർ മിനി സിവിൽ സ്റ്റേഷനിൽ ഒരു എക്സൈസ് ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കാമോ?

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ മണിമല, വെള്ളാവൂർ, പള്ളിക്കത്തോട്, വാഴൂർ, കങ്ങഴ, നെടുങ്കുന്നം, കറുകച്ചാൽ എന്നീ പഞ്ചായത്തുകൾ പ്രവർത്തനപരിധിയിൽ ഉൾപ്പെടുത്തി വാഴൂർ മിനി സിവിൽ സ്റ്റേഷനിൽ ഒരു എക്സൈസ് ഓഫീസ് രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല. എന്നാൽ നിലവിലുള്ള ചങ്ങനാശ്ശേരി എക്സൈസ് റേഞ്ചിനെ രണ്ടായി വിഭജിച്ച് വെള്ളാവൂർ, വാഴൂർ, വാകത്താനം, നെടുംകുന്നം, കങ്ങഴ, കറുകച്ചാൽ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന രീതിയിൽ നെടുംകുന്നം എന്ന പേരിൽ പുതുതായി എക്സൈസ് റേഞ്ച് ഓഫീസ് ഒന്നാം ഘട്ടമായി രൂപീകരിക്കുന്നതുൾപ്പെടെ അധികാര അതിർത്തി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ മൂന്ന് ഘട്ടങ്ങളിലായി രൂപീകരിക്കുന്നതിനായുള്ള എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ വിശദമായി പരിശോധിക്കുകയും എക്സൈസ് വകുപ്പിനുകീഴിൽ നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളെ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന പ്രൊപ്പോസൽ പരിഗണിക്കാൻ സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ലെന്നും എക്സൈസ് കമ്മീഷണറുടെ ശിപാർശയിൽ ഒന്നാം ഘട്ടമായി പരിഗണിക്കേണ്ടുന്ന പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-24 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും ആയതിനായി അടുത്ത സാമ്പത്തിക വർഷത്തിൽ വിശദമായി ശിപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്.

### എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിലെ തസ്തികകൾ സൃഷ്ടിക്കാൻ നടപടി

394(2322) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് എം. രാജേന്ദ്രൻ നായർ കമ്മീഷൻ സമർപ്പിച്ച മലപ്പുറം വിഷമദ്യ ദുരന്തത്തിന്റെ റിപ്പോർട്ട് പുറത്തുവിട്ടിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള വീഴ്ചകൾക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ജസ്റ്റിസ് എം. രാജേന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ എത്ര സിവിൽ എക്സൈസ് ഓഫീസർമാർ സ്പെഷ്യൽ ഡ്യൂട്ടിയിൽ ജോലി ചെയ്യുന്നുണ്ട്; അവിടെ സിവിൽ എക്സൈസ് ഓഫീസർമാരുടെ ഒഴിവുണ്ടായിരുന്നിട്ടും പ്രസ്തുത ഡിപ്പാർട്ട്മെന്റിൽ സർവ്വീസ് ജൂനിയറായ സിവിൽ എക്സൈസ് ഓഫീസർമാർ പലരെയും സ്വാധീനിച്ച് സ്പെഷ്യൽ ഡ്യൂട്ടിയിൽ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ എക്സൈസ് കമ്മീഷണറുടെ ഓഫീസ്, എക്സൈസ് വിജിലൻസ് ഓഫീസ്, അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), ജോയിന്റ് എക്സൈസ് കമ്മീഷണർ (ECRB), ജോയിന്റ് എക്സൈസ് കമ്മീഷണർ (ദക്ഷിണ മേഖല), ജോയിന്റ് എക്സൈസ് കമ്മീഷണർ (EI & IB) എന്നീ ഓഫീസുകളിലായി 45 സിവിൽ എക്സൈസ് ഓഫീസർമാർ താൽക്കാലികമായി സ്പെഷ്യൽ ഡ്യൂട്ടിയിൽ ജോലി നോക്കിവരുന്നു. സിവിൽ എക്സൈസ് ഓഫീസർമാരെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിക്കുന്നത് സീനിയോരിറ്റിയുടെ അടിസ്ഥാനത്തിലല്ല.

(സി) കാസർഗോഡ് ഉൾപ്പെടെ പല ജില്ലകളിലും എൻഫോഴ്സ്മെന്റ് പ്രവർത്തനം താളംതെറ്റുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കാസർഗോഡ് ഉൾപ്പെടെ എല്ലാ ജില്ലകളിലും എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമായിത്തന്നെ നടക്കുന്നു. കേസ് കണ്ടെടുക്കുന്ന കാര്യത്തിൽ കൃത്യമായ പുരോഗതിയാണ് കാണാൻ സാധിക്കുന്നത്. ആയത് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിലുള്ള മികവിനെയാണ് സൂചിപ്പിക്കുന്നത്.

(ഡി) എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ സിവിൽ എക്സൈസ് ഓഫീസർമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത്; ആയതിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും ഈ ഒഴിവുകളുണ്ടായ തീയതിയും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തവയാണോയെന്നും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

നിലവിലുള്ള സിവിൽ എക്സൈസ് ഓഫീസർ തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ഓഫീസ് | നിലവിലുള്ള സിവിൽ എക്സൈസ് ഓഫീസർ തസ്തികകൾ |
|---|---|
| അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) | 2 |
| ജോയിന്റ് എക്സൈസ് കമ്മീഷണർ (ദക്ഷിണ മേഖല) | 2 |
| ജോയിന്റ് എക്സൈസ് കമ്മീഷണർ (ECRB) | 3 |
| എക്സൈസ് വിജിലൻസ് ഓഫീസർ | 4 |

നിലവിൽ ടി തസ്തികയിൽ ഒഴിവുകളില്ലാത്തതാണ്.

(ഇ) എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിലെ എല്ലാ ഓഫീസുകളിലുമായി സ്പെഷ്യൽ ഡ്യൂട്ടി, വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥകളിൽ മറ്റൊരു ഓർഡറുമില്ലാതെ ഉയർന്ന റാങ്കിലെ ഉദ്യോഗസ്ഥർ വിളിച്ചുവരുത്തിയതിന്റെ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന സിവിൽ എക്സൈസ് ഓഫീസർമാരുടെയും പ്രിവന്റീവ് ഓഫീസർമാരുടെയും എണ്ണത്തിനനുസരിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടിയെടുക്കുമോ; വ്യക്തമാക്കാമോ?

എക്സൈസ് വകുപ്പിലെ ഓഫീസ് ജോലികൾ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ബോർഡ് ഡ്യൂട്ടിയിൽ നിയോഗിച്ചാണ് നിർവ്വഹിച്ചുവരുന്നത്. അടിയന്തര സാഹചര്യങ്ങളിൽ ജീവനക്കാരെ താൽക്കാലികമായി സ്പെഷ്യൽ ഡ്യൂട്ടിയിലും നിയോഗിച്ചുവരുന്നു. സ്പെഷ്യൽ ഡ്യൂട്ടിയിൽ ജീവനക്കാരെ നിയോഗിക്കുന്നത് അടിയന്തര സാഹചര്യം കണക്കിലെടുത്തായതിനാൽ ജീവനക്കാർക്ക് ആനുപാതികമായി തസ്തിക സൃഷ്ടിക്കുന്നത് പ്രായോഗികമല്ല.

**കൗൺസിലിംഗ് സെന്റർ ആരംഭിക്കുന്നതിന് നടപടി**

395(2323) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ താലൂക്ക് തലത്തിൽ ഡി-അഡിക്ഷൻ/കൗൺസിലിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

എല്ലാ ജില്ലകളിലും നിലവിൽ ഓരോ ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയ്ക്കുപുറമെ ജില്ലകളിൽ പുതുതായി 2 ഡി-അഡിക്ഷൻ സെന്ററുകൾകൂടി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. ഇപ്രകാരം തെരഞ്ഞെടുത്ത ആശുപത്രികളിൽ ആരോഗ്യവകുപ്പ് ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള പരിശോധന നടത്തിവരുന്നു.

(ബി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഡി-അഡിക്ഷൻ/ കൗൺസിലിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ?

പാലക്കാട് ജില്ലയിൽനിന്നും ഒറ്റപ്പാലം താലൂക്കാശുപത്രി, ചിറ്റൂർ താലൂക്കാശുപത്രി എന്നിവയാണ് പുതുതായി ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് നിലവിൽ തെരഞ്ഞെടുത്തിട്ടുള്ളത്. പട്ടാമ്പി താലൂക്കിൽനിന്നും നിലവിൽ ആശുപത്രികളൊന്നും തെരഞ്ഞെടുത്തിട്ടില്ല.

(സി) പാലക്കാട് ജില്ലയിൽ പട്ടാമ്പി താലൂക്കിൽ ഇത്തരത്തിൽ എത്ര പേർക്കാണ് കൗൺസിലിംഗ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പാലക്കാട്, കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ സെന്ററിൽ 2022 ജൂലൈ 31 വരെ 4234 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുണ്ട്. താലൂക്ക് തിരിച്ചുള്ള വിവരം സൂക്ഷിക്കുന്നില്ല.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2066, 2067, 2125, 2134 എന്നിവയുടെ ഉത്തരങ്ങൾ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 AM ]

## II അടിയന്തരപ്രമേയം

ഇക്കോ സെൻസിറ്റീവ് സോൺ

മി. സ്പീക്കർ: കേരളത്തിലെ എല്ലാ വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും ഒരു കിലോമീറ്റർ ചുറ്റളവിൽ വരുന്ന മനുഷ്യവാസ കേന്ദ്രങ്ങളുൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഇക്കോ സെൻസിറ്റീവ് സോൺ നിർബന്ധമാക്കണമെന്ന 31-10-2019-ലെ സർക്കാർ ഉത്തരവ് റദ്ദാക്കാത്തതും സുപ്രീംകോടതി ഉത്തരവിനെത്തുടർന്ന് പരിസ്ഥിതിലോല മേഖലയാക്കിയാൽ ബാധിക്കുന്ന നിർമ്മിതികളും മറ്റ് വിവരങ്ങളും സംബന്ധിച്ച റിപ്പോർട്ട് മൂന്ന് മാസത്തിനകം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കാത്തതുംമൂലം കർഷക സമൂഹത്തിന് ആശങ്ക ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, സർവ്വശ്രീ പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഇന്നത്തെ അടിയന്തരപ്രമേയ നോട്ടീസിലൂടെ ഉന്നയിച്ച ബഫർ സോൺ സംബന്ധിച്ച വിഷയം 2022 ആഗസ്റ്റ് 29-ന് 62, 64 എന്നീ നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ മുഖേന സഭാതലത്തിൽ വന്നതും വിശദമായി മറുപടി പറഞ്ഞിട്ടുള്ളതും ചർച്ചയ്ക്ക് വിധേയമാക്കിയതുമാണ്. എങ്കിലുമിത് അനുവദിക്കുന്നു. സംക്ഷിപ്തമായി ബഹുമാനപ്പെട്ട അംഗം സംസാരിക്കുകയും മന്ത്രി മറുപടി പറയുകയും വേണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് പറഞ്ഞത് അതിന്റെ സ്പിരിറ്റിലെടുക്കുന്നു. ചോദ്യോത്തരവേളയിൽ ചോദ്യം ചോദിക്കാനേ സാധിക്കുകയുള്ളൂ. മറുപടി കേട്ടതിനുശേഷം അതിന്മേൽ ചോദ്യം ചോദിക്കാൻ പറ്റില്ല. അങ്ങനെ അവ്യക്തമായാണ് ആ വിഷയം അവസാനിക്കുക. വളരെ സെൻസിറ്റീവായ വിഷയമായതുകൊണ്ട് ചോദ്യത്തിൽക്കൂടി ഇത് പരിഹരിക്കാൻ സാധിക്കുകയില്ല. റൂൾ 50 പ്രകാരം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ള ഡിമാന്റാണിത്. ചുരുക്കി പറയാം. വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കിയതുകൊണ്ടാണ് ഇന്ന് ഇങ്ങനെയൊരു അടിയന്തരപ്രമേയം കൊണ്ടുവന്നിട്ടുള്ളത്.

മി. സ്പീക്കർ: പൊതുവിൽ ഇന്നുണ്ടായിട്ടുള്ള സമവായത്തിന്റെകൂടി അടിസ്ഥാനത്തിലാണ് സമയം ചുരുക്കണമെന്ന് പറഞ്ഞത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഡോ. മാത്യു കുഴൽനാടൻ നൽകിയ നോട്ടീസിൽത്തന്നെ ഗുരുതരമായ ഒരു പിശകുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത്, 'സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഒരു കിലോമീറ്റർ വരെ ഇക്കോ സെൻസിറ്റീവ് സോൺ നിർബന്ധമാക്കണം എന്ന സർക്കാർ ഉത്തരവ് എന്നാണ്. അങ്ങനെയൊരു ഉത്തരവില്ല. പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ എന്നുള്ളതാണ് ഉത്തരവ്. അദ്ദേഹം നൽകിയിരിക്കുന്ന നോട്ടീസ് വായിക്കുമ്പോൾ മനസ്സിലാകുന്നത് ഒരു കിലോമീറ്റർ വരെ നിർബന്ധമാണെന്നുള്ളതാണ്. വിശദീകരണ കുറിപ്പിലും അദ്ദേഹം ഇതുതന്നെയാണ് പറഞ്ഞിരിക്കുന്നത്. മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും ഒരു കിലോമീറ്റർ വരെ ഇക്കോ സെൻസിറ്റീവ് സോൺ നിർബന്ധമാക്കണമെന്ന തീരുമാനം ഗവൺമെന്റ് കൈക്കൊണ്ടിട്ടില്ല. യഥാർത്ഥത്തിൽ ഈ നോട്ടീസ് വസ്തുതാവിരുദ്ധമാണ്. എങ്കിലും ഇത് ചർച്ച ചെയ്യേണ്ട പ്രാധാന്യം ചെയർ സൂചിപ്പിച്ചതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് വരാം. ബഫർ സോണുമായി ബന്ധപ്പെട്ട് 2019-ലെ മന്ത്രിസഭാ തീരുമാനത്തെത്തുടർന്ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടില്ല. കാരണം, 31-10-2019-ലെ സർക്കാർ ഉത്തരവുപ്രകാരം മനുഷ്യവാസ പ്രദേശങ്ങൾ ഉൾപ്പെടെ വരുന്ന ഇടങ്ങളിൽ പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ ഇക്കോ സെൻസിറ്റീവ് സോണായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപനം തയ്യാറാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ആവശ്യമായി വരുന്നിടത്ത് മനുഷ്യവാസ മേഖലകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനാണ് 'പൂജ്യം' എന്ന് പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഒരു കിലോമീറ്റർ നിർബന്ധമായും ബഫർ സോൺ വേണമെന്ന് ഉത്തരവിൽ ഒരിടത്തും നിഷ്കർഷിച്ചിട്ടില്ല. കരട് വിജ്ഞാപനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ പ്രകാരം, കേന്ദ്ര സർക്കാർ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചാൽ മാത്രമേ അതിൽ പറയുന്ന അളവിൽ മാറ്റം വരുത്താൻ പാടുള്ളൂ എന്ന വ്യവസ്ഥയുമില്ല. കരട് വിജ്ഞാപനത്തിന്റെ ഉദ്ദേശ്യം പൊതുജനങ്ങളുടെ ആക്ഷേപങ്ങൾ കേട്ടതിനുശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയെന്നതാണ്. കരട് വിജ്ഞാപനങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും കേട്ടതിനുശേഷം ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും പൂർണ്ണമായും ബഫർ സോണിൽനിന്നും ഒഴിവാക്കുന്നതിനുള്ള തീരുമാനമാണ് 2020 സെപ്റ്റംബർ 28-ന് അന്നത്തെ വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം

കൈക്കൊണ്ടിട്ടുള്ളത്. 31-10-2019-ലെ സർക്കാർ ഉത്തരവിനകത്ത് നിന്നുകൊണ്ട് അതിൽപ്പറയുന്ന പൂജ്യം കിലോമീറ്ററെന്ന വ്യവസ്ഥ ജനവാസ മേഖലയുൾപ്പെടെയുള്ള പ്രദേശങ്ങളിൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ തീരുമാനം പ്രസ്തുത സർക്കാർ ഉത്തരവിന് വിരുദ്ധമോ അതിൽനിന്നും വ്യതിചലിച്ചുകൊണ്ടുള്ളതോ അല്ല. ജനവാസ മേഖലകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടാണ് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ആ വിജ്ഞാപനങ്ങളിലെല്ലാം ജനവാസ മേഖലയെ പൂർണ്ണമായും ഒഴിവാക്കി പൂജ്യം കിലോമീറ്റർ എന്നത് ഉറപ്പുവരുത്തിക്കൊണ്ടാണ് പൊതുജനാഭിപ്രായംകൂടി പരിഗണിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത നിർദ്ദേശങ്ങൾ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനവും കോടതിവിധിയും ലഭ്യമാക്കുന്നതിനുവേണ്ടിയാണ് 27-7-2022-ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചതും അപ്രകാരം സുപ്രീംകോടതിയിൽ പുനഃപരിശോധന ഹർജി ഫയൽ ചെയ്തിട്ടുള്ളതും. അതിനാൽ സുപ്രീംകോടതി വിധി നിലനിൽക്കെ പുതിയൊരു തീരുമാനം കൈക്കൊണ്ടെന്ന തെറ്റായ സന്ദേശം ഉണ്ടാകാതിരിക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ആ ഉത്തരവ് റദ്ദാക്കാതെതന്നെ അതിന്റെ പരിധിക്കകത്ത് നിന്നുകൊണ്ടുള്ള തീരുമാനത്തിലെത്തിയത്. 2019-ലെ ഉത്തരവ് പരിഗണിച്ചല്ല സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളത്. മാത്രവുമല്ല, ആ വിധി കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലൊട്ടാകെ ബാധകമാണ്. 2003-ൽ സെൻട്രൽ എംപവേഡ് കമ്മിറ്റി രാജസ്ഥാന്റെ വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ട് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസിലാണ് 2011-ലെ കേന്ദ്ര നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ബഹു. സുപ്രീംകോടതി വിധി വന്നിട്ടുള്ളത്. ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ പ്രസ്തുത സർക്കാർ ഉത്തരവ് പിൻവലിക്കുകയല്ല വേണ്ടത്, മറിച്ച് ഉത്തരവിൻപ്രകാരം ഇതുവരെ സ്വീകരിച്ച നടപടികൾ അംഗീകരിച്ച് ജനവാസ മേഖലകൾ പൂർണ്ണമായും ഒഴിവാക്കിക്കിട്ടുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നിർദ്ദേശത്തിന് സുപ്രീംകോടതിയുടെ അംഗീകാരം ലഭ്യമാക്കുകയാണ് വേണ്ടത്. ഇതിനുവേണ്ടിയാണ് കേരളത്തിലെ പ്രത്യേക സാഹചര്യംകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് 17-8-2022-ന് സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ പുനഃപരിശോധന ഹർജി ഫയൽ ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിലെ 44 (സി) പ്രകാരം സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ ആകാവുന്ന സ്ഥലങ്ങളിലെ വിവിധ നിർമ്മാണങ്ങൾ, കെട്ടിടങ്ങൾ

എന്നിവയുടെ വിശദവിവരങ്ങൾ മൂന്ന് മാസത്തിനകം സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. സുപ്രീംകോടതി വിധി വന്ന 3-6-2022 മുതലല്ല, ഔദ്യോഗികമായി വിധി ലഭിക്കുന്ന തീയതി മുതലാണ് മൂന്നുമാസം കണക്കാക്കുന്നത്. സുപ്രീംകോടതി വിധിപ്രകാരം ഏതെങ്കിലും സർക്കാർ ഏജൻസി മുഖേനയോ സാറ്റലൈറ്റ് ഇമേജിംഗിലൂടെയോ അല്ലെങ്കിൽ ഡ്രോൺ ഉപയോഗിച്ചുള്ള ഫോട്ടോഗ്രാഫി വഴിയോ നിർമ്മാണങ്ങളുടെ കണക്ക് തയ്യാറാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. അപ്രകാരം വിവര ശേഖരണത്തിനായി കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ (കെ.എസ്.ആർ.എസ്.ഇ.സി.) ചുമതലപ്പെടുത്തുകയും 23-8-2022-ന് അവർ സർക്കാരിന് റിപ്പോർട്ട് കൈമാറുകയുമുണ്ടായി. 29-8-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വിവിധ വകുപ്പുമന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിശോധിക്കുകയും റിമോട്ട് സെൻസിംഗ് പ്രകാരമുള്ള ഡാറ്റ മാത്രം സുപ്രീംകോടതിക്ക് സമർപ്പിക്കുന്നതിനുമുമ്പായി വകുപ്പുകളിലെ ഡാറ്റകളുടെ അടിസ്ഥാനത്തിൽ വിശദവിവരങ്ങൾ ശേഖരിച്ച് മൂന്നുമാസത്തിനകം അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കാൻ തീരുമാനിക്കുകയും ചെയ്തു. വനം, റവന്യൂ, തദ്ദേശസ്വയംഭരണം, ജലസേചനം, ഊർജ്ജം തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ച് തുടർനടപടികൾ സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കെ.എസ്.ആർ.എസ്.ഇ.സി. തയ്യാറാക്കിയ റിപ്പോർട്ട് സുപ്രീംകോടതിയിൽ സമർപ്പിച്ചുകഴിഞ്ഞാൽ പിന്നീടതിൽ കൂട്ടിച്ചേർക്കൽ പ്രയാസകരമായിരിക്കുമെന്നതിനാലാണ് ഇങ്ങനെ തീരുമാനിച്ചത്. സുപ്രീംകോടതിയിൽ പുനഃപരിശോധന ഹർജി സമർപ്പിച്ചതും സുപ്രീംകോടതി ആവശ്യപ്പെട്ട പ്രകാരം റിമോട്ട് സെൻസിംഗ് മുഖേന വിവരശേഖരണം പൂർത്തിയാക്കിയതും കേരളം മാത്രമാണെന്ന കാര്യവും സഭയെ അറിയിക്കുകയാണ്. ഇക്കാര്യത്തിൽ സാധ്യമായ രീതിയിലെല്ലാം സംസ്ഥാന സർക്കാർ ഇടപെട്ടുകൊണ്ടിരിക്കുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ വിഷയം അവതരിപ്പിക്കുന്നത് സഭയിലുള്ളവർക്ക് വ്യക്തമാകാൻ വേണ്ടിയാണ്. യഥാർത്ഥത്തിൽ ഈ വിഷയത്തിൽ സർക്കാരിന്റെ ആത്മാർത്ഥതയെക്കുറിച്ചാണ് ബഹുമാന്യനായ മന്ത്രി പറയാൻ ശ്രമിച്ചത്. ആദ്യമായി സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോസെൻസിറ്റീവ് സോൺ എന്ന കൺസെപ്റ്റ് വരുന്നത് 2001 ഫെബ്രുവരി 9-ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഇറക്കിയ ഗൈഡ്ലൈൻസിന്റെ

പശ്ചാത്തലത്തിലാണ്. അതിന്മേൽ സംസ്ഥാനങ്ങളൊന്നും ആക്ട് ചെയ്യാതിരുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് ചോദിച്ചുകൊണ്ട് 2006 ഡിസംബർ 4-ന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിറക്കുകയുണ്ടായി. അതിന്റെ പശ്ചാത്തലത്തിൽ 2011-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഫ്രഷ് ഗൈഡ്‌ലൈൻസ് പുറപ്പെടുവിച്ചുകൊണ്ട് സംരക്ഷിത പ്രദേശങ്ങൾക്കും വനങ്ങൾക്കും ചുറ്റുമായി ഇക്കോ സെൻസിറ്റീവ് സോൺ എന്ന കൺസെപ്റ്റ് മുന്നോട്ടുവയ്ക്കണമെന്നും അതിൽ എത്രമാത്രം ഏരിയയുണ്ടാകുമെന്നും 10 കിലോമീറ്ററാണ് വിഭാവനം ചെയ്യുന്നതെന്നും സൂചിപ്പിച്ചുകൊണ്ടുള്ള കത്ത് എല്ലാ സംസ്ഥാനങ്ങൾക്കും നൽകുകയുണ്ടായി. അങ്ങനെ 9-2-2011-ന് കേന്ദ്ര സർക്കാർ തീരുമാനമെടുത്ത് സംസ്ഥാന സർക്കാരിനെ അറിയിച്ചതനുസരിച്ചാണ് 29-06-2011-ൽ അന്നത്തെ ഉമ്മൻ ചാണ്ടി സർക്കാർ വൈൽഡ് ലൈഫ് വാർഡൻ, ഇക്കോളജിസ്റ്റ്, ബി.ഡി.ഒ., തഹസിൽദാർ എന്നിവരുൾപ്പെടുന്ന കമ്മിറ്റി രൂപീകരിച്ചത്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിഗണിച്ചശേഷം ജനവാസ മേഖലകൾ പൂർണ്ണമായും ഒഴിവാക്കിയുള്ള സംരക്ഷിത പ്രദേശങ്ങൾ (ESZ) തീരുമാനിക്കുന്നതിന് 8-5-2013-ലെ ക്യാബിനറ്റ് തീരുമാനമെടുക്കുകയും അപ്രകാരമുള്ള ഡ്രാഫ്റ്റ് നിർദ്ദേശങ്ങൾ 13-5-2015-ന് കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തു. അതിനുശേഷം സർക്കാർ മാറുകയും പിന്നീട് വന്ന ഒന്നാം പിണറായി വിജയൻ സർക്കാരിനോട് പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച് കേന്ദ്രസർക്കാർ ചില വിശദാംശങ്ങൾ ആരായുകയുമുണ്ടായി. 2018 വരെ അതിനുള്ള മറുപടി നൽകാതിരുന്നതിനാൽ പൂർണ്ണമായും ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ട് സമർപ്പിച്ച നിർദ്ദേശങ്ങൾപ്രകാരം ഇഷ്യൂ ചെയ്ത ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ ലാപ്സായി പോയി. അതിന്റെ ഫലമായി വീണ്ടും 10 കിലോമീറ്റർ എന്നത് ഇക്കോ സെൻസിറ്റീവ് സോണായി മാറുകയും വീണ്ടും പുതിയ നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള അവസരം ലഭിക്കുകയുമുണ്ടായി. ഒന്നാം പിണറായി വിജയൻ സർക്കാരിന് ലഭിച്ച ആ അവസരം ഉപയോഗിച്ച് നിങ്ങൾ പുതിയ തീരുമാനങ്ങൾ കൈക്കൊണ്ടതാണ് ഈ ഉത്തരവിന്റെ രൂപത്തിൽ വന്നത്. അവിടെയാണ് ചതിയുണ്ടായിരിക്കുന്നത്. ഇങ്ങനെ മുഴുവൻ ജനവാസ മേഖലകളെയും ഒഴിവാക്കിയാൽ അത് അംഗീകരിക്കപ്പെടില്ലെന്നും സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെയും കെടുതികളുടെയും പശ്ചാത്തലത്തിൽ ഇക്കാര്യം പരിശോധിക്കേണ്ടതുണ്ടെന്ന് തീരുമാനിക്കുകയും ഇതിനായി പുതിയൊരു കമ്മിറ്റിയെ മന്ത്രിസഭ നിയോഗിക്കുകയും ചെയ്തു. ഏകദേശം 1 മുതൽ 3 കിലോമീറ്റർ വരെ എല്ലായിടത്തും ഇക്കോ സെൻസിറ്റീവ് സോണായി തീരുമാനിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുകയുണ്ടായി. അതിൽ മംഗളവനം ഹൈക്കോടതിയോട് ചേർന്നുള്ള പ്രദേശമായതിനാൽ ഒരു കിലോമീറ്റർ എന്നത് സാധ്യമല്ലാത്തതുകൊണ്ട് 0 മുതൽ 1

കിലോമീറ്റർ വരെയെന്ന് തീരുമാനമെടുക്കുകയും ഗവൺമെന്റ് അപ്രകാരമുള്ള ഉത്തരവിറക്കുകയും ചെയ്തു. അപ്പോഴാണ് ഈ വിഷയം ഇത്രയും കോംപ്ലിക്കേറ്റഡായത്. അതായത്, മുഴുവൻ ജനവാസ മേഖലകളെയും ഒഴിവാക്കിക്കൊണ്ടുള്ള തീരുമാനത്തെ റിവൈസ് ചെയ്താണ് 0 മുതൽ 1 കിലോമീറ്റർ വരെ എന്നാക്കിയത്. നിരവധി തവണ ഞങ്ങൾ ഈ വിഷയം ഇവിടെ ഉന്നയിക്കുകയും ജനങ്ങളുടെ ആശങ്ക സർക്കാരിന്റെ മുന്നിൽ കൊണ്ടുവരികയും ചെയ്തു. നിങ്ങൾ യഥാർത്ഥത്തിൽ ജനവാസ മേഖലകളെ ഇക്കോ സെൻസിറ്റീവ് സോണാക്കാൻ ആഗ്രഹിച്ചിരുന്നില്ലെങ്കിൽ എല്ലാ വന്യജീവി സങ്കേതങ്ങൾക്കും സംരക്ഷിത വനങ്ങൾക്കും പുറത്തുള്ള മുഴുവൻ മേഖലകളെയും ഒഴിവാക്കാമെന്ന് പറയുമായിരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിച്ചുവെന്ന് അങ്ങ് അവകാശപ്പെടുന്ന റിവ്യൂ ഹർജിയാണ് എന്റെ കയ്യിലുള്ളത്. (ഹർജിയുടെ പകർപ്പ് ഉയർത്തിക്കാട്ടി). ഇതിന്റെ ഏഴാമത്തെ ഖണ്ഡികയിൽ ഈ സർക്കാർ ചെയ്ത നടപടിയെക്കുറിച്ച് പറയുന്നുണ്ട്. "Subsequently the ESZ for the protected areas in Kerala were prepared as below..." എന്നുപറഞ്ഞ് ആ ഖണ്ഡിക അവസാനിക്കുമ്പോൾ പറയുന്നത് "...A table showing the brief on the proposals of Wild Life Sanctuaries, National Parks and Tiger Reserves is given under Table 1." എന്നാണ്. അങ്ങേയ്ക്ക് ഇത് പരിശോധിക്കാവുന്നതാണ്, വേണമെങ്കിൽ ഹാൻഡ് ഓവർ ചെയ്യാം. ഇതിൽ എത്ര വലിയ ചതിയാണ് നിങ്ങൾ ചെയ്തിട്ടുള്ളതെന്ന് നോക്കണം. ഒന്നാമത്, നെയ്യാർ-പേപ്പാറ വന്യജീവി സങ്കേതം. രണ്ടാമത്, ചെന്തുരുണി വന്യജീവി സങ്കേതം. മൂന്നാമത്, പെരിയാർ വന്യജീവി സങ്കേതം. അതിനുശേഷം ഇടുക്കി വന്യജീവി സങ്കേതം വരുമ്പോൾ നിങ്ങൾ കൊടുത്തിരിക്കുന്നത് മിനിമം 0.45 മുതൽ 1 കിലോമീറ്റർ വരെ എന്നാണ്. അടുത്തത് എന്റെ മണ്ഡലമായ കോതമംഗലത്തെ തട്ടേക്കാട് പക്ഷി സങ്കേതമാണ്. അതിന് കൊടുത്തിരിക്കുന്നത്, മിനിമം ഒരു കിലോമീറ്റർ എന്നാണ്. ഇതാണ് യഥാർത്ഥത്തിൽ പിണറായി വിജയൻ സർക്കാർ ചെയ്യാൻ ആഗ്രഹിച്ചിരുന്നത്. അതുപോലെ പലയിടങ്ങളിലും മാറ്റം വരുത്തിയിട്ടുണ്ട്. പരമാവധിയെന്നല്ല, മിനിമം ഇത്ര വേണമെന്നാണ് നിങ്ങൾ കേന്ദ്രസർക്കാരിനെ അറിയിച്ചത്. ഈ ഫ്ലോറിൽ ഇത് നിഷേധിക്കാൻ നിയമ വകുപ്പുമന്ത്രിക്ക് കഴിയുമോ? പിണറായി വിജയൻ സർക്കാർ വന്നതിനുശേഷം കോതമംഗലം തട്ടേക്കാട് പക്ഷി സങ്കേതത്തിന് പുറത്തേയ്ക്ക് ഒരു കിലോമീറ്റർ വരെ മിനിമം ഇക്കോ സെൻസിറ്റീവ് സോണാക്കണമെന്ന നിർദ്ദേശം ഞങ്ങൾ കേന്ദ്ര സർക്കാരിന് നൽകിയിട്ടില്ലെന്ന് പറയാനുള്ള ധൈര്യം നിയമ വകുപ്പുമന്ത്രിക്കുണ്ടോയെന്ന് ഞാൻ വെല്ലുവിളിക്കുകയാണ്. അങ്ങനെ വന്നാൽ കോതമംഗലത്തിനടുത്തുള്ള കീരമ്പാറ അടക്കമുള്ള പ്രദേശംവരെ ഇക്കോ സെൻസിറ്റീവ് സോണായി മാറുകയാണ്. ഏറ്റവും ഒടുവിലായി നിങ്ങൾ സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഇതെല്ലാം ഒഴിവാക്കുമെന്ന്

ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുണ്ട്. 4-3-2022-ൽ പുതിയ തീരുമാനങ്ങൾ കൈക്കൊണ്ടുവെന്നും അതുപ്രകാരം പൂജ്യം കിലോമീറ്ററാണ് എന്നുപറയുകയും ചെയ്തതല്ലാതെ അതിനെ സാധൂകരിക്കുന്ന ഉത്തരവ് ഇന്നുവരെ സർക്കാർ ഇറക്കിയിട്ടില്ല. നിങ്ങളുടെ ഈ ദുരഭിമാനത്തിന് മുമ്പിൽ ദശലക്ഷക്കണക്കിന് കർഷകരുടെയും സാധാരണക്കാരുടെയും സ്വപ്നങ്ങൾ പൊലിഞ്ഞുവീഴുന്ന അവസ്ഥയുണ്ടാകും. സുപ്രീംകോടതിയിൽ സമർപ്പിച്ച റിവ്യൂ ഹർജിയിൽ നിങ്ങൾ കർഷകരെ കുടിയേറ്റക്കാരായി അല്ലെങ്കിൽ കയ്യേറ്റക്കാരായി ചിത്രീകരിച്ചിരിക്കുകയാണ്. എൻക്രോച്ചേഴ്സിനുവേണ്ടി പട്ടയം നൽകേണ്ടിവന്നുവെന്ന് സുപ്രീംകോടതി മുമ്പാകെ നിങ്ങൾ പരാമർശിച്ചാൽ അതിന്റെ പരിണിതഫലം എന്തായിരിക്കും? റിവ്യൂ പെറ്റീഷനിൽ വനം കയ്യേറിയവർക്ക് പട്ടയം നൽകേണ്ടിവന്നുവെന്ന് പരാമർശിച്ചിരിക്കുകയാണ്. ഈ നിലയിൽ സുപ്രീംകോടതിയിലേക്ക് പോയാൽ എന്ത് സംഭവിക്കും? ദേശീയ ശരാശരിയെക്കാൾ 24 ശതമാനമാണ് കേരളത്തിന്റെ വനവിസ്തൃതി.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം സഹകരിക്കാമെന്ന് പറഞ്ഞതാണ്. പ്ലീസ്... ചുരുക്കി പറയൂ...

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഞാൻ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഒരു വാചകംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. സൗത്ത് ഇന്ത്യൻ സംസ്ഥാനങ്ങളുടെ കാര്യം പരിശോധിച്ചാൽ, നമ്മൾ ചെയ്യുന്ന കാര്യങ്ങളിൽ ആത്മാർത്ഥതയാണ് കാണിക്കേണ്ടതെന്ന് മനസ്സിലാകും. അതായത്, സൗത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ എത്രമാത്രം വനപ്രദേശമുണ്ടെന്ന് നോക്കണം. കേരളത്തിന് 24.91%, തൊട്ടടുത്തുള്ള തമിഴ്നാടിന് 13.48%, കർണ്ണാടകത്തിന് 11.78%, തെലങ്കാനയ്ക്ക് 16.68%, ആന്ധ്രാപ്രദേശിന് 14.87%. ഇപ്പോൾ ഒടുവിലായി കേരളത്തിന് 29% ഉണ്ടെന്ന് പറയുന്നുണ്ട്. ഈ കണക്കെങ്കിലും നിങ്ങൾ സുപ്രീംകോടതിയിലെ റിവ്യൂ ഹർജിയിൽ കാണിക്കണ്ടേ; എന്നാലല്ലേ കേസിന് ബലം ലഭിക്കൂ? അത് ഈ റിവ്യൂ പെറ്റീഷനിൽ പറഞ്ഞിട്ടില്ല. ഫോറസ്റ്റ് കവർ കേരളത്തിന് 54% ആണെന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും. എക്സംപ്ഷൻ ചോദിക്കുമ്പോൾ കേരളം ചെയ്തിട്ടുള്ള കാര്യങ്ങൾ നിങ്ങൾ സുപ്രീംകോടതിയുടെ മുന്നിൽ പറയുന്നില്ല. മറിച്ച് നിങ്ങൾ പറയുന്നത് ഫോറസ്റ്റ് കയ്യേറിയ ഇത്ര പേർക്ക് പട്ടയം നൽകേണ്ടിവന്നു, അവരെ സംരക്ഷിക്കുകയാണ് എന്നാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്...

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഇങ്ങനെ പോയാൽ റിവ്യൂ ഹർജി കേരളത്തിലെ ജനങ്ങൾക്കുമേൽ ഇടിത്തീയായി വീഴുമെന്ന് ഞാൻ

ഭയപ്പെടുകയാണ്. അതുകൊണ്ട് ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഡോ. മാത്യു കുഴൽനാടൻ പറഞ്ഞ കാര്യങ്ങൾ യഥാർത്ഥത്തിൽ സഭയെയും കേരളീയ സമൂഹത്തെയും തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയുള്ളത് മാത്രമാണ്. ഈ പ്രശ്നത്തിൽ കക്ഷിരാഷ്ട്രീയം കാണാതിരിക്കുകയാണ് വേണ്ടത്. ഇവിടെ ചില സംസ്ഥാനങ്ങളുടെ കണക്കുകൾ സൂചിപ്പിക്കുകയുണ്ടായി. സുപ്രീംകോടതി വിധി വന്നതിനുശേഷം ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം മാത്രമാണ് പുനഃപരിശോധനാ ഹർജി നല്കിയത്. സുപ്രീംകോടതി വിധി വന്ന് മൂന്ന് മാസത്തിനുള്ളിൽ സാറ്റലൈറ്റ് ഇമേജിംഗും ഡ്രോണും ഉപയോഗിച്ച് കൃത്യമായും ശാസ്ത്രീയമായും വിവരങ്ങൾ ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ചെയ്ത ഏക സംസ്ഥാനം കേരളമാണ്. 2019-ൽ ഒരുത്തരവ് വന്നു. പ്രസ്തുത ഉത്തരവ് സുപ്രീംകോടതി വിധിയിലേയ്ക്കെത്തിച്ചു. ഇതാണ് പുറത്ത് പ്രസംഗിക്കുന്നതും മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നതും. എന്റെ കയ്യിലിരിക്കുന്നത് സുപ്രീംകോടതി ഉത്തരവാണ്. (സുപ്രീംകോടതി ഉത്തരവ് ഉയർത്തിക്കാട്ടി.) സുപ്രീംകോടതിയുടെ ഓപ്പറേറ്റിംഗ് പാർട്ട് 44 വളരെ പ്രധാനപ്പെട്ടതാണ്. " We accordingly direct: (a) Each protected forest, that is national park or wildlife sanctuary must have an ESZ of minimum one kilometre measured from the demarcated boundary of such protected forest in which the activities proscribed and prescribed in the Guidelines of 9th February 2011.........." . 2011 ഫെബ്രുവരിയിലെ കേന്ദ്രസർക്കാർ ഉത്തരവിനെ മാൻഡേറ്ററിയാക്കി മാറ്റുന്നതാണ് ഈ സുപ്രീംകോടതി വിധി. പ്രസ്തുത ഉത്തരവിറക്കിയത് കോൺഗ്രസ്സ് രാഷ്ട്രീയ പാർട്ടിയുടെ മന്ത്രിയായ ശ്രീ. ജയറാം രമേശ് ആയിരുന്നു. ബഹുമാനപ്പെട്ട അംഗം വെല്ലുവിളിച്ചതുപോലെ ഞാൻ വെല്ലുവിളിക്കുന്നില്ല. കേരള ചരിത്രത്തിലെ ഏതെങ്കിലും മന്ത്രിസഭയുടെ തീരുമാനം ഈ വിധിയിൽ എവിടെയെങ്കിലും പരാമർശിച്ചിട്ടുണ്ടോയെന്ന് വിനയപൂർവ്വം ഞാൻ ചോദിക്കുകയാണ്. കേരളത്തിലെ ഒരു പ്രദേശത്തെ സംബന്ധിച്ച പരാമർശമുണ്ടെന്ന് വേണമെങ്കിൽ പറയാം. കാറ്റഗറി തിരിക്കുന്ന പാരഗ്രാഫ് 12-ൽ പെരിയാർ നാഷണൽ പാർക്ക് സംബന്ധിച്ച് ഒരു പരാമർശമുണ്ട്. 'such protected areas will be placed in the appropriate category based on them sum total of their areas...'. അവിടെ മാത്രമേ കേരളത്തിലെ ഏതെങ്കിലുമൊരു പ്രദേശം സംബന്ധിച്ച് പരാമർശം

നടത്തിയിട്ടുള്ളൂ. ഓപ്പറേറ്റിംഗ് പാർട്ട് 44-നെക്കുറിച്ച് സൂചിപ്പിച്ചതിൽ ESZ 1 km ആണെന്ന് രേഖപ്പെടുത്തിയശേഷം രാജസ്ഥാനിൽ തെറ്റായ പ്രവൃത്തി നടന്നെന്ന് പറയപ്പെടുന്ന ഒരു പ്രദേശത്ത് 500 മീറ്റർ മാത്രമേയുള്ളൂ. യഥാർത്ഥത്തിൽ ഈ വിധിയിൽ ഒരിടത്തും കേരളമോ കേരളത്തിന്റെ മന്ത്രിസഭാ തീരുമാനങ്ങളോ വന്നിട്ടില്ല. '2019-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുണ്ടായ സുപ്രീംകോടതി വിധി നമ്മുടെ കർഷകർക്കും ജനങ്ങൾക്കുമുണ്ടാക്കിയിട്ടുള്ള ബുദ്ധിമുട്ട് ' - ഇതാണ് നമ്മുടെ നാട്ടിലെ ചില മാധ്യമങ്ങളും സംഘടനകളും നല്കുന്ന പ്രസ്താവനയുടെ ആദ്യ വാചകം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരത്തിലൊരു തീരുമാനം വേണമെന്ന് സംസ്ഥാനം ആവശ്യപ്പെടുകയാണ്. ആ വിധി നിലനിൽക്കുകയും ക്യാബിനറ്റ് അത് ദുർബലപ്പെടുത്തേണ്ടതില്ലെന്ന് പറയുകയും ചെയ്തുകൊണ്ട് എംപവേഡ് കമ്മിറ്റി മുമ്പാകെ ഇത്തരത്തിലൊരു സബ്മിഷൻ നൽകുന്നതിൽ എന്ത് വ്യക്തതയാണുള്ളത്?

ശ്രീ. പി. രാജീവ്: സർ, നിങ്ങൾ തെറ്റിദ്ധരിപ്പിക്കരുതെന്നാണ് ഞാൻ പറഞ്ഞത്. ആ ഭാഗം അങ്ങ് അംഗീകരിച്ചല്ലോ. പ്രസ്തുത വിധി കേരളവുമായി ബന്ധമുള്ളതല്ല, മന്ത്രിസഭാ തീരുമാനവുമല്ല.

ശ്രീ. സണ്ണി ജോസഫ്: സർ,...

ശ്രീ. പി. രാജീവ്: സർ, ചെയർ അനുവദിക്കുകയാണെങ്കിൽ ചർച്ച ചെയ്യാം.

മി. സ്പീക്കർ: ഇന്ന് അത്രയും സമയമെടുക്കാനാകില്ല.

ശ്രീ. പി. രാജീവ്: സർ, ബി.ജെ.പി. സർക്കാരിന്റെ കാലഘട്ടത്തിൽ ഒരു നിർദ്ദേശം വന്നുവെന്നുള്ളത് ശരിയാണ്. അത് ഗൈഡ്‌ലൈൻസായി വരുന്നത് ശ്രീ. ജയറാം രമേശ് മന്ത്രിയായിക്കുമ്പോഴാണ്. 2009 ആഗസ്റ്റ് 31-ന് മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച സ്റ്റേറ്റ്മെന്റ് 'Jairam Ramesh against reducing buffer zones.' എന്നാണ്. 10 km. എന്നത് കേരളത്തെ വല്ലാതെ ബാധിക്കുമെന്നതിനാൽ ബഹുമാനപ്പെട്ട ചെയറും ധനകാര്യ വകുപ്പുമന്ത്രിയും ഞാനും ഉൾപ്പെടെയുള്ളവർ ശക്തമായി അതിനെ എതിർത്തിട്ടുണ്ട്. ഞങ്ങൾ ആവശ്യപ്പെട്ട പ്രകാരം കേരളത്തിലെ മുഴുവൻ എം.പി.-മാരുടെയും യോഗം വിളിച്ചപ്പോൾ പത്ത് കിലോമീറ്റർ പറ്റില്ലെന്ന് ശക്തമായി പറയുകയുണ്ടായി. അപ്പോൾ ശ്രീ. ജയറാം രമേശ് നമ്മുടെ നാടിന്റെ പ്രകൃതിയെക്കുറിച്ച് നമ്മെ പഠിപ്പിക്കുകയാണ് ചെയ്തത്. ഗാഡ്ഗിൽ റിപ്പോർട്ടിലെ കാര്യങ്ങളൊക്കെ അദ്ദേഹം വാദിക്കുകയുണ്ടായി. ESZ 10 km. വേണമെന്ന നിബന്ധന വച്ചത് കോൺഗ്രസ്സാണ്. അവരാണ് ഈ

ഗൈഡ്‌ലൈനുകൾ ഇറക്കിയത്. അതാണ് ഇപ്പോൾ സുപ്രീംകോടതി വിധിയോടെ മാൻഡേറ്ററിയായത്. സമയക്കുറവുമൂലം ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഡോ. മാത്യു കുഴൽനാടൻ ശാസ്ത്രീയ പഠനത്തെ സംബന്ധിച്ച കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. സർക്കാർ കാര്യങ്ങളെല്ലാം കൃത്യമായി ചെയ്തതായും കമ്മിറ്റി രൂപീകരിച്ച് വിശദമായി പഠിച്ചശേഷം റിപ്പോർട്ട് സമർപ്പിച്ചതായും പറയുകയുണ്ടായി. 10 കിലോമീറ്റർ വരെ ജനവാസകേന്ദ്രങ്ങൾ ഒഴിവാക്കണമെന്ന് എന്തിനാണ് പ്രത്യേകം പറയുന്നത്; ഒഴിവാക്കി എന്ന് മാത്രം പറഞ്ഞാൽ പോരേ? നിങ്ങൾ 2013-ൽ മന്ത്രിസഭാ തീരുമാനമെടുത്തെന്ന് പറയുന്നു. നിങ്ങൾക്ക് കടുകുമണിയോളം ആത്മാർത്ഥതയുണ്ടായിരുന്നെങ്കിൽ ആ മന്ത്രിസഭാ തീരുമാനം സർക്കാർ ഉത്തരവായി ഇറക്കുമായിരുന്നില്ലേ? 2013-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ ജി.ഒ. നിങ്ങളുടെ കൈവശമുണ്ടല്ലോ. മന്ത്രിസഭാ തീരുമാനത്തെ സംബന്ധിച്ച് വനം വകുപ്പിന് കത്തയയ്ക്കുക മാത്രമാണുണ്ടായത്. ഡോ. മാത്യു കുഴൽനാടൻ പറഞ്ഞതുപോലെ അതിവിദഗ്ദ്ധമായി എല്ലാം ചുമതലപ്പെടുത്തി ശാസ്ത്രീയ പഠനം നടത്തിയതിന്റെ ഭാഗമായി റിപ്പോർട്ട് സമർപ്പിച്ചല്ലോ. ആ റിപ്പോർട്ടിനെന്താണ് സംഭവിച്ചത്? അടിസ്ഥാനമായി ചെയ്യേണ്ട കാര്യം പോലുമില്ലാതെ സമർപ്പിച്ച റിപ്പോർട്ടുകളിൽ 11 എണ്ണം കേന്ദ്രസർക്കാർ നിരസിക്കുകയാണുണ്ടായത്. കളർ കോഡ് പോലുമില്ലാതിരുന്നതിനാലും അതിരുകൾ കൃത്യമായി നിർണ്ണയിക്കപ്പെടാതിരുന്നതിനാലും വിദഗ്ദ്ധ സമിതി നൽകിയ നിർദ്ദേശങ്ങൾ അവ്യക്തമാണെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു റിപ്പോർട്ടുകൾ തിരിച്ചയച്ചത്. ഞങ്ങൾ ചെയ്തത് ചതിയെന്ന് അങ്ങ് സൂചിപ്പിച്ചല്ലോ. ആറളം വന്യജീവി സങ്കേതം-നിങ്ങൾ സമർപ്പിച്ച സ്ഥല വിസ്തൃതി 12.4 കിലോമീറ്റർ, ഞങ്ങൾ 2020-ൽ സമർപ്പിച്ച സ്ഥല വിസ്തൃതി 7.56 കിലോമീറ്റർ. കൊട്ടിയൂർ-നിങ്ങൾ സമർപ്പിച്ചത് 22.34 കിലോമീറ്റർ, ഞങ്ങൾ സമർപ്പിച്ചത് 10.8 കിലോമീറ്റർ. മംഗളവനത്തിന്റെ 200 മീറ്ററിനുള്ളിലാണ് ഹൈക്കോടതി സ്ഥിതി ചെയ്യുന്നത്. അതിന് നിങ്ങൾ നൽകിയത് ഹൈക്കോടതിയുൾപ്പെടെ 0.542 കിലോമീറ്ററാണ്, ഞങ്ങൾ നൽകിയത് 0.122 കിലോമീറ്ററാണ്. മംഗളവനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഹരിതസേനയുടെ ഭാഗമായി 23-4-2012-ന് എറണാകുളം എം.എൽ.എ. നല്കിയ കത്തുണ്ട്. Environmental protection പരിധിയിൽ റെയിൽവേ, ഹൗസിംഗ് ബോർഡ് തുടങ്ങിയവയുടെ കൈവശമുള്ള സ്ഥലങ്ങളുൾപ്പെടെ ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിക്കണമെന്നാണ് ആ കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. എന്നിട്ട് ഇങ്ങനെ പറയുന്നത് ശരിയാണോ? 2019-ലെ ഉത്തരവ് റദ്ദാക്കിയിട്ടില്ല, അതോടുകൂടി കേസ് തോറ്റുവെന്ന് പറയുകയുണ്ടായി. 2019-ലെ ഉത്തരവും ഇതും

തമ്മിൽ യാതൊരു ബന്ധവുമില്ല. 2013-ൽ മന്ത്രിസഭ തീരുമാനമെടുത്തെങ്കിലും ഉത്തരവിറക്കിയിരുന്നില്ല. ഉത്തരവിറക്കിയില്ലെങ്കിലും മന്ത്രിസഭാ തീരുമാനം വാലിഡല്ലേ എന്ന് നിങ്ങൾ ചോദിക്കും. വാലിഡാണ്, കത്തുണ്ട്. 2022-ലെ മന്ത്രിസഭാ തീരുമാനം റദ്ദാക്കാത്തതുകൊണ്ട് 2019-ലേത് നിൽക്കുന്നുവെന്നാണല്ലോ നിങ്ങൾ പറയുന്നത്. 2019-ലെ മന്ത്രിസഭാ തീരുമാനം ഞാൻ പരിശോധിച്ചപ്പോൾ അതിൽ 2013-ലെ തീരുമാനം റദ്ദാക്കിയിട്ടില്ല. അങ്ങനെയാണെങ്കിൽ 2013-ലെ തീരുമാനമല്ലേ നിലനിൽക്കൂ? ഒരു മന്ത്രിസഭാ തീരുമാനം വരുമ്പോൾ അതുമായി ബന്ധപ്പെട്ട പഴയ തീരുമാനം റദ്ദാക്കിയില്ലെങ്കിൽ അതേ നിലനിൽക്കൂ എന്നാണ് വാദമെങ്കിൽ 2013-ലെ നിങ്ങളുടെ തീരുമാനമാണോ ഇപ്പോൾ നിലനിൽക്കുന്നത്? 2013-ലെ തീരുമാനം പരാമർശിച്ചുകൊണ്ടാണ് 2019-ൽ മന്ത്രിസഭാ തീരുമാനം വന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ,........

ശ്രീ. പി. രാജീവ്: സർ, ഞാൻ വഴങ്ങാൻ തയ്യാറാണ്. പക്ഷെ ചെയർ അനുവദിക്കുന്നില്ല. ഡോ. മാത്യു കുഴൽനാടൻ, ഇനി പ്രതിപക്ഷനേതാവ് സംസാരിക്കുമല്ലോ. 2019-ലെ മന്ത്രിസഭാ തീരുമാനം ഇക്കോ സെൻസിറ്റീവ് സോൺ പൂജ്യം മുതൽ ഒരു കി.മീ. വരെയാണെന്നാണ്. അതിൽ നിന്നുകൊണ്ടാണ് കരട് വിജ്ഞാപനം പുറപ്പെടുവിച്ചത്. ജനങ്ങളുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് ജനവാസ പ്രദേശങ്ങളെല്ലാം പൂജ്യം കിലോമീറ്ററായി നിശ്ചയിച്ച ആ വിജ്ഞാപനം കേന്ദ്രസർക്കാരിന് അയച്ചുകൊടുത്തു. എന്നാൽ, സുപ്രീംകോടതി വിധി വന്നപ്പോൾ നമ്മുടെ എല്ലാ വിജ്ഞാപനങ്ങളും തിരിച്ചയച്ചു. സുപ്രീംകോടതി വിധിയിൽ ഒരു കിലോമീറ്റർ എന്നുപറയുന്നതുകൊണ്ടാണ് അതിനനുസൃതമായി വിജ്ഞാപനങ്ങൾ അയയ്ക്കാൻ പറഞ്ഞുകൊണ്ട് തിരിച്ചയച്ചത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ജനങ്ങളുടെയും ഈ നാടിന്റെയും താല്പര്യം മുൻനിർത്തി കക്ഷിരാഷ്ട്രീയത്തിന്റെ സങ്കുചിത വികാരങ്ങൾക്കൊന്നും പോകാതെയാണ് നിലപാട് സ്വീകരിച്ചത്. ഞങ്ങൾ വനഭൂമിയിൽ താമസിക്കുന്നവരെ കയ്യേറ്റക്കാരെന്ന് റിവ്യൂ പെറ്റീഷനിൽ പറഞ്ഞിരിക്കുന്നുവെന്ന് ഡോ. മാത്യു കുഴൽനാടൻ പറയുകയുണ്ടായി. ഒരു അഭിഭാഷകനായ അങ്ങ് ഇങ്ങനെ പറയാമോ? ഞങ്ങൾ അതിൽ പറഞ്ഞിരിക്കുന്നത്, 1977-നുമുമ്പോ മറ്റോ അവിടെ താമസിച്ച ആളുകൾക്ക് ഗവൺമെന്റ് പട്ടയം കൊടുത്തു. നാച്വറൽ അഫയേഴ്സുമായി ബന്ധപ്പെട്ട കേസിൽ ചോദ്യം ചെയ്യപ്പെട്ടെങ്കിലും പട്ടയം കൊടുത്ത നടപടി സുപ്രീംകോടതി അംഗീകരിക്കുകയാണുണ്ടായത്. പൂജ്യം മുതൽ ഒരു കിലോമീറ്ററിനിടയിൽത്തന്നെയാണ് സർക്കാർ പട്ടയം നൽകിയത്. ഒരു

കിലോമീറ്ററെന്ന് പറയുമ്പോൾ നിങ്ങൾ നൽകിയ പട്ടയം അസാധുവാകുന്നതാണ്. അതാണ് ഞങ്ങൾ പറഞ്ഞത്. അത് എങ്ങനെയാണ് അധിക്ഷേപമാകുന്നത്? ഈ കേസിന്റെ ഏറ്റവും ശക്തമായ പോയിന്റാണത്. അത് തെറ്റാണെന്ന് പറഞ്ഞാൽ, നിങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്നത് അവിടത്തെ പാവപ്പെട്ടവരെയല്ല. ബഫർ സോൺ സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാനമാണ് ചെയ്തത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഹൈക്കോടതി, കെട്ടിടങ്ങൾ എന്നിവയെല്ലാം ഇതിന്റെ ഭാഗമായി വരുന്നുണ്ട്. ഡ്രോൺ ഉപയോഗിച്ചോ സാറ്റലൈറ്റ് വഴിയോ സർവ്വേ നടത്തിയാൽ മതിയെന്നാണ് കോടതി പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനുൾപ്പെടെയുള്ളവർ പങ്കെടുത്ത യോഗത്തിൽ ഫിസിക്കൽ സർവ്വേകൂടി നടത്തി മൂന്ന് മാസത്തിനുള്ളിൽ വിശദാംശം നൽകാമെന്ന് പറഞ്ഞു. നമ്മൾ റിവ്യൂ കൊടുത്തിട്ടുണ്ട്. വിധി പകർപ്പ് കിട്ടിയതിനുശേഷം മൂന്ന് മാസത്തെ സമയമുണ്ട്. കുറച്ച് വൈകിയാലും ഡ്രോൺ സർവ്വേ ഇന്ന തീയതിക്കുള്ളിൽ പൂർത്തീകരിച്ചുവെന്ന് പറയാം. ഡ്രോൺ സർവ്വേയിൽ തീയതിയും സമയവുമുൾപ്പെടെ ഉണ്ടാകും, എല്ലാം ഡിജിറ്റലൈസ് ആണ്. എന്നാൽ ഫിസിക്കൽ സർവ്വേകൂടി നടത്തേണ്ടതുണ്ട്. അതിന് വകുപ്പുകളുടെയെല്ലാം ഏകോപനം ആവശ്യമാണ്. ഈ പ്രശ്നത്തെ സങ്കുചിതമായ രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുവേണ്ടി വിനിയോഗിച്ച് ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കി എന്തെങ്കിലും നേട്ടമുണ്ടാക്കാനോ വോട്ട് നേടാനോ കഴിയുമോയെന്ന് ചിന്തിക്കാതെ നാടിനെ സംരക്ഷിക്കാനാണ് നോക്കേണ്ടത്. ഇനിയെങ്കിലും നിങ്ങൾ ഇതിനോടൊപ്പം നിൽക്കണം. ഈ നാടിന്റെ വികാരമാണ് ഗവൺമെന്റ് പ്രകടിപ്പിക്കുന്നത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഗൗരവമേറിയ ഒരു വിഷയം ഡോ. മാത്യു കുഴൽനാടൻ അടിയന്തരപ്രമേയമായി അവതരിപ്പിച്ചപ്പോൾ, ഈ നാടിനെ മുഴുവൻ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ നിയമത്തെ വളച്ചൊടിച്ചും സർക്കാർ ഇറക്കിയ തെറ്റായ ഉത്തരവുകളെ ന്യായീകരിച്ചുമാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയത്. ജനവാസ കേന്ദ്രങ്ങളെയുൾപ്പെടുത്തി ബഫർ സോൺ നിശ്ചയിക്കണമെന്ന് തീരുമാനമെടുത്തത് മന്ത്രിസഭയാണ്. 23-10-2019-ലെ

ആ മന്ത്രിസഭാ തീരുമാനത്തെത്തുടർന്ന് 31-10-2019-ൽ ഉത്തരവിറക്കി. ആ ഉത്തരവിനെ മന്ത്രി ഇപ്പോഴും ന്യായീകരിക്കുകയാണ്. കൂടാതെ, 2011-ൽ ശ്രീ. ജയ്റാം രമേശ് മന്ത്രിയായിരുന്ന സമയത്തെ ഗൈഡ്‌ലൈൻസ് അനുസരിച്ചാണ് ഇത് ചെയ്തതെന്ന ഗുരുതരമായ മറ്റൊരു ആരോപണംകൂടി ഉന്നയിച്ചു. കഴിഞ്ഞ ദിവസം ചോദ്യോത്തര വേളയിലും ഈ ഉത്തരവും സുപ്രീംകോടതി വിധിയും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് മന്ത്രി പ്രസ്താവിക്കുകയുണ്ടായി. ഈ കേസ് കേരളവുമായി ബന്ധമുള്ളതല്ല എന്നൊക്കെയാണ് പറഞ്ഞത്. 1995-ലാണ് ടി. എൻ. ഗോദവർമ്മൻ തിരുമുൽപ്പാട് സുപ്രീംകോടതിയിൽ റിട്ട് പെറ്റീഷൻ സമർപ്പിച്ചത്. 27 വർഷങ്ങൾക്കുശേഷമാണ് അതിന്റെ വിധി വന്നത്. അദ്ദേഹം അതിനിടയിൽ മരണപ്പെടുകയും ചെയ്തു. എന്നിട്ടും ആ പരാതി Public Interest Litigation ആയതുകൊണ്ട് തുടർന്നു. ഇതിനിടയിൽ സുപ്രീംകോടതി നിരവധി ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. അതിലൊന്നാണ് 2002-ലെ അടൽ ബിഹാരി വാജ്പേയി സർക്കാരിന്റെ കാലത്തെ വിഷൻ ഡോക്യുമെന്റ് അനുസരിച്ച് ഗൈഡ്‌ലൈൻസ് തയ്യാറാക്കി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളോട് ബഫർ സോൺ നിശ്ചയിക്കുന്നത് സംബന്ധിച്ച് അഭിപ്രായം ആരായാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള ഉത്തരവ്. ഇന്ത്യയിൽ കേരളമടക്കമുള്ള സംസ്ഥാനങ്ങൾ ആ കേസിൽ വരികയാണ്. കേരളത്തിന് ഒരു ബന്ധവുമില്ലെന്ന് അങ്ങ് എന്ത് അടിസ്ഥാനത്തിലാണ് പറയുന്നത്? ഈ സുപ്രീംകോടതി വിധിയിൽ പറയുന്നത്, 'It was instituted for protection of forest lands in the Nilgiris district of the State of Tamil Nadu. Subsequently, the scope of that writ petition was enlarged so as to protect such natural resources throughout the country', എന്നാണ്. ഇതിൽ കേരളം ഉൾപ്പെടില്ലേ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ആദ്യം നൽകിയ മറുപടിയിൽ കൃത്യമായി ഇത് പറഞ്ഞിട്ടുണ്ട്. 2019-ലെ ഉത്തരവ് പരിഗണിച്ചുകൊണ്ടല്ല ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചത്. പ്രസ്തുത ഉത്തരവ് കേരളത്തിന് മാത്രമല്ല ഇന്ത്യയൊട്ടാകെ ബാധകമാണ്. ഇതിൽ എന്ത് വൈരുദ്ധ്യമാണുള്ളത്?

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് നേരത്തെ പറഞ്ഞത് കേരളം ഇതിൽ കക്ഷിയല്ലെന്നാണ്. അങ്ങ് കഴിഞ്ഞ ദിവസം ഒരു ചോദ്യത്തിന് നൽകിയ ഉത്തരം ഞാൻ വേണമെങ്കിൽ വായിച്ച് കേൾപ്പിക്കാം. ബഫർ സോൺ സംബന്ധിച്ച് കേരളം മുന്നോട്ടുവച്ച പ്രൊപ്പോസലുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു കേസിലോ അപേക്ഷയിന്മേലോ അല്ല ബഹുമാനപ്പെട്ട സുപ്രീംകോടതി തീരുമാനമെടുത്തത്.

ഗോവ ഫൗണ്ടേഷൻ vs ഗവൺമെന്റ് ഓഫ് ഇന്ത്യ, ഗോദവർമ്മൻ തിരുമുൽപ്പാട് vs ഗവൺമെന്റ് ഓഫ് ഇന്ത്യ തുടങ്ങിയ കേസുകളിലാണ് സുപ്രീംകോടതി ഈ തീരുമാനമെടുത്തത്. 2019-ലെ മന്ത്രിസഭ തീരുമാനവുമായി ബന്ധപ്പെട്ട ഉത്തരവിനെത്തുടർന്നുണ്ടായ സുപ്രീംകോടതി വിധിയെന്ന് പരാമർശിക്കുന്നത് ശരിയല്ല. 2019-ൽ പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെയെന്ന് പരിധി വ്യക്തമാക്കിയിരുന്നു. അതിനെത്തുടർന്ന് മന്ത്രിതല സമിതി ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ ഒഴിവാക്കിക്കൊണ്ടാണ് തീരുമാനമെടുത്തത്. ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തിയത് എന്നാണ്? 2013-ലെ മന്ത്രിസഭാ തീരുമാനം വ്യക്തമാണ്, ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. പത്ത് കിലോമീറ്ററെന്ന് പറയുന്നത് കേന്ദ്രത്തിന്റെ ഗൈഡ്‌ലൈനായിരുന്നു. അങ്ങനെ പത്ത് കിലോമീറ്റർ ബഫർ സോൺ നിശ്ചയിച്ചാൽ ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പൂർണ്ണമായും ഒഴിവാക്കണമെന്നാണ് അന്നത്തെ ഗവൺമെന്റ് മറുപടി നൽകിയത്. അന്ന് സർക്കാർ ഉത്തരവിറക്കിയില്ലെന്ന് മന്ത്രി പറഞ്ഞു. ആ മന്ത്രിസഭാ തീരുമാനത്തിന്റെ ഉദ്ദേശ്യം നിങ്ങൾ 2019-ൽ ഇറക്കിയ ഉത്തരവിൽത്തന്നെ പറയുന്നുണ്ട്. അതായത്, 2013-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സംരക്ഷിത പ്രദേശങ്ങൾക്കായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനങ്ങൾ പറപ്പെടുവിച്ചു എന്ന് പറഞ്ഞിട്ടുണ്ട്. അതിന് സർക്കാർ ഉത്തരവ് ആവശ്യമുണ്ടോ? തുടർന്ന്, 2016-ൽ ന്യൂഡൽഹിയിൽ നടന്ന വിദഗ്ദ്ധ സമിതി യോഗത്തിൽ കേരള സർക്കാർ സമർപ്പിച്ച കരട് നിർദ്ദേശങ്ങൾ പരിഗണിക്കുകയുണ്ടായി. എന്നാൽ വിദഗ്ദ്ധ സമിതി ആവശ്യപ്പെട്ട വിശദാംശങ്ങൾ സമയബന്ധിതമായി നൽകാത്തതിനെത്തുടർന്ന് കരട് വിജ്ഞാപനങ്ങൾ 2018-ഓടെ കാലഹരണപ്പെട്ടു. ആരാണ് 2016 മുതൽ 2018 വരെ ഭരിച്ചത്? ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കണമെന്ന ഉമ്മൻചാണ്ടി സർക്കാരിന്റെ മന്ത്രിസഭാ തീരുമാനത്തെത്തുടർന്നുണ്ടായ കരട് വിജ്ഞാപനം കാലഹരണപ്പെടാൻ കാരണം കേന്ദ്രസർക്കാരിന്റെ ചോദ്യങ്ങൾക്ക് രണ്ട് വർഷം ഉത്തരം പറയാതെ കയ്യും കെട്ടിയിരുന്നതുകൊണ്ടാണ്. 2019-ലെ ഉത്തരവിൽ പറയുന്നത്, 'ആയതിനാൽ പത്ത് കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോൺ നിലനിർത്തണമെന്നുള്ള കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം നിലവിൽ കേരളത്തിനും ബാധകമാണ്'. എന്നാൽ ഇപ്പോൾ പറയുകയാണ്, " 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കേരളം അഭിമുഖീകരിച്ച പ്രളയക്കെടുതി പാരിസ്ഥിതിക ദുരന്തമായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. പരിസ്ഥിതിലോല വനമേഖലയുടെ സമീപസ്ഥ പ്രദേശങ്ങളിലെ ഖനനവും അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങളും കെടുതികൾക്ക് ആക്കം കൂട്ടിയിരുന്നു. ഇക്കഴിഞ്ഞ മൺസൂൺ കാലത്തുണ്ടായ

മണ്ണിടിച്ചിലും മറ്റ് വിപത്തുകളും ഇതിന് അടിവരയിടുന്നു. അതിനാൽ അനധികൃത നിർമ്മാണം, പുതിയ മലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങൾ, ജനവാസ മേഖലകളിലെ അനിയന്ത്രിത ക്വാറി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് ഇക്കോ സെൻസിറ്റീവ് സോണിനെക്കുറിച്ചുള്ള തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്" എന്ന്. അതിനോട് ഞങ്ങളും യോജിക്കുന്നു. എന്നിട്ട് എന്ത് തീരുമാനമാണെടുത്തത്? ജനവാസ കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ബഫർ സോൺ തീരുമാനിക്കണമെന്ന ഉത്തരവ് കൊടുത്ത് കേന്ദ്രസർക്കാരിന് അയച്ചുകൊടുത്തു. അതാണ് ചെയ്തത്.

ശ്രീ. സണ്ണി ജോസഫ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇപ്പോൾ പറഞ്ഞത് 31-10-2019-ലെ ഉത്തരവിനെ സംബന്ധിച്ചാണ്. പ്രസ്തുത ഉത്തരവിന്റെ 7-ാം പാരഗ്രാഫിൽ പറയുന്നത്, 8-5-2013-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കി ചീഫ് വൈൽഡ് ലൈഫ് വാർഡൻ നൽകിയ സംരക്ഷിത പ്രദേശങ്ങളുടെ ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച കരട് വിജ്ഞാപനം പരിഷ്കരിക്കേണ്ടതുണ്ട് എന്നാണ്. 8-5-2013-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ജനവാസ കേന്ദ്രങ്ങളെ പൂർണ്ണമായി ഒഴിവാക്കി ESZ നൽകുകയും അത് കരട് വിജ്ഞാപനമായി വരികയും ചെയ്തു. ബഹുമാനപ്പെട്ട മന്ത്രി കൊട്ടിയൂരിനെ സംബന്ധിച്ച് പറഞ്ഞത് ശരിയല്ല. അത് എന്റെ നിയോജകമണ്ഡലത്തിലാണ്. ഞാൻ പരിശോധിച്ചിട്ടുണ്ട്. ആദ്യത്തെ വിജ്ഞാപനത്തിൽ പൂർണ്ണമായും ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കിയിരുന്നു. ഈ സർക്കാർ ഉത്തരവാണ് പ്രശ്നങ്ങൾ സൃഷ്ടിച്ചതെന്ന് 7-ാം പാരഗ്രാഫ് കൂട്ടിവായിച്ചാൽ വ്യക്തമല്ലേ?

ശ്രീ. വി. ഡി. സതീശൻ: സർ, അതുകൊണ്ടാണ് ഈ ഉത്തരവ് നമ്മെ ദോഷകരമായി ബാധിച്ചുവെന്ന് ഞാൻ പറഞ്ഞത്. 2021-ൽ കേന്ദ്ര മന്ത്രി ശ്രീ. പ്രകാശ് ജാവേദ്ക്കർ പാർലമെന്റിൽ നൽകിയ സ്റ്റേറ്റ്മെന്റിൽ "The buffer zone was declared based on recommendation by the State Government has put the ruling LDF on the basis of the recommendation made by the State Government" എന്നാണ്. അതായത് 2019-ലെ ഉത്തരവാണ്. അല്ലാതെ 2020-നു ശേഷം വനം വകുപ്പുമന്ത്രി വേറെ യോഗം ചേർന്നെടുത്തയച്ച തീരുമാനമല്ല. 2019-ലെ സർക്കാർ ഉത്തരവുപ്രകാരം ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കി ബഫർ സോൺ നിശ്ചയിക്കണമെന്നുള്ള സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായമനുസരിച്ചാണ് രണ്ടാമത് വിജ്ഞാപനം ഇറക്കിയതെന്നാണ് 2021-ൽ പാർലമെന്റിൽ കേന്ദ്രമന്ത്രി പറഞ്ഞത്. അത് നിങ്ങൾ ഇവിടെ നിന്ന് നൽകിയ അഭിപ്രായമല്ലേ; പിന്നെ

എന്തിനാണ് കേരളത്തിന് ഒരു കാര്യവുമില്ലെന്ന് പറയുന്നത്? സുപ്രീംകോടതിയുടെ നിർദ്ദേശം യൂണിയൻ ടെറിട്ടറീസിന്റെയും സംസ്ഥാന ഗവൺമെന്റുകളുടെയും അഭിപ്രായം അറിയിക്കണമെന്നാണ്. കേന്ദ്ര ഗവൺമെന്റ് ആ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് സുപ്രീംകോടതിയിൽ നൽകുകയാണുണ്ടായത്. കർണ്ണാടക, രാജസ്ഥാൻ, മഹാരാഷ്ട്ര, മദ്ധ്യപ്രദേശ് എന്നിങ്ങനെ നിരവധി സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ കക്ഷി ചേർന്ന് അവരുടെ പല സ്ഥലങ്ങളും ഒഴിവാക്കിയെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് മുഴുവനും ഇത് ചെയ്യുവെന്ന് പറയുന്നതിൽ ഒരു യാഥാർത്ഥ്യവുമില്ല. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഇതുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. മാത്രവുമല്ല, 2018-ലെ ഉത്തരവ് റദ്ദാക്കണമെന്ന് പറയാനുള്ള പ്രധാന കാരണം അതിലെ അവ്യക്തതയാണ്. 2022-ൽ ഇറക്കിയ ഉത്തരവിലും അവ്യക്തതകളാണുള്ളത്. സുപ്രീംകോടതിയുടെയും കേന്ദ്ര സർക്കാരിന്റെയും പക്കൽ 2019-ലെ സംസ്ഥാന സർക്കാരിന്റെ ഉത്തരവുണ്ട്. സുപ്രീംകോടതി വിധി വന്നതിനുശേഷമാണ് രണ്ടാമത് ഉത്തരവ് ഇറക്കിയിരിക്കുന്നതെന്ന് ഇതിന്റെ തീയതി നോക്കിയാൽ ഏത് ജഡ്ജിക്കാണ് മനസ്സിലാകാത്തത്? സുപ്രീംകോടതി വിധി വന്നതിനുശേഷമാണ് ഈ ഉത്തരവ് ഇറക്കിയതെന്നുവന്നാൽ അത് കേസിനെ ദോഷകരമായി ബാധിക്കും. 2022 ജൂൺ 3-ാം തീയതിയാണ് സുപ്രീംകോടതി വിധി വന്നത്. സംസ്ഥാന സർക്കാർ ഉത്തരവിറക്കിയത് 10-8-2022-നാണ്. ഉത്തരവിൽ വ്യക്തതയാണ് വേണ്ടത്. വിവിധ ജനവിഭാഗങ്ങളുടെ എതിർപ്പുകളെത്തുടർന്ന് ആ തീരുമാനം മാറ്റി. ജനവാസ കേന്ദ്രങ്ങളെ ഇതിൽ ഉൾപ്പെടുത്താൻ പാടില്ല. കുമളി ഉൾപ്പെടെയുള്ള 20 ടൗണുകളെയാണ് ഇതിൽ പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ഒരുകാരണവശാലും 2022-ലെ ഉത്തരവുപ്രകാരം മുന്നോട്ടുപോകാൻ പാടില്ല. സുപ്രീംകോടതി വിധിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ പരാതിയുണ്ടെങ്കിൽ സെൻട്രൽ എംപവേഡ് കമ്മിറ്റിയെയും മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആൻഡ് ഫോറസ്റ്റിനെയും സമീപിച്ച് അവരുടെ ശിപാർശയോടുകൂടി സുപ്രീംകോടതിയിൽ പോകണം. അപ്പോൾ സുപ്രീംകോടതി അത് പരിശോധിക്കും. അതിനുവേണ്ടിയുള്ള നടപടിക്രമങ്ങളാണ് പൂർത്തിയാക്കേണ്ടത്. ഇത് ജനസാന്ദ്രത കൂടിയതും ധാരാളം നിർമ്മിതികളുള്ളതും വലിയ ആക്ടിവിറ്റീസ് നടക്കുന്നതും കൃഷിയിടങ്ങളും ആരാധനാലയങ്ങളും ഗവൺമെന്റ് ഓഫീസുകളും അർദ്ധസർക്കാർ സ്ഥാപനങ്ങളുമുള്ള സ്ഥലമായതിനാൽ ബഫർ സോണായി പ്രഖ്യാപിക്കുന്നത് പ്രായോഗികമല്ലെന്ന് സാറ്റലൈറ്റ് സർവ്വേയിലൂടെ തെളിയിക്കാൻ സാധിക്കില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയോട് അതിനുള്ള സമയം ചോദിച്ചുകൊണ്ട് കൃത്യമായി മാന്വലായി കണക്കാക്കി നൽകിയില്ലെങ്കിൽ കേസ് തോറ്റുപോകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. കേരളം ജയിക്കാൻ

വേണ്ടിയാണ് ഞങ്ങൾ പറയുന്നത്. അല്ലാതെ സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്തി വിചാരണ ചെയ്യാനല്ല. കേരളത്തിലെ ലക്ഷക്കണക്കിന് കൃഷിക്കാർ ഉൾപ്പെടെയുള്ളവരെ അപകടത്തിൽപ്പെടുത്താൻ പാടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു അഭ്യർത്ഥന നടത്തുകയാണ്; ഈ സർവ്വേ നടത്തേണ്ടത് വനം വകുപ്പല്ല. റവന്യൂ/കൃഷി/തദ്ദേശസ്വയംഭരണ വകുപ്പുകൾ ചേർന്ന് സർവ്വേ നടത്തിയാണ് വിവരം നൽകേണ്ടത്. ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ ആവശ്യം വനം വകുപ്പിന്റെ റിപ്പോർട്ടിൽ വരില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ സർവ്വേ നടത്തിയത് ഒരു വിദഗ്ദ്ധ സമിതിയാണ്, വനം വകുപ്പിലെ ഉദ്യോഗസ്ഥരല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ മൂന്ന് വകുപ്പുകളുമില്ലാതെ ഒരു വിദഗ്ദ്ധ സമിതിക്കും ഇതിന്റെ സർവ്വേ നടത്താനോ റിപ്പോർട്ട് കൊടുക്കാനോ കഴിയില്ല.

ശ്രീ. പിണറായി വിജയൻ: സർ, നിങ്ങൾ പരാമർശിച്ച എല്ലാ വകുപ്പുകളുംകൂടി യോഗം ചേർന്നാണ് ഈ തീരുമാനമെടുക്കുന്നത്. അവരുടെയെല്ലാം സഹകരണത്തോടെയാണ് ഫിസിക്കലായി ഈ പരിശോധന നടത്തുന്നത്.

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് ദയവായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. രാജീവ്: സർ, ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനം നേരത്തെ വിശദീകരിച്ചതാണ്. അങ്ങ് പറഞ്ഞ വകുപ്പുകൾ മാത്രമല്ല വനം, റവന്യൂ, തദ്ദേശസ്വയംഭരണം, ജലസേചനം, ഊർജ്ജം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് തുടർനടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ആദ്യം അതുണ്ടായിരുന്നില്ല. കേരള കോൺഗ്രസും ശ്രീ. ജോസ് കെ. മാണിയുമൊക്കെ പരാതി കൊടുത്തപ്പോഴാണ് ആ രീതിയിലേയ്ക്ക് മാറിയത്. അങ്ങനെ മാറ്റിയിട്ടുണ്ടെങ്കിൽ അത് നല്ല കാര്യമാണ്. റിവ്യൂ ഹർജി നൽകിയതും വനം വകുപ്പാണ്. ആളുകളെയും കൃഷിയിടങ്ങളെയും ഉപദ്രവിക്കരുത്, ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കണം എന്നുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഈ റിവ്യൂ ഹർജിയിൽ പ്രതിഫലിക്കുന്നില്ല. അതാണ് ഡോ. മാത്യു കുഴൽനാടൻ പറഞ്ഞ പ്രധാന പോയിന്റ്.

മി. സ്പീക്കർ: അങ്ങ് ഇപ്പോൾത്തന്നെ കൂടുതൽ സമയമെടുത്തിരിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, റിവ്യൂ ഹർജി കൊടുക്കുന്നതിൽ സ്റ്റേറ്റിന്റെ ഒരു പർപ്പസുണ്ട്, അത് ചെയ്യുന്നില്ല. കേരളത്തിന്റെ വാദം എന്താണ്? ഫോറസ്റ്റ് ലാൻഡിന്റെ നാഷണൽ ആവറേജ് 23% ആണ്. എന്നാൽ കേരളത്തിന് ആകെ ലാൻഡിന്റെ 29% വനഭൂമി ഉണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ളത് കേരളത്തിലാണ്. നമുക്ക് ആവശ്യത്തിന് വനമുണ്ടെന്ന വാദവുമായി അവിടെ ചെല്ലുമ്പോൾ അതിൽ ഇരുപത്തിയെണ്ണായിരത്തിൽ ചില്വാനം ഏക്കർ കയ്യേറിയതാണെന്ന് പറയുകയാണ്. അങ്ങനെ കയ്യേറിയ സ്ഥലമാണ് കൊടുക്കുന്നതെന്ന് പറഞ്ഞാൽ അത് കേരളത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമാകും.

മി. സ്പീക്കർ: പ്ലീസ്...... അങ്ങ് സഹകരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനിപ്പിക്കുന്നു. കാരണം, അങ്ങ് എന്നെ വല്ലാതെ നിർബന്ധിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ചെയറിനെ പ്രതിക്കൂട്ടിലാക്കുന്നത് ശരിയല്ല. പ്രതിപക്ഷത്തെയും മുഖവിലയ്ക്കെടുത്തുകൊണ്ടാണ് ഇന്ന് കഴിയുന്നത്ര സമയം ചുരുക്കാമെന്ന ധാരണയുണ്ടാക്കിയത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ തർക്കിക്കുന്നില്ല. പറഞ്ഞുകൊണ്ടിരിക്കുന്ന വളരെ പ്രധാനപ്പെട്ട പോയിന്റ് അവസാനിപ്പിക്കണ്ടേ? കോൺഗ്രസിന്റെ തീരുമാനങ്ങളെല്ലാം തെറ്റാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ആദ്യം ആക്ഷേപിച്ചത്. 2002-ലെ വാജ്പേയ് ഗവൺമെന്റിന്റെ തീരുമാനത്തെ ന്യായീകരിക്കാൻ വേണ്ടിയാണ് കോൺഗ്രസിനെ മന്ത്രി വിമർശിച്ചത്. മന്ത്രി രാഷ്ട്രീയമാണ് പറഞ്ഞത്. ഞങ്ങൾ ഇതിൽ എവിടെയാണ് രാഷ്ട്രീയം കലർത്തിയത്? ജനകീയ പ്രശ്നങ്ങളിൽ ഞങ്ങൾ രാഷ്ട്രീയം കലർത്തുകയില്ല. ആ പ്രശ്നം നിങ്ങൾ പരിഹരിച്ചാൽ ഈ ഹൗസിൽ നിങ്ങളെ ഞങ്ങൾ അഭിനന്ദിക്കും. അക്കാര്യത്തിൽ ഞങ്ങൾക്ക് ഒരു മടിയുമില്ല. അത് ഗവൺമെന്റിന്റെയും പബ്ലിക്കിന്റെയും ഉദ്യോഗസ്ഥരുടെയും ഫോക്കസിൽ ഈ വിഷയത്തിന്റെ ഗൗരവം കൊണ്ടുവരിക എന്നതാണ് ഞങ്ങളുടെ പർപ്പസ്. അതിൽ ഒരു രാഷ്ട്രീയവുമില്ല. രാഷ്ട്രീയം പറയുന്നതിനുപകരം വേറെ എന്തെല്ലാം കാര്യങ്ങൾ പറയാനുണ്ട്. ഇത് ഫലപ്രദമായി കൈകാര്യം ചെയ്തില്ലെങ്കിൽ പാരിസ്ഥിതിക അഭയാർത്ഥി (Environmental Refugees) പ്രശ്നമായിരിക്കും ഉണ്ടാകാൻ പോകുന്നത്. തീരപ്രദേശത്തും പശ്ചിമഘട്ടത്തിലും വനാതിർത്തിയിലും ജീവിക്കുന്നവർ പാരിസ്ഥിതിക അഭയാർത്ഥികളായി മാറും. പാരിസ്ഥിതിക അഭയാർത്ഥികളെ സൃഷ്ടിക്കുന്ന നയമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. സർക്കാരിന്റെ പിടിവാശിയും ദുരഭിമാനവും കാരണം 31-10-2019-ലെ ഉത്തരവ് പിൻവലിക്കാതെ വളച്ചുകെട്ടിയ പുതിയൊരു ഉത്തരവുണ്ടാക്കി അതുമായി സുപ്രീംകോടതിയിലും സി.ഇ.സി. യിലും എം.ഒ.ഇ.എഫ്.-ലും പോയാൽ കേരളത്തിന്റെ താല്പര്യങ്ങൾ തകരും. നിസംഗതയോടും ദുരഭിമാനത്തോടുംകൂടി ഈ വിഷയം കൈകാര്യം ചെയ്യുന്ന സർക്കാരിന്റെ നിലപാട് കർഷക താല്പര്യങ്ങൾക്കും ജന താല്പര്യങ്ങൾക്കും

എതിരായതുകൊണ്ടും ഈ വിഷയം സഭയിൽ ചർച്ച ചെയ്യാൻ അനുവദിക്കാത്തതുകൊണ്ടും ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, സമയത്തിന് നിയന്ത്രണമുള്ളതുകൊണ്ട് ബഹുമാന്യരായ മന്ത്രിയും പ്രതിപക്ഷനേതാവും എടുത്തതുപോലെ സമയമെടുത്ത് ഞാനുംകൂടി വാദിക്കേണ്ട കാര്യമില്ല. ശതമാന കണക്ക് വച്ചുനോക്കുമ്പോൾ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ ഫോറസ്റ്റ് ഏര്യയുള്ള, എൺവയോൺമെന്റലായി ലോകത്തുതന്നെ ഏറ്റവും വലിയ കോൺട്രിബ്യൂഷൻ നടത്തുന്ന ഒരു സ്റ്റേറ്റ് എന്ന ആനുകൂല്യം കേരളത്തിന് ലഭിക്കേണ്ടതാണ്. അത് സുപ്രീംകോടതിയിൽ കൃത്യമായി പറയണം. നഗരങ്ങളിലും ജനവാസ മേഖലകളിലും ഒരിക്കലും പ്രായോഗികമല്ലാത്ത തരത്തിലുള്ള നടപടി വേണ്ടിവരും. അത് വേണ്ടവിധം പറഞ്ഞിട്ടില്ല. 2019-ൽ സർക്കാർ ഇക്കാര്യത്തിൽ ഒന്ന് അയഞ്ഞതുകൊണ്ടും ആ സമയത്ത് കോടതിയിൽ ഇതൊന്നും വരാത്തതുകൊണ്ടും ഇനിയും പത്ത് കൊല്ലം മുമ്പ് മുതലുള്ള നടപടികളൊക്കെ വാദിച്ചുകൊണ്ടിരിക്കാതെ ഫലപ്രദമായി കേരളത്തിന്റെ പോയിന്റ് അവതരിപ്പിക്കുകയാണ് ഗവൺമെന്റ് ചെയ്യേണ്ടത്. ദുരഭിമാനം വെടിഞ്ഞ് ജനവാസ മേഖലകൾ ഒഴിവാക്കാനുള്ള ശക്തമായ നടപടിയെടുക്കണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, ബഫർ സോൺ വിഷയത്തിൽ ജനങ്ങളുടെ ആശങ്ക നിലനിൽക്കുകയാണ്. അത് പരിഹരിക്കാൻ കഴിയുംവിധത്തിലുള്ള നടപടികളാണ് ഗവൺമെന്റിൽനിന്നുമുണ്ടാകേണ്ടത്. ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ടും കേരളത്തിന്റെ താല്പര്യം സംരക്ഷിക്കാൻ കഴിയുന്ന വിധത്തിലും ആത്മാർത്ഥമായ ഇടപെടലിന് ഗവൺമെന്റ് മുന്നോട്ടുവരണമെന്നാണ് പ്രതിപക്ഷം ആവശ്യപ്പെട്ടത്. അത് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ദേശീയ ശരാശരിയെക്കാൾ കൂടുതൽ വനവിസ്തൃതിയുള്ള സംസ്ഥാനമാണ് കേരളം. 29 ശതമാനമാണ് കേരളത്തിന്റെ വനവിസ്തൃതി. ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള സംസ്ഥാനവും കേരളമാണ്. അതുകൊണ്ടാണ് ഞങ്ങൾ ഇത് ആവർത്തിച്ച് ഇതിന്റെ ഗൗരവം ഗവൺമെന്റിന്റെ മുമ്പിൽ കൊണ്ടുവരുന്നത്. ഒരു കിലോമീറ്റർ പരിസ്ഥിതി ലോലമാക്കുമ്പോൾ ഇരുപതോളം പട്ടണങ്ങളെയും ഒരുലക്ഷം കുടുംബങ്ങളെയും രണ്ടര ലക്ഷം ഏക്കർ കൃഷി ഭൂമിയെയും ബാധിക്കും. ജനവാസ കേന്ദ്രങ്ങളെയും കർഷകരെയും സംരക്ഷിക്കാൻ കഴിയണം. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനങ്ങൾ തീർത്തും പ്രതിഷേധാർഹമാണ്. ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.

പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ ഹാജരായി.)

<u>മി. സ്പീക്കർ</u>: ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ശ്രദ്ധ ക്ഷണിക്കൽ ഒരു മിനിട്ടുകൊണ്ട് ഉന്നയിക്കണം. അത്രയും സമയംകൊണ്ടുതന്നെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും വേണം. ഇന്ന് 32 സബ്മിഷനുകൾ അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ പത്തോ പതിനഞ്ചോ സെക്കന്റുകൊണ്ട് വിഷയം അവതരിപ്പിക്കണം. മന്ത്രിമാർ മറുപടി ഫ്ലോറിൽ പറയണമെന്നില്ല, മേശപ്പുറത്തുവയ്ക്കുന്നതായിരിക്കും ഉചിതം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

10.57 AM]

## III ശ്രദ്ധ ക്ഷണിക്കൽ

<u>വൈദ്യുതി നിരക്ക് കൂട്ടുന്നതിന് അനുമതി നൽകുന്ന കരട്</u>

<u>ചട്ടഭേദഗതി പിൻവലിക്കൽ</u>

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ഞാൻ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിക്കുന്നത്. എല്ലാ മാസവും നിരക്ക് ഉയർത്താൻ വൈദ്യുതി വിതരണ കമ്പനികൾക്ക് അനുമതി നൽകുന്ന കരട് വൈദ്യുതി ചട്ട ഭേദഗതി നിർദ്ദേശം കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറത്തിറക്കിയിരിക്കുകയാണ്. വിവാദമായ വൈദ്യുതി നിയമ ഭേദഗതി സ്റ്റാൻഡിംഗ് കമ്മിറ്റിക്ക്

വിട്ടതിനുശേഷമാണ് കോർപ്പറേറ്റുകൾക്ക് ഉപഭോക്താക്കളെ കൊള്ളയടിക്കാൻ 2005-ലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത്. വൈദ്യുതി വാങ്ങൽ, പ്രസരണ നിരക്ക്, ഇന്ധന നിരക്ക് തുടങ്ങിയവയിലുണ്ടാകുന്ന അധിക ചെലവുകൾ സ്വകാര്യ കമ്പനികൾക്ക് ഉപഭോക്താക്കളിൽനിന്നും വൈദ്യുതി നിരക്കിലുൾപ്പെടുത്തി ഈടാക്കാമെന്നതാണ് പ്രധാന നിർദ്ദേശം. ഇതിനായി എല്ലാ മാസവും കമ്പനികൾക്ക് വൈദ്യുതി നിരക്ക് ഉയർത്താം, അതിന് റെഗുലേറ്ററി കമ്മീഷന്റെ അനുമതി വേണ്ട. ഇതോടെ നിരക്ക് നിശ്ചയിക്കാനുള്ള അധികാരം സ്വകാര്യ കമ്പനികൾക്ക് ലഭിക്കുകയും സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നോക്കുകുത്തിയാകുകയും ചെയ്യുകയാണ്. പരമപ്രധാനമായ ഈ മേഖലയെ മുതലാളിമാർക്ക് ലാഭമുണ്ടാക്കാൻ കഴിയുന്ന ചരക്കാക്കി മാറ്റുകയാണ് കേന്ദ്രസർക്കാരിന്റെ ലക്ഷ്യം. മറ്റെല്ലാ മേഖലകളിലും സ്വകാര്യ മേഖലയിലെ ലാഭം പരമാവധിയാക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ വഴിവിട്ട നീക്കങ്ങൾ നടത്തുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.......അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. എ. പ്രഭാകരൻ: സർ, ഒരു മിനിട്ടിനുള്ളിൽ അവസാനിപ്പിക്കാം. സോപ്പ്, ചീപ്പ്, ചെരുപ്പ്, കണ്ണാടി തുടങ്ങിയവയെപ്പോലെ ഒരു ചരക്കായി വൈദ്യുതിയെ കാണരുത്. വൈദ്യുതി ഉൽപ്പാദിപ്പിക്കുകയോ പുതിയ ലൈനുകൾ സ്ഥാപിക്കുകയോ ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയൂ.

വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, വിശദമായി മറുപടി പറയേണ്ട വിഷയമാണിത്. സമയക്കുറവുള്ളതിനാൽ ചുരുക്കി പറയാം. 12.08.2022-ന് കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറത്തിറക്കിയ കരട് ഇലക്ട്രിസിറ്റി ചട്ട ഭേദഗതി നിർദ്ദേശങ്ങളെ സംബന്ധിച്ചാണ് ഇവിടെ ഉന്നയിച്ചത്. പ്രാഥമിക വിലയിരുത്തലിൽ തങ്ങളുടെ വൈദ്യുതി വാങ്ങൽ ചെലവിൽ 10% വരെ വരുന്ന വർദ്ധനയ്ക്കനുസൃതമായി ഉപഭോക്താവിന്റെ വൈദ്യുതി ചാർജ്ജിൽ ആവശ്യമായ മാറ്റം വരുത്താൻ വൈദ്യുതി വിതരണ കമ്പനികൾക്ക് അധികാരം നൽകുന്നത് സാധാരണക്കാരായ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നാണ് മനസ്സിലാക്കുന്നത്. കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ തീരുമാനിക്കുന്ന ഫോർമുലയ്ക്കനുസൃതമായി മാസാമാസം താരിഫ് പുനഃക്രമീകരിക്കാൻ ഈ ലൈസൻസിക്ക് സാധിക്കും. ഓരോ സംസ്ഥാനത്തിനും ബാധകമായ ഫോർമുല തയ്യാറാക്കുന്നതിൽ അതത്

സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾ താമസം വരുത്തുന്നപക്ഷം കേന്ദ്രസർക്കാർ പൊതുവായി തയ്യാറാക്കിയിട്ടുള്ള ഫോർമുല ഉപയോഗിക്കാമെന്നും ഭേദഗതി നിർദ്ദേശത്തിൽ പറയുന്നു. ഇത് സാധാരണ ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. *

കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡിനെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി വൈദ്യുതി രംഗത്ത് മികച്ച സംസ്ഥാനമാക്കി മാറ്റുക എന്നതാണ് സർക്കാർ നയം. ഉപഭോക്താക്കൾക്ക് പരമാവധി സഹായം ചെയ്യുന്ന നിലപാടും സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. എ. പ്രഭാകരൻ: സർ, ചെലവുകൾ മുഴുവൻ സംസ്ഥാനങ്ങൾക്കും ലാഭം മുഴുവൻ മുതലാളിമാർക്കും എന്നുള്ള വ്യവസ്ഥ സംസ്ഥാനങ്ങളെയെല്ലാം ബാധിക്കുന്ന വിഷയമായതിനാൽ എല്ലാ സംസ്ഥാനങ്ങളിലെയും വൈദ്യുതി വകുപ്പുമന്ത്രിമാരുടെ ഒരു യോഗം വിളിച്ചുചേർത്ത് ഇതിനെതിരെ നിയമപരമായ നടപടി സ്വീകരിക്കുന്നതിനും സമരങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നതിനും സർക്കാർ മുൻകയ്യെടുക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കേരളത്തിന്റെ നിലപാടിനനുസരിച്ച് പ്രവർത്തിക്കുന്ന സംസ്ഥാനങ്ങൾ ഏതൊക്കെയാണെന്ന് പ്രാഥമികമായി പരിശോധിക്കുകയുണ്ടായി. തെലങ്കാന ഗവൺമെന്റ് നാം മുന്നോട്ടുവച്ച ആശയത്തോടൊപ്പമാണ് നിൽക്കുന്നത്. സമാന മനസ്കരായ മറ്റ് സംസ്ഥാനങ്ങളെക്കൂടി യോജിപ്പിച്ചുകൊണ്ട് ഇത്തരം ഭേദഗതിക്കെതിരായ നടപടി സ്വീകരിക്കുന്നതാണ്.

## (2) റോഡുകൾക്ക് സ്പെഷ്യൽ വികസന പാക്കേജ്

ശ്രീ. മോൻസ് ജോസഫ്: സർ, കേരളത്തിലെ റോഡുകൾ മെച്ചപ്പെട്ട നിലവാരത്തിലേക്ക് മാറ്റുന്നതിനുവേണ്ടി ഒരു പുതിയ പാക്കേജിന് രൂപം കൊടുക്കണമെന്ന ആവശ്യമാണ് ഗവൺമെന്റിന്റെ മുന്നിൽ കൊണ്ടുവരുന്നത്. റോഡുകളിലൂടെയുള്ള യാത്ര ബുദ്ധിമുട്ടേറിയതായിരിക്കുകയാണ്. റോഡുകളുടെ കാര്യത്തിൽ ഇപ്പോൾ സ്വീകരിക്കുന്ന നടപടി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കണം. റോഡുകൾ അറ്റകുറ്റപ്പണി ചെയ്ത് പോകുന്ന പ്രവൃത്തിയാണ് ഇപ്പോൾ ചെയ്യുന്നത്. വർദ്ധിച്ചുവരുന്ന മഴയുടെ പശ്ചാത്തലത്തിൽ ദീർഘകാലം നിലനിൽക്കുന്ന റോഡുകൾ പ്ലാൻ ചെയ്യേണ്ടതായിട്ടുണ്ട്. സാമ്പത്തിക പരിമിതികളുണ്ടെങ്കിലും ഇന്നത്തെ സാഹചര്യം കണക്കിലെടുത്ത് ഓരോ നിയോജകമണ്ഡലത്തിലും പ്രധാനപ്പെട്ട റോഡുകളെങ്കിലും തെരഞ്ഞെടുത്തുകൊണ്ട്

---

* അനുബന്ധമായി ചേർക്കുന്നു.

സംസ്ഥാനമൊട്ടാകെയുള്ള ഒരു വികസന പാക്കേജിന് രൂപം കൊടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്; അതോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങളിലുണ്ടായിരുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഗവൺമെന്റ് തലത്തിൽ ചർച്ച നടത്തി ധാരണയായിട്ടുമുണ്ട്. സിമന്റ്, കമ്പി, ടാർ എന്നിവയ്ക്ക് ക്രമാതീതമായ വിലക്കയറ്റമുണ്ടായതിനാൽ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ചെയ്യാൻ കഴിയാത്ത സാഹചര്യവുമുണ്ട്. ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പ്രസക്തമായ നിർദ്ദേശങ്ങളാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. റോഡുകളുടെ ഡിസൈനിംഗിൽ ആവശ്യമായ ഡ്രെയിനേജ് സംവിധാനമില്ലാത്ത പ്രശ്നമുണ്ട്. ഡ്രെയിനേജ് സംവിധാനം, BM & BC പോലുള്ള മികച്ച നിലവാരം, വാഹന സാന്ദ്രതയ്ക്കനുസരിച്ച് ഭാരം താങ്ങാനുള്ള ശേഷി എന്നിവ റോഡുകൾക്ക് അത്യന്താപേക്ഷിതമാണ്. മറ്റുപല തടസ്സങ്ങൾ കാരണം തട്ടിക്കൂട്ടി പുതിയ റോഡുണ്ടാക്കുന്നതിനുപകരം മതിയായ വീതിയിലായിരിക്കണം റോഡുകൾ നിർമ്മിക്കേണ്ടത്. പൊതുമരാമത്ത് വകുപ്പിന്റെ മൊത്തം റോഡ് എത്ര കിലോമീറ്ററാണെന്ന് പരിശോധിച്ച് BM & BC ചെയ്യുന്നതിനാണ് ശ്രമിക്കുന്നത്. അതിന് ചെലവ് കൂടുതലാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുമായി ഇക്കാര്യം സംസാരിച്ചിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക ഫണ്ട് കണ്ടെത്തേണ്ടതുണ്ട്. അതുസംബന്ധിച്ചും ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. വൈറ്റ് ടോപ്പിംഗ്, ഫുൾ ഡെപ്ത്ത് റെക്ലമേഷൻ, ജിയോ സെൽസ് ഇതൊക്കെ നടപ്പിലാക്കിയിട്ടുണ്ട്. അതുപോലെ കിഫ്ബിയുടെയും പി.ഡബ്ല്യു.ഡി.-യുടെയും ഫണ്ട് ഉപയോഗിച്ച് മറ്റ് കാര്യങ്ങൾകൂടി നടത്തുകയാണ്. Running contract സംവിധാനം OPRC (Output-and Performance-based Road Contract) ആയി 7 വർഷത്തെ പരിപാലനം നടപ്പിലാക്കിവരുന്നു. ബഹുമാനപ്പെട്ട അംഗം പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന സമയത്തുള്ള ദേശീയപാതയല്ല ഇപ്പോഴുള്ളത്. 2020-ൽ അത് ഹാൻഡ്ഓവർ ചെയ്തതിനുശേഷം മാറ്റമുണ്ടായിട്ടുണ്ട്. ദേശീയപാത അതോറിറ്റിയുടെ അനുമതിയില്ലാതെ അതിലിടപെടാൻ കഴിയില്ല. അന്നത്തെയും ഇന്നത്തെയും സാഹചര്യങ്ങൾ വ്യത്യസ്തമാണ്. 13-8-2021-ൽ ഈ സർക്കാർ അധികാരത്തിൽ വന്ന ഉടനെയാണ് ഡി.എസ്.ആർ. (Delhi Schedule of Rates) 2018-ന് ഉത്തരവ് പുറപ്പെടുവിച്ചത്. ഡി.എസ്.ആർ. 2021-ന്റെയും സിമന്റ്, കമ്പി, മറ്റുള്ളവയുടെ വില വർദ്ധനവിന്റെയും കാര്യത്തിലുൾപ്പെടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉടൻതന്നെ പോസിറ്റീവ് നിലപാട് പ്രഖ്യാപിക്കുമെന്ന് സഭയെ അറിയിക്കുകയാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഇവിടെ ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും സംയുക്തമായി ചർച്ചകൾ നടത്തുകയും തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അതിനനുസരിച്ചുള്ള ഉത്തരവുകളിറങ്ങാത്തത് പ്രതിസന്ധിയായിരിക്കുകയാണ്. അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രിയുടെ പോസിറ്റീവ് നിലപാടിനെ സ്വാഗതം ചെയ്യുന്നതോടൊപ്പം ആവശ്യമായ ഉത്തരവുണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, അക്കാര്യത്തിൽ ഉടൻതന്നെ തീരുമാനം വരും. അതിനാവശ്യമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. 6 % ജി.എസ്.ടി. വർദ്ധനയാണ് പ്രധാനപ്പെട്ട പ്രശ്നം.

11.05 AM]

## IV സബ്മിഷൻ

### (1) ആലത്തൂർ ഫയർ സ്റ്റേഷൻ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടം ദുർബ്ബലാവസ്ഥയിലാണ്. അടിയന്തരമായി അതൊരു പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മറുപടി മേശപ്പുറത്തുവയ്ക്കുന്നു*.

### (2) ജില്ലാതല പോലീസ് കൺസൾട്ടേറ്റീവ് കമ്മിറ്റി

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ക്രമസമാധാന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് പോലീസും ജനപ്രതിനിധികളും തമ്മിലുള്ള ഒരു പോലീസ് കൺസൾട്ടേറ്റീവ് കമ്മിറ്റി എല്ലാ ജില്ലകളിലും നിലവിലുണ്ടായിരുന്നു. എം.എൽ.എ.-മാരും പോലീസിലെ ഉന്നതോദ്യോഗസ്ഥരും മൂന്ന് മാസത്തിലൊരിക്കലാണ് ഈ യോഗം ചേർന്നിരുന്നത്. ഇപ്പോൾ കുറേക്കാലമായി ഇങ്ങനെയൊരു കമ്മിറ്റി നിലവിലില്ല. പോലീസിന്റെ ഭാഗത്തുനിന്ന് ജനപ്രതിനിധികളോട് വളരെ മോശമായ പെരുമാറ്റമാണുണ്ടാകുന്നത്. ഈ കമ്മിറ്റികൾ പുനഃസ്ഥാപിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മറുപടി മേശപ്പുറത്തുവയ്ക്കുന്നു.*

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

(3) നെന്മാറ ഐ.ടി.ഐ.-യ്ക്ക് സ്ഥലം

ശ്രീ. കെ. ബാബു (നെന്മാറ): സർ, രണ്ടര ഏക്കർ ഭൂമി നെന്മാറ ഐ.ടി.ഐ.-യ്ക്ക് ആവശ്യപ്പെട്ടെങ്കിലും ഒരേക്കറും 7 സെന്റുമാണ് അനുവദിച്ചത്. ബാക്കി ഭൂമികൂടി അനുവദിച്ച് ഐ.ടി.ഐ.-യ്ക്ക് ആവശ്യമായ കെട്ടിടം പണിയുന്നതിനുള്ള സൗകര്യമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇക്കാര്യം ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിക്കേണ്ടതുണ്ട്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(4) സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കൽ

ശ്രീ. കെ. ജെ. മാക്സി: സർ, ഇതരസംസ്ഥാനങ്ങളിൽ നിന്ന് കുടിയേറി താമസിക്കുന്നവരുടെ കേരളത്തിൽ ജനിച്ച മക്കൾക്ക് ജാതി/ക്രീമിലെയർ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിൽ തടസ്സം നേരിടുന്നുണ്ട്. അത് പരിഹരിക്കുന്നതിന് ഒരു നോഡൽ ഏജൻസിയെ ചുമതലപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇത് സംസ്ഥാന സർക്കാരിന് മാത്രമായി തീരുമാനമെടുക്കാൻ കഴിയാത്ത വിഷയമാണ്. കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെയും കേന്ദ്ര പേഴ്സണൽ ആൻഡ് ട്രെയിനിംഗ് മന്ത്രാലയത്തിന്റെയും അഭിപ്രായവും കേന്ദ്ര-സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനുകളുടെ പഠനവും ശിപാർശയും ഇതിന് ആവശ്യമാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(5) റാന്നിയിൽ മഴക്കെടുതിമൂലം നഷ്ടം സംഭവിച്ച വ്യാപാരികൾക്ക് സ്പെഷ്യൽ പാക്കേജ്

ശ്രീ. പ്രമോദ് നാരായൺ: സർ, റാന്നിയിലെ ചുങ്കപ്പാറ ടൗണിലെ 63 കടകളിലാണ് കഴിഞ്ഞ ദിവസം കനത്ത മഴയിൽ വെള്ളം കയറി ഓണ വിപണിക്കായി ശേഖരിച്ചിരുന്ന സാധനങ്ങൾ മുഴുവൻ നഷ്ടമായത്. അവരെ സഹായിക്കാൻ പ്രത്യേക പദ്ധതി പ്രഖ്യാപിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇതുസംബന്ധിച്ച് നേരത്തെ ഞാൻ അടിയന്തര ചോദ്യത്തിൽ പറഞ്ഞിട്ടുണ്ട്. സർക്കാർ നഷ്ടപരിഹാരം കൊടുക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്. എസ്.ഡി.ആർ.എഫ്-ൽ ഇതിന് വകുപ്പില്ല. എന്നാൽ ഈ പ്രശ്നങ്ങളെല്ലാം പരിശോധിക്കാവുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

* അനുബന്ധമായി ചേർക്കുന്നു.

## (6) മടയംതോട് നിവാസികൾക്ക് പട്ടയം ലഭ്യമാക്കൽ

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, എന്റെ മണ്ഡലത്തിൽ ആലപ്പുഴയിലെ രണ്ട് പഞ്ചായത്തുകളിലായി 120 കുടുംബങ്ങൾ മടയംതോടിന്റെ ഇരുവശങ്ങളിലായാണ് താമസിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അവരെ അവിടെനിന്ന് മാറ്റാൻ നിർബന്ധിതമായിരിക്കുകയാണ്. മാനുഷിക പ്രശ്നമെന്ന നിലയിൽ അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ഗൗരവമായ പ്രശ്നമാണ്. ഇതിന് വിശദമായ മറുപടിയുണ്ട്. അംഗത്തിന്റെ ആവശ്യം പരിഗണിച്ച് ഈ വിഷയം ചർച്ച ചെയ്യാൻ ജലവിഭവം, തദ്ദേശസ്വയംഭരണം, നിയമം എന്നീ വകുപ്പുമന്ത്രിമാരും ഞാനും പങ്കെടുക്കുന്ന ഒരു യോഗം ഈ മാസംതന്നെ വിളിച്ചുചേർക്കും. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

## (7) എം.എൽ.എ. ഫണ്ട് മുഖേനയുള്ള പ്രവൃത്തികളുടെ ജി.എസ്.ടി. നിരക്ക്

ശ്രീ. ടി. വി. ഇബ്രാഹിം: സർ, എല്ലാ എം.എൽ.എ.-മാർക്കും വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ജി.എസ്.ടി. നിരക്ക് 12 ശതമാനത്തിൽ നിന്നും 18 ശതമാനമായപ്പോൾ കംപ്ലീറ്റ് എസ്റ്റിമേറ്റുകളും ബില്ലുകളും റിവൈസ് ചെയ്യേണ്ടിവരുന്ന പ്രശ്നമുണ്ട്. നേരത്തെതന്നെ ഫണ്ട് കുറവാണ്. ഇതുംകൂടിയാകുമ്പോൾ ഒരു വർക്കും എടുക്കേണ്ട ആവശ്യമില്ല. മുൻകാലങ്ങളിൽ രണ്ട് ക്ലാസ് റൂം നിർമ്മിച്ചിടത്ത് ഇപ്പോൾ ഒരു ക്ലാസ് റൂം നിർമ്മിക്കാനേ കഴിയുകയുള്ളൂ. അതുകൊണ്ട് ഒന്നുകിൽ കൂടുതൽ ഫണ്ട് അനുവദിക്കുകയോ അല്ലെങ്കിൽ ജി.എസ്.ടി. ഒഴിവാക്കിത്തരികയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ജി.എസ്.ടി.-യുടെ വർദ്ധന നിലവിലുള്ള പ്രവൃത്തികളിൽ അത്രയധികം വരില്ല. പുതുതായി വരുന്ന എസ്റ്റിമേറ്റുകൾക്ക് ജി.എസ്.ടി.-യും കൂടി ചേർത്തിട്ടാണ് വരുന്നത്. നിലവിൽ ഒരു ഫോർമുലയുണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് എം.എൽ.എ. ഫണ്ടിന് ജി.എസ്.ടി. ഒഴിവാക്കുന്ന കാര്യം പിന്നീട് പരിശോധിക്കുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

## (8) അപ്പർ കുട്ടനാട് ഡെവലപ്മെന്റ് അതോറിറ്റി

ശ്രീ. രമേശ് ചെന്നിത്തല: സർ, തണ്ണീർത്തടങ്ങളുടെ ഭൂമികയാണ് അപ്പർ കുട്ടനാട് മേഖല. ജൈവ വൈവിദ്ധ്യത്താൽ സമ്പന്നമായ കോട്ടയം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ എല്ലാ വർഷവും കാലവർഷം പ്രതിസന്ധിയുണ്ടാക്കുകയാണ്.

---

* അനുബന്ധമായി ചേർക്കുന്നു.

കൃഷിക്കും അനുബന്ധ കാര്യങ്ങൾക്കുംവേണ്ടി കർഷകർ ബുദ്ധിമുട്ടുകയാണ്. കൃഷിയുടെ പുനരുദ്ധാരണത്തിനും ജൈവ വൈവിദ്ധ്യമേഖലയുടെ നിലനില്പിനുംവേണ്ടി അടിയന്തരമായി ഒരു അപ്പർ കുട്ടനാട് ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കണമെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഗൗരവതരമായ കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. കുട്ടനാടിനെ അപ്പർ കുട്ടനാട് കൂടി ചേരുന്ന ഒരു പ്രത്യേക മേഖലയായി കണക്കാക്കി കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരിക്കുന്ന കാര്യം രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനിച്ചിരുന്നു. അതിന്റെ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരണം സാധ്യമാകുന്നതോടെ അപ്പർ കുട്ടനാടുകൂടി ഉൾപ്പെടുന്ന കുട്ടനാടിന്റെ സമഗ്രവികസനം ഉറപ്പാക്കാൻ സാധിക്കും. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

### (9) മലപ്പുറം ഗവൺമെന്റ് വനിത കോളേജിന് കെട്ടിടം

ശ്രീ. പി. ഉബൈദുള്ള: സർ, 2015-16 അധ്യയന വർഷത്തിൽ മലപ്പുറത്ത് ആരംഭിച്ച സർക്കാർ വനിത ആർട്സ് ആൻഡ് സയൻസ് കോളേജിന് സ്ഥിരം കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്താനുള്ള നടപടി ത്വരിതപ്പെടുത്തണം. ആറ് വർഷം മുൻപ് ആരംഭിച്ച കെട്ടിടത്തിന്റെ നിർമ്മാണം എം.എൽ.എ. ഫണ്ടിൽ നിന്നുള്ള 2 കോടി 30 ലക്ഷം രൂപ ഉപയോഗിച്ചാണ് നടത്തിയത്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്നും 13,85,55,333 രൂപയുടെ ധനാനുമതി ലഭിച്ചിട്ടുണ്ട്. അത് എത്രയും വേഗം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, മലപ്പുറം ജില്ലയിലെ സർക്കാർ വനിത ആർട്സ് ആൻഡ് സയൻസ് കോളേജിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ചിട്ടുള്ള 13.85 കോടി രൂപയ്ക്ക് തയ്യാറാക്കിയ ഡിസൈനിൽ ഗ്രഹമാനദണ്ഡപ്രകാരമുള്ള മാറ്റങ്ങൾ ആവശ്യമാണെന്ന് കിഫ്ബി നിർദ്ദേശിച്ച പ്രകാരം ടി പദ്ധതി പുതുക്കി കെട്ടിട നിർമ്മാണത്തിന്റെ നടപടികളുമായി മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുകയാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

---

* അനുബന്ധമായി ചേർക്കുന്നു.

## (10) ടൈപ്പ് വൺ പ്രമേഹ ബാധിതരായ വിദ്യാർത്ഥികൾക്ക് ഇൻസുലിൻ

ശ്രീ. നജീബ് കാന്തപുരം: സർ, ടൈപ്പ് വൺ പ്രമേഹ രോഗികളായ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾത്തന്നെ ടൈപ്പ് വൺ പ്രമേഹ രോഗികളായ അയ്യായിരത്തിലേറെ വിദ്യാർത്ഥികളുണ്ടെന്നാണ് അതുമായി ബന്ധപ്പെട്ട അസോസിയേഷൻ പറയുന്നത്. ഇവർക്ക് ഇൻസുലിൻ എടുക്കേണ്ടതുണ്ട്. സ്കൂളിൽ പോകുന്ന കുട്ടികൾക്ക് അവിടെ വച്ച് ഇൻസുലിനെടുക്കാനുള്ള സാഹചര്യമില്ല. അവർ പലപ്പോഴും ബാത്ത് റൂമിൽ പോയി ഇൻസുലിനെടുക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് സ്കൂളുകളിൽ ക്ലാസ് മുറികളിലോ പ്രധാന അദ്ധ്യാപകർ ഇരിക്കുന്ന സ്ഥലത്തോ സ്റ്റാഫ് റൂമിലോ ഇതിനായി പ്രത്യേക സൗകര്യമൊരുക്കാനും സ്കൂളുകളിൽ മരുന്ന് സൂക്ഷിക്കാനുള്ള സംവിധാനമുണ്ടാക്കാനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കോഴിക്കോട്, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ പ്രത്യേകം സജ്ജമാക്കിയ സെന്ററുകളിലൂടെയാണ് മിഠായി പദ്ധതിയുടെ സേവനം നൽകി വന്നിരുന്നത്. 2022 ഏപ്രിൽ മാസം മുതൽ ഒൻപത് ജില്ലകളിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് സാറ്റലൈറ്റ് സെന്ററുകൾ വഴി സേവനം ലഭ്യമാക്കാൻ ആരംഭിച്ചിട്ടുണ്ട്. 1184 കുട്ടികൾ മിഠായി പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഇതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് 19-3-2022-നും 14-6-2022-നും രണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾപ്രകാരം കുട്ടികൾക്ക് വൃത്തിയുള്ള നിലയിലും കൃത്യമായും മരുന്നുകൾ നൽകുന്നതിനുള്ള സംവിധാനമൊരുക്കുന്നുണ്ട്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

## (11) എം.എൽ.എ. ഫണ്ടുപയോഗിച്ച് വാങ്ങിയ സ്കൂൾ ബസ്സുകൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, പല സ്കൂളുകളിലും എം.എൽ.എ. ഫണ്ടുപയോഗിച്ച് സ്കൂൾ ബസ്സുകൾ വാങ്ങി നൽകുന്നുണ്ട്. കോവിഡിനുശേഷം ആ ബസ്സുകളൊന്നും ഓടാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുകയാണ്. ഇവ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലാണുള്ളത്. അവർക്ക് ഫണ്ടില്ലാത്തതുകൊണ്ട് ഈ ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയാൽ റോഡ് ടാക്സിനും മെയിന്റനൻസിനും ഡീസലടിക്കുന്നതിനുമുള്ള ചെലവ് നിർവ്വഹിക്കാനും ഡ്രൈവർക്കും ആയയ്ക്കും ശമ്പളം നൽകാനും സാധിക്കും. അതുകൊണ്ട് ടി ബസ്സുകളുടെ ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

---

* അനുബന്ധമായി ചേർക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സ്കൂൾ ബസ്സുകളുടെ ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറുന്നത് സംബന്ധിച്ച് ആലോചിച്ച് തീരുമാനിക്കേണ്ടതാണ്. എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി നമ്മളെല്ലാവരും വിവിധ സ്കൂളുകൾക്ക് ബസ്സുകൾ വാങ്ങി നൽകുന്നുണ്ട്. ബഹുമാനപ്പെട്ട കോവൂർ കുഞ്ഞുമോൻ പറഞ്ഞതുപോലുള്ള പ്രശ്നം നിലനിൽക്കുന്നുണ്ട്. അതിന് എങ്ങനെ പരിഹാരം കാണാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ആലോചിക്കാം. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

## (12) തോട്ടം തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

ശ്രീ. ടി. സിദ്ദിഖ്: സർ, കേരളത്തിൽ 685 തോട്ടങ്ങളിലായി 65000-ത്തോളം വരുന്ന തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കേണ്ട സമയം കഴിഞ്ഞിരിക്കുകയാണ്. പി.എൽ.സി. (Plantation Labour Committee) മീറ്റിംഗ് കൂടി വേതനം വർദ്ധിപ്പിക്കാനാവശ്യമായ അടിയന്തര നടപടിയുണ്ടാകണം. 421.26 രൂപയാണ് ഒരു ദിവസത്തെ വേതനം. തൊഴിലുറപ്പ് തൊഴിലാളികളും തോട്ടം തൊഴിലാളികളുമല്ലാതെ ഇത്രയും കുറഞ്ഞ അടിസ്ഥാന വേതനം ലഭിക്കുന്ന മറ്റാരുമില്ല. വേതനം വർദ്ധിപ്പിക്കുന്നതിനുള്ള സമയം 8 മാസം കഴിഞ്ഞിരിക്കുന്നു. വേതനം വർദ്ധിപ്പിക്കുന്നതിനും ലയങ്ങൾ പുനരുദ്ധരിക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, തോട്ടം മേഖലയിൽ ദിവസക്കൂലി വർദ്ധനയും ലയങ്ങൾ പുതുക്കി പണിയുന്നതുമടക്കം നിരവധി പ്രശ്നങ്ങളുണ്ട്. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ തോട്ടം ഉടമയുടെ സമ്മതം ആവശ്യമാണ്. തോട്ടം ഉടമകളുടെ യോഗം വിളിച്ചുചേർത്ത് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് പരിശ്രമിക്കുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

## (13) പുതുക്കോട് സർവ്വജന എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം

ശ്രീ. പി. പി. സുമോദ്: തരൂർ മണ്ഡലത്തിലെ പുതുക്കോട് സർവ്വജന എച്ച്.എസ്.എസ്. ഒന്നാം പിണറായി വിജയൻ സർക്കാർ ഏറ്റെടുക്കാൻ തീരുമാനിക്കുകയും കെട്ടിടത്തിന്റെ നിർമ്മാണത്തിനായി പത്ത് കോടി രൂപ 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നീക്കിവയ്ക്കുകയുമുണ്ടായി. എന്നാൽ സ്വകാര്യ മാനേജ്മെന്റ് ഇതിന്റെ ഉടമസ്ഥാവകാശം സ്ഥാപിച്ചുകൊണ്ട് ഹൈക്കോടതിയിൽ

---

* അനുബന്ധമായി ചേർക്കുന്നു.

കേസ് ഫയൽ ചെയ്തിരിക്കുകയാണ്. അതുകൊണ്ട് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്രയുംവേഗം കേസ് ഒത്തുതീർപ്പാക്കി കെട്ടിട നിർമ്മാണം സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, എയ്ഡഡ് സ്കൂളുകളിലെ മാനേജുമെന്റുകൾ തമ്മിൽ തർക്കം നടക്കുകയാണ്. സിംഗിൾ മാനേജ്മെന്റ് സംബന്ധിച്ചാണ് കൂടുതലും തർക്കം നടക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം പ്രത്യേക വിഷയമായി പരിഗണിച്ച് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(14) പെരുമ്പ പാലം നിർമ്മാണം

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ദേശീയപാതയെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന ഹൈവേയിൽ ഉൾപ്പെടുന്ന പയ്യന്നൂർ-കല്ല്യാശ്ശേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പയ്യന്നൂരിലെ പെരുമ്പ പുഴയിൽ പുതിയ പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് കണ്ടെത്താനാകുമോയെന്നും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്താനുള്ള പദ്ധതി നിർദ്ദേശങ്ങൾ നൽകാനാകുമോയെന്നും പരിശോധിക്കുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(15) കരമന-വെള്ളറട റോഡ് നിർമ്മാണം

ശ്രീ. ഐ. ബി. സതീഷ്: സർ, തലസ്ഥാന നഗരത്തെയും ഗ്രാമപ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന അഞ്ച് നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന 35 കി. മീ. ദൈർഘ്യമുള്ള 226 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കപ്പെട്ടിട്ടുള്ള കരമന-വെള്ളറട റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ നിയമിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കരമന-വെള്ളറട റോഡിന്റെ റീച്ച് 2-ന്റെ 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട റവന്യൂ

* അനുബന്ധമായി ചേർക്കുന്നു.

വകുപ്പുമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(16) പെരുമ്പാവൂർ ബൈപാസ് നിർമ്മാണം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പെരുമ്പാവൂർ ബൈപാസ് നിർമ്മാണത്തിന്റെ ഒന്നാംഘട്ട പ്രവർത്തനവുമായി ബന്ധപ്പെട്ട 98% ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞു. 80% ഭൂമി ഏറ്റെടുത്താൽ ടെണ്ടർ നടപടിയിലേയ്ക്ക് പോകാവുന്നതാണ്. എന്നാൽ, ആർ.ബി.ഡി.സി.കെ. ആദ്യം ഐ.ഐ.ടി. റിപ്പോർട്ട് വേണമെന്ന് പറഞ്ഞിട്ട് പിന്നീട് നാറ്റ്പാക് റിപ്പോർട്ട് വേണമെന്ന് പറയുകയാണ്. എത്രയും പെട്ടെന്ന് പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പെരുമ്പാവൂർ ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് രണ്ട് ഭൂവുടമകൾ ഫയൽ ചെയ്തിട്ടുള്ള കേസ്സുകളിന്മേൽ സ്റ്റേ നിലനിൽക്കുകയാണ്. റോഡിന്റെ ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(17) കോഴിക്കോട് എൻ. ഐ. ടി. അണ്ടർപാസ്

ശ്രീ. പി. ടി. എ. റഹീം: സർ, കോഴിക്കോട് എൻ.ഐ.ടി.-യുടെ രണ്ട് ക്യാമ്പസുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന അണ്ടർപാസ് നിർമ്മാണത്തിന് 8 കോടി രൂപ പൊതുമരാമത്ത് വകുപ്പിൽ കെട്ടിവച്ചിരുന്നു. ഇതുവരെ പ്രവൃത്തി നടപ്പാക്കിയിട്ടില്ല. ടി പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കോഴിക്കോട് എൻ.ഐ.ടി. ക്യാമ്പസിലെ അണ്ടർപാസ് നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുള്ള ഇടപെടൽ നടത്താൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(18) നാട്ടികയിലെ റോഡുകളുടെ പുനരുദ്ധാരണം

ശ്രീ. സി. സി. മുകുന്ദൻ: സർ, നാട്ടിക നിയോജകമണ്ഡലത്തിലെ രണ്ട് പ്രധാനപ്പെട്ട റോഡുകളുടെ നിർമ്മാണം അടിയന്തരമായി ചെയ്തുതീർക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കാഞ്ഞാണി, തൃപ്രയാർ, ചേർപ്പ് ഉൾപ്പെടെയുള്ള

* അനുബന്ധമായി ചേർക്കുന്നു.

റോഡുകൾ സംബന്ധിച്ച് വലിയ പരാതികൾ നിലനിൽക്കുകയാണ്. അതിന് ശാശ്വതമായ പരിഹാരമുണ്ടാകണമെന്നാണ് സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വാട്ടർ അതോറിറ്റി പൈപ്പിടുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് നിലനിൽക്കുന്നത്. അക്കാര്യത്തിൽ അടിയന്തരമായും ശക്തമായും ഇടപെടൽ നടത്തി പ്രശ്നം പരിഹരിക്കുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(19) അങ്ങാടിപ്പുറം-വളാഞ്ചേരി-വണ്ടൂർ-വടപുരം റോഡ് നവീകരണം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അങ്ങാടിപ്പുറം-വളാഞ്ചേരി റോഡിന്റെ ഇന്നത്തെ അവസ്ഥ പരിതാപകരമാണ്. റോഡ് ഏതാണെന്നും തോട് ഏതാണെന്നും കുഴി ഏതാണെന്നും മനസ്സിലാക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. പന്ത്രണ്ട് വർഷങ്ങൾക്കുമുമ്പാണ് ഇത് ബി.എം.& ബി.സി. ചെയ്തത്. ഒരു വർഷം മുമ്പ് 15 കോടി രൂപയുടെ എസ്റ്റിമേറ്റ് റോഡ്സ് ആൻഡ് ബ്രിഡ്ജസ്, മലപ്പുറം ഡിവിഷൻ അയച്ചുതന്നിരുന്നു. അതിൽ 55 ലക്ഷം രൂപ മാത്രമാണ് കുഴി അടയ്ക്കാൻ ലഭിച്ചത്. റോഡുകളെല്ലാം മോശമായ അവസ്ഥയിലാണ്. അതുകൊണ്ട് എത്രയും പെട്ടെന്ന് ഈ റോഡുകൾ ബി.എം.&ബി.സി. ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, റോഡ് നവീകരണത്തിന്റെ സാധ്യത ഫണ്ടിന്റെ ലഭ്യതകൂടി പരിഗണിച്ച് തീരുമാനമെടുക്കുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(20) ഇടിമുഴിക്കൽ-തലപ്പാറ റോഡ് നിർമ്മാണം

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഇടിമുഴിക്കൽ-തലപ്പാറ റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട കൺസ്ട്രക്ഷൻ കമ്പനി എന്ത് പ്രവൃത്തിയാണ് ചെയ്യുന്നതെന്ന് വ്യക്തതയില്ല. ഡ്രെയിനേജ്, സർവ്വീസ് റോഡ് എന്നിവ സംബന്ധിച്ച് യാതൊരു ധാരണയുമില്ല, അത് ബോധ്യപ്പെടുത്തിയിട്ടുമില്ല. അവർക്ക് തോന്നിയതുപോലെ പണിയുകയാണ്. താഴെ ചേളാരി, മേലെ ചേളാരി, പരപ്പനങ്ങാടി തുടങ്ങിയ റോഡുകളിൽ ഗതാഗതകുരുക്കിൽപ്പെട്ട് മണിക്കൂറുകളോളം കാത്തുനിൽക്കേണ്ട

* അനുബന്ധമായി ചേർക്കുന്നു.

അവസ്ഥയാണുള്ളത്. ഈ റോഡിന്റെ പണി പൂർത്തിയായാലും അവിടത്തെ ഗതാഗതകുരുക്ക് മാറുമെന്ന് തോന്നുന്നില്ല. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. അവിടത്തെ ബസ് സ്റ്റോപ്പുകൾ പൊളിച്ചിട്ടിരിക്കുകയാണ്. അത് പുനർനിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, എൻ.എച്ച്.എ.ഐ.-യുടെ പ്രവൃത്തികൾ മാസത്തിൽ രണ്ടുതവണ പി.ഡബ്ല്യു.ഡി. മിഷൻ ടീം പരിശോധിക്കുന്നുണ്ട്. പ്രസ്തുത സ്ഥലത്ത് നേരിട്ട് പരിശോധന നടത്തി വിഷയത്തിൽ ഇടപെടാം. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(21) കൂത്തുപറമ്പിലെ റോഡുകളുടെ പുനരുദ്ധാരണം

ശ്രീ. കെ. പി. മോഹനൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിൽ വളരെയധികം കാലതാമസമുണ്ടാകുകയാണ്. രണ്ടുമൂന്ന് വർഷമായിട്ടും പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയുന്നില്ല. പെരിങ്ങത്തൂർ, കാഞ്ഞിരക്കടവ്, കീഴ്മാണം കല്ലിക്കണ്ടി റോഡ്, പാറാട്ട് കുന്നോത്ത് പറമ്പ്- പാറക്കടവ് റോഡ്, പുത്തൂർ പോസ്റ്റാഫീസ്-കൈവേലിക്കൽ നിള്ളങ്ങൽ റോഡ്, കൂത്തുപറമ്പ്-മൂരിയാട് റോഡ്, തലശ്ശേരി-വളവുപാറ കെ.എസ്.ടി.പി. റോഡുകളുടെയടക്കം നിർമ്മാണം മന്ദഗതിയിലാണ് നടക്കുന്നത്. അതുപോലെതന്നെ കല്ലിക്കണ്ടി പാലത്തിന്റെ നിർമ്മാണവും നിലച്ചിരിക്കുകയാണ്. ഇവയുടെയെല്ലാം നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ ചില റോഡുകളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഇതുവരെയും പ്രവൃത്തി ആരംഭിക്കാത്തത് ഏതൊക്കെയാണെന്ന് അടിയന്തരമായി പരിശോധിക്കുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(22) കൊടിനട- വഴിമുക്ക് മൂന്നാംഘട്ട പ്രവൃത്തി

ശ്രീ. എം. വിൻസെന്റ്: സർ, കരമന-കളിയിക്കാവിള റോഡിന്റെ രണ്ടാംഘട്ട നിർമ്മാണ ജോലികൾ നിശ്ചയിച്ചിരുന്നത് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയായിരുന്നു, പിന്നീടത് രണ്ടായി തിരിച്ചു. ആ റോഡിന്റെ പകുതി ഭാഗം പൂർത്തിയാക്കിയിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുകയാണ്. മൂന്നാം ഘട്ടത്തിൽ

* അനുബന്ധമായി ചേർക്കുന്നു.

പൂർത്തിയാക്കാൻ ആകെ രണ്ട് കിലോമീറ്റർ മാത്രമേ അവശേഷിക്കുന്നുള്ളൂ. ആ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഇഴഞ്ഞാണ് നീങ്ങുന്നത്. ഒന്നര വർഷമായി പ്രവൃത്തിയിൽ കാര്യമായ പുരോഗതിയില്ല. ആയതിനാൽ ഒരു കലണ്ടർ നിശ്ചയിച്ച് എന്നത്തേയ്ക്ക് പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കിഫ്ബി ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന ഡി.പി.ആർ. തയ്യാറാക്കുന്നതിനാവശ്യമായ സർവ്വേ പുരോഗമിക്കുകയാണ്. ഡി.പി.ആർ. തയ്യാറായാലുടൻ കിഫ്ബിയിൽ സമർപ്പിച്ച് പുതിയ സാമ്പത്തികാനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(23) കുഞ്ഞിപ്പള്ളി ടോൾ പ്ലാസ

ശ്രീമതി കെ. കെ. രമ: സർ, എൻ.എച്ച്-66 വികസനത്തിന്റെ ഭാഗമായി വടകര മണ്ഡലത്തിലെ അഴിയൂർ പഞ്ചായത്തിൽ കുഞ്ഞിപ്പള്ളി മുതൽ മുക്കാളി വരെയുള്ള പ്രദേശത്ത് സർവ്വീസ് റോഡില്ലെന്നുള്ള ഗുരുതരമായ സ്ഥിതിവിശേഷമുണ്ട്. ടോൾ പ്ലാസ സ്ഥാപിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ സർവ്വീസ് റോഡ് നിർമ്മിക്കാത്തത്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു തീരദേശ പഞ്ചായത്ത് കൂടിയാണിത്. നാഷണൽ ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള അടിയന്തര ഇടപെടൽ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ.-യെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ഒരു മീറ്റിംഗ് വിളിച്ചിരുന്നു. ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാനപ്പെട്ട ആവശ്യമാണിത്. ആ ഭാഗത്തേയ്ക്കുള്ള പ്രവേശനത്തിന് പരിഹാരം കാണുന്നതിനായി കൺസൽട്ടന്റ്, എഞ്ചിനീയർ എന്നിവർ വിഷയം പരിശോധിച്ചുവരികയാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(24) പുലിക്കളി സംഘങ്ങൾക്ക് ധനസഹായം

ശ്രീ. പി. ബാലചന്ദ്രൻ: സർ, ദേശീയോത്സവമായ ഓണത്തിന്റെ ഭാഗമായി തൃശ്ശൂരിൽ നാലാം ഓണത്തിന് പുലിക്കളി സംഘങ്ങളിറങ്ങാറുണ്ട്. ടൂറിസം വാരാഘോഷത്തിന്റെ ഭാഗമായി നടക്കുന്ന ഈ ആഘോഷത്തിൽ സാമ്പത്തിക

* അനുബന്ധമായി ചേർക്കുന്നു.

പ്രയാസം കാരണം ഇത്തവണ രണ്ട് സംഘങ്ങൾ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സാധാരണ പതിനഞ്ചോളം സംഘങ്ങൾ ഇതിൽ പങ്കെടുക്കാറുള്ളതാണ്. ടൂറിസം വകുപ്പിന്റെ ഭാഗത്തുനിന്നും ഇത്തരം സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇക്കാര്യം പരിശോധിക്കുന്നതാണ്. അപേക്ഷ ലഭിക്കുന്നമുറയ്ക്ക് സാമ്പത്തിക സഹായത്തിനുള്ള ആവശ്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(25) മാസ്കമാരി-കുരുഡപ്പദവ് റോഡിന് കിഫ്ബി അനുമതി

ശ്രീ. എ. കെ. എം. അഷറഫ്: സർ, കിഫ്ബിയിൽ ഉൾപ്പെടുത്തിയ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ മാസ്കമാരി-കുരുഡപ്പദവ് റോഡ് പ്രവൃത്തി നടപടികൾ പൂർത്തീകരിച്ച് ഉടൻ ആരംഭിക്കണം. ലാൽബാഗിൽ നിന്നും ആരംഭിച്ച് കർണ്ണാടകയിലേയ്ക്ക് പോകുന്ന റോഡാണ് മാസ്കമാരി-കുരുഡപ്പദവ് റോഡ്. ഈ റോഡിന്റെ പ്രവൃത്തി ആരംഭിക്കാത്തതിനാൽ പ്രദേശവാസികൾ പ്രയാസങ്ങൾ നേരിടുകയാണ്. കിഫ്ബിയിലുൾപ്പെടുത്തി എത്രയുംവേഗം ഈ പ്രവൃത്തി പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കിഫ്ബിയുടെ നിലവിലെ സ്ഥിതിയനുസരിച്ച് വർക്കുകൾ ഏറ്റെടുക്കുന്നതിന് ചില പരിമിതികളുണ്ട്. പക്ഷെ, ഇത്തരം വർക്കുകൾ പ്രത്യേകമായി ഏറ്റെടുക്കുന്നതിന് പ്രൊവിഷനുണ്ടാക്കിയിട്ടുണ്ട്. അതിലെ വ്യവസ്ഥകളനുസരിച്ച് കാര്യങ്ങൾ ചെയ്യുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(26) തൃശ്ശൂർ നെഞ്ചുരോഗാശുപത്രിയുടെ പ്രവർത്തനം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ആധുനിക ഹൈടെക് ക്യാൻസർ ചികിത്സയ്ക്കാവശ്യമായ യന്ത്രങ്ങളും പോസ്റ്റുകളും പുതിയ വിഭാഗങ്ങളും അനുവദിച്ച് മദ്ധ്യകേരളത്തിലെ ആർ.സി.സി. എന്ന കാഴ്ചപ്പാടോടെ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ ഭാഗമായ നെഞ്ചുരോഗാശുപത്രിയെ ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, സർക്കാരിന്റെ ക്യാൻസർ കെയർ നയത്തിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിൽ ക്യാൻസർ ചികിത്സ ശാക്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. തൃശ്ശൂർ നെഞ്ചുരോഗാശുപത്രിയിൽ ലിനാക് മെഷീൻ സ്ഥാപിച്ച്

* അനുബന്ധമായി ചേർക്കുന്നു.

റേഡിയേഷൻ ചികിത്സ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ സർജിക്കൽ ഓങ്കോളജി ശക്തിപ്പെടുത്തുന്നതിന് അഞ്ച് കോടി രൂപ അനുവദിച്ചിട്ടുണ്ട്. തുടർപ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്നു. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(27) കാട്ടാക്കട സി.എച്ച്.സി.-യുടെ പ്രവർത്തനം

ശ്രീ. ജി. സ്റ്റീഫൻ: സർ, കാട്ടാക്കട താലൂക്കാസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന സി.എച്ച്.സി.-യുടെ പ്രവർത്തനം പരിതാപകരമാണ്. അതുകൊണ്ട് സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നതിനും ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഒ.പി.-യിൽ ചികിത്സ തേടിയെത്തുന്ന നാനൂറോളം രോഗികൾക്ക് ചികിത്സാസഹായം ലഭ്യമാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, സർക്കാരിന്റെ സാമ്പത്തികസ്ഥിതികൂടി പരിഗണിച്ചുകൊണ്ട് കാട്ടാക്കട കുടുംബാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനുവേണ്ടി തസ്തികകൾ അനുവദിക്കുന്നതും തുടർ വികസന പ്രവത്തനങ്ങൾ ഗൗരവമായി പരിശോധിക്കുന്നതുമാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(28) ആലുവ ജില്ലാശുപത്രിയുടെ പ്രവർത്തനം

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ താലൂക്ക് ആശുപത്രി ജില്ല ആശുപത്രിയായി ഉയർത്തിയെങ്കിലും അതിനുള്ള സ്റ്റാഫ് പാറ്റേൺ ഇതുവരെ അനുവദിച്ചിട്ടില്ല. ഇതുമൂലം അവിടെ ചികിത്സ തേടിയെത്തുന്നവർക്ക് ബുദ്ധിമുട്ടുണ്ടാകുകയാണ്. സ്റ്റാഫ് പാറ്റേൺ ഉയർത്തണമെന്ന് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും നടപടി സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് അവശ്യംവേണ്ട സ്റ്റാഫ് പാറ്റേൺ അനുവദിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ആർദ്രം പദ്ധതിയുടെ സ്റ്റാന്റേർഡൈസേഷൻ അനുസരിച്ച് എറണാകുളം ജനറൽ ആശുപത്രിയെയാണ് ജില്ലാതല ആശുപത്രിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ആലുവ ജില്ല ആശുപത്രിയിലുൾപ്പെടെ ആർദ്രം മാനദണ്ഡങ്ങളനുസരിച്ചുള്ള സൗകര്യങ്ങൾ ക്രമീകരിക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്, അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

---

* അനുബന്ധമായി ചേർക്കുന്നു.

(29) കല്ലറ, പാലോട്, വാമനപുരം സി.എച്ച്.സി.-കളുടെ പ്രവർത്തനം

ശ്രീ. ഡി. കെ. മുരളി: സർ, എന്റെ നിയോജകമണ്ഡലത്തിലെ കല്ലറ, പാലോട്, വാമനപുരം സി.എച്ച്.സി.-കൾ 24x7 ശ്രേണിയിൽപ്പെട്ടതാണ്. ആദിവാസികളും മലയോര മേഖലയിലെ ദരിദ്ര ജനവിഭാഗവും ആശ്രയിക്കുന്ന ആശുപത്രിയാണിത്. എൻ.എച്ച്.എം. ഡോക്ടർമാരുടെ രണ്ട് തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. രാത്രികാലങ്ങളിൽ രോഗികൾ ചികിത്സ തേടിയെത്തിയാൽ പരിശോധിക്കാൻ ഡോക്ടർമാരില്ലാത്ത അവസ്ഥയാണുള്ളത്. അതിനാൽ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടിരിക്കുന്നത് അവിടെ ഐ.പി. സൗകര്യം വേണമെന്നുള്ളതാണ്. പാലോട് സി.എച്ച്.സി.-യിൽ നിലവിൽ രാത്രി എട്ട് മണിവരെയാണ് ഡോക്ടറുടെ സേവനമുള്ളത്. ബാക്കി കാര്യങ്ങൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(30) കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ജീവനക്കാരുടെ വേതന വ്യവസ്ഥ

ശ്രീ. എം. വിജിൻ: സർ, കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ജീവനക്കാരുടെ ഇന്റഗ്രേഷൻ നടപടികൾ പൂർത്തിയാക്കാത്തതിനാലും stand alone തുടരുന്നതിനാലും അർഹതപ്പെട്ട ഡി.എ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. അതുകൊണ്ട് ഇന്റഗ്രേഷൻ നടപടി പൂർത്തിയാക്കി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഈ ആഗിരണ പ്രക്രിയ നടപടികൾ പൂർത്തീകരിച്ചതിനുശേഷമാണ് ഇതുസംബന്ധിച്ചുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതെങ്കിൽപ്പോലും തുടർ യോഗങ്ങൾ നടത്തി കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ജീവനക്കാർക്ക് മറ്റ് മെഡിക്കൽ കോളേജുകളിലെ ജീവനക്കാരുമായി താരതമ്യപ്പെടുത്തുമ്പോഴുള്ള ശമ്പളത്തിലെ കുറവും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ഡി.എം.ഇ.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

* അനുബന്ധമായി ചേർക്കുന്നു.

(31) തിരുവമ്പാടി സ്റ്റേഡിയം നിർമ്മാണം

ശ്രീ. ലിന്റോ ജോസഫ്: സർ, തിരുവമ്പാടി സ്റ്റേഡിയം നിർമ്മാണം അനന്തമായി നീണ്ടുപോകുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. ഒന്നാം പിണറായി വിജയൻ സർക്കാർ അഞ്ച് കോടി രൂപ അനുവദിച്ച് 2019-ൽ ടെണ്ടർ ചെയ്ത വർക്കാണിത്. സാങ്കേതിക കാരണങ്ങളാൽ പണി തടസ്സപ്പെട്ടതിനെത്തുടർന്ന് 2020-ൽ വീണ്ടും ടെണ്ടർ ചെയ്തുവെങ്കിലും ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി ചേരുന്നതിൽ കാലതാമസം വരുത്തിയതിനാൽ വീണ്ടുമത് ഒഴിവായി. 2022 ഫെബ്രുവരിയിൽ വീണ്ടും ടെണ്ടർ ചെയ്ത് റ്റി.എ.സി. ചേർന്ന് ഉത്തരവിറക്കാൻ ആറ് മാസം വേണ്ടിവന്നു. ഇക്കാരണത്താൽ കരാറുകാർ അതിൽനിന്നും പിന്മാറാൻ പോകുന്നുവെന്നാണ് ഇപ്പോൾ അറിയാൻ കഴിഞ്ഞത്. ഈ കൃത്യവിലോപത്തിനെതിരെ നടപടി സ്വീകരിച്ച് അടിയന്തരമായി സ്റ്റേഡിയം നിർമ്മാണം പൂർത്തിയാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ സബ്മിഷനിൽ പറഞ്ഞ കാര്യങ്ങളിൽ സ്പോർട്സ് വകുപ്പ് കർശനമായ നടപടി സ്വീകരിച്ചിട്ടുണ്ട്. L-(iii) ആയി ക്വാട്ട് ചെയ്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് എ.എസ്. നൽകുകയും ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ആഗസ്റ്റ് 25-നാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ അടുത്ത ദിവസംതന്നെ റ്റി.എസ്. നൽകി പ്രവൃത്തി ആരംഭിക്കാവുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു*

11.27 AM]

## V മേശപ്പുറത്തുവച്ച കടലാസുകൾ

(1) ലിസ്റ്റ് 1 പ്രകാരമുള്ള കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

* അനുബന്ധമായി ചേർക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 332/2021 | ജി.ഒ (ആർ.ടി) നമ്പർ 944/2021/ഹോം | 26-3-2021 | അതെ |
| 2 | 333/2021 | ജി.ഒ.(ആർ.ടി) നമ്പർ 1001/2021/ഹോം | 31-3-2021 | അതെ |
| 3 | 334/2021 | ജി.ഒ.(ആർ.ടി) നമ്പർ 1009/2021/ഹോം | 31-3-2021 | അതെ |
| 4 | 335/2021 | ജി.ഒ.(ആർ.ടി) നമ്പർ 1010/2021/ഹോം | 31-3-2021 | അതെ |
| 5 | 336/2021 | ജി.ഒ.(ആർ.ടി) നമ്പർ 1011/2021/ഹോം | 31-3-2021 | അതെ |
| 6 | 337/2021 | ജി.ഒ.(ആർ.ടി) നമ്പർ 1012/2021/ഹോം | 31-3-2021 | അതെ |
| 7 | 339/2021 | ജി.ഒ.(ആർ.ടി) നമ്പർ 998/2021/ഹോം | 31-3-2021 | അതെ |
| 8 | 340/2021 | ജി.ഒ.(ആർ.ടി) നമ്പർ 1018/2021/ഹോം | 3-4-2021 | അതെ |
| 9 | 342/2021 | ജി.ഒ.(ആർ.ടി) നമ്പർ 1017/2021/ഹോം | 3-4-2021 | അതെ |
| 10 | 343/2021 | ജി.ഒ.(ആർ.ടി) നമ്പർ 1020/2021/ഹോം | 3-4-2021 | അതെ |
| 11 | 344/2021 | ജി.ഒ.(ആർ.ടി.) നമ്പർ 1028/2021/ഹോം | 3-4-2021 | അതെ |
| 12 | 345/2021 | ജി.ഒ.(ആർ.ടി) നമ്പർ 1027/2021/ഹോം | 3-4-2021 | അതെ |
| 13 | 346/2021 | ജി.ഒ.(ആർ.ടി) നമ്പർ 1019/2021/ഹോം | 3-4-2021 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 14 | 347/2021 | ജി.ഒ.(ആർ.ടി) നമ്പർ 1025/2021/ഹോം | 3-4-2021 | അതെ |
| 15 | 348/2021 | ജി.ഒ.(ആർ.ടി) നമ്പർ 1026/2021/ഹോം | 3-4-2021 | അതെ |
| 16 | 349/2021 | ജി.ഒ.(ആർ.ടി) നമ്പർ 1024/2021/ഹോം | 3-4-2021 | അതെ |
| 17 | 648/2022 | സ.ഉ.(പി) നമ്പർ 16/2022/പൊ.ഭ.വ. | 28-6-2022 | അല്ല |
| 18 | 764/2022 | വിജ്-സി1/85/2022-വിജ് | 29-7-2022 | അല്ല |
| 19 | 791/2022 | ജി.ഒ. (എം.എസ്) നമ്പർ 171/2022/ജി.എ.ഡി. | 8-8-2022 | അല്ല |
| 20 | 808/2022 | ജി.ഒ. (എം.എസ്.) നമ്പർ 174/2022/ജി.എ.ഡി. | 12-8-2022 | അല്ല |
| 21 | 820/2022 | ജി.ഒ.(എം.എസ്) നമ്പർ 169/2022/ഹോം | 16-8-2022 | അല്ല |
| 22 | 827/2022 | ജി.ഒ.(ആർ.ടി.) നമ്പർ 2316/2022/ഹോം | 20-8-2022 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

II. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ- ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 736/2022 | സ.ഉ (അച്ചടി) നമ്പർ 62/ 2022/ത.സ്വ.ഭ.വ. | 26-7-2022 | അല്ല |
| 2 | 773/2022 | സ.ഉ(അച്ചടി) നമ്പർ 64/ 2022/ത.സ്വ.ഭ.വ. | 2-8-2022 | അല്ല |
| 3 | 814/2022 | സ.ഉ (അച്ചടി) നമ്പർ 65/ 2022/ത.സ്വ.ഭ.വ. | 9-8-2022 | അല്ല |

III. റവന്യൂ- ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 809/2022 | ജി.ഒ.(പി) നമ്പർ 215/2022/ആർ.ഡി. | 12-8-2022 | അല്ല |
| 2 | 828/2022 | ജി.ഒ(എം.എസ്) നമ്പർ 8/2022/എച്ച്എസ്ജി | 21-8-2022 | അല്ല |

IV. ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ- ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള വാട്ടർ അതോറിറ്റി | 2015-16<br>2016-17 | ആഡിറ്റ് റിപ്പോർട്ട് | അതെ |

V. പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന പട്ടിക ജാതി പട്ടിക ഗോത്ര വർഗ്ഗ കമ്മീഷൻ | 2017-18 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |

VI. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | സംസ്ഥാന ഓഡിറ്റ് വകുപ്പ് | 2018-19 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തിരുത്തൽ പത്രിക | ബാധകമല്ല |

VII. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാ ണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 812/2022 | ജി.ഒ.(പി)നമ്പർ 16/2022/ ലോ | 17-8-2022 | അല്ല |
| 2 | 813/2022 | ജി.ഒ.(പി) നമ്പർ 16/2022/ലോ | 17-8-2022 | അല്ല |
| 3 | 825/2022 | ജി.ഒ.(പി)നമ്പർ 15/2022/ഐ.ഡി. | 20-8-2022 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ആട്ടോകാസ്റ്റ് ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

VIII. കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ.

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

IX. സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 769/2022 | ജി.ഒ.(പി)നമ്പർ 139/2022/കോ-ഓപ്പ് | 2-8-2022 | അല്ല |
| 2 | 780/2022 | ജി.ഒ.(പി)നമ്പർ 140/2022/കോ-ഓപ്പ് | 5-8-2022 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | 799/2022 | ജി.ഒ.(പി)നമ്പർ 112/2022/കോ-ഓപ്പ് | 22-6-2022 | അല്ല |
| 4 | 800/2022 | ജി.ഒ.(പി)നമ്പർ 109/2022/കോ-ഓപ്പ് | 15-6-2022 | അല്ല |
| 5 | 801/2022 | ജി.ഒ.(പി)നമ്പർ 116/2022/കോ-ഓപ്പ് | 23-6-2022 | അല്ല |
| 6 | 804/2022 | ജി.ഒ.(പി)നമ്പർ 127/2022/കോ-ഓപ്പ് | 15-7-2022 | അല്ല |
| 7 | 805/2022 | ജി.ഒ.(പി)നമ്പർ 128/2022/കോ-ഓപ്പ് | 15-7-2022 | അല്ല |
| 8 | 823/2022 | ജി.ഒ.(പി)നമ്പർ 130/2022/കോ-ഓപ്പ് | 22-7-2022 | അല്ല |
| 9 | 824/2022 | ജി.ഒ.(പി)നമ്പർ 145/2022/കോ-ഓപ്പ് | 17-8-2022 | അല്ല |

X. പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 790/2022 | ജി.ഒ.(പി) നമ്പർ 78/2022/എൽ.ബി.ആർ. | 2-8-2022 | അല്ല |
| 2 | 792/2022 | ജി.ഒ. (പി) നമ്പർ 79/2022/എൽ.ബി.ആർ. | 4-8-2022 | അല്ല |
| 3 | 796/2022 | ജി.ഒ.( പി)നമ്പർ 80/2022/എൽ.ബി.ആർ. | 4-8-2022 | അല്ല |

XI. മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 667/2022 | ജി.ഒ.(പി) നമ്പർ 8/2022/ഡി.ഡി. | 29-6-2022 | അല്ല |
| 2 | 701/2022 | ജി.ഒ.(പി)നമ്പർ 9/2022/ഡി.ഡി. | 6-7-2022 | അല്ല |
| 3 | 797/2022 | ജി.ഒ.(പി)നമ്പർ 10/2022/ഡി.ഡി. | 11-8-2022 | അല്ല |

ii.ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഫീഡ്സ് ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

XII. ഭക്ഷ്യ- പൊതുവിതരണ വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണ ജോർജ്ജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള റേഷൻ വ്യാപാരി ക്ഷേമനിധി | 2018-19<br>2019-20 | ഓഡിറ്റ് റിപ്പോർട്ട് | അതെ |

(2) ചട്ടം 47(2) അനുസരിച്ച് ലിസ്റ്റ് 2 പ്രകാരമുള്ള കടലാസ്സുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 257, പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 197, പത്തൊമ്പതാം സമ്മേളനത്തിലെ 1669, പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 1379, 1401, അഞ്ചാം സമ്മേളനത്തിലെ 54, 2064, 3710 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 334-ാം നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 2681-ാം നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

4. വനം വന്യജീവി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 3360-ാം നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

5. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിമയസഭയുടെ രണ്ടാം സമ്മേളനത്തിലെ 3479, അഞ്ചാം സമ്മേളനത്തിലെ 402, 489, 523, 555, 2389, 2391, 2392, 3714, 4081, 4095 എന്ന നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

6. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 1322-ാം നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(3) ചട്ടം 236(5) അനുസരിച്ച് ലിസ്റ്റ് 3 പ്രകാരമുള്ള കടലാസ്സുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIV-ആഭ്യന്തരകാര്യങ്ങൾ കാര്യങ്ങൾ | 2020-21 | 5 | 67, 68 പുതിയ ശീർഷകം (i) |

2. കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | സബ്ജക്ട് കമ്മിറ്റി | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2019-20 | 4 | 30,35,36 |

## (4) ചട്ടം 236(6) അനുസരിച്ച് ലിസ്റ്റ് 4 പ്രകാരം കടലാസ്സുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVI-പെൻഷനും പലവകയും | 2021-22 | പൊതുഭരണ (പൊളിറ്റിക്കൽ ) വകുപ്പ് |
| XVII -വിദ്യാഭ്യാസം , കായിക വിനോദം, കല, സംസ്കാരം & XX-ശുദ്ധജലവിതരണവും ശുചീകരണവും | ,, | പരിസ്ഥിതി വകുപ്പ് |
| XVIII-വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | ,, | ആഭ്യന്തര വകുപ്പ് (കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി ) |
| XLVI-സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | ,, | പൊതുഭരണ (ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ )വകുപ്പ് (ലാന്റ് റവന്യൂ കമ്മീഷണർ, ട്രഷറി വകുപ്പ് എന്നിവയുടെ നിയന്ത്രണത്തിലുള്ളത് ) |

2. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ- ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXII - നഗരവികസനം | 2020-21 | തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് |
| ,, | | നഗരകാര്യ വകുപ്പ് |

| | | |
|---|---|---|
| XXXV - പഞ്ചായത്ത് & XXVIII- പലവക സാമ്പത്തിക സർവ്വീസുകൾ | (കാലതാമസ പത്രിക സഹിതം) | പഞ്ചായത്ത് വകുപ്പ് |
| XXXVI - ഗ്രാമ വികസനം | | തദ്ദേശ സ്വയംഭരണ വകുപ്പ് (ഗ്രാമ വികസന കമ്മീഷണറേറ്റ് ) |

3. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| (1) | (2) | (3) |
| XXXVII - വ്യവസായങ്ങൾ | 2010-11 | വ്യവസായ വകുപ്പ് (കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ) |
| ,, | 2011-12 | ,, |
| ,, | ,, | വ്യവസായ വകുപ്പ് [കേരള സ്റ്റേറ്റ് ഹാന്റി ക്രാഫ്റ്റ്സ് അപ്പക്സ് സഹകരണ സംഘം (സുരഭി )] |
| ,, | 2012-13 | വ്യവസായ വകുപ്പ് (കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ) |
| XXXVII - വ്യവസായങ്ങൾ | 2014-15 | വ്യവസായ വകുപ്പ് (കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ) |
| ,, | , | കൈത്തറി - വസ്ത്ര വകുപ്പ് |
| ,, | 2015-16 | വ്യവസായ വകുപ്പ് (കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ) |

| (1) | (2) | (3) |
|---|---|---|
| ,, | 2016-17 | ,, |
| ,, | 2018-19 (കാലതാമസ പത്രിക സഹിതം) | ,, |
| ,, | 2019-20 (കാലതാമസ പത്രിക സഹിതം) | ,, |
| ,, | 2020-21 (കാലതാമസ പത്രിക സഹിതം) | ,, |
| ,, | 2021-22 | വ്യവസായ വകുപ്പ് (കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ് (കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്) |
| ,, | ,, | വ്യവസായ വകുപ്പ് (കേരള കരകൗശല വികസന കോർപ്പറേഷൻ ) |
| ,, | ,, | വ്യവസായ വകുപ്പ് (കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം ) |
| XXXVII - വ്യവസായങ്ങൾ | 2021-22 | വ്യവസായ വകുപ്പ് [സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്( സിൽക്ക്)] |
| ,, | ,, | വ്യവസായ വകുപ്പ് (കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ് (മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ് [കേരള സ്റ്റേറ്റ് ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കാഡ്കോ )] |
| ,, | ,, | വ്യവസായ വകുപ്പ് [കേരള സ്റ്റേറ്റ് ഹാന്റി ക്രാഫ്റ്റ്സ് അപ്പക്സ് സഹകരണ സംഘം (സുരഭി )] |

4. കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX - കൃഷി | 2017-18 | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് , മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് |
| XXIX - കൃഷി<br>XXX - ഭക്ഷ്യം<br>XXXIX-വൈദ്യുത പദ്ധതികൾ | 2021-22 | കാർഷിക വികസനകർഷകക്ഷേമ വകുപ്പ് |
| XXIX - കൃഷി | ,, | കാർഷിക വികസനകർഷകക്ഷേമ വകുപ്പ് (സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള ) |
| ,, | ,, | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് |

5. സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| VII- മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 2020-21 (കാലതാമസ പത്രികസഹിതം) | നികുതി വകുപ്പ് (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസ് , ട്രഷറി ഡയറക്ടറേറ്റ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് ) |

6. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVIII- വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2021-22 | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് |

7. മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXI - മൃഗസംരക്ഷണം | 2021-22 (കാലതാമസ പത്രിക സഹിതം) | മൃഗസംരക്ഷണവകുപ്പ് |
| ,, | | കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് |
| ,, | | കേരള ഫീഡ്സ് ലിമിറ്റഡ് |

8. മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ മന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII-വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 2019-20 (കാലതാമസ പത്രിക സഹിതം) | കായിക യുവജനകാര്യ വകുപ്പ് |

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

11.30 A.M.]

## VI നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. നൗഷാദ്)

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർവ്വകലാശാലകളെ സർക്കാർ ഏജൻസികളാക്കി മാറ്റാനുള്ള കുടിലതന്ത്രമാണ് ഈ നിയമനിർമ്മാണം എന്നുള്ളതുകൊണ്ടുതന്നെ ഞാൻ ഇതിനെ എതിർക്കുകയാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നയുടൻതന്നെ 1-8-2022 മുതൽ മുൻകാല പ്രാബല്യം നൽകിയത് കേരള യൂണിവേഴ്സിറ്റി നിയമനത്തെ മറികടക്കുന്നതിനുവേണ്ടിയുള്ള നിലപാടാണെന്നത് വ്യക്തമാണ്. ഹയർ എഡ്യൂക്കേഷൻ കൗൺസിലിലെ ഒരംഗത്തെതന്നെ സെർച്ച് കമ്മിറ്റി ചെയർമാനായി വയ്ക്കുന്നതിലൂടെ കമ്മിറ്റിയിൽ യൂണിവേഴ്സിറ്റിയുമായി ബന്ധമുള്ളവർ പാടില്ലെന്ന വ്യവസ്ഥ ലംഘിക്കപ്പെടുകയാണ്. മറ്റൊന്ന്, 5 അംഗങ്ങളിൽ 3 പേരും സർക്കാരിന്റെ ഭാഗത്തുനിന്നുമുള്ളവരാകുന്നതിനാൽ യുനാനിമസായി 3 പേരടങ്ങിയ ഒരു പാനൽ സമർപ്പിക്കാൻ കഴിയില്ല. അതുകൊണ്ട് ഓരോ അംഗത്തിനും ഒരാളുടെ പേര് നിർദ്ദേശിക്കാനുള്ള വ്യവസ്ഥയെങ്കിലും ഉൾപ്പെടുത്തണം. സ്വയംഭരണ സർവ്വകലാശാലകളിൽ ബാഹ്യമായ രാഷ്ട്രീയ നിയന്ത്രണം ഏർപ്പെടുത്തുകയാണ് ഇതിലൂടെ ചെയ്യുന്നത് എന്നതിൽ യാതൊരു തർക്കവുമില്ല. വി.സി.-യിലൂടെ യൂണിവേഴ്സിറ്റികളിലെ മുഴുവൻ നിയമനങ്ങളും തങ്ങളുടെ വരുതിയിൽ കൊണ്ടുവരാനുള്ള നിലപാടാണ് സ്വീകരിക്കുന്നത്. രജിസ്ട്രാർ, കൺട്രോളർ, ഫിനാൻസ് ഓഫീസർ, അദ്ധ്യാപകർ തുടങ്ങിയ തന്ത്രപ്രധാന പോസ്റ്റുകളിലൊക്കെയുള്ള നിയമനവും പുനർനിയമനവും

നിയന്ത്രണവും വൈസ് ചാൻസലർക്ക് നൽകാനുള്ള നടപടിയാണിത്. മികവും മാനദണ്ഡങ്ങളും കാറ്റിൽപ്പറത്തിക്കൊണ്ടാണ് ഇപ്പോൾ നിയമനങ്ങൾ നടത്തുന്നത്. യൂണിവേഴ്സിറ്റികളുടെ നിയമനവുമായി ബന്ധപ്പെട്ടുള്ള വിവാദപരമായ വാർത്തകൾ പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. യൂണിവേഴ്സിറ്റിയെ രാഷ്ട്രീയമായി തങ്ങളുടെ കയ്യിലൊതുക്കാനുള്ള നിലപാടുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നത് ഇതിന്റെ വളർച്ചയെയും ക്രിയാത്മകമായ ഉന്നതിയെയും നശിപ്പിക്കുമെന്നതിൽ സംശയമില്ല. സർവ്വകലാശാലകളിൽ ഇഷ്ടക്കാരെ നിയമിക്കാനുള്ള നടപടിയാണിത്. ഇതിലൂടെ അക്കാദമിക രംഗത്ത് മൂല്യശോഷണവും തകർച്ചയും സംഭവിക്കും. കഴിഞ്ഞ ദിവസം ശ്രീ. പി. സി. വിഷ്ണുനാഥ് ഈ നിയമം നിലനിൽക്കുന്നതല്ലെന്നുള്ള തടസ്സവാദം ഉന്നയിച്ചിരുന്നു. ഒരു നിയമമുണ്ടാക്കുമ്പോൾ അതുമായി ബന്ധപ്പെട്ട കേന്ദ്ര നിയമം നിലവിലുണ്ടെങ്കിലും സംസ്ഥാനത്തിന് നിയമങ്ങളുണ്ടാക്കാനുള്ള അധികാരമുണ്ട്. പക്ഷേ ആ അധികാരമുണ്ടാകുമ്പോഴും ആർട്ടിക്കിൾ 254 പ്രകാരം കേന്ദ്ര നിയമമാണ് നിലനിൽക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. നൗഷാദ്)

കേന്ദ്ര നിയമം നിലനിൽക്കെ സംസ്ഥാനം പാസ്സാക്കുന്ന നിയമത്തിനെതിരായി കോടതിയിൽ കേസുണ്ടായാൽ അത് ഇല്ലാതാകുന്ന അവസ്ഥയുണ്ടാകുയും ആ കേന്ദ്ര നിയമം നിലനിൽക്കുകയും ചെയ്യും. അതുകൊണ്ട് ഈ നിയമത്തിന് നിയമ പ്രാബല്യമില്ലാതാകാനിടയുണ്ട്. ഈ നിയമങ്ങളിലൂടെ അക്കാദമിക് ആട്ടോണമി ഇല്ലാതാകുന്ന അവസ്ഥയാണുണ്ടാകാൻ പോകുന്നത്. ഇപ്പോൾ പുതിയ കോഴ്സുകളൊന്നും യൂണിവേഴ്സിറ്റികളിൽ വരുന്നില്ല. യൂണിവേഴ്സിറ്റികൾക്ക് നിയമപരമായി അനുവദിച്ചിട്ടുള്ള കോഴ്സുകൾക്കുപകരം പുതിയ കോഴ്സുകൾ ഉൾപ്പെടുത്തണമെന്ന് അക്കാദമികമായി ആക്ടിലും സ്റ്റാറ്റ്യൂട്ടിലുമൊക്കെ പറഞ്ഞിട്ടുണ്ടെങ്കിൽ മാത്രമേ അവ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. യൂണിവേഴ്സിറ്റികളിൽ രാഷ്ട്രീയവൽക്കരണമാണ് നടക്കുന്നത്. യൂണിവേഴ്സിറ്റികൾക്കുള്ള ഫണ്ടുകളൊന്നും സർക്കാർ നൽകുന്നില്ലെന്ന കാര്യം കഴിഞ്ഞ ദിവസം ഇവിടെ ചർച്ച ചെയ്തതാണ്. ഫണ്ട് നൽകാതെ യൂണിവേഴ്സിറ്റികളെ പ്രയാസപ്പെടുത്തുകയാണ്. യൂണിവേഴ്സിറ്റികളിൽ സി.പി.ഐ.(എം) രാഷ്ട്രീയ ഇടപെടലുകൾ നടത്താൻ പോകുന്നുവെന്നതിന്റെ വ്യക്തമായ ഉദാഹരണമായി ഇതിനെ ചൂണ്ടിക്കാണിക്കാൻ സാധിക്കും. സി.പി.ഐ.(എം)-ന്റെ കഴിഞ്ഞകാല നിലപാടുകളൊക്കെ അങ്ങനെ തന്നെയായിരുന്നുവെന്ന് നിയമസഭയുടെ ചരിത്രമെടുത്ത് പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. 1957-ൽ കേരളത്തിൽ ആദ്യമായി അധികാരത്തിൽ വന്ന ഗവൺമെന്റിന്റെ നിലപാടും അങ്ങനെയായിരുന്നു. അന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരി രാഷ്ട്രീയത്തെ മറികടക്കാൻവേണ്ടി പ്രോ ചാൻസലറായി വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ കൊണ്ടുവരാനുള്ള ബിൽ

നിയമസഭയിൽ അവതരിപ്പിച്ചത് വിവാദമായിരുന്നു. അന്ന് പി. ടി. ചാക്കോയും പട്ടം താണുപിള്ളയും സി. എച്ച്. മുഹമ്മദ് കോയയുമൊക്കെ ആ ബില്ലിനെ എതിർത്ത് സംസാരിച്ചിട്ടുണ്ട്. സി. എച്ച്. മുഹമ്മദ് കോയ അന്ന് അദ്ദേഹത്തിന്റെ ശൈലിയിൽ പറഞ്ഞത്, 'ഗവൺമെന്റ് യൂണിവേഴ്സിറ്റികളുടെ കാര്യത്തിൽ കൈ കടത്തുന്നില്ലെങ്കിൽ പ്രോ ചാൻസലർ അധികപ്പറ്റാണ്, കൈ കടത്തുമെങ്കിൽ പ്രോ ചാൻസലർ ഒരു ആപത്തുമാണ്' എന്നാണ്. 'അജഗളസ്തനം പോലെ അധികപ്പറ്റായ പ്രോ ചാൻസലറുടെ കാര്യത്തിൽ മന്ത്രി എന്തിനാണ് ഇത്ര ശാഠ്യം പിടിക്കുന്നത്' എന്നാണ് സി. എച്ച്. മുഹമ്മദ് കോയ ചോദിച്ചത്. യൂണിവേഴ്സിറ്റികൾക്ക് മതിയായ സ്വാതന്ത്ര്യം അനുവദിക്കണമെന്നാണ് 22-8-1957-ലെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. യൂണിവേഴ്സിറ്റികളെ, വിദ്യാഭ്യാസ മേഖലയെ ഉന്നത തലങ്ങളിലേയ്ക്ക് കൊണ്ടുപോകാനാവശ്യമായ നിലപാടുകളാണ് അന്നത്തെ വിദ്യാഭ്യാസ വിചക്ഷണരും മന്ത്രിമാരും രാഷ്ട്രീയക്കാരുമൊക്കെ സ്വീകരിച്ചിരുന്നത്. കേരളീയ സമൂഹം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉന്നതങ്ങളിലാണ്, ഉയരങ്ങളിലാണ് എന്നൊക്കെ അവകാശപ്പെടുമ്പോൾ രാഷ്ട്രീയവൽക്കരണമില്ലാതെ അക്കാദമിക് താല്പര്യത്തോടുകൂടി ആ മേഖലകളിൽ പ്രവർത്തിച്ചിരുന്ന വ്യക്തിയെന്ന നിലയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രവർത്തിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, സഹകരിക്കണം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പ്രസംഗിച്ച് തുടങ്ങിയതല്ലേയുള്ളൂ; സഹകരിക്കാം. 'എലിയെ കൊല്ലാൻ ഇല്ലം ചുടുക' എന്ന നിലപാടിലാണ് സർക്കാർ നിലകൊള്ളുന്നത്. സർക്കാരിന്റെ കുറച്ച് ആളുകളെ നിയമിക്കാൻവേണ്ടിയാണ് ഈ നിലപാട് സ്വീകരിക്കുന്നത്. ഇതിലൂടെ യൂണിവേഴ്സിറ്റികളെ അടക്കിഭരിക്കാൻ ചാൻസലറുടെ ചിറകരിയുകയാണ്. ചാൻസലറോട് വിരോധമുണ്ട്; അല്ലെങ്കിൽ അദ്ദേഹത്തിന്റെ രാഷ്ട്രീയ നിലപാടുകളോട് എതിർപ്പുണ്ട് എന്നത് ഇതിലൂടെ വ്യക്തമാകുകയാണ്. അദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിടാത്തത് പിൻവാതിൽ നിയമനം നടത്താനാണെന്നത് വ്യക്തമാണ്. മുൻകാലങ്ങളിലൊക്കെ ഇതേ അനുഭവമാണ് യൂണിവേഴ്സിറ്റികളിലുണ്ടായിട്ടുള്ളത്. 2007-ൽ കേരള സർവ്വകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്ന, ആവശ്യത്തിലധികം യോഗ്യതയും മികവുമുണ്ടായിരുന്ന ടി. വി. ബിന്ദു എന്ന അദ്ധ്യാപികയെ മൂന്നാം സ്ഥാനത്തേയ്ക്ക് മാറ്റുകയുണ്ടായി. അതിനെത്തുടർന്ന് അവർ കോടതിയിൽ പോകുകയും 2021-ൽ നിയമനാംഗീകാരം ലഭിക്കുകയും ഇപ്പോൾ പ്രസ്തുത യൂണിവേഴ്സിറ്റിയിൽ ജോലി ചെയ്തുവരികയുമാണ്. അതുപോലെ

അധിക യോഗ്യതകളുള്ളവരെ പുറകോട്ട് മാറ്റി യോഗ്യതയൊന്നുമില്ലാത്തവരെ മുന്നോട്ടുകൊണ്ടുവരുന്ന സാഹചര്യം ഈ നിയമനിർമ്മാണത്തിന്റെ ഭാഗമായുണ്ടാകും. സർവ്വീസിലുള്ളവരെ മാത്രമേ പ്രൊഫസറായി നിയമിക്കാവൂവെന്ന് 3(5) വകുപ്പിൽ വ്യക്തമായി പറയുന്നുണ്ട്. ഈ വ്യവസ്ഥ ലംഘിച്ചുകൊണ്ട് സർവ്വീസിൽനിന്ന് വിരമിച്ചവർക്ക് പ്രൊഫസർ പദവി നൽകി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിയമിച്ചിരിക്കുകയാണ്. ഇതേ യൂണിവേഴ്സിറ്റിയിൽ ത്തന്നെയാണ് കഴിഞ്ഞ ദിവസം കോപ്പിയടിച്ചവരെ രക്ഷപ്പെടുത്താൻവേണ്ടി അദാലത്ത് നടത്തി അവർക്കൊക്കെ സർട്ടിഫിക്കറ്റ് നൽകിയത്. 1500-ലധികം പരീക്ഷ പേപ്പറാണ് കാണാതായത്. പരീക്ഷയെഴുതി പാസ്സാകുമെന്ന് കരുതി വിദേശത്തേയ്ക്കുപോയ കുട്ടികളടക്കം മാർക്ക് ലിസ്റ്റും പരീക്ഷ പേപ്പറും കാണാതായ വാർത്തയറിഞ്ഞ് തിരിച്ചെത്തിയ ദുരവസ്ഥയുണ്ടായി. എന്നാൽ ഒരു അദാലത്ത് നടത്തി അവരെ രക്ഷപ്പെടുത്താൻ ശ്രമിച്ചില്ല. പരീക്ഷ പേപ്പർ ഇനിയും ലഭിച്ചിട്ടില്ലെന്നാണ് അറിയുന്നത്. എം.ജി. യൂണിവേഴ്സിറ്റിയിൽ 314 ഗൈഡുമാരെയാണ് ഈയടുത്ത കാലത്ത് നിയമിച്ചത്. അതിൽ 197 പേർക്ക് യോഗ്യതയില്ലെന്നാണ് സി.എ.ജി. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ഗാന്ധിയൻ സ്റ്റഡീസിൽ ഹോമിയോയ്ക്ക് പഠിക്കുന്നൊരു കുട്ടി, പി.എച്ച്.ഡി.-ക്ക് അപേക്ഷിക്കുമ്പോൾ അവരുടെ ഗൈഡാകുന്നത് ഇവരാണ്. എന്തൊരു വിരോധാഭാസമാണിത്! മിക്ക യൂണിവേഴ്സിറ്റികളിലും ഇത്തരം കാര്യങ്ങൾ നടക്കുകയാണ്. ഡിഗ്രി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയും മൂല്യനിർണ്ണയം നടത്താതെയും മാർക്ക് ലിസ്റ്റ് നൽകാതെയും പ്രയാസങ്ങളുണ്ടാക്കുകയാണ്. അതിനൊക്കെ കൈക്കൂലി വാങ്ങുന്ന നിരുത്തരവാദപരമായ നിലപാടുകളെക്കുറിച്ച് പത്രങ്ങളിൽ വാർത്ത വന്നതാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, 10 മിനിട്ട് കഴിഞ്ഞു. അങ്ങ് സഹകരിക്കണം. പ്രസംഗം ചുരുക്കണം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ധനസമാഹരണത്തിനുള്ള ഏജൻസിയായും സാമ്പത്തിക പുരോഗതിക്കുവേണ്ടിയുള്ള ഉപാധിയായും ഗവൺമെന്റ് യൂണിവേഴ്സിറ്റികളെ ഉപയോഗിക്കുന്നുവെന്നത് വ്യക്തമാണ്. പെൻഷൻ നൽകുന്നതിനായി യൂണിവേഴ്സിറ്റികൾ ഫണ്ട് റെയ്സ് ചെയ്യണമെന്നുപറഞ്ഞ് ഒരു ഉത്തരവിറക്കുകയും ഇപ്പോഴത് മരവിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ഫണ്ട് റെയ്സ് ചെയ്യാൻ പറയുമ്പോൾ സർട്ടിഫിക്കറ്റിനും പരീക്ഷകൾക്കുമൊക്കെ കുട്ടികളിൽ നിന്ന് 250 രൂപയാണ് ഈടാക്കേണ്ടിയിരുന്നതെങ്കിൽ ആയിരമോ അതിലധികമോ തുക ഈടാക്കുന്ന സ്ഥിതിവിശേഷമുണ്ടാകും. ഒരു ഫണ്ട് റെയ്സിംഗ് ഏജൻസിയായി യൂണിവേഴ്സിറ്റിയെ മാറ്റുന്ന തരത്തിലേയ്ക്കാണ്

പോകുന്നത്. വ്യക്തമായൊരു രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ടാണ് ഗവൺമെന്റ് നീങ്ങുന്നത്. അങ്ങനെയുള്ള വ്യവസ്ഥിതിയെയും പ്രവർത്തനത്തെയുമാണ് ഞങ്ങൾ എതിർക്കുന്നത്. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നില്ലെന്നു മാത്രമല്ല, ആവശ്യമായ ചട്ടങ്ങളുണ്ടാക്കി നിയമനം നടത്താനുള്ള നിലപാടും സ്വീകരിക്കുന്നില്ല. താൽക്കാലിക നിയമനങ്ങൾ നടത്തി പാർട്ടിക്കും ഗവൺമെന്റിനും താൽപ്പര്യമുള്ളവരെ കൊണ്ടുവരുന്ന നിലപാടാണ് സ്വീകരിക്കുന്നത്. 2030-ഓടുകൂടി യൂണിവേഴ്സിറ്റികളും കോളേജുകളും ആട്ടോണമസായി ഉന്നത നിലവാരത്തിലേയ്ക്ക് പോകണമെന്നും അതല്ലെങ്കിൽ അവ പൂട്ടി പോകട്ടെയെന്നുമാണ് യു.ജി.സി. പറഞ്ഞിരിക്കുന്നത്. എൽ.ഡി.എഫ്. സർക്കാർ വന്നിട്ട് ഏഴ് വർഷത്തോളമായി. കേരളത്തിൽ യു.ഡി.എഫ്. സർക്കാർ ആട്ടോണമസ് പദവി നൽകിയതിനുശേഷം ഒരു കോളേജിനെയും ആട്ടോണമസ് നിലവാരത്തിലേയ്ക്ക് കൊണ്ടുപോകാൻ ഈ ഗവൺമെന്റിനായിട്ടില്ല. യൂണിവേഴ്സിറ്റികളെ രാഷ്ട്രീയപരമായി മാറ്റുന്ന നിലപാടിനെയാണ് ഞങ്ങൾ എതിർക്കുന്നത്. ഈ ബില്ലിൽനിന്നും പിറകോട്ടുപോയി കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം ലോകത്തിനുതന്നെ മാതൃകയാകുന്ന തരത്തിലുള്ളതാക്കി മാറ്റുന്നതിന് അങ്ങയുടെ ഭാഗത്തുനിന്ന് ശ്രമമുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞ എല്ലാ കാര്യങ്ങൾക്കും ഞാൻ അടിവരയിടുകയാണ്. കേരളത്തിലെ യൂണിവേഴ്സിറ്റികളെ നിയന്ത്രിക്കുന്നതിനുവേണ്ടി പിണറായി വിജയൻ സർക്കാരിലെ ബഹുമാനപ്പെട്ട മന്ത്രി ഡോ. ആർ. ബിന്ദു പിൻവാതിലിലൂടെ കൊണ്ടുവരുന്ന നിയമമാണിത്. കേന്ദ്ര സർവ്വകലാശാലകളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും മറ്റും കാവിവൽക്കരിക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നതെങ്കിൽ ഈ ഗവൺമെന്റ് കേരളത്തിലെ സർവ്വകലാശാലകളെയും ഉന്നത വിദ്യാഭ്യാസ മേഖലയെയും കമ്മ്യൂണിസ്റ്റുവൽക്കരിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായാണ് മൂന്നംഗ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിൽ സർക്കാരിന്റെ ഒരു പ്രതിനിധിയെ ഉൾപ്പെടുത്തുകയും ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാനെ കൺവീനറാക്കുകയും ചെയ്തുകൊണ്ട് ഭൂരിപക്ഷമുണ്ടാക്കി വി.സി.-യെ നിയമിക്കാനുള്ള അധികാരം കയ്യാളുന്നത്. ഇതിനായി ഒരു ബിൽ കൊണ്ടുവരേണ്ട കാര്യമില്ല. വകുപ്പ് തലവന്മാരെയും കളക്ടർമാരെയും നിശ്ചയിക്കുന്നതുപോലെ ഗവൺമെന്റ് തന്നെ വി.സി.-യെ നിശ്ചയിച്ചാൽ മതിയായിരുന്നു.

ഡോ. കെ. ടി. ജലീൽ: സർ, മുമ്പുണ്ടായിരുന്ന സാഹചര്യത്തിലാണെങ്കിൽ ഇതിന്റെ പ്രസക്തിയില്ല എന്നുള്ളത് ശരിയാണ്. പക്ഷെ, രാജ്യത്തുണ്ടായ രാഷ്ട്രീയ

മാറ്റം കാണാതെ പോകരുത്. ഇപ്പോൾ മൂന്നംഗങ്ങളാണ് സെർച്ച് കമ്മിറ്റിയിലുള്ളത്. അതിലൊരാൾ യു.ജി.സി.-യുടെ അംഗമാണ്. ആ അംഗം എപ്പോഴും ആർ.എസ്.എസ്. അനുഭാവികളെയാണ് അദ്ദേഹത്തിന്റെ നോമിനിയായി ഈ മൂന്നംഗ പാനലിലേയ്ക്ക് നിർദ്ദേശിക്കാറുള്ളത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ബഹുമാനപ്പെട്ട മുൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ പറയുന്നതിന്റെ താല്പര്യം മനസ്സിലായി. ആർ.എസ്.എസ്. കാവിവൽക്കരിക്കാൻ ശ്രമിക്കുന്നു, അത് അപകടമാണ്. അതേസമയം കമ്മ്യൂണിസ്റ്റുവൽക്കരിക്കുന്നതും അപകടകരമാണ്. നമ്മൾ അക്കാദമിക് താൽപ്പര്യമാണ് മുൻനിർത്തിയത്. കേരളത്തിൽ ആദ്യത്തെ തിരുവിതാംകൂർ യൂണിവേഴ്സിറ്റി വന്നപ്പോൾ ആൽബർട്ട് ഐൻസ്റ്റീനെ വി.സി.-യാക്കി കൊണ്ടുവരാൻ സർ സി. പി. രാമസ്വാമി അയ്യർ ആഗ്രഹിച്ചിരുന്നുവെന്നാണ് പറയുന്നത്. പ്രൊഫ. ശ്രീധരന്റെ 'കേരള ചരിത്രം' എന്ന പുസ്തകത്തിൽ അതുസംബന്ധിച്ച് കൃത്യമായി പറയുന്നുണ്ട്. കോൺഗ്രസ്സിന്റെ ഡി.സി.സി. പ്രസിഡന്റിനെ വി.സി.-യാക്കിയ കാര്യം ഇവിടെ പറയുകയുണ്ടായി. വി.സി.-മാരാക്കാൻ യോഗ്യതയുള്ളവരാണ് യു.ഡി.എഫ്.-ന്റെ നേതാക്കൾ എന്നാണത് തെളിയിക്കുന്നത്. ജോൺ മത്തായിയാണ് ആദ്യമായി കേരള യൂണിവേഴ്സിറ്റിയുടെ വി.സി. ആകുന്നത്. കേന്ദ്രത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയും മുൻ റെയിൽവേ വകുപ്പുമന്ത്രിയും ബോംബെ യൂണിവേഴ്സിറ്റിയുടെ വി.സി.-യുമായ ഒരാളെ രാഷ്ട്രീയ താൽപ്പര്യങ്ങൾക്കതീതമായി 1957-ൽ കേരള യൂണിവേഴ്സിറ്റി നിലവിൽ വന്നപ്പോൾ അതിന്റെ വി.സി.-യാക്കി നിയമിച്ചിട്ടുണ്ട്. അന്ന് സർക്കാർ കൈകടത്താൻവേണ്ടി ശ്രമിച്ചതിന്റെ ഭാഗമായാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി അതിന്റെ പ്രോ-വൈസ് ചാൻസലറായത്. അന്നതിനെ എതിർത്ത സി.എച്ച്. മുഹമ്മദ് കോയയുടെ വാക്കുകളൊക്കെ ഇവിടെ ഉദ്ധരിച്ചുകഴിഞ്ഞു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരുപക്ഷെ വിദ്യാഭ്യാസമില്ലാത്ത ആളാകാൻ വരെ സാധ്യതയുണ്ട്. അതുകൊണ്ടുതന്നെ സർവ്വകലാശാല നിയമനങ്ങളിൽ ഇടപെടുന്നതിന് വിദ്യാഭ്യാസ വകുപ്പുമന്ത്രിമാർക്ക് അവസരം കൊടുക്കരുതെന്നുള്ള അന്നത്തെ പ്രതിപക്ഷത്തെ സി. എച്ച്. മുഹമ്മദ് കോയയുടെ ഉദ്ധരണി ഇവിടെ പറഞ്ഞുകഴിഞ്ഞു. സി. എച്ച്. മുഹമ്മദ്കോയ പിന്നീട് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായപ്പോൾ രാഷ്ട്രീയ താല്പര്യത്തിനപ്പുറത്ത് അക്കാദമിക താല്പര്യം മുൻനിർത്തി 1978-ൽ കുസാറ്റ് യൂണിവേഴ്സിറ്റി വന്നപ്പോൾ അന്ന് കേരളത്തിന്റെ ആദ്യത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരിയെയാണ് അവിടെ വി.സി. ആയി നിയമിച്ചത്. രാഷ്ട്രീയ താല്പര്യത്തിനപ്പുറത്ത് അക്കാദമിക താല്പര്യം മുൻനിർത്തി കേരളത്തിലെ സർവ്വകലാശാലകൾ നിയന്ത്രിക്കുന്നതിന് യു.ഡി.എഫ്.-ഉം അതിലെ

മന്ത്രിമാരുമൊക്കെ ശ്രമിച്ചുവെന്നതാണ് അതിന്റെ അർത്ഥം. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു കേരളത്തിലെ വി.സി.-മാരുടെ ചരിത്രം പറഞ്ഞതുകൊണ്ട് ഞാനിത് പറഞ്ഞുവെന്നേയുള്ളൂ. എം. എം. ഗനിയെ സി.എച്ച്. മുഹമ്മദ്കോയ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ വി.സി.-യായി നിയമിച്ചു. അന്നതിനെ എതിർത്ത ഡോ. സുകുമാർ അഴീക്കോട് പിന്നീട് പറഞ്ഞത് എം. എം. ഗനിക്ക് വീണ്ടും ഒരവസരം കൊടുക്കണമെന്നാണ്. ആ രീതിയിൽ ഏറ്റവും പ്രഗത്ഭരായവരെയാണ് സി. എച്ച്. മുഹമ്മദ്കോയയൊക്കെ ഭരിക്കുന്ന സമയത്ത് വി.സി.-മാരായി നിയമിച്ചിട്ടുള്ളത്. അതിൽ ഡോ. ടി. എൻ. ജയചന്ദ്രനടക്കമുള്ള ആളുകളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞതിൽ ചില വസ്തുതാപരമായ തെറ്റുകളുണ്ട്. മുൻ വി. സി. ശ്രീമതി അൻവർ ജഹാൻ സുബേരിക്ക് ഡോക്ടറേറ്റ് ബിരുദമുണ്ടെന്നാണ് പറഞ്ഞത്. വെറും പോസ്റ്റ് ഗ്രാജ്വേഷൻ മാത്രമുള്ള ആളിനാണ് അന്ന് ഡോക്ടറേറ്റ് കൊടുത്തത്. ഞാൻ അതിലേയ്ക്കല്ല ഇപ്പോൾ കടന്നുപോകുന്നത്. ഈ ബിൽ തികച്ചും രാഷ്ട്രീയ താല്പര്യത്തിന്റെ ഭാഗമായി കൊണ്ടുവരുന്നതാണ്. എന്തിനാണ് എല്ലാ സർവ്വകലാശാലകളെയും കമ്മ്യൂണിസ്റ്റ് പാർട്ടി നിയന്ത്രിക്കാൻ പോകുന്നത്? സർവ്വകലാശാലകളെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഓഫീസാക്കി മാറ്റാനുള്ള തുടക്കമാണിത്. ഓരോ നിയമനങ്ങളുടെയും കാര്യങ്ങൾ ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. കണ്ണൂർ സർവ്വകലാശാലയിൽനിന്നും പുറത്തുവന്നത് അതിന്റെയൊരു സൂചന മാത്രമാണ്. അതിലേയ്ക്ക് ഞാൻ കൂടുതലായി കടന്നുപോകുന്നില്ല. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോകുന്നതിനുമുമ്പ് നടന്ന ചർച്ചയിൽ ഞാൻ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രി അന്നത് നിഷേധിച്ചിട്ടില്ല. അവിടെയുള്ള സംവരണ വ്യവസ്ഥകൾ അട്ടിമറിച്ചിരിക്കുകയാണ്, ബാക്ക്‌ലോഗ് നികത്തുന്നില്ല. എസ്.സി./എസ്.ടി. ജനവിഭാഗങ്ങൾക്ക് 6 പോസ്റ്റുകൾ കൊടുക്കേണ്ട ബാക്ക് ലോഗടക്കം നികത്തേണ്ടതില്ലെന്ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുകയാണ്. സംവരണ വ്യവസ്ഥകൾ അട്ടിമറിക്കുകയാണ്. വി.സി.-ക്ക് രജിസ്ട്രാറെയും വി. സി. അദ്ധ്യക്ഷനായ കമ്മിറ്റിക്ക് സി.ഇ.ഒ.-യെയും എഫ്.ഒ.-യെയുമൊക്കെ നിയമിക്കാൻ കഴിയും. അതിനുവേണ്ടിയുള്ള സൗകര്യപ്പെടുത്തലാണ് ഈ ബില്ലിലൂടെ ഉണ്ടാകുന്നത്, അല്ലാതെ അക്കാദമിക താല്പര്യമല്ല. വി.സി.-യും ഗവർണറും ബഹുമാനപ്പെട്ട മന്ത്രിയടക്കമുള്ള ഈ ഗവൺമെന്റും ഇടയ്ക്കിടയ്ക്ക് ഉരസുകയും നന്നാകുകയും ചെയ്യും. കണ്ണൂർ വി.സി.-യെ നിയമിച്ചത് എങ്ങനെയെന്ന് ഇപ്പോൾ എല്ലാവർക്കുമറിയാം. യു.ജി.സി. മാനദണ്ഡപ്രകാരം പ്രായപരിധി 61 വയസ്സാകാൻ പാടില്ല. ഒരു സെർച്ച് കമ്മിറ്റി നിലവിലുള്ള സന്ദർഭത്തിലാണ് ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി

ഗവർണറെ പോയി കണ്ടിട്ട് 61 വയസ്സായ ഒരാളെ വീണ്ടും വി.സി.-യായി നിയമിച്ചത്. ഇതിലൂടെ സെർച്ച് കമ്മിറ്റിയെ നോക്കുകുത്തിയാക്കിയിരിക്കുകയാണ്. രാഷ്ട്രീയതാല്പര്യത്തിനുവേണ്ടി വി.സി.-മാരെ വരുതിയിലാക്കുകയും അതുവഴി കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും തങ്ങളുടെ ഇഷ്ടക്കാരെ നിയമിക്കുന്നതിനുള്ള രംഗമൊരുക്കുന്നതിനുംവേണ്ടിയാണ് ഈ നിയമം കൊണ്ടുവരുന്നത്. യു.ജി.സി. റെഗുലേഷന്റെ യോഗ്യത പാലിക്കപ്പെടുന്നില്ല. മധുര കാമരാജ് യൂണിവേഴ്സിറ്റിയിലെ ഡോ. കല്യാണി മതിവനൻ എന്ന വൈസ് ചാൻസലറുടെ നിയമനത്തെ ചോദ്യം ചെയ്തുകൊണ്ട് മദ്രാസ് ഹൈക്കോടതിയിൽ കേസ് വരികയുണ്ടായി. അന്ന് മദ്രാസ് ഹൈക്കോടതി പറഞ്ഞത്, ആൽബർട്ട് ഐൻസ്റ്റീനെ കൊണ്ടുവന്ന് നിയമിച്ചാലും യു.ജി.സി. നിർദ്ദേശപ്രകാരമുള്ള യോഗ്യതയുടെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യാൻ കഴിയില്ലെന്നാണ്. അത്തരത്തിൽ കോടതികൾ ഇടപെടുകയാണ്. ജനാധിപത്യത്തെ അട്ടിമറിച്ചുകൊണ്ടാണ് ഉന്നതവിദ്യാഭ്യാസ മേഖല മുന്നോട്ടുപോകുന്നതെന്ന് ഞാൻ കഴിഞ്ഞ പ്രാവശ്യം ഉദാഹരണസഹിതം വ്യക്തമാക്കിയിരുന്നു. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളും ഞാനും സബ്ജക്റ്റ് കമ്മിറ്റിയിൽ കൊടുത്ത വിയോജനക്കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ സംസാരിക്കാൻ അവസരം ലഭിച്ചത്. എന്നാൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്താനോ അതിന്റെ പേരിൽ സംസാരിക്കാനോ കഴിയില്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റി 28-6-2022-ൽ ഇറക്കിയ ഓർഡറിൽ പറഞ്ഞിരിക്കുന്നത്, '10-5-2022-ലെ സിൻഡിക്കേറ്റ് യോഗത്തിലെ ഇനം നമ്പർ 2022/557 സ്റ്റാർ തീരുമാനങ്ങളോടൊപ്പം ചേർത്ത വിയോജനക്കുറിപ്പിൽ പരാമർശിക്കപ്പെട്ട പലതും വസ്തുതാപരമല്ലാത്തതാണെന്ന വിഷയം 9-6-2022-ലെ സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും തുടർന്നുനടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ വിയോജനക്കുറിപ്പുകൾ യോഗത്തിൽ വായിച്ചതിനുശേഷം അംഗീകരിക്കപ്പെടുന്നവമാത്രം മിനിട്ട്സിൽ രേഖപ്പെടുത്തുന്നതിന് ഇനം നമ്പർ 2022/709 സ്റ്റാർ സൂചന 1 പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട് എന്നാണ്. ഇത്രയധികം ജനാധിപത്യ വിരുദ്ധമായാണ് സർവ്വകലാശാലകളും ഉന്നതവിദ്യാഭ്യാസ വകുപ്പും മുന്നോട്ടുപോകുന്നത്. യൂണിവേഴ്സിറ്റി യൂണിയൻ തെരഞ്ഞെടുപ്പിൽ സ്വാശ്രയ കോളേജുകളിൽ നിന്നുമുള്ള കൗൺസിലർമാർക്ക് വോട്ട് ചെയ്യാൻ അവകാശമില്ലെന്ന് കാലിക്കറ്റ് യൂണിവേഴ്സിറ്റി തീരുമാനിച്ചു. എയ്ഡഡ് കോളേജുകളിലോ സർക്കാർ കോളേജുകളിലോ സ്വാശ്രയ കോളേജുകളിലോ പഠിച്ചുവെന്നത് ജനാധിപത്യ അവകാശം നിഷേധിക്കുന്നതിനുള്ള മാനദണ്ഡമാകാൻ പാടില്ല. ജനാധിപത്യത്തെക്കുറിച്ച് സംസാരിക്കുന്നതിനോടൊപ്പം അതിനെ കശാപ്പ് ചെയ്യുകയാണ് ചെയ്യുന്നത്. ഈ തീരുമാനത്തിനെതിരെ കുട്ടികൾ

കോടതിയിൽ പോകുകയും കോടതി വോട്ടവകാശം അനുവദിക്കണമെന്ന് ഉത്തരവാകുകയും ചെയ്തു. അപ്പോൾ അതിനെ ഓവർടേക്ക് ചെയ്യാൻവേണ്ടി ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ ചെയ്തതുപോലെ സ്വാശ്രയ കോളേജുകളിലെ കൗൺസിലർമാരിൽ നിന്ന് 4 പേരെ തെരഞ്ഞെടുത്ത് അവർക്കുമാത്രം വോട്ടവകാശം കൊടുക്കാമെന്ന് തീരുമാനിക്കുകയുണ്ടായി. ഇത് എന്ത് ജനാധിപത്യമാണ്; കുട്ടികൾ സ്വാശ്രയ കോളേജുകളിൽ പോകേണ്ടിവന്നത് എന്തുകൊണ്ടാണ്? ഉന്നതവിദ്യാഭ്യാസം പ്രൊവൈഡ് ചെയ്യുന്നതിൽ അസന്തുലിതാവസ്ഥയുണ്ട്. മലപ്പുറം ജില്ലയിൽ 1000 കുട്ടികൾ പാസ്സാകുമ്പോൾ 110 കുട്ടികൾക്ക് മാത്രമേ ഗവൺമെന്റ് കോളേജുകളിലും എയ്ഡഡ് കോളേജുകളിലും അഡ്മിഷൻ കിട്ടുന്നുള്ളൂ. ബാക്കിയുള്ള കുട്ടികൾ സ്വാശ്രയ കോളേജുകളിൽ പോകേണ്ടിവന്നത് അവർക്ക് മാർക്കില്ലാത്തതുകൊണ്ടല്ല. 85 മുതൽ 90 ശതമാനംവരെ മാർക്ക് വാങ്ങുന്ന കുട്ടികൾക്കുപോലും എയ്ഡഡ് കോളേജുകളിലും സർക്കാർ കോളേജുകളിലും പഠന സൗകര്യമില്ലാത്തതുകൊണ്ടാണ് അവർ സ്വാശ്രയ കോളേജുകളിൽ പോകുന്നത്. യഥാർത്ഥത്തിൽ സ്വാശ്രയ കോളേജുകളിൽ പോകുന്ന കുട്ടികൾക്ക് ഗവൺമെന്റ് സബ്സിഡി കൊടുക്കുകയാണ് വേണ്ടത്. സർക്കാരിന് കോളേജും അതുപോലെ സൗകര്യങ്ങളും ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും കൊടുക്കാൻ കഴിയില്ലെങ്കിൽ കുട്ടികൾക്ക് ഫീസിനത്തിൽ സർക്കാർ സ്കോളർഷിപ്പ് കൊടുക്കുകയും സബ്സിഡൈസ് ചെയ്യുകയും വേണം. നരകയാതന അനുഭവിച്ച് സ്വാശ്രയ കോളേജുകളിൽ പോകുന്ന കുട്ടികൾക്ക് ജനാധിപത്യ അവകാശം ഉപയോഗിക്കാനുള്ള സൗകര്യം നിഷേധിക്കുന്നത് ഈ ഗവൺമെന്റ് എത്രമേൽ ജനാധിപത്യ വിരുദ്ധമായി മുന്നോട്ടുപോകുന്നുവെന്നതിന് തെളിവാണ്. ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് ഇപ്രാവശ്യം യൂണിവേഴ്സിറ്റി അംഗീകാരം ലഭിച്ചില്ല. കുട്ടികൾ കോടതിയിൽ പോയപ്പോൾ യു.ജി.സി.-യുടെ പ്രതിനിധി പറഞ്ഞത് ഞങ്ങൾ ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് അംഗീകാരം കൊടുത്തിട്ടില്ലെന്നാണ്. ഓപ്പൺ സർവ്വകലാശാലയിൽ അംഗീകാരം കിട്ടാത്ത കോഴ്സുകളിൽ പഠിക്കുന്നവർക്ക് മറ്റ് സർവ്വകലാശാലകളിൽ തുടർപഠനത്തിനുള്ള അവസരമുണ്ടാക്കിക്കൊടുക്കണമെന്നാണ് കോടതി പറഞ്ഞത്. ഇത് ഹൈക്കോടതിയുടെ ഓർഡറാണ്. (ഓർഡറിന്റെ കോപ്പി ഉയർത്തിക്കാണിച്ചു.) ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഇറക്കിയ ഓർഡറിൽ ഇത് കൃത്യമായി പറയുന്നുണ്ട്. 2022 ഓഗസ്റ്റ് 16-ലെ കോടതിയുടെ ജഡ്ജ്മെന്റിനെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് സർക്കാർ ഇറക്കിയ ഓർഡർ എന്താണെന്നറിയാമോ? ഓപ്പൺ സർവ്വകലാശാല യു.ജി.സി.-ക്ക് അപ്ലൈ ചെയ്യാത്ത കോഴ്സുകൾ ഒഴിവാക്കി മറ്റ് കോഴ്സുകൾക്ക് കേരളത്തിലെ മറ്റ് സർവ്വകലാശാലകളിൽ പ്രവേശനം നേടാം എന്നാണ്.

കോടതിവിധികളെപ്പോലും ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് വിദ്യാർത്ഥികളുടെ അവകാശങ്ങളെ ഇല്ലാതാക്കുന്ന നടപടിയാണ് ഉന്നതവിദ്യാഭ്യാസ മേഖല സ്വീകരിക്കുന്നത്. ഈ ബില്ലിന്റെ താല്പര്യം രാഷ്ട്രീയവൽക്കരണമാണ്, അത് അനുവദിക്കാൻ കഴിയില്ലെന്നുമാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. നൗഷാദ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. വിജിൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. എന്റെ മണ്ഡലമായ കല്യാശ്ശേരിയുടെയും അതോടൊപ്പം പയ്യന്നൂർ മണ്ഡലത്തിന്റെയും സംസ്കാരത്തിന്റെ പ്രധാനപ്പെട്ട അടയാളമാണ് പയ്യന്നൂർ പാട്ട്. ജർമ്മനിയിലെ പ്രസിദ്ധമായ ട്യൂബിംഗൻ സർവ്വകലാശാലയിൽ നിന്നാണ് പയ്യന്നൂർ പാട്ടിന്റെ ആദ്യ ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന താളിയോല ഗ്രന്ഥങ്ങളുടെ ശേഷിപ്പുകൾ കണ്ടെത്തിയത്. പൗരസ്ത്യ രചനകളുടെ ഏറ്റവും വലിയ പഠനകേന്ദ്രമായി ഇന്ന് ആ യൂണിവേഴ്സിറ്റി മാറിയിട്ടുണ്ട്. അതിന്റെ സ്ഥാപകനായ എബർഹാഡ് ഒന്നാമൻ യൂണിവേഴ്സിറ്റികളെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ പങ്കുവയ്ക്കുന്നത്, അധികാരത്തിന്റെ കാലുഷ്യം കടന്നുചെല്ലാത്ത സ്വയം ശിക്ഷിതമായ വിജ്ഞാനത്തിന്റെയും അതിരുകളില്ലാത്ത അറിവിൻ അന്വേഷണത്തിന്റെയും പ്രതിഭാ വികാസത്തിന്റെയും ഇടമായിരിക്കണം സർവ്വകലാശാല എന്നാണ്. ആ നിലയിൽ കേരളത്തിലെ സർവ്വകലാശാലകളെ മാറ്റിയെടുക്കാനുള്ള വലിയ ഇടപെടലാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. രാജ്യത്തെ പൗരാണിക സർവ്വകലാശാലകളുടെ വലിയ പാരമ്പര്യം നമുക്കുണ്ട്. നളന്ദയും തക്ഷശിലയുമെല്ലാം നമുക്ക് വൈജ്ഞാനിക കേന്ദ്രങ്ങളായുണ്ടായിരുന്നു. ഗുപ്ത സാമ്രാജ്യം ഭരിച്ചിരുന്ന കാലഘട്ടത്തിലായിരുന്നു നളന്ദ സർവ്വകലാശാല സ്ഥാപിച്ചതെന്ന് നമുക്കറിയാം. അവർ ആ യൂണിവേഴ്സിറ്റിയുടെ സ്വതന്ത്രമായ സ്വഭാവത്തെ നിലനിർത്താൻ ഇടപെട്ടത് ചരിത്രത്തിന്റെ ഭാഗമായി നാം പഠിച്ചതാണ്. ആധുനിക കാലത്ത് സർവ്വകലാശാലയെന്ന സങ്കല്പം മനോഹരമായി പങ്കുവച്ചത് സ്വാതന്ത്ര്യസമര സേനാനിയും നമ്മുടെയെല്ലാം പ്രിയപ്പെട്ട കവിയുമായ രബീന്ദ്രനാഥ ടാഗോറായിരുന്നു. വിശ്വഭാരതി സർവ്വകലാശാലയെന്ന സങ്കൽപ്പം അദ്ദേഹം മുന്നോട്ടുവച്ചു. സാഹിത്യവും കലയും സംഗീതവും നാടകവുമെല്ലാം പരന്നൊഴുകുന്ന വിശാലമായൊരു സാംസ്കാരിക ചർച്ചകൊണ്ട് പ്രബുദ്ധമായിരിക്കണം തന്റെ സർവ്വകലാശാലയെന്ന ടാഗോറിന്റെ സങ്കൽപ്പത്തിനനുസരിച്ചാണ് വിശ്വഭാരതി സർവ്വകലാശാല സൃഷ്ടിച്ച് പ്രവർത്തിച്ചതെന്ന് നമുക്കറിയാം. ആ മഹത്തായ പാരമ്പര്യം പിൻപറ്റുന്ന സർവ്വകലാശാലകളുടെ സ്വാതന്ത്ര്യവും

ജനാധിപത്യവും സംരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകേണ്ട കാലഘട്ടം കൂടിയാണിത്. രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയെ കാവിവൽക്കരിക്കാൻ, വാണിജ്യവൽക്കരിക്കാൻ ഭരണകൂടം നേതൃത്വം കൊടുത്തു കൊണ്ടിരിക്കുന്നൊരു ഘട്ടമാണിതെന്നത് മനസ്സിലാക്കിയായിരിക്കണം ഈ ബില്ലിനെയും അതിന്റെ ഉള്ളടക്കത്തെയും കുറിച്ച് സഭ ചർച്ച ചെയ്യേണ്ടത്. ജെ.എൻ.യു.-വിലും എച്ച്.സി.യു.-വിലും സംഘ്പരിവാറിന്റെ ഇടപെടൽ നാം കണ്ടതാണ്. യൂണിവേഴ്സിറ്റിയെ കാവിവൽക്കരിക്കാൻ നടത്തിയ ഇടപെടലുകളുടെ ഘട്ടത്തിൽക്കൂടിയാണ് നാം ഈ ഭേദഗതി ബില്ലിനെ ഗൗരവപൂർവ്വം സമീപിക്കുന്നത്. യു.ജി.സി. റെഗുലേഷൻ 2018 പ്രകാരം സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രാഗത്ഭ്യമുള്ളവരായിരിക്കണമെന്ന് മാത്രമാണ് പ്രധാനമായും പറയുന്നത്. യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളുമായി ബന്ധമില്ലാത്തവരായിരിക്കണമെന്നും അതിൽത്തന്നെ ഒരു പ്രതിനിധി യു.ജി.സി. ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന ആളായിരിക്കണമെന്നുമാണ് യു.ജി.സി. മാനദണ്ഡത്തിൽ പറയുന്നത്. ബാക്കിയുള്ള അംഗങ്ങൾ ആരായിരിക്കണമെന്നതും എന്തായിരിക്കണമെന്നതും സംബന്ധിച്ച് യു.ജി.സി. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്നിരിക്കെ അംഗങ്ങളുടെ എണ്ണം മൂന്നിൽനിന്നും അഞ്ചായി ഉയർത്തുന്നത് ഒരിക്കലും റെഗുലേഷന് വിരുദ്ധമല്ലെന്നുമാത്രമല്ല, അത് പ്രസ്തുത കമ്മിറ്റിയെ കൂടുതൽ ജനാധിപത്യവത്കരിക്കുകയാണെന്നും നാം കാണേണ്ടതുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, കഴിഞ്ഞ 65 വർഷമായി ഇങ്ങനെയൊരു നിയമത്തെക്കുറിച്ച് നമ്മൾ ആലോചിച്ചിട്ടുപോലുമില്ല. എന്നാൽ ഇപ്പോൾ ഇത്തരത്തിലൊരു നിയമത്തെക്കുറിച്ച് ആലോചിക്കാൻ നാം നിർബന്ധിതരായതാണ്. ഇന്ത്യയിൽ ബി.ജെ.പി. വിരുദ്ധ ഭരണം നിലനിൽക്കുന്ന സംസ്ഥാനങ്ങളെല്ലാം ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്തിക്കഴിഞ്ഞു. നിലവിൽ മൂന്ന് ആളുകളാണ് സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലുള്ളത്. അതിൽ ഒന്നാമത്തേത് ചാൻസലറുടെ പ്രതിനിധിയും രണ്ടാമത്തേത് യു.ജി.സി.-യുടെ പ്രതിനിധിയും മൂന്നാമത്തേത് സെനറ്റിന്റെ അഥവാ സിൻഡിക്കേറ്റിന്റെ പ്രതിനിധിയുമാണ്. അങ്ങനെ വരുമ്പോൾ തത്വത്തിൽ ചാൻസലർ/യു.ജി.സി. പ്രതിനിധികൾ നിലവിൽ ബി.ജെ.പി.-ക്കാർ തന്നെയായിരിക്കുമെന്നതിൽ തർക്കമില്ലല്ലോ. അവരുടെ നിർദ്ദേശാനുസരണം വരുന്ന കാൻഡിഡേറ്റ്സ്, സെനറ്റ് നോമിനേറ്റ് ചെയ്യുന്ന ഒരു പ്രതിനിധി എന്നിവരുൾപ്പെടെ മൂന്ന് ആളുകളുടെ പേരാണ് ഗവർണറുടെ മുമ്പിൽ എത്തുക. നമ്മുടെ അനുഭവത്തിൽത്തന്നെ അതുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ സ്ഥാനത്തേയ്ക്ക് ഒരു തികഞ്ഞ ആർ.എസ്.എസ്.-കാരനെ കൊണ്ടുവരാനായി നടത്തിയ ശ്രമം ശക്തമായ

ഇടപെടലുകളിലൂടെയാണ് പരാജയപ്പെടുത്തിയത്. എന്നാൽ എല്ലാ സമയത്തും അങ്ങനെ നടന്നുകൊള്ളണമെന്നില്ല. കേരളത്തിൽ ബി.ജെ.പി.-ക്ക് ഭരണം കിട്ടില്ലെന്ന കാര്യം ഉറപ്പാണ്. എന്നാൽ എല്ലാ സർവ്വകലാശാലകളുടെയും തലപ്പത്ത് ആർ.എസ്.എസ്-കാരെ അവരോധിക്കുന്നതിന് നിലവിലുള്ള നിയമപ്രകാരം സാധിക്കും. ഇപ്പോഴത്തെ ഭേദഗതിയിലൂടെ പ്രസ്തുത കമ്മിറ്റിയിലെ അംഗസംഖ്യ മൂന്നിന് പകരം അഞ്ചാക്കി ഉയർത്തുകയാണ്. സെനറ്റിന്റെ/സിൻഡിക്കേറ്റിന്റെ ഒരു പ്രതിനിധി, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാൻ എന്നിവരായിരിക്കും ആ മൂന്നുപേർ. അതായത് ഇതിൽ രണ്ടുപേർ ഗവൺമെന്റ് വക്താക്കളും ഒരാൾ സിൻഡിക്കേറ്റ് പ്രതിനിധിയും ബാക്കി രണ്ടുപേർ ചാൻസലറുടെയും യു.ജി.സി.-യുടെയും പ്രതിനിധികളുമായിരിക്കും. പ്രസ്തുത അംഗങ്ങൾ ഉൾപ്പെട്ട സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലെ ഭൂരിപക്ഷം അംഗങ്ങൾ നിർദ്ദേശിക്കുന്ന മൂന്നുപേർ അടങ്ങിയ പാനലിൽനിന്നും ഒരാളാണ് യഥാർത്ഥത്തിൽ വൈസ് ചാൻസലറായി വരുന്നത്. ഇങ്ങനെ ചെയ്തില്ലെങ്കിൽ വലിയ ബുദ്ധിമുട്ടാകുമെന്ന് സാന്ദർഭികമായി സൂചിപ്പിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ വന്ന എതിർപ്പും അതുതന്നെയാണ്. കേന്ദ്രത്തിൽ ബി.ജെ.പി. അവരുടെ സൗകര്യംപോലെ ചെയ്യുന്നു, ഇവിടെ നിങ്ങളും നിങ്ങളുടെ സൗകര്യംപോലെ ചെയ്യുന്നു, യൂണിവേഴ്സിറ്റി അനാഥമാക്കപ്പെടുന്നു. അതുതന്നയാണ് പ്രശ്നം. ബി.ജെ.പി.-ക്കാർ കേന്ദ്രസർവ്വകലാശാലകളിലും മറ്റും അവരുടെ ആളുകളെ കുത്തിത്തിരുകാനായി അവരുടെ പുതിയ യൂണിവേഴ്സിറ്റി റെഗുലേഷനനുസരിച്ച് ശ്രമിക്കുന്നു.

ശ്രീ. എം. വിജിൻ: സർ, കമ്മ്യൂണിസ്റ്റ് വിരുദ്ധത നിലനിർത്തിക്കൊണ്ട് യൂണിവേഴ്സിറ്റിയുടെ തലപ്പത്ത് ബി.ജെ.പി. വന്നാലും തർക്കമില്ലെന്നൊരു വാദം മുൻപ്രതിപക്ഷ നേതാവിന്റെ സംസാരത്തിലുണ്ടോയെന്ന് തോന്നിപ്പോകുകയാണ്. ഡോ. കെ. ടി. ജലീൽ ബില്ലിൽ നിർദ്ദേശിക്കപ്പെട്ട അഞ്ച് ആളുകളെ സംബന്ധിച്ച കാര്യങ്ങൾ സൂചിപ്പിച്ചുകഴിഞ്ഞു. പ്രസ്തുത ബില്ലിൽ എവിടെയും ചാൻസലറുടെ വിവേചനാധികാരം കുറയുന്നതായോ എടുത്തുകളയുന്നതായോ പറയുന്നില്ല. എന്നാൽ പ്രതിപക്ഷവും ചില മാധ്യമങ്ങളുംകൂടി അത്തരത്തിലാണ് പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത്. എന്തിനെയും എതിർക്കുകയെന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബിൽ അവതരിപ്പിച്ചുകൊണ്ടുള്ള ചർച്ചയുടെ തുടക്കത്തിൽ ജസ്റ്റിസ് മദൻ മോഹൻ പുഞ്ചി കമ്മീഷൻ റിപ്പോർട്ട് നാം വളരെ ഗൗരവത്തോടെ ചർച്ച ചെയ്തതാണ്. 2007-ൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ബന്ധങ്ങൾ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനായി കോൺഗ്രസ്

നേതൃത്വം കൊടുത്ത യു.പി.എ. ഗവൺമെന്റ് നിയോഗിച്ച പുഞ്ചി കമ്മീഷൻ 2010-ൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അതിൽ കേന്ദ്ര-സംസ്ഥാന ബന്ധം വഷളാകുന്നതിന്റെ പ്രധാന കാരണമായി പറഞ്ഞത് ഗവർണറും ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകളും വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന തർക്കങ്ങളാണെന്നാണ്. ഇത്തരം നിരവധി പ്രശ്നങ്ങൾ നമ്മുടെ രാജ്യത്തുണ്ടായിട്ടുണ്ടെന്നാണ് ഈ റിപ്പോർട്ടിലൂടെ നമുക്ക് കാണാൻ സാധിക്കുന്നത്. പ്രശസ്ത ഭരണഘടന വിദഗ്ദ്ധൻ ദുർഗാ ദാസ് ബസുവിന്റെ അഭിപ്രായം വളരെ പ്രസക്തമാണെന്ന് തോന്നുന്നു. 'സംസ്ഥാന നിയമസഭ ചാൻസലറുടെ അധികാരങ്ങൾ ഗവർണറിൽ നിക്ഷിപ്തമാക്കുന്നത് അദ്ദേഹത്തിന്റെ സ്വഭാവശുദ്ധി നോക്കിയല്ല, മറിച്ച് ഗവർണർ സംസ്ഥാനത്തിന്റെ അധിപനായതുകൊണ്ടാണ്, അതുകൊണ്ടുതന്നെ ഗവർണർ മന്ത്രിസഭയുടെ ഉപദേശങ്ങൾ പരിഗണിച്ചുകൊണ്ട് പ്രവർത്തിക്കാൻ ബാധ്യസ്ഥനാണ് ' എന്ന അദ്ദേഹത്തിന്റെ അഭിപ്രായം ഈ ബില്ലിന്റെ ഭാഗമായി പ്രാധാന്യത്തോടെ ചേർത്തുവയ്ക്കേണ്ടതുണ്ട്. ഗവർണർമാരും ഗവൺമെന്റും തമ്മിലുണ്ടാകുന്ന വൈസ് ചാൻസലർ നിയമനങ്ങളിലെ തർക്കങ്ങളിൽ ബഹുമാനപ്പെട്ട കോടതിയും ഇടപെട്ടിട്ടുണ്ട്.

മി. ചെയർമാൻ: ശ്രീ. എം. വിജിൻ, പ്രസംഗം ചുരുക്കണം.

ശ്രീ. എം. വിജിൻ: സർ, അവസാനിപ്പിക്കാം. 2013-ൽ ബീഹാറിലെ മുൻഗവർണറായിരുന്ന ദേവാനന്ദ കോൺവാർ (Devanand Konwar) നിയമിച്ച 10 വൈസ് ചാൻസലർമാരുടെയും 8 പ്രോ-വൈസ് ചാൻസലർമാരുടെയും നിയമനം റദ്ദാക്കിക്കൊണ്ട് ജസ്റ്റിസ് ഗൺപത് സിംഗ്‌വി അദ്ധ്യക്ഷനായ ബഞ്ച് പുറപ്പെടുവിച്ച വിധിയിലെ ഏറ്റവും പ്രസക്തമായ ഭാഗം 'സംസ്ഥാന സർക്കാരുമായി മുൻകൂർ ആലോചന നടത്തിവേണം വൈസ് ചാൻസലർ നിയമനങ്ങൾ നടത്താനെന്ന വ്യവസ്ഥയുടെ ലംഘനം ' എന്നതാണ്. അക്കാര്യം ചൂണ്ടിക്കാണിച്ചാണ് പ്രസ്തുത നിയമനങ്ങളെ ബഹുമാനപ്പെട്ട ജസ്റ്റിസ് ഗൺപത് സിംഗ്‌വി ഉൾപ്പെട്ട ബഞ്ച് റദ്ദാക്കിയതെന്നതും പ്രധാനപ്പെട്ടതാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും സമാനമായ പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. തമിഴ്നാട്ടിൽ 2022 ഏപ്രിലിലാണ് 13 സ്റ്റേറ്റ് യൂണിവേഴ്സിറ്റികളുടെ വൈസ് ചാൻസലർ നിയമനം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് നിയമം പാസ്സാക്കിയത്. തെലങ്കാന സംസ്ഥാനവും സമാനമായ നിയമം നേരത്തേ പാസ്സാക്കുകയുണ്ടായി. ബംഗാളിലും ഗുജറാത്തിലും സമാന സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇവിടെ പ്രതിപക്ഷം എല്ലാത്തിനെയും എതിർക്കുകയാണ്. കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാനിൽ പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച സമീപനമെന്താണ്? സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ പ്രവർത്തിക്കുന്ന 28 സർവ്വകലാശാലകളിൽ വൈസ്

ചാൻസലർമാരെ നിയമിക്കാനുള്ള അധികാരം മുഖ്യമന്ത്രിക്ക് കൊടുക്കുകയാണ് ചെയ്തത്. എന്നാൽ സെർച്ച് കമ്മിറ്റി രൂപീകരിച്ച് ഈ പ്രക്രിയ കൂടുതൽ ജനാധിപത്യവത്കരിക്കുകയാണ് ഞങ്ങൾ ചെയ്തത്. വൈസ് ചാൻസലറെ ഗവർണർക്ക് നിയമിക്കാം, പക്ഷേ അത് സർക്കാർ പറയുന്ന ആളായിരിക്കണമെന്നാണ് 2021-ൽ മഹാരാഷ്ട്രയിൽ കോൺഗ്രസ് പങ്കാളിത്തമുള്ള സർക്കാർ തീരുമാനിച്ചത്. ഇങ്ങനെയെല്ലാം തീരുമാനമെടുത്ത കോൺഗ്രസും അവർ ഉൾപ്പെട്ട പ്രതിപക്ഷവുമാണ് ഇവിടെ വന്ന് ബില്ലിനെ എതിർക്കുന്നതെന്നത് വിരോധാഭാസമാണ്. സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ള സർവ്വകലാശാലകളിൽ വൈസ് ചാൻസലർമാരെ നിയമിക്കാനുള്ള അധികാരം ഗവർണർക്ക് നൽകരുതെന്ന നിർദ്ദേശമാണ് ജസ്റ്റിസ് പൂഞ്ചി കമ്മീഷൻ മുമ്പോട്ടുവച്ചത്. അതുകൊണ്ട് അന്നത്തെ യു.പി.എ. ഗവൺമെന്റ് ഇതുമായി ബന്ധപ്പെട്ട അഭിപ്രായം ആരാഞ്ഞുകൊണ്ട് സംസ്ഥാനങ്ങൾക്ക് കത്തയയ്ക്കുകയുണ്ടായി. ഇക്കാര്യം ഞാൻ നേരത്തേതന്നെ സൂചിപ്പിച്ചതാണ്. 26-8-2015-ൽ ഉമ്മൻ ചാണ്ടി സർക്കാർ അതിനുകൊടുത്ത മറുപടി, 'ചില സന്ദർഭങ്ങളിൽ സർക്കാരും ഗവർണറും തമ്മിൽ വൈസ് ചാൻസലർ തസ്തിക പോലെയുള്ളവയിലെ നിയമനം സംബന്ധിച്ച് ഉരസലിനിടയാകാറുണ്ട്. ഗവർണർ പദവിയെ പൊതുവായ വിമർശനങ്ങളിൽനിന്നും ഒഴിവാക്കാൻ ഇതിലൂടെ കഴിയുമെന്നതിനാൽ ശിപാർശ അംഗീകരിക്കുന്നു' എന്നാണ്. ഏത് ശിപാർശയാണ് കോൺഗ്രസ് സർക്കാർ അംഗീകരിച്ചത്? സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ള സർവ്വകലാശാലകളിൽ വൈസ് ചാൻസലർമാരെ നിയമിക്കാനുള്ള അധികാരം ഗവർണറിൽ നിക്ഷിപ്തമാക്കേണ്ടതില്ലെന്ന പൂഞ്ചി കമ്മീഷൻ ശിപാർശ അംഗീകരിച്ച പ്രതിപക്ഷമാണ് ഇതിനെ എതിർക്കുന്നതെന്നതിനാൽ ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ വിരോധാഭാസമാണെന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ 19 സംസ്ഥാനങ്ങൾ പ്രസ്തുത ശിപാർശ അംഗീകരിച്ചുവെന്നത് നാം കാണേണ്ടതുണ്ട്.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗം പ്രസംഗം ചുരുക്കണം.

<u>ശ്രീ. എം. വിജിൻ</u>: സർ, ഒരു മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാരുടെ നിയമനത്തിൽ ഇടതുപക്ഷത്തെ കുറ്റപ്പെടുത്തിക്കൊണ്ട് പ്രതിപക്ഷനിരയിൽനിന്നും ചില അംഗങ്ങൾ സംസാരിച്ചു. ആരാണ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ തകർത്തത്; കമ്മ്യൂണിസ്റ്റ് സർക്കാർ അധികാരത്തിലിരുന്നപ്പോൾ നിയമിച്ച വൈസ് ചാൻസലർമാർ ആരൊക്കെയായിരുന്നു? പ്രതിപക്ഷ നിരയിൽനിന്ന് സംസാരിച്ചപ്പോൾ ജോസഫ്

മുണ്ടശ്ശേരി മാഷിന്റെ കാലത്തേത് രാഷ്ട്രീയ നിയമനങ്ങളായിരുന്നെന്ന നിലയിലുള്ള വിമർശനങ്ങൾ ഉന്നയിക്കുകയുണ്ടായി. 1957-ൽ ജോസഫ് മുണ്ടശ്ശേരിയുടെ നേതൃത്വത്തിൽ ഇ.എം.എസ്. മന്ത്രിസഭ സർവ്വകലാശാല ഭേദഗതി ബിൽ കൊണ്ടുവന്ന് കേരള സർവ്വകലാശാല വൈസ് ചാൻസലറാക്കിയത് ഡോ. ജോൺ മത്തായിയെയായിരുന്നു. അദ്ദേഹം ജവഹർലാൽ നെഹ്റു പ്രധാന മന്ത്രിയായിരിക്കെ അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ ധനകാര്യ/റെയിൽവെ വകുപ്പുമന്ത്രിയായിരുന്നു. അദ്ദേഹത്തെ വൈസ് ചാൻസലറാക്കിയത് രാഷ്ട്രീയം നോക്കിയല്ല, അക്കാദമിക് ക്വാളിഫിക്കേഷൻ നോക്കിയാണ്. കേരള സർവ്വകലാശാലയുടെ വൈസ് ചാൻസലറാകുന്നതിനുമുമ്പ് അദ്ദേഹം മുംബൈ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായിരുന്നു. കേരള ചരിത്രത്തിൽ ഇടതുപക്ഷം ഭരിച്ചപ്പോഴാണ് അക്കാദമിക് ക്വാളിഫിക്കേഷൻ അടിസ്ഥാനപ്പെടുത്തി നിയമനങ്ങൾ നടത്തിയത്. യു. ആർ. അനന്തമൂർത്തി, ഡോ. രാജൻ ഗുരുക്കൾ, ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. കെ. എൻ. പണിക്കർ തുടങ്ങി രാജ്യാന്തര പ്രസക്തിയുള്ള വിദ്യാഭ്യാസ വിചക്ഷണരെ കേരളത്തിലെ സർവ്വകലാശാലകളിൽ വൈസ് ചാൻസലറാക്കിയ പാരമ്പര്യം ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് സർക്കാരിനുണ്ട്. കോൺഗ്രസിന്റെ പാരമ്പര്യം എന്താണ്? നിങ്ങൾ സർവ്വകലാശാല പ്രൊഫസറല്ലായിരുന്ന ഡോ. മുഹമ്മദ് ബഷീറിനെ കാലിക്കറ്റ് സർവ്വകലാശാലയിൽ വൈസ് ചാൻസലറായി നിയമിച്ചില്ലേ? ചില വി.സി.-മാർക്ക് പ്രൊട്ടക്ഷൻ നൽകിയ കരിമ്പൂച്ചകളുടെ ലിസ്റ്റ് ഞങ്ങൾ വിദ്യാർത്ഥി കാലഘട്ടത്തിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. ചാൻസലർക്ക് വൈസ് ചാൻസലറുടെ നിയമനം റദ്ദാക്കേണ്ടിവന്നത് യു.ഡി.എഫ്.ന്റെ ഭരണകാലത്തല്ലേ? കണ്ണൂർ വൈസ് ചാൻസലറായി നിയമിച്ച ഡോ. ഖാദർ മാങ്ങാട് ഡി.സി.സി.-യുടെ സെക്രട്ടറിയും ലോക്സഭയിൽ കൈപ്പത്തി ചിഹ്നത്തിൽ മത്സരിച്ച സ്ഥാനാർത്ഥിയുമായിരുന്നില്ലേ? സ്കൂൾ അദ്ധ്യാപകനെ വൈസ് ചാൻസലറാക്കാൻ ശ്രമിച്ച പാരമ്പര്യമല്ലേ യു.ഡി.എഫ്.-ന്റേത്? അങ്ങനെ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന സമീപനമെടുത്തവരാണ് കോൺഗ്രസ്സുകാർ എന്നുകൂടി കാണണം. വൈസ് ചാൻസലർമാരുടെ നിയമനം ജനാധിപത്യവൽക്കരിക്കുന്നതിൽ നിങ്ങൾക്കും സന്തോഷമാണെന്ന് അറിയാം. പ്രതിപക്ഷമെന്ന് പറഞ്ഞാൽ എല്ലാത്തിനെയും എതിർക്കണമെന്നാണ് നിങ്ങൾ ധരിച്ചുവച്ചിട്ടുള്ളത്. അതുകൊണ്ടാണ് നിങ്ങൾ ഇതിനെ എതിർക്കുന്നത്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസം പുരോഗതിയുടെ കുതിപ്പിലാണ്. ലോകത്തിനുമുന്നിൽ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖല ചരിത്രം സൃഷ്ടിക്കാൻ പോകുന്ന ഘട്ടത്തിലാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതെന്ന പ്രാധാന്യമുണ്ട്. സെർച്ച് കമ്മിറ്റിയെ ജനാധിപത്യവത്കരിക്കുന്ന, അക്കാദമിക് യോഗ്യതയുള്ള ആളുകളെ ഉൾപ്പെടുത്തുന്ന ഈ ബില്ലിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഹൈസ്കൂൾ അധ്യാപകനെ വൈസ് ചാൻസലറാക്കി എന്നുള്ളത് വസ്തുതാവിരുദ്ധമാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് ഒരു ഹൈസ്കൂൾ അദ്ധ്യാപകനെയും വൈസ് ചാൻസലറാക്കിയിട്ടില്ല. വസ്തുതാവിരുദ്ധമായ കാര്യം പരാമർശിക്കുന്നത് ശരിയല്ല.

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡർ എന്താണെന്ന് പറയൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പശ്ചിമ ബംഗാൾപോലെ ഗവർണറെ ഒരു ചാൻസലർ സ്ഥാനത്തേയ്ക്ക് മാറ്റാനുള്ള ധൈര്യം നിങ്ങൾക്കുണ്ടോ; ഞങ്ങൾ കൂടെ നിൽക്കാം.

മി. ചെയർമാൻ: അതാണോ പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. അൻവർ സാദത്ത് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. രമേശ് ചെന്നിത്തല): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. ഈ ഭേദഗതി നിർദ്ദേശങ്ങളെ ഞാൻ ശക്തമായി എതിർക്കുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ഉന്നതരായ വിദ്യാഭ്യാസ വിദഗ്ദ്ധരെയാണ് വൈസ് ചാൻസലർമാരായി അംഗീകരിച്ചിട്ടുള്ളത്. 1937-ലാണ് തിരുവിതാംകൂർ യൂണിവേഴ്സിറ്റി നിലവിൽ വന്നത്. അന്ന് അതിന്റെ ചാൻസലർ ശ്രീ ചിത്തിര തിരുനാൾ മഹാരാജാവും പ്രോ-ചാൻസലർ റാണി സേതു പാർവ്വതിഭായിയും വൈസ് ചാൻസലർ സർ സി. പി. രാമസ്വാമി അയ്യരുമായിരുന്നു. അന്ന് സർ സി. പി. രാമസ്വാമി അയ്യർ അടക്കമുള്ളവർ ലോക പ്രശസ്തനായ ശാസ്ത്രജ്ഞൻ ആൽബെർട്ട് ഐൻസ്റ്റീനെ കേരള യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായിരിക്കാൻ ക്ഷണിച്ചെങ്കിലും അദ്ദേഹമത് നിരസിക്കുകയാണുണ്ടായത്. അദ്ദേഹത്തെ ക്ഷണിച്ചതിലൂടെ ആ പദവിയുടെ ഔന്നത്യത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്. ശ്രീ. എം. വിജിൻ ചൂണ്ടിക്കാണിച്ചതുപോലെ, 1957-ലെ ഇ.എം.എസ്. സർക്കാരിന്റെ ഭരണകാലത്ത് നെഹ്റു മന്ത്രിസഭയിലെ ആദ്യത്തെ റെയിൽവേ വകുപ്പുമന്ത്രിയും രണ്ടുതവണ ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയുമായ ജോൺ മത്തായി പ്ലാനിംഗ് കമ്മീഷനിൽ നെഹ്റു കൂടുതൽ അധികാരം കൊടുത്തതിന്റെ പേരിലാണ് ആ മന്ത്രിസഭയിൽനിന്ന് രാജിവച്ചത്. മുംബൈ യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലറായിരുന്ന അദ്ദേഹത്തെയാണ് കേരള യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറാക്കിയത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഒരിക്കൽ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്.-ന് വൈസ് ചാൻസലറെ കാണണമെന്ന് തോന്നിയപ്പോൾ അപ്പോയിന്റ്മെന്റെടുത്ത് അദ്ദേഹത്തെ അങ്ങോട്ടുപോയി കാണുകയാണ് ചെയ്തത്. ഇതാണ് കേരളത്തിൽ വൈസ് ചാൻസലർമാർക്കും യൂണിവേഴ്സിറ്റിക്കും നൽകിയ പ്രാധാന്യം. ആ പദവിയുടെ മഹത്വം അതാണ്. കേരള യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർമാർ ആരൊക്കെയായിരുന്നു? സാമുവൽ മത്തായി, യു.ജി.സി. ചെയർമാനായിരുന്ന ഡോ. ജോർജ്ജ് ജേക്കബ്, യു.ആർ. അനന്തമൂർത്തി ഇവരെല്ലാം പ്രഗത്ഭരും സമൂഹം അംഗീകരിക്കുന്നവരുമായിരുന്നു. കേരള യൂണിവേഴ്സിറ്റിയെ സ്പ്ലിറ്റ് ചെയ്തതിലൂടെ പതിനാല് യൂണിവേഴ്സിറ്റികൾ നമുക്കുണ്ട്. പതിമൂന്നിന്റെയും ചാൻസലർ ഗവർണറാണ്. ലാ യൂണിവേഴ്സിറ്റിയിൽ മാത്രമാണ് ചീഫ് ജസ്റ്റിസ് ചാൻസലറായിട്ടിരിക്കുന്നത്. ഇവിടെയെല്ലായിടത്തും പ്രോ-ചാൻസലർമാർ മന്ത്രിമാരായിരിക്കും. ഉന്നത വിദ്യാഭ്യാസ മേഖലയുടെ നിലവാരമുയർത്താൻ അടിയന്തരമായി വേണ്ടത് യൂണിവേഴ്സിറ്റിയുടെ ആട്ടോണമി നിലനിർത്തുക എന്നുള്ളതാണ്. സ്വതന്ത്ര ചിന്തയുടെ ഉറവിടങ്ങളായിരിക്കണം സർവ്വകലാശാലകൾ. റിസർച്ചിനും പഠനത്തിനും അക്കാദമിക് താല്പര്യങ്ങൾക്കുമായിരിക്കണം സർവ്വകലാശാലകൾ മുൻതൂക്കം നൽകേണ്ടത്. എങ്കിൽ മാത്രമേ യൂണിവേഴ്സിറ്റികൾക്ക് പേരും പ്രശസ്തിയും ലോകോത്തര അംഗീകാരവും ലഭിക്കു. അത്തരത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു യൂണിവേഴ്സിറ്റിയെ മാറ്റാൻവേണ്ടിയാണ് നിയമ ഭേദഗതി കൊണ്ടുവന്നിരുന്നതെങ്കിൽ ഞങ്ങൾ ഹൃദയപൂർവ്വം അതിനെ സ്വാഗതം ചെയ്യുമായിരുന്നു. ഈ നിയമസഭ സമ്മേളനം വിളിച്ചുകൂട്ടിയത് കാലഹരണപ്പെട്ട ഓർഡിനൻസുകൾ നിയമമാക്കാനും യൂണിവേഴ്സിറ്റി ചാൻസലറായ ഗവർണറുടെ അധികാരം കവരാനുമാണ്. ലോകായുക്തയുടെ പല്ല് പറിച്ചുകഴിഞ്ഞു. ഇനി ചാൻസലറുടെ അധികാരംകൂടി കുറയ്ക്കാൻ പോകുകയാണ്. നിലവിലെ നിയമങ്ങൾ സർക്കാർ താല്പര്യങ്ങൾക്ക് വിരുദ്ധമാണെങ്കിൽ ആ നിയമംതന്നെ മാറ്റുമെന്നുള്ള ധിക്കാരപരമായ, ജനാധിപത്യ വിരുദ്ധമായ, സമൂഹത്തിന് താങ്ങാനാകാത്ത നിലയിലുള്ള നടപടിയാണ് നിങ്ങൾ സ്വീകരിക്കുന്നത്. ഇത് അധാർമ്മികമാണ്. നിങ്ങളുടെ താല്പര്യങ്ങൾക്കനുസരിച്ച് നിയമം വഴങ്ങുന്നില്ലെങ്കിൽ ആ നിയമം മാറ്റാനുള്ള രാഷ്ട്രീയഔന്നത്യമാണ് നിങ്ങൾ സ്വീകരിക്കുന്നത്. You are setting a very bad precedent in the State of Kerala. ഈ നിയമ ഭേദഗതികൊണ്ട് സർവ്വകലാശാലയ്ക്കും വിദ്യാർത്ഥികൾക്കും അദ്ധ്യാപക സമൂഹത്തിനും പൊതുസമൂഹത്തിനും എന്ത് ഗുണമാണുള്ളത്? അക്കാദമിക് സമൂഹമോ പൊതുസമൂഹമോ കൈനീട്ടി സ്വീകരിക്കാത്ത

നിയമഭേദഗതി കൊണ്ടുവന്ന് സർവ്വകലാശാലകളെ സ്വന്തം കൈപ്പിടിയിലൊതുക്കാനും യൂണിവേഴ്സിറ്റികളെ സർക്കാരിന്റെ ഒരു ഡിപ്പാർട്ടുമെന്റായി അധ:പതിപ്പിക്കാനുമാണ് നിങ്ങൾ ശ്രമിക്കുന്നത്. ഇതിൽ വൈസ് ചാൻസലർമാരുടെ പ്രായം 65 വയസ്സായി ഏകീകരിക്കുന്നതും സെർച്ച് കമ്മിറ്റിയിൽ സിൻഡിക്കേറ്റിന്റെ പ്രതിനിധിയെന്നതും ഞാൻ അംഗീകരിക്കുന്നു. ചിലയിടത്ത് സിൻഡിക്കേറ്റും മറ്റുചിലയിടത്ത് സെനറ്റുമാണ്. അതുകൊണ്ട് ഞാനത് അംഗീകരിക്കുന്നു. ശ്രീ. എം. വിജിൻ ഇത് പൂർണ്ണമായും മനസ്സിലാക്കാതെയാണ് സംസാരിച്ചത്. യു.ജി.സി. റെഗുലേഷൻ 2018 പ്രകാരം വൈസ് ചാൻസലറെ തീരുമാനിക്കാനുള്ള മാനദണ്ഡമുണ്ട്. അതിൽ ഒന്ന്, Professor with 10 years experience. രണ്ട്, Search cum Selection Committee-യിൽ UGC പ്രതിനിധി ഉണ്ടാകണം. മൂന്ന്, ഈ കമ്മിറ്റിയിൽ 3 മുതൽ 5 വരെയുള്ള പേരുകൾ ചാൻസലർക്ക് നൽകണം. കേരള യൂണിവേഴ്സിറ്റി ആക്റ്റിൽ പറയുന്നത് യു.ജി.സി.-യുടെ ഒരു പ്രതിനിധിയും ചാൻസലറുടെ ഒരു പ്രതിനിധിയും യൂണിവേഴ്സിറ്റിയുടെ ഒരു പ്രതിനിധിയും സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിൽ ഉണ്ടാകണമെന്നാണ്. ഇപ്പോൾ കൊണ്ടുവന്ന ഭേദഗതിയിൽ ഇവരെക്കൂടാതെ സർക്കാരിന്റെ പ്രതിനിധി, ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാൻ എന്നീ രണ്ടുപേരെക്കൂടി നോമിനേറ്റ് ചെയ്യുകയാണ്. ഇതോടുകൂടി സെർച്ച് കമ്മിറ്റിയിൽ 5 അംഗങ്ങളുണ്ടാകും. അത് നമുക്ക് മനസ്സിലാക്കാം. പക്ഷേ വിചിത്രമായ നടപടി എന്താണ്? അതാണ് ശ്രീ. എം. വിജിൻ കാണേണ്ടത്. സെർച്ച് കമ്മിറ്റിയിലെ ഭൂരിപക്ഷം അംഗീകരിക്കുന്ന പാനൽ മാത്രമേ ചാൻസലർക്ക് കൊടുക്കാവൂ, പിന്നെ എന്തിനാണ് രണ്ടുപേരെ നോമിനേറ്റ് ചെയ്യുന്നത്? അവർ നോക്കുകുത്തികളായി ഇരിക്കേണ്ട കാര്യമെന്താണ്? അഞ്ചംഗ കമ്മിറ്റിയിൽ ഭൂരിപക്ഷമെടുക്കുന്ന പാനൽ മാത്രമേ ഗവർണർക്ക് കൊടുക്കാവൂ എന്നുവന്നാൽ പിന്നെ മറ്റ് രണ്ടുപേരെ എന്തിനാണ് നോമിനേറ്റ് ചെയ്യുന്നത്? സ്വയംഭരണ സ്ഥാപനമായ യൂണിവേഴ്സിറ്റിയിൽ സർക്കാരിന്റെ ഏറാൻമൂളികളെത്തന്നെ വൈസ് ചാൻസലറാക്കാനുള്ള കുത്സിത നടപടിയാണ് സ്വീകരിക്കുന്നത്. നിങ്ങൾക്ക് ഇഷ്ടമുള്ളവരെ വൈസ് ചാൻസലർമാരാക്കാൻ വേണ്ടിയുള്ള നടപടിയാണ് സ്വീകരിക്കുന്നത്. സർവ്വകലാശാലകളിലൂൾപ്പെടെ ബി.ജെ.പി.-യുടെ ആളുകളെ കുത്തിനിറയ്ക്കുന്നുവെന്ന് ഡോ. കെ. ടി. ജലീൽ പറഞ്ഞു. ഞങ്ങൾ അതിനെതിരാണ്; ഞങ്ങളുടെ ഭരണകാലത്ത് കേന്ദ്രത്തിൽ ഒരിക്കലും അങ്ങനെയുണ്ടായിട്ടില്ല. ആ നടപടി കേരളത്തിൽ സി.പി.ഐ.(എം.) ചെയ്യാൻ പോകുന്നു, അതാണ് ഞങ്ങളുടെ ഒബ്ജക്ഷൻ.

ഡോ. കെ. ടി. ജലീൽ: സർ, ഭൂരിപക്ഷം നിർദ്ദേശിക്കുന്ന മൂന്നുപേരുടെ ലിസ്റ്റ് ഗവർണർക്ക് കൊടുക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നതിൽ ആർ.എസ്.എസ്.-കാരെ

നമ്മുടെ സർവ്വകലാശാലകളുടെ തലപ്പത്തേയ്ക്ക് നാമനിർദ്ദേശം ചെയ്യരുതെന്ന വ്യക്തമായ രാഷ്ട്രീയമുണ്ട്. അതിൽ എന്താണ് തെറ്റ്? നിങ്ങളോ ഞങ്ങളോ ആരും ഭരിച്ചോട്ടെ.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ പറഞ്ഞുവരുന്നത് ഇവിടെ നിങ്ങളുടെയും ബി.ജെ.പി.-യുടെയും ആളുകളെ വയ്ക്കേണ്ട എന്നാണ്. കേന്ദ്ര സർവ്വകലാശാലകളിൽ ബി.ജെ.പി. ചെയ്യുന്ന അതേ പാതകം കേരളത്തിൽ നിങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നു; അതാണ് പ്രശ്നം. അത് ഡോ. കെ. ടി. ജലീൽ മനസ്സിലാക്കണം. യു.ജി.സി.-യുടെ പ്രതിനിധിയും ചാൻസലറുടെ പ്രതിനിധിയും നോക്കുകുത്തിയായി മാറുന്നു. Gambhirdan K Gadhvi vs The State Of Gujarat കേസിന്മേലുള്ള ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-3-2022-ലെ വിധി ഞാൻ വായിക്കാം.

<u>മി. സ്പീക്കർ</u>: സഭയിൽ അംഗങ്ങൾ പരസ്പരം സംസാരിക്കുന്ന ശബ്ദം കൂടിവരുന്നുണ്ട്. അത് നിയന്ത്രിക്കുന്നത് നന്നായിരിക്കും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ ഇവിടെ ക്വാട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നത് സുപ്രീംകോടതി വിധിയാണ്. " Therefore, the members of the Search Committee, who are given the privilege and honour of selecting and suggesting names for the appointment of Vice Chancellor are directly or indirectly responsible for the achievement of the University. Commitment to the quality and the objectives of the universities in particular and higher education system in general, are of course the deciding factors in selecting the right person.

We are sure and we hope and trust that while making afresh appointment of Vice Chancellor in the State and the universities thereunder, the aforesaid aspects shall be kept in mind by the State and the concerned universities" . ഈ വിധിയുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ പോയില്ലെങ്കിൽ നിങ്ങൾ കൊണ്ടുവരുന്ന ഈ നിയമം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വരാന്തയിൽപ്പോലും എത്തുകയില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ നിയമത്തിന് നിയമസാധുതയില്ല; ഭേദഗതിക്ക് നിയമസാധുതയുണ്ടാകില്ല. കാരണം, നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ പവിത്രമായ പാരമ്പര്യമുയർത്തിപ്പിടിക്കുന്ന, അക്കാദമിക് ക്വാളിറ്റി നിലനിർത്താൻ കഴിയുന്ന, മഹാന്മാരായ ആളുകളെ വൈസ് ചാൻസലർമാരായി നിയമിക്കണമെന്ന് പറയുന്ന പുതിയ സുപ്രീംകോടതി വിധി

നിലനിൽക്കുന്ന സാഹചര്യത്തിൽ ഇതിന് നിയമപ്രാബല്യമില്ല. കണ്ണൂർ വൈസ് ചാൻസലറുടെ പുനർനിയമനത്തെക്കുറിച്ച് ഡോ. കെ. ടി. ജലീൽ പറഞ്ഞു. ഗവർണർ അവസാനം ഒപ്പിട്ടത് എന്തുകൊണ്ടാണ്? എന്റെ നാട്ടുകാരനായതുകൊണ്ട് അത് ഒപ്പിട്ടുതരണമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അല്ലാതെ അക്കാദമിക് ക്വാളിഫിക്കേഷന്റെ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ ഒപ്പിടണമെന്നല്ല. എന്റെ നാടാണ് കണ്ണൂർ, അവിടെനിന്നും ഒരാൾ വരുന്നു, അതുകൊണ്ട് ഒപ്പിട്ടുതരണമെന്നാണ് പറഞ്ഞത്. അതാണോ ക്വാളിഫിക്കേഷൻ? സെർച്ച് കമ്മിറ്റിയുടെ പരിപാവനത്വവും മഹത്വവുമാണ് സുപ്രീംകോടതി വിധിയിൽ പറയുന്നത്. അവിടെയാണ് നിങ്ങൾ രാഷ്ട്രീയം കളിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങിത് ശ്രദ്ധിക്കുന്ന ആളാണെന്ന് എനിക്കറിയാം. സെർച്ച് കമ്മിറ്റിയുടെ അംഗങ്ങളാരും സർവ്വകലാശാലയുമായി നേരിട്ട് ബന്ധമുള്ളവരാകാൻ പാടില്ലെന്ന് യു.ജി.സി.-യും കേരള സർവ്വകലാശാല ആക്ടും പറയുന്നുണ്ട്. നിങ്ങളിവിടെ കൊണ്ടുവന്ന ഭേദഗതിയിൽ ആരെയാണ് സെർച്ച് കമ്മിറ്റിയുടെ കൺവീനറാക്കിയത്? Kerala Higher Education Council-ന്റെ വൈസ് ചെയർമാനെയാണ് നിങ്ങൾ കൺവീനറാക്കിയത്. അദ്ദേഹം ഈ യൂണിവേഴ്സിറ്റിയുമായി നേരിട്ട് ബന്ധമുള്ള ആളാണ്. Kerala Higher Education Council Act-ന്റെ ആമുഖം വായിച്ചാൽ മതിയാകും. അതിലുള്ളത്, " WHEREAS, it is expedient to establish a State Higher Education Council as a collective of the Government, Universities, academics, experts and people's representatives….." എന്നാണ്. അവിടെയാണ് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാനെ, യൂണിവേഴ്സിറ്റിയുമായി ബന്ധമുള്ള ഒരാളെ ഇതിന്റെ കൺവീനറാക്കുകയും മെമ്പറാക്കുകയും ചെയ്യുന്നത്. അത് നിയമവിരുദ്ധമാണ്. അതുകൊണ്ടുതന്നെ കോടതിയിൽ വന്നാൽ ഈ നിയമഭേദഗതി നിലനിൽക്കുകയില്ല. ഈ നിയമനിർമ്മാണത്തിലൂടെ നിങ്ങൾ ലക്ഷ്യമിടുന്നത് ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാനെയല്ല. ചാൻസലർ സ്ഥാനം ഒഴിഞ്ഞുകൊള്ളാമെന്ന് അദ്ദേഹംതന്നെ പറഞ്ഞല്ലോ; എന്തുകൊണ്ടാണ് നിങ്ങൾ ഗവർണറെ മാറ്റാത്തതെന്ന് ശ്രീ. എൻ. ഷംസുദ്ദീനും ചോദിച്ചല്ലോ. ഞങ്ങൾക്ക് ഈ ഗവർണറോട് യാതൊരു താല്പര്യവുമില്ല. നിയമസഭയിൽ ഗവർണറെ പിൻവലിക്കണമെന്ന് പ്രമേയം അവതരിപ്പിച്ച മുൻ പ്രതിപക്ഷനേതാവാണ് ഞാൻ. ആ ഗവർണറെ അന്ന് നിങ്ങൾ പിന്തുണച്ചവരാണ്. നിങ്ങൾ ഓരോ ഘട്ടത്തിലും ഗവർണറെ പിന്തുണച്ചിട്ടുള്ളവരാണ്. നിങ്ങളുടെ ഇഷ്ടത്തിനൊത്ത് തുള്ളുമ്പോൾ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ മഹാൻ; നിങ്ങൾക്കെതിരായി നിൽക്കുമ്പോൾ നികൃഷ്ടൻ. ഈ നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നത്. നിങ്ങൾ ഇടയ്ക്കിടയ്ക്ക് ഗവർണറുമായി വിട്ടുവീഴ്ച ചെയ്യും, ഒത്തുചേരും. നിങ്ങൾക്കതിന് ഇടനിലക്കാരുണ്ടാകും.

ആ ഇടനിലക്കാരുടെ compromise നടക്കാതെ പോയതിന് ഞങ്ങളുടെ തലയിൽ കയറിയിട്ട് കാര്യമുണ്ടോ? നിങ്ങൾക്ക് നിഗൂഢമായ രാഷ്ട്രീയ ലക്ഷ്യമുണ്ട്.

ശ്രീ. എം. എം. മണി: സർ, ഒന്ന് വഴങ്ങുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാനൊന്ന് പ്രസംഗം തീർത്തോട്ടെ. നമ്മൾ തമ്മിലൊരു പ്രശ്നവുമില്ല, നമ്മൾ കൂട്ടുകാരാണ്. പുതിയ യു.ജി.സി. റെഗുലേഷൻ വന്നതിനുശേഷം ഒരു നിശ്ചിത റിസർച്ച് സ്കോറുള്ളവരെമാത്രം ഇന്റർവ്യൂവിന് ക്ഷണിക്കാനും അതിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്താനുമാണ് ഉദ്ദേശിക്കുന്നത്. അത് അപകടകരമാണ്. ഇന്റർവ്യൂന് 80 ശതമാനവും റിസർച്ചിന് 20 ശതമാനവും സ്കോറുണ്ടെങ്കിൽ ആരെ വേണമെങ്കിലും നിയമിക്കാമെന്ന വ്യവസ്ഥയാണ് ബി.ജെ.പി. ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത്. കേന്ദ്ര സർവ്വകലാശാലകളിലും മറ്റ് സർവ്വകലാശാലകളിലും യഥേഷ്ടം അവരുടെ ആളുകളെ നിയമിക്കാൻവേണ്ടി കൊണ്ടുവന്ന വ്യവസ്ഥയാണിത്. 2018-ലെ റെഗുലേഷന് മുമ്പ് അക്കാദമിക് മികവിനായിരുന്നു പ്രാധാന്യം നൽകിയിരുന്നത്. അക്കാദമിക് മികവിന് 80 ശതമാനവും ഇന്റർവ്യൂവിന് 20 ശതമാനവുമായിരുന്നു. എന്നാലിപ്പോൾ നേരെതിരിച്ചാണ്. ഇതിന്റെ ഫലമായി വി.സി.-മാർക്ക് ഇഷ്ടമുള്ള ആരെവേണമെങ്കിലും സർവ്വകലാശാലകളിൽ യഥേഷ്ടം നിയമിക്കാമെന്ന സ്ഥിതി വന്നിരിക്കുകയാണ്. യോഗ്യതയൊന്നും ഒരു പ്രശ്നമേയല്ല. അമിത സ്വാധീനമുപയോഗിച്ച് വി.സി.-ക്ക് സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നത് മുതൽ ആരെയും നിയമിക്കുകയും ചെയ്യാമെന്നുള്ള നിലയിൽ കാര്യങ്ങൾ വന്നിരിക്കുന്നു. അതിനുദാഹരണമാണ് ശ്രീമതി പ്രിയ വർഗ്ഗീസിന്റെ നിയമനം. യോഗ്യതയും അക്കാദമിക് മെരിറ്റുമൊന്നുമില്ല. കേരള യൂണിവേഴ്സിറ്റിയിൽ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനവുമായി ബന്ധപ്പെട്ട് വിവാദമുണ്ടായപ്പോൾ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് മുഴുവൻ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടാനുള്ള ധീരമായ തീരുമാനമെടുക്കുകയുണ്ടായി. സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിടാൻ തയ്യാറുണ്ടോയെന്നാണ് എനിക്ക് മന്ത്രിയോട് ചോദിക്കാനുള്ളത്. ഉണ്ടെങ്കിൽ അതായിരിക്കും ഉചിതമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. യൂണിവേഴ്സിറ്റികളെ രാഷ്ട്രീയവത്കരിക്കുന്നുവെന്ന് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഞങ്ങൾ പറഞ്ഞതാണ്. യൂണിവേഴ്സിറ്റികളിൽ രാഷ്ട്രീയമല്ലാതെ മറ്റൊന്നുമില്ല. അക്കാദമിക് ബോഡികളിൽ വരേണ്ട ആളുകൾ, പ്രഗത്ഭരായ അദ്ധ്യാപകർ, കഴിവുള്ള റിസർച്ച് സ്കോളേഴ്സ് ഇവർക്കൊന്നും യാതൊരു സ്ഥാനവുമില്ലാതായിരിക്കുന്നു. ഞാൻ അരാഷ്ട്രീയം പറയുന്നതല്ല. പക്ഷേ ക്വാളിറ്റി, മെറിറ്റ്, അക്കാദമിക മികവ് എന്നിവയ്ക്ക്

പ്രാധാന്യമുണ്ടാകണം. ഭാവിതലമുറയെ സൃഷ്ടിക്കുന്ന യൂണിവേഴ്സിറ്റികളിൽ ഒന്നിനും കൊള്ളാത്തവരെ നിയമിക്കുമ്പോൾ അതിന്റെ മഹത്വമാണ് നഷ്ടപ്പെടുന്നത്. കഴിഞ്ഞ വർഷം നടത്തിയ പരീക്ഷയുടെ ചോദ്യപേപ്പർ ഈ വർഷവും നൽകുകയാണ്. എന്ത് മികവാണുള്ളത്? പരീക്ഷകൾ കൃത്യമായി നടക്കുന്നില്ല, സർട്ടിഫിക്കറ്റുകൾ കൃത്യമായി നൽകുന്നില്ല, പഠനം നടക്കുന്നില്ല, കരിക്കുലം പരിഷ്കരിക്കുന്നില്ല, മികച്ച അദ്ധ്യാപകരെയും മികച്ച ഗൈഡുകളെയും ലഭിക്കുന്നില്ല എന്നിങ്ങനെ സർവ്വകലാശാലകൾ കുത്തഴിഞ്ഞതായി മാറുമ്പോൾ അതിനെതിരെ പ്രതികരിച്ചാൽ രാഷ്ട്രീയമാണെന്ന് പറയേണ്ട കാര്യമുണ്ടോ? ബഹുമാനപ്പെട്ട ഗവർണറുമായി ഞങ്ങൾക്ക് പലകാര്യങ്ങളിലും അഭിപ്രായവ്യത്യാസമുണ്ട്. നിങ്ങൾ രാഷ്ട്രീയം കളിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞപ്പോൾ എന്തുകൊണ്ട് നിങ്ങൾ മറുപടി പറഞ്ഞില്ല. ബന്ധുനിയമനങ്ങളെ സംബന്ധിച്ച വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ആരെയും വ്യക്തിപരമായി അധിക്ഷേപിക്കാൻ എനിക്ക് താല്പര്യമില്ല. സർവ്വകലാശാലകളിൽ ബന്ധുനിയമനങ്ങൾ നടന്നുകൊണ്ടിരിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. ലക്ഷക്കണക്കിന് ചെറുപ്പക്കാർക്ക് തൊഴിലില്ലാതിരിക്കുമ്പോൾ നേതാക്കളുടെ ബന്ധുക്കൾക്കുമാത്രം തൊഴിൽ നൽകുന്നതിനെതിരെ ഉണ്ടായിട്ടുള്ള വികാരം ശക്തമാണ്. അത് ശരിയായ നടപടിയാണോയെന്ന് നിങ്ങൾ പരിശോധിക്കേണ്ടതാണ്. സി.പി.ഐ.(എം.)- കാരല്ലാത്തവർക്ക് സർവ്വകലാശാലകളിൽ നിയമനം ലഭിക്കാത്ത അവസ്ഥ വരുന്നത് സർവ്വകലാശാലകളിലെ ഓട്ടോണമിക്കും സ്വതന്ത്ര സ്വഭാവത്തിനും സ്വയംഭരണാവകാശത്തിനും ഗുണകരമാണോയെന്ന് നിങ്ങൾ ആലോചിക്കണം.

'വണ്ടേ നീയോ തുലയുന്നു

വിളക്കും നീ കെടുത്തുന്നു'

എന്ന നിലയിലാണ് നിങ്ങളുടെ പ്രവർത്തനങ്ങൾ പോകുന്നത്. യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട ഒരു ഫയലിലും ഇനി ഒപ്പിടില്ലെന്ന് 2021 ഡിസംബറിൽ ഗവർണർ പറഞ്ഞു. അമിതമായ രാഷ്ട്രീയവത്കരണമാണ് കാരണം. ചാൻസലർ സ്ഥാനത്തുനിന്ന് ഒഴിവാക്കാൻ അദ്ദേഹം പറഞ്ഞു. കണ്ണൂർ വി.സി.-യുടെ നിയമനവുമായി ബന്ധപ്പെട്ട് അത്തരത്തിലൊരു കത്ത് നൽകാൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അധികാരമില്ലെന്ന കാര്യം ഞാൻ ആവർത്തിക്കുകയാണ്. കലാമണ്ഡലം വി.സി. ഗവണർക്കെതിരെ കേസ് കൊടുത്തു. ഓപ്പൺ യൂണിവേഴ്സിറ്റികളിൽ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യാത്തതിനെ ഗവർണർ എതിർത്തു. സംസ്കൃത യൂണിവേഴ്സിറ്റിയിലെ വി.സി. നിയമനത്തിന് പാനൽ നൽകാതെ ഒരു പേര് മാത്രമാണ് ചാൻസലർക്ക് നൽകിയത്. നിങ്ങൾ ഇടയ്ക്കിടയ്ക്ക്

ഗവർണറുമായി ഒത്തുതീർപ്പിലെത്തും. കഴിഞ്ഞ പ്രാവശ്യം ഒത്തുതീർപ്പിലെത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മൂന്ന് കത്തുകൾ അയച്ചുവെന്നാണ് പറഞ്ഞത്. ചട്ടവിരുദ്ധമായി ഇനിയൊന്നും ചെയ്യില്ലെന്ന് മുഖ്യമന്ത്രി ഉറപ്പുനൽകിയതിനാൽ ഒപ്പിടാമെന്ന് പറഞ്ഞാണ് അന്ന് ഗവർണർ ഒപ്പിട്ടത്. എന്നാൽ ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടങ്ങളും നിയമങ്ങളും മാറ്റുകയാണ്. കാര്യങ്ങൾ എത്ര മനോഹരമായിരിക്കുന്നു!—ചട്ടവിരുദ്ധമായി ഒന്നും ചെയ്യില്ലെന്ന് നിങ്ങൾ ഗവർണർക്ക് ഉറപ്പുകൊടുത്തതാണ്. അത് പാലിക്കാനാണോ ഈ നിയമഭേദഗതിയും ചട്ടഭേദഗതിയും കൊണ്ടുവന്നിരിക്കുന്നത്? ഇത് ഗവർണറുടെ അധികാരം കുറയ്ക്കാനാണ്. ഇക്കാര്യം നിയമ വകുപ്പിലേയ്ക്ക് പോയപ്പോഴാണ് ഗവർണർ അറിയുന്നത്. ഗവർണറുമായി കൂടുതൽ സൗഹൃദം പുലർത്തിയിരുന്നത് നിങ്ങളായിരുന്നു. നിങ്ങൾ ചക്കരയും പീരയുമായിരുന്നു. ഗവർണറെ സംരക്ഷിച്ചത് നിങ്ങളായിരുന്നു. എന്നാൽ ഇപ്പോൾ നിങ്ങളുടെ ഇംഗിതത്തിന് വഴങ്ങാതെ വന്നപ്പോൾ അദ്ദേഹത്തിനെതിരായി നിങ്ങൾ നീങ്ങുന്നു, സർക്കാരിനെ അട്ടിമറിക്കാനാണെന്ന് പറയുന്നു. ഞങ്ങൾ ഗവർണർക്കെതിരായി പറഞ്ഞപ്പോൾ നിങ്ങൾ അദ്ദേഹത്തെ സംരക്ഷിക്കുകയാണ് ചെയ്തത്. എന്നാൽ ഇപ്പോൾ നിങ്ങൾ ഗവർണർക്കെതിരായി നീങ്ങുന്നത് ഞങ്ങളും കേരളീയ സമൂഹവും കണ്ടുകൊണ്ടിരിക്കുകയാണ്. സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തെയും ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവിയെയും തകർക്കുന്ന ഈ ഭേദഗതിയെ ഞാൻ ശക്തമായി എതിർക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഈ ഭേദഗതി നിയമവിരുദ്ധമാണെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ അഭിപ്രായപ്പെട്ടത്. അവരുടെ അറിവിലേയ്ക്കായി ഇതുമായി ബന്ധപ്പെട്ട യു.ജി.സി. റെഗുലേഷൻ 2018-ൽ വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇവിടെ അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മുൻപ്രതിപക്ഷ നേതാവുൾപ്പെടെയുള്ളവർ ഇതൊന്ന് കേട്ടാൽ നന്നായിരുന്നു.

A person possessing the highest level of competence, integrity, morals and institutional commitment is to be appointed as Vice-Chancellor. The person to be appointed as a Vice-Chancellor should be a distinguished academician, with a minimum of ten years' of experience as Professor in a University or ten years' of experience in a reputed research and/ or academic administrative organization with proof of having demonstrated academic leadership.

The selection for the post of Vice-Chancellor should be through proper identification by a Panel of 3-5 persons by a Search-cum-Selection-Committee, through a public notification or nomination or a talent search process or a combination thereof. The members of such Search-cum-Selection Committee shall be persons' of eminence in the sphere of higher education and shall not be connected in any manner with the University concerned or its colleges. While preparing the panel, the Search -cum-Selection Committee shall give proper weightage to the academic excellence, exposure to the higher education system in the country and abroad, and adequate experience in academic and administrative governance, to be given in writing along with the panel to be submitted to the Visitor/Chancellor. One member of the Search- cum-Selection Committee shall be nominated by the Chairman, University Grants Commission, for selection of Vice -Chancellors of State, Private and Deemed to be Universities.

സമയപരിമിതിയുണ്ടെങ്കിലും ഇത് പൂർണ്ണമായും വായിച്ചത്, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവുൾപ്പെടെ ഇവിടെ സംസാരിച്ച മൂന്ന് പ്രതിപക്ഷാംഗങ്ങളും ഇത് വായിച്ചിട്ടില്ലെന്ന് മനസ്സിലായതുകൊണ്ടാണ്. കാരണം, ഇവിടെ അവതരിപ്പിക്കപ്പെട്ട നിയമ ഭേദഗതി ഇതിന്റെ പരിധിക്കകത്ത് നിൽക്കുന്ന ഒന്നുതന്നെയാണ്. യാതൊരുവിധത്തിലുള്ള ഡീവിയേഷനും ഇക്കാര്യത്തിൽ സംഭവിച്ചിട്ടില്ലെന്നാണ് എനിക്ക് ആമുഖമായി സൂചിപ്പിക്കാനുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാന്യയായ മന്ത്രി സൂചിപ്പിച്ച 2018-ലെ ഓർഡർ എന്റെ കൈവശവുമുണ്ട്. അതിനകത്ത് ഭൂരിപക്ഷാടിസ്ഥാനത്തിൽ പാനൽ കൊടുക്കണമെന്ന് എവിടെയാണ് പറഞ്ഞിരിക്കുന്നത്? അഞ്ചുപേരുടെ കമ്മിറ്റി രൂപീകരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്.

ഡോ. ആർ. ബിന്ദു: സർ, ഭൂരിപക്ഷാടിസ്ഥാനത്തിൽ വയ്ക്കണോ വേണ്ടയോ എന്നതിനെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല. ഏകാഭിപ്രായത്തിൽ വേണമെന്നോ ഓരോരുത്തരും ഓരോരുത്തരെ വീതം നോമിനേറ്റ് ചെയ്യണമെന്നോ ഭൂരിപക്ഷ അഭിപ്രായപ്രകാരം വേണമെന്നോ ഒന്നുംതന്നെ സൂചിപ്പിച്ചിട്ടില്ല. ആകെ പറഞ്ഞിട്ടുള്ളത്, യു.ജി.സി.-യുടെ ഒരു നോമിനി അതിൽ ഉണ്ടായിരിക്കണമെന്ന് മാത്രമാണ്. ഇവിടെ സംസാരിച്ച പ്രതിപക്ഷാംഗങ്ങളിൽ ഒരാൾ കോളേജ് അധ്യാപകനും മറ്റൊരാൾ സർവ്വകലാശാല സിൻഡിക്കേറ്റ് അംഗമായിരുന്ന

ആളുമാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്ഥാപിത താല്പര്യത്തോടുകൂടിയുള്ള ഇടപെടൽ നടത്തുന്നു, ഉന്നത വിദ്യാഭ്യാസ മേഖലയുടെ മൂല്യച്യുതിയാണ് എന്നൊക്കെ അവർ പറയുമ്പോൾ അവർ മുസ്ലീം ലീഗിന്റെ ഭരണകാലമാണോ ഓർക്കുന്നത് എന്ന് ഞാൻ സംശയിക്കുകയാണ്. ലീഗിന്റെ ഭരണകാലത്ത് ഉന്നതവിദ്യാഭ്യാസ/പൊതുവിദ്യാഭ്യാസ മേഖലകളിലുണ്ടായ ഒരുപാട് തമാശകൾ ഈ സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും അറിയാവുന്നതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. (.....ബഹളം.....) അത് പിന്നീട് പറയുന്നുണ്ട്. രണ്ട് അംഗങ്ങൾ സംസാരിച്ചപ്പോൾ സി. എച്ച്. മുഹമ്മദ് കോയ പ്രോ-ചാൻസലറെ നിയോഗിക്കേണ്ടതില്ലെന്ന് പറഞ്ഞുവെന്ന് പ്രസ്താവിക്കുകയുണ്ടായി. അങ്ങനെയാണെങ്കിൽ മുസ്ലീം ലീഗും യു.ഡി.എഫ്.-ഉം ഇവിടെ അധികാരത്തിലിരിക്കുമ്പോൾ പ്രോ-ചാൻസലർ വേണ്ടെന്ന നിയമഭേദഗതി കൊണ്ടുവന്നില്ലല്ലോ. സി.എച്ച്. മുഹമ്മദ് കോയ അതിന് കാരണമായി ചൂണ്ടിക്കാണിച്ചത്, 'വിദ്യാഭ്യാസമില്ലാത്ത വിദ്യാഭ്യാസ വകുപ്പുമന്ത്രിമാർ ഉണ്ടാകാം' എന്നതിനാലാണ് എന്നാണ്. അത് എൽ.ഡി.എഫ്. ഭരണകാലത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിമാരുടെ ചരിത്രമെടുത്ത് പരിശോധിച്ച് നോക്കൂ. ഡോ. ജോസഫ് മുണ്ടശ്ശേരി മുതൽ ഡോ. കെ. ടി. ജലീൽ വരെയുള്ളവർ വിദ്യാഭ്യാസ യോഗ്യതയുടെ കാര്യത്തിൽ ഒട്ടും പുറകിലല്ല എന്നുള്ളത് പ്രത്യേകം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. അപ്പോൾ മുസ്ലീം ലീഗിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രിമാരുമായി താരതമ്യം ചെയ്ത് ഇവിടെ ആരും (.......ബഹളം....)*

<u>മി. സ്പീക്കർ</u>: ആക്ഷേപകരമായ എന്തെങ്കിലുമുണ്ടോയെന്ന് പരിശോധിക്കാം. ശ്രീ. പി. കെ. ബഷീർ, ശ്രീ. എൻ. ഷംസുദ്ദീൻ അവരവരുടെ സീറ്റുകളിൽ ഇരിക്കൂ. പ്രതിപക്ഷനേതാവിന് മൈക്ക് അനുവദിക്കണമെങ്കിൽ അംഗങ്ങൾ സീറ്റിൽ ഇരിക്കണം.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, മുസ്ലീം ലീഗിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രിമാർ എല്ലാവരും നല്ല വിദ്യാഭ്യാസമുള്ള, പോസ്റ്റ് ഗ്രാജുവേഷനൊക്കെയുള്ളവരാണ്. ഇല്ലെങ്കിൽത്തന്നെ ഇവിടെ മന്ത്രിമാരായവർക്കും മുഖ്യമന്ത്രിമാരായവർക്കുമൊക്കെ വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരുന്നോ; സി.എച്ച്. മുഹമ്മദ് കോയ ഒന്നാംതരം എഴുത്തുകാരനാണ്, ബുദ്ധിജീവിയാണ്. ബഹുമാന്യയായ മന്ത്രി ഇതൊന്നും അറിയാതെ ഓരോന്ന് പറഞ്ഞാൽ എങ്ങനെയാണ്; അത് പിൻവലിക്കേണ്ടതാണ്.*

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ (ഫയൽ നമ്പർ 15877/ഇ.ബി/ 2022/നി.സെ. തീയതി 2-9-2022) ഉത്തരവ് പ്രകാരം സഭാ രേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

ഡോ. ആർ. ബിന്ദു: സർ, സി.എച്ച്. മുഹമ്മദ്കോയയെക്കുറിച്ച് വളരെ വിശദമായി അറിയാം. അദ്ദേഹത്തെ ക്വാട്ട് ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ പിൻഗാമികളായ രണ്ടുപേർ ഇവിടെ പറഞ്ഞത് സംബന്ധിച്ചാണ് ഞാൻ സൂചിപ്പിച്ചത്. അതിൽ ഒരു കാര്യംപോലും എന്റേതായി കൂട്ടിച്ചേർത്തിട്ടില്ല. ...... (ബഹളം).....

മി. സ്പീക്കർ: ഇരിക്കൂ....ഇരിക്കൂ... ബഹുമാനപ്പെട്ട മന്ത്രി ചെയറിനെ അഭിസംബോധന ചെയ്യൂ.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ ആക്ഷേപകരമായൊരു പരാമർശമാണ് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയത്. ബഹുമാനപ്പെട്ട ചെയർ പരിശോധിക്കാമെന്ന് പറഞ്ഞു. എന്റെ അഭ്യർത്ഥന, മന്ത്രിതന്നെ അത് പിൻവലിക്കണമെന്നാണ്. അതാണ് മര്യാദ. ആക്ഷേപകരമായ പരാമർശമാണത്. എല്ലാവരുടെയും പ്രൊഫൈൽ നമുക്ക് നോക്കാം, നാളെ മുതൽ ഇവിടെ ചർച്ച ചെയ്യാം. ഇതിനുമുമ്പ് മന്ത്രിമാരായിരുന്നവരുടെയെല്ലാം പ്രൊഫൈൽ ഇവിടെ നമുക്ക് ചർച്ച ചെയ്യാം. ഇതൊന്നും ശരിയായ കാര്യങ്ങളല്ല. നോക്കി വായിക്കുമ്പോൾ കറക്ടായി പറയുകയും നോക്കാതെ വായിക്കുമ്പോൾ ഇതുപോലുള്ള കാര്യങ്ങൾ പറയുകയും ചെയ്യുന്നത് ശരിയല്ല. ഈ മന്ത്രിക്ക് എപ്പോഴും പറ്റുന്നതാണിത്.

ഡോ. ആർ. ബിന്ദു: സർ, ഈ പറഞ്ഞത് ശരിയല്ല, മുസ്ലീം ലീഗിന്റെ വക്താക്കളായിട്ടുള്ള രണ്ടുപേരാണ് ഇന്ന് ഈ അഭിപ്രായം ഇവിടെ രേഖപ്പെടുത്തിയത്. (....ബഹളം....).

മി. സ്പീക്കർ: അത് പറഞ്ഞുകഴിഞ്ഞല്ലോ; ചെയർ പറഞ്ഞല്ലോ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. പി. കെ. ബഷീർ, ഇരിക്കൂ. (....ബഹളം....)

ശ്രീ. രമേശ് ചെന്നിത്തല: സർ, ജനാധിപത്യത്തിൽ ജനങ്ങൾ തെരഞ്ഞെടുത്തുകഴിഞ്ഞാൽ അവർ എം.എൽ.എ.-മാരാണ്; അവർക്ക് മന്ത്രിമാരാകാൻ അധികാരമുണ്ട്. ആരുടെയും വിദ്യാഭ്യാസ യോഗ്യത നോക്കിയിട്ടൊന്നുമല്ലല്ലോ കേരളത്തിൽ മന്ത്രിമാരെ നിയമിക്കുന്നത്. വിദ്യാഭ്യാസ യോഗ്യതയൊന്നുമില്ലാത്തവരെ നിയമിക്കാറുണ്ട്. അവർ വിദ്യാഭ്യാസ യോഗ്യതയുള്ളവരേക്കാൾ നന്നായി പെർഫോം ചെയ്യാറുമുണ്ട്. അപ്പോൾ ദയവായി ബഹുമാനപ്പെട്ട മന്ത്രിയോട് ബഹുമാനപ്പെട്ട ചെയർതന്നെ നിർദ്ദേശിക്കണം,

അവർതന്നെ അത് പിൻവലിക്കുന്നതാണ് ഗ്രെയ്സ്. * ഇത് ഒരു ഗ്രെയ്സോടുകൂടി ചെയ്യണം. ജനാധിപത്യത്തിൽ ക്വാളിഫിക്കേഷനല്ല, ജനങ്ങളുമായിട്ടുള്ള ബന്ധവും ജനങ്ങളുടെ അംഗീകാരവുമാണ് പ്രധാനം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, തെരഞ്ഞെടുക്കപ്പെട്ട ആളുകളെല്ലാം ജനപ്രതിനിധികളാണ്. നല്ല വിദ്യാഭ്യാസമുള്ളവരെക്കാളും പ്രായോഗിക പരിജ്ഞാനം വിദ്യാഭ്യാസമില്ലാത്ത ആളുകൾക്കുണ്ടാകും. അതിന് ധാരാളം ഉദാഹരണങ്ങളുണ്ട്. പക്ഷേ ബഹുമാന്യയായ മന്ത്രി പറഞ്ഞത് സി. എച്ച്. മുഹമ്മദ്കോയ പറഞ്ഞ കാര്യത്തെപ്പറ്റിയാണ്. പ്രോ-ചാൻസലറായി മന്ത്രി വന്നാൽ വിദ്യാഭ്യാസമില്ലാത്ത ആളുകൾ വരാമെന്ന പ്രശ്നം ഉന്നയിച്ചതായിട്ടാണ് ഇവിടെ പറഞ്ഞത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ ആക്ഷേപകരമായ എന്തെങ്കിലുമുണ്ടോയെന്ന് ചെയർ പരിശോധിക്കാമെന്ന് ഇവിടെ വ്യക്തമാക്കി കഴിഞ്ഞതാണ്. ഇനി അത് വിടാം.

ഡോ. ആർ. ബിന്ദു: സർ, കേന്ദ്രനിയമത്തിന് വിരുദ്ധമാണെന്നുള്ള ഇവരുടെ ആക്ഷേപം നിലനിൽക്കുന്നതല്ലെന്ന് ഞാൻ നേരത്തെ വിശദീകരിച്ചു. യു.ജി.സി. 2018 റെഗുലേഷനനുസരിച്ചാണ് പൂർണ്ണമായും ഈ നിർദ്ദേശം സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ഇതുമായി ബന്ധപ്പെട്ട് മൂന്നുപേരുടെ കമ്മിറ്റിയെ സംബന്ധിച്ച നിർദ്ദേശമാണ് ഗവൺമെന്റിന് നൽകിയിട്ടുള്ളത്. സർക്കാർ പ്രതിനിധി, സിൻഡിക്കേറ്റിന്റെ പ്രതിനിധി, യു.ജി.സി. പ്രതിനിധി എന്നിവരുൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റിയെയാണ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നിർദ്ദേശിച്ചിരുന്നത്. അതിനെ കൂടുതൽ വിപുലീകരിച്ചുകൊണ്ട് കൂടുതൽ മികവാർന്ന തെരഞ്ഞെടുപ്പിന് സഹായകരമായ രീതിയിലുള്ള നിർദ്ദേശമാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അതുപോലെ ഗവൺമെന്റിന്റെ ഇടപെടൽ അനപേക്ഷണീയമല്ലെന്ന സൂചനകൾ ഇവിടെയുണ്ടായി. ഉന്നതവിദ്യാഭ്യാസ വകുപ്പ് നിലവിലുള്ളപ്പോൾ ഗവൺമെന്റിന് യൂണിവേഴ്സിറ്റിയുമായി യാതൊരു ബന്ധവും ആവശ്യമില്ലെന്ന തരത്തിലുള്ള നിലപാട് അംഗീകരിക്കാവുന്നതല്ലെന്ന് അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ചില സംസ്ഥാനങ്ങളിലും വിദേശങ്ങളിലുമുള്ള വൈസ് ചാൻസലർ നിയമനം സംബന്ധിച്ച ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട്, മധ്യപ്രദേശ്, ബീഹാർ, ഗുജറാത്ത്, ത്രിപുര, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിലൊക്കെ സ്റ്റേറ്റ് യൂണിവേഴ്സിറ്റി ആക്റ്റ് പ്രകാരം സംസ്ഥാന

* ബഹുമാനപ്പെട്ട സ്പീക്കറുടെ (ഫയൽ നമ്പർ 15877/ഇ.ബി 2022/നി.സെ. തീയതി 2-9-2022) ഉത്തരവ് പ്രകാരം സഭാ രേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

ഗവൺമെന്റാണ് സർവ്വകലാശാലകളിലെ വൈസ് ചാൻസലർ നിയമനങ്ങളിൽ പ്രധാനപ്പെട്ട റോൾ വഹിക്കുന്നത്. സംസ്ഥാന സർക്കാർ നൽകുന്ന പാനലിൽനിന്ന് സർക്കാരിന്റെ നിർദ്ദേശത്തിന് വിധേയമായി ഗവർണർ അഥവാ ചാൻസലറാണ് വൈസ് ചാൻസലറെ നിയമിക്കുന്നത്. സിംലയിലെ ഹിമാചൽപ്രദേശ് യൂണിവേഴ്സിറ്റി, പഞ്ചാബിലെ പഞ്ചാബി യൂണിവേഴ്സിറ്റി, ബംഗാളിലെ കൽക്കട്ട യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലും ഇപ്രകാരമാണ് വൈസ് ചാൻസലർ നിയമനം നടത്തുന്നത്. 1991-ലെ ആന്ധ്രാപ്രദേശ് സ്റ്റേറ്റ് യൂണിവേഴ്സിറ്റി ആക്ട് 1993-ൽ ഭേദഗതി വരുത്തിയതിനുശേഷം ആ clause ഇപ്രകാരമാണ്, 'The State Government shall recommend one person to the Chancellor for appointment as Vice Chancellor and the Chancellor appoints the V.C.' അതായത്, അവിടെ സംസ്ഥാന സർക്കാർ നൽകുന്ന ഏക പേര് ഗവർണർ അംഗീകരിക്കുകയാണ്. ഡോ. എൻ. ടി. ആർ. യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, ഡോ. ബി. ആർ. അംബേദ്കർ ഓപ്പൺ യൂണിവേഴ്സിറ്റി, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ ചാൻസലർകൂടിയായ മുഖ്യമന്ത്രിയാണ് വൈസ് ചാൻസലറെ നിയമിക്കുന്നത്. 1973-ലെ മധ്യപ്രദേശ് വിശ്വവിദ്യാലയ അധിനിയം അനുസരിച്ച് വൈസ് ചാൻസലറെ നിയമിക്കുന്നത് സംസ്ഥാന ഗവൺമെന്റാണ്. ചാൻസലറായ ഗവർണർക്ക് നിയമനപ്രക്രിയയിൽ പരിമിതമായ റോളാണ് അവിടെയുള്ളത്. വെസ്റ്റ് ബംഗാൾ യൂണിവേഴ്സിറ്റി ആക്ടിൽ ചാൻസലർ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി കൺസൾട്ട് ചെയ്താണ് വൈസ് ചാൻസലറെ നിയമിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കർണ്ണാടകയിലെ സ്റ്റേറ്റ് യൂണിവേഴ്സിറ്റികളിൽ വൈസ് ചാൻസലർ നിയമനത്തിനുള്ള നാലംഗ സെർച്ച് കമ്മിറ്റിയെ നിയമിക്കുന്നത് ഗവൺമെന്റാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും സെർച്ച് കമ്മിറ്റിയിലേയ്ക്കുള്ള അംഗങ്ങളുടെ നോമിനേഷൻ ഇത്തരത്തിലാണ് നടത്തുന്നത്. തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തി മികച്ച രീതിയിൽ മുന്നോട്ടുപോകുന്ന സിംഗപ്പൂർ സർവ്വകലാശാലയിൽ ഗവൺമെന്റാണ് വൈസ് ചാൻസലറെ നിയമിക്കുന്നത്. ഗവൺമെന്റ് യാതൊരുതരത്തിലും സർവ്വകലാശാലകളുമായി ബന്ധപ്പെടരുതെന്ന രീതിയിലുള്ള നീതീകരണങ്ങൾ വസ്തുതാപരമാണോയെന്ന് പരിശോധിക്കണമെന്നു മാത്രം. നമ്മളിവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതി അത്തരത്തിലുള്ള യാതൊരു തീർപ്പുകളിലേയ്ക്കും പോകുന്നില്ല. ചാൻസലറുടെ അവകാശങ്ങളും അധികാരങ്ങളും വെട്ടിച്ചുരുക്കുന്നില്ല. അത്തരത്തിലുള്ള ആക്ഷേപം വസ്തുതാവിരുദ്ധമാണ്. ചാൻസലറാണ് സെർച്ച് കമ്മിറ്റിയെയും വൈസ് ചാൻസലറെയും നിയമിക്കുന്നത്. മൂന്നംഗങ്ങളെന്ന നിലയിൽ ഹയർ എഡ്യൂക്കേഷൻ കൗൺസിൽ പ്രൊപ്പോസ് ചെയ്തിരുന്നത് അഞ്ചായി വികസിപ്പിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. നിലവിലെ

രീതിയനുസരിച്ച് ഓരോരുത്തർക്കും മൂന്ന് പേരെ പ്രൊപ്പോസ് ചെയ്യാമെന്നാണെങ്കിൽ ഒൻപത് പേരടങ്ങിയ പാനലാണോ കൊടുക്കുന്നത്; അങ്ങനെ എവിടെയെങ്കിലുമുണ്ടോ? എന്താണ് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ഉദ്ദേശിച്ചതെന്ന് മനസ്സിലായില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരള യൂണിവേഴ്സിറ്റി ആക്ടിനകത്ത് വ്യക്തമായി വൈസ് ചാൻസലറുടെ നിയമനത്തെപ്പറ്റി പറയുന്നുണ്ട്. പാനൽ കൊടുക്കാം, സെർച്ച് കമ്മിറ്റിയിലെ അംഗങ്ങൾക്ക് വേണമെങ്കിൽ പേരും കൊടുക്കാം. നിങ്ങളിവിടെ വരുത്തിയിരിക്കുന്ന കാതലായ മാറ്റമെന്താണ്? സെർച്ച് കമ്മിറ്റി കൊടുക്കുന്ന പാനലിൽനിന്നും ചാൻസലർക്ക് ഇപ്പോൾ തെരഞ്ഞെടുക്കാൻ കഴിയില്ല. നിങ്ങളുടെ ഭൂരിപക്ഷാഭിപ്രായം അദ്ദേഹത്തിനുമേൽ അടിച്ചേല്പിക്കപ്പെടുകയാണ്. അത് അപകടകരമാണ്. അതാണിവിടത്തെ പ്രശ്നം. നിങ്ങൾക്കിഷ്ടമുള്ളവരെ മാത്രമേ ഗവർണർക്ക് നിയമിക്കാൻ കഴിയൂവെന്ന അവസ്ഥ വരികയാണ്. നിലവിലെ രീതിയിൽനിന്ന് വ്യത്യാസം വരുന്നത് അവിടെയാണ്. അടുത്തകാലത്തുണ്ടായ സുപ്രീംകോടതി വിധിപ്രകാരം ഈ ഭേദഗതി നിലനിൽക്കില്ലെന്ന് ഞാൻ പറഞ്ഞതിന്റെ കാര്യമതാണ്.

ഡോ. ആർ. ബിന്ദു: സർ, കോടതിയിൽ പരാജയപ്പെടുമെന്ന് പറയുന്നുണ്ടല്ലോ; പരിശോധിക്കുമ്പോൾ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ കോടതിക്ക് അത് പറയാൻ കഴിയുമല്ലോ. അതിനുമുമ്പ് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നും കോടതിയിൽ പോകുകയാണെന്നും പത്രസമ്മേളനം നടത്തി പറയുകയും പലതവണ യൂത്ത് കോൺഗ്രസ്സുകാർ നമ്മുടെ ഔദ്യോഗിക വസതിയിലേയ്ക്ക് മാർച്ച് നടത്തുകയും ചെയ്തല്ലോ. എന്നിട്ട് കോടതി എന്താണ് പറഞ്ഞത്? രണ്ട് കോടതികളും ക്ലീൻചിറ്റ് നൽകുകയാണുണ്ടായത്. അതുകൊണ്ട് കോടതിയിൽ പോകുമെന്ന് ഉമ്മാക്കി കാണിച്ച് പേടിപ്പിക്കണ്ട. പ്രഗത്ഭരായിട്ടുള്ളവരെയാണ് മുമ്പും എൽ.ഡി.എഫ്. അധികാരത്തിലിരിക്കുമ്പോൾ വൈസ് ചാൻസലർമാരായി നിയോഗിച്ചിട്ടുള്ളതെന്ന് കഴിഞ്ഞ ദിവസം സഭയിൽ പറയുകയുണ്ടായി. ആ വൈസ് ചാൻസലർമാരിൽ ഡോ. ജോൺ മത്തായി, ഡോ. കെ. ടി. ജയകൃഷ്ണൻ, ഡോ. ബി. ഇക്ബാൽ, ഡോ. വി. പി. മഹാദേവൻ പിള്ള, ഡോ. യു. ആർ. അനന്തമൂർത്തി, ഡോ. രാജൻ ഗുരുക്കൾ, ഡോ. സാബു തോമസ്, ഡോ. ഗംഗൻ പ്രതാപ്, ഡോ. പി. കെ. മൈക്കിൾ തരകൻ തുടങ്ങി ലിസ്റ്റ് അങ്ങനെ നീണ്ടുപോകുകയാണ്. എല്ലാവരും യോഗ്യതയുള്ളവരാണ്. വളരെ വേദനയുണ്ടാക്കിയ ഒരു പരാമർശം ഈ സഭയിലുണ്ടായി. അതായത്, കണ്ണൂരുകാരനായതുകൊണ്ട് കണ്ണൂർ വൈസ് ചാൻസലർക്ക് നിയമനത്തുടർച്ച നൽകണമെന്ന് പറഞ്ഞതായി ആക്ഷേപം ഉന്നയിക്കുകയുണ്ടായി. അദ്ദേഹം JNU

(Jawaharlal Nehru University)-വിൽ എം.എ. പഠിച്ച് പി.എച്ച്. ഡി. എടുത്ത് ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽനിന്നും Post Docs (Post Doctoral Fellows) നേടി അവിടെ വിസിറ്റിംഗ് പ്രൊഫസറായി പ്രവർത്തിച്ചിരുന്ന ആളാണ്. കൂടാതെ, അദ്ദേഹം ജാമിയ മിലിയ ഇസ്ലാമിയ യൂണിവേഴ്സിറ്റിയിൽ ഹിസ്റ്ററി വിഭാഗത്തിന്റെ ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റായും ഐ.സി.എച്ച്.ആർ.-ന്റെ താക്കോൽ സ്ഥാനങ്ങളിലും ഇരുന്നിട്ടുണ്ട്. ദേശീയാടിസ്ഥാനത്തിൽ ചരിത്രവുമായി ബന്ധപ്പെട്ട ഒട്ടേറെ അക്കാദമിക് ബോഡികളിൽ സാന്നിദ്ധ്യമായിട്ടുള്ള ഒരാളാണ് അദ്ദേഹം. ഇന്ന് രാജ്യമറിയുന്ന അക്കാദമിക് വിദഗ്ദ്ധനായ ശ്രീ. ഗോപിനാഥ് രവീന്ദ്രന്റെ പേര് നിങ്ങൾ കേട്ടിട്ടില്ലെന്നതിൽ എനിക്ക് അത്ഭുതമില്ല. പക്ഷേ അത്യാവശ്യം ആ രംഗത്ത് വ്യാപരിക്കുന്നവർ അദ്ദേഹത്തെ നല്ലതുപോലെ അംഗീകരിക്കുന്നുണ്ടെന്ന് ഞാനിവിടെ പറഞ്ഞില്ലെങ്കിൽ അത് വിനയാകുമെന്നുള്ളതുകൊണ്ടും ഇങ്ങനെയുള്ള അക്കാദമിക്കുകളോടുള്ള അനീതിയാകുമെന്നുള്ളതുകൊണ്ടും പരാമർശിക്കുകയാണ്. ബഹുമാനപ്പെട്ട ടി. വി. ഇബ്രാഹിം ഇത് പിൻവാതിലിലൂടെ കൊണ്ടുവരുന്ന നിയമമെന്ന് പറഞ്ഞു. തുറന്നുവച്ച ഈ സഭയിലാണ് ഇത് അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിലെ പൊതുമണ്ഡലത്തിൽ ഇത്രമാത്രം ചർച്ച ചെയ്യപ്പെട്ടൊരു നിയമമില്ല. നിയമഭേദഗതി വളരെയധികം ചർച്ച ചെയ്യപ്പെട്ടു. ഇവരൊക്കെ ടെലിവിഷൻ ചാനലിലൊക്കെ പോയി ഇരുന്നിട്ടുണ്ടാകുമല്ലോ; പിന്നെങ്ങനെയാണ് ഇത് പിൻവാതിൽ നിയമനമാകുന്നത്? 1957-ലെ ഡോ. ജോൺ മത്തായിയുടെ വൈസ് ചാൻസലർഷിപ്പിനെക്കുറിച്ച് പരാമർശിച്ചു. ആ പാരമ്പര്യത്തിന്റെ പിന്തുടർച്ച തന്നെയാണ് എൽ.ഡി.എഫ്. സ്വീകരിക്കുന്നത്. ഇങ്ങനെ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിൽ അഞ്ച് പേർ വരുന്നതിലൂടെ ഞങ്ങളുടെ പാർട്ടിയിലെ ജില്ലാ കമ്മിറ്റി അംഗത്തെ വൈസ് ചാൻസലറായി വയ്ക്കാനല്ല തീരുമാനിച്ചിട്ടുള്ളത്. ഇ.എം.എസ്. അങ്ങോട്ടുപോയി വൈസ് ചാൻസലറെ കണ്ടിട്ടുണ്ടെന്നാണ് ഇവിടെ പറഞ്ഞത്. എന്നാൽ, യു.ഡി.എഫ്. നിയോഗിച്ച വൈസ് ചാൻസലർമാർ പാണക്കാട്ട് പോയി അനുഗ്രഹം വാങ്ങിയിട്ടാണ് അധികാരമേറ്റെടുക്കുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ഡോ. എം. അബ്ദുൽ സലാം പാണക്കാട്ട് പോയി അനുഗ്രഹം വാങ്ങി പോയതാണെന്ന് നമുക്കറിയാം. .....(ബഹളം).......

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പാണക്കാട് അങ്ങനെ പലരും വരും. .......(ബഹളം).........

ഡോ. ആർ. ബിന്ദു: സർ, അതെ അങ്ങോട്ടുപോയി കണ്ടതാണ്; രണ്ടും തമ്മിലുള്ള വ്യത്യാസം പറഞ്ഞുവെന്ന് മാത്രമേയുള്ളൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പാണക്കാട് എല്ലാവരും പോകാറുണ്ട്. .......(ബഹളം).........

<u>ഡോ. ആർ. ബിന്ദു</u>: സർ, അതെ.... അവരൊക്കെ അപ്രകാരം ചെയ്തിട്ടുള്ളവരാണല്ലോ; ......(ബഹളം)...... ഈ ഭേദഗതികൊണ്ട് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അക്കാദമിക് കമ്മ്യൂണിറ്റിക്കും എന്ത് ഗുണമാണെന്ന് ചോദിച്ചു. വൈസ് ചാൻസലറെ കൃത്യമായി തെരഞ്ഞെടുക്കുന്നത് സർവ്വകലാശാലയ്ക്കും വിദ്യാർത്ഥികൾക്കും അക്കാദമിക് കമ്മ്യൂണിറ്റിക്കുമൊക്കെ ഗുണമുണ്ടാകുന്ന കാര്യം തന്നെയാണ്. വൈസ് ചാൻസലറുടെ മെറിറ്റിന് മുൻതൂക്കം നൽകിക്കൊണ്ട് ഏറ്റവുമധികം അക്കാദമിക് ഔന്നത്യവും അഡ്മിനിസ്ട്രേഷൻ ശേഷിയുമുള്ള ആളുകളെ നിയമിക്കുക എന്നുള്ളതുതന്നെയാണ് എൽ.ഡി.എഫ്. ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഭൂരിപക്ഷം അംഗീകരിക്കുന്നവരെ മാത്രമേ കൊടുക്കാവൂ എന്ന വ്യവസ്ഥ എന്തിനാണെന്നാണ് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ചോദിച്ചത്. അഭിപ്രായ ഐക്യം നേരത്തെയും സെർച്ച് കമ്മിറ്റികളിലുണ്ടായിരുന്നു. അദ്ദേഹം എങ്ങനെയാണ് രണ്ടുപേർ വേറെ അഭിപ്രായത്തിൽ പോകുമെന്ന തീരുമാനമെടുത്തതെന്ന് മനസ്സിലാകുന്നില്ല. മികച്ച അക്കാദമിക്കുകളുടെ പാനൽ വയ്ക്കുമ്പോൾ രണ്ടുപേർ വേറിട്ട അഭിപ്രായം പറയേണ്ട കാര്യമെന്താണ്? മറ്റൊരു കാര്യം അദ്ദേഹം പറഞ്ഞത്, ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ ചെയർമാൻ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട ആളാണെന്നുള്ളതാണ്. അത് പൂർണ്ണമായും അംഗീകരിക്കുന്നില്ല. യൂണിവേഴ്സിറ്റികളെ ഉപദേശിക്കാനുള്ള അധികാരം അദ്ദേഹത്തിനുണ്ട്. യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട ആളായിരിക്കരുതെന്ന് പറയുന്നതിന്റെ കാരണം യൂണിവേഴ്സിറ്റികളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ അല്ലെങ്കിൽ വൈസ് ചാൻസലർ സ്ഥാനത്തേയ്ക്ക് വരാൻ സാദ്ധ്യതയുള്ള ആളുകളാകാൻ പാടില്ലെന്നതിന്റെ അടിസ്ഥാനത്തിലാണ്. 'ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ ചെയർമാൻ' എന്നതിനുപകരം 'ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ചെയർമാൻ നോമിനേറ്റ് ചെയ്യുന്ന വിദ്യാഭ്യാസ വിദഗ്ദ്ധൻ' എന്ന രീതിയിലുള്ള ഔദ്യോഗിക ഭേദഗതി കൊണ്ടുവരുന്നുണ്ടെന്നുകൂടി അറിയിക്കുകയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഒരാളും സെർച്ച് കമ്മിറ്റിയിൽ വരാൻ പാടില്ലെന്ന് യു.ജി.സി. റെഗുലേഷനിലും കേരള യൂണിവേഴ്സിറ്റി ആക്ടിലും വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. നിങ്ങൾ blatant ആയാണ് ഇക്കാര്യങ്ങൾ എഴുതി വച്ചത്. ഭേദഗതി കൊണ്ടുവരികയാണെങ്കിൽ നല്ലതാണ്. പക്ഷേ ഭേദഗതി കൊണ്ടുവരുന്നിടത്തും ഒരു അപകടമുണ്ട്. ഭേദഗതി കൊണ്ടുവരുന്നത് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാൻ നിർദ്ദേശിക്കുന്ന ഒരാളാണ്. അതിന്റെ അർത്ഥം എനിക്ക് മനസ്സിലാകുന്നില്ല. ഒരു വിദ്യാഭ്യാസ വിദഗ്ദ്ധനെന്ന് പറഞ്ഞാൽ പോരേ? അതോടൊപ്പം ബഹുമാനപ്പെട്ട മന്ത്രി വേറൊരു തെറ്റുകൂടി പറഞ്ഞു. അതായത്, ഈ മൂന്നുപേരുടെ അഭിപ്രായം

അംഗീകരിച്ചാൽ പോരേ, മറ്റ് രണ്ടംഗങ്ങൾ എന്തിനാണ് അഭിപ്രായം പറയുന്നതെന്ന് ചോദിച്ചു. അഭിപ്രായം പറയാനല്ലാതെ പിന്നെ എന്തിനാണ് അവർ കമ്മിറ്റിയിലിരിക്കുന്നത്?

ഡോ. ആർ. ബിന്ദു: സർ, അങ്ങനെയല്ല. അത് അങ്ങേയ്ക്ക് മനസ്സിലാകാത്തതുകൊണ്ടാണ്. ഞാൻ പറഞ്ഞത് അവർക്ക് അഭിപ്രായമില്ലെന്നല്ല. എല്ലാവർക്കും സമ്മതരായ അക്കാദമീഷ്യൻസിന്റെ പേര് സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി പരിശോധിക്കുമ്പോൾ രണ്ടുപേർ വ്യത്യസ്ത അഭിപ്രായക്കാരായി നിൽക്കേണ്ടതില്ലല്ലോ, അഭിപ്രായ ഐക്യത്തിലേയ്ക്ക് വരാൻ പറ്റുമല്ലോ. .... (ബഹളം).....

മി. സ്പീക്കർ: മിനിസ്റ്റർ ഉദ്ദേശിച്ചത് ഏകാഭിപ്രായവുമുണ്ടാകാമെന്നാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രിയോട് അങ്ങയിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്, ദയവായി അങ്ങ് അങ്ങനെ പറയരുത്. അങ്ങ് മന്ത്രിയാണ്. അവർക്ക് എന്തെല്ലാം അഭിപ്രായങ്ങൾ പറയാൻ കാണും.

ഡോ. ആർ. ബിന്ദു: സർ, അവർക്ക് അഭിപ്രായങ്ങൾ പറയാനുണ്ടാകും. ഞാൻ പറയുന്നത് നിങ്ങൾക്ക് കൃത്യമായി മനസ്സിലാകാത്തതുകൊണ്ടല്ല; മനസ്സിലാകുന്നില്ലെന്ന് നടിക്കുകയാണെന്നാണ് തോന്നുന്നത്. കാരണം, എല്ലാവർക്കും മനസ്സിലാക്കാവുന്ന ഒരു കാര്യമാണ് ഞാൻ പറയുന്നത്. അഞ്ച് പേർ ഒരു കമ്മിറ്റിയിലുണ്ടെങ്കിൽ ഏകാഭിപ്രായമുണ്ടാകാൻ സാധ്യതയില്ലെന്ന് എങ്ങനെയാണ് നിങ്ങൾ തീരുമാനിക്കുന്നത്? രണ്ട് പേർ വിരുദ്ധാഭിപ്രായം പറയുന്നവരായിരിക്കുമെന്ന് എങ്ങനെയാണ് തീരുമാനിക്കുന്നത്? യു.ജി.സി.-യുടെ ചെയർമാൻ വ്യത്യസ്ത അഭിപ്രായം പറയുമെന്ന് എങ്ങനെയാണ് ഇപ്പോൾത്തന്നെ പ്രഖ്യാപിക്കുന്നത്? മുൻ പ്രതിപക്ഷനേതാവിന് ചില മുൻവിധികളുണ്ട്. ആർ.എസ്.എസ്.-കാരാണ് വരേണ്ടതെന്നുള്ള പ്രതീക്ഷയുടെ ഭാഗമാണിത്. ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, നിയമമുണ്ടാക്കുന്നത് ഇന്നത്തേയ്ക്ക് മാത്രമായിട്ടല്ല കാലാകാലത്തേയ്ക്ക് വേണ്ടിയാണ്. രണ്ട് മെമ്പർമാരുണ്ടെങ്കിൽ അവർ അഭിപ്രായം പറയുന്നതെന്തിനാണെന്ന് ചോദിക്കുന്നത് ശരിയാണോ?

മി. സ്പീക്കർ: അത് മന്ത്രി ക്ലാരിഫൈ ചെയ്തു.

ഡോ. ആർ. ബിന്ദു: സർ, ഞാൻ പറഞ്ഞത് അങ്ങനെയല്ലെന്ന് വ്യക്തമാക്കിയതാണ്. ഇനിയും മനസ്സിലാകുന്നില്ലെങ്കിൽ ഞാൻ അതിൽ കക്ഷിയല്ല. കേരളത്തിന്റെ അക്കാദമിക് മേഖലയെ, യൂണിവേഴ്സിറ്റികളെ മികവാർന്ന

തലത്തിലേയ്ക്ക് വളർത്താനാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. കേരളം അഭിമുഖീകരിക്കുന്ന ഒട്ടേറെ പ്രശ്നങ്ങളുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കൊപ്പം അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയുടെ പ്രശ്നവുമുണ്ട്. അതൊക്കെ ആത്മവിശ്വാസത്തോടെ അഭിസംബോധന ചെയ്യാൻ കഴിയുന്ന രീതിയിൽ യൂണിവേഴ്സിറ്റികളെ സജ്ജമാക്കാൻ തന്നെയാണ് മികച്ച വൈസ് ചാൻസലർമാരെ തെരഞ്ഞെടുക്കണമെന്ന് എൽ.ഡി.എഫ്. ആഗ്രഹിക്കുന്നത്. ഇടതുപക്ഷത്തിന്റെ ചരിത്രത്തിൽ ഇതുവരെ നിയോഗിതരായ വൈസ് ചാൻസലർമാരുടെ ക്രഡൻഷ്യൽസ് നിങ്ങൾ പരിശോധിച്ചുനോക്കണം. അതിലൊന്നും പൂർണ്ണമായി രാഷ്ട്രീയക്കാരെ നിയമിച്ച ചരിത്രം ഇടതുപക്ഷത്തിനില്ല. ആ വൈസ് ചാൻസലർമാരുടെ പേരൊക്കെ ഞാൻ ഇവിടെ പറഞ്ഞതാണ്. അതുകൊണ്ട് രാഷ്ട്രീയം ഒളിച്ചുകടത്താനാണ് എന്നൊക്കെയുള്ള ആക്ഷേപങ്ങൾ നിരാകരിക്കുന്നു. ക്വാളിറ്റിയുടെയും സാമൂഹ്യനീതിയുടെയും അടിസ്ഥാനത്തിലാണ് അദ്ധ്യാപക നിയമനം നടന്നിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിൽ ഞാനത് വിശദീകരിച്ചതാണ്. സമയപരിമിതികൊണ്ട് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. മലബാർ മേഖലയിൽ സീറ്റില്ല, എല്ലാവരും വിദേശത്തേയ്ക്ക് പോകുകയാണെന്ന് കഴിഞ്ഞ ദിവസം സൂചിപ്പിക്കുകയുണ്ടായി. പലപ്പോഴും പലത് പറയുന്നത് അവസാനിപ്പിക്കണം. അതുപോലെ കാലിക്കറ്റ് സർവ്വകലാശാലയുടെ കാര്യത്തിൽ ഡിസന്റ് രേഖപ്പെടുത്താൻ അനുവാദമില്ലെന്ന് പറഞ്ഞു. ഏത് തീരുമാനമെടുക്കുമ്പോഴും പേജ് കണക്കിന് ഡിസന്റ് രേഖപ്പെടുത്തുന്ന ഒരു മാന്യദേഹം അവിടെ സിൻഡിക്കേറ്റ് മെമ്പറായിട്ടുണ്ട്. ....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ എന്താണ് പ്രശ്നം? ഡിസന്റ് രേഖപ്പെടുത്തുന്നുണ്ടെന്നാണ് പറഞ്ഞത്.

ഡോ. ആർ. ബിന്ദു: സർ, വസ്തുതാപരമല്ലാത്ത കാര്യങ്ങളിൽ ഡിസന്റ് രേഖപ്പെടുത്തുമ്പോൾ അത് വേണ്ടെന്നേ സിൻഡിക്കേറ്റ് തീരുമാനമെടുത്തിട്ടുള്ളൂ. ഞാൻ പറയാൻ ഉദ്ദേശിച്ചത്, ജനാധിപത്യപരമായും ഏറ്റവും ഗുണാത്മകമായും സർവ്വകലാശാലകളെ കൊണ്ടുപോകുകയെന്ന ഉത്തരവാദിത്വം തന്നെയാണ് ഗവൺമെന്റ് ഉയർത്തിപ്പിടിക്കുന്നത്. ഈ നിയമഭേദഗതിയെ പിന്തുണയ്ക്കണമെന്നാണ് പ്രതിപക്ഷത്തോട് അഭ്യർത്ഥിക്കാനുള്ളത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. വിജിൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വിജിൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിജിൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വർഷങ്ങളായി നിലവിലിരിക്കുന്ന സർവ്വകലാശാല നിയമങ്ങളുടെയെല്ലാം ലീഗൽ ഇന്റൻഷൻ എന്നുപറയുന്നത് സർവ്വകലാശാലകളുടെ സ്വയം ഭരണാവകാശമായിരുന്നു. അതിന് വിരുദ്ധമായി സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തെ ഹനിച്ചുകൊണ്ട് സർക്കാരിന് ഇഷ്ടമുള്ള പാവകളെ വൈസ് ചാൻസലർമാരാക്കി നിയമിക്കാൻവേണ്ടിയുള്ള, ഉന്നതവിദ്യാഭ്യാസ രംഗത്ത് അപകടകരമായ ചില സൂചനകൾ നൽകുന്ന ഒരു നിയമനിർമ്മാണമാണിത്. ഞങ്ങൾക്ക് ഇതിനോട് ഒരുകാരണവശാലും യോജിക്കാൻ സാധിക്കില്ല. ഗവർണറുമായി സെറ്റിൽ ചെയ്യേണ്ട സമയത്ത് സെറ്റിൽ ചെയ്യുകയും വിമർശിക്കേണ്ട സമയത്ത് വിമർശിക്കാതിരിക്കുകയുമാണ് ചെയ്യുന്നത്. കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്തിന് അപമാനകരമായ ഈ നിയമം പാസ്സാക്കുന്ന വേളയ്ക്ക് സാക്ഷ്യം വഹിക്കാൻ ഞങ്ങൾ തയ്യാറല്ല. അതുകൊണ്ട് ഞങ്ങൾ സഭ ബഹിഷ്കരിക്കുന്നു.

(2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിന്റെ തുടർനടപടികൾ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹിഷ്കരിച്ചു.)

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

Minister for Higher Education and Social Justice (DR. R. Bindu): Sir, I Move the following official amendment:

140. In section 10(1) proposed to be substituted in the Kerala University Act, 1974, by clause 2(b) (i)

(1) item (i), shall be recast as follows: " (i)One person nominated by the Government -Convenor;"

(2) item (iii), shall be recast as follows: " (iii) One person nominated by the Vice-Chairman, Kerala State Higher Education Council;"

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Minister for Higher Education and Social Justice (DR. R. Bindu): Sir, I Move the following official amendment:

219. In Section 10(1) proposed to be substituted in the Calicut University Act, 1975 by Clause 3(b)(i)

(1) item (i), shall be recast as follows: " (i) One person nominated by the Government- Convenor," (2) item (iii), shall be recast as follows:

" (iii) One person nominated by the Vice-Chairman, Kerala State Higher Education Council;"

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

Minister for Higher Education and Social Justice (DR. R. Bindu): Sir, I Move the following official amendment:

291. Section 10(1) proposed to substituted in the Mahatma Gandhi University Act, 1985 by clause 4(b)(i) item (i) shall be recast as follows:-

(1) " (i) One person nominated by the Government - Convenor;"

(2) item(iii) shall be recast as follows:- " (iii) One person nominated by the Vice-Chairman, Kerala State Higher Education Council;"

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

Minister for Higher Education and Social Justice (DR. R. Bindu): Sir, I Move the following official amendment:

358. In section 24(3)(a) proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by clause 5. (1) item (i) shall be recast as follows " (i) One Person nominated by the Government- Convenor;"

(2) item (iii) shall be recast as follows " (iii) One person nominated by the Vice-Chairman, Kerala State Higher Education Council;"

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

Minister for Higher Education and Social Justice (DR. R. Bindu): Sir, I Move the following official amendment:

415. Section 10 (1)(i) proposed to be substituted in the Kannur University Act,1996 by clause 6 (b) (i) shall be recast as follows: " (i) One person nominated by the Government - Convenor;" Item (iii) shall

be recast as follows " (iii) One person nominated by the Vice-Chairman, Kerala State Higher Education Council;"

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെ 123-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

123. In Clause 1(2) for the figure and superscript " I$^{st}$" the figure and superscript " 1$^{st}$" shall be substituted.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സഭയിൽ തിരികെ പ്രവേശിച്ചു.)

(ii) 2022 -ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേന്ദ്ര നിയമത്തിന് വിധേയമായി സംസ്ഥാനത്തെ ധനകാര്യ കാര്യങ്ങളിൽ നിയന്ത്രണം കൊണ്ടുവരുന്ന തരത്തിലുള്ള വകുപ്പുകളാണ് ഈ ബില്ലിലുള്ളത്. റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പെർസെന്റേജുകൾ ഇതിൽ പറഞ്ഞിട്ടുണ്ട്. കോവിഡ് സമയത്ത് അധിക കടം വാങ്ങൽ അനുവദിച്ചതിനെയെല്ലാം റാറ്റിഫൈ ചെയ്യുന്നതിനുവേണ്ടിയുള്ള പ്രൊസീഡ്യുവറാണിത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രമേ ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നുള്ളൂ. സംസ്ഥാനത്തിന്റെ ധനസ്ഥിതിയുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ഉയർന്നുവരികയും ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയുമാണ്. ഇതിലെ ഗൗരവമായ വിഷയങ്ങളെല്ലാം ഞങ്ങൾ ചൂണ്ടിക്കാണിച്ചതാണ്. രണ്ട് ദിവസം മുമ്പ് സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ശ്രീ. സന്തോഷ് ജോർജ്ജ് കുളങ്ങരയുടെ ഒരു സ്റ്റേറ്റ്മെന്റ് കാണുകയുണ്ടായി. അതിൽ പറയുന്നത്, "ആസൂത്രണ ബോർഡ് അംഗമായി ചുമതല ഏറ്റെടുക്കണമോ വേണ്ടയോയെന്ന് പലതവണ ചിന്തിച്ചു. അതിൽ ചേർന്നാൽ പലകാര്യങ്ങളും ചെയ്യാൻ സാധിക്കുമെന്ന മട്ടിൽ പലരും സാമൂഹ്യ മാധ്യമങ്ങളിൽ എഴുതുന്നു. അതോടെ എനിക്ക് പേടിയായി. ബോർഡിന്റെ യോഗങ്ങളിൽ പോകുന്നതിന് സിറ്റിംഗ് ഫീസോ, യാത്രാബത്തയോ വേണ്ടെന്ന് ഞാൻ ആദ്യമേ തീരുമാനിച്ചു" എന്നാണ്. അതിനുശേഷം അദ്ദേഹം പറയുന്നത്, "രണ്ട് വർഷം നോക്കും, അല്ലെങ്കിലും പലതും നടപ്പാക്കാൻ കേരളത്തിൽ സർക്കാരിന്റെ ആവശ്യമില്ല, ജനകീയ മുന്നേറ്റം മതി. അഞ്ച് പൈസ കയ്യിലില്ലാത്ത സർക്കാരിനുപുറകെ നമ്മൾ എന്തിന് നടക്കണം; അതിനേക്കാൾ കൂടുതൽ കാശ് ജനങ്ങളുടെ കയ്യിലുണ്ട്" എന്നാണ്. ഇത് സംസ്ഥാന ആസൂത്രണ ബോർഡ് അംഗത്തിന്റെ പരാമർശമാണ്, പ്രതിപക്ഷത്തിന്റേതല്ല. സംസ്ഥാന ഗവൺമെന്റിന്റെ കയ്യിൽ അഞ്ച് പൈസയില്ലെന്നും ഗവൺമെന്റിന് ഒന്നും ചെയ്യാൻ സാധിക്കില്ലെന്നും പറയുന്നത് നിങ്ങൾ നിയമിച്ച ആസൂത്രണ ബോർഡിലെ അംഗമാണെന്നത് ഞാൻ ആമുഖമായി ചൂണ്ടിക്കാണിക്കുകയാണ്. ഇടതുപക്ഷ സർക്കാരിന്റെ തെറ്റായ ധനകാര്യ മാനേജ്മെന്റിന്റെ പരിണിതഫലമായി സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. റിസർവ് ബാങ്കിന്റെ നിർദ്ദേശപ്രകാരം സാമ്പത്തിക വിദഗ്ദ്ധർ തയ്യാറാക്കിയ ലേഖനത്തിൽ കടബാധ്യതകൾ വർദ്ധിക്കുന്ന കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് ശ്രീലങ്കയുടെ സാമ്പത്തിക തകർച്ച ചൂണ്ടിക്കാട്ടി മുന്നറിയിപ്പ് നൽകിയിരുന്നു. സംസ്ഥാനത്ത് കടത്തിന്റെ വളർച്ച കഴിഞ്ഞ അഞ്ചുവർഷമായി മൊത്തം ആഭ്യന്തരോല്പാദന വളർച്ചയെ മറികടന്നിരിക്കുകയാണെന്നും ലേഖനത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. നികുതി വരുമാനത്തിലുണ്ടായ കുറവും ധനകാര്യ മാനേജ്മെന്റിന്റെ പാളിച്ചകളുംമൂലമുണ്ടായിട്ടുള്ള സാമ്പത്തിക സമ്മർദ്ദം അതിജീവിക്കുന്നതിന് ശക്തമായ തിരുത്തൽ നടപടി ആവശ്യമാണ്. ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ധനകമ്മിയും റവന്യൂ കമ്മിയും കുറച്ചുകൊണ്ടുവരുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്.

സംസ്ഥാനത്തിന്റെ മൂലധന ചെലവിലുണ്ടായ ഗണ്യമായ കുറവ് സാമ്പത്തിക സ്ഥിതിയെയും പ്രതിസന്ധിയെയും കാണിക്കുന്നതാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിലും വലിയ കുറവാണ് സംഭവിച്ചിരിക്കുന്നത്. ഭരണത്തിലെ കെടുകാര്യസ്ഥതയെയും കാര്യക്ഷമതയില്ലായ്മയെയുമാണ് ഇത് വിരൽ ചൂണ്ടുന്നത്. 2021-2026 കാലയളവിൽ നിലവിലുള്ള സംസ്ഥാന സർക്കാരിന്റെ ബാധ്യതകളുടെ 63 ശതമാനവും കാലാവധി പൂർത്തിയാകുകയാണ്. ഇത്തരം കടബാധ്യതകൾ പെട്ടെന്ന് പുതുക്കേണ്ടിവരുമ്പോൾ പലിശ ബാധ്യത വർദ്ധിക്കും. കടമെടുക്കുന്ന തുകയിൽ ഭൂരിഭാഗവും ആസ്തിവികസനത്തിനായി ഉപയോഗിക്കണമെന്നത് സാമ്പത്തിക തത്വമാണ്, അത് സർക്കാർ പാലിക്കുന്നില്ല. കടബാധ്യത പെരുകിക്കൊണ്ടിരിക്കുകയാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. കേരളത്തിൽ ഇപ്പോൾ നെഗറ്റീവ് വളർച്ചയാണുണ്ടാകുന്നത്. വരുമാന സ്രോതസ്സ് വ്യക്തമാക്കാത്ത ഒരു ബഡ്ജറ്റാണിത്. ബഡ്ജറ്റിൽ കുറെ പ്രഖ്യാപനങ്ങൾ നടത്തുക മാത്രമാണ് ചെയ്യുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളിലുള്ള പ്രഖ്യാപനങ്ങളെക്കുറിച്ച് പരിശോധിച്ചുനോക്കൂ, അതിൽ എത്രയെണ്ണമാണ് പ്രാവർത്തികമാക്കിയിട്ടുള്ളത്? ഇതുപോലെ നൂറുകണക്കിന് പദ്ധതികൾ ചൂണ്ടിക്കാണിക്കാൻ സാധിക്കും. സമയപരിമിതിമൂലം ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. വരുമാനത്തിന്റെ 88 ശതമാനവും ലഭിക്കുന്ന സർവ്വീസ് മേഖലയിൽ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിലും നികുതി വെട്ടിപ്പ് തടയുന്നതിലും സർക്കാർ ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. ജി.എസ്.ടി. വരുന്നതോടുകൂടി 25% മുതൽ 30% വരെ നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാകുമെന്നാണ് മുൻ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചത്. എന്നാൽ ഇന്നത്തെ അവസ്ഥയെന്താണ്? നികുതി വരുമാനമുണ്ടാക്കാൻ സാധിച്ചിട്ടില്ല. അതുപോലെ ഗവൺമെന്റിന് കിട്ടാനുള്ള നികുതി പിരിച്ചെടുക്കാൻവേണ്ടി പുതിയ ആംനസ്റ്റി സ്കീമുകൾ പ്രഖ്യാപിച്ചു. അതിൽ എത്രയെണ്ണത്തിനാണ് ലക്ഷ്യപ്രാപ്തിയുണ്ടായത്? യാഥാർത്ഥ്യബോധമില്ലാത്ത ആംനസ്റ്റി സ്കീമുകളായതു കൊണ്ടാണ് അതിന് ഈ ഗതി വന്നത്. അതുപോലെ സാമൂഹ്യക്ഷേമ പദ്ധതികളിൽനിന്ന് പിന്മാറുന്ന സമീപനവും സർക്കാർ സ്വീകരിക്കുകയാണ്. സർക്കാരിന്റെ പ്രാഥമിക ചുമതലയായ സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിന് ബഡ്ജറ്റിന് പുറത്തുനിന്ന് കടമെടുപ്പ് നടത്തുന്നതിനായി ഒരു കമ്പനിയെ ഏൽപ്പിച്ചു. എന്നാൽ, നിർണ്ണായക ഘട്ടത്തിൽ സർക്കാർ പ്രസ്തുത കമ്പനിയുടെ തിരിച്ചടവ് ബാധ്യതകളിൽനിന്ന് ഒഴിഞ്ഞുമാറുകയാണുണ്ടായത്. ബഡ്ജറ്റിന് പുറത്തുള്ള വായ്പകൾ സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന് ധനകാര്യ കമ്മീഷന്റെ നിർദ്ദേശമുണ്ടായപ്പോൾ വായ്പ പരിധി

പുനഃസ്ഥാപിച്ച് കിട്ടുന്നതിനായി ഇത്തരത്തിലുള്ള ഉത്തരവിറക്കുകയാണ് സർക്കാർ ചെയ്തത്. ഒരു ഘട്ടം വന്നപ്പോൾ തങ്ങളെ വിശ്വസിച്ച് പണം തന്നവർക്കുള്ള, അതും ചില സഹകരണ ബാങ്കുകൾക്ക് കൊടുക്കേണ്ട ഗ്യാരന്റി പിൻവലിക്കുന്ന ദയനീയമായ ചിത്രമാണ് നമ്മൾ കണ്ടത്. ഇതൊരു മിസ് മാനേജ്മെന്റിന്റെ ലക്ഷണമായി ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ ബഡ്ജറ്റിന് പുറത്തുള്ള കടമെടുപ്പുകളെ സംബന്ധിച്ച് കേന്ദ്ര ധനകാര്യ കമ്മീഷൻ പറഞ്ഞത് നമ്മൾ കാണേണ്ടതാണ്. നാട്ടിൽ നിലവിലുള്ള ഒരു വ്യവസ്ഥയെക്കുറിച്ചാണ് അവർ പറയുന്നത്. സമാനതകളില്ലാത്തവിധം നമ്മൾ കടമെടുത്തുകൊണ്ടിരിക്കുകയാണ്. കിഫ്ബി ഒരു സമാന്തര ബഡ്ജറ്റും ഭരണഘടനാപരിധിക്ക് പുറത്തുള്ള സ്ഥാപനവുമായി മാറിയിരിക്കുന്നു. അഞ്ച് വർഷംകൊണ്ട് 50,000 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച കിഫ്ബി ഉയർന്ന പലിശയ്ക്ക് വൻതോതിൽ കടമെടുത്തെങ്കിലും പ്രതീക്ഷിച്ചതിന്റെ 20% പദ്ധതികൾപോലും ഇതിനകം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കിഫ്ബിയുടെ പ്രധാന വരുമാന സ്രോതസ്സ് സംസ്ഥാനത്തിന്റെ സഞ്ചിതനിധിയാണ്. മോട്ടോർ വെഹിക്കിൾ നികുതിയിൽ ലഭിക്കുന്ന തുകയും പെട്രോളിയം ഉല്പന്നങ്ങൾക്ക് ചുമത്തിയിരിക്കുന്ന സെസ്സുമാണ് സർക്കാരിന്റെ സഞ്ചിതനിധിയിൽനിന്നും കിഫ്ബിയിലേയ്ക്ക് വരുന്നത്. കിഫ്ബിയുടെ കാര്യത്തിൽ ഗവൺമെന്റിന് ഉത്തരവാദിത്വമില്ലെന്ന് പറയാൻ കഴിയില്ല. ഈ കടത്തിനും നമ്മൾ തന്നെയാണ് ഉത്തരവാദി. കടം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് ധനസംബന്ധമായ ഉത്തരവാദിത്വത്തെക്കുറിച്ചാണ് ബില്ലിലെ ഭേദഗതിയിൽ പറയുന്നത്. അതുപോലെ ഇക്കാര്യങ്ങൾക്കുവേണ്ടി സാധാരണക്കാരനുമേൽ നികുതിഭാരം കിഫ്ബി വഴിയുണ്ടാക്കുകയാണ്. രണ്ട് ലക്ഷം രൂപവരെ വിലയുള്ള മോട്ടോർ വാഹനങ്ങളുടെ ഒറ്റത്തവണ നികുതി ഒരു ശതമാനം വർദ്ധിപ്പിച്ചു. മോട്ടോർ വാഹന നികുതിയിൽനിന്ന് ലഭിക്കുന്ന വരുമാനം പ്രധാനമായും കിഫ്ബിയുടെ തിരിച്ചടവിനാണ് വിനിയോഗിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 2021 സെപ്റ്റംബർ വരെ ഈ ഇനത്തിൽ 1058.67 കോടി രൂപ കിഫ്ബിക്ക് നൽകിയിട്ടുണ്ട്. നമ്മൾ ജനങ്ങളിൽനിന്നും പിരിച്ചെടുക്കുന്ന തുകയാണ് കിഫ്ബിയുടെ തിരിച്ചടവിനായി നൽകുന്നതെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണിത്. വരും വർഷങ്ങളിലും കിഫ്ബിയുടെ വലിയ ബാധ്യതകൾ തിരിച്ചടയ്ക്കുന്നതിന് ഈ തുക പോരാതെ വരുമെന്ന സർക്കാർ വിലയിരുത്തലാണ് സാധാരണ ജനങ്ങളുടെമേൽ അധിക നികുതി അടിച്ചേൽപ്പിക്കുന്നതിലേയ്ക്ക് എത്തിച്ചിട്ടുള്ളത്. അതുപോലെ ഭൂനികുതി ഇരട്ടിയായും ഭൂമിയുടെ ന്യായവില പത്ത് ശതമാനമായും വെള്ളക്കരം അഞ്ച് ശതമാനമായും വർദ്ധിപ്പിച്ചു; വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു. പുതിയ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തി; രണ്ട് ലക്ഷം

രൂപ വരെയുള്ള മോട്ടോർ വാഹനങ്ങൾക്ക് ഒറ്റത്തവണ നികുതി ഒരു ശതമാനമായി ഉയർത്തി. ഇത്തരം നികുതി നിർദ്ദേശങ്ങളെല്ലാംതന്നെ സാധാരണക്കാരെയാണ് ബാധിക്കുന്നത്. പ്രാദേശിക സർക്കാരുകളെ തകർച്ചയിലേയ്ക്ക് തള്ളിവിടുന്ന സമീപനം സ്വീകരിച്ചതും സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ പോരായ്മയാണ്. ജനങ്ങളെ കൊള്ളയടിക്കുന്ന പെട്രോൾ വിലവർദ്ധനവാണുണ്ടായിരിക്കുന്നത്. 2016 മുതൽ 2021 വരെ പെട്രോളിയം വിലവർദ്ധനവിലൂടെ ഗവൺമെന്റിന് 2190 കോടി രൂപയാണ് ലഭിച്ചത്. പക്ഷേ, ഈ തുക ഉപയോഗിച്ച് നാട്ടിലെ വിലവർദ്ധനവ് പിടിച്ചുനിർത്താനോ മറ്റ് ആശ്വാസ നടപടികൾ സ്വീകരിക്കാനോ മത്സ്യത്തൊഴിലാളികൾക്കെങ്കിലും ഇന്ധന സബ്സിഡി നൽകാനോ ശ്രമിച്ചില്ല. അതുപോലെ എം.എൽ.എ.മാർക്ക് 5 കോടി രൂപയുടെ പ്രാദേശിക വികസന ഫണ്ടുണ്ട്. അതും പ്രത്യേക വികസനനിധിയും ഉപയോഗിച്ചാണ് നിയോജകമണ്ഡലങ്ങളിലെ കാര്യങ്ങൾ ചെയ്യുന്നത്. നിങ്ങൾക്കും ഞങ്ങൾക്കുമെല്ലാം അത് ബാധകമാണ്. പക്ഷേ, കഴിഞ്ഞ തവണ കോവിഡ് 19-നെ പ്രതിരോധിക്കാൻ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും 4 കോടി രൂപ തിരിച്ചുപിടിക്കുകയുണ്ടായി. ഒരു മണ്ഡലത്തിൽ രണ്ട് ആശുപത്രികൾ വീതം നിർമ്മിക്കുന്നതിനുവേണ്ടി ആ തുക വിനിയോഗിക്കുമെന്ന് പറഞ്ഞപ്പോൾ ആശ്വാസമായി. ഈ തുക എത്ര സ്ഥലത്ത് വിനിയോഗിച്ചിട്ടുണ്ട്? എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും പിരിച്ചെടുത്തത് 564 കോടി രൂപയും വിനിയോഗിച്ചത് വെറും 36 കോടി രൂപയുമാണ്. ചിലയിടങ്ങളിൽ പറഞ്ഞത് 20 കിടക്കകളുള്ള ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുമെന്നും ആവശ്യം കഴിഞ്ഞാൽ ആശുപത്രിയുടെ പർപ്പസിനായി ഉപയോഗിക്കാമെന്നൊക്കെ പറഞ്ഞിരുന്നെങ്കിലും അതൊന്നും നടന്നിട്ടില്ല. കടക്കെണിയിലേയ്ക്ക് പോയതിന്റെ ചരിത്രം പരിശോധിക്കുമ്പോൾ ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി മാത്രമല്ല, മുൻ ധനകാര്യ വകുപ്പുമന്ത്രിയുടെ സമീപനവും വലിയൊരു ഘടകമാണ്. 2006-ൽ ധനകാര്യ വകുപ്പിന്റെ ചുമതലയേറ്റെടുത്തതിനുശേഷം അദ്ദേഹം അവതരിപ്പിച്ച ആദ്യ ബഡ്ജറ്റിൽ പറഞ്ഞതെന്താണ്? ധന ഉത്തരവാദിത്ത നിയമത്തെ പുച്ഛിച്ച് തള്ളിക്കൊണ്ട് വികസനത്തിനാവശ്യമായ പശ്ചാത്തല സൗകര്യം സൃഷ്ടിക്കുന്നതിന് കൂടുതൽ വായ്പയെടുക്കുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നതെന്നാണ്. അങ്ങനെ പറഞ്ഞ് വായ്പയുടെ തോത് നിർബാധം ഉയർത്തിക്കൊണ്ടുവരികയും ഋണസഞ്ചിത നിധിയിലേയ്ക്ക് അടയ്ക്കേണ്ട തുക യഥാസമയം അടയ്ക്കാതിരിക്കുകയും ചെയ്തപ്പോൾ കേരളം കടക്കെണിയിലായി. അതുകൊണ്ടുതന്നെ കേരളത്തിൽ ഇന്ന് പിറന്ന് വീഴുന്ന ഓരോ കുട്ടിയും ഒരു ലക്ഷം രൂപ കടത്തിലാണ് ജനിക്കുന്നത്. ഈ സാഹചര്യത്തിൽ ഈ ബില്ലിലെ വ്യവസ്ഥകളോട് യോജിക്കാൻ കഴിയില്ല.

ശ്രീ. ജി. എസ്. ജയലാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. ബാലചന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. 2022-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ധനകമ്മി, റവന്യൂകമ്മി എന്നിവയെക്കുറിച്ച് വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. 66 വർഷമായി തുടരുന്ന കേരള മന്ത്രിസഭയിലെ പല ധനകാര്യ വകുപ്പുമന്ത്രിമാരും കമ്മി ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിന്റെ പ്രഥമ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സി. അച്യുതമേനോൻ 34.7 കോടിയുടെ കമ്മി ബഡ്ജറ്റാണ് അവതരിപ്പിച്ചത്. ഇപ്പോഴത് ഉദ്ദേശം 11000 ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ടെന്നതാണ് യാഥാർത്ഥ്യം. റവന്യൂകമ്മി അല്ലെങ്കിൽ ഫിസ്കൽ ഡെഫിസിറ്റ് വർദ്ധിച്ചുവരുന്നതിന്റെ വസ്തുതകൾ താരതമ്യപ്പെടുത്തുമ്പോൾ ഇവിടെ നേരത്തെ ശ്രീ. എൻ. ഷംസുദ്ദീൻ സൂചിപ്പിച്ചത് ശരിയല്ല. കിഫ്ബി പ്രവർത്തിക്കുന്നതും അതിന്റെ വികസന നിർമ്മാണ പ്രവർത്തനങ്ങൾ അനുസ്യൂതം മുന്നോട്ട് കൊണ്ടുപോകുന്നതും കേരളത്തിന്റെ സഞ്ചിതനിധിയുമായി ബന്ധപ്പെട്ടല്ല. ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ വരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് യാതൊരു അധിക ചെലവുമുണ്ടാകുന്നില്ലെന്ന് അടിവരയിട്ട് പറഞ്ഞിരിക്കുകയാണ്. കിഫ്ബിയും സംസ്ഥാന സഞ്ചിതനിധിക്ക് കോട്ടം തട്ടാത്ത വിധത്തിലാണ് ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളത്. 15-ാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം 2003-ലെ ധന ഉത്തരവാദിത്ത വിനിയോഗ ബില്ലിൽ നിർബന്ധമായും ചില മാറ്റങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. ആ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ ബിൽ ഇപ്പോൾ അവതരിപ്പിക്കുന്നത്. ഈ ബിൽ പ്രയോഗത്തിൽ വന്നാൽ 2026 ആകുമ്പോൾ റവന്യൂകമ്മി കുറച്ചുകൊണ്ടുവരാൻ കഴിയുമെന്നുള്ളതാണ് വസ്തുത. 2026 ആകുമ്പോൾ 1.7%, 1.85%, 2.3% എന്ന വിധത്തിൽ റവന്യൂകമ്മി കുറച്ചുകൊണ്ടുവന്ന് ബഡ്ജറ്റ് ബലപ്പെടുത്താനും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും സാധിക്കുമെന്നുള്ളതാണ് ഈ ബില്ലിലെ പരമപ്രധാനമായ കാര്യം. കാലിനനുസരിച്ച് ചെരുപ്പ് മുറിക്കണോ അതോ ചെരുപ്പിനനുസരിച്ച് കാല് മുറിക്കണോ എന്നുള്ളതാണ് ചോദിക്കാനുള്ളത്. കാലല്ല, ചെരുപ്പാണ് മുറിക്കേണ്ടതെന്ന അഭിപ്രായമാണ് നമുക്കുള്ളത്. അതുകൊണ്ട് ആസൂത്രണത്തിലാണ് മാറ്റം വരുത്തേണ്ടത്. ജി.എസ്.ടി. നടപ്പാക്കിയ ഘട്ടത്തിലുണ്ടായിരുന്ന നിർദ്ദേശം സംസ്ഥാനങ്ങൾക്ക് 41% നികുതി വരുമാനം വിട്ടുകൊടുക്കുമെന്നാണ്. എന്നാൽ ജി.എസ്.ടി നടപ്പാക്കിയതിനുശേഷം

കേന്ദ്രത്തിന്റെ വരുമാനത്തിൽ 5.32 ട്രില്യൺ വർദ്ധവുണ്ടായപ്പോൾ സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന നികുതി വിഹിതം കുറയുകയാണുണ്ടായത്. ആരാണ് ഇതിന് ഉത്തരവാദി? കാലാകാലങ്ങളിൽ ലഭിക്കേണ്ട നികുതി വിഹിതം ലഭിച്ചില്ലെങ്കിൽ അത് വന്നുചേരുന്ന സഞ്ചിത നികുതിയുടെ പ്രവർത്തനം വേണ്ടവിധത്തിൽ നിർവ്വഹിക്കാൻ കഴിയാതെ വരികയും സംസ്ഥാനങ്ങൾ കൂടുതൽ കമ്മി ബഡ്ജറ്റ് അവതരിപ്പിക്കാൻ നിർബന്ധിതരാകുകയും ചെയ്യും. എത്ര സംസ്ഥാനങ്ങളാണ് മിച്ച ബഡ്ജറ്റ് അവതരിപ്പിക്കുന്നത്? കേവലം ഒന്നോ രണ്ടോ സംസ്ഥാനങ്ങൾ ഉണ്ടായിരിക്കാം. അതും കേന്ദ്ര ഗവൺമെന്റിന്റെ കയ്യയഞ്ഞ സഹായമുള്ളതുകൊണ്ടാണ് അവർക്ക് അങ്ങനെ ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിയുന്നത്. എന്തുകൊണ്ടാണ് ഈ ആധുനിക കാലത്ത് കേരളം പോലുള്ള സംസ്ഥാനങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലെത്തുന്നത്? 'ഒരു രാജ്യം ഒരൊറ്റ നികുതി' എന്നത് കോ-ഓപ്പറേറ്റീവ് ഫെഡറലിസവും വ്യവഹാര വ്യവസ്ഥയും ജനാധിപത്യ സമ്പ്രദായവും നിലനിൽക്കുന്ന നാടിനെ സംബന്ധിച്ച് സ്വീകരിക്കാവുന്ന മാർഗ്ഗമാണോ? ജീവിതായോധനത്തിലും വരുമാനത്തിലും വ്യത്യസ്തതകളുള്ള ഇന്ത്യൻ സംസ്ഥാനങ്ങളെ ഒരൊറ്റ രാത്രികൊണ്ട് ഒരു നികുതി സമ്പ്രദായത്തിനുകീഴിൽ കൊണ്ടുവരികയെന്നത് വാസ്തവത്തിൽ ഇന്ത്യൻ ഫെഡറലിസത്തിന്റെ ചിറകരിയുന്നതിന് സമാനമാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥ കരുപ്പിടിപ്പിക്കുന്നതിനാവശ്യമായ സഹായം കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്നില്ലെന്നുമാത്രമല്ല നികുതിയിനത്തിൽ ലഭിക്കേണ്ട വരുമാനംപോലും യഥാസമയം ലഭിക്കുന്നില്ല. ആളോഹരി വരുമാനത്തിന്റെ കാര്യത്തിൽ ഒരു ലക്ഷം രൂപ ഒരു പൗരന് കടം വരുന്ന രീതിയിലാണിപ്പോൾ കടം വാങ്ങികൊണ്ടിരിക്കുന്നതെന്ന് ശ്രീ. എൻ. ഷംസുദ്ദീൻ സൂചിപ്പിക്കുകയുണ്ടായി. കേരളം മൂന്ന് നാട്ടുരാജ്യങ്ങൾ ചേർന്ന് ഐക്യകേരളമായി പിറവിയെടുത്തശേഷം ഒന്നാം കേരള മന്ത്രിസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഇരുപത്തിയഞ്ച് രൂപ പതിനഞ്ച് പൈസ നിരക്കിൽ കേരളത്തിൽ ഒരോരുത്തർക്കും കടമുണ്ടായിരുന്നു. അത് അനുദിനം വർദ്ധിച്ച് ഈ അവസ്ഥയിൽ എത്തിച്ചേർന്നു. കേന്ദ്ര സർക്കാരിന്റെ തെറ്റായ നികുതി നയങ്ങൾ സംക്ഷിപ്തമായി പരിശോധിച്ചാൽ ഇത്രയധികം കടമുണ്ടാകുന്നതെങ്ങനെയെന്ന് മനസ്സിലാകും. 2025-26 സാമ്പത്തിക വർഷം കേരളത്തിന്റെ ധനകമ്മി, സാമ്പത്തികകമ്മി, റവന്യൂകമ്മി എന്നിവ സർക്കാരിന് മാർജിനലൈസ് ചെയ്യാൻ കഴിയുന്ന തരത്തിലുള്ള ആസൂത്രണത്തിനുവേണ്ടിയാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബില്ലിനെ സർവ്വാത്മനാ പിന്തുണയ്ക്കുകയും ബിൽ നിയമമാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. രണ്ടാം തരത്തിൽ പഠിക്കുന്ന ഏഴ് വയസ്സുള്ള എന്റെ ഇളയ മകന്, 'പപ്പയുടെ സ്വന്തം അപ്പൂസ്' എന്ന ചിത്രത്തിലെ ഒരു ഗാനം വളരെ ഇഷ്ടമാണ്.

'ഓലത്തുമ്പത്തിരുന്നൂയലാടും ചെല്ലപ്പൈങ്കിളീ എന്റെ ബാലഗോപാലനെ എണ്ണ തേപ്പിക്കുമ്പം പാടടീ'....

യഥാർത്ഥത്തിൽ ഈ ഗാനം കേൾക്കുമ്പോൾ എനിക്ക് നെഞ്ചിടിപ്പ് വർദ്ധിക്കുകയാണ്. നമ്മുടെ കാലശേഷം ഭാവിതലമുറ കേരളത്തിലെങ്ങനെ ജീവിക്കും എന്നതിനെക്കുറിച്ച് എന്റെ മനസ്സിൽ വളരെയധികം ആശങ്കയുണ്ട്. സാമ്പത്തിക രംഗത്ത് കേരളം തീർത്തും പ്രതീക്ഷയില്ലാത്ത സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ്. ഞാനിവിടെ രാഷ്ട്രീയം പറയുന്നില്ല. ശക്തമായ സാമ്പത്തിക സ്ഥിതിയുള്ള സംസ്ഥാനമായി കേരളത്തെ എങ്ങനെ മാറ്റാമെന്ന് 140 എം.എൽ.എ.-മാരും ഒരുമിച്ചിരുന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇന്നിവിടെ ജനിച്ചുവീഴുന്നൊരു കുട്ടിക്ക് ഒരു ലക്ഷം രൂപയാണ് പ്രതിശീർഷ കടം എന്നത് നാം വിസ്മരിക്കരുത്. ഇതിന് കാരണമെന്താണ്? തത്വദീക്ഷയില്ലാതെ കടം വാങ്ങുന്ന പ്രവണതയാണ് കേരളത്തെ ഈ അവസ്ഥയിലെത്തിക്കുന്നത്. ധനകമ്മിക്ക് ആനുപാതികമായി കടം വീട്ടുന്നതെങ്ങനെയാണ്? ധനകമ്മിക്ക് ആനുപാതികമായ കടത്തിലൂടെയാണ് മാറി വരുന്ന സർക്കാരുകൾ ഇത് പരിഹരിക്കുന്നതെന്ന് ഞാൻ കരുതുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന് യാതൊരു സുസ്ഥിര നിർദ്ദേശങ്ങളും സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ലെന്ന് സൂചിപ്പിക്കുകയാണ്. എവിടെ നിന്നൊക്കെ കടം കിട്ടുമോ അതൊക്കെ വാങ്ങുക എന്നതാണോ ഒരു സർക്കാരിന്റെ സാമ്പത്തിക ഉത്തരവാദിത്വം? പ്രതിശീർഷ കടം വർദ്ധിച്ച് വരുന്നതിനനുസരിച്ച് ചെലവ് ചുരുക്കുന്നില്ല. ഇത്രയേറെ സാമ്പത്തിക പ്രതിസന്ധിയുണ്ടാകുമ്പോഴും കാറുകളും മറ്റു വാഹനങ്ങളും വാങ്ങുന്ന കാര്യത്തിൽ ഒരു കുറവും ഈ സർക്കാർ വരുത്തുന്നില്ല. പല സംസ്ഥാനങ്ങളിലും വകുപ്പുകൾക്കാവശ്യമുള്ള വാഹനങ്ങൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്ന പതിവാണുള്ളത്; സ്വന്തമായി വാങ്ങുകയില്ല. എല്ലാ മേഖലകളും നഷ്ടത്തിന്റെ പാതയിലാണ്. പൊതുമേഖല സ്ഥാപനങ്ങൾ വലിയ നഷ്ടത്തിലേയ്ക്ക് പോകുന്നുവെന്നത് യാഥാർത്ഥ്യമല്ലേ? കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം കൊടുക്കണമെങ്കിൽ തുക സർക്കാർ നൽകേണ്ട അവസ്ഥയാണ്. കെ.എസ്.ആർ.ടി.സി.-യെ എന്തിനാണിങ്ങനെ മുന്നോട്ടുകൊണ്ടുപോകുന്നത്?

സംസ്ഥാന സർക്കാരിന് നടത്തിക്കൊണ്ടുപോകാൻ കഴിയുന്നില്ലെങ്കിൽ അത് സ്വകാര്യവൽക്കരിക്കണമെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. അതിന് എതിർപ്പുണ്ടെങ്കിൽ വിദേശ മലയാളികളെക്കൊണ്ട് കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം നടത്തിക്കുന്ന രീതിയിലുള്ള പുതിയ പദ്ധതികൾ കൊണ്ടുവരണം. അത്തരത്തിൽ എന്തെങ്കിലും ചെയ്തില്ലെങ്കിൽ ഇത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയില്ല. വർദ്ധിച്ചുവരുന്ന അഴിമതി, ദുർച്ചെലവുകൾ, കടം ഇതെല്ലാം ഒരുപരിധിവരെ കേരളത്തെ കടക്കെണിയിലാക്കുകയാണ്. ഇവിടെ വ്യക്തമായ ജനനയമില്ല. അതുണ്ടാക്കണമെന്നാണ് ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രശസ്തനായ ധനകാര്യ വിദഗ്ദ്ധനായിരുന്നു തൊട്ടുമുമ്പുള്ള ധനകാര്യ വകുപ്പുമന്ത്രി. കിഫ്ബി ഉടങ്ങിയ കാലഘട്ടം മുതലാണ് ഈ ദുർസ്ഥിതി ആരംഭിച്ചെന്നത് പറയാതിരിക്കാൻ വയ്യ. കേരളം എവിടേയ്ക്കാണ് പോകുന്നത്; ഇതെങ്ങനെ പരിഹരിക്കാൻ കഴിയും; ഇക്കാര്യങ്ങൾ ജി.എസ്.ടി.-യുടെ പേരു പറഞ്ഞുകൊണ്ട് ഒഴിവാക്കാൻ കഴിയുന്നതാണോ? നമ്മൾ കൂട്ടായി ചിന്തിക്കേണ്ട കാര്യങ്ങളാണിത്. നമ്മുടെ ആഭ്യന്തര വരുമാന മാർഗ്ഗം വർദ്ധിപ്പിക്കേണ്ടതില്ലേ; നമ്മളത് വർദ്ധിപ്പിക്കുന്നുണ്ടോ? അതിനുവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്. അനാവശ്യ ചെലവുകൾ ചുരുക്കണം. ഏതൊക്കെ മേഖലയിലാണത് വേണ്ടതെന്ന് നാം തിരിച്ചറിയണം. കേരളത്തിലിപ്പോൾ സർവ്വകലാശാലകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കേരള കാർഷിക സർവ്വകലാശാല വിഭജിച്ച് വെറ്ററിനറി/കാർഷിക/ഫിഷറീസ് സർവ്വകലാശാലകളാക്കി മാറ്റി. ഫിഷറീസ് സർവ്വകലാശാലയിൽ രണ്ടായിരത്തിൽ താഴെ കുട്ടികൾ മാത്രമേയുള്ളൂ. സർവ്വകലാശാലകൾ വിഭജിക്കുമ്പോൾ ചെലവ് കൂടുകയാണ്. എന്തുകൊണ്ട് ഇവയെ ഒരുമിപ്പിച്ച് ചെലവുകൾ കുറച്ചുകൊണ്ടുവരാൻ കഴിയുന്നില്ല? വിവിധ സർവ്വകലാശാലകളെ ഒന്നാക്കി പുതിയ രീതിയിലുള്ള സർവ്വകലാശാലകൾ വിദേശ രാജ്യങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ മൂന്ന് സർവ്വകലാശാലകളെയും ഒന്നാക്കിക്കൊണ്ട് ദുർവ്യയം അവസാനിപ്പിക്കാനാവശ്യമായ കാര്യങ്ങൾ ചെയ്യണം. നമുക്ക് ടെക്നിക്കൽ, സർവ്വകലാശാലയുണ്ട്, കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുണ്ട്. ഇതെല്ലാം ഒറ്റ സർവ്വകലാശാലയാക്കി മാറ്റി എണ്ണം ചുരുക്കുകയാണെങ്കിൽ അതിലൂടെതന്നെ ധാരാളം പണം ലാഭിക്കാൻ കഴിയും. പ്രതിവർഷം 82,000 കോടി രൂപയാണ് കേരളം കാർഷിക മേഖലയിൽ ഭക്ഷ്യോല്പന്നങ്ങൾക്കുവേണ്ടി ചെലവിടുന്നത്. അയൽസംസ്ഥാനങ്ങളിലും വിദേശത്തും നിന്ന് ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിന് മലയാളി ഒരു വർഷം 82,000 കോടി രൂപ മുടക്കുന്നു. ജന്തുജന്യ ഉല്പന്നങ്ങളായ പാൽ, മുട്ട, ഇറച്ചി, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ തുടങ്ങി വളർത്തുമൃഗങ്ങളുടെ ഭക്ഷണവസ്തുക്കൾ വരെ ഇതിൽ ഉൾപ്പെടുന്നുണ്ട്. ഇവയിൽ എത്ര ശതമാനം നമുക്ക് ഉൽപാദിപ്പിച്ച് കേരള

വിപണിയിൽ ലഭ്യമാക്കാൻ സാധിക്കും? നമ്മുടെ ആഭ്യന്തരോല്പാദനം വർദ്ധിപ്പിച്ചാൽ മാത്രമേ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ. അതിനുള്ള എന്തെങ്കിലും ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ടോയെന്ന് ചോദിച്ചാൽ ഇല്ലെന്നുതന്നെയായിരിക്കും മറുപടി. കാർഷിക മേഖലയിൽ ഇപ്പോൾ കൃഷി ഒരു അഗ്രി ബിസിനസ്സാണ്. ഒരുകാലത്ത് ഭക്ഷ്യ സംസ്കരണത്തിലേയ്ക്കൊക്കെ നീങ്ങുന്നതിന് നമ്മൾ കൂടുതൽ പ്രാധാന്യം കൊടുത്തു. പക്ഷെ കർഷകരെല്ലാം അതിൽ നിന്ന് മാറുന്നു. എങ്ങനെയാണ് അത്തരത്തിലൊരു പ്രവണതയുണ്ടാകുന്നതെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. കാർഷിക മേഖലയിൽ വലിയ തോതിൽ നഷ്ടമുണ്ടാകുന്നു. കാർഷിക മേഖലയിൽനിന്ന് സർക്കാർ പിൻവലിയുന്നതുകൊണ്ടാണ് ജനങ്ങൾ ഈ മേഖലയിൽനിന്നും പിന്നോട്ട് പോകുന്നതെന്നത് ഒരു യാഥാർത്ഥ്യമാണ്. ഇവിടെ നാണ്യവിളകളുടെയും റബ്ബറിന്റെയും വില കുറയുന്നു. ഇത്തരത്തിൽ കാർഷിക മേഖലയിലും പ്ലാന്റേഷൻ മേഖലയിലുമൊക്കെ വലിയ പ്രതിസന്ധിയാണുള്ളത്. ഇതൊക്കെ സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തെയാണ് ബാധിക്കുന്നത്. ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കാൻ പരിശ്രമിക്കേണ്ടിയിരിക്കുന്നു. കോവിഡ് സാഹചര്യങ്ങളും പ്രകൃതി ദുരന്തങ്ങളും സൃഷ്ടിച്ച അരക്ഷിതാവസ്ഥയിൽ നിന്ന് കരകയറാൻ കേരളത്തിന് ഇനിയും കഴിഞ്ഞിട്ടില്ല. ആഭ്യന്തര വരുമാനം എങ്ങനെ വർദ്ധിപ്പിക്കണമെന്നത് സംബന്ധിച്ച് ഭരണാധികാരികൾ മാറി ചിന്തിക്കണം. എങ്ങനെ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കാനാകുമെന്നതും കൂടുതൽ ജനങ്ങളെ കാർഷിക മേഖലയിലേയ്ക്ക് കൊണ്ടുവരാൻ കഴിയുമെന്നതും സംബന്ധിച്ച ചിന്താഗതി നമുക്കുണ്ടാകണം. ഭക്ഷ്യക്കിറ്റ് കൊണ്ടുമാത്രം നമുക്ക് മുന്നോട്ട് പോകാൻ കഴിയുമോ; എത്ര കോടി രൂപയാണ് അതിനായി ചെലവഴിക്കുന്നത്; അതിനുള്ള സാമ്പത്തികശേഷി സംസ്ഥാന സർക്കാരിനുണ്ടോ? കിറ്റ് കൊടുത്താൽ അല്ലെങ്കിൽ എന്തെങ്കിലും സൗജന്യങ്ങൾ കൊടുത്താൽ ജനങ്ങൾ വളരും, കേരളം വളരുമെന്നാണ് ഭരണാധികാരികൾ ചിന്തിക്കുന്നതെങ്കിൽ കേരളം വരളുമെന്നാക്കി മാറ്റണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വ്യവസായ മേഖലയിലെ പ്രതിസന്ധിയിൽനിന്നും കരകയറാൻ ശ്രമിക്കണം. വ്യവസായ മേഖലയിൽ തീർത്തും നഷ്ടത്തിലായ പൊതുമേഖല സ്ഥാപനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ലെങ്കിൽ ഉപേക്ഷിക്കുകയാണോ നല്ലതെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

മി. സ്പീക്കർ: അക്കാര്യം ഇന്നലെ ഇവിടെ വിശദമായി ചർച്ച ചെയ്തതാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വേൾഡ് ഇക്കണോമിക് ഫോറത്തിന്റെയും ഐ.എം.എഫ്.-ന്റെയും ഫണ്ട് കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഐ.എം.എഫ്.-ന്റെ വേൾഡ് ഇക്കണോമിക് ഫോറത്തിൽ

കേരളത്തിൽനിന്ന് ഒരു പ്രതിനിധിപോലും പങ്കെടുത്തില്ല. തമിഴ്നാട് പങ്കെടുത്തപ്പോൾ ഏകദേശം ഒരുലക്ഷം കോടി രൂപയുടെ നിക്ഷേപമാണ് വന്നതെന്നത് യാഥാർത്ഥ്യമല്ലേ? അയൽസംസ്ഥാനങ്ങളായ കർണ്ണാടകവും തെലങ്കാനയുമൊക്കെ ഇതിലേയ്ക്ക് നിക്ഷേപങ്ങൾ കൊണ്ടുവന്നു. കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനുപകരം സംരംഭകർ അയൽസംസ്ഥാനങ്ങളിൽ പോയി നിക്ഷേപിക്കുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. നികുതി വർദ്ധിപ്പിക്കാൻ കഴിയുന്നത് എങ്ങനെയാണെന്ന് ചിന്തിക്കണം. ഫിൻലാൻഡിൽ ഒന്നിൽക്കൂടുതൽ മൊബൈൽ ഉപയോഗിക്കുന്നവർക്ക് നികുതിയുണ്ട്. അങ്ങനെ നികുതി ഏർപ്പെടുത്തിയാൽ എത്ര രൂപ ലഭിക്കും? വളർത്തുമൃഗങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഓമനമൃഗങ്ങളെ വളർത്തുന്നതിന് അഡീഷണൽ ടാക്സ് ചുമത്താം. വളർത്തുമൃഗങ്ങളുടെ ഭക്ഷണം വിദേശരാജ്യങ്ങളിൽനിന്ന് കൊണ്ടുവരുന്നുണ്ട്. അതിന് അഡീഷണൽ ടാക്സ് ചുമത്താം. നമുക്കാവശ്യമുള്ള വൈനും ബിയറുമൊക്കെ ഇവിടത്തെ ഫ്രൂട്ട്സ് ഉപയോഗിച്ച് ഉല്പാദിപ്പിക്കുകയാണെങ്കിൽ അതിലൂടെ ആഭ്യന്തര വരുമാനമുണ്ടാക്കാൻ കഴിയും. നീരയെക്കുറിച്ചാണ് നമ്മൾ ഏറ്റവും കൂടുതൽ പറഞ്ഞത്. മുൻ കൃഷി വകുപ്പുമന്ത്രിയാണ് നീരയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുത്തത്. ഇന്ന് അതിനെ പ്രോത്സാഹിപ്പിക്കുന്നില്ല. ആ മന്ത്രിയുടെ പേര് ഞാൻ പറയുന്നില്ല. നീരയെ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ അതിലൂടെ അഡീഷണൽ ടാക്സ് കൊണ്ടുവരാൻ കഴിയും. സംരംഭകർക്ക് പ്രോത്സാഹനം കൊടുക്കണം. അനാവശ്യമായ തസ്തികകൾ ഒഴിവാക്കിയും സമാന സ്വഭാവമുള്ള സ്ഥാപനങ്ങൾ ഒരുമിപ്പിച്ചും ടാക്സ് വർദ്ധിപ്പിക്കാൻ സാധിക്കും. രാഷ്ട്രീയത്തിനതീതമായ കാര്യങ്ങൾ മാത്രമാണ് ഞാൻ പറഞ്ഞത്. അടുത്ത തലമുറയ്ക്ക് ഇവിടെ ജീവിക്കാനുള്ള സാമ്പത്തികശേഷിയുണ്ടാക്കണമെന്ന കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, ഈ ബിൽ സംസ്ഥാനത്തിന്റെ ധനസംബന്ധമായ ഉത്തരവാദിത്വം കൂടുതൽ കൃത്യമാക്കാനും ചിട്ടപ്പെടുത്താനും വേണ്ടിയാണ് കൊണ്ടുവന്നിട്ടുള്ളത്. ആദ്യം സംസാരിച്ച ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത് ചെലവ് കൂട്ടുന്നതിനുവേണ്ടിയാണ് ഈ ബിൽ എന്നാണ്. വിയോജിപ്പ് രേഖപ്പെടുത്താനാകും അദ്ദേഹമത് പറഞ്ഞത്. എന്നാൽ, ചെലവും കടവും കുറയ്ക്കുന്നതിനാണ് ഈ ബിൽ. ഇതിൽ 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിൽ സർക്കാർ റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കേണ്ടതാണെന്ന നിർദ്ദേശം വരികയുണ്ടായി. 2021-22 മുതൽ 2025-26 വരെ ഓരോ വർഷവും 0.5%, 0.8%, 1.2%, 1.7%, 2.5% എന്ന ക്രമത്തിൽ റവന്യൂ

മിച്ചം വർദ്ധിപ്പിക്കേണ്ടതാണ്. ധനകമ്മിക്കുള്ളിൽ ലഭ്യമാകുന്ന മൊത്തം വായ്പയും മൂലധന ചെലവുകൾക്ക് വേണ്ടിയുള്ളതാണെന്നതാണ് രണ്ടാമത്തെ പ്രധാനപ്പെട്ട കാര്യം. 2025-26 ആകുമ്പോൾ ധനകമ്മി 3 ശതമാനത്തിലേയ്ക്ക് കുറച്ചുകൊണ്ടുവരണമെന്നാണ് ഈ ബിൽ നിഷ്കർഷിക്കുന്നത്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം സംസ്ഥാന ആഭ്യന്തരോല്പാദനത്തിന്റെ 34.7 ശതമാനത്തിൽനിന്ന് ഘട്ടംഘട്ടമായി 32 ശതമാനമെന്ന നിലയിലേയ്ക്ക് കുറച്ചുകൊണ്ടുവരണമെന്നാണ് 15-ാം ധനകാര്യ കമ്മീഷൻ പറഞ്ഞിട്ടുള്ളത്. അതനുസരിച്ചാണ് അഖിലേന്ത്യാടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ ധനസംബന്ധമായ ഉത്തരവാദിത്ത നിയമമനുസരിച്ച് സംസ്ഥാനങ്ങളും ആ ചിട്ടയിലേയ്ക്ക് വരേണ്ടത്. അതാണ് ഈ നിയമത്തിന്റെ ഉദ്ദേശ്യം. യഥാർത്ഥത്തിൽ ഇങ്ങനെ വരുന്ന കടം വർദ്ധിക്കുന്ന അവസ്ഥയെ നിയന്ത്രിച്ചുകൊണ്ടുവരിക എന്നതുതന്നെയാണ് ഇതിന്റെ ഉദ്ദേശ്യം. ഗവൺമെന്റ് അതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. 1957 മുതലുള്ള കണക്കുകൾ ഇവിടെ പറഞ്ഞു. സംസ്ഥാനത്ത് 1957-ൽ സി. അച്യുതമേനോൻ അവതരിപ്പിച്ചതാണ് ആദ്യത്തെ കമ്മി ബഡ്ജറ്റ്. അന്ന് 34 കോടി രൂപയായിരുന്നു. അതിനുമുമ്പ് മിച്ച ബഡ്ജറ്റുകളായിരുന്നു. 1956-ലെ കേരളമാണോ ഇന്ന്; ഇന്ത്യയിൽ ഇന്ന് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് കേരളമാണ്. 40 വർഷങ്ങൾക്കുമുമ്പ് സ്വാമി വിവേകാനന്ദൻ കേരളത്തിൽ വന്നപ്പോൾ പറഞ്ഞത് നമുക്കറിയാമല്ലോ. ജാതി-മത വിവേചനം, മറ്റ് സാമ്പത്തിക പ്രശ്നങ്ങൾ, പട്ടിണി മരണം എന്നിവയൊക്കെ ഉണ്ടായിരുന്ന കാലമാണത്. എല്ലാവർക്കും സ്വന്തമായി ഭൂമിയും സൗകര്യങ്ങളുമുണ്ടായ കേരളത്തിന്റെ വളർച്ച തമസ്കരിച്ചുകൊണ്ട് ഇങ്ങനെയൊരു പ്രസംഗം ഇവിടെ നടത്തിയിട്ട് എന്താണ് കാര്യം? ഇ.എം.എസ്. മന്ത്രിസഭയിൽ ധനകാര്യ വകുപ്പുമന്ത്രിയായ സി. അച്യുതമേനോൻ അവതരിപ്പിച്ച ബഡ്ജറ്റ് മുതൽ ഇങ്ങോട്ടുവരുമ്പോൾ കേരളം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ എത്രയോ വ്യത്യസ്തമാണ്!അതിനുമുമ്പ് കേരളം എല്ലാ മേഖലയിലും ഇത്രയും മുന്നിലല്ലായിരുന്നുവെന്ന കാര്യം മനസ്സിലാക്കേണ്ടതാണ്. സാമൂഹിക-സാംസ്കാരിക-സാമ്പത്തിക മേഖലകളിലെ വളർച്ചയ്ക്ക് ഇവിടെയിരിക്കുന്ന പ്രതിപക്ഷത്തിനും ഭരണപക്ഷത്തിനും പങ്കുണ്ട്. ഇവിടെ സംസാരിക്കുന്നത് രേഖകളിൽ വരുന്നതുകൊണ്ടാണ് ഇതുപറയാൻ നിർബന്ധിതമാകുന്നത്. അവർ പറഞ്ഞതെല്ലാം രേഖയിൽ വരുമ്പോൾ ഞാൻ മറുപടി പറഞ്ഞില്ലെങ്കിൽ രേഖയിൽ അതുമാത്രമായിരിക്കും കാണുന്നത്. കുറച്ചുവർഷങ്ങൾ കഴിഞ്ഞ് ആളുകൾ രേഖകളെടുത്ത് നോക്കുമ്പോൾ ബഹുമാനപ്പെട്ട ശ്രീ. എൻ. ഷംസുദ്ദീനും ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലും പറഞ്ഞതുമാത്രമേയുള്ളൂവെന്ന് ഗവേഷക വിദ്യാർത്ഥികളടക്കമുള്ളവർക്ക് തോന്നും. അതുകൊണ്ട് 2000-01-ൽ കേരളത്തിന്റെ

ആകെ കടം 26,259 കോടി രൂപയായിരുന്നു. അന്ന് അത് ആകെയുള്ള വരുമാനത്തിന്റെ 36.14% ആയിരുന്നു. ഇന്ത്യ ഗവൺമെന്റിന്റെ കണക്കെടുത്ത് നോക്കിയാൽ കഴിഞ്ഞ വർഷം 63.32 ശതമാനവും അനൗദ്യോഗിക കണക്കനുസരിച്ച് 69 ശതമാനവുമാണ് ഇന്ത്യയുടെ ആകെ ജി.ഡി.പി.-യുടെ കടബാധ്യത. ഈ കണക്കുകളെല്ലാം നമ്മുടെ മുന്നിലുണ്ട്, അതിവിടെ വിതരണം ചെയ്തിട്ടുമുണ്ട്. 2003-04-ൽ ഭരിക്കുന്നത് ആരാണെന്ന് ഞാൻ പറയേണ്ട കാര്യമില്ല. അന്ന് കേരളത്തിന്റെ കടബാധ്യത ജി.എസ്.ഡി.പി.-യുടെ 40.49% ആണ്. അത് നോട്ട് ചെയ്യുന്നത് നന്നായിരിക്കും. 2003-2004-ൽ 40.49 ശതമാനമായി കടം ഉയർന്നുവന്നു. ഇത് അന്നത്തെ കണക്കാണ്. ഇതൊന്നും എന്റെ കൈവശമുള്ള കണക്കല്ല. 2011-12-ൽ വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് ആകെ 94,820 കോടി രൂപയായിരുന്നു കടബാധ്യത. ജി.എസ്.ഡി.പി.-യുടെ 26.05 ശതമാനമായി കുറയുകയാണുണ്ടായത്. പിന്നീട് ഈ കടം പതുക്കെ വർദ്ധിക്കുകയും 2015-16-ൽ വീണ്ടുമൊരു ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അതിന്റെ ശതമാനത്തിൽ വർദ്ധനവുണ്ടാകുകയും ചെയ്തു. ഏതായാലും അപ്പോൾ 30 ശതമാനത്തിന് മുകളിൽ പോയിട്ടില്ല. ഒന്നാം പിണറായി വിജയൻ സർക്കാരിന് മുമ്പുള്ള ഭരണകാലത്തും 30 ശതമാനത്തിനടുത്തായിരുന്നു. 2019-20-ലും 2020-21-ലുമൊക്കെ കോവിഡിന്റെ കാലത്താണ് കടബാധ്യത വർദ്ധിച്ചത്. അന്ന് കേന്ദ്ര ഗവൺമെന്റ് പറഞ്ഞ അഞ്ച് ശതമാനമെന്ന പരിധിക്കകത്ത് നിന്നാണ് കടമെടുത്തിട്ടുള്ളത്. കോവിഡിന്റെ പിരീഡ് കഴിഞ്ഞതിനാൽ ഇപ്പോൾ ഈ കടം കുറച്ചുകൊണ്ടുവരണമെന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്, അതിനുള്ള ശ്രമമാണ് നടക്കുന്നത്. ആർ.ബി.ഐ.-യുടെയും ശ്രീലങ്കയുടെയും കാര്യമൊക്കെ നേരത്തെ പറഞ്ഞതാണ്. അത്തരമൊരു പ്രതിസന്ധിയിലേയ്ക്ക് പോകുന്ന അവസ്ഥയല്ല നമുക്കുള്ളത്. കേന്ദ്ര സർക്കാർ നമുക്കുള്ള വിഹിതം വെട്ടിക്കുറയ്ക്കുകയാണ്. ഇന്ത്യയിലെ ആകെ ആഭ്യന്തര വരുമാനത്തിന്റെ 64 ശതമാനത്തോളം കേന്ദ്ര ഗവൺമെന്റിനാണ് ലഭിക്കുന്നത്. കേരളത്തിന് മാത്രമല്ല, മറ്റെല്ലാ സംസ്ഥാനങ്ങൾക്കും 33 ശതമാനമേ ലഭിക്കുന്നുള്ളൂ. ചെലവിന്റെ കാര്യം വരുമ്പോൾ 63 ശതമാനവും സംസ്ഥാനങ്ങളാണ് നിർവ്വഹിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന് 34 ശതമാനത്തിനടുത്തേയുള്ളൂ. ഇത് ഞാൻ പറഞ്ഞതല്ല, ധനകാര്യ കമ്മീഷന്റെ കണക്കുകൾ സൂചിപ്പിക്കുന്നതാണ്. ഇത്രയും നീതികേട് ഈ നാട്ടിലെ സംസ്ഥാനങ്ങളോട് കാണിക്കുന്ന, ഫിസ്കൽ ഫെഡറലിസത്തെ ബാധിക്കുന്ന തലത്തിലേയ്ക്ക് കാര്യങ്ങൾ ചെയ്യുന്ന കേന്ദ്ര സർക്കാരിനെ സംബന്ധിച്ച് വിശദമായി കഴിഞ്ഞ ദിവസവും ചർച്ച ചെയ്തതാണ്. ബഹുമാന്യരായ പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവുമുൾപ്പെടെ എല്ലാവരും ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കാൻ നിൽക്കുന്നതിൽ വളരെ സന്തോഷമുണ്ട്. ഫിസ്കൽ

ഫെഡറലിസത്തിനൊരു പ്രശ്നമുണ്ട്. ഭാവിയിൽ കേരളം മുന്നോട്ടുപോകണമെങ്കിൽ അത് നമുക്ക് നോക്കിയേ കഴിയൂ. അതിനനുസരിച്ചുള്ള സ്പിരിറ്റിൽത്തന്നെയാണ് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്. കേരളത്തിന് നെഗറ്റീവ് ഗ്രോത്തില്ല, നികുതിയിലായാലും ജി.എസ്.ടി. വരുമാനത്തിലായാലും ഗ്രോത്തുണ്ട്. 28% ടാക്സുണ്ടായിരുന്ന 250-ലധികം ഇനം സാധനങ്ങളുടെ ടാക്സ് കുറച്ചത് കേന്ദ്ര ജി.എസ്.ടി. കൗൺസിലാണ്. സംസ്ഥാനത്തിന്റെ അഭിപ്രായം വ്യത്യസ്തമാണ്, ആഡംബര സാധനങ്ങളുടെ ടാക്സ് കൂട്ടണമെന്നതാണ് നമ്മുടെ അഭിപ്രായം. അത് കുറച്ചതിന്റെ ഭാഗമായി വലിയ തോതിൽ നികുതി കുറഞ്ഞു. ആകെ ലഭിച്ചുകൊണ്ടിരുന്നത് 16 ശതമാനമായിരുന്നെങ്കിൽ ഇപ്പോൾ 11 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. ഇത് കേന്ദ്ര സർക്കാരിന്റെ ടാക്സേഷൻ പോളിസിയുടെ ഫലമായുണ്ടായതാണ്. ആംനസ്റ്റി സ്കീമിലൂടെ കാര്യങ്ങൾ നന്നായി ചെയ്യാനും പണമെത്തിക്കാനുമാണ് ശ്രമിക്കുന്നത്. ഇവിടെ തെറ്റിദ്ധാരണാജനകമായ ഒരു പ്രസ്താവനയുണ്ടായി. ഒരു വശത്തുകൂടി സോഷ്യൽ സെക്യൂരിറ്റി ആസ്പെക്ടുകൾ കുറയ്ക്കുകയാണെന്ന് പറയുകയും മറുവശത്തുകൂടി അതിന് ചെയ്യുന്ന കാര്യങ്ങളെ എതിർക്കുകയുമാണ് ചെയ്യുന്നത്. സാമൂഹ്യ സുരക്ഷ കമ്പനിയുടെ പ്രവർത്തനം സാമൂഹ്യ സുരക്ഷ പെൻഷൻ നൽകാൻ വേണ്ടിയാണ്. ഒരുകാര്യത്തിലും പുറകോട്ട് പോയിട്ടില്ല. ഈ ഓണത്തിനുമുമ്പ് 60 ലക്ഷത്തോളം പേരുടെ കയ്യിൽ 3,200 രൂപ വീതം എത്തിയിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന കയർ, കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കും തോട്ടം തൊഴിലാളികൾക്കുമുൾപ്പെടെ ബോണസ് എത്തിക്കാൻ സാധിച്ചിട്ടുണ്ട്. ആലപ്പുഴയിലെ അടച്ചിട്ട തുറമുഖത്തെ ഓരോ തൊഴിലാളികൾക്കും 5,200 രൂപയിലധികം നൽകിയിട്ടുണ്ട്. പൊതുമേഖലയിൽ ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി പറഞ്ഞു. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത് സാമൂഹ്യ സുരക്ഷ പെൻഷൻ കമ്പനിയുടെ ഗ്യാരന്റി പിൻവലിച്ചെന്നാണ്, സർക്കാരിന്റെ ഗ്യാരന്റി പിൻവലിച്ചിട്ടില്ല. ഗ്യാരന്റിയുള്ള ധാരാളം പ്രോജക്ടുകളുണ്ട്. ഗ്യാരന്റിയുള്ള പ്രോജക്ടുകളെത്തന്നെ ഓഫ് ബഡ്ജറ്റാക്കാൻ അവർ ശ്രമിക്കുന്നുവെന്നതാണ്. ബഡ്ജറ്റിൽനിന്ന് നേരെ പ്രൊവിഷൻ കൊടുക്കുന്നതിനുപകരം ആ ഗ്യാരന്റി നിലനിർത്തുന്നുണ്ട്. അത് സാങ്കേതികമായ ഒരു തിരുത്തലാണ്. കിഫ്ബി നിയമം അനുസരിച്ചുള്ള കാര്യങ്ങൾ മാത്രമേ ചെയ്യുന്നുള്ളൂ. കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ചെറിയ ചില നികുതികൾ മാത്രമല്ലാതെ വലുതായൊന്നും വന്നില്ലെന്നാണ് പത്രമാധ്യമങ്ങൾ എഴുതിയത്. 62000-ത്തോളം വരുന്ന 60 വയസ്സ് കഴിഞ്ഞ ആദിവാസികൾക്ക് 1,000 രൂപ വീതം നൽകുന്ന മുഖ്യമന്ത്രിയുടെ പ്രത്യേക പദ്ധതിയെപ്പറ്റി ഇന്നൊരു വാർത്ത വന്നിട്ടുണ്ട്; അത് നൽകിക്കഴിഞ്ഞു. നൽകിക്കഴിഞ്ഞ കാര്യങ്ങളെല്ലാം പ്രത്യേകമൊരു ലിസ്റ്റായി അനൗൺസ്

ചെയ്യുന്നതാണ്. ഇതെല്ലാം സംസ്ഥാനത്തെ ജനങ്ങളെ സഹായിക്കാനുള്ള വിവിധ പദ്ധതികളാണ്. സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യെ സ്വകാര്യവൽക്കരിക്കണമെന്ന് സർക്കാരിന് ആഗ്രഹമില്ല. അമേരിക്കയിൽ ഇപ്പോൾ പോയിട്ടുവന്ന ബഹുമാനപ്പെട്ട എം.എൽ.എ. അവിടെയുള്ള ആളുകളെക്കൊണ്ട് ഇവിടെ നിക്ഷേപം നടത്താനുള്ള കാര്യങ്ങൾ ചെയ്യുന്നത് നല്ലതാണ്. കെ.എസ്.ആർ.ടി.സി.-യെ സ്വകാര്യവൽക്കരിക്കുന്നതല്ലേ നല്ലതെന്നാണ് അദ്ദേഹം ചോദിച്ചത്. ഞങ്ങൾക്ക് അങ്ങനെ അഭിപ്രായമില്ല. അദ്ദേഹത്തിന്റെ ഇളയമകന് ഇഷ്ടപ്പെട്ട ഫാസിലിന്റെ പ്രശസ്തമായ സിനിമയിലെ ഗാനത്തിൽ എന്റെ പേരുകൂടി പരാമർശിക്കുന്നുണ്ട്, അതുകൊണ്ടായിരിക്കും അത് പറഞ്ഞത്. അതുപോലെയുള്ള പാട്ടുകൾ അദ്ദേഹത്തിന്റെ മകന്റെ മകനും മറ്റുകുട്ടികൾക്കുമെല്ലാം പാടാൻ കഴിയുന്ന തരത്തിലേയ്ക്ക് സന്തോഷകരമായ കേരളം പ്രദാനം ചെയ്യാനാണ് സർക്കാർ ശ്രമിക്കുന്നത്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ ചില പൊതുവായ കാര്യങ്ങൾകൂടി പറയുകയാണ്. കെ.എസ്.ആർ.ടി.സി. വാഹനത്തിൽ ഒരാൾ മൂവാറ്റുപുഴയിൽ നിന്ന് യാത്ര തിരിച്ചാൽ കോട്ടയത്ത് എത്തുമ്പോൾ വണ്ടി നിന്നുപോകുകയാണ്. ഇത് കൊണ്ടുനടക്കാൻ പറ്റില്ലെങ്കിൽ സർക്കാരും ജനങ്ങളുമായി പാർട്ട്ണർഷിപ്പ് വേണമെന്നോ അതല്ലെങ്കിൽ വിദേശ മലയാളികളുമായി ബന്ധപ്പെട്ട് പോകണമെന്നോ ആണ്, സ്വകാര്യവത്കരിക്കണമെന്നല്ല ഞാൻ പറഞ്ഞത്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, അദ്ദേഹം തിരുത്തിയത് നന്നായി. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 103 കോടി രൂപ ശമ്പളം നൽകണമെന്ന് കോടതി പറഞ്ഞിട്ടുണ്ട്. അസംബ്ലിയാണ് ബഡ്ജറ്റ് പാസ്സാക്കുന്നത്. അസംബ്ലിയിൽ പാസ്സാക്കുന്ന പണം കൃത്യമായി നൽകണം. കേന്ദ്ര സർക്കാർ 23000 കോടി രൂപ വെട്ടിക്കുറച്ചതുകൊണ്ട് സംസ്ഥാനം വലിയ പ്രതിസന്ധിയിലാണ്. അതുകൊണ്ട് സംസ്ഥാനത്തിന് ബഡ്ജറ്റിനകത്തുനിന്ന് മാത്രമെ കാര്യങ്ങൾ ചെയ്യാൻ സാധിക്കൂ. മാറ്റിക്കൊടുക്കണമെങ്കിൽ വേറെ എവിടെനിന്ന് കുറയ്ക്കണമെന്ന് കോടതി പറയേണ്ടിവരും. എവിടെ നിന്നാണ് കുറയ്ക്കുന്നത്? ഏതായാലും കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് ഓണവുമായി ബന്ധപ്പെട്ട് 50 കോടി രൂപ നൽകുമെന്ന് ഈ സദസ്സിൽ പറയുകയാണ്. നമ്മുടെ പരിമിതിയിൽനിന്നുകൊണ്ട് അവരെ ശക്തിപ്പെടുത്താനുള്ള ശ്രമം തന്നെയാണ് നടത്തുന്നത്. എല്ലാ മേഖലകളിലും അത്തരം കാര്യങ്ങൾ ചെയ്യാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. റബ്ബർ മേഖലയിലെ വിലയിടിവിന്റെ കാര്യത്തിൽ പ്രായോഗികമായ പല കാര്യങ്ങളും ചെയ്യാനാണ് ആഗ്രഹിക്കുന്നത്. കശുവണ്ടി

പരിപ്പ് കിറ്റിൽ ഉൾപ്പെടുത്തിയതുകൊണ്ട് 34 കോടി രൂപ കശുവണ്ടി മേഖലയിൽ നൽകാൻ സാധിച്ചു, അവർക്ക് തൊഴിൽ ലഭിച്ചുവെന്ന് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി പറഞ്ഞല്ലോ. ഏലം കിറ്റിലുൾപ്പെടുത്തിയതുകൊണ്ട് ഒരു കിലോ ഏലയ്ക്കയ്ക്ക് 200 രൂപയെങ്കിലും കൂടി. കുടുംബശ്രീക്കും മറ്റും 150 കോടി രൂപ ആ മേഖലയിലെ തൊഴിലിന് ഗുണം കിട്ടി. അതുപോലെ റബ്ബറിന്റെ കാര്യത്തിൽ 50 കോടി രൂപ റബ്ബറൈസ്ഡ് റോഡിന് മാറ്റിവയ്ക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇപ്പോഴത് ട്രയലായാൽ അടുത്ത വർഷങ്ങളിൽ 10000 ടൺ റബ്ബറെങ്കിലും റബ്ബറൈസ്ഡ് റോഡിനുവേണ്ടി മാറ്റുന്നതോടെ റബ്ബറിന് വില ലഭിക്കും. കഴിഞ്ഞ ദിവസം എം.ജി. യൂണിവേഴ്സിറ്റിയിൽ പോയിരുന്നു, അവരോട് പറഞ്ഞിട്ടുണ്ട് നമ്മൾ ഇതിനും പ്രത്യേകിച്ച് റബ്ബർ മേഖലയിലെ റിസർച്ചിനുവേണ്ടി അഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട് എന്ന്. ട്രാൻസ്ലേഷണൽ ലാബ് എന്ന ആശയമുണ്ട്. ഇപ്പോൾ റബ്ബർ പാൽ ടാറിൽ ചേർക്കുന്നതിൽ പ്രശ്നമുണ്ട്. ഒരു പ്രത്യേക ചൂടിലാണെങ്കിൽ മാത്രമേ റബ്ബർ പാൽ ചേർക്കാൻ സാധിക്കുകയുള്ളൂ. അതിന്റെ പോളിമർ ടെക്നോളജി ഉപയോഗിച്ചുകൊണ്ട് പുതിയ ഗവേഷണങ്ങൾ ഒരു പ്രോജക്ടായി ഏറ്റെടുക്കണം. അങ്ങനെയാണെങ്കിൽ ടാറിൽ റബ്ബർ കുറച്ചുകൂടി സുതാര്യമായി ചേർക്കാൻ സാധിക്കും. ശ്രീ പി. ബാലചന്ദ്രൻ ഉൾപ്പെടെ വളരെ നല്ല ചില നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നൽകിയിട്ടുണ്ട്. നമുക്ക് ഇതെല്ലാം നന്നായി ചെയ്യാൻ സാധിക്കുന്ന തരത്തിൽത്തന്നെയാണ് കാര്യങ്ങൾ പോകുന്നത്. ആകെ ഇവിടെ അപകടമാണെന്ന തരത്തിൽ കാണിച്ച് പ്രസംഗം വന്നതുകൊണ്ടുമാത്രമാണ് ഞാൻ സംസാരിച്ചത്. ജി.എസ്.ടി. കൗൺസിലിൽ ചില നികുതികളെക്കുറിച്ച് പറയേണ്ടിവരും. ഫിൻലാൻഡിന്റെയും സ്കാൻഡിനേവിയയിലെയും കാര്യങ്ങളൊക്കെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. 30 ശതമാനത്തിലധികമാണ് സ്കാൻഡിനേവിയയിലെ ടാക്സ്. സ്കാൻഡിനേവിയയിലെ ജീവിത സൗകര്യങ്ങൾ പോലെ ഏകദേശം കേരളത്തിൽ നൽകാൻ സാധിക്കുന്നുണ്ട്. ഒന്നിലധികം മൊബൈൽ ഫോണുകൾക്കും പെറ്റ് ആനിമൽസിനും നികുതി ഈടാക്കുന്നതു സംബന്ധിച്ച് ചില നല്ല നിർദ്ദേശങ്ങൾ അദ്ദേഹം മുന്നോട്ടുവച്ചിട്ടുണ്ട്. അത്തരം കാര്യങ്ങൾ റെയ്സ് ചെയ്യാം. തദ്ദേശീയമായി വൈനും ബിയറും ഉത്പാദിപ്പിക്കുന്നതിനുള്ള പോളിസി അംഗീകരിച്ച് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം അനൗൺസ് ചെയ്തിരുന്നു. അതിന്റെ റൂൾസായിട്ടുണ്ട്. നമ്മുടെ നാട്ടിലെ പഴങ്ങളൊക്കെ ഉപയോഗിക്കാൻ പറ്റുന്ന തരത്തിൽ കളക്ടീവായി കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ഇവിടെ ഉയർത്തിയ ആശങ്കപോലെ കടം വർദ്ധിച്ച് പോകാതെ 32 ശതമാനത്തിലേയ്ക്ക് കുറച്ചുകൊണ്ടുവരാൻ വേണ്ടിയുള്ള ശക്തമായ ശ്രമത്തിന്റെ ഭാഗമായാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഇത് പാസ്സാക്കുമ്പോൾ

മാത്രമെ അത്തരം കാര്യങ്ങളിൽ കുറച്ചുകൂടി നിയന്ത്രണം വരാൻ സാധിക്കൂ. അതുകൊണ്ട് മൂലനിയമത്തിലുള്ള ഈ ഭേദഗതി അംഗീകരിക്കണമെന്നും ബിൽ പരിഗണനയ്ക്കെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. ബാലചന്ദ്രൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

ശ്രീ. പി. ബാലചന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

151. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "പ്രത്യേകിച്ചും" എന്നതിനുപകരം "ഇതുസംബന്ധിച്ച്" എന്ന് ചേർക്കുക.

205. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ " ചെലവഴിക്കേണ്ടതാണ്" എന്നതിനുശേഷം " ഉറപ്പുവരുത്തേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

152. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "പ്രത്യേകിച്ചും മുൻപറഞ്ഞ" എന്നതിനുപകരം "റവന്യൂ കമ്മി കുറച്ച് റവന്യൂ മിച്ചം ഉണ്ടാക്കുന്നതിനുള്ള" എന്ന് ചേർക്കുക.

168. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ " വരെയുള്ള" എന്നതിനുശേഷം "സാമ്പത്തിക" എന്ന് ചേർക്കുക.

193. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ " വർദ്ധിപ്പിക്കേണ്ടതാണ്" എന്നതിനുപകരം "ഉണ്ടാക്കേണ്ടതാണ്" എന്ന് ചേർക്കുക.

208. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-ൽ " 2024-25 എന്നീ" എന്നതിനുശേഷം " സാമ്പത്തിക" എന്ന് ചേർക്കുക.

246. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (2) (ബി) യുടെ കുറിപ്പ് (ii)-ൽ " നിഷ്കർഷിച്ചിട്ടുള്ള" എന്നതിനുപകരം " നിർദ്ദേശിച്ചിട്ടുള്ള" എന്ന് ചേർക്കുക.

267. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബി) യുടെ കുറിപ്പ് (iii)-ൽ " കഴിയുന്നില്ലെങ്കിൽ" എന്നതിനുപകരം "കഴിയാത്തപക്ഷം " എന്ന് ചേർക്കുക.

294. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(സി)-ൽ "കുറച്ചുകൊണ്ടുവരേണ്ടതാണ്" എന്നതിനുപകരം "കുറച്ചുകൊണ്ടുവരുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

157. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "ഭംഗം" എന്നതിനുപകരം "കോട്ടം" എന്ന് ചേർക്കുക.

174. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ " പൂർണ്ണമായും" എന്നത് ഒഴിവാക്കുക.

196. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ "വികസനത്തിനായി" എന്നതിനുശേഷം "മാത്രം" എന്ന് ചേർക്കുക.

220. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-ൽ "കുറച്ചുകൊണ്ടുവരേണ്ടതാണ്" എന്നതിനുപകരം "കുറച്ചുകൊണ്ടു വരുന്നതാണ്" എന്ന് ചേർക്കുക.

249. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (2) (ബി) യുടെ കുറിപ്പ് (ii)-ൽ " എല്ലാ" എന്നത് ഒഴിവാക്കുക.

272. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (2) (ബി) യുടെ കുറിപ്പ് (iii)-ൽ " തുടർന്നുള്ള" എന്നതിനുപകരം "പിന്നീടുള്ള " എന്ന് ചേർക്കുക.

284. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(സി)-ൽ "മൊത്തം" എന്നത് ഒഴിവാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

171. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ " വർഷങ്ങളിൽ" എന്നതിനുപകരം "കാലയളവിൽ" എന്ന് ചേർക്കുക.

173. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "സർക്കാർ റവന്യൂ കമ്മി" എന്നതിനുപകരം "റവന്യൂ കമ്മി സർക്കാർ" എന്ന് ചേർക്കുക.

187. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ "ഉല്പാദനത്തിന്റെ" എന്നതിനുപകരം "ഉത്പാദനത്തിന്റെ' എന്ന് ചേർക്കുക.

189. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ " എന്നീക്രമത്തിൽ" എന്നതിനുപകരം "എന്ന ക്രമത്തിൽ" എന്ന് ചേർക്കുക.

190. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ " വർദ്ധിപ്പിക്കേണ്ടതാണ്." എന്നതിനുപകരം "വർദ്ധിപ്പിക്കേണ്ടതും" എന്ന് ചേർക്കുക.

195. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ " ധനക്കമ്മി" എന്നതിനുപകരം "ധനകമ്മി" എന്ന് ചേർക്കുക.

204. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ " ചെലവഴിക്കേണ്ടതാണ്" എന്നതിനുപകരം " ചെലവഴിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

210. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-ൽ "ധനക്കമ്മി" എന്ന് വരുന്നിടത്തെല്ലാം പകരം "ധനകമ്മി " എന്ന് ചേർക്കുക.

213. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-ൽ "എന്നീ ക്രമത്തിൽ" എന്നതിനുപകരം "എന്ന ക്രമത്തിൽ " എന്ന് ചേർക്കുക.

214. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-ൽ "2025-2026-ൽ ഇത് " എന്നതിന് "2025-2026-ൽ ധനകമ്മി " എന്ന് ചേർക്കുക.

215. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്4(2)(ബി)-ൽ "അഞ്ച് " എന്നതിനുശേഷം "സാമ്പത്തിക " എന്ന് ചേർക്കുക.

216. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-ൽ "ഉല്പാദനത്തിന്റെ " എന്ന് വരുന്നിടത്തെല്ലാം പകരം "ഉത്പാദനത്തിന്റെ" എന്ന് ചേർക്കുക.

232. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)യുടെ കുറിപ്പ് (i)-ൽ "ഊർജ്ജമേഖലയിലെ" എന്നതിനുപകരം "ഊർജ്ജ മേഖലയിലെ" എന്ന് ചേർക്കുക.

233. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)യുടെ കുറിപ്പ് (i)-ൽ "മേൽപ്പരാമർശിച്ച" എന്നതിനുപകരം "മേൽ പരാമർശിച്ച" എന്ന് ചേർക്കുക.

234. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)യുടെ കുറിപ്പ് (i)-ൽ "ധനക്കമ്മിയുടെ" എന്നതിനുപകരം "ധനകമ്മിയുടെ" എന്ന് ചേർക്കുക.

242. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബി) യുടെ കുറിപ്പ് (ii)-ൽ "മൂലധനചെലവിനധിഷ്ഠിതമായ" എന്നതിനുപകരം"മൂലധന ചെലവിനത്തിലധിഷ്ഠിതമായ" എന്ന് ചേർക്കുക.

243. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബി) യുടെ കുറിപ്പ് (ii)-ൽ "ഊർജ്ജമേഖലയിലെ"എന്നതിനു പകരം "ഊർജ്ജ മേഖലയിലെ" എന്ന് ചേർക്കുക.

244. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബി) യുടെ കുറിപ്പ് (ii)-ൽ "സംസ്ഥാനം ഓരോ" എന്ന വാക്കുകൾക്ക് ഇടയിൽ " , " എന്ന ചിഹ്നം ചേർക്കുക.

257. ഖണ്ഡം (2) പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബി)-യുടെ കുറിപ്പ് (iii)-ൽ "നാലു" എന്നതിനുപകരം "നാല്" എന്ന് ചേർക്കുക.

263. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി) യുടെ കുറിപ്പ് (iii)-ൽ, " ഊർജ്ജമേഖലയിലെ" എന്നതിന് പകരം " ഊർജ്ജ മേഖലയിലെ" എന്ന് ചേർക്കുക.

264. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി) യുടെ കുറിപ്പ് (iii)-ൽ, " പൂർണ്ണമായും" എന്നതിന് മുന്നിൽ " പ്രസ്തുത വർഷം" എന്ന് ചേർക്കുക.

265. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-യുടെ കുറിപ്പ് (iii)-ൽ " വിനിയോഗിക്കാൻ" എന്നതിനുപകരം " വിനിയോഗിക്കുവാൻ" എന്ന് ചേർക്കുക.

271.ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-യുടെ കുറിപ്പ് (iii)-ൽ " കാലയളവിനുള്ളിൽ" എന്നതിനുപകരം " കാലയളവിനുള്ളിലെ" എന്ന് ചേർക്കുക.

288. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(സി)-ൽ " ഉല്പാദനത്തിന്റെ" എന്നതിനുപകരം "ഉത്പാദനത്തിന്റെ" എന്നത് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

172. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ " സർക്കാർ" എന്നതിനുശേഷം "," എന്ന ചിഹ്നം ചേർക്കുക.

188. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ "എന്നീ ക്രമത്തിൽ" എന്നതിനുപകരം "എന്ന നിരക്കിൽ" എന്ന് ചേർക്കുക.

212. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-ൽ "എന്നീ ക്രമത്തിൽ" എന്നതിനുപകരം "എന്ന നിരക്കിൽ " എന്ന് ചേർക്കുക.

270. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-യുടെ കുറിപ്പ് (iii)-ൽ " ഉപയോഗിക്കാത്ത" എന്നതിനുപകരം " വിനിയോഗിക്കാത്ത" എന്ന് ചേർക്കുക.

292. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (സി)-ൽ "ക്രമത്തിലേക്ക്" എന്നതിനുപകരം "നിരക്കിലേക്ക് എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

211. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-യിൽ "മൊത്തം സംസ്ഥാന" എന്നതിനുപകരം "സംസ്ഥാനത്തിന്റെ മൊത്തം " എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

221. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി) താഴെപ്പറയുന്ന പ്രകാരം മാറ്റുക;

“ (ബി) 2021-22, 2022-23, 2023-24 എന്നീ വർഷങ്ങളിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ യഥാക്രമം 4.5 ശതമാനം, 4 ശതമാനം, 3.5 ശതമാനം എന്നീ ക്രമത്തിൽ കുറയ്ക്കുകയും 2024-25-ൽ 3.5 ശതമാനമായിതന്നെ നിലനിർത്തുകയും 2025-26-ൽ ഇത് 3 ശതമാനത്തിലേക്ക് കുറച്ചുകൊണ്ടുവരുന്നതിലൂടെ 2021 ഏപ്രിൽ 1-ന് ആരംഭിച്ച് 2026 മാർച്ച് 31-ന് അവസാനിക്കുന്ന അഞ്ച് വർഷത്തിനുള്ളിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 3 ശതമാനത്തിലേക്ക് കുറച്ചുകൊണ്ടുവരേണ്ടതാണ്.”

മി. സ്പീക്കർ: 153 മുതൽ 156 വരെ 152-ാം നമ്പർ ഭേദഗതിക്കും 158 മുതൽ 160 വരെ 157-ാം നമ്പർ ഭേദഗതിക്കും 166, 167, 169, 170 എന്നീ നമ്പർ ഭേദഗതികൾ 168-ാം നമ്പർ ഭേദഗതിക്കും 175 മുതൽ 177 വരെ 174-ാം നമ്പർ ഭേദഗതിക്കും 191, 192, 194 എന്നീ നമ്പർ ഭേദഗതികൾ 193-ാം നമ്പർ ഭേദഗതിക്കും 197 മുതൽ 199 വരെ 196-ാം നമ്പർ ഭേദഗതിക്കും 206, 207, 209 എന്നീ നമ്പർ ഭേദഗതികൾ 208-ാം നമ്പർ ഭേദഗതിക്കും 217 മുതൽ 219 വരെ 220-ാം നമ്പർ ഭേദഗതിക്കും 241-ാം നമ്പർ ഭേദഗതി 242-ാം നമ്പർ ഭേദഗതിക്കും 245, 247, 248 എന്നീ നമ്പർ ഭേദഗതികൾ 246-ാം നമ്പർ ഭേദഗതിക്കും 250 മുതൽ 252 വരെ 249-ാം നമ്പർ ഭേദഗതിക്കും 266, 268, 269 എന്നീ നമ്പർ ഭേദഗതികൾ 267-ാം നമ്പർ ഭേദഗതിക്കും 273 മുതൽ 275 വരെ 272-ാം നമ്പർ ഭേദഗതിക്കും 285 മുതൽ 287 വരെ 284-ാം നമ്പർ ഭേദഗതിക്കും 293, 295, 296 എന്നീ നമ്പർ ഭേദഗതികൾ 294-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 190, 204, 232, 233, 243, 263 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 190, 204, 232, 233, 243, 263 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 151, 205 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 152, 168, 193, 208, 246, 267, 294 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 157, 174, 196, 220, 249, 272, 284 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 171, 173, 187, 189, 195, 210, 213, 214, 215, 216, 234, 242, 244, 257, 264, 265, 271, 288 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 172, 188, 212, 270, 292 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

107. ദീർഘശീർഷകത്തിൽ "വീണ്ടും" എന്നത് ഒഴിവാക്കുക.

112. പീഠികയിൽ " ഇതിനുശേഷം കാണുന്ന " എന്നതിന് പകരം "താഴെപ്പറയുന്ന " എന്ന് ചേർക്കുക.

138. ഖണ്ഡം 1(2)-ൽ " പ്രാബല്യത്തിൽ" എന്നതിന് പകരം " നിലവിൽ" എന്ന് ചേർക്കുക.

150. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക. " (2) ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്".

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

111. പീഠികയിൽ " ഇതിനുശേഷം കാണുന്ന"എന്നതിന് പകരം "താഴെപ്പറഞ്ഞിരിക്കുന്ന " എന്ന് ചേർക്കുക.

130. ഖണ്ഡം 1 (2)-ൽ " തീയതി" എന്നതിന് ശേഷം " മുതൽ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

116.പീഠികയിൽ "കാണുന്ന" എന്നതിന് പകരം "പറയുന്ന" എന്ന് ചേർക്കുക.

129. ഖണ്ഡം 1 (1)-ൽ " പേര് പറയാം" എന്നതിന് പകരം " നാമകരണം ചെയ്യാം" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

117. പീഠികയിൽ "വീണ്ടും" എന്നത് ഒഴിവാക്കുക.

125. തത്വപ്രഖ്യാപനവാക്യത്തിൽ " താഴെപ്പറയും" എന്നതിന് പകരം " താഴെക്കാണുന്ന" എന്ന് ചേർക്കുക.

142. ഖണ്ഡം 1(2)-ൽ " കരുതപ്പെടേണ്ടതാണ്" എന്നതിന് പകരം "കണക്കാക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

121. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "ആവശ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 108 മുതൽ 110 വരെ 107-ാം നമ്പർ ഭേദഗതിക്കും 113 മുതൽ 115 വരെ 112-ാം നമ്പർ ഭേദഗതിക്കും 118 മുതൽ 120 വരെ 117-ാം നമ്പർ ഭേദഗതിക്കും 122 മുതൽ 124 വരെ 121-ാം നമ്പർ ഭേദഗതിക്കും 126 മുതൽ 128 വരെ 125-ാം നമ്പർ ഭേദഗതിക്കും 131 മുതൽ 134 വരെ 130-ാം നമ്പർ ഭേദഗതിക്കും 135 മുതൽ 137 വരെ 138-ാം നമ്പർ ഭേദഗതിക്കും 139 മുതൽ 141 വരെ 142-ാം നമ്പർ ഭേദഗതിക്കും 147 മുതൽ 149 വരെ 150-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 107, 112, 138, 150 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 111, 130 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 116, 129 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 117, 125, 142 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

2 .04 P.M.]

## VII അറിയിപ്പ്

കാര്യവിവരപ്പട്ടിക ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഇന്നത്തെ കാര്യവിവരപ്പട്ടിക ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട് ഒരു ബിൽകൂടി പരിഗണനയ്ക്കെടുക്കാമെന്ന് പൊതുവിൽ ധാരണയായിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ ഇന്ന് സഭയിൽ അവതരിപ്പിക്കുന്നതാണ്.

# VIII പ്രമേയം

## (1) കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, 2022 ആഗസ്റ്റ് 23-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഭാഗികമായി ഭേദഗതി വരുത്തിക്കൊണ്ട് " 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ ഇന്ന് സഭയിൽ അവതരിപ്പിക്കുന്നതിനും അനന്തരനടപടികൾ കൈക്കൊള്ളുന്നതിനും ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

2.05 P.M. ]

## (2) ചട്ടം സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന " 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ അവതരണത്തിനും തുടർന്നുള്ള പൊതുചർച്ചയ്ക്കുംശേഷം ഇന്ന് പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1)-ലെയും ചട്ടം237-ലെയും വ്യവസ്ഥകളും അതിനനുസൃതമായി ബില്ലിന്റെ തത്വങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിലേയ്ക്കായി ചട്ടം 77-ലെ വ്യവസ്ഥകളും താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

(iii) 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബില്ലിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. ഈ ബിൽ അവതരിപ്പിച്ച വേളയിൽത്തന്നെ ഞങ്ങൾ ഈ പ്രശ്നം ഉയർത്തിയതാണ്. ദേവസ്വം ബോർഡിന്റെ നിയമനങ്ങൾ പബ്ലിക് സർവ്വീസ്

കമ്മീഷന് വിടാൻവേണ്ടി നേരത്തെയുള്ള ഗവൺമെന്റ് ബിൽ കൊണ്ടുവന്നപ്പോൾ അതിലെ സാങ്കേതികമായ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടി അത് അപ്രായോഗികമാണെന്നുള്ള നിലപാട് ഞങ്ങളെടുത്തു. അന്നത്തെ ഗവൺമെന്റ് അത് അംഗീകരിച്ചുകൊണ്ട് ഇത് പി.എസ്.സി.-ക്ക് വിടാതെ ദേവസ്വം ബോർഡിൽ റിക്രൂട്ട്മെന്റ് ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാൻ തീരുമാനിച്ചു. അതേ നിലപാടാണ് ഞങ്ങൾ വഖഫ് ബോർഡിന്റെ കാര്യത്തിലും സ്വീകരിച്ചത്. ദേവസ്വം ബോർഡിൽ എടുത്തതുപോലെയുള്ള സാങ്കേതികവും നിയമപരവുമായ പ്രശ്നങ്ങൾ പി.എസ്.സി.-ക്ക് വിടുമ്പോഴുണ്ടാകും. ദേവസ്വം ബോർഡിൽ റിക്രൂട്ട്മെന്റ് ബോർഡുണ്ടാക്കിയതുപോലെയുള്ള ആൾട്ടർനേറ്റീവ് മെക്കാനിസം വഖഫ് ബോർഡിലും വേണമെന്നാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. ആദ്യമത് ഗവൺമെന്റ് അംഗീകരിക്കാൻ തയ്യാറായില്ല. ഈ ബില്ലിന്റെ അവതരണവേള മുതൽ അത് പാസ്സാക്കരുതെന്ന് ഞങ്ങൾ ശക്തിയായി വാദിച്ചതാണ്. സർക്കാരിന്റെ ഈ തീരുമാനത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നതോടൊപ്പം പൂർണ്ണമായും അതിനെ അംഗീകരിക്കുകയും ചെയ്യുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബില്ലിനെ സ്വാഗതം ചെയ്യുന്നു. എന്റെ ഒരു സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ ഇങ്ങനെയൊരു ബിൽ കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നു. അത് നന്നായി എന്നാണ് സൂചിപ്പിക്കാനുള്ളത്. ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച പ്രൈവറ്റ് മെമ്പേഴ്സ് ബിൽ യഥാർത്ഥത്തിൽ ഇതുതന്നെയാണ്. അതുകൊണ്ട് ഞങ്ങൾക്ക് വ്യത്യസ്തമായി പറയേണ്ടതായി യാതൊന്നുമില്ല. ഇപ്പോൾ ഏതുഘട്ടത്തിലാണെങ്കിലും ഒരു കൺസെൻസസുണ്ടാകുന്നത് നല്ലതാണ്. ജനാധിപത്യത്തിൽ പ്രതിപക്ഷം ക്രിയാത്മകമായി ഉന്നയിക്കുന്ന ഏതെങ്കിലുമൊരു വിഷയം ഭരണപക്ഷം അംഗീകരിക്കുന്നത് കുറച്ചിലല്ല. അതുകൊണ്ട് ആ നിലയിൽ കാണേണ്ട കാര്യമില്ല. ഇവിടെ രൂക്ഷമായി എതിർക്കേണ്ടതിനെ ഞങ്ങൾ എതിർക്കുന്നുണ്ട്. ഇന്നിപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബിൽ ഞങ്ങൾ ഐകകണ്ഠ്യേനയാണല്ലോ പാസ്സാക്കിയത്. പല കാര്യങ്ങളും അങ്ങനെയാണ്. വളരെ ക്രിയാത്മകമായി പ്രവർത്തിക്കുന്ന പ്രതിപക്ഷമാണ് ഇപ്പോഴുള്ളത്. ഞങ്ങൾ പറയുന്നതിൽ കാര്യമുണ്ടെന്ന് മനസ്സിലാക്കിയാൽ മതിയെന്നാണ് പറയാനുള്ളത്. ഏതായാലും ഈ ബിൽ പിൻവലിച്ചത് നന്നായി. ഇത് വലിയ ആലോചനയില്ലാതെ വന്നൊരു നിയമമായിരുന്നു. നിയമം കൊണ്ടുവരുന്നത് എല്ലാവർക്കും ഒരുപോലെ ബാധകമാണെന്നൊരു തത്വമുണ്ട്. അതിന്റെ ചെറിയൊരു ഡീവിയേഷനായിരുന്നു. അത് തിരുത്തിയത് നന്നായി.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ പുതിയ ഭേദഗതി പിൻവലിക്കണമെന്നുപറഞ്ഞ് ബിൽ നമ്പർ 89 ആയി ഞാനൊരു റദ്ദ് ബിൽ കൊടുത്തിരുന്നു. അത് നിയമസഭയിൽ 89-ാം നമ്പരായി നിലവിലുണ്ട്. ഇപ്പോൾ സർക്കാർ ഈ ബിൽ കൊണ്ടുവന്നതിനെ സ്വാഗതം ചെയ്യുകയും ഞാൻ എന്റെ സ്വകാര്യ ബിൽ പിൻവലിക്കുകയും ചെയ്യുന്നു.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഈ ബില്ലുമായി ബന്ധപ്പെട്ട് ബഹുമാന്യരായ പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും സ്വാഗതം ചെയ്ത് സംസാരിച്ചതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകൾ നിയമസഭയിൽ നടന്നു. പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതുപോലെ ഇതിൽ ഭേദഗതി വേണമെന്നല്ലാതെ മറ്റൊരു അഭിപ്രായവും അവസാനഘട്ട ചർച്ചയിൽ ഇവിടെ വന്നിട്ടില്ല. ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങളുടെ റെക്കോർഡുകൾ പരിശോധിച്ചാൽ അത് അറിയാനാകും. ഈ ബില്ലിനെ നിഷേധിക്കുന്നതായി പറഞ്ഞില്ല. നിലവിലുള്ള ഉദ്യോഗസ്ഥരെ നിലനിർത്തിക്കൊണ്ട് ആവശ്യമായ മാറ്റങ്ങൾ വരുത്തണമെന്നുള്ള അഭിപ്രായമാണുണ്ടായത്. അതോടൊപ്പംതന്നെ കേരളത്തിലെ മുസ്ലീം മതനേതാക്കളായ ബഹുമാന്യരായ ജിഫ്രി മുത്തുകോയ തങ്ങൾ, എ. പി. അബൂബക്കർ മുസ്‌ലിയാർ തുടങ്ങി മുജാഹിദിന്റെ നേതാക്കളോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ ബില്ലിൽ മാറ്റം വരുത്താൻ തീരുമാനിച്ചത്. ഈ തീരുമാനത്തെ പ്രതിപക്ഷം സ്വാഗതം ചെയ്തതിലുള്ള സന്തോഷം ഒരിക്കൽക്കൂടി രേഖപ്പെടുത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പ്രതിപക്ഷം ഈ ബില്ലിനെ എതിർത്തില്ലെന്ന് പറയുന്നത് ശരിയല്ല. ഞങ്ങൾ നേരത്തെ പറഞ്ഞ കാര്യം റെക്കോർഡിലുണ്ട്. ദേവസ്വം ബോർഡും വഖഫ് ബോർഡുമായിട്ടൊക്കെ ബന്ധപ്പെട്ട കാര്യങ്ങൾ ഞാൻ പറഞ്ഞതും റെക്കോർഡിലുണ്ട്. പ്രതിപക്ഷ ഉപനേതാവും സംസാരിച്ചിരുന്നു. മാത്രമല്ല, ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ സ്വകാര്യ ബിൽ കൊണ്ടുവന്നിരുന്നു. അദ്ദേഹം തടസ്സവാദം ഉന്നയിക്കുകയും നിരാകരണ പ്രമേയം അവതരിപ്പിക്കുകയും ചെയ്തിരുന്നു. ഇതിന് വേറെ മെക്കാനിസം കൊണ്ടുവരണമെന്നാണ് ആവശ്യപ്പെട്ടത്. അതായത്, നേരിട്ട് വഖഫ് ബോർഡ് നിയമിക്കുന്നതല്ലാതെ വേറെ എന്തെങ്കിലും മെക്കാനിസം കൊണ്ടുവരണമെന്നാണ് പറഞ്ഞത്. പബ്ലിക് സർവ്വീസ് കമ്മീഷന്

വിടുന്നതിനെതിരായി ശക്തമായി ഞങ്ങൾ പ്രതിഷേധം രേഖപ്പെടുത്തിയിരുന്നു. പ്രതിപക്ഷം പറഞ്ഞിട്ടല്ല ഞങ്ങൾ ഈ റദ്ദാക്കൽ ബിൽ കൊണ്ടുവരുന്നതെന്ന് മന്ത്രിക്ക് സ്ഥാപിക്കാനാണെങ്കിൽ ആയിക്കോളൂ. പക്ഷെ, ഈ ബിൽ കൊണ്ടുവന്നതിൽ പ്രതിപക്ഷത്തിനെയല്ല വിശ്വാസത്തിലെടുത്തത്, മുസ്ലീം മതസംഘടന നേതാക്കൾ പറഞ്ഞതുകൊണ്ടാണ് ഞങ്ങൾ ചെയ്തത് എന്ന് വരുത്തിത്തീർക്കണമെങ്കിൽ ഞങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടുമില്ല; യാഥാർത്ഥ്യം ജനങ്ങൾക്കറിയാം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, വഖഫ് ബോർഡ് നിയമനം പി.എസ്.സി.-ക്ക് വിട്ടതുമായി ബന്ധപ്പെട്ട് ഒട്ടേറെ ആശങ്കകൾ സമൂഹത്തിൽ ഉയർന്നുവരികയുണ്ടായി. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പങ്കുവയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിവിധ സമൂഹങ്ങളുമായി ചർച്ച ചെയ്യുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ റദ്ദ് ചെയ്യണമെന്നുള്ള തീരുമാനമെടുത്തത്. ഉന്നതമായ ജനാധിപത്യ മര്യാദ പാലിച്ചും ജനങ്ങളുടെ അഭിപ്രായങ്ങൾ മാനിച്ചുമാണ് ഇത്തരമൊരു തീരുമാനമെടുക്കാൻ സർക്കാർ മുന്നോട്ടുവന്നത്. യാതൊരു തരത്തിലുമുള്ള ദുരഭിമാനവും ഇക്കാര്യത്തിൽ ഗവൺമെന്റിനില്ല. ജനങ്ങളുടെ ആശങ്കകൾ പരിഹരിച്ച് സമാധാന അന്തരീക്ഷം സംരക്ഷിച്ച് മുന്നോട്ടുപോകണമെന്ന കാഴ്ചപ്പാടോടുകൂടിയാണ് ഈ ബിൽ റദ്ദ് ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചത്.

മി. സ്പീക്കർ: 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

മി. സ്പീക്കർ: കഴിഞ്ഞ സഭാ സമ്മേളനം പിരിഞ്ഞതിനുശേഷം അവകാശലംഘന നോട്ടീസുകളൊന്നും ലഭിച്ചിട്ടില്ല.

2.16 P.M. ]

## IX പെരുമാറ്റച്ചട്ട ലംഘന പ്രശ്നങ്ങൾ

### പരിഗണനയിലിരിക്കുന്നവ

മി. സ്പീക്കർ: പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിയുടെ അഖിലേന്ത്യ പഠന പര്യടനത്തിന്റെ ഭാഗമായി ജമ്മുകാശ്മീർ സന്ദർശിച്ച വേളയിൽ സമിതി അംഗമായ ഡോ. കെ. ടി. ജലീൽ, രാജ്യത്തിന്റെ അഖണ്ഡതയെ ചോദ്യം ചെയ്യുന്ന തരത്തിൽ 12-8-2022-ന് ഫേസ് ബുക്കിൽ പോസ്റ്റ് ചെയ്ത കുറിപ്പിലൂടെ നിയമസഭാംഗങ്ങളുടെ പെരുമാറ്റത്തിലെ ചട്ടം 27, 49 എന്നിവയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചിരിക്കുന്നുവെന്ന് ആരോപിച്ചുകൊണ്ട് ഡോ. മാത്യു കുഴൽനാടൻ നൽകിയ പെരുമാറ്റച്ചട്ട ലംഘന നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

2.17 P.M. ]

## X പ്രമേയം

### സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയുടെ സന്ദർശനത്തിന്റെ ഭാഗമായി പോയിരിക്കുകയാണ്. അതുകൊണ്ട് സമ്മേളനം അവസാനിപ്പിക്കുന്നതിനുള്ള പ്രമേയം ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി അവതരിപ്പിക്കേണ്ടതാണ്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

2.18 P.M.]

## XI അവലോകനം

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനം 7 ദിവസത്തെ സിറ്റിംഗ് പൂർത്തിയാക്കി ഇന്ന് അവസാനിക്കുകയാണ്. 2022 ആഗസ്റ്റ് 22-ാം തീയതി ആരംഭിച്ച് സെപ്റ്റംബർ 2-ാം തീയതി വരെ ആകെ 10 ദിവസം സമ്മേളിക്കാനാണ് കലണ്ടർ തയ്യാറാക്കിയിരുന്നതെങ്കിലും ആഗസ്റ്റ് 22-ാം തീയതി ചേർന്ന കാര്യോപദേശക സമിതി യോഗത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സമ്മേളന ദിനങ്ങൾ 7 ആയി ചുരുക്കിയത്.

2022 ജൂലൈ 21-ാം തീയതി സമാപിച്ച അഞ്ചാം സമ്മേളന കാലയളവിൽ നിലവിലുണ്ടായിരുന്ന 12 ഓർഡിനൻസുകൾ അവയുടെ കാലാവധി അവസാനിക്കുന്നമുറയ്ക്ക് പുനഃപ്രഖ്യാപിക്കാൻ കഴിയാതെ വരികയും അവ റദ്ദായിപ്പോകുകയും ചെയ്തതുമൂലം ഉളവായ അസാധാരണ സ്ഥിതിവിശേഷം മറികടക്കുന്നതിനാണ് വളരെ പെട്ടെന്ന് ഈ സമ്മേളനം ചേരേണ്ടിവന്നത്. സമ്മേളനത്തിന്റെ ആദ്യദിനമായ ആഗസ്റ്റ് 22-ാം തീയതി ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75 സംവത്സരങ്ങൾ അനുസ്മരിച്ചുകൊണ്ടുള്ള പ്രത്യേക യോഗമായിരുന്നു. സ്വാതന്ത്ര്യത്തിന്റെ സ്മരണകളുയർത്തിക്കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും നടത്തിയ പ്രസംഗങ്ങൾ ഉന്നത നിലവാരം പുലർത്തുന്നവയായിരുന്നു.

പുനഃപ്രഖ്യാപനം നടത്താൻ കഴിയാത്തതുമൂലം റദ്ദായിപ്പോയ 12 ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ ഈ സമ്മേളനം പരിഗണിക്കുകയും അവയിൽ 11 എണ്ണം പാസ്സാക്കുകയും ഒരു ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. അതിനുപുറമെ 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബില്ലും സഭ ഇന്ന് പാസ്സാക്കുകയുണ്ടായി.

ഈ സമ്മേളനകാലത്ത് ചട്ടം 50 പ്രകാരമുള്ള 6 നോട്ടീസുകളാണ് സഭ മുമ്പാകെ വന്നത്. കൂടാതെ 12 ശ്രദ്ധ ക്ഷണിക്കലുകൾ 81 സബ്മിഷനുകൾ എന്നിവ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിക്കുകയും ബന്ധപ്പെട്ട മന്ത്രിമാരിൽനിന്നും മറുപടികൾ ലഭ്യമാകുകയും ചെയ്തു. ഈ സമ്മേളനത്തിൽ 2022 ആഗസ്റ്റ് 22 മുതൽ സെപ്റ്റംബർ 01 വരെയുള്ള 6 ചോദ്യ ദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്ര ചിഹ്നമിടാത്തതുമായി ആകെ 2516 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭ്യമായത്. ഇതിൽ 3 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 8 എണ്ണം പിൻവലിക്കുകയും ചെയ്തു.

ശേഷിച്ചവയിൽ 180 എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 2323 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 2503 ചോദ്യമാണ് അന്തിമമായി അനുവദിക്കപ്പെട്ടത്. ഇതിൽ നക്ഷത്രചിഹ്നമിട്ട 180 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1869 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഈ സമ്മേളനകാലത്തുതന്നെ ഉത്തരം ലഭ്യമാക്കിയിട്ടുണ്ട്. 454 ചോദ്യങ്ങൾക്കുള്ള മറുപടി ഇനിയും ലഭിക്കേണ്ടതുണ്ട്.

ചോദ്യോത്തരവേളകളിൽ 21 ചോദ്യങ്ങൾ വാക്കാൽ മറുപടി നൽകുന്നതിനായി പരിഗണിച്ചിട്ടുണ്ട്. 137 അവസരങ്ങളിലായി 156 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു. അടിയന്തര ചോദ്യത്തിനായി രണ്ട് നോട്ടീസ് ലഭിക്കുകയും ഒരെണ്ണം അനുവദിക്കുകയും ചെയ്തു. പതിമൂന്നാം കേരള നിയമസഭയുടെയും പതിനാലാം കേരള നിയമസഭയുടെയും വിവിധ സമ്മേളനങ്ങളിലെയും പതിനഞ്ചാം കേരള നിയമസഭയുടെ ഒന്ന് മുതൽ അഞ്ച് വരെയുള്ള സമ്മേളനങ്ങളിലെയും മറുപടിയോ അന്തിമ മറുപടിയോ ലഭ്യമാക്കാതിരുന്ന ചോദ്യങ്ങളിൽ 33 എണ്ണത്തിന്റെ ഉത്തരം ചട്ടം 47(2) പ്രകാരമുള്ള കാലതാമസപത്രിക സഹിതം ഈ സമ്മേളനകാലത്ത് സഭയിൽ സമർപ്പിക്കുകയുണ്ടായി.

വിവിധ സമ്മേളനങ്ങളിലെ നക്ഷത്രചിഹ്നമിടാത്ത 3 ചോദ്യങ്ങളുടെ ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവന ഈ സമ്മേളനത്തിൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. ബഹുമാന്യരായ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി, വനം-വന്യജീവി വകുപ്പുമന്ത്രി, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി, ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി, പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി, മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി, ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി, മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി എന്നിവർ ഈ സമ്മേളനത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഇതിനകം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ എല്ലാ മന്ത്രിമാരും ഈ മാതൃക സ്വീകരിക്കേണ്ടതാണ്. ഇനിയും മറുപടി നൽകാനുള്ള എല്ലാ ചോദ്യങ്ങൾക്കും പൂർണ്ണമായ മറുപടി ചട്ടം അനുശാസിക്കുംവിധം യഥാസമയം ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്ന് ചെയർ ഓർമ്മിപ്പിക്കുന്നു. ആറാം സമ്മേളനത്തിൽ ആകെ 231 രേഖകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുകയും വിവിധ നിയമസഭാ സമിതികളുടെ 11 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായുള്ള 2 വെള്ളിയാഴ്ചകളിലേയും സമ്മേളനം ഒഴിവാക്കപ്പെട്ട സാഹചര്യത്തിൽ ഈ സമ്മേളനകാലത്ത് അതുമായി ബന്ധപ്പെട്ട ഒരു നടപടിയിലേയ്ക്കും കടക്കാൻ കഴിഞ്ഞില്ലെന്ന കാര്യം സ്വയം വിമർശനപരമായി പരിശോധിക്കപ്പെടേണ്ടതാണ്.

സഭയുടെ അഞ്ചാം സമ്മേളനം 2022 ജൂലൈ 21-ാം തീയതി അവസാനിച്ചത് പൂർണ്ണമായും നിയമനിർമ്മാണത്തിനായി ഒരു പ്രത്യേക സമ്മേളനം 2022 ഒക്ടോബർ-നവംബർ മാസത്തിൽ ചേരാമെന്ന പ്രഖ്യാപനത്തോടെയാണ്. എന്നാൽ തികച്ചും അപ്രതീക്ഷിതമായി രൂപപ്പെട്ട ചില സാഹചര്യങ്ങൾ തരണം ചെയ്യുന്നതിനായിട്ടാണ് നിയമനിർമ്മാണത്തിന് മാത്രമായി ഈ ഹ്രസ്വ സമ്മേളനം ചേരാനിടയായത്. ചുരുങ്ങിയ ദിനങ്ങൾ മാത്രമാണ് ഈ സമ്മേളനം ചേർന്നതെങ്കിലും നമുക്കൊക്കെ അഭിമാനിക്കാവുന്ന തരത്തിലുള്ള ഒരു ഫലപ്രാപ്തിയോടുകൂടിയാണ് ഇതവസാനിക്കുന്നത്. ഈ സമ്മേളനത്തിൽ 7 ദിവസങ്ങളിലായി 47 മണിക്കൂർ 15 മിനിറ്റ് സഭ യോഗം ചേരുകയുണ്ടായി. അതിൽ 25 മണിക്കൂർ 15 മിനിറ്റ് സമയവും നിയമനിർമ്മാണത്തിനായാണ് വിനിയോഗിച്ചത്. ശരാശരി ഒരു ബില്ലിന് 2 മണിക്കൂറാണ് മാറ്റിവയ്ക്കപ്പെട്ടത്. ചെയറിന്റെ ശ്രദ്ധയിൽ വന്ന മറ്റൊരു പ്രത്യേകത നിയമനിർമ്മാണ ചർച്ചയിൽ ഭൂരിപക്ഷം സമയവും അതതു ബില്ലുകളിലെ വ്യവസ്ഥയിൽ മാത്രം ഒതുങ്ങിനിന്നുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗങ്ങളും ബഹുമാനപ്പെട്ട മന്ത്രിമാരും സംസാരിച്ചത് എന്നതാണ്. ഇത് അങ്ങേയറ്റം മാതൃകാപരമായിരുന്നുവെന്ന് വിലയിരുത്തുകയാണ്. അതുപോലെ ഏറെ ചർച്ച ചെയ്യപ്പെട്ട കേരള ലോകായുക്ത (ഭേദഗതി) ബിൽ, കേരള സർവകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച് സഭയിൽ നടന്ന സംവാദങ്ങൾ ഏതൊരു നിയമനിർമ്മാണ സഭയ്ക്കും മാതൃകയാക്കാവുന്ന തരത്തിലായിരുന്നു എന്നതുകൊണ്ടുതന്നെ ഈ സഭയുടെ അദ്ധ്യക്ഷനെന്ന നിലയിൽ ചെയർ അഭിമാനിക്കുകയാണ്. പതിമൂന്ന് ബില്ലുകളിലായി ആകെ 5179 ഭേദഗതികൾ സഭ മുമ്പാകെ വരികയുണ്ടായി. അവയിൽ അംഗീകരിക്കാൻ യോഗ്യതയുള്ള 73 ഭേദഗതികൾ ബന്ധപ്പെട്ട മന്ത്രിമാർ സ്വീകരിക്കാൻ തയ്യാറായി. ഇതുമൂലം പ്രസ്തുത ബില്ലുകൾ നിയമമാകുമ്പോൾ അത് കൂടുതൽ ശക്തവും സമ്പുഷ്ടവുമായി മാറുകയാണ്. ഇതും കേരള നിയമസഭയുടെ മാത്രം

ഒരു പ്രത്യേകതയായി കാണാവുന്നതാണ്. ഇനിയും നിയമമാകാനുള്ള നിരവധി സുപ്രധാന ബില്ലുകൾ പ്രസിദ്ധീകരിക്കപ്പെട്ട് സഭ മുമ്പാകെ അവശേഷിക്കുന്ന സാഹചര്യത്തിൽ നിയമനിർമ്മാണത്തിനായി ഈ വർഷം ഒരു സമ്മേളനംകൂടി ചേരേണ്ടതുണ്ടോ എന്നത് സർക്കാർ പരിശോധിക്കുമെന്നാണ് ചെയർ കരുതുന്നത്.

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം സമുചിതമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി സ്വാതന്ത്ര്യ സമരാനുഭവങ്ങൾ പങ്കുവയ്ക്കുന്ന വിപുലമായ ഒരു ഓഡിയോ-വീഡിയോ ചിത്ര പ്രദർശനം നിയമസഭാ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 10 മുതൽ 24 വരെ നിയമസഭാ പരിസരത്ത് സംഘടിപ്പിച്ചിരുന്നു. വൻതോതിലുള്ള സ്വീകരണമാണ് പ്രസ്തുത പ്രദർശനത്തിന് പൊതുജനങ്ങളിൽനിന്നും ലഭിച്ചത്. ഇത്തരത്തിലുള്ള പ്രദർശനം ബഹുമാനപ്പെട്ട അംഗങ്ങൾക്ക് തങ്ങളുടെ മണ്ഡലത്തിൽ സംഘടിപ്പിക്കാൻ അവസരമൊരുക്കിയിട്ടുണ്ട്. താൽപ്പര്യമുള്ള അംഗങ്ങൾ സെപ്റ്റംബർ 30-ാം തീയതിക്കകം ഇക്കാര്യം നിയമസഭാ സെക്രട്ടറിയെ രേഖാമൂലം അറിയിച്ചാൽ അതിന് വഴിയൊരുക്കാവുന്നതാണെന്ന് അറിയിക്കുന്നു. സഭയുടെ ആറാം സമ്മേളന നടപടികൾ വിജയിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ്, വിവിധ കക്ഷി നേതാക്കൾ, മറ്റ് സഭാംഗങ്ങൾ എന്നിവർ കാണിച്ച സഹകരണം അങ്ങേയറ്റം മാതൃകാപരമായിരുന്നു, എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. അതുപോലെ സമ്മേളനം വിജയിപ്പിക്കാനാവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ നിയമസഭാ സെക്രട്ടേറിയറ്റിലെയും വിവിധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ, പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർ, വിവിധ സേനാ ഉദ്യോഗസ്ഥർ എന്നിവർക്കും ചെയർ നന്ദി അറിയിക്കുന്നു. എല്ലാവർക്കും ഹൃദ്യമായ ഓണാശംസകൾ നേരുന്നു.

ഓർഡർ.......... ഓർഡർ.......... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ 15-ാം കേരള നിയമസഭയുടെ ആറാം സമ്മേളനം 2022 സെപ്റ്റംബർ മാസം 1-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.27-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു).

## അനുബന്ധം-1

നക്ഷത്രചിഹ്നമിട്ട 152 -ാം നമ്പർ ചോദ്യത്തിന്റെ 'ബി' പിരിവിന് മുഖ്യമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

സോണി ജോർജ് പ്രതിയായിട്ടുള്ള കേസുകളുടെ വിവരം

| SI no | Police Station | CR No | Section of Law | Brief of case | ടിയാന്റെ പ്രതി സ്ഥാനം |
|---|---|---|---|---|---|
| 1 | എറണാകുളം സെൻട്രൽ | 1414/ 2019 | 143, 147, 283, 149 IPC | അഭിമന്യു കേസിലെ മുഴവൻ പ്രതികളെയും അറസ്റ്റ് ചെയ്യണമെന്നും അഭിമന്യുവിന്റെ പേരിലുള്ള സ്മാരക നിർമ്മാണം നിർത്തിവയ്ക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഏകദേശം 12 -ഓളം KSU പ്രവർത്തകർ നിയമവിരുദ്ധമായി സംഘം ചേർന്ന് 1-6-2019-ൽ എറണാകുളം കളക്ടർ ബംഗ്ലാവിലേയ്ക്ക് പ്രകടനം നടത്തി റോഡിൽ കുത്തിയിരുന്ന് മുദ്രാവാക്യം വിളിച്ച് അതുവഴി വന്ന വാഹനങ്ങൾക്കും കാൽനട യാത്രക്കാർക്കും മാർഗ്ഗതടസ്സം സൃഷ്ടിച്ച കാര്യത്തിന് രജിസ്റ്റർ ചെയ്ത കേസ്. | 8 |
| 2 | എറണാകുളം സെൻട്രൽ | 2053/ 2019 | 143, 283, 149 IPC | 29-11-2019-ൽ തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി കോളേജിൽ SFI-KSU പ്രവർത്തകർ | 13 |

| | | | | | |
|---|---|---|---|---|---|
| | | | | തമ്മിലുള്ള സംഘർഷത്തിൽ KSU സംസ്ഥാന പ്രസിഡന്റിന് പരിക്ക് പറ്റിയതിൽ പ്രതിഷേധിച്ച് എറണാകുളം DCC പ്രസിഡന്റിന്റെ നേതൃത്വത്തിൽ കോൺഗ്രസ്സിന്റെയും യൂത്ത്കോൺഗ്രസ്സിന്റെയും 1 മുതൽ 16 പേർ ഉൾപ്പെടെ കണ്ടാലറിയാവുന്ന 30-ഓളം പ്രവർത്തകർ നിയമവിരുദ്ധമായി സംഘം ചേർന്ന് എറണാകുളം DCC ജംഗ്ഷന് സമീപമുള്ള എം.ജി. റോഡിന്റെ പടിഞ്ഞാറ് പാതയിൽ കുത്തിയിരുന്ന് മുദ്രാവാക്യം വിളിച്ച് അതുവഴി വന്ന വാഹനങ്ങൾക്കും കാൽ നടയാത്രക്കാർക്കും മാർഗ്ഗതടസ്സം സൃഷ്ടിച്ച കാര്യത്തിന് രജിസ്റ്റർ ചെയ്ത കേസ്. | |
| 3 | എറണാകുളം സെൻട്രൽ | 358/ 2019 | 143, 147, 283, 188 & 149 IPC | കാസർഗോഡ് യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരുടെ കൊലപാതകവുമായി ബന്ധപ്പെട്ട് ആഹ്വാനം ചെയ്ത ഹർത്താലിനോടനുബന്ധിച്ച് കണ്ടാലറിയാവുന്ന 100-ഓളം കോൺഗ്രസ്സ് പ്രവർത്തകരായ പ്രതികൾ നിയമവിരുദ്ധമായി സംഘം ചേർന്ന് | 3 |

| | | | | | |
|---|---|---|---|---|---|
| | | | | 18-2-2019-ന് രാവിലെ 11.00 മണിയോടെ എറണാകുളം ഡി.സി.സി. ജംഗ്ഷനിൽ നിന്നും Hospital Jn, Shanmugam Road വഴി Menaka Jn വരെ ജാഥ നടത്തി അതുവഴി പോകുന്ന വാഹനങ്ങൾക്കും കാൽ നടയാത്രക്കാർക്കും മാർഗ്ഗതടസ്സം സൃഷ്ടിച്ച കാര്യത്തിന് രജിസ്റ്റർ ചെയ്ത കേസ്. | |
| 4 | എറണാകുളം ടൗൺ | 1322/ 2019 | 118(a) of KP Act. | ടി കേസിലെ പ്രതി Sony George, S/o George Sebastian എന്നയാൾ പൊതു നിരത്തിൽ കലഹസ്വഭാവിയായി സ്വയം നിയന്ത്രിക്കാൻ കഴിയാതെ പരിസരവാസികൾക്കും വഴിയാത്രക്കാർക്കും മറ്റും ശബ്ദമലിനീകരണമുണ്ടാകത്തക്ക വിധത്തിൽ പെരുമാറുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്. | |
| 5 | എറണാകുളം സെൻട്രൽ | 356/ 2019 | 143, 147, 148, 427 & 149 IPC | കാസർഗോഡ് യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരുടെ കൊലപാതകവുമായി ബന്ധപ്പെട്ട് ആഹ്വാനം ചെയ്ത ഹർത്താലിനോടനുബന്ധിച്ച് കണ്ടാലറിയാവുന്ന 10-ഓളം യൂത്ത് കോൺഗ്രസ്സ് | 4 |

| | | | | | |
|---|---|---|---|---|---|
| | | | | പ്രവർത്തകർ നിയമവിരുദ്ധമായി സംഘം ചേർന്ന് എറണാകുളം ഡി.സി.സി. ഓഫീസിന് മുൻവശം പൊതുഗതാഗതത്തെയും മറ്റും തടസ്സം വരത്തക്കവിധം പ്രകടനം നടത്തി അതുവഴി പോയ KL-07-BF-6693-mw നമ്പർ സ്വകാര്യബസ്സിന്റെ ക്വാർട്ടർ ഗ്ലാസ്സ് കല്ലുകൊണ്ട് ഇടിച്ചുതകർത്തും ഡോറുകൾക്ക് നാശനഷ്ടം വരുത്തിയും പ്രതികൾ സുമാർ 10,000 രൂപയുടെ നഷ്ടം വരുത്തിയതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്. | |
| 6 | എറണാകുളം സെൻട്രൽ | 20/ 2019 | 143, 147, 149 & 283 IPC | ശബരിമലയിൽ സ്ത്രീകൾ കയറിയതിൽ പ്രതിഷേധിച്ച് KSU എറണാകുളം ജില്ലാകമ്മറ്റിയുടെ നേതൃത്വത്തിൽ 1 മുതൽ 12 വരെയുള്ള പ്രതികൾ ഉൾപ്പെടെ കണ്ടാലറിയാവുന്ന 20- ഓളം പേർ നിയമവിരുദ്ധമായി സംഘം ചേർന്ന് 2-1-2019-ന് 17.00 മണിയോടെ എറണാകുളം DCC ഓഫീസിൽ നിന്നും മാർച്ച് നടത്തി എറണാകുളം കോർപ്പറേഷൻ ഓഫീസിന്റെ | 9 |

| | | | | | |
|---|---|---|---|---|---|
| | | | | മുൻവശം കുത്തിയിരുന്ന് ബഹു. മുഖ്യമന്ത്രിയുടെ കോലം കത്തിച്ചും അതുവഴി പോകുന്ന വാഹനങ്ങൾക്കും കാൽനട യാത്രക്കാർക്കും മാർഗ്ഗതടസ്സം സൃഷ്ടിച്ച് ലഹളയുണ്ടാക്കിയ കാര്യത്തിന് രജിസ്റ്റർ ചെയ്ത കേസ്. | |
| 7 | എറണാകുളം ടൗൺ സൗത്ത് | 607/ 2020 | 143, 145, 147, 283, 269 & 149 IPC, 4(2) (a), 5 of KEDO 2020 & 3(1) of PDPP Act | യൂത്ത് കോൺഗ്രസ് പ്രവർത്തകരായ 1 മുതൽ 8 വരെയുള്ള പ്രതികൾ നിയമവിരുദ്ധമായി സംഘം ചേർന്ന് മാരക സാംക്രമികരോഗമായ കോവിഡ് പടർന്ന് പിടിക്കാതിരിക്കാനുള്ള ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾ അവഗണിച്ചും സാമൂഹ്യ അകലം പാലിക്കാതെയും കാൽനട യാത്രക്കാർക്കും പൊതു ഗതാഗതത്തിനും മാർഗ്ഗതടസ്സം സൃഷ്ടിച്ചുകൊണ്ട് NIA ഓഫീസിലേക്ക് മാർച്ച് നടത്തിയ പ്രതിഷേധക്കാരോട് പിരിഞ്ഞ് പോകുന്നതിനായി പോലീസ് നൽകിയ നിയമാനുസരണ നിർദ്ദേശത്തെ അവഗണിച്ചുകൊണ്ട് അക്രമാസക്തരായി ടി | 6 |

| | | | | | |
|---|---|---|---|---|---|
| | | | | സ്ഥലത്ത് L/O Duty-ക്കായി എത്തിയ KL-01-BW-5689-ാം നമ്പർ മുളവ്കാട് പോലീസ് സ്റ്റേഷനിലെ ഡിപ്പാർട്ട്മെന്റ് വക വാഹനത്തിന്റെ വലതുവശം ബാക്ക് ഡോറിന്റെ ചില്ല് അടിച്ച് പൊട്ടിച്ചും ബീഡിംഗിന് കേടുപാടുകൾ വരുത്തിയും പൊതുമുതൽ നശിപ്പിച്ചതിന് രജിസ്റ്റർ ചെയ്ത കേസ്. | |
| 8 | എറണാകുളം സെൻട്രൽ | 1226/ 2020 | 188, 269, 271 IPC & 118(e) of KP Act, 4(2) (a), 4(2) (e), 5 of KEDO 2020 | Covid -19 കൊറോണ വൈറസ് പടരുന്നത് തടയുന്നതിനായി സംഘം ചേരുന്നതും പൊതുപരിപാടികൾ സംഘടിപ്പിക്കുന്നതും അനാവശ്യയാത്രകൾ നടത്തുന്നതും പാടില്ലെന്നുള്ള ഗവണ്മെന്റ് നിർദ്ദേശവും ആരോഗ്യ വകുപ്പിന്റെ മുന്നറിയിപ്പും കേരള എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ് 2020-ഉം നിലവിലിരിക്കെ അതിന് വിപരീതമായി പൊതുജനങ്ങൾക്കിടയിൽ ടി സാംക്രമിക രോഗം വ്യാപിപ്പിക്കുന്നതിനിടയാകുന്ന സാഹചര്യം സൃഷ്ടിക്കുന്ന തരത്തിൽ സാമൂഹ്യ അകലം പാലിക്കാതെ എറണാകുളം | 3 |

| | | | | | |
|---|---|---|---|---|---|
| | | | | വില്ലേജ് ടി കരയിൽ ഉണ്ണിയാട്ട് റോഡിനു ചേർന്നുള്ള പടിയാത്ത്കുളം കനാലിൽ 1 മുതൽ 4 ഉം കൂടിയ പ്രതികൾ ഇറങ്ങി നിൽക്കുന്നതായി കാണപ്പെട്ടതിന് രജിസ്റ്റർ ചെയ്ത കേസ്. | |
| 9 | എറണാകുളം ടൗൺ നോർത്ത് | 417/ 2020 | 143, 147, 188, 269, 270 & 271 IPC, 4(2) (a), 4(2) (i), 5 of KEDO 2020 | കേരള സംസ്ഥാന സർക്കാർ കൊറോണ വൈറസ് വ്യാപനം തടയുക എന്നുള്ള ഉദ്ദേശ്യത്തോടെ ഇറക്കിയ GO(MS)No.43/2020 GAD Dtd 24-3-2020-ന് വിരുദ്ധമായി പൊതുജനാരോഗ്യത്തിന് ഭംഗംവരും എന്ന അറിവോടെ 2-6-2020-ന് പകൽ 3.00 മണിക്ക് പ്രതികൾ 7 പേരും ചേർന്ന് കലൂർ കത്രികടവ് റോഡരുകിൽ സ്ഥിതി ചെയ്യുന്ന DD ബിൽഡിംഗിൽ പ്രവർത്തിക്കുന്ന ബജാജ് ഫിനാൻസ് എന്ന സ്ഥാപനത്തിൽ അതിക്രമിച്ചു കയറി ടി സ്ഥാപനത്തിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തിയതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്. | 2 |
| 10 | എറണാകുളം ടൗൺ | 477/ 2020 | 283, 143, | യൂത്ത് കോൺഗ്രസ് പ്രവർത്തകരായ 1 മുതൽ 11 | 3 |

| | | | | | |
|---|---|---|---|---|---|
| | നോർത്ത് | | 147, 447 & 149 IPC, 4(2) (a), 4(2) (e) of KEDO-2020 & 3(2) of PDPP Act. | വരെ പ്രതികൾ നിയമവിരുദ്ധമായി സംഘം ചേർന്ന് KSEBL-ന്റെ അമിത ഇലക്ട്രിസിറ്റി ബില്ലിനെതിരെ പ്രതിഷേധം രേഖപ്പെടുത്തുന്നതിനുവേണ്ടി പൊതുമുതൽ നശിപ്പിക്കണമെന്നുള്ള ഉദ്ദേശ്യത്തോടും കരുതലോടുംകൂടി കേരള സംസ്ഥാന സർക്കാർ കൊറോണ വൈറസ് വ്യാപനം തടയുക എന്ന ഉദ്ദേശ്യത്തോടെ ഇറക്കിയ GO(Ms)No.43/2020/ GAD Dtd.24-3-2020-ന് വിരുദ്ധമായി പൊതുജനാരോഗ്യത്തിന് ഭംഗംവരും എന്ന അറിവോടെയും സാമൂഹ്യ അകലം പാലിക്കാതെയും എറണാകുളം പവർ ഹൗസ് റോഡിൽ പ്രവർത്തിക്കുന്ന KSEBL ഓഫീസിന്റെ കോമ്പൗണ്ടിനുള്ളിൽ അനധികൃതമായി പ്രവേശിച്ച് കൈവശം കരുതിയിരുന്ന കല്ലുകൾകൊണ്ട് ടി കോമ്പൗണ്ടിനുള്ളിൽ പാർക്ക് ചെയ്തിരുന്ന KL-07-CF-3737 നമ്പർ Wolks Vagon കാറിന്റെ പുറകുവശത്തെ 35000 രൂപ വിലവരുന്ന ചില്ല് പൊട്ടിച്ചും സർക്കാർ | |

| | | | | | |
|---|---|---|---|---|---|
| | | | | വസ്തുവകകൾ കല്ലെറിഞ്ഞു നശിപ്പിച്ചതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്. | |
| 11 | എറണാകുളം സെൻട്രൽ | 164/ 2021 | 143, 147, 283, 149, 269 & 271 IPC 118(e) of KP Act, 4(2) (a), 4(2) (e), 5 of KEDO | ശ്രീ. ഹൈബി ഈഡൻ എം.പി.യെ പ്രധാനമന്ത്രി പങ്കെടുക്കുന്ന പരിപാടിയിൽനിന്നും രാഷ്ട്രീയ പ്രേരിതമായി ഒഴിവാക്കിയതിൽ പ്രതിഷേധിച്ച് നരേന്ദ്ര മോദിക്ക് ഒരു യാത്ര അയപ്പ് എന്നപേരിൽ യൂത്ത് കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ 1 മുതൽ 12 വരെയുള്ള പ്രതികൾ ചേർന്ന് നിയമവിരുദ്ധമായി സംഘം ചേർന്ന്, COVID-19 കൊറോണ വൈറസ് പടരുന്നത് തടയുന്നതിനായി സംഘം ചേരുന്നതും പൊതുപരിപാടികൾ സംഘടിപ്പിക്കുന്നതും അനാവശ്യ യാത്രകൾ നടത്തുന്നതും പാടില്ലെന്നുള്ള ഗവൺമെന്റ് നിർദ്ദേശവും ആരോഗ്യ വകുപ്പിന്റെ മുന്നറിയിപ്പും കേരള എപ്പിഡെമിക് ഡിസീസസ്സ് ഓർഡിനൻസ്-2020-ഉം നിലവിലിരിക്കെ അതിനുവിപരീതമായി പൊതു ജനങ്ങൾക്കിടയിൽ ടി സാംക്രമിക രോഗം | 1 |

| | | | | | |
|---|---|---|---|---|---|
| | | | | വ്യാപിപ്പിക്കുന്നതിനിടയാകുന്ന സാഹചര്യം സൃഷ്ടിക്കുന്ന തരത്തിൽ സാമൂഹ്യ അകലം പാലിക്കാതെ 14-2-2021-ന് 18.00 മണിക്ക് എറണാകുളത്തുനിന്നും നേവൽ ബേസിലേക്ക് മുദ്രാവാക്യം വിളിച്ച് പ്രതിഷേധ മാർച്ച് നടത്തി അതുവഴി പോകുന്ന വാഹനങ്ങൾക്കും കാൽനട യാത്രക്കാർക്കും മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നതായ കാര്യത്തിന് രജിസ്റ്റർ ചെയ്ത കേസ്. | |

## അനുബന്ധം II

വൈദ്യുതി നിരക്ക് കൂട്ടുന്നതിന് അനുമതി നൽകുന്ന കരട് ചട്ടഭേദഗതി പിൻവലിക്കൽ സംബന്ധിച്ച ശ്രീ. എ. പ്രഭാകരൻ എം.എൽ.എ.-യുടെ ശ്രദ്ധ ക്ഷണിക്കലിന് വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി

കെ.എസ്.ഇ.ബി.എൽ.-നെ പൊതുമേഖലയിൽ നിലനിർത്തി വൈദ്യുതി രംഗത്തെ ഏറ്റവും മികച്ച സ്ഥാപനമാക്കി മാറ്റുക എന്നതാണ് സർക്കാർ നയം. എന്നാൽ വൈദ്യുതി മേഖലയിൽ സ്വകാര്യവൽക്കരണത്തിനായി നിലവിലുള്ള നിയമത്തിലും ചട്ടങ്ങളിലും ഭേദഗതി കൊണ്ടുവരാനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. ആയതിന്റെ ഭാഗമാണ് കേന്ദ്രസർക്കാർ പുറത്തിറക്കിയ കരട് ചട്ട ഭേദഗതി നിർദ്ദേശങ്ങൾ.

12-8-2022-ന് കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറത്തിറക്കിയ കരട് ഇലക്ട്രിസിറ്റി ചട്ട ഭേദഗതി നിർദ്ദേശങ്ങൾ സംബന്ധിച്ച പ്രാഥമിക

വിലയിരുത്തലിൽ തങ്ങളുടെ വൈദ്യുതി വാങ്ങൽ ചെലവിൽ പത്ത് ശതമാനംവരെ വരുന്ന വർദ്ധനയ്ക്കനുസൃതമായി ഉപഭോക്താവിന്റെ വൈദ്യുതി ചാർജ്ജിൽ ആവശ്യമായ മാറ്റം വരുത്താൻ ലൈസൻസികൾക്ക് അധികാരം-നൽകുന്നുവെന്ന് കാണുന്നു. ഇത് സാധാരണക്കാരായ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം റെഗുലേറ്ററി കമ്മീഷൻ തീരുമാനിക്കുന്ന ഫോർമുലയ്ക്കനുസൃതമായി മാസാമാസം (ലൈസൻസിക്ക്) വൈദ്യുതി വിതരണ കമ്പനികൾക്കുതന്നെ താരിഫ്-പുനക്രമീകരിക്കാൻ സാധിക്കും. ഓരോ സംസ്ഥാനത്തിനും ബാധകമായ-ഫോർമുല തയ്യാറാക്കുന്നതിൽ അതത് സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾ താമസം വരുത്തുന്നപക്ഷം കേന്ദ്രസർക്കാർ പൊതുവായി തയ്യാറാക്കിയിട്ടുള്ള ഫോർമുല ഉപയോഗിക്കാമെന്നും ഭേദഗതി നിർദ്ദേശിക്കുന്നു.

അസെസ്മെന്റ് കാലയളവിൽ ലൈസൻസിക്ക് വൈദ്യുതി വാങ്ങൽ, പ്രസരണ ചെലവ് എന്നിവയിലായി വന്ന ആകെ വർദ്ധന, വിവിധ സ്രോതസുകളിൽനിന്നും വാങ്ങിയ വൈദ്യുതിയുടെ അളവ്, പ്രസരണ-വിതരണ നഷ്ടങ്ങൾ, ശരാശരി ബില്ലിംഗ് നിരക്ക് എന്നിവ കണക്കിലെടുത്താണ് ഉപഭോക്താവിൽനിന്നും പിരിച്ചെടുക്കേണ്ട അധിക തുക കണക്കാക്കുന്നത്. ഇന്ധന ചെലവ്, വൈദ്യുതി വാങ്ങൽ ചെലവ്, പ്രസരണ ചെലവ് എന്നിവ കമ്മീഷൻ മുൻകൂട്ടി അംഗീകരിച്ച നിലയിൽനിന്നും വർദ്ധിച്ചാൽ ആയത് രണ്ടുമാസത്തിനുള്ളിൽ പിരിച്ചെടുക്കാനാണ് നിർദ്ദേശം. നിർദ്ദിഷ്ട സമയത്തിനുള്ളിൽ അധികതുക പിരിച്ചെടുക്കാത്തപക്ഷം ലൈസൻസിക്ക് പ്രസ്തുത തുക പിന്നീട് പിരിച്ചെടുക്കാൻ സാധിക്കാത്തവിധം നഷ്ടപ്പെടും. ഈ ഇനത്തിൽ ഒരു വർഷം അർഹതപ്പെട്ടതിലും കൂടുതൽ തുക ലൈസൻസി പിരിച്ചെടുത്തിട്ടുണ്ടെന്ന് വാർഷിക ട്രൂ അപ് സമയത്ത് കണ്ടെത്തിയാൽ ആയത് റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന കാരീയിംഗ് കോസ്റ്റിന്റെ 1.2 മടങ്ങ് സഹിതം ഉപഭോക്താവിന് തിരികെ നൽകണം. ഇപ്രകാരം വരുമ്പോൾ വൈദ്യുതി നിരക്ക് ഇടയ്ക്കിടെ മാറാനും റെഗുലേറ്ററി കമ്മീഷനുകൾക്ക് സ്ഥാപനങ്ങളുടെ വരവുചെലവ് കണക്കുകൾ വിശകലനം ചെയ്ത് വിവേകപൂർവ്വം വൈദ്യുതി ചാർജ്ജ് നിശ്ചയിക്കുന്നതിനുള്ള അവസരം ഇല്ലാതാകുകയും ചെയ്യും. പെട്രോളിയം ഉൽപ്പന്നങ്ങളുടേതുപോലെ അസ്ഥിരമായ വില വൈദ്യുതി രംഗത്തും നടപ്പിലാകാൻ സാധ്യതയുണ്ട്. പാർലമെന്റിൽ 8-8-2022-ൽ അവതരിപ്പിച്ചിട്ടുള്ള വൈദ്യുതി നിയമ ഭേദഗതി ബില്ലിൽ ഒളിഞ്ഞിരിക്കുന്ന വിതരണ മേഖല സ്വകാര്യവൽക്കരിക്കാനുള്ള നീക്കങ്ങൾക്ക് ശക്തിപകരുന്ന ചട്ട ഭേദഗതിയായാണ് ഇതിനെ കാണുന്നത്. സംസ്ഥാനത്തിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കാലതാമസം കൂടാതെതന്നെ കേന്ദ്രസർക്കാരിനെ അറിയിക്കുന്നതാണ്.

## അനുബന്ധം III

### (1) ആലത്തൂർ ഫയർ സ്റ്റേഷൻ സംബന്ധിച്ച സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടി

ആലത്തൂർ ഗ്രാമപഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിലാണ് നിലവിൽ ആലത്തൂർ അഗ്നിരക്ഷ നിലയം പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കുഴൽമന്ദം വില്ലേജിൽ ജലസേചന വകുപ്പിന്റെ കൈവശമുള്ള 50 സെന്റ് സ്ഥലം അഗ്നിരക്ഷ വകുപ്പിന് കൈമാറിയിട്ടുണ്ട്. ഇവിടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി നടന്നുവരികയാണ്. നിർമ്മാണം പൂർത്തിയാകുന്നതുവരെ മറ്റൊരു കെട്ടിടത്തിലേയ്ക്ക് നിലയത്തിന്റെ പ്രവർത്തനം മാറ്റുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

### (2) ജില്ലാതല പോലീസ് കൺസൾട്ടേറ്റീവ് കമ്മിറ്റി സംബന്ധിച്ച സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടി

കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി 2007-ൽ അധികാരത്തിലിരുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കൊണ്ടുവന്ന ജനമൈത്രി സുരക്ഷ പദ്ധതി ഇന്ന് രാജ്യത്തിനാകെ മാതൃകയാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയൽ, വയോജനങ്ങളുടെയും ആദിവാസി-ദുർബല ജനവിഭാഗങ്ങളുടെയും സംരക്ഷണം ഉറപ്പുവരുത്തൽ, അതിഥി തൊഴിലാളികളുടെ നിരീക്ഷണം തുടങ്ങിയ വിവിധ പദ്ധതികൾ ജനമൈത്രിയുടെ ഭാഗമായി ഫലപ്രദമായി നടപ്പിലാക്കിവരികയാണ്. ജനമൈത്രി സുരക്ഷ പദ്ധതി ഇതിനകം എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. എല്ലാ സ്റ്റേഷനുകളിലും ജനമൈത്രി സുരക്ഷ സമിതികളും ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ജില്ലാ ഉപദേശക സമിതിയും രൂപീകരിച്ച് പ്രവർത്തിക്കണമെന്നും ജനപ്രതിനിധികളെയും പ്രദേശത്തെ പ്രമുഖ വ്യക്തികളെയും സമിതിയിൽ ഉൾപ്പെടുത്തണമെന്നുമുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശം നിലവിലുണ്ട്. ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ ചുമതലയിൽ സോഷ്യൽ പോലീസിംഗ് ഡയറക്ടറേറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. ഡയറക്ടറേറ്റിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കി പോലീസിനെ ജനകീയവൽക്കരിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ജില്ലാതല പോലീസ് കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ ലക്ഷ്യങ്ങൾ കമ്മ്യൂണിറ്റി പോലീസിംഗിലൂടെ കൈവരിക്കാൻ കഴിയുന്നത് കണക്കിലെടുത്താണ് പ്രസ്തുത കമ്മിറ്റികൾ തുടരേണ്ടതില്ലെന്ന് തീരുമാനമെടുത്തത്.

(3) നെന്മാറ ഐ.ടി.ഐ.-യ്ക്ക് സ്ഥലം സംബന്ധിച്ച സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ വല്ലങ്ങി വില്ലേജിൽ ബ്ലോക്ക് നമ്പർ 56-ൽ റീസർവ്വെ 497/10-ൽപ്പെട്ട 2.50 ഏക്കർ (1.0120 ഹെക്ടർ) ഭൂമി വ്യവസായ പരിശീലന വകുപ്പിന് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണത്തിനായി കൈമാറി നൽകുന്നതുസംബന്ധിച്ച ജില്ലാ കളക്ടറുടെ ശിപാർശ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിൽ ലഭിക്കുകയുണ്ടായി. ടി ഭൂമി റവന്യൂ വകുപ്പിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമില്ലെന്നും സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം നടപടി പൂർത്തീകരിച്ച് വ്യാവസായിക പരിശീലന വകുപ്പിന് ഭൂമി കൈമാറി നൽകാവുന്നതാണെന്ന ജില്ലാ കളക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഭൂമി കൈമാറാനുള്ള അഭിപ്രായം ജലവിഭവ വകുപ്പിനോട് ആരായുകയുണ്ടായി. ന്യൂഡൽഹി ആസ്ഥാനമായുള്ള ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ മാനദണ്ഡപ്രകാരം ഐ.ടി.ഐ. തുടങ്ങുന്നതിനുള്ള ഭൂമിയുടെ ആവശ്യകത 1.07 ഏക്കർ മാത്രമാണെന്നും സർക്കാർ ഭൂമി നാൾക്കുനാൾ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ മാനദണ്ഡപ്രകാരമുള്ള ഭൂമി മാത്രം അനുവദിച്ചാൽ മതിയെന്ന ജലവിഭവ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 1.07 ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് കൈവശാവകാശം വ്യവസായ പരിശീലന വകുപ്പിന് നൽകി 29-10-2019-ലെ സ.ഉ. (എം.എസ്.) 329/1019/റവന്യൂ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിനുശേഷം ചിറ്റൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 56-ൽ റീസർവ്വെ 497/10-ൽപ്പെട്ട ശേഷിക്കുന്ന 1.43 ഏക്കർ ഭൂമികൂടി ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആവശ്യത്തിലേയ്ക്കായി ലഭ്യമാക്കുന്നതുസംബന്ധിച്ച അപേക്ഷയോ ശിപാർശയോ സർക്കാരിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്നമുറയ്ക്ക് മറ്റ് വകുപ്പുകളുമായി കൂടിയാലോചിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(4) സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കൽ സംബന്ധിച്ച സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

ഇതര സംസ്ഥാനങ്ങളിൽനിന്ന് സംസ്ഥാനത്ത് കുടിയേറി താമസിക്കുന്നവർക്ക് പട്ടികജാതി/പട്ടികവർഗ്ഗ സമുദായ സാക്ഷ്യപത്രം അനുവദിക്കുന്നത് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള 12-2-1986-ലെ സ.ഉ. (കൈ) നമ്പർ

10/86/പ.ജ.പവ.വി.വ. പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. ഇതിൻപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ സമുദായ പദവി അനുഭവവേദ്യമാകേണ്ട സമുദായങ്ങളുടെ ലിസ്റ്റ് ആദ്യമായി പ്രസിദ്ധീകരിച്ച 1950-ലെ പ്രസിഡൻഷ്യൽ ഉത്തരവ് നിലവിൽ വരുന്നതിനുമുമ്പേ കേരളത്തിൽ സ്ഥിരതാമസമാക്കിയ കുടിയേറ്റക്കാരെ ഇവിടത്തെ സ്ഥിരം താമസക്കാരായി അംഗീകരിച്ച് ഇവരുടെ സമുദായം ഇവിടത്തെ പട്ടികജാതി/പട്ടികവർഗ്ഗ പട്ടികയിൽ സ്ഥാനം പിടിച്ചിട്ടുണ്ടെങ്കിൽ ടിയാളുകളെ ഈ സംസ്ഥാനത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗമായി പരിഗണിച്ച് സമുദായ സർട്ടിഫിക്കറ്റുകൾ നൽകിവരുന്നു. അതായത്, 1950-നുമുമ്പ് കുടിയേറിയവരുടെ കാര്യത്തിൽത്തന്നെ, അവർ ഇവിടത്തെ പട്ടികജാതി/പട്ടികവർഗ്ഗ പട്ടികയിലുൾപ്പെടാത്തവരാണെങ്കിൽ ഇവിടെയുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാകില്ല. കൂടാതെ, 1950-നുശേഷം കുടിയേറിത്താമസിച്ചവർക്ക് അവരുടെ സമുദായം ഇവിടത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നതാണെങ്കിൽപ്പോലും ഈ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

കേന്ദ്ര സർക്കാരിന്റെ 25-11-2002-ലെ 12017/1/2002-BCC നമ്പർ ഉത്തരവുപ്രകാരം അന്യസംസ്ഥാനത്തുനിന്നും കുടിയേറിയ ഒ.ബി.സി. വിഭാഗങ്ങൾ പ്രസ്തുത സംസ്ഥാനത്ത് ഒ.ബി.സി. ആയി നോട്ടിഫൈ ചെയ്യപ്പെട്ട തീയതിക്കുമുമ്പ് കുടിയേറിയവരാണെങ്കിൽ നിലവിൽ താമസിക്കുന്ന സംസ്ഥാനത്ത് ഒ.ബി.സി. സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നതാണ്. നോട്ടിഫിക്കേഷൻ തീയതിക്കുശേഷം ജനിച്ചവർക്ക് അവരുടെ മാതാപിതാക്കളുടെ സ്ഥിരവിലാസം നോട്ടിഫിക്കേഷൻ തീയതിയിൽ ഏത് സംസ്ഥാനത്തെയാണോ അവിടെനിന്നും ഒ.ബി.സി. സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതാണ്. കേന്ദ്ര സർക്കാരിന്റെ 8-4-1994-ലെ F.No. 12011/11/94-BCC(C) പ്രകാരമുള്ള ഉത്തരവിലാണ് മറ്റൊരു സംസ്ഥാനത്തേയ്ക്ക് കുടിയേറിയ പിന്നോക്കവിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നിർദ്ദേശങ്ങളുള്ളത്. അപേക്ഷകൻ മറ്റൊരു സംസ്ഥാനത്തുനിന്നും കുടിയേറിയ ആളാണെങ്കിൽ ടിയാളുടെ പിതാവിന് മാതൃസംസ്ഥാനത്തുനിന്നും നിർദ്ദിഷ്ട അധികാരി അനുവദിച്ചിട്ടുള്ള ജാതി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആ സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ആളാണെന്ന സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നതാണ്. സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ വിശദമായ അന്വേഷണം ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുന്ന കേസ്സുകളിൽ അപ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്. കുടിയേറിയ സംസ്ഥാനത്തെ ഒ.ബി.സി. ലിസ്റ്റിൽ ടിയാൻ/ടി ജാതി ഉൾപ്പെടുന്നില്ലെങ്കിൽ

ടിയാന് ആ സംസ്ഥാനത്തെ ഒ.ബി.സി. ആനുകൂല്യം ലഭ്യമാകുകയില്ല. എന്നാൽ ടിയാന് മാതൃസംസ്ഥാനത്തെയും കേന്ദ്രസർക്കാരിന്റെയും ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ഇതര സംസ്ഥാനത്തുനിന്ന് കുടിയേറിയ പിന്നാക്ക വിഭാഗക്കാർക്ക് ജാതി/നോൺക്രീമിലെയർ സാക്ഷ്യപത്രം അനുവദിക്കുന്നത് 8-3-2019-ലെ സ.ഉ. (സാധാ) നമ്പർ 28/2019/പി.വി.വി.വ ഉത്തരവനുസരിച്ചാണ്. ടി ഉത്തരവുപ്രകാരം 1950-ലെ പ്രസിഡൻഷ്യൽ ഓർഡറിനുമുമ്പ് കേരളത്തിൽ കുടിയേറിയ പിന്നാക്ക വിഭാഗങ്ങൾക്കുമാത്രമേ ഈ സംസ്ഥാനത്തെ ആവശ്യങ്ങൾക്കുള്ള ജാതി/നോൺക്രീമിലെയർ സാക്ഷ്യപത്രം ലഭ്യമാകുകയുള്ളൂ. ഇതര സംസ്ഥാനത്തുനിന്ന് 1950-നുശേഷം കുടിയേറിയവരെ സംബന്ധിച്ചിടത്തോളം അവരുടെ മാതൃസംസ്ഥാനത്തെ ആവശ്യങ്ങൾക്കോ കേന്ദ്ര ആവശ്യങ്ങൾക്കോ ജാതി/നോൺക്രീമിലെയർ സാക്ഷ്യപത്രം അനുവദിക്കുന്നതിന് ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 1950 എന്നത് ദീർഘമായൊരു കാലയളവാണെന്നും ഒന്നോ രണ്ടോ തലമുറയായി ഇവിടെ സ്ഥിരതാമസമാക്കിയവർക്കുപോലും ഈ സംസ്ഥാനത്തെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ലെന്നും നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭ്യമാകുന്നുണ്ട്.

സംസ്ഥാന സർക്കാരിന് മാത്രമായി ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ പരിമിതിയുണ്ട്. കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെയും പേഴ്സണൽ മന്ത്രാലയത്തിന്റെയും അഭിപ്രായവും കേന്ദ്ര സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനുകളുടെ പഠനവും ശിപാർശയും ആവശ്യമായ വിഷയമായതിനാൽ ഇത് പരിശോധിച്ച് ആവശ്യമായ നടപടിയെടുക്കുന്നതിന് കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനെയും പിന്നാക്ക വിഭാഗ വികസന വകുപ്പിനെയും ചുമതലപ്പെടുത്തുന്നതാണെന്നും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്നും പിന്നാക്ക വികസന വകുപ്പ് അറിയിച്ചിട്ടുണ്ട്. കൂടാതെ, 12-2-1986-ലെ സ.ഉ.(കൈ) നമ്പർ 10/86/പ.ജ.പ.വ.വി.വ. ഉത്തരവിൽ മാറ്റം വരുത്താൻ സംസ്ഥാനങ്ങൾക്ക് ഏകപക്ഷീയമായി നിലപാട് സ്വീകരിക്കാൻ വ്യവസ്ഥയില്ല. അതിനാൽ ഇതര സംസ്ഥാനങ്ങളിൽനിന്നും കുടിയേറി താമസിക്കുന്നവർക്ക് പട്ടികജാതി/പട്ടികവർഗ്ഗ സമുദായ സാക്ഷ്യപത്രം നൽകുന്ന കാര്യത്തിലുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(5) റാന്നിയിൽ മഴക്കെടുതിമൂലം നാശനഷ്ടം സംഭവിച്ച വ്യാപാരികൾക്ക് സ്പെഷ്യൽ പാക്കേജ് സംബന്ധിച്ച സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

28-8-2022-ന് രാത്രിയിലുണ്ടായ അതിശക്തമായ മഴയിൽ പത്തനംതിട്ട ജില്ലയിൽ വ്യാപക മഴക്കെടുതിയുണ്ടായിട്ടുണ്ട്. റാന്നി നിയോജകമണ്ഡലത്തിലെ ചുങ്കപ്പാറ ടൗണിൽ ശക്തമായ വെള്ളക്കെട്ടുണ്ടായതിനെത്തുടർന്ന് കടകളിൽ വെള്ളം കയറി നാശനഷ്ടമുണ്ടായിട്ടുണ്ട്. ഓണത്തോടനുബന്ധിച്ച് വ്യാപാര സ്ഥാപനങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെയും മറ്റ് അവശ്യ വസ്തുക്കളുടെയും അധിക സ്റ്റോക്ക് കരുതിയിരുന്നതും പെട്ടെന്നുള്ള ജലപ്രളയത്തിൽ ടി വ്യാപാര സ്ഥാപനങ്ങളിൽ വെള്ളം കയറി നാശനഷ്ടം സംഭവിച്ചിട്ടുള്ളതുമാണ്.

ചുങ്കപ്പാറ ടൗണിൽ ഏകദേശം 39-ഉം വെണ്ണിക്കുളം ടൗണിൽ 15-ഉം വ്യാപാര സ്ഥാപനങ്ങളിൽ നാശനഷ്ടമുണ്ടായിട്ടുണ്ട്. അതിശക്തമായ മഴയിൽ റാന്നി നിയോജകമണ്ഡലത്തിൽ സംഭവിച്ച നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. മഴക്കെടുതിയിൽ ചെറുകിട വ്യാപാരികൾക്കുണ്ടായ നാശനഷ്ടത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. എന്നിരുന്നാലും വിവിധ മേഖലകളിൽനിന്ന് ഈ ആവശ്യം ഉയർന്നുവരുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

(6) മടയംതോട് നിവാസികൾക്ക് പട്ടയം ലഭ്യമാക്കൽ സംബന്ധിച്ച സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ കോമളപുരം വില്ലേജിൽ ഉൾപ്പെട്ടുവരുന്ന മടയംതോട് കിഴക്ക് വേമ്പനാട്ട് കായൽ മുതൽ പടിഞ്ഞാറ് എ.സി. കനാൽ വരെ ഏകദേശം 2.5 കി.മീ. നീളമാണുള്ളത്. ടി തോടിന്റെ തെക്കേക്കര ആര്യാട് പഞ്ചായത്തിന്റെയും വടക്കുഭാഗം മണ്ണഞ്ചേരി പഞ്ചായത്തിന്റെ അധീനതയിലുള്ളതുമാണ്. ബ്ലോക്ക് 3-ൽ റീസർവ്വേ 119, 122, 123, 124, 125, 126, 127, 342, 343, 346, 357/2, 362, 363, 364, 365, 631, 632, 633, 634 എന്നിവയിൽ തോട് പുറമ്പോക്ക് ഉൾപ്പെടുന്നു. നിലവിൽ തോടിന്റെ വീതി ശരാശരി 20 മീറ്ററാണ്. തോടിന്റെ ഇരുകരകളിലുമായി ഏകദേശം 120 കുടുംബങ്ങളാണ് വീടുവച്ച് താമസിച്ചുവരുന്നത്. തോടിന്റെ ഇരുകരകളിലും പഞ്ചായത്ത്, പി.ഡബ്ല്യു.ഡി. റോഡുകളുള്ളതും ഗ്രാമപഞ്ചായത്തുകൾ തോടിന്റെ

കരയിൽ കൽക്കെട്ട് നിർമ്മിച്ചിട്ടുള്ളതും മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് തോട് പുറമ്പോക്ക് വസ്തുവിൽ പ്ലാസ്റ്റിക് സംഭരണ കേന്ദ്രത്തിനായി നിർമ്മാണ പ്രവൃത്തി നടത്തിയിട്ടുള്ളതുമാണ്. മടയംതോട് കയ്യേറ്റവുമായി ബന്ധപ്പെട്ട് ശ്രീ. കലാധരൻ, പൊക്കാളിയിൽ ഹൗസ്, അവലൂക്കുന്ന് പി.ഒ. എന്ന വ്യക്തി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W.P.(C). 5756/2017-ാം നമ്പർ കേസിൽ സ്പെഷ്യൽ സർവ്വേ ടീം മുഖേന സ്ഥലപരിശോധന നടത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിനും നടപടി വിവരം കോടതി മുമ്പാകെ സമർപ്പിക്കുന്നതിനും 1-2-2021-ൽ വിധിയുണ്ടായി. ഹൈക്കോടതി ഉത്തരവിൻപ്രകാരം ആര്യാട്, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ താലൂക്ക് സർവ്വേയർ തോട് പുറമ്പോക്ക് വസ്തുവിലെ അതിരുകൾ അളന്ന് കല്ലുകൾ സ്ഥാപിക്കുകയും കയ്യേറ്റങ്ങൾ അളന്ന് തിട്ടപ്പെടുത്തി കൈവശക്കാരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതുമാണ്. അമ്പലപ്പുഴ എൽ.ആർ. തഹസീൽദാരുടെ റിപ്പോർട്ട് പ്രകാരം ആര്യാട് പഞ്ചായത്തിന്റെ പരിധിയിൽ 63 പേർ ഉൾപ്പെടുന്നതും ടിയാളുകളിൽ 5 പേർക്ക് പട്ടയം ലഭിച്ചിട്ടുള്ളതുമാണ്. മണ്ണഞ്ചേരി പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പുറമ്പോക്കിൽ 57 പേർ ഉൾപ്പെട്ടുവരുന്നതും ടിയാളുകളിൽ 9 പേർക്ക് പട്ടയം ലഭിച്ചിട്ടുള്ളതുമാണ്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 27-6-1997-ലെ 17233/1996 B വിധി പ്രകാരം ആറ്റുപുറമ്പോക്ക്, തോട് പുറമ്പോക്ക് എന്നിവ പതിച്ചുനൽകാൻ പാടില്ലെന്ന് ഉത്തരവായിട്ടുള്ളതാണ്. ആര്യാട്, മണ്ണഞ്ചേരി പഞ്ചായത്തുകളിലായി ഉൾപ്പെട്ടുവരുന്നതും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുമായ 120 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ ഗൗരവമായി പരിശോധിക്കുകയാണ്. തോട് പുറമ്പോക്ക്, കനാൽ പുറമ്പോക്ക്, പി.ഡബ്ല്യു.ഡി. പുറമ്പോക്ക് എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രേഖകളിൽ കാണുന്ന ചില സ്ഥലങ്ങൾ യഥാർത്ഥത്തിൽ കനാലുമായോ റോഡുമായോ യാതൊരു ബന്ധവുമില്ലാത്തവയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥലങ്ങൾ കണ്ടെത്തി സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും പ്രസ്തുത സ്ഥലങ്ങൾ റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കിയശേഷം കൈവശക്കാർക്ക് പതിച്ചുനൽകാനാകുമോയെന്ന് പരിശോധിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തിൽ പ്രതിപാദിക്കുന്ന ആര്യാട്, മണ്ണഞ്ചേരി പഞ്ചായത്തിലെ തോട് പുറമ്പോക്കിൽ വർഷങ്ങളായി താമസിക്കുന്നവർ അവിടെ വീട് വച്ച് വീട്ടുനമ്പർ, റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ എന്നിവ സഹിതമാണ് താമസിക്കുന്നത്. ബഹുമാനപ്പെട്ട കോടതിയുടെ

ഉത്തരവിന് വിരുദ്ധമാകാത്ത തരത്തിലും താമസക്കാരുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടും ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം പരിഗണിച്ച് ഈ വിഷയം ചർച്ച ചെയ്യുന്നതിന് ജലവിഭവം, തദ്ദേശസ്വയംഭരണം, നിയമം എന്നീ വകുപ്പുമന്ത്രിമാരുൾപ്പെടെ പങ്കെടുക്കുന്ന ഒരു യോഗം ചേരുന്ന കാര്യവും പരിഗണനയിലാണ്.

(7) എം.എൽ.എ. ഫണ്ട് മുഖേനയുള്ള പ്രവൃത്തികളുടെ ജി.എസ്.ടി. നിരക്ക് സംബന്ധിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിക്ക് പ്രതിവർഷം 1 കോടി രൂപയും ആസ്തി വികസന പദ്ധതിക്ക് 5 കോടി രൂപയുമാണ് അനുവദിച്ചുവരുന്നത്. നിർമ്മാണ പ്രവൃത്തികളുടെ ജി.എസ്.ടി. നിരക്കിലുണ്ടാകുന്ന വർദ്ധനവനുസരിച്ചോ നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനമൂലം പൊതുമരാമത്ത് വകുപ്പിന്റെ ഷെഡ്യൂൾ ഓഫ് റേറ്റ്സിൽ (എസ്.ഒ.ആർ.) വരുന്ന വർദ്ധനവിനോ ആനുപാതികമായല്ല അനുവദിക്കുന്നത്. എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ കാലോചിതമായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നുണ്ട്.

(8) അപ്പർ കുട്ടനാട് ഡെവലപ്മെന്റ് അതോറിറ്റി സംബന്ധിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 64 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന പ്രത്യേക കാർഷിക പാരിസ്ഥിതിക പ്രദേശമാണ് കുട്ടനാട്. കുട്ടനാട് മേഖലയെ ലോവർ കുട്ടനാട്, അപ്പർ കുട്ടനാട്, നോർത്ത് കുട്ടനാട്, കായൽ നിലം, വൈക്കം കരി, പുറക്കാട് കരി എന്നിങ്ങനെ 6 കാർഷിക പ്രദേശങ്ങളായിട്ടാണ് തിരിച്ചിരിക്കുന്നത്. മേൽപ്പറഞ്ഞ 3 ജില്ലകളിലായി വ്യാപിച്ചാണ് കുട്ടനാടിന്റെ ഭാഗമായ അപ്പർ കുട്ടനാട് മേഖല സ്ഥിതി ചെയ്യുന്നത്. സമുദ്രനിരപ്പിൽനിന്നും അര മീറ്റർ താഴ്ച മുതൽ ആറ് മീറ്റർ ഉയരത്തിൽ വരെ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളാണ് ഇവിടെയുള്ളത്. കേരളത്തിലെ പ്രധാന നദികളായ പമ്പ, അച്ചൻകോവിലാർ, മണിമലയാർ, മീനച്ചിലാർ എന്നിവ കുട്ടനാട്ടിലേയ്ക്ക് പ്രവേശിക്കുന്ന ഭാഗമാണ് അപ്പർ കുട്ടനാട് എന്നതിനാൽ ഈ മേഖല വെള്ളപ്പൊക്കം ആദ്യം അനുഭവപ്പെടുന്ന പ്രദേശമാണ്. പുഞ്ച കൃഷിയാണ് ഇവിടത്തെ പ്രധാന വിള. മറ്റ് മേഖലകളിൽനിന്നും വ്യത്യസ്തമായ കാർഷിക കലണ്ടർ അപ്പർ കുട്ടനാട് മേഖലയ്ക്ക് സ്വീകരിക്കണമെന്നാണ് എം. എസ്.

സ്വാമിനാഥൻ റിപ്പോർട്ട് ശിപാർശ ചെയ്തിരുന്നത്. ഡിസംബർ മധ്യത്തിൽ കൃഷിയിറക്കി ഏപ്രിൽ ആദ്യം കൊയ്തെടുക്കുന്ന രീതിയാണ് ഇവിടെയുള്ളത്. നിലവിൽ ആലപ്പുഴ ജില്ലയിൽ തുറവൂർ കരിനില വികസന ഏജൻസി, പുറക്കാട് കരിനില ഏജൻസി, ഓണാട്ടുകര വികസന ഏജൻസി, കുട്ടനാട് വികസന ഏജൻസി എന്നിങ്ങനെ നാല് ഏജൻസികളുണ്ട്. കോട്ടയം ജില്ലയിലെ വൈക്കം കരിനില വികസന ഏജൻസിയുടെ പ്രവർത്തന പരിധിയിൽ പ്രസ്തുത ജില്ലയിലെ 11 പഞ്ചായത്തുകളിലെ അപ്പർ കുട്ടനാട് മേഖല ഉൾപ്പെടുന്നു.

മേൽ സാഹചര്യത്തിൽ കുട്ടനാടിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് കുട്ടനാടിനെ പ്രത്യേക പാരിസ്ഥിതിക മേഖലയായി കണക്കാക്കി വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

വിവിധ വകുപ്പുകൾ നടത്തുന്ന പ്രവർത്തനങ്ങളുടെ ആസൂത്രണം, ഏകോപനം, അവലോകനം, പാരിസ്ഥിതിക സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്ന പദ്ധതികൾ നടപ്പിലാക്കൽ എന്നിവ ഈ കൗൺസിൽ രൂപീകരണംകൊണ്ട് ലക്ഷ്യമിടുന്നു. കുട്ടനാട് മേഖലയിൽ ജലസേചന-ജലനിർഗ്ഗമന പ്രവർത്തനങ്ങളും യന്ത്രവൽക്കരണവും ഉറപ്പാക്കി കാർഷിക അനുബന്ധ മേഖലകളെ സംയോജിപ്പിച്ചുകൊണ്ട് കർഷകർക്ക് പരമാവധി പ്രയോജനം ലഭിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ഈ കൗൺസിലിന്റെ ഭാഗമായി നടപ്പിലാക്കുന്നതാണ്. വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും പ്രയോജനം കുട്ടനാട് മേഖലയ്ക്ക് മുഴുവൻ ലഭ്യമാക്കുന്ന തരത്തിലാണ് കൗൺസിലിന്റെ പ്രവർത്തനം വിഭാവനം ചെയ്തിരിക്കുന്നത്. കൗൺസിലിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന തലത്തിൽ ജനപ്രതിനിധികൾ, വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് അദ്ധ്യക്ഷന്മാർ തുടങ്ങിയവരടങ്ങിയ രണ്ട് ഉന്നതതല കമ്മിറ്റികളും മൂന്ന് ജില്ലകളിൽ അതത് ജില്ലാ കളക്ടർ ചെയർമാനായുള്ള ടെക്നിക്കൽ/ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരണം സാദ്ധ്യമാകുന്നതിലൂടെ അപ്പർ കുട്ടനാട്കൂടി ഉൾപ്പെടുന്ന കുട്ടനാട് മേഖലയുടെ സമഗ്ര വികസനം ഉറപ്പാക്കാൻ കഴിയും. കുട്ടനാട് കാർഷിക വികസന പദ്ധതിയിൽ കുട്ടനാട്ടിലെ ആറ് പ്രത്യേക കാർഷിക പ്രദേശങ്ങൾ ഉൾപ്പെടുത്തി വിപുലീകരിക്കും.

(9) <u>മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന് കെട്ടിടം സംബന്ധിച്ച സബ്മിഷന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

മലപ്പുറം സർക്കാർ വനിത കോളേജിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കാൻ 13.85 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ പദ്ധതിയുടെ ഡിസൈനിൽ ഗൃഹ മാനദണ്ഡപ്രകാരമുള്ള മാറ്റങ്ങൾ ആവശ്യമാണെന്ന കിഫ്ബി നിർദ്ദേശപ്രകാരം ആയത് പുതുക്കി പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. കിഫ്ബി അംഗീകാരം ലഭ്യമായശേഷം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. നിലവിൽ കോളേജ് പ്രവർത്തിക്കുന്നത് പരിമിതമായ സൗകര്യത്തിലായതിനാൽ കൂടുതൽ സൗകര്യമുള്ള മറ്റൊരു സ്വകാര്യ കെട്ടിടത്തിലേയ്ക്ക് മാറുന്നതിന് പ്രിൻസിപ്പാൾ അപേക്ഷ സമർപ്പിച്ചിരുന്നു. കോളേജ് പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങളുള്ള സർക്കാർ കെട്ടിടങ്ങൾ സമീപ പ്രദേശങ്ങളിലില്ലാത്ത സാഹചര്യത്തിൽ കൂടുതൽ സൗകര്യങ്ങളുള്ള മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറുന്നതിന് അനുമതി നൽകുകയും പ്രസ്തുത കെട്ടിടത്തിലേയ്ക്ക് കോളേജ് മാറി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോളേജ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് പുതുക്കിയ മാനദണ്ഡപ്രകാരമുള്ള ഡിസൈനിന്റെ അംഗീകാരം കിഫ്ബിയിൽ നിന്ന് ലഭ്യമാക്കി അടിയന്തരമായി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(10) <u>ടൈപ്പ് വൺ പ്രമേഹബാധിതരായ വിദ്യാർത്ഥികൾക്ക് ഇൻസുലിൻ ലഭ്യമാക്കുന്നത് സംബന്ധിച്ച സബ്മിഷന് ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതിവകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

ടൈപ്പ് വൺ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും പരിചരണം നൽകുന്നതിന് സാമൂഹ്യനീതി വകുപ്പിനുകീഴിൽ കേരള സാമൂഹ്യ സുരക്ഷ മിഷൻ വഴി ആരംഭിച്ച സമഗ്ര സാമൂഹ്യാധിഷ്ഠിത പദ്ധതിയാണ് 'മിഠായി'. ടൈപ്പ് വൺ പ്രമേഹരോഗം ബാധിച്ചവർക്ക് ഇൻസുലിൻ പെൻ, കണ്ടിന്യുവസ് ഗ്ലൂക്കോസ് മോണിറ്റർ, ഇൻസുലിൻ പമ്പ് തുടങ്ങിയവ ഉപയോഗിച്ചുള്ള ആധുനിക ചികിത്സയും ആരോഗ്യ-ഭക്ഷണകാര്യ ഉപദേശങ്ങളും പരിരക്ഷയും നൽകുന്ന പദ്ധതിയാണ് മിഠായി. കുട്ടികൾക്ക് കൗൺസിലിംഗും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷ സംവിധാനങ്ങളും ഉൾപ്പെടെ ആറ് ഘട്ടങ്ങൾ ഉൾപ്പെട്ട ബൃഹത് പദ്ധതി കൂടിയാണിത്. കോഴിക്കോട്, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം, തിരുവനന്തപുരം എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേകം സജ്ജമാക്കിയ

സെന്ററുകൾ വഴിയാണ് മിഠായി പദ്ധതിയുടെ സേവനം നൽകിവന്നിരുന്നത്. ഇതുകൂടാതെ പദ്ധതിയുടെ സേവനം ലഭ്യമല്ലാതിരുന്ന 9 ജില്ലകളിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് സാറ്റലൈറ്റ് സെന്ററുകൾ വഴി സേവനം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് 2022 ഏപ്രിലിൽ തുടക്കം കുറിക്കുകയുണ്ടായി. നിലവിൽ 1184 കുട്ടികളാണ് പരിപാടിയുടെ ഗുണഭോക്താക്കളായുള്ളത്. ടൈപ്പ്വൺ ഡയബറ്റിസ് ബാധിച്ച കുട്ടികളുടെ പരിരക്ഷ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച 19-3-2022-ലെ എം.4/387473/2022 നമ്പർ സർക്കുലർ പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. കൂടാതെ ടൈപ്പ് വൺ ഡയബറ്റിസ് ബാധിതരായ കുട്ടികൾക്ക് കേരളത്തിലെ വിദ്യാലയങ്ങളിൽ തുടർപഠനവും സ്വകാര്യതയും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് 14-6-2022-ലെ 3562/2022 നമ്പർ പ്രകാരം മറ്റൊരു ഉത്തരവും പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവുപ്രകാരം, ഇൻസുലിനെടുക്കുന്നതിന് കുട്ടികൾക്ക് വൃത്തിയുള്ളതും സ്വകാര്യതയുള്ളതുമായ മുറി സ്കൂളുകളിൽ ലഭ്യമാക്കേണ്ടതാണെന്നും ടൈപ്പ് 1 പ്രമേഹബാധിതരായ കുട്ടികളുടെ ലിസ്റ്റ് എല്ലാ സ്കൂളുകളിലും കരുതേണ്ടതാണെന്നും ബന്ധപ്പെട്ട ക്ലാസ് അദ്ധ്യാപകർ ഇത്തരം കുട്ടികളെ നിരന്തരം നിരീക്ഷിച്ച് അവർക്കുവേണ്ട സഹായങ്ങൾ ചെയ്യേണ്ടതാണെന്നും വൈദ്യസഹായം ആവശ്യമായ വേളയിൽ അടിയന്തരമായി അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണെന്നും വാർഷിക അദ്ധ്യാപക പരിശീലന പരിപാടികളിൽ ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ എല്ലാ അദ്ധ്യാപകർക്കും ടൈപ്പ് 1 പ്രമേഹത്തെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ടതാണെന്നും ടൈപ്പ് 1 പ്രമേഹബാധിതരായ കുട്ടികൾക്ക് തങ്ങൾക്ക് ഇഷ്ടമുള്ള സ്കൂൾ പ്രവേശനത്തിനായി നിലവിലുള്ള രീതി തുടരാവുന്നതാണെന്നും ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് എല്ലാ സ്കൂളുകളിലും അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കാൻ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറിയടക്കം എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പൊതുവിദ്യാഭ്യാസ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(11) എം.എൽ.എ. ഫണ്ടുപയോഗിച്ച് വാങ്ങിയ സ്കൂൾ ബസ്സുകൾ സംബന്ധിച്ച സബ്മിഷന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് വാങ്ങുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. എന്നാൽ ആസ്തി വികസന പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ സംരക്ഷണവും ചുമതലയും ഏത്

സ്ഥാപനത്തിനുവേണ്ടിയാണോ സൃഷ്ടിക്കപ്പെട്ടത് ആയത് അവരിൽ നിക്ഷിപ്തമായിരിക്കുമെന്നതിനാൽ വാഹനങ്ങളുടെ ഉടമസ്ഥാവകാശം വിദ്യാഭ്യാസ വകുപ്പിൽനിന്നും കൈമാറണമെന്ന ആവശ്യം ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടില്ല. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് വിദ്യാഭ്യാസ വകുപ്പിനായി വാങ്ങുന്ന വാഹനങ്ങളുടെ ഉടമസ്ഥാവകാശം വിദ്യാഭ്യാസ വകുപ്പിലാണ് നിക്ഷിപ്തമായിട്ടുള്ളത്. എന്നാൽ വിദ്യാഭ്യാസ വകുപ്പിന് ഫണ്ട് അപര്യാപ്തമായതിനാൽ പ്രസ്തുത വാഹനങ്ങളുടെ ഉടമസ്ഥാവകാശം അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമാക്കിയാൽ ഈ വാഹനങ്ങളുടെ സംരക്ഷണവും ജീവനക്കാരുടെ വേതനമടക്കമുള്ള ബാദ്ധ്യതകളും ഇതര ചെലവുകളും ഏറ്റെടുത്തുകൊള്ളാമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നയപരമായ തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. അതിനാൽ ഈ വിഷയത്തിൽ ധനകാര്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി കൂടി ആലോചിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(12) <u>തോട്ടം തൊഴിലാളികളുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച സബ്മിഷന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ കുറഞ്ഞ കൂലി 2019 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരുത്തി പുതുക്കി നിശ്ചയിച്ചുകൊണ്ട് 2021 ഫെബ്രുവരി 16-ന് സർക്കാർ ഉത്തരവായിരുന്നു. വിവിധ തൊഴിലാളി-തൊഴിലുടമ, സർക്കാർ പ്രതിനിധികളടങ്ങിയ ത്രികക്ഷി സമിതിയായ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ചചെയ്ത് പൊതുധാരണയിൽ എത്തിച്ചേർന്നതിന്റെ അടിസ്ഥാനത്തിൽ 1948-ലെ മിനിമം വേതന നിയമപ്രകാരമാണ് തോട്ടം മേഖലയിലെ മിനിമം വേതനം നിശ്ചയിക്കുന്നത്.

ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പുറത്തിറക്കുന്ന കൺസ്യൂമർ പ്രൈസ് ഇൻഡക്സ് പ്രകാരമുള്ള പോയിന്റ് അടിസ്ഥാനത്തിലാണ് തൊഴിലാളികളുടെ ഡി.എ. കണക്ക് കൂട്ടുന്നത്. നിലവിൽ തേയില തോട്ടം മേഖലയിലെ ഫീൽഡ് വർക്കർമാരായ തൊഴിലാളികൾക്ക് പ്രതിദിനം ഡി.എ. ഉൾപ്പെടെ 421.26 രൂപയും ഫാക്ടറി തൊഴിലാളികൾക്ക് പ്രതിദിനം 424.51 രൂപയും വേതനം ലഭിച്ചുവരുന്നുണ്ട്. മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത് മൂന്നുവർഷം കൂടുമ്പോഴായതിനാൽ 2021 ഡിസംബർ 31-ന് ഇത് പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ കാലാവധി അവസാനിച്ചിരിക്കുകയാണ്. 2022 ജനുവരി 1 മുതൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ട് സംയുക്ത ട്രേഡ് യൂണിയൻ പ്രതിനിധികൾ 2022 ജൂലൈ മാസം ഡിമാന്റ് നോട്ടീസ് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളി-തൊഴിലുടമ

പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ 2022 ആഗസ്റ്റ് മാസം ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ ടി വിഷയം ചർച്ച ചെയ്യുകയുണ്ടായി. തുടർന്ന് തൊഴിലാളികളുടെ മിനിമം വേതനം സംബന്ധിച്ച് മാനേജ്മെന്റിന്റെയും ട്രേഡ് യൂണിയന്റെയും ഭാഗത്തുനിന്നുള്ള ആവശ്യകതകൾ സർക്കുലേറ്റ് ചെയ്തുകൊണ്ട് ടി വിഷയം അജണ്ടയിലുൾപ്പെടുത്തി അടിയന്തരമായി പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്ത് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് തീരുമാനിക്കുകയുണ്ടായി. തോട്ടം മേഖലയിലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ പലതും കാലപ്പഴക്കംമൂലം ശോച്യാവസ്ഥയിലാണ്. സാമ്പത്തിക പ്രതിസന്ധിമൂലം മിക്ക എസ്റ്റേറ്റ് മാനേജ്മെന്റുകളും ലയങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ വിമുഖത കാണിക്കുകയാണ്. തോട്ടം മേഖലയിലെ ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകുകയെന്ന സർക്കാർ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ തൊഴിൽ വകുപ്പ് പ്രാഥമിക സർവ്വേ നടത്തുകയുണ്ടായി. റിട്ടയർ ചെയ്തവരിൽ സ്ഥലമോ വീടോ ഇല്ലാത്തവരായി 4303 പേരും, സ്ഥലമുണ്ടായിട്ടും വീടില്ലാത്തവരായി 1045 പേരും, നിലവിൽ ജോലി ചെയ്യുന്നവരിൽ സ്ഥലമുണ്ടായിട്ടും വീടില്ലാത്തവരായി 4715 പേരും, സ്ഥലമോ വീടോ ഇല്ലാത്തവരായി 22359 പേരും ഉൾപ്പെടെ 32422 ഗുണഭോക്താക്കളെ കണ്ടെത്തുകയുണ്ടായി. പ്രസ്തുത ലിസ്റ്റ് ഭവനം ഫൗണ്ടേഷന് കൈമാറുകയും സർക്കാരിന്റെ ലൈഫ് മിഷൻ ലിസ്റ്റിനൊപ്പം പ്രത്യേക ലിസ്റ്റായി പരിഗണിക്കുന്നതിന് അംഗീകാരം നൽകിയിട്ടുള്ളതുമാണ്. തുടർന്ന് 2022 ജനവരി 7-ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനപ്രകാരം ലൈഫ് മാനദണ്ഡമനുസരിച്ച് വീട് ലഭിക്കുന്നതിനുള്ള അർഹത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പരിശോധിച്ച് ഒരു മാസത്തിനകം തുടർനടപടി സ്വീകരിക്കുന്നതിന് ലൈഫ് മിഷനെ ചുമതലപ്പെടുത്തുകയുണ്ടായി. ലിസ്റ്റ് പരിശോധിക്കുന്നതിന് ലൈഫ് മിഷനും ലൈഫ് മാനദണ്ഡപ്രകാരം വീട് ലഭിക്കുന്നതിനുള്ള അർഹത പരിശോധിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർക്കും ഇതുസംബന്ധിച്ച യൂസർ ഐഡിയും പാസ്‌വേർഡും കൈമാറിയിട്ടുണ്ട്. മൂന്നാർ മേഖലയിൽ ജോലി ചെയ്യുന്ന സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്ക് 4 ലക്ഷം രൂപവീതം ചെലവഴിച്ച് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്വതന്ത്ര ഭവനങ്ങൾ നിർമ്മിച്ച് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ദേവികുളം താലൂക്കിൽ കുറ്റിയാർവാലി പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിലുൾപ്പെട്ട 10 തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ച്

കൈമാറിയിട്ടുള്ളതാണ്. കുളത്തുപ്പുഴയിലെ തിങ്കൾകരിക്കം വില്ലേജിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശമുള്ള 5 ഏക്കർ സ്ഥലത്ത് ഭവനം പ്രോജക്ട് പ്രകാരം 'ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീം' നടപ്പിലാക്കാൻ തീരുമാനിക്കുകയും ഒന്നാം ഘട്ടമായി 40 ഭവനങ്ങളുടെ നിർമ്മാണം കോസ്റ്റ് ഫോർഡിനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇരട്ട ഭവന മാതൃകയിൽ 6 ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും വീടുകളോട് ചേർന്നുള്ള ഭൂമി തയ്യാറാക്കൽ ജോലികളും പൂർത്തീകരിച്ച് ആർ.പി.എൽ.-ന് കൈമാറിയിട്ടുണ്ട്. സർക്കാർ അംഗീകരിച്ച പ്ലാന്റേഷൻ പോളിസിയിൽ ഭവനരഹിതരായ തോട്ടം തൊഴിലാളികളെ സമ്പൂർണ്ണ ഭവന പദ്ധതിയായ ലൈഫ് മിഷനിലുൾപ്പെടുത്തി തോട്ടം ഉടമകളുടെ സഹകരണത്തോടെ വീട് നിർമ്മിച്ച് നൽകാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഭവന നിർമ്മാണത്തിനായി ഭൂമി വിട്ടുനൽകുന്നതിന് എസ്റ്റേറ്റ് മാനേജ്മെന്റുകളുടെ വിമുഖതകാരണം പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ആയതിന് തോട്ടം ഉടമകളിൽനിന്ന് ഭൂമി ലഭിക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾ നടന്നുവരുന്നു. കെ.ഡി.എച്ച്.പി., എ.വി.ടി., ഹാരിസൺസ് മലയാളം ലിമിറ്റഡ് തുടങ്ങിയ വൻകിട എസ്റ്റേറ്റുകളിൽ മാത്രമേ ഡിസ്പെൻസറി, ഗാർഡൻ ഗ്രൂപ്പ് ആശുപത്രികൾ എന്നിവ പ്രവർത്തിച്ചുവരുന്നുള്ളൂ. മിക്ക എസ്റ്റേറ്റുകളിലെയും ഗാർഡൻ ആശുപത്രികളിലും ഡിസ്പെൻസറികളിലും വിസിറ്റിംഗ് ഡോക്ടർമാരാണുള്ളത്. സാമ്പത്തിക പ്രതിസന്ധിമൂലം ഡോക്ടർമാരെ നിയമിക്കുന്നതിനുള്ളശേഷി ഉടമകൾക്ക് ഇല്ലാത്തതും ഡോക്ടർമാർക്ക് പ്ലാന്റേഷനുകളിൽ ജോലി ചെയ്യുന്നതിനുള്ള വിമുഖതയും ഈ മേഖലയിൽ ഡോക്ടർമാരെ കിട്ടാതെവരുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. തൊഴിലാളികൾ കൂടുതലായുള്ള എസ്റ്റേറ്റുകളിൽ ക്രഷ് റൂം പ്രവർത്തിച്ചുവരുന്നു. ഇവയുടെ പ്രവർത്തനം പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ നിശ്ചിത ഇടവേളകളിൽ പരിശോധിക്കാറുണ്ട്. ക്രഷ് സംവിധാനം കൂടാതെ ചില തോട്ടങ്ങളിൽ അങ്കണവാടികളും പ്രവർത്തിക്കുന്നുണ്ട്. തോട്ടം മേഖലയിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന നിരവധി ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളി മരണപ്പെട്ടാൽ ഒരു ലക്ഷം രൂപയും ഭാഗികമായി അംഗവൈകല്യം സംഭവിച്ചാൽ 50,000 രൂപയും പൂർണ്ണമായി അംഗവൈകല്യം സംഭവിച്ചാൽ ഒരു ലക്ഷം രൂപയും വിവാഹ ധനസഹായമായി 10,000 രൂപയും നൽകിവരുന്നു. കൂടാതെ വിദ്യാഭ്യാസാനുകൂല്യം, ചികിത്സ ധനസഹായം എന്നിങ്ങനെയുള്ള ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. എല്ലാ വർഷവും ഓണക്കാലത്ത് തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് മുഖേന സൗജന്യമായി ഓണക്കിറ്റ് വിതരണം ചെയ്യാറുണ്ട്. കൂടാതെ, പ്രവർത്തിക്കുന്ന

തോട്ടങ്ങളിലെ തൊഴിലാളി ജോലിയിലിരിക്കെ മരണപ്പെട്ടാൽ ആശ്രിതർക്ക് 25,000 രൂപ നൽകിവന്നിരുന്നത് ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ച് 2021 ജനുവരി 11 മുതൽ നൽകിവരുന്നു.

(13) പുതുക്കോട് സർവ്വജന എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം സംബന്ധിച്ച സബ്മിഷന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

തരൂർ മണ്ഡലത്തിലെ പുതുക്കോട് സർവ്വജന ഹയർ സെക്കണ്ടറി സ്കൂൾ 17 അംഗങ്ങളുള്ള ഒരു സൊസൈറ്റി വകയായിരുന്നു. സ്കൂളിന്റെ മാനേജരായിരുന്ന ശ്രീ. പി. കെ. കൃഷ്ണസാമിയെ ആ സ്ഥാനത്തുനിന്നും മാറ്റി അതിലെ മെമ്പറായ ശ്രീ. പി. വി. പരമേശ്വര അയ്യർ മാനേജരായി. എന്നാൽ അനാരോഗ്യം കാരണം തുടരാൻ കഴിയില്ലെന്നും സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്നും മാനേജർ ആവശ്യപ്പെട്ടതനുസരിച്ച് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറെ എക്സ്-ഒഫീഷ്യോ മാനേജരായി നിയമിക്കുകയും ചെയ്തു. തുടർന്ന് 2021-ൽ പ്രസ്തുത സ്കൂൾപ്പെടെ 10 സ്കൂളുകൾ സർക്കാർ തത്വത്തിൽ ഏറ്റെടുക്കാൻ തീരുമാനിക്കുകയുണ്ടായി. സ്കൂൾ ഏറ്റെടുക്കൽ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടും സ്കൂളിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും നടുവിൽ മഠം മൂപ്പിൽ സ്വാമിയാർ ഹൈക്കോടതിയിൽ WP(C)No.21720/2021 ഫയൽ ചെയ്തു. ആയതിനാൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനായി കരട് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് തയ്യാറാക്കുകയും സൂക്ഷ്മപരിശോധനയ്ക്കായി നിയമ വകുപ്പിന് നൽകിയിരിക്കുകയുമാണ്. അത് എത്രയുംവേഗം ലഭ്യമാക്കി അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് എതിർസത്യവാങ്മൂലം ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി സ്കൂളിന്റെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(14) പെരുമ്പ പാലം നിർമ്മാണം സംബന്ധിച്ച സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ പുതിയ ബസ് സ്റ്റാൻഡും ദേശീയപാത 66-ഉം തമ്മിൽ ബന്ധിപ്പിക്കുന്ന പെരുമ്പ സമാന്തര പാലത്തിന്റെ നിർമ്മാണത്തിന് ഫണ്ട് ലഭ്യമാക്കാനുള്ള ശ്രമങ്ങൾ വകുപ്പ് നടത്തുന്നുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെ 84.77 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. കിഫ്ബി ഉൾപ്പെടെയുള്ള സംവിധാനങ്ങൾവഴി പുതിയ പാലം നിർമ്മാണത്തിനുള്ള സാധ്യത

പരിശോധിച്ചിരുന്നു. ഏതെങ്കിലും പദ്ധതികളിലുൾപ്പെടുത്തി ഫണ്ട് കണ്ടെത്താനാകുമോയെന്നും റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശം നൽകാനാകുമോയെന്നും പരിശോധിക്കാവുന്നതാണ്.

(15) കരമന-വെള്ളറട റോഡ് നിർമ്മാണം സംബന്ധിച്ച സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

കരമന-വെള്ളറട റോഡിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയാണ് ഇപ്പോൾ നടന്നുവരുന്നത്. ഇതിനായി 21.448 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആനുഷംഗിക ചെലവുകൾക്ക് അനുവദിച്ച 1.0724 കോടി രൂപ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. കരമന-വെള്ളറട റോഡ് 3 റീച്ചുകളായാണ് ഭൂമി ഏറ്റെടുക്കൽ നടന്നുവരുന്നത്. ആദ്യ റീച്ചായ കരമന മുതൽ കുണ്ടമൺകടവ് പാലം വരെ (0/000 മുതൽ 5/500) 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് റവന്യൂ വകുപ്പിൽനിന്നും 19(1) പ്രസിദ്ധീകരിക്കേണ്ടതുണ്ട്. രണ്ടാമത്തെ റീച്ചായ കുണ്ടമൺകടവ് മുതൽ ഞാറവിള വരെയും മൂന്നാമത്തെ റീച്ചായ ഞാറവിള മുതൽ വെള്ളറട വരെയും 11(1) നോട്ടിഫിക്കേഷൻ റവന്യൂ വകുപ്പിൽനിന്നും പ്രസിദ്ധീകരിക്കേണ്ടതുണ്ട്. കരമന-വെള്ളറട റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് നിരന്തരം ആവശ്യപ്പെടുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റീച്ച് 2-ന്റെ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടിയുള്ള ഫീൽഡ് പരിശോധന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(16) പെരുമ്പാവൂർ ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയാണ് പെരുമ്പാവൂർ ബൈപ്പാസ് നിർമ്മാണം നടത്തുന്നത്. ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി ചുമതലപ്പെടുത്തി. ഹൈക്കോടതിയിലെ കേസിനെ തുടർന്ന് പദ്ധതി നടത്തിപ്പിന് തടസ്സം വരാതിരിക്കാനായി അലൈൻമെന്റ് രണ്ട് ഭാഗങ്ങളായി തിരിച്ച് കിഫ്ബി അനുവാദം നൽകിയിട്ടുണ്ട്. തർക്കമില്ലാത്ത പഴയ എം.സി. റോഡ് മുതൽ മരുതുകവല വരെയുള്ള അലൈൻമെന്റ് ഭാഗം ഒന്നാം ഘട്ടമായും ഓൾഡ് മൂവാറ്റുപുഴ റോഡ് പാലക്കാട്ടുതാഴം രണ്ടാം ഘട്ടമായും തിരിച്ചു. നിലവിൽ മണ്ണിന്റെ ഘടനയുമായി ബന്ധപ്പെട്ട സാങ്കേതിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇത് പരിഹരിക്കാനായി ടെക്നിക്കൽ റിവ്യൂ റിപ്പോർട്ടും സർവ്വീസുകൾക്കുമായി

10-8-2022-ൽ നാറ്റ്പാക്കിന് കിഫ്ബി വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പെരുമ്പാവൂർ ബൈപ്പാസ് പദ്ധതിയുടെ ഫേസ് 2 (ചെയി.2/730, 3/758) ഭാഗത്തെ സ്ഥലമേറ്റെടുപ്പ് 98% പൂർത്തിയായിട്ടുണ്ട്. എന്നാൽ പ്രധാന റോഡിൽനിന്നും ഏകദേശം 100 മീറ്റർ മാറിയുള്ള അലൈൻമെന്റിന്മേൽ 2 ഭൂവുടമകൾ കേസ് ഫയൽ ചെയ്യുകയും സ്റ്റേ നിലനിൽക്കുകയുമാണ്. ഡിസൈൻ തയ്യാറാക്കുന്നത് അന്തിമഘട്ടത്തിൽ എത്തിക്കഴിഞ്ഞു. ആലുവ-മൂന്നാർ റോഡിന്റെ നവീകരണത്തിന്റെ അലൈൻമെന്റിന് അന്തിമരൂപമാകേണ്ടതുണ്ട്. ഇരിങ്ങോൽ വല്ലം റോഡിന്റെ ഡി.പി.ആർ തയ്യാറാക്കൽ പ്രവൃത്തിയിലേക്ക് കടക്കുകയാണ്. മണ്ണൂർ പോഞ്ഞാശ്ശേരി റോഡിൽ 340 മീറ്റർ ഭാഗത്തെ പ്രവൃത്തിയാണ് പൂർത്തിയാക്കേണ്ടത്. കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ നീക്കം ചെയ്തശേഷം റീടെണ്ടറിനുള്ള നടപടി തുടരുകയാണ്. ഹിൽ ഹൈവേ വെറ്റിലപ്പാറ യൂക്കാലി ജംഗ്ഷൻ അഭയാരണ്യം ചെട്ടിനട റോഡ് സ്ട്രെച്ച് 4-ന്റെ അതിർത്തി കല്ലുകൾ സ്ഥാപിക്കാൻ ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കെ.ആർ.എഫ്.ബി.പി.എം.യു-വിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

(17)<u>കോഴിക്കോട് എൻ.ഐ.ടി. അണ്ടർപാസ് സംബന്ധിച്ച സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

കോഴിക്കോട് എൻ.ഐ.ടി.-യുടെ കാമ്പസ്സുകൾ അണ്ടർപാസ് വഴി പരസ്പരം ബന്ധിപ്പിക്കുന്ന പദ്ധതിയെക്കുറിച്ചാണ് സബ്മിഷൻ. അണ്ടർപാസ് നിർമ്മാണത്തിനുവേണ്ടി എൻ.ഐ.ടി. ഫണ്ട് പൊതുമരാമത്ത് വകുപ്പിൽ 8-3-2019-ൽ നിക്ഷേപിച്ചിട്ടുള്ളതാണ്. ഇതിന്റെ പ്രവൃത്തി ഏർപ്പാട് ചെയ്തെങ്കിലും സമയബന്ധിതമായി പ്രവൃത്തിമേഖല കൈമാറിക്കിട്ടാത്തതിനാൽ താമസം നേരിട്ടു. കരാറുകാരൻ മണ്ണ് മാറ്റൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾ ചെയ്തിരുന്നു. ഇപ്പോഴാണ് സ്ഥലം തടസ്സരഹിതമായി കൈമാറി ലഭിച്ചത്. സ്ഥലം കൈമാറിയത് വൈകിയതിനാൽ കോൺട്രാക്റ്റിൽ നിന്നും കരാറുകാരൻ പിന്മാറി. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 11-7-2022-ലെ ഉത്തരവുപ്രകാരം നിലവിലെ കരാർ foreclose ചെയ്തിട്ടുണ്ട്. 2018-ലെ DSOR അനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. എൻ.ഐ.ടി.-ക്ക് അഡീഷണൽ ഫണ്ട് നിക്ഷേപിക്കാൻ ഇല്ലാത്തതിനാൽ നിലവിലെ തുക പരിമിതപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി. നിലവിൽ ജി.എസ്.ടി. 12% എന്നത് 18% ആക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇതിനാവശ്യമായ അഡീഷണൽ ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് എൻ.ഐ.ടി. അധികൃതരുമായി ചർച്ച നടന്നുവരുന്നു. അതുകൂടിയുൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. അങ്ങനെ

പുതുക്കിയശേഷം എൻ.ഐ.ടി.-യുടെ അംഗീകാരത്തോടെ ടെണ്ടർ ചെയ്ത് പ്രവൃത്തി ഏർപ്പാടാക്കേണ്ടതുണ്ട്. ഇത് വേഗത്തിലാക്കാനുള്ള ഇടപെടൽ നടത്താൻ പി.ഡബ്ല്യു.ഡി. സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണ്.

(18) നാട്ടികയിലെ റോഡുകളുടെ പുനരുദ്ധാരണം സംബന്ധിച്ച സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യവകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ പെരിങ്ങോട്ടുകര മുതൽ ആവണേങ്ങാട് പടി വരെ അമൃത് പദ്ധതിയിലുൾപ്പെടുത്തി പൈപ്പിടുകയും റെസ്റ്റോറേഷൻ പ്രവൃത്തി ഡിസംബർ 2019-ന് പൂർത്തീകരിക്കുകയും ചെയ്തതാണ്. വീണ്ടും പെരിങ്ങോട്ടുകര മുതൽ അന്തിക്കാട് വരെ 5 കി.മീ. റോഡ്, കിഫ്ബി/അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പിട്ട് റെസ്റ്റോറേഷൻ നടത്തുന്നതിനായി മൂന്ന് മാസത്തെ കാലാവധിയോടെ 28-1-2021-ന് വാട്ടർ അതോറിറ്റിക്ക് കൈമാറിയിരുന്നു. ഇതിന്റെ റെസ്റ്റോറേഷൻ പ്രവൃത്തി വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമാണ്. എന്നാൽ പൈപ്പിടൽ പ്രവൃത്തി സമീപകാലത്താണ് പൂർത്തിയാക്കാൻ കഴിഞ്ഞത്. ഇതിൽ കണക്ഷൻ നൽകാനുള്ള ഭാഗങ്ങളിലെ പൈപ്പിടാൻ ഏകദേശം 100 മീറ്ററോളം ഇനിയും ബാക്കിയുണ്ട്. പൈപ്പിടൽ നടത്തിയ ഭാഗങ്ങളിൽ WMM (Wet Mix Macadam) വരെയുള്ള റെസ്റ്റോറേഷൻ പ്രവൃത്തി മാത്രമേ പെരിങ്ങോട്ടുകര മൂന്നും കൂടിയ സെന്റർ മുതൽ നാലും കൂടിയ സെന്റർ വരെ പൂർത്തിയായിട്ടുള്ളൂ. നാലും കൂടിയ സെന്റർ മുതൽ അന്തിക്കാട് വരെയുള്ള ഭാഗത്തെ ടാറിംഗ് വാട്ടർ അതോറിറ്റി പൂർത്തീകരിച്ചെങ്കിലും മഴ കാരണം പല ഭാഗങ്ങളിലും റോഡ് താഴ്ന്നുപോകുകയും ടാറിംഗ് കേടുവന്ന് ഗതാഗതയോഗ്യമല്ലാതാകുകയും ചെയ്ത കാര്യം വാട്ടർ അതോറിറ്റിയെ അറിയിച്ചതിനെത്തുടർന്ന് താൽക്കാലികമായി റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. താഴ്ന്നുപോയ ഭാഗങ്ങളിൽ 36mm ലോക്കിംഗ് നടത്തിയാൽ മാത്രമേ റോഡ് ഗതാഗതയോഗ്യമാകുകയുള്ളൂ. താൽക്കാലിക അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ടെങ്കിലും മഴയെത്തുടർന്ന് റോഡ് വീണ്ടും മോശമാകുകയാണ്. കൃത്യമായി ടാറിംഗ് നടത്തി റോഡ് ഗതാഗതയോഗ്യമാക്കണമെന്ന കർശന നിർദ്ദേശം വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. കി.മീ. 5/000 മുതൽ 7/000 വരെയുള്ള ഭാഗത്തെ റെസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, നബാർഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി ടി ഭാഗം ബി.എം.&ബി.സി ചെയ്യുന്നതിനായുള്ള ടെണ്ടറിംഗ് നടപടികൾ നടന്നുവരുന്നു.

ചേർപ്പ്-തൃപ്രയാർ റോഡിൽ ചെയിനേജ് 6/950 മുതൽ 11/150 വരെ 42 കി.മീ. ദൂരം അമൃത്-കിഫ്ബി പ്രവൃത്തികൾക്കായി 2020-ൽ കേരള വാട്ടർ അതോറിറ്റിക്ക് അനുമതി നൽകിയിട്ടുള്ളതാണ്. നാളിതുവരെ കേരള വാട്ടർ അതോറിറ്റി 2.25 കി.മീ. ദൂരത്തെ പൈപ്പിടൽ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പൈപ്പിട്ട ഭാഗത്ത് താൽക്കാലിക റെസ്റ്റോറേഷൻ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ നിരന്തരമായ ഇടപെടൽ പൊതുമരാമത്ത് വകുപ്പ് നടത്തുന്നുണ്ട്. ബാക്കി ഭാഗത്ത് പൈപ്പിടുകയും പൈപ്പിട്ട ഭാഗത്തെ പൂർണ്ണമായ റെസ്റ്റോറേഷൻ പ്രവൃത്തിയും കേരള വാട്ടർ അതോറിറ്റി ചെയ്യാനുള്ളതാണ്.

(19) <u>അങ്ങാടിപ്പുറം-വളാഞ്ചേരി-വണ്ടൂർ-വടപുരം റോഡ് നവീകരണം സംബന്ധിച്ച സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുരം റോഡ് (കി.മീ6/395) നവീകരണവുമാണ് സബ്മിഷനിലെ ആവശ്യം. വാഹനത്തിരക്കും അമിത ഭാരം കയറ്റിയ വാഹനങ്ങൾ കടന്നുപോകുന്നതിനാലും ഭൂപ്രകൃതിമൂലവും ഓടയുടെ അഭാവംകൊണ്ടും റോഡിന് കേടുപാടുകൾ സംഭവിക്കുന്നുണ്ട്. 2016-ൽ ഡി.എൽ.പി അവസാനിച്ച റോഡിൽ നിലവിൽ 54.64 ലക്ഷം രൂപയുടെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ നടത്തുകയാണ്. റോഡ് നവീകരണത്തിന്റെ സാധ്യതയെപ്പറ്റി ഫണ്ടിന്റെ ലഭ്യതകൂടി പരിഗണിച്ച് തീരുമാനമെടുക്കാവുന്നതാണ്.

(20) <u>ഇടിമുഴിക്കൽ-തലപ്പാറ റോഡ് നിർമ്മാണം സംബന്ധിച്ച സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)</u>

സംസ്ഥാനത്തെ ദേശീയപാത നവീകരണ പ്രവർത്തനങ്ങൾ മികച്ച നിലയിൽ പുരോഗമിക്കുകയാണ്. ദേശീയപാത 66-ന്റെ മലപ്പുറം ജില്ലയിലെ പ്രവർത്തനങ്ങളും പുരോഗതിയിലാണുള്ളത്. സബ്മിഷനിൽ ഉന്നയിച്ചിരിക്കുന്നത് ഇടിമുഴിക്കൽ മുതൽ തലപ്പാറ വരെയുള്ള ഭാഗത്തെ സർവ്വീസ് റോഡ് ഡ്രെയിനേജ് നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കണമെന്നതാണ്. ഈ വിഷയത്തിൽ ദേശീയപാത അതോറിറ്റിയുടെ റിപ്പോർട്ട് തേടിയിരുന്നു. ദേശീയപാത അതോറിറ്റിയുടെ കരാറുകാരൻ അതോറിറ്റിക്ക് സമർപ്പിച്ച് Independent Engineer അവലോകനം ചെയ്ത പദ്ധതി പ്രകാരം ഇടിമുഴിക്കൽ (കി.മീ. 259+000) തലപ്പാറ

(27+000) വരെയുള്ള സർവ്വീസ് റോഡ് നിർമ്മാണം 10-6-2022-ന് തുടങ്ങി 27-8-2023-ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത ഭാഗത്തെ ഡ്രെയിനേജ് നിർമ്മാണം 11-10-2022-ന് തുടങ്ങി 21-9-2023-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതായും എൻ.എച്ച്.എ.ഐ. അറിയിക്കുന്നു.

ദേശീയപാത വികസന പ്രവർത്തനങ്ങൾ നിരന്തരമായി പരിശോധിക്കുന്നുണ്ട്. നേരിട്ട് ഓരോ ജില്ലകളിലുമെത്തി പ്രവർത്തനങ്ങൾ പരിശോധിക്കുകയാണ്. ദേശീയപാത അതോറിറ്റിയിലേയും പൊതുമരാമത്ത് വകുപ്പിലേയും ഉദ്യോഗസ്ഥരടങ്ങുന്ന സംഘത്തിനൊപ്പമാണ് ഈ പ്രവൃത്തികൾ വിലയിരുത്തുന്നത്. വൈകാതെതന്നെ മലപ്പുറം ജില്ലയിലുമെത്തി പ്രവൃത്തി പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(21) കൂത്തുപറമ്പിലെ റോഡുകളുടെ പുനരുദ്ധാരണം സംബന്ധിച്ച സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

പ്രസ്തുത റോഡിൽ 0/480 മുതൽ 2/500 വരെ സ്ഥലമുടമകൾ സ്വമേധയാ സ്ഥലം വിട്ടുനൽകിയതിനാൽ 9 മീറ്റർ വീതിയിൽ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 0/000 മുതൽ 0/480 വരെ റോഡിൽ പ്രവൃത്തി നടത്തുന്നതിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ ഈ ഭാഗത്ത് ഒരു പ്രവൃത്തിയും ചെയ്യാൻ സാധിച്ചിട്ടില്ല. സ്ഥലമേറ്റെടുപ്പ് നടപടികളുമായി റവന്യൂ വകുപ്പ് മുമ്പോട്ടുപോകുന്നുണ്ട്. റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കീഴ്മാടം-കല്ലിക്കണ്ടി റോഡ്

ഈ റോഡിലെ വയൽപ്പീടിക-കല്ലിക്കണ്ടിവരെയുള്ള ഭാഗം ഒഴികെ കിഫ്ബി മാനദണ്ഡപ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി റോഡിന്റെ അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുന്നതിനുവേണ്ടി 2.06 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി 26-8-2022-ന് ആരംഭിച്ചിട്ടുണ്ട്.

പാറാട്-കുന്നോത്തുപറമ്പ്-പൊയിലൂർ റോഡ്

പ്രവൃത്തിയുടെ സൈറ്റ് 10-7-2019-ന് കരാറുകാരന് വിട്ടുനൽകിയിരുന്നു. ആയതിൻപ്രകാരം പ്രവൃത്തി പൂർത്തീകരിക്കാനുള്ള അവസാന തീയതി 9-1-2020

വരെയായിരുന്നു. എന്നാൽ ചില എതിർപ്പുകൾമൂലം പ്രവൃത്തിയുമായി ബന്ധപ്പെട്ട ഡ്രെയിനേജ് നിർമ്മിക്കുന്നത് ദീർഘകാലം തടസ്സപ്പെട്ടു. ശേഷം പ്രവൃത്തി ആരംഭിക്കുന്നതിന് കരാറുകാരന് നിരന്തര നിർദ്ദേശം നൽകിയെങ്കിലും പിന്നെയും കാലതാമസം നേരിട്ടു. പൂർത്തീകരണ കാലാവധി 31-12-2022 വരെ ദീർഘിപ്പിച്ചുനൽകുന്ന കാര്യം പരിഗണിച്ചുവരുന്നു.

<u>പാറക്കടവ്-കടവത്തൂർ റോഡ്</u>

പാറക്കടവ്-കടവത്തൂർ റോഡിന്റെ കണ്ണൂർ നിരത്ത് വിഭാഗത്തിന് കീഴിൽവരുന്ന കി.മീ 2/000 മുതൽ 4/020 വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കുവേണ്ടി 2022-23 ബജറ്റിൽ 100 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. തുടർന്നുള്ള കാര്യങ്ങൾ പരിഗണിച്ചുവരുന്നു.

<u>പുത്തൂർ പോസ്റ്റാഫീസ്- കൈവേലിക്കൽ-നിള്ളങ്ങൾ-മുളിയാത്തോട് റോഡ്</u>

നിലവിൽ പ്രസ്തുത റോഡിൽ കി.മീ 0/000 മുതൽ 6/844 വരെ താൽക്കാലികമായി അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>കൂത്തുപറമ്പ്-മുര്യാട്-ചെറുവാഞ്ചേരി റോഡ്</u>

7.28 കി.മീ ദൈർഘ്യമുള്ള ഈ റോഡ് ബി.എം.&ബി.സി. ചെയ്ത് നവീകരിച്ചതാണ്. പരിപാലന കാലാവധി 31-3-2022 വരെയായിരുന്നു. നിലവിൽ റോഡ് ഗതാഗതയോഗ്യമാണ്.

<u>തലശ്ശേരി-വളവുപാറ കെ.എസ്.ടി.പി. റോഡ്</u>

ഈ റോഡിലെ പ്രവർത്തനരഹിതമായ സോളാർ വിളക്കുകൾ പ്രകാശിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് സൗന്ദര്യവൽക്കരണം നടപ്പിലാക്കുന്നതിനു വേണ്ട സ്ഥലം ലഭ്യമല്ല. കൂത്തുപറമ്പ് മണ്ഡലത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ-യുടെ നിർദ്ദേശപ്രകാരം നിർമ്മിക്കുന്ന 3 ബസ് ഷെൽട്ടറുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.

ഡിവൈഡറുകളിൽ പെയിന്റിംഗ് പ്രവൃത്തികൾ ബാക്കിയുണ്ട്. ആയത് എത്രയുംവേഗം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കല്ലിക്കണ്ടിപ്പാലം അപ്രോച്ച് റോഡിലെ കയ്യേറ്റവുമായി ബന്ധപ്പെട്ട് കല്ലിക്കണ്ടി പാലത്തിന് സമീപം പൊതുമരാമത്ത് റോഡ് കയ്യേറി കെട്ടിടം നിർമ്മിച്ച സ്ഥലമുടമകൾക്ക് സ്വമേധയാ ഒഴിയുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്.

(22) കൊടിനട-വഴിമുക്ക് മൂന്നാംഘട്ട പ്രവൃത്തി സംബന്ധിച്ച സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യവകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

കരമന-കളിയിക്കാവിള റോഡ് വികസനത്തിന്റെ പ്രാവച്ചമ്പലം മുതൽ വഴിമുക്കുവരെയുള്ള ഭാഗത്തിന് 13-10-2016-ൽ ഭരണാനുമതി നൽകിയിരുന്നു. പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തിന് ഫേസ് 1 റീച്ച്- 2 ആയി 8-5-2017-ൽ 162.46 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയും ചെയ്തു. സ്ഥലമേറ്റെടുത്ത് പ്രാവച്ചമ്പലം മുതൽ കൊടിനട വരെയുള്ള ഭാഗം പാർട്ട് 1 ആയി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൊടിനട മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തിന്റെ വിശദമായ പദ്ധതിരേഖ പൊതുമരാമത്ത് വകുപ്പ് (ഡിസൈൻ വിഭാഗം) തയ്യാറാക്കിവരുന്നു. കിഫ്ബി ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന ഡി.പി.ആർ.-ന് ആവശ്യമായ സർവ്വേ നടപടികളും പുരോഗമിക്കുന്നു. ഡി.പി.ആർ തയ്യാറാക്കിയാലുടൻ കിഫ്ബിയിൽ സമർപ്പിച്ച് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(23) കുഞ്ഞിപ്പള്ളി ടോൾ പ്ലാസ സംബന്ധിച്ച സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

ദേശീയപാത വികസനത്തിൽ കുഞ്ഞിപ്പള്ളിയിൽ ടോൾ പ്ലാസ നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യമാണ് സബ്മിഷനിൽ ഉന്നയിച്ചിരിക്കുന്നത്. ഇക്കാര്യം നേരത്തെതന്നെ ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ദേശീയപാത അതോറിറ്റി നൽകിയ മറുപടി ഇപ്രകാരമാണ്. കരാർ ഉടമ്പടി പ്രകാരം കി.മീ 190/200 മുതൽ 190/800 വരെയുള്ള ഭാഗത്ത് ടോൾ പ്ലാസ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ഈ ഭാഗത്തെ ROW 45 മീറ്ററായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ സർവ്വീസ് റോഡ് കരാർ ഉടമ്പടിയിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ഈ ഭാഗത്ത് ധാരാളം വീടുകളുള്ളതും ജനങ്ങളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടതിനാലും ആ ഭാഗത്തേയ്ക്കുള്ള പ്രവേശനത്തിന് പരിഹാരം കാണുന്നതിനായി concessioner/authority എഞ്ചിനീയർ വിഷയം പരിശോധിച്ചുവരികയാണ്.

(24) പുലിക്കളി സംഘങ്ങൾക്ക് ധനസഹായം സംബന്ധിച്ച സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

ഓണത്തോടനുബന്ധിച്ച് നടക്കുന്ന പുലിക്കളി കേരളത്തിലെ ഒരു പ്രധാന ടൂറിസം ആകർഷണമാണ്. പുലിക്കളി ടൂറിസം വകുപ്പിന്റെ മാർക്കറ്റിംഗ്

ക്യാമ്പയിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് പരമാവധി പ്രചരണം നൽകി സഞ്ചാരികളെ ആകർഷിക്കാനും ടൂറിസം വകുപ്പ് ശ്രമിക്കുന്നുണ്ട്. പുലിക്കളി പോലുള്ളവയ്ക്ക് ടൂറിസം വകുപ്പിൽനിന്നും ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. സംഘാടകരിൽനിന്നും അപേക്ഷ ലഭിക്കുന്നമുറയ്ക്ക് സാമ്പത്തിക സഹായത്തിനുള്ള ആവശ്യം പരിശോധിക്കുന്നതാണ്.

(25) മാസ്കമാരി-കുരുഡപ്പദവ് റോഡിന് കിഫ്ബി അനുമതി സംബന്ധിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിക്ക് "മാസ്കമാരി -കുരുഡപ്പദവ് റോഡ് ഇംപ്രൂവ്മെന്റ്" 10-7-2017-ലെ സ.ഉ. (സാധാ) നം. 942/2017/പൊ.മ.വ (ക്രമ നം. 53) നമ്പർ പ്രകാരം ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡ് 22.57 കോടി രൂപയുള്ള പദ്ധതിയുടെ വിശദമായ റിപ്പോർട്ട് 23-2-2019-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയതിന്മേൽ കിഫ്ബിയുടെ അവലോകന വിഭാഗം നടത്തിയ പരിശോധനയിൽ പ്രൊപ്പോസൽ പ്രകാരമുള്ള റോഡിൽ പ്രതിദിന ട്രാഫിക് വോള്യം 922 പി.സി.യു.-ഉം പ്രതിവർഷം 6 ശതമാനം വർദ്ധനവുംകൂടി കണക്കാക്കുമ്പോൾ 15 വർഷത്തിനുശേഷം ട്രാഫിക് വോള്യം 2208 പി.സി.യു. മാത്രമെ വരികയുള്ളൂ. ട്രാഫിക് വളരെ കുറഞ്ഞ പ്രസ്തുത റോഡ് കിഫ്ബിയുടെ മാനദണ്ഡങ്ങൾ പ്രകാരം നിർമ്മിക്കുന്നത് ഉചിതമല്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുമായി മുന്നോട്ടുപോയിട്ടില്ല.

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതും എന്നാൽ ഇത്തരത്തിൽ ട്രാഫിക് വോള്യം വളരെ കുറഞ്ഞതുമായ റോഡുകളുടെ വികസനത്തിനായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് BM & BC നിലവാരത്തിൽ യാത്ര സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, കിഫ്ബിവഴി നടപ്പാക്കാൻ തീരുമാനിച്ചതും നിലവിൽ യാത്രായോഗ്യമല്ലാത്തതുമായ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 50 കോടി രൂപയുടെ ധനാനുമതി കേരള റോഡ് ഫണ്ട് ബോർഡിന് കിഫ്ബി നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച റോഡിന്റെ അറ്റകുറ്റപ്പണി ഇതിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി കെ.ആർ.എഫ്.ബി-ക്ക് സ്വീകരിക്കാവുന്നതാണ്.

(26) തൃശ്ശൂർ നെഞ്ചുരോഗാശുപത്രിയുടെ പ്രവർത്തനം സംബന്ധിച്ച സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

തൃശ്ശൂർ, പാലക്കാട്, മലപ്പുറം, ജില്ലകളിലെ രോഗികൾ കാൻസർ ചികിത്സയ്ക്കായി തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് നെഞ്ചുരോഗാശുപത്രിയിലെ

റേഡിയേഷൻ ഓങ്കോളജി വിഭാഗത്തെയാണ് ആശ്രയിക്കുന്നത്. ഓരോ വർഷവും 4500-ൽപ്പരം പേർ കാൻസർ ചികിത്സയ്ക്കായി ഈ സ്ഥാപനത്തിൽ എത്തുന്നുണ്ട്. ആർ.സി.സി. മോഡൽ ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോപാത്തോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുന്നതിന് അദ്ധ്യാപകരടക്കം 21 തസ്തികകൾ ഇവിടെ അനുവദിച്ച് നൽകിയിട്ടുണ്ട്. ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് നൂതനമായ കാൻസർ ചികിത്സ ദിവസേന രോഗികൾക്ക് ലഭ്യമാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി 13.72 കോടി രൂപ ചെലവഴിച്ച് സ്ഥാപിച്ച ലിനാക് മെഷീൻ വഴി 1-6-2021 മുതൽ രോഗികൾക്ക് ഇപ്പോൾ റേഡിയേഷൻ ചികിത്സ നൽകിവരുന്നുണ്ട്. Linear Accelerator-ൽ റേഡിയേഷൻ പ്ലാൻ ചെയ്യുന്നതിന് സി.ടി സിമുലേറ്റർ Treatment planning computers എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. ഇതെല്ലാം പ്രവർത്തനക്ഷമമാണ്.

നിലവിൽ പ്രവർത്തിച്ചുവരുന്ന Cobalt-60 Teletherapy Machine-ന്റെ സോഴ്സ് മാറ്റിയതിനെത്തുടർന്ന് 70 രോഗികൾക്ക് ഇതുവഴി ദിവസവും ചികിത്സ നൽകിവരുന്നുണ്ട്. മേൽപ്പറഞ്ഞ മെഷീനുകൾ പ്രവർത്തിപ്പിക്കുന്നതിന് റേഡിയോഗ്രാഫറുടെ തസ്തിക സൃഷ്ടിക്കുന്നതിനും ടി വിഭാഗത്തിന്റെ പ്രവർത്തനത്തിന് റേഡിയേഷൻ ഫിസിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള പ്രൊപ്പോസൽ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. സർജിക്കൽ ഓങ്കോളജി ശക്തിപ്പെടുത്തുന്നതിനും ഇവിടെ മോഡ്യുലാർ തിയേറ്ററുകൾക്കാവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിനുമായി 2022-23 സാമ്പത്തിക വർഷത്തെ 4210-03-105-89 എന്ന പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി 31-7-2022-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 1845/2022/ ആ.കു.വ. പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ സർജിക്കൽ ഓങ്കോളജി സെന്റർ വികസിപ്പിക്കുന്നതിനായി 2 കോടി രൂപ 2022-23 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളതും ആയത് അനുവദിക്കാനുള്ള നടപടിക്രമങ്ങൾ നടന്നുവരികയുമാണ്.

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ കാൻസർ ചികിത്സ ശക്തിപ്പെടുത്തുന്നതിന് പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. Strengthening of territory C/o Cancer under National programme for prevention & Control of Cancer, Diabets, CVD&Stroke (NPCDCS) കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 75 ശതമാനം കേന്ദ്ര വിഹിതം 25 ശതമാനം സംസ്ഥാന വിഹിതം എന്നിങ്ങനെ വിഭാവനം ചെയ്തിട്ടുണ്ട്. മൂന്ന് ഘട്ടമായി വിഭാവനം ചെയ്തിരുന്ന പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടം 1 കോടി

രൂപയുടെ എം.പി. ഫണ്ടും സ്റ്റേറ്റ് ഫണ്ടും ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 2.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ 14,000 സ്ക്വയർ ഫീറ്റ് നിർമ്മാണമുള്ള ഡേ കെയർ കാൻസർ സെന്റർ ഉൾപ്പെടുന്നുണ്ട്. മൂന്നാം ഘട്ടത്തിൽ സർജിക്കൽ ഓങ്കോളജി സർവ്വീസസ്, ന്യൂക്ലിയർ മെഡിസിൻ സർവ്വീസസ്, റേഡിയേഷൻ ഓങ്കോളജിയുടെയും മെഡിക്കൽ ഓങ്കോളജിയുടെയും വികസനം എന്നിവ ഉൾപ്പെടുന്നു. 65 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന മൂന്നാം ഘട്ടത്തിനുള്ള തുക കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റേഡിയോ ന്യൂക്ലിയേഡ് ഉപയോഗിച്ച് രോഗനിർണ്ണയം നടത്തുകയും തൈറോയ്ഡ് ഉൾപ്പെടെയുള്ള കാൻസർ ചികിത്സകൾ ചെയ്യുന്ന ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിന്റെ കീഴിലാണ് പെറ്റ് സ്കാൻ, ബോൺ സ്കാൻ തുടങ്ങിയവ നടത്തുന്നത്. ന്യൂക്ലിയർ മെഡിസിൻ സ്കാനിംഗ് ആവശ്യമുള്ള രോഗികളെ തിരുവനന്തപുരം ആർ.സി.സി.-യിലേയ്ക്കോ കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്കോ ആണ് റഫർ ചെയ്യുന്നത്. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗം ആരംഭിക്കുന്നതിന് വിശദമായ പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ് തയ്യാറാക്കിവരുന്നു. ഐ.സി.എം.ആർ. പഠനങ്ങളിൽ സ്ത്രീകളിലും പുരുഷന്മാരിലും ഉദര കാൻസർ രോഗം കൂടുതലായി കണ്ടുവരുന്നുണ്ട്. ഈ രോഗം ചികിത്സിക്കുന്നതിന് മെഡിക്കൽ ഗ്യാസ്ട്രോ എന്ററോളജി, സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി, ഓങ്കോളജി എന്നീ വിഭാഗങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. രോഗം കൃത്യമായി നിർണ്ണയിക്കുന്നതിന് മെഡിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗം തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിലവിലുണ്ട്. ടി വിഭാഗത്തിൽ 2 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ ജോലി ചെയ്തിരുന്ന ഒരു അസിസ്റ്റന്റ് പ്രൊഫസർ സ്ഥാനക്കയറ്റം ലഭിച്ച് സ്ഥലം മാറിപ്പോയ ഒഴിവ് നിലവിലുണ്ട്. പ്രസ്തുത ഒഴിവ് കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്. ഉദര കാൻസർ ചികിത്സയിൽ നിർണ്ണായകമായ സർജറിക്കാവശ്യമായ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗം തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആരംഭിക്കുന്നതിന് വിശദമായ പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ തലത്തിൽ പരിശോധിക്കുന്നതാണ്.

നിലവിൽ പാലക്കാട്, ഇരിങ്ങാലക്കുട, ഒറ്റപ്പാലം തുടങ്ങിയ സ്ഥലങ്ങളിലെ ജില്ലാ ആശുപത്രികളിൽനിന്നും പി.എച്ച്.സി.-കളിൽനിന്നും തൃശ്ശൂർ മെഡിക്കൽ

കോളേജിലേയ്ക്ക് രോഗികളെ റഫർ ചെയ്യുകയും ആവശ്യമായ ചികിത്സകൾ നൽകി Hub&Spoke സംവിധാനം നടപ്പിലാക്കുന്നുണ്ട്. ഇത് ജില്ലാതലത്തിൽ വികസിപ്പിച്ച് രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. നിലവിൽ കേരളത്തിൽ ഡി.എം. റേഡിയേഷൻ ഓങ്കോളജി കോഴ്സ് ആരംഭിച്ചിട്ടില്ല. കേരളത്തിന് പുറത്ത് AIMS -ന് കീഴിലുള്ള 2 മെഡിക്കൽ കോളേജുകളിൽ മാത്രമാണ് ഈ കോഴ്സ് നിലവിലുള്ളത്. പ്രസ്തുത സിലബസ്സിന്റെ അടിസ്ഥാനത്തിൽ സർക്കാർ മെഡിക്കൽ കോളേജിൽ ഈ കോഴ്സ് ആരംഭിക്കുന്നതിനുള്ള സിലബസ് രൂപീകരണത്തിലാണ്. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് നെഞ്ചുരോഗാശുപത്രിയെ മധ്യ കേരളത്തിലെ ജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായ രീതിയിൽ ഉയർത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

(27) <u>കാട്ടാക്കട സി.എച്ച്.സി.-യുടെ പ്രവർത്തനം സംബന്ധിച്ച സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

തിരുവനന്തപുരം ജില്ലയിൽ അരുവിക്കര നിയോജകമണ്ഡലത്തിൽ വെള്ളനാട് ബ്ലോക്കിന്റെ പരിധിയിൽ പൂവച്ചൽ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കാട്ടാക്കട പ്രാഥമികാരോഗ്യ കേന്ദ്രത്തെ 2008-ൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഐ.പി. സേവനങ്ങളുള്ള 24x7 പി.എച്ച്.സി. ആയി മാറ്റുകയും 2009-ൽ സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്തുകയും ചെയ്തു.

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 16-6-2018-ലെ സ. (കൈ)നമ്പർ 113/2018/ആ.കു.വ പ്രകാരം സി.എച്ച്.സി. കാട്ടാക്കടയെ കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യുകയുണ്ടായി.

90 സെന്റിൽ സ്ഥിതി ചെയ്യുന്ന ഈ ആശുപത്രിയിൽ 5 കെട്ടിടങ്ങളിലായി ഫാർമസി, ലാബ്, ഓഫീസ്, ഇമ്മ്യൂണൈസേഷൻ വിഭാഗം, ഒ.പി. ബ്ലോക്ക്, സെക്കന്ററി ലെവൽ പാലിയേറ്റീവ് കെയർ, ഫീമെയിൽ വാർഡ്, മെയിൽ വാർഡ്, പബ്ലിക് ടോയ്‌ലറ്റ് എന്നിവ പ്രവർത്തിച്ചുവരുന്നു. 24 മണിക്കൂറും സേവനം നൽകുന്ന ഐ.പി-യുള്ള ഈ ആശുപത്രിയിൽ ദിവസവും ഒ.പി., ഐ.പി, അത്യാഹിത വിഭാഗം ഉൾപ്പെടെ 450-ഓളം രോഗികൾ ചികിത്സ തേടി വരുന്നുണ്ട്. എൻ.സി.ഡി. ക്ലിനിക്, ഇ.സി.ജി, ഫാർമസി, ലാബ് പാലിയേറ്റീവ് കെയർ, മെന്റൽ ഹെൽത്ത്, Eye Clinic, ശ്വാസ് ക്ലിനിക്, ഇമ്മ്യൂണൈസേഷൻ എന്നീ സേവനങ്ങൾ ഫലപ്രദമായി നടത്തിവരുന്നു. 20 ബെഡ് സ്ട്രെംഗ്തുള്ള ഈ ആശുപത്രിയിൽ ശരാശരി ഐ. പി. 10 മുതൽ 15 വരെയാണ്. ഇ-ഹെൽത്ത് സംവിധാനവും രോഗികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ ആശുപത്രിയിൽ ഒരു

അസിസ്റ്റന്റ് സർജന്റെ തസ്തിക പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. നിലവിൽ ഇവിടെ 2 അസിസ്റ്റന്റ് സർജന്റേയും എൻ.എച്ച്.എം. മുഖാന്തരമുള്ള രണ്ട് ഡോക്ടർമാരുടേയും സേവനം ലഭ്യമാണ്.

രണ്ട് അസിസ്റ്റന്റ് സർജൻ ഉൾപ്പെടെ 19 ജീവനക്കാരുടെ അംഗീകൃത സ്ഥിരം തസ്തികകൾ ഈ ആശുപത്രിയിലുണ്ട്. രണ്ട് അസിസ്റ്റന്റ് സർജൻ ഉൾപ്പെടെ എൻ.എച്ച്.എം. മുഖാന്തരം 7 പേർ, എച്ച്.എം.സി. മുഖാന്തരം 5 പേർ എന്നിങ്ങനെ 12 താൽക്കാലിക ജീവനക്കാരുടെ സേവനവും ലഭ്യമാണ്. (ആകെ 31 ജീവനക്കാർ). ആർദ്രം പദ്ധതിപ്രകാരം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി 15.5 ലക്ഷം എൻ.എച്ച്.എം. ഫണ്ട് ഉപയോഗപ്പെടുത്തി ഒ.പി ബ്ലോക്ക്, ലാബ് കെട്ടിടം എന്നിവ നവീകരിക്കുകയും പാലിയേറ്റീവ് കെയറിനായി പുതിയ കെട്ടിടം നിർമ്മിക്കുകയും ചെയ്തു. പൂവച്ചൽ പഞ്ചായത്തിൽത്തന്നെയുള്ള സി.എച്ച്.സി വീരണകാവ് വഴിയാണ് ഫീൽഡുതല പ്രവൃത്തികൾ ഏകോപിപ്പിച്ച് നടത്തിവരുന്നത്. ഈ അശുപത്രി കേന്ദ്രീകരിച്ച് 2 JPHN -ന്റെ സേവനം ലഭ്യമാണ്. അരുവിക്കര നിയോജകമണ്ഡലത്തിൽ വിതുര താലൂക്ക് ആശുപത്രി ഉൾപ്പെടെ 10 ആരോഗ്യ സ്ഥാപനങ്ങളാണ് നിലവിലുള്ളത്. ആശുപത്രികളുടെ നിലവിലെ സ്ഥിതി നേരിട്ട് മനസ്സിലാക്കുന്നതിനായി വിതുര താലൂക്ക് ആശുപത്രിയിൽ സന്ദർശനം നടത്തിയിട്ടുണ്ടായിരുന്നു. ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർ കൃത്യമായി ജോലിക്ക് ഹാജരാകുന്നുണ്ടെന്നും തങ്ങളിലർപ്പിതമായ ഉത്തരവാദിത്വം പൂർണ്ണമായി നിർവ്വഹിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

ആദിവാസി വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾ കൂടുതലായി താമസിക്കുന്നതും കാർഷിക മേഖലയിൽ ഉൾപ്പെടെ ജോലി ചെയ്യുന്ന സാധാരണക്കാർ അധിവസിക്കുന്നതുമായ അരുവിക്കര നിയോജകമണ്ഡലത്തിലെ കാട്ടാക്കട കുടുംബാരോഗ്യ കേന്ദ്രം ഉൾപ്പെടെയുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും മാനദണ്ഡപ്രകാരമുള്ള സേവനങ്ങൾ ഘട്ടംഘട്ടമായി ആശുപത്രികളിൽനിന്നും ലഭ്യമാക്കുന്നതിനും ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമായ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ അധികമായി നിയമിക്കാൻ കഴിയുമോയെന്നുമുള്ള കാര്യം സർക്കാരിന്റെ സാമ്പത്തികസ്ഥിതികൂടി പരിഗണിച്ച് പരിശോധിക്കുന്നതാണ്.

(28) ആലുവ ജില്ലാശുപത്രിയുടെ പ്രവർത്തനം സംബന്ധിച്ച സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

2010-ലാണ് എറണാകുളം ജില്ലയിലെ ആലുവ താലൂക്കാശുപത്രിയെ ജില്ല ആശുപത്രിയായി ഉയർത്തിയത്. എറണാകുളം ജില്ലയിലെ 8 പഞ്ചായത്തുകളിലേയും

2 മുനിസിപ്പാലിറ്റികളിലേയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും അല്ലാത്തവരും അന്യസംസ്ഥാന തൊഴിലാളികളും ഉൾപ്പെടുന്ന വലിയൊരു വിഭാഗം ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്ന ആരോഗ്യ സ്ഥാപനമാണിത്. ഇവിടത്തെ ബെഡ് സ്ട്രെംഗ്ത് 227 ആണ്. ഈ സ്ഥാപനത്തിൽ നിലവിൽ പ്രതിദിനം ശരാശരി ആയിരത്തിലധികം രോഗികൾ ഒ.പി വിഭാഗത്തിലും അറുപതോളം രോഗികൾ ഐ.പി. വിഭാഗത്തിലും ചികിത്സയ്ക്കെത്തുന്നു. മെഡിസിൻ, സർജറി, ഓർത്തോ, സൈക്യാട്രി, ഗൈനക്കോളജി, ശിശുരോഗ വിഭാഗം, ഇ.എൻ.ടി., നേത്രരോഗ വിഭാഗം, ത്വക്കുരോഗ വിഭാഗം, ദന്തൽ വിഭാഗം എന്നിവ ഇവിടെ പ്രവർത്തിക്കുന്നു. ഇവയ്ക്ക് പുറമെ ഡയാലിസിസ് യൂണിറ്റ് (28 മെഷീൻ) 2 ഷിഫ്റ്റായി പ്രവർത്തിക്കുന്നു. ബ്ലഡ് ബാങ്ക്, ഹീമോഫീലിയ യൂണിറ്റ് (12 ബെഡ്), 24 മണിക്കൂറും പ്രവർത്തനസജ്ജമായ ലബോറട്ടറി, ന്യൂബോൺ ഐ.സി.യു, ലഹരി വിമുക്ത കേന്ദ്രം, ഐ.സി.റ്റി.സി എന്നിവയും ഈ ആശുപത്രിയിൽ പ്രവർത്തിക്കുന്നു. കൂടാതെ മാമോഗ്രാം യൂണിറ്റ്, അത്യാധുനിക സൗകര്യത്തോടുകൂടിയ ഓപ്പറേഷൻ തിയേറ്ററുകൾ, എക്സ്റേ യൂണിറ്റ്, ഇ.സി.ജി., സി.ടി. സ്കാൻ, അൾട്രാസൗണ്ട് സ്കാൻ തുടങ്ങിയ സൗകര്യങ്ങൾ ഈ ആശുപത്രിയിൽനിന്നും ലഭ്യമാകുന്നുണ്ട്. കോവിഡ് കാലത്ത് മികച്ച സേവനം നൽകിയ ആശുപത്രികളിലൊന്നാണിത്. ജില്ലയിലെ പ്രധാന കോവിഡ് ആശുപത്രിയായി ഇത് പ്രവർത്തിച്ചുവന്നിരുന്നു. അതോടൊപ്പം നോൺ കോവിഡ് ചികിത്സയും നൽകിവന്നിരുന്നു. കോവിഡ് ചികിത്സയ്ക്ക് മാത്രമായി 100 ഓക്സിജൻ കിടക്കകൾക്കുള്ള സൗകര്യവും ഐ.സി.യു വെന്റിലേറ്റർ ഉൾപ്പെടെ 68-ഓളം വെന്റിലേറ്ററുകളും ഇവിടെ സജ്ജമാക്കി രോഗികൾക്ക് സേവനം നൽകിയിട്ടുണ്ടായിരുന്നു. ജില്ലയിലെ ആരോഗ്യ വകുപ്പിന്റെ കോവിഡ് ഐ.സി.യു., Monkey Pox Isolation ward എന്നിവ ക്രമീകരിച്ചിരിക്കുന്നത് ഈ സ്ഥാപനത്തിലാണ്. ഇവിടെ 24 മണിക്കൂറും കാഷ്വൽറ്റി, ഐ.സി.യു, ലാബ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. നിരവധിയായ അടിസ്ഥാന സൗകര്യ വികസന-നവീകരണ പ്രവൃത്തികളും ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്ന നടപടിയും ഈ ആശുപത്രിയിൽ നടന്നിട്ടുണ്ട്. 40 ലക്ഷം രൂപയുടെ എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് ഐസൊലേഷൻ വാർഡിന്റെ നവീകരണം പൂർത്തിയാക്കി. കോവിഡ് കാലത്ത് ഒരു കോടി രൂപയുടെ ക്രിട്ടിക്കൽ കെയർ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. മൂന്നര കോടി രൂപയുടെ സി.ടി സ്കാൻ മെഷീൻ വാങ്ങി നൽകി. 'ലക്ഷ്യ'-യുടെ ഭാഗമായി Labour Room Renovation പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഒരു കോടി രൂപ ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ജെറിയാട്രിക് വാർഡ് നിർമ്മാണം പൂർത്തിയായി. ആശുപത്രിയിലേയ്ക്ക് മാത്രമായി എച്ച്.റ്റി. ട്രാൻസ്ഫോമർ സ്ഥാപിച്ചു. 5 കോടി രൂപ ചെലവഴിച്ച് അത്യാധുനിക ഓപ്പറേഷൻ തിയേറ്റർ സ്ഥാപിച്ചു. ഹീമോഫീലിയ രോഗികൾക്ക് ചികിത്സയുടെ ഭാഗമായ അക്വാട്ടിക് തെറാപ്പി നൽകുന്നതിനുള്ള സ്വിമ്മിംഗ് പൂളിന്റെ നിർമ്മാണം പൂർത്തിയാക്കി. മുൻ എം.പി. ശ്രീ. ഇന്നസെന്റിന്റെ എം.പി. ഫണ്ടിൽനിന്നും

അൾട്രാസൗണ്ട് സ്കാനിംഗ് മെഷീനും മാമോഗ്രാം മെഷീനും നിലവിലെ എം.പി.യുടെ ഫണ്ടിൽനിന്നും വെന്റിലേറ്ററും വാങ്ങി നൽകി. ചെന്നൈ പെട്രോളിയം കോർപ്പറേഷന്റെ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് ഓക്സിജൻ ജനറേറ്റർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. എൻ.എച്ച്.എം. മുഖാന്തരം 1.96 കോടി രൂപ ചെലവഴിച്ച് ലക്ഷ്യ മാനദണ്ഡപ്രകാരമുള്ള പ്രസവമുറി നവീകരണം പൂർത്തിയായിവരുന്നു. 1.5 കോടി രൂപ ചെലവാക്കി നിർമ്മിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് അനുമതി ലഭ്യമായിട്ടുണ്ട്. സ്മാർട്ട് സിറ്റി സഹായത്തോടെ ഇ-ഹെൽത്ത് കമ്പ്യൂട്ടർ നെറ്റ് വർക്ക് പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. സാംക്രമിക രോഗ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 140 നിയോജകമണ്ഡലങ്ങളിലും തെരഞ്ഞെടുത്ത ഒരു ആരോഗ്യ കേന്ദ്രത്തിൽ 10 ബെഡുകളുള്ള ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ ആലുവ നിയോജകണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തത് ആലുവ ജില്ലാ ആശുപത്രിയെയാണ്. ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തികൾക്കായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതാണ്. ആലുവ ജില്ല ആശുപത്രിയിൽ വിവിധ വിഭാഗങ്ങളിലായി 27 ഡോക്ടർമാരുൾപ്പെടെ 168 സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികകളുണ്ട്. ഇതുകൂടാതെ എൻ.എച്ച്.എം, ആർ.എസ്.ബി.വൈ. എന്നിവ മുഖാന്തരം നിയമിക്കപ്പെട്ട 68 താൽക്കാലിക ജീവനക്കാരും സേവനമനുഷ്ഠിക്കുന്നു. (ആകെ 236 ജീവനക്കാർ). ആലുവ ജില്ലാ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (O&G)-1, ഡയാലിസിസ് ടെക്നീഷ്യൻ-2, ലാബ് ടെക്നീഷ്യൻ-2 എന്നിങ്ങനെ 5 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. എൻ.എ.ബി.എച്ച്. അക്രഡിറ്റേഷനുള്ള ബ്ലഡ് ബാങ്ക് 24 മണിക്കൂർ സേവനമുള്ള ലാബ്, ഹീമോഫീലിയ ലാബ് എന്നിവയ്ക്കായി എറണാകുളം ജനറൽ ആശുപത്രിയിൽ നിന്ന് ജോലിക്രമീകരണ വ്യവസ്ഥയിൽ ആഴ്ചയിൽ ഒരു ദിവസം ഒരു പത്തോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്.

ആർദ്രം മാനദണ്ഡപ്രകാരം ഒരു ജില്ലയിൽ നിന്ന് ഒരു ആശുപത്രിയെ ജില്ലാതല ആശുപത്രിയായും ഒരു താലൂക്കിൽനിന്ന് ഒരു ആശുപത്രിയെ താലൂക്കുതല ആശുപത്രിയായും തെരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യ വികസനവും സൂപ്പർ സ്പെഷ്യാലിറ്റി, മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനാണ് ആദ്യഘട്ടത്തിൽ നടപടി സ്വീകരിച്ചുവരുന്നത്. ഈ മാനദണ്ഡപ്രകാരം എറണാകുളം ജനറൽ ആശുപത്രിയെയാണ് എറണാകുളം ജില്ലയിൽ ജില്ലാതല ആശുപത്രിയായി തെരഞ്ഞെടുത്തിരിക്കുന്നത്. ആലുവ ജില്ലാ ആശുപത്രി ഉൾപ്പെടെയുള്ള മറ്റ് ആശുപത്രികളിൽ ആർദ്രം മാനദണ്ഡപ്രകാരമുള്ള സൗകര്യങ്ങൾ ഘട്ടംഘട്ടമായി ഒരുക്കുന്നതിനും പൊതുജനങ്ങൾക്ക് അതിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട

സേവനങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആലുവ ജില്ല ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമായ അധിക തസ്തികകൾ സൃഷ്ടിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

(29) കല്ലറ, പാലോട്, വാമനപുരം സി.എച്ച്.സി.കളുടെ പ്രവർത്തനം സംബന്ധിച്ച സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

തിരുവനന്തപുരം ജില്ലയിലെ വാമനപുരം നിയോജകമണ്ഡലത്തിൽ വാമനപുരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളാണ് സാമൂഹികാരോഗ്യ കേന്ദ്രം-കല്ലറ, സാമൂഹികാരോഗ്യ കേന്ദ്രം-പാലോട്, കുടുംബാരോഗ്യ കേന്ദ്രം-വാമനപുരം എന്നിവ.

സാമൂഹികാരോഗ്യ കേന്ദ്രം, കല്ലറ

കല്ലറ സാമൂഹികാരോഗ്യ കേന്ദ്രം 1953-ൽ പ്രാഥമികാരോഗ്യ കേന്ദ്രമായി ആരംഭിക്കുകയും തുടർന്ന് 6-11-2008-ൽ സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തിലെ പ്രതിദിന ശരാശരി ഒ.പി. 400 മുതൽ 450 വരെയും ശരാശരി ഐ.പി. 12-ഉം ആണ്. 24 മണിക്കൂറും പ്രവർത്തനസജ്ജമായ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അംഗീകൃത കിടക്കകളുടെ എണ്ണം 32 ആണ്. ഇവിടെ ഒ.പി. കെട്ടിടം, ഐ.പി. വാർഡുകൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഇമ്മ്യൂണൈസേഷൻ മുറി, പോസ്റ്റ്മോർട്ടം മുറി, ഡോക്ടർ ക്വാർട്ടേഴ്സ്, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയെല്ലാം സജ്ജമാണ്. ഫാമിലി വെൽഫെയർ പ്രവർത്തനങ്ങൾക്കായി ഒരു മിനി ബസ്സിന്റെ സേവനം ലഭ്യമാണ്. ഇ-ഹെൽത്ത് സംവിധാനത്തിലാണ് ഒ.പി. സേവനം നൽകുന്നത്. കൂടാതെ ലബോറട്ടറി സൗകര്യം, ഫാർമസി, ഇമ്മ്യൂണൈസേഷൻ, പാലിയേറ്റീവ് കെയർ തുടങ്ങിയവയും നൽകിവരുന്നുണ്ട്. ഒരു സിവിൽ സർജനും 2 അസിസ്റ്റന്റ് സർജനും ഉൾപ്പെടെ 37 സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികകളുണ്ട്. ഇതിനുപുറമെ, എൻ.എച്ച്.എം. മുഖാന്തരം ഒരു ഡോക്ടർ ഉൾപ്പെടെ 5 പേർ, എച്ച്.എം.സി. മുഖാന്തരം ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ ഉൾപ്പെടെ 4 പേർ, ബ്ലോക്ക് പഞ്ചായത്ത് മുഖേന ഒരു മെഡിക്കൽ ഓഫീസർ, പ്രോജക്ട് മുഖാന്തരം 8 പേർ എന്നിങ്ങനെ 18 താൽക്കാലിക ജീവനക്കാരുടെ സേവനം ഇവിടെ ലഭ്യമാണ്. (ആകെ 55 ജീവനക്കാർ). സി.എച്ച്.സി. കല്ലറയിൽ 2 മണി വരെ ഒ.പി. പ്രവർത്തിച്ചുവരുന്നുണ്ട്. ആശുപത്രിയിൽ നിലവിൽ പി.എസ്.സി. മുഖാന്തരവും എൻ.എച്ച്.എം., ബ്ലോക്ക് പഞ്ചായത്തുവഴി നിയമിക്കപ്പെട്ട ഡോക്ടർമാരുടെയും സേവനം ഉപയോഗിച്ചും ഓൺ കാൾ ഡ്യൂട്ടി സംവിധാനം ഉപയോഗിച്ചും കല്ലറ സി.എച്ച്.സി.-യിൽ കിടത്തി ചികിത്സാസൗകര്യം ലഭ്യമാക്കി വരുന്നുണ്ട്.

<u>കുടുംബാരോഗ്യ കേന്ദ്രം, വാമനപുരം</u>

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 2017-ൽ വാമനപുരം പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുവാൻ തെരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിൽ എൻ.സി.ഡി. ക്ലിനിക്ക്, പ്രീ-ചെക്ക് കൗണ്ടർ, ശ്വാസ് ക്ലിനിക്, ആശ്വാസ് ക്ലിനിക്, ഇ.സി.ജി., മെന്റൽ ഹെൽത്ത് ക്ലിനിക്, ലബോറട്ടറി സേവനങ്ങൾ, ഫാർമസി സൗകര്യം, പാലിയേറ്റീവ് കെയർ, ഇമ്മ്യൂണൈസേഷൻ, ആന്റിനൽ ക്ലിനിക്, ജെറിയാട്രിക് ക്ലിനിക് എന്നീ സേവനങ്ങൾ ലഭ്യമാണ്. ബ്ലോക്ക് എഫ്.എച്ച്.സി. വാമനപുരത്ത് 6 മണി വരെ ഒ.പി. പ്രവർത്തിച്ചുവരുന്നുണ്ട്. ഒരു സിവിൽ സർജനും 4 അസിസ്റ്റന്റ് സർജനും ഉൾപ്പെടെ 45 സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികയുണ്ട്. ഇതുകൂടാതെ എൽ.എസ്.ജി.ഡി. നിയമിച്ച ഒരു ഡോക്ടർ ഉൾപ്പെടെ എൽ.എസ്.ജി.ഡി./എൻ.എച്ച്.എം. മുഖാന്തരം 12 താൽക്കാലിക ജീവനക്കാരുടെ സേവനം ലഭ്യമാണ്. (ആകെ 57 ജീവനക്കാർ).അനുവദിച്ച കിടക്കകൾ 14 എണ്ണമുള്ള ഈ ആശുപത്രിയിൽ കോവിഡ് സമയത്ത് വാർഡുകളും മറ്റ് മുറികളും കോവിഡ് ടെസ്റ്റ്, കോവിഡ് വാക്സിനേഷൻ എന്നിവ നടത്തുന്നതിനായി ഉപയോഗിക്കുകയും ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ കോവിഡ് ഡ്യൂട്ടിക്കായി നിയോഗിക്കപ്പെടുകയും ചെയ്തതിനാൽ കിടത്തി ചികിത്സ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ടായിരുന്നു. ഈ സ്ഥാപനത്തിന് സമീപത്തായി കിടത്തി ചികിത്സയുള്ള എഫ്.എച്ച്.സി. കന്യാകുളങ്ങര, ജില്ലാ ആശുപത്രി നെടുമങ്ങാട് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. അടിയന്തര ഘട്ടങ്ങളിൽ വാമനപുരം എഫ്.എച്ച്.സി.-യിൽ കിടത്തി ചികിത്സ വേണ്ടിവരുന്ന രോഗികളെ മേൽപ്പറഞ്ഞ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്തുവരികയാണ്. കോവിഡിന് മുമ്പുണ്ടായിരുന്ന സ്ഥിതിയിൽ കിടത്തി ചികിത്സ പുനരാരംഭിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

<u>സാമൂഹികാരോഗ്യ കേന്ദ്രം ,പാലോട്</u>

വാമനപുരം ബ്ലോക്ക് പഞ്ചായത്തിനുകീഴിൽ സ്ഥിതി ചെയ്യുന്ന പാലോട് സാമൂഹികാരോഗ്യ കേന്ദ്രത്തിനെ 2020-ൽ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുള്ളതാണ്. ഈ സ്ഥാപനത്തിലെ പ്രതിദിന ശരാശരി ഒ.പി. 500-ഉം ശരാശരി ഐ.പി. 46-ഉം ആണ്.

ഈ സ്ഥാപനത്തിൽ നിലവിൽ പാലിയേറ്റീവ് രോഗീപരിചരണം, എൻ.സി.ഡി. ക്ലിനിക്, മെന്റൽ ഹെൽത്ത് ക്ലിനിക്, സംയോജിത കൗൺസിലിംഗ് പരിശോധന വിഭാഗം, ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം, മികച്ച ലബോറട്ടറി സേവനങ്ങൾ എന്നിവ നൽകിവരുന്നു. നിലവിൽ 4 അസിസ്റ്റന്റ് സർജനും 1

ഗൈനക്കോളജിസ്റ്റും ഉൾപ്പെടെ 49 ജീവനക്കാരുടെ അംഗീകൃത സ്ഥിരം തസ്തികകളുണ്ട്. എൻ.എച്ച്.എം. മുഖാന്തരം 6 പേർ, എച്ച്.എം.സി. മുഖാന്തരം 13 പേർ എന്നിങ്ങനെ 19 താൽക്കാലിക ജീവനക്കാരുടെ സേവനം ലഭ്യമാണ്. പാലോട് സി.എച്ച്.സി.-യിൽ നിലവിൽ രാവിലെ 9 മുതൽ രാത്രി 8 മണി വരെ രോഗികൾക്ക് ചികിത്സ നൽകിവരുന്നുണ്ട്. ഈ സ്ഥാപനത്തിന് 18 കി.മി ദൂരത്തിലുള്ള നെടുമങ്ങാട് ജില്ലാശുപത്രിയിലും 15 കി.മീ ദൂരത്തിലുള്ള വിതുര താലൂക്ക് ആശുപത്രിയിലും 3 കി.മീ ദൂരത്തിലുള്ള പെരിങ്ങമല എഫ്.എച്ച്.സി.-യിലും കിടത്തി ചികിത്സ സൗകര്യമുണ്ട്. കിടത്തി ചികിത്സ ആവശ്യമുള്ള രോഗികളെ ടി സ്ഥാപനങ്ങളിലേയ്ക്ക് റഫർ ചെയ്തുവരികയാണ്. തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ജനങ്ങളും സാധാരണക്കാരും കൂടുതലായി അധിവസിക്കുന്ന വാമനപുരം നിയോജകമണ്ഡലത്തിലെ മേൽപ്പറഞ്ഞ ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും മാനദണ്ഡപ്രകാരമുള്ള സേവനങ്ങൾ ഘട്ടം ഘട്ടമായി ലഭ്യമാക്കുന്നതിനും ആശുപ്രതികളുടെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമായ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ അധികമായി നിയമിക്കാൻ കഴിയുമോയെന്നുമുള്ള കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് പരിശോധിക്കുന്നതാണ്.

(30) <u>കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് ജീവനക്കാരുടെ വേതന വ്യവസ്ഥ സംബന്ധിച്ച സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്ട് പ്രകാരം സഹകരണ മേഖലയിൽ സൊസൈറ്റികൾക്കുകീഴിൽ പ്രവർത്തിച്ചുവന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും 2-3-2019 പ്രാബല്യത്തിൽ പൂർണ്ണമായും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടുവരികയുണ്ടായി. 8-3-2019-ലെ സ.ഉ. (കൈ) നമ്പർ 39/2019/ആ.കു.വ. പ്രകാരം പ്രിൻസിപ്പാൾ തസ്തിക ഉൾപ്പെടെ 11 അഡ്മിനിസ്ട്രേറ്റീവ് തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് കേരള സഹകരണ ആശുപത്രി കോംപ്ലക്സും അക്കാദമി ഓഫ് മെഡിക്കൽ സയൻസസും അനുബന്ധ സ്ഥാപനങ്ങളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിലാക്കി 18-3-2019-ലെ സ.ഉ. (കൈ) 44/2019/ആ.കു.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ സർവ്വീസിലേക്ക് ഏറ്റെടുക്കപ്പെടുന്ന ജീവനക്കാരിൽ

മെഡിക്കൽ അദ്ധ്യാപക വിഭാഗങ്ങളിൽ ഉൾപ്പെട്ട സ്ഥിരം ജീവനക്കാരെയും സ്റ്റാഫ് നഴ്സ് വിഭാഗത്തിൽ വിവിധ തസ്തികകളിൽ ഉൾപ്പെട്ട ജീവനക്കാരെയും അക്കോമഡേറ്റ് ചെയ്യുന്നതിനായി 9-10-2020-ലെ സ.ഉ. (കൈ) നമ്പർ 131/2020/ആ.കു.വ., സ.ഉ. (കൈ) നമ്പർ 132/2020/ആ.കു.വ. എന്നിവ പ്രകാരം യഥാക്രമം 147, 521 തസ്തികകളും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി 100 തസ്തികകളും സൃഷ്ടിച്ചിരുന്നു. സൃഷ്ടിക്കപ്പെട്ട (147 + 521) തസ്തികകളിലേയ്ക്ക് യഥാക്രമം 16-3-2022-ലെ സ.ഉ. (കൈ) 58/2022 /ആ.കു.വ., 18-3-2022- ലെ സ.ഉ. (കൈ) 62/2022/ആ.കു.വ. എന്നിവ പ്രകാരം ഡോക്ടർമാർ, നഴ്സുമാർ എന്നിവരുടെ അക്കോമഡേഷൻ പ്രക്രിയ പൂർത്തിയായിട്ടുണ്ട്. 19-2-2021-ലെ സ.ഉ. (കൈ) നമ്പർ 52/2021/ആ.കു.വ. പ്രകാരം നഴ്സിംഗ് അദ്ധ്യാപകർ, ഡെന്റൽ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, ഫാർമസി അദ്ധ്യാപകർ, പാരാമെഡിക്കൽ ജീവനക്കാർ, നഴ്സിംഗ് അസിസ്റ്റന്റ്/ട്രോളി വർക്കേഴ്സ്/ടൈലർ, മിനിസ്റ്റീരിയൽ/ഇതര വിഭാഗം ജീവനക്കാർ എന്നിവരുടെ അക്കോമഡേഷനായി 772 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ കണ്ണൂർ മെഡിക്കൽ കോളേജിനായി 1551 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 772 തസ്തികകളുടെ വർഗീകരണത്തിനായുള്ള നടപടി സർക്കാരിൽ ത്വരിതഗതിയിൽ നടന്നുവരികയാണ്. ദന്തൽ വിഭാഗം അദ്ധ്യാപക ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് അക്കോമഡേറ്റ്/ആഗിരണം ചെയ്യുന്നതിന് സൃഷ്ടിക്കപ്പെട്ട അദ്ധ്യാപക തസ്തികകളുടെ വർഗ്ഗീകരണം നടപ്പിലാക്കി 18-6-2022-ൽ സ.ഉ. (കൈ) 137/2022/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് ഏറ്റെടുത്തതിനെത്തുടർന്നുള്ള വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-6-2022-ൽ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ സുപ്രധാനമായ തീരുമാനങ്ങൾ കൈക്കൊള്ളുകയുമുണ്ടായി. കണ്ണൂർ മെഡിക്കൽ കോളേജിലെ കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാരുൾപ്പെടെ സ്പാർക്ക് മുഖേന ശമ്പളം മാറുന്നതിനായി TEN നമ്പർ (Temporary Employee Number) സൃഷ്ടിക്കുന്നത് വൈകുന്നതിനാൽ ടിയാളുകൾക്ക് ബിംസ് മുഖേന ശമ്പളം മാറുന്നതിന് സർക്കാർ നൽകിയിരുന്ന അനുമതി TEN നമ്പർ സൃഷ്ടിക്കുന്നതുവരെയോ ആഗിരണ പ്രക്രിയ പൂർത്തിയാകുന്നതുവരെയോ അല്ലെങ്കിൽ ഒരു വർഷത്തേയ്ക്ക് കൂടിയോ ദീർഘിപ്പിച്ചുനൽകണമെന്ന് ധനകാര്യ വകുപ്പിന്റെ പ്രതിനിധിയോട് യോഗത്തിൽ നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെകൂടി അടിസ്ഥാനത്തിൽ കോളേജിലെ ജീവനക്കാർക്ക് ബിംസ് (BIMS) മുഖാന്തരം ശമ്പളം മാറുന്നതിന് 16-5-2022, 23-5-2022 എന്നീ തീയതികളിലെ കത്തുകൾപ്രകാരം നൽകിയിരുന്ന അനുമതി ജൂൺ മാസത്തെ

ശമ്പളം ജൂലൈയിൽ അനുവദിച്ചു നൽകുന്നതടക്കം 3 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. അതിനാൽ ശമ്പളം മാറുന്നതിലുണ്ടായിരുന്ന പ്രതിസന്ധി ഒഴിവായിട്ടുണ്ട്. ഇതിനകം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള അക്കോമഡേഷൻ ഉത്തരവുകളിൽ ഉൾപ്പെട്ടിരിക്കുന്നവരിൽനിന്നും ഏത് മാനദണ്ഡപ്രകാരം ഓപ്ഷൻ സ്വീകരിക്കണമെന്നത് ഓപ്ഷൻ ഫോം ഉൾപ്പെടെ, നിയമവകുപ്പിൽ നിന്നടക്കമുള്ള ഉപദേശം ലഭ്യമാക്കി അടിയന്തരമായി പൂർത്തീകരിക്കേണ്ടതാണെന്ന നിർദ്ദേശം പ്രസ്തുത യോഗത്തിൽ നൽകിയിരുന്നു. അതിന്റെകൂടി അടിസ്ഥാനത്തിൽ ലഭ്യമാക്കിയ ഓപ്ഷൻ ഫോം അംഗീകരിക്കുകയും ജീവനക്കാരിൽനിന്നും ഓപ്ഷൻ സ്വീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയുമാണ്.

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ റെഗുലറൈസേഷൻ നടപടി പൂർത്തിയായിട്ടില്ലാത്ത സാഹചര്യത്തിൽ ജീവനക്കാർക്ക് ഇടക്കാലാശ്വാസമെന്ന നിലയിൽ ക്ഷാമബത്ത അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതിന് വിശദമായ ഒരു പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപനത്തിൽ ജീവനക്കാരുടെ ആഗീരണ നടപടി പൂർത്തിയായിട്ടില്ലാത്തതിനാൽ സ്ഥാപനം സർക്കാർ ഏറ്റെടുത്ത തീയതിയിൽ സഹകരണ മേഖലയിൽ നിലനിന്നിരുന്ന തസ്തികകളുടെ ശമ്പള സ്കെയിൽ അനുസരിച്ചാണ് നൽകിവരുന്നത്. നിലവിൽ ജോലി ചെയ്തുവരുന്ന സഹകരണ മേഖലയിലെ തസ്തികകളുടെ ജോലി സ്വഭാവം വിശകലനം ചെയ്ത്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സമാനമായ തസ്തികകളുടെ ശമ്പളം നൽകുന്ന തരത്തിലാണ് തസ്തികകളുടെ വർഗ്ഗീകരണത്തിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുള്ളത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലില്ലാത്ത തസ്തികകളും മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിലവിലുണ്ടായിരുന്നതിനാൽ ടി ജീവനക്കാരുടെ ഇന്റഗ്രേഷനിലും തീരുമാനം കൈക്കൊള്ളുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർന്ന് സ്ഥാപനത്തിലെ മുഴുവൻ സ്ഥിരം ജീവനക്കാരുടേയും അടിസ്ഥാന ശമ്പളം നിശ്ചയിച്ച് തീരുമാനമാകേണ്ടതുണ്ട്. അതിനുശേഷം ടി അടിസ്ഥാന ശമ്പളത്തിന്മേൽ നൽകേണ്ടുന്ന ക്ഷാമബത്ത നിശ്ചയിക്കാൻ കഴിയുന്നതാണ്. എന്നിരുന്നാലും 8-6-2022-ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി കോളേജിലെ ജീവനക്കാർക്ക് മറ്റ് മെഡിക്കൽ കോളേജിലെ ജീവനക്കാരുമായി താരതമ്യപ്പെടുത്തുമ്പോഴുള്ള ശമ്പളത്തിലെ കുറവ് പരിഹരിക്കുന്നതിനായി മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കുന്ന വിഷയം പരിഗണിക്കാനുള്ള വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം ഡി.എം.ഇ.-ക്ക് നൽകിയിട്ടുണ്ട്. സ്ഥാപനത്തിലെ ജീവനക്കാർക്ക് ക്ഷാമബത്ത ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ജീവനക്കാരുടെ സർക്കാർ സർവീസിലേയ്ക്കുള്ള

അക്കോഡേഷനശേഷം മാത്രം തീരുമാനിക്കേണ്ടതാണെങ്കിൽപ്പോലും 8-6-2022-ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ജീവനക്കാർക്ക് അനുഭാവപൂർണ്ണമായ നടപടി സർക്കാർ കൈക്കൊണ്ടുവരികയാണ്.

കണ്ണൂർ മെഡിക്കൽ കോളജുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 27-8-2022-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ഓൺലൈനായി വിളിച്ചുചേർക്കുകയും കണ്ണൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം കണ്ണൂർ മെഡിക്കൽ കോളേജിൽ നിലവിലുള്ള അധ്യാപക തസ്തികകളിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

(31) <u>തിരുവമ്പാടി സ്റ്റേഡിയം നിർമ്മാണം സംബന്ധിച്ച സബ്മിഷന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

കിഫ്ബിയിൽ ഉൾപ്പെടുന്ന തിരുവമ്പാടി സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്കായി 2018 ജനുവരി 19-ന് 5 കോടി രൂപ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. ഈ പ്രവൃത്തിക്കായി ലഭിച്ച 3 ദർഘാസുകൾ എസ്.പി.വി. ആയ കിറ്റ്കോ ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്. കമ്മിറ്റി 2022 ഫെബ്രുവരി 14-ന് യോഗം ചേർന്ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി സമർപ്പിച്ച 4.07 ലക്ഷം രൂപയുടെ ടെണ്ടർ അംഗീകരിക്കാൻ തീരുമാനിച്ചു. L1 ദർഘാസുകാരൻ ക്വാട്ട് ചെയ്ത തുകയേക്കാൾ കൂടുതലായിരുന്നു L3 ആയ ഊരാളുങ്കൽ ക്വാട്ട് ചെയ്തത്. എന്നാൽ, ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് 10 ശതമാനം പ്രൈസ് പ്രിഫറൻസിന് അർഹതയുണ്ട്. എങ്കിലും L3-യുടെ ദർഘാസ് അംഗീകരിക്കുമ്പോൾ അധിക സാമ്പത്തിക ബാധ്യത വരുമെന്നതിനാൽ സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുണ്ടെന്ന് ധനകാര്യ വകുപ്പിന്റെ പ്രതിനിധി ടി. എസ്. കമ്മിറ്റിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. L1 രേഖപ്പെടുത്തിയ തുകയ്ക്ക് L3 പ്രവൃത്തി ചെയ്യാൻ സമ്മതം അറിയിച്ചാൽ സർക്കാർ അംഗീകാരം കൂടാതെതന്നെ വർക്ക് അവാർഡ് ചെയ്യാമെന്നും കമ്മിറ്റി തീരുമാനിച്ചിരുന്നു. എന്നാൽ, നിരക്ക് കുറയ്ക്കാൻ കഴിയില്ലെന്ന് L3 അറിയിച്ചു. ഈ സാഹചര്യത്തിൽ, പ്രവൃത്തി L3-ക്ക് നൽകാൻ കായിക യുവജനകാര്യ ഡയറക്ടർ അഭ്യർത്ഥിക്കുകയും ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതി തേടുകയും ചെയ്തു. ധനകാര്യ വകുപ്പ് പ്രസ്തുത നിർദ്ദേശം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി L3 ആയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകി 2022 ആഗസ്റ്റ് 25-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

---